# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 ഒക്ടോബർ27, ബുധൻ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1505/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യം-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ - 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ - 28
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 28
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 64

**II അടിയന്തരപ്രമേയം**

നികുതി തട്ടിപ്പ്

ശ്രീ. എം. വിൻസെന്റ് - 410

(അവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധ ക്ഷണിക്കൽ**

(1) എൻ.എച്ച്.എം. ജീവനക്കാരുടെ സേവനം

-ശ്രീ. എ. സി. മൊയ്തീൻ - 423

.. (2) പ്രവാസികൾക്കായുള്ള പുനരധിവാസ പാക്കേജ്

-ശ്രീ. മഞ്ഞളാംകുഴി അലി - 428

**IV സബ്മിഷൻ**

(1) കൊലപാതക കേസ്സിന്റെ വിചാരണ നടപടികൾ

-പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) - 432

(2) മലപ്പുറം ഫയർ ഓഫീസിന് കെട്ടിടം

-ശ്രീ. പി. ഉബൈദുള്ള - 434

(3) കോളനി നിവാസികളുടെ പുനരധിവാസം

-ശ്രീ. ടി. ജെ. വിനോദ് - 435

(4) നാശനഷ്ടങ്ങൾക്ക് അടിയന്തര സഹായം

-ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ - 437

(5) നദികളിലെ മാലിന്യം നീക്കം ചെയ്യൽ

-ശ്രീ. അൻവർ സാദത്ത് - 441

(6) കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട്

-ശ്രീ. കടകംപള്ളി സുരേന്ദ്രൻ - 443

(7) മലയോര പ്രദേശങ്ങളിലെ വന്യജീവി ആക്രമണം

-ശ്രീ. കെ. കെ. രാമചന്ദ്രൻ - 446

(8) വേടൻ ഗോത്ര സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടുത്തൽ

-ശ്രീ. വി. ജോയി - 449

(9) നിലമ്പൂർ ബൈപ്പാസ്

-ശ്രീ. പി. വി. അൻവർ - 450

(10) മൃഗസഞ്ചാര സൗഹൃദ വാഹനം

-ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ - 452

**V റിപ്പോർട്ട് സമർപ്പണം**

2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി)

ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് - 456

**VI ക്രമപ്രശ്നം**

(1) ചട്ടങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം

-ഡോ. മാത്യു കുഴൽനാടൻ - 456

**റൂളിംഗ്**

**VII നിയമനിർമ്മാണകാര്യം**

(1) 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും - 460

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും - 460

(i) 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ - 460

(ii) 2021- ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ
(രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ - 460

**ക്രമപ്രശ്നം (തുടർച്ച)**

(2) 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിലെ
അപാകതകൾ
-ശ്രീ. എൻ. ഷംസുദ്ദീൻ
-ശ്രീ. പി. സി. വിഷ്ണുനാഥ് - 461

(3) ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത
-ശ്രീ. അൻവർ സാദത്ത്
-ശ്രീ. എ. പി. അനിൽ കുമാർ - 463

**റൂളിംഗ്**

**നിയമനിർമ്മാണകാര്യം-തുടർച്ച**

(iii) 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
(വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ
സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ - 575

**ക്രമപ്രശ്നം (തുടർച്ച)**

(4) ബില്ലിലെ ഭരണഘടനാ വിരുദ്ധത
ശ്രീ. എൻ. ഷംസുദ്ദീൻ - 576

**റൂളിംഗ്** - 579

**നിയമനിർമ്മാണകാര്യം - തുടർച്ച** - 579

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 ഒക്ടോബർ 27, ബുധൻ*

വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2021 ഒക്ടോബർ മാസം 27-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### സപ്ലൈകോയുടെ പ്രവർത്തനം

1 (*301) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:

<u>ശ്രീ. വി. ശശി</u>:

<u>ശ്രീ. ഇ. കെ. വിജയൻ</u>:

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് അവശ്യ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സപ്ലൈകോയുടെ പ്രവർത്തനം എത്രത്തോളം സഹായകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാര്യക്ഷമമായ പർച്ചേസ് സംവിധാനത്തിലൂടെ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ ഗാർഹിക ഉപകരണങ്ങളും വിപണനം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ;

(ഇ) സപ്ലൈകോ വാതിൽപ്പടി സേവനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): (എ) ഉണ്ട്. പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ നടപടിയെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ സംസ്ഥാനത്തുടനീളമുള്ള 1506 സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നു. ഏപ്രിൽ 2016-ന് ശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിലാണ് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നത്. ഇതുകൂടാതെ തേയില, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതു വിപണി വിലയേക്കാൾ 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

(ബി) ഡിപ്പോ തലത്തിലുള്ള ആവശ്യകത ശേഖരിച്ച് ഇ-ടെണ്ടർ നടത്തിയാണ് സപ്ലൈകോ അവശ്യസാധനങ്ങൾ വാങ്ങുന്നത്. ഇതിന് പുറമെ ഇ-ഓക്ഷൻ രീതിയും അവലംബിക്കുന്നുണ്ട്. ഇതുമുഖേന വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യത പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനും കൂടുതൽ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ വിപണിയിൽ എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം, നാഫെഡിൽനിന്ന് ചെറുപയർ, തുവരപ്പരിപ്പ്, കടല, ഉഴുന്ന് തുടങ്ങിയ അവശ്യ ഭക്ഷ്യസാധനങ്ങൾ മിതമായ നിരക്കിൽ സംഭരിച്ച് ഉപഭോക്താക്കൾക്ക് എത്തിക്കുന്നുണ്ട്. കൂടാതെ, നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കയറ്റവും ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉല്പാദന കേന്ദ്രങ്ങളിലെത്തി നേരിട്ട് സാധനങ്ങൾ സംഭരിച്ച് വിപണിയിലെത്തിക്കുന്നു.

(സി) ഉണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 18 മാവേലി സ്റ്റോറുകൾ സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് വിപുലമായ സൗകര്യത്തോടുകൂടി സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തിയിട്ടുണ്ട്. വിപണന സാധ്യതയുള്ള പ്രദേശങ്ങളിൽ കുറഞ്ഞത് 700 ച.അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിട സൗകര്യം വാടകരഹിതമായോ/വാടക ഇളവിലോ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ സാധ്യതാപഠനം നടത്തിയും വിൽപ്പന സാധ്യത വിലയിരുത്തിയും ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യം ഏർപ്പെടുത്തിക്കൊണ്ടും നിലവിലെ മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 2019 ഫെബ്രുവരി മാസത്തിലാണ് ഗൃഹോപകരണ വിൽപ്പന ആരംഭിച്ചത്. നിലവിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് തുടങ്ങിയ 175 വിൽപ്പനശാലകളിൽ ഗൃഹോപകരണ വിൽപ്പന നടത്തുന്നുണ്ട്. സ്ഥലലഭ്യതയും വിൽപ്പന സാധ്യതയും കണക്കിലെടുത്ത് കൂടുതൽ സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ ഗൃഹോപകരണ വിൽപ്പന പരിഗണനയിലുണ്ട്.

(ഇ) ഉപഭോക്താക്കൾ ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന നൽകുന്ന ഓർഡറുകൾ സ്വീകരിച്ച് സാധനങ്ങൾ ഉപഭോക്താവിന്റെ വീട്ടുപടിക്കൽ എത്തിച്ചുനൽകുന്ന സംവിധാനം വിവിധ വിതരണ ഏജൻസികളുടെ പോർട്ടലുകൾ വഴിയും കുടുംബശ്രീയുമായി സഹകരിച്ചും നടപ്പിൽ വരുത്തിയിട്ടുണ്ട്. നിലവിൽ 95 വില്പനശാലകളിലൂടെ കുടുംബശ്രീ മുഖേനയും 51 വില്പനശാലകളിലൂടെ വിവിധ വിതരണ ഏജൻസികളുടെ പോർട്ടലുകൾ/ആപ്പുകൾ മുഖേനയും ഹോം ഡെലിവറി സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഒക്ടോബർ 12 മുതൽ ആരംഭിച്ച തീവ്ര മഴയുടെയും തുടർന്നുണ്ടായ ഉരുൾപൊട്ടലുകളുൾപ്പെടെയുള്ള ദുരന്തങ്ങളുടെയും ഭാഗമായി ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ഈ കാലയളവിൽ ഏതെങ്കിലും തരത്തിലുള്ള സഹായം ചെയ്യുന്നതിന് സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ടോയെന്നും ഈ ദുരന്തങ്ങളിൽ സപ്ലൈകോയ്ക്ക് ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടം സംഭവിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, കഴിഞ്ഞ പ്രളയത്തിൽ കേരളത്തിലെ എട്ട് സപ്ലൈകോ ഔട്ട്‌ലെറ്റുകൾക്ക് നാശനഷ്ടം സംഭവിച്ചു. ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, റാന്നി എന്നീ ഔട്ട്‌ലെറ്റുകൾ പൂർണ്ണമായും സൂപ്പർമാർക്കറ്റുകളായിട്ടുള്ള അഞ്ച് മാവേലി സ്റ്റോറുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഭാഗികമായി നാശം സംഭവിച്ചവ വളരെ വേഗം തന്നെ പ്രവർത്തനക്ഷമമാകുന്ന

തരത്തിലേയ്ക്ക് മാറ്റുന്നുണ്ട്. എന്നാൽ പൂർണ്ണമായും നാശം സംഭവിച്ച സ്ഥലങ്ങളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിപ്പിച്ച് ജനങ്ങൾക്ക് സഹായകരമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ പ്രളയബാധിത സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ക്യാമ്പുകളിൽ, റവന്യൂ അധികൃതർ ആവശ്യപ്പെട്ടതനുസരിച്ച് വിവിധ ഉൽപ്പന്നങ്ങൾ സപ്ലൈകോയിലൂടെ എത്തിച്ചിട്ടുണ്ട്. ഇതുവരെ ഒരു പരാതിയും വരാത്ത തരത്തിൽ ആവശ്യപ്പെട്ടതെല്ലാം എത്തിച്ചിട്ടുണ്ട്. 3,39,904 കിലോഗ്രാം അരിയും വിവിധതരം പയർ വർഗ്ഗങ്ങളടക്കമുള്ള മറ്റുൽപ്പന്നങ്ങളും നിത്യോപയോഗ സാധനങ്ങളും ആവശ്യപ്പെട്ടതനുസരിച്ച് എത്തിക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ മാവേലിസ്റ്റോറുകളുടെ പ്രവർത്തനം കുറച്ചുകൂടി വിപുലീകരിക്കാനും ജനങ്ങൾക്ക് കൂടുതൽ സഹായകരമാകുന്ന വിധത്തിൽ അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, സപ്ലൈകോ ഉപയോഗിക്കുന്ന സാങ്കേതികവിദ്യ പതിനഞ്ചുവർഷമെങ്കിലും പിറകിലാണ്. നിലവിൽ ആധുനിക സാങ്കേതികവിദ്യ സബ്സിഡി ബില്ലിംഗിൽ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ഒരു ഉപഭോക്താവ് ഒരു മാവേലിസ്റ്റോറിൽനിന്നും മാസത്തിലൊരിക്കൽ സബ്സിഡി സാധനങ്ങൾ വാങ്ങിയാൽ, ആ മാസം കേരളത്തിലെ മറ്റേതെങ്കിലും മാവേലിസ്റ്റോറിൽനിന്നും സബ്സിഡി സാധനങ്ങൾ വാങ്ങുന്നുണ്ടോയെന്ന് അറിയാൻ കഴിയുന്ന സംവിധാനമാണ് നിലവിലുള്ളത്. സബ്സിഡി സാധനങ്ങൾ ഒരിക്കൽ വാങ്ങിയാൽ അതേ മാസം വീണ്ടും വാങ്ങുന്ന പ്രവണത ഇതിലൂടെ തടയാൻ കഴിയുന്നുണ്ട്. ഇരുന്നൂറോളം സൂപ്പർമാർക്കറ്റുകളിൽ swiping machine ഉപയോഗിച്ചുവരുന്നു. എന്നാൽ സപ്ലൈകോയുടെ ഉപഭോക്താക്കൾ ഇത് വേണ്ട രീതിയിൽ ഉപയോഗിക്കുന്നില്ല. നിലവിൽ സപ്ലൈകോയിൽ വിവിധ ആവശ്യങ്ങൾക്കായി 29 സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ സപ്ലൈകോ മാർക്കറ്റുകളുടെ പ്രവർത്തനം കേന്ദ്രീകൃതമായി നിരീക്ഷിക്കാനുള്ള സംവിധാനം നിലവിലില്ല. സപ്ലൈകോ മാർക്കറ്റുകളുടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് E.R.P (Enterprise Resource Planning) സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിലൂടെ ഓരോ വിൽപ്പനശാലയുടേയും അതത് ദിവസത്തെ സ്റ്റോക്ക്, പർച്ചേസ്, സെയിൽസ് എന്നീവ കേന്ദ്രീകൃതമായി അറിയാൻ കഴിയും. പ്രസ്തുത വിവരങ്ങൾ ഒരു ഡാഷ് ബോർഡിലൂടെ ലോഗിൻ ചെയ്ത് പരിശോധിക്കാനും സാധിക്കും. ഇ.ആർ.പി. സംവിധാനം നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സി.ഡിറ്റ്-ന്റെ സഹായത്തോടെ പുരോഗമിച്ചുവരികയാണ്. വരുന്ന ഏപ്രിൽ മാസത്തോടെ പൂർണ്ണമായി നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇ.ആർ.പി. സംവിധാനം നിലവിൽ വരുന്നതോടുകൂടി ഓൺലൈൻ പേമെന്റ് സംവിധാനം വ്യാപകമാക്കാൻ കഴിയും. വിൽപ്പനശാലകളിലൂടെ കമ്പ്യൂട്ടറിൽ ഒരിക്കൽ സ്റ്റോക്ക് രേഖപ്പെടുത്തിയാൽ അതിൽ പിന്നീട് മനഃപൂർവ്വം കുറവുവരുത്താൻ കഴിയാത്ത വിധത്തിൽ ലോക്ക് ചെയ്യാനുള്ള സംവിധാനവും ഇ.ആർ.പി-യിൽ ലഭ്യമാണ്. ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ സപ്ലൈകോ വിൽപ്പനശാലകളിലും ക്യാമറ നിരീക്ഷണം ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. വി. ശശി: സർ, പ്രധാനപ്പെട്ട കമ്പനികളുടെ ഉൽപ്പന്നങ്ങൾ ലഭ്യമല്ലാത്തതിനാൽ സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവവഴിയുള്ള ഗൃഹോപകരണങ്ങളുടെ വിൽപ്പന പൊതുവെ കുറവാണ്. പ്രധാനപ്പെട്ട ബ്രാൻഡഡ് കമ്പനികളുടെ ഗൃഹോപകരണങ്ങൾ ഉചിതമായ ജാമ്യ വ്യവസ്ഥ സ്വീകരിച്ചുകൊണ്ട്  തവണ വ്യവസ്ഥയിൽ വിൽപ്പന നടത്തുന്ന കാര്യം പരിഗണിക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഇവിടെ പറഞ്ഞതുപോലെ ഗൃഹോപകരണങ്ങളുടെ എല്ലാ ബ്രാൻഡുൽപ്പന്നങ്ങളും സപ്ലൈകോ  മാർക്കറ്റുകളിൽ ലഭ്യമല്ലെന്നത് ഒരു വസ്തുതയാണ്. വിൽപ്പനശാലകളുടെ ആവശ്യമനുസരിച്ച്, സപ്ലൈകോ ഹെഡ്ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗൃഹോപകരണ കമ്പനികൾക്ക് ഹെഡ്ഓഫീസിൽനിന്നുമാണ് ഓർഡർ നൽകിവരുന്നത്. ഗൃഹോപകരണങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് സപ്ലൈകോ മാർക്കറ്റുകളിൽ എല്ലാ ബ്രാൻഡുൽപ്പന്നങ്ങളും ലഭ്യമാക്കി ഉചിതമായ ജാമ്യ വ്യവസ്ഥ ഏർപ്പെടുത്തിക്കൊണ്ട് തവണ വ്യവസ്ഥയിൽ ലഭ്യമാക്കുന്ന കാര്യം പരിഗണനയിലാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ ഈ ആവശ്യം യാഥാർത്ഥ്യമാക്കുന്നതിന് സജീവമായ ഇടപെടൽ നടത്തുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, സംസ്ഥാനത്ത് മൊബൈൽ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമായാണോ നടക്കുന്നത്; മൊബൈൽ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം സംസ്ഥാനത്തെ മലയോര, തീരദേശ മേഖലകളിലും നടപ്പാക്കണമെന്ന ആവശ്യമുയരുന്ന പശ്ചാത്തലത്തിൽ, ഇതിന്റെ പ്രവർത്തനം മലയോര, തീരദേശ മേഖലകളിൽകൂടി വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും ഉദ്ദേശ്യമുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, സംസ്ഥാനത്ത് സപ്ലൈകോയുടെ ഇരുപത് ഡിപ്പോകളുടെ കീഴിലായി ഇരുപത്തിയൊന്ന് മൊബൈൽ മാവേലി സ്റ്റോറുകളാണ് പ്രവർത്തിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ വിദൂര പ്രദേശമുൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് ഇപ്പോൾ

മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നത്. എന്നാൽ കോവിഡ് കാലയളവിലും മഴക്കെടുതി അനുഭവിക്കുന്ന ദുരിതപ്രദേശങ്ങളിലും മൊബൈൽ മാവേലി സ്റ്റോറുകളുടെ സേവനം ലഭ്യമാക്കുന്നുണ്ട്. സമീപ ദിവസങ്ങളിൽ മഴക്കെടുതിയുണ്ടായ കൂട്ടിക്കൽ, മണിമല മേഖലകളിൽ മൊബൈൽ മാവേലി സ്റ്റോറുകളുടെ സേവനം ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക്, വിശേഷിച്ചും മലയോര മേഖലകളടക്കമുള്ള കേന്ദ്രങ്ങളിൽ മൊബൈൽ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ലഭ്യമാക്കാൻ, കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് രൂപമാറ്റം വരുത്തി മൊബൈൽ മാവേലി യൂണിറ്റുകളാക്കുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരികയാണ്. മൊബൈൽ മാവേലി സ്റ്റോറുകൾക്കായി രൂപമാറ്റം വരുത്തിയ കെ. എസ്. ആർ. ടി.സി. ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇത്തരം സ്റ്റോറുകളുടെ പ്രവർത്തനം സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. പി. ബാലചന്ദ്രൻ:</u> സർ, കോവിഡ് കാലത്ത് ഹോട്ടലുകളും റസ്റ്റോറന്റുകളും ഏറെക്കുറെ 70 ശതമാനവും ഓൺലൈൻ വ്യാപാരമാണ് നടത്തിക്കൊണ്ടിരുന്നത്. സപ്ലൈകോ ഓർഡർ അനുസരിച്ച് വീട്ടിൽ സാധനമെത്തിച്ച് കൊടുക്കുമെന്ന് അങ്ങ് പറഞ്ഞു. ഓൺലൈൻ വ്യാപാര രംഗമാണ് കോവിഡ് കാലത്ത് ഏറ്റവും അനുയോജ്യമെന്നുള്ളതുകൊണ്ട് ജനങ്ങൾക്ക് അത് ഏറെ സഹായകരമായിരിക്കും. സപ്ലൈകോ ഓൺലൈൻ ബിസിനസ്സിലൂടെ നവീകരിക്കാൻ എന്ന് സാധിക്കുമെന്നറിയാൻ താല്പര്യമുണ്ട്.

<u>ശ്രീ. ജി. ആർ. അനിൽ:</u> സർ, ഓൺലൈൻ ബിസിനസ് രംഗത്ത് സപ്ലൈകോ കടന്നുവന്നിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് സപ്ലൈകോ വിൽപ്പനശാലകളിൽനിന്നും വിലയിൽ മാറ്റമില്ലാതെ 'ഡോർ ഡെലിവറി' എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി ഉപഭോക്താക്കളുടെ വീടുകളിൽ സാധനങ്ങൾ ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെയുള്ള പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എന്നാൽ നമ്മുടെ ആഗ്രഹത്തിനനുസരിച്ച് ഓൺലൈൻ ബിസിനസ്സിലൂടെ സപ്ലൈകോയ്ക്ക് മാർക്കറ്റിലേയ്ക്ക് കടന്നുകയറാൻ കഴിഞ്ഞിട്ടില്ലെന്നത് വസ്തുതയാണ്. ഈ സാഹചര്യത്തിൽ ഏകീകൃത സോഫ്റ്റ്‌വെയർ വഴി നഗരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് വാതിൽപ്പടി വിതരണം നടപ്പിലാക്കുന്നതിന് ടെൻഡർ വിളിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ പൂർത്തിയായിവരികയാണ്. 2022 മാർച്ച് മാസത്തോടുകൂടി 500 സപ്ലൈകോ സൂപ്പർമാർക്കറ്റുകൾ വഴി ഓൺലൈൻ വ്യാപാരം ശക്തമാക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. അതിനുമുമ്പായി സപ്ലൈകോ ഓൺലൈൻ വ്യാപാരമെന്ന ആശയം ജനങ്ങളിലേയ്ക്ക് എത്തിക്കേണ്ടതായിട്ടുണ്ട്. ഇതിനായി തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ ശില്പശാല നടത്താനും ഉദ്ദേശിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, കോവിഡാനന്തര കാലത്ത് പഞ്ചായത്തുകൾ മുൻകയ്യെടുത്ത് കൂടുതൽ മാവേലിസ്റ്റോറുകൾക്കായി സമീപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്റെ നിയോജകമണ്ഡലത്തിലെ പണ്ടപ്പിള്ളിയിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനുവേണ്ടി പഞ്ചായത്ത് സ്ഥലവും പണവുമടച്ച് റിക്വസ്റ്റ് നൽകിയിട്ടുണ്ട്. അത് പരിഗണിക്കാവുന്ന സാഹചര്യം നിലവിലുണ്ടോ; അതിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽ കൊണ്ടുവന്നത് ഗൗരവമായ കാര്യമാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ നൽകിയ നിരവധി നിവേദനങ്ങൾ എന്റെ മുന്നിലെത്തിയിട്ടുണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അടിയന്തരമായി നിരവധി കേന്ദ്രങ്ങളിൽ, വിശേഷിച്ചും ബഹുമാനപ്പെട്ട എം. എൽ. എ. സൂചിപ്പിച്ച അദ്ദേഹത്തിന്റെ മണ്ഡലത്തിലെ മാവേലിസ്റ്റോർ അടക്കം പുതിയതായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കേന്ദ്ര സർക്കാർ നടപടിമൂലം വിലക്കയറ്റത്തിൽ പൊറുതിമുട്ടുന്ന രാജ്യത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ച് വിതരണം നടത്തുന്നതിന് മാതൃകാപരമായ പ്രവർത്തനമാണ് കേരള സർക്കാർ, വിശേഷിച്ചും ഭക്ഷ്യവകുപ്പ് നടത്തിവരുന്നത്. ഇതിൽ പ്രധാന പങ്കുവഹിക്കുന്ന സപ്ലൈകോയുടെ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കഴിഞ്ഞ സഭയിലും ഇതുസംബന്ധിച്ച് വിശദീകരിച്ചതാണ്. സപ്ലൈകോ ഔട്ട്‌ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മയെ സംബന്ധിച്ച് പലരൂപത്തിലുള്ള വിമർശനങ്ങൾ ഉയർന്നപ്പോൾതന്നെ അതിൽ ഗൗരവമായി ഇടപെടുകയും പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും പരിശോധനയ്ക്കാവശ്യമായ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. അതനുസരിച്ച് ഈ ഓണക്കാലം മുതൽ വിതരണം ചെയ്യുന്ന ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്താനും ഒപ്പം കൃത്യമായ അളവ് ഉറപ്പാക്കാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അത് കൂടുതൽ വ്യാപകമാക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, സബ്സിഡി ഇനത്തിൽ നൽകുന്ന സാധനങ്ങളുടെ സബ്സിഡി തുക സർക്കാരാണ് സപ്ലൈകോയ്ക്ക് നൽകുന്നത്. ഇങ്ങനെ നൽകുന്ന തുകയിൽ കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക വരുത്തിയിട്ടുണ്ട്. സപ്ലൈകോ ഇപ്പോൾ അവരുടെ തനത് ഫണ്ടിൽനിന്നുമാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇതുമൂലം സപ്ലൈകോ സാമ്പത്തിക പ്രതിസന്ധിയിലാകുകയും

ജീവനക്കാർക്ക് യഥാസമയം നൽകേണ്ട ആനുകൂല്യങ്ങൾ നൽകാതിരിക്കുകയും ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്താതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. നിലവിൽ സപ്ലൈകോയ്ക്ക് സർക്കാർ എത്ര കുടിശ്ശിക കൊടുക്കാനുണ്ട്; അത് എത്രയും പെട്ടെന്ന് കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, സപ്ലൈകോ ഒരു പൊതുമേഖലാ സ്ഥാപനമാണ്. അതിന്റെ വിൽപ്പനയുമായി ബന്ധപ്പെട്ട് ചില സാമ്പത്തിക പ്രയാസമുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ സർക്കാർ നൽകാനുള്ള തുക ദീർഘനാൾ കുടിശ്ശിക വരുത്തുന്ന രീതി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. കൃത്യമായി അത്തരം കുടിശ്ശികകളുടെ കണക്കുകൾ തിട്ടപ്പെടുത്തി അത് ലഭ്യമാക്കാനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ജീവനക്കാരുടെ ശമ്പളവുമായോ മറ്റ് വിഷയങ്ങളുമായോ ബന്ധപ്പെട്ട് ഒരു തടസ്സവും ഇതുവരെയുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയങ്ങൾ പരിശോധിക്കുന്നതാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, 2016-ലെ പ്രകടന പത്രികയിൽ പറഞ്ഞ പതിമൂന്നിനം നിത്യോപയോഗ സാധനങ്ങൾ അന്നത്തെ വിലയ്ക്ക് ഇപ്പോഴും വിതരണം ചെയ്യുന്ന എൽ.ഡി.എഫ്. സർക്കാരിന് ഒരായിരം അഭിവാദ്യങ്ങൾ അർപ്പിക്കുന്നു. ഇന്ന് മാവേലി സ്റ്റോറുകൾക്ക് മുന്നിൽ വലിയ ജനത്തിരക്കാണ് അനുഭവപ്പെടുന്നത്. എന്നാൽ പല സ്റ്റോറുകളും സൗകര്യങ്ങളുടെ കാര്യത്തിൽ വളരെ പിറകിലാണ്. സാധനങ്ങൾ സൂക്ഷിക്കുന്ന റാക്കുകൾ പലതും അപകടാവസ്ഥയിലാണ്. നിന്നുതിരിയാനുള്ള സ്ഥലമില്ലെന്ന പരാതിയും വരുന്നുണ്ട്. പലതും പഴയ കെട്ടിടങ്ങളാണ്. ആധുനിക കാലഘട്ടത്തിനനുസരിച്ചുള്ള സംവിധാനം മാവേലി സ്റ്റോറുകളിൽ ഒരുക്കുന്നതിനും ഇ-സേവനമടക്കമുള്ള കാര്യങ്ങൾ ചെയ്യുന്നതിനുമുള്ള നടപടികളെടുക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം വളരെ ഗൗരവമേറിയതാണ്. സപ്ലൈകോയുടെ ഔട്ട്‍ലെറ്റുകൾ ആധുനികവത്ക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ വർഷത്തെ ബഡ്ജറ്റിലൂടെ അത്തരത്തിലുള്ള കടകളുടെ നവീകരണത്തിനുവേണ്ടി പ്രത്യേക പാക്കേജ് തീരുമാനിച്ചിട്ടുണ്ട്. മുപ്പതിലധികം മാവേലിസ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവ നവീകരിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മറ്റ് ഷോപ്പുകളും ഘട്ടം ഘട്ടമായി നവീകരിക്കാനുള്ള നടപടിയിലാണ്. വില്പനയും ബില്ലിംഗും സ്റ്റോക്ക് വെരിഫിക്കേഷനും കൂടുതൽ സുതാര്യമാക്കാൻ കഴിയുന്ന തരത്തിലുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്.

ഡോ. എൻ. ജയരാജ്: സർ, സെപ്റ്റംബർ 16-ാം തീയതിയുണ്ടായ മഴക്കെടുതിയിൽ കാഞ്ഞിരപ്പള്ളിയിലെയും ചങ്ങനാശ്ശേരി താലൂക്കിലെ മണിമലയുൾപ്പെടെയുള്ള മാവേലി സ്റ്റോറുകളിലും റേഷൻ കടകളിലുമുണ്ടായിരുന്ന സാധനങ്ങളെല്ലാം പൂർണ്ണമായി നശിച്ചു. അടിയന്തരമായി ഇടപെട്ട് അതെല്ലാം ഡിസ്പോസ് ചെയ്യാനുള്ള നടപടി സ്വീകരിച്ച വകുപ്പിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. അതോടൊപ്പം ബഹുമാന്യരായ റവന്യൂ, സഹകരണ വകുപ്പുമന്ത്രിമാർ അവിടെ സന്ദർശിക്കുകയും നിജസ്ഥിതി വിലയിരുത്തുകയും ചെയ്തു. അടിയന്തരമായി മൊബൈൽ മാവേലി സ്റ്റോർ അവിടെ ആരംഭിക്കാൻ നടപടി സ്വീകരിച്ചതിന് പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ സമയത്ത് ധാരാളം റേഷൻ കാർഡുകളും നിരവധി രേഖകളും നഷ്ടപ്പെട്ടവർ കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ നിയോജകമണ്ഡലങ്ങളിലുണ്ട്. അവർക്ക് റേഷൻ ഉൾപ്പെടെയുള്ള സാധനങ്ങൾ ലഭ്യമാക്കാനുള്ള എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അതിന് എന്തുനടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ജി. ആർ. അനിൽ: സർ, വളരെ ഗൗരവമേറിയ വിഷയമാണിത്. ഇക്കഴിഞ്ഞ പ്രളയവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ മാത്രം 19 റേഷൻ കടകൾ ഭാഗികമായോ/പൂർണ്ണമായോ നശിക്കുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. അടിയന്തരമായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ട്. ഭക്ഷ്യസാധനങ്ങൾ വെള്ളം കയറി ചീഞ്ഞുപോയാൽ ദുർഗന്ധമുണ്ടാകുന്ന അവസ്ഥ പരിസരവാസികൾക്ക് അസൗകര്യമുണ്ടാക്കുന്ന സ്ഥിതിയുമുണ്ടാകും. അതുകൊണ്ടു തന്നെ മൂന്ന് ദിവസത്തിനുള്ളിൽ അതെല്ലാം മാറ്റാനുള്ള നടപടികൾ സ്വീകരിച്ചു. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത്. എങ്കിലും തൊട്ടടുത്ത ദിവസങ്ങളിൽത്തന്നെ മൊബൈൽ വാഹനങ്ങളിൽ യാതൊരു പരാതിയുമില്ലാത്ത വിധത്തിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചു. അതോടൊപ്പം റേഷൻ കാർഡുകൾ നഷ്ടപ്പെട്ട മൂന്നുപേർക്ക് തൊട്ടടുത്ത ദിവസം തന്നെ കാർഡ് കൊടുത്തു. അപേക്ഷ അനുസരിച്ച് തടസ്സമില്ലാതെ മറ്റുള്ളവരുടെയും കാർഡുകൾ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, മാവേലി സ്റ്റോറുകളെ വലിയ പ്രതീക്ഷയോടെയാണ് മുൻകാലങ്ങളിൽ ജനങ്ങൾ കണ്ടിരുന്നത്. എല്ലാ ഗ്രാമങ്ങളിലും മാവേലി സ്റ്റോർ വേണമെന്ന ആവശ്യം വളരെ മുമ്പുതന്നെ ഉയർന്നിരുന്നു. എന്നാൽ പഴയതുപോലെ മാവേലി സ്റ്റോറുകളിൽ ഇപ്പോൾ ജനങ്ങൾ എത്തുന്നില്ല. ഇതിന്റെ പ്രധാന കാരണം സാധനങ്ങളുടെ ഗുണനിലവാരക്കുറവും വിലക്കൂടുതലുമാണ്. ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കി മാവേലി സ്റ്റോറുകളെ പഴയ പ്രതാപത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; മാവേലി സ്റ്റോറുകൾക്ക് നൽകിവന്നിരുന്ന സബ്സിഡി കഴിഞ്ഞ വർഷം എത്ര കൊടുത്തു; ഈ വർഷം എത്ര സബ്സിഡിയാണ് കൊടുക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, 2016 മുതൽ ഇന്നുവരെ 13 ഇനം നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിപ്പിച്ചിട്ടില്ല. ചെറുപയറിന് മാർക്കറ്റിൽ കിലോയ്ക്ക് 105.79 രൂപ വിലയുള്ളപ്പോൾ മാവേലി സ്റ്റോറുകളിലൂടെ 74 രൂപയ്ക്കും ഉരുണ്ട ഉഴുന്നിന് 121.29 രൂപയുള്ളപ്പോൾ 66 രൂപയ്ക്കും വൻകടലയ്ക്ക് 85.57 രൂപയുള്ളപ്പോൾ 45 രൂപയ്ക്കും തുവരപ്പരിപ്പിന് 113.36 രൂപ വിലയുള്ളപ്പോൾ 65 രൂപയ്ക്കും മുളകിന് 157.07 രൂപ വിലയുള്ളപ്പോൾ 75 രൂപയ്ക്കും മല്ലിക്ക് 109 രൂപ വിലയുള്ളപ്പോൾ 79 രൂപയ്ക്കും പഞ്ചസാരയ്ക്ക് 41.29 രൂപ വിലയുള്ളപ്പോൾ 22 രൂപയ്ക്കും അര ലിറ്റർ വെളിച്ചെണ്ണയ്ക്ക് 104 രൂപ വിലയുള്ളപ്പോൾ 46 രൂപയ്ക്കും ജയ അരിക്ക് 37.67 രൂപ വിലയുള്ളപ്പോൾ 25 രൂപയ്ക്കും കുറുവ അരിക്ക് 34.67 രൂപയുള്ളപ്പോൾ 25 രൂപയ്ക്കും മട്ടയരിക്ക് 36.82 രൂപ വിലയുള്ളപ്പോൾ 24 രൂപയ്ക്കും പച്ചരിക്ക് 35 രൂപയുള്ളപ്പോൾ 23 രൂപയ്ക്കുമാണ് കൊടുക്കുന്നത്. 10 ദിവസത്തിന് മുമ്പുള്ള കണക്കാണ് ഞാൻ പറയുന്നത്. ഇതിനെ സംബന്ധിച്ചുള്ള ആക്ഷേപം ജനങ്ങൾക്കില്ല. രാഷ്ട്രീയ വൈരാഗ്യം വച്ചുകൊണ്ടുള്ള ചില ആക്ഷേപങ്ങളല്ലാതെ ജനങ്ങളുടെ മനസ്സിൽ മാവേലി സ്റ്റോറുകളെ സംബന്ധിച്ച് നല്ല പ്രതീക്ഷയാണ്. നല്ല തിരക്കാണ് അവിടെ അനുഭവപ്പെടുന്നത്. എന്നാൽ ഇവിടെ പറഞ്ഞ ഒരുകാര്യം ശരിയാണ്. നമ്മൾ കിറ്റ് വിതരണം ചെയ്ത സമയത്ത് സാധാരണക്കാർക്ക് അതിലൂടെ ഉൽപ്പന്നങ്ങളെല്ലാം കിട്ടിയതിനാൽ ആ സമയത്ത് മാവേലി സ്റ്റോറുകളിലെ വിൽപ്പനയിൽ ചെറിയ കുറവുണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോൾ അത് വീണ്ടും നന്നായി ഉയർന്നിട്ടുണ്ട്. അതിൽ ഒരു തടസ്സവും ഉണ്ടായിട്ടില്ല. മാവേലി സ്റ്റോറുകളെ സംബന്ധിച്ചുള്ള തെറ്റായൊരു വിവരമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, പൊതുവിതരണ സ്ഥാപനങ്ങളിൽ നല്ല തിരക്ക് അനുഭവപ്പെടുന്നുണ്ട്. പ്രത്യേകിച്ച്, കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂരിൽ നല്ല തിരക്കാണ്. അവിടെ കുറച്ചുകൂടി സൗകര്യങ്ങളുണ്ടാക്കണം. അതോടൊപ്പം പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾ, കുടുംബശ്രീ സഹോദരിമാർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ എന്നിവ വിറ്റഴിക്കാനുള്ള സൗകര്യങ്ങൾകൂടി സപ്ലൈകോ മുഖാന്തരം ചെയ്യുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, കൃഷിക്കാരുടെയും കുടുംബശ്രീ സഹോദരിമാരുടെയും അത്തരത്തിലുള്ള മറ്റ് യൂണിറ്റുകളുടെയും ഉൽപ്പന്നങ്ങൾ വിൽക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് മാവേലി സ്റ്റോറുകൾ മാറണമെന്നുള്ളതാണ് ആഗ്രഹം. ഇപ്പോൾ പീപ്പിൾസ് ബസാറായി മാറിയ ഷോപ്പുകളിൽ പച്ചക്കറിയടക്കം വിൽപ്പന നടത്താനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. എന്നാൽ മാവേലി സ്റ്റോറുകളിൽ സ്ഥലപരിമിതിയുണ്ട്. അത് മാറ്റി പീപ്പിൾസ് ബസാറുകളായി മാറുന്ന സ്ഥലങ്ങളിൽ ഇത്തരം ഉൽപ്പന്നങ്ങൾകൂടി വിൽക്കാനുള്ള സൗകര്യമൊരുക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, മാവേലി സ്റ്റോറുകൾ ആരംഭിക്കുമ്പോൾ അതിനാവശ്യമായ സൗകര്യം ഒരുക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. ഒരു മാവേലി സ്റ്റോർ ആരംഭിച്ചുകഴിഞ്ഞാൽ ഒരു വർഷം മുതൽ മൂന്ന് വർഷം വരെ അതിനാവശ്യമായ വാടക കൊടുക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായിരുന്നു. ഇതിൽ ഇപ്പോൾ എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോ; എന്റെ നിയോജകമണ്ഡലത്തിൽ 5 വർഷം പിന്നിട്ടൊരു മാവേലിസ്റ്റോറിന് ഗ്രാമപഞ്ചായത്ത് വാടക കൊടുക്കുന്നില്ല എന്നതിന്റെ പേരിൽ കഴിഞ്ഞ ദിവസം അടച്ചുപൂട്ടുകയുണ്ടായി. ഇപ്പോൾ മാനദണ്ഡം പരിഷ്കരിച്ചിട്ടുണ്ടോ; മൂന്ന് വർഷം കഴിഞ്ഞാൽ സപ്ലൈകോ തന്നെ നേരിട്ട് മാവേലി സ്റ്റോറിന്റെ കെട്ടിടങ്ങൾക്ക് വാടക നൽകുമോ; ഇതുസംബന്ധിച്ച് ഗവൺമെന്റ് ഇപ്പോൾ സ്വീകരിക്കുന്ന നിലപാട് എന്താണെന്നറിയിക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ് മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത്. എന്നാൽ അത്തരം കേന്ദ്രങ്ങളിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിന്നോട്ട് പോകുന്നൊരു നിലപാട് ചില സ്ഥലത്തെല്ലാം സ്വീകരിക്കുകയുണ്ടായി. അതിൽ മാറ്റം വരുത്തുവാനായി ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരമാവധി സ്ഥലങ്ങളിൽ പുതിയ വാടക കെട്ടിടങ്ങൾ കണ്ടെത്തി അതിനനുസരിച്ചുള്ള തരത്തിലാണ് സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നത്. താങ്കളുടെ മണ്ഡലത്തിലെ ഈ വിഷയം ഞാൻ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാവർക്കും ഭക്ഷ്യധാന്യ കിറ്റ് കൊടുത്ത് ചരിത്രം സൃഷ്ടിച്ച ഏക സംസ്ഥാനമാണ് കേരളം. കിറ്റ് വിതരണം നടത്തിയതിന്റെ ഭാഗമായി മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും കച്ചവടം കുറഞ്ഞു എന്നൊരു വാർത്ത കേൾക്കുന്നുണ്ട്. അത് ശരിയാണോയെന്ന് വ്യക്തമാക്കണം. അതോടൊപ്പം തന്നെ ഇവിടെ ബഹുമാനപ്പെട്ട മലപ്പുറം അംഗം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ മാവേലി സ്റ്റോർ നടത്തുന്നവരും റേഷൻ കടക്കാരും വില കൂട്ടിയാണ് സാധനങ്ങൾ കൊടുക്കുന്നത് എന്നൊരു പ്രസ്താവന നടത്തുകയുണ്ടായി. അതിനെ സംബന്ധിച്ചും അന്വേഷണം നടത്താൻ സന്നദ്ധമാകുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം ഞാൻ നേരത്തെ വിശദീകരിച്ചതാണ്. വിൽപ്പനയിൽ കുറച്ച് കുറവ് വന്നുയെന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ അത് മാറി വരികയാണ്.

സൗജന്യമായി ഗവൺമെന്റ് കൊടുത്ത കിറ്റ് ലഭിച്ച ആളുകളുടെ എണ്ണം വളരെ കൂടുതലാണ്. 98 ശതമാനം റേഷൻ കാർഡുടമകളും കിറ്റ് വാങ്ങുന്ന അവസ്ഥയിലേയ്ക്ക് വന്നു. അതുകൊണ്ടുതന്നെ അത്തരത്തിലുള്ള ഒരവസ്ഥ കുറച്ച് നാളുണ്ടായെങ്കിലും അത് മാറിവരികയാണ്. ഇവിടെ സൂചിപ്പിച്ച മറ്റ് വിഷയങ്ങൾ പരിശോധിക്കാവുന്നതാണ്.

## മാലിന്യ സംസ്കരണവും പുനരുപയോഗവും

2(*302) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര ധനകാര്യ ഏജൻസികളുടെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശാസ്ത്രീയ മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി മാലിന്യ വസ്തുക്കളുടെ പുനരുപയോഗത്തിനുള്ള നടപടികളും സാങ്കേതികവിദ്യയും പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തെരഞ്ഞെടുപ്പ് പ്രചരണത്തിന് ഉപയോഗിച്ച വസ്തുക്കൾ പുനരുപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മാതൃകാ പദ്ധതി ധർമ്മടം മണ്ഡലത്തിൽ നടപ്പിലാക്കിയിരുന്നോ; വിശദമാക്കാമോ;

(ഡി) മാലിന്യ സംസ്കരണത്തിനും മാലിന്യങ്ങളുടെ പുനരുപയോഗത്തിനുമായി നവീന സാങ്കേതികവിദ്യാധിഷ്ഠിത പരിപാടികൾ ശുചിത്വ മിഷൻ വഴി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) മാലിന്യ സംസ്കരണത്തിനും ശുചിത്വ പരിപാലനത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതികവിദ്യയും സാങ്കേതിക സഹായവും ലഭ്യമാക്കുന്നതിന് ഹരിത കേരള മിഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) ഉണ്ട്, എല്ലാ മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും നഗരസഭാ പരിധിയോട് ചേർന്നുള്ള തെരഞ്ഞെടുത്ത പഞ്ചായത്തുകൾക്കും ഖരമാലിന്യ സംസ്കരണശേഷി കൈവരിക്കാൻ പ്രാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ പുതുതായി ലോക ബാങ്ക് സഹായത്തോടെ 2100 കോടി രൂപയുടെ കേരള ഖരമാലിന്യ സംസ്കരണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആറ് വർഷമാണ് പദ്ധതിയുടെ കാലയളവ്. പദ്ധതിയുടെ അടങ്കൽ തുക 300 മില്യൺ US ഡോളറാണ് (2100 കോടി രൂപ). ഇതിൽ 105 മില്യൺ US ഡോളർ (710 കോടി രൂപ) ലോകബാങ്ക് വിഹിതവും 105 മില്യൺ US ഡോളർ (710 കോടി രൂപ) ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB) വിഹിതവുമാണ്. ബാക്കി തുകയായ 90 മില്യൺ US ഡോളർ (680 കോടി രൂപ) സംസ്ഥാന സർക്കാർ വിഹിതവുമാണ്. പ്രസ്തുത പദ്ധതിവഴി കേരളത്തിലെ നഗരസഭകൾക്ക് ബഡ്ജറ്റ് വിഹിതത്തിന് പുറമേയാണ് ലോകബാങ്ക് സഹായം നൽകുന്നത്. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ നഗരസഭകൾക്കും അഞ്ചുവർഷത്തെ ഖരമാലിന്യ പരിപാലന പദ്ധതികൾ തയ്യാറാക്കാനാവശ്യമായ സഹായവും ബഹുവർഷ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ആവശ്യമായ നയരൂപീകരണവും നടത്തുന്നതാണ്.

(ബി) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ധർമ്മടം മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് വേളയിൽ പ്രചരണത്തിന് ഉപയോഗിച്ച വസ്തുക്കൾ പുനരുപയോഗിച്ച് മറ്റ് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മാതൃകാ പ്രവർത്തനം നടപ്പിലാക്കിയിരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി &ഇ) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

ശ്രീ. മുഹമ്മദ് മുഹസിൻ ചുമതലപ്പെടുത്തിയതു പ്രകാരം ശ്രീ. പി. എസ്. സുപാൽ: സർ, മാലിന്യ സംസ്കരണ രംഗത്ത് നല്ല പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. മാലിന്യമുക്ത കേരളമാണ് നമ്മുടെ ലക്ഷ്യം. നദികൾ, തോടുകൾ, കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്ന സാഹചര്യം നിലവിലുണ്ട്. ഫാക്ടറി മാലിന്യം ഒഴുക്കിവിടുന്നതും വീടുകളിൽനിന്ന് മലിനജലം ജലാശയങ്ങളിലേയ്ക്ക് ഒഴുക്കിവിടുന്നതും ജലാശയങ്ങളിലേയ്ക്ക് മാലിന്യം വലിച്ചെറിയുന്ന പ്രവണതകളും കർശനമായി തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേരളത്തിൽ മാലിന്യ സംസ്കരണം ഒരു പ്രധാനപ്പെട്ട വിഷയമാണെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് കൂടിയാണ് ഇത്തരമൊരു പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് മുന്നോട്ട് വന്നിരിക്കുന്നത്. നമ്മുടെ പരിസരവും നദികളും ജലാശയങ്ങളും മലിനീകരിക്കപ്പെടുന്ന സ്ഥിതിയാണുള്ളത്. നമ്മുടെ സംസ്ഥാനം മറ്റ് പല കാര്യങ്ങളിലും മാതൃകയാണ്. മാലിന്യ സംസ്കരണത്തിൽക്കൂടി മറ്റുള്ളവർക്ക് മാതൃകയാകാൻവേണ്ടിയുള്ള പ്രവർത്തനമാണ് ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

ശ്രീ. പി. എസ്. സുപാൽ: സർ, പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കിയ സംസ്ഥാനമാണ് നമ്മുടേത്. കോവിഡ് കാലഘട്ടത്തിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇത് വലിയതോതിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടയാക്കും. അതുകൊണ്ടു പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഒരുപക്ഷേ കേരളമാണ് പ്ലാസ്റ്റിക് നിരോധനത്തിന്റെ കാര്യത്തിൽ ആദ്യമായി നിലപാട് സ്വീകരിച്ച സംസ്ഥാനം. എന്നാൽ പിന്നീട് നമുക്ക് വേണ്ടത്ര മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യം പൂർണ്ണമായും ഇല്ലാതാക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇക്കാര്യം ചർച്ച ചെയ്ത് ഒരു ബദൽ മാർഗ്ഗത്തിലൂടെ മാത്രമേ പ്ലാസ്റ്റിക്കിനെ ഇല്ലാതാക്കാൻ കഴിയുകയുള്ളൂ. ആ നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ലോകത്ത് ഇപ്പോൾ ഏറ്റവുംകൂടുതൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ഇ-മാലിന്യമാണ്. ഇന്ത്യയിൽ 2011 മുതൽ ഇ-മാലിന്യ സംസ്കരണ നയമുണ്ടെങ്കിലും 5 ശതമാനത്തിൽ താഴെയാണ് ഔദ്യോഗികമായി സംസ്കരിക്കപ്പെടുന്നത്. അതിൽ ലോഹ സംസ്കരണത്തിനുള്ള അപര്യാപ്തതയാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അത് കയറ്റി അയയ്ക്കുകയാണ്. അത് കൃത്യമായി പിന്തുടരാൻ കഴിയാത്തതുകൊണ്ട് യഥാർത്ഥ മൂല്യം ലഭിക്കുന്നുമില്ല. ഉറവിടത്തിൽ വച്ചുതന്നെ ഇ-മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിച്ചെടുക്കുന്നതിനാവശ്യമായ ഒരു അവബോധം ഉപഭോക്താക്കളിൽ ഉണ്ടാക്കിയെടുത്താൽ നമുക്ക് ലോഹ സുരക്ഷിതത്വവും വിഭവക്ഷമതയും വർദ്ധിപ്പിക്കാൻ കഴിയും. അതിനാവശ്യമായ ബോധവൽക്കരണം ഉപഭോക്താക്കൾക്ക് നൽകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. അക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് വലിയ രീതിയിലുള്ള ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇലക്ട്രോണിക് പാഴ്വസ്തുക്കൾ ശേഖരിക്കാനും അത് ശരിയായ രീതിയിൽ സംസ്കരിക്കാനുമുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അതുകൊണ്ടാണ് 2021 സെപ്റ്റംബർ വരെ 1640.9 മെട്രിക് ടൺ ഇലക്ട്രോണിക് പാഴ്വസ്തുക്കൾ ശേഖരിച്ച് സംസ്കരിക്കാനും അത് വലിയ രീതിയിൽ ഉപയോഗപ്പെടുത്താനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചത്. അതിനായി വിവിധ ഏജൻസികളെ കണ്ടെത്തുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. അതുവഴി 5.15 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് ലഭിക്കുകയുണ്ടായി. ക്ലീൻ കേരള കമ്പനി എല്ലാ ജില്ലകളിലും അതിന്റെ ഗോഡൗണുകൾ ആരംഭിച്ചിട്ടുണ്ട്. ഇവ ശേഖരിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ പുതിയൊരു ദിശാബോധം നൽകിയ സർക്കാരാണിത്. നിലവിൽ ഒരു വാണിജ്യ സ്ഥാപനത്തിന് അനുമതി നൽകുമ്പോൾ പാർക്കിംഗ് ഏരിയ, മഴവെള്ള സംഭരണി തുടങ്ങിയവ പ്ലാനിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിക്കാറുണ്ട്. എന്നാൽ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ കാര്യത്തിൽ ഇത്തരമൊരു നിബന്ധന നിലവിലില്ല. അതുകൊണ്ട് ഈ നിബന്ധനകൂടി ഉൾപ്പെടുത്തി പ്ലാൻ അംഗീകരിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു നിർദ്ദേശം നൽകാനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് ശരിയായ കാര്യമാണ്. പ്ലാൻ അംഗീകരിക്കുന്നതിന് മാലിന്യസംസ്കരണ സംവിധാനംകൂടി ഒരുക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. തീർച്ചയായും അത് ശരിയായ രീതിയിൽ ഇംപ്ലിമെന്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. സി. മുകുന്ദൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, മിക്കവാറും മാലിന്യങ്ങൾ വലിച്ചെറിയുന്നത് പാതയോരങ്ങളിലും റോഡുകളിലും കുളങ്ങളിലും പുഴകളിലും പാടങ്ങളിലുമൊക്കെയാണ്. കേരളം ലോകത്തിനുതന്നെ മാതൃകയായ ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്. ഈ സ്ഥലങ്ങളെല്ലാം ബ്യൂട്ടിഫിക്കേഷൻ നടത്തി തദ്ദേശീയർക്ക് സായാഹ്നങ്ങളിൽ വിശ്രമിക്കാനുള്ള കേന്ദ്രങ്ങളാക്കി മാറ്റിയാൽ കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കാൻ സാധിക്കും. ഇതിലൂടെ മാലിന്യം വലിച്ചെറിയുന്ന സ്വഭാവം ഒരു പരിധിവരെ തടഞ്ഞുനിർത്താനും കഴിയും. ഇത്തരമൊരു ഇടപെടൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ നടത്താൻ സാധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഇത്തരം ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിലൂടെ മാലിന്യ സംസ്കരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ശരിയായ ബോധവൽക്കരണവും ഇക്കാര്യത്തിൽ നടത്തിവരുന്നുണ്ട്. മാലിന്യം വലിച്ചെറിയുക എന്ന സമീപനമാണ് എപ്പോഴും നമ്മൾ സ്വീകരിക്കുന്നത്. Use and throw എന്നതാണ് നമ്മുടെ സമീപനം. ആവശ്യം കഴിഞ്ഞാൽ എല്ലാം വഴിയിൽ വലിച്ചെറിയുക എന്നൊരു സംസ്കാരമാണ് ഇപ്പോഴും തുടർന്നുവരുന്നത്. അതിന് മാറ്റം വരുത്താൻ വിവിധ വകുപ്പുകൾ മാത്രം വിചാരിച്ചാൽ പോര. മാലിന്യങ്ങൾ വഴിയിൽ വലിച്ചെറിയുന്ന സമീപനത്തിൽ മാറ്റം വരുത്താൻ കേരളീയ സമൂഹമാകെ തയ്യാറാകേണ്ടതുണ്ട്. അതിനു വേണ്ടിയുള്ള വിപുലമായ ബോധവൽക്കരണ പരിപാടികൾ ത്രിതല പഞ്ചായത്തും വിവിധ വകുപ്പുകളും വഴി ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഓരോ പൊതുസ്ഥലവും മാലിന്യവിമുക്തമാക്കാൻ വേണ്ടിയുള്ള ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 'മാലിന്യവിമുക്ത കേരളം' എന്ന നമ്മുടെ സങ്കൽപ്പം നന്നായി വരട്ടെയെന്നാണ് എന്റെ പ്രാർത്ഥന. ഏതെങ്കിലും ഒരു സ്ഥലത്തുനിന്നും കക്കൂസ് മാലിന്യങ്ങൾ ശേഖരിച്ച് പ്രത്യേക വാഹനങ്ങളിൽ കൊണ്ടുപോയി റോഡിന്റെ വശങ്ങളിൽ നിക്ഷേപിക്കുന്ന സ്ഥിതിയുണ്ട് അത്തരം Anti social elements ഉണ്ട്. അങ്ങനെ ചെയ്യുന്ന എത്ര സാമൂഹ്യവിരുദ്ധ സംഘത്തെ ഗവൺമെന്റിന് അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ട്; എത്ര കേസ്സെടുത്തിട്ടുണ്ട്; എത്രപേരെ ശിക്ഷിച്ചിട്ടുണ്ട്; ഇതുസംബന്ധിച്ച് എന്തെങ്കിലും കാര്യങ്ങൾ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇത്തരം കാര്യങ്ങൾ ചെയ്യുന്നവർക്കെതിരായി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിനുള്ള കൃത്യമായ മറുപടി ഇപ്പോൾ പറയാൻ സാധിക്കില്ല. എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്രപേരെ ശിക്ഷിച്ചിട്ടുണ്ട് മുതലായ ചോദ്യങ്ങൾക്കുള്ള കൃത്യമായ കണക്ക് ആവശ്യമുള്ളപക്ഷം പിന്നീട് ശേഖരിച്ച് നൽകാവുന്നതാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, തിരുവനന്തപുരത്ത് മാലിന്യസംസ്കരണ പ്ലാന്റോ നിക്ഷേപ കേന്ദ്രങ്ങളോ ഇല്ലാതെയാണ് 2011 മുതൽ മാലിന്യസംസ്കരണം മുന്നോട്ടുകൊണ്ടുപോകുന്നത്. ഇവയുള്ള നഗരങ്ങളേക്കാൾ മെച്ചപ്പെട്ട രീതിയിൽ നമുക്ക് മുന്നോട്ടുപോകാൻ സാധിച്ചിട്ടുമുണ്ട്. അത് സാധ്യമായത് Segregation

method-ഉം My waste My Responsibility പോലുള്ള മുദ്രാവാക്യങ്ങളേറ്റെടുത്തതും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കിയതും മുഖാന്തരമാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചതുപോലെ ലോകബാങ്ക് സഹായത്തോടെ ഈ പദ്ധതി വിപുലപ്പെടുത്തി ഒരു വലിയ ക്യാമ്പയിനായി ഏറ്റെടുക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അതാണ് ഇവിടെ സൂചിപ്പിച്ചത്. മാലിന്യ സംസ്കരണത്തിനായി വലിയ പ്ലാന്റുകൾ വരുമ്പോൾ സ്വാഭാവികമായും പല സ്ഥലത്തുനിന്നും എതിർപ്പുകൾവരും. അതുകൊണ്ടാണ് മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കണമെന്ന നിർദ്ദേശം മുന്നോട്ടുവയ്ക്കുന്നത്. ഓരോരുത്തരുടെയും വീട്ടിലുണ്ടാകുന്ന മാലിന്യങ്ങൾ അതത് സ്ഥലത്തുതന്നെ സംസ്കരിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കിയാൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പരിപാടി പരമാവധി കുറയ്ക്കാൻ കഴിയും. എന്നാൽ ചില ഘട്ടങ്ങളിൽ ഇത് അനിവാര്യമായിവരും. ചില നഗര പ്രദേശങ്ങളിൽ മാലിന്യസംസ്കരണ സംവിധാനങ്ങൾ വളരെ പരിമിതമാണ്. ഇപ്പോൾ പുതിയ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി മാലിന്യം സംസ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. അതിനായി ഹരിതകേരള മിഷനും കുടുംബശ്രീയും ശുചിത്വമിഷനും നല്ല രീതിയിലുള്ള ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന മാലിന്യസംസ്കരണ പരിപാടികൾ വിജയത്തിലെത്തുകയാണ്. ഉറവിട മാലിന്യ സംസ്കരണമാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ഉചിതമായിട്ടുള്ളതെന്നാണ് തോന്നുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ശുചിത്വ മിഷൻ ഫണ്ടുപയോഗിച്ച് തുടങ്ങാനിരുന്ന നിരവധി മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നിർത്തിവയ്ക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉത്തരവ് വന്നിരിക്കുകയാണ്. സാധാരണ ഗവൺമെന്റിൽനിന്നുള്ള ഉത്തരവാണ് വരുന്നത്. ഇതുവരെ തുടങ്ങാത്ത പദ്ധതികളൊക്കെ നിർത്തിവയ്ക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിന് കാരണമായി പറയുന്നത്, ലോകബാങ്കിന്റെ ഫണ്ട് കിട്ടാനുണ്ട്, അതിനുശേഷം ഇത് നടത്തിയാൽ മതിയെന്നാണ്. ലോക ബാങ്കിന്റെ ഫണ്ട് വരുന്നതുവരെ ഈ പദ്ധതികൾ മാറ്റിവയ്ക്കുന്നത് ശരിയല്ല. അംഗീകാരം കിട്ടിയ പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഇടപെടണം. വിവിധ സ്റ്റേജുകളിൽ അംഗീകാരം കിട്ടി പണി തുടങ്ങാനിരിക്കുമ്പോഴാണ് അതൊന്നും ഇനി നടത്തേണ്ടതില്ലെന്ന് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. വിശ്വനാഥ് സിൻഹ ഉത്തരവിട്ടിട്ടുള്ളത്. ഇത് ശരിയായ രീതിയല്ല. ഇന്നത്തെ ചന്ദ്രിക പത്രത്തിൽ ഇതുമായി ബന്ധപ്പെട്ട് വലിയ വാർത്ത വന്നിട്ടുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, മാലിന്യ സംസ്കരണത്തിനായി വിവിധ നഗരസഭകൾ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ ചെയ്യുന്നതിനുവേണ്ടിയാണ് വേൾഡ് ബാങ്കിന്റെയും Asian Infrastructure Investment Bank-ന്റെയും സഹായത്തോടുകൂടി 2100 കോടി രൂപയുടെ പദ്ധതി അഞ്ചുകൊല്ലംകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഡ്യൂപ്ലിക്കേഷൻ വരേണ്ട എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും അത്തരമൊരു ഉത്തരവിറക്കിയത്. കേരളത്തിലെ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും മാലിന്യം സംസ്കരിക്കാനുള്ള ബൃഹത്തായ പരിപാടിക്കുവേണ്ടിയാണ് ലോകബാങ്കിന്റെ സഹായത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കുന്നത്. അഞ്ച് കൊല്ലമാണ് പദ്ധതിയുടെ കാലാവധി. ടി കാലാവധിക്കുള്ളിൽതന്നെ എല്ലാ നഗരങ്ങളിലെയും മാലിന്യങ്ങൾ സംസ്കരിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. എൻ. ഷംസീർ: സർ, 'മാലിന്യമുക്ത കേരളം' എന്ന വളരെ ശ്രമകരമായൊരു ദൗത്യം ഏറ്റെടുത്ത് നമ്മൾ മുന്നോട്ടുപോകുകയാണ്. മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള മലയാളിയുടെ മൈൻഡ് സെറ്റാണ് മാറേണ്ടത്. അത് മാറിയാൽ മാത്രമേ കേരളവും മാലിന്യമുക്തമാവുകയുള്ളൂ. ഉത്ഭവസ്ഥലത്തുതന്നെ മാലിന്യം സംസ്കരിക്കണമെന്ന ക്യാമ്പയിന് ആദ്യം തുടക്കം കുറിച്ചത് തലശ്ശേരി മുനിസിപ്പാലിറ്റിയിലായിരുന്നു. ഒരുപരിധിവരെ അത് വിജയിക്കുകയും ചെയ്തു. അപ്രകാരം ഉത്ഭവസ്ഥലത്തുതന്നെ മാലിന്യം സംസ്കരിക്കണമെന്ന് പറയുമ്പോൾ ഉയർന്നുവരുന്ന ചോദ്യം ഫ്ലാറ്റുകളാണ്. പല ഫ്ലാറ്റുകളിലും മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനമില്ല. ഫ്ലാറ്റുകൾക്കും മറ്റും അനുമതി കൊടുക്കുമ്പോൾ ഉത്ഭവസ്ഥലത്ത് മാലിന്യം സംസ്കരിക്കാനാവശ്യമായ സ്ഥലംകൂടി അനുവദിച്ചാൽ മാത്രമേ നിർമ്മാണ പ്രവൃത്തിക്ക് അനുമതി കൊടുക്കാൻ പാടുള്ളൂ. ഇതുസംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായമെന്താണ്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഈ ചോദ്യത്തിന് ഞാൻ നേരത്തേ മറുപടി പറഞ്ഞതാണ്. പല ഫ്ലാറ്റുകളിലും മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങളില്ല. അവിടെയെല്ലാം കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനത്തിലൂടെയാണ് മാലിന്യം എടുത്തുകൊണ്ടുപോയി സംസ്കരിക്കുന്നത്. തീർച്ചയായും ഉറവിട മാലിന്യസംസ്കരണം തന്നെയാണ് അഭികാമ്യമെന്ന് ഞാൻ നേരത്തേ സൂചിപ്പിച്ചു. അതിനാൽ ഉറവിട മാലിന്യസംസ്കരണത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

## പൊതുജന പരാതി പരിഹാര സംവിധാനം

3(*303) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സേവനങ്ങൾ യഥാസമയം ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ സമർപ്പിക്കുന്ന പരാതികൾ പതിനഞ്ച് ദിവസത്തിനകം തീർപ്പാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; എല്ലാ ഓഫീസിലും പൊതുജന പരാതി പരിഹാരത്തിനായി സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായം തേടുന്നവർക്ക് അത് അടിയന്തരമായി ലഭ്യമാക്കാൻ വേണ്ട ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) സർക്കാരിന്റെ പദ്ധതികൾ പ്രാവർത്തികമാകുന്നത് ഭരണയന്ത്രത്തിലൂടെയാണ്. കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ട ഉടൻതന്നെ ഭരണ സംവിധാനത്തെ ജനാധിപത്യവൽക്കരിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ഭരണപരിഷ്കാര കമ്മീഷനുകൾ ലക്ഷ്യംവച്ചത് ഇത്തരത്തിലുള്ള ജനാധിപത്യവൽക്കരണമാണ്. വളരെ ദീർഘമായ മറുപടിയായതിനാൽ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

ശ്രീ. കെ. പ്രേംകുമാർ: സർ, കോവിഡിനിടയിലും സാധാരണ ജനങ്ങളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കുന്ന നിലയിൽ പ്ലാറ്റ്ഫോം ടിക്കറ്റ്, വാഹന രജിസ്ട്രേഷൻ, ഫിറ്റ്നസ് പുതുക്കൽ, പരിശോധനാ ഫീസ് എന്നിവ കുത്തനെ കൂട്ടുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. കേരളം പൊതുവിൽ ഇക്കാര്യത്തിനും ബദൽ ഉയർത്തുകയാണ്. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനംവഴി മികച്ച സേവനം നൽകാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രീ. പിണറായി വിജയൻ: സർ, അതാണ് ഇതിൽ വ്യക്തമാക്കിയിട്ടുള്ളത്, 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' പോലെ 'ഈസ് ഓഫ് ലിവിംഗ്' എന്ന കാഴ്ചപ്പാട് പ്രാവർത്തികമാക്കാനുള്ള നടപടികളാണ് ആരംഭിച്ചിട്ടുള്ളത്.

ശ്രീ. കെ. പ്രേംകുമാർ: സർ, കോവിഡ് കാലത്ത് നിരവധി സേവനങ്ങൾ സർക്കാർ ഓൺലൈനായി ലഭ്യമാക്കുകയുണ്ടായെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. എന്തെല്ലാം സേവനങ്ങളാണ് സർക്കാർ ഓൺലൈനായി ലഭ്യമാക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, വിവിധ സേവനങ്ങൾക്കും സർട്ടിഫിക്കറ്റുകൾക്കും നിലവിലുണ്ടായിരുന്ന ഫീസ് ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ട്. പല ആവശ്യങ്ങൾക്കുമുള്ള സർട്ടിഫിക്കറ്റുകൾ നേടുന്നതിനായി ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലും നോട്ടറൈസേഷനും വേണമായിരുന്നു, അത് ഒഴിവാക്കിയിട്ടുണ്ട്. സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ നൽകാമെന്നുള്ള തീരുമാനമെടുത്തു. അതോടൊപ്പം അപേക്ഷാ ഫോറങ്ങൾ കഴിയുന്നത്ര ലളിതമാക്കി ഒറ്റ പേജിൽത്തന്നെയാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കി. മുമ്പുണ്ടായിരുന്ന പ്രശ്നം, ഒരു സർട്ടിഫിക്കറ്റ് കൊടുത്താൽ അതൊരു പ്രത്യേക ആവശ്യത്തിനായി പരിമിതപ്പെടുത്തുന്നതായിരുന്നു, അത് ഒഴിവാക്കി പൊതുവായ ആവശ്യങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകാമെന്ന തീരുമാനമെടുത്തു. മാത്രമല്ല, ഇത്തരം സർട്ടിഫിക്കറ്റുകളുടെ കാലാവധി നീട്ടുന്നതിനുള്ള നടപടിയും സ്വീകരിച്ചു. സർക്കാർ സേവനങ്ങൾക്കായി ജനങ്ങൾ സർക്കാർ ഓഫീസുകൾ കയറിയിറങ്ങുന്ന രീതിയാണ് നേരത്തെ അവലംബിച്ചിരുന്നത്. സേവനങ്ങൾ അതതു വകുപ്പുകളുടെ വെബ്സൈറ്റ് മുഖാന്തരം ഉപയോഗിക്കുന്നത് പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തി 'ഇ-സേവനം' എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലും 'എം-സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകിയിട്ടുണ്ട്. ഇതോടൊപ്പം വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ഓൺലൈൻ സേവനങ്ങളുമുണ്ട്. ആ ഓൺലൈൻ സേവനങ്ങളുടെ സ്ഥിതിവിവരം ലഭ്യമാക്കുന്നതിന് സർവ്വീസ് ഡാഷ് ബോർഡും വികസിപ്പിച്ചിട്ടുണ്ട്. ഇ-ഫയൽ സംവിധാനം കഴിയാവുന്നിടങ്ങളിലെല്ലാം ആരംഭിച്ചിട്ടുണ്ട്. ഈ സംവിധാനത്തിലേയ്ക്ക് ഫയലുകൾ മാറ്റുക മാത്രമല്ല അതിലൂടെ പൊതുജനങ്ങൾക്ക് ഫയലുകളുടെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു. അതോടൊപ്പം അക്ഷയ കേന്ദ്രങ്ങൾ കൂടുതൽ അനുവദിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കിക്കൊണ്ട് ഓൺലൈനിലൂടെ സർക്കാർ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ ജനങ്ങൾക്ക് പ്രാപ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഭരണഭാഷ ജനങ്ങൾക്ക് പ്രാപ്യമാകുകയെന്നുള്ളത് ഭരണസംവിധാനത്തെ ജനാധിപത്യവൽക്കരിക്കുന്നതിന്റെ ഭാഗമാണ്. ഭരണഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഭരണഭാഷ മലയാളമാക്കുന്നതിനുള്ള തീരുമാനം നേരത്തെ തന്നെ എടുത്തിട്ടുള്ളതാണ്. അത് കർശനമായി നടപ്പാക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. മാത്രമല്ല, ഭരണ സംവിധാനം കൂടുതൽ ജനസൗഹൃദമാക്കുന്നതിന് പി.എസ്.സി. പരീക്ഷകൾ കഴിയാവുന്നത്രയും മാതൃഭാഷയിൽത്തന്നെ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ മേഖലയിലേയ്ക്കും ഈ സംവിധാനം വ്യാപിപ്പിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കോടതി ഭാഷ മലയാളത്തിലാക്കുന്നതിനുള്ള പ്രാഥമിക നടപടി ആരംഭിച്ചുകഴിഞ്ഞു. ഇതുസംബന്ധിച്ച് ഹൈക്കോടതിയുമായി വിവിധ തലങ്ങളിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതിനായി പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, സാധാരണ ജനങ്ങൾ ഇ-സേവനത്തിനായി അക്ഷയ കേന്ദ്രങ്ങളെയാണ് ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾ പലപ്പോഴും അമിത ചാർജ്ജ് ഈടാക്കുന്നതായി കാണുന്നുണ്ട്, ഒരു സ്ഥലത്തും ഏകീകരിച്ച ചാർജ്ജ് ഈടാക്കുന്നതായി കാണുന്നില്ല. ഇത്തരം കാര്യങ്ങൾ ക്രമീകരിക്കാൻ ഇടപെടുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അക്ഷയ കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിച്ചുവരികയെന്നത് വളരെ പ്രധാനമാണ്. അതുകൊണ്ടുതന്നെ അക്ഷയ കേന്ദ്രങ്ങളുടെ എണ്ണവും അതിന്റെ കാര്യക്ഷമതയും വർദ്ധിപ്പിക്കുകയാണ്. ബഹുമാന്യനായ അംഗം ഉന്നയിച്ച പരാതി സർക്കാർ ഗൗരവമായി കണക്കിലെടുക്കുന്നതാണ്, ആവശ്യമായ നടപടി സ്വീകരിക്കും.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വഴി ചികിത്സാ സഹായമടക്കം പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ഒട്ടനവധി ധനസഹായം നൽകുന്നുണ്ട്. ഇത് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യം ഇനിയും വേഗതയിലാകണമെന്നുള്ളത് ശരിയാണ്. 2016-ൽ ശരാശരി 175 ദിവസമായിരുന്ന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായത്തിന് അപേക്ഷ സമർപ്പിച്ചാൽ ധനസഹായം ലഭിക്കാൻ എടുത്തിരുന്നത്. അത് 2018 മുതൽ ശരാശരി 22 ദിവസമായി ചുരുക്കാനായി. അപേക്ഷ സ്വീകരിക്കുന്നത് മുതൽ

ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതുവരെയുള്ള എല്ലാ നടപടികളും ഓൺലൈൻ മുഖേനയാണ് ചെയ്തുവരുന്നത്. സാധുവായ രേഖകളും നിയമപരമായ അർഹതയുമുണ്ടെങ്കിൽ 100 മണിക്കൂറിനുള്ളിൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സഹായധനം കൈമാറാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. അപേക്ഷകളിലെ അവ്യക്തത, അപേക്ഷകളോടൊപ്പം ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിൽ വരുന്ന പോരായ്മ എന്നിവയെല്ലാം നടപടികൾ പൂർത്തീകരിക്കുന്നതിനും അർഹതപ്പെട്ട ധനസഹായം നൽകുന്നതിനും തടസ്സമായി നിൽക്കുന്നുണ്ട്. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കാലതാമസം കൂടാതെ തുടർനടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, ഒരു അപേക്ഷ കൊടുത്താൽ 22 ദിവസത്തിനുള്ളിൽ അല്ലെങ്കിൽ 100 മണിക്കൂറിനുള്ളിൽ അക്കൗണ്ടിലേക്ക് പണം വരുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ഞാൻ മുഖവിലയ്ക്കെടുക്കുകയാണ്. യഥാർത്ഥത്തിൽ പലപ്പോഴും ഈ പണം കിട്ടുന്നില്ലെന്ന വ്യാപകമായ പരാതിയുണ്ട്. ഒരാൾ അസുഖമായി കിടന്നാൽ 6 മാസത്തിനുള്ളിലും അപകടത്തിൽപ്പെട്ട് മരണപ്പെട്ടാൽ ഒരു വർഷത്തിനുള്ളിലും അപേക്ഷ കൊടുക്കണമെന്നാണ്. അതുസംബന്ധിച്ച അറിവില്ലായ്മമൂലം പലപ്പോഴും സമയം കഴിഞ്ഞു പോകാറുണ്ട്. ആയതിനാൽ സമയദൈർഘ്യം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, വ്യവസ്ഥകൾ അനുസരിച്ച് കാര്യങ്ങൾ ചെയ്യുകയെന്നുള്ളത് എപ്പോഴും പ്രധാനമാണല്ലോ. ന്യായമായ കാരണങ്ങൾ കൊണ്ടാണ് അങ്ങനെ വരുന്നതെങ്കിൽ അത് ഗൗരവമായി പരിഗണിച്ച് ആവശ്യമായ ഇളവുകൾ അനുവദിക്കുന്നുമുണ്ട്. പക്ഷേ വ്യവസ്ഥകൾ ഇല്ലെന്നൊരു നിലയുണ്ടാക്കാൻ കഴിയില്ല.

ശ്രീ. വി. ജോയി: സർ, എം.എൽ.എ.-മാർ മുഖേന മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ പരാതികൾ സമർപ്പിക്കുന്നുണ്ട്. അത്തരം പരാതികളുടെ സ്റ്റാറ്റസ് എം.എൽ.എ.-മാരെ അറിയിക്കുന്നതിനുവേണ്ടി പരിശ്രമിക്കുമോ; പുതിയ സംവിധാനവുമായി ബന്ധപ്പെട്ട് ഒരു ബോധവൽക്കരണം എം.എൽ.എ.-മാർക്കും അവരുടെ പി.എ.-മാർക്കും നൽകാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യങ്ങളെക്കുറിച്ച് പൊതുവിൽ എല്ലാവരെയും ബോധവൽക്കരിക്കുകയെന്നുള്ളത് തന്നെയാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആശ്വാസധനമാണ് കാൻസർ, കിഡ്നി രോഗികൾക്ക് ഇപ്പോഴുള്ള ഒരു ആശ്വാസം. കരൾ മാറ്റിവയ്ക്കൽ, കിഡ്നി മാറ്റിവയ്ക്കൽ അടക്കമുള്ള ചികിത്സയ്ക്ക് കേരളത്തിൽനിന്ന് തമിഴ്നാട്ടിലും കർണ്ണാടകയിലും പോകുന്ന ആളുകളുടെ ദയനീയത ഞങ്ങളെപ്പോലെയുള്ളവർ അറിയുന്നുണ്ട്, ധനസഹായം ലഭിക്കുന്നുമുണ്ട്. അത്തരത്തിലുള്ളവർക്ക് സൗജന്യ ചികിത്സ നൽകാനുള്ള ആലോചനയുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, സമൂഹത്തിൽ ഇത്തരം രോഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നുവെന്നുള്ളത് ശരിയാണ്. ആ ചികിത്സ പാവപ്പെട്ടവർക്ക് വല്ലാത്ത പ്രയാസവും നേരിടുന്നുണ്ട്. അതിന് സർക്കാർ നൽകുന്ന സഹായം അപര്യാപ്തമാണെന്നുള്ളത് സർക്കാർതന്നെ തിരിച്ചറിയുന്നുമുണ്ട്. സംസ്ഥാനത്തിന്റെ പൊതുവായ സാഹചര്യംവച്ചുകൊണ്ട് മാത്രമേ സഹായങ്ങൾ നൽകാൻ സാധിക്കുകയുള്ളൂ. എങ്കിലും ആ സഹായം എത്രകണ്ട് വർദ്ധിപ്പിക്കാനാകുമെന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, സെക്രട്ടേറിയറ്റിലുള്ള ഇ-ഫയൽ സംവിധാനം മാതൃകാപരമാണ്. ഫയൽ നീക്കത്തിന്റെ സമയം, തീയതി, ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണ് ഫയലുള്ളത് എന്നീ വിവരങ്ങളുൾപ്പെടെ അപേക്ഷകന് അറിയാൻ കഴിയുംവിധമാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്. ഇതേ മാതൃകയിൽ ഇ-ഫയൽ സംവിധാനം സംസ്ഥാനത്തെ എല്ലാ ഡയറക്ടറേറ്റുകളിലും നടപ്പാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാനത്തൊട്ടാകെ അത്തരമൊരു സമ്പ്രദായം കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന് ആവശ്യമായ നടപടി ഘട്ടംഘട്ടമായി സ്വീകരിക്കും.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഏത് കാലഘട്ടത്തിലും മന്ത്രിമാർക്ക് ഒരു അപേക്ഷ കൊടുത്തുകഴിഞ്ഞാൽ, അതുസംബന്ധിച്ച ഫയൽ പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി തുടങ്ങി വിവിധ തലങ്ങളിൽ കണ്ടശേഷം സെക്ഷൻ ക്ലാർക്കിന്റ ടേബിളിലെത്തും. മിക്കവാറും സെക്ഷൻ ക്ലാർക്ക് എഴുതുന്ന കാര്യമാണ് അവസാന തീരുമാനമായി വരുന്നത്. ഈ രീതി അവലംബിക്കുന്നതുകൊണ്ട് വളരെയധികം കാലതാമസമുണ്ടാകുന്നുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റ് മാന്വലിൽ എന്തെങ്കിലും മാറ്റംവരുത്താൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം വളരെ പ്രധാനപ്പെട്ടതാണ്. അത് ഉദ്യോഗസ്ഥ തലത്തിലെ തട്ടുകളുടെ പ്രശ്നമാണ്. അനാവശ്യമായ തട്ടുകൾ ഇപ്പോൾ നിലനിൽക്കുകയാണ്. അവയിൽ പലതും ഒഴിവാകേണ്ടതായിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പിന്റെ സെക്രട്ടറിയുൾപ്പെടെ പരിശോധിച്ച് നിലപാടെടുത്ത ഒരു കാര്യം വീണ്ടും പരിശോധനയ്ക്ക് താഴെ തലത്തിൽ പോകുന്നതിൽ അസ്വാഭാവികതയുണ്ട്. ഉദാഹരണത്തിന്, ഹൈക്കോടതിയുമായി ബന്ധപ്പെട്ട ഒരു പ്രശ്നത്തിൽ ചിലപ്പോൾ ഹൈക്കോടതി ചീഫ് ജസ്റ്റിസ്, മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാർ എന്നിവർ ഒരുമിച്ചിരുന്നാണ് ഒരു തീരുമാനമെടുക്കുന്നത്. തീരുമാനമെടുത്ത ആ കടലാസിൽ പിന്നീട് താഴെത്തട്ട് മുതൽ വീണ്ടും പരിശോധന ആരംഭിക്കുന്നത് ആവശ്യമില്ലാത്ത കാര്യമാണ്. അത്തരം കാര്യങ്ങളിൽ മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നത്, അതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, സിറ്റിസൺ കോൾ സെന്ററുകളിൽ വരുന്ന പരാതികളിൽ വിവിധ വകുപ്പുകളിൽനിന്ന് മറുപടി ലഭ്യമാക്കുന്നതിൽ കാലതാമസം സംഭവിക്കുന്നുണ്ട്. ആ കുറവ് പരിഹരിക്കാനാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ പ്രത്യേകം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, മാരകമായ അസുഖങ്ങൾക്കുള്ള ഏറ്റവും വലിയ ആശ്വാസമാണ് CMDRF (Chief Minister's Distress Relief Fund). ഇത് ലഭ്യമാകാനുള്ള സമയം ചുരുക്കുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെ വളരെയധികം പ്രതീക്ഷയോടെയാണ് രോഗികൾ കാണുന്നത്. നിലവിൽ ചികിത്സാ ധനസഹായത്തിനായി മുഖ്യമന്ത്രിയുടെ സി.എം.ഡി.ആർ.എഫ്.-ൽ അപേക്ഷ കൊടുത്താൽ, 6-7 ലക്ഷം രൂപ അല്ലെങ്കിൽ 10 ലക്ഷം രൂപ ചെലവുവരുന്ന ചികിത്സയ്ക്ക് അനുവദിക്കുന്നത് 45,000 മുതൽ 50,000 രൂപ വരെയുള്ള ചെറിയ തുകയാണ്. പ്രസ്തുത ധനസഹായം അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്നറിയില്ല. ചികിത്സയ്ക്ക് പര്യാപ്തമായ രീതിയിൽ തുക ലഭ്യമാക്കാനും നിലവിൽ തുക അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡത്തിൽ പുനഃക്രമീകരണം വരുത്താനും നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നിലവിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നത് സർക്കാർതന്നെ കാണുന്നുണ്ട്. തുക വർദ്ധിപ്പിക്കാൻ കഴിയുമോയെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

**പരിസ്ഥിതി സംരക്ഷണ പദ്ധതികൾ**

4(*304) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നദികളും തോടുകളും കുളങ്ങളും ശുചീകരിക്കുന്നതിനും അവയുടെ ആഴം വർദ്ധിപ്പിച്ച് സംരക്ഷിക്കുന്നതിനും പരിസ്ഥിതി വകുപ്പിന് പ്രത്യേക പദ്ധതികളുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) നഗര പ്രദേശങ്ങളിലെ മാലിന്യം നിറഞ്ഞ കനാലുകൾ ശുചീകരിച്ചും സ്വതന്ത്രമായ നീരൊഴുക്ക് ഉറപ്പുവരുത്തിയും നടപ്പിലാക്കുന്ന പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) കേരളത്തിന്റെ പരിസ്ഥിതി സംബന്ധിച്ച പ്രശ്നങ്ങൾ പരിശോധിച്ചതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു പരിസ്ഥിതി ധവളപത്രം പ്രസിദ്ധീകരിച്ചിരുന്നു. കേരളത്തിന്റെ പരിസ്ഥിതി പ്രശ്നങ്ങളെ സമഗ്രമായി പരിശോധിച്ചുകൊണ്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അത് വ്യക്തമാക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി സംരക്ഷണത്തിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. മറുപടി ദീർഘമായതിനാൽ മേശപ്പുറത്തുവയ്ക്കുന്നു.*

ശ്രീ. മാത്യു ടി. തോമസ്: സർ, ക്വാറികൾ പ്രവർത്തിക്കുന്നതാണ് എല്ലാ പ്രകൃതിക്ഷോഭങ്ങൾക്കും കാരണമാകുന്നതെന്ന് പരാതിപ്പെടുന്ന കേന്ദ്രങ്ങളിൽ നിന്നുതന്നെ കരിങ്കൽ ദൗർലഭ്യംമൂലം വിഴിഞ്ഞം തുറമുഖമടക്കമുള്ള വികസന പദ്ധതികൾ വൈകുന്നുവെന്ന പരിവേദനവും ഉണ്ടാകുന്ന നാടാണ് കേരളം. വികസനത്തിന്റെ ഓരോ നാമ്പിലും നാശത്തിന്റെ ഒരു വിത്ത് പാകപ്പെടുന്നുവെന്ന നില മാറ്റിയെടുക്കുവാൻ പര്യാപ്തമാകുന്ന ഒരു വികസന പരിപ്രേക്ഷ്യത്തിനായി സർക്കാർ എന്തെല്ലാം പരിശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രീ. പിണറായി വിജയൻ: സർ, വികസനം നമ്മുടെ നാടിന് ഒഴിച്ചുകൂടാത്തതായതിനാൽ വികസനത്തിൽ ഊന്നി നിൽക്കേണ്ടതായിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണവും അതുപോലെ പ്രാധാന്യമുള്ളതാണ്. പരിസ്ഥിതി സംരക്ഷണം കൃത്യമായി ഉറപ്പുവരുത്തി അതിലൂടെ വികസനം നേടുക എന്നതുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങൾക്ക് ജനങ്ങളെ വിശ്വാസത്തിലെടുക്കൽ വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജനങ്ങളാകെ അതിന്റെ ഭാഗമായി മാറേണ്ടതുണ്ട്. അക്കാര്യത്തിൽ വലിയ തോതിലുള്ള ബോധവൽക്കരണമുണ്ടാകേണ്ടത് അത്യാവശ്യമാണ്. ബോധവൽക്കരണത്തിന്റെ ഭാഗമായി വളരെയധികം മാറ്റങ്ങൾ വരുന്നുണ്ട് എന്നതിന് അനുഭവമുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നാം ഹരിതകേരളം മിഷൻ പ്രഖ്യാപിച്ചു. അതിന്റെ ഭാഗമായുള്ള നടപടികൾ ആരംഭിച്ചപ്പോൾ നദികൾ സംരക്ഷിക്കാനുള്ള പ്രവർത്തനം നടന്നു. നാടിന്റെ വിവിധ ഭാഗങ്ങളിൽ വലിയ തോതിൽ ആളുകൾ നദീസംരക്ഷണത്തിന് ഇറങ്ങുന്നതായി നമ്മൾ കണ്ടു. ഇതിലൂടെ വരട്ടാർ പോലുള്ള നദികൾ വീണ്ടെടുക്കുന്നതിന് സാധിച്ചു. ഇത്തരത്തിൽ ജനങ്ങളെയാകെ പങ്കാളികളാക്കിക്കൊണ്ടുള്ള നടപടികൾ തുടരണമെന്നു തന്നെയാണ് സർക്കാർ കാണുന്നത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, നദീസംരക്ഷണം പരിസ്ഥിതിയിൽ വളരെയേറെ പ്രധാനപ്പെട്ടതാണ്. ഈ അടുത്ത ദിവസങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിൽപ്പോലും ഇതുകാണാം. നമ്മുടെ നാട്ടിൽ ജലം തങ്ങി നിൽക്കാനുള്ള വയലുകൾ നികത്തപ്പെട്ടു, തോടുകൾ അടയ്ക്കപ്പെട്ടു. ഇങ്ങനെയുള്ള അപകടങ്ങൾക്ക് കാരണം അതാണെന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. റവന്യൂ രേഖകളിൽ തോടുകളും അവയുടെ വീതിയും നീളവുമെല്ലാം കൃത്യമായുണ്ട്. റവന്യൂ വകുപ്പിന്റെ കർശനമായ ഇടപെടലിലൂടെ മുഴുവൻ വില്ലേജുകളിലുമുണ്ടായിരുന്ന തോടുകൾ കയ്യേറിയിരിക്കുന്നത് കണ്ടെത്താനും അത് പഞ്ചായത്തിനെ ഉപയോഗിച്ചുകൊണ്ട് അടിയന്തരമായി പുനഃസ്ഥാപിക്കാനുമുള്ള കർശന നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, തോടുകളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും കഴിഞ്ഞ കുറേക്കാലമായി നാം സ്വീകരിച്ചുവരുന്ന ഒരു നയമുണ്ട്. കുളങ്ങൾ, കിണറുകൾ തുടങ്ങിയവയുടെ കാര്യത്തിലെല്ലാം വലിയ മാറ്റങ്ങൾ നമുക്ക് സൃഷ്ടിക്കാനായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച തരത്തിലുള്ള ഒറ്റപ്പെട്ട ചില പ്രശ്നങ്ങളുണ്ടാകാം. ആ പ്രശ്നങ്ങൾ നമുക്ക് പരിഹരിക്കാനാകും. ഇപ്പോൾ വളരെ കൃത്യമായി ഈ കാര്യങ്ങളെല്ലാം മാപ്പിംഗ് നടത്തണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ അത്

സാധിക്കുകയും ചെയ്യും. ഓരോ തോടിന്റെയും അവസ്ഥ എന്താണെന്ന് കൃത്യമായി മനസ്സിലാക്കാൻ നമുക്ക് കഴിയും. അത്തരത്തിലുള്ള ഇടപെടലുണ്ടാകണമെന്നു തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച തരത്തിൽ ആരെങ്കിലും അനധികൃതമായി തോടുകളുടെ സ്വാഭാവിക ഒഴുക്ക് തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് സർക്കാർ അനുവദിക്കില്ല.

ശ്രീ. കെ. പി. മോഹനൻ: സർ, ജൈവവൈവിധ്യങ്ങളുടെ കലവറയെന്നാണ് കേരളം പരക്കെ അറിയപ്പെടുന്നത്. നാൽപ്പത്തിനാല് പുഴകളും ചെറിയ അരുവികളും തോടുകളുമൊക്കെയുള്ള വലിയൊരു പ്രദേശമാണ് കേരളം. അവിടെയൊക്കെ റോഡുകളിൽനിന്നും കൾവർട്ടുകളിൽനിന്നുമൊക്കെ ഒഴുകിവരുന്ന വെള്ളം ഈ പുഴകളെയും തോടുകളെയുമെല്ലാം മലിനമാക്കുകയാണ്. ഇക്കാര്യത്തിൽ റോഡ് വികസന സമയത്തുതന്നെ ശ്രദ്ധേയമായ നടപടികൾ സ്വീകരിക്കണമെന്നുള്ള നിർദ്ദേശം നൽകാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, മാലിന്യ സംസ്കരണത്തിന്റെ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം പ്രധാനമായും ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ജലാശയങ്ങൾ മലിനമാകുന്ന അവസ്ഥ പല സ്ഥലങ്ങളിലുമുണ്ട്. അത് പരിഹരിക്കപ്പെടണം. ഇക്കാര്യത്തിന് സർക്കാർ വലിയ പ്രാധാന്യം നൽകുന്നുണ്ട്. ഈ നിലപാടിന്റെ ഭാഗമായി പല നദികളും ശുദ്ധീകരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്തുള്ള പാർവ്വതീപുത്തനാറിൽ നോക്കാൻപോലും കഴിയാത്ത അവസ്ഥയാണുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ ജലപാതകളുടെ ഭാഗമായുള്ള ശുദ്ധീകരണം വന്നതിനുശേഷം അതിനെ നല്ലരീതിയിൽ മാറ്റിയെടുക്കാൻ കഴിഞ്ഞു. അത്തരത്തിലുള്ള ഇടപെടലുകൾ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണമെന്നു തന്നെയാണ് സർക്കാരിന്റെ ഉദ്ദേശ്യം.

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ ചോദിക്കാനിരുന്ന ചോദ്യം ശ്രീ. കെ. ബി. ഗണേഷ് കുമാർ ചോദിച്ചു. കുട്ടനാടിൽ ധാരാളം തോടുകൾ കയ്യേറപ്പെട്ടിട്ടുണ്ട്.

മി. സ്പീക്കർ: ചോദ്യം നേരത്തെ ചോദിച്ചതാണെങ്കിൽ ആവർത്തിക്കണമെന്നില്ല.

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട്ടിലെ തോടുകൾ ചെറിയ തോടുകളായി മാറിപ്പോകുന്നതിനാൽ നീരൊഴുക്ക് വളരെയധികം കുറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കി വേമ്പനാട്ട് കായലിലേയ്ക്ക് വെള്ളം ഒഴുകിച്ചേരുന്ന തരത്തിൽ ഒരു സംവിധാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കുട്ടനാടിന്റേത് പ്രത്യേക പ്രശ്നമാണ്, കുട്ടനാട് പാക്കേജ് ശരിയായ രീതിയിൽ പ്രാവർത്തികമാകുന്നതോടെ

മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാൻ സാധിക്കും.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പരിസ്ഥിതിലോല പ്രദേശങ്ങളിൽ പ്രധാനപ്പെട്ട പശ്ചിമഘട്ട മലനിരകളിലാണ് പലപ്പോഴും പ്രകൃതി ദുരന്തങ്ങളുണ്ടാകുന്നത്. അവയെ സംരക്ഷിക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, പ്രകൃതി ദുരന്തങ്ങളുടെ ഭാഗമായുണ്ടാകുന്ന പ്രശ്നങ്ങൾ നമ്മളെയെല്ലാവരെയും ആ സമയത്ത് വല്ലാതെ വേദനിപ്പിക്കും. എന്നാൽ സ്ഥായിയായ പരിഹാരം വേണമെങ്കിൽ അതുമായി ബന്ധപ്പെട്ട കരുതൽ നടപടി നാം കൃത്യമായി സ്വീകരിച്ചുപോകേണ്ടതുണ്ട്. അതിലേയ്ക്ക് കടക്കണമെന്നാണ് സർക്കാർ തീരുമാനം. കൃത്യമായ കരുതൽ നടപടിയുടെ ഭാഗമായി ജനങ്ങൾക്ക് താമസിക്കാൻ പറ്റാത്ത സ്ഥലങ്ങളിൽ ജനവാസമില്ലെന്ന് ഉറപ്പുവരുത്താൻ കഴിയണം. അത്തരത്തിലുള്ള നടപടിയിലേയ്ക്ക് നീങ്ങാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: ഓർഡർ...ഓർഡർ...ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കോവിഡ് മരണങ്ങളുടെ കണക്ക്

5 (*305) ശ്രീ. എം വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ 16-ന് മുൻപുള്ള കോവിഡ് മരണങ്ങളുടെ കണക്കിലെ അപാകത സംബന്ധിച്ച ആക്ഷേപം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ജൂൺ മാസത്തിൽ പ്രസ്തുത വിഷയത്തിൽ ആക്ഷേപം ഉയർന്നതിനെത്തുടർന്ന് അൺഡിക്ലയേർഡ് കോവിഡ് ഡെത്തിന്റെ കണക്കുകൾ അതതു ജില്ല മെഡിക്കൽ ഓഫീസർമാർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഓരോ ജില്ലയിലെയും ജില്ലാ മെഡിക്കൽ ഓഫീസർമാർ നൽകിയ അൺഡിക്ലയേർഡ് കോവിഡ് ഡെത്തിന്റെ കണക്കുകൾ ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(എ-സി) ലോകാരോഗ്യ സംഘടനയുടെയും ഐ.സി.എം.ആർ.-ന്റെയും കേന്ദ്ര സർക്കാരിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയാണ് കേരളത്തിൽ കോവിഡ് മരണം സ്ഥിരീകരിച്ചിരുന്നത്. 2021 ജൂൺ മാസം മുതൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ഇതിനായി ഒരു ഓൺലൈൻ പോർട്ടൽ പ്രത്യേകമായി സജ്ജമാക്കുകയും അതാത് ആശുപത്രികളിൽ നിന്നും ചികിത്സിച്ച ഡോക്ടർമാർ മരണകാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനായി അപ്‌ലോഡ് ചെയ്യുകയും ഇത് ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം അംഗീകരിക്കുകയും ചെയ്യുന്നു. മരണം ഓൺലൈനായി റിപ്പോർട്ട് ചെയ്യുവാൻ തുടങ്ങിയ 2021 ജൂൺ മാസത്തിന് മുമ്പ് ഏതെങ്കിലും രേഖകളുടെയും മറ്റും അഭാവത്തിൽ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാതെ പോയ മരണങ്ങൾ പരിശോധിച്ച് പട്ടികയിൽ ചേർക്കാൻ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രികൾ /കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് -19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് - 19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29-9-2021-ലെ സ.ഉ.(സാധാ)നമ്പർ 2110/2021/ആ.കു.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ്- 19 മൂലമാണെങ്കിൽ ആയത് സ്ഥിരീകരിച്ച് ലഭിക്കുവാനും, കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനും കഴിയും. ഇതുസംബന്ധിച്ച പരാതികൾ, കോവിഡ് മരണങ്ങൾ ഉറപ്പു വരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ

അടിസ്ഥാനത്തിൽ കോവിഡ്- 19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. 2020 ജനുവരി 30 മുതൽ 2021 ജൂൺ 17 വരെ കാലഘട്ടത്തിൽ മരണപ്പെട്ടതും, ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മരണപ്പട്ടികയിൽ ഉൾപ്പെടാത്തതുമായ കോവിഡ് മരണങ്ങൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തി 14-10-2021-ലെ G.O. (Rt) No. 2219/2021/H&FWD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം 18-6-2021-ന് മുൻപ് ഉണ്ടായിട്ടുള്ള കോവിഡ് മരണങ്ങളിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കാത്ത മരണങ്ങൾ കണ്ടെത്തുവാനും അവ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സിൽവർലൈൻ പദ്ധതി**

6 (*306) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിയുടെ യഥാർത്ഥ തുക സംബന്ധിച്ച് നീതി ആയോഗ് നടത്തിയ വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. നീതി ആയോഗിന് സമർപ്പിക്കുകയുണ്ടായി. അവരുടെ ആദ്യഘട്ട പരിശോധനയിൽ ഡൽഹി-മീററ്റ് ആർ.ആർ.റ്റി.എസ്., മുംബൈ - അഹമ്മദാബാദ് ഹൈ സ്പീഡ് റെയിൽ, മെട്രോ റെയിൽവേസ് തുടങ്ങിയ പദ്ധതികളുടെ പദ്ധതി ചെലവുമായി താരതമ്യം ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് കെ.ആർ.ഡി.സി.എൽ.-ന്റെ വിശദീകരണം നീതി ആയോഗ് ആരാഞ്ഞിരുന്നു. ഇതുസംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുകയും നീതി ആയോഗ് അത് അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ വായ്പയ്ക്കായി കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് നീതി ആയോഗ് പദ്ധതി ശിപാർശ ചെയ്തു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി ചില വിശദാംശങ്ങൾ തേടിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ബി) പദ്ധതിയുടെ യഥാർത്ഥ തുക സർക്കാരിന്റെ എസ്റ്റിമേറ്റ് തുകയുടെ ഇരട്ടിയോളം ആകുമെന്ന കണ്ടെത്തൽ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

നീതി ആയോഗ് അംഗീകരിച്ച റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ യഥാർത്ഥ തുക സർക്കാരിന്റെ എസ്റ്റിമേറ്റ് തുകയിൽ കൂടുതലാകുമെന്ന കണ്ടെത്തലിന് കെ.ആർ.ഡി.സി.എൽ. വസ്തുതകൾ ആധാരമാക്കിയുള്ള മറുപടി നൽകിയിരുന്നു. പ്രസ്തുത മറുപടി അംഗീകരിച്ചതിനുശേഷമാണ് കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് സിൽവർ ലൈൻ പദ്ധതിക്കുള്ള വായ്പ സമാഹരണത്തിന് ശിപാർശ ചെയ്തത്.

(സി) എസ്റ്റിമേറ്റ് തുകയിൽനിന്ന് യഥാർത്ഥ തുക കൂടുതലായാൽ അധിക തുക എങ്ങനെ കണ്ടെത്തുമെന്നത് വിശദമാക്കാമോ?

എസ്റ്റിമേറ്റ് തുകയിൽ നിന്ന് യഥാർത്ഥ തുക കൂടുതലായി വരുന്ന സാഹചര്യമില്ലെന്നാണ് വിലയിരുത്തുന്നത്.

(ഡി) കെ-റെയിൽ പദ്ധതിയുടെ ആക്സിൽ ലോഡ് പതിനേഴ് ടണ്ണായതിനാൽ ചരക്ക് ട്രെയിനുകൾ ഓടിക്കാൻ സാധിക്കില്ലെന്നും ഹൈബ്രിഡ് മോഡൽ നടപ്പിലാക്കി സാമ്പത്തിക ലാഭം നേടാൻ സാധിക്കില്ലെന്നും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) ചരക്ക് ട്രെയിനുകൾ കൂടി ഓടിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) കെ-റെയിൽ പദ്ധതിയുടെ ആക്സിൽ ലോഡ് പതിനേഴ് ടണ്ണായതിനാൽ ചരക്ക് ട്രെയിനുകൾ ഓടിക്കാൻ സാധിക്കില്ലെന്നും ഹൈബ്രിഡ് മോഡൽ നടപ്പിലാക്കി സാമ്പത്തിക ലാഭം നേടാൻ സാധിക്കില്ലെന്നുമുള്ള വാദം വസ്തുതാവിരുദ്ധമാണ്. സിൽവർ ലൈൻ ട്രെയിനിൽ മണിക്കൂറിൽ പരമാവധി 200 കിലോമീറ്റർ വേഗതയിൽ 16 ടൺ ആക്സിൽ ലോഡുള്ള പാസഞ്ചർ ട്രെയിനുകളും മണിക്കൂറിൽ 120 കിലോമീറ്റർ പരമാവധി വേഗതയിൽ 22.5 ടൺ ആക്സിൽ ലോഡുള്ള റോ-റോ ചരക്ക് ട്രെയിനുകളും ഓടിക്കുവാൻ പര്യാപ്തമായ ഘടനയിലാണ് സിൽവർലൈൻ സിവിൽ സ്ട്രക്ചേഴ്സ് രൂപകല്പന ചെയ്തിരിക്കുന്നത്. ആയതിനാൽ ചരക്ക് ഗതാഗതം സുഗമമായിത്തന്നെ നടത്തുവാൻ സാധിക്കുന്നതാണ്.

**ആയുർവേദ, അലോപ്പതി മരുന്നുകളുടെ ഉല്പാദനം**

7 (*307)<u>ശ്രീ. കെ. പി. മോഹനൻ</u>:

<u>ശ്രീ. തോമസ് കെ. തോമസ്</u>:

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവേദ, അലോപ്പതി മരുന്നുകളുടെ ഉല്പാദനത്തിന് സിറം ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ സംവിധാനം ഒരുക്കുമോ;

(ബി) മരുന്ന് ഗവേഷണത്തിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റുകൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ കുറവാണ്. ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ് ഉൽപ്പാദിപ്പിക്കുന്ന 54 ഇനം മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്തുവരുന്നു. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ അലോപ്പതി/ആയുർവ്വേദ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കാൻ പ്രമുഖ മരുന്ന് നിർമ്മാണ കമ്പനികൾ തയ്യാറാകുന്നപക്ഷം ലൈസൻസ് അനുവദിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ പരിശോധിച്ച് തീരുമാനിക്കുന്നതായിരിക്കും.

(സി) മരുന്നുകളുടെ ഗവേഷണം, ഉല്പാദനം, വിതരണം എന്നിവയ്ക്ക് കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തുമോ?

മരുന്നുകളുടെ ഗവേഷണം, ഉല്പാദനം, വിതരണം എന്നിവ നിയന്ത്രിക്കുന്നത് രാജ്യമൊട്ടാകെ പ്രാബല്യത്തിലുള്ള ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ്. മരുന്ന് ഉൽപ്പാദന രംഗത്ത് ലോകമെമ്പാടും സ്വീകരിച്ചുവരുന്ന മാതൃകകൾ തന്നെയാണ് രാജ്യത്ത് മരുന്ന് ഉൽപ്പാദനം/വിതരണം എന്നിവ നടപ്പിലാക്കുന്നതിന് അവലംബിച്ച് വരുന്നത്. മേൽ നിയമത്തിലെ വ്യവസ്ഥകളിൽ കാലാകാലങ്ങളായി ഭേദഗതി വരുത്തി മരുന്നുകളുടെ ഗവേഷണം, ഉല്പാദനം, വിതരണം എന്നിവ കാര്യക്ഷമമാക്കുന്നുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ**

8 (*308) <u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:
<u>ഡോ. എം. കെ. മുനീർ</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് തിരുവനന്തപുരം നഗരസഭയിൽ തുടരെയുണ്ടാകുന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തിരുവനന്തപുരം നഗരസഭയിലെ സാമ്പത്തിക ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടിക്രമങ്ങളിലെയും ആഡിറ്റിംഗ്, ട്രഷറി, ബാങ്ക് വെരിഫിക്കേഷൻ എന്നിവയിലെയും പാളിച്ചകളാണ് പ്രസ്തുത ക്രമക്കേടുകൾ നടത്താൻ അവസരമൊരുക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ആയത് പരിഹരിക്കുന്നതിന് നഗരസഭാതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം കോർപ്പറേഷനിലെ മെയിൻ ഓഫീസിലും വിവിധ സോണൽ ഓഫീസുകളിലും കളക്ഷൻ തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേട് നടത്തിയ ജീവനക്കാരെയും സംശയാസ്പദമായ ജീവനക്കാരെയും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതും പോലീസ് നടപടികൾക്ക് വിധേയമാക്കിയിട്ടുള്ളതുമാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓഡിറ്റ് നടപടികൾ പൂർത്തിയാക്കാതിരുന്ന എല്ലാ മേഖലാ ഓഫീസുകളിലും ഓഡിറ്റ് നടപടിക്രമങ്ങൾ ത്വരിതഗതിയിലാക്കുകയും എല്ലാ മാസവും ആദ്യവാരം തന്നെ മെയിൻ ഓഫീസ്/മേഖലാ ഓഫീസുകളിൽ പരിശോധന നടത്തുന്നതിന് നഗരസഭാ ജീവനക്കാരുടെ രണ്ട് ടീം രൂപീകരിച്ചുകൊണ്ട് നഗരസഭാ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ കൂടുതൽ പരിശോധന നടത്തി തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം ക്രമക്കേടുകൾ നടത്തുന്നവർക്ക് ചില സംഘടനകളുടെ സംരക്ഷണം ലഭിക്കുന്നതാണ് ഇവ ആവർത്തിക്കപ്പെടാൻ കാരണമാകുന്നതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇല്ല.

**ലഹരി ഉപയോഗം തടയാൻ എക്സൈസിന് കൂടുതൽ അധികാരം**

9 (*309) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിയുടെ ഉപയോഗവും വിപണനവും വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ എക്സൈസിന് കൂടുതൽ അധികാരം നൽകണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ?

എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിനെ തുടർന്ന്, ലഹരിയുമായി ബന്ധപ്പെട്ട കൂടുതൽ കേസുകൾ കണ്ടെത്തുന്നുണ്ട്. ഇത്തരത്തിൽ പിടിച്ചെടുക്കുന്ന തൊണ്ടി മുതലുകളിലുള്ള വർദ്ധനവ് പരിഗണിക്കുമ്പോൾ സംസ്ഥാനത്ത് ലഹരിയുടെ ഉപയോഗവും വിപണനവും വർദ്ധിക്കുന്നതായി കാണുന്നു. ഈ സാഹചര്യത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എക്സൈസ് വകുപ്പിനെ

ശക്തിപ്പെടുത്തുന്ന രീതിയിൽ ജുവനൈൽ ജസ്റ്റിസ് ആക്റ്റിലും എൻ.ഡി.പി.എസ്. ആക്റ്റിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) ഇതിനായി നിലവിലെ നിയമങ്ങളിൽ മാറ്റം വരുത്തണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം പരിഗണിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി&സി) NDPS Act-ൽ കണ്ടെടുക്കുന്ന ലഹരി മരുന്നുകളെ അവയുടെ അളവ് അനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. Small Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകൾ ജാമ്യം ലഭിക്കാവുന്നവയാണ്. ആയതിനാൽ വിവിധ മയക്കുമരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. Juvenile Justice (Care and Protection of Children) Act, 2015 വകുപ്പ് 77 & 78 പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ എക്സൈസ് വകുപ്പിന് അധികാരമില്ലാത്തതിനാൽ ടി വകുപ്പ് പ്രകാരം കേസുകളെടുക്കുന്നതിന് എക്സൈസ് വകുപ്പിനെക്കൂടി അധികാരപ്പെടുത്തിക്കൊണ്ട് Juvenile Justice (Care and Protection of Children) Model Rules, 2016-ലെ 56(1), 57(1) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

**ആഭ്യന്തര, വിദേശ വിമാന യാത്രാ നിരക്കുകൾ**

10 (*310) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) എയർലൈൻ കമ്പനികൾ ചില സമയങ്ങളിൽ വിമാന ടിക്കറ്റ് നിരക്കുകൾ കുത്തനെ വർദ്ധിപ്പിച്ച് പ്രവാസി മലയാളികളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിമാനയാത്രയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്ര വ്യോമയാന വകുപ്പായതിനാൽ ഇക്കാര്യത്തിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്.

എന്നിരുന്നാലും, വിമാനക്കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ മുഖ്യമന്ത്രി കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ 1994-ൽ എയർ കോർപ്പറേഷൻ നിയമം റദ്ദാക്കിക്കൊണ്ട് നിരക്ക് നിയന്ത്രണം എടുത്തുകളഞ്ഞിട്ടുള്ളതിനാൽ വിമാന യാത്രാനിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും, 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങളിലെ 135 (1) പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, യാത്രക്കാരുടെ തിരക്ക്, മിതമായ ലാഭം എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്.

(ബി) ആഭ്യന്തര, വിദേശ വിമാന യാത്രാനിരക്കുകൾ എകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്താൻ നടപടികൾ സ്വീകരിക്കുമോ?

ഈ വിഷയം സംബന്ധിച്ച് കേന്ദ്രസർക്കാരിന് കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ നിവേദനം നൽകിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിലും മുഖ്യമന്ത്രി 14-9-2021-ൽ ബഹു.കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രിയ്ക്ക് കത്തയച്ചിട്ടുള്ളതും, ആയതിന് 24-9-2021-ൽ കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രി, മുകളിൽ പ്രതിപാദിച്ചിട്ടുള്ളതിൻ പ്രകാരം മറുപടി നൽകിയിട്ടുള്ളതുമാണ്.

**കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികൾ**

11 (*311) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രധാന പദ്ധതികൾ എന്തെല്ലാമായിരുന്നു; ഇക്കാര്യത്തിലുള്ള കേന്ദ്ര നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ആവശ്യപ്പെട്ടവയിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്; കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചെങ്കിലും നാളിതുവരെയും നടപ്പിലാക്കാത്ത പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) നിലവിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; ഇവ നേടിയെടുക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

(എ-സി)ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിലുള്ള പദ്ധതികളെ സംബന്ധിച്ചും പുതിയ പദ്ധതികളെ സംബന്ധിച്ചും മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് 2021 ജൂലൈ 13-ന് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ആയതിൻപ്രകാരം താഴെപ്പറയുന്ന പദ്ധതികളാണ് മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിരുന്നത്.

(1) സെമി ഹൈ സ്പീഡ് റെയിൽ ലൈൻ, (2) അങ്കമാലി-ശബരി റെയിൽ, (3) തലശ്ശേരി-മൈസൂർ റെയിൽ, (4) കൊച്ചി മെട്രോ - ഫെയ്സ്- 2, (5) ലൈറ്റ് മെട്രോ, (6) തിരുവനന്തപുരം- ഔട്ടർ റിംഗ് റോഡ്, (7) കണ്ണൂർ വിമാനത്താവളം, (8) കോഴിക്കോട് വിമാനത്താവളം, (9) ശബരിമല വിമാനത്താവളം, (10) എയിംസ്, (11) പാലക്കാട് യൂണിറ്റ് ഓഫ് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, (12) പ്രൈവറ്റൈസേഷൻ ഓഫ് ബി.പി.സി.എൽ., (13) പെട്രോ-കെമിക്കൽ കോംപ്ലക്സ്, കൊച്ചി, (14) കൊച്ചി-മാംഗ്ലൂർ ഇന്റസ്ട്രിയൽ കോറിഡോർ മേൽപ്പറഞ്ഞ പദ്ധതികൾ ഓരോന്നിന്റെയും സ്ഥിതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കുട്ടികളിലെ ലഹരി ഉപയോഗം സംബന്ധിച്ച് പഠനം**

12 (*312) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളിലെ ലഹരി ഉപയോഗം വർദ്ധിച്ച് വരുന്നത് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുമോ?

കുട്ടികളിലെ ലഹരി ഉപയോഗത്തെക്കുറിച്ച് കൂടുതൽ വ്യക്തമായ വിവരങ്ങൾ കിട്ടുന്നതിന് വിപുലവും ശാസ്ത്രീയവുമായ ഒരു പഠനത്തിന്റെ ആവശ്യമുണ്ട്. അത് നടത്താൻ വേണ്ട തയ്യാറെടുപ്പ് എക്സൈസ് വകുപ്പ് നടത്തുകയാണ്.

(ബി) കുട്ടികളിലെ ലഹരി ഉപയോഗം ശാരീരികവും മാനസികവും സാമൂഹ്യവുമായ വളർച്ചയ്ക്ക് വിഘാതമുണ്ടാക്കുകയും ഇത് സാമൂഹ്യ വിരുദ്ധതയിലേക്ക് നയിക്കുകയും കുറ്റകൃത്യങ്ങൾ കൂടുകയും ചെയ്യുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിൽനിന്നും കുട്ടികളെ രക്ഷിക്കുവാൻ ഫലപ്രദമായ പദ്ധതി തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ?

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) ഉണ്ട്. കുട്ടികളിലെ ലഹരി ഉപയോഗം അവരുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചയ്ക്ക് വിഘാതമുണ്ടാക്കുകയും ഇത് സാമൂഹ്യ വിരുദ്ധതയിലേയ്ക്ക് നയിച്ച് കുറ്റകൃത്യങ്ങൾ കൂട്ടുകയും ചെയ്യുന്ന സാഹചര്യം ഇല്ലാതാക്കുന്നതിനും, ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പും വിമുക്തി മിഷനും നടത്തിവരുന്നത്. സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതും, ഈ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതുമാണ്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ ആരംഭിച്ച "ഉണർവ്" എന്ന പദ്ധതി മറ്റ് 13 ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതാണ്. കോളേജ് തലത്തിൽ വിദ്യാർത്ഥികളുടെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ ' ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ലഹരിവിരുദ്ധ ആശയ പ്രചരണത്തിന്റെ ആവശ്യകത കണക്കിലെടുത്ത് എസ്.പി.സി., എൻ.എസ്.എസ്., എൻ.സി.സി. എന്നിവയിലെ വിദ്യാർത്ഥികളിലൂടെ ലഹരിവിരുദ്ധ ആശയങ്ങൾ വ്യാപകമാക്കുന്നതാണ്. ഈ ലക്ഷ്യത്തോടെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ വെളിവാക്കുന്ന ഹ്രസ്വ ചിത്രങ്ങൾ തയ്യാറാക്കി വിദ്യാർത്ഥികളിലൂടെ നവമാധ്യമങ്ങൾ മുഖേന പ്രചരിപ്പിച്ച് വരുന്നു. കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം കണ്ടെത്തി ആവശ്യമായ തിരുത്തൽ നടപടികൾക്കും ചികിത്സ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ എൻ.ഡി.പി.എസ്. കേസ്സുകളിൽ ഉൾപ്പെട്ട 21 വയസ്സിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസിലിംഗ്/ ചികിത്സ നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ**

13 (*313) ശ്രീ. എം. വിജിൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. നൗഷാദ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച നൂതന സോഫ്റ്റ്‌വെയറാണ് ഐ.എൽ.ജി.എം.എസ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി പൊതു ജനങ്ങൾക്ക് നൽകുന്ന 213 സേവനങ്ങൾ പ്രസ്തുത സോഫ്റ്റ്‌വെയറിന്റേയും സിറ്റിസൺ സർവ്വീസ് പോർട്ടലിന്റെയും ഹോം പേജിൽ തന്നെ വിശദമായി ഇനം തിരിച്ച് ലിസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) സിറ്റിസൺ പോർട്ടൽ പ്രാവർത്തികമാകുന്നതോടെ പ്രാദേശിക സർക്കാരുകളുടെ സേവന, പ്രവർത്തന മേഖലകളിൽ എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കാത്ത 632 ഗ്രാമപഞ്ചായത്തുകളിൽ 2021 സെപ്റ്റംബർ ഒന്നാം തീയതി മുതലും, എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 2021 ഒക്ടോബർ ഒന്നാം തീയതി മുതലും സിറ്റിസൺ സർവ്വീസ് പോർട്ടൽ നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്ന ഇരുന്നൂറിൽപ്പരം സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനും തുക ഒടുക്കുന്നതിനും സിറ്റിസൺ സർവ്വീസ് പോർട്ടലിൽ സംവിധാനം ലഭ്യമാണ്. ഇതിലൂടെ പ്രാദേശിക സർക്കാരുകളുടെ പ്രവർത്തന മേഖലകളിൽ താഴെ പറയുന്ന മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു. തദ്ദേശസ്വയം ഭരണ സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനം, എല്ലാ സേവനങ്ങളും ഒറ്റ കുടക്കീഴിൽ- 24x7, വിവിധ മാർഗ്ഗങ്ങളിൽ കൂടിയുള്ള സേവന വിതരണം, സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പു വരുത്തുന്നു, പൗരാവകാശ നിയമ പ്രകാരവും സേവനാവകാശ നിയമ പ്രകാരവും അംഗീകരിക്കപ്പെട്ട സേവന നിലവാരം ഉറപ്പുവരുത്തുന്നു, ചുവപ്പുനാട ഒഴിവാക്കുന്നു, പൗരന്മാർക്ക് എല്ലാ സേവനങ്ങൾക്കും ഇ-ഫയലായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം, ഫീസുകളും നികുതികളും മറ്റു അടവാക്കലുകളും ഓൺലൈനായി ഒടുക്കുവാനുള്ള സംവിധാനം, പൂർണ്ണമായ വിവരങ്ങളോടുകൂടിയ അപേക്ഷകൾക്ക് സിറ്റിസൺ ചാർട്ടർ അടിസ്ഥാനമാക്കിയുള്ള സേവന ലഭ്യത ഉറപ്പുവരുത്തുന്നു, അപേക്ഷകളിലെ അപാകത സംബന്ധിച്ച അറിയിപ്പ് തത്സമയം ലഭ്യമാകുന്നു.

## കുടുംബശ്രീ പ്രത്യേക ഗ്രൂപ്പുകളുടെ രൂപീകരണം

14 (*314) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. വി. സുമേഷ്:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്ക് പ്രോത്സാഹനം നൽകുന്നതിനും സാമ്പത്തിക സ്വാതന്ത്ര്യം നേടാൻ കഴിയുമെന്ന ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനുമായി കുടുംബശ്രീ പ്രത്യേകമായ ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്, സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനായി കുടുംബശ്രീ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. മിതവ്യയ സമ്പാദ്യ വായ്പാ പ്രവർത്തനം, ലിങ്കേജ് വായ്പ തുടങ്ങിയ സാമ്പത്തിക പ്രവർത്തനങ്ങൾ, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെയുള്ള ഉപജീവന ഉപാധികൾ, മറ്റ് സാമ്പത്തിക പിന്തുണകൾ, കാര്യശേഷി വികസനത്തിന് മുൻതൂക്കം നൽകിക്കൊണ്ട് വിവിധ മേഖലയിലെ പരിശീലനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. സ്ത്രീകളുടെ കാര്യശേഷിയും സാമൂഹ്യ ഇടപെടൽ ശേഷിയും വർദ്ധിപ്പിക്കുന്നതിനും അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കുന്നതിനും പോരാടുന്നതിനും വരുമാനദായക പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവും അവസരങ്ങളും കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്കെന്നപോലെ അയൽക്കൂട്ടാംഗങ്ങൾ അല്ലാത്തവർക്കും ലഭ്യമാക്കി, സ്ത്രീ ശാക്തീകരണവും സാമ്പത്തിക ഉന്നമനവും അതുവഴി സാമൂഹിക വികസനവും ലക്ഷ്യമിട്ട് പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുന്ന യുവതികളുടെ കൂട്ടായ്മ വളർത്തുന്നതിനായി 18 മുതൽ 40 വയസ്സുവരെ പ്രായമുള്ള വനിതകളെ ഉൾപ്പെടുത്തി കുടുംബശ്രീ വഴി പ്രത്യേക ഗ്രൂപ്പുകളുടെ രൂപീകരണം നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വാർഡുതലങ്ങളിൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനായി 2-10-2021-ലെ സ.ഉ. (സാധാ) നമ്പർ 1894/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പദ്ധതി രേഖയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകുകയും, ഓക്സിലറി ഗ്രൂപ്പിന്റെ രൂപീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപന വാർഡുതലത്തിൽ പരമാവധി 50 പേരുടെ ഗ്രൂപ്പ് എന്ന കണക്കിലാണ് പ്രസ്തുത യുവതി ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ മറ്റെന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്: സ്ത്രീശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക വികസനത്തിനും അതുവഴി സാമൂഹ്യ ഉന്നമനത്തിനുമുതകുന്ന അവസരങ്ങൾ ലഭ്യമാകുന്നു. - സ്ത്രീധനം, ഗാർഹിക പീഡനങ്ങൾ തുടങ്ങി സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള ഒരു പൊതു വേദിയായി പ്രസ്തുത ഗ്രൂപ്പുകൾ വഴി യുവതികളെ ശാക്തീകരിക്കുക - സ്ത്രീകളുടെ കാര്യശേഷിയും സാമൂഹിക ഇടപെടൽശേഷിയും വർദ്ധിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കുന്നതിനും സാമൂഹിക വിഷയങ്ങളിൽ ഇടപെടുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള വേദിയൊരുക്കുക. - അഭ്യസ്തവിദ്യരായ സ്ത്രീകളുടെ മാനവശേഷി ഫലപ്രദമായി ഉപയോഗിച്ച് സാമ്പത്തികവും വ്യക്തിപരവുമായ പുരോഗതി കൈവരിച്ചുകൊണ്ട് സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. - വരുമാനദായക പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവും അവസരങ്ങളും കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെന്നപോലെ അയൽക്കൂട്ടാംഗമല്ലാത്തവർക്കും ലഭ്യമാക്കി ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുംവേണ്ടി പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുന്ന യുവതികളുടെ കൂട്ടായ്മ വളർത്തുക. - സർഗ്ഗശേഷി വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പൊതുയിടങ്ങൾ സൃഷ്ടിക്കുക.-സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ പഞ്ചായത്തുതലം മുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അവതരിപ്പിക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള ഗ്രൂപ്പുകളായി പ്രവർത്തിക്കുക. ഗ്രൂപ്പുകളിൽനിന്നും സമാന സ്വഭാവമുള്ള കൺസോർഷ്യങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടത്തുക.

**കെ-റെയിൽ പദ്ധതി**

15 (*315) ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് അർദ്ധ അതിവേഗ കെ-റെയിൽ പദ്ധതി സംബന്ധിച്ച് ജനങ്ങളിൽ ഉടലെടുത്തിട്ടുള്ള ആശങ്കകൾ പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അർദ്ധ അതിവേഗ റെയിൽപാതയുടെ ഭൂമി ഏറ്റെടുക്കലിന് മുമ്പ് തന്നെ പദ്ധതി സംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന ആശങ്കകളും പ്രശ്നങ്ങളും ദൂരീകരിക്കുന്നതിനും ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തതിനും സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. പ്രശ്നങ്ങൾ കേൾക്കാനും പരിഹാരം കണ്ടെത്താനും പബ്ലിക് ഹിയറിംഗ് നടത്താൻ നടപടി സ്വീകരിക്കും. ഇതുകൂടാതെ വിവിധ സാമൂഹിക-സാംസ്കാരിക സംഘടനകൾ നടത്തുന്ന സെമിനാറുകളിലും കൂടിക്കാഴ്ചകളിലും വിഷയം അവതരിപ്പിക്കുകയും ആശങ്കൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരികയാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ സാമൂഹികാഘാത പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ:

സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച് 4(1) നോട്ടിഫിക്കേഷൻ ബന്ധപ്പെട്ട ജില്ലാകളക്ടർമാർ പുറപ്പെടുവിച്ചുവരുന്നു. അതിനനുസരിച്ച് സാമൂഹ്യാഘാത പഠനം നടത്തുകയാണ്. വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 2006-ലെ വിജ്ഞാപനപ്രകാരം റെയിൽവേ പദ്ധതിക്ക് പാരിസ്ഥിതിക ആഘാതപഠനം ആവശ്യമില്ല. എന്നിരുന്നാലും ദ്രുതപരിസ്ഥിതി ആഘാതപഠനം നടത്തിയിരുന്നു. സമഗ്രപരിസ്ഥിതി ആഘാത പഠനം നടത്തിവരികയാണ്.

**യുവതികൾക്കായി കുടുംബശ്രീ സഹായക ഗ്രൂപ്പുകൾ**

16 (*316) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. ജോയി:
ശ്രീ. എച്ച്. സലാം:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിൽ കുടുംബശ്രീ വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്, സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനായി കുടുംബശ്രീ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. മിതവ്യയ സമ്പാദ്യ വായ്പാ പ്രവർത്തനം, ലിങ്കേജ് വായ്പ തുടങ്ങിയ സാമ്പത്തിക പ്രവർത്തനങ്ങൾ, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെയുള്ള ഉപജീവന ഉപാധികൾ, മറ്റ് സാമ്പത്തിക പിന്തുണകൾ, കാര്യശേഷി വികസനത്തിന് മുൻതൂക്കം നൽകികൊണ്ട് വിവിധ മേഖലയിലെ പരിശീലനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) വികസന പ്രവർത്തനങ്ങളിലും നവകേരള നിർമ്മിതിയിലും കുടുംബശ്രീക്ക് ഫലപ്രദമായ പങ്ക് വഹിക്കാനായിട്ടുണ്ടോ?

ഉണ്ട്. വികസന പ്രവർത്തനങ്ങളിലും നവകേരള നിർമ്മിതിയിലും ഫലപ്രദമായ പങ്കുവഹിക്കാൻ കുടുംബശ്രീയ്ക്ക് സാധിക്കുന്നുണ്ട്.

(സി) അസമത്വം നേരിടുന്ന സ്ത്രീകളുടെ സാമൂഹിക ശാക്തീകരണത്തിനുതകുകയെന്ന ലക്ഷ്യത്തോടെയാണോ പുതുതായി യുവതികളുടെ സഹായക ഗ്രൂപ്പുകൾ രൂപീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ ഗ്രൂപ്പുകൾ മുഖേന നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

അസമത്വം നേരിടുന്ന സ്ത്രീകളുടെ സാമൂഹിക ശാക്തീകരണം കൂടി ലക്ഷ്യമിട്ടുകൊണ്ടാണ് പുതുതായി 18 മുതൽ 40 വയസ്സുവരെയുള്ള യുവതികളുടെ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ഗ്രൂപ്പുകൾ മുഖേന നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടലുകൾ ചുവടെ ചേർക്കുന്നു:

സ്ത്രീശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക വികസനത്തിനും അതുവഴി സാമൂഹ്യ ഉന്നമനത്തിനുമുതകുന്ന അവസരങ്ങൾ ലഭ്യമാകുന്നു. - സ്ത്രീധനം, ഗാർഹിക പീഡനങ്ങൾ തുടങ്ങി സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള ഒരു പൊതുവേദിയായി പ്രസ്തുത ഗ്രൂപ്പുകൾ വഴി യുവതികളെ ശാക്തീകരിക്കുക - സ്ത്രീകളുടെ കാര്യശേഷിയും സാമൂഹിക ഇടപെടൽശേഷിയും വർദ്ധിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കുന്നതിനും സാമൂഹിക വിഷയങ്ങളിൽ ഇടപെടുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള വേദിയൊരുക്കുക. - അഭ്യസ്തവിദ്യരായ സ്ത്രീകളുടെ മാനവശേഷി ഫലപ്രദമായി ഉപയോഗിച്ച് സാമ്പത്തികവും വ്യക്തിപരവുമായ പുരോഗതി കൈവരിച്ചുകൊണ്ട് സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. - വരുമാനദായക പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവും അവസരങ്ങളും കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെന്നപോലെ അയൽക്കൂട്ടാംഗമല്ലാത്തവർക്കും ലഭ്യമാക്കി ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വേണ്ടി പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുന്ന യുവതികളുടെ കൂട്ടായ്മ വളർത്തുക. - സർഗ്ഗശേഷി വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പൊതുയിടങ്ങൾ സൃഷ്ടിക്കുക.-സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ പഞ്ചായത്തുതലം മുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അവതരിപ്പിക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള ഗ്രൂപ്പുകളായി പ്രവർത്തിക്കുക.- ഗ്രൂപ്പുകളിൽനിന്നും സമാന സ്വഭാവമുള്ള കൺസോർഷ്യങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടത്തുക.

## പോലീസ് സേനയുടെ ശാക്തീകരണം

17 (*317) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയെ ശാക്തീകരിക്കുന്നതിനായി കഴിഞ്ഞ സർക്കാർ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിരുന്നെന്നും എത്രപേരെ വിവിധ തസ്തികകളിൽ പുതുതായി നിയമിച്ചിരുന്നെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

പോലീസ് വകുപ്പ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ വിവിധ വിഭാഗങ്ങളിലായി 4193 സ്ഥിരം തസ്തികകളും 853 താൽക്കാലിക തസ്തികകളും പുതുതായി സൃഷ്ടിച്ചിരുന്നു. ഇതേ കാലയളവിൽ പോലീസ് വകുപ്പിൽ വിവിധ തസ്തികകളിലായി 13499 ഉദ്യോഗാർത്ഥികളെ പുതുതായി നിയമിച്ചിട്ടുണ്ട്.

(ബി) ക്രമസമാധാനവും കുറ്റാന്വേഷണവും വേർതിരിച്ചതും ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.- മാരായി നിയമിച്ചതും പോലീസിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കാൻ കാരണമായിട്ടുണ്ടോ; ഇക്കാര്യത്തിൽ പുതുതായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് 477 Law & Order പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ചിട്ടുണ്ട്. രണ്ട് സബ് ഇൻസ്പെക്ടർമാർ നിലവിലുള്ള ഈ പോലീസ് സ്റ്റേഷനുകളിൽ കുറ്റാന്വേഷണവും ക്രമസമാധാന പരിപാലനവും വേർതിരിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ.- മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിച്ചതുമൂലം ഓരോ പോലീസ് സ്റ്റേഷന്റെയും ഭരണപരമായ കാര്യങ്ങളും മറ്റുമുള്ള പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാകുകയും പൊതുജനങ്ങളുടെ ആവലാതികൾ എസ്.എച്ച്.ഒ.-മാരായ ഇൻസ്പെക്ടർമാർ കേൾക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഈ പരിഷ്കാരം വഴി കേസന്വേഷണത്തിലും ക്രമസമാധാന പാലനത്തിലും ശക്തമായി ഇടപെടാനും അതുവഴി പൊതുജനങ്ങൾക്ക് പരാതിക്ക് ഇടനൽകാത്തവിധം പോലീസിന് പ്രവർത്തിക്കുവാനും സാധിക്കുന്നു. ഇത്തരം പരിഷ്കാരം പൊതുജനങ്ങൾക്കിടയിൽ പോലീസിന്റെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനും പൊതുസമൂഹത്തിൽ ജനസൗഹൃദ പോലീസ് എന്ന അവബോധം വളർത്തിയെടുക്കാനും സാധിച്ചിട്ടുണ്ട്.

(സി) പരാതിയുമായെത്തുന്നവരോടും സഹായം തേടുന്നവരോടും പൊതുജനങ്ങളോടും പോലീസ് സേനയിലെ ഒരു വിഭാഗം അപമര്യാദയായി പെരുമാറുകയും കുറ്റവാളികളുമായി സൗഹൃദം പുലർത്തുകയും ചെയ്യുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രവണത അവസാനിപ്പിക്കാൻ കർശന നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും ഏതൊരാൾക്കും ഏത് സമയത്തും പോലീസ് സ്റ്റേഷനിൽ നിർഭയം കടന്നുവരുന്നതിനും പോലീസ് സ്റ്റേഷനുകളിലെ സേവനങ്ങൾ ലഭിക്കുന്നതിനുമുള്ള സാഹചര്യമാണ് നിലവിലുള്ളത്. ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്റെ പ്രവർത്തനങ്ങളിൽ ആരോപണം ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ**

18 (*318) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ അഴിമതിരഹിതമായും സമയബന്ധിതമായും നൽകുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സേവനങ്ങൾ ലഭ്യമാക്കാനായി വിവിധ വകുപ്പുകൾ പലവിധ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽനിന്നും നൽകുന്ന ചില രേഖകളിൽ/സർട്ടിഫിക്കറ്റുകളിൽ ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടിയാണ് ആയത് വിതരണം ചെയ്യുന്നതെന്ന് സൂചിപ്പിക്കാറുണ്ട്. ഇത്തരത്തിൽ നൽകുന്ന സർട്ടിഫിക്കറ്റുകളിൽ പലതും പല ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ പല ആവശ്യങ്ങൾക്കായി ഒരേ സർട്ടിഫിക്കറ്റിനുതന്നെ നിരവധി തവണ അപേക്ഷിക്കേണ്ടതായി വരുന്നു. ഇത് ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ഒരുപോലെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. വിവിധ സേവനങ്ങൾ ലഭിക്കുന്നതിനായി ഒന്നിലധികം പേജുകളിലുള്ള അപേക്ഷ ഫോമിൽ വിശദാംശങ്ങൾ പൂരിപ്പിക്കുന്നതിനുള്ള

ബുദ്ധിമുട്ടുകൾ പൗരന്മാർ അഭിമുഖീകരിക്കുന്നു. പല അപേക്ഷാ ഫോമുകളിലെയും ഭാഷ സങ്കീർണ്ണമായതിനാൽ അപേക്ഷകർക്ക് മറ്റുള്ളവരിൽനിന്ന് സഹായം തേടേണ്ടതായും വരുന്നു. ചില വകുപ്പുകൾ നൽകുന്ന സേവനങ്ങൾ/ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി മറ്റ് ചില സർട്ടിഫിക്കറ്റുകൾ/രേഖകൾ ഹാജരാക്കണമെന്ന് പല വകുപ്പുകളും നിർബന്ധം പിടിക്കാറുണ്ട്. ഈ നടപടിക്രമങ്ങൾ പൗരന്മാർക്ക് സേവനം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുകയും അതുവഴി പൗരന്മാർക്ക് ബുദ്ധിമുട്ടുണ്ടാകുകയും ചെയ്യുന്നു. പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്ക് ഒരു നിശ്ചിത തുക അവരിൽ നിന്നും അപേക്ഷാഫീസായി ഈടാക്കുന്നുണ്ട്. പൗരന്മാർ നേരിടുന്ന ഇത്തരം ബുദ്ധിമുട്ടുകൾ മറികടക്കുന്നതിനായും സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ അഴിമതിരഹിതമായും സമയബന്ധിതമായും നൽകുന്നതിനും പരമാവധി സർക്കാർ സേവനങ്ങൾ സർക്കാർ ഓഫീസ് സന്ദർശിക്കാതെ തന്നെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പരമാവധി സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ, ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കാനുമുള്ള നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നത്. ആദ്യഘട്ടത്തിൽ ചില വകുപ്പുകളുടെ 12 ഇനം സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതിക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ അഴിമതിരഹിതമായും സമയബന്ധിതമായും നൽകുന്നത് ത്വരിതപ്പെടുത്തുന്നതിന് സഹായകമാകും.

(ബി) വിവിധ സർക്കാർ സേവനങ്ങൾക്കായി ഈടാക്കിയിരുന്ന ഫീസ് നിർത്തലാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ആദ്യഘട്ടമെന്ന നിലയിൽ ബിസിനസ്സിനും വാണിജ്യത്തിനും ഒഴികെയുള്ള പൗരസേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാ ഫീസ് ഒടുക്കുന്നതിൽ നിന്നും പൗരന്മാരെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുമ്പോൾ സർട്ടിഫിക്കറ്റുകൾ ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ, നോട്ടറൈസേഷൻ എന്നിവ ഒഴിവാക്കിയിട്ടുണ്ട്. പകരം സ്വയം സാക്ഷ്യപ്പെടുത്തൽ മതിയാകും.

## ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം

19 (*319) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിമാസം ആയിരം കോടി രൂപയുടെ മരുന്നുകൾ വിറ്റഴിക്കുന്ന സാഹചര്യത്തിൽ അവയുടെ ഗുണനിലവാരം പരിശോധിക്കുവാൻ മതിയായ സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) ഒരു മരുന്നിന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂ എന്ന് ഡ്രഗ്സ് റൂൾസിലെ Good Manufacturing Practice വ്യവസ്ഥകളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുൽപ്പാദനശാലകൾ നിരന്തരം പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. മരുന്ന് നിർമ്മാണ പ്രക്രിയയിലെ അസംസ്കൃത വസ്തുക്കളുടെ സംഭരണം മുതൽ നിർമ്മാണ വേളയിലെ ഓരോ ഘട്ടങ്ങളിലും അവ Tablet, Capsules, Injection, Liquid Orals, എന്നിങ്ങനെയുള്ള അന്തിമ രൂപത്തിൽ (Finished Product) ആകുന്ന പ്രക്രിയയും ഇവ വിപണിയിലേയ്ക്ക് എത്തുന്ന വരെയുള്ള പ്രക്രിയയും ടി ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നത്. വിപണിയിൽ എത്തിയ ശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടംവരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് വേണ്ടിയാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽനിന്നും റാൻഡം സാംമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലാബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നത്. ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നിവയിലെ അപാകതകൾ കാരണവും അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നീ ഭൗതികാവസ്ഥകളുടെ സ്വാധീനംമൂലവും നിശ്ചിത ഗുണനിലവാരത്തിൽനിന്നും വ്യതിയാനം വരുന്നതായി റിപ്പോർട്ടുകൾ ലഭിക്കാറുണ്ട്, ഇത്തരം മരുന്നുകളുടെ വിൽപ്പന തടഞ്ഞ് കമ്പനികൾക്കെതിരെ വകുപ്പുതല നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ

ഗുണനിലവാര പരിശോധനയ്ക്ക് പൂർണ്ണമായും പ്രവർത്തനശേഷിയുള്ള തിരുവനന്തപുരം, എറണാകുളം ലാബുകൾക്ക് പുറമെ ഭാഗികമായി പ്രവർത്തനസജ്ജമായിട്ടുള്ള തൃശ്ശൂർ ലാബും സമീപകാലത്ത് ഉദ്ഘാടനം ചെയ്യപ്പെട്ട കോന്നി ലാബും പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നതോടുകൂടി കൂടുതൽ മരുന്ന് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കാൻ സാധിക്കുന്നതാണ്. ഡ്രഗ്സ് കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കമ്പനികളിൽ നിന്നും ഉല്പാദിപ്പിച്ചവയല്ലാത്തതും എന്നാൽ പ്രസ്തുത വിവരം തിരിച്ചറിയാൻ ഉപഭോക്താക്കൾക്ക് സാധ്യമല്ലാത്തതുമായ മരുന്നുകളുടെ വില്പന തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

നിലവിലില്ലാത്ത ഒരു കമ്പനിയുടെ പേരിലും നിലവിലുള്ള കമ്പനിയുടെ ഉൽപ്പന്നത്തിന്റെ അതേ മാതൃകയിലും പേരിലും ലൈസൻസില്ലാതെ നിർമ്മിച്ച് വിതരണം ചെയ്യുന്ന മരുന്നുകളെയാണ് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമപ്രകാരം വ്യാജമരുന്നുകളെന്ന് നിർവ്വചിച്ചിരിക്കുന്നത്. സംസ്ഥാനത്ത് വളരെ ശക്തമായ ഒരു മരുന്നുവിതരണ ശൃംഖലയാണ് നിലവിലുള്ളത്. രാജ്യത്തെ പ്രമുഖ മരുന്ന് നിർമ്മാണ കമ്പനികളുടെയും അന്താരാഷ്ട്ര കമ്പനികളുടെയും സംസ്ഥാനത്തുള്ള കമ്പനി ഡിപ്പോകൾ വഴിയാണ് മരുന്നുകൾ വിതരണത്തിനായി പ്രധാനമായും എത്തിക്കുന്നത്. സംസ്ഥാന വിപണിയിലെ 98% മരുന്നുകളും അന്യസംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിച്ച് ടി വിതരണ ശൃംഖലവഴിയാണ് വിറ്റഴിക്കപ്പെടുന്നത്. ഇത്തരത്തിലുള്ള ഒരു വിതരണ ശൃംഖലയിലേക്ക് വ്യാജമരുന്നുകൾ ലഭ്യമാകുന്നില്ലെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ വളരെ കാര്യക്ഷമമായി നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ ജി.എസ്.ടി. സമ്പ്രദായം നിലവിൽ വന്നതിനുശേഷം രാജ്യത്ത് എവിടെ നിന്നും നിയമപരമായി മരുന്നുകൾ വാങ്ങുന്നതിന് വ്യാപാരികൾക്ക് അവസരം ലഭ്യമായിട്ടുണ്ട്. ഈ സമ്പ്രദായത്തിലൂടെ ഗുണനിലവാരമില്ലാത്തതോ വ്യാജമരുന്നുകളോ വിപണിയിൽ എത്തുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനായി ഇത്തരം വ്യാപാര സ്ഥാപനങ്ങളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും മരുന്നുകൾ നേരിട്ട് വാങ്ങുന്ന പ്രവണത നിരുത്സാഹപ്പെടുത്തുകയും ചെയ്യാറുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിരന്തര ജാഗ്രതയുടെയും പരിശോധനയുടെയും ഫലമായി വ്യാജ മരുന്നുകളൊന്നുമില്ലാത്ത സംസ്ഥാനമാണ് കേരളമെന്ന് കേന്ദ്ര സർക്കാർ നോയിഡയിലെ National Institute of Biologicals എന്ന സ്ഥാപനം മുഖേന നടത്തിയ അഖിലേന്ത്യാതലത്തിലുള്ള സർവ്വേ റിപ്പോർട്ട് 2016-ൽ പ്രസിദ്ധീകരിച്ചതിൽ നിരീക്ഷിച്ചിട്ടുണ്ട്.

## ഇ-സേവനം ഏകീകൃത പോർട്ടൽ

20 (*320) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാരിന്റെ വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ ജനങ്ങൾക്ക് അനായാസം ലഭ്യമാക്കുന്നതിന് ഇ-സേവനം എന്ന ഏകീകൃത പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. ജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ സർക്കാരിന്റെ എല്ലാ സേവനങ്ങളും ഒരു ഏകീകൃത പോർട്ടലിലൂടെ ലഭ്യമാകേണ്ടത് അനിവാര്യമാണ്. എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തങ്ങളുടെ വീടുകളിൽ ഇരുന്നുതന്നെ ജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുന്നതിനായി 'e-സേവനം' എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലും ‘ m- സേവനം’ എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകുകയും, അവ 1-10-2021-ൽ ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. https://services.kerala.gov.in/ എന്ന URL മുഖേന വിവിധ വകുപ്പുകളുടെ സേവനങ്ങൾക്കായി പൊതുജനങ്ങൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(ബി) ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ തിരയുന്നതിനും കണ്ടുപിടിക്കുന്നതിനുമായി സേവനങ്ങളെ തരംതിരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

'e-സേവനം' എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിൽ വിവിധ വകുപ്പുകളുടെ 500-ലധികം സേവനങ്ങൾ ആദ്യഘട്ടമെന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പ് അടിസ്ഥാനത്തിലും ഉപയോക്താക്കളുടെ അടിസ്ഥാനത്തിലും സേവനങ്ങളെ രണ്ടായി തരംതിരിച്ചാണ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ തിരയുന്നതിനും കണ്ടെത്തുന്നതിനുമായി സേവനങ്ങളെ ഉപയോക്താക്കളുടെ അടിസ്ഥാനത്തിൽ കർഷകർ, വിദ്യാർത്ഥികൾ, സ്ത്രീകളും കുട്ടികളും, യുവജനങ്ങളും നൈപുണ്യ വികസനവും, സാമൂഹ്യസുരക്ഷയും പെൻഷൻകാരും, വാണിജ്യം, പൊതുവായ സേവനങ്ങൾ, ഉപയോഗ സേവനങ്ങൾ, മറ്റു സേവനങ്ങൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. കൂടാതെ, വിവിധ വകുപ്പുകളുടെ സേവനങ്ങൾ അക്ഷരമാലാക്രമത്തിലും ലഭ്യമാണ്.

(സി) കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ, ഉത്തരവുകൾ, അറിയിപ്പുകൾ, വിജ്ഞാപനങ്ങൾ തുടങ്ങിയവ എളുപ്പത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സർക്കാരിന്റെ വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ, ഉത്തരവുകൾ, അറിയിപ്പുകൾ, വിജ്ഞാപനങ്ങൾ, ടെണ്ടറുകൾ എന്നിവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന ഡോക്യുമെന്റ് പോർട്ടലും കേരള സ്റ്റേറ്റ് പോർട്ടലിന്റെ ഭാഗമായി വികസിപ്പിച്ചിട്ടുണ്ട്.

## സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സംവിധാനം

21 (*321) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളിലെ ഭരണ നിർവ്വഹണ നടപടികളും സേവനങ്ങളും ജനങ്ങൾക്ക് വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനായി സിറ്റിസൺ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കാത്ത 632 ഗ്രാമ പഞ്ചായത്തുകളിൽ 2021 സെപ്റ്റംബർ ഒന്നാം തീയതി മുതൽ സിറ്റിസൺ സർവ്വീസ് പോർട്ടൽ നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ മുഖേന നൽകി വരുന്ന 213 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനും തുക ഒടുക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനും സിറ്റിസൺ സർവ്വീസ് പോർട്ടലിൽ സംവിധാനം ലഭ്യമാണ്.

(ബി) സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ വിന്യസിച്ച ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് റിവ്യൂ മീറ്റിംഗ് നടത്തുന്നുണ്ട്. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളിൽനിന്ന് ഉയർന്നുവരുന്ന സംശയങ്ങളും പരാതികളും ഐ.കെ.എം. മുഖേന പരിഹരിച്ച് നൽകുന്നുണ്ട്. ഐ.എൽ.ജി.എം.എസ്. വിന്യസിച്ച ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് നിയമിക്കുന്ന ജീവനക്കാർക്ക് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുന്നുണ്ട്.

(സി) ഐ.എൽ.ജി.എം.എസ്. പദ്ധതി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

നിലവിൽ കേരളത്തിലെ 309 ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ്. വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കുന്നതിലേക്കായുള്ള വിശദമായ പ്രൊപ്പോസൽ-കം-ആക്ഷൻ പ്ലാൻ ഇൻഫർമേഷൻ കേരള മിഷൻ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും സർക്കാർ അത് പ്രാഥമികമായി അംഗീകരിക്കുകയും വിശദമായ സാങ്കേതിക പരിശോധനയ്ക്കായി കേരള സ്റ്റേറ്റ് ഐ. ടി. മിഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ-കം-ആക്ഷൻ പ്ലാനിന്റെ സാങ്കേതിക പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഐ.എൽ.ജി.എം .എസ്. നടപ്പിലാക്കുന്നതിലേയ്ക്കായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഗ്രാമപഞ്ചായത്തുകളിലെ ഭരണ നിർവ്വഹണ നടപടികളും സേവനങ്ങളും സാങ്കേതികവിദ്യാധിഷ്ഠിതമായി പരിഷ്കരിക്കുക എന്നത് മുൻഗണന കർമ്മപദ്ധതിയായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഗ്രാമപഞ്ചായത്തുകളിലെ ഭരണനിർവ്വഹണ നടപടികളും സേവനങ്ങളും സാങ്കേതികവിദ്യാധിഷ്ഠിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഐ.എൽ.ജി.എം.എസ്., ഐ.എൽ.ജി.എം.എസ്.- ന്റെ ഭാഗമായ സിറ്റിസൺ പോർട്ടൽ എന്നിവ ഇതിന്റെ ഭാഗമായി നടപ്പാക്കിവരുന്നു.

## കോവിഡ് ബാധിച്ചവർക്ക് രണ്ടാം ഡോസ് വാക്സിൻ പുനഃക്രമീകരണം

22 (*322) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ബാധിച്ച് എത്ര ഗർഭിണികൾ മരിച്ചിട്ടുണ്ടെന്നും എത്ര രോഗികൾ ആത്മഹത്യ ചെയ്തു എന്നതും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ജില്ലകളിൽനിന്നും റിപ്പോർട്ട് ചെയ്ത വിവരമനുസരിച്ച് 41 ഗർഭിണികൾ കോവിഡ്-19 ബാധിച്ച് മരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കോവിഡ് ബാധിച്ചവരിൽ 149 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ബി) കോവിഡ് വന്ന വ്യക്തി ഒരു ഡോസ് കോവിഷീൽഡ് വാക്സിൻ സ്വീകരിച്ചാൽ രണ്ട് ഡോസ് സ്വീകരിച്ച വ്യക്തിയേക്കാൾ പ്രതിരോധ ശേഷിയുണ്ടാകുമെന്ന പഠനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഡോസ് വാക്സിൻ വിതരണം പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കോവിഡ് -19 രോഗം ബാധിച്ചിട്ടുള്ള ഒരാളിൽ കോവിഷീൽഡ് വാക്സിൻ ഒരു ഡോസ് എടുത്താലും രണ്ട് ഡോസ് എടുത്താലും, രോഗപ്രതിരോധ ശക്തി വളരെ ഉയർന്ന നിരക്കിൽ കൈവരിക്കുന്നതായാണ് കണ്ടുവരുന്നത്. കോവിഡ് വന്ന വ്യക്തി ഒരു ഡോസ് വാക്സിൻ സ്വീകരിക്കുന്നത് രണ്ട് ഡോസ് വാക്സിൻ സ്വീകരിക്കുന്നതിനെക്കാൾ കൂടുതലായുള്ള രോഗപ്രതിരോധശേഷി നൽകുന്നു എന്ന് പ്രതിപാദിക്കുന്ന കൃത്യമായ പഠനങ്ങളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലെ വാക്സിനേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തന്നെ കോവിഡ് - 19 രോഗം ബാധിച്ച ആളുകളിൽ രോഗം കണ്ടെത്തി മൂന്നുമാസം കഴിഞ്ഞതിനുശേഷം മാത്രമാണ് വാക്സിൻ എടുക്കാൻ സാധിക്കുന്നത്. അതുകൊണ്ടുതന്നെ സ്വാഭാവികമായും രോഗം ബാധിക്കാത്തവർക്കായിരിക്കും രണ്ടാം ഡോസ് കിട്ടുന്നതിന് മുൻഗണന ലഭിക്കുക. അതുകൊണ്ടുതന്നെ നിലവിൽ വാക്സിനേഷൻ തന്ത്രങ്ങളിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമല്ല. കൂടാതെ വാക്സിനേഷൻ മാർഗ്ഗനിർദ്ദേശങ്ങളിലെ ഭേദഗതികൾ കേന്ദ്ര സർക്കാർ തീരുമാന പ്രകാരമാണ് നടപ്പിലാക്കുന്നത്.

**വൺ ഹെൽത്ത് പോളിസി**

23 (*323)<u>ശ്രീ. ഒ. ആർ. കേളു</u>:
<u>ശ്രീ. എം. എം. മണി</u>:
<u>ശ്രീമതി ശാന്തകുമാരി കെ.</u>:
<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജന്തുജന്യ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് എലിപ്പനി, സ്ക്രബ് ടൈഫസ് (ചെള്ള് പനി), ക്യാസന്നൂർ ഫോറസ്റ്റ് ഡിസീസ് (കെ.എഫ്.ഡി) അഥവാ കുരങ്ങ് പനി, പേ വിഷബാധ, ജപ്പാൻ ജ്വരം, നിപ്പ രോഗം, പക്ഷിപ്പനി എന്നീ ജന്തുജന്യരോഗങ്ങളാണ് പ്രധാനമായും കണ്ടുവരുന്നത്. 2017 മുതലുള്ള

റിപ്പോർട്ടുകൾ പ്രകാരം ഇവയൊന്നും ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി കാണപ്പെടുന്നില്ല. എല്ലാ ജില്ലകളിലും കാണപ്പെടുന്നതും ഏറ്റവും കൂടുതൽ രോഗാതുരതയ്ക്കും മരണത്തിനും കാരണമാകുന്നതും എലിപ്പനിയാണ്. സ്ക്രബ് ടൈഫസ് തിരുവനന്തപുരം ജില്ലയിൽ നിന്നാണ് കൂടുതൽ റിപ്പോർട്ട് ചെയ്യുന്നത്. കുരങ്ങ് പനി വയനാട് ജില്ലയിൽ നിന്ന് മാത്രമാണ് കഴിഞ്ഞ 5 വർഷത്തിനിടയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. നിലവിൽ സംസ്ഥാനത്ത് 'ഇന്റഗ്രേറ്റഡ് ഡിസീസസ് സർവൈലൻസ് പ്രോഗ്രാം' എന്ന സംവിധാനത്തിലൂടെ രോഗം വരാനുള്ള അപകട സൂചനകൾ മുൻകൂട്ടി മനസ്സിലാക്കി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെതന്നെ ദേശീയ പ്രാണിജന്യ നിയന്ത്രണ പരിപാടിയുടെ ഭാഗമായ ജപ്പാൻ ജ്വരം, സ്ക്രബ് ടൈഫസ്, കുരങ്ങ് പനി മുതലായവയുടെ നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2018 മുതൽ 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ പകർച്ചവ്യാധി നിയന്ത്രണത്തിനും പ്രതിരോധത്തിനുമായുള്ള കർമ്മ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. അതുപോലെതന്നെ സർക്കാരിന്റെ വൺ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, പരിസ്ഥിതി വകുപ്പ്, വനം വകുപ്പ്, വിവിധ ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും ജന്തുജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. നിപ്പ രോഗം 2018-ൽ ആദ്യമായി കേരളത്തിൽ റിപ്പോർട്ട് ചെയ്തപ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ വിവിധ തലങ്ങളിൽ ഊർജ്ജിതമായി ഇടപെട്ട് രോഗം നിയന്ത്രണ വിധേയമാക്കി. 2019-ൽ എറണാകുളം ജില്ലയിൽ ഒരാൾക്ക് നിപ്പ ബാധിച്ചപ്പോൾ 2018-ലെ അനുഭവപാഠം പ്രയോജനപ്പെടുത്തിയതിനാൽ മരണം ഒഴിവാക്കാനും ഒരാളിൽ മാത്രമായി രോഗം പിടിച്ചുനിർത്താനും സാധിച്ചു. 2021-ൽ കോഴിക്കോട് നിപ്പ രോഗം വീണ്ടും റിപ്പോർട്ട് ചെയ്തപ്പോൾ വളരെ ഊർജ്ജിതമായി രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി രോഗം മറ്റാരിലേക്കും വ്യാപിക്കാതെ നിയന്ത്രിച്ച് നിർത്താനും സാധിച്ചു. ഇപ്രകാരം ജന്തുജന്യ രോഗങ്ങളെ നിയന്ത്രിച്ചു നിർത്തുന്ന കാര്യത്തിൽ ആരോഗ്യ വകുപ്പിന് സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കാൻ സാധിച്ചു. പക്ഷിപ്പനി സർവൈലൻസിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് സംസ്ഥാനത്തെ എല്ലാ ജില്ലകളിൽനിന്നും ശേഖരിക്കുന്ന സാമ്പിളുകൾ തിരുവല്ല ഏവിയൻ ഡിസീസ് ഡയഗനോസ്റ്റിക് ലബോറട്ടറിയിലും ബാംഗ്ലൂർ SRDDL-ലും ആയി പരിശോധന നടത്തിവരുന്നു. NABL അക്രഡിറ്റേഷനുള്ള ലബോറട്ടറി ഉൾപ്പെടെ സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ ലബോറട്ടറികളിലായി പേവിഷ രോഗബാധ നിർണ്ണയം നടത്തിവരുന്നു. നിപ്പ രോഗ നിയന്ത്രണത്തിനായുള്ള ആക്ഷൻ പ്ലാൻ മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കിവരുന്നു. കൂടാതെ, സംസ്ഥാനത്തെ സ്ക്രബ് ടൈഫസ് രോഗത്തെപ്പറ്റി ഐ.സി.എം.ആർ - വി.സി.ആർ.സി.-യുടെ മധുരയിലുള്ള ഫീൽഡ് യൂണിറ്റ് തിരുവനന്തപുരം ജില്ലയിൽ പഠനം നടത്തിയിരുന്നു. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) പരിസ്ഥിതിയുടെ ആരോഗ്യം, ജനങ്ങളുടെ ആരോഗ്യം, മൃഗങ്ങളുടെ ആരോഗ്യം എന്നിവ സംയോജിപ്പിച്ച് വൺ ഹെൽത്ത് പോളിസി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മനുഷ്യന്റെ ആരോഗ്യം പരിസ്ഥിതിയുമായും മറ്റ് ജന്തുക്കളുടെ ആരോഗ്യവുമായും പരസ്പരബന്ധിതമായതിനാലും മനുഷ്യനെ ബാധിക്കുന്ന പകർച്ചവ്യാധികളിൽ ജന്തുജന്യ രോഗങ്ങൾ താരതമ്യേന കൂടുതലാണെന്നതിനാലും ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ സംയോജിപ്പിച്ചും ഏകോപിപ്പിച്ചും വൺ ഹെൽത്ത് പോളിസി സർക്കാർ വലിയ പ്രാധാന്യത്തോടെ നടപ്പിലാക്കിവരികയാണ്. ഓരോ ജന്തുജന്യ രോഗങ്ങളെയും സ്വാധീനിക്കുന്ന സാമൂഹിക പാരിസ്ഥിതിക ഘടകങ്ങളെ നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പിന് പുറമേ തദ്ദേശസ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, പരിസ്ഥിതി വകുപ്പ്, വനം വകുപ്പ്, ട്രൈബൽ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, കാലാവസ്ഥാ വകുപ്പ് തുടങ്ങിയവയുടെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ, ലബോറട്ടറികൾ, സർവ്വകലാശാല തുടങ്ങിയവയുടെയും പങ്കാളിത്തം അനിവാര്യമാണ്. ഇത്തരം വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തത്തോടെ രോഗനിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, രോഗം പരത്തുന്ന പ്രാണികളുടെ നിരീക്ഷണം, ശരിയായ ചികിത്സ, മരുന്നുകളുടെയും മറ്റ് സാമഗ്രികളുടെയും ലഭ്യത ഉറപ്പാക്കൽ, വാക്സിനേഷൻ, ബോധവത്ക്കരണം, പരിശീലനം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, കാമ്പയിനുകൾ, പ്രാണി നശീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

## അലോപ്പതി മരുന്നുകളുടെ ഗുണനിലവാരം

24 (*324) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) അലോപ്പതി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

അലോപ്പതി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നത് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പാണ്. മരുന്നിന്റെ നിർമ്മാണ പ്രക്രിയ നിയമം അനുശാസിക്കുന്ന രീതിയിൽ

തന്നെയാണോയെന്ന് ഉറപ്പുവരുത്തുന്നതിന് മരുന്ന് നിർമ്മാണ യൂണിറ്റുകൾ നിരന്തരമായി പരിശോധിക്കുകയും വിപണിയിൽ എത്തുന്ന മരുന്നുകളുടെ റാൻഡം സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് വിധേയമാക്കിയുമാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നത്. ഒരു മരുന്നിന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളുവെന്ന് ഡ്രഗ്സ് റൂൾസിലെ Good Manufacturing Practice വ്യവസ്ഥകളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുൽപ്പാദനശാലകൾ നിരന്തരം പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. മരുന്ന് നിർമ്മാണ പ്രക്രിയയിലെ അസംസ്കൃത വസ്തുക്കളുടെ സംഭരണം മുതൽ നിർമ്മാണവേളയിലെ ഓരോ ഘട്ടങ്ങളിലും അവ Tablet, Capsules, Injection, Liquid Orals, എന്നിങ്ങനെയുള്ള അന്തിമ രൂപത്തിൽ (Finished Product) ആകുന്ന പ്രക്രിയയും ഇവ വിപണിയിലേയ്ക്ക് എത്തുന്നതുവരെയുള്ള പ്രക്രിയയും ടി ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നത്. വിപണിയിൽ എത്തിയ ശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടംവരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് വേണ്ടിയാണ് വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽനിന്നും റാൻഡം സാംമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലാബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നത്. ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നിവയിലെ അപാകതകൾ കാരണവും അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നീ ഭൗതികാവസ്ഥകളുടെ സ്വാധീനം മൂലവും നിശ്ചിത ഗുണനിലവാരത്തിൽനിന്നും വ്യതിയാനം വരുന്നതായി റിപ്പോർട്ടുകൾ ലഭിക്കാറുണ്ട്, ഇത്തരം മരുന്നുകളുടെ വിൽപ്പന തടഞ്ഞ് കമ്പനികൾക്കെതിരെ വകുപ്പുതല നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സ്വകാര്യ മേഖലയിലെ മെഡിക്കൽ ഷോപ്പുകൾ, ക്ലിനിക്കുകൾ, ആശുപത്രി എന്നിവിടങ്ങളിൽ ഫാർമസിസ്റ്റുകൾ വഴിയല്ല മരുന്ന് വിതരണം നടത്തുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

സ്വകാര്യ മേഖലയിലെ മെഡിക്കൽ ഷോപ്പുകൾ, ക്ലിനിക്കുകൾ, ആശുപത്രി എന്നിവിടങ്ങളിൽ ഫാർമസിസ്റ്റിന്റെ സേവനം ലഭ്യമാണോയെന്ന് നിരന്തര പരിശോധനകളിലൂടെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുകയും

നിയമലംഘനങ്ങൾക്ക് ലൈസൻസ് സസ്പെൻഷൻ തുടങ്ങിയ വകുപ്പുതല നടപടികളും, അനിവാര്യമെന്ന് കണ്ടാൽ ചട്ടലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) സംസ്ഥാനത്ത് മരുന്ന് വിതരണ മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് മരുന്നു വിതരണ മേഖലയിൽ വ്യാജ മരുന്നുകളോ മായം ചേർത്ത മരുന്നുകളോ ലഭ്യമല്ലായെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സിറോ സർവൈലൻസ് പഠനം**

25 (*325) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തെക്കുറിച്ച് സംസ്ഥാന സർക്കാർ നടത്തിയ സിറോ സർവൈലൻസ് ശാസ്ത്രീയ പഠനത്തിലെ കണ്ടെത്തൽ ഐ.സി.എം.ആർ. നടത്തിയ പഠനത്തിൽ നിന്നും വ്യത്യസ്തമാണോ എന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ നടത്തിയ സീറോ സർവൈലൻസ് ശാസ്ത്രീയ പഠനത്തിലെ കണ്ടെത്തലുകൾ ഐ.സി.എം.ആർ. നടത്തിയ പഠനങ്ങളിൽ നിന്നും വ്യത്യസ്തമല്ലെന്ന് ഇതുസംബന്ധിച്ച റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. കേരളത്തിൽ ഐ.സി.എം.ആർ. നടത്തിയ പഠന റിപ്പോർട്ട് പ്രകാരം സീറോ പോസിറ്റിവിറ്റി നിരക്ക് 2020 മേയ് മാസം- 0.33%, ആഗസ്റ്റിൽ 0.88%, ഡിസംബറിൽ 11.6%, 2021 മേയ് മാസം - 44.4% എന്നിങ്ങനെയായിരുന്നു. അതിന്റെ തുടർച്ചയെന്നവണ്ണം 2021 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ സംസ്ഥാന സർക്കാർ നടത്തിയ പഠനറിപ്പോർട്ട് പ്രകാരം സീറോ പോസിറ്റിവിറ്റി 82.61% ആയി ഉയർന്നിരുന്നു. സമയം/കാലം കടന്നു പോകുന്നതനുസരിച്ചും ജനജീവിതശൈലിയനുസരിച്ചും വാക്സിനേഷൻ പുരോഗതിയനുസരിച്ചും പ്രതീക്ഷിച്ചതിനനുസരിച്ച് സീറോ പോസിറ്റിവിറ്റിയിലുണ്ടായ വർദ്ധനവ് ഐ.സി.എം.ആർ. പഠനഫലങ്ങളോട് യോജിച്ച് പോകുന്നതായിട്ടാണ് വ്യക്തമാകുന്നത്. സംസ്ഥാനത്ത് നടത്തിയ ഊർജ്ജിതമായതും കാര്യക്ഷമമായതും

മാതൃകാപരവുമായ കോവിഡ് പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളുടെ പ്രതിഫലനം കൂടിയാണിത്. ജനസംഖ്യയിൽ വലിയൊരു ശതമാനം കോവിഡിനെതിരെ ഒരുപരിധി വരെ പ്രതിരോധശേഷി നേടിയിരിക്കുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. എന്നാൽ സമൂഹത്തിലെ 17% ഓളം ആളുകൾക്ക് കോവിഡ്- 19 പിടിപെടാനുള്ള സാധ്യതയുണ്ടെന്നുകൂടി ഈ പഠനം വ്യക്തമാക്കുന്നു. വിവിധ ജനവിഭാഗങ്ങളിൽ നടത്തിയ പരിശോധനാ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പഠനത്തിനായി വാക്സിൻ സ്വീകരിച്ചവരുടെ എത്ര സാമ്പിളുകൾ ശേഖരിച്ചെന്നും സർവേയിൽ ഇതുസംബന്ധിച്ച പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

വിവിധ ജനവിഭാഗങ്ങളിൽ രണ്ട് ഡോസ് വാക്സിനും സ്വീകരിച്ചവരിൽ സീറോ പ്രിവലൻസ് ഏറ്റവും കൂടുതൽ കണ്ടത് തീരദേശവാസികളിലാണ് (93.3%). തുടർന്ന് നഗരചേരി നിവാസികൾ (91.2%), 18 വയസ്സിനു മുകളിലുള്ള പൊതുസമൂഹം (89.92%), ഗർഭിണികൾ (86.4%) എന്നിവരിലും ഏറ്റവും കുറവ് പട്ടികവർഗ്ഗ മേഖലയിലെ ജനവിഭാഗങ്ങളിലുമാണ് (85.5%). വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഉയർന്ന സീറോ പ്രിവലൻസ് ഉണ്ടായത് സ്വാഭാവികമായ രോഗാണുബാധകൊണ്ടോ, കോവിഡ് വാക്സിനേഷൻ കൊണ്ടോ, രണ്ടു കാരണങ്ങളും കൂടിച്ചേർത്തിട്ടോ ആണെന്ന് കരുതുന്നു. സംസ്ഥാനത്തെ ദ്രുതഗതിയിൽ ഉയർന്ന വാക്സിനേഷൻ കവറേജ് കണക്കിലെടുത്താൽ സീറോ പ്രിവലൻസ് വർദ്ധിക്കാൻ പ്രധാന കാരണം വാക്സിനേഷൻ തന്നെയാണെന്ന് അനുമാനിക്കാം.

(സി) വാക്സിൻ സ്വീകരിക്കാത്തവരുടെ എത്ര സാമ്പിളുകൾ ശേഖരിച്ചെന്നും പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

കോവിഡ് വാക്സിനേഷൻ ഒറ്റ ഡോസുപോലും എടുക്കാത്ത വിവിധ ജനസമൂഹങ്ങളിൽ, അതായത് 18 വയസ്സിന് മേൽ പ്രായമുള്ള പൊതുസമൂഹം, ഗർഭിണികൾ, പട്ടികവർഗ്ഗ മേഖല, തീരദേശവാസികൾ, നഗരചേരിക്കാർ എന്നിവരുടെ സീറോപോസിറ്റിവിറ്റി നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു*. തീരദേശ വാസികളിലാണ് ഏറ്റവും ഉയർന്ന സീറോപോസിറ്റിവിറ്റി കണ്ടെത്തിയത് (76%). നഗരചേരി നിവാസികൾ (72.4%), 18 വയസ്സിന് മുകളിലുള്ള പൊതുസമൂഹത്തിലെ ജനങ്ങൾ (70%), പട്ടികവർഗ്ഗ വിഭാഗം (67%) എന്ന ക്രമത്തിൽ ഏറ്റവും കുറവ് സീറോ പോസിറ്റിവിറ്റി ഗർഭിണികളിലാണ് (49.8%) എന്നാണ് കണ്ടെത്തിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ്

26 (*326) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് പുതുതായി പ്രാവർത്തികമാക്കിയിട്ടുള്ള പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് മുഖേന നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ?

സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് 2021 ജൂലൈ 19- ന് നിലവിൽ വന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങിയ ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതാ സെല്ലുകളിൽ നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമ വിഷയങ്ങൾ പരിശോധിക്കുന്നതിനായി പ്രത്യേക പരിശീലനം എല്ലാ പോലീസ് ജില്ലകളിൽ നിന്നുമുള്ള 134 വനിതാ പോലീസുദ്യോഗസ്ഥർക്ക് മൂന്നു ഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്. ഈ പരിപാടിയിൽ ഇരുചക്ര വാഹനങ്ങളുടെ ഡ്രൈവിംഗ് പരിശീലനം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി 35 മോട്ടോർ ബൈക്കുകളും 20 സൈക്കിളുകളും അനുവദിച്ചിട്ടുണ്ട്. പിങ്ക് പോലീസ് പ്രോജക്റ്റിന്റെ കാര്യക്ഷമമായ നിർവ്വഹണത്തിനായി മാർഗ്ഗരേഖ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

നിലവിൽ സംസ്ഥാനത്ത് 14 പോലീസ് ജില്ലകളിലായി ഓരോന്ന് വീതം 14 വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, കോഴിക്കോട് റൂറൽ, വയനാട് എന്നീ 5

പോലീസ് ജില്ലകളിൽ നിലവിൽ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(സി) പോലീസിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

വനിതാ പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 30-1-2017-ലെ സ.ഉ.(കൈ)നമ്പർ 15/2017/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചു. നിലവിലുണ്ടായിരുന്ന പത്ത് വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ, 5-11-2019-ലെ G.O.(Ms) No.175/ 2019/Home എന്ന ഉത്തരവ് പ്രകാരം 4 (നാല്) വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ സ്ഥാപിച്ചു. പുതുതായി ആരംഭിച്ച KAP 6th ബറ്റാലിയനിൽ ആദ്യഘട്ടത്തിൽ സൃഷ്ടിച്ച 100 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 25 എണ്ണം വനിതകൾക്കായി അനുവദിച്ചിട്ടുണ്ട്. കേരള പോലീസിൽ വനിതാ പ്രാതിനിധ്യം നിലവിൽ 9% ആണ്. സർക്കാരിന്റെ ഫലപ്രദമായ നടപടിയിലൂടെ നിലവിൽ പോലീസ് കോൺസ്റ്റബിൾ തസ്തിക 14% -ൽ അധികമായി വർദ്ധിച്ചിട്ടുണ്ട്.

**അരി, എണ്ണ മില്ലുകൾക്ക് ഭക്ഷ്യസുരക്ഷ ലൈസൻസ്**

27 (*327) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സദയം മറുപടി നൽകുമോ:

(എ) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന അരി, എണ്ണ മില്ലുകൾക്ക് ഭക്ഷ്യസുരക്ഷ വിഭാഗത്തിൽനിന്നും ലൈസൻസ് എടുക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥ ചെറുകിട മില്ലുടമകളെ പ്രതിസന്ധിയിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലൈസൻസിനായി വർഷംതോറും വൻതുക ഈടാക്കുന്നത് ചെറുകിട മില്ലുടമകളെ പ്രതിസന്ധിയിലാക്കുമെന്നതിനാൽ പ്രസ്തുത നീക്കം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം പ്രകാരം ഭക്ഷ്യവസ്തുക്കളുടെനിർമ്മാണം/സംഭരണം/വിപണനം/വിതരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യസംരംഭകരും ഭക്ഷ്യസുരക്ഷാ ലൈസൻസ് /രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിർദ്ദേശിക്കുന്നുണ്ട്. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ (FSSAI) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്കാണ് ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽനിന്നും ലൈസൻസ്/ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നത്. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റായ foscos.fssai.gov.in മുഖാന്തരം അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽനിന്നും ലൈസൻസ്/രജിസ്ട്രേഷൻ നൽകി വരികയും ചെയ്യുന്നു. ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100 രൂപയും ലൈസൻസിന് 2,000 രൂപയുമാണ് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ മാറ്റം വരുത്തേണ്ടത് കേന്ദ്രഭക്ഷ്യസുരക്ഷാ അതോറിറ്റിയാണ്. മായം ചേർത്ത വെളിച്ചെണ്ണയുടെ വില്പന തടയുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് വെളിച്ചെണ്ണയ്ക്ക് ബ്രാൻഡ് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. ഒരു നിർമ്മാതാവിന് ഒരു ബ്രാൻഡ് എന്ന വ്യവസ്ഥയിൽ ബ്രാൻഡ് രജിസ്ട്രേഷൻ ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകിവരുന്നു. വെളിച്ചെണ്ണ നിർമ്മാതാക്കൾക്ക് അവരുടെ ബ്രാൻഡ് ഭക്ഷ്യസുരക്ഷാ വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക ഫീസ് ഈടാക്കുന്നില്ല. എന്നാൽ അവർ ഭക്ഷ്യ സുരക്ഷാ അതോറിറ്റി അനുശാസിക്കുന്ന ലൈസൻസ്/ രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. എന്നാൽ അരിക്ക് ഭക്ഷ്യ സുരക്ഷാ വകുപ്പിൽനിന്നും ബ്രാൻഡ് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ. അംഗീകാരം**

28 (*328) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെല്ലാം ഐ.എസ്.ഒ. അംഗീകാരം നേടാനായിട്ടുണ്ടോ; എങ്കിൽ ഇവയുടെ അംഗീകാരം തുടർന്നും നിലനിർത്തുന്നതിനായി എന്തെല്ലാം സേവന, ശാക്തീകരണ, ആധുനികീകരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

939 ഗ്രാമപഞ്ചായത്തുകൾക്കും എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും ISO അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, എന്നീ 7 ജില്ലാ പഞ്ചായത്തുകൾക്ക് ISO അംഗീകാരമുണ്ട്. കേരളത്തിലെ എല്ലാ നഗരസഭകൾക്കും ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനും അതിനായി കില-യെ കൺസൾട്ടൻസിയായി അംഗീകരിക്കുന്നതിനും അനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. ഇടമലക്കുടി, തലവടി എന്നീ 2 ഗ്രാമപഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടങ്ങളുടെ അപര്യാപ്തത കാരണം ISO അംഗീകാരം ലഭിച്ചിട്ടില്ല. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, എന്നീ ജില്ലകൾ ISO അംഗീകാരം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സമ്പൂർണ്ണ ഗുണമേന്മ സംവിധാനം നടപ്പിലാക്കികൊണ്ട് പ്രതിബദ്ധതയുള്ള നേതൃത്വത്തിന്റെ കീഴിൽ ജീവനക്കാരുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ മികവുറ്റ സേവനം സമയബന്ധിതമായും അഴിമതിരഹിതമായും പൊതുജനങ്ങൾക്ക് നൽകി അവ തുടർച്ചയായി മെച്ചപ്പെടുത്തി, മാതൃകാ സ്ഥാപനമായി നിലകൊള്ളുക എന്ന നയം മുൻനിർത്തി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ ISO അംഗീകാരം തുടർന്നും നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കഴിയുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) എന്ന ഏകീകൃത സോഫ്റ്റ് വെയർ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിന്യസിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിനും രേഖകൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും പ്രാപ്തമാകത്തക്കവിധത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ട്രെയിനിംഗ് നൽകിവരുന്നു.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനം സമയബന്ധിതവും അഴിമതിരഹിതവുമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് അറിയിക്കാമോ?

സേവനങ്ങൾ അഴിമതിരഹിതവും, സുതാര്യവുമായ രീതിയിൽ ഓൺലൈനായി ലഭ്യമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) എന്ന ഏകീകൃത സോഫ്റ്റ് വെയർ ഐ.കെ.എം. വികസിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 309 ഗ്രാമപഞ്ചായത്തുകളിലാണ് നിലവിൽ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടുള്ളത്. ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.)

വിന്യസിച്ച ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട 213 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും, നികുതിയും ഫീസുകളും അടവാക്കുന്നതിനും, സേവനം കൈപ്പറ്റുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനത്തിനും കാര്യക്ഷമത, സേവനങ്ങളുടെ വേഗത എന്നിവ വർദ്ധിപ്പിക്കുന്നതിനും നടപടി ക്രമങ്ങളിലെ ലഘൂകരണവും വകുപ്പിലെ ജീവനക്കാരുടെ മനോഭാവത്തിലെ മാറ്റവും ആവശ്യമാണെന്ന് കണ്ട് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 16-5-2018-ൽ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാടിസ്ഥാനത്തിലും ഓഫീസ് തലത്തിലും പരിശോധന നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. സമയബന്ധിതമായി സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുതകുന്ന വിധത്തിൽ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ലഭ്യമാകുന്ന സേവനങ്ങൾ, സേവനം ലഭ്യമാക്കേണ്ട ഉദ്യോഗസ്ഥൻ, സേവനം ലഭ്യമാക്കേണ്ട സമയപരിധി എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. സേവനങ്ങൾ അഴിമതിരഹിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിൽ നിശ്ചിത ഇടവേളകളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ്, എ.ജി. (ലോക്കൽ ബോഡി) ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ് എന്നിവ നടത്തിവരുന്നു. നഗരസഭകളിൽ നിന്നും ഓൺലൈൻ സംവിധാനം മുഖേന ജനന മരണ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ഓൺലൈൻ മുഖാന്തരം അടവാക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ മേഖലയിൽ ബിൽഡിംഗ് പെർമിറ്റ് ലഭ്യമാകുന്നതിന് IBPMS മുഖേന പൊതുജനങ്ങൾക്ക് സുതാര്യമായ രീതിയിൽ വേഗത്തിൽ സേവനം ലഭ്യമാകുന്നുണ്ട്. സിറ്റിസൺ പോർട്ടൽ പ്രാവർത്തികമായതോടെ പൊതുജനങ്ങൾ ഓഫീസുകളിൽ നേരിട്ട് വരാതെ തന്നെ ഓൺലൈൻ മുഖാന്തരം സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനം നഗരസഭകളിൽ ഒരുക്കിയിട്ടുണ്ട്.

(സി) പുതുതായി ഏർപ്പെടുത്തിയിട്ടുള്ള സിറ്റിസൺ പോർട്ടൽ വഴി ലഭിക്കുന്ന പ്രധാന സേവനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സിറ്റിസൺ പോർട്ടൽ വഴി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നൽകിവരുന്ന 213 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ അയയ്ക്കുന്നതിനും ഓൺലൈനായി തന്നെ ആയതിന്റെ ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. സിറ്റിസൺ പോർട്ടൽ വഴി ലഭ്യമാക്കുന്ന 213 സേവനങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*

---

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം കുറയ്ക്കാൻ നടപടി

29 (*329) ഡോ. എം. കെ. മുനീർ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം കുറയ്ക്കുന്നത് സംബന്ധിച്ച നയം വിശദമാക്കുമോ?

കേരള സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കി സമ്പൂർണ്ണ ലഹരി വിമുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) മദ്യോപയോഗം വർദ്ധിച്ചുവരികയും ലോക്ഡൗൺ കാലഘട്ടത്തിലുൾപ്പെടെ മദ്യ വിപണനത്തിൽ നിന്നുള്ള വരുമാനം വർദ്ധിച്ചുവരുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഗൗരവപൂർവ്വം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

2020 മാർച്ച് മാസം കോവിഡ് 19 രോഗ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ലോക്ഡൗൺ പ്രഖ്യാപിച്ച ശേഷം കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിച്ച മദ്യത്തിന്റെ കണക്ക് പരിശോധിച്ചാൽ മദ്യ വില്പനയിൽ കുറവുള്ളതായി കാണുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2016-17 സാമ്പത്തിക വർഷം 205.41 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും, 150.13 ലക്ഷം കെയ്സ് ബിയറും വിറ്റിരുന്ന സ്ഥാനത്ത് ആ സർക്കാരിന്റെ അവസാന വർഷമായ 2020-21 സാമ്പത്തിക വർഷത്തിൽ 187.22 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും 72.40 ലക്ഷം കെയ്സ് ബിയറുമാണ് വില്പന നടത്തിയിട്ടുള്ളത്. ഇതിൽ നിന്നും കേരളത്തിൽ മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞുവരുന്നതായാണ് കാണുന്നത്. മദ്യവില്പനയിൽ നിന്നും സർക്കാരിന് ലഭിക്കുന്ന വരുമാനം മദ്യത്തിന്മേൽ ചുമത്തുന്ന നികുതിയേയും വിലയെയും അടിസ്ഥാനപ്പെടുത്തിയാണ്. നികുതി വർദ്ധിക്കുന്നതിനനുസരിച്ച് വരുമാനം വർദ്ധിക്കും. വരുമാനം വർദ്ധിക്കുന്നത് മദ്യ ഉപഭോഗം കൂടുന്നതുകൊണ്ട് മാത്രമല്ല. മദ്യ ഉപഭോഗം കുറയുന്ന സാഹചര്യത്തിലും നികുതി വർദ്ധിക്കുന്നത് വരുമാന വർദ്ധനവിന് ഇടയാക്കും.

(സി) മദ്യ വിതരണ കേന്ദ്രങ്ങളുടെ എണ്ണം കുറച്ച് മദ്യ ഉപഭോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

മദ്യശാലകൾ പൂട്ടുന്നതുകൊണ്ട് മദ്യ ഉപഭോഗം കുറയ്ക്കുവാൻ സാധിക്കുമെന്ന് സർക്കാർ കരുതുന്നില്ല. കേരള സംസ്ഥാനത്ത് പുതുതായി വിദേശ ചില്ലറ വില്പന മദ്യഷാപ്പുകൾക്ക് ഈ സർക്കാർ അനുമതി നൽകിയിട്ടില്ല. എന്നാൽ ടൂറിസം പ്രോത്സാഹനത്തിന്റെ ഭാഗമായി സർക്കാരിന്റെ നിലവിലെ നയം അനുസരിച്ച് 3 സ്റ്റാറും അതിനുമുകളിലേക്കുമുള്ള ഹോട്ടലുകൾക്ക് മാത്രം ബാർ ലൈസൻസ് നൽകുന്നുണ്ട്. മദ്യ നിരോധനമല്ല മദ്യവർജ്ജനമാണ് സർക്കാരിന്റെ നയം. ജനങ്ങൾക്കിടയിൽ വിമുക്തി മിഷൻ മുഖേന നടത്തുന്ന ബോധവത്ക്കരണ പ്രവർത്തനത്തിലൂടെയും മദ്യത്തിനടിമപ്പെട്ടവർക്ക് ആവശ്യമായ ചികിത്സ നൽകിയും മദ്യ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**മെട്രോ റെയിൽ പദ്ധതികൾ**

30 (*330) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ദെലീമ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയിലെ പ്രതിദിന യാത്രക്കാരുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കുമോ?

ഉണ്ട്. നിലവിൽ പ്രതിദിനം ശരാശരി 35000 യാത്രക്കാർ യാത്ര ചെയ്യുന്നുണ്ട്.

(ബി) തലസ്ഥാന മെട്രോയുടെയും കോഴിക്കോട് മെട്രോയുടെയും സഞ്ചാരപഥ നിർണ്ണയം പുനഃപരിശോധിക്കേണ്ടതുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തലസ്ഥാന മെട്രോയുടെയും കോഴിക്കോട് ലൈറ്റ് മെട്രോയുടെയും പദ്ധതികൾ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

(ബി &സി) തലസ്ഥാന മെട്രോയുടേയും കോഴിക്കോട് മെട്രോയുടേയും ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദമായ പഠന രേഖ (ഡി.പി.ആർ.) നിലവിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) എന്ന സ്ഥാപനം കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ നിലവിൽ

നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സഞ്ചാരപഥത്തിൽ നിന്ന് ടെക്നോപാർക്ക് ഭാഗത്തേക്കുള്ള ഒരു ശാഖ കൂടി നിർമ്മിക്കുന്നത് പദ്ധതിയുടെ വിജയസാദ്ധ്യത വർദ്ധിപ്പിക്കുമെന്ന് ഇതിനായി നടത്തിയ സാദ്ധ്യതാപഠനത്തിൽ കണ്ടെത്തിയിരുന്നു. പ്രസ്തുത ശാഖയുടെ വിശദപദ്ധതിരേഖ (ഡി.പി.ആർ) തയ്യാറാക്കാനുള്ള നടപടികൾ KRTL ആരംഭിച്ചിരുന്നു. മെട്രോ പദ്ധതികളുടെ കാര്യക്ഷമവും സുഗമവുമായ ഏകോപനത്തിനും നടത്തിപ്പിനും ഒരു സംസ്ഥാനത്തിന് ഒരു Special Purpose Vehicle (SPV) ആയിരിക്കും അഭികാമ്യമെന്ന കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ ശിപാർശ പരിഗണിച്ചും കേന്ദ്രസർക്കാരിന്റെ പുതുക്കിയ മെട്രോ നയങ്ങൾക്കനുസൃതമായും നിലവിലെ അലൈൻമെന്റിൽ കിഴക്കേകോട്ടയെ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുവാനും തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി KMRL-ന്റെ നേതൃത്വത്തിൽ സൈറ്റ് വിസിറ്റ് നടത്തി പുതുക്കിയ സഞ്ചാരപഥം സംബന്ധിച്ച പഠനം നടത്തിവരികയാണ്.

(ഡി) പ്രതിദിന യാത്രക്കാരുടെ കുറവുമൂലമുള്ള കൊച്ചി മെട്രോയുടെ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നഷ്ടം എത്രയെന്നും അത് നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

പ്രതിദിന യാത്രക്കാരുടെ കുറവുമൂലം 2021 ഏപ്രിൽ മാസം മുതൽ 2021 സെപ്റ്റംബർ മാസം വരെയുള്ള പ്രവർത്തന നഷ്ടം 19 കോടി രൂപയാണ്. നഷ്ടം നികത്തുവാനും യാത്രക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി കൊച്ചി വൺ കാർഡ് ഉപയോഗിക്കുന്നവർക്ക് ആനുകൂല്യങ്ങളും കിഴിവുകളും നൽകി വരുന്നു. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ക്ഷേമകോർപ്പറേഷനുകൾ വഴി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് കുറഞ്ഞ പലിശനിരക്കിൽ വായ്പ

1 (3736) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനാവശ്യത്തിനായി വിദ്യാർത്ഥികൾ ബാങ്കുകൾ മുഖേന വായ്പ എടുക്കുന്നതിനു പകരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമകോർപ്പറേഷനുകൾ വഴി ബാങ്കുകൾ നൽകുന്നതിനേക്കാൾ കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്നതിനുള്ള സംവിധാനം ആരംഭിക്കുന്നതിനെക്കുറിച്ചുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

നിലവിലെ പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാൾക്ക് കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലുമുള്ള സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ്, മെഡിസിൻ, അഗ്രിക്കൾച്ചർ, ഫാർമസി, മാനേജ്മെന്റ് നേഴ്സിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന് ഉന്നത വിദ്യാഭ്യാസം നേടുന്നതിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വായ്പ നൽകുന്നുണ്ട്. സംസ്ഥാനത്തിനകത്തെ പ്രൊഫഷണൽ ബിരുദ/ബിരുദാനന്തര പഠനത്തിന് വായ്പാ തുക പരമാവധി 2 ലക്ഷം രൂപയും മറ്റ് സംസ്ഥാനങ്ങളിലെ പഠനത്തിന് 4 ലക്ഷം രൂപയുമാണ്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി പഠനം കഴിഞ്ഞുള്ള 5 വർഷവുമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 3.50 ലക്ഷം രൂപയാണ്. കൂടാതെ 'വിദേശ വിദ്യാഭ്യാസ വായ്പ പദ്ധതി'യിൻ കീഴിൽ വിദേശത്തുള്ള അംഗീകൃതവും നിശ്ചിത നിലവാരമുള്ള സർവ്വകലാശാലകളിലോ സ്ഥാപനങ്ങളിലോ വച്ചുള്ള പ്രൊഫഷണൽ ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണം എന്നീ തലങ്ങളിലെ പഠനത്തിന് ഒരാൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ നൽകുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 5 ലക്ഷം രൂപ വരെ 6%വും അതിനു മുകളിൽ 10 ലക്ഷം രൂപ വരെ 8.5%വുമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 5 ലക്ഷം രൂപയാണ്.

(2)കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ കോർപ്പറേഷനിൽനിന്നും പഠനാവശ്യത്തിനായി വിദ്യാർത്ഥികൾക്ക് 4.5% പലിശ നിരക്കിൽ പരമാവധി 5 ലക്ഷം രൂപ വരെ ഉദ്യോഗസ്ഥ ജാമ്യം/വസ്തു ജാമ്യത്തിന്മേൽ വിദ്യാഭ്യാസ വായ്പയായി നൽകി വരുന്നുണ്ട്.

(3) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ(NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) യുടെ ഫണ്ട് ഉപയോഗിച്ച് മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച പ്രൊഫഷണൽ/ടെക്നിക്കൽ/ വൊക്കേഷണൽ കോഴ്സുകൾ ഇന്ത്യയ്ക്കകത്തും വിദേശത്തും പഠിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി വിദ്യാഭ്യാസ വായ്പ അനുവദിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഏജൻസി | കുടുംബ വാർഷിക വരുമാനം | പരമാവധി വായ്പാ തുക | പലിശനിരക്ക് ഇന്ത്യയ്ക്കകത്ത് /വിദേശത്ത് |
|---|---|---|---|
| NBCFDC | 3 ലക്ഷം രൂപയിൽ താഴെ | 15 ലക്ഷം 20 ലക്ഷം | പെൺകുട്ടികൾക്ക്- 3.5% ആൺകുട്ടികൾക്ക്- 4% |
| NMDFC | ഗ്രാമങ്ങളിൽ98,000 രൂപയിലും, നഗരങ്ങളിൽ1,20,000 രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് | 15 ലക്ഷം 20 ലക്ഷം | 3% (Credit line 1) |
| NMDFC | Credit 6 ലക്ഷം രൂപയിൽ താഴെ | 20 ലക്ഷം 30 ലക്ഷം | പെൺകുട്ടികൾക്ക് 5% line 11 ആൺകുട്ടികൾക്ക് 8% |

ഇതിനു പുറമെ കോർപ്പറേഷന്റെ തനതു ഫണ്ടുപയോഗിച്ച് പ്രൊഫഷണൽ/ടെക്നിക്കൽ/വൊക്കേഷണൽ/ഡിപ്ലോമ/ഗവൺമെന്റ് അംഗീകൃത സർട്ടിഫിക്കറ്റ് കോഴ്സുകൾ ഇന്ത്യയ്ക്കകത്ത് പഠിക്കുന്നതിനായി പരമാവധി 3 ലക്ഷം രൂപ 6% പലിശ നിരക്കിൽ വിദ്യാശ്രീ എന്ന പേരിൽ വിദ്യാഭ്യാസ വായ്പയായി അനുവദിച്ചുവരുന്നു. വിദ്യാഭ്യാസ വായ്പയുടെ പ്രായപരിധി 16-32 വയസാണ്.

(4) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ (കെ.എസ്.എം.ഡി.എഫ്.സി.) ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകിവരുന്നുണ്ട്. ആയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു:

വിദ്യാഭ്യാസ വായ്പ പദ്ധതികൾ നാഷണൽ മൈനോറിറ്റി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ധനസഹായം വഴി നടപ്പിലാക്കുന്ന പദ്ധതികൾ:

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| വിദ്യാഭ്യാസ വായ്പ | 3% | 20 ലക്ഷം (ഇന്ത്യയിൽ) | 5 വർഷം | കുടുംബ വാർഷിക വരുമാന (Credit Line 1) 20 ലക്ഷം (വിദേശ പഠനം) പരിധി 98,000 (ഗ്രാമീണ മേഖല) 1,20,000 (നഗര മേഖല) |
| വിദ്യാഭ്യാസ വായ്പ സ്ത്രീ | | 20 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാന (Credit Line 2) 5% (ഇന്ത്യയിൽ) പരിധി 6 ലക്ഷം വരെ പുരുഷൻ 20 ലക്ഷം 8% (വിദേശ പഠനം) |

കെ.എസ്.എം.ഡി.എഫ്.സി. പദ്ധതി

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| വിദ്യാഭ്യാസ വായ്പ | 7% | 15 ലക്ഷം | 5 വർഷം | വരുമാന പരിധി ബാധകമല്ല (Parent plus). |

(ബി) പ്രസ്തുത കോർപ്പറേഷനുകൾക്ക് ഇത്തരം പദ്ധതികൾക്കായി പലിശ സബ്സിഡിയുൾപ്പെടെയുള്ള സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**പൊതുജനങ്ങൾക്കുള്ള വ്യക്തിഗത സേവനങ്ങൾ ഓൺലൈനിൽ**

2 (3737) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

20-5-2021-ലെ മന്ത്രിസഭാ തീരുമാനം അനുസരിച്ച് പൊതുജനങ്ങൾക്കുള്ള വ്യക്തിഗത സേവനങ്ങൾ ഓൺലൈനാക്കുന്നത് സംബന്ധിച്ച് ഓരോ വകുപ്പിലും സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് അറിയിക്കുമോ?

20-5-2021-ലെ മന്ത്രിസഭാ തീരുമാനമനുസരിച്ച് പൊതുജനങ്ങൾക്കുള്ള വ്യക്തിഗത സേവനങ്ങൾ ഓൺലൈനാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിക്കുകയും വിവിധ വകുപ്പുകളുടെ സഹകരണത്തോടെ എല്ലാ സർക്കാർ സേവനങ്ങളും ഓൺലൈനായി കേന്ദ്രീകൃത പോർട്ടലിലൂടെ ജനങ്ങൾക്ക് പ്രാപ്യമാക്കുകയും ചെയ്തു. ചീഫ് സെക്രട്ടറി തലത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ കൂടി പുരോഗതി വിലയിരുത്തുകയുണ്ടായി. എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'e-സേവനം' എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലും ' m- സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകിയിട്ടുണ്ട്. നിലവിൽ 58 വകുപ്പുകളിലായി 500 ൽ അധികം സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്. ഇതുവരെ ഓൺലൈനാകാത്ത സേവനങ്ങൾകൂടി ഓൺലൈനായി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 'm-സേവനം' മൊബൈൽ ആപ്ലിക്കേഷൻ ആൻഡ്രോയിഡ്, iOS എന്നീ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാണ്. സി-ഡിറ്റിന്റെ നേതൃത്വത്തിലാണ് 'e-സേവനം' പോർട്ടൽ ഡിസൈൻ ചെയ്തത്. സംസ്ഥാന എൻ.ഐ.സി.- യുടെ നേതൃത്വത്തിലാണ് വിവിധ സേവനങ്ങൾ ഉൾപ്പെടുത്തി 'm-സേവനം' മൊബൈൽ ആപ്ലിക്കേഷൻ രൂപകൽപ്പന ചെയ്തത്. 'e-സേവനം' പോർട്ടലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന സേവനങ്ങൾ വിവിധ വകുപ്പ് അടിസ്ഥാനത്തിൽ അനുബന്ധമായി* ചേർത്തിരിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സെൽ

3 (3738) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സെല്ലിൽ സമർപ്പിക്കുന്ന പരാതികൾ തീർപ്പാക്കി മറുപടി ലഭിക്കുന്നതിന്റെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അപൂർവ്വം ചില ഓഫീസുകളിൽ പരാതികൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെടുകയും അവ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര വെബ്പോർട്ടലിലൂടെ ലഭിച്ച പരാതികളിൽ 94.8% പരാതികളും തീർപ്പുകൽപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) സെല്ലിന് റേറ്റിംഗ് നൽകുന്ന സംവിധാനത്തിന്റെ പുരോഗതി വിശദീകരിക്കാമോ; തീർപ്പാക്കിയ പരാതിയുടെ വിവരം ബന്ധപ്പെട്ടവരെ കൃത്യമായി അറിയിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പരാതിപരിഹാര സെൽ മുഖേന ലഭിക്കുന്ന സേവനങ്ങളുടെ സുതാര്യത, നടപടിക്രമങ്ങളിലെ വേഗത, ലഭ്യമായ സേവനങ്ങളിൽ നിന്നുള്ള സംതൃപ്തി എന്നിവയെക്കുറിച്ച് ഗുണഭോക്താക്കളിൽനിന്നും പരാതിക്കാരിൽ നിന്നും അഭിപ്രായങ്ങൾ സ്വരൂപിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ; കെട്ടിക്കിടക്കുന്ന എല്ലാ പരാതികളും ഉടൻ തീർപ്പാക്കുവാൻ നിർദ്ദേശം നൽകുമോ?

(ബി&സി) പരാതിപരിഹാര സെൽ വഴി ലഭ്യമാക്കുന്ന സേവനങ്ങളുടെ സുതാര്യതയെക്കുറിച്ചും നടപടിക്രമങ്ങളിലെ വേഗതയെ സംബന്ധിച്ചും, സേവനങ്ങളിൽ സംതൃപ്തരാണോയെന്നതിനെ സംബന്ധിച്ചും ഗുണഭോക്താക്കളിൽ നിന്നും, പരാതിക്കാരിൽ നിന്നും വിവരങ്ങൾ/അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനത്തിന് റേറ്റിംഗ് നൽകുന്ന സംവിധാനത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി 5-10-2021-ന് നിർവ്വഹിക്കുകയുണ്ടായി. പൊതുജനങ്ങൾക്ക് ഈ സൗകര്യം ഉപയോഗിച്ച് മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനത്തിലൂടെ നൽകുന്ന സേവനങ്ങൾക്ക് റേറ്റിംഗ് നൽകാനാകും. അതുവഴി സെല്ലിന്റെ പ്രവർത്തനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സാധിക്കും. മൂന്ന് മാർഗ്ഗങ്ങളിലൂടെയാണ് പരാതിക്കാരുടെ പ്രതികരണം ശേഖരിക്കുന്നത്.

1. വിവിധ ഓഫീസുകളിൽ തീർപ്പുകൽപ്പിക്കുന്ന പരാതികളിൽ ഒരു നിശ്ചിത എണ്ണം പരാതിക്കാരെ ഫോൺ മുഖാന്തരം ബന്ധപ്പെട്ട് അഭിപ്രായം ശേഖരിക്കുന്നു.

2. ഫോൺ മുഖാന്തരം ബന്ധപ്പെടുന്ന പരാതിക്കാർക്ക് അവിടെ നിന്ന് ലഭിക്കുന്ന സേവനം സംബന്ധിച്ച പ്രതികരണം രേഖപ്പെടുത്തുന്ന സംവിധാനം.

3. IVRS-ലൂടെ പരാതിക്കാരിൽ നിന്ന് പ്രതികരണം ശേഖരിക്കുക. ആദ്യ രണ്ട് രീതികളിലൂടെയും പ്രതികരണം ശേഖരിക്കുന്ന സംവിധാനത്തിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

**അതിദരിദ്രരെ കണ്ടെത്താനുള്ള സർവ്വേ**

4 (3739) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനമെന്ന ആശയം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് സാമൂഹിക സുരക്ഷ ഉറപ്പുവരുത്താൻ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, ട്രാൻസ്ജെൻഡർ വിഭാഗം, മറ്റ് അശരണർ എന്നിവർക്ക് സാമൂഹിക സുരക്ഷ നല്കുന്നതിനുള്ള വികസന-ക്ഷേമ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹ്യനീതി വകുപ്പ് എന്നിവ വഴി നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ സ്ത്രീകളുടെ കാര്യശേഷിയും സാമൂഹ്യ ഇടപെടൽ ശേഷിയും വർദ്ധിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കുന്നതിനും, പോരാടുന്നതിനും, വരുമാനദായക പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവും അവസരങ്ങളും കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്കെന്ന പോലെ അയൽക്കൂട്ടാംഗങ്ങൾ അല്ലാത്തവർക്കും ലഭ്യമാക്കി, സ്ത്രീ ശാക്തീകരണവും സാമ്പത്തിക ഉന്നമനവും അതുവഴി സാമൂഹിക വികസനവും ലക്ഷ്യമിട്ട് പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുന്ന യുവതികളുടെ കൂട്ടായ്മ വളർത്തുന്നതിനായി 18 മുതൽ 40 വയസ്സുവരെ പ്രായമുള്ള വനിതകളെ ഉൾപ്പെടുത്തി കുടുംബശ്രീ വഴി പ്രത്യേക ഗ്രൂപ്പുകളുടെ രൂപീകരണം നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വാർഡുതലങ്ങളിൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനായി 2-10-2021-ലെ സ.ഉ. (സാധാ) നമ്പർ 1894/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പദ്ധതിരേഖയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതിരേഖ അനുബന്ധമായി* നൽകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന വാർഡുതലത്തിൽ പരമാവധി 50 പേരുടെ ഗ്രൂപ്പെന്ന കണക്കിലാണ് പ്രസ്തുത യുവതീ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അതിദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ ഭാഗമായി അതിദരിദ്രരെ കണ്ടെത്തുന്നതിന് സർവ്വേ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അതിദരിദ്രരെ കണ്ടെത്താനുള്ള സർവ്വേയുടെ മുന്നോടിയായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ഉണ്ട്. സംസ്ഥാനത്ത് അതീവദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനും അതിതീവ്ര ദരിദ്രരുടെ നിർണ്ണയ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി 16-7-2021-ലെ സ.ഉ (കൈ) നമ്പർ 145/2021/തസ്വഭവ ഉത്തരവ് പ്രകാരം മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം നടപടികൾ ആരംഭിച്ചിട്ടുണ്ട്. മാർഗ്ഗരേഖ അനുബന്ധമായി* നൽകുന്നു.

(ഡി) സർവ്വേയുടെ ഭാഗമായി പ്രാഥമിക പട്ടിക, അന്തിമപട്ടിക എന്നിവ തയ്യാറാക്കാനുള്ള നടപടിക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പങ്കാളിത്തപരമായ ഒരു പ്രക്രിയയിലൂടെയാണ് പ്രാഥമിക പട്ടിക തയ്യാറാക്കുന്നത്. വാർഡ് തലത്തിൽ ക്രമീകരിക്കുന്ന സമിതിക്കാണ് ഇതിന്റെ ചുമതല. താഴെ പറയുന്ന ഘട്ടങ്ങളാണ് ഈ പ്രക്രിയയ്ക്കായി അവലംബിച്ചിരിക്കുന്നത്.

- വാർഡ്തല സമിതി ചേർന്ന് ഗ്രൂപ്പ് ചർച്ചയിലൂടെ അതിദരിദ്രരുടെ പട്ടിക പ്രാഥമികമായി തയ്യാറാക്കുക.
- വാർഡിലെ വിവിധ സാമൂഹിക സംഘടനകളുമായുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ച.
- കുടുംബശ്രീ പ്രവർത്തകരുമായുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ച.
- വലിയ വാർഡുകൾ, നഗരസഭാ വാർഡുകൾ എന്നിവയെ ക്ലസ്റ്ററാക്കി തിരിച്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ.
- മറ്റു പട്ടികകളുമായി ചേർത്തുള്ള പരിശോധന.
- പ്രാഥമിക ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ വന്ന പട്ടിക ഏകോപനം.
- വാർഡ്തല സമിതിയുടെ അന്തിമ പരിശോധനയും പട്ടിക തയ്യാറാക്കലും.
- വാർഡ്തല സമിതി സാമൂഹിക സംഘടന, കുടുംബശ്രീ, ക്ലസ്റ്റർതല ചർച്ചകൾ എന്നിവയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പ്രാഥമിക പട്ടിക തയ്യാറാക്കുക.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

• ഈ പട്ടികയെ, അന്ത്യോദയ അന്നയോജന, ഭിന്നശേഷിക്കാർ എന്നിവരുടെ പട്ടികയുമായി താരതമ്യം ചെയ്ത് അവയിലെ അതിദരിദ്രരാരും തന്നെ ഈ പട്ടികയിൽ നിന്ന് വിട്ടുപോയിട്ടില്ലെന്ന് ഉറപ്പാക്കുക.

• പങ്കാളിത്ത ചർച്ചയിലൂടെ അന്തിമപട്ടികയ്ക്ക് രൂപം നൽകി മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ രേഖപ്പെടുത്തുന്നതിനും സർവ്വേ നടത്തിപ്പിനുമായി പഞ്ചായത്ത്തല സമിതിക്ക് കൈമാറുക.

• അന്തിമ പട്ടിക തയ്യാറാക്കൽ - അന്തിമ പട്ടിക തയ്യാറാക്കുന്ന ചുമതല തദ്ദേശ സ്ഥാപനതല ജനകീയ സമിതിയിൽ നിക്ഷിപ്തമാണ്. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം.ഐ.എസ്) വഴി വാർഡ് തലത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടികകൾ ലഭ്യമാകും. ഈ പട്ടികകൾ തദ്ദേശ സ്ഥാപനതല സമിതികൾ എം.ഐ.എസ്.-ൽ നിന്ന് ശേഖരിച്ച് വാർഡ്തല സമിതികൾക്ക് നൽകണം. പരാതികളുണ്ടെങ്കിൽ ആയത് പരിഹരിച്ച ശേഷം ഗ്രാമസഭ അതിദരിദ്രരുടെ പട്ടിക അംഗീകരിക്കുന്നു.

(ഇ) പ്രാഥമിക പട്ടിക എന്നത്തേക്ക് തയ്യാറാക്കുമെന്ന് വെളിപ്പെടുത്താമോ?

പ്രാഥമിക പട്ടിക നവംബർ 30-നകം തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചു വരികയാണ്.

**ഭരണഭാഷ മാതൃഭാഷയായിരിക്കണമെന്ന നയം**

5 (3740) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണഭാഷ മാതൃഭാഷയായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാർനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടില്ലാത്ത എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും ഇനി രൂപവൽക്കരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും, സർക്കാർ/ അർദ്ധസർക്കാർ/ സ്വയംഭരണ/ പൊതുമേഖല/ സഹകരണ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് 13-1-2015-ൽ സ.ഉ (അച്ചടി) നമ്പർ 03/2015/ഉഭപവ നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം 2017 മേയ്-1 മുതൽ

പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിനുവേണ്ടി മുഖ്യമന്ത്രി ഭരണ ഭാഷാ പ്രഖ്യാപനവും നടത്തിയിട്ടുണ്ട്.

(ബി) സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളിലും ഫയലുകളും ഉത്തരവുകളും പൂർണ്ണമായും മലയാളത്തിലാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സർക്കാർ നയം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളിലും കൈകാര്യംചെയ്യുന്ന ഫയലുകളും പുറപ്പെടുവിക്കുന്ന ഉത്തരവുകളും പൂർണ്ണമായും മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സാധാരണ ജനങ്ങളുടെ അറിവിലേക്കായി പുറപ്പെടുവിക്കുന്ന കോവിഡ് സംബന്ധിച്ച ഉത്തരവുകൾ മലയാളത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇംഗ്ലീഷിൽ പുറപ്പെടുവിക്കേണ്ടിവരുന്ന ഉത്തരവുകളുടെ മലയാള പരിഭാഷ കൂടി പുറപ്പെടുവിക്കാറുണ്ട്. കൂടാതെ കോവിഡ് സംബന്ധിച്ച് ജില്ലാതലത്തിൽ പുറപ്പെടുവിക്കുന്ന നടപടിക്രമങ്ങളും അറിയിപ്പുകളും നിർദ്ദേശങ്ങളും മറ്റും മലയാളത്തിലായിരിക്കണമെന്ന് എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഭരണഭാഷ മാതൃഭാഷയായിരിക്കണമെന്ന നയം നടപ്പാക്കാൻ ഫയലുകളും കത്തിടപാടുകളും വിവിധ വകുപ്പുകളിൽ നിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകളും മലയാളത്തിലായിരിക്കണമെന്ന കർശന നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാർനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടില്ലാത്ത എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും ഇനി രൂപവൽക്കരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും, സർക്കാർ/ അർദ്ധസർക്കാർ/ സ്വയംഭരണ/ പൊതുമേഖല/ സഹകരണ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് 13-1-2015-ൽ സ.ഉ (അച്ചടി) നമ്പർ 03/2015/ഉഭപവ നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം 2017 മേയ്-1 മുതൽ പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിനുവേണ്ടി മുഖ്യമന്ത്രി ഭരണഭാഷാ പ്രഖ്യാപനവും നടത്തിയിട്ടുണ്ട്.

## കോവിഡ് കാരണം മരിച്ചവരുടെ കുടുംബങ്ങൾക്ക് കൂടുതൽ ധനസഹായം

6 (3741) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം മരിച്ചവരുടെ കുടുംബങ്ങൾക്ക് സുപ്രീം കോടതി നിഷ്കർഷിച്ച ദുരിതാശ്വാസത്തിന് പുറമെ സംസ്ഥാനത്ത് കൂടുതൽ ധനസഹായം ലഭ്യമാക്കാൻ മുൻകയ്യെടുക്കുമോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കോവിഡ്-19 കാരണം മാതാപിതാക്കളെ/രക്ഷിതാക്കളെ നഷ്ടപ്പെട്ട എല്ലാ കുട്ടികൾക്കും വനിത-ശിശു വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും 2000 രൂപ (രണ്ടായിരം രൂപ മാത്രം) വീതം കുട്ടിക്ക് 18 വയസ്സാകുന്നതുവരെ കുട്ടിയുടെയും കുട്ടിയുടെ ഇപ്പോഴത്തെ രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് മാസം തോറും നിക്ഷേപിക്കുന്നതിനും, ഇപ്രകാരം അനാഥരായ കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപം തുടങ്ങുന്നതിനും, ടി കുട്ടികളുടെ ബിരുദതലം വരെയുള്ള പഠനച്ചെലവുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കുന്നതിനും 20-6-2021-ലെ സ.ഉ.(കൈ) നമ്പർ 18/2021/ സാ.നീ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/ മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 5,000 രൂപ വീതം ധനസഹായം ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ (DBT) മുഖേന ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേക്ക് (36 മാസം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നതിന് 22-10-2021-ലെ സ.ഉ.(കൈ)നമ്പർ203/2021/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. 20-6-2021-ലെ സ.ഉ.(കൈ) നമ്പർ 18/2021/സാ.നീ.വ. പ്രകാരം സഹായം ലഭിക്കുന്ന കുടുംബങ്ങൾക്ക് സഹായത്തിന് അർഹതയുണ്ടായിരിക്കില്ല.

(ബി) ഒക്ടോബർ പത്താം തീയതി മുതൽ മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകാമെന്ന് സുപ്രീം കോടതി പറഞ്ഞ സാഹചര്യത്തിൽ യഥാർത്ഥ കോവിഡ് മരണ കണക്കുകൾ സർക്കാർ നാളിതുവരെ പുറത്തുവിടാത്തത് അർഹരായ നിരവധി കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

(ബി&സി) കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ്-19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29-9-2021-ലെ സ.ഉ.(സാധാ)നമ്പർ 2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെത്തുടർന്ന് മരണപ്പെട്ടയാളിന്റെ അടുത്ത അവകാശിക്ക് നൽകപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവെയ്ലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ ഡിപ്പാർട്ട്മെന്റ് തലവൻ ജില്ലാ സർവെയ്ലൻസ് ഓഫീസർ (നോൺ കോവിഡ്), ബന്ധപ്പെട്ട വിദഗ്ദ്ധൻ (Subject expert) എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർറ്റെയിനിംഗ് കമ്മിറ്റി (CDAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സമിതി പരാതികൾ ലഭിച്ച് മുപ്പതു ദിവസത്തിനകം തീർപ്പ് കൽപ്പിക്കുന്നതാണ്.സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ, അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ 'ഇ-ഹെൽത്ത്' വികസിപ്പിച്ചെടുത്തിട്ടുണ്ട്. മരിച്ച വ്യക്തിയുടെ ബന്ധുവിന്, വ്യക്തിയുടെ മരണം കോവിഡ്-19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുന്നതിനും, കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ ഈ പോർട്ടൽ മുഖേന സമർപ്പിക്കാം. പരാതികൾ പരിശോധിച്ച് കോവിഡ് മരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ബന്ധുക്കൾക്ക് ലഭ്യമാക്കുന്നതാണ്.

## അപേക്ഷകൾക്കൊപ്പം വിവിധ സർട്ടിഫിക്കറ്റുകൾ

7 (3742) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ അപേക്ഷകൾക്കൊപ്പം വരുമാന, ജാതി സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നത് ഒഴിവാക്കി അപേക്ഷകന്റെ സത്യവാങ്മൂലത്തോടെ അപേക്ഷകൾ സ്വീകരിക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്നവരിൽനിന്ന് അഡ്മിഷൻ സമയത്തും പദ്ധതിയിൽ ഉൾപ്പെടുമ്പോഴും മാത്രം പ്രസ്തുത സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നതിനും നടപടികൾ സ്വീകരിക്കുമോ?

വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകൾ/ സർട്ടിഫിക്കറ്റുകൾ എന്നിവ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി സാക്ഷ്യപ്പെടുത്തണമെന്ന രീതി ഒഴിവാക്കി രേഖകളുടെ/സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകുമെന്ന് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാക്കിവരുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റെസിഡന്റ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, one and the same certificate, ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബഅംഗത്വ സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്-ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തരവകുപ്പ് അറ്റസ്റ്റേഷൻ എന്നീ 12 ഇനം സേവനങ്ങൾ ലഘൂകരിക്കുന്നതിനും പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും, നിയമപ്രകാരമുള്ള വിവിധ അനുമതികളുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. സർക്കാർ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ ആവശ്യപ്പെടുന്നവയിൽ ഒഴിവാക്കാവുന്ന സർട്ടിഫിക്കറ്റുകൾ, ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കാനുമുള്ള നടപടികളാണ്, സേവനം ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ചുവരുന്നത്. ജാതി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് നിലവിൽ വില്ലേജ് ഓഫീസർ/തഹസിൽദാർ എന്നിവരാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. എസ്.എസ്.എൽ.സി. ബുക്ക്/വിദ്യാഭ്യാസ രേഖ ഉൾപ്പെടെ പരിശോധിച്ചാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. എന്നാൽ പുതിയ മാർഗ്ഗനിർദ്ദേശ പ്രകാരം അപേക്ഷകന്റെ എസ്.എസ്.എൽ.സി.

സർട്ടിഫിക്കറ്റ്/വിദ്യാഭ്യാസ രേഖയിൽ ജാതി കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് വില്ലേജ് ഓഫീസർ/തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന് പകരമായി അടിസ്ഥാനരേഖയായി പരിഗണിക്കാം. അച്ഛനമ്മമാർ വ്യത്യസ്ത ജാതിയിൽപ്പെട്ടവരാണെങ്കിൽ അവരുടെ/ അവരിലൊരാളുടെ എസ്.എസ്.എൽ.സി. ബുക്ക്/ വിദ്യാഭ്യാസ രേഖയിൽ രേഖപ്പെടുത്തിയിട്ടുള്ള ജാതി തെളിവായി പരിഗണിക്കാം. നിലവിൽ വരുമാന സർട്ടിഫിക്കറ്റ് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ഇത്തരം സർട്ടിഫിക്കറ്റുകൾ അപേക്ഷ സമയത്ത് ഹാജരാക്കേണ്ടതിനാൽ ആയതിന്റെ ആവശ്യത്തിലേയ്ക്കായി വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിൽ എത്തുന്ന അപേക്ഷകരുടെ തിരക്കും മറ്റും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉണ്ട്. അപേക്ഷകരുടെ തിരക്കും മറ്റും ഒഴിവാക്കുന്നതിന്റെ ഭാഗമായി പരമാവധി സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

## എൻ.എച്ച്. 766-ലെ രാത്രിയാത്രാ നിരോധനം

8 (3743) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 766-ലെ രാത്രിയാത്രാ നിരോധനം പിൻവലിക്കാൻ സർക്കാർ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

രാത്രികാല യാത്രാനിരോധനം നീക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കർണ്ണാടക ഹൈക്കോടതിയിൽ ഉണ്ടായിരുന്ന ഹർജിയിൽ സംസ്ഥാന സർക്കാരും കെ.എസ്.ആർ.ടി.സി.-യും കക്ഷി ചേർന്നുവെങ്കിലും നിരോധനം ശരിവയ്ക്കുകയായിരുന്നു. തുടർന്ന് ഈ വിധിക്കെതിരെ 2010-ൽ ബഹു. സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചു. ഇത് ഇപ്പോഴും ബഹു. കോടതിയുടെ പരിഗണനയിലാണ്. ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി രാത്രിയാത്രാ നിരോധനം ഒഴിവാക്കുന്നതിന് എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതുൾപ്പടെയുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ഇതിനായി ഏകദേശം 500 കോടി രൂപ ചെലവ് കണക്കാക്കുകയും ചെയ്തു. സംസ്ഥാന സർക്കാർ ഈ തുകയുടെ 50% വഹിക്കാൻ തയ്യാറാണെന്ന് അറിയിക്കുകയും 2019-20-ലെ ബഡ്ജറ്റിൽ 250 കോടി രൂപ വകയിരുത്തുകയും ചെയ്തു. എന്നാൽ പരിസ്ഥിതി മന്ത്രാലയം ഈ നിർദ്ദേശത്തെ എതിർക്കുകയുണ്ടായി. തുടർന്ന് ബഹു. സുപ്രീം കോടതി കേന്ദ്ര കാബിനറ്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മറ്റൊരു

കമ്മിറ്റി രൂപീകരിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഉത്തരവിട്ടു. ഈ കമ്മിറ്റി നിലവിലുള്ള യാത്രാ നിരോധനം തുടരുന്നതിന് സംസ്ഥാന പാത 90-ഉം ദേശീയപാത 275-ഉം സംയോജിപ്പിച്ച് പുതിയ ദേശീയപാത നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചു. ഇതിന്മേൽ ബഹു. സുപ്രീംകോടതി കേന്ദ്ര വനം മന്ത്രാലയത്തിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്. ബദൽ പാത നിർമ്മിക്കുന്നതിലുള്ള വിയോജിപ്പ് സംസ്ഥാനം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതുൾപ്പടെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറി സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്നതാണ് സംസ്ഥാനത്തിന്റെ നിലപാട്. ഈ ആവശ്യം ബഹു. സുപ്രീംകോടതിയിലും സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുണ്ട്. രാത്രിയാത്രാ നിരോധനം നീക്കണമെന്നാവശ്യപ്പെട്ട് 2019 നവംബർ 8-ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിരുന്നു. എന്നാൽ ഇതുസംബന്ധിച്ച കേന്ദ്രസർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ കർണ്ണാടക സർക്കാരുമായി ചർച്ച നടത്തുവാൻ തയ്യാറാകുമോ എന്ന് അറിയിക്കുമോ?

കർണാടക സർക്കാരുമായി മന്ത്രിതല ചർച്ച നടത്താൻ ഗതാഗത വകുപ്പ് നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) എൻ.എച്ച്. 766-മായി ബന്ധപ്പെട്ട് നാറ്റ്പാക് നടത്തിയ പഠന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

രാത്രിയാത്രാ നിരോധനവുമായി ബന്ധപ്പെട്ട് നാറ്റ്പാക് 2014-ൽ നടത്തിയ പഠന റിപ്പോർട്ടിൽ ബദൽപാത സംബന്ധിച്ച നിർദ്ദേശങ്ങളാണ് പ്രധാനമായും നൽകിയിരുന്നത്. എന്നാൽ ബദൽപാത പ്രായോഗികമല്ലാത്തതിനാൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്ന കാര്യം പരിഗണിക്കണമെന്നതാണ് സർക്കാർ നിലപാട്.

(ഡി) രാത്രിയാത്രാ നിരോധനവുമായി ബന്ധപ്പെട്ട സുപ്രീം കോടതി കേസിൽ സർക്കാരിനെ പ്രതിനിധീകരിച്ച് അഡ്വക്കേറ്റിനെ നിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്.

**റീബിൽഡ് കേരള പദ്ധതി**

9 (3744) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി അഴീക്കോട് മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് പട്ടിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

(എ & ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി അഴീക്കോട് മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ, ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) മേൽപ്പറഞ്ഞ പദ്ധതികളിലേതെങ്കിലും മുടങ്ങിക്കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

## ഏകീകൃത സർവ്വീസ് പോർട്ടലിന്റെയും 'എം-സേവനം' മൊബൈൽ ആപ്ലിക്കേഷന്റെയും പ്രയോജനങ്ങൾ

10 (3745) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണഭോക്താക്കൾ വിവിധ സർക്കാർ ഓഫീസുകളെ സമീപിക്കേണ്ട സാഹചര്യം ഒഴിവാക്കി പരമാവധി സേവനങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

ജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ സർക്കാരിന്റെ എല്ലാ സേവനങ്ങളും ഒരു ഏകീകൃത പോർട്ടലിലൂടെ ലഭ്യമാകേണ്ടത് അനിവാര്യമാണ്. എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തങ്ങളുടെ വീടുകളിൽ ഇരുന്നുതന്നെ ജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുന്നതിനായി 'e-സേവനം' (https://services.kerala.gov.in/) എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലും ' m- സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകുകയും, അവ 1-10-2021-ൽ ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. 'e-സേവനം' എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിൽ വിവിധ വകുപ്പുകളുടെ 500-ലധികം സേവനങ്ങൾ ആദ്യഘട്ടമെന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ തെരയുന്നതിനും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ടെത്തുന്നതിനുമായി സേവനങ്ങളെ ഉപയോക്താക്കളുടെ അടിസ്ഥാനത്തിൽ കർഷകർ, വിദ്യാർത്ഥികൾ, സ്ത്രീകളും കുട്ടികളും, യുവജനങ്ങളും നൈപുണ്യ വികസനവും, സാമൂഹ്യസുരക്ഷയും പെൻഷൻകാരും, വാണിജ്യം, പൊതുവായ സേവനങ്ങൾ, ഉപയോഗ സേവനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ‘ m- സേവനം’ എന്ന മൊബൈൽ ആപ്ലിക്കേഷൻ ആൻഡ്രോയിഡ്, iOS എന്നീ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാണ്.

(ബി) പുതുതായി രൂപം കൊടുത്തിട്ടുള്ള ഏകീകൃത സർവ്വീസ് പോർട്ടലും 'എം. സേവനം' മൊബൈൽ ആപ്ലിക്കേഷനും സർക്കാരിൽ നിന്നു ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ച വിവരം കാലവിളംബം കൂടാതെയും ഇടനിലക്കാരില്ലാതെയും അഴിമതിരഹിതമായും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ എത്രമാത്രം പ്രയോജനപ്രദമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

കേരള സർക്കാരിന്റെ പ്രഖ്യാപിത നയമായ 'സേവനം എന്റെ അവകാശം' എന്നത് www.services.kerala.gov.in എന്ന ഏകീകൃത പോർട്ടൽ വഴി ഫലപ്രദമാവുകയാണ്. വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ “ e-സേവനം" എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിലൂടെയും "m-സേവനം" എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തങ്ങളുടെ വീടുകളിലിരുന്ന് തന്നെ സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് പ്രസ്തുത സംവിധാനം ഉപയോഗപ്രദമാകുന്നു. അപേക്ഷയിൽ തീരുമാനമെടുക്കുന്നതിലുണ്ടായിരുന്ന കാലവിളംബം ഇല്ലാതാക്കുവാനും ഇടനിലക്കാരെ ഒഴിവാക്കുവാനും അഴിമതി ഇല്ലാതാക്കുന്നതിനും ഈ ഓൺലൈൻ സംവിധാനങ്ങൾ വലിയ അളവിൽ പ്രയോജനപ്പെടുന്നു.

## റീബിൽഡ് കേരള പദ്ധതി

11 (3746) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതി പ്രകാരം എത്ര രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരമായിട്ടുള്ളത്; ഏതെല്ലാം പദ്ധതികളാണ് നിർവ്വഹണഘട്ടത്തിലേക്ക് എത്തിയിട്ടുള്ളത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ആകെ 7797.14 കോടി രൂപയുടെ പദ്ധതികൾക്കാണ് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുള്ളത്. ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകളുടെ സംയോജനം

12 (3747) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകൾ സംയോജിപ്പിച്ചുകൊണ്ട് പുതിയ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ നാല് വികസന മിഷനുകൾ വഴി വലിയ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്. ഈ നേട്ടങ്ങൾ വിലയിരുത്തി, നിലവിലുള്ള പോരായ്മകൾകൂടി പരിഹരിച്ച് മുന്നോട്ടുപോകുന്നതിനായി ഈ സർക്കാർ സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള നാല് വികസന മിഷനുകളെയും കേരള പുനർനിർമ്മാണ പദ്ധതിയേയും (Rebuild Kerala Initiative) ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി-2-ന് രൂപം നൽകിയിട്ടുണ്ട്. നിലവിലുള്ള മിഷൻ പ്രവർത്തനങ്ങൾ തുടരുന്നതോടൊപ്പം തന്നെ മിഷനുകൾ തമ്മിലും വകുപ്പുകൾ, ഏജൻസികൾ എന്നിവയുമായുള്ള ഏകോപനവും വിവിധ പദ്ധതികളുടെ സംയോജനവും ഉൾപ്പെടെ നവകേരളം കർമ്മപദ്ധതി സെല്ലിന്റെ നേതൃത്വത്തിൽ നടത്തും. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഇവയെല്ലാം ചേർന്ന് വലിയ മാറ്റങ്ങളുണ്ടാക്കും വിധത്തിലുള്ള പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നവകേരളം കർമ്മ പദ്ധതിയുടെ 6-9-2021-ൽ നടന്ന സംസ്ഥാനതല യോഗത്തിൽ 25-9-2021-ഓടെ മാർഗ്ഗരേഖ കരട് തയ്യാറാക്കണമെന്ന് തീരുമാനിച്ചിരുന്നു. കരട് മാർഗ്ഗരേഖ തയ്യാറാക്കുന്നതിനായി മിഷനിൽ പ്രവർത്തിച്ച വ്യക്തികൾ, ഓരോ രംഗത്തെയും വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി ഒരു ശില്പശാല 22-9-2021-ന് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരട് മാർഗ്ഗരേഖ ചർച്ചകൾക്കുശേഷം ആവശ്യമായ ഭേദഗതി വരുത്തി അന്തിമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## സാമൂഹികക്ഷേമ പദ്ധതികൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഒരു ഏകീകൃത പ്ലാറ്റ്ഫോം

13 (3748) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സാമൂഹികക്ഷേമ പദ്ധതികൾക്കും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ഒരു ഏകീകൃത പ്ലാറ്റ്ഫോം സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സാമൂഹ്യനീതി ഡയറക്ടേറ്റ് വഴി നടപ്പിലാക്കിവരുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ ഓൺലൈനാക്കുന്നതുമായി ബന്ധപ്പെട്ട് സുനീതി എന്ന പേരിൽ Software തയ്യാറാക്കിവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പൊതുജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ നൽകുന്നതിന് തയ്യാറാക്കിവരുന്ന പോർട്ടലുമായി ഇതിനെ ബന്ധിപ്പിക്കുന്നതിന് കഴിയും. ഇതിലൂടെ വകുപ്പ് മുഖേന നൽകുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ വേഗത്തിൽ ഗുണഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിന് കഴിയും.

(ബി) കുടുംബത്തിനോ/അംഗങ്ങൾക്കോ ഇതിന്റെ ഭാഗമായി പുതിയ തിരിച്ചറിയൽ രേഖകൾ/നമ്പർ എന്നിവ നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പോർട്ടൽ പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമായി കുടുംബത്തിനോ/ അംഗങ്ങൾക്കോ പ്രത്യേകമായ തിരിച്ചറിയൽ രേഖകൾ നൽകുന്നില്ല.

## നാദാപുരം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ

14 (3749) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

(എ & ബി) നാദാപുരം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി വഴി സർക്കാർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശം അനുബന്ധമായി* കൊടുത്തിരിക്കുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സർട്ടിഫിക്കറ്റുകൾക്കും സേവനങ്ങൾക്കുമുള്ള ഫീസ്

15 (3750) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് റെയിൽവേ, എണ്ണക്കമ്പനികൾ ഉൾപ്പെടെ കേന്ദ്ര സർക്കാരിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ നൽകുന്ന സേവനത്തിനും അവശ്യ വസ്തുക്കൾക്കും ഫീസും ചാർജ്ജും വിലയും വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് വിപരീതമായി സംസ്ഥാന സർക്കാർ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്കും സേവനങ്ങൾക്കുമുള്ള ഫീസ് ഒഴിവാക്കിയത് പൊതുജനങ്ങൾക്ക് ഏറെ ആശ്വാസകരമായി എന്നത് പരിശോധിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്കും സേവനങ്ങൾക്കുമുള്ള ഫീസ് ഒഴിവാക്കിയത് പൊതുജനങ്ങൾക്ക് ഏറെ ആശ്വാസകരമായി എന്ന് വിലയിരുത്തുന്നു.

(ബി) നിരന്തരം ആവശ്യമുള്ള നിരവധി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുകയോ ഒഴിവാക്കുകയോ ചെയ്തത് ജനങ്ങൾക്ക് ഏറെ സൗകര്യപ്രദമാണെന്നും സർക്കാർ ഓഫീസുകളിലെ അമിത ജോലിഭാരം ലഘൂകരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കാൻ കാരണമാകുമെന്നും വിലയിരുത്തുന്നുണ്ടോ?

ഉണ്ട്.

(സി) സാക്ഷ്യപത്രങ്ങളും സേവനങ്ങളും സമയബന്ധിതമായി നൽകുന്നതിനും സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന മറ്റ് നടപടികൾ വിശദമാക്കാമോ?

പരമാവധി സർക്കാർ സേവനങ്ങൾ സർക്കാർ ഓഫീസ് സന്ദർശിക്കാതെ തന്നെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പരമാവധി സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ, ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കാനുമുള്ള

നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നത്. ആദ്യഘട്ടത്തിൽ ചില വകുപ്പുകളുടെ നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റെസിഡന്റ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, one and the same certificate, ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബഅംഗത്വ സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്-ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തരവകുപ്പ് അറ്റസ്റ്റേഷൻ എന്നീ 12 ഇനം സേവനങ്ങൾ ലഘൂകരിക്കുന്നതിനും പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതിക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്.

(i) വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകൾ/ സർട്ടിഫിക്കറ്റുകൾ എന്നിവ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി സാക്ഷ്യപ്പെടുത്തണമെന്ന രീതി ഒഴിവാക്കി രേഖകളുടെ/സർട്ടഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.

(ii) പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്ക് ഒരു നിശ്ചിത തുക അവരിൽനിന്നും അപേക്ഷാഫീസായി ഈടാക്കുന്നുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ ബിസിനസ്സിനും വാണിജ്യത്തിനും ഒഴികെയുള്ള പൗരസേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാ ഫീസ് ഒടുക്കുന്നതിൽ നിന്നും പൗരന്മാരെ ഒഴിവാക്കുന്നു.

(iii) പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്കായി സമർപ്പിക്കേണ്ട എല്ലാ അപേക്ഷാഫോമുകളും ലളിതമാക്കാനും കഴിയുന്നിടത്തോളം ഒരു പേജിൽ മാത്രം പരിമിതപ്പെടുത്താനും നിശ്ചയിച്ചിട്ടുണ്ട്.

(iv) ഒരിക്കൽ നൽകിയ എല്ലാ സർട്ടിഫിക്കറ്റുകളും ഏതെങ്കിലും സർക്കാർ വകുപ്പിലെ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാം. സർട്ടിഫിക്കറ്റ് നൽകുന്ന അധികാരി ഒരു പ്രത്യേക ഉദ്ദേശ്യത്തിന്/ഉപയോഗത്തിന് മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് ഒരു കാരണവശാലും സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താൻ പാടില്ല.

(v) ചില വകുപ്പുകൾ നൽകുന്ന സേവനങ്ങൾ/സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി മറ്റു ചില സർട്ടിഫിക്കറ്റുകൾ/രേഖകൾ ഹാജരാക്കണമെന്നുള്ള വകുപ്പുകളുടെ നിർബന്ധം പൗരന്മാർക്ക് സേവനം ലഭിക്കുന്നതിന് കാലതാമസമുണ്ടാക്കുകയും ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നു. ഇത് മറികടക്കാൻ ടി സേവനങ്ങൾക്ക് അപേക്ഷകന്റെ സത്യവാങ്മൂലം കൂടി നിഷ്കർഷിക്കുന്നു.

നോൺക്രിമിലെയർ സർട്ടിഫിക്കറ്റ്, EWS സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ്, SC/ST വിഭാഗങ്ങൾക്കായി നിലവിലെ നിയമപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഇതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ അഴിമതിരഹിതവും സമയബന്ധിതവുമായി നൽകുന്നത് ത്വരിതപ്പെടുത്തുന്നതിന് സഹായകമാകും.

**സർക്കാർ സേവനങ്ങൾക്കുള്ള അപേക്ഷ ഫീസ് ഒഴിവാക്കിയ നടപടി**

16 (3751) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾക്കുള്ള അപേക്ഷ ഫീസ് ഒഴിവാക്കിയും, സേവന നടപടികൾ ലഘൂകരിച്ചും സർക്കാർ എടുത്ത ചരിത്രപരമായ തീരുമാനം പൊതുജനങ്ങൾക്ക് ഏതൊക്കെ തരത്തിൽ ഗുണകരമായി മാറുമെന്നാണ് സർക്കാർ കരുതുന്നത്?

പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങൾക്ക് പലവിധ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കണമെന്ന് സർക്കാർ വകുപ്പുകൾ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ ആവശ്യപ്പെടുന്നവയിൽ ഒഴിവാക്കാവുന്ന സർട്ടിഫിക്കറ്റുകൾ, ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കാനുമുള്ള നടപടികളാണ്, സേവനം ജനങ്ങളിലെത്തിക്കുന്നതിന്റെ ഭാഗമായി സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ആദ്യഘട്ടമെന്ന നിലയിൽ ബിസിനസ്സിനും വാണിജ്യത്തിനും ഒഴികെയുള്ള പൗരസേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാ ഫീസ് ഒടുക്കുന്നതിൽ നിന്നും പൗരന്മാരെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത തീരുമാനപ്രകാരം പൊതുജനങ്ങൾക്ക് താഴെപ്പറയുന്ന ഗുണകരമായ മാറ്റം ലഭ്യമാകുമെന്ന് കരുതുന്നു. വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകളുടെ/ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്കായി സമർപ്പിക്കേണ്ട എല്ലാ അപേക്ഷാ ഫോമുകളും ലളിതമാക്കും. ഒരിക്കൽ നൽകിയ എല്ലാ സർട്ടിഫിക്കറ്റുകളും ഏതെങ്കിലും സർക്കാർ വകുപ്പിലെ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാം. സർട്ടിഫിക്കറ്റ് നൽകുന്ന അധികാരി ഒരു പ്രത്യേക ഉദ്ദേശ്യത്തിന്/ഉപയോഗത്തിന് മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് ഒരു കാരണവശാലും സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താൻ പാടില്ല.

പൗരന്മാർക്ക് സേവനം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നത് മറികടക്കാൻ ചില സേവനങ്ങൾക്ക് അപേക്ഷകന്റെ സത്യവാങ്മൂലം കൂടി നിഷ്കർഷിക്കുന്നു. നോൺക്രിമിലെയർ സർട്ടിഫിക്കറ്റ്, EWS സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ്, SC/ST വിഭാഗങ്ങൾക്കായി നിലവിലെ നിയമപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഇതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നു.

(ബി) ഏതൊക്കെ അപേക്ഷകൾക്കാണ് സർക്കാർ അപേക്ഷ ഫീസ് വേണ്ടായെന്ന് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്ക് ഒരു നിശ്ചിത തുക അവരിൽനിന്നും അപേക്ഷാഫീസായി ഈടാക്കുന്നുണ്ട്. ബിസിനസ്സിനും വാണിജ്യത്തിനും ഒഴികെയുള്ള പൗരസേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാ ഫീസ് ഒടുക്കുന്നതിൽ നിന്നും പൗരന്മാരെ ഒഴിവാക്കുന്നു. ആദ്യഘട്ടമെന്ന നിലയിൽ ചില വകുപ്പുകളുടെ നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റെസിഡന്റ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, one and the same certificate, ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബഅംഗത്വ സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്-ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തര വകുപ്പ് അറ്റസ്റ്റേഷൻ എന്നീ 12 ഇനം സേവനങ്ങൾ ലഘൂകരിക്കുന്നതിനും പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/ സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതികളുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്.

(സി) സർക്കാർ സേവനങ്ങൾക്കുള്ള അപേക്ഷ ഫീസ് ഇനത്തിൽ ഒരു വർഷത്തിൽ സർക്കാരിന് ലഭിച്ചിരുന്ന വരുമാനം എത്രയായിരുന്നു എന്നത് അറിയിക്കാമോ?

വിവിധ വകുപ്പുകൾ വഴിയുള്ള സേവനയിനത്തിൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റെസിഡന്റ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, one and the same certificate, ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബഅംഗത്വ സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്-ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തരവകുപ്പ് അറ്റസ്റ്റേഷൻ എന്നീ 12 ഇനം സേവനങ്ങൾക്ക് online ആയും, കോർട്ട് ഫീസ് സ്റ്റാമ്പ്, ചെല്ലാൻ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയും സർക്കാർ സേവനങ്ങൾക്ക് അപേക്ഷ സമർപ്പിക്കാറുണ്ട്. ഈ ഇനത്തിൽ ലഭിക്കുന്ന ഫീസിന്റെ കണക്ക് പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

## കെ.എ.എസ്. നിയമനം

17 (3752) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭരണ സർവ്വീസിൽ എന്ന് മുതലാണ് നിയമനം നൽകാൻ ഉദ്ദേശിക്കുന്നത്?

2021 നവംബറിൽ നിയമന നടപടികൾ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കെ.എ.എസ്.-ൽ നിന്നും സ്ട്രീം 2, 3 വിഭാഗം പൂർണ്ണമായി ഒഴിവാക്കുവാനോ പ്രസ്തുത വിഭാഗങ്ങൾക്ക് നിലവിൽ ബാധകമായ അനുപാതം കുറക്കുവാനോ ഉദ്ദേശിക്കുന്നുണ്ടോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ ഏഴാം ഭാഗം ഖണ്ഡിക 2 പ്രകാരമുള്ള "ആദ്യ സെലക്ഷൻ കഴിഞ്ഞ ജീവനക്കാർക്കുള്ള ക്വാട്ട മൂന്നിലൊന്നായി നിശ്ചയിക്കുകയും, അഞ്ചു വർഷം കഴിഞ്ഞ് അത് പൂർണ്ണമായി ഒഴിവാക്കുകയും ചെയ്യണം" എന്ന ശിപാർശ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ ഏഴാം ഭാഗത്തെ വിവിധ ശിപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

## പരാതി പരിഹാര സെല്ലിൽ നിന്നും വിവരങ്ങൾ ലഭിക്കുന്നതിനുള്ള നടപടി

18 (3753) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ എം.എൽ.എ.-മാർ മുഖേന നല്കുന്ന പരാതികളിന്മേലുള്ള വകുപ്പുകളുടെ അന്തിമതീരുമാനം എം.എൽ.എ.-മാർക്ക് യഥാസമയം ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരാതികളിന്മേൽ വകുപ്പുകളുടെ അന്തിമ തീരുമാനം യഥാസമയം ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ആയതിന് അടിയന്തര പരിഹാരം സ്വീകരിച്ച് എം.എൽ.എ.-മാർക്ക് യഥാസമയം മറുപടി നല്കുന്നതിന് നടപടി തീർപ്പ് കല്പിക്കുന്ന വകുപ്പിന്/ഉദ്യോഗസ്ഥന് നിർദ്ദേശം നൽകാമോ?

മന്ത്രിമാർ, എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവരുടെ ആമുഖ കത്ത് സഹിതം ലഭിക്കുന്ന പരാതികൾക്ക് പ്രത്യേക പരിഗണന നൽകണമെന്നും, ജനപ്രതിനിധികൾക്ക് വ്യക്തമായ മറുപടി നൽകണമെന്നും എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം വകുപ്പ് സെക്രട്ടറിമാരും വകുപ്പദ്ധ്യക്ഷന്മാരും ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**പയ്യന്നൂർ കോടതി സമുച്ചയ നിർമ്മാണ പുരോഗതി**

19 (3754) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കോടതി സമുച്ചയ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) 13-3-2020-ന് നിർമ്മാണ സ്ഥലം കരാറുകാരന് കൈമാറുകയും 26-1-2021-ന് പൈലിംഗ് ജോലികൾ ആരംഭിക്കുകയും 11-8-2021-ൽ പൂർത്തിയാകുകയും ചെയ്തിരുന്നുവെന്നും, നിർമ്മാണ സ്ഥലത്ത് ജലനിരപ്പ് ഉയർന്നതിനാൽ പൈൽ ക്യാപ് വർക്ക് ഇതുവരെ ആരംഭിച്ചിട്ടില്ലെന്നും കാലാവസ്ഥ അനുകൂലമായതിനാൽ നിർമ്മാണ പ്രവർത്തനം തുടരാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുള്ളതായും ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(സി) നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രസ്തുത കെട്ടിടം എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

കരാർ പ്രകാരം കരാറുകാരന് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ രണ്ട് വർഷത്തെ സമയപരിധി അനുവദിച്ചിട്ടുണ്ട്.

**സെക്രട്ടേറിയറ്റ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ**

20 (3755) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റൂൾ അനുസരിച്ച് സെക്രട്ടേറിയറ്റിൽ ഓഫീസ് സൂപ്രണ്ട് തസ്തികയിലേക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് പ്രൊമോഷന് അർഹതയുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് കഴിഞ്ഞ അഞ്ച് വർഷക്കാലം ഓഫീസ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ഓഫീസ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരിൽ നിന്നും എത്ര തവണ അപേക്ഷ ക്ഷണിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഓഫീസ് സൂപ്രണ്ട് തസ്തികയുടെ എത്ര ശതമാനം ഒഴിവിലേയ്ക്കാണ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് പ്രൊമോഷന് അർഹതയുള്ളത്; ആയതിലേയ്ക്ക് പ്രൊമോഷൻ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രൊമോഷൻ നൽകുന്നതിന് വേണ്ടിയുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കുമോ?

(എ - സി) ഓഫീസ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് വിശേഷാൽ ചട്ടങ്ങൾ നിലവിലില്ല. കേരളാ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ നിന്നും ഓഫീസ് സൂപ്രണ്ട് തസ്തിക നീക്കം ചെയ്തിട്ടുണ്ട്. തുടർന്ന് കേരള സെക്രട്ടേറിയറ്റ് സ്റ്റേറ്റ് സർവ്വീസിൽ ഈ തസ്തിക ഉൾപ്പെടുത്തി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സെക്രട്ടേറിയറ്റ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ്

21 (3756) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ സെക്രട്ടേറിയറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 മുതൽ പേഴ്സണൽ സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥരുടെ 2021 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് യഥാസമയം അപ്ഡേറ്റ് ചെയ്യാറുണ്ടോ; ഇല്ലെങ്കിൽ ഇത് യഥാസമയം അപ്ഡേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

17-2-2020-ലെ സ.ഉ.(സാധാ) നമ്പർ 775/2020/പൊഭവ പ്രകാരം 1-12-2018 വരെയുള്ള പൊതുഭരണം, ധനകാര്യം, നിയമ വകുപ്പുകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II മുതൽ പേഴ്സണൽ സെക്രട്ടറി വരെയുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സീനിയോറിറ്റി ലിസ്റ്റ് യഥാസമയം അപ്ഡേറ്റ് ചെയ്യാറുണ്ട്. സീനിയോറിറ്റി ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത ലിസ്റ്റ് പ്രകാരം സമയബന്ധിതമായി പ്രൊമോഷൻ നൽകാറുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി പ്രൊമോഷൻ നൽകാനുള്ള നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമയബന്ധിതമായി പ്രൊമോഷൻ നൽകാറുണ്ട്.

(സി) ഒരു വ്യക്തിക്ക് പ്രൊമോഷൻ നൽകുമ്പോൾ പുറപ്പെടുവിക്കുന്ന ഓർഡറിൽ പ്രസ്തുത പ്രൊമോഷൻ ആര് പെൻഷൻ പറ്റിയ ഒഴിവിലാണെന്നോ ആർക്ക് പ്രൊമോഷൻ കിട്ടിയ ഒഴിവിലാണെന്നോ എന്ന് മുതലുള്ള ഒഴിവാണെന്നോ രേഖപ്പെടുത്താറുണ്ടോ; ഇല്ലെങ്കിൽ ആയത് രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊമോഷൻ ഉത്തരവിൽ പ്രാബല്യ തീയതി രേഖപ്പെടുത്താറുണ്ട്.

(ഡി) 2016 മേയ് മുതൽ 2021 സെപ്തംബർ വരെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരിൽനിന്നും എത്ര പേർ വിരമിച്ചിട്ടുണ്ട്; ഇതിന് ആനുപാതികമായി പ്രൊമോഷൻ കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സെക്രട്ടേറിയറ്റിൽ 2016 -ൽ 18 പേരും, 2017- ൽ 12 പേരും, 2018 -ൽ 14 പേരും, 2019-ൽ 7 പേരും, 2020-ൽ 7 പേരും, 2021 സെപ്തംബർ വരെ 14 പേരും വിരമിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ വിരമിക്കലിനും അന്യത്രസേവനത്തിനും ആനുപാതികമായി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II മുതൽ പേഴ്സണൽ സെക്രട്ടറി തസ്തിക വരെ 2016-ൽ 58 പേർക്കും, 2017-ൽ 38 പേർക്കും, 2018-ൽ 61 പേർക്കും, 2019-ൽ 52 പേർക്കും, 2020-ൽ 18 പേർക്കും, 2021-ൽ 75 പേർക്കും പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഇ) സെക്രട്ടേറിയറ്റിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2, പേഴ്സണൽ സെക്രട്ടറി എന്നിവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; അവരുടെ പേരുവിവരങ്ങളും കാറ്റഗറി തിരിച്ചുള്ള കണക്കും നൽകുമോ?

പേഴ്സണൽ സെക്രട്ടറി തസ്തികയിൽനിന്നും ആരും തന്നെ ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുന്നില്ല. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽനിന്നും 6 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ചു വരുന്നു. പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1)ശ്രീമതി ദീനുമോൾ.ആർ.

2)ശ്രീമതി ആതിര.എസ്.റ്റി.

3)ശ്രീമതി അച്ചാമ്മ കുര്യൻ.

4)ശ്രീമതി ലിജി ദേവസി.

5)ശ്രീ. മനീഷ്.കെ.എസ്.

6)ശ്രീമതി നിഷ.എ.എസ്.

## തസ്തികകളുടെ പുനർവിന്യാസം

22 (3757) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരിൽ നിലവിലുള്ള ടൈപ്പിസ്റ്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, പ്യൂൺ, അറ്റൻഡർ തസ്തികകളുടെ എണ്ണം പുനർവിന്യാസത്തിലൂടെയും തസ്തിക മാറ്റത്തിലൂടെയും ക്രമീകരിക്കാനും കുറയ്ക്കാനും ആലോചിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ധനദൃഢീകരണം സാദ്ധ്യമാകുന്നതിനുതകുന്ന വ്യയനിയന്ത്രണ നിർദ്ദേശങ്ങൾ 5-11-2020-ലെ സ.ഉ.(അ)നമ്പർ 152/2020/ധന നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം, കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ പ്രവർത്തനം അവസാനിപ്പിച്ച പദ്ധതികളിൽ നിയമിച്ച ജീവനക്കാരുടെ പുനർവിന്യാസവും, ഇ-ഓഫീസ്, കമ്പ്യൂട്ടർ സൗകര്യങ്ങൾ ഉപയോഗിക്കുന്ന ഓഫീസുകളിൽ അധികമായിട്ടുള്ള ടൈപ്പിസ്റ്റ് തസ്തികകളുടെ പുനർവിന്യാസവും, ഓഫീസ് അറ്റൻഡന്റ് തസ്തികകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുന്നതും, സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ചെയ്യാവുന്ന കാര്യങ്ങൾ തന്നെ ഇരട്ടിപ്പായി ചെയ്തുവരുന്ന ടൈപ്പിസ്റ്റ്, ക്ലറിക്കൽ തസ്തികകളുടെ എണ്ണം കണ്ടെത്തി പുനർവിന്യസിക്കുന്നതിനും, ക്ഷേമനിധികൾ, കമ്മീഷനുകൾ, അതോറിറ്റികൾ, സൊസൈറ്റികളായി രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങൾ തുടങ്ങി ഒരേ മേഖലയിൽ പൊതുവായി ഒരേ തരത്തിലുള്ള വികസന സേവന ഉദ്ദേശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സാങ്കേതികമായി പുനഃസംഘടിപ്പിച്ച് ഒറ്റ ഭരണ സംവിധാനമാക്കി മാറ്റുന്നതിനുമായി ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും സമിതികളുടെ റിപ്പോർട്ട് സർക്കാരിന്റെ മുമ്പിലുണ്ടോ; ഉണ്ടെങ്കിൽ ആയത് നടപ്പാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജീവനക്കാരുടെ മേഖലയിൽ പൊതുവായി പുനർവിന്യാസം നടപ്പിലാക്കുന്നത് സംബന്ധിച്ച് നാലാം ഭരണപരിഷ്കാര കമ്മീഷന്റെ നാലാമത് റിപ്പോർട്ടായ ‘ Personal Reforms’ -ൽ ശിപാർശകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിശോധനയിലാണ്.

## സർക്കാർ ഉദ്യോഗസ്ഥരുടെ സോഷ്യൽ മീഡിയ ഇടപെടലുകൾ നിയന്ത്രിക്കാൻ നടപടി

23 (3758) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ സോഷ്യൽ മീഡിയ ഇടപെടലുകൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സർക്കാർ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും സോഷ്യൽ മീഡിയയുടെ മാന്യമായ ഉപയോഗം സംബന്ധിച്ച് അവബോധം നല്കിവരുന്നുണ്ട്. കൂടാതെ സോഷ്യൽ മീഡിയയുടെ ദുരുപയോഗം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) സർക്കാർ ഉദ്യോഗസ്ഥർ സോഷ്യൽ മീഡിയ ദുരുപയോഗം ചെയ്തതിന് ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ ഉദ്യോഗസ്ഥർ സോഷ്യൽ മീഡിയ ദുരുപയോഗം ചെയ്തതിന് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ 25 കേസുകളും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 14-10-2021 വരെ 6 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## സെക്രട്ടേറിയറ്റ് ലോ പെയിഡ് സ്റ്റാഫിന്റെ ബൈട്രാൻസ്ഫർ നിയമന ശതമാനം ഉയർത്താൻ നടപടി

24 (3759) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, പി.എസ്.സി. ഓഫീസുകളിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് നടപ്പാക്കിയ സാഹചര്യത്തിൽ മറ്റു വകുപ്പുകളിലേതുപോലെ ക്ലറിക്കൽ കേഡറിൽ പത്തു ശതമാനം ബൈ ട്രാൻസ്ഫർ നിയമനം നല്കാൻ നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) സെക്രട്ടേറിയറ്റിലെ പല വകുപ്പുകളിലും വേക്കൻസികൾ ഉണ്ടായിട്ടും ബൈ ട്രാൻസ്ഫർ നിയമനങ്ങൾ നടത്തുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വിവരാവകാശ കമ്മീഷൻ റിപ്പോർട്ട്

25 (3760) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന വിവരാവകാശ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് വിവരാവകാശ നിയമം 25(4) പ്രകാരം ഏതെല്ലാം വർഷങ്ങളിൽ സഭയിൽ വച്ചുവെന്ന് വ്യക്തമാക്കാമോ?

2017-18 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

## സംസ്ഥാന വിവരാവകാശ കമ്മീഷൻ റിപ്പോർട്ട്

26 (3761) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമം വകുപ്പ് 25(2) പ്രകാരം സംസ്ഥാന വിവരാവകാശ കമ്മീഷന് റിപ്പോർട്ടിനാവശ്യമായ വിവരങ്ങൾ ഏതെല്ലാം വകുപ്പുകൾ സമർപ്പിച്ചുവെന്ന് വകുപ്പദ്ധ്യക്ഷന്മാർ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാന വിവരാവകാശ കമ്മീഷന് വിവരം നൽകുന്നതിൽ ഏതെല്ലാം ഉദ്യോഗസ്ഥർ വീഴ്ചവരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 2017-18 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2018-19-ലെ വാർഷിക റിപ്പോർട്ട് ഗവ.പ്രസ്സിൽ അച്ചടി ഘട്ടത്തിലാണ്. 2019-20, 2020-21-ലെ വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വിവരങ്ങൾ സംസ്ഥാന വിവരാവകാശ കമ്മീഷന് ലഭ്യമാക്കാത്ത വകുപ്പുകൾ/ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

## സംസ്ഥാന വിവരാവകാശ കമ്മീഷൻ

27 (3762) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമം വകുപ്പ് 25(1) പ്രകാരം സംസ്ഥാന വിവരാവകാശ കമ്മീഷൻ അതാത് വർഷം സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കാറുണ്ടോയെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2017-18 വരെയുള്ള വാർഷിക റിപ്പോർട്ടുകളാണ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ വീഴ്ച വരുത്തിയ വർഷങ്ങൾ ഏതെല്ലാം; അറിയിക്കുമോ?

2018-19, 2019-20, 2020-21.

(സി) ഏതെല്ലാം സർക്കാർ വകുപ്പുകളിൽ ഓൺലൈനായി വിവരാവകാശ അപേക്ഷകൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പ്രാഥമിക ഘട്ടമെന്ന നിലയിൽ ഗവ.സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലും കേരള ഐ.ടി. മിഷന്റെ ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ മുഖാന്തരം ഓൺലൈനായി വിവരാവകാശ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ വിവരാവകാശ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ഡി) മറ്റ് വകുപ്പുകളിൽ ഈ സംവിധാനം എപ്പോൾ നിലവിൽ വരുമെന്ന് അറിയിക്കാമോ?

പ്രാഥമിക ഘട്ടമെന്ന നിലയിൽ ഗവ.സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലും കേരള ഐ.ടി. മിഷന്റെ ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ മുഖാന്തരം ഓൺലൈനായി വിവരാവകാശ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ വിവരാവകാശ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടുകൾ**

28 (3763) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ.പി. അബ്ദുൽ ഹമീദ്. :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവർത്തിച്ച ഭരണപരിഷ്കാര കമ്മീഷൻ എത്ര റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

13 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടുകളിലെ ശിപാർശകൾ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഭരണ നവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തി നടപ്പിലാക്കുവാനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി സെക്രട്ടറിമാരുടെ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി നാളിതുവരെ 7 റിപ്പോർട്ടുകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. കമ്മീഷന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അത്യാവശ്യമില്ലാത്ത സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് നിർത്തലാക്കുവാനും, കഴിയുന്നിടത്തോളം സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ/സത്യവാങ്മൂലം നൽകുന്ന സംവിധാനം നടപ്പിലാക്കാനും തീരുമാനിച്ചുകൊണ്ട് 13-8-2021-ലെ ജി.ഒ. (എം.എസ്.) നമ്പർ 19/2021/ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*). സ്ഥിരമായ എല്ലാ സർട്ടിഫിക്കറ്റുകളും ഡിജിലോക്കർ ഇലക്ട്രോണിക് സംവിധാനത്തിലൂടെ നൽകുന്നതിനും അവ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, മറ്റ് റിക്രൂട്ട്മെന്റ് സംവിധാനങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തിയിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സത്യവാങ്മൂലം മാത്രം സമർപ്പിച്ചാൽ ലഭ്യമാക്കാൻ കഴിയുന്ന സേവനങ്ങൾ കണ്ടെത്തുവാനും അത്യാവശ്യമല്ലാത്ത സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നത് ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്.

(സി) കമ്മീഷന് വേണ്ടി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

നാലാം ഭരണ പരിഷ്കാര കമ്മീഷന് വേണ്ടി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

## സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനവുമായി ബന്ധപ്പെട്ട താല്ക്കാലിക ജീവനക്കാരുടെ നിയമനം

29 (3764) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ എത്ര ജീവനക്കാരാണ് താല്ക്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നതെന്ന് അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ നിലവിൽ 16 സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർമാർ താല്ക്കാലികമായി സേവനമനുഷ്ഠിക്കുന്നുണ്ട്.

(സി) പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിക്കാനുള്ള അടിസ്ഥാന യോഗ്യത എന്താണെന്നും പ്രസ്തുത ജീവനക്കാർക്ക് വേതനം നല്കുന്നതിനായി പ്രതിമാസം എത്ര തുകയാണ് ചെലവ് വരുന്നതെന്നും അറിയിക്കാമോ?

പ്രസ്തുത തസ്തികയ്ക്കുവേണ്ട അടിസ്ഥാന യോഗ്യത ബി.ടെക്/എം.സി.എ./ എം.എസ്.സി. കമ്പ്യൂട്ടർ സയൻസാണ്. ഐ.ടി. പ്രോജക്ടുകളിൽ 2 വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യം. ഈ ജീവനക്കാർക്ക് വേതനം നല്കുന്നതിനായി പ്രതിമാസം 3,54,526 രൂപ (മൂന്ന് ലക്ഷത്തി അൻപത്തി നാലായിരത്തി അഞ്ഞൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) ചെലവ് വരുന്നുണ്ട്.

(ഡി) നൂറ്റിഎഴുപത്തിയൊൻപത് ദിവസം പൂർത്തിയാക്കുന്ന പക്ഷം പ്രസ്തുത ജീവനക്കാരെ പിരിച്ചുവിട്ട് പുതിയ ജീവനക്കാരെ നിയമിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ജീവനക്കാരെ ഒരു വർഷ കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നത്. നിലവിലെ കരാർ കാലാവധി 31-3-2022-ലാണ് അവസാനിക്കുന്നത്. അടുത്ത വർഷത്തെ കരാർ പുതുക്കുമ്പോൾ വാർഷിക പ്രകടന വിലയിരുത്തലിന്റെയടിസ്ഥാനത്തിൽ 25% ജീവനക്കാരുടെ കരാർ കാലാവധി പുതുക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം സർക്കാരിന് മുന്നിൽ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

## പന്തൽ, ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിലെ തൊഴിലാളികൾക്കുള്ള സഹായം

30 (3765) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് 19 മഹാമാരിയെത്തുടർന്ന് ദുരിതത്തിലായ പന്തൽ, ലൈറ്റ് ആന്റ് സൗണ്ട് മേഖലയിൽ പ്രവർത്തിച്ചിരുന്ന തൊഴിലാളികളെ സഹായിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പന്തൽ, ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത സജീവ അംഗങ്ങളിൽ അപേക്ഷ സമർപ്പിച്ച എല്ലാ

തൊഴിലാളികൾക്കും 2020 കാലയളവിൽ 1,000 രൂപയും ക്വാറന്റൈനിലായിരുന്ന അംഗങ്ങൾക്ക് 5,000 രൂപയും കോവിഡ് ബാധിതരായ അംഗങ്ങൾക്ക് 10,000 രൂപയും ക്ഷേമനിധി ബോർഡിൽ നിന്ന് വിതരണം ചെയ്തിരുന്നു. 2021 കാലയളവിൽ കോവിഡ് ധനസഹായമായി എല്ലാ സജീവ ക്ഷേമനിധി അംഗങ്ങൾക്കും 1000 രൂപ വിതരണം ചെയ്യുന്നതിന് സർക്കാരിൽ നിന്ന് തുക അനുവദിച്ചതിൻ പ്രകാരം വിതരണം നടന്നുവരുന്നു. ടി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ, കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരാത്തവർക്ക്, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗത്വമെടുക്കാവുന്നതും, ബോർഡിൽ നിന്നും, പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾക്കും സർക്കാർ അനുവദിക്കുന്ന മറ്റ് സഹായങ്ങൾക്കും അർഹത നേടാവുന്നതുമാണ്.

**മാവേലിക്കര മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

31(3766) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ തുക അനുവദിച്ച റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിലവിലെ സ്ഥിതി വിവരം വിശദമാക്കുമോ?

(എ & ബി) പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

**വൈക്കം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

32 (3767) <u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(എ & ബി) വൈക്കം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി വഴി സർക്കാർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശം അനുബന്ധമായി* കൊടുത്തിരിക്കുന്നു

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### വണ്ടൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

33 (3768) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികൾ വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചുവെന്ന് വിശദമാക്കാമോ;

(സി) വിവിധ കാരണങ്ങളാൽ മുൻകാലങ്ങളിൽ പൂർത്തിയാക്കാൻ സാധിക്കാത്തതും മണ്ഡലത്തിൽ നടപ്പാക്കുന്നതുമായ ഏതെല്ലാം പ്രവൃത്തികളാണ് റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതെന്ന വിശദാംശം നൽകാമോ?

(എ - സി) വണ്ടൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി വഴി സർക്കാർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശം അനുബന്ധമായി* കൊടുത്തിരിക്കുന്നു.

### ഗുരുവായൂർ മണ്ഡലത്തിലെ കേരള പുനർനിർമ്മാണ പദ്ധതി

34 (3769) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാശംങ്ങൾ, അനുവദിച്ച തുക എന്നിങ്ങനെ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ വകുപ്പുകളുടെ പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റിവിന് കീഴിൽ അംഗീകരിക്കപ്പെട്ട പദ്ധതികളിൽ ഗുരുവായൂർ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളുടെ തൽസ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ നൂറുദിന കർമ്മ പദ്ധതി**

35 (3770) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

ദ്യുതി പദ്ധതിയുടെ ഭാഗമായി 453 വർക്കുകൾ (HT 11 KV Line നിർമ്മാണം - 65.9 കി.മീ., HT ABC നിർമ്മാണം - 15 കി.മീ., HT ഭൂഗർഭ കേബിൾ നിർമ്മാണം - 0.6 കി.മീ., ട്രാൻസ്ഫോർമർ സ്ഥാപിച്ചത് - 35 എണ്ണം, ഫാൾട്ട്പാസ് ഡിറ്റക്ടർ സ്ഥാപിച്ചത് - 110 എണ്ണം, LT ABC നിർമ്മാണം - 8 കി.മീ., LT Line സ്റ്റാൻഡർഡൈസേഷൻ - 601 കി.മീ.) പൂർത്തീകരിച്ചിട്ടുണ്ട്. നിലാവ് പദ്ധതി പ്രകാരം 18 വാട്ടിന്റെ 225 എണ്ണം വിളക്കുകളും, 35 വാട്ടിന്റെ 225 എണ്ണം വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്. എരുമേലി, മുണ്ടക്കയം, കോരുത്തോട്, കൂട്ടിക്കൽ, തീക്കോയി, തിടനാട് എന്നീ 6 പഞ്ചായത്തുകളിലായി 14 അങ്കണവാടികൾ വൈദ്യുതീകരിച്ചു.

**ഏഴാം കേന്ദ്രശമ്പള പരിഷ്കരണം പ്രകാരമുള്ള ശമ്പളം നൽകുന്നതിനുള്ള നടപടികൾ**

36 (3771) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും ആയതിന്റെ കീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങളിലെയും സി.എസ്.ഐ.ആർ. നിരക്കിൽ ശമ്പളം ലഭിക്കുന്ന ജീവനക്കാർക്ക് ഏഴാം കേന്ദ്ര ശമ്പള പരിഷ്കരണം പ്രകാരമുള്ള ശമ്പളം നല്കിത്തുടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

ഇല്ല.

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) ശമ്പള പരിഷ്കരണം പ്രകാരമുള്ള ശമ്പളം പ്രസ്തുത ജീവനക്കാർക്ക് നല്കിത്തുടങ്ങിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെയും ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

(ബി&സി) 25-2-2021-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 8/2021/ശാ.സാ.വ. പ്രകാരം, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലേയും, അനുബന്ധ ഗവേഷണ വികസന സ്ഥാപനങ്ങളിലെയും CSIR നിരക്കിൽ ശമ്പളം ലഭിക്കുന്ന ജീവനക്കാർക്ക്, ശമ്പള പരിഷ്കരണ കുടിശ്ശിക ഗഡുക്കളായി നൽകുന്നതാണെന്ന നിബന്ധനയോടെ ഏഴാം കേന്ദ്ര ശമ്പള പരിഷ്കരണം തത്വത്തിൽ അനുവദിക്കുകയുണ്ടായി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. ഇതര വിശദാംശങ്ങൾ, ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വരുന്ന തീയതി എന്നിവ ഉൾക്കൊള്ളുന്ന മറ്റൊരു പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറി ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു.

## ജൈവ വൈവിധ്യ രജിസ്റ്റർ

37 (3772) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവ വൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ടോ?

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ ഉൾപ്പെടെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ജൈവ വൈവിധ്യ സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജൈവവൈവിധ്യ സംരക്ഷണത്തിനായുള്ള സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നിലവിലുള്ള ജൈവവൈവിധ്യ പരിപാലന സമിതികളിലൂടെ (ബി.എം.സി.) ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക പിന്തുണ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നൽകി വരുന്നു. കൂടാതെ മറ്റ് ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളും ബോർഡ് നടപ്പിലാക്കി വരുന്നു.

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## **ജൈവ വൈവിധ്യ ബോർഡിന്റെ കീഴിലെ പ്രോജക്ട് ഫെല്ലോ തസ്തിക**

38 (3773) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ കീഴിൽ പ്രോജക്ട് ഫെല്ലോ തസ്തികയിൽ 10 വർഷത്തോളമായി ജോലി ചെയ്തിരുന്നവർ ഉൾപ്പെടെയുള്ളവരെ പിരിച്ചുവിടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (PBR) തയ്യാറാക്കൽ പദ്ധതിയുടെ ഭാഗമായാണ് പ്രോജക്ട് ഫെല്ലോമാരെ തെരഞ്ഞെടുത്തിരുന്നത്. ഇവരുടെ നിയമനം തികച്ചും താൽക്കാലികമാണെന്നും പ്രോജക്ട് കാലയളവ് വരെ മാത്രമാണെന്നും നിയമന കത്തിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. പദ്ധതി 2019-ൽ പൂർത്തിയാകുകയും ഇക്കാര്യം സർക്കാർ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. എന്നാൽ റീ ബിൽഡ് കേരള ഇനിഷിയേറ്റീവ് (RKI) പദ്ധതിയുടെ ഭാഗമായി ബോർഡിന് അനുവദിച്ച 3 പദ്ധതികളുടെ പ്രാഥമികഘട്ട വിവരശേഖരണ പ്രവർത്തനങ്ങൾക്കായി PBR പ്രോജക്ട് ഫെല്ലോമാരുടെ സേവനം 31-3-2021 വരെയും, പിന്നീട് 30-4-2021 വരെയും ദീർഘിപ്പിച്ച് നൽകിയിരുന്നു.

(ബി) കോവിഡ് പ്രതിസന്ധിയുടെ കാലഘട്ടത്തിൽ ഇത്തരമൊരു നടപടിയുണ്ടാകുവാനുള്ള കാരണം വ്യക്തമാക്കുമോ; നടപടി മരവിപ്പിക്കുമോ; വിശദാംശം നൽകുമോ?

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (PBR) തയ്യാറാക്കൽ പദ്ധതിയുടെ ഭാഗമായാണ് പ്രോജക്ട് ഫെല്ലോമാരെ തെരഞ്ഞെടുത്തിരുന്നത്. ഇവരുടെ നിയമനം തികച്ചും താൽക്കാലികമാണെന്നും പ്രോജക്ട് കാലയളവ് വരെ മാത്രമാണെന്നും നിയമന കത്തിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. പദ്ധതി 2019-ൽ പൂർത്തിയാകുകയും ഇക്കാര്യം സർക്കാർ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. എന്നാൽ റീ ബിൽഡ് കേരള ഇനിഷിയേറ്റീവ് (RKI) പദ്ധതിയുടെ ഭാഗമായി ബോർഡിന് അനുവദിച്ച 3 പദ്ധതികളുടെ പ്രാഥമികഘട്ട വിവരശേഖരണ പ്രവർത്തനങ്ങൾക്കായി PBR പ്രോജക്ട് ഫെല്ലോമാരുടെ സേവനം 31-3-2021 വരെയും, പിന്നീട് 30-4-2021 വരെയും ദീർഘിപ്പിച്ച് നൽകിയിരുന്നു.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷ

39 (3774) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേയ്ക്ക് എല്ലാ വർഷവും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ട്രെയിനി എന്ന തസ്തികയിലെ കേഡർ സ്ട്രെങ്ത് 105 ആയിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ ഒഴിവുകളിലെ നിയമനത്തിനായുള്ള അന്തിമ റാങ്ക് പട്ടിക പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമന ശിപാർശയുള്ള നടപടി പുരോഗമിച്ചുവരുന്നു. ആയതിലേയ്ക്ക് നിയമനം നടത്തിയശേഷമുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുവാൻ മാത്രമേ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ശിപാർശ ചെയ്യുവാൻ സാധിക്കുകയുള്ളൂ.

(ബി) സിവിൽ സർവ്വീസിലേക്ക് ആളുകളെ ആകർഷിക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

പൊതുജനങ്ങളുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ അനുഭവപരിചയം നേടി പ്രവർത്തിക്കാനുള്ള അവസരവും സർക്കാരിന്റെ ദൈനംദിന പ്രവർത്തനവുമായി ബന്ധപ്പെട്ടും സർക്കാരിന്റെ നയരൂപീകരണത്തിനായി ക്രിയാത്മകമായി പ്രവർത്തിക്കാനുള്ള അവസരം ഉറപ്പുവരുത്തുന്നു. ഭാവിയിൽ മികച്ച ഉദ്യോഗസ്ഥർ ഐ.എ.എസ്.-ലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാനുള്ള സാദ്ധ്യതയുമുണ്ട്.

## കെ.എ.എസ്.-ലെ ഒഴിവുകൾ

40 (3775) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റൂൾസ് പ്രകാരം ആകെയുള്ള രണ്ടാം ഗസറ്റഡ് തസ്തികകളിലെ എത്ര ഒഴിവുകളാണ് കെ.എ.എസ്. സർവ്വീസിനായി നീക്കിവച്ചിട്ടുള്ളത്; ആകെ രണ്ടാം ഗസറ്റഡ് തസ്തികകളുടെ എത്ര ശതമാനമാണ് കെ.എ.എസ്. സർവ്വീസിനായി നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കെ.എ.എസ്. സ്പെഷ്യൽ റൂൾസ് ഷെഡ്യൂൾ II പട്ടിക 1-ൽ പ്രതിപാദിക്കുന്ന രണ്ടാം ഗസറ്റഡ് തസ്തികകളിലെ ഒഴിവുകളാണ് കെ.എ.എസ്. നിയമനത്തിനായി മാറ്റിവച്ചിരിക്കുന്നത്. 29-12-2017-ലെ ജി.ഒ.(പി.)നമ്പർ 12/2017/പി&എആർഡി നമ്പർ ഉത്തരവ് പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങളുടെ ചട്ടം 9(b) പ്രകാരം

ഷെഡ്യൂൾ II-ലെ പട്ടിക I-ൽ പെടുന്ന II ഗസറ്റഡ് തസ്തികയിലെ 10% തസ്തികകളാണ് കെ.എ.എസ്.-നായി നീക്കിവച്ചിട്ടുള്ളത്.

(ബി) കെ.എ.എസ്.-ൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ വകുപ്പുകളിലെയും സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള മൊത്തം രണ്ടാം ഗസറ്റഡ് തസ്തികകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

9-12-2017-ലെ ജി.ഒ.(പി)നം 12/2017/പി&എആർഡി നമ്പർ ഉത്തരവ് പ്രകാരം ഷെഡ്യൂൾ II-ലെ പട്ടിക I-ൽ ഉൾപ്പെടുത്തിട്ടുള്ള തസ്തികകളുടെ വിവരം ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

(സി) 5-1-2015-ലെ ജി.ഒ. (എം.എസ്.) നമ്പർ 1/2015/ജി.എ.ഡി ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണോ കെ.എ.എസ്.-നായി നീക്കിവച്ചിട്ടുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരമുള്ള ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## വകുപ്പുതല ക്രിമിനൽ ജുഡീഷ്യറി പരീക്ഷ

41 (3776) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് ജീവനക്കാർക്കായി പി.എസ്.സി. നടത്തുന്ന വകുപ്പുതല ക്രിമിനൽ ജുഡീഷ്യറി പരീക്ഷയ്ക്ക് 18-9-2020-ന് അപേക്ഷ സ്വീകരിച്ച് ഒരു വർഷത്തിനുശേഷവും പരീക്ഷ നടത്തുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരീക്ഷ സമയബന്ധിതമായി നടത്താത്തത് കാരണം റവന്യൂ വകുപ്പ് ജീവനക്കാരുടെ പ്രൊമോഷൻ തടസ്സപ്പെടുന്ന പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) അപേക്ഷകളുടെ സൂക്ഷ്മപരിശോധന പൂർത്തിയാക്കി സിലബസ് ലഘൂകരിക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ പുരോഗമിച്ചുവരവെയാണ് കൊറോണ മഹാമാരിയെത്തുടർന്നുള്ള ലോക്ഡൗണും പൂർണ്ണമായ ഓഫീസ് പ്രവർത്തനം തടസ്സപ്പെടുന്ന സാഹചര്യവും ഉണ്ടായത്. 2021 ജൂലൈ മാസമാണ് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷകൾ നടത്തുവാനുള്ള അനുമതി സർക്കാർ പി.എസ്.സി.-ക്ക് നൽകിയത്. ഓൺലൈൻ പരീക്ഷ നടത്തുവാനാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരുമാനമെടുത്തിരുന്നത്. കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ പരീക്ഷ ഒഴിവാക്കി OMR പരീക്ഷ എല്ലാ ജില്ലകളിലും നടത്തുവാനും, സിലബസിൽ മാറ്റം വരുത്തുന്നത് കാലതാമസത്തിനിടയാക്കും എന്നതിനാൽ പഴയ സിലബസ് പ്രകാരം 9-11-2021 മുതൽ 17-11-2021 വരെ പരീക്ഷ നടത്തുവാനും പി.എസ്.സി. നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പരീക്ഷ എല്ലാ വർഷവും നടത്തുന്നതിന് നിലവിലുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ?

സ്പെഷ്യൽ ടെസ്റ്റുകൾ (ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് ഉൾപ്പെടെ) ഒരു വർഷത്തിൽ രണ്ട് തവണ നടത്തുന്ന രീതിയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് എങ്കിലും ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് വിദഗ്ദ്ധരിൽ നിന്നുള്ള കാലതാമസം, അപേക്ഷകരുടെ എണ്ണത്തിനനുസൃതമായി ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളുടെ (എഞ്ചിനീയറിംഗ് കോളേജുകൾ) ലഭ്യതക്കുറവ് എന്നിവ കാലതാമസത്തിനിടയാക്കുന്നുണ്ട്.

(ഡി) പ്രസ്തുത പരീക്ഷകൾ എത്രയും വേഗം നടത്തുന്നതിന് നിർദ്ദേശം നൽകുമോ?

9-11-2021 മുതൽ 17-11-2021 വരെ പരീക്ഷ നടത്തുവാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്.

**ഭിന്നശേഷി സംവരണം**

42 (3777) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവരണം ഉറപ്പാക്കിക്കൊണ്ടുള്ള 31-10-2019-ലെ 12/2019/സാ.നീ.വ. ഉത്തരവ് പ്രകാരമുള്ള നിയമനങ്ങൾ എന്നുമുതലാണ് നടപ്പാക്കി തുടങ്ങിയത്; വിശദമാക്കുമോ?

31-10-2019-ലെ 12/2019/സാ.നീ.വ. ഉത്തരവ് പ്രകാരമുള്ള നിയമനങ്ങൾ നടപ്പിലാക്കി തുടങ്ങിയിട്ടില്ല. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്. & എസ്.എസ്.ആർ. ഭേദഗതി വരുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പരിശോധിച്ച് വരുന്നു.

(ബി) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് നിലവിലുള്ള നൂറ് പോയിന്റ് റിസർവേഷൻ റോസ്റ്ററിലെ വിവിധ ടേണുകൾ എപ്രകാരമാണെന്ന് വിശദമാക്കാമോ?

നിലവിലുള്ള 3% ഭിന്നശേഷി സംവരണ വ്യവസ്ഥയിൽ 1, 34, 67 എന്നിങ്ങനെ ഔട്ട് ഓഫ് ടേണായിട്ടാണ് സംവരണം നൽകുന്നത്.

(സി) നാല് ശതമാനം ഭിന്നശേഷി സംവരണം നടപ്പിലാക്കുമ്പോൾ നൂറ് പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിലെ വിവിധ ടേണുകളിൽ എപ്രകാരമാണ് മാറ്റം വരുകയെന്ന് വിശദമാക്കാമോ?

കെ.എസ്. & എസ്.എസ്.ആർ. ഭേദഗതി വരുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പരിശോധിച്ച് വരുന്നു.

(ഡി) ഭിന്നശേഷിക്കാർക്കുള്ള സംവരണം നാല് ശതമാനമായി ഉയർത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവിനനുസൃതമായി കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്. & എസ്.എസ്.ആർ. ഭേദഗതി വരുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പരിശോധിച്ച് വരുന്നു.

### ഡ്രാഫ്റ്റ്സ്മാൻ, ഓവർസിയർ, ട്രേസർ തസ്തികകളുടെ യോഗ്യത

43 (3778) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഉന്നത യോഗ്യതയുള്ളവർ മറ്റു ജോലികളിലേയ്ക്ക് മാറി പോകുന്നതിനാൽ ഐ.ടി.ഐ. അടിസ്ഥാന യോഗ്യതയായിട്ടുള്ള വിവിധ വകുപ്പുകളിലെ തേർഡ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, ഓവർസിയർ, ട്രേസർ തസ്തികകളിലേക്ക് നിയമനത്തിനായി ഐ.ടി.ഐ.(എൻ.സി.വി.ടി.), കെ.ജി.സി.ഇ.ഇ., വി.എച്ച്.എസ്.എസ്.ഇ. യോഗ്യതയുള്ളവരെ മാത്രം പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

വിശേഷാൽചട്ടം/സർക്കാർ ഉത്തരവുകൾ പ്രകാരം ഒരു തസ്തിക അടിസ്ഥാന യോഗ്യതയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ലെങ്കിൽ KS&SSR PART II RULE 10 (a) (ii) പ്രകാരമുള്ള ഉന്നത യോഗ്യതയുള്ളവരെയും ചട്ടപ്രകാരം പരിഗണിക്കേണ്ടതുണ്ട്.

### ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സംവരണം

44 (3779) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ആർ.പി.ഡബ്ല്യു.ഡി. ആക്ട് 2016 അനുസരിച്ച് ഭിന്നശേഷി വിഭാഗങ്ങൾക്ക് പി.എസ്.സി. നിയമനത്തിൽ നാല് ശതമാനം

സംവരണം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഭിന്നശേഷി വിഭാഗങ്ങൾക്ക് പി.എസ്.സി. നിയമനത്തിൽ നാല് ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് 31-10-2019-ലെ 12/2019/സാ.നീ.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്. & എസ്.എസ്.ആർ. ഭേദഗതി വരുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുമായി ചേർന്ന് പരിശോധിച്ച് വരുന്നു.

(ബി) ഭിന്നശേഷി സംവരണം നിലവിൽ Horizontal ആയാണോ Vertical ആയാണോ നടപ്പാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഭിന്നശേഷി വിഭാഗങ്ങൾക്ക് നിയമനശിപാർശകൾ നൽകുന്നതിന് Horizontal സംവരണ രീതിയാണ് അവലംബിച്ചിട്ടുള്ളത്. ആദ്യം Vertical reservation-ൽ (സാമുദായിക സംവരണം/മെരിറ്റ്) ഇവർ ഉൾപ്പെടുമെങ്കിൽ പരിഗണിച്ചതിന് ശേഷമാണ് Horizontal Reservation നൽകുന്നത്. ഭിന്നശേഷി സംവരണത്തിനായി സർക്കാർ ഐഡന്റിഫൈ ചെയ്തിട്ടുള്ള തസ്തികയ്ക്ക് ലഭിക്കുന്ന ഫ്രഷ് ഒഴിവുകൾക്ക് ക്രമനമ്പർ നൽകി ആയതിൽ ക്രമനമ്പർ 1 Low Vision- നും 34 Hearing Impairment-നും 67 Locomotor Disability/Cerebral Palsy യ്ക്കും സംവരണം ചെയ്യുന്നു. ഇതിൽ ഏതെങ്കിലും ഒരു വിഭാഗം റാങ്ക് പട്ടികയിൽ ലഭ്യമാകാതെ വന്നാൽ പ്രസ്തുത ഒഴിവ് തസ്തികയുടെ അടുത്ത റാങ്ക് ലിസ്റ്റിൽ നിന്ന് നികത്താൻ വേണ്ടി മാറ്റിവയ്ക്കുന്നതാണ്. അടുത്ത റാങ്ക് പട്ടികയിൽ നിന്ന് മാറ്റിവച്ച വിഭാഗത്തിലെ ഉദ്യോഗാർത്ഥിയെ ലഭ്യമാണെങ്കിൽ ആ വിഭാഗത്തിന് നൽകുകയും, അല്ലാത്തപക്ഷം ഭിന്നശേഷിക്കാരിലെ മറ്റ് വിഭാഗക്കാരെക്കൊണ്ട് നികത്തുകയും ചെയ്യുന്നു. ഭിന്നശേഷിക്കാരിലെ ഒരു വിഭാഗവും റാങ്ക് ലിസ്റ്റിൽ ഇല്ലാത്തപക്ഷം മാത്രം പ്രസ്തുത ഒഴിവ് പൊതുവിഭാഗത്തിന് നൽകി ക്രമീകരിക്കുന്നതാണ്.

### ഐ.ടി.ഐ. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ

45 (3780) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഒഴിവുകളിലേക്ക് പി.എസ്.സി. മുഖേന അപേക്ഷ ക്ഷണിക്കുമ്പോൾ ഐ.ടി.ഐ. യോഗ്യത വേണ്ട തസ്തികകളിൽ ബി.ടെക്, ഡിപ്ലോമ എന്നീ ഉയർന്ന യോഗ്യതകളുള്ളവരെ ഉൾപ്പെടുത്താറുണ്ടോ?

ഐ.ടി.ഐ. യോഗ്യത വേണ്ട തസ്തികകൾ വിശേഷാൽ ചട്ടം/സർക്കാർ ഉത്തരവുകൾ പ്രകാരം ഐ.ടി.ഐ. യോഗ്യതയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ലെങ്കിൽ കെ.എസ്.&എസ്.എസ്.ആർ. ഭാഗം രണ്ടിലെ 10(എ) (ii) ചട്ടപ്രകാരമുള്ള ഉയർന്ന യോഗ്യതകളെന്ന നിലയിൽ ബി.ടെക്., ഡിപ്ലോമ യോഗ്യതയുള്ളവരേയും പരിഗണിക്കാറുണ്ട്.

(ബി) ഐ.ടി.ഐ. യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് ഇതുമൂലം റാങ്ക് ലിസ്റ്റിൽ മുന്നിൽ വരുന്നതിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഐ.ടി.ഐ. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ആവശ്യപ്പെടുന്ന നിയമനങ്ങൾക്ക് ഉയർന്ന യോഗ്യതയുള്ളവർ അപേക്ഷിക്കുകയും പരീക്ഷകൾ ആ നിലവാരത്തിൽ നടക്കുകയും ചെയ്യുന്നത് താഴ്ന്ന യോഗ്യതയുള്ളവരെ ബാധിക്കുന്നുണ്ടെന്ന പരാതികൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) ഐ.ടി.ഐ. യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് ഐ.ടി.ഐ. നിലവാരത്തിലുള്ള സിലബസ് പ്രകാരമുള്ള പരീക്ഷകൾ നടത്തിയാണ് റാങ്ക് പട്ടിക തയ്യാറാക്കുന്നത്. ആയതിനാൽ ഐ.ടി.ഐ. യോഗ്യതയുള്ളവർ ഒഴിവാക്കപ്പെടുന്ന സാഹചര്യം നിലവിലില്ല.

**ഓവർസിയർ, ഡ്രാഫ്റ്റ്സ്മാൻ, ട്രേസർ തസ്തികകളുടെ യോഗ്യത**

46 (3781) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പൊതുമരാമത്ത്, ഇറിഗേഷൻ, ഹാർബർ എഞ്ചിനീയറിംഗ്, തദ്ദേശസ്വയംഭരണം, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളിലെ തേർഡ് ഗ്രേഡ് ഓവർസിയർ, ഡ്രാഫ്റ്റ്സ്മാൻ, ട്രേസർ എന്നീ തസ്കികകളിലേയ്ക്ക് നിഷ്കർഷിക്കുന്ന യോഗ്യത ഐ.ടി.ഐ. (എൻ.സി.വി.ടി.), കെ.ജി.സി.ഇ, വി.എച്ച്.എസ്.ഇ. എന്നിവയാണോയെന്ന് വ്യക്തമാക്കാമോ?

തേർഡ് ഗ്രേഡ് ഓവർസിയർ, ഡ്രാഫ്റ്റ്സ്മാൻ, ട്രേസർ തസ്തികയുടെ നിലവിലെ വിജ്ഞാപന പ്രകാരമുള്ള യോഗ്യതകൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) എങ്കിൽ പ്രസ്തുത തസ്തികകളിലേയ്ക്ക് നടത്തുന്ന പരീക്ഷകൾക്ക് ഡിപ്ലോമ, ബി.ടെക്., എം.ടെക്. തുടങ്ങിയ അധിക യോഗ്യതയുള്ളവരെക്കൂടി ഉൾക്കൊള്ളിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഐ.ടി.ഐ. യോഗ്യതയായി വേണ്ടിവരുന്ന തസ്തികകൾ, വിശേഷാൽ ചട്ടം/സർക്കാർ ഉത്തരവുകൾ പ്രകാരം ഐ.ടി.ഐ.-ക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ലെങ്കിൽ KS&SSR Part II Rule 10 (a) (ii) പ്രകാരമുള്ള ഉയർന്ന യോഗ്യതകളെന്ന നിലയിൽ B.Tech, Diploma യോഗ്യതയുള്ളവരേയും പരിഗണിക്കുന്നുണ്ട്.

(സി) ഇതുമൂലം ഐ.ടി.ഐ. (എൻ.സി.വി.ടി.), കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. യോഗ്യതയുള്ളവരുടെ അവസരം നഷ്ടമാവുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഐ.ടി.ഐ. യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് ഐ.ടി.ഐ. നിലവാരത്തിലുള്ള സിലബസ് പ്രകാരമുള്ള പരീക്ഷകൾ നടത്തിയാണ് റാങ്ക് പട്ടിക തയ്യാറാക്കുന്നത്. ആയതിനാൽ ഐ.ടി.ഐ. യോഗ്യതയുള്ളവർ ഒഴിവാക്കപ്പെടുന്ന സാഹചര്യം നിലവിലില്ല.

(ഡി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങളും ഇതര സംസ്ഥാനങ്ങളും ഐ.ടി.ഐ. യോഗ്യത നിഷ്കർഷിക്കുന്ന തസ്തികയിലേക്ക് ഐ.ടി.ഐ. സർട്ടിഫിക്കറ്റ് മാത്രമുള്ളവരെ പരിഗണിക്കുമ്പോൾ ഇതിന് വിപരീതമായി കേരള പബ്ലിക് സർവീസ് കമ്മീഷൻ ബി.ടെക്., എം.ടെക്. ബിരുദധാരികളെ ഉൾക്കൊള്ളിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

വിശേഷാൽ ചട്ടപ്രകാരം ഐ.ടി.ഐ. യോഗ്യത മാത്രമായി നിഷ്കർഷിക്കാത്ത സാഹചര്യത്തിൽ ഉയർന്ന യോഗ്യതയുള്ളവരെയും പരിഗണിക്കുന്നുണ്ട്.

## ഫാം.ഡി. കോഴ്സിന് പി.എസ്.സി. അംഗീകാരം

47 (3782) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം.ഡി. കോഴ്സിന് പി.എസ്.സി. അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോഴ്സ് അംഗീകരിച്ചുകൊണ്ട് ഏതെങ്കിലും തസ്തികയിൽ പി.എസ്.സി. നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ&ബി) കേന്ദ്ര സർക്കാർ 16-7-2019-ന് പുറപ്പെടുവിച്ച Z-28020/ 11/2019-AHS നമ്പർ ഗസറ്റ് വിജ്ഞാപനം പ്രകാരം ഫാം. ഡി. ബിരുദധാരികൾ ഉന്നത യോഗ്യതയുള്ളവരെന്ന നിലയ്ക്ക് ഡിപ്ലോമ ഇൻ ഫാർമസി, ബാച്ചിലർ ഓഫ് ഫാർമസി, മാസ്റ്റർ ഓഫ് ഫാർമസി എന്നീ കോഴ്സുകൾ അടിസ്ഥാനയോഗ്യതയായിട്ടുള്ള എല്ലാ തസ്തികകൾക്കും പരിഗണിക്കപ്പെടാൻ യോഗ്യരാണെന്ന് ഉത്തരവായിട്ടുണ്ട്.

## മലപ്പുറം ജില്ല എൽ.പി.സ്കൂൾ അദ്ധ്യാപക ഷോർട്ട് ലിസ്റ്റ്

48 (3783) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ല എൽ.പി.സ്കൂൾ അദ്ധ്യാപക ഷോർട്ട് ലിസ്റ്റിൽ എത്ര പേരുണ്ടെന്നും ജില്ലയിലെ എൽ.പി.സ്കൂൾ അദ്ധ്യാപക തസ്തികയിലെ ഒഴിവുകളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) അദ്ധ്യാപക തസ്തികയിലെ ഒഴിവുകളുടെ എണ്ണത്തിന് ആനുപാതികമായിട്ടല്ല പ്രസ്തുത ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ?

(എ & ബി) മുഖ്യപട്ടികകളിലും ഉപ പട്ടികകളിലുമായി 2312 ( രണ്ടായിരത്തി മുന്നൂറ്റി പന്ത്രണ്ട്) ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 528 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതിനായി കമ്മീഷൻ തീരുമാനം കൈക്കൊണ്ട സമയത്ത് നിലവിലുണ്ടായിരുന്ന ഒഴിവുകളും നിലവിലെ മാനദണ്ഡങ്ങളും പാലിച്ചാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

## മാർക്ക് ഏകീകരണത്തിലെ പോരായ്മ

49 (3784) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പത്താംക്ലാസ് യോഗ്യതയുള്ളവർക്കായി പി.എസ്.സി. വിവിധ ഘട്ടങ്ങളിലായി നടത്തിയ പ്രിലിമിനറി പരീക്ഷ എഴുതിയവരുടെ മാർക്ക് ഏകീകരിച്ചപ്പോഴുണ്ടായ പോരായ്മമൂലം നിരവധി ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റിൽനിന്നും പുറത്തായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മലപ്പുറം ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ ഷോർട്ട് ലിസ്റ്റ്

50 (3785) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാറ്റഗറി നമ്പർ 516/2019 പ്രകാരം മലപ്പുറം ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിലേക്ക് പ്രസിദ്ധീകരിച്ചിരിക്കുന്ന ഷോർട്ട് ലിസ്റ്റിൽ നിലവിലുള്ള ഒഴിവുകൾക്ക് ആനുപാതികമായിട്ടല്ല ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ലിസ്റ്റിൽ കൂടുതൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിൽ എൽ.പി.എസ്.ടി. (മലയാളം മീഡിയം) (കാറ്റഗറി നമ്പർ 516/2019) തസ്തികയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതിനായി കമ്മീഷൻ തീരുമാനം കൈക്കൊണ്ട സമയത്ത് നിലവിലുണ്ടായിരുന്ന ഒഴിവുകളും നിലവിലെ മാനദണ്ഡങ്ങളും പാലിച്ചാണ് പി.എസ്.സി. ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

**സംവരണക്രമം മറികടന്ന് നിയമനം**

51 (3786) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 373/2017 പ്രകാരം പ്രസിദ്ധീകരിച്ച ജൂനിയർ ഇൻസ്ട്രക്ടർ മൾട്ടിമീഡിയ ആൻഡ് സ്പെഷ്യൽ എഫക്ട് റാങ്ക് ലിസ്റ്റിൽനിന്നും സംവരണക്രമം മറികടന്ന് നിയമനം നടത്തിയതിനാൽ മസ്കുലർ ഡിസ്ട്രോഫി ബാധിച്ച് ചക്രക്കസേരയെ ആശ്രയിച്ചുകഴിയുന്ന ശാരീരിക വെല്ലുവിളികൾ നേരിടുന്ന നിരാലംബരായ രണ്ട് പെൺകുട്ടികൾക്ക് നിയമനം നിഷേധിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പിഴവ് അടിയന്തരമായി പരിഹരിച്ച് മേൽപ്പറഞ്ഞവർക്ക് അർഹതപ്പെട്ട നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ & ബി) ചട്ടപ്രകാരം ഭിന്നശേഷി നിയമനത്തിലെ ആദ്യത്തെ ഊഴം Low Vision വിഭാഗത്തിനാണ് നൽകേണ്ടത്. റാങ്ക് പട്ടികയിൽ Low Vision വിഭാഗത്തിൽ ആരും ഉൾപ്പെട്ടിട്ടില്ല. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം അടുത്ത റിക്രൂട്ട്മെന്റ് വർഷത്തിലും യോഗ്യരായ Low Vision വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ മാത്രമേ മറ്റു ഭിന്നശേഷി വിഭാഗങ്ങൾക്ക് ഒഴിവ് പാസ് ഓവർ ചെയ്യാൻ കഴിയുകയുള്ളൂ. മസ്കുലർ ഡിസ്ട്രോഫി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഭിന്നശേഷി സംവരണ വിഭാഗത്തിലെ മൂന്നാമത്തെ ഊഴത്തിൽപ്പെടുന്നവരാണ്. ടി തസ്തികയിൽ നാല് ഒഴിവുകൾ മാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. അതിലെ രണ്ട് ഒഴിവുകളിൽ റാങ്ക് പട്ടികയിലെ 1,2 എന്നീ റാങ്കുകാർക്ക് അവരുടെ ഊഴം അനുസരിച്ച് നിയമന ശിപാർശ നൽകുകയും ഒരു ഒഴിവ് ഈഴവ വിഭാഗത്തിനായി NCA വിജ്ഞാപനം പുറപ്പെടുവിക്കാൻ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പാലിച്ചാണ് പ്രസ്തുത നടപടികൾ കൈകൊണ്ടിട്ടുള്ളത്.

## ഇന്റർ ചെയ്ഞ്ചബിൾ തസ്തികകൾ

52 (3787) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ ഇന്റർ ചെയ്ഞ്ചബിൾ തസ്തികകൾ എന്നാൽ എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകളെ നിർവ്വചിച്ച് ഏതെങ്കിലും ഉത്തരവുകളോ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസിലെയോ കേരള ജനറൽ സബോർഡിനേറ്റ് സർവീസിലെയോ ഏതെങ്കിലും തസ്തികകൾ ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ മാത്രമുള്ള തസ്തികയുമായി ഇന്റർ ചേയ്ഞ്ചബിൾ ആക്കി ഉത്തരവുകളോ സവിശേഷാൽ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഒരു സ്പെഷ്യൽ റൂൾ അനുസരിച്ചും ജൂനിയർ സൂപ്രണ്ട് തസ്തികയ്ക്ക് ഇന്റർ ചേയ്ഞ്ചബിൾ ആയി വേറെ തസ്തികകൾ ഒന്നും സ്പഷ്ടമായി പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ 2016-ലെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അനുബന്ധം 16 (d)-യിൽ ജൂനിയർ സൂപ്രണ്ടുമാർക്കും സ്പെഷ്യൽ റൂൾ അനുസരിച്ചുള്ള അതിന്റെ ഇന്റർ ചേയ്ഞ്ചബിൾ തസ്തികകൾക്കും പറഞ്ഞിരിക്കുന്ന ഹയർ ഗ്രേഡ് ആനുകൂല്യം എപ്രകാരമാണ് ജൂനിയർ സൂപ്രണ്ടുമാർ അല്ലാത്തവർക്ക് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇന്റർ ചേയ്ഞ്ചബിൾ തസ്തികകളുടെ നിർവ്വചനം സംബന്ധിച്ച അവ്യക്തത നീക്കാൻ സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ; വിശദമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## കേസിൽ ഉൾപ്പെട്ട ജീവനക്കാരുടെ ഡി.പി.സി. നടപടികൾ

53 (3788) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർ ഏതെങ്കിലും കേസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് ആരോപണ വിധേയരായി പ്രതി ചേർക്കപ്പെട്ടാൽ അവരെ ഡി.പി.സി.-യിൽ പരിഗണിക്കേണ്ട എന്ന് സർവ്വീസ് ചട്ടങ്ങൾ പറയുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എഫ്.ഐ.ആർ. പ്രകാരം കുറ്റപത്രം നൽകാതിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ആരോപണ വിധേയനെ ഡി.പി.സി.-യിൽ ഉൾപ്പെടുത്താൻ പാടില്ല എന്ന് കോടതി വിധികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കുറ്റപത്രം നൽകാത്തവരെ അന്വേഷണം നടക്കുന്നു എന്ന പേരിൽ ഡി.പി.സി.-യിൽ നിന്ന് ഒഴിവാക്കുകയും പിന്നീട് കുറ്റവിമുക്തനാക്കപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ടായാൽ പ്രസ്തുത വ്യക്തിക്ക് ഉണ്ടാകുന്ന നഷ്ടം പരിഗണിച്ച് ബദൽ മാർഗ്ഗങ്ങൾ ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

(എ-സി) എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് ആരോപണ വിധേയരായ സർക്കാർ ജീവനക്കാരെ ഡി.പി.സി.യിൽ പരിഗണിക്കേണ്ടതില്ലെന്ന് സർവ്വീസ് ചട്ടങ്ങളിൽ പരാമർശിക്കുന്നില്ല. എന്നാൽ, KS&SSR ചട്ടം 28(b)(i)(7)-നു കീഴിലെ 1-ാമത്തെ കുറിപ്പ് പ്രകാരം ഗുരുതരമായ ക്രിമിനൽ കുറ്റകൃത്യങ്ങൾക്ക് സെഷൻസ് കോടതിയിലോ മറ്റ് മേൽക്കോടതികളിലോ വിചാരണ നേരിടുന്ന ഉദ്യോഗസ്ഥരെ ഡി.പി.സി.-യിൽ പരിഗണിക്കേണ്ടതില്ലെന്നും അങ്ങനെയുള്ളവരുടെ അനുയോജ്യത (suitability) ഉചിതമായ സമയത്ത് (relevant time) ഡി.പി.സി. വിലയിരുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. സെഷൻസ് കോടതിയിലോ മറ്റ് മേൽക്കോടതികളിലോ ക്രിമിനൽ നടപടിക്രമങ്ങൾ നേരിടുന്ന ഉദ്യോഗസ്ഥൻ പൂർണമായും കുറ്റവിമുക്തനാക്കപ്പെടുന്നുവെങ്കിൽ ടിയാന് നേരത്തേ ലഭിക്കേണ്ട അർഹമായ ഒഴിവിൽ തന്നെ സ്ഥാനക്കയറ്റം നൽകി നിയമിക്കണമെന്നും എന്നാൽ ടിയാൻ പൂർണമായും കുറ്റവിമുക്തനാകുന്നില്ലെങ്കിൽ, ഡി.പി.സി ഒരോ കേസ്സും മെരിറ്റിൽ തീരുമാനമെടുക്കേണ്ടതാണെന്നും KS&SSR ചട്ടം 28(b)(i)(7)-നു കീഴിലെ 3-ാമത്തെ കുറിപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) സമാനമായ കേസ്സുകളിൽ ഡി.പി.സി.-യിൽ ഉൾപ്പെടാതിരുന്നവരെ പിന്നീട് ട്രിബ്യൂണലുകളുടെയോ ഹൈക്കോടതിയുടെയോ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡി.പി.സി.-യിൽ ഉൾപ്പെടുത്തി പ്രൊമോഷൻ നൽകിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

ഇത്തരം വിവരങ്ങൾ സമാഹരിച്ച് സൂക്ഷിക്കാറില്ല.

**നിയമന, വിശേഷാൽ ചട്ടങ്ങൾ**

54 (3789) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങൾ, ക്ഷേമനിധികൾ, സർക്കാർ ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിയമന ചട്ടങ്ങൾ, വിശേഷാൽ ചട്ടങ്ങൾ എന്നിവ തയ്യാറാക്കാത്തതിനാൽ നിയമനങ്ങളിൽ സംവരണം പാലിക്കുന്നില്ല എന്നത് പരിശോധിക്കുമോ?

നിയമനം പി.എസ്.സി.-യ്ക്ക് വിട്ട സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ വിശേഷാൽ ചട്ട രൂപീകരണം പൂർത്തിയായയിടങ്ങളിൽ മാത്രമേ പി.എസ്.സി. മുഖേന നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ. പി.എസ്.സി. സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ് നിയമന ശിപാർശ നൽകുന്നത്.

(ബി) വിശേഷാൽ ചട്ടങ്ങളും നിയമന ചട്ടങ്ങളും തയ്യാറാക്കി സമർപ്പിക്കാത്ത സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ചട്ടങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടും ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം പി.എസ്.സി. വഴി നിയമനം നടത്താത്ത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) വിവിധ വകുപ്പുകളിൽ നാളിതുവരെ തീരുമാനമാകാത്ത വിശേഷാൽ ചട്ടങ്ങൾ, നിയമന ചട്ടങ്ങൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

(ബി-ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) പ്രസ്തുത ചട്ടങ്ങൾ അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുവാനും ചട്ടപ്രകാരം നിയമനം നടത്തുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പി.എസ്.സി വഴി നിയമനത്തിനുള്ള വിശേഷാൽ ചട്ടങ്ങൾ/ നിയമന ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ ചട്ടരൂപീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 20-10-2020-ലെ സ.ഉ. (സാധാ) നമ്പർ 214/2020-ഉ.ഭ.പ.വ ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്, ധനകാര്യ വകുപ്പ്, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, നിയമ വകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. വിശേഷാൽ ചട്ട/ റിക്രൂട്ട്മെന്റ് ചട്ട രൂപീകരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിലെ വിശേഷാൽ ചട്ട/ റിക്രൂട്ട്മെന്റ് ചട്ട രൂപീകരണ നടപടികൾ അടിയന്തരമായി പൂർത്തിയാക്കണമെന്ന് പ്രസ്തുത കമ്മിറ്റി അതത് ഭരണവകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ വിശേഷാൽ ചട്ട രൂപീകരണ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

**അടിസ്ഥാന യോഗ്യത മാത്രമുള്ളവർക്ക് പരിഗണന**

55 (3790) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഐ.ടി.ഐ. (എൻ.സി.വി.ടി), കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നിവ അടിസ്ഥാന യോഗ്യത ആവശ്യമുള്ള

തസ്തികകളിൽ ഡിപ്ലോമ, ബി.ടെക്., എം.ടെക്. തുടങ്ങിയ യോഗ്യതയുള്ളവർ അപേക്ഷിച്ച് റാങ്ക് പട്ടികയിൽ ഉയർന്ന സ്ഥാനം നേടുന്നത് കാരണം അടിസ്ഥാന യോഗ്യത മാത്രമുള്ളവർക്ക് അവസരം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അടിസ്ഥാന യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള സിലബസ് പ്രകാരമാണ് പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. അതിനാൽ അടിസ്ഥാന യോഗ്യത മാത്രമുള്ളവർ ഒഴിവാക്കപ്പെടുന്ന സാഹചര്യമില്ല.

(ബി) കേന്ദ്ര സർക്കാർ സർവ്വീസുകളിൽ അടിസ്ഥാന യോഗ്യത ആവശ്യമുള്ള തസ്തികകളിൽ ആ യോഗ്യത മാത്രമുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ സംസ്ഥാന സർക്കാർ സർവ്വീസുകളിൽ ഉയർന്ന യോഗ്യതയുള്ളവരെയും പരിഗണിക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

സ്പെഷ്യൽ റൂൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം ഒരേ തസ്തികയിലെ നിയമനം അടിസ്ഥാന യോഗ്യതയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ലെങ്കിൽ KS&SSR PART II RULE 10 (a) (ii) പ്രകാരമുള്ള ഉന്നത യോഗ്യതയുള്ളവരെയും ചട്ടപ്രകാരം പരിഗണിക്കേണ്ടതുണ്ട്.

(സി) ഉയർന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് താഴ്ന്ന തസ്തികകളും ഉയർന്ന തസ്തികകളും ഒരുപോലെ പ്രാപ്യമാകുന്നതുമൂലം അടിസ്ഥാന യോഗ്യത മാത്രമുള്ളവർക്ക് അവസരം നഷ്ടമാകുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ഐ.ടി.ഐ. (എൻ.സി.വി.ടി.), കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നീ യോഗ്യതകൾ മാത്രമുള്ളവർക്ക് താഴ്ന്ന ടെക്നിക്കൽ തസ്തികകളിൽ മാത്രമേ നിയമന സാധ്യതയുള്ളൂ എന്നതിനാലും ഏക പ്രതീക്ഷയായ ആ തസ്തികകൾപോലും ഉയർന്ന യോഗ്യതയുള്ളവർ കരസ്ഥമാക്കുന്ന സാഹചര്യത്തിലും ഈ യോഗ്യതകൾ മാത്രമുള്ളവർക്ക് സ്വാഭാവിക നീതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി & ഡി) ഐ.ടി.ഐ. യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് ഐ.ടി.ഐ. നിലവാരത്തിലുള്ള സിലബസ് പ്രകാരമുള്ള പരീക്ഷകൾ നടത്തിയാണ് റാങ്ക് പട്ടിക തയ്യാറാക്കുന്നത്. ആയതിനാൽ ഐ.ടി.ഐ. യോഗ്യതയുള്ളവർ ഒഴിവാക്കപ്പെടുന്ന സാഹചര്യം നിലവിലില്ല.

**ജവാൻമാരുടെ ആശ്രിതർക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ സ്ഥലംമാറ്റം**

56 (3791) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. വഴി ജില്ലാതല നിയമനം നേടുന്നവർ അഞ്ച് വർഷം ആ ജില്ലയിൽ തന്നെ തുടരണമെന്ന നിയമത്തിൽ ജവാൻമാരുടെ ഭാര്യമാർക്കോ മറ്റ്

ആശ്രിതർക്കോ ഇളവ് നൽകി അവർ ആവശ്യപ്പെടുന്ന ജില്ലയിലേയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ സ്ഥലംമാറ്റം നൽകണമെന്ന ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയതിൻ പ്രകാരം എല്ലാ വകുപ്പുകളും സ്ഥലം മാറ്റം നൽകുന്നുണ്ടോ?

(എ&ബി) 2-12-1991-ലെ സ.ഉ.(പി) നമ്പർ 36/91/ ഉഭപവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് എല്ലാ സർക്കാർ വകുപ്പുകളിലെയും ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത്. സേവനത്തിലുള്ളതോ സേവനത്തിലുള്ളപ്പോൾ മരണപ്പെട്ടതോ ആയ ജവാന്മാരുടെ ആശ്രിതർക്ക് മേൽ അഞ്ചു വർഷ നിബന്ധനയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം സ്ഥലംമാറ്റം ലഭിക്കുന്നവർക്ക് ഈ ഉത്തരവിലെ ഖണ്ഡിക 4 (ii) പ്രകാരം സീനിയോറിറ്റി സംരക്ഷണം ലഭിക്കുകയില്ല.

(സി) എങ്കിൽ അപ്രകാരം സമർപ്പിച്ച അപേക്ഷ ഏതെങ്കിലും വകുപ്പ് നിരസിച്ചതായി അറിയാമോ; എങ്കിൽ കാരണം വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആശ്രിത നിയമനം**

57(3792) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക തസ്തികകൾ ഉൾപ്പെടെ അർഹമായ തസ്തികകളിലേയ്ക്ക് ആശ്രിത നിയമനം നൽകണമെന്ന 7-6-2021-ലെ 12/2021/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

7-6-2021-ലെ 12/2021/ഉഭപവ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പുകളിൽ ലഭിക്കുന്ന അപേക്ഷകൾ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നുണ്ട്.

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിൽ എത്ര ശതമാനം പേർക്ക് ആശ്രിത നിയമന പ്രകാരം ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അഞ്ച് ശതമാനത്തിൽ അധികം പേർക്ക് ആശ്രിത നിയമനം വഴി ജോലി നൽകിയത് സംബന്ധിച്ച ആക്ഷേപത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

24-5-1999-ലെ G.O.(P) 12/99/P&ARD നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് ആശ്രിത നിയമനം നടത്തുന്നത്. ഈ ഉത്തരവിലെ ഖണ്ഡിക 30 പ്രകാരം മരണമടയുന്ന ജീവനക്കാർ ജോലി ചെയ്തിരുന്ന വകുപ്പിൽ

(മാതൃവകുപ്പ്) നിലവിലുള്ളതോ, തൊട്ടടുത്ത് വരുന്നതോ ആയ ഒഴിവിലേയ്ക്കാണ് ആശ്രിത നിയമനം നൽകുന്നത്. ഇപ്രകാരം നിയമനം നൽകുന്നതിന് ക്വാട്ട നിശ്ചയിച്ചിട്ടില്ല. എന്നാൽ ഒരു വകുപ്പിൽ ഒരു വർഷം ഒരു തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 5% ഒഴിവുകളിലേയ്ക്ക് മാത്രമേ ആശ്രിത നിയമനം നൽകാവൂ എന്ന് ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. അതിനാൽ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5% ഒഴിവുകളിലേയ്ക്ക് മാത്രമേ നിയമനം നടത്താവൂ എന്ന് എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസ് വകുപ്പിൽ ഒരു വർഷം ഉണ്ടാകുന്ന 5% ഒഴിവിലേയ്ക്കാണ് ആശ്രിത നിയമനം നടത്തുന്നത്. 2020-ലും 2021-ലും എൽ.ഡി. ക്ലാർക്ക് തസ്തികയിൽ രണ്ടുപേർക്കും 2021-ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ രണ്ടുപേർക്കും ആശ്രിത നിയമനം നൽകിയിട്ടുണ്ട്.

### ഷാസിയ ബി.കെ.-യുടെ ആശ്രിത നിയമന അപേക്ഷ

58(3793) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വാഴക്കാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ മലയാള വിഭാഗം അദ്ധ്യാപകനായിരിക്കെ മരണമടഞ്ഞ കുഞ്ഞിമൂസ്സ ഇ.-യുടെ മകൾ ഷാസിയ ബി.കെ.-യുടെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

48879/U1/2014/G.Edn ഫയലിൽ പരിഗണിക്കുകയും പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനത്തിനായി ഒഴിവുകൾ ഇല്ലാത്തതിനാൽ വിവിധ വകുപ്പുകളിൽ കോഴിക്കോട് ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ മുൻഗണനാക്രമത്തിൽ നിയമനം നൽകാൻ പൊതുഭരണ (സി.ഇ.സെൽ) വകുപ്പിന് 31-3-2016-ൽ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ടിയാളെ ഏത് വകുപ്പിലെ ജോലിക്കായിട്ടാണ് പരിഗണിക്കുന്നതെന്ന് അറിയിക്കുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും അറിയിപ്പുകൾ നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) ടിയാൾക്ക് വിദ്യാഭ്യാസ വകുപ്പിൽ ജോലി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ?

(ബി&സി) കോഴിക്കോട് ജില്ലയിൽ വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കാണ് ടിയാളെ പരിഗണിക്കുന്നത്. തുടർനടപടി സ്വീകരിച്ചുവരുന്നു.

## കേരള സ്റ്റാർട്ടപ്പ് മിഷൻ

59(3794) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത എത്ര സ്റ്റാർട്ടപ്പുകളാണ് നിലമ്പൂർ മണ്ഡലത്തിൽ പ്രവർത്തിച്ച് വരുന്നതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള സ്റ്റാർട്ടപ്പ് മിഷന്റെ യൂണിക് ഐഡിക്കായി സ്റ്റാർട്ടപ്പുകൾ അപേക്ഷിക്കുന്നത് മണ്ഡലം അടിസ്ഥാനമായില്ല. എന്നാൽ സ്റ്റാർട്ടപ്പുകൾ നൽകുന്ന വിലാസത്തിന്റെ അടിസ്ഥാനത്തിൽ നിലമ്പൂർ മണ്ഡലത്തിൽ നിന്നും രജിസ്റ്റർ ചെയ്തിരിക്കുന്നത് 6 സ്റ്റാർട്ടപ്പുകളാണ്.

(ബി) അഗ്രികൾച്ചർ ഇൻഫ്രാസ്ടക്ച്ചർ ഫണ്ട് മുഖേന കാർഷിക സ്റ്റാർട്ടപ്പുകൾ ആരംഭിക്കുവാൻ രണ്ട് കോടി രൂപ വരെ ബാങ്ക് വായ്പകൾ ഈടില്ലാതെ ലഭിക്കുന്നതിന് സർക്കാർ ഗ്യാരണ്ടിയുണ്ടോ; വ്യക്തമാക്കാമോ; സ്റ്റാർട്ടപ്പുകൾക്ക് ബാങ്ക് വായ്പകൾ ലഭിക്കുന്നതിന് ഏകജാലക സംവിധാനം നിലവിലുണ്ടോ?

ഉണ്ട്. രണ്ടു കോടി രൂപ വരെയുള്ള വായ്പകൾക്ക് സർക്കാരിന്റെ ക്രെഡിറ്റ് ഗ്യാരന്റി, രണ്ടു കോടി രൂപ വരെ പരമാവധി 7 വർഷത്തേയ്ക്ക് വായ്പാ പലിശയ്ക്ക് 3% ഇളവ്, വായ്പാ തിരിച്ചടവിന് ആറുമാസം മുതൽ രണ്ടു വർഷം വരെ മൊറട്ടോറിയം, പലിശ നിരക്ക് സർക്കാർ നിശ്ചയിക്കുന്ന പ്രകാരം പദ്ധതി തുകയുടെ 10% മാത്രം ഗുണഭോക്തൃ വിഹിതം എന്നിവയാണ് പ്രധാന ഗുണഫലങ്ങൾ. സ്റ്റാർട്ടപ്പുകൾക്ക് ബാങ്ക് വായ്പകൾ ലഭിക്കുന്നതിന് ഏകജാലക സംവിധാനം നിലവിലില്ല.

(സി) സംസ്ഥാനത്ത് പുതിയ സ്റ്റാർട്ടപ്പുകൾ പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികളും നടപ്പിലാക്കുന്ന പദ്ധതികളും വിശദമാക്കാമോ?

സംസ്ഥാനത്ത് പുതിയ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ യുവ സംരംഭകത്വ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്റ്റാർട്ടപ്പുകൾക്കായി നടത്തുന്ന പരിപാടികളും നല്കുന്ന സഹായങ്ങളും താഴെ പറയുന്നവയാണ്:

1. പ്രചാരണ സഹായം

2. ഇൻകുബേഷനുള്ള സഹായം

3. വിജ്ഞാന/നൈപുണ്യ വികസനം

4. ആക്സിലറേറ്ററുകൾ

5. ഫണ്ടിംഗ് & എന്റർപ്രൈസ് ഡെവലപ്മെന്റ്

6. പ്രോഡക്റ്റൈസേഷൻ / മാർക്കറ്റിംഗ്

7. എക്സ്ചേഞ്ചസ് /ഗ്ലോബൽ ഇമേർഷൻ

8. റിസർച്ച് ഇന്നവേഷൻ പ്രോഗ്രാമുകൾ

9. വനിത സംരംഭകത്വ സ്റ്റാർട്ടപ്പ് പരിപാടി

**കെ -ഫോൺ പദ്ധതി**

60(3795) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള ഫൈബർ ഒപ്റ്റിക്സ് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതി വഴി മുപ്പതിനായിരത്തോളം സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ ഇന്റർനെറ്റ് സേവനം നൽകുന്നതിന് പുറമെ, 20 ലക്ഷത്തോളം പാവപ്പെട്ട കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ലഭ്യമാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെ-ഫോൺ പദ്ധതിയുടെ ഒന്നാംഘട്ടം 2021 ഫെബ്രുവരി 15-ന് പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 30,000 സർക്കാർ ഓഫീസുകളുടെ സർവ്വേയും 35,000 കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനുള്ള സർവ്വേയും 8 ലക്ഷം കെ.എസ്.ഇ.ബി. പോളുകളുടെ സർവ്വേയും 375 PoP (Point of Presence) കളുടെ പ്രീഫാബ് ലൊക്കേഷനുകളും പൂർത്തീകരിച്ചിട്ടുണ്ട്. നെറ്റ്‌വർക്ക് ഓപ്പറേഷൻസ് സെന്ററിന്റെ പണികൾ പൂർത്തീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി. പോളുകൾ വഴി കേബിളുകൾ വലിക്കുന്ന ജോലിയും പുരോഗമിച്ചുവരുന്നു. ഇതിനോടകം സംസ്ഥാനത്താകമാനം 7641 സർക്കാർ സ്ഥാപനങ്ങളെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ മുഖേന ബന്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി 2021 ഡിസംബർ അവസാനത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സൗജന്യ വൈഫൈ**

61(3796) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫൈ പദ്ധതിയിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രത്യേക കണക്ഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഇതിനായി അപേക്ഷകൾ സ്വീകരിക്കുന്നതിനും കണക്ഷൻ അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) വിവര സാങ്കേതികവിദ്യയുടെ അനേകമനേകം ഗുണഫലങ്ങളും വിവിധ സർക്കാർ സേവനങ്ങളും വിവരങ്ങളും അനുബന്ധ കാര്യങ്ങളും തികച്ചും സുതാര്യവും അനായാസവുമായി ജനങ്ങൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പാക്കുന്ന സൗജന്യ വൈഫൈ പദ്ധതിയാണ് കെ-ഫൈ. എല്ലാ ജില്ലകളിലെയും ജില്ലാ ഭരണകൂടങ്ങൾ തെരഞ്ഞെടുത്ത ബസ്സ്റ്റാൻഡുകൾ, ജില്ലാ ഭരണകേന്ദ്രങ്ങൾ, പഞ്ചായത്തുകൾ, പാർക്കുകൾ, പ്രധാന സർക്കാർ ഓഫീസുകൾ, സർക്കാർ ആശുപത്രികൾ, കോടതികൾ, ജനസേവന കേന്ദ്രങ്ങൾ, വായനശാലകൾ മുതലായ ഇടങ്ങളിലാണ് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രയോജനം വിദ്യാർത്ഥികളും അദ്ധ്യാപകരും ഉൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാകുന്നതാണ്.

(സി) സൗജന്യ വൈഫൈ പദ്ധതിക്കായി സംസ്ഥാന സർക്കാർ നാളിതുവരെ ചെലവഴിച്ച തുകയുടെയും ആയതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച ആനുകൂല്യങ്ങളുടെയും വിശദാംശം നൽകാമോ?

സൗജന്യ വൈ-ഫൈ പദ്ധതിക്കായി സംസ്ഥാന സർക്കാർ നാളിതുവരെ 36,52,05,341 രൂപ (മുപ്പത്തിയാറ് കോടി അൻപത്തി രണ്ടു ലക്ഷത്തി അയ്യായിരത്തി മുന്നൂറ്റി നാൽപ്പത്തി ഒന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ആനുകൂല്യങ്ങളൊന്നും ലഭിച്ചിട്ടില്ല.

**വിവര സാങ്കേതിക മേഖലയുടെ വികസനം**

62(3797) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവര സാങ്കേതിക മേഖലയുടെ അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിനും നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഐ.ടി. മേഖലയിൽ ടെക്നോപാർക്ക് സ്ഥാപിക്കപ്പെട്ടതുപോലെ ഐ.ടി. വികസനം സംസ്ഥാനത്താകെ ലക്ഷ്യമാക്കിക്കൊണ്ടാണ് ടെക്നോപാർക്കിന്റെ മാതൃകയിൽ കൊച്ചിയിൽ ഇൻഫോപാർക്ക്, കോഴിക്കോട്-സൈബർപാർക്ക് തുടങ്ങിയ രണ്ട് ഗവൺമെന്റ് ഐ.ടി. പാർക്കുകൾ കൂടി പ്രവർത്തിച്ചുവരുന്നത്. ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നീ പാർക്കുകളുടെ വിവിധ വികസന ഘട്ടങ്ങൾ, ഇവ കേന്ദ്രീകരിച്ചുള്ള ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലുള്ള ഉപ പാർക്കുകൾ, സൈബർപാർക്ക് തുടങ്ങിയവയിലൂടെ സംസ്ഥാനത്തുടനീളം ഐ.ടി. മേഖലയിൽ പരമാവധി നിക്ഷേപങ്ങളും ദേശീയ-അന്തർദ്ദേശീയ തലത്തിലുള്ള വൻകിട ഐ.ടി./ഐ.ടി.ഇ.എസ്., അനുബന്ധ വ്യവസായ സംരംഭങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി ലോകോത്തര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും ഈ മൂന്ന് ഐ.ടി. പാർക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. തന്മൂലം തൊഴിലവസരങ്ങളും വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മെഗാ ഐ.ടി. പ്രോജക്ടുകളുമായി ബന്ധപ്പെട്ട് കേരള ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (K-DISC) മേൽനോട്ടത്തിൽ ICT അക്കാദമി കേരളയും ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുമായി ചേർന്ന് നടപ്പിലാക്കുന്ന ' കേരള നോളജ് ഇക്കണോമി മിഷൻ' പദ്ധതികളിലൂടെ സംസ്ഥാനത്ത് അടുത്ത 5 വർഷത്തിനുള്ളിൽ 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതോടൊപ്പം K-DISC, കേരള ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റവും സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി തൊഴിലുടമകൾക്ക് അവരുടെ പദ്ധതികൾക്ക് അനുയോജ്യരായ പ്രാവീണ്യം നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്താനും ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതകൾക്കനുസരിച്ചുള്ള മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിനും സഹായകമാകും.

(ബി) ഐ.ടി. മേഖലയിൽ ഗവേഷണ സൗകര്യമൊരുക്കി മത്സരാധിഷ്ഠിത വിജ്ഞാനമേഖലകൾ വികസിപ്പിച്ച് സംസ്ഥാനത്തെ സാമ്പത്തിക വികസന മേഖല കരുത്താർജ്ജിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡിജിറ്റൽ ടെക്നോളജി, ഡിജിറ്റൽ സയൻസ്, ഇലക്ട്രോണിക്സ് തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണത്തിന് ഊന്നൽ നൽകുകയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പ്രധാന ലക്ഷ്യം. ഇതിനായി കേന്ദ്ര സർക്കാരുമായി സഹകരിച്ച് ഒരു മികവിന്റ കേന്ദ്രം ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റി Artificial Intelligence, Block Chain, Data Analytics, NLP തുടങ്ങിയവയിൽ ഗവേഷണവും Cyber Security, Geospatial Analytics, Ecological Informatics, Connected System, AI Hardware, Machine Learning തുടങ്ങിയ വിഷയങ്ങളിൽ മാനവശേഷി ഉൽപ്പാദിപ്പിക്കുന്നതിന് ബിരുദാനന്തര ബിരുദ

കോഴ്സുകളും തുടങ്ങിയിട്ടുണ്ട്. ഇതിനു പുറമെ Block Chain Academy യുടെ നേതൃത്വത്തിൽ certificate course കളും നടത്തിവരുന്നു. ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് ABCD (Accelerated Block Chain competency Development) എന്ന കോഴ്സാണ്. ഇത് K-DISC -ഉം ആയി സഹകരിച്ചാണ് നടത്തുന്നത്. ഇതിനകം ABCD കോഴ്സ് മുഖേന 7000-ത്തിലധികം പേർക്ക് ട്രെയിനിംഗ് ലഭിക്കുകയും അതിൽ 60% -ത്തോളം പേർക്ക് നിയമനം ലഭിക്കുകയും ചെയതിട്ടുണ്ട്.

## ഐ.ടി. പാർക്കുകളുടെ വികസനം

63(3798) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ എത്ര സ്ക്വയർഫീറ്റ് ഏരിയ പ്രവർത്തനക്ഷമമാക്കി; ഇതുവഴി എത്ര തൊഴിലവസരങ്ങൾ പുതിയതായി സൃഷ്ടിക്കാൻ സാധിച്ചുവെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ടെക്നോപാർക്ക്:- ടെക്നോപാർക്കിൽ 2016-ൽ ഉണ്ടായിരുന്ന അടിസ്ഥാന സൗകര്യങ്ങൾ 85.1 ലക്ഷം ചതുരശ്ര അടിയിൽനിന്നും 102.7 ലക്ഷം ചതുരശ്ര അടിയായി വർദ്ധിപ്പിച്ചു. ഇതിലൂടെ പുതിയതായി ഏകദേശം 11140 തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

ഇൻഫോപാർക്ക്: - ഇൻഫോപാർക്കിന്റെ ഐ.ടി. സ്പേസ് വിസ്തൃതി 6 ദശലക്ഷം ചതുരശ്ര അടിയിൽനിന്ന് 9.2 ദശലക്ഷം ചതുരശ്ര അടിയിലേയ്ക്ക് വളർന്നു. ഇതുവഴി ഏകദേശം 19400 തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കപ്പെടുകയും ചെയ്തു.

സൈബർ പാർക്ക്: സൈബർ പാർക്കിൽ ഐ.ടി സ്പേസ് വിസ്തൃതി 12000 ച.അടിയിൽനിന്ന് 3 ലക്ഷം ച.അടിയിലേയ്ക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുവഴി ഏകദേശം 550 തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കപ്പെട്ടു.

(ബി) തിരുവനന്തപുരം ടെക്നോസിറ്റിയിൽ നിലവിൽ എത്ര കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; എന്തൊക്കെ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുവെന്നും ഏതെല്ലാം കമ്പനികളുടെ നിക്ഷേപങ്ങൾ സംബന്ധിച്ച് ധാരണയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

തിരുവനന്തപുരം ടെക്നോസിറ്റിയിൽ നിലവിൽ പ്രധാനമായും 5 പദ്ധതികളുടെ പ്രവർത്തനങ്ങളും നടപടിക്രമങ്ങളുമാണ് പുരോഗമിക്കുന്നത്.

1. ടി.സി.എസ്.-ന്റെ എയ്റോസ്പെയിസ് ഹബ്ബ് ടെക്നോസിറ്റിയിലെ 97

ഏക്കറിൽ ടി.സി.എസ്. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എയ്റോസ്പെയിസ് ഹബ്ബിനായുള്ള ധാരണാപത്രത്തിന് 18-2-2021 -ൽ ഒപ്പുവെച്ചു.

2. ബ്രിഗേഡ് - വേൾഡ് ട്രേഡ് സെന്റർ 12.83 ഏക്കറിൽ നടപ്പിലാക്കുന്ന ബ്രിഗേഡ് വേൾഡ് ട്രേഡ് പദ്ധതിക്കായുള്ള ധാരണാപത്രം 27-2-2019-ൽ ടെക്നോപാർക്കും ബ്രിഗേഡുമായി ഒപ്പുവച്ചു.

3. ടെക്നോപാർക്ക് ഐ.ടി/ഐ.ടി.ഇ.എസ്. ബിൽഡിംഗ് (കബനി) - 105 കോടി രൂപ കിഫ്ബി ഫണ്ടോടുകൂടി 2 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ (NON SEZ) നിർമ്മാണം പൂർത്തിയാക്കിയ ഗവൺമെന്റ് ഐ.ടി. കെട്ടിടമായ കബനിയിൽ നിലവിൽ 14 കമ്പനികളിൽനിന്നും ഫർണിഷ് ചെയ്യാത്ത സ്ഥലത്തിനും 13 കമ്പനികളിൽനിന്നും ഫർണിഷ്ഡ് സ്പെയിസിനുമുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

4. സൺടെക് ബിസിനസ് സൊല്യൂഷൻസ് 10 ഏക്കർ SEZ മേഖലയിൽ 150 കോടി മുതൽമുടക്കിൽ 3.1 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ 2020 മാർച്ചിൽ നിർമ്മാണം പൂർത്തിയാക്കിയ ആദ്യ ഐ.ടി./ഐ.ടി.ഇ.എസ്. കെട്ടിട സമുച്ചയത്തിൽനിന്നും കമ്പനി പ്രവർത്തിച്ചു തുടങ്ങി. കൂടാതെ 30000 ച.അടിയിൽ ഒരു ക്ലബ്ബ് ഹൗസ് കൂടി ക്യാമ്പസിൽ നിർമ്മിക്കാൻ സൺടെക്കിന് പദ്ധതിയുണ്ട്.

5. ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള. 10.33 ഏക്കറിൽ, 1.9 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ 2021 ഫെബ്രുവരിയിൽ നിർമ്മാണം പൂർത്തിയാക്കി ക്യാമ്പസ് പ്രവർത്തനമാരംഭിച്ചു.

### ഇരവിപുരം മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

64(3799) ശ്രീ എം നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

ഇരവിപുരം നിയോജകമണ്ഡലത്തിൽ 8 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൊല്ലം കോർപ്പറേഷനിൽ അഞ്ചും മയ്യനാട് ഗ്രാമപഞ്ചായത്തിൽ രണ്ടും ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ ഒരു അക്ഷയകേന്ദ്രവുമാണ് പ്രവർത്തിക്കുന്നത്.

(ബി) പൊതുജനങ്ങൾക്ക് അക്ഷയകേന്ദ്രങ്ങളിലെ സേവനങ്ങളും സേവനനിരക്കുകളും വ്യക്തമായി മനസ്സിലാക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങളിൽ ഏകീകൃത പ്രദർശന ബോർഡ് സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബോർഡ് പ്രദർശിപ്പിക്കാത്ത അക്ഷയ കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സർവ്വീസ് ചാർജ്ജുകൾ പ്രസ്താവിക്കുന്ന ബോർഡ് പ്രദർശിപ്പിച്ചിട്ടില്ലെങ്കിൽ 5,000 രൂപ പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇരവിപുരം മണ്ഡലത്തിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഇരവിപുരം മണ്ഡലത്തിലെ ഒറ്റപ്ലാമൂട്, പോളയത്തോട്, മൈലാപ്പൂർ, ആലുമ്മൂട് ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കണമെന്നുള്ള അപേക്ഷകൾ അക്ഷയ ജില്ലാ ഓഫീസിൽ പരിശോധിച്ചുവരുന്നുണ്ട്.

**അമിത ഫീസ് ഈടാക്കുന്ന അക്ഷയ കേന്ദ്രങ്ങൾ**

65(3800) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾക്ക് സർവ്വീസ് ചാർജ്ജുകൾ ഏകീകരിച്ച് നൽകിയിട്ടുണ്ടെങ്കിലും ചില കേന്ദ്രങ്ങളിൽ അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

ഉണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ ഗുരുതരമായ പോരായ്മകളോ ക്രമക്കേടുകളോ കണ്ടെത്തുന്നപക്ഷം 30-10-2019-ലെ സ.ഉ. (കൈ) നമ്പർ 24/2019 വി.സാ.വ. സർക്കാർ ഉത്തരവ് പ്രകാരം ചുവടെ പറഞ്ഞിരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകളാണ് നിലവിലുള്ളത്:

1. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സർവ്വീസ് ചാർജ്ജുകൾ പ്രസ്താവിക്കുന്ന റേറ്റ് ചാർട്ട് പൊതുജനങ്ങൾക്ക് വ്യക്തമായി കാണാവുന്ന തരത്തിൽ അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിച്ചിട്ടില്ലെങ്കിൽ 5,000 രൂപ പിഴ ഈടാക്കുന്നതാണ്.

2. സേവനങ്ങൾക്ക് അധിക ചാർജ്ജ് ഈടാക്കിയെന്ന് കണ്ടെത്തിയാൽ 5000 രൂപ പിഴ ഈടാക്കുന്നതാണ്.

3. പൊതുജനങ്ങളോട് മോശമായി പെരുമാറുക/തെറ്റായ വിവരം നൽകുക, ഉപഭോക്താക്കളിൽനിന്നും അധിക തുക സേവനദാതാവിന് ഈടാക്കി നൽകുക എന്നിവയ്ക്ക് 1,000 രൂപ പിഴ ഈടാക്കുകയും സർവ്വീസ് ചാർജ്ജും അധിക തുക സേവനദാതാവിന് ഈടാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതും ഉപഭോക്താവിന് തിരികെ ലഭ്യമാക്കുന്നതാണ്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം അധികം ഫീസ് ഈടാക്കിയതിന് കോഴിക്കോട് ജില്ലയിൽ എത്ര കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷം ഇപ്രകാരം നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(സി) അക്ഷയ കേന്ദ്രങ്ങളിൽ അമിത ഫീസ് ഈടാക്കിയാൽ പൊതുജനം ആർക്കാണ് പരാതി നൽകേണ്ടത് എന്ന് വ്യക്തമാക്കുമോ?

അക്ഷയയുമായി ബന്ധപ്പെട്ട പരാതികൾ സർക്കാരിനും ജില്ലാകളക്ടർക്കും അക്ഷയ സംസ്ഥാന/ജില്ലാ ഓഫീസുകളിലും നൽകാവുന്നതാണ്.

## പാലക്കാട് ജില്ലയിലെ കെ-ഫൈ പദ്ധതി

66(3801) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫൈ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എവിടെയെല്ലാം സൗജന്യ വൈ-ഫൈ ലഭ്യമാക്കിയിട്ടുണ്ടെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

കെ-ഫൈ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ 130 കേന്ദ്രങ്ങളിൽ സൗജന്യ വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കെ-ഫൈ പദ്ധതിയുടെ രണ്ട് ഘട്ടങ്ങളിലായി, സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 2000 കേന്ദ്രങ്ങളിൽ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിൽ 50 ഹോട്ട്സ്പോട്ടുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

## ദുരിതാശ്വാസ നിധിയിൽനിന്നും പെരുമ്പാവൂർ മണ്ഡലത്തിൽ ചെലവഴിച്ച തുക

67(3802) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് എത്ര രൂപ പെരുമ്പാവൂർ മണ്ഡലത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണ്ഡലം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) കോവിഡുമൂലം കുടുംബത്തിലെ എല്ലാ അംഗങ്ങളും മരണപ്പെട്ട സിനി എന്ന നഴ്സിന് ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായത്തിനുവേണ്ടി പെരുമ്പാവൂർ എം.എൽ.എ. സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ ?

ശ്രീമതി സിനിയുടെ അപേക്ഷ പരിഗണിച്ച് സഹായഹസ്തം പദ്ധതി മുഖേനയുള്ള സ്വയംതൊഴിൽ അനുവദിക്കുന്നതിനുള്ള നടപടികൾ ജില്ലാ വനിതാ ക്ഷേമകാര്യാലയത്തിൽ നടന്നുവരുന്നതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഇവരുടെ കുടുംബത്തിലെ കോവിഡ് മരണം കോവിഡ്-19 ജാഗ്രത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ അപേക്ഷകയോട് ബന്ധപ്പെട്ട പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിന് വില്ലേജ് ഓഫീസർ മുഖാന്തരം അറിയിപ്പ് നൽകിയിട്ടുണ്ട്. കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതരുടെ വിഷയത്തിൽ വളരെ അനുതാപമായ സമീപനമാണ് സർക്കാർ കൈകൊണ്ടിട്ടുള്ളത്. കോവിഡ്-19 ബാധിച്ച് മാതാപിതാക്കൾ രണ്ട് പേരും മരണപ്പെട്ട എല്ലാ കുട്ടികൾക്കും വനിതാ ശിശു വികസന വകുപ്പിന്റെ ഫണ്ടിൽനിന്നും 2,000 രൂപ വീതം കുട്ടിക്ക് 18 വയസ്സാകുന്നതുവരെ കുട്ടിയുടെയും കുട്ടിയുടെ ഇപ്പോഴത്തെ രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് മാസംതോറും നിക്ഷേപിക്കുന്നതിനും അപ്രകാരം അനാഥരാക്കപ്പെട്ട കുട്ടികളുടെ പേരിൽ 2 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം തുടങ്ങുന്നതിനും കൂടാതെ പ്രസ്തുത കുട്ടികളുടെ ബിരുദതലം വരെയുള്ള പഠന ചെലവുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ഏറ്റവും അടുത്ത ബന്ധുവിന് 50,000 രൂപ ധനസഹായം നൽകുന്നതിന് ദേശീയ ദുരന്തര നിവാരണ അതോറിറ്റിയുടെ നിർദ്ദേശം കേരളത്തിലും നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്. കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 5,000 രൂപ വീതം 3 വർഷത്തേയ്ക്ക് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിൽ അനുവദിച്ച ദുരിതാശ്വാസ തുക

68(3803) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പാലക്കാട് ജില്ലയ്ക്ക് നൽകിയ തുക എത്രയാണ്; താലൂക്ക് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

| താലൂക്ക് | ചികിത്സാ ധനസഹായം | വെള്ളപ്പൊക്ക ദുരിതാശ്വാസം |
|---|---|---|
| ആലത്തൂർ | 14,23,45,350 | 33,90,09,600 |
| പാലക്കാട് | 9,40,38,478 | 28,30,82400 |
| ചിറ്റൂർ | 9,99,76,500 | 14,42,72,170 |
| മണ്ണാർക്കാട് | 6,39,48,900 | 14,05,31,114 |
| ഒറ്റപ്പാലം | 8,12,79,000 | 25,41,14,920 |
| പട്ടാമ്പി | 11,87,65,240 | 10,83,43,100 |
| ആകെ | 60,03,53,468 | 1,12,25,29,697 |

(ബി) ആലത്തൂർ താലൂക്കിലേയ്ക്ക് നൽകിയ തുകയുടെ കണക്ക് പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ?

പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല.

**കുണ്ടറ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

69(3804) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കുണ്ടറ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി)പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കിയവ, നടന്നുകൊണ്ടിരിക്കുന്നവ, ഇതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തവ എന്നിങ്ങനെ തരംതിരിച്ച് വിവരം നൽകാമോ?

(എ&ബി) 2018-ലെ പ്രളയത്തെത്തുടർന്നാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് സർക്കാർ രൂപം നൽകിയത്. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ വകുപ്പുകളുടെ പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ അംഗീകരിക്കപ്പെട്ട പദ്ധതികളിൽ കുണ്ടറ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളുടെ തൽസ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മലപ്പുറത്തെ സാന്ത്വന സ്പർശം അദാലത്തിൽ ലഭിച്ച അപേക്ഷകൾ**

70(3805) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ നേതൃത്വത്തിൽ 2021 ഫെബ്രുവരിയിൽ നടന്ന സാന്ത്വന സ്പർശം അദാലത്തിൽ മലപ്പുറം ജില്ലയിൽനിന്നും എത്ര അപേക്ഷകൾ കൈപ്പറ്റി; ഓൺലൈനായും ഓഫ്‌ലൈനായും ലഭിച്ച അപേക്ഷകളുടെ എണ്ണം താലൂക്ക് അടിസ്ഥാനത്തിൽ ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

സാന്ത്വന സ്പർശം അദാലത്തിൽ മലപ്പുറം ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച അപേക്ഷകളുടെ എണ്ണം താഴെ ചേർക്കുന്നു:

| താലൂക്ക് | എണ്ണം |
|---|---|
| തിരൂരങ്ങാടി | 250 |
| തിരൂർ | 300 |
| പൊന്നാനി | 157 |
| പെരിന്തൽമണ്ണ | 282 |
| നിലമ്പൂർ | 136 |
| കൊണ്ടോട്ടി | 973 |
| ഏറനാട് | 324 |
| ആകെ | 2422 |

സാന്ത്വന സ്പർശം അദാലത്തിൽ മലപ്പുറം ജില്ലയിൽ ആകെ 11302 സി.എം.ഒ. പരാതികളാണ് ലഭിച്ചിട്ടുള്ളത്. പൊന്നാനി താലൂക്ക് അദാലത്തിൽ ലഭിച്ച എല്ലാ പരാതികളും ഓൺലൈൻ അപ്‌ഡേഷൻ ചെയ്തിട്ടുള്ളതാണ്. കൊണ്ടോട്ടി താലൂക്ക് അദാലത്തിൽ 3135 പരാതികളും നിലമ്പൂർ താലൂക്ക് അദാലത്തിൽ 3359 പരാതികളുമാണ് ഓഫ്‌ലൈനായി ലഭിച്ചിട്ടുള്ളത്. 4808 പരാതികളാണ് നിലവിൽ ഓൺലൈൻ പോർട്ടലിലുള്ളത്.

(ബി) എത്ര അപേക്ഷകളിൽ ഇതുവരെ തീർപ്പ് കൽപ്പിച്ചു; അവയുടെ പുരോഗതി വെളിപ്പെടുത്തുമോ; ഓൺലൈൻ അപേക്ഷകൾ പോലും തീർപ്പാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

സാന്ത്വന സ്പർശം അദാലത്തിൽ മലപ്പുറം ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച അപേക്ഷകളിൽ 1830 അപേക്ഷകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഓൺലൈൻ പോർട്ടലിലുള്ള 4808 സി.എം.ഒ. പരാതികളിൽ 4039 പരാതികൾ തീർപ്പാക്കിയിട്ടുള്ളതായി കാണുന്നു. കൊണ്ടോട്ടി താലൂക്കിൽ

ഓഫ്ലൈനായി ലഭിച്ച 2259 പരാതികളും, നിലമ്പൂർ താലൂക്കിൽ ഓഫ്ലൈനായി ലഭിച്ച 2622 പരാതികളും തീർപ്പാക്കിയിട്ടുണ്ട്. ആകെ 8920 പരാതികൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ബാക്കി എല്ലാ പരാതികളിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോർട്ടലിൽ പെൻഡിംഗ് പരാതികൾ '0' ആണ് കാണിക്കുന്നത്.

(സി) എല്ലാം അപേക്ഷകളും തീർപ്പാക്കി എന്നത്തേയ്ക്ക് ധനസഹായം അനുവദിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കണ്ണൂർ വിമാനത്താവള റൺവേ വികസനം**

71(3806) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേയ്ക്ക് നിലവിൽ എത്ര നീളമുണ്ടെന്ന് അറിയിക്കാമോ?

കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേയ്ക്ക് നിലവിൽ 3050 മീറ്റർ നീളമുണ്ട്.

(ബി) 2016 ഏപ്രിലിൽ റൺവേയുടെ നീളം എത്ര മീറ്ററായിരുന്നു; വിശദമാക്കുമോ?

2400 മീറ്റർ റൺവേ ഉണ്ടായിരുന്നുവെങ്കിലും വിമാനത്താവളം പ്രവർത്തനസജ്ജമായിരുന്നില്ല. കേന്ദ്രസർക്കാർ മന്ത്രാലയങ്ങളിൽനിന്നുള്ള വിവിധ ക്ലിയറൻസുകൾ ലഭ്യമാക്കേണ്ടതുണ്ടായിരുന്നു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും എയർപോർട്ട് ഓപ്പറേഷനുള്ള അനുമതിയും ലഭിച്ചിരുന്നില്ല. കൂടാതെ, പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് റൺവേ സേഫ്റ്റി ഏരിയ (ആർ.എസ്.എ)-07, നാവിഗേഷൻ ബിൽഡിംഗ്, ഇന്റേണൽ അപ്രോച്ച് റോഡ്, ഓപ്പറേഷണൽ പെരിമീറ്റർ റോഡ് & മതിൽ, റൺവേ ബേസിക് സ്ട്രിപ്പ് ഉൾപ്പെടെ ടർഫിംഗ്, എയർപോർട്ട് ഗ്രൗണ്ട് ലൈറ്റിംഗ് (സെന്റർ ലൈൻ ലൈറ്റ്, എഡ്ജ് ലൈറ്റ് മുതലായവ), പി.ടി.ബി & എ.ടി.സി - ഇന്റീരിയർ ഫിനിഷിംഗ് വർക്ക് (എ.സി ഉൾപ്പെടെ), സെക്യൂരിറ്റി ഗേറ്റ് & വാച്ച് ടവർ, സ്റ്റോം വാട്ടർ ഡ്രെയിനേജ് വർക്ക്, പ്ലംബിംഗ് & വാട്ടർ സപ്ലൈ, ലിഫ്റ്റ്, എസ്കലേറ്റർ, പാസഞ്ചർ ബോർഡിംഗ് ബ്രിഡ്ജ്, സെക്യൂരിറ്റി എക്യുപ്മെന്റ്, ഫർണീച്ചർ മുതലായവയുടെ പർച്ചേസിംഗ്, ഇന്റീരിയർ ഡിസൈൻ, കൗണ്ടറുകൾ തുടങ്ങിയവ പൂർത്തീകരിച്ചാണ് വിമാനത്താവളത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം 2018-ൽ ആരംഭിച്ചത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മീറ്റർ റൺവേ നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2018 ഡിസംബർ 9-നാണ് 3050 മീറ്റർ റൺവേയോടുകൂടി കണ്ണൂർ എയർപോർട്ട് വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചത്.

(ഡി) 4000 മീറ്റർ റൺവേ നിർമ്മിക്കാൻ ഉദ്ദേശ്യമുണ്ടോ; ഇതിന് എന്ത് ചെലവ് വരുമെന്നും; എന്ന് നിർമ്മാണം ആരംഭിക്കുമെന്നും; എന്ന് പൂർത്തിയാകുമെന്നും; എത്ര ചെലവാണ് ഇതിന് കണക്കാക്കിയിരിക്കുന്നതെന്നും വിശദീകരിക്കാമോ?

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനുവേണ്ടി 4000 മീറ്റർ റൺവേ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കാൻ സർക്കാർ 2016-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നത് സർക്കാർ നിശ്ചയിച്ച നോഡൽ ഏജൻസിയായ കിൻഫ്രയും സ്പെഷ്യൽ തഹസിൽദാറുമാണ്. കോവിഡ് കാരണം നിലച്ചുപോയ പ്രസ്തുത സ്ഥലമേറ്റെടുക്കൽ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

**ശബരിമല വിമാനത്താവളം**

72(3807) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന് അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന് അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല.

(ബി) ശബരിമല വിമാനത്താവളവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും സാധ്യതാ പഠനം നടത്തുന്നതിന് ആധികാരിക ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ടി വിമാനത്താവളത്തിനായുള്ള ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ടെണ്ടർ

പ്രോസസ് മുഖേന ചുമതലപ്പെടുത്തിയ ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പ്രാഥമിക ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽനിന്നും ലഭിച്ച അഭിപ്രായങ്ങൾക്കുള്ള നിയമാനുസൃതമായ വിശദീകരണം തയ്യാറാക്കുകയും ആയത് വിശദമായ അവലോകനത്തിനുശേഷം സമയബന്ധിതമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സർക്കാർ നിയമിച്ച അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ), എം.ഡി, കെ.എസ്.ഐ.ഡി.സി., പത്തനംതിട്ട ജില്ലാകളക്ടർ, കൊല്ലം ജില്ലാകളക്ടർ എന്നിവരടങ്ങുന്ന കമ്മിറ്റി പ്രദേശങ്ങളിൽ ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയ ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മലയാളം പ്ലാന്റേഷനെ പ്രസ്തുത പ്രോജക്ട് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുക്കുകയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായി ശ്രീ. വി തുളസീദാസ് ഐ.എ.എസ്. (റിട്ട)-നെ നിയമിക്കുകയും നിർദ്ദിഷ്ട വിമാനത്താവളത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലുള്ള നിർവ്വഹണവും മേൽനോട്ടവും യഥാസമയമുള്ള അവലോകനവും മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, വ്യവസായ, റവന്യൂ, ഗതാഗത വകുപ്പ് സെക്രട്ടറിമാരുടെയും മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി., സ്പെഷ്യൽ ഓഫീസർ എന്നിവരുടെയും മേൽനോട്ടത്തിൽ നടന്നുവരുന്നു.

## ശബരിമല വിമാനത്താവള നിർമ്മാണം

73(3808) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ വിമാനത്താവളം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് വരെയായെന്ന് അറിയിക്കാമോ?

ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിന് ആധികാരിക ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിരുന്നു. ടി വിമാനത്താവളത്തിനായുള്ള ടെക്നോ ഇക്കണോമിക് പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ടെണ്ടർ പ്രോസസ്

മുഖേന ചുമതലപ്പെടുത്തിയ ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പ്രാഥമിക ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽനിന്ന് ലഭിച്ച അഭിപ്രായങ്ങൾക്കുള്ള നിയമാനുസൃതമായ വിശദീകരണം തയ്യാറാക്കുകയും ആയത് വിശദമായ അവലോകനത്തിനുശേഷം സമയബന്ധിതമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സർക്കാർ നിയമിച്ച കമ്മിറ്റി കണ്ടെത്തിയ പ്രദേശങ്ങളിൽ ഏറ്റവും അനുയോജ്യമെന്ന് തീരുമാനിച്ച് ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മലയാളം പ്ലാന്റേഷനെ പ്രസ്തുത പ്രോജക്റ്റ് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുക്കുകയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. നിർദ്ദിഷ്ട വിമാനത്താവളത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത വിമാനത്താവള നിർമ്മാണത്തിന് എത്ര ഏക്കർ സ്ഥലം വേണ്ടിവരുമെന്നും സ്ഥലം ഏറ്റെടുക്കൽ എന്ന് പൂർത്തിയാകുമെന്നും വിശദമാക്കാമോ?

നിലവിൽ വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയ പദ്ധതി പ്രദേശമായ ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മലയാളം പ്ലാന്റേഷൻ സ്ഥിതി ചെയ്യുന്ന 2283.18 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായിട്ടുള്ളത്. കൂടാതെ പ്രസ്തുത വിമാനത്താവളത്തിന്റെ റൺവേയുടെ നീളം, സാങ്കേതികമായി ആവശ്യമുള്ള സൗകര്യങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ, ഭാവിയിലെ വികസനം എന്നിവ കണക്കിലെടുത്ത് കൂടുതൽ സ്ഥലത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവലോകനങ്ങൾ നടന്നുവരികയാണ്. പ്രസ്തുത അവലോകന യോഗങ്ങളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതിനെക്കുറിച്ച് സമയബന്ധിതമായി തീരുമാനം എടുക്കുന്നതാണ്.

(സി) വിമാനത്താവള നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വില, എയർപോർട്ട് നിർമ്മാണത്തിന്റെ ചെലവ് എന്നിവ എത്രയെന്ന് വിശദമാക്കാമോ?

പ്രാഥമിക ടെക്നോഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1390 കോടി രൂപയാണ് സ്ഥലമേറ്റെടുപ്പ് ചെലവ് കൂടാതെയുള്ള പദ്ധതിയുടെ പ്രഥമയത്നാത്മകമായ നിർമ്മാണച്ചെലവായി കണക്കാക്കപ്പെട്ടിരിക്കുന്നത്. കൂടാതെ പ്രസ്തുത വിമാനത്താവളത്തിന്റെ റൺവേയുടെ നീളം, സാങ്കേതികമായി ആവശ്യമുള്ള സൗകര്യങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ, ഭാവിയിലെ

വികസനം എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് പ്രസ്തുത പദ്ധതി ചെലവ് വീണ്ടും വിലയിരുത്തി അന്തിമ തീരുമാനമെടുക്കുന്നതാണ്.

(ഡി) പ്രസ്തുത വിമാനത്താവളത്തിന് എത്ര മീറ്റർ റൺവേയാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കൺസൾട്ടന്റ് സമർപ്പിച്ച പ്രാഥമിക ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2700 മീറ്ററാണ് റൺവേയുടെ നീളം നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ പ്രസ്തുത വിമാനത്താവളത്തിന്റെ ഭാവി വികസനവും തുടർന്ന് ആവശ്യമായേക്കാവുന്ന നിർണ്ണായകമായ വിമാന ആകാശ ഗമന വ്യാപ്തിയും കണക്കിലെടുത്ത് റൺവേയുടെ നീളം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ പുരോഗമിച്ചുവരികയാണ്.

### കരിപ്പൂർ വിമാനത്താവളത്തിന്റെ സ്വകാര്യവൽക്കരണം

74 (3809) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കരിപ്പൂർ വിമാനത്താവളത്തിന്റെ സ്വകാര്യവൽക്കരണത്തിൽ സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

അറിയിച്ചിട്ടില്ല. ഔദ്യോഗികമായ അറിയിപ്പൊന്നും ഇക്കാര്യത്തിൽ ലഭിച്ചിട്ടില്ല.

### സിൽവർലൈൻ റെയിൽ പദ്ധതി

75(3810) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം-കാസർഗോഡ് അർദ്ധ അതിവേഗ റെയിൽപാതയുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടിന്റെയും റാപ്പിഡ് എൻവയോൺമെന്റ് ഇംപാക്ട് സ്റ്റഡി റിപ്പോർട്ടിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ; ഇവ സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സിൽവർലൈൻ പാതയ്ക്കായുള്ള ദ്രുത പരിസ്ഥിതി ആഘാത പഠനം, ഡി.പി.ആർ. എന്നിവയുടെ പകർപ്പ് അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു. അവ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### സിൽവർ ലൈൻ റെയിൽ പദ്ധതി

76(3811) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിർദ്ദിഷ്ട തിരുവനന്തപുരം-കാസർഗോഡ് സിൽവർലൈൻ റെയിൽ പാതയ്ക്കായി ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത പഠനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

### തിരുവനന്തപുരം - കാസർഗോഡ് സിൽവർലൈൻ പദ്ധതി

77(3812) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിയുടെ രൂപരേഖയുടെ വിശദാംശങ്ങൾ നൽകാമോ?

മണിക്കൂറിൽ 200 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കാവുന്ന, കാസർഗോഡിനേയും തിരുവനന്തപുരത്തേയും ബന്ധിപ്പിക്കുന്ന 529.46 കിലോമീറ്റർ ദൈർഘ്യമുള്ള സിൽവർ ലൈൻ റെയിൽ ഇടനാഴി സംസ്ഥാനത്തെ തെക്ക്-വടക്ക് ഗതാഗതം സുഗമമാക്കുകയും യാത്രാ സമയം 10-12 മണിക്കൂറിൽ നിന്നും 4 മണിക്കൂറായി കുറയ്ക്കുകയും ചെയ്യും. പാസഞ്ചർ സർവ്വീസ് കൂടാതെ ചരക്കുഗതാഗത മാർഗ്ഗമായ റോ-റോ സർവ്വീസും വിഭാവനം ചെയ്തിട്ടുണ്ട്. ടെക്നോ സിറ്റി, ഇൻഫോപാർക്ക് തുടങ്ങിയിടത്തും കണക്ടിവിറ്റി നൽകുന്നതാണ്. കേരളത്തിലെ ചെറുപട്ടണങ്ങൾ സിൽവർ ലൈനുമായി ബന്ധിപ്പിക്കുന്നതിനും അതുവഴി പ്രധാന നഗരങ്ങളിലേയ്ക്ക് എത്തിച്ചേരുന്നതിനുംവേണ്ടി ഭാവിയിൽ വേണ്ടത്ര ഫീഡർ സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് പഠനം നടത്താനുദ്ദേശിക്കുന്നുണ്ട്. പദ്ധതിയോടനുബന്ധിച്ചുള്ള ആസൂത്രിത നഗരവികസനവും പുതിയ നഗരങ്ങളുടെ സൃഷ്ടിയും പാത കടന്നുപോകുന്ന സ്ഥലങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസന നേട്ടങ്ങളും ഇതുമൂലം കൈവരിക്കാൻ സാധിക്കും. നിർദ്ദിഷ്ട സിൽവർലൈൻ പദ്ധതിയുടെ രൂപരേഖയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിക്ക് സെന്റിന് എത്ര രൂപയാണ് വില നിശ്ചയിച്ചിട്ടുള്ളതെന്നും സ്ഥലമെടുപ്പ് നടപടികൾ എവിടെയെല്ലാം ആരംഭിച്ചുവെന്നും വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾക്കും പാത കടന്നുപോകുന്ന ജില്ലകളിൽ എസ്.ഐ.എ., വിശദ ഭൂസർവ്വേ, ഭൂമി ഏറ്റെടുക്കൽ സെൽ രൂപീകരിക്കൽ തുടങ്ങിയ നടപടികൾക്കും മന്ത്രിസഭയുടെ അംഗീകാരത്തോടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2013-ലെ RFCTLAAR ആക്ട് അനുസരിച്ചായിരിക്കും സ്ഥലത്തിന്റെ വില നിർണ്ണയിക്കുക.

(സി) പദ്ധതി നടത്തിപ്പിനുള്ള സാമ്പത്തിക സ്രോതസ്സ് വിശദമാക്കാമോ?

വിശദമായ പദ്ധതി റിപ്പോർട്ടനുസരിച്ച് സിൽവർ ലൈൻ പദ്ധതിക്കായി 63,941 കോടി രൂപയാണ് ആവശ്യമായി വരുന്നത്. ഇതിൽ വിദേശ വായ്പയായി സമാഹരിക്കുന്ന മുപ്പത്തിമൂവായിരം കോടി രൂപയ്ക്ക് പുറമേ 2150 കോടി രൂപയാണ് റെയിൽവേ വിഹിതം. 975 കോടി രൂപ റെയിൽവേ ഭൂമിയുടെ വിലയാണ്. സംസ്ഥാന സർക്കാർ 3253 കോടി രൂപയാണ് വഹിക്കുന്നത്. 4252 കോടി രൂപ പൊതുജന ഓഹരി പങ്കാളിത്തത്തിലൂടെ സമാഹരിക്കും. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ 13,362 കോടി രൂപ ഹഡ്കോ, കിഫ്ബി, ഐ.ആർ.എഫ്.സി. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നുമാണ് സമാഹരിക്കുന്നത്. 33,700 കോടി രൂപ വിവിധ ഉഭയകക്ഷി ബഹുമുഖ ധനകാര്യ സ്ഥാപനങ്ങളായ ADB, KFW, AIIB, JICA എന്നിവിടങ്ങളിൽ നിന്നുമാണ് കണ്ടെത്താനുദ്ദേശിക്കുന്നത്. നിലവിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കേരളത്തിൽ വിവിധ തലങ്ങളിലുള്ള ധനസമാഹരണത്തിലൂടെ സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമാക്കാനാകുന്ന സാഹചര്യമാണ്. കണ്ണൂർ, കൊച്ചി, വിമാനത്താവള നിർമ്മാണ മാതൃകയിൽ പൊതുജനനിക്ഷേപവും കൊണ്ടുവരാൻ സാധിക്കും.

**മൂഴിക്കൽ അപ്രോച്ച് റോഡ്**

78(3813) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാൽ പ്രവൃത്തിയുടെ ഭാഗമായുള്ള മൂഴിക്കൽ അപ്രോച്ച് റോഡ് പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) "മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണം" എന്ന പ്രവൃത്തിക്ക് 8.60 കോടി രൂപയുടെ ഭരണാനുമതിയും 7.60 കോടി രൂപയുടെ സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്. പ്രീക്വാളിഫിക്കേഷൻ

ടെണ്ടർ ക്ഷണിച്ചെങ്കിലും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. തുടർന്ന് രണ്ടാം തവണയും ടെണ്ടർ ചെയ്തെങ്കിലും ഒറ്റ ബിഡ്ഡർ മാത്രമാണ് പങ്കെടുത്തത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച സിംഗിൾ ടെണ്ടർ പ്രീക്വാളിഫൈ ചെയ്യാൻ ചീഫ് എഞ്ചിനീയറുടെ PQ കമ്മിറ്റി തീരുമാനിക്കുകയും, പ്രസ്തുത സിംഗിൾ ടെണ്ടർ സ്വീകരിക്കുന്നതിന് സർക്കാർ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സിംഗിൾ ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച 8,52,86,632 രൂപയുടെ ടെണ്ടർ സ്വീകരിക്കുന്നതിന് 22-10-2021-ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ജീവനക്കാരുടെ അഭാവം കാരണം ലാൻഡ് അക്വിസിഷൻ പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടാകുന്നുണ്ടോ എന്നറിയിക്കാമോ?

വടകര - മാഹി കനാലിന്റെ പൂർത്തീകരണത്തിനായി 75 ഏക്കർ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 8 പ്രവൃത്തികളിൽ അഞ്ചെണ്ണത്തിന് 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. രണ്ടെണ്ണത്തിന് 19(1) നോട്ടിഫിക്കേഷൻ നൽകുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. ഒരു പ്രവൃത്തിക്ക് ഇതുവരെയും 11 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല. ആയതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്താൻ സ്പെഷ്യൽ തഹസീൽദാർ (LA) അടങ്ങുന്ന 12 അംഗ ടീമിനെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോവളം -കാസർഗോഡ് പശ്ചിമതീര കനാൽ**

79 (3814) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. എൻ. കെ. അക്ബർ:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുനീക്കത്തിനും വിനോദസഞ്ചാര വികസനത്തിനും ഏറെ പ്രയോജനപ്രദമായ ദേശീയ ജലപാത 3-നെ ബന്ധിപ്പിച്ചുകൊണ്ടുള്ള കോവളം-കാസർഗോഡ് പശ്ചിമതീര കനാലിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

കോവളം മുതൽ ബേക്കൽ വരെയുള്ള 616 കി.മീ. നീളമുള്ള പശ്ചിമതീര ജലപാതയുടെ കൊല്ലം മുതൽ കോഴിക്കോട് ജില്ലയിലെ കല്ലായി വരെയുള്ള

ഭാഗങ്ങൾ IWAI (ഇൻലാൻഡ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ) ആണ് വികസിപ്പിക്കുന്നത്. കോവളം മുതൽ കൊല്ലം വരെയും കല്ലായി മുതൽ ബേക്കൽ വരെയും വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് സംസ്ഥാന സർക്കാരാണ്. കനാൽ വികസന പ്രവൃത്തികളും അതുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. വലിയ തുക ആവശ്യമായ മേൽ പ്രവൃത്തികൾ കിഫ്ബിയുടെ ധനസഹായത്തോടെ KWIL (ക്വിൽ) എന്ന എസ്.പി.വി. മുഖാന്തരം നടപ്പിലാക്കിവരുന്നു. കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാത NW-3 യായി പ്രഖ്യാപിച്ചിട്ടുള്ളതും ഇതിൽ 168 കി.മീ. ഗതാഗതയോഗ്യവുമാണ്. എന്നാൽ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ഭാഗത്ത് 160 കി.മീ. ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, പൂർണ്ണതോതിൽ ഗതാഗതയോഗ്യമാക്കുന്നതിനായി നിരവധി പാലങ്ങളും റെഗുലേറ്ററുകളും നിർദ്ദിഷ്ട മാനദണ്ഡമനുസരിച്ച് പൊളിച്ചുമാറ്റുകയോ പുതുക്കി പണിയുകയോ ചെയ്യേണ്ടതായിട്ടുണ്ട്. കോഴിക്കോട് - പയ്യോളി റൂട്ടിൽ ജലപാത വികസനത്തിന് തടസ്സമായി നിലകൊള്ളുന്ന കനോലി കനാലിന്റെ വികസന പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കുന്നതിനായി കേരള വാട്ടർ വേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വടകര – മാഹി 17.61 കി.മീ. ഭാഗത്ത് കനാൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാനഘട്ടത്തിലാണ്. മാഹി മുതൽ വളപട്ടണം വരെയുള്ള 58.5 കി.മീറ്ററിൽ 26 കി.മീറ്ററിൽ കനാൽ പുതുതായി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് അലൈൻമെന്റ് ക്രമപ്പെടുത്തൽ പ്രവൃത്തി പുരോഗമിക്കുന്നു. നീലേശ്വരം മുതൽ ബേക്കൽ വരെയുള്ള 26 കി. മീ. ഭാഗത്ത് 20 കി. മീ. പൂർണ്ണതോതിൽ ഗതാഗതയോഗ്യമാണ്. എന്നാൽ 6 കി.മീ. നീളത്തിൽ പുതുതായി കനാൽ ദീർഘിപ്പിക്കേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പദ്ധതിക്കായി കിഫ്ബിയിൽനിന്ന് തുക അനുവദിച്ചിട്ടുണ്ടോ; ഏതെല്ലാം പ്രവൃത്തികൾക്കായാണ് തുക അനുവദിച്ചിട്ടുള്ളത്?

ഉൾനാടൻ ജലഗതാഗത വികസനത്തിന് താഴെപ്പറയുന്ന പ്രവൃത്തികൾക്കായി കിഫ്ബിയിൽനിന്നും ഫണ്ട് സ്വരൂപിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

- പാർവ്വതീപുത്തനാറിന്റെ ശുചീകരണത്തിനും പുനരുദ്ധാരണത്തിനുമായി 150 കോടി രൂപയ്ക്ക് കിഫ്ബി ഫണ്ടിൽ നിന്നും തുക ലഭ്യമാക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

- മാഹി - വളപട്ടണം കനാലിന്റെ നിലവിൽ കനാലുള്ള ഭാഗത്തിന്റെ വികസനത്തിനും കനാൽ ഇല്ലാത്ത ഭാഗങ്ങളിൽ കനാൽ നിർമ്മിക്കുന്നതിനും

ആവശ്യമായ അധിക ഭൂമി ഏറ്റെടുക്കുന്നതിനും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കുമായി കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ)-ന് കിഫ്ബിയിൽനിന്നും 650 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

- കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്തെ കനാൽ പുറമ്പോക്കിലെ അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിച്ച് പുനരധിവസിപ്പിക്കുന്നതിന് 247.02 കോടി രൂപ കിഫ്ബി ഫണ്ടിൽനിന്നും ലഭ്യമാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) പശ്ചിമതീര കനാലുമായി ബന്ധിപ്പിക്കുന്ന ഫീഡർ കനാലുകൾ എവിടെയൊക്കെയാണ്; അവയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

പശ്ചിമതീര കനാലുമായി ബന്ധപ്പെട്ട് 1200 കി. മീ. വരുന്ന 50-ഓളം ഫീഡർ കനാലുകളുണ്ട്. മുൻഗണനാടിസ്ഥാനത്തിൽ വികസിപ്പിക്കേണ്ട കനാലുകൾ സംബന്ധിച്ച് NATPAC-ഉം ആയിച്ചേർന്ന് പഠനം ആരംഭിച്ചിട്ടുണ്ട്. പശ്ചിമതീര കനാലിനോടൊപ്പം 2025-ഓടെ തെരഞ്ഞെടുത്ത ഫീഡർ കനാലുകളും വികസിപ്പിക്കുന്നതാണ്.

## കേരള ഗവ. വാക്സിൻ സർട്ടിഫിക്കറ്റ് കാരണം വിദേശയാത്ര പോകാൻ കഴിയാത്തത്

80(3815) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വാക്സിൻ സ്വീകരിച്ച പ്രവാസികൾക്ക് കേന്ദ്ര ഗവൺമെന്റ് സർട്ടിഫിക്കറ്റിനുപകരം ഇടക്കാലത്ത് കേരള ഗവൺമെന്റ് സർട്ടിഫിക്കറ്റ് നൽകിയത് കാരണം വിദേശയാത്ര പോകാൻ കഴിയാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രവാസികൾക്ക് തിരികെ പോകാൻ കഴിയാത്ത സാഹചര്യം പരിഗണിച്ച് ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിഷയം കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും സംസ്ഥാനം നൽകിയ അഭ്യർത്ഥന പ്രകാരം ഇത്തരം കേസുകളുടെ വിശദാംശങ്ങൾ കോവിൻ പോർട്ടലിൽ കൊണ്ടുവരുന്നതിന് കേന്ദ്രമന്ത്രാലയം വ്യവസ്ഥകൾ ഉണ്ടാക്കുകയുമുണ്ടായി. അതിനുശേഷം അത്തരം കേസുകളുടെ വിശദാംശങ്ങൾ സമാഹരിക്കുന്നതിനായി

എല്ലാ ജില്ലകളിലും കേന്ദ്ര മന്ത്രാലയം നൽകിയ ഒരു ടെമ്പ്ലേറ്റ് പങ്കിട്ടു. ഇങ്ങനെ ശേഖരിച്ച വിശദാംശങ്ങൾ കേന്ദ്ര മന്ത്രാലയവുമായി വീണ്ടും പങ്കുവയ്ക്കുകയും അങ്ങനെ എല്ലാ കേസുകളും കോവിൻ പോർട്ടലിൽ കൊണ്ടുവന്ന് അന്തിമ സർട്ടിഫിക്കറ്റ് സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ ശ്രീമതി സുധ ആൽമജൻ, മാങ്കരവീട് സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഇത്തരത്തിൽ ഒരു അപേക്ഷ നോർക്ക വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

**പ്രവാസികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്ന നടപടികൾ**

81 (3816) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. വിജിൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട എമിഗ്രേഷൻ ബിൽ പരിശോധനാ വിധേയമാക്കിയിരുന്നോ എന്നറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രവാസികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിന് കേന്ദ്രസർക്കാരിന് മുമ്പാകെ വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ഇതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട എമിഗ്രേഷൻ ബിൽ പരിശോധനാ വിധേയമാക്കിയിരുന്നതും സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 23-9-2021-ൽ ശ്രീ.വേണു രാജാമണി ഐ.എഫ്.എസ്. (റിട്ട), ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഇ.സി.) കേന്ദ്രവിദേശകാര്യ മന്ത്രാലയത്തിലെ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ ടി വിഷയം സംബന്ധിച്ച് സംസ്ഥാനം മുന്നോട്ടുവച്ച അഭിപ്രായങ്ങൾ പരമാവധി പരിഗണിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

(സി) പ്രവാസികളുടെ ക്ഷേമം, സുരക്ഷ, പുനരധിവാസം എന്നിവയ്ക്കായി സംസ്ഥാനം നടത്തുന്ന ഇടപെടലുകളെക്കുറിച്ച് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവാസികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ള ചില പദ്ധതികൾ വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**മൂന്നാം ലോക കേരളസഭ**

82(3817) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരളസഭ മൂന്നാം സമ്മേളനം വിളിച്ചുചേർക്കുന്നതിന് തീരുമാനിക്കുകയുണ്ടായോയെന്ന് അറിയിക്കാമോ?

തീരുമാനമായിട്ടില്ല.

(ബി) ഇതിനായി എത്ര രൂപയാണ് നിലവിൽ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ലോക കേരള സഭയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ലോക കേരളസഭയുടെ ഒന്നും രണ്ടും സമ്മേളനങ്ങൾക്കായി സർക്കാരിൽനിന്നും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ലോക കേരള സഭയുടെ ഒന്നും രണ്ടും സമ്മേളനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) ലോക കേരളസഭയുടെ കഴിഞ്ഞ രണ്ട് സമ്മേളനങ്ങളുടെ ഫലമായി സംസ്ഥാനത്തിനുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനുവേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരളസഭയുടെ ലക്ഷ്യം. ലോക കേരള സഭയുടെ താൽപ്പര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണവ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും, പൊതു സമ്മതവുമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും അനുഭാവപൂർണ്ണമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും ലോക കേരള സഭ പ്രയത്നിക്കുന്നു. ലോകകേരള സഭ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൽ താഴെ പറയുന്നവയിൽ നടപടികൾ സ്വീകരിച്ചു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കാൻ മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് രൂപവത്ക്കരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രോജക്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു.

3. വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.

4. മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും വിദേശ സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താൻ പാസ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശകാര്യ മന്ത്രാലയവും സിവിൽ ഏവിയേഷനുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനുമാണുദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് കൈമാറിയിട്ടുണ്ട്.

5. നൈപുണ്യ വികസനവുമായി ബന്ധപെട്ട് ഹൈ പവർ കമ്മിറ്റി രൂപീകരിച്ചു.

6. കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും CENTRE FOR DEVELOPMENT STUDIES (CDS)-ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു. ഇതിന്റെ പ്രവർത്തനം CDS -ൽ നടന്നുവരുന്നു.

7. പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

8. പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

9. സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരാത്തതും കേന്ദ്ര സർക്കാർ ഇടപെടലുകൾ അനിവാര്യവുമായ ഇതര വിഷയങ്ങൾ വിദേശകാര്യ മന്ത്രാലയത്തിലേക്ക് അടിയന്തര പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

10. സംസ്ഥാന സർക്കാർ വകുപ്പുകൾവഴി നിറവേറ്റപ്പെടേണ്ട ശിപാർശകൾ വകുപ്പുതലത്തിൽ യോഗം ചേർന്ന് ത്വരിതഗതിയിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ലോക കേരള സഭ**

83 (3818) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാമാരിയുടെ സാഹചര്യത്തിൽ പ്രവാസി കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനും ലോക കേരളസഭയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനും മുൻകയ്യെടുക്കുമോ?

മുൻകയ്യെടുക്കുന്നതാണ്.

(ബി) ലോക കേരളസഭയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിയമപരിരക്ഷ ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(സി) ലോക കേരള സഭയുടെ ഒന്നാം സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള തുടർപ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനുവേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരളസഭയുടെ ലക്ഷ്യം. ലോക കേരളസഭയുടെ താൽപ്പര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണവ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതുസമ്മതവുമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന

സർക്കാരുകളുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും അനുഭാവപൂർണ്ണമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും ലോക കേരളസഭ പ്രയത്നിക്കുന്നു. ലോകകേരള സഭ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൽ താഴെപ്പറയുന്നവയിൽ നടപടികൾ സ്വീകരിച്ചു.

1. കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കാൻ മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് രൂപവത്ക്കരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രൊജക്റ്റ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭി ച്ചു.

3. വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.

4. മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും വിദേശ സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നനിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താൻ പാസ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശകാര്യ മന്ത്രാലയവും സിവിൽ ഏവിയേഷനുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനാണുദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് കൈമാറിയിട്ടുണ്ട്.

5. നൈപുണ്യ വികസനവുമായി ബന്ധപെട്ട് ഹൈ പവർ കമ്മിറ്റി രൂപീകരിച്ചു.

6. കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും CENTRE FOR DEVELOPMENT STUDIES (CDS)- ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു. ഇതിന്റെ പ്രവർത്തനം CDS-ൽ നടന്നുവരുന്നു.

7. പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

8. പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

9. സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരാത്തതും കേന്ദ്ര സർക്കാർ ഇടപെടലുകൾ അനിവാര്യവുമായ ഇതര വിഷയങ്ങൾ വിദേശകാര്യമന്ത്രാലയത്തിലേക്ക് അടിയന്തര പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

10. സംസ്ഥാന സർക്കാർ വകുപ്പുകൾ വഴി നിറവേറ്റപ്പെടേണ്ട ശിപാർശകൾ വകുപ്പുതലത്തിൽ യോഗം ചേർന്ന് ത്വരിതഗതിയിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## പ്രവാസി ക്ഷേമനിധി പെൻഷൻ

84(3819) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008 -ലെ കേരളീയ പ്രവാസി ക്ഷേമ നിധി നിയമം അനുസരിച്ച് 60 വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് പദ്ധതിയിൽ അംഗമാകുവാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 60 വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് ടി പദ്ധതി പ്രകാരം പെൻഷൻ അപേക്ഷ സമർപ്പിക്കാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിൽ വ്യവസ്ഥ ചെയ്തിരുന്ന 55 വയസ്സ് എന്ന പ്രായപരിധി, 2015-ലെ ഭേദഗതി പ്രകാരമാണ് 60 വയസ്സാക്കി ഉയർത്തിയത്. വീണ്ടും പ്രായപരിധി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) 60 വയസ്സ് കഴിഞ്ഞതിനാൽ നിയമംമൂലം പെൻഷന് പരിഗണിക്കാത്ത എത്ര അപേക്ഷകൾ 2020 ജനുവരി മുതൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഓൺലൈൻ സംവിധാനത്തിലൂടെ അംഗത്വത്തിനായി 60 വയസ്സ് കഴിഞ്ഞവർക്ക് അപേക്ഷിക്കാൻ സാധിക്കാത്തതിനാൽ എണ്ണം കണക്കാക്കാൻ നിർവ്വാഹമില്ല.

(ഡി) നിലവിൽ എത്ര പേർക്ക് പെൻഷൻ നല്കുന്നുണ്ടെന്നും പെൻഷന് വേണ്ടി ഇപ്പോൾ എത്ര അപേക്ഷകൾ ക്ഷേമനിധി ആഫീസിൽ പരിഗണനയിലുണ്ടെന്നും വിശദമാക്കാമോ?

2021 ഒക്ടോബർ മാസത്തെ കണക്കനുസരിച്ച് 19221 പേർക്ക് പ്രവാസി ക്ഷേമ പെൻഷൻ അനുവദിച്ചുവരുന്നു. ഏകദേശം 1200 അപേക്ഷകളുടെ സാധുത പരിശോധിച്ചുവരുന്നു.

## പോലീസ് ക്യാമ്പുകളിലെ ഒഴിവുകൾ

85(3820) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ എത്ര ഡി.എച്ച്.ക്യൂ. ക്യാമ്പ് (എ.ആർ. ക്യാമ്പ്) നിലവിലുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ക്യാമ്പുകളിലെ അംഗീകൃത അംഗബലത്തിന്റെ ജില്ല തിരിച്ചും തസ്തിക തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കാമോ?

10-12-2010 -ലെ സ.ഉ.(പി) നമ്പർ 268/2010/ആഭ്യന്തരം പ്രകാരം ആംഡ് റിസർവ്വും ലോക്കൽ പോലീസും സംയോജിപ്പിച്ച് (സബ് ഇൻസ്പെക്ടർ തസ്തിക വരെ) കേരള സിവിൽ പോലീസ് കേഡർ രൂപീകരിച്ചതിനുശേഷം അവസാനിക്കപ്പെട്ടത് 17 ആംഡ് റിസർവ്വ ക്യാമ്പുകളാണ്. കേരള സിവിൽ പോലീസ് കേഡറിന്റെ ഭാഗമായി 20 ഡി.എച്ച്.ക്യൂ.-കൾ നിലവിലുണ്ട്. അവസാനിക്കപ്പെട്ട ജില്ലാ സായുധ സേനകളിലെ നിലവിലെ അംഗബലം റിസർവ്വ സബ് ഇൻസ്പെക്ടർ വരെയുള്ളതും ഗസറ്റഡ് തസ്തികകളും അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.*

(ബി) പ്രസ്തുത ക്യാമ്പുകളിൽ നിലവിലുള്ള ഒഴിവുകളുടെ തസ്തിക തിരിച്ചും ജില്ല തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) പോലീസ് കോൺസ്റ്റബിൾ മുതൽ റിസർവ്വ സബ് ഇൻസ്പെക്ടർ വരെ ഒഴിവുകൾ നിലവിലില്ല. 5 ഡെപ്യൂട്ടി കമാൻഡന്റ്, 5 അസിസ്റ്റന്റ് കമാൻഡന്റ്, 27 റിസർവ് ഇൻസ്പെക്ടർ എന്നീ റാങ്കിലെ ഒഴിവിലേയ്ക്ക് അർഹതയുള്ളവർ നിലവിലില്ലാത്തതിനാൽ നികത്തിയിട്ടില്ല.

## കോവിഡ് പ്രോട്ടോക്കോൾ ലംഘനം

86(3821) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രോട്ടോക്കോൾ ലംഘിച്ചതിന് പിഴയിനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

കോവിഡ് പ്രോട്ടോക്കോൾ ലംഘിച്ചതിന് പിഴയിനത്തിൽ 127,11,79,160 (നൂറ്റി ഇരുപത്തി ഏഴ് കോടി പതിനൊന്നു ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി ഒരുന്നൂറ്റി അറുപത് രൂപ) രൂപ ലഭിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് കോവിഡ് പ്രോട്ടോക്കോൾ ലംഘിച്ചതിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര വാഹനങ്ങൾ കണ്ടുകെട്ടിയിട്ടുണ്ടെന്നും വിശദമാക്കാമോ?

667209 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 341556 വാഹനങ്ങൾക്ക് പിഴ ചുമത്തിയിട്ടുള്ളതുമാണ്.

**ശബരിമലയുമായി ബന്ധപ്പെട്ട വ്യാജ വാറോല മാധ്യമങ്ങൾക്ക് നൽകി മതസ്പർദ്ധ വളർത്താൻ ശ്രമം**

87(3822) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തുക്കളെന്ന പേരിൽ വ്യാജ വസ്തുക്കൾ പ്രദർശിപ്പിച്ച് തട്ടിപ്പ് നടത്തിയ വ്യക്തി ശബരിമലയുമായി ബന്ധപ്പെട്ട വ്യാജ ചെമ്പോല മാധ്യമങ്ങൾക്ക് നൽകി സമൂഹത്തിൽ മതസ്പർദ്ധ വളർത്താൻ ശ്രമിച്ചെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആചാരാനുഷ്ഠാനങ്ങൾ സംബന്ധിച്ച പ്രസ്തുത ചെമ്പോല ചില മാധ്യമങ്ങൾ ആധികാരിക രേഖയാണെന്ന് കാണിച്ച് വ്യാജ വാർത്തകൾ നൽകിയത് ഗൗരവമായി കാണുന്നുണ്ടോ?

(എ&ബി) ഇക്കാര്യം സംബന്ധിച്ച് പോലീസ് അന്വേഷിച്ചുവരുന്നു.

(സി) ഇത്തരത്തിൽ സമൂഹത്തിൽ മതസ്പർദ്ധ വളർത്തുന്ന വ്യാജ വാർത്തകൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സമൂഹത്തിൽ മതസ്പർദ്ധ വളർത്തുന്ന വ്യാജ വാർത്തകളോ പ്രസ്താവനകളോ, പ്രവർത്തനങ്ങളിലോ ഏർപ്പെടുന്നവർക്കെതിരെ നിയമാനുസൃത വകുപ്പുകൾ ചുമത്തി കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**പോലീസ് സംവിധാനം ജനകീയമാക്കി മാറ്റാൻ നടപടി**

88(3823) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കി മാറ്റുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സ്ത്രീകളുടെ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് Pink Protection Project 19-7-2021-ൽ നിലവിൽ വന്നു. ഈ സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 7 Pink Control Room Vehicle വാങ്ങുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. Student Police Cadet Project, Hope Project Senior Citizen സഹായ പദ്ധതികളായ Neighbourhood watch, Bell of faith, ജനമൈത്രി പോലീസ് ബീറ്റ് ഓഫീസേഴ്സ് ട്രെയിനിംഗ്, Children and Police (CAP) Programme, School Protection Group, Chiri, Help Desk എന്നിവയ്ക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന പ്ലാൻ പദ്ധതി 2021-22 പ്രകാരം 400 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. കൂടാതെ സംസ്ഥാനത്തെ സബ്ഡിവിഷണൽ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 200 ലക്ഷം രൂപ അനുവദിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു. State Special Branch-ൽ ഫർണിച്ചർ വാങ്ങുന്നതിനായി ഈ സർക്കാർ 13.55 ലക്ഷം രൂപ അനുവദിച്ചു. ലഹള നിയന്ത്രണ ഉപകരണങ്ങളായ Body protective gear, helmet, Barricade, Shield എന്നിവ വാങ്ങുന്നതിന് സംസ്ഥാന പ്ലാൻ പദ്ധതി പ്രകാരം 250 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും അവ വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. ഡ്രോണുകളുടെ ഉപയോഗം രാജ്യത്തിലെ മിക്കവാറും എല്ലാ മേഖലയിലും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കേരള പോലീസ് സൈബർഡോമിന്റെ കീഴിൽ ആരംഭിച്ച പുതിയ വിഭാഗമാണ് കേരളാ പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്റർ. ഡ്രോണുകളുമായി ബന്ധപ്പെട്ട ശാസ്ത്രീയ പരിശോധനകളും ടെക്നിക്കൽ വിവരങ്ങളുടെ പരിശോധനയും പോലീസ് സേനയുടെ വിവിധ ആവശ്യങ്ങൾ നിർവ്വഹിക്കാനുതകുന്ന രീതിയിലുള്ള ഡ്രോൺ ഡെവലപ്മെന്റ്, മൊബൈൽ ആന്റി ഡ്രോൺ സിസ്റ്റം എന്നിവയും ഈ റിസർച്ച് സെന്ററിന്റെ ഭാഗമാണ്. ഡ്രോണുകളുടെ ഉപയോഗത്തിനും ഫോറൻസിക് വിശകലനത്തിനും അവ ഉപയോഗിച്ചുള്ള ഭീഷണികളെ പ്രതിരോധിക്കുന്നതിനുമായി ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്റർ രൂപീകരിക്കുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ ലാ-എൻഫോഴ്സ്മെന്റ് ഏജൻസിയാണ് കേരള പോലീസ് .

(ബി) പോലീസ് സംവിധാനത്തെക്കുറിച്ചും പോലീസിന്റെ മോശം പെരുമാറ്റത്തെ സംബന്ധിച്ചും ബഹു. ഹൈക്കോടതിയുടെ പരാമർശം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ പോലീസ് സേനാംഗങ്ങളുടെ ജനങ്ങളോടുള്ള പെരുമാറ്റ രീതിയിൽ മാറ്റം വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(ബി&സി) സംസ്ഥാന പോലീസ് മേധാവി തലത്തിൽ വിലയിരുത്തിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർ പൊതുജനങ്ങളോട് പെരുമാറേണ്ട രീതികൾ സംബന്ധിച്ച് താഴെപ്പറയുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു :

1. ജനമൈത്രി പോലീസ് പരിശീലനം

2. Soft Skill Training

3. Gender Sensitisation

4. Stress Management with Human relations

5. Inter Personal relationship

6. Positive handling of drug abuses

7. Life style Management.

8. Correctional Behavioural Training.

ഇതിനുപുറമേ സംസ്ഥാന പോലീസ് സേനയുടെ അടിസ്ഥാന ഘടകമായ പോലീസ് സ്റ്റേഷനുകൾ പൊതുജന സൗഹൃദമാക്കുന്നതിനും സ്ത്രീകൾ, കുട്ടികൾ, മറ്റ് ദുർബല ജനവിഭാഗങ്ങൾ എന്നിവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി പോലീസ് സംവിധാനം നിഷ്പക്ഷമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്.

**പോലീസ് നയ രൂപീകരണം**

89(3824) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിലോ വകുപ്പ് മന്ത്രിയുമായി ബന്ധപ്പെട്ടോ ഉപദേശക സമിതികൾ പ്രവർത്തിച്ച് വരുന്നുണ്ടോ; എങ്കിൽ അതിന്റെ പൂർണ്ണവിവരം ലഭ്യമാക്കുമോ?

ഇല്ല.

(ബി) പ്രസ്തുത ഉപദേശക സമിതികളുടെ പ്രവർത്തന ചെലവിലേയ്ക്കായി നാളിതുവരെയായി ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമാക്കുമോ?

ബാധകമല്ല.

(സി) പോലീസ് സേനയിൽ മതസമുദായ സംഘടനകളുടെ പ്രവർത്തനം വ്യാപിച്ചിട്ടുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എങ്കിൽ സേനയിലെ മതേതരസ്വഭാവം നിലനിർത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഫലപ്രാപ്തി എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

**ചെക്ക് പോസ്റ്റുകളിലെ പോലീസ് ഉദ്യോഗസ്ഥർക്ക് വിശ്രമ സൗകര്യം**

90(3825) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ സംസ്ഥാന അതിർത്തി ചെക്ക് പോസ്റ്റുകളിൽ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് വിശ്രമിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്ന കാര്യം പരിഗണിക്കാമോ?

മാനന്തവാടി നിയോജകമണ്ഡലത്തിലെ സംസ്ഥാന അതിർത്തികളിൽ നിലവിൽ സ്ഥിരമായി പോലീസ് ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നില്ല.

(ബി) തോൽപ്പെട്ടി, ബാവലി ചെക്ക് പോസ്റ്റുകൾ വഴി കടന്നുവരുന്ന ഇതര സംസ്ഥാന വാഹനങ്ങൾ പരിശോധിക്കുന്നതിനായി ഇവിടങ്ങളിൽ സ്ഥിരം പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാമോ?

തോൽപ്പെട്ടി, ബാവലി എന്നിവിടങ്ങളിൽ സ്ഥിരം പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ആരോപണ വിധേയരായ പോലീസുകാർക്കെതിരെയുള്ള നടപടി**

91(3826) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരായി (ക്രൈം ബ്രാഞ്ച് കേസ് 297/സി.ആർ/ഒ.സി.ഡബ്ല്യു-1 റ്റി.വി.എം./2018) കേരള ഹൈക്കോടതിയുടെ ഡബ്ല്യു. പി(സി) 14653/2016 നമ്പർ കേസിലെ ഉത്തരവുപ്രകാരം നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു; കോടതി ഉത്തരവ് വന്നതിന് ശേഷം ഇവർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസുകൾ വ്യക്തമാക്കുമോ?

കോടതി നിർദ്ദേശത്തെത്തുടർന്ന് കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. കേരള പോലീസ് ഡിപ്പാർട്ട്മെന്റൽ എൻക്വയറി, പണിഷ്മെന്റ് & അപ്പീൽ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടി സ്വീകരിച്ചശേഷം സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

**വനിതാ പോലീസ് സേന**

92(3827) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ പോലീസ് സേനയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; വനിതാ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ, സ്ത്രീ സൗഹൃദ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലിംഗ വിവേചനത്തിനെതിരെയുള്ള അവബോധനത്തിനും 550 ലക്ഷം രൂപയുടെ ഭരണാനുമതി 22-6-2021-ലെ സ.ഉ.(സാധ)നമ്പർ 1733/2021/ ആഭ്യന്തരം പ്രകാരം നൽകിയിട്ടുണ്ട്. അപ്രകാരം പിങ്ക് കൺട്രോൾ റൂമുകൾക്ക് 7 വാഹനങ്ങൾ വാങ്ങുന്നതിന് 43 ലക്ഷം രൂപയും Women Victim Support Scheme-ന് 15 ലക്ഷം രൂപയും നിർഭയ വോളന്റിയേഴ്സിനുള്ള പ്രതിഫലത്തിനായി 12 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 80 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാക്കുന്നതിനും വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 400 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. വനിതാ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 30-1-2017-ലെ സ.ഉ.(കൈ)നമ്പർ 15/2017/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചു. നിലവിൽ സംസ്ഥാനത്ത് 14 പോലീസ് ജില്ലകളിലായി ഓരോന്നുവീതം 14 വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. 25-2-2021-ലെ സ.ഉ.(കൈ) നമ്പർ 65/2021/ആഭ്യന്തരം ഉത്തരവുപ്രകാരം അനുമതി ലഭിച്ച KAP 6th ബറ്റാലിയനായി ആദ്യഘട്ടത്തിൽ സൃഷ്ടിക്കുന്ന 100 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 25 എണ്ണം വനിതകൾക്കായി അനുവദിച്ചിട്ടുണ്ട്.

(ബി) പി.എസ്.സി. വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് കാറ്റഗറി നമ്പർ 653/2017 പ്രകാരം നടത്തിയ പരീക്ഷയിലെ റാങ്ക് ലിസ്റ്റിൽനിന്ന് നിലവിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും എത്രപേർക്ക് നിയമന ശിപാർശ നൽകിയെന്നും എത്ര ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകാനുണ്ടെന്നുമുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ലിസ്റ്റിൽനിന്ന് നിയമന ശിപാർശ നൽകിയ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും മെഡിക്കൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എപ്പോൾ പരിശോധന നടത്തുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്; ആയതിലേയ്ക്കുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് കാറ്റഗറി 653/2017 പ്രകാരമുള്ള നിയമന പട്ടികയിൽനിന്നും ആകെ 527 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത നിയമന പട്ടികയിൽനിന്നും 757 പേരുടെ നിയമന ശിപാർശ പി.എസ്.സി. നൽകിയിട്ടുണ്ട്. 85 ഉദ്യോഗാർത്ഥികൾക്ക് വൈദ്യ പരിശോധന വിവിധ തീയതികളിലായി നടത്തിയിട്ടുണ്ട്. ഇവരുടെ പോലീസ് വെരിഫിക്കേഷൻ ദ്രുതഗതിയിൽ നടത്തിവരികയാണ്. ബാക്കിയുള്ള 29 ഉദ്യോഗാർത്ഥികൾക്കും എക്സ്റ്റൻഷൻ പൂർത്തിയാക്കിയ മറ്റ് ഉദ്യോഗാർത്ഥികൾക്കും വൈദ്യപരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വൈദ്യ പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന ഉടൻതന്നെ പോലീസ് വെരിഫിക്കേഷൻ പൂർത്തിയാക്കി പരിശീലനം ആരംഭിക്കുന്നതാണ്. 5 പേരുടെ നിയമന ശിപാർശ പി.എസ്. സി.-യിൽനിന്നും ലഭിക്കാനുണ്ട്.

(ഡി) നിലവിൽ വിവിധ ഘട്ടങ്ങളിലായി നിയമന ഉത്തരവ് ലഭിച്ച് മെഡിക്കൽ പരിശോധന പൂർത്തിയാക്കിയ ഉദ്യോഗാർഥികൾക്ക് പരിശീലനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്നാണെന്ന് വിശദീകരിക്കാമോ; പ്രസ്തുത പരിശീലനത്തിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ ലഭ്യമായ നിയമന ശിപാർശയിന്മേലുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കി യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലനം എത്രയും വേഗം ആരംഭിക്കുന്നതാണ്.

**ഫോറൻസിക് ലാബുകളിലെ പ്രവർത്തനം**

93(3828) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറൻസിക് ലാബുകളിൽ പരിശോധനാഫലം ലഭിക്കുന്നതിനായി നിലവിൽ എത്ര കേസുകളാണുള്ളത്; ഉദ്ഘാടനം കഴിഞ്ഞ ജില്ലാ ഫോറൻസിക് ലാബുകളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

കേരളത്തിലെ വിവിധ കോടതികളിൽനിന്നും പരിശോധനയ്ക്കായി ലഭിച്ച 16,732 കേസുകളിൽ പരിശോധനാഫലം നൽകാനുണ്ട്. ഉദ്ഘാടനം കഴിഞ്ഞ എറണാകുളം റൂറൽ, കൊല്ലം (ചാത്തന്നൂർ), മലപ്പുറം (തിരൂർ) എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുള്ള ലാബുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്.

(ബി) ഫോറൻസിക് ലാബുകളിൽ മതിയായ സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; ഫോറൻസിക് ലാബുകളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

ബന്ധപ്പെട്ട വിഷയങ്ങളിൽ പരിജ്ഞാനമുള്ളവരെയാണ് നിയമിച്ചുവരുന്നത്. ശാസ്ത്രീയ പരിശോധന നടത്തുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുകയും ടി ഫണ്ട് ഉപയോഗിച്ച് ലാബുകളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**പോലീസ് സേനയിലെ വാഹനം-ഡ്രൈവർ അനുപാതം**

94(3829) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിന് നിലവിൽ എത്ര വാഹനങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

പോലീസ് വകുപ്പിന് നിലവിൽ 5392 വാഹനങ്ങളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈറ്റ് മോട്ടോർ വാഹനങ്ങൾ-3009

മീഡിയം വാഹനങ്ങൾ - 138

ബസ് - 291

സ്പെഷ്യലൈസ്ഡ് വാഹനങ്ങൾ - 183

ഇരുചക്ര വാഹനങ്ങൾ - 1771

(ബി) പോലീസ് സേനയിലെ വാഹന-ഡ്രൈവർ അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അനുപാതമനുസരിച്ച് സംസ്ഥാനത്ത് എത്ര പോലീസ് ഡ്രൈവർമാരുടെ കുറവുണ്ട്; അറിയിക്കുമോ;

(ഡി) ഈ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) പോലീസ് സേനയിലെ വാഹന-ഡ്രൈവർ അനുപാതം നിശ്ചയിച്ച് നിലവിൽ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. ഡ്യൂട്ടിയുടെ സ്വഭാവവും പ്രാധാന്യവും അനുസരിച്ചാണ് വാഹനങ്ങൾക്ക് ഡ്രൈവർമാരെ നിയോഗിച്ചു വരുന്നത്. പോലീസ് സേനയിലെ ഡ്രൈവർമാരുടെ കുറവ് പരിഹരിക്കുന്നതിലേയ്ക്കായി 17-1-2017-ലെ സ.ഉ.(കൈ) നമ്പർ 7/2017/ആഭ്യന്തരം പ്രകാരം തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിന്റെ ആദ്യപടിയായി 400 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

**പോക്സോ കോടതികളുടെ വിശദാംശങ്ങൾ**

95(3830) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോക്സോ കോടതികളുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് 28 താൽക്കാലിക അതിവേഗ പ്രത്യേക കോടതികൾ പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രവർത്തനമാരംരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ അഡീഷണൽ സ്പെഷ്യൽ കോർട്ട്, പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി അടുത്ത കാലത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ ഓരോ ജില്ലയിലേയും ഓരോ അഡീഷണൽ ജില്ലാ സെഷൻസ് കോടതികളെ പോക്സോ നിയമം സെക്ഷൻ 28(1) പ്രകാരം ചൈൽഡ് റൈറ്റ് ആക്ട് 2005 സംരക്ഷിക്കുന്നതിനായി പ്രത്യേക പോക്സോ കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. (കോടതികളുടെ പേര് അനുബന്ധമായി ചേർത്തിരിക്കുന്നു.*)

(ബി) പ്രസ്തുത കോടതികളിൽ നിലവിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകളുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

പോക്സോ കോടതികളിൽ തീർപ്പാകാനുള്ള കേസ്സുകളുടെ ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 1474 |
| കൊല്ലം | 710 |
| പത്തനംതിട്ട | 351 |
| ആലപ്പുഴ | 532 |
| കോട്ടയം | 479 |
| ഇടുക്കി | 573 |
| എറണാകുളം | 711 |
| തൃശ്ശൂർ | 1196 |
| പാലക്കാട് | 635 |
| മലപ്പുറം | 1310 |
| കോഴിക്കോട് | 608 |
| വയനാട് | 284 |
| കണ്ണൂർ | 841 |
| കാസർകോട് | 483 |
| ആകെ | 10187 |

(സി) തീരുമാനമാകാതെ കിടക്കുന്ന കേസ്സുകളുടെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

പോക്സോ കേസുകൾ നിരന്തരം നിരീക്ഷിക്കുന്നതിനായുള്ള ജഡ്ജസ് കമ്മിറ്റി ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ പതിവായി വിലയിരുത്തുകയും ഫലപ്രദമായ തീർപ്പാക്കലിന് ആവശ്യമായ നിർദ്ദേശങ്ങൾ സമയബന്ധിതമായി നൽകുകയും ചെയ്യുന്നതായും പ്രസ്തുത കേസുകൾ ഫയൽ ചെയ്യൽ, തീർപ്പാക്കൽ, തീർപ്പാക്കാനുള്ള കേസുകളുടെ വിവരശേഖരണം എന്നിവ ജുഡീഷ്യൽ ജില്ലകളുടെ ഭരണച്ചുമതലയുള്ള ജഡ്ജി നിരന്തരം നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതായും ഹൈക്കോടതി രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോക്സോ കോടതികളിൽ നിലവിൽ തീരുമാനമാകാതെ കിടക്കുന്ന കേസ്സുകൾ

സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സംസ്ഥാനത്ത് 28 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്രസ്തുത കോടതികളുടെ പ്രവർത്തനംമൂലം കാലതാമസം ഒരുപരിധിവരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്.

## സ്ത്രീകളുടെ പരാതികളും ഗാർഹിക പീഡനങ്ങളും അറിയിക്കാൻ സംവിധാനം

96(3831) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ പരാതികളും ഗാർഹിക പീഡനങ്ങളും അറിയിക്കാൻ ആഭ്യന്തരവകുപ്പ് പ്രത്യേക ഓൺലൈൻ സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ പരാതി നൽകുന്നതിനായി പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ. നിശാന്തിനി ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ നേരിട്ട് 9497999955 എന്ന നമ്പരിൽ നോഡൽ ഓഫീസറെ അറിയിക്കാവുന്നതുമാണ്.

(ബി) പ്രസ്തുത സംവിധാനം ആരംഭിച്ചതിനുശേഷം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഈ വിഷയത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി&സി) 'അപരാജിത' എന്ന ഓൺലൈൻ പോർട്ടൽ ആരംഭിച്ചതിനുശേഷം 3003 പരാതികൾ നോഡൽ ഓഫീസർക്ക് ലഭിച്ചിട്ടുണ്ട്. ഇതിൽ 82 പരാതികളിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## പെൺകുട്ടികളെ കൊലപ്പെടുത്തുന്നവർക്കുള്ള ശിക്ഷ

97(3832) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രണയാഭ്യർത്ഥന നിരസിച്ചതും മറ്റും കാരണങ്ങൾ പറഞ്ഞ് ക്യാമ്പസിലും പൊതുയിടങ്ങളിലും ഭീതിജനകമായും ക്രൂരമായും പെൺകുട്ടികളെ കൊലപ്പെടുത്തുന്ന സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ എത്ര കൊലപാതകങ്ങളാണ് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്ത് നടന്നിട്ടുള്ളതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇത്തരത്തിലുള്ള കൊലയാളികൾക്ക് കടുത്ത ശിക്ഷ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഇത്തരം കുറ്റകൃത്യം നടത്തിയവർക്കെതിരെ നിലവിലെ നിയമപ്രകാരം ക്രൈം കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ലഭിക്കുന്നതിന് സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം യഥാസമയം ബഹു. കോടതികളിൽ സമർപ്പിച്ചുവരുന്നു.

**പോക്സോ കേസ്സുകൾക്ക് സമയബന്ധിതമായി തീർപ്പ്**

98(3833) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ അന്വേഷണത്തിലിരിക്കുന്ന നിരവധി പോക്സോ കേസ്സുകൾക്ക് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കേണ്ടതാണെന്ന് കോടതി ഉത്തരവുണ്ടെങ്കിലും മതിയായ സാങ്കേതിക വിദഗ്ദ്ധരില്ലാത്തതിനാൽ പ്രസ്തുത കേസുകൾക്ക് സമയബന്ധിതമായി ലാബ് റിപ്പോർട്ട് ഉണ്ടാക്കാൻ കഴിയുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉണ്ട്; സമയബന്ധിതമായി ലാബ് റിപ്പോർട്ട് തയ്യാറാക്കാനും ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള വിവിധ ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലയിലെ ചാത്തന്നൂർ, മലപ്പുറം ജില്ലയിലെ തിരൂർ, എറണാകുളം എന്നിവിടങ്ങളിൽ പുതുതായി ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിക്കുകയും അവയുടെ പ്രവർത്തനപരിധി നിശ്ചയിച്ച് നൽകിയിട്ടുള്ളതുമാണ്. നിലവിൽ പ്രസ്തുത ലബോറട്ടറികൾ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ശാസ്ത്രീയ പരിശോധന നടത്തുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാരിന്റെ വിവിധ പദ്ധതികളിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ച് നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ കേസുകൾ

99(3834) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനിടെ അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള എത്ര സിവിൽ, ക്രിമിനൽ കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

കഴിഞ്ഞ അഞ്ചു വർഷത്തിനിടെ അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള ക്രിമിനൽ കേസുകളുടെ എണ്ണം വർഷം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.* സിവിൽ കേസുകളുടെ വിവരം ലഭ്യമല്ല.

(ബി) അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലെത്തുന്ന തൊഴിലാളികൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് നാടുവിടുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് നാടുവിടുന്ന അന്യസംസ്ഥാന തൊഴിലാളികളെ അതത് സംസ്ഥാനത്തെ പോലീസുമായി ബന്ധപ്പെട്ട് പിടികൂടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രവാസി വ്യവസായിയായിരുന്ന അബ്ദുൽ കരീമിന്റെ കൊലപാതകം

100(3835) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറലിലെ താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ 2013 സെപ്തംബർ 28-ന് പ്രവാസി വ്യവസായിയായിരുന്ന അബ്ദുൽ കരീമിനെ ഭാര്യയും മക്കളും ചേർന്ന് കൊലപ്പെടുത്തിയത് സംബന്ധിച്ച കേസിൽ എട്ട് വർഷം കഴിഞ്ഞിട്ടും ഡെഡ് ബോഡിയോ, പ്രതികളെ മാതൃകാപരമായി ശിക്ഷിക്കാനുതകുന്ന തെളിവുകളോ കണ്ടെത്താൻ ക്രൈംബ്രാഞ്ചിന് സാധിച്ചിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ക്രൈംബ്രാഞ്ച് കോഴിക്കോട് യൂണിറ്റിൽ അന്വേഷിച്ചുവരുന്ന ക്രൈം 58/CB/KKD&WYD/14 (താമരശ്ശേരി PS Cr. 764/13) കേസിലെ ഒന്നാം പ്രതിയുടെ കുറ്റസമ്മത പ്രകാരം കർണ്ണാടകയിലെ ചാമരാജ് നഗർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കമ്പനി കനാലിൽനിന്നും കൊല്ലപ്പെട്ട അബ്ദുൽ കരീമിന്റേതെന്ന് കരുതപ്പെടുന്ന ശരീരാവശിഷ്ടം ബന്തവസ്സിലെടുത്ത് ഡി.എൻ.എ. പരിശോധന നടത്തിയതിൽ ശരീരാവശിഷ്ടങ്ങൾ കൊല്ലപ്പെട്ടയാളുടെ മക്കളായ പ്രതികളുടെയോ കൊല്ലപ്പെട്ടയാളുടെ മാതാപിതാക്കളുടെയോ ഡി.എൻ.എ.-യുമായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യോജിക്കുന്നില്ലെന്ന് ശാസ്ത്രീയ പരിശോധനയിൽ തെളിയുകയും ആയതിനാൽ കനാലിൽ വീണ്ടും തെരച്ചിൽ നടത്തി കണ്ടെടുത്ത ശരീരാവശിഷ്ടങ്ങളിൽ ഡി.എൻ.എ. പരിശോധന നടത്താൻ സാധിക്കില്ലെന്ന് ഫോറൻസിക് പരിശോധനയിൽ വ്യക്തമായിട്ടുള്ളതുമാണ്.

(ബി) കർണ്ണാടകയിൽ ഉപേക്ഷിച്ചുവെന്ന് പറയുന്ന മൃതദേഹം കണ്ടെത്താനോ ജാമ്യത്തിലിറങ്ങിയ പ്രതികളെ വീണ്ടും അറസ്റ്റ് ചെയ്യാനോ ചോദ്യം ചെയ്യാനോ നിലവിലുള്ള അന്വേഷണ ഉദ്യോഗസ്ഥർക്ക് സാധ്യമല്ലാത്ത സാഹചര്യത്തിൽ കേസ് സി.ബി.ഐ.-ക്ക് കൈമാറണമെന്ന അബ്ദുൽ കരീമിന്റെ മാതാവിന്റെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേസിന്റെ നിലവിലുള്ള സാഹചര്യം പരിഗണിച്ച് അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) കേസ് സി.ബി.ഐ.-ക്ക് കൈമാറണമെന്ന അബ്ദുൽ കരീമിന്റെ മാതാവിന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

### അമിത പലിശക്കാരെ നിയന്ത്രിക്കുന്നതിനുള്ള നടപടി

101(3836) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമിത പലിശയ്ക്ക് പണം നൽകി ജനങ്ങളെ ചൂഷണം ചെയ്യുന്ന സംഘങ്ങളും വ്യക്തികളും പ്രവർത്തിക്കുന്നുണ്ടെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അമിത പലിശക്കാരെ നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അമിത പലിശക്കാരെയും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്നതിനായി പരാതിയുടെ അടിസ്ഥാനത്തിലും സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായത്തോടെയും രഹസ്യ വിവരശേഖരണം നടത്തിയും നിലവിലെ നിയമങ്ങൾ പ്രകാരം സമയബന്ധിതമായി കേസുകൾ രജിസ്റ്റർ ചെയ്തും അന്വേഷണം നടത്തിയും കുറ്റപത്രം സമർപ്പിച്ചും കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

**ഹോംനേഴ്സിംഗ് ഏജൻസികളിലെ വ്യാജന്മാർ**

102(3837) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോംനേഴ്സിംഗ് ഏജന്റ് മേഖലയിലെ വ്യാജന്മാരേയും യോഗ്യതയില്ലാത്തവരെയും നിയമിച്ച് ഏജൻസികൾ പണം കൈപ്പറ്റുന്നതുൾപ്പെടെയുള്ള തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഹോംനേഴ്സ് - ജനറൽ ഡ്യൂട്ടി ഉൾപ്പെടെ തൊഴിൽ മേഖലയിൽ രജിസ്റ്റർ ചെയ്തവരും അല്ലാത്തവരുമായ എത്ര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്നും എത്രപേർ ഈ തൊഴിലിൽ ഏർപ്പെട്ടുവരുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

59 രജിസ്റ്റേർഡ് ഹോംനേഴ്സ് എജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 1127 പേർ പ്രവർത്തി എടുത്തുവരുന്നു.

(സി) പ്രസ്തുത മേഖലയിലെ തട്ടിപ്പുകളും മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

2020-ൽ ഇതുസംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത മേഖലയിലെ പ്രവർത്തനങ്ങൾ കുറ്റമറ്റതും നിയമവിധേയമാക്കാനും കുറ്റക്കാർക്കെതിരെ കർക്കശ നിയമനടപടി ഉറപ്പുവരുത്താനുമുള്ള നിയമനിർമ്മാണത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനായി എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള നിയമങ്ങൾ നടപടി സ്വീകരിക്കുന്നതിന് പര്യാപ്തമാണ്.

**ആസിഡ് ആക്രമണം തടയാൻ നടപടി**

103(3838) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആസിഡ് ആക്രമണം തടയുകയെന്ന ലക്ഷ്യത്തോടെ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്?

സ്കൂളുകളുടെയും ക്യാമ്പസുകളുടെയും പരിസരത്തും ബസ് സ്റ്റാന്റുകളിലും ആശുപത്രികളിലും മറ്റ് പ്രധാനപ്പെട്ട സ്ഥലങ്ങളിലും പോലീസിനെ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്. L&O Patrol വാഹനങ്ങൾ, പിങ്ക് പട്രോൾ വാഹനങ്ങൾ തുടങ്ങിയവ കൃത്യമായ ഇടവേളകളിൽ പട്രോളിംഗ് നടത്തി ഇത്തരം സംഭവങ്ങൾ

ആവർത്തിക്കാതിരിക്കാൻ നിതാന്ത ജാഗ്രത പുലർത്തിവരുന്നു. ഇത്തരത്തിലുള്ള സംഭവങ്ങളുണ്ടായാൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കുറ്റക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആസിഡുകളുടെ വില്പന, കൈവശം വയ്ക്കൽ, ഉപയോഗം എന്നിവ നിയന്ത്രിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളത്?

ആസിഡുകളുടെ വില്പന, കൈവശം വയ്ക്കൽ തുടങ്ങിയവയ്ക്ക് ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം വിൽപ്പനക്കാരനും ഉപഭോക്താവിനും ലൈസൻസ് വേണമെന്നും ആയതിന്റെ ലോഗ് ബുക്ക്/രജിസ്റ്റർ സൂക്ഷിക്കണമെന്നും നിർദ്ദേശമുള്ളതും സ്റ്റോക്ക് വിവരങ്ങൾ ബന്ധപ്പെട്ട സബ് ഡിവിഷണൽ മജിസ്ട്രേറ്റിനെ അറിയിക്കണമെന്നും മറ്റും നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

(സി) ആസിഡ് ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് ചികിത്സക്കായി എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് സർക്കാർ നൽകിവരുന്നത്; സ്വകാര്യ ആശുപത്രികളിൽ ഈ സൗകര്യങ്ങൾ ലഭ്യമാണോ?

ആസിഡ് ആക്രമണത്തിന് ഇരയായവർക്ക് അടിയന്തര ശ്രദ്ധ നൽകുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗമുണ്ട്. അഡ്മിറ്റ് ചെയ്ത് ചികിത്സ വേണ്ടവർക്ക് BURNS യൂണിറ്റിൽ സർജറി/പ്ലാസ്റ്റിക് സർജറി വിഭാഗത്തിന് കീഴിൽ ആവശ്യമായ എല്ലാ ചികിത്സയും നൽകുന്നതോടൊപ്പം ആവശ്യമെങ്കിൽ മെഡിക്കൽ, സർജറി, ഡെർമറ്റോളജി, ഒഫ്ത്താൽമോളജി, ഇ.എൻ.റ്റി. തുടങ്ങിയ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ സംയുക്തമായുള്ള ചികിത്സയും നൽകിവരുന്നു. കൗൺസിലിംഗ് ആവശ്യമായവർക്ക് സൈക്യാട്രി വിഭാഗത്തിൽ ആയതിനുള്ള സൗകര്യവും ചെയ്യാറുണ്ട്. ഇവർക്ക് സൗജന്യമായി ചികിത്സയും മരുന്നുകളും ഭക്ഷണവും നൽകുന്നുണ്ട്. Plastic surgery, Physiotherapy, Surgery എന്നീ വിഭാഗങ്ങളുള്ള സ്വകാര്യ ആശുപത്രികളിൽ ഈ സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ്.

### യു.എ.പി.എ. കേസുകൾ

104(3839) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര പേർക്കെതിരെയാണ് യു.എ.പി.എ. നിയമപ്രകാരം പോലീസ് കേസെടുത്തിട്ടുള്ളത്; ഇവരുടെ പേരുവിവരങ്ങളും ചുമത്തപ്പെട്ട കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ യു.എ.പി.എ. കേസുകളിൽ ഉൾപ്പെട്ട് വിചാരണ തടവുകാരായി കഴിയുന്നവരുടെ എണ്ണം, ഇവരുടെ പേരിൽ ചുമത്തപ്പെട്ട കേസുകളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുമോ;

(സി) ഇവർ ഓരോരുത്തരും ഇതിനോടകം അനുഭവിച്ച ജയിൽവാസത്തിന്റെ കാലാവധി അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

(എ-സി) ദേശസുരക്ഷയുമായി ബന്ധപ്പെട്ടുള്ള കേസിൽ ഉൾപ്പെടുന്നതും പ്രത്യേക കോടതികളുടെ പരിഗണനയിലിരിക്കുന്നതുമായ പ്രതികളുടെ വിവരങ്ങൾ നൽകുവാൻ കഴിയില്ല.

(ഡി) ഈ കാലയളവിൽ യു.എ.പി.എ. ചുമത്തപ്പെട്ട കേസുകളിൽ ശിക്ഷ വിധിക്കപ്പെട്ടതും യു.എ.പി.എ. പിൻവലിക്കപ്പെട്ടതുമായ കേസുകൾ ഏതൊക്കെയാണ് വിശദാംശങ്ങൾ നൽകുമോ ?

ഈ കാലയളവിൽ യു.എ.പി.എ. ചുമത്തപ്പെട്ട കേസുകളിൽ യു.എ.പി.എ. പിൻവലിക്കപ്പെട്ട കേസുകൾ ചുവടെ ചേർക്കുന്നു.

1. ക്രൈം നമ്പർ 273/17 വണ്ടിപ്പെരിയാർ പോലീസ് സ്റ്റേഷൻ

2. ക്രൈം നമ്പർ 2721/17 നോർത്ത് പറവൂർ പോലീസ് സ്റ്റേഷൻ

3. ക്രൈം നമ്പർ 933/16 നടക്കാവ് പോലീസ് സ്റ്റേഷൻ

4. ക്രൈം നമ്പർ 416/18 കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ.

### ജലാശയങ്ങളിലെ അപകടങ്ങൾ കുറയ്ക്കാൻ നടപടി

105(3840) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾ, കായലുകൾ, ഡാം സൈറ്റുകൾ, തണ്ണീർത്തടങ്ങൾ, കുളങ്ങൾ ഉൾപ്പെടെയും ഒപ്പം കടലോര മേഖലകളിലും അപകടങ്ങളിൽപ്പെടുന്ന യുവാക്കൾ ഉൾപ്പെടെയുള്ളവരുടെ എണ്ണം കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്ത ജലാശയങ്ങളിൽപ്പെട്ടുള്ള അപകടങ്ങൾ എത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ ഓരോ വർഷവും മരണപ്പെട്ടവർ എത്രയെന്നും എത്ര പേരെ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരും നാട്ടുകാരും രക്ഷപ്പെടുത്തിയെന്നും വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്ത ജലാശയങ്ങൾ ഉൾപ്പെടെയുള്ള അപകടങ്ങൾ, അപകടങ്ങളിൽ മരണപ്പെട്ടവർ, അപകടങ്ങളിൽനിന്നും രക്ഷിക്കപ്പെട്ടവർ എന്നിവരുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി നൽകിയിരിക്കുന്നു.*

(സി) പ്രസ്തുത അപകടങ്ങൾ സംഭവിക്കുന്നത് മദ്യം, മയക്കുമരുന്ന് തുടങ്ങിയവ ഉപയോഗിക്കുന്നതിനാലും അജ്ഞതയാലും പരിചയക്കുറവ് മൂലവും സ്ഥലത്തെക്കുറിച്ച് വിവരമില്ലാത്തതുംമൂലമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സ്ഥലപരിചയക്കുറവും നീന്തൽ വശമില്ലാത്തതുമൂലവുമുള്ള കാരണങ്ങളാലാണ് ഭൂരിഭാഗം അപകടങ്ങളും സംഭവിക്കുന്നത്.

(ഡി) എങ്കിൽ ഇത്തരം ജലാശയമേഖലകളിൽ കൃത്യമായ വിവരണ ബോർഡുകളും നിരീക്ഷണത്തിന് സംവിധാനവും നിയമ ലംഘകർക്കെതിരെ കർശന നടപടികളും ഉറപ്പുവരുത്തുന്നത് സർക്കാർ പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇത്തരത്തിൽ പതിവായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും ബീച്ച് ഏരിയകളിലും മറ്റും പോലീസ് പട്രോളിംഗ് ശക്തമാക്കിയും വിനോദസഞ്ചാര കേന്ദ്രങ്ങളിലും മറ്റും പോലീസ് എയ്ഡ് പോസ്റ്റുകൾവഴി ബോധവത്കരണം നടത്തിയും അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ സുരക്ഷാനടപടികൾ പോലീസ് സ്വീകരിച്ചുവരുന്നു.

**പോലീസ് സ്റ്റേഷനുകളിൽ നിയമലംഘനങ്ങൾക്ക് പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ**

106(3841) <u>ശ്രീ. വി ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ നിയമലംഘനങ്ങൾക്ക് പിടിച്ചെടുത്ത വാഹനങ്ങൾ കാലങ്ങളായി പൊതുനിരത്തിലും പോലീസ് സ്റ്റേഷൻ പരിസരത്തും നിർത്തിയിട്ടിരിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കേസിൽ ഉൾപ്പെടാത്തതും പോലീസ് കസ്റ്റഡിയിൽ എടുത്തതോ കണ്ടുകെട്ടിയതോ ഉപേക്ഷിക്കപ്പെട്ടതോ ആയ, പോലീസ് സ്റ്റേഷൻ പരിസരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ എത്രയും വേഗം കയ്യൊഴിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 11-9-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 60/2018/ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പോലീസ് സ്റ്റേഷൻ പരിസരത്തുള്ള ഇത്തരം വാഹനങ്ങൾ ഒഴിവാക്കി സ്റ്റേഷൻ പരിസരം മോടിപിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പിടിച്ചെടുത്ത വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരത്തുനിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

107(3842) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്?

ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി 1,79,06,900 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

(ബി) ടി പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

108(3843) ശ്രീ എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(ബി) എങ്കിൽ എപ്പോഴാണ് പ്രവർത്തനം തുടങ്ങിയതെന്നും എവിടെയാണ് ഈ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നതെന്നും വ്യക്തമാക്കാമോ?

14-4-2020 മുതൽ പ്രവർത്തനം ആരംഭിച്ചു. കാസർഗോഡ് താലൂക്കിലെ കാസർഗോഡ് പോലീസ് സ്റ്റേഷന് മുൻവശത്തായി പഴയ കൺട്രോൾ റൂമായി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലാണ് ഇപ്പോൾ വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നത്.

(സി) പ്രസ്തുത സ്റ്റേഷൻ പ്രവർത്തിക്കുന്നത് പുതിയ കെട്ടിടത്തിലാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) അല്ലെങ്കിൽ പഴയ കെട്ടിടത്തിൽ പ്രവർത്തിക്കാൻ കാരണമെന്താണെന്നും പ്രസ്തുത കെട്ടിടം എത്രവർഷം പഴക്കമുള്ളതാണെന്നും അറിയിക്കുമോ; പ്രസ്തുത സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമായിട്ട് ഏതൊക്കെ പ്രശ്നങ്ങളാണ് ഇവിടെയുള്ളതെന്ന് വ്യക്തമാക്കാമോ?

(സി&ഡി) 8 വർഷത്തോളം പഴക്കമുള്ള കെട്ടിടത്തിലാണ് പോലീസ് സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്നത്. പ്രസ്തുത സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സങ്ങളില്ല.

(ഇ) കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

നിലവിൽ പരിഗണനയിലില്ല.

**പലചരക്ക് കട തീയിട്ട് നശിപ്പിച്ചവർക്കെതിരെ സ്വീകരിച്ച നടപടി**

109(3844) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താട്ടുകുളം നഗരസഭയിൽ കിഴക്കൊമ്പിൽ ശ്രീ. ശിവരാജന്റെ ഉടമസ്ഥതയിലുള്ള പലചരക്ക് കട തീയിട്ട് നശിപ്പിച്ച സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഇതുസംബന്ധിച്ച് കൂത്താട്ടുകുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1146/2021 u/s 427, 436 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത കടയ്ക്ക് നേരെ ഇത്തരത്തിലുള്ള അക്രമസംഭവങ്ങൾ ആവർത്തിക്കുന്നതായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2019-ൽ സമാന സംഭവമുണ്ടായിട്ടുള്ളതായി പരാതിക്കാരന്റെ മൊഴിയിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുള്ളതിനാൽ ഇക്കാര്യത്തിലും അന്വേഷണം നടത്തിവരുന്നു.

(സി) എങ്കിൽ സംഭവവുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇതുവരെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

## ഹോംഗാർഡുകളെ നിയമിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

110(3845) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ സഹായത്തിനായി ഹോംഗാർഡുകളെ നിയമിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

26-11-2009-ലെ ജി.ഒ.(എം.എസ്.) 190/2009/ആഭ്യന്തരം (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)* ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചാണ് ഹോംഗാർഡുകളെ നിയമിക്കുന്നത്. ഇത്തരത്തിൽ നിയമിക്കുന്നവരിൽനിന്നും ജില്ല പോലീസ് മേധാവികളുടെ അപേക്ഷ പ്രകാരം ആവശ്യമുള്ള ഹോംഗാർഡുകളെ പോലീസ് സേനയുടെ സഹായത്തിനായി വിട്ടുനൽകുന്നു.

(ബി) സംസ്ഥാനത്ത് എത്ര ഹോംഗാർഡുകളാണ് നിലവിൽ ജോലി ചെയ്യുന്നതെന്ന് വിശദമാക്കുമോ?

നിലവിൽ 2867 പേർ. (2029 പേർ പോലീസിലും 838 പേർ ഫയർ ഫോഴ്സിലും ജോലി നോക്കിവരുന്നു).

(സി) ട്രാഫിക് ഡ്യൂട്ടിക്കും മറ്റും നിയമിക്കുന്ന ഹോംഗാർഡുകൾക്ക് എന്തെല്ലാം അധികാരങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

ഗതാഗത നിയന്ത്രണ ഡ്യൂട്ടിക്കും ഉത്സവ ബന്തവസ്സ് ഡ്യൂട്ടിക്കും ഇലക്ഷൻ സ്പെഷ്യൽ പോലീസ് ഓഫീസറായും പോലീസിനെ സഹായിക്കാനായി ഹോം ഗാർഡുകളെ നിയോഗിച്ചുവരുന്നു.

## ഫോറൻസിക് സയൻസിൽ പ്രാവീണ്യം വേണ്ട നിയമനങ്ങൾ

111(3846) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് സയൻസിൽ പ്രാവീണ്യം ആവശ്യമുള്ള ഏതൊക്കെ തസ്തികകളാണ് സർക്കാർ മേഖലയിലുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഫോറൻസിക് സയൻസിൽ ബിരുദം ഉള്ളവരെയാണോ അതോ മറ്റ് യോഗ്യതയുള്ളവരെയാണോ നിയമിക്കുന്നതെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ഫോറൻസിക് സയൻസ് മാത്രം അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾ ഒന്നുംതന്നെ ആഭ്യന്തര വകുപ്പിലില്ല. ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ വിവിധ തസ്തികകളിലെ നിയമനങ്ങൾക്കായി 31-1-2014-ലെ സ.ഉ.(അച്ചടി) നമ്പർ 19/2014/ആഭ്യന്തരം പ്രകാരമുള്ള വിശേഷാൽ ചട്ടം നിഷ്കർഷിച്ചിട്ടുള്ള യോഗ്യത പ്രകാരം നിയമനങ്ങൾ നടത്തി, ഫോറൻസിക് സയൻസ് സംബന്ധമായ വിഷയങ്ങളിൽ വേണ്ട പരിശീലനം നൽകിവരുന്നു.

(സി) ശാസ്ത്രീയമായ കുറ്റാന്വേഷണത്തിന് ഫോറൻസിക് സയൻസിലുള്ള ബിരുദം ഏറ്റവും അത്യാവശ്യമാകയാൽ പ്രസ്തുത യോഗ്യതയുള്ളവർ കേരളത്തിൽ ലഭ്യമാണോയെന്നറിയിക്കാമോ; ഫോറൻസിക് വിഭാഗങ്ങളിൽ മറ്റ് യോഗ്യതയുള്ളവരെ നിയമിക്കുന്നത് കുറ്റാന്വേഷണം ഫലപ്രദമാകുന്നതിന് തടസ്സമാകുന്നുണ്ടോയെന്നത് പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമോ?

ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ വിവിധ തസ്തികകളിലെ നിയമനങ്ങൾക്കായി 31-1-2014-ലെ സ.ഉ.(അച്ചടി) നമ്പർ 19/2014/ആഭ്യന്തരം പ്രകാരമുള്ള വിശേഷാൽ ചട്ടം നിഷ്കർഷിച്ചിട്ടുള്ള യോഗ്യത പ്രകാരം നിയമനങ്ങൾ നടത്തി, ഫോറൻസിക് സയൻസ് സംബന്ധമായ വിഷയങ്ങളിൽ വേണ്ട പരിശീലനം നൽകുന്നതിനാൽ കുറ്റകൃത്യങ്ങളിലെ ശാസ്ത്രീയ പരിശോധനകൾ കാര്യക്ഷമമായും ഫലപ്രദമായും പൂർത്തീകരിക്കാൻ സാധിക്കുന്നു. നേരിട്ടുള്ള നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നൽകുന്നത് പി.എസ്.സി. മുഖേനയാണ്. ആയതിനാൽ, ഉദ്യോഗാർത്ഥികളുടെ ലഭ്യത വകുപ്പ് പരിശോധിച്ചിട്ടില്ല.

### പട്ടാമ്പി -പുലാമന്തോൾ റോഡിന്റെ വിജിലൻസ് കേസ്

112(3847) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി-പുലാമന്തോൾ റോഡ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യാനിടയായ സാഹചര്യം വ്യക്തമാക്കാമോ?

ശ്രീ. സെയ്തലവി, മീനങ്ങൽ വീട്, ചെമ്മലശ്ശേരി, പുലമന്തോൾ പോസ്റ്റ്, മലപ്പുറം ജില്ല എന്ന വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റിൽ 2014 വർഷത്തിൽ എസ്.സി.682014/ എം.പി.എം. എന്ന നമ്പരിൽ നടത്തിയ മിന്നൽ പരിശോധനയിൽ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിലാണ് പട്ടാമ്പി-

പുലാമന്തോൾ റോഡ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പാലക്കാട് യൂണിറ്റിൽ വി.സി.25/2015/പി.കെ.ഡി. നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത്.

(ബി) പ്രസ്തുത കേസിന്റെ നിലവിലെ സ്റ്റാറ്റസ് വ്യക്തമാക്കാമോ; ഈ കേസിൽ ഉൾപ്പെട്ട ആരെയെങ്കിലും ശിക്ഷിക്കുകയുണ്ടായോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത വിജിലൻസ് കേസന്വേഷണം പൂർത്തിയാക്കി 27-3-2021-ൽ പ്രതികൾക്കെതിരെ ബഹു. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) കോടതി, തൃശ്ശൂർ മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു. കോടതിയുടെ വിചാരണയിലുമാണ്.

**അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് നടന്ന വിജിലൻസ് അന്വേഷണം**

113(3848) <u>ശ്രീ ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 സർക്കാരിന്റെ കാലത്ത് മാനന്തവാടിയിൽ യുവജനക്ഷേമം, കൃഷി എന്നീ വകുപ്പുകൾ ചേർന്ന് നടത്തിയ അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് നടന്ന വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത അന്വേഷണവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണുള്ളത്?

(എ&ബി) 2015-ൽ സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റിയിൽ സംഘടിപ്പിച്ച അഗ്രിഫെസ്റ്റിനോടനുബന്ധിച്ച് നടത്തിയ ട്രൈബൽ ഫെസ്റ്റിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ വയനാട് യൂണിറ്റ് പി.ഇ.01/2018/വയനാട് ആയി ഒരു പ്രാഥമികാന്വേഷണം നടത്തുകയും റിപ്പോർട്ട് തുടർനടപടി സ്വീകരിക്കുന്നതിനായി സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. റിപ്പോർട്ടിലെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ, വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കായിക യുവജനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാന യുവജനക്ഷേമ ബോർഡ് ഈ പരിപാടിക്കായി അനുവദിച്ച 10 ലക്ഷം രൂപയുടെ ധനവിനിയോഗപത്രം നാളിതുവരെ സർക്കാരിൽ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ ശ്രീമതി ശ്രീലേഖ നേരിട്ട് ചെലവഴിച്ച പത്ത് ലക്ഷം രൂപയുടെ ധനവിനിയോഗപത്രം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. നാഷണൽ അഗ്രി ഫെസ്റ്റ് സംഘടിപ്പിച്ചതിന്റെ ഭാഗമായി നടത്തിയ ട്രൈബൽ ഫെസ്റ്റിന്റെ ചെലവുകൾക്ക് അനുവദിച്ച 20 ലക്ഷം രൂപയിൽ, 10 ലക്ഷം രൂപ കൈപ്പറ്റിയ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബിജു, കൈപ്പറ്റ് രശീതും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റിയ 10 ലക്ഷം രൂപയുടെ കണക്കുകൾ സംബന്ധിച്ച് നടത്തിയ ആഡിറ്റിൽ പലവിധ ചെലവുകളുമായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും നാളിതുവരെ ബോർഡിന് സമർപ്പിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

**മുൻസിഫ് കോടതികളും കോടതികളിലെ അവശ്യ തസ്തികകളും**

114(3849) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ പ്രവർത്തിക്കുന്ന ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി 31-10-2013-ലെ ജി.ഒ.(എം.എസ്)217/2013/ഹോം ഉത്തരവ് പ്രകാരം മുൻസിഫ്-മജിസ്ട്രേറ്റ് കോടതിയാക്കി മാറ്റിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കോടതി ഇതുവരെയും പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; 2013-ന് ശേഷം സംസ്ഥാനത്ത് പുതുതായി മുൻസിഫ് കോടതികൾ ആരംഭിച്ചിട്ടുണ്ടോയെന്നും എവിടെയൊക്കെയാണെന്നും അറിയിക്കാമോ?

(എ&ബി) ഉണ്ട്. എങ്കിലും ടി കോടതി ഇപ്പോഴും ജെ.എഫ്.സി.എം. കോടതിയായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. 31-1-2015-ലെ G.O.(Ms) No.20/2015/Home പ്രകാരം 8 തസ്തികകൾ അനുവദിച്ചിരുന്നു. 17 തസ്തികകൾകൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും 6-3-2019-ലെ G.O.(Ms)29/2019/Home പ്രകാരം സബോർഡിനേറ്റ് ജുഡീഷ്യറിയിൽ 478 തസ്തികകൾ സൃഷ്ടിച്ചതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ തൽക്കാലം പെൻഡിംഗിൽ വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. 2013-നുശേഷം അട്ടപ്പാടിയിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിന് 22-9-2017-ലെ G.O.(Rt)No.2480/2017/Home പ്രകാരം തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. അടിമാലി, കോതമംഗലം, താമരശ്ശേരി എന്നിവിടങ്ങളിലെ 3 ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ മുൻസിഫ് മജിസ്ട്രേറ്റ് കോടതികളായി മാറ്റി ഉത്തരവായിട്ടുണ്ട്.

(സി) 30-4-2015-ന് D7(A)-16913/2006 നമ്പർ കത്തുപ്രകാരം ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുള്ള അവശ്യ തസ്തികകൾ അനുവദിക്കുമോ; വിശദമാക്കാമോ; 30-4-2015-നുശേഷം നാളിതുവരെ എത്ര തസ്തികകൾ വിവിധ കോടതികൾക്കായി സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ?

30-4-2015-ന് D7(A)-16913/2006 നമ്പർ കത്തുപ്രകാരം 17 തസ്തികകൾ കൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ സമർപ്പിച്ചിരുന്നു. 30-4-2015-നു ശേഷം നാളിതുവരെ സബോർഡിനേറ്റ് ജൂഡീഷ്യറിയിൽ 1750 തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്

(ഡി) നിലമ്പൂരിൽ പ്രവർത്തിക്കുന്ന ജെ.എഫ്.സി.എം. കോടതി, മുൻസിഫ്-മജിസ്ട്രേറ്റ് കോടതിയാക്കി പ്രവർത്തനസജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം വിശദമാക്കാമോ?

31-10-2013-ലെ G.O.(Ms)No.271/2013/Home പ്രകാരം നിലമ്പൂർ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി പരിവർത്തനം ചെയ്യുകയും 31-1-2015-ലെ G.O.(Ms) No.20/2015/Home പ്രകാരം 8 തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ മറ്റ് നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

## മലപ്പുറം കുടുംബ കോടതിയിൽ സൂപ്പർവൈസറി തസ്തികകൾ

115(3850) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കാനും പുനഃക്രമീകരിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ കുടുംബകോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി, കോടതികൾ ആരംഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതാണെന്ന വ്യവസ്ഥയിൽ, 7 പുതിയ കുടുംബ കോടതികൾ ആരംഭിക്കുന്നതിന് ഈ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കേസുകൾ കെട്ടിക്കിടക്കുന്ന കോടതികളിലൊന്നായ മലപ്പുറം കുടുംബ കോടതിയിൽ സൂപ്പർവൈസറി പോസ്റ്റുകളുടെ അഭാവംമൂലം കോടതി നടപടികളിൽ കാലതാമസവും പ്രയാസങ്ങളും നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പരാതിക്കാർക്കും എതിർ കക്ഷികൾക്കും വേഗത്തിൽ കേസുകൾ തീർത്ത് ആശ്വാസമേകാൻ മലപ്പുറം കുടുംബ കോടതിയിൽ ജൂനിയർ സൂപ്രണ്ട്, ബെഞ്ച് ക്ലർക്ക് ഗ്രേഡ്-1 എന്നീ സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് നിലവിലുള്ള കോടതികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പുനലൂർ കുടുംബ കോടതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി

116 (3851) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോം (സി) വകുപ്പിന്റെ ജി.ഒ. (എം.എസ്.) നമ്പർ 38/2021/ഹോം ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട പുനലൂർ കുടുംബ കോടതി നാളിതുവരെയും പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോടതി പ്രവർത്തനം ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കോടതി പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ?

(എ-സി) 11-2-2021-ലെ G.O.(Ms)No.38/2021/Home നമ്പർ ഉത്തരവുപ്രകാരം കുന്നംകുളം, നെയ്യാറ്റിൻകര, അടൂർ, പുനലൂർ, പറവൂർ (കൊല്ലം) എന്നിവിടങ്ങളിൽ കുടുംബ കോടതികൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കുടുംബ കോടതികൾക്ക് അനുയോജ്യമായ കെട്ടിടങ്ങൾ കണ്ടുപിടിക്കുന്നതിന് ജില്ലാ ജഡ്ജിമാർക്ക് നിർദ്ദേശം നൽകിയതായും പുനലൂരിൽ കുടുംബ കോടതി പ്രവർത്തനം ആരംഭിക്കുന്നതിന് പുനലൂർ കോടതി സമുച്ചയത്തിൽ അനുയോജ്യമായ സ്ഥലം ലഭ്യമാണെന്നും ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ പരിശോധിച്ചുവരുന്നു.

(ഡി) ഇതുമായി ബന്ധപ്പെട്ട വിവിധ സർക്കാർ ഫയലുകളുടെ വിശദാംശങ്ങൾ അറിയിക്കുമോ; പ്രസ്തുത ഫയൽ എന്നത്തേയ്ക്ക് തീർപ്പാക്കി നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

സി5/171/2018/ആഭ്യന്തരം നമ്പർ ഫയലിലും സി5/171/2018/ ആഭ്യന്തരം (പാർട്ട്-1) നമ്പർ ഫയലിലും നടപടി സ്വീകരിച്ചുവരുന്നു.

## കൊണ്ടോട്ടിയിൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി

117(3852) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ട് കോടതി സ്ഥാപിക്കണമെന്ന നിർദ്ദേശത്തിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് ഹൈക്കോടതിയുടെ ശിപാർശ ലഭിച്ചിരുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പുതിയ മുൻഗണനാ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കോടതി എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-ഡി) ഹൈക്കോടതി സബോർഡിനേറ്റ് ജുഡീഷ്യറി രജിസ്ട്രാറിന്റെ ശിപാർശ പരിഗണിച്ച് സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2-3-2016-ലെ സ.ഉ.(കൈ) നമ്പർ 79/2016/ആഭ്യന്തരം പ്രകാരമാണ് മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. മുൻഗണനാലിസ്റ്റിൽ 45-ാമതായിട്ടാണ് കൊണ്ടോട്ടിയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. 2-3-2016-ലെ സ.ഉ.(കൈ)നമ്പർ 79/2016/ആഭ്യന്തരം ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

## സർക്കാർ പിൻവലിച്ച കേസുകൾ

118(3853) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ മന്ത്രിമാരും എം.എൽ.എ.-മാരും ഉൾപ്പെട്ട എത്ര കേസുകൾ പിൻവലിക്കുന്നതിന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2016 മുതൽ (14-10-2021 വരെ) നിലവിലുള്ള മന്ത്രിമാരും എം.എൽ.എ.-മാരും ഉൾപ്പെട്ട 150 കേസുകൾ പിൻവലിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്

(ബി) ഇതിൽ എത്ര കേസുകൾ പിൻവലിക്കുന്നതിനാണ് അനുമതി ലഭിച്ചത്; ഇവയിൽ മന്ത്രിമാർക്കെതിരെയും എം.എൽ.എ.-മാർക്കെതിരെയുമുള്ള കേസുകൾ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതിൽ 128 കേസുകൾ പിൻവലിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. ഇവയിൽ നിലവിലുള്ള മന്ത്രിമാർക്കെതിരെയുള്ള 12 കേസുകളും നിലവിലുള്ള എം.എൽ.എ.-മാർക്കെതിരെയുള്ള 94 കേസുകളും നിലവിലുള്ള മന്ത്രിമാരും എം.എൽ.എ.-മാരും ഒരുമിച്ചുള്ള 22 കേസുകളുമാണ് പിൻവലിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളത്.

(സി) മന്ത്രിമാരും എം.എൽ.എ.-മാരും മുൻ എം.എൽ.എ.-മാരും ഉൾപ്പെട്ടിരുന്നവയിൽ പിൻവലിക്കപ്പെട്ട കേസുകളുടെ വിശദാംശങ്ങൾ നൽകുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഈ കാലയളവിൽ സർക്കാർ ആവശ്യപ്പെട്ടുപ്രകാരം പിൻവലിക്കപ്പെട്ടവയിൽ രാഷ്ട്രീയപാർട്ടികൾ കക്ഷികളായിട്ടുള്ള കേസുകളുടെ എണ്ണം എത്ര വീതമാണെന്ന് വിശദമാക്കുമോ?

ഈ കാലയളവിൽ രാഷ്ട്രീയപാർട്ടികൾ കക്ഷികളായിട്ടുള്ള പിൻവലിക്കപ്പെട്ട കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

LDF - 848

UDF - 55

BJP - 15

LDF & UDF - 2

LDF & BJP - 2

AAP - 1

PDP - 2

SDPI - 5

**കുടുംബ പെൻഷൻ അനുവദിക്കാൻ നടപടി**

119(3854) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജുഡീഷ്യൽ സർവ്വീസിൽ സേവനമനുഷ്ഠിച്ചിരുന്ന ശിരസ്തദാർ ശ്രീ. ഒ. എബ്രഹാമിന്റെ മരണശേഷം അദ്ദേഹത്തിന്റെ കുടുംബ പെൻഷൻ അനുവദിക്കുന്നതിനായി ഭാര്യ ശ്രീമതി മേരി മംഗലത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഇത്തരത്തിൽ ഒരു അപേക്ഷ ലഭിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച ഫയൽ നിലവിലുണ്ടോ; എങ്കിൽ നമ്പർ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫാമിലി പെൻഷൻ അനുവദിക്കുന്നതിന് തടസ്സമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രശ്നങ്ങൾ പരിഹരിച്ച് പ്രസ്തുത കുടുംബത്തിന് പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി-ഡി) ബാധകമല്ല.

**കുട്ടനാട് ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് വിപുലപ്പെടുത്തൽ**

120(3855) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ഫയർ ആൻഡ് റെസ്ക്യൂ സേവനം വിപുലപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് താലൂക്കിലെ വിവിധ സ്ഥലങ്ങളിൽ അത്യാഹിതമുണ്ടായാൽ ആലപ്പുഴ, തകഴി എന്നീ നിലയങ്ങളിൽനിന്ന് സമയബന്ധിതമായി അഗ്നിരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ആധുനിക നിലവാരത്തിലുള്ള ബോട്ടുകൾ ഫയർഫോഴ്സിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

അഗ്നിരക്ഷാസേവന വകുപ്പിൽ ആധുനിക നിലവാരത്തിലുള്ള 14 എണ്ണം ഫൈബർ ബോട്ട് വിത്ത് ഔട്ട് ബോർഡ് എഞ്ചിനും (40 HP) 29 എണ്ണം റബ്ബർ ഡിങ്കികളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**ഗുരുവായൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

121(3856) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ഫയർ സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണം സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത സ്റ്റേഷന്റെ നിലവിലെ കെട്ടിടം അപകടാവസ്ഥയിലായതിനാൽ ഫയർ സ്റ്റേഷൻ അടിയന്തരമായി മാറ്റിസ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(എ&ബി) തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ ഗുരുവായൂർ വില്ലേജ് സർവ്വേ നമ്പർ 129/14-ൽ ഉൾപ്പെട്ട, ബി.ടി.ആർ. പ്രകാരം നഞ്ചയായി രേഖപ്പെടുത്തിയിരിക്കുന്ന 0.2012 ഹെക്ടർ സ്ഥലം ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി തരംമാറ്റി നൽകുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

**കല്ലമ്പലം ഫയർ & റസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

122(3857) ശ്രീ. വി ജോയി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ കല്ലമ്പലം ഫയർ & റസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

26-2-2021-ൽ പ്രവർത്തനം ആരംഭിച്ച കല്ലമ്പലം ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വർക്കല താലൂക്കിൽ നാവായിക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 23-ൽ റീസർവ്വേ നമ്പർ 233/1-ലെ 19.34 ആർ (47.77 സെന്റ്) സർക്കാർ പുറമ്പോക്ക് ഭൂമി റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**തിരൂർ ഫയർ സ്റ്റേഷന് പുതിയ വാഹനങ്ങൾ**

123(3858) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ ഫയർ സ്റ്റേഷനിലെ, ഫസ്റ്റ് എം.ടി.യു. 2009 മോഡൽ മൊബൈൽ ടാങ്കർ യൂണിറ്റ് വാഹനവും മിനി എം.ടി.യു. 2010 മോഡൽ വാഹനവും മാസങ്ങളായി പ്രവർത്തനരഹിതമായത് ഫയർ സ്റ്റേഷന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തിരൂർ നിലയത്തിലെ 2009 മോഡൽ മൊബൈൽ ടാങ്കർ യൂണിറ്റ് വാഹനവും 2010 മോഡൽ മിനി മൊബൈൽ ടാങ്കർ യൂണിറ്റ് വാഹനവും നിലവിൽ പ്രവർത്തനക്ഷമമാണ്.

(ബി) തിരൂർ ഫയർ സ്റ്റേഷന് പുതിയ വാഹനങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഫയർ & റസ്ക്യൂ വകുപ്പിൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ആയവ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകതയുടെയും ലഭ്യതയുടെയും അടിസ്ഥാനത്തിൽ തിരൂർ അഗ്നിരക്ഷാ നിലയത്തിന് അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**ജയിൽ തടവുകാരുടെ അനധികൃത മൊബൈൽ ഫോൺ ഉപയോഗം**

124(3859) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലിൽ തടവുകാർ മൊബൈൽ ഫോൺ ഉപയോഗിച്ച് നിയമവിരുദ്ധമായ കാര്യങ്ങളിൽ ഏർപ്പെടുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ടോ?

പോലീസ് ഇന്റലിജൻസിൽനിന്നും ലഭിച്ച സൂചനകളനുസരിച്ച് ജയിൽ ഉദ്യോഗസ്ഥർ നടത്തിയിട്ടുള്ള മിന്നൽ പരിശോധനയിൽ ഒളിപ്പിച്ച നിലയിൽ മൊബൈൽ ഫോണുകൾ കണ്ടെത്തിയിട്ടുള്ളതും പ്രസ്തുത സാഹചര്യങ്ങളിൽ ജയിൽ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികളും കേസ് രജിസ്റ്റർ ചെയ്തു നിയമ നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്.

(ബി) തടവുകാരുടെ അനധികൃത മൊബൈൽ ഉപയോഗം സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിരുന്നോ?

ചില ഉദ്യോഗസ്ഥരുടെ ഒത്താശയോടെ വിയ്യൂർ സെൻട്രൽ ജയിലിലെ തടവുകാരിൽ ചിലർ ജയിലിനുള്ളിൽ പാലിക്കേണ്ട ചട്ടങ്ങൾ ലംഘിക്കുകയും ജയിൽ സുരക്ഷാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ ചില പ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്യുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നു.

(സി) ഇതിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ നിഗമനങ്ങളിന്മേൽ സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ?

അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ജയിൽ മേധാവി സർക്കാരിലേയ്ക്ക് നൽകിയ ശിപാർശയും വീഴ്ചകളുടെ ഗൗരവവും കണക്കിലെടുത്ത് വിയ്യൂർ സെൻട്രൽ ജയിലിൽ സൂപ്രണ്ടിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, ജോയിന്റ് സൂപ്രണ്ട് എന്നിവരെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

**ജയിൽ സുരക്ഷ**

125 (3860) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽനിന്നും തടവുപുള്ളികൾ ചാടിപ്പോയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷം രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം എത്ര; ഇങ്ങനെ ജയിൽ ചാടിയവരുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വിവിധ ജയിലുകളിൽ നിന്നും 105 പേർ തടവ് ചാടിയിട്ടുണ്ട്. ഈ സംഭവങ്ങളിൽ 85 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ജയിലുകളിൽനിന്നും ആയുധങ്ങൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; ഈ കേസ്സുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ജയിലുകളിൽനിന്നും ആയുധങ്ങൾ കണ്ടെത്തിയിട്ടില്ല.

(സി) സംസ്ഥാനത്തെ ജയിലുകളിൽ സുരക്ഷാ വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജയിലുകളിലെ സുരക്ഷാവീഴ്ച പരിഹരിക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഇല്ല. സംസ്ഥാനത്തെ എല്ലാ ജയിലുകളിലും മതിയായ സുരക്ഷ ഒരുക്കുന്നതിനും ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**തടവുകാർക്ക് കൗൺസിലിംഗ് നൽകൽ**

126(3861) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സബ് ജയിൽ, സ്പെഷ്യൽ സബ് ജയിൽ എന്നീ സ്ഥാപനങ്ങളിൽ പാർപ്പിച്ചിരിക്കുന്ന കുറ്റാരോപിതരായ തടവുകാർക്കും ശിക്ഷാ തടവുകാർക്കും കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ 16 സ്പെഷ്യൽ സബ് ജയിലുകളിൽ തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട് എന്നീ മൂന്ന് സ്ഥാപനങ്ങളിൽ വെൽഫെയർ ഓഫീസർമാർ തടവുകാർക്ക് കൗൺസിലിംഗ് നൽകിവരുന്നു. കൗൺസിലർമാരുടെ 5 തസ്തികയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ 3 തസ്തികയും പുതിയതായി അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവരെ സെൻട്രൽ ജയിലുകളിലും കോഴിക്കോട്, എറണാകുളം ജില്ലാ ജയിലുകളിലും നിയമിച്ചിട്ടുള്ളതും ഇവരുടെ സേവനം മറ്റ് ജയിലുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. എൻ.ജി.ഒ.-കളുടെയും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സബ് ജയിൽ, സ്പെഷ്യൽ സബ് ജയിൽ എന്നീ സ്ഥാപനങ്ങളിൽ കൗൺസിലിംഗ് നൽകിവരുന്നുണ്ട്. അടിസ്ഥാന വിഭാഗം ജീവനക്കാരുടെ പരിശീലന സിലബസിൽ കൗൺസിലിംഗ് ഉൾപ്പെടുന്ന കറക്ഷണൽ സൈക്കോളജി ഉൾപ്പെടുത്താനും കേരള യൂണിവേഴ്സിറ്റിയുടെ സെന്റർ ഫോർ അഡൽറ്റ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ & എക്സ്റ്റൻഷൻ മുഖാന്തരം പരിശീലനം നൽകാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ പ്രസ്തുത തടവുകാർക്ക് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബാധകമല്ല.

### സി-ആപ്റ്റിന്റെ പ്രവർത്തനം

127(3862) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിന്റെ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം സ്ഥാപനത്തിന് ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 10-6-2003-ലെ ജി.ഒ. (ആർ.ടി.) നമ്പർ 2161/03/ജിഇഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സി-ആപ്റ്റിന്റെ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനായി വിവിധ ജില്ലകളിലായി നിർത്തലാക്കിയ 10 സ്കൂൾ കെട്ടിടങ്ങൾ 5 വർഷത്തേയ്ക്ക് ഫെയർ റെന്റായി സെന്ററിന് അനുവദിച്ച് നൽകിയിരുന്നു. ടി സ്കൂൾ കെട്ടിടങ്ങൾ സി-ആപ്റ്റിനായി അനുവദിച്ച് നൽകിയിരുന്ന കാലയളവ് 5 വർഷം കഴിഞ്ഞ സാഹചര്യത്തിൽ ആയത് ദീർഘിപ്പിച്ച് നൽകണമെന്നും ടി കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം സെന്ററിന് ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിൽ നിലനിർത്തി ടി കെട്ടിടങ്ങൾ സി-ആപ്റ്റിന്റെ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനായി അനുമതി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 20-12-2018-ൽ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർ പൊതുവിദ്യാഭ്യാസ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

(ബി) സി-ആപ്റ്റിൽ ലോക്കൽ പർച്ചേസ് ചെയ്യുന്ന അച്ചടി സാമഗ്രികൾ, സ്റ്റേഷനറി സാധനങ്ങൾ എന്നിവ സി-ആപ്റ്റ് എംപ്ലോയീസ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി പർച്ചേസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സി-ആപ്റ്റിൽ ലോക്കൽ പർച്ചേസ് ഉൾപ്പെടെയുള്ള എല്ലാ പർച്ചേസ് നടപടികളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളുടെയും സ്റ്റോർ പർച്ചേസ് മാന്വലിന്റെയും അടിസ്ഥാനത്തിലാണ് നടത്തുന്നത്. ആയതിനാൽ, ലോക്കൽ പർച്ചേസ് ചെയ്യുന്ന അച്ചടി സാമഗ്രികൾ, സ്റ്റേഷനറി സാധനങ്ങൾ എന്നിവ സി-ആപ്റ്റ് എംപ്ലോയീസ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി പർച്ചേസ് ചെയ്യാൻ സാധിക്കില്ല.

**സി-ആപ്റ്റിന്റെ സ്റ്റാൻഡിംഗ് കൗൺസൽ**

128(3863) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിന്റെ സ്റ്റാൻഡിംഗ് കൗൺസൽ ഏത് ഏജൻസിയാണ്; പ്രസ്തുത ഏജൻസി എത്ര കാലമായി സ്ഥാപനത്തിനുവേണ്ടി കേസ്സുകൾ നടത്തുന്നുണ്ട്; വ്യക്തമാക്കുമോ?

2-2-2001-ൽ കൂടിയ സി-ആപ്റ്റിന്റെ 18-ാമത് ഗവേണിംഗ് ബോഡിയോഗ തീരുമാനപ്രകാരം മെസ്സേഴ്സ് ബി.എസ്. കൃഷ്ണൻ അസോസിയേറ്റ്സിനെയാണ് ഹൈക്കോടതിയുടെ സ്റ്റാൻഡിംഗ് കൗൺസൽ ആയി നിയമിച്ചിട്ടുള്ളത്. കഴിഞ്ഞ 20 വർഷക്കാലമായി ബി.എസ്. കൃഷ്ണൻ അസോസിയേറ്റ്സാണ് സി-ആപ്റ്റിനുവേണ്ടി കേസ്സുകൾ നടത്തിവരുന്നത്.

(ബി) പ്രസ്തുത ഏജൻസിക്ക് നാളിതുവരെ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് എത്ര തുക നൽകിയിട്ടുണ്ട്; ഏജൻസി ഹാജരായ എത്ര കേസുകളിൽ സ്ഥാപനം വിജയിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

നാളിതുവരെ ബി. എസ്. കൃഷ്ണൻ അസോസിയേറ്റ്സിന് കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് 25,97,551 രൂപ നൽകിയിട്ടുണ്ട്. ടി ഏജൻസി ഹാജരായി സി-ആപ്റ്റിന് വിജയം കൈവരിച്ച കേസുകൾ സംബന്ധിച്ച വിശദ വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) കേരള ഹൈക്കോടതിയിലും ഇതര കോടതികളിലുമായി നിലവിൽ സി-ആപ്റ്റ് എതിർകക്ഷിയായി എത്ര കേസുകൾ നിലവിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള ഹൈക്കോടതിയിലും ഇതര കോടതികളിലുമായി സി-ആപ്റ്റ് എതിർ കക്ഷിയായി നിലവിലുള്ള കേസ്സുകളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**ബൈന്റർ തസ്തികയിലെ സ്ഥാനക്കയറ്റം**

129(3864) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ രണ്ടാംഗ്രേഡ് ലാസ്കർ/ഗേറ്റ്കീപ്പർ തസ്തികയിലെ പുതുക്കിയ സീനിയോരിറ്റി ലിസ്റ്റ് എന്നാണ് വകുപ്പിൽ ലഭിച്ചതെന്ന് അറിയിക്കാമോ; ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ & ബി) പരിഷ്കരിച്ച റൊട്ടേഷൻ ലിസ്റ്റ് പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റ് 17-12-2018-ലാണ് പി.എസ്.സി. അച്ചടി വകുപ്പിൽ ലഭ്യമാക്കിയത്. ഇതുപ്രകാരം നിയമനം നടത്തിയിട്ടില്ല.

(സി) അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ബൈന്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം നൽകിയ തീയതി എന്നാണെന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങളും അതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ?

രണ്ടാം ഗ്രേഡ് ബൈന്റർ തസ്തികയിലേയ്ക്ക്, 2016 മുതൽ 2019 വരെയുള്ള കാലയളവിൽ 7 പേർക്ക് മുൻ പി.എസ്.സി. റൊട്ടേഷൻ ലിസ്റ്റ് പ്രകാരം തസ്തികമാറ്റം വഴിയുള്ള സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. അച്ചടി വകുപ്പ് ഡയറക്ടറുടെ 23-7-2016-ലെ 7757/2014/ഇ 6/ഡിപി നമ്പർ നടപടിക്രമം പ്രകാരം 3 പേർക്കും 20-10-2017, 19-4-2018, 21-8-2018 എന്നീ തീയതികളിലെ 4422/ 2017/ഇ 6/ഡിപി നമ്പർ നടപടിക്രമം പ്രകാരം യഥാക്രമം 1, 1, 2 പേർക്കും തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ടി നടപടിക്രമങ്ങളുടെ പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു. തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് അച്ചടി വകുപ്പിലെ ഒന്നാം ഗ്രേഡ് ലാസ്കർ ശ്രീ. സുരേലാൽ പി. പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം എച്ച്1 /143/2021/ഉ.വി.വ. നമ്പർ ഫയലിൽ തുടർനടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത പരാതിയുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഒഴിവുകൾ

130(3865) ശ്രീ. സി. ആർ. മഹേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ 2020 ജനുവരി മുതൽ ഡിസംബർ വരെ എത്ര ഒഴിവുകളുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഗസറ്റഡ് വിഭാഗത്തിൽ 2-ഉം നോൺ ഗസറ്റഡ് വിഭാഗത്തിൽ 3-ഉം ഉൾപ്പെടെ 5 ഒഴിവുകൾ.

(ബി) 2020-ൽ അച്ചടി വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ എത്ര ഗസറ്റഡ് തസ്തികകളിൽ എത്ര ഒഴിവുകളുണ്ടായെന്നും ആയതിന് യഥാസമയം ഡി.പി.സി. കൂടി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

22 ഗസറ്റഡ് തസ്തികകളിൽ 2 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഡി.പി.സി.) കൂടി പ്രസ്തുത ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(സി) അച്ചടി വകുപ്പിൽ 2020-ൽ ഉണ്ടായ എൽ.ഡി. ക്ലാർക്ക് തസ്തികയുടെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അച്ചടി വകുപ്പിൽ 2020-ൽ ഉണ്ടായ എൽ.ഡി.ക്ലാർക്ക് തസ്തികയിലെ 3 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 1-1-2020 | 1 ഒഴിവ് | എറണാകുളം ജില്ല |
| 1-4-2020, 1-6-2020 | 2 ഒഴിവുകൾ | തിരുവനന്തപുരം ജില്ല |

## ന്യൂനപക്ഷ സ്കോളർഷിപ്പുകൾ

131(3866) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും അതിനായി അപേക്ഷിക്കേണ്ടതെങ്ങനെയെന്നും വിശദമാക്കാമോ?

ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും അപേക്ഷിക്കേണ്ട വിധവും അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ നിയമനങ്ങൾ

132(3867) ശ്രീ. യു. എ. ലത്തീഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ഉദ്യോഗസ്ഥ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ?

സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിലേയ്ക്ക് നിശ്ചിത യോഗ്യതയുള്ളവരെ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് മുഖേന തെരഞ്ഞെടുത്ത് വിജിലൻസ് ക്ലിയറൻസിന്റെ അടിസ്ഥാനത്തിൽ നിയമിക്കുന്നു. മറ്റ് തസ്തികകളിലേയ്ക്ക്, 29-6-2013-ലെ സ.ഉ.(കൈ)നമ്പർ 194/2013/പൊ.ഭ.വ, 15-7-2014-ലെ സ.ഉ. (കൈ) നമ്പർ 5535/2014/പൊ.ഭ.വ ഉത്തരവുകൾ പ്രകാരം നിശ്ചിത യോഗ്യതയുള്ളവരെ കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും നിയമിക്കുന്നു.

(ബി) കഴിഞ്ഞ പതിനെട്ട് മാസത്തിനുള്ളിൽ നടത്തിയ ഉദ്യോഗസ്ഥ നിയമനങ്ങളുടെ വിശദാംശം പേര് സഹിതം നൽകാമോ?

കഴിഞ്ഞ പതിനെട്ട് മാസത്തിനുള്ളിൽ നടത്തിയ ഉദ്യോഗസ്ഥ നിയമനങ്ങളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) ഇതിൽ ആരെയൊക്കെയാണ് ഡെപ്യൂട്ടേഷൻ വഴി നിയമിച്ചതെന്നറിയിക്കുമോ;

(ഡി) കോൺട്രാക്റ്റ് വ്യവസ്ഥയിൽ ആരെയൊക്കെയാണ് നിയമിച്ചതെന്ന വിവരം നൽകാമോ?

(സി&ഡി) കഴിഞ്ഞ പതിനെട്ടു മാസത്തിനുള്ളിൽ നടത്തിയ ഉദ്യോഗസ്ഥ നിയമനങ്ങളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## സാമ്പത്തിക സ്ഥിതി വിവരണ വകുപ്പിലെ തസ്തികകൾ

133(3868) ശ്രീ. സി. ആർ. മഹേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-2018 മുതൽ 30-9-2021 വരെ സാമ്പത്തിക സ്ഥിതി വിവരണ വകുപ്പിൽ, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I, ഗ്രേഡ്-II തസ്തികകളിൽ നിന്നും എത്ര പേർ പ്രസ്തുത ജോലി ഉപേക്ഷിച്ചു പോയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ തസ്തികകൾ സമാന തസ്തികകളാണ്. 1-1-2018 മുതൽ 30-9-2021 വരെ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I, ഗ്രേഡ് II/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിൽ നിന്നും വിടുതൽ ചെയ്ത ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) സാമ്പത്തിക സ്ഥിതി വിവരണ വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് I, ഗ്രേഡ് II എന്നീ തസ്തികകളിലേയ്ക്ക് എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് I തസ്തികയിൽ ഒഴിവുകളില്ല. സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) 1-4-2013-ന് മുമ്പ് വിജ്ഞാപനം വിളിച്ച് ജോലിയിൽ പ്രവേശിച്ച ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിൽ പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരെ പഴയ പെൻഷൻ സ്കീമിൽ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനമുണ്ടോ?

ഇല്ല.

(ഡി) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് എൽ.ഡി. ഡ്രൈവർമാർക്ക് യോഗ്യതയനുസരിച്ച് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി പ്രൊമോഷൻ സാധ്യതയുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇല്ല. വകുപ്പിലെ സ്പെഷ്യൽ റൂൾസിൽ ഡ്രൈവർ തസ്തികയിൽ നിന്നും സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള ഉദ്യോഗക്കയറ്റത്തിന് വ്യവസ്ഥയില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ-റെയിൽ പദ്ധതിക്കായുള്ള തുക

134(3869) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

സാദ്ധ്യതാ പഠന റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ആയതിന് കേന്ദ്ര റെയിൽ മന്ത്രാലയത്തിൽ നിന്നും തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സിൽവർ ലൈൻ പദ്ധതിക്കായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ നീതി ആയോഗ് സംസ്ഥാനത്തിന് അനുമതി നകിയിട്ടുണ്ട്. തുടർന്ന് കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ എന്നീ വിഭാഗങ്ങളും പദ്ധതി വിദേശ വായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്രധനകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്

(ബി) കെ-റെയിൽ പദ്ധതിക്കായി തുക കണ്ടെത്തുന്നത് ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണെന്ന് വിശദമാക്കാമോ?

വിശദമായ പദ്ധതി റിപ്പോർട്ടനുസരിച്ച് സിൽവർ ലൈൻ പദ്ധതിക്കായി 63,941 കോടി രൂപയാണ് ആവശ്യമായി വരിക. ഇതിൽ തിരുവനന്തപുരം-കാസർകോട് അതിവേഗ റെയിൽപാതയുടെ നിർമ്മാണത്തിനായി വിദേശ വായ്പയായി സമാഹരിക്കുന്ന മുപ്പത്തിമൂവായിരം കോടി രൂപയ്ക്ക് പുറമേ 2150 കോടി രൂപയാണ് റെയിൽവേ വിഹിതമായി വരിക. ഇതിൽ 975 കോടി രൂപ റെയിൽവേ ഭൂമിയുടെ വിലയാണ്. സംസ്ഥാന സർക്കാർ 3253 കോടി രൂപയാണ് വഹിക്കുക. 4252 കോടി രൂപ പൊതുജന ഓഹരി പങ്കാളിത്തത്തിലൂടെ സമാഹരിക്കും. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ 13,362 കോടി രൂപ ഹഡ്കോ, കിഫ്ബി, തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുമാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്. 33,700 കോടി രൂപ വിവിധ ഉഭയകക്ഷി ബഹുമുഖ ധനകാര്യ സ്ഥാപനങ്ങളായ ADB, KFW, AIIB, JICA എന്നിവയിൽ നിന്നുമാണ് കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നത്. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കേരളത്തിൽ വിവിധ തലങ്ങളിലുള്ള ധനസമാഹരണത്തിലൂടെ സിൽവർ ലൈൻ പദ്ധതി യാഥാർത്ഥ്യമാക്കാനാകുന്ന സാഹചര്യമാണ്. കണ്ണൂർ, കൊച്ചി, വിമാനത്താവള വികസന മാതൃകയിൽ പൊതുജനനിക്ഷേപവും കൊണ്ടുവരാൻ സാധിക്കും.

(സി) പദ്ധതിക്കായി വിദേശവായ്പ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 33,700 കോടി രൂപ (സോഫ്റ്റ് ലോൺ - പലിശ (0.3 - 1.5 % വരെ) സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ എ.ഡി.ബി, ജൈക്ക, എ.ഐ.ഐ.ബി, കെ.എഫ്.ഡബ്ല്യൂ. എന്നിവരെ കേന്ദ്ര ധനകാര്യമന്ത്രാലയം വഴി സമീപിക്കുകയും വിശദ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു കഴിഞ്ഞു. വായ്പയ്ക്കായി ഇതുമായി ബന്ധപ്പെട്ട് റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ഇതിനോടകം തന്നെ കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രാലയത്തിന് പദ്ധതി ശിപാർശ ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര ഏജൻസികളിൽനിന്നും എടുക്കുന്ന വായ്പകളുടെ കടബാധ്യത സംബന്ധിച്ച് വ്യക്തത വരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് വരുന്നു.

(ഡി) പ്രസ്തുത വായ്പ തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സിൽവർ ലൈൻ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് (ഡി.പി.ആർ) കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്. ടി റിപ്പോർട്ട് പ്രസ്തുത വകുപ്പിന്റെ പരിശോധന ഘട്ടത്തിലാണ്. സാമ്പത്തിക കാര്യ മന്ത്രാലയം റിപ്പോർട്ട് അംഗീകരിച്ച് വിദേശ ധനകാര്യ സ്ഥാപനങ്ങൾക്ക് ശിപാർശ ചെയ്യേണ്ടതുണ്ട്. ഇതിനുശേഷം മാത്രമാണ് ഔദ്യോഗിക ചർച്ചകളുമായി മുമ്പോട്ട് പോകുക. വായ്പാ തിരിച്ചടവ് ഉൾപ്പെടെയുള്ള മറ്റ് കാര്യങ്ങളെല്ലാം ആ ഘട്ടത്തിലാണ് തീരുമാനിക്കുന്നത്.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

135(3870) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ഡാം സൈറ്റിലേക്ക് എത്തിച്ചേരുന്നതിനുള്ള പ്രധാന റോഡായ എകരൂൽ കക്കയം ഡാം സൈറ്റ് റോഡിന്റെ നവീകരണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് റീബിൽഡ് കേരളയിൽ നവീകരിക്കുന്ന റോഡുകളുടെ മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടിട്ടും അന്തിമാനുമതി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) എകരൂൽ കക്കയം ഡാം സൈറ്റ് റോഡിന്റെ നവീകരണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഫണ്ട് അനുവദിച്ചിട്ടില്ല. പ്രസ്തുത റോഡ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് ആർ.കെ.ഐ. ഉന്നതാധികാര സമിതി തീരുമാനിച്ചിട്ടുണ്ട്.

## ഭാഷാ ന്യൂനപക്ഷ കമ്മീഷൻ

136(3871) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ?

ഭരണഘടനാപരമായി ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. പ്രധാനപ്പെട്ട ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം താഴെപ്പറയും പ്രകാരമാണ്:- ന്യൂനപക്ഷ ഭാഷകളെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച ആവശ്യത്തിലേയ്ക്കായി, ഒരു താലൂക്കിലെ ഓരോ മുനിസിപ്പൽ ടൗണിനെയും അല്ലെങ്കിൽ നോൺ മുനിസിപ്പൽ ഏരിയയെയും ഒരു പ്രത്യേക ലോക്കൽ ഏരിയ ആയി പരിഗണിക്കേണ്ടതാണെന്നും അത്തരം ലോക്കൽ ഏരിയകളിൽ 15 ശതമാനമോ അതിലധികമോ ജനങ്ങൾ സംസ്ഥാനത്തെ ഭൂരിപക്ഷ ഭാഷയായ മലയാളം അല്ലാത്ത മറ്റൊരു ഭാഷ സംസാരിക്കുന്നുവെങ്കിൽ അത്തരം ലോക്കൽ ഏരിയകളിൽ താഴെപറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്:

1. എല്ലാ പ്രധാനപ്പെട്ട സർക്കാർ നോട്ടീസുകൾ, ചട്ടങ്ങൾ, തെരഞ്ഞെടുപ്പ് വോട്ടർപ്പട്ടികകൾ മുതലായവ ന്യൂനപക്ഷ ഭാഷകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

2. പൊതുജനങ്ങൾ ഉപയോഗിക്കേണ്ടതായ അപേക്ഷാ ഫോറങ്ങൾ മുതലായവ പ്രാദേശിക ഭാഷയിലും ന്യൂനപക്ഷ ഭാഷയിലും അച്ചടിക്കേണ്ടതാണ്.

3. രേഖകളുടെ രജിസ്ട്രേഷൻ ന്യൂനപക്ഷ ഭാഷകളിൽ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കേണ്ടതാണ്.

4. സർക്കാർ ഓഫീസുകളുമായുള്ള കത്തിടപാടുകൾ ന്യൂനപക്ഷ ഭാഷയിൽ നടത്തുന്നതിന് അനുവദിക്കേണ്ടതാണ്.

5. പ്രസ്തുത ഏരിയകളിലെ കോടതികളിൽ ന്യൂനപക്ഷ ഭാഷയിൽ രേഖകൾ സമർപ്പിക്കുന്നതിനുള്ള അനുവാദം നൽകേണ്ടതാണ്.

6. പ്രായോഗികമായിടത്തോളം, ഭരണപരമായ സൗകര്യങ്ങൾ പരിഗണിച്ച്, പ്രസ്തുത ലോക്കൽ ഏരിയകളിൽ ജോലിക്കായി നിയമിക്കപ്പെടുന്ന ഓഫീസർമാർ ന്യൂനപക്ഷ ഭാഷയിൽ മതിയായ അറിവുള്ളവരാണെന്ന് ഉറപ്പുവരുത്താനുള്ള ശ്രമം നടത്തേണ്ടതാണ്. ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൈമറി, സെക്കണ്ടറിതല വിദ്യാഭ്യാസം അവരുടെ മാതൃഭാഷയിൽ തന്നെ നൽകി വരുന്നുണ്ട്. കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 10(aaaa) പ്രകാരം, മലയാളം അല്ലാത്ത മറ്റൊരു ഭാഷയിൽ റിക്രൂട്ട്മെന്റ് ടെസ്റ്റിൽ പങ്കെടുക്കുകയും ഏതെങ്കിലും സർവ്വീസിലേയ്ക്ക് നിയമനം ലഭിക്കുകയും ചെയ്യുന്ന ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ 31-3-1966-ലെ G.O.(Ms)No. 142/PD നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മലയാളം ഭാഷാ പരീക്ഷ, ജോലിയിൽ പ്രവേശിച്ച് പരമാവധി 10 വർഷത്തിനുള്ളിൽ പാസായാൽ മതിയാകുന്നതാണ്. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ വിവിധ കോളേജുകളിലും വിവിധ ഹയർസെക്കണ്ടറി സ്കൂളുകളിലും ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായി 5 ശതമാനം സംവരണം അനുവദിച്ചിട്ടുണ്ട്. ഭാഷാന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ ജില്ലാതല ഭാഷാന്യൂനപക്ഷ സമിതി രൂപീകരിക്കുന്നതിന് 16-10-2002-ലെ G.O.(Rt)No. 6324/2002/GAD പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഭാഷാന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല ഭാഷാന്യൂനപക്ഷ സമിതിയും നിലവിലുണ്ട്. കെ.എസ്.&എസ്.എസ്.ആർ ഭാഗം-II ചട്ടം-9(d) പ്രകാരം ഒരു തസ്തികയിലെ ഒഴിവിലേക്ക് ഏതെങ്കിലും ഒരു പ്രാദേശികഭാഷാ പരിജ്ഞാനം ആവശ്യമുണ്ടെന്ന് സംസ്ഥാന സർക്കാരിന് അഭിപ്രായമുള്ള പക്ഷം പ്രസ്തുത ഒഴിവിലേക്ക് പ്രാദേശിക ഭാഷാജ്ഞാനമില്ലാത്ത സീനിയറിനെ മറികടന്ന് പ്രസ്തുത പ്രാദേശികഭാഷ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ ബോധന മാധ്യമമായി പഠിച്ചിട്ടുള്ളതും ചട്ടപ്രകാരം ആവശ്യമായ യോഗ്യതകളുള്ളതുമായ ജൂനിയറിനെ താൽക്കാലികമായി നിയമിക്കാവുന്നതാണ്. കേരളത്തിലെ ഭാഷാന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരവും സാമൂഹ്യപരവുമായ പ്രശ്നങ്ങളും ഭാഷാന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ നിലവിലുള്ള പ്രയാസങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി

4-12-2017-ലെ സ.ഉ.(കൈ)നമ്പർ 362/2017/ പൊ.ഭ.വ., 27-10-2018 ലെ സ.ഉ. (കൈ) നമ്പർ 221/2018/പൊ.ഭ.വ. പ്രകാരം ഡോ. നടുവട്ടം ഗോപാലകൃഷ്ണനെ സ്പെഷ്യൽ ഓഫീസറായി സർക്കാർ നിയമിക്കുകയുണ്ടായി. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മലയാളം അല്ലാത്ത മറ്റൊരു ഭാഷ ഒന്നാം ഭാഷയായിട്ടുള്ള ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ റിക്രൂട്ട്മെന്റിൽ വ്യവസ്ഥകൾക്ക് വിധേയമായി മലയാളം ടൈപ്പ്റൈറ്റിംഗ് യോഗ്യത ഒഴിവാക്കിക്കൊണ്ടുള്ള 11-5-1977-ലെ G.O.(P)No.139/77/GAD പ്രകാരമുള്ള ആനുകൂല്യം വിവിധ സർക്കാർ കമ്പനി/കോർപ്പറേഷൻ/ ബോർഡുകളിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയ്ക്ക് കൂടി ബാധകമാക്കിക്കൊണ്ട് 26-10-2019-ലെ G.O.(P)No.16/2019/GAD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഭാഷാന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സമഗ്രമായ വികസനത്തിനും വേണ്ടി ഭാഷാ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുമോ; വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ഇൻസോൾവൻസി ആക്ടിലെ പരിമിതികൾ ,പഴുതുകൾ ദുരുപയോഗം ചെയ്യൽ**

137(3872) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലങ്ങളിലായി കേരളത്തിലങ്ങോളമിങ്ങോളം പൊതുജനങ്ങളുടെ ആജീവനാന്ത സമ്പാദ്യങ്ങൾ പലരീതിയിൽ തട്ടിയെടുക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ തട്ടിപ്പ് നടത്തിയതിന് ശേഷം, നിക്ഷേപകർക്ക് നഷ്ടപ്പെട്ട തുക അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തിയാൽപ്പോലും ഇൻസോൾവൻസി ആക്ടിലെ പരിമിതികൾ/പഴുതുകൾ ദുരുപയോഗം ചെയ്തുകൊണ്ട് തിരികെ കിട്ടുവാൻ നിർവ്വാഹമില്ലാതെ വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പൊതുജനങ്ങളുടെ സമ്പാദ്യങ്ങൾ തട്ടിയെടുക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ ചെയ്തികൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിലവിലെ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി ആവശ്യമായ തെളിവുകൾ ശേഖരിച്ച് കുറ്റപത്രം ബഹുമാനപ്പെട്ട കോടതികളിൽ സമർപ്പിച്ചുവരുന്നു. നിക്ഷേപകരുടെ നഷ്ടപ്പെട്ട മുതലുകൾ

വീണ്ടെടുത്തുകൊടുക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട കോടതികളുടെ പരിഗണനയിൽ തുടരുന്നതിനാൽ മുതലുകളെ സംബന്ധിച്ച് അന്തിമതീരുമാനം ബഹുമാനപ്പെട്ട കോടതികളുടെ ഉത്തരവിനനുസൃതമായി മാത്രമേ കഴിയുകയുള്ളൂ.

(ബി) ഇൻസോൾവൻസി ആക്ട് പ്രകാരം ഫയൽ ചെയ്തുകഴിഞ്ഞാൽ ആ വ്യക്തിക്കെതിരെ സിവിൽ, ക്രിമിനൽ കേസുകൾ മറ്റ് കോടതികളിൽ സ്വീകരിക്കാൻ സാധിക്കാതെ വരികയും എന്നാൽ തട്ടിപ്പ് നടത്തുന്ന ആൾ/ധനകാര്യ സ്ഥാപന ഉടമ ഏത് കോടതിയിൽ വേണമെങ്കിലും റിട്ട് സമർപ്പിക്കുകയും സർഫാസി ആക്ട്, ആർബിട്രേഷൻ ട്രിബ്യൂണൽ ആക്ട് എന്നിവ ഉപയോഗിച്ചുകൊണ്ട് തട്ടിയെടുത്ത ബിനാമി വസ്തുവകകൾ വിൽക്കുകയും ചെയ്യുന്നത് കാരണം പൊതുജനങ്ങളുടെ ധനം നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിക്കാമോ?

സാധ്യമായ നിയമനടപടികൾ പരിശോധിക്കാവുന്നതാണ്.

(സി) പൊതുജനങ്ങളെ കബളിപ്പിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ അവരുടെ സമ്പാദ്യം ഉപയോഗിച്ചുകൊണ്ട് വസ്തുവകകൾ വാങ്ങിക്കുകയും സ്ഥാപനങ്ങൾ ആരംഭിക്കുകയും ആയവ മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുകയും ആ തുക സ്വന്തം പേരിലും ബിനാമികളുടെ പേരിലും ആസ്തിയായി മാറ്റുകയും അന്വേഷണം നടക്കുന്ന ഘട്ടത്തിൽ സർഫാസി ആക്ട് ദുരുപയോഗം ചെയ്ത് സമാന സ്വഭാവമുള്ള മറ്റ് സ്ഥാപനങ്ങളുടെ പേരിൽ മാറ്റി കൊടുക്കുകയും ചെയ്യുന്നതിനാൽ, പൊതുജനങ്ങളുടെ സമ്പാദ്യം തിരികെ ലഭിക്കുന്നതിനുതകുന്ന വിധത്തിൽ സർഫാസി ആക്ടിൽ കാലോചിതമായ മാറ്റം വരുത്തുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് അറിയിക്കുമോ?

കേന്ദ്ര നിയമങ്ങൾ ബാധകമാകുന്ന വിഷയങ്ങൾ അവ നടപ്പിലാക്കുന്ന ഏജൻസികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

138 (3873) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് ആരംഭിച്ചതുമുതൽ നാളിതുവരെ ഓരോ വർഷങ്ങളിലും അനുവദിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) നാളിതുവരെയുള്ള ആകെ ബി.പി.എൽ., എ.പി.എൽ. ഗുണഭോക്താക്കളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ ?

(എ&ബി) ആരോഗ്യ വകുപ്പ് കാരുണ്യ ബെനവലന്റ് പദ്ധതി നടപ്പിലാക്കിയ ശേഷം 6176 KBF ക്ലെയിമുകളിലായി 1-7-2019 മുതൽ 30-11-2020 വരെയുള്ള കാലയളവിലേക്കായി 43,34,01,349 രൂപ ക്ലെയിം ഇനത്തിലേക്കായി സർക്കാർ അനുവദിക്കുകയുണ്ടായി. ജില്ല തിരിച്ചുള്ള ക്ലെയിമിന്റെ എണ്ണം (1-7-2019 മുതൽ 30-11-2020 വരെ) അനുബന്ധമായി* ചേർത്തിരിക്കുന്നു. 1-12-2020 മുതൽ പദ്ധതി ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറുകയും തുടർന്ന് നാളിതുവരെ 55207 ക്ലെയിം തുകയായി 24,08,33,662 രൂപ ചെലവാക്കിയിരിക്കുന്നു. ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. വാർഷിക വരുമാനം 3 ലക്ഷത്തിന് താഴെയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിവഴി ചികിത്സാ ആനുകൂല്യം നൽകിവരുന്നു.

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി/കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിപ്രകാരമുള്ള ധനസഹായം

139 (3874) ശ്രീ. കെ ആൻസലൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി എന്നിവ പ്രകാരം ഏതൊക്കെ അസുഖങ്ങൾക്ക് എത്ര രൂപവരെ സഹായം ലഭ്യമാക്കുമെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം കേരളത്തിലെ അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായ വ്യത്യാസമില്ലാതെ ഓരോ വർഷവും 5 ലക്ഷം രൂപയുടെ ദ്വിതീയ തൃതീയ സൗജന്യ ചികിത്സ, ഈ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ നിന്ന് ലഭ്യമാകുന്നതാണ്. സൗജന്യ ചികിത്സ ലഭ്യമാകുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റി രൂപകൽപ്പന ചെയ്ത ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് പ്രകാരമാണ്. നിലവിൽ 1667 പാക്കേജുകളിലുള്ള സൗജന്യ ചികിത്സയാണ് ലഭ്യമാകുന്നത്. ഈ പാക്കേജിലുൾപ്പെടാത്ത ചികിത്സ അൺസ്പെസിഫൈഡ് പാക്കേജിൽ ഉൾപ്പെടുത്തിയും സൗജന്യമായി നൽകി വരുന്നു. പദ്ധതി പ്രകാരം ആശുപത്രിയിലെ കിടത്തി ചികിത്സയ്ക്കാണ് ആനുകൂല്യം ലഭിക്കുക. കിടത്തി ചികിത്സ ആരംഭിക്കുന്നതിന് മുൻപുള്ള മൂന്ന് ദിവസത്തെ

* നിയമസഭയുടെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്.

പരിശോധനകളും മരുന്നുകളും സൗജന്യമായിരിക്കും. ആശുപത്രിയിൽ അഡ്മിറ്റാകുന്ന സമയത്തെ ചികിത്സയ്ക്കും മരുന്നുകൾക്കും പരിശോധനകൾക്കും ചെലവാകുന്ന മുഴുവൻ തുകയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. ഡിസ്ചാർജ്ജായതിനു ശേഷം പരമാവധി 15 ദിവസം വരെയുള്ള മരുന്നുകളും തീർത്തും സൗജന്യമാണ്. അലോപ്പതി ചികിത്സയ്ക്ക് മാത്രമേ നിലവിൽ ആനുകൂല്യം ലഭിക്കുകയുള്ളൂ. നിലവിലുള്ള രോഗങ്ങൾക്കും ആനുകൂല്യം ലഭിക്കും. കിടത്തി ചികിത്സിക്കുന്ന വേളയിൽ എക്സ്റേ, സ്കാനിംഗ് ഉൾപ്പെടെയുള്ള എല്ലാ പരിശോധനകളും സൗജന്യമായിരിക്കും. KASP പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമല്ലാത്ത അസുഖങ്ങൾ താഴെ പറയുന്നു:

1. ആശുപത്രിയിൽ കിടത്തി ചികിത്സ ആവശ്യമല്ലാത്ത അസുഖങ്ങൾ

2. വന്ധ്യതാ ചികിത്സ, വാക്സിനേഷൻ

3. ആത്മഹത്യ, സൗന്ദര്യ വർദ്ധക ചികിത്സകൾ. ഇതുകൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാവർക്കും എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ ഒറ്റത്തവണത്തേയ്ക്ക് 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ കാരുണ്യ ബെനവെലന്റ് ഫണ്ട് വഴി ലഭ്യമാകുന്നതാണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ ആശുപത്രികളിൽ നിന്നും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ സേവനം ലഭ്യമാകുന്നതാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങൾക്കും മേൽ സൂചിപ്പിച്ച ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് പ്രകാരമാണ് ചികിത്സ ലഭ്യമാകുന്നത്.

**ഇ-ഹെൽത്ത് പദ്ധതി**

140(3875) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൽപ്പറ്റ മണ്ഡലത്തിലെ വെങ്ങപ്പള്ളി, പൊഴുതന, കോട്ടത്തറ, പടിഞ്ഞാറത്തറ, മേപ്പാടി എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലാണ് ഇപ്പോൾ ഇ-ഹെൽത്ത് നടപ്പിലാക്കിവരുന്നത്. ഇതിൽ വെങ്ങപ്പള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് പൂർണ്ണമായും പ്രവർത്തനമാരംഭിച്ചു. നെറ്റ് വർക്കിംഗ്, ഹാർഡ് വെയർ, ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി എന്നിവ പൂർത്തിയാക്കുന്ന മുറയ്ക്ക് മറ്റുള്ള ആശുപത്രികളിലും ഇ- ഹെൽത്ത് പദ്ധതി പ്രവർത്തനമാരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി ഇതുവരെ ചെലവഴിച്ച തുകയെത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഓരോ ആശുപത്രികളുടെയും വലിപ്പം, പ്രവർത്തനസജ്ജമായ കെട്ടിടങ്ങൾ, നൽകിവരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിലും ആവശ്യമായി വരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകളുണ്ട്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്നിരുന്നാലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ജില്ലാശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെടുന്നത്.

(സി) ഇ-ഹെൽത്ത് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ആശുപത്രി സംവിധാനവും പൊതുജനാരോഗ്യ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്ന ഒരു ബൃഹത് പദ്ധതിയാണ് ' ഇ – ഹെൽത്ത്'. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ, " ഒരു പൗരന് ഒരു Electronic Health Record [EHR]" എന്ന ലക്ഷ്യത്തിലൂന്നി കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളെയും Computer Network മുഖേന ബന്ധപ്പെടുത്തി ചികിത്സ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇ- ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ഓരോ വ്യക്തിക്കും ആധാർ നമ്പർ അടിസ്ഥാനമാക്കി ഒരു UHID നൽകുന്നു. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള കേരളത്തിലെ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുമ്പോൾ UHID ഉപയോഗിച്ച് പ്രസ്തുത വ്യക്തിയുടെ എല്ലാ ചികിത്സാ വിവരങ്ങളും (ക്ലിനിക്കൽ ഡീറ്റെയിൽസ്) ഡോക്ടർക്ക് ഓൺലൈനായി ലഭ്യമാകുന്നു. രോഗികളെ സംബന്ധിച്ചിടത്തോളം പേരും മറ്റു വിവരങ്ങളും നേരത്തേ തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഒ.പി. ടിക്കറ്റ് എടുക്കുന്ന പ്രക്രിയ സുഗമവും എളുപ്പവുമായിതീരുന്നു. ഒ.പി. ക്ലിനിക്കുകൾ, ഫാർമസി, ലബോറട്ടറി, എക്സ്റേ എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും ടോക്കൺ അടിസ്ഥാനത്തിലുള്ള ക്യൂ സമ്പ്രദായം നിലവിൽ വന്നു. ഡോക്ടർമാരുടെ കുറിപ്പടികൾ (prescriptions) നെറ്റ്‌വർക്ക് വഴി ഫാർമസികളിലും ലബോറട്ടറികളിലും എക്സ്റേ കൗണ്ടറിലും ഓൺലൈനായി എത്തുന്നു. ടെസ്റ്റ് റിസൾട്ടുകൾ ഡോക്ടർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ തത്സമയം ലഭ്യമാകുന്നു. വ്യക്തികളുടെ സമഗ്രമായ ആരോഗ്യ രേഖകൾ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ ഏതൊരു ആശുപത്രിയിലും കമ്പ്യൂട്ടർ ശൃംഖലവഴി ലഭ്യമാകുമെന്നതിനാൽ വിവിധ

ആശുപത്രികളിൽ തുടർ ചികിത്സകൾക്കുവേണ്ടി വരുന്ന സന്ദർഭങ്ങളിൽ ഡോക്ടർമാർക്ക് തങ്ങളുടെ മുന്നിലിരിക്കുന്ന രോഗിയുടെ പൂർണ്ണമായ രോഗചികിത്സ സംഗ്രഹം ഓൺലൈനായി ലഭിക്കുന്നതിനാൽ കൃത്യമായ തുടർചികിത്സ നിർണ്ണയിക്കാൻ സാധിക്കുന്നു. രോഗികൾക്ക് തങ്ങളുടെ ചികിത്സാ സംബന്ധമായ രേഖകൾ കൊണ്ടുനടക്കേണ്ട ആവശ്യം ഇല്ലാതാകുന്നു.

**പൂഞ്ഞാർ മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

141(3876) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് പ്രവർത്തനമാരംഭിച്ചു. സി.എച്ച്.സി. മുണ്ടക്കയം, പി.എച്ച്.സി. പാറത്തോട് എന്നീ ആശുപത്രികളിൽ ഇ-ഹെൽത്ത് നടപ്പാക്കുന്നതിനുള്ള നടപടികളാരംഭിച്ചെങ്കിലും പി.എച്ച്.സി. പാറത്തോട് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാലും മുണ്ടക്കയം, CFLTC ആയതിനാലും ഈ രണ്ട് കേന്ദ്രങ്ങളിലും തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിലെ ഓരോ ആശുപത്രിക്കും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഓരോ ആശുപത്രികളുടെയും വലിപ്പം, പ്രവർത്തനസജ്ജമായ കെട്ടിടങ്ങൾ, നൽകിവരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിലും ആവശ്യമായി വരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകളുണ്ട്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്നിരുന്നാലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ ജില്ലാശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്.

(സി) പദ്ധതി മണ്ഡലത്തിലെ കൂടുതൽ ആശുപത്രികളിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് പുതിയ ഐസൊലേഷൻ വാർഡുകൾ

142(3877) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജകമണ്ഡലത്തിലും ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് പുതിയ ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കി എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ & ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കിഫ്ബി, എം.എൽ.എ. ആസ്തി വികസന ഫണ്ടുകൾ എന്നിവ സംയോജിപ്പിച്ച് സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിൽപ്പെട്ട ഓരോ ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിരുന്നു. പദ്ധതി നടത്തിപ്പിനുള്ള Request for proposal (RFP) സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 23-9-2021-ന് ക്ഷണിച്ചിട്ടുണ്ട്. പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2021 ഒക്ടോബർ 28 ആണ്. പ്രസ്തുത പ്രൊപ്പോസലുകൾ ലഭിച്ച ശേഷം ആയവ പരിശോധിച്ച് യോഗ്യമായ നിർമ്മാണ ഏജൻസിയെ ചുമതലപ്പെടുത്തി നിർമ്മാണം ആരംഭിക്കുന്നതാണ്.

## ആസ്തി വികസന ഫണ്ടിൽ നിന്നും ആരോഗ്യ മേഖലയ്ക്കായി നീക്കിവച്ച തുക

143 (3878) ശ്രീ. ലിന്റോ ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിലെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും ആരോഗ്യ മേഖലയ്ക്കായി നീക്കിവച്ച നാല് കോടി രൂപയുടെ പദ്ധതികൾക്ക് മാർഗ്ഗരേഖ ആയിട്ടുണ്ടോ; വിശദമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിലെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും ആരോഗ്യ മേഖലയ്ക്കായി നീക്കിവച്ച നാല് കോടി രൂപയുടെ പദ്ധതികൾക്ക് മാർഗ്ഗരേഖ തയ്യാറാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) തിരുവമ്പാടി മണ്ഡലത്തിൽ നിന്നും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ മുക്കം സാമൂഹികാരോഗ്യകേന്ദ്രത്തിൽ 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കാനുള്ള പ്രാരംഭ നടപടികൾ ടി പദ്ധതിയുടെ എസ്.പി.വി.-യായി ചുമതലപ്പെടുത്തിയ കെ.എം.എസ്.സി.എൽ. ആരംഭിച്ചുകഴിഞ്ഞു. പ്രസ്തുത പ്രവൃത്തികൾക്കായി കെ.എം.എസ്.സി.എൽ., കിഫ്ബി, ആരോഗ്യ വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളുടെ ചർച്ചകളും തീരുമാനങ്ങളും അനുസരിച്ച് പ്രൊപ്പോസൽ ക്ഷണിച്ചിട്ടുണ്ട്. അവ ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

144(3879) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ സേവനം സംസ്ഥാനത്തെ എത്ര ആശുപത്രികളിലാണ് ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ?

നിലവിൽ കേരളത്തിലെ 193 സർക്കാർ ആശുപത്രികളിലും 574 സ്വകാര്യ ആശുപത്രികളിൽനിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ സൗജന്യ ചികിത്സ ലഭ്യമാണ്.

(ബി) കണ്ണൂർ ജില്ലയിലെ ഏതൊക്കെ ആശുപത്രികളിലാണ് ഇതിന്റെ സേവനം ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്ന സർക്കാർ സ്വകാര്യ ആശുപത്രികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ ഒരു രോഗിക്ക് എത്ര രൂപയുടെ ചികിത്സാ സഹായമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ ഒരു കുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ ലഭ്യമാണ്.

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാത്ത നിർദ്ധനരായ രോഗികൾക്ക് ആരോഗ്യകാർഡില്ലെന്ന കാരണത്താൽ സൗജന്യ ചികിത്സ നിഷേധിക്കപ്പെടുന്നത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാവർക്കും എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ ഒറ്റതവണത്തേയ്ക്ക് 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ലഭ്യമാകുന്നതാണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ ആശുപത്രികളിൽനിന്നും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ സേവനവും ലഭ്യമാകുന്നതാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനായി എംപാനൽ ചെയ്ത ആശുപത്രികളിലെ KASP കിയോസ്ക് അല്ലെങ്കിൽ കൗണ്ടറുമായി ബന്ധപ്പെട്ടാൽ മതിയാകുന്നതാണ്. റേഷൻ കാർഡിന്റെ പകർപ്പും അസ്സലും കൗണ്ടറിൽ സമർപ്പിക്കുന്ന മുറയ്ക്ക് KBF കാർഡ് ലഭ്യമാകുന്നതാണ്. ഈ കാർഡ് ഉപയോഗിച്ച് സൗജന്യ ചികിത്സ ലഭ്യമാകുന്നതാണ്.

## നിർദ്ധനരായ രോഗികൾക്ക് സൗജന്യ മരുന്ന്

145(3880) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെഫ്രോട്ടിക് സിൻഡ്രോം രോഗബാധിതരായ നിർദ്ധനർക്ക് മരുന്നുകൾ സൗജന്യമായി നൽകിയിരുന്ന സർക്കാർ പദ്ധതികൾ എന്തെങ്കിലും നിലവിലുണ്ടായിരുന്നുവോയെന്നത് അറിയിക്കുമോ;

(ബി) ഉണ്ടായിരുന്നെങ്കിൽ പ്രസ്തുത പദ്ധതിയിലൂടെയോ മറ്റേതെങ്കിലും പദ്ധതിയിലൂടെയോ ഇപ്പോഴും സൗജന്യമായി മരുന്നുകൾ ഈ രോഗികൾക്ക് നൽകിവരുന്നുണ്ടെങ്കിൽ അറിയിക്കുമോ?

(എ&ബി) നെഫ്രോട്ടിക് സിൻഡ്രോം രോഗബാധിതരായ 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ആർ.ബി.എസ്.കെ., താലോലം, ആരോഗ്യകിരണം പദ്ധതികൾ വഴിയും കൂടാതെ കാസ്പ് പദ്ധതി വഴിയും സൗജന്യമായി ചികിത്സ നൽകിവരുന്നുണ്ട്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഇത്തരം രോഗികൾക്ക് ആൽബുമിൻ ഇൻജക്ഷൻ സൗജന്യമായി നൽകിവരുന്നു.

(സി) വിലകൂടിയ മരുന്നുകൾ ദീർഘകാലം കഴിക്കേണ്ടിവരുന്ന ദരിദ്രരായ രോഗികൾക്ക് പ്രസ്തുത മരുന്ന് സൗജന്യമായി മുടങ്ങാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത അസുഖബാധിതരായ രോഗികൾ ഉപയോഗിക്കുന്ന മരുന്നുകൾ ഡ്രഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവയായതിനാൽ സർക്കാർ ആശുപത്രികൾ മുഖേന മരുന്നുകൾ സൗജന്യമായി ലഭ്യമാക്കിവരുന്നു.

## ആലത്തൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ

146(3881) ശ്രീ. കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ ആലത്തൂർ മണ്ഡലത്തിലെ ആശുപത്രികളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ ആശുപത്രികളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

ആർദ്രം ഒന്നാം ഘട്ടം - ആർദ്രം ഒന്നാം ഘട്ടത്തിൽ ആലത്തൂർ നിയോജക മണ്ഡലത്തിലെ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ഒ.പി. കൗണ്ടർ, ഫാർമസി നവീകരണം, പ്രീ ചെക്കപ്പ് റൂം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം, നിരീക്ഷണ മുറി, എയർപോർട്ട് മോഡൽ ചെയറോടുകൂടിയ കാത്തിരിപ്പ് സ്ഥലം ഒരുക്കൽ മുതലായ അടിസ്ഥാന സൗകര്യങ്ങളും രോഗീസൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനങ്ങളും നൽകി ടി സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയുമാണ്. ഇതിനായി ഒന്ന് വീതം അസിസ്റ്റന്റ് സർജൻ, രണ്ട് വീതം സ്റ്റാഫ് നഴ്സ്, ഒന്ന് വീതം ലാബ് ടെക്നീഷ്യൻ, ഒന്ന് വീതം ഫാർമസിസ്റ്റ് എന്നീ തസ്തികകളും ആർദ്രം പദ്ധതിയുടെ ഭാഗമായി സൃഷ്ടിച്ചിട്ടുണ്ട്.

ആർദ്രം രണ്ടാം ഘട്ടം - ആർദ്രം രണ്ടാം ഘട്ടത്തിൽ ടി നിയോജക മണ്ഡലത്തിലെ കുനിശ്ശേരി, തേങ്കുറിശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും, ഒ.പി. കൗണ്ടർ ക്രമീകരിക്കൽ, പ്രീ ചെക്കപ്പ് റൂം, നിരീക്ഷണമുറി, ഫാർമസി നവീകരണം, മുലയൂട്ടൽ റൂം, ലാബ് സൗകര്യം, ഇരിപ്പിടത്തോടുകൂടിയ കാത്തിരിപ്പ് സ്ഥലം മുതലായ അടിസ്ഥാന സൗകര്യങ്ങളും, രോഗീ സൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനങ്ങളും നൽകി ടി സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചു വരികയുമാണ്. ഇതിനായി ടി സ്ഥാപനങ്ങൾക്ക് ഒന്ന് വീതം സ്റ്റാഫ് നഴ്സുമാരുടെയും, കുനിശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു അസിസ്റ്റന്റ് സർജന്റെ തസ്തികയും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

ആർദ്രം മൂന്നാം ഘട്ടം - ആർദ്രം മൂന്നാം ഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ മേലാർകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായിതന്നെ സംസ്ഥാനത്തെ ഒരു റവന്യൂ ബ്ലോക്കിൽ നിന്നും ഒരു സ്ഥാപനത്തെ അടിസ്ഥാന സൗകര്യങ്ങളും, സേവനങ്ങളും വർദ്ധിപ്പിച്ച് ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ 1-8-2021 -ലെ സ.ഉ.(ആർ.ടി.) നമ്പർ 1633/2021/H&FWD, പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽനിന്നും കുഴൽമന്ദം സാമൂഹികാരോഗ്യകേന്ദ്രത്തെയാണ് ടി രീതിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിനായുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഒന്ന് വീതം ഐസോലേഷൻ വാർഡ് സ്ഥാപിക്കാൻ 26-7-2021-ലെ സ.ഉ.(ആർ.ടി.)നമ്പർ 1555/2021/H&FWD, തിരുവനന്തപുരം പ്രകാരം തീരുമാനമായതിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിലും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

| ക്രമ നമ്പർ | സ്ഥാപനം | ചെലവഴിച്ച തുക |
|---|---|---|
| 1 | എഫ്.എച്ച്.സി., കിഴക്കഞ്ചേരി | 8 ലക്ഷം |
| 2 | എഫ്.എച്ച്.സി.,വണ്ടാഴി | 13 ലക്ഷം |
| 3 | എഫ്.എച്ച്.സി., കുനിശ്ശേരി | 14.08 ലക്ഷം |
| 4 | എഫ്.എച്ച്.സി., തേങ്കുറിശ്ശി | 13.86 ലക്ഷം |

(സി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നറിയിക്കാമോ; ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ?

| സ്ഥാപനം | ജെ.പി.എച്ച്.എൻ | പി.എച്ച്.എൻ | എച്ച്.എ.ഗ്രേഡ് 2 |
|---|---|---|---|
| സി.എച്ച്.സി. കുഴൽമന്ദം | - | 1 | - |
| എഫ്.എച്ച്.സി. കിഴക്കഞ്ചേരി | 1 | 2 | - |
| എഫ്.എച്ച്.സി. വണ്ടാഴി | 2 | 1 | 1 |
| എഫ്.എച്ച്.സി മേലാർക്കോട് | 1 | 1 | - |
| എഫ്.എച്ച്.സി. തേങ്കുറിശ്ശി | - | 1 | - |
| എഫ്.എച്ച്.സി. കുനിശ്ശേരി | - | 1 | - |
| ആകെ | 4 | 7 | 1 |

ജെ.പി.എച്ച്.എൻ. തസ്തികയിലെ ഒഴിവുകൾ അഡ്ഹോക്ക് നിയമനം വഴി നികത്തിയിട്ടുണ്ട്. പി.എച്ച്.എൻ. ഏഴ് ഒഴിവുകളുണ്ട്. പബ്ലിക് ഹെൽത്ത് നഴ്സമാരായി സ്ഥാനക്കയറ്റം അനുവദിക്കണമെങ്കിൽ ജെ.പി.എച്ച്.എൻ. ഗ്രേഡ് I തസ്തികയിലെ ജീവനക്കാർക്ക് ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസർ ട്രെയിനിംഗ് ആവശ്യമാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ട്രെയിനിംഗ് നടത്തുവാൻ സാഹചര്യമില്ലായിരുന്നു. ആയതിനാൽ പ്രസ്തുത ട്രെയിനിംഗ് താൽക്കാലികമായി ഒഴിവാക്കി പ്രൊവിഷണൽ പ്രൊമോഷൻ നടത്താനാകുമോയെന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. നിലിവിൽ എഫ്.എച്ച്.എസ്. ട്രെയിനിംഗ് ലഭിച്ചവർ ഇല്ലാത്തതിനാൽ സ്ഥാനക്കയറ്റം നൽകാനും ഒഴിവുകൾ നികത്താനും തടസ്സമുണ്ട്.

**പൊതു ആരോഗ്യമേഖലയുടെ ശാക്തീകരണം**

147(3882) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി ദെലീമ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താനായിട്ടുണ്ടോ; ഇത്തരം കേന്ദ്രങ്ങളിൽ അധികമായി

എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയത്; എത്ര മെഡിക്കൽ, പാരാമെഡിക്കൽ, മെഡിക്കൽ ഇതര ജീവനക്കാരെ ഇതിനായി അധികമായി നിയമിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പൊതു ആരോഗ്യമേഖലയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി നവകേരള കർമ്മ പരിപാടിയുടെ നേതൃത്വത്തിൽ ആർദ്രം പദ്ധതി പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി 886 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ആർദ്രം 1st Phase | 170 Institutions |
| 2nd Phase | 504 Institutions |
| 3rd Phase | 212 Institutions |
| Total | 886 Institutions |

കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവനമേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി OP സേവനങ്ങൾ വൈകുന്നേരം 6 മണിവരെയാക്കുകയും, നേഴ്സസ് പ്രീചെക്കപ്പ്, കൗൺസിലിംഗ്, നിത്യേനയുള്ള ജീവിതശൈലി രോഗ ക്ലിനിക്കുകൾ, ആസ്ത്മ ചികിത്സയ്ക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, ഡിപ്രഷൻ മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക്കുകൾ, ലബോറട്ടറി സൗകര്യം, കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനായി താഴെപ്പറയുന്ന അധിക തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അസി. സർജൻ - 170, സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 340, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II -170, ഫാർമസിസ്റ്റ് -150 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

2. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അസി. സർജൻ 400, സ്റ്റാഫ് നഴ്സ് ഗ്രേഡ് II- 400, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II - 200 എന്നീ തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വഴി എന്തെല്ലാം സേവനങ്ങളാണ് ലക്ഷ്യമാക്കുന്നതെന്ന് അറിയിക്കുമോ?

1. ആരോഗ്യ സംബന്ധമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു.

2. ദേശീയ ആരോഗ്യ പദ്ധതികളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

3. സംസ്ഥാന ആരോഗ്യ പദ്ധതികളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

4. പ്രത്യേക ദിവസങ്ങളിൽ ഉപകേന്ദ്രങ്ങൾ വഴി ദേശീയ വാക്സിനേഷൻ പട്ടിക പ്രകാരമുള്ള വാക്സിനേഷൻ നൽകുന്നു.

5. കുടുംബാസൂത്രണ (Family Planning) മാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു.

6. ആവശ്യക്കാർക്ക് നിരോധ് വിതരണം ചെയ്യുന്നു.

7. ORS വിതരണം ചെയ്യുന്നു.

8. ആരോഗ്യ സംബന്ധമായ വിവര ശേഖരണം നടത്തുന്നു.

9. ഗർഭിണികളുടെ രജിസ്ട്രേഷൻ നടത്തുന്നു.

10. ഗർഭകാല ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് അറിവ് നൽകുന്നു.

11. വിവിധ ആരോഗ്യ പദ്ധതികളെക്കുറിച്ച് അറിവ് നൽകുന്നു.

12. പകർച്ചവ്യാധികൾ തടയുന്നതിനുള്ള പ്രവർത്തനം നടത്തുന്നു.

13. ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

(സി) ഇത്തരം കേന്ദ്രങ്ങളെയെല്ലാം വെൽനെസ് സെന്ററുകളായി ഉയർത്താൻ പരിപാടിയുണ്ടോ; വെൽനെസ് സെന്ററുകൾ വഴി എന്തെല്ലാം സേവനങ്ങൾ ലഭ്യമാകുമെന്ന് അറിയിക്കാമോ?

ഇത്തരം കേന്ദ്രങ്ങളെയെല്ലാം വെൽനസ് സെന്ററുകളായി ഉയർത്താനുള്ള പദ്ധതിയുണ്ട്. കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വെൽനസ് സെന്ററുകളായി മാറുമ്പോൾ താഴെപ്പറയുന്ന സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, രോഗീസൗഹൃദ ശുചിമുറികൾ, ക്ലിനിക്-കം-ഓഫീസ് റൂം, ഇമ്മ്യൂണൈസേഷൻ റൂം, ഫീഡിംഗ് റൂം, ഐ.യു.സി.ഡി.റൂം, സ്റ്റോർ കൂടാതെ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, കുടിവെള്ള വിതരണം, പൂന്തോട്ടം, കുട്ടികൾക്ക് കളിസ്ഥലം എന്നിവ സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരുക്കുകയോ ഉറപ്പുവരുത്തുകയോ ചെയ്യും.

## അടിമാലിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി

148(3883) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ പുതുതായി ആരംഭിക്കുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി ആരംഭിക്കുന്നതിന് 17-8-2015-ൽ സ്റ്റേറ്റ് സ്കീമിൽ ഉൾപ്പെടുത്തി 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി കെട്ടിടത്തിനുള്ള സ്ഥലം അടിമാലി ഗ്രാമപഞ്ചായത്ത് 2018-ൽ കൈമാറിയതായി 25-6-2019-നാണ് അറിയിച്ചത്. പ്രസ്തുത കാലതാമസംമൂലം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കാതെ വരികയും കോസ്റ്റ് ഇൻഡക്സ് മാറുകയും ചെയ്തു. ഇതിൻ പ്രകാരം 14.71 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ആയത് 2 ഘട്ടങ്ങളായി തിരിച്ച് ഒന്നാംഘട്ടത്തിലെ നിർമ്മാണങ്ങൾ 450 ലക്ഷം രൂപയിൽ നിജപ്പെടുത്തി 2015-ലെ സർക്കാർ ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കണ്ണൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ

149(3884) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിലെ കണ്ണൂർ ജില്ലാ ആശുപത്രിയിലും, എളയാവൂർ, ചേലോറ, എടക്കാട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

കണ്ണൂർ ജില്ലാ ആശുപത്രി - കണ്ണൂർ ജില്ലാശുപത്രിയിൽ ലക്ഷ്യ പദ്ധതി പ്രകാരം Mother & Child Block നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതി പ്രകാരം നടപ്പിലാക്കുന്ന കാത്ത് ലാബിന്റെ CCU/HT വർക്ക് ഇലക്ട്രിസിറ്റി ബോർഡിൽനിന്നും പവർ സപ്ലൈ ലഭിച്ചാലുടനെ പൂർത്തിയാക്കാൻ സാധിക്കും. കാത്ത് ലാബിന്റെ ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട ജോലികൾ പുരോഗമിക്കുന്നു. എ.സി., സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. പവർ സപ്ലൈയുടെ അഭാവംമൂലമാണ് പണി പൂർത്തിയാക്കാൻ കാലതാമസം നേരിട്ടത്. കിഫ്ബി മുഖേന നടപ്പിലാക്കുന്ന മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ Structural Work പൂർത്തിയായിട്ടുണ്ട്. ടൈലിംഗ്, ഇലക്ട്രിക്കൽ,

പ്ലംബിംഗ് ജോലികൾ പുരോഗമിച്ചുവരുന്നു. മെഡിക്കൽ ഗ്യാസ് പൈപ്പിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനങ്ങളും നടന്നുവരുന്നു. 57.52 കോടി രൂപയുടെ ഭരണാനുമതിയും അതേ തുകയ്ക്കുള്ള സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. എമർജൻസി കോവിഡ് റെസ്പോൺസ് പ്ലാൻ പ്രകാരം 30 ബെഡ് ഓക്സിജൻ സപ്പോർട്ട് വാർഡ്, 5 ബെഡ് ഐ.സി.യു., 12 ബെഡ് എച്ച്.ഡി.യു. എന്നിവയ്ക്കുവേണ്ടി 75.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു. കുടുംബാരോഗ്യ കേന്ദ്രം, ചേലോറ കുടുംബോരോഗ്യ കേന്ദ്രമായി പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം. മുഖേന 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് രണ്ടുനില കെട്ടിടം നിർമ്മിക്കുന്നതിന്റെ കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തിയായി. താഴത്തെ നിലയുടെ പ്ലാസ്റ്ററിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. രണ്ടാം നിലയുടെ പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, പ്ലംബിംഗ് എന്നീ പ്രവൃത്തികൾ കൂടി പൂർത്തീകരിക്കാനുണ്ട്. കുടുംബാരോഗ്യ കേന്ദ്രം, എടക്കാട് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം. മുഖേന 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ റൂഫിംഗ് പ്രവൃത്തി, ചുമരിന്റെ പ്ലാസ്റ്ററിംഗ് എന്നിവ പുരോഗമിക്കുന്നു. 60 ശതമാനം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രം എളയാവൂർ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള കെട്ടിട നിർമ്മാണത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ നിയോജകമണ്ഡലത്തിലെ താമസയോഗ്യമല്ലാത്ത കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പുതുക്കി പണിയാൻ നടപടി സ്വീകരിക്കുമോ?

കണ്ണൂർ നിയോജകമണ്ഡലത്തിലെ 5 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഹെൽത്ത് & വെൽനെസ്സ് സെന്ററാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ എച്ചൂർ, കടങ്ങോട്, കൂടത്തിൻ താഴെ, നാടാൽ എന്നീ സ്ഥാപനങ്ങൾക്ക് 7 ലക്ഷം രൂപ വീതം എൻ.എച്ച്.എം. മുഖേന അനുവദിച്ചിട്ടുണ്ട്. ഈ തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറി പ്രവൃത്തി പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മുഴുകോത്ത് കുടുംബക്ഷേമ ഉപകേന്ദ്രത്തിന് പുതിയ കെട്ടിടത്തിനായി 67 ലക്ഷം രൂപ എൻ.എച്ച്.എം. വഴി അനുവദിച്ചിട്ടുണ്ട്. നിലവിൽ കണ്ണൂർ മണ്ഡലത്തിലെ എളയാവൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള മുണ്ടയാട് സബ് സെന്റർ പുനർനിർമ്മിക്കുന്നതിന് എൽ.സി.ജി.ഡി. പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(സി) എടക്കാട് പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

എടക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി

ഉയർത്തുന്നതിന് എൻ.എച്ച്.എം. മുഖേന 15.50 ലക്ഷം രൂപയും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ. ഫണ്ടിൽ നിന്നും 45 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രി**

150(3885) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്കാശുപത്രിയെ ജനറലാശുപത്രി പദവിയിലേക്ക് ഉയർത്തിയിട്ടുണ്ടെങ്കിലും ഡി.എച്ച്.എസ്. അധികൃതർ ഇന്നും അതിനെ താലൂക്കാശുപത്രിയായി പരിഗണിക്കുന്ന നിലപാട് സ്വീകരിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ നിലപാട് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ, വിശദാംശം നൽകുമോ?

ആരോഗ്യ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് ആരോഗ്യവകുപ്പ് തുടർന്ന് വരുന്നത്. ഇതനുസരിച്ച് ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്ക്തല ആശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടത്തിവരുന്നത്. 22-4-2017-ലെ ജി.ഒ.(എം.എസ്.) നമ്പർ 58/2017/ആ.കു.വ. ആർദ്രം പദ്ധതി പ്രകാരം ചങ്ങനാശ്ശേരി ജനറലാശുപത്രി താലൂക്ക്തല ആശുപത്രിയായും കോട്ടയം ജനറലാശുപത്രി ജില്ലാതല ആശുപത്രിയായുമാണ് പ്രവർത്തിച്ചു പോരുന്നത്.

(ബി) നിലവിൽ താലൂക്ക് ലെവൽ ജനറലാശുപത്രിയായ ചങ്ങനാശ്ശേരി ജനറലാശുപത്രിക്ക് ആവശ്യമായ സ്റ്റാഫ് പാറ്റേൺ നിലവിലില്ലാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

23-9-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 136/2017/ആ.കു.വ ആർദ്രം പദ്ധതി പ്രകാരം ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-1, ഡെന്റൽ മെക്കാനിക്-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 28-6-2017-ലെ ജി.ഒ.(എം.എസ്.) നമ്പർ 101/2017/ആ.കു.വ. പ്രകാരം ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ സ്റ്റാഫ് നേഴ്സ് -3, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 22-9-2021-ലെ ജി.ഒ. (എം.എസ്.) നമ്പർ 168/2021/ആ.കു.വ. പ്രകാരം ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ക്ലാർക്ക്-1 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

## മങ്കട സി.എച്ച്.സി.-യുടെ വികസനം

151(3886) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട സി.എച്ച്.സി.-യിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ ആശുപത്രിയിലെത്തുന്ന രോഗികളുടെ ബാഹുല്യം കണക്കിലെടുത്തും ആശുപത്രിയുടെ വികസനത്തിന് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരവും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതിനാൽ ഇവിടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ; ഇതിനുള്ള ശിപാർശ അടിയന്തരമായി സർക്കാരിന് ലഭ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

(എ&ബി) 22-10-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 207/2021/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ട മിനിമം സൗകര്യങ്ങൾ, ജീവനക്കാർ, ഉപകരണങ്ങൾ എന്നിവ നിജപ്പെടുത്തി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഒരു ബ്ലോക്കിൽ നിന്നും ഒരു സ്ഥാപനത്തെ തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യങ്ങളും രോഗീസൗഹൃദ അന്തരീക്ഷവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കാൻ തെരഞ്ഞെടുക്കപ്പെട്ടവയിൽ മലപ്പുറം ജില്ലയിലെ മങ്കട സാമൂഹികാരോഗ്യ കേന്ദ്രവും ഉൾപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ എൻ.എച്ച്.എം. വഴി പ്രാരംഭഘട്ടത്തിലാണ്.

## കുമ്പഡാജ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം

152(3887) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് കുമ്പഡാജ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റിയതെപ്പോഴാണെന്ന് വ്യക്തമാക്കാമോ?

18-6-2018-ലെ സ.ഉ.(കൈ) നമ്പർ 113/2018/ആ.കു.വ. പ്രകാരം കുമ്പഡാജ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി.

(ബി) പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി മാറ്റുമ്പോൾ ഉണ്ടാകുന്ന അധിക സൗകര്യങ്ങളും സംവിധാനങ്ങളും തസ്തികകളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുമ്പോൾ മെച്ചപ്പെട്ട രോഗീസൗഹൃദ സേവനം നൽകുകയും അതോടൊപ്പം അധിക തസ്തികകളും ടി കേന്ദ്രങ്ങളിൽ അനുവദിച്ച് നൽകുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ സജ്ജമാക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധികമായി ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കുകയും ഔട്ട് പേഷ്യന്റ് സേവനം 6 മണി വരെ ദീർഘിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ നഴ്സുമാരുടെ പ്രീ ചെക്കപ്പ്, എൻ.സി.ഡി. ക്ലിനിക്കുകൾ, ശ്വാസ്/ആശ്വാസ് ക്ലിനിക്ക്, ലാബ് സൗകര്യം തുടങ്ങിയ അധിക സൗകര്യങ്ങളും ഇവിടങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്യുന്നു.

(സി) ഇത്തരം സൗകര്യങ്ങളും സംവിധാനങ്ങളും തസ്തികകളും കുമ്പഡാജ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

മേൽപ്പറഞ്ഞ പ്രകാരമുള്ള സൗകര്യങ്ങൾ കുമ്പഡാജ കുടുംബാരോഗ്യ കേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഒരു ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) കുമ്പഡാജ കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായി നിയമിക്കപ്പെട്ടയാളും സ്റ്റാഫ് നഴ്സുമാരിൽ ഒരാളും വർക്കിംഗ് അറേഞ്ച്മെന്റിൽ വേറിടങ്ങളിൽ ജോലി ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാരനടപടികളാണ് സ്വീകരിക്കുകയെന്നത് വ്യക്തമാക്കാമോ?

നിലവിൽ ഒരു അസിസ്റ്റന്റ് സർജൻ സാമൂഹികാരോഗ്യകേന്ദ്രം മുളിയാറിൽ ജോലി ചെയ്തു വരുന്നു. കുടുംബാരോഗ്യകേന്ദ്രം പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് ജോലി ക്രമീകരണം റദ്ദ് ചെയ്യുന്നതാണ്. സ്റ്റാഫ് നഴ്സ് രണ്ടുപേരും നിലവിൽ കുമ്പഡാജ കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്യുന്നുണ്ട്.

(ഇ) മറ്റേതെങ്കിലും തസ്തികകൾ കുമ്പഡാജ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ അതും എപ്പോൾ നികത്തപ്പെടുമെന്ന് വ്യക്തമാക്കാമോ?

നിലവിൽ 2 (ലാബ് ടെക്നീഷ്യൻ-1, ജെ.എച്ച്.ഐ-1) തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. പി.എസ്.സി. വഴി നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്കോ, സ്ഥാനക്കയറ്റം വഴി ജില്ലയിലേയ്ക്ക് നിയമനം നടക്കുന്ന മുറയ്ക്കോ, താൽക്കാലിക നിയമനം നടക്കുന്ന മുറയ്ക്കോ ഒഴിവുകൾ നികത്തുന്നതാണ്.

**പ്രീ ഫാബ് ഐസൊലേഷൻ വാർഡുകൾ**

153(3888) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ മണ്ഡലത്തിലും ഏകദേശം രണ്ട് കോടി രൂപ ചെലവഴിച്ച് 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് പ്രീ ഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് പകരം മണ്ഡലത്തിലെ സി.എച്ച്.സി.- യിലോ ബ്ലോക്ക് ലെവൽ എഫ്.എച്ച്.സി.-യിലോ മൾട്ടിപർപ്പസ് കോൺക്രീറ്റ് ബിൽഡിംഗോടുകൂടിയ ഐസൊലേഷൻ വാർഡ് നിർമ്മിച്ചാൽ ഭാവിയിലും പ്രസ്തുത സ്ഥാപനങ്ങൾക്ക് സ്ഥിര ആസ്തിയായി മാറാൻ കഴിയുമെന്നത് പരിശോധിക്കുമോ; വിശദമാക്കാമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വളരെ പെട്ടെന്ന് നിർമ്മാണം പൂർത്തിയാക്കണമെന്ന ഉദ്ദേശ്യത്തോടെ നിലവിലുള്ള കേന്ദ്രീകൃതമായ കോവിഡ് ചികിത്സാ കേന്ദ്രങ്ങൾക്ക് പുറമെ സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലുമുള്ള ഓരോ ആരോഗ്യ സ്ഥാപനത്തിൽ പ്രീ എഞ്ചിനീയറിംഗ് സ്ട്രക്ചർ ഉപയോഗിച്ച് 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനാണ് സർക്കാർ നിലവിൽ തീരുമാനിച്ചിട്ടുള്ളത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് ഈ പദ്ധതിക്ക് നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

**മറ്റം ഫാമിലി ഹെൽത്ത് സെന്റർ**

154 (3889) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ മറ്റം ഫാമിലി ഹെൽത്ത് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിനായി ഏതെല്ലാം ഫണ്ടുകളാണ് ലഭ്യമായിട്ടുള്ളത്?

മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ കണ്ടാണശ്ശേരി പി.എച്ച്.സി.-യെ ഫാമിലി ഹെൽത്ത് സെന്ററായി മാറ്റുന്നതിന് ആർദ്രം പദ്ധതിയുടെ ഭാഗമായി 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്; കെട്ടിട നിർമ്മാണത്തിനുള്ള കരാർ വച്ചതെന്നാണ്?

പ്രസ്തുത കെട്ടിട നിർമ്മാണത്തിന് 15.50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 25-2-2021-ന് നിർവ്വഹണ ഏജൻസിയുമായി കരാർ ഒപ്പിട്ടിട്ടുണ്ട്.

(സി) നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 15.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കും.

## ആരോഗ്യകേന്ദ്രങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ്

155 (3890) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാലത്ത് പൊതുജനാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കെതിരെ ആക്രമണങ്ങൾ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ പ്രവർത്തകർക്കെതിരെ അക്രമങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 12-8-2021-ലെ സ.ഉ.(സാധാ) നമ്പർ 1735/2021/ആ.കു.വ. പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർക്കും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്:

1. എല്ലാ സർക്കാർ ആശുപത്രികളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ താലൂക്ക് ആശുപത്രികൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗം, ഒ.പി. വിഭാഗം എന്നിവിടങ്ങളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുക. പോലീസ് എയ്ഡ് പോസ്റ്റുള്ള ആശുപത്രികളിൽ പോലീസിന് ദൃശ്യങ്ങൾ നിരീക്ഷിക്കുവാനുള്ള സൗകര്യവും ക്യാമറകളുടെ ശരിയായ പ്രവർത്തനവും ഉറപ്പുവരുത്തുക.

2. സ്ഥാപനതലത്തിൽ, സെക്യൂരിറ്റി ഇൻ ചാർജ് ഓഫീസറെ ആശുപത്രി സൂപ്രണ്ട് നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

3. പാരാമെഡിക്കൽ ജീവനക്കാർക്കും മറ്റു ജീവനക്കാർക്കും ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ ഏകോപനത്തിൽ സുരക്ഷയുമായി ബന്ധപ്പെട്ട് പരിശീലനം നൽകേണ്ടതാണ്. സുരക്ഷാ ഉദ്യോഗസ്ഥരുടെ എല്ലാ നിയമനങ്ങളും എക്സ്-സർവ്വീസ്മെൻ സൊസൈറ്റി/സംഘടനകളിൽനിന്നും നടത്തേണ്ടതാണ്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി/ആശുപത്രി വികസന സമിതി/ആശുപത്രി വികസന സൊസൈറ്റി എന്നിവ മുഖേന സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുമ്പോൾ വിമുക്തഭടൻമാരെ നിയമിക്കേണ്ടതാണ്.

(ബി) ഇത്തരത്തിലുള്ള ആക്രമണങ്ങൾക്കെതിരെ ഡോക്ടർമാർ അടക്കമുള്ള മറ്റുജീവനക്കാർ സമരങ്ങളിലുംമറ്റും ഏർപ്പെടുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരം സാഹചര്യങ്ങളിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പകരം സംവിധാനം ഏർപ്പെടുത്താറുണ്ട്.

(സി) എങ്കിൽ പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ പോലീസ് എയ്ഡ് പോസ്റ്റ് സംവിധാനമുണ്ട്.

## പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള നടപടി

156(3891) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിലെ പൂയപ്പള്ളി പി.എച്ച്.സി., പരവൂർ നഗരസഭയിലെ പൊഴിക്കര പി.എച്ച്.സി. എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

16-6-2018-ലെ G.O.(Rt) No.113/2018/H&FWD എന്ന സർക്കാർ ഉത്തരവ് പ്രകാരം പൂയപ്പള്ളി പഞ്ചായത്തിലെ പൂയപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രവും പരവൂർ നഗരസഭയിൽ പൊഴിക്കര പ്രാഥമികാരോഗ്യ കേന്ദ്രവും ആർദ്രം പദ്ധതി പ്രകാരം

കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒ.പി. കൗണ്ടർ, ഫാർമസി നവീകരണം, പ്രീ ചെക്കപ്പ് റൂം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം, നിരീക്ഷണ മുറി, സൗകര്യപ്രദമായ ഇരിപ്പിടത്തോടുകൂടിയ കാത്തിരിപ്പ് സ്ഥലം മുതലായ അടിസ്ഥാന സൗകര്യങ്ങളും രോഗീസൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനങ്ങളും നൽകി ടി സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി 14-11-2019-ലെ G.O.(Rt)No.171/2019/H&FWD പ്രകാരം ടി സ്ഥാപനങ്ങളിൽ ഒന്ന് വീതം അസിസ്റ്റന്റ് സർജൻമാരുടെയും ഒന്ന് വീതം സ്റ്റാഫ് നഴ്സുമാരുടെയും പൊഴിക്കര പി.എച്ച്.സി.-യിൽ മാത്രം ഒരു ലാബ് ടെക്നീഷ്യൻ തസ്തികയും അധികമായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പുതിയ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

14-11-2019-ലെ G.O.(Rt)No.171/2019/H&FWD പ്രകാരം ആർദ്രം പദ്ധതിയുടെ ഭാഗമായി പൂയപ്പള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള തസ്തികയ്ക്ക് പുറമെ ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നേഴ്സ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതും നിയമനം നടത്തിയിട്ടുള്ളതുമാണ്. പൊഴിക്കര കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തു.

## എറണാകുളം ജില്ലയിൽ അപ്ഗ്രഡേഷൻ ചെയ്യുന്ന ആയുർവ്വേദ ആശുപത്രികൾ

157(3892) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ആയുർവ്വേദ ആശുപത്രികളെ അപ്ഗ്രേഡ് ചെയ്യുന്നതിനായി പ്രൊപ്പോസലുകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്ഗ്രേഡ് ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആയുർവ്വേദ ആശുപത്രികളെയാണ് അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) എറണാകുളം ജില്ലയിലെ ആയുർവ്വേദ ആശുപത്രികളെ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് ഐ.എസ്.എം. ഡയറക്ടർക്ക് ലഭിച്ചിട്ടുള്ള പ്രൊപ്പോസൽ വകുപ്പ് മേധാവി പരിശോധിച്ചുവരികയാണ്.

## ഷൊർണ്ണൂരിലെ ഡയാലിസിസ് യൂണിറ്റ്

158(3893) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; എന്നു മുതൽ ജനങ്ങൾക്ക് ഇത് ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് അറിയിക്കാമോ?

ഷൊർണ്ണൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡയാലിസിസ് കേന്ദ്രത്തിന് സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിന് കെ.എം.എസ്.സി.എൽ.-നെ ഷൊർണ്ണൂർ നഗരസഭ ചുമതലപ്പെടുത്തിയിരുന്നു. ഇതിൻ പ്രകാരം 4 ഡയാലിസിസ് മെഷീനുകൾ, 4 ഐ.സി.യു. കിടക്കകൾ, ഒരു ആർ.ഒ. പ്ലാന്റ് എന്നിവ ഉൾപ്പെടെ മറ്റ് അനുബന്ധ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. സ്ഥാപിച്ചിട്ടുണ്ട്. പരിചയസമ്പന്നരായ ജീവനക്കാരെ നിയമിക്കുന്ന മുറയ്ക്ക് ഷൊർണ്ണൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങുന്നതാണ്.

## കുറ്റിപ്പുറം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

159(3894) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ 20 ശതമാനം തുക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) കെട്ടിടത്തിന്റെ വിശദമായ മാസ്റ്റർ പ്ലാനും എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ടോ; എങ്കിൽ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുമോ;

(സി) പ്രസ്തുത മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രൊപ്പോസൽ ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ-സി) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും ജില്ലാ മെഡിക്കൽ ഓഫീസർ തയ്യാറാക്കി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത എസ്റ്റിമേറ്റിൽ ചില പോരായ്മകൾ ഉണ്ടായിരുന്നതിനാൽ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുന്നോത്ത് പറമ്പ് പി.എച്ച്.സി. ഹെൽത്ത് ഇൻസ്പെക്ടറുടെ അവധി**

160 (3895) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കുന്നോത്ത് പറമ്പ് പി.എച്ച്.സി.-യിൽ ഹെൽത്ത് ഇൻസ്പെക്ടറായി ജോലിയിലിരിക്കെ മരണപ്പെട്ട അശോകൻ സി.പി.-യുടെ ഫയലിൽ (നമ്പർ സി2/196/2018 ആ.കു.വ.) നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) അദ്ദേഹത്തിന്റെ അപകടത്തിനുശേഷമുള്ള അവധി അനുവദിച്ച് ഉത്തരവാകാൻ വൈകുന്നതിന്റെ കാരണവും ആയതിന്റെ നിലവിലെ തടസ്സങ്ങളും വിശദമാക്കാമോ;

(സി) അവധി എന്നത്തേയ്ക്ക് അനുവദിച്ച് ഉത്തരവാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(എ-സി) ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന പരേതനായ അശോകൻ സി.പി.-യുടെ 30-11-2016 മുതൽ 14-4-2018 വരെയുള്ള അവധി കാലയളവാണ് ക്രമീകരിച്ച് നൽകേണ്ടതായിട്ടുണ്ടായിരുന്നത്. നിലവിൽ ഈ കാലയളവിൽ ഉൾപ്പെടുന്ന 11-11-2017 മുതൽ 14-4-2018 വരെയുള്ള അവധിയാണ് ക്രമീകരിക്കേണ്ടതായി ശേഷിക്കുന്നത്. ഇതിലേയ്ക്ക് ചില അധിക വിവരങ്ങളും രേഖകളും ലഭിക്കാനുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ വേഗത്തിൽ കൈക്കൊള്ളുന്നതാണ്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

161 (3896) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന ഹെൽത്ത് സെന്ററുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ആർദ്രം ഒന്നാം ഘട്ടത്തിൽ പരണിയം പ്രാഥമികാരോഗ്യ കേന്ദ്രത്തേയും രണ്ടാം ഘട്ടത്തിൽ കുളത്തൂർ, പൊഴിയൂർ, ചെങ്കൽ, കാരോട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും മൂന്നാം ഘട്ടത്തിൽ പെരുമ്പഴുതൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തേയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ആർദ്രം ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്ത മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരികയാണ്.

(ബി) പ്രസ്തുത നഗരസഭയിലെ പെരുമ്പഴുതൂർ ഹെൽത്ത് സെന്ററിനെ (ഓലത്താന്നി) കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി പി.എച്ച്.സി. പെരുമ്പഴുതൂറിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രസ്തുത മണ്ഡലത്തിലെ ഹെൽത്ത് സെന്ററുകൾക്ക് 2021-22 വർഷത്തിൽ എത്ര ലക്ഷം രൂപയുടെ ഫണ്ടാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത മണ്ഡലത്തിലെ എല്ലാ പി.എച്ച്.സി.-കളെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുവേണ്ടി ഇതിനോടകം തെരഞ്ഞെടുത്ത് കഴിഞ്ഞു. ഇവയ്ക്ക് ഒറ്റ തവണയാണ് ഫണ്ട് ലഭ്യമാക്കിവരുന്നത്.

## കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസിന്റെ അടിസ്ഥാന സൗകര്യ വികസനം

162(3897) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസിന്റെ സ്ഥലപരിമിതിമൂലം ജീവനക്കാർക്കും പൊതുജനങ്ങൾക്കും അനുഭവപ്പെടുന്ന ബുദ്ധിമുട്ട്, വാഹന പാർക്കിംഗിനും ഡ്രൈവർമാർക്ക് റെസ്റ്റ് ചെയ്യുന്നതിനുമുള്ള അസൗകര്യം എന്നിവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ& ബി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**അരൂർ മണ്ഡലത്തിലെ ആശുപത്രികളിൽ നടപ്പിലാക്കിയ പദ്ധതികൾ**

163(3898) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയതും അംഗീകരിച്ചതുമായ പദ്ധതികൾ വിശദമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും പൂർത്തീകരിക്കാത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

(എ-സി) ആർദ്രം പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം, കോടന്തുരുത്ത്, പാണാവള്ളി, പള്ളിത്തോട്, പെരുമ്പളം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ പള്ളിപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ -1, സ്റ്റാഫ് നഴ്സ് -1, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ പാണാവള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ-1, പള്ളിത്തോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-1, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അരൂക്കുറ്റി സാമൂഹികാരോഗ്യ കേന്ദ്രത്തെ 20-3-2020-ലെ സ.ഉ. (സാധാ) നമ്പർ 619/2020/ആ.കു.വ. പ്രകാരം ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ഇതിനായി 37.50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അരൂർ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയതും അംഗീകരിച്ചതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഈ വർഷം പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ക്രമ നമ്പർ | സ്ഥാപനം | പ്രവൃത്തി | തുക |
|---|---|---|---|
| 1 | സാമൂഹികാരോഗ്യ കേന്ദ്രം, അരൂകുറ്റി | ഉപകേന്ദ്രം ഹെൽത്ത് & വെൽനസ്സ് സെന്ററായി ഉയർത്തുന്നു | 7 ലക്ഷം |
| 2 | എഫ്.എച്ച്.സി. പള്ളിത്തോട് ഉപകേന്ദ്രം | ഹെൽത്ത് & വെൽനസ്സ് സെന്ററായി ഉയർത്തുന്നു | 7 ലക്ഷം |
| 3 | എഫ്.എച്ച്.സി. പെരുമ്പളം ഉപകേന്ദ്രം | ഹെൽത്ത് & വെൽനസ്സ് സെന്ററായി ഉയർത്തുന്നു | 7 ലക്ഷം |
| 4 | തുറവൂർ താലൂക്കാശുപത്രി ഉപകേന്ദ്രം | ഹെൽത്ത് & വെൽനസ്സ് സെന്ററായി ഉയർത്തുന്നു | 7 ലക്ഷം |
| 5 | സാമൂഹികാരോഗ്യകേന്ദ്രം തൈക്കാട്ടുശ്ശേരി ഉപകേന്ദ്രം | ഹെൽത്ത് & വെൽനസ്സ് സെന്ററായി ഉയർത്തുന്നു | 7 ലക്ഷം |
| 6 | എഫ്.എച്ച്.സി. പള്ളിപ്പുറം ഉപകേന്ദ്രം | ഹെൽത്ത് & വെൽനസ്സ് സെന്ററായി ഉയർത്തുന്നു | 7 ലക്ഷം |
| 7 | താലൂക്കാശുപത്രി തുറവൂർ ട്രോമാകെയർ | ബഹു നില കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. | 34.83 കോടി രൂപ കിഫ്ബി ഫണ്ട് |
| 8 | സാമൂഹികാരോഗ്യ കേന്ദ്രം, അരൂകുറ്റി | ഐസൊലേഷൻ വാർഡ് | കിഫ്ബി ഫണ്ടുകൾ ചേർന്ന് 1.75 കോടി രൂപ |

**വർക്കല മണ്ഡലത്തിലെ വെൽനസ് സെന്റർ**

164(3899) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ വെൽനസ് സെന്ററായി ഉയർത്തിയിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

വർക്കല മണ്ഡലത്തിൽ വെൽനസ് സെന്ററായി ഉയർത്താൻ തെരഞ്ഞെടുത്തിരിക്കുന്ന ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പേര് ചുവടെ ചേർക്കുന്നു:

1. ചെമ്മരുതി കുടുംബാരോഗ്യ കേന്ദ്രത്തിനുകീഴിൽ പ്രവർത്തിക്കുന്ന കുന്നത്തുമല ആരോഗ്യ ഉപകേന്ദ്രം.

2. മടവൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിൽ പ്രവർത്തിക്കുന്ന മടവൂർ ആരോഗ്യ ഉപകേന്ദ്രം.

3. വെട്ടൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിൽ പ്രവർത്തിക്കുന്ന പുത്തൻചന്ത ആരോഗ്യ ഉപകേന്ദ്രം.

4. ഇടവ കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിൽ പ്രവർത്തിക്കുന്ന വെൺകുളം ആരോഗ്യ ഉപകേന്ദ്രം.

5. തോണിപ്പാറ കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിൽ പ്രവർത്തിക്കുന്ന അയിരൂർ ആരോഗ്യ ഉപകേന്ദ്രം.

(ബി) വെൽനസ് സെന്ററുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, രോഗീസൗഹൃദ ശുചിമുറികൾ, ക്ലിനിക്-കം-ഓഫീസ് റൂം, ഇമ്മ്യൂണൈസേഷൻ റൂം, ഫീഡിംഗ് റൂം, ഐ.യു.സി.ഡി.റൂം, സ്റ്റോർ, കൂടാതെ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, കുടിവെള്ള വിതരണം, പൂന്തോട്ടം, കുട്ടികൾക്ക് കളിസ്ഥലം എന്നിവ ലഭ്യതയ്ക്കനുസരിച്ച് ഒരുക്കുകയോ ഉറപ്പുവരുത്തുകയോ ചെയ്യും.

## ഗവൺമെന്റ് ഫിഷറീസ് ആശുപത്രിയിൽ കിടത്തി ചികിത്സ

165 (3900) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ഗവൺമെന്റ് ഫിഷറീസ് ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ഒരു ഏക്കർ സ്ഥലത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരപ്പനങ്ങാടി (ചാപ്പപ്പടി) ഗവ. ഫിഷറീസ് ആശുപത്രിക്ക് പഞ്ചായത്ത് നിർമ്മിച്ചതും തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ച് നൽകിയതുമായ രണ്ട് കെട്ടിടങ്ങളുണ്ടെങ്കിലും മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഉപകരണങ്ങളോ ജീവനക്കാരോ സ്ഥാപനത്തിന് നിലവിലില്ല. ആശുപത്രിയിൽ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങൾ

166 (3901) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന് കീഴിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ആർദ്രം പദ്ധതി ഒന്നാം ഘട്ടത്തിൽ ആലക്കോട്-തേർത്തല്ലി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതി രണ്ടാം ഘട്ടത്തിൽ ഉദയഗിരി, ഉളിക്കൽ, ചെങ്ങളായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതി മൂന്നാം ഘട്ടത്തിൽ ചുഴലി, എരുവേശ്ശി, കുടിയാൻമല, ചന്ദനക്കാംപാറ, ആലക്കോട് മണക്കടവ്, നടുവിൽ എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കുട്ടമുഖം സാമൂഹികാരോഗ്യ കേന്ദ്രവും ഇരിക്കൂർ താലൂക്കാശുപത്രിയും പ്രവർത്തിക്കുന്നുണ്ട്.

## നൂറനാട് ലെപ്രസി സാനറ്റോറിയത്തിലെ നബാർഡ് പ്രവൃത്തികൾ

167(3902) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട് ലെപ്രസി സാനറ്റോറിയത്തിലെ നബാർഡ് പ്രവൃത്തിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി, ഫിനാൻഷ്യൽ സാംഗ്ഷൻ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

(എ & ബി) നബാർഡ് RIDF ഫണ്ട് ഉപയോഗിച്ച് പണിയുന്ന നൂറനാട് ലെപ്രസി സാനറ്റോറിയത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 40,30,00,000 രൂപയുടെ (നാൽപത് കോടി മുപ്പത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടത്തിന്റെ 90 ശതമാനം പണി പൂർത്തിയായിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണത്തിന്റെ പ്ലാൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ആയിട്ടില്ല. ഒന്നാംഘട്ട നിർമ്മാണത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഇതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർഗോഡ് ജില്ലയിലെ ഫാമിലി ഹെൽത്ത് സെന്ററുകൾ

168(3903) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തിയ പി.എച്ച്.സി.-കൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 39 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പി.എച്ച്.സി. കൾക്കായി എത്ര തസ്തികകൾ വീതമാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത പി.എച്ച്.സി.-കൾക്കായി സൃഷ്ടിച്ചിരിക്കുന്ന തസ്തികകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) ഇതിൽ ഓരോ തസ്തികകളിലും നിയമനം നടന്നുവോയെന്ന് വെളിപ്പെടുത്താമോ?

| തസ്തികയുടെ പേര് | അനുവദിച്ച തസ്തികകളുടെ എണ്ണം | നിയമന വിവരങ്ങൾ |
|---|---|---|
| അസിസ്റ്റന്റ് സർജൻ | 27 | എല്ലാ തസ്തികകളിലും നിയമനം നടന്നിട്ടുണ്ട്. |
| സ്റ്റാഫ് നഴ്സ് | 47 | എല്ലാ തസ്തികകളിലും നിയമനം നടന്നിട്ടുണ്ട്. |
| ഫാർമസിസ്റ്റ് | 7 | എല്ലാ തസ്തികകളിലും നിയമനം നടന്നിട്ടുണ്ട്. |
| ലാബ് ടെക്നീഷ്യൻ | 19 | 17 തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട്. |
| രണ്ട് ഒഴിവുകൾ NCA നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. | | |
| ആകെ | 100 | |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എരുമപ്പെട്ടി സി.എച്ച്.സി.-ക്ക് അനുവദിച്ച പ്രവൃത്തികൾ

169(3904) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ എരുമപ്പെട്ടി സി.എച്ച്.സി.-യിലെ നബാർഡിന്റെ പ്രവൃത്തികൾക്ക് പണം അനുവദിച്ചതും ഭരണാനുമതി നൽകിയതും എന്നാണെന്ന് വ്യക്തമാക്കാമോ?

കുന്നംകുളം മണ്ഡലത്തിലെ എരുമപ്പെട്ടി സി.എച്ച്.സി.-യിലെ നബാർഡിന്റെ പ്രവൃത്തികൾക്ക് 7,20,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 20 ശതമാനം മൊബിലൈസേഷൻ അഡ്വാൻസായ 1,22,40,000 രൂപ നബാർഡ് റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിന് ടി.എസ്. നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കാലതാമസം വരുത്തിയത് പരിശോധിക്കുമോ;

(ഡി) കാലതാമസത്തിന് ഉദ്യോഗസ്ഥതലത്തിൽ ഉത്തരവാദികളുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിച്ച് ഉടനടി നിർമ്മാണ പ്രവർത്തനമാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി-ഡി) പ്ലാനിൽ ചില മാറ്റംവരുത്തേണ്ടി വന്നതിനാലാണ് കാലതാമസം നേരിടുന്നത്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനും തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ കിടത്തി ചികിത്സാ സൗകര്യം

170 (3905) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിടത്തി ചികിത്സാ സൗകര്യങ്ങൾ ഉണ്ടായിരുന്ന സർക്കാർ ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിടത്തി ചികിത്സ ഉണ്ടായിരുന്നതും എന്നാൽ നിലവിൽ ഇല്ലാത്തതുമായ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രാഥമികാരോഗ്യകേന്ദ്രം, മുനമ്പം

2. പ്രാഥമികാരോഗ്യകേന്ദ്രം, അയ്യമ്പിള്ളി

(ബി) പ്രസ്തുത ആശുപത്രികളിലെ കിടത്തി ചികിത്സാ സൗകര്യം നിർത്തലാക്കാനുള്ള കാരണം വിശദമാക്കാമോ?

പ്രാഥമികാരോഗ്യ കേന്ദ്രം, മുനമ്പം - അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ആശുപത്രിയിൽ കിടത്തി ചികിത്സ കുറഞ്ഞുവരുന്ന സാഹചര്യത്തിലാണ് അത് നിർത്തലാക്കിയത്. ഈ സ്ഥാപനത്തിന്റെ ഏഴ് കിലോമീറ്റർ ചുറ്റളവിൽ കിടത്തി ചികിത്സയുള്ള വടക്കൻ പറവൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയും പതിമൂന്ന് കിലോമീറ്റർ ചുറ്റളവിൽ കിടത്തി ചികിത്സയുള്ള ഞാറയ്ക്കൽ താലൂക്കാശുപത്രിയും സ്ഥിതി ചെയ്യുന്നുണ്ട്. ആയതിനാൽ ടി സ്ഥാപനത്തെ ആശ്രയിക്കുന്ന ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ പ്രസ്തുത ആശുപത്രിയിൽനിന്നും ലഭിക്കുന്നുണ്ട്.

പ്രാഥമികാരോഗ്യകേന്ദ്രം, അയ്യമ്പിള്ളി - ഈ സ്ഥാപനത്തിന്റെ പത്ത് കിലോമീറ്റർ ചുറ്റളവിനുള്ളിൽ കിടത്തി ചികിത്സാ സൗകര്യമുള്ള രണ്ട് താലൂക്കാശുപത്രികളും (പറവൂർ, കൊടുങ്ങല്ലൂർ) മൂത്തകുന്നം സാമൂഹികാരോഗ്യകേന്ദ്രവും ഉള്ളതുകൊണ്ട് രോഗികൾ കൂടുതലായും മേൽ പറഞ്ഞ ആശുപത്രികളെ ആശ്രയിക്കുന്നതിനാൽ മാസങ്ങളോളം കിടത്തി ചികിത്സയ്ക്ക് രോഗികളില്ലാത്ത അവസ്ഥയിൽ എത്തിച്ചേർന്നു. ആയതിനാലാണ് 2016 ഒക്ടോബർ മുതൽ ഐ.പി. നിർത്തലാക്കിയത്.

(സി) പ്രസ്തുത മണ്ഡലത്തിൽ കടലാക്രമണ ഭീഷണി ഉൾപ്പെടെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ചികിത്സയ്ക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അയ്യമ്പിള്ളി, മുനമ്പം സർക്കാർ ആശുപത്രികളിലെ കിടത്തി ചികിത്സാ സൗകര്യം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് നൽകിയ പരാതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

(സി&ഡി) അയ്യമ്പിള്ളി പ്രാഥമികാരോഗ്യ കേന്ദ്രം നിലവിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി പരിവർത്തനം ചെയ്തിട്ടുണ്ട്. ആയതിന്റെ സിവിൽ വർക്കുകൾ പുരോഗമിച്ചുവരുന്നു. അടിസ്ഥാന സൗകര്യ വികസനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഈ ആശുപത്രിയിൽ ലഭ്യമാക്കുന്നതാണ്. മുനമ്പം പ്രാഥമികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുന്നതിനായി ഉത്തരവായിട്ടുണ്ട്. ആർദ്രം മാനദണ്ഡപ്രകാരം നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സാ സംവിധാനം നിഷ്കർഷിക്കുന്നില്ല.

## ചട്ടഞ്ചാൽ ടാറ്റാ ഗവൺമെന്റ് ആശുപത്രി

171(3906) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ ടാറ്റാ ഗവൺമെന്റ് ആശുപത്രി നിലവിൽ ഏത് സ്ഥാപനത്തിന് കീഴിലാണ് പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

13-2-2021-ലെ സ.ഉ. (ആർ.ടി.) നമ്പർ 422/2021/ആകുവ. പ്രകാരം കാസർഗോഡ് ടാറ്റാ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും സേവന കാര്യങ്ങളും കാസർഗോഡ് ജനറൽ ആശുപത്രി മുഖേനയാണ് നടത്തിവരുന്നത്.

(ബി) ഏതെങ്കിലും ഒരു തദ്ദേശസ്ഥാപനത്തിന്റെ കീഴിൽ പ്രസ്തുത ആശുപത്രിയെ കൊണ്ടുവരാത്തതിനാലും ആയതിന്റെ പദവി നിർവ്വചിക്കാത്തതിനാലും അത്യാവശ്യ ഫണ്ടിന് ബുദ്ധിമുട്ടനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രിയെ കാസർഗോഡ് ജില്ലാ പഞ്ചായത്തിന് കീഴിൽ കൊണ്ടുവരുന്നത് പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി&സി) ആശുപത്രി നിലവിൽ ഒരു തദ്ദേശസ്ഥാപനത്തിന് കീഴിൽ ഉൾപ്പെടുന്നില്ല. അത്യാവശ്യ മരുന്നുകൾ, മെഡിക്കൽ ഓക്സിജൻ, ഭക്ഷണം മുതലായവ എൻ.എച്ച്.എം./എസ്.ഡി.ആർ.എഫ്. ഫണ്ട് മുഖേനയാണ് ചെലവഴിച്ച് വരുന്നത്.

## പെരിങ്ങോം താലൂക്ക് ഹോസ്പിറ്റൽ കെട്ടിട നിർമ്മാണം

172(3907) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം താലൂക്കാശുപത്രി കെട്ടിടം നിർമ്മിക്കാനായി 12 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതെന്നാണെന്ന് വ്യക്തമാക്കാമോ?

പെരിങ്ങോം താലൂക്കാശുപത്രിയെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 19-10-2019-നാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ബി) ഭരണാനുമതി ലഭ്യമായി മാസങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) മേൽ പ്രവൃത്തിക്കുവേണ്ടി ആദ്യം തയ്യാറാക്കിയ ശിപാർശയിൽ ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ ഉൾപ്പെട്ടിരുന്നില്ല. പ്രസ്തുത പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ജങ്ക്ഫുഡുകളുടെ വിപണനവും ഉപഭോഗവും പരിമിതപ്പെടുത്താൻ നടപടി

173(3908) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജങ്ക്ഫുഡുകളുടെ വിപണനവും ഉപഭോഗവും പരിമിതപ്പെടുത്താൻ അധിക നികുതി, അധികവില, പരസ്യങ്ങളുടെ നിയന്ത്രണം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ നയം രൂപീകരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കുട്ടികളിലും മുതിർന്നവരിലും ജങ്ക്ഫുഡുകളുടെ ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് നിരവധി അവബോധന ക്ലാസുകൾ ഭക്ഷ്യസുരക്ഷ വകുപ്പ് സംഘടിപ്പിച്ചു വരുന്നു. Safe & Nutritious Food at School (SNF@School) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി. 2016-17, 2018-2019 എന്നീ കാലഘട്ടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികളിൽ ഇതുസംബന്ധിച്ച അവബോധം നൽകിവരുന്നു. ജങ്ക്ഫുഡിന് നിലവിൽ ചരക്കുസേവന നികുതി ബാധകമാണ്. ചരക്കുസേവന നികുതി നിയമപ്രകാരം ചരക്കുകളിലോ സേവനങ്ങളിന്മേലോ നികുതി വർദ്ധിപ്പിക്കുന്നത് ചരക്കുസേവന നികുതി കൗൺസിലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രമാണ്.

(ബി) പാക്കറ്റ് ഫുഡുകളിൽ അടങ്ങിയിരിക്കുന്നവയുടെ ലേബൽ നിർബന്ധമാക്കുന്നതിനുവേണ്ടി ആരോഗ്യവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ Food Safety & Standards (Packaging & Labelling) Regulations 2011, ചട്ടം 2.2.2 പ്രകാരം പാക്കറ്റ് ഫുഡുകളിൽ ലേബൽ നിർബന്ധമാക്കിയിട്ടുണ്ട്. ഭക്ഷ്യ വസ്തുക്കളിൽ അടങ്ങിയിട്ടുള്ള ചേരുവകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലേബലിൽ രേഖപ്പെടുത്തണമെന്നും Food Safety & Standards (Packaging & Labelling) Regulations 2011 ചട്ടം 2.2.2-ൽ നിഷ്കർഷിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധനകളിൽ ലേബലില്ലാതെയോ തെറ്റായ വിവരങ്ങൾ ലേബലിൽ ഉൾപ്പെടുത്തിയോ ലഭ്യമാകുന്ന പാക്കറ്റ് ഫുഡുകൾക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പാക്കറ്റ് ഫുഡുകളിലെ അധികമായ സോഡിയം, കൊഴുപ്പ് എന്നിവയുടെ മുന്നറിയിപ്പുകൂടി ഉൾപ്പെടുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്ര ഭക്ഷ്യസുരക്ഷ അതോറിറ്റിയായ Food Safety Standards Authority of India (FSSAI) ഭക്ഷ്യ സുരക്ഷ ഗുണനിലവാര നിയമം, 2006 പ്രകാരം പാക്കറ്റ് ഫുഡുകളിൽ അടങ്ങിയിട്ടുള്ള ചേരുവകളുടെ വിവരം, അവയുടെ അളവ് എന്നിവ ലേബലിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് Food Safety & Standards (Packaging & Labelling) Regulations 2011, ചട്ടം 2.2.2-ൽ പ്രതിപാദിച്ചിട്ടുണ്ട്. സോഡിയം, കൊഴുപ്പ് എന്നിവ അടങ്ങിയിട്ടുള്ള ഭക്ഷ്യവസ്തുക്കളിൽ അവയുടെ വിവരങ്ങളും അളവുകളും ലേബലിൽ രേഖപ്പെടുത്തണമെന്നുകൂടി കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി (FSSAI), Food Safety & Standards (Packaging & Labelling) Regulations 2011, 2.2.2 പ്രകാരം നിഷ്കർച്ചിട്ടുണ്ട്.

## സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും പരിശോധന

174(3909) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ സംസ്ഥാനത്ത് വില്പന നടത്തുന്ന എത്ര പാൽ-പാലുൽപ്പന്നങ്ങളുടെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്; ഇതിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് എത്ര സാമ്പിൾ പാലും പാലുൽപ്പന്നങ്ങളും പരിശോധിച്ചിട്ടുണ്ട്?

ഭക്ഷ്യസുരക്ഷ വകുപ്പ് 2020-21 വർഷത്തിൽ പാലിന്റെയും പാലുല്പന്നങ്ങളുടെയും 451 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 489 സർവൈലൻസ് സാമ്പിളുകളും ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ 2020-21-ൽ ക്ഷീരവികസന വകുപ്പ് 45136 സാമ്പിളുകളും പരിശോധിച്ചിട്ടുണ്ട്.

(ബി) ക്ഷീരവികസന വകുപ്പ് എത്ര സാമ്പിൾ പാലും പാലുൽപ്പന്നങ്ങളും നിയമ നടപടി എടുക്കുന്നതിനുവേണ്ടി ഭക്ഷ്യസുരക്ഷ വകുപ്പിന് കൈമാറിയിട്ടുണ്ട്; സ്വീകരിച്ച നടപടികൾ എന്തൊക്കെ?

ആലപ്പുഴ ജില്ലയിൽ ക്ഷീരവികസന വകുപ്പ് ആവശ്യപ്പെട്ട പ്രകാരം 2 പാൽ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ശേഖരിച്ച് തിരുവനന്തപുരം അനലിറ്റിക്കൽ ലാബിൽ പരിശോധന നടത്തിയതിൽ ഗുണനിലവാരമുള്ളതായി റിപ്പോർട്ട്

ലഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ക്ഷീരവികസന വകുപ്പ് രണ്ട് പാൽ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന് കൈമാറുകയും ടി സാമ്പിൾ എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലാബിൽ പരിശോധിക്കുകയും ഗുണനിലവാരമുള്ളതായി റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യസുരക്ഷ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിനുശേഷം മാത്രമേ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ക്ഷീരവികസന വകുപ്പ് ശേഖരിക്കുന്ന സാമ്പിളുകളുടെ പരിശോധന റിപ്പോർട്ട് പ്രകാരം ഭക്ഷ്യസുരക്ഷാ വകുപ്പിന് 2006-ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമപ്രകാരം നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കില്ല.

(സി) ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ വിജ്ഞാപന പ്രകാരം, ഭക്ഷ്യസുരക്ഷ നിയമത്തിന്റെ ഏത് വകുപ്പനുസരിച്ചാണ് പാൽ പരിശോധനാ അധികാരം ക്ഷീരവികസന വകുപ്പിലെ യോഗ്യതയുള്ള ഉദ്യോഗസ്ഥർക്ക് നൽകുന്നതിന് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ അനുമതി ആവശ്യമാണെന്ന് നിഷ്കർഷിക്കുന്നത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 ചട്ടം 2.1.4.1 (i),(ii)-ലാണ് ഫുഡ് അനലിസ്റ്റിന്റെ യോഗ്യത കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി പ്രതിപാദിച്ചിരിക്കുന്നത്. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നടത്തുന്ന ഫുഡ് അനലിസ്റ്റ് പരീക്ഷ പാസ്സാകുന്ന ഏതൊരാളെയും ഭക്ഷ്യസുരക്ഷ നിയമം, 2006 പ്രകാരം ഫുഡ് അനലിസ്റ്റായി നിയമിക്കാവുന്നതും ഫുഡ് അനലിസ്റ്റായി നോട്ടിഫൈ ചെയ്യാവുന്നതുമാണ്. ഭക്ഷ്യസുരക്ഷാ നിയമം, 2006 ചട്ടം 2.1.3.1 പ്രകാരം കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളതും സെക്ഷൻ 37 പ്രകാരം ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നോട്ടിഫൈ ചെയ്യുന്നതുമായ ഫുഡ് സേഫ്റ്റി ഓഫീസർ ശേഖരിക്കുന്ന സാമ്പിളുകൾ സെക്ഷൻ 45 പ്രകാരം ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നോട്ടിഫൈ ചെയ്യുന്നതും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളതുമായ ഫുഡ് അനലിസ്റ്റുമാർ പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ട് പ്രകാരം മാത്രമേ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 പ്രകാരം നിയമ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഇത് കേന്ദ്ര നിയമമായതിനാൽ ഇതിൽ മാറ്റം വരുത്തേണ്ടത് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി (FSSAI) ആണ്. പ്രസ്തുത ചട്ടങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) 11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച 7-ാമത് റിപ്പോർട്ടിൽ സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ ജോലികൾ ശക്തിപ്പെടുത്തുന്നതിന് ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരെ ഉപയോഗിക്കണമെന്ന ശിപാർശ നടപ്പാക്കാൻ നടപടികൾ കൈക്കൊള്ളുമോ?

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം കേന്ദ്രനിയമമായതിനാൽ ഭക്ഷ്യസുരക്ഷ സംബന്ധിച്ചുള്ള പരിശോധന നടത്തുന്നതിനും തുടർന്നുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിക്കും (FSSAI), സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർക്കും കമ്മീഷണർ ഗസറ്റ് വിജ്ഞാപനംമൂലം അധികാരപ്പെടുത്തുന്ന ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണർ, ജില്ലാ ഓഫീസർ, ഭക്ഷ്യസുരക്ഷാ ഓഫീസർ, ഫുഡ് അനലിസ്റ്റ് എന്നിവരുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് പരിശോധനകൾ നടത്തുന്നതിന് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ അംഗീകാരം ആവശ്യമാണ്.

**ഡെങ്കി -2 വകഭേദം**

175(3910) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഡെങ്കി-2 വകഭേദം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ഇതിന്റെ വ്യാപനം തടയുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഡെങ്കി-2 ഉൾപ്പെടെ ഡെങ്കിപ്പനിക്ക് കാരണമായ ഡെൻവ്1, ഡെൻവ്2, ഡെൻവ്3, ഡെൻവ്4 എന്നീ നാല് വകഭേദങ്ങളും വർഷങ്ങളായി കേരളത്തിലെ പല ജില്ലകളിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ ഡെൻവ് 2 വകഭേദം കൂടുതൽ അപകടകാരിയാണെന്ന് അറിയപ്പെടുന്നു. നാലുതരം വകഭേദങ്ങൾ വഴിയുണ്ടാകുന്ന ഡെങ്കിപ്പനി പ്രതിരോധിക്കാനും നിയന്ത്രിക്കാനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി തന്നെ ആരോഗ്യവകുപ്പ് നടത്തിവരുന്നുണ്ട്. സംയോജിത രോഗനിരീക്ഷണ പരിപാടി (ഐ.ഡി.എസ്.പി.)-യിലൂടെ ഡെങ്കിപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധി സംബന്ധിച്ച വിവരങ്ങൾ ദിനംപ്രതിയും ആഴ്ചതോറും ശേഖരിച്ച്, ക്രോഡീകരിച്ച്, അപഗ്രഥിച്ച് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ദ്രുതകർമ്മസേന (RRT) സന്ദർശിച്ച് ഊർജ്ജിത നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ദേശീയ പ്രാണിജന്യരോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായും ഡെങ്കിപ്പനി നിരീക്ഷണവും കൊതുക് നിയന്ത്രണവും നടത്തിവരുന്നുണ്ട്. ഇതുകൂടാതെ

സംസ്ഥാന സർക്കാർ 2018 മുതൽ നടപ്പിലാക്കിവരുന്ന ആരോഗ്യജാഗ്രത എന്ന പേരിലറിയപ്പെടുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടിയനുസരിച്ചുള്ള വാർഷിക കർമ്മ പരിപാടി ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്. വാർഡുതലത്തിൽ ആരോഗ്യ സേനാംഗങ്ങൾവഴി നടത്തുന്ന ഗൃഹസന്ദർശനം, സ്ഥാപന സന്ദർശനം, കൊതുക് സർവ്വേ, പ്രതിരോധ ക്യാമ്പയിനുകൾ, ബോധവത്കരണ ശീലവത്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഡെങ്കിപ്പനി നിയന്ത്രണത്തിൽ കാര്യമായ പങ്ക് വഹിക്കുന്നു. സംസ്ഥാനത്ത് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് ഉൾപ്പെടെ 38 സെന്റിനൽ സർവൈലൻസ് ലാബുകളിൽ ഡെങ്കിപ്പനി രോഗ സ്ഥിരീകരണം സൗജന്യമായിത്തന്നെ നടത്തിവരുന്നുണ്ട്. ഇത്തരം ലാബുകളിൽ നിന്നും NS1 പോസിറ്റീവ് സാമ്പിളുകൾ സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിൽ അയച്ച് ഡെങ്കി സീറോ ടൈപ്പിംഗും നടത്തിവരുന്നുണ്ട്. മേയ് 16-ന് ദേശീയ ഡെങ്കിപ്പനി ദിനത്തോടനുബന്ധിച്ച് ജൂലൈ മാസം ഡെങ്കി വിരുദ്ധ മാസാചരണത്തോടനുബന്ധിച്ചും ഡെങ്കിപ്പനി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. ആഴ്ചതോറും നടത്തുന്ന കൊതുക് സർവ്വേയിൽ (ഈഡിസ് വെക്ടർ സർവ്വേ) കണ്ടെത്തുന്ന ഹൈ റിസ്ക് പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിലും സംയോജിത കൊതുക് നിയന്ത്രണം (ഐ.വി.എം.) നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ആരോഗ്യ സന്നദ്ധ പ്രവർത്തകർ വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുകയും പൊതുജന പങ്കാളിത്തത്തോടെ കൊതുകുറവിട നശീകരണം നടപ്പിലാക്കുകയും ചെയ്യുന്നു. കൂടാതെ രോഗവാഹികളായ കൊതുകുകളെ നശിപ്പിക്കുന്നതിനായി മുറിക്കുള്ളിൽ കീടനാശിനി ബാഷ്പം തളിക്കൽ (ഐ.എസ്.എസ്.) വീടിന് വെളിയിൽ തെർമൽ ഫോഗിംഗ് തുടങ്ങിയവയും നടത്തുന്നു. കൊതുകിനെതിരെ വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ അവലംബിക്കുവാനുള്ള നിർദ്ദേശങ്ങളും നൽകി വരുന്നു. ഇതോടൊപ്പം രോഗബാധിതർക്ക് ചികിത്സാ മാർഗ്ഗരേഖയ്ക്കനുസൃതമായ ശരിയായ സഹായ ചികിത്സയും പരിചരണവും ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇതുവഴി രോഗം മറ്റുള്ളവരിലേയ്ക്ക് പകരുന്നത് തടയാൻ സാധിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഡെൻവ് 2 മാത്രമല്ല ഡെങ്കിപ്പനിയും യഥാസമയം നിയന്ത്രണവിധേയമാക്കുന്നതിന് സാധിക്കുന്നു. ആശുപത്രികളിലെ പനി വാർഡുകൾ കൊതുകുവല അടിച്ച് ഭദ്രമാക്കുകയോ രോഗികളെ കൊതുകുവലയ്ക്കുള്ളിൽ കിടത്തുകയോ ചെയ്യുന്നുണ്ട്.

## കോവിഡ് കാരണം മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നഷ്ടപരിഹാരം

176(3911) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൗരവ് കുമാർ ബൻസാൽ vs യൂണിയൻ ഓഫ് ഇന്ത്യ കേസ്സിൽ 2021 ജൂൺ 30-ന് പുറപ്പെടുവിച്ച സുപ്രീംകോടതി വിധി പ്രകാരം കോവിഡ് കാരണം മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നഷ്ടപരിഹാരം നൽകാൻ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നഷ്ടപരിഹാരം നൽകാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

(എ & ബി) കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നതിന് 25-9-2021-ലെ സ.ഉ.(കൈ)നമ്പർ 3/2021-ഡിഎംഡി പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. ധനസഹായ വിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപ്പന ചെയ്ത റിലീഫ് പോർട്ടൽ വഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പോർട്ടൽവഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതാണ്. പൊതുജനങ്ങൾക്ക് മരണ തീയതി അടിസ്ഥാനമാക്കി ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്ന കോവിഡ് മരണം, ഡെത്ത് ഇൻഫർമേഷൻ പോർട്ടൽ (URL:https//Covid-19 Kerala.gov.in/death info) വഴി കാണാൻ കഴിയും. കൂടാതെ അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ നൽകുന്ന കോവിഡ് ഡെത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് അടിസ്ഥാനമാക്കിയുള്ള മറ്റ് വിശദാംശങ്ങളും ഈ പോർട്ടലിൽ ലഭ്യമാണ്.

(സി) ഒരാൾ മരിച്ചാൽ അവരുടെ മരണകാരണം സത്യസന്ധവും കൃത്യമായും രേഖപ്പെടുത്തേണ്ടത് സംസ്ഥാന സർക്കാരിന്റെ കടമയാണെന്ന് വിധിയിൽ പ്രതിപാദിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിധിയുടെ പശ്ചാത്തലത്തിൽ ഔദ്യോഗിക പട്ടികയിൽ ഉൾപ്പെടുത്താൻ വിട്ടുപോയ മരണങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി&ഡി) കോവിഡ്-19 മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പ്രക്രിയ കേരളത്തിൽ ഐ.സി.എം.ആർ., ലോകാരോഗ്യ സംഘടന എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ചെയ്തു വന്നിരുന്നത്. 30-6-2021-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെയും സെപ്തംബർ 3-ലെ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കോവിഡ് മരണപ്പട്ടിക പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയത് അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ്-19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29-9-2021-ലെ സ.ഉ. (സാധാ)നമ്പർ 2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതുസംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. 2020 ജനുവരി 30 മുതൽ 2021 ജൂൺ 17 വരെയുള്ള കാലഘട്ടത്തിൽ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കോവിഡ് മരണപ്പട്ടികയിൽ ഏതെങ്കിലും രേഖകളുടെയും മറ്റും അഭാവത്താൽ ഉൾപ്പെടാതെ പോയ കോവിഡ് മരണങ്ങൾ പരിശോധിച്ച് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് G.O.(Rt)No. 2219/2021/H&FWD, dated 14-10-2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം 18-6-2021-നു

മുൻപ് ഉണ്ടായിട്ടുള്ള കോവിഡ് മരണങ്ങളിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കാത്ത മരണങ്ങൾ കണ്ടെത്തുവാനും അവ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ്**

177(3912) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഇ-ഓഫീസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും ആയത് എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ;

(ബി) ഇ-ഫയൽ നമ്പർ ഉപയോഗിച്ച് പൊതുജനങ്ങൾക്ക് കൂടി വിവരം ലഭ്യമാക്കുന്ന സംവിധാനം നടപ്പിലാക്കുമോ?

(എ&ബി) ഇ-ഓഫീസ് സംവിധാനം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ തപാൽ സെക്ഷനിലും എഫ്.ഡബ്ല്യു. വിംഗിലും ആദ്യഘട്ടം എന്ന നിലയിൽ ആരംഭിച്ചുകഴിഞ്ഞു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും അതിനുകീഴിലുള്ള സ്ഥാപനങ്ങളിലും ഘട്ടംഘട്ടമായി ഇ-ഓഫീസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത സംവിധാനം പൂർണ്ണതോതിൽ നടപ്പിൽവരുന്ന മുറയ്ക്ക് പൊതുജനങ്ങൾക്ക് ഈ സംവിധാനം ഉപയോഗിച്ച് ഫയലുകളുടെ സ്ഥിതികൾ പരിശോധിക്കാൻ കഴിയുന്നതാണ്.

**അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്കുള്ള സുരക്ഷാ ക്രമീകരണങ്ങൾ**

178(3913) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്ന സ്പെഷ്യാലിറ്റി ആശുപത്രികൾ ഏതൊക്കെയാണ്?

സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്ന സ്പെഷ്യാലിറ്റി ആശുപത്രികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ ശസ്ത്രക്രിയകൾ നടത്തുന്നതിനായി അവയവദാതാക്കൾക്കും സ്വീകർത്താവിനും എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലോക്സഭ 1994-ൽ പാസ്സാക്കിയ Transplantation of Human Organs Act-1994, 2014-ൽ പാസ്സാക്കിയ Transplantation of Human Organs and Tissues Rules എന്നിവ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്ത് അവയവദാന പ്രക്രിയകൾ നടക്കുന്നത്. ഇവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. Transplantation of Human Organs Act, 1994 പ്രകാരം രക്തബന്ധമുള്ളവർക്ക് അവയവം ദാനം ചെയ്യാവുന്നതാണ് [ഉദാ. കൊച്ചുമക്കൾ (18 വയസിനു മുകളിൽ), അച്ഛൻ, അമ്മ, സഹോദരങ്ങൾ, മകൾ, മുത്തച്ഛൻ, മുത്തശ്ശി]. ഇതുകൂടാതെ ഭാര്യാഭർത്താക്കൻമാർക്കും അവയവം ദാനം ചെയ്യാവുന്നതാണ്. രക്തബന്ധം ഇല്ലാത്തവർക്ക് (ലാഭേച്ഛ കൂടാതെ പരോപകാര തല്പരതയോടെ) ജില്ലാതല ആതറൈസേഷൻ കമ്മിറ്റിയുടെ അനുമതിയോടെ അവയവം ദാനം ചെയ്യാവുന്നതാണ്. ജീവിതശൈലി രോഗങ്ങൾ, പകരുന്ന രോഗങ്ങൾ, മറ്റ് മാരക രോഗങ്ങൾ എന്നിവ ഉള്ളവർക്ക് അവയവം ദാനം ചെയ്യാൻ സാദ്ധ്യമല്ല.

(സി) ഇത്തരം ശസ്ത്രക്രിയകൾക്ക് വിധേയരാകുന്നവർക്കും ദാതാക്കൾക്കും സർക്കാർ എന്തെങ്കിലും വിധത്തിലുള്ള ആനുകൂല്യങ്ങളോ സാമ്പത്തിക സഹായമോ നൽകി വരുന്നുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ഡി) അവയവദാതാക്കൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനുള്ള നിയമ തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

(സി&ഡി) കാരുണ്യ ബെനവലന്റ് ഫണ്ട് വഴി സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിച്ച സ്വകാര്യ ആശുപത്രികളിലും അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും അനുബന്ധ ചികിത്സയ്ക്കും 3 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി 5 ലക്ഷം രൂപ വരെ വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ലഭിക്കുന്നതാണ്. സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള സമാശ്വാസം പദ്ധതി പ്രകാരം വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ഒരു ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ള രോഗികൾക്ക്, പ്രതിമാസം 1600 രൂപ നിരക്കിൽ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് അഞ്ചുവർഷം വരെയാണ് ധനസഹായം നൽകുന്നത്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി ആറുമാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ട്. ദാതാവിന്റെ ചികിത്സയ്ക്കും ചെലവുകൾക്കുംവേണ്ടി കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ഒരു ലക്ഷം രൂപ വരെ നൽകി വരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മരുന്ന് സംഭരണശാലകൾ**

179(3914) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണശാലകൾ സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം അപ്രകാരം പ്രവർത്തിക്കുന്നുവെന്നും ആയതിന് പ്രതിവർഷം വാടകയിനത്തിൽ എത്ര തുക ചെലവ് വരുന്നുണ്ടെന്നും അറിയിക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് പത്ത് ജില്ലകളിലായി ആകെ 13 സംഭരണശാലകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് വാടകയിനത്തിൽ പ്രതിവർഷം 5,05,86,422.16 രൂപ നൽകിവരുന്നുണ്ട്.

(ബി) കോഴിക്കോട് ജില്ലാ മരുന്ന് സംഭരണശാലയ്ക്കുവേണ്ടി ചേവായൂർ ത്വക്ക് രോഗാശുപത്രി കോമ്പൗണ്ടിൽ സ്ഥലം ലഭ്യമാണോ; ആയത് നിർമ്മിക്കുന്നതിന് കെ.എം.എസ്.സി.എൽ.-ന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ വിനിയോഗിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

(ബി&സി) ചേവായൂർ സർക്കാർ ത്വക്ക് രോഗാശുപത്രിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിന്ന് കോമ്പസിറ്റ് റീജിയണൽ സെന്റർ ആരംഭിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിന് 3 ഏക്കർ ഭൂമിയും എൻ.എച്ച്.എം. ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് 30 സെന്റ് സ്ഥലവും കായിക യുവജനകാര്യ വകുപ്പിന് 5 ഏക്കർ സ്ഥലവും കോവിഡ് ഐസൊലേഷൻ വാർഡിനായി തെരഞ്ഞെടുത്ത സ്ഥലവും തെരുവ് നിവാസികളെ പാർപ്പിക്കുന്നതിന് നിലവിലുള്ള നാല് കെട്ടിടങ്ങളും ബന്ധപ്പെട്ട അധികാരികൾക്ക് വിട്ടുനൽകിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥലത്ത് ആശുപത്രിയുടെ തുടർവികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ കോഴിക്കോട് ജില്ലാ മരുന്ന് സംഭരണശാലയ്ക്കുവേണ്ടി നിലവിൽ ആശുപത്രി കോമ്പൗണ്ടിൽ സ്ഥലം ലഭ്യമല്ല. എന്നാൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി കായിക യുവജനകാര്യ വകുപ്പിന് കൈമാറി നൽകിയിരുന്ന അഞ്ച് ഏക്കർ ഭൂമി, ടി വകുപ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാത്തതിനാൽ ആരോഗ്യ വകുപ്പിന് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിൽനിന്നും 1.5 ഏക്കർ

സ്ഥലം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് സ്റ്റേറ്റ് ഓഫ് ആർട്ട് സയന്റിഫിക് വെയർഹൗസ് നിർമ്മിക്കുന്നതിനായി കൈമാറാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഭൂമി കൈമാറിയിട്ടില്ലാത്തതിനാൽ ഇതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് സർക്കാരിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ല.

## കാൻസർ രോഗികളുടെ വർദ്ധനവ്

180(3915) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കാൻസർ രോഗം പുതുതായി ബാധിച്ചവരുടെ എണ്ണം വർഷവും ജില്ലയും തിരിച്ച് ലഭ്യമാക്കാമോ?

തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പുതുതായി കാൻസർ രോഗം ബാധിച്ചവരുടെ ലഭ്യമായ വിവരം അനുബന്ധമായി ചേർക്കുന്നു*. മറ്റ് ജില്ലകളിലെ കണക്കുകൾ ലഭ്യമല്ല.

(ബി) കാൻസർ രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ് സംബന്ധിച്ച് സർക്കാരോ മറ്റേതെങ്കിലും ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനത്തിലെ കണ്ടെത്തലുകൾ വിശദമാക്കാമോ?

കാൻസർ രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവനുസരിച്ചുള്ള പഠനങ്ങൾ ആർ.സി.സി.-യും മറ്റ് ഏജൻസികളും നടത്തിയിട്ടുണ്ട്. ഇപ്പോഴത്തെ കണക്കനുസരിച്ച് തൈറോയ്ഡ് ക്യാൻസറും സ്തനാർബുദവും ശ്വാസകോശാർബുദവും ആമാശയത്തിലെ കാൻസറും വർദ്ധിച്ച് വരുന്നതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്. നിലവിലെ അറിവുകൾ പ്രകാരം പുകയില ശീലങ്ങൾ, മദ്യപാനം, ജീവിതശൈലിയിലെ മാറ്റങ്ങൾ, തെറ്റായ ഭക്ഷണരീതി, വ്യായാമമില്ലാത്ത അവസ്ഥ തുടങ്ങിയവ അർബുദ സാധ്യത വർദ്ധിപ്പിക്കുന്നു.

(സി) ഏതെങ്കിലും പ്രത്യേക കാൻസർ കൂടുതൽ കണ്ടുവരുന്നതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിന് കാരണമായി പഠനത്തിൽ ചൂണ്ടിക്കാണിക്കുന്നത് എന്തൊക്കെ വിഷയങ്ങളാണ്; ഇവ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

തൈറോയ്ഡ് കാൻസർ, സ്തനാർബുദം, ശ്വാസകോശാർബുദം, ആമാശയത്തിലെ കാൻസർ എന്നിവ വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ത്രീകളിൽ വർദ്ധിച്ചുവരുന്ന സ്തനാർബുദത്തിന് കാരണമാകുന്ന ഘടകങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ ധനസഹായത്തോടുകൂടി 2017 മുതൽ ആർ.സി.സി.-യിലെ വിവിധ വകുപ്പുകൾ സഹകരിച്ച് രോഗികളുടെ ജീവിത രീതി, പ്രത്യുൽപ്പാദന രീതി, ജനിതക കാരണങ്ങൾ എന്നിവയിൽ പഠനം നടത്തിവരുന്നുണ്ട്. സ്തനാർബുദ ബോധവൽക്കരണ മാസമായ ഒക്ടോബർ മാസത്തിൽ പരമാവധി ബോധവൽക്കരണ ക്ലാസ്സുകളും പരിശോധനാ പദ്ധതികളും ആർ.സി.സി. സംഘടിപ്പിക്കുന്നുണ്ട്. കരുനാഗപ്പള്ളി മേഖലയിൽ ആർ.സി.സി.-യുടെ മേൽനോട്ടത്തിൽ തൈറോയ്ഡ് കാൻസറിനെപ്പറ്റിയുള്ള ശാസ്ത്രീയ പഠനം നടന്നുവരുന്നുണ്ട്. സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആർ.സി.സി.-യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം ആർ.സി.സി.-യുടെ ഭാഗമായ ഏർളി കാൻസർ ഡിറ്റക്ഷൻ സെന്റർ മുഖേന കാൻസർ പരിശോധനാ ക്ലിനിക്കുകളും ബോധവൽക്കരണ പരിപാടികളും കഴിഞ്ഞ കുറേ വർഷങ്ങളായി നടത്തിവരുന്നുണ്ട്.

## കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനം

181(3916) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് പുതിയതായി ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മാസ്റ്റർ പ്ലാൻ - മാസ്റ്റർ പ്ലാനിന്റെ ഒന്നാംഘട്ടം കിഫ്ബി സഹായത്തോടുകൂടി നടത്തുന്നതിന് എസ്.പി.വി. ആയി M/s. HITES- നെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുകയും പ്രസ്തുത പ്രോജക്ടിന് 187,50,37,631 രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ പ്ലാൻ കിഫ്ബിയുടെ അന്തിമ അനുമതി ലഭിക്കുന്നതിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഐസൊലേഷൻ ബ്ലോക്ക്-കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഐസൊലേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിന് ഇതിന്റെ നിർവ്വഹണ ഏജൻസിയായി M/s. HITES-നെ ചുമതലപ്പെടുത്തുകയും M/s. HITES പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പെറ്റ് സി.ടി.-കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ഐ.എം.സി.എച്ച്.-ലെ എച്ച്.ഡി.എസ്-നുകീഴിൽ 10 കോടി രൂപ ചിലവിൽ പെറ്റ് സി.ടി. വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അനുപ്രകാരം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് M/s. സിമെൻസ് എന്ന സ്ഥാപനത്തിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.

ടേർഷ്യറി (ത്രിതീയ) ക്യാൻസർ കെയർ സെന്റർ - കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ത്രിതീയ കാൻസർ കെയർ സെന്ററിൽ പുതുതായി ഒരു നില നിർമ്മിക്കുന്നതിന് 2021-22 സാമ്പത്തിക വർഷം 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പുതിയ ഹോസ്റ്റൽ - കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 4210-03-105-92 എന്ന ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**മെഡിക്കൽ കോളേജുകളിലെ എച്ച്.ഡി.സി.-കളുടെ ഘടന**

182(3917) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി (എച്ച്.ഡി.സി.)കൾ നിലവിലുണ്ടോ; പ്രസ്തുത കമ്മിറ്റികളുടെ ഘടന വിശദമാക്കാമോ;

(ബി) എല്ലാ മെഡിക്കൽ കോളേജുകളിലെയും എച്ച്.ഡി.സി.-കളുടെ ഘടന ഒരുപോലെയാണോ; എച്ച്.ഡി.സി.-കളിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് നിയതമായ മാനദണ്ഡങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

(എ&ബി) കാസർഗോഡ് മെഡിക്കൽ കോളേജ് ഒഴികെ സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ആശുപത്രി വികസന സൊസൈറ്റികൾ നിലവിലുണ്ട്. 5-11-2001-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 277/01/ ആ.കു.വ., 13-11-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 162/2017/ആ.കു.വ. എന്നീ ഉത്തരവുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം മെഡിക്കൽ കോളേജ് ആശുപത്രി സ്ഥിതി ചെയ്യുന്ന ജില്ലയിലെ കളക്ടർ ചെയർമാനും മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ വൈസ് ചെയർമാനും സൂപ്രണ്ട് സെക്രട്ടറി/കൺവീനറും ലേ സെക്രട്ടറി ട്രഷററും മറ്റ് ഒഫിഷ്യൽ-നോൺ ഒഫീഷ്യൽ അംഗങ്ങളും ചേരുന്നതാണ് സൊസൈറ്റിയുടെ ഘടന. ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയുടെ ആവശ്യകതയനുസരിച്ചും ഇത്തരം സൊസൈറ്റിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് പ്രത്യേകം ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്.

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സ്കാനിംഗ് മെഷീനുകളുടെ അപര്യാപ്തത

183(3918) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ നിർദ്ധനരായ സാധാരണ രോഗികൾ ആശ്രയിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്കാനിംഗിനായി 50 ദിവസത്തോളം കാത്തിരിക്കേണ്ടിവരുന്ന പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജ് റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ അൾട്രാസൗണ്ട്, സി.ടി, എം.ആർ.ഐ. എന്നിങ്ങനെ പലതരം സ്കാനിംഗുകൾ ചെയ്യുന്നുണ്ട്. അത്യാഹിത വിഭാഗത്തിലെ രണ്ട് സി.ടി. സ്കാനറും ഒരു അൾട്രാസൗണ്ട് സ്കാനറും 24 മണിക്കൂറും പ്രവർത്തനനിരതമാണ്. ഈ യൂണിറ്റുകളിൽ കാലതാമസമില്ലാതെ അപ്പപ്പോൾ തന്നെ എല്ലാ അടിയന്തര സ്കാനിംഗുകളും നടത്തിവരുന്നു. ഓരോ ദിവസവും 120-150 വരെ സി.ടി. സ്കാനിംഗും 70-90 വരെ അൾട്രാസൗണ്ട് സ്കാനിംഗും നടക്കുന്നുണ്ട്. കോവിഡ് മഹാമാരി തുടങ്ങിയതിനുശേഷം കോവിഡ് രോഗികളുടെ സ്കാനിംഗും അത്യാഹിത വിഭാഗത്തിലെ യൂണിറ്റിൽ തന്നെയാണ് നടത്തുന്നത്. അതിനുശേഷം മെഷീൻ അണുവിമുക്തമാക്കുന്നതിനായി ഒരു മണിക്കൂർ വീതം അടച്ചിടുന്നതു കൊണ്ട് ആ സമയത്തെ എമർജൻസി രോഗികളെ മൂന്നാമത്തെ സി.ടി. സ്കാനിംഗിലേക്ക് വിന്യസിക്കാറുണ്ട്. വാർഡിൽ കിടക്കുന്ന രോഗികൾക്കും ഒ.പി.-യിൽ നിന്നും വരുന്ന രോഗികൾക്കും പിന്നീട് സ്കാൻ ചെയ്യാനായി തീയതി കൊടുക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. ഈ രോഗികൾക്ക് സി.ടി. സ്കാൻ ചെയ്യാനായി ബ്ലഡ് ബാങ്ക് കെട്ടിടത്തിലുള്ള മൾട്ടി ഡിക്റ്റർ സി.ടി. സ്കാനറും അൾട്രാസൗണ്ട് സ്കാനിംഗ് ചെയ്യുന്നതിനായി KHRWS- ലെ 127-ാം നമ്പർ മുറിയിലെ സ്കാനറും ഉപയോഗിച്ചുവരുന്നു.

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ എത്ര സ്കാനിംഗ് മെഷീനുകളുണ്ട്; സ്കാനിംഗ് നിർദ്ദേശിക്കപ്പെടുന്ന രോഗികളുടെ എണ്ണവും പ്രതിദിന സ്കാനിംഗുകളുടെ എണ്ണവും തമ്മിലുള്ള അന്തരമെത്രയെന്ന് കണക്കാക്കുന്ന ഹോസ്പിറ്റൽ ഇൻഫർമേഷൻ സിസ്റ്റം സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 8 അൾട്രാസൗണ്ട് സ്കാനറുകളും 3 സി.ടി. സ്കാനറുകളും ഒരു എം.ആർ.ഐ. സ്കാനറും നിലവിലുണ്ട്. ഹോസ്പിറ്റൽ ഇൻഫർമേഷൻ സിസ്റ്റം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. ഇ-ഹെൽത്ത് നടപ്പിലാക്കുന്നത് പ്രാരംഭ ദിശയിലാണ്.

(സി) കമ്പനി, ബാങ്കുകളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്, സന്നദ്ധ സംഘടനാ ഫണ്ട് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഫണ്ട് കണ്ടെത്തി മെഷീനുകളുടെ എണ്ണവും സ്കാനിംഗുകളുടെ എണ്ണവും വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കമ്പനി, ബാങ്കുകളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്, സന്നദ്ധ സംഘടനാ ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് മെഷീനുകൾ വാങ്ങുന്നതിനായുള്ള ശിപാർശകളൊന്നും തന്നെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് മെഡിക്കൽ കോളേജിലെ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

184(3919) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

കോഴിക്കോട് മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കേന്ദ്ര-സംസ്ഥാന വിഹിതം 6.85 കോടി രൂപയാണ്. പ്രവൃത്തി ആരംഭിക്കുന്നതിനായി പ്രസ്തുത തുകയുടെ 20 ശതമാനം സർക്കാർ അനുമതി പ്രകാരം നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.

(ബി) നിലവിൽ ഇവിടെ എത്ര പാരാമെഡിക്കൽ കോഴ്സുകളാണ് നടത്തുന്നതെന്നും അതിനുവേണ്ടി എത്ര സ്ഥിര/താൽക്കാലിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

5 പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളും 9 പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളുമാണ് ഈ കോളേജിൽ നടത്തുന്നത്. MLT കോഴ്സുകളുമായി ബന്ധപ്പെട്ട് ഒരു അദ്ധ്യാപക തസ്തിക നിലവിലുണ്ട്.

(സി) നിലവിൽ പാരാമെഡിക്കൽ വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ എപ്രകാരം നടന്നുവരുന്നുവെന്നത് വ്യക്തമാക്കുമോ; വിദ്യാർത്ഥികളിൽ നിന്നോ അവരുടെ സംഘടനകളിൽ നിന്നോ അദ്ധ്യാപകരുടെ അപര്യാപ്തത സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പാരാമെഡിക്കൽ അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതുവരെ മെഡിക്കൽ കോളേജിലെ ഇതര പാരാമെഡിക്കൽ വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവരും ആവശ്യമായ യോഗ്യതയും അദ്ധ്യാപന പരിചയവുമുള്ളവരുമായ ജീവനക്കാരെ ഉൾപ്പെടുത്തി പാരാമെഡിക്കൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതടക്കമുള്ള സാധ്യതകളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

(സി&ഡി) നിലവിലുള്ള പാരാമെഡിക്കൽ അദ്ധ്യാപകനുപുറമെ മെഡിക്കൽ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന അദ്ധ്യാപകരുമാണ് പാരാമെഡിക്കൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ആരോഗ്യ സർവ്വകലാശാല മാനദണ്ഡങ്ങളനുസരിച്ചുള്ള സ്ഥിരം അദ്ധ്യാപകരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട പരാതി വിദ്യാർത്ഥികളിൽനിന്നും ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## പാലപ്പെട്ടി ഫാമിലി ഹെൽത്ത് സെന്ററിൽ ആവശ്യമായ സ്റ്റാഫ്

185(3920) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി മണ്ഡലത്തിലെ പാലപ്പെട്ടി ഫാമിലി ഹെൽത്ത് സെന്ററിൽ ആവശ്യമായ ഡോക്ടർമാരും മറ്റ് സ്റ്റാഫുമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

സ്റ്റാഫ് നേഴ്സ് ഗ്രേഡ് - II നിലവിലുള്ള ഒഴിവിലേക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിൽ വാഹനമില്ലാത്തതിനാൽ ഡ്രൈവർ ഗ്രേഡ്-II -1 ഒഴിവിലേയ്ക്ക് നിയമനം നടന്നിട്ടില്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II -1, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II -1 ഒഴിവുകൾ നിലവിലുണ്ട്. ഇവയിൽ അഡ്ഹോക് വ്യവസ്ഥയിൽ ഒരാളെ നിയമിച്ചിട്ടുണ്ട്. പാർട്ട് ടൈം സ്വീപ്പർ പ്രൊമോഷൻ വഴി ടി ഒഴിവ് സ്ഥിരമായി നികത്തുന്നതാണ്. അസിസ്റ്റന്റ് സർജൻ ഒരൊഴിവുണ്ട്. ടി തസ്തികയിൽ അഡ്ഹോക് വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്. സ്ഥിരം നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഡോ. സലീല പി.പി.-യുടെ ശൂന്യ വേതനാവധി ക്രമപ്പെടുത്തൽ

186(3921) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഊർങ്ങാട്ടിരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മെഡിക്കൽ ഓഫീസറായി ജോലി ചെയ്യുന്ന ഡോക്ടർ സലീല പി.പി.-യുടെ 11-8-2015 മുതൽ

13-1-2019 വരെയുള്ള ശൂന്യവേതനാവധി ക്രമപ്പെടുത്തി നൽകുവാനായി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയ 11-12-2019-ലെ എ 1/25540/2019 നമ്പർ കത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണുള്ളതെന്നും അടിയന്തര നടപടി സ്വീകരിക്കുമോയെന്നും നടപ്പ് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ?

(എ&ബി) ഇക്കാര്യം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇ.ബി4-75737/2021/ആ.വ.ഡ. നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നുണ്ട്. അച്ചടക്ക നടപടിക്ക് വിധേയമായാണ് ടിയാളെ സേവനത്തിൽ പ്രവേശിപ്പിച്ചിട്ടുള്ളത്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ശൂന്യവേതനാവധി ക്രമപ്പെടുത്തി നൽകുന്നത് പരിഗണിക്കുന്നതാണ്.

## ആലപ്പുഴ ജില്ലയിലെ ജൂനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർക്ക് പ്രൊമോഷൻ നല്കാൻ നടപടി

187(3922) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയ കെ. കെ. സ്വാമിനിക്ക് പ്രൊമോഷൻ നൽകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിൽ ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ ശ്രീമതി കെ. കെ. സ്വാമിനിയെന്ന പേരിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല. എന്നാൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II തസ്തികയിൽ ശ്രീമതി കെ. കെ. സ്വാമിനിയെന്ന പേരിൽ ഒരാൾ ജോലി ചെയ്യുന്നുണ്ട്. 26-12-1997-ൽ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ടിയാൾ 5-2-2002-ൽ അന്തർ ജില്ലാ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അനുസരിച്ച് ആലപ്പുഴ ജില്ലയിലേക്ക് സ്ഥലംമാറ്റം നേടുകയും ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ ജൂനിയറാകുകയും ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 2424 ആയി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28-6-2017-ലെ എഫ്.ഡബ്ല്യു.എ 4/19888/2014/ആ.വ.ഡ. ഉത്തരവ് പ്രകാരം ക്രമ നമ്പർ 1824 മുതൽ 2517 വരെയുള്ള ജീവനക്കാർക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുകയും

എന്നാൽ പ്രൊമോഷൻ നടപടികളുടെ ഭാഗമായി വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നപ്പോൾ ആയത് സമർപ്പിക്കാതിരുന്ന ജീവനക്കാരെ പ്രൊമോഷനിൽ നിന്നും ഒഴിവാക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടവരിൽ ശ്രീമതി സ്വാമിനി. കെ. കെ.-യും ഉൾപ്പെട്ടിരുന്നു. ഒഴിവാക്കപ്പെട്ടവർക്ക് അപ്പീൽ സമർപ്പിക്കുന്നതിനായി 15 ദിവസം സമയം അനുവദിച്ചിരുന്നു. എന്നാൽ ടിയാൾ യഥാസമയം അപ്പീൽ സമർപ്പിച്ചിരുന്നില്ല.

(ബി) ഇവരുടെ നിലവിലെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

4-10-2021-ൽ ശ്രീമതി സ്വാമിനി നൽകിയ അപേക്ഷയിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 2021 നവംബറിൽ റിട്ടയർ ചെയ്യുന്ന ഇവർക്ക് ലഭിക്കേണ്ട എല്ലാ പ്രോമോഷനുകളും അടിയന്തരമായി നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് പ്രൊമോഷൻ നൽകുന്നതിൽ ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) സ്ഥാനക്കയറ്റം നൽകുന്നതിനുമുൻപ് ജീവനക്കാരിക്കെതിരെ അച്ചടക്ക നടപടികൾ എന്തെങ്കിലും നിലവിലുണ്ടോയെന്ന വിവരം ലഭ്യമാക്കുന്നതിനായി ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കായംകുളം താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി

188(3923) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം ഗവൺമെന്റ് ഹോസ്പിറ്റലിനെ താലൂക്കാശുപത്രിയായി ഉയർത്തി ഏറെ നാളായിട്ടും സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കായംകുളം താലൂക്കാശുപത്രിയെ 6-11-2008-ലെ സ.ഉ. (കൈ) നമ്പർ 568/2008/ആ.കു.വ. പ്രകാരം താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുണ്ട്. 23-9-2017-ലെ സ.ഉ. (കൈ) നമ്പർ 136/2017/ആ.കു.വ. ആർദ്രം പദ്ധതി പ്രകാരം ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)-1, ജൂനിയർ കൺസൾട്ടന്റ് (ജനറൽ

സർജറി)-1, പി.എസ്.കെ-1, മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 28-6-2017-ലെ സ.ഉ. (കൈ) നമ്പർ 101/2017/ ആ.കു.വ. പ്രകാരം കായംകുളം താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് നേഴ്സ് -2 , ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 7-10-2016-ലെ സ.ഉ. (കൈ) നമ്പർ 192/2016/ആ.കു.വ പ്രകാരം ലാബ് ടെക്നീഷ്യന്റെ 2 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 22-9-2021-ലെ സ.ഉ. (കൈ) നമ്പർ 168/2021/ആ.കു.വ. പ്രകാരം ക്ലാർക്ക്-1, സ്റ്റാഫ് നേഴ്സ് -1 എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

## ഒപ്റ്റോമെട്രിസ്റ്റ് ഒഴിവുകൾ

189(3924) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒപ്റ്റോമെട്രിസ്റ്റ് വിഭാഗത്തിൽ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും അതിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അറിയിക്കുമോ; ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നത് വ്യക്തമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒപ്റ്റോമെട്രിസ്റ്റ്/ഒഫ്താൽമിക് അസിസ്റ്റന്റ്/ റിഫ്രാക്ഷനിസ്റ്റ്/ഓർത്തോപ്റ്റിസ്റ്റ് എന്നീ വിഭാഗങ്ങളിലായി 37 തസ്തികകളാണ് നിലവിലുള്ളത്. ഒഫ്താൽമിക് അസിസ്റ്റന്റ്/ റിഫ്രാക്ഷനിസ്റ്റ്/ഓർത്തോപ്റ്റിസ്റ്റ് എന്നീ വിഭാഗങ്ങളിലായി നിലവിലുള്ള 9 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ?

റാങ്ക് ലിസ്റ്റ് നിലവിലില്ല.

(സി) ഇല്ലെങ്കിൽ ഇപ്പോൾ റാങ്ക് ലിസ്റ്റ് നിലവിലുള്ള ആരോഗ്യ വകുപ്പിലെ ഒപ്റ്റോമെട്രിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒഫ്താൽമിക് അസിസ്റ്റന്റ്/ റിഫ്രാക്ഷനിസ്റ്റ്/ഓർത്തോപ്റ്റിസ്റ്റ് എന്നീ വിഭാഗങ്ങളിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നതിനാൽ ആരോഗ്യ വകുപ്പിലെ ഒപ്റ്റോമെട്രിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകാൻ സാധിക്കുന്നതല്ല.

## ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻ ഒഴിവുകൾ

190(3925) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; ഇതിൽ പുതിയതായി സൃഷ്ടിച്ചവ, സ്ഥാനക്കയറ്റം മൂലമുണ്ടായവ, വിരമിക്കൽ മൂലമുണ്ടായവ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ 6 ഒഴിവുകളാണുള്ളത്. പ്രസ്തുത ഒഴിവുകൾ ഉപരിപഠനത്തിനായി വിടുതൽ ചെയ്തത് വഴിയും സ്ഥലംമാറ്റം വഴിയും ഉണ്ടായിട്ടുള്ളതാണ്.

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചുവെന്ന് അറിയിക്കാമോ;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

(ബി&സി) ഇല്ല. പി.ജി. പഠനാവശ്യത്തിനായി ശൂന്യവേതനാവധി എടുക്കുകയും കോഴ്സ് പൂർത്തിയാക്കി തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്യുകയും ചെയ്ത ഡോക്ടർമാരെയാണ് പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമിക്കുന്നത്.

(ഡി) കോവിഡ് വ്യാപന സാധ്യതയും നിലവിലുള്ള ഡോക്ടർമാരുടെ ജോലിഭാരവും കണക്കിലെടുത്ത് ആരോഗ്യവകുപ്പിൽ പുതിയ അസിസ്റ്റന്റ് സർജൻ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പുതിയ തസ്തിക സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## സൂപ്പർ സ്പെഷ്യാലിറ്റി കേഡർ തസ്തികകൾ

191(3926) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലെ ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും സൂപ്പർ സ്പെഷ്യാലിറ്റി കേഡർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഓരോ ജില്ലയിലെയും ന്യൂറോ, കാർഡിയോ തസ്തികകളുടെ എണ്ണം ലഭ്യമാക്കുമോ?

ആരോഗ്യവകുപ്പിന് കീഴിലെ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ള ആശുപത്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ജനറൽ ആശുപത്രി, തിരുവനന്തപുരം കാർഡിയോളജി കൺസൾട്ടന്റ്-1, സീനിയർ കൺസൾട്ടന്റ്-1, നെഫ്രോളജി കൺസൾട്ടന്റ്-1, ന്യൂറോളജി കൺസൾട്ടന്റ്-1, യൂറോളജി കൺസൾട്ടന്റ്-1

2. ജനറൽ ആശുപത്രി എറണാകുളം, കാർഡിയോളജി കൺസൾട്ടന്റ്-2, നെഫ്രോളജി കൺസൾട്ടന്റ്-1, ന്യൂറോളജി കൺസൾട്ടന്റ്-1

3. ജനറൽ ആശുപത്രി, പാലക്കാട് കാർഡിയോളജി ചീഫ് കൺസൾട്ടന്റ്-1, കൺസൾട്ടന്റ്-1, നെഫ്രോളജി കൺസൾട്ടന്റ്-1, ന്യൂറോളജി കൺസൾട്ടന്റ്

4. ജനറൽ ആശുപത്രി പത്തനംതിട്ട, ന്യൂറോളജി കൺസൾട്ടന്റ്-1

5. ജില്ലാ ആശുപത്രി കൊല്ലം യൂറോളജി കൺസൾട്ടന്റ്-1,

6. ജനറൽ ആശുപത്രി തലശ്ശേരി, യൂറോളജി കൺസൾട്ടന്റ്-1.

(ബി) സൂപ്പർ സ്പെഷ്യാലിറ്റി കാറ്റഗറിയിലുള്ള ഡോക്ടർമാരുടെ നിയമന രീതിയും മറ്റ് കാര്യങ്ങളും വ്യക്തമാക്കുന്ന വിശേഷാൽ ചട്ടം തയ്യാറായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സ്പെഷ്യൽ റൂൾസ് ആരോഗ്യവകുപ്പ് സെക്രട്ടേറിയറ്റിൽ ലഭിച്ചിട്ടുണ്ടോ; സ്പെഷ്യൽ റൂൾസ് നിയമസഭാ കമ്മറ്റിയുടെ പരിശോധന പൂർത്തിയായി ചട്ടങ്ങൾ പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) സൂപ്പർ സ്പെഷ്യാലിറ്റി കേഡർ ഉൾപ്പെടുത്തിക്കൊണ്ട് ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**ഫാം.ഡി. കോഴ്സ് പൂർത്തീകരിച്ചവർക്കായി തസ്തിക**

192 (3927) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം.ഡി. കോഴ്സ് പൂർത്തീകരിച്ചവർക്കായി ആരോഗ്യ വകുപ്പ് ഏതെങ്കിലും തസ്തിക സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഇല്ല.

(ബി) ഏതൊക്കെ വിഭാഗങ്ങളിലാണ് പ്രസ്തുത തസ്തിക സൃഷ്ടിച്ചതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**വൈക്കം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ തസ്തികകൾ**

193(3928) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ വൈക്കത്ത് നിർമ്മാണം പൂർത്തീകരിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വേണ്ടിവരുന്ന തസ്തികകളുടെ നിർണ്ണയം പൂർത്തിയായോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം തസ്തികയിലേയ്ക്ക് നിയമനം നടത്തിയെന്നും വ്യക്തമാക്കുമോ?

(എ&ബി) വൈക്കത്ത് നിർമ്മാണം പൂർത്തീകരിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 22-9-2021-ലെ സ.ഉ.(കൈ) നമ്പർ 168/ 2021/ആ.കു.വ പ്രകാരം 5 സ്റ്റാഫ് നഴ്സ്, 2 ഫാർമസിസ്റ്റ്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആയതിൽ ഫാർമസിസ്റ്റ് തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. ടി തസ്തിക സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി നീക്കിവച്ചിരിക്കുന്നു. 5 സ്റ്റാഫ് നഴ്സ് തസ്തികയിൽ 3 എണ്ണം നിയമനം നടത്തി ബാക്കി 2 ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി (എസ്.സി./എസ്.റ്റി.-1, എസ്.റ്റി-1) മാറ്റിവച്ചിരിക്കുന്നു. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പി.എസ്.സി. അഡ്വൈസ് ലഭിച്ചിട്ടില്ല.

**ആരോഗ്യവകുപ്പിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്- II തസ്തിക**

194(3929) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്- II തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നതിന്റെ കണക്കുകൾ ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ ഇതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി)

| ക്രമ നമ്പർ | ജില്ല | ഒഴിവുകൾ |
|---|---|---|
| 1 | കോട്ടയം | 1 |
| 2 | ഇടുക്കി | 1 |
| 3 | തൃശ്ശൂർ | 1 |
| 4 | പാലക്കാട് | 4 |
| 5 | മലപ്പുറം | 5 |
| 6 | കണ്ണൂർ | 1 |

എന്നീ ജില്ലകളിലെ ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. തിരുവനന്തപുരം ജില്ലയിലെ 2 ഒഴിവിൽ സ്റ്റേ വാങ്ങി തുടരുന്നതുവരെ നിലനിർത്തിയിരിക്കുന്നു.

(സി) ആർദ്രം പദ്ധതിയിലൂടെ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതുവഴി എത്ര ലാബ് ടെക്നീഷ്യൻ തസ്തികകൾ അധികമായി അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടം സ.ഉ.(കൈ)നമ്പർ 75/2017/ആ.കു.വ. തീയതി 12-5-2017 പ്രകാരം 170 തസ്തികകൾ സൃഷ്ടിച്ചു. രണ്ടാംഘട്ടം സ.ഉ.(കൈ) നമ്പർ 98/2019/ആ.കു.വ. തീയതി 5-7-2019 പ്രകാരം 200 ലാബ് ടെക്നിഷ്യൻ ഗ്രേഡ് 2 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ഇപ്രകാരം അനുവദിച്ച തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതുവഴി പുതുതായി അനുവദിച്ച ലാബ് ടെക്നിഷ്യൻ ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ ചുവടെ ചേർക്കും പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ.നമ്പർ | ജില്ല | പുതുതായി നിലവിൽ വന്ന തസ്തിക | ഒഴിവുകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 24 | 21 |
| 2 | കൊല്ലം | 24 | 24 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | പത്തനംതിട്ട | 17 | 17 |
| 4 | ആലപ്പുഴ | 31 | 31 |
| 5 | കോട്ടയം | 21 | 21 |
| 6 | ഇടുക്കി | 15 | 15 |
| 7 | എറണാകുളം | 34 | 33 |
| 8 | തൃശ്ശൂർ | 40 | 40 |
| 9 | പാലക്കാട് | 31 | 31 |
| 10 | മലപ്പുറം | 33 | 33 |
| 11 | കോഴിക്കോട് | 28 | 28 |
| 12 | വയനാട് | 12 | 12 |
| 13 | കണ്ണൂർ | 41 | 41 |
| 14 | കാസർഗോഡ് | 19 | 19 |

തിരുവനന്തപുരം ജില്ലയിലെ ഒരു ഒഴിവിൽ ശ്രീ. അനീഷ്. എ എന്നയാൾക്ക് പാലക്കാട് ജില്ലയിൽനിന്നും അന്തർ ജില്ലാ സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. മറ്റ് 2 ഒഴിവുകളിൽ സ്റ്റേ വാങ്ങി തുടരുന്നവരെ നിലനിർത്തിയിരിക്കുന്നു. എറണാകുളം ജില്ലയിലെ ഒരൊഴിവിൽ ശ്രീമതി മഞ്ജു എന്ന വ്യക്തിക്ക് 2019 കാലയളവിൽ അന്തർജില്ലാ സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

**മാവേലിക്കര ജില്ലാശുപത്രിയിൽ നെഫ്രോളജിസ്റ്റ് തസ്തിക**

195(3930) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) നെഫ്രോളജിസ്റ്റിനെ നിയമിച്ചാൽ നിലവിലുള്ളതിന്റെ ഇരട്ടിയിലധികം ആളുകൾക്ക് ഡയാലിസിസ് നല്കാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഫിസിഷ്യൻ, ജൂനിയർ ഡോക്ടർ, സ്റ്റാഫ് നഴ്സ് കൂടാതെ ഡയാലിസിസ് ടെക്നീഷ്യൻ, ഡയാലിസിസ് മെഷീനുകൾ, കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ, കൂടുതൽ സ്റ്റാഫുകൾ എന്നിവയെല്ലാം കൂടിയാലെ നിലവിലുള്ളതിന്റെ ഇരട്ടിയിലധികം ആളുകൾക്ക് ഡയാലിസിസ് നൽകാൻ സാധിക്കുകയുള്ളൂ.

**നഴ്സിംഗ് സൂപ്രണ്ടുമാരുടെ ഒഴിവുകൾ**

196(3931) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ വിവിധ ആരോഗ്യ കേന്ദ്രങ്ങളിലായി നഴ്സിംഗ് സൂപ്രണ്ടുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ജില്ലതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ആരോഗ്യ വകുപ്പിൽ നിലവിൽ 20 ഒഴിവുകളാണുള്ളത്. തിരുവനന്തപുരം 13, പത്തനംതിട്ട 1, ആലപ്പുഴ 4, തൃശ്ശൂർ 1, കാസർഗോഡ് 1, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-2-ന്റെ 12 ഒഴിവുകളാണുള്ളത്. തിരുവനന്തപുരം 1, ആലപ്പുഴ 4, കോട്ടയം 3, കോന്നി 1, കൊല്ലം 1, എറണാകുളം 1, കാസർഗോഡ് 1.

(ബി) പ്രസ്തുത തസ്തികകളിലേയ്ക്ക് ഉടൻ നിയമനം ഉണ്ടാകുമോ; നിയമന നടപടികളുടെ തൽസ്ഥിതി ലഭ്യമാക്കാമോ?

പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റം നൽകി നഴ്സിംഗ് സൂപ്രണ്ടുമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ പുരോഗതി അറിയിക്കാമോ;

(ഡി) കോവിഡ് പശ്ചാത്തലത്തിൽ നഴ്സിംഗ് സൂപ്രണ്ടുമാരുടെ ഒഴിവുകൾ നികത്തി ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(സി&ഡി) ആരോഗ്യ വകുപ്പിൽ നഴ്സിംഗ് സൂപ്രണ്ടുമാരുടെ ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിനായി സെലക്ട് ലിസ്റ്റ് നിലവിലില്ല. നിലവിലുള്ള ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ടുമാർ ടി തസ്തികയിൽ പരിവീക്ഷണകാലം പൂർത്തിയാക്കിയിട്ടില്ല. പൂർത്തിയാകുന്ന മുറയ്ക്ക് നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (DPC) കൂടി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റം നൽകി നഴ്സിംഗ് സൂപ്രണ്ടുമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആർ.സി.സി. ജീവനക്കാർക്കുള്ള പെൻഷൻ സ്കീം**

197(3932) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.-യിൽ പെൻഷൻ സ്കീം നടപ്പിലാക്കിയതെന്ന് മുതലാണെന്നും എത്ര ജീവനക്കാരാണ് പെൻഷൻ സ്കീമിൽ അംഗങ്ങളായി ചേർന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

സ.ഉ.(കൈ) നമ്പർ 411/2013/ആ.കു.വ. തീയതി 9-10-2013 എന്ന സർക്കാർ ഉത്തരവ് പ്രകാരം 5-9-2014 മുതലാണ് ആർ.സി.സി.-യിൽ പെൻഷൻ സ്കീം നടപ്പിലാക്കിയത്. സ്കീമിൽ നിലവിൽ 553 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(ബി) മുഴുവൻ ജീവനക്കാരും അംഗമായി ചേരണമെന്ന നിയമം നിലവിലുണ്ടോ; എങ്കിൽ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഇല്ല.

(സി) നിലവിൽ എത്രപേരാണ് പെൻഷൻ സ്കീമിൽ അംഗങ്ങളാകാത്തതെന്ന് അറിയിക്കാമോ?

ആർ.സി.സി.-യുടെ പെൻഷൻ സ്കീമിന് അർഹതയുള്ള 376 റെഗുലർ ജീവനക്കാർ നിലവിൽ ആർ.സി.സി. എംപ്ലോയീസ് പെൻഷൻ സ്കീമിൽ അംഗങ്ങളായിട്ടില്ല.

(ഡി) പെൻഷൻ സ്കീമിൽ അംഗമായിട്ടുള്ളവർക്ക് പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ആർ.സി.സി. എംപ്ലോയീസ് പെൻഷൻ സ്കീം റൂൾസ് അനുസരിച്ച് അർഹതപ്പെട്ട സേവന കാലയളവ്, അവസാനം കൈപ്പറ്റിയ അടിസ്ഥാന ശമ്പളം, പെൻഷൻ സ്കീമിലേയ്ക്ക് വിഹിതമായി അടച്ച തുക എന്നിവ അടിസ്ഥാനമാക്കിയാണ് പെൻഷൻ കണക്കാക്കുന്നത്.

**ആദ്യമായി റിപ്പോർട്ട് ചെയ്ത നിപ്പ ബാധിച്ച് മരണപ്പെട്ടവർ**

198(3933) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദ്യമായി റിപ്പോർട്ട് ചെയ്ത നിപ്പ ബാധിച്ച് എത്ര പേരാണ് മരണപ്പെട്ടതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 2018 മേയ് 13-ന് ആദ്യമായി നിപ്പരോഗബാധ കോഴിക്കോട് ജില്ലയിൽ സ്ഥിരീകരിച്ചു. 2018 മേയ് മാസം കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ആകെ 18 പേർക്ക് നിപ്പ രോഗബാധയുണ്ടാകുകയും അതിൽ 16 പേർ മരണമടയുകയും ചെയ്തു.

(ബി) നിപ്പബാധ ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ട കാലയളവിൽ പ്രസ്തുത രോഗം ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള ധനസഹായം ലഭ്യമാക്കിയിരുന്നോ; എങ്കിൽ എത്ര രൂപ വീതമാണ് നൽകിയിരുന്നതെന്ന് വിശദമാക്കാമോ?

നിപ്പ ബാധിച്ച് മരണമടഞ്ഞ 16 പേരുടെയും ഇൻഡക്സ് കേസായ സാബിത്ത് എന്നയാളുടെയും കുടുംബങ്ങൾക്ക് അഞ്ചുലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിരുന്നു. രോഗികളെ പരിചരിക്കുന്നതിനിടയിൽ രോഗബാധിതയായി മരണപ്പെട്ട പേരാമ്പ്ര താലൂക്കാശുപത്രിയിലെ താത്ക്കാലിക നഴ്സായിരുന്ന ലിനിയുടെ കുട്ടികൾക്ക് 10,00,000 (പത്ത് ലക്ഷം രൂപ) വീതം ആകെ 20,00,000(ഇരുപത് ലക്ഷം രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിരുന്നു.

## അഴീക്കോട് മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

199(3934) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

അഴീക്കോട് മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 7 (ഏഴ്) സ്ഥാപനങ്ങളാണുള്ളത്. സ്ഥാപനങ്ങളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

1. വളപട്ടണം കുടുംബാരോഗ്യകേന്ദ്രം - വളപട്ടണം പഞ്ചായത്ത്

2. ചിറക്കൽ കുടുംബാരോഗ്യകേന്ദ്രം - ചിറക്കൽ പഞ്ചായത്ത്

3. നാറാത്ത് കുടുംബാരോഗ്യകേന്ദ്രം - നാറാത്ത് പഞ്ചായത്ത്

4. പള്ളിക്കുന്ന് കുടുംബാരോഗ്യകേന്ദ്രം-(പള്ളിക്കുന്ന് സോൺ)കണ്ണൂർ കോർപ്പറേഷൻ

5. പുഴാതി കുടുംബാരോഗ്യ കേന്ദ്രം- (പുഴാതി സോൺ) കണ്ണൂർ കോർപ്പറേഷൻ

6. പാപ്പിനിശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രം - പാപ്പിനിശ്ശേരി പഞ്ചായത്ത്

7.അഴീക്കോട് സാമൂഹികാരോഗ്യകേന്ദ്രം- അഴീക്കോട് പഞ്ചായത്ത്

പാപ്പിനിശ്ശേരി, അഴീക്കോട് സാമൂഹികാരോഗ്യകേന്ദ്രങ്ങളെ ആർദ്രം മിഷന്റെ ഭാഗമായി ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്.

## മാനന്തവാടിയിൽ ഹീമോഗ്ലോബിനോപതിക് റിസർച്ച് & കെയർ സെന്റർ

200(3935) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ബോയ്സ് ടൗണിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഹീമോഗ്ലോബിനോപതിക് റിസർച്ച് & കെയർ സെന്ററിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) വയനാട് ജില്ലയിൽ ഹീമോഗ്ലോബിനോപതിക് റിസർച്ച് & കെയർ സെന്റർ സ്ഥാപിക്കുന്നതിനുള്ള ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ദേശീയ ആരോഗ്യ ദൗത്യം, നിർമ്മാണ ചുമതല വാപ്കോസ് എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആദ്യം അനുവദിച്ച 5 ഏക്കർ സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അപര്യാപ്തമായതിനാൽ മറ്റൊരു സ്ഥലത്ത് 10 ഏക്കർ സ്ഥലം ജില്ലാ കളക്ടർ അനുവദിച്ച് ഉത്തരവായി. ടി സ്ഥലത്ത് ഹീമോഗ്ലോബിനോപതിക് റിസർച്ച് & കെയർ സെന്റർ സ്ഥാപിക്കുന്നതിനായി വാപ്കോസ് (WAPCOS) സമർപ്പിച്ച എക്യുപ്മെന്റ്സ്, എച്ച്.ആർ. ഉൾപ്പെടെയുള്ള 114.59 കോടി രൂപയുടെ ഡി.പി.ആർ. സർക്കാർ പരിശോധിച്ചുവരികയാണ്.

## അൽഷിമേഴ്സ് രോഗം കണ്ടെത്തലും ബോധവത്കരണവും

201(3936) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അൽഷിമേഴ്സ് (സ്മൃതിഭംഗം/സ്മൃതിനാശം) രോഗബാധിതരായവരുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

അൽഷിമേഴ്സ് രോഗബാധിതരുടെ ജില്ല തിരിച്ചുള്ള ലഭ്യമായ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) കേരളത്തിൽ കഴിഞ്ഞ പത്തുവർഷകാലത്ത് ഓരോ വർഷവും ഉള്ള ഇത്തരം രോഗികളുടെ എണ്ണം 20 വർഷം ഏജ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

10 വർഷക്കാലത്തെ ഏജ് ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ രോഗം ബാധിച്ചവരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിലെ സൈക്യാട്രിക് ഒ.പി.-കളിലും ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാം ക്ലിനിക്കുകളിലും ഇതിനുള്ള ചികിത്സ ലഭ്യമാണ്. അൽഷിമേഴ്സ് രോഗബാധിതർക്ക് ആവശ്യമായ മരുന്നുകളും DMHP ക്ലിനിക്കുകൾ വഴി (രോഗികളുടെ അടുത്തുള്ള പി.എച്ച്.സി. വഴി) ലഭ്യമാക്കുന്നുണ്ട്. അൽഷിമേഴ്സ് രോഗികൾക്ക് പാലിയേറ്റീവ് കെയർ വഴിയും ചികിത്സ നൽകിവരുന്നുണ്ട്. നിലവിൽ അൽഷിമേഴ്സ് പുനരധിവാസത്തിനുവേണ്ട സംവിധാനങ്ങൾ ലഭ്യമല്ല.

(ഡി) ഈ രോഗം നേരത്തെ കണ്ടെത്തുന്നതിനും രോഗത്തെക്കുറിച്ചും ചികിത്സ, പുനരധിവാസ പ്രക്രിയകൾ മുതലായവയെപ്പറ്റിയും ബോധവൽക്കരിക്കുന്നതിനും ആയതിലേയ്ക്ക് സാമൂഹിക ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പാലിയേറ്റീവ് കെയർ പരിശീലന പരിപാടികളിൽ മറവിരോഗ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള പരിശീലനം നൽകിവരുന്നു. എല്ലാ വർഷവും സെപ്റ്റംബർ 21 അൽഷിമേഴ്സ് ഡേ ആയി ആചരിച്ചുവരുന്നുണ്ട്. ഇതിനോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. അതുപോലെ ആശാ വർക്കർമാരുടെ സഹായത്തോടെ സർവ്വേ നടത്തി ഇത്തരം കേസുകൾ നേരത്തെ കണ്ടെത്തി ചികിത്സ നൽകാനും ശ്രമിക്കുന്നുണ്ട്. കൂടാതെ അൽഷിമേഴ്സ് രോഗബാധിതരെ പരിചരിക്കുന്നതിനുള്ള ക്ലാസ്സുകളും ബൈസ്റ്റാൻഡേഴ്സിന് കൗൺസിലിംഗുകളും നൽകിവരുന്നുണ്ട്.

**കോവിഡ് ബാധിച്ച് മരണപ്പെട്ട ആരോഗ്യ പ്രവർത്തകർ**

202(3937) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ട ആരോഗ്യ പ്രവർത്തകരുടെ എണ്ണം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 2021 ഒക്ടോബർ 12-ാം തീയതി വരെ ആകെ 34 ആരോഗ്യ പ്രവർത്തകർ കോവിഡ് ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്.

## ഡെൽറ്റ ഫോർ വൈറസ് വ്യാപനം

203(3938) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൂന്നാം തരംഗത്തിന്റെ ആശങ്ക നിലനിൽക്കുന്ന കേരളത്തിൽ ഡെൽറ്റ ഫോർ വൈറസ് വ്യാപനം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

Delta AY 4.2 വൈറസിന്റെ സാന്നിദ്ധ്യം ഇതുവരെ (27-10-2021) കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. കേരളത്തിൽ ഡെൽറ്റ സ്ട്രെയിൻ ഉൾപ്പെടുന്ന ജനിതക വ്യതിയാനം സംഭവിച്ച കോവിഡ്-19 വകഭേദങ്ങളെ കണ്ടെത്തുന്നതിനും അവയുടെ പകർച്ച തടയുന്നതിനുമായി കൃത്യമായ സർവൈലൻസ് മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം കോവിഡ്-19 ആർ.റ്റി.പി.സി.ആർ. പോസിറ്റീവ് ആകുന്ന സി.റ്റി വാല്യൂ അധിഷ്ഠിതമായ തെരഞ്ഞെടുത്ത സാമ്പിളുകൾ ജില്ലകളിലെ ടെസ്റ്റിംഗ് ലാബുകളിൽ നിന്നും ജനിതകമാറ്റം സംഭവിച്ചിട്ടുണ്ടോയെന്ന് അറിയുന്നതിനുള്ള 'ഹോൾ ജീനോം' പരിശോധനകൾക്കായി റെഫറൽ ലാബുകളിലേയ്ക്ക് അയയ്ക്കുന്നു. ഇത്തരത്തിൽ ലാബുകളിലേയ്ക്ക് അയച്ച സാമ്പിളുകളിൽ വേരിയന്റ് ഓഫ് കൺസേൺ (VOC), വേരിയന്റ് ഓഫ് ഇന്ററസ്റ്റ് (VOI) തുടങ്ങിയ ഗണത്തിൽപ്പെട്ട ജനിതക വ്യതിയാനങ്ങൾ കണ്ടെത്തിയാൽ അതാത് ജില്ലകളെ അറിയിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. കൂടാതെ, ഡെൽറ്റ വൈറസ് വ്യാപനം തടയുന്നതിനായി ഇതുസംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവത്ക്കരണം നടത്തുകയും ഡബിൾ മാസ്ക് അഥവാ എൻ 95 മാസ്ക് മൂക്കും വായും ഒരുപോലെ മൂടുന്ന വിധത്തിൽ ധരിക്കുന്നതിനുള്ള അവബോധം നൽകുകയും ചെയ്തുവരുന്നു. ഫലപ്രദമായ വാക്സിനേഷനും എസ്.എം.എസ്. 'ബി ദ വാരിയർ' ക്യാമ്പയിനുകളും നടത്തിവരുന്നു. ആശുപത്രികളിൽ സന്ദർശകരുടെ എണ്ണം പരമാവധി കുറയ്ക്കുകയും ആശുപത്രി ഇൻഫർമേഷൻ കൺട്രോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആശുപത്രിയിലും പരിസരത്തും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. കൂടാതെ വാർഡുതല ജാഗ്രതാസമിതികൾ പ്രവർത്തിക്കുന്നുണ്ട്. Testing, tracking, treatment, vaccination എന്നീ പ്രവർത്തനങ്ങൾ ഏറ്റവും കൃത്യമായി നിർവ്വഹിക്കാൻ ആരോഗ്യവകുപ്പ് ശ്രദ്ധിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പോലീസ്, തദ്ദേശ വകുപ്പ് തുടങ്ങിയ എല്ലാ വകുപ്പുകളും പൊതുജനങ്ങൾ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നു എന്നുറപ്പാക്കുന്നുണ്ട്.

## മങ്കട മണ്ഡലത്തിലെ കോവിഡ് വാക്സിനേഷൻ

204(3939) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കോവിഡ് വാക്സിനേഷൻ എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്നതിന്റെ കണക്കുകൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലെ ആരോഗ്യവകുപ്പിന് കീഴിലെ 7 സ്ഥാപനങ്ങളിലായി നല്കിയ വാക്സിൻ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒരു ഡോസ് മാത്രം ലഭിച്ച എത്ര പേരുണ്ടെന്നും ഒരു ഡോസ് വാക്സിനേഷൻ പോലും ലഭിക്കാത്ത എത്ര പേരുണ്ടെന്നുമുള്ളതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത മണ്ഡലത്തിൽ സമ്പൂർണ്ണ വാക്സിനേഷനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലെയും പി.എച്ച്.സി.-കളിൽ കോവിഡ് വാക്സിനേഷൻ സെന്ററുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ പ്രത്യേകമായി, വാക്സിനേഷൻ കേന്ദ്രങ്ങൾക്ക് കീഴിൽ ക്യാമ്പയിൻ സംഘടിപ്പിച്ചു. കിടപ്പുരോഗികളെയും മറ്റും വീടുകളിൽ പോയി വാക്സിനേഷൻ നടത്തി. വാക്സിനേഷൻ ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ആളുകളെ ബോധവാന്മാരാക്കുന്നതിന് പി.എച്ച്.സി.-കളുടെ ആഭിമുഖ്യത്തിൽ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി.

## കോവിഡ് പ്രതിരോധിക്കുന്നതിന് ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ

205(3940) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂന്നാം തരംഗത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും ആരോഗ്യരംഗവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി നീക്കിവച്ച തുക വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് മൂന്നാം തരംഗത്തെ നേരിടുന്നതിനായി കിഫ്ബി ഫണ്ടും എം.എൽ.എ. ആസ്തി വികസന ഫണ്ടും സംയുക്തമായി ഉപയോഗിച്ച് സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലെ ഓരോ ആശുപത്രികളിലും പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് 26-7-2021-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1555/2021/ആകുവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഒരു ഐസൊലേഷൻ വാർഡിന് 1.79 കോടി രൂപയാണ് ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളത്. പ്രവൃത്തികൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കെ.എം.എസ്.സി.എൽ. പദ്ധതിക്കുള്ള Request For Proposal (RFP) 23-9-2021-ന് ക്ഷണിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ അനുവദിച്ചിട്ടുള്ള ഐസൊലേഷൻ വാർഡുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | അസംബ്ലി മണ്ഡലം | ആരോഗ്യ സ്ഥാപനത്തിന്റെപേര് |
|---|---|---|---|
| 1 | തിരുവനന്തപുരം | വർക്കല | എഫ്.എച്ച്.സി. ചെമ്മരുത്തി |
| 2 | തിരുവനന്തപുരം | ആറ്റിങ്ങൽ | സി.എച്ച്.സി. കേശവപുരം |
| 3 | തിരുവനന്തപുരം | ചിറയിൻകീഴ്- | എഫ്.എച്ച്.സി. മംഗലപുരം |
| 4 | തിരുവനന്തപുരം | നെടുമങ്ങാട് | എഫ്.എച്ച്.സി.കരകുളം |
| 5 | തിരുവനന്തപുരം | വാമനപുരം | സി.എച്ച്.സി. പാലോട് |
| 6 | തിരുവനന്തപുരം | കഴക്കൂട്ടം | സി.ഡി.എച്ച്. പുലയനാർകോട്ട |
| 7 | തിരുവനന്തപുരം | വട്ടിയൂർക്കാവ് | ഡി.എം.എച്ച്. പേരൂർക്കട |
| 8 | തിരുവനന്തപുരം | തിരുവനന്തപുരം | സി.എസ്.എച്ച്.വലിയതുറ |
| 9 | തിരുവനന്തപുരം | നേമം | സി.എച്ച്.സി. ഐരാണിമുട്ടം |
| 10 | തിരുവനന്തപുരം | അരുവിക്കര | സി.എച്ച്.സി. വെള്ളനാട് |
| 11 | തിരുവനന്തപുരം | പാറശാല | സി.എച്ച്.സി. പെരുങ്കടവിള |
| 12 | തിരുവനന്തപുരം | കാട്ടാക്കട | എഫ്.എച്ച്.സി. ആമച്ചൽ |
| 13 | തിരുവനന്തപുരം | കോവളം | സി.എച്ച്.സി. പൂവാർ |
| 14 | തിരുവനന്തപുരം | നെയ്യാറ്റിൻകര | സി.എച്ച്.സി. വെൺപകൽ |

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കാനാണ് നിലവിൽ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പെരുങ്കടവിള സാമൂഹികാരോഗ്യ കേന്ദ്രത്തിനുപകരം വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കണമെന്ന ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**കോവിഡ്- 19 മൂലം മരണമടഞ്ഞവരുടെ എണ്ണം സംബന്ധിച്ച്**

206(3941) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-9-2021-ലെ കണക്കുപ്രകാരം കോവിഡ്-19 മൂലം മരണമടഞ്ഞവരുടെ എണ്ണം എത്ര?

30-9-2021 വരെ 25087 പേർ കോവിഡ്-19 മൂലം മരണമടഞ്ഞിട്ടുള്ളതായി ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) കോവിഡ്-19 മൂലമുള്ള മരണം കണക്കാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിച്ചിരുന്ന മാനദണ്ഡം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിയുടെ തുടക്കം മുതൽ തന്നെ ലോകാരോഗ്യ സംഘടന, ഐ.സി.എം.ആർ. എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കേരളത്തിൽ കോവിഡ്-19 മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നത്. രോഗിയുടെ രോഗവിവരവും ചികിത്സയും മരണകാരണവും ഉൾപ്പെടുത്തിയുള്ള മെഡിക്കൽ ബുള്ളറ്റിൻ കോവിഡ്-19 രേഖപ്പെടുത്തിയിട്ടുള്ള പരിശോധനാഫലം എൽ.ഡി.എം.എസ്. പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരം (SRHD) ലഭ്യമാണോ തുടങ്ങിയവയും പരിശോധിച്ചാണ് മരണം റിപ്പോർട്ട് ചെയ്യുന്നത്. കോവിഡ് മരണങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനായി ഇ-ഹെൽത്ത് വഴി ഒരു death reporting and auditing portal വികസിപ്പിച്ചെടുക്കുകയുണ്ടായി. 2021 ജൂൺ 16 മുതൽ സംസ്ഥാനത്തെ എല്ലാ കോവിഡ് മരണങ്ങളും ഓൺലൈനായി ഈ പോർട്ടൽ വഴിയാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം പുതുക്കി നിശ്ചയിച്ച മാനദണ്ഡങ്ങളെന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് ഇതനുസരിച്ച് കോവിഡ് 19 മൂലമുള്ള മരണസംഖ്യ കണക്കാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(സി&ഡി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവ്വചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയും വിപുലീകരിക്കുകയും ചെയ്തു. (F.No.18018/11/2021/DM Cell/GOI, New Delhi, dated 3-9-2021). സാമ്പിൾ എടുത്തനാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിനാണ് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ്-19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29-9-2021-ലെ സ.ഉ.(സാധാ) നമ്പർ 2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ്-19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുന്നതിനും കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതുസംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്.

## കായംകുളം മണ്ഡലത്തിൽ കോവാക്സിൻ , കോവിഷീൽഡ് വാക്സിനുകൾ എടുത്തവരുടെ കണക്ക്

207(3942) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കായംകുളം നഗരസഭയുടെയും പത്തിയൂർ, കൃഷ്ണപുരം, ദേവികുളങ്ങര, കണ്ടല്ലൂർ, ഭരണിക്കാവ്, ചെട്ടികുളങ്ങര എന്ന

പഞ്ചായത്തുകളുടെയും പരിധിയിൽ 18 മുതൽ 44 വരെയും 45 മുതൽ 59 വരെയും 60-നു മുകളിലും പ്രായമുള്ളവർ എത്രയെന്നും ഇതിൽ കോവാക്സിൻ, കോവിഷീൽഡ് വാക്സിനുകൾ 1-ാം ഡോസ്, 2-ാം ഡോസ് എടുത്തവർ എത്രയെന്നുമുള്ള സെപ്തംബർ 20 വരെയുള്ള കണക്കുകൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കുട്ടികൾക്കുള്ള കോവിഡ് വാക്സിനേഷൻ നടപടികൾ**

208(3943) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കുള്ള കോവിഡ് വാക്സിനേഷൻ നടപടികൾ സംബന്ധിച്ച് പദ്ധതി തയ്യാറായിട്ടുണ്ടോ; വിശദവിവരം നൽകുമോ?

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽനിന്നും നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് നടത്തി വരുന്നത്. കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) നവംബറിൽ സ്കൂളുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് കുട്ടികളിൽ കോവിഡ് വ്യാപനം തടയുന്നതിനായി എന്തൊക്കെ കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദവിവരം നൽകുമോ?

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നവംബറിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു.*

**ഔദ്യോഗിക പട്ടികയിൽനിന്നും ഒഴിവാക്കപ്പെട്ട കോവിഡ് മരണങ്ങൾ**

209(3944) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക പട്ടികയിൽനിന്നും ഒഴിവാക്കപ്പെട്ട 7000 പുതിയ കോവിഡ് മരണങ്ങൾ ലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ ഭൂരിഭാഗവും കോവിഡ് ആശുപത്രികളിൽ ചികിൽസയിലിരിക്കെ ഉണ്ടായ മരണങ്ങളാണെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2020 ജനവരി 30 മുതൽ 2021 ജൂൺ 17 വരെയുള്ള കാലഘട്ടത്തിൽ മരണപ്പെട്ടതും ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മരണപ്പട്ടികയിൽ ഉൾപ്പെടാത്തതുമായ കോവിഡ് മരണങ്ങൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തി 14-10-2021-ലെ സ.ഉ.(സാധാ) നമ്പർ 2219/2021/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(സി) പ്രസ്തുത മരണങ്ങൾ സർക്കാരിന്റെ ഔദ്യോഗിക പട്ടികയിൽ നിന്നും ഒഴിവാക്കപ്പെടാനുള്ള കാരണമെന്താണ്;

(ഡി) ഇതിൽ കൂടുതൽ കോവിഡ് മരണങ്ങൾ ഔദ്യോഗിക പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി & ഡി) കേരളത്തിൽ കോവിഡ് മഹാമാരിയുടെ തുടക്കം മുതൽ കോവിഡ്-19 മൂലമുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ICMR-ന്റെയും ലോകാരോഗ്യ സംഘടനയുടെയും മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ്. രോഗിയുടെ രോഗവിവരവും ചികിത്സയും മരണ കാരണവും ഉൾപ്പെടുത്തിയുള്ള മെഡിക്കൽ ബുള്ളറ്റിൻ, കോവിഡ്-19 രേഖപ്പെടുത്തിയിട്ടുള്ള പരിശോധനാഫലം LDMS പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരവും (SRFID) ലഭ്യമാണോയെന്ന് പരിശോധിക്കുകയും മരണപ്പെട്ടതിനുശേഷം ആശുപത്രിയിൽ എത്തിച്ചിട്ടുള്ളവരുടെ ആർ.ടി.പി.സി.ആർ. പരിശോധനാഫലവും പരിശോധിച്ചാണ് കോവിഡ്-19 മരണം റിപ്പോർട്ട് ചെയ്യുന്നത്. മരണം ഓൺലൈനായി റിപ്പോർട്ട് ചെയ്യുവാൻ തുടങ്ങിയ 2021 ജൂൺ 18-നുമുമ്പ് ഏതെങ്കിലും രേഖകളുടെയും മറ്റും അഭാവത്തിൽ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാതെ പോയ മരണങ്ങളാണ് പരിശോധിച്ച് പട്ടികയിൽ ചേർക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ചുമതല നൽകിക്കൊണ്ട് 14-10-2021-ലെ സർക്കാർ ഉത്തരവ് G.O.(Rt) No.2219/2021/H&FWD, പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. അതുപ്രകാരം 18-6-2021-ന് മുൻപ് ഉണ്ടായിട്ടുള്ള കോവിഡ് മരണങ്ങളിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കാത്ത മരണങ്ങൾ കണ്ടെത്തുവാനും അവ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്കുള്ള സാമ്പത്തിക സഹായം

210(3945) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് സഹായങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; ഈ സഹായങ്ങൾ ലഭിക്കുന്നതിന് ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ആവശ്യമുണ്ടോ?

കോവിഡ്-19 പകർച്ചവ്യാധിയെ തുടർന്ന് മരണപ്പെട്ടവരുടെ ഏറ്റവും അടുത്ത കുടുംബാംഗങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000 രൂപ ധനസഹായം അനുവദിക്കുന്നതിന് 25-9-2021 തീയതിയിലെ സ.ഉ.(കൈ)നമ്പർ 3/2021-ദു.നി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ധനസഹായം ലഭ്യമാകുന്നതിനായി കോവിഡ് ബാധിച്ച് മരണപ്പെട്ടയാളുടെ ഏറ്റവും അടുത്ത കുടുംബാംഗത്തിന് relief.kerala.gov.in എന്ന വെബ് സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വെബ്സൈറ്റ് രൂപീകരണത്തിനുള്ള അവസാനഘട്ട നടപടികൾ നടന്നുവരികയാണ്. കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റിന്റെയും ബന്ധപ്പെട്ട വില്ലേജോഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ DBT പേമെന്റ് സംവിധാനത്തിലൂടെ കോവിഡ് ബാധിച്ച് മരണപ്പെട്ടയാളിന്റെ ഏറ്റവും അടുത്ത കുടുംബാംഗത്തിന് ധനസഹായം അനുവദിക്കുന്നതാണ്. ധനസഹായം ലഭിക്കുന്നതിന് ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടില്ല.

## കോവിഡ് മരണ നിർണ്ണയ സമിതി

211 (3946) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരിച്ചവരുടെ മരണ സർട്ടിഫിക്കറ്റ് നൽകുന്നതിനായി കോവിഡ് മരണനിർണ്ണയ സമിതികൾ രൂപീകരിക്കുന്നതിനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കോവിഡ് മരണങ്ങളുടെ കണക്കിൽപ്പെടുത്തിയിട്ടില്ലാത്ത മുൻകാല മരണങ്ങളുടെയും മരണ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം സമിതിയുടെ പരിഗണനയിലുണ്ടോ;

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ആവശ്യപ്പെട്ട പ്രകാരമാണോ നിലവിൽ ഈ ആവശ്യത്തിനായി കോവിഡ് മരണനിർണ്ണയ സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സമിതി കോവിഡ് മരണ സർട്ടിഫിക്കറ്റ് നൽകുന്നത് എന്നുമുതലുള്ള മരണങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ; ഇതിനായി സമിതി പരിഗണിക്കുന്ന മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

(എ-ഡി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവ്വചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയും വിപുലീകരിക്കുകയും ചെയ്തു. (F.No. 18018/11/2021/DM Cell/GOI, New Delhi, dated 3-9-2021) സാമ്പിൾ എടുത്ത നാൾമുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളുമാണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29-9-2021-ലെ സ.ഉ. (സാധാ)നമ്പർ 2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ്-19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുന്നതിനും കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇപ്രകാരമുള്ള രേഖകൾ പരിശോധിച്ച് കോവിഡ് മരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിച്ച കോവിഡ് ഡെത്ത് അസർട്ടെയിനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. കോവിഡ് -19 മരണം സംബന്ധിച്ച പരാതികളും ഈ സമിതി പരിശോധിക്കുന്നതാണ്.

## കോവിഡ് കാരണം മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം

212 (3947) ശ്രീ. പി. ടി. തോമസ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാരണം മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് സാങ്കേതിക കാരണം പറഞ്ഞ് അർഹമായ ധനസഹായം നിഷേധിക്കാൻ പാടില്ലെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള കോടതി മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) കോവിഡ് ബാധിച്ച് മുപ്പത് ദിവസത്തിനുള്ളിൽ മരണപ്പെട്ട എല്ലാ മരണങ്ങളും കോവിഡ് മരണങ്ങളായി കണക്കാക്കണമെന്ന് കോടതി വിധിയിൽ നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ കൂടുതൽ കോവിഡ് മരണങ്ങൾ സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദ വിവരം നൽകാമോ?

(എ-സി) കേരളം തുടക്കം മുതൽക്കുതന്നെ ലോകാരോഗ്യ സംഘടനയുടെയും ഐ.സി.എം.ആർ.-ന്റെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാനദണ്ഡങ്ങൾ പ്രകാരമാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ബന്ധപ്പെട്ട ആശുപത്രിയിലെ ചികിത്സിച്ച ഡോക്ടർ റിപ്പോർട്ട് ചെയ്യുന്ന മെഡിക്കൽ ബുള്ളറ്റിൻ ജില്ലാതലത്തിൽ ജില്ലാ സർവൈലൻസ് ഓഫീസർ പരിശോധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ കോവിഡ്മൂലമാണോ മരണം സംഭവിച്ചതെന്ന് സ്ഥിരീകരിക്കുന്നു. 30-6-2021-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെയും സെപ്റ്റംബർ-3-ലെ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കോവിഡ് മരണപ്പട്ടിക പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30

ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളുമാണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയത് അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ്-19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29-9-2021-ലെ സ.ഉ.(സാധാ)നമ്പർ 2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ്-19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതുസംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. 2020 ജനുവരി 30 മുതൽ 2021 ജൂൺ 17-വരെ കാലഘട്ടത്തിൽ മരണപ്പെട്ടതും ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മരണപ്പട്ടികയിൽ ഉൾപ്പെടാത്തതുമായ കോവിഡ് മരണങ്ങൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി 14-10-2021-ലെ G.O. (Rt) No. 2219/2021/H&FWD, പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം 18-6-2021-ന് മുൻപ് ഉണ്ടായിട്ടുള്ള കോവിഡ് മരണങ്ങളിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കാത്ത മരണങ്ങൾ കണ്ടെത്തുവാനും അവ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിന് സംസ്ഥാനതല കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കി ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ കോവിഡ് മരണങ്ങളുടെ പൂർണ്ണമായ കണക്ക് ലഭ്യമാകുകയുള്ളൂ. കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നതിന് 25-9-2021-ലെ സ.ഉ. (കൈ) നമ്പർ 3/2021-ഡിഎംഡി പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. ധനസഹായ വിതരണം സുഗമവും

സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപ്പന ചെയ്ത റിലീഫ് പോർട്ടൽ വഴി ധനസഹായം വിതരണം ചെയ്യാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. കോവിഡ് ബാധിച്ച് മരണപ്പെട്ട/ മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 5,000 രൂപ വീതം, ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതിന് 22-10-2021-ലെ സ.ഉ. (കൈ)203/2021/റ.വ പ്രകാരം ഉത്തരവായിട്ടുണ്ട്.

## കായംകുളം മണ്ഡലത്തിലുള്ള ആശുപത്രികളിലെ കോവിഡ് കേസ്സുകൾ

213 (3948) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കായംകുളം താലൂക്കാശുപത്രി, അർബൻ പി.എച്ച്.സി. മറ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ പരിധിയിൽ 2021 സെപ്റ്റംബർ 20 വരെ എത്ര കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിലവിൽ എത്ര കേസ്സുകൾ ചികിത്സയിലുണ്ടെന്നും ആകെ മരണപ്പെട്ടവർ എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## വൈപ്പിൻ മണ്ഡലത്തിലെ കോവിഡ് മരണം

214(3949) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തികളുടെ ആശ്രിതർക്ക് നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ?

കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകാൻ 25-9-2021-ലെ സ.ഉ.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(കൈ) നമ്പർ 3/2021-ഡിഎംഡി പ്രകാരം ഉത്തരവായിട്ടുണ്ട്. ധനസഹായ വിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപ്പന ചെയ്ത റിലീഫ് പോർട്ടൽവഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പോർട്ടൽവഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ്-19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29-9-2021-ലെ സ.ഉ. (സാധാ) നമ്പർ 2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ട മരണപ്പട്ടികയിൽ ഉൾപ്പെടാത്ത മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ്-19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുന്നതിനും കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതുസംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. കോവിഡ് ബാധിച്ച് മരണപ്പെട്ട/ മരണമടയുന്ന വ്യക്തിയെ ആശ്രയിച്ചുകഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 5,000 രൂപ, ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിക്കൊണ്ട് 22-10-2021-ലെ സ.ഉ. (കൈ)203/2021/റ.വ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) വൈപ്പിൻ മണ്ഡലത്തിൽ കോവിഡ് ബാധിച്ച് മരണപ്പെട്ടവരെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വൈപ്പിൻ നിയമസഭാ മണ്ഡലത്തിൽ കോവിഡ് ബാധിച്ച് 184 പേർ മരണപ്പെട്ടിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ കൊടുക്കുന്നു:

| ക്രമ.നമ്പർ | പഞ്ചായത്ത് | എണ്ണം |
|---|---|---|
| 1 | എടവനക്കാട് | 15 |
| 2 | മുളവുകാട് | 14 |
| 3 | കടമക്കുടി | 21 |
| 4 | പള്ളിപ്പുറം | 40 |
| 5 | ഞാറക്കൽ | 27 |
| 6 | നായരമ്പലം | 21 |
| 7 | കുഴിപ്പിള്ളി | 9 |
| 8 | എളംകുന്നപ്പുഴ | 37 |

**എയിംസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ**

215(3950) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയിംസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

19-6-2014-ലെ D.O.No.Z-28016/158/2014-SSH നമ്പർ കേന്ദ്ര സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പി.എം.എസ്.എസ്.വൈ.-ൽ ഉൾപ്പെടുത്തി കേരളത്തിന് എയിംസ് അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് നിരന്തരമായി ആവശ്യപ്പെട്ടുവരുന്നു. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായി 2021 ജൂലൈ മാസത്തിൽ ഡൽഹിയിൽ വച്ചുള്ള കൂടിക്കാഴ്ചയിലും ബഹു.മുഖ്യമന്ത്രി ഇക്കാര്യം ഉന്നയിച്ചു. ആഗസ്റ്റ് മാസത്തിൽ കേന്ദ്ര ആരോഗ്യമന്ത്രി കേരളം സന്ദർശിച്ചപ്പോഴും സംസ്ഥാനത്തിന്റെ ആവശ്യം അവതരിപ്പിച്ചു. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ 22-9-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ആരോഗ്യ മന്ത്രിക്ക് അയച്ച കത്തിൽ എയിംസ് തുടങ്ങുന്നതിനാവശ്യമായ 200 ഏക്കർ സ്ഥലം കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ കൈവശം നിലവിൽ ലഭ്യമായ സ്ഥലം തിട്ടപ്പെടുത്തി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കൈമാറാനും എയിംസ് സ്ഥാപിക്കുന്നതിന് അധികമായി ആവശ്യമുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനും റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന് എയിംസ് അനുവദിക്കപ്പെട്ടാൽ പൊതുജനാരോഗ്യ രംഗത്തെ ചികിത്സാ മേഖലയിലും ഗവേഷണ മേഖലകളിലും ഏതൊക്കെ രീതിയിലുള്ള മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ?

ആൾ ഇന്ത്യ മെഡിക്കൽ സയൻസസ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മെഡിക്കൽ വിദ്യാഭ്യാസം, അത്യാധുനിക ചികിത്സാ സമ്പ്രദായങ്ങൾ, മെഡിക്കൽ ഗവേഷണം എന്നീ മേഖലകളിൽ അന്താരാഷ്ട്ര നിലവാരം പുലർത്തുന്നവയാണ്. അതിനാൽ വളരെ മെച്ചപ്പെട്ട ഗുണഫലങ്ങൾ ചികിത്സാ രംഗത്തും പഠന/ഗവേഷണ രംഗത്തും ഉണ്ടാകുന്നതാണ്.

(സി) എയിംസ് അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

19-6-2014-ലെ D.O.No.Z-28016/158/2014-SSH നമ്പർ കേന്ദ്ര സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ എയിംസ് അനുവദിക്കുന്നതിന് വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നത്. "എ" പിരിവിന് നൽകിയിട്ടുള്ള നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്.

**ആരോഗ്യ ഇൻഷ്വറൻസ് വിഭാഗം ജീവനക്കാർ**

216(3951) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിൽ സംസ്ഥാനത്തെ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് വിഭാഗത്തിലെ സ്റ്റാഫുകളുടെ എണ്ണം ആശുപത്രി തിരിച്ച് ലഭ്യമാക്കുമോ?

| ക്രമനമ്പർ | മെഡിക്കൽ കോളേജ് | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 172 |
| 2 | കൊല്ലം | 3 |
| 3 | എറണാകുളം | 20 |
| 4 | ആലപ്പുഴ | 134 |
| 5 | കോട്ടയം | 47 |
| 6 | തൃശ്ശൂർ | 129 |
| 7 | കോഴിക്കോട് | 170 |
| 8 | കണ്ണൂർ | 14 |

(ബി) ആരോഗ്യ ഇൻഷ്വറൻസ് വിഭാഗം ജീവനക്കാരുടെ ശമ്പളം ഏത് ഫണ്ടിൽ ഉൾപ്പെടുത്തിയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

കാസ്പ്/ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഫണ്ട്/ആർ.എസ്.ബി.വൈ. എന്നീ ഫണ്ടിൽ ഉൾപ്പെടുത്തിയാണ് ആരോഗ്യ ഇൻഷ്വറൻസ് വിഭാഗം ജീവനക്കാരുടെ ശമ്പളം നൽകുന്നത്.

(സി) ഈ ജീവനക്കാരുടെ ശമ്പളം എത്രയാണ്; എല്ലാ ജീവനക്കാർക്കും ഒരേ നിരക്കിലാണോ ശമ്പളം നൽകുന്നത്?

എല്ലാ ജീവനക്കാർക്കും ഒരേ നിരക്കിലല്ല ശമ്പളം നൽകുന്നത്.

(ഡി) അല്ലെങ്കിൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോരുത്തരുടെയും ശമ്പളം നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സർക്കാർ തീരുമാനിച്ചിരിക്കുന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ/ എൻ.എച്ച്.എം. നൽകിവരുന്ന നിരക്ക്/ആശുപത്രി വികസന സമിതിയുടെ വേതന നിരക്ക് /കാസ്പ് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് തീരുമാനം എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഓരോരുത്തരുടെയും ശമ്പളം നിശ്ചയിച്ചിരിക്കുന്നത്.

## ബാച്ചിലർ ഓഫ് ഡെന്റൽ ഹൈജീൻ കോഴ്സ് ആരംഭിക്കാൻ നടപടി

217(3952) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാച്ചിലർ ഓഫ് ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കാമോ?

ബാച്ചിലർ ഓഫ് ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷ പരിശോധിച്ചുവരുന്നു.

(ബി) നിലവിൽ സംസ്ഥാനത്ത് ബാച്ചിലർ ഓഫ് ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ് ഇല്ലാത്തതുകാരണം വിദേശരാജ്യങ്ങളിൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 2 വർഷത്തെ ഡിപ്ലോമ ഇൻ ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ് നടത്തിവരുന്നുണ്ട്. വിദേശരാജ്യങ്ങളിൽ ജോലിസാധ്യതയുള്ള പ്രസ്തുത കോഴ്സ് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് വിദേശരാജ്യങ്ങളിൽ മികച്ച ജോലി ലഭിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ മേഖലയിൽ പുതിയ ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിലെ ഡിപ്ലോമ ഇൻ ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ്, എയിംസ് ആശുപത്രി മാതൃകയിൽ ബാച്ചിലർ കോഴ്സായി ഉയർത്തി ഈ മേഖലയിലെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ദന്തഡോക്ടർമാരുടെ നിയമനം**

218(3953) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ/സ്വാശ്രയ മെഡിക്കൽ കോളേജുകളിൽനിന്നും പ്രതിവർഷം എത്ര വിദ്യാർത്ഥികൾ ബി.ഡി.എസ്. കോഴ്സ് പാസ്സായി പുറത്തിറങ്ങുന്നുണ്ടെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ?

സർക്കാർ കോളേജുകളിൽ നിന്ന് 300 പേരും സ്വാശ്രയ കോളേജുകളിൽ നിന്ന് 1610 പേരും (ആകെ 1910 പേർ) പ്രതിവർഷം ബി.ഡി.എസ്. കോഴ്സ് പാസ്സായി പുറത്തിറങ്ങുന്നുണ്ട്.

(ബി) ബി.ഡി.എസ്. കോഴ്സ് പാസ്സായി പുറത്തിറങ്ങുന്നവരിൽ തുച്ഛമായ ആൾക്കാർക്ക് മാത്രമേ സർക്കാർ മേഖലയിൽ ജോലി ലഭിക്കുന്നുള്ളൂയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ പി.എച്ച്.സി./സി.എച്ച്.സി. എന്നിവിടങ്ങളിൽ കൂടുതൽ ദന്തൽ സർജൻമാരെ നിയമിക്കാൻ നടപടിയുണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

പി.എച്ച്.സി/സി.എച്ച്.സി. എന്നിവിടങ്ങളിൽ ദന്തൽ സർജൻമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റം**

219(3954) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ 2021-ലെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച 2021 ജൂൺ 7-ലെ ഉത്തരവ് പ്രകാരം (നമ്പർ/ബി4/63/2021 ആ.കു.വ.) നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സ്പാർക്ക് അപ്ഡേഷൻ ചെയ്യുന്നതിനുവേണ്ടി സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിരുന്നോ?

(എ&ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ 2021-ലെ പൊതു സ്ഥലംമാറ്റത്തിനുള്ള നടപടിക്രമങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 7-6-2021-ലെ ബി4/63/2021/ആ.കു.വ നമ്പർ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരുടെയും സർവ്വീസ് വിവരങ്ങൾ അടിയന്തരമായി സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എല്ലാ മേധാവികൾക്കും നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഏത് കാലാവധി വരെയാണ് സ്പാർക്ക് അപ്ഡേഷന് സമയം അനുവദിച്ചിരുന്നതെന്ന് അറിയിക്കുമോ?

നിശ്ചിത സമയപരിധി നൽകിയിരുന്നില്ല.

(ഡി) 2021-ലെ പൊതുസ്ഥലം മാറ്റത്തിന്റെ ഭാഗമായ സ്പാർക്ക് അപ്ഡേഷൻ ഏതൊക്കെ സ്ഥാപന മേധാവികൾ നിർവ്വഹിച്ചുവെന്ന് വ്യക്തമാക്കാമോ?

എല്ലാ സ്ഥാപന മേധാവികളും അപ്ഡേഷൻ നടത്തിയിട്ടുണ്ട്.

(ഇ) അപ്ഡേഷൻ നടത്താത്ത സ്ഥാപന മേധാവികൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ബാധകമല്ല.

(എഫ്) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ 2021-ലെ പൊതു സ്ഥലംമാറ്റം നടത്തുന്നതിനായി അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### പോസ്റ്റ്മോർട്ടം അലവൻസ്

220(3955) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലെ രണ്ട് വിഭാഗം ഡോക്ടർമാരുടെ പോസ്റ്റ്മോർട്ടം അലവൻസ് വർദ്ധിപ്പിച്ച് ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ശിപാർശയിൽ വിവേചനമുണ്ടെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ആരോഗ്യ വകുപ്പിൻ കീഴിലുള്ള ഡോക്ടർമാരുടെ പോസ്റ്റ്മോർട്ടം അലവൻസ് 1,100 രൂപയായും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ ഓഫീസർമാരുടെ പോസ്റ്റ്മോർട്ടം അലവൻസ് 660 രൂപയായും വർദ്ധിപ്പിക്കാൻ 11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ശിപാർശ പ്രകാരം ആരോഗ്യവകുപ്പിൽ താൽക്കാലികക്കാർ ഒഴികെയുള്ള ഡോക്ടർമാർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് (ഡി.എം.ഇ.) കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിലെ ഫോറൻസിക് മെഡിസിൻ വിഭാഗം ഡോക്ടർമാർക്കുള്ള അലവൻസിൽ വ്യത്യാസമുണ്ടെന്നത് വസ്തുതയാണോ?

ആരോഗ്യവകുപ്പിന് കീഴിലുള്ള ഡോക്ടർമാരുടെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ ഓഫീസർമാരുടെയും പോസ്റ്റ്മോർട്ടം അലവൻസിൽ ആനുപാതികമായ വർദ്ധനവ് 11-ാം ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ഡി) ഒരു പോസ്റ്റ്മോർട്ടത്തിന് ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർക്കും 2016-ലെ ശമ്പള പരിഷ്കരണ ശിപാർശ പ്രകാരം എത്ര രൂപയാണ് അലവൻസെന്ന് വ്യക്തമാക്കാമോ; ഇപ്പോൾ ശമ്പള പരിഷ്കരണ കമ്മിഷൻ ശിപാർശ പ്രകാരം വർദ്ധനവ് എത്രയാണ്?

2016-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പിന് കീഴിലുള്ള ഡോക്ടർമാരുടെ പോസ്റ്റ്മോർട്ടം അലവൻസ് 1,000 രൂപയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ ഓഫീസർമാരുടെ പോസ്റ്റ്മോർട്ടം അലവൻസ് 600 രൂപയുമായിരുന്നു. പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ പ്രകാരം ടി അലവൻസിൽ 10% വർദ്ധനവ് രണ്ട് വകുപ്പുകളിലും അനുവദിച്ചിട്ടുണ്ട്.

(ഇ) പോസ്റ്റ്മോർട്ടം അലവൻസ് നിശ്ചയിക്കുമ്പോൾ വിവേചനം പാടില്ലെന്നുള്ള 2006-ലെ ഹൈക്കോടതി ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ കമ്മീഷന്റെ ശിപാർശ ഹൈക്കോടതി ഉത്തരവിന് വിരുദ്ധമാണെന്ന ആക്ഷേപത്തിൽ വസ്തുതയുണ്ടോയെന്ന് വ്യക്തമാക്കാമോ?

കമ്മീഷന്റെ റിപ്പോർട്ടിൽ പ്രസ്തുത ഹൈക്കോടതി ഉത്തരവിനെക്കുറിച്ച് പരാമർശമില്ല.

(എഫ്) ഓരോ പോസ്റ്റ്മോർട്ടത്തിലും സഹായികളായി എത്ര മോർച്ചറി ജീവനക്കാർ പങ്കെടുക്കുന്നുവെന്ന് വ്യക്തമാക്കാമോ; ഇവരുടെ വർദ്ധിപ്പിച്ച അലവൻസും വർദ്ധനയ്ക്ക് മുമ്പുള്ള അലവൻസും എത്രയാണ്; സർട്ടിഫിക്കറ്റുകൾ ടൈപ്പ് ചെയ്യുന്നവർക്കുള്ള അലവൻസ് എത്രയാണ്; ഇവരുടെ അലവൻസ് എടുത്തുകളഞ്ഞു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഓരോ പോസ്റ്റ്മോർട്ടത്തിനും നിലവിൽ സർക്കാർ മെഡിക്കൽ കോളേജിൽ ഒരു മോർച്ചറി അറ്റൻഡർ/എഫ്.റ്റി.എസ്., ഒരു ടെക്നീഷ്യൻ/ലാബ് അസിസ്റ്റന്റ് എന്നിവരാണ് മോർച്ചറിയിൽ സഹായികളായി പങ്കെടുക്കുന്നത്. ആരോഗ്യവകുപ്പിന് കീഴിലെ ആശുപത്രികളിൽ ഓരോ പോസ്റ്റ്മോർട്ടത്തിലും സഹായികളായി ഒരു നഴ്സിംഗ് അസിസ്റ്റന്റ്, ആശുപത്രി അറ്റന്റർ ഗ്രേഡ് II എന്നിവർ പങ്കെടുക്കുന്നു. ആരോഗ്യവകുപ്പിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകൾക്ക് 11-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 100 രൂപ പോസ്റ്റ്മോർട്ടം അലവൻസ് പുതുതായി അനുവദിച്ചിട്ടുണ്ട്. 7-ാം ശമ്പള പരിഷ്കരണ ഉത്തരവിൽ CA/Typist/MRL തസ്തികകൾക്ക് പോസ്റ്റ്മോർട്ടം അലവൻസ് അനുവദിച്ചിരുന്നു. എന്നാൽ തുടർന്നുള്ള ശമ്പള പരിഷ്കരണ ഉത്തരവുകളിൽ ടി തസ്തികകൾക്ക് പോസ്റ്റ്മോർട്ടം അലവൻസ് അനുവദിച്ചിട്ടില്ല.

**തൃശ്ശൂർ മെഡിക്കൽ കോളേജിലെ കുടുംബശ്രീ ജീവനക്കാർ**

221(3956) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്ന കുടുംബശ്രീ ജീവനക്കാർക്ക് എൻ.എച്ച്.എം. ജീവനക്കാർക്ക് ലഭിക്കുന്ന പരിരക്ഷയും റിസ്ക് അലവൻസും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കുട്ടികളുടെ രോഗപ്രതിരോധശേഷി**

222 (3957) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെയും കോട്ടയ്ക്കൽ വൈദ്യരത്നം പി.എസ്. വാര്യർ ആയുർവേദ കോളേജിന്റെയും സംയുക്താഭിമുഖ്യത്തിൽ കുട്ടികളുടെ രോഗപ്രതിരോധ ശക്തി വർദ്ധനയ്ക്കുവേണ്ടിയുള്ള പബ്ലിക് ഹെൽത്ത് ഇനിഷ്യേറ്റീവ് പദ്ധതി കേരളത്തിലെ ഏതെല്ലാം ബ്ലോക്ക് പഞ്ചായത്തുകളിൽ നടക്കുന്നുണ്ടെന്ന് അറിയിക്കുമോ?

കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെയും കോട്ടയ്ക്കൽ വൈദ്യരത്നം പി.എസ്. വാര്യർ ആയുർവേദ കോളേജിന്റെയും സംയുക്താഭിമുഖ്യത്തിൽ കുട്ടികളുടെ രോഗപ്രതിരോധശക്തി വർദ്ധനയ്ക്കുവേണ്ടിയുള്ള പബ്ലിക് ഹെൽത്ത് ഇനിഷ്യേറ്റീവ് പദ്ധതി കേരളത്തിൽ മലപ്പുറം ജില്ലയിൽ വേങ്ങര ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ നടപ്പാക്കിവരുന്നുണ്ട്.

(ബി) കുട്ടികളിലെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിൽ ഈ പദ്ധതി ഫലപ്രദമായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; വിശദമാക്കുമോ?

3 വയസ്സിനും 10 വയസ്സിനും ഇടയിലുള്ള കുട്ടികളുടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യംവച്ചാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 5463 കുട്ടികളിൽ നടത്തിയ പരിശോധനയിൽനിന്നും തുടർച്ചയായി പനി, ചുമ, ജലദോഷം, കഫക്കെട്ട് എന്നീ രോഗലക്ഷണങ്ങളുള്ള 385 കുട്ടികളെ കണ്ടെത്തി 6 മാസം മരുന്നും കുട്ടികളുടെ ജീവിതശൈലിയിൽ മാറ്റം വരുത്തുന്നതിന് രക്ഷിതാക്കൾക്ക് ബോധവൽക്കരണവും നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായി ചികിത്സയ്ക്ക് വിധേയമായിട്ടുള്ള കുട്ടികളിൽ രോഗപ്രതിരോധശേഷി വർദ്ധിച്ചതായി ചികിത്സാപരമായി തെളിഞ്ഞിട്ടുള്ളതാണ്. ചികിത്സയ്ക്ക് വിധേയമായിട്ടുള്ള കുട്ടികൾക്കാർക്കുംതന്നെ പിന്നീട് തുടർച്ചയായി രോഗലക്ഷണങ്ങൾ കണ്ടിട്ടില്ല.

**എടക്കര ആയുർവേദ ആശുപത്രിയുടെ സമഗ്രവികസനം**

223(3958) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ എടക്കര ആയുർവേദ ആശുപത്രിയുടെ സമഗ്രവികസനം എന്ന പ്രവൃത്തിക്ക് അൻപത് ലക്ഷം രൂപ വകയിരുത്തിയിരുന്നോ; വിശദമാക്കാമോ?

2021-22-ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II [(മരാമത്തുപണികളുടെ വിശദവിവരങ്ങൾ) ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ]-ൽ ക്രമ നമ്പർ 2924-ൽ എടക്കര ഗവ. ആയുർവേദ ആശുപത്രി സമഗ്ര വികസനത്തിനായി 250 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി 50,00,000 രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) ഭാരതീയ ചികിത്സാ വകുപ്പ് പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഈ ഫയൽ നിലവിൽ ഏത് കാര്യാലയത്തിലാണെന്നും ഫയൽ നമ്പരടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 22-6-2021-ലെ ബി2/89693/2020 നമ്പർ കത്ത് പ്രകാരം 250 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാക്കുകയും തുടർന്ന് ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും തുക വിനിയോഗിച്ചുകൊണ്ട് ഭരണാനുമതി നൽകുന്ന വിഷയത്തിൽ അഭിപ്രായം തേടിക്കൊണ്ട് ബി1/251/2021/ആയുഷ് നമ്പർ ഫയൽ ധനവകുപ്പിലേയ്ക്ക് അയച്ചിട്ടുമുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടന്ന ആശയ വിനിമയങ്ങളുടെയും എഴുത്തുകളുടെയും തീയതിയും അവ നടത്തിയ ഉദ്യോഗസ്ഥരുടെ വിവരങ്ങളുമടക്കമുള്ള വിശദാംശങ്ങൾ അറിയിക്കാമോ; വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

2 കോടി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എ.ഇ./എൽ.ബി.ആർ.ബി./ ഡി3/2021 പ്രകാരം നിലമ്പൂർ അസി.എഞ്ചിനീയർ (പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം) 9-2-2021-ന് എടക്കര ഗവ. ആയുർവേദ ആശുപത്രിയിലെ ചീഫ് മെഡിക്കൽ ഓഫീസർക്ക് (ഇൻചാർജ്ജ്) നൽകി. ചീഫ് മെഡിക്കൽ ഓഫീസർ (ഇൻചാർജ്ജ്) സി-12/2021 നമ്പർ കത്ത് പ്രകാരം ടി എസ്റ്റിമേറ്റ് 10-2-2021-ന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകുകയും മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ 10-2-2021-ലെ എ 1-1193/2021 നമ്പർ കത്ത് പ്രകാരം ടി എസ്റ്റിമേറ്റ് ഭാരതീയ ചികിത്സാ വകുപ്പുമേധാവിയുടെ കാര്യാലയത്തിലേയ്ക്ക് അയച്ചുതരികയും ആയത് 16-2-2021-ൽ ടി കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളതുമാകുന്നു. 2021-22 വർഷത്തെ പ്ലാൻ write up-ൽ ഉൾപ്പെട്ട പദ്ധതികളുടെ ഭരണാനുമതിക്കായുള്ള ആദ്യ വർക്കിംഗ് ഗ്രൂപ്പ് മേയ് 2021-ൽ കഴിഞ്ഞു. തുടർന്ന് 22-6-2021-ലെ ബി2-89693/2020 നമ്പർ കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ടി എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് അയയ്ക്കുകയും ഭരണാനുമതി ലഭിക്കുന്ന വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ധനവകുപ്പിലേയ്ക്ക് അയയ്ക്കുകയും ചെയ്തു.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കേണ്ടത് ആയുഷ് വകുപ്പാണോയെന്നും ബില്ലുകൾ തീർപ്പാക്കേണ്ടത് ഏത് ശീർഷകത്തിൽ നിന്നാണെന്നും അറിയിക്കാമോ; നടപ്പുസാമ്പത്തിക വർഷം തന്നെ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാകുമോയെന്നും അറിയിക്കാമോ?

എടക്കര ആയുർവേദ ആശുപത്രിയുടെ സമഗ്ര വികസനം സംബന്ധിച്ച പ്രവൃത്തിയുടെ ബില്ലുകൾക്ക് 4210-02-110-99-01-(PV)-AYURVEDA-IMPROVEMENT OF HEALTH FACILITIES – LAND ACQUISITION AND BUILDINGS – works എന്ന ശീർഷകത്തിലാണ് ഭരണാനുമതി നൽകേണ്ടത്. ഭരണാനുമതി ലഭ്യമാക്കേണ്ടത് ആയുഷ് വകുപ്പാണ്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്.

### ആയുഷ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

224 (3959) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി ആയുഷ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിനായി ഏതൊക്കെ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന കണക്ക് ലഭ്യമെങ്കിൽ വിശദമാക്കാമോ?

(എ&ബി) സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി ആയുഷ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം, ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ആയുർവ്വേദ ഔഷധങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് ഡ്രഗ് ടെസ്റ്റിംഗ് ലാബ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉണ്ട്. ആയുർവ്വേദ ഔഷധങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് ഡ്രഗ് കൺട്രോൾ ഡിപ്പാർട്ടുമെന്റിന് കീഴിൽ രണ്ട് ലാബുകളാണുള്ളത്. ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരം, റീജിയണൽ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളം. ഈ ലാബുകളിലെ ഒരു പ്രത്യേക വിഭാഗമായാണ് ആയുർവ്വേദ ഔഷധ പരിശോധന നടക്കുന്നത്. ഔഷധി നിർമ്മിക്കുന്ന ആയുർവ്വേദ മരുന്നുകളുടെ പരിശോധനയ്ക്കായി ക്വാളിറ്റി കൺട്രോൾ ലാബും ആയുഷ് അംഗീകാരത്തോടുകൂടിയുള്ള ആർ&ഡി വിഭാഗം ലബോറട്ടറിയും ഔഷധിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

(ഡി) ഇതിനായി കേന്ദ്ര സഹായം ലഭ്യമാക്കാനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല.

### കുന്നത്തുനാട് മണ്ഡലത്തിലെ ആയുഷ് വകുപ്പിന്റെ പദ്ധതികൾ

225(3960) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പ് മുഖേന കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഴക്കമ്പലം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ തേജോമയ ഓട്ടിസം ക്ലിനിക്കും, മാതൃകാ ഡിസ്പെൻസറിയായി ഉയർത്തിയ മോനിപ്പിള്ളി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ നാഷണൽ ആയുഷ് മിഷൻ മുഖേന ഹെൽത്ത് വെൽനസ് സെന്ററും പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ ആയുഷ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങൾ

1. ഗവ. ആയുർവേദ ഡിസ്പെൻസറി, ഐക്കരനാട്.

2. ഗവ. ആയുർവേദ ഡിസ്പെൻസറി, പുത്തൃക്ക.

3. ഗവ. ആയുർവേദ ഡിസ്പെൻസറി, ചേലക്കുളം.

4. ഗവ. ആയുർവേദ ഡിസ്പെൻസറി, വാഴക്കുളം സൗത്ത്.

5. ഗവ. ആയുർവേദ ഡിസ്പെൻസറി, പുത്തൻകുരിശ്.

6. ഗവ. ആയുർവേദ ഡിസ്പെൻസറി, പെരിങ്ങാല.

7. ഗവ. ആയുർവേദ ഡിസ്പെൻസറി, മഴുവന്നൂർ.

8. ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ തിരുവാണിയൂർ.

ഹോമിയോപ്പതി സ്ഥാപനങ്ങൾ - കിഴക്കമ്പലം, കുന്നത്തുനാട്, മഞ്ഞപ്പെട്ടി, മഴുവന്നൂർ, മോനിപ്പിള്ളി, ഒക്കൽ വടവുകോട് പുത്തൻകുരിശ് എന്നീ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ, ഐക്കരനാട്, പുത്തൃക്ക എന്നീ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററുകൾ.

(സി) ഇവയിൽ സ്വന്തമായി കെട്ടിടമില്ലാത്ത സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

പുത്തൃക്ക ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

### നെല്ലിക്കുഴി പഞ്ചായത്തിൽ സിദ്ധ ഡിസ്പെൻസറി

226(3961) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ സിദ്ധ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ആയുഷ് ഡയറക്ടർ നൽകിയ പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അൻപതിനായിരത്തിലധികം ജനസംഖ്യയുള്ള നെല്ലിക്കുഴി പഞ്ചായത്തിൽ ഒരു സിദ്ധ ഡിസ്‌പെൻസറി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**മെഡിക്കൽ സ്റ്റോറുകളിലെ പരിശോധന**

227(3962) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ സ്റ്റോറുകളുടെ പരിശോധനയ്ക്ക് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങളിലെ മാനദണ്ഡ പ്രകാരമാണോ മരുന്നുകൾ വിൽക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 25874 മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ ഡ്രഗ്സ് റൂൾസ് 1945-ൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരായ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധന നടത്തുന്നത്. രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനലഭ്യത, മരുന്നുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനത്തിന്റെ പരിശോധന, മരുന്നുകളുടെ വാങ്ങൽ/വിൽപ്പന രേഖകളുടെ ആധികാരികത, പ്രിസ്ക്രിപ്ഷനില്ലാതെ ഷെഡ്യൂൾഡ് മരുന്നുകൾ വിൽപ്പന നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തുക, മരുന്ന് വ്യാപാര സ്ഥാപനങ്ങൾ സംഭരിച്ചിരിക്കുന്ന മരുന്നുകളിൽനിന്നും റാൻഡം സാമ്പിളുകളുടെ ശേഖരണം എന്നിവയാണ് മുഖ്യമായും പരിശോധനയുടെ മാനദണ്ഡങ്ങളായി നിഷ്കർഷിച്ചിട്ടുള്ളത്. മരുന്നുകളുടെ വാങ്ങലിലും വിൽപ്പനയിലുമുള്ള ചെറിയ വ്യതിയാനങ്ങൾ കണ്ടെത്തിയാൽപോലും ലൈസൻസ് സസ്പെൻഷൻ പോലുള്ള വകുപ്പുതല നടപടികളും അനിവാര്യമെങ്കിൽ നിയമനടപടികളും സ്വീകരിക്കാറുണ്ട്.

(സി) മെഡിക്കൽ സ്റ്റോറുകളുടെ പരിശോധനയ്ക്കായി എത്ര ഡ്രഗ്സ് ഇൻസ്പെക്ടർമാരാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഔഷധ വ്യാപാര സ്ഥാപനങ്ങളുടെ പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ തസ്തികയിൽ 47 ഡ്രഗ്സ് ഇൻസ്പെക്ടർമാർ സേവനം ചെയ്തുവരുന്നു.

(ഡി) സംസ്ഥാനത്ത് ലൈസൻസുള്ള അലോപ്പതി, ആയുർവേദ, ഹോമിയോ മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

സംസ്ഥാനത്ത് 25,874 അലോപ്പതി ഔഷധ വ്യാപാര സ്ഥാപനങ്ങളും 867 ഹോമിയോ മരുന്ന് വ്യാപാര സ്ഥാപനങ്ങളും നിലവിലുണ്ട്. ആയുർവ്വേദ, സിദ്ധ, യുനാനി മരുന്നുകളുടെ വിതരണം/വിൽപ്പനയ്ക്ക് ഡ്രഗ്സ് റൂൾസ് 1945 പ്രകാരം ലൈസൻസുകൾ ആവശ്യമില്ല.

### മരുന്നുകളുടെ ഗുണനിലവാര പരിശോധന

228 (3963) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രികളിൽ ഉപയോഗിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് സംഭരിക്കപ്പെടുന്നത്. ഇവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അവർ നിശ്ചയിച്ചിട്ടുള്ള മരുന്ന് പരിശോധനാ ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ റാൻഡം സാമ്പിളുകൾ വഴിയും സർക്കാർ ആശുപത്രികളിൽ നിന്നും മരുന്ന് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

(ബി) ഗുണനിലവാരം പരിശോധിക്കാനുള്ള ലാബുകൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ; ഇതുസംബന്ധിച്ച ഏതെങ്കിലും പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാനത്ത് നിലവിൽ മൂന്ന് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളാണ് പ്രവർത്തിച്ചുവരുന്നത്. ഇതിൽ

തിരുവനന്തപുരം, എറണാകുളം ലാബുകളിൽ NABL Accreditation ലഭിച്ചിട്ടുണ്ട്. തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിക്ക് NABL Accreditation ലഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഈ ലാബുകളിൽ അത്യാധുനിക ഉപകരണങ്ങളായ High Performance Thin Layer Chromatography (HPTLC), High Performance Liquid Chromatography (HPLC), Fourier Transform Infrared Spectrophotometry (FTIR), Gas Chromatography (GC) എന്നിവ ഉപയോഗിച്ചാണ് പരിശോധനകൾ നടത്തിവരുന്നത്. രാജ്യത്തെ കേന്ദ്ര ലാബുകളായ Calcutta, Kasauli, Guwahati എന്നിവയുമായി കിടപിടിക്കുന്ന രീതിയിലുള്ള സംവിധാനങ്ങളാണ് ഈ ലാബുകളിലും സജ്ജീകരിച്ചിട്ടുള്ളത്. കൂടാതെ 23-9-2021-ൽ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ കെട്ടിടം സജ്ജീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കുന്നതിലേയ്ക്കായി സർക്കാർ, സംസ്ഥാന ജലസേചന വകുപ്പിൽനിന്നും 34 സെന്റ് ഭൂമി ഡ്രഗ്സ് കൺട്രോൾ വകുപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പഠനങ്ങളൊന്നും കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നടത്തിയിട്ടില്ല. ഡ്രഗ്സ് & കോസ്മെറ്റിക്സ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ഗുഡ് ലബോറട്ടറി പ്രാക്ടീസസ് പ്രകാരമാണ് ഇവയും പ്രവർത്തിക്കുന്നത്.

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടും അതിനുകീഴിലുള്ള റൂളുകളിലും മരുന്നുകളുടെ അസംസ്കൃത വസ്തു തെരഞ്ഞെടുക്കുന്നത് മുതൽ മരുന്ന് ഫോർമുലേഷനായി രൂപപ്പെടുത്തുന്നതുവരെയുള്ള സങ്കീർണ്ണമായ നിർമ്മാണ പ്രക്രിയയിൽ പാലിക്കേണ്ട വ്യവസ്ഥകൾ നിഷ്കർഷിക്കുന്നുണ്ട്. രാജ്യത്തെവിടെയും ഈ നിയമത്തിന് വിധേയമായി മാത്രമേ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. മറ്റ് ലോക രാഷ്ട്രങ്ങളിൽ സ്വീകരിച്ചുവരുന്ന പ്രക്രിയയ്ക്ക് തുല്യമായോ അതിൽ കൂടുതലോ നിയമനിഷ്കർഷത പാലിച്ചാണ് രാജ്യത്ത് മരുന്ന് നിർമ്മാണ പ്രക്രിയ നടന്നുവരുന്നത്. സംസ്ഥാനത്ത് വിതരണത്തിനായി എത്തുന്ന മരുന്നുകളുടെ 98%-ഉം അന്യസംസ്ഥാനങ്ങളിൽ നിർമ്മിച്ച് വരുന്നവയാണ്. അതാത് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ നിരീക്ഷണത്തിൽ നിർമ്മിക്കപ്പെടുന്ന ഇത്തരം മരുന്നുകൾ മേൽപ്പറഞ്ഞ നിയമവ്യവസ്ഥകൾ പാലിച്ചാണ് നിർമ്മിക്കപ്പെടുന്നത്. സംസ്ഥാനത്ത് എത്തിയതിനുശേഷം നിയമം അനുശാസിക്കുന്ന രീതിയിൽ റാൻഡം സാമ്പിളിംഗ് നടത്തിയും മരുന്നുകളെക്കുറിച്ച്

പരാതിയുണ്ടെങ്കിൽ ആയതിന്റെ സാമ്പിളിംഗ് നടത്തിയും വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ഇത് രാജ്യത്തൊട്ടാകെ പാലിച്ചുവരുന്ന പ്രക്രിയയാണ്. ഒരു മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിക്കപ്പെടുന്നത്. നിർമ്മാണഘട്ടം മുതൽ പലവിധ പരിശോധനകൾക്ക് വിധേയമായിട്ടാണ് മരുന്നുകൾ നിർമ്മാതാക്കൾ വിപണനത്തിനായി എത്തിക്കുന്നത്. മരുന്നുകൾ അവയുടെ ഷെൽഫ് ലൈഫ് (Shelf Life)-ലുടനീളം നിശ്ചിത ഗുണനിലവാരം പുലർത്തേണ്ടവയാണ്. എന്നാൽ ബാഹ്യഘടകങ്ങളായ അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നിവ കാരണം നിശ്ചിത ഗുണനിലവാര വ്യതിയാനം വരുന്നതിന് കാരണമാകുന്നു. മൊത്തം പരിശോധനയ്ക്കെടുക്കുന്ന സാമ്പിളുകളുടെ 5%-ൽ താഴെ മാത്രമാണ് ഇപ്രകാരമുള്ള ഗുണനിലവാര വ്യതിയാനങ്ങളെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

### 'കനൽ' ബോധവൽക്കരണ പരിപാടി

229 (3964) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീസുരക്ഷയ്ക്കായി സംസ്ഥാന വനിതാ ശിശുവികസന വകുപ്പുവഴി 'കനൽ' എന്ന പേരിൽ ബോധവൽക്കരണ പരിപാടി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വനിതാ ശിശു വികസന വകുപ്പ് "കനൽ" കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്ത്രീസുരക്ഷ, ലിംഗസമത്വം, സ്ത്രീധന വിരുദ്ധ പ്രചരണം തുടങ്ങിയ വിഷയങ്ങളിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ പങ്കെടുപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ത്രീ സുരക്ഷ, ലിംഗ സമത്വം, സ്ത്രീധന വിരുദ്ധ പ്രചരണം തുടങ്ങിയ വിഷയങ്ങളിൽ എല്ലാ കോളേജുകളിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് പ്രതിസന്ധികൾ നേരിടുന്ന സ്ത്രീകൾക്ക് സേവനങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.* ഗാർഹിക അതിക്രമങ്ങളിൽനിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന സംരക്ഷണ നിയമം 2005 നടപ്പിലാക്കുന്നതിന്റെ ഭാഗമായി 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും 11 ഷെൽട്ടർ ഹോമുകളും പ്രവർത്തിച്ചുവരുന്നു. ആയത് എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ Pre-marital counselling നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന സ്ത്രീകൾക്ക് കനൽ പദ്ധതി വഴി നിയമസഹായം, കൗൺസിലിംഗ് എന്നിവ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

'കനൽ' കർമ്മ പദ്ധതി പ്രകാരം വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കേന്ദ്ര സഹായ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ പദ്ധതിയായ 'സ്വാധാർ ഗ്രഹ്' പ്രകാരം അതിക്രമത്തിനിരയായ സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസത്തിനായി ഷെൽട്ടർ ഹോമുകൾ വകുപ്പ് നടത്തുന്നുണ്ട്. ലൈംഗിക ചൂഷണം തടയുക, ചൂഷണത്തിനിരയായവരെ മോചിപ്പിക്കുക, അവരെ പുനരധിവസിപ്പിക്കുക, പുനരേകീകരിക്കുക, സമൂഹത്തിലേക്ക് തിരിച്ചുകൊണ്ടുവരിക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അംഗീകൃത സംഘടനകൾക്ക് ധനസഹായം അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഉജ്ജ്വല. ഗാർഹിക-ലൈംഗിക അതിക്രമത്തിനിരയായ സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്നതിനായി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ ജില്ലകളിലും 'വൺ സ്റ്റോപ്പ് സെന്ററുകൾ' പ്രവർത്തിച്ചുവരുന്നു. വൈദ്യസഹായം, കൗൺസിലിംഗ്, പോലീസ് സഹായം, നിയമ സഹായം, ഷെൽട്ടർ എന്നീ സേവനങ്ങൾ പ്രസ്തുത സെന്ററിൽ ലഭ്യമാകുന്നു.

## മിത്ര 181 ഹെൽപ്‌ലൈൻ

230(3965) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന 'മിത്ര 181 ഹെൽപ്‌ലൈൻ' എന്ന പദ്ധതിയിൽ ഏതൊക്കെ സേവനങ്ങളാണ് ലഭ്യമാക്കുന്നത്?

മിത്ര 181 വനിതാ ഹെൽപ്പ്‌ലൈൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ത്രീകൾക്കായുള്ള ഹെൽപ്‌ലൈൻ നമ്പരാണ്. 181 എന്ന ടോൾ ഫ്രീ നമ്പരിലേയ്ക്ക് വിളിക്കുന്നതിലൂടെ ഗാർഹിക പീഡനം, മാനസിക-ശാരീരിക-വൈകാരിക പ്രശ്നങ്ങൾ, തർക്കങ്ങൾ, സുരക്ഷാഭീതി, വിവരാന്വേഷണം തുടങ്ങി പിന്തുണ ആവശ്യമുള്ള ഏതുതരം സേവനങ്ങൾക്കും വേണ്ട സഹായം ഉറപ്പുവരുത്തുന്നു. സ്ത്രീകളുടെ ഏതുതരം പരാതികളും സ്വീകരിക്കുന്നതിനോടൊപ്പം, പ്രശ്നത്തിന്റെ സ്വഭാവമനുസരിച്ച് Police, KELSA, Protection Officers, Shelter Homes, Counselling centres, OSC, Snehitha, Hospitals എന്നീ വിവിധങ്ങളായ സർക്കാർ, സർക്കാരേതര സംവിധാനങ്ങളുടെ സഹകരണത്തോടെ പ്രശ്ന പരിഹാരം സാധ്യമാക്കുന്നു.

(ബി) 2021 സെപ്റ്റംബർ 30 വരെ ഇതിലേയ്ക്ക് എത്ര കോളുകൾ വന്നിട്ടുണ്ടെന്നും അവയിൽ എത്ര കോളുകൾക്ക് പരിഹാരം കാണാൻ കഴിഞ്ഞെന്നും അറിയിക്കുമോ?

2021 സെപ്റ്റംബർ 30 വരെ മൂന്ന് ലക്ഷത്തിലധികം കോളുകൾ ഹെൽപ്പ് ലൈനിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. അവയിൽ 147020 കോളുകൾക്ക് സർവ്വീസ് നൽകി. 63975 കേസുകൾ പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിച്ചു.

(സി) സ്ത്രീധന പീഡനവുമായി ബന്ധപ്പെട്ട് എത്ര കോളുകൾ വന്നിട്ടുണ്ടെന്ന് അറിയിക്കുമോ?

ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് 20508 കോളുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇവയിൽ 'സ്ത്രീധന പീഡന' പരാതികളും ഉൾപ്പെടുന്നു. ഇത്തരം കേസുകൾ പ്രത്യേക കാറ്റഗറിയിൽ റെക്കോർഡ് ചെയ്യാനുള്ള സംവിധാനം 181 വനിതാ ഹെൽപ്പ്‌ലൈൻ സോഫ്റ്റ്‌വെയറിൽ ഏർപ്പെടുത്തുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു.

## വിവാഹധൂർത്തും ആർഭാടവും തടയുന്നതിന് നിയമനിർമ്മാണം

231(3966) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന വിവാഹ ധൂർത്തും ആർഭാടവും തടയുന്നത് സംബന്ധിച്ച് സംസ്ഥാന വനിതാ കമ്മീഷനോട് ശിപാർശകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നോയെന്ന് വിശദമാക്കാമോ;

(ബി) വിവാഹ ധൂർത്തും ആർഭാടവും സംബന്ധിച്ച സാമൂഹിക പ്രത്യാഘാതങ്ങൾ വനിതാ കമ്മീഷൻ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാന വനിതാ കമ്മീഷൻ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നിയമനിർമ്മാണത്തിനുള്ള സാധ്യതകൾ പരിശോധിക്കുമോ; വിശദമാക്കാമോ?

(എ-ഡി) വിവാഹ ധൂർത്തും ആർഭാടവും സംബന്ധിച്ച സാമൂഹ്യ പ്രത്യാഘാതങ്ങൾ കേരള വനിത കമ്മീഷൻ വിലയിരുത്തിയിട്ടുണ്ട്. സ്ത്രീധനവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് കേരള വനിത കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ശിപാർശകൾ പരിശോധിച്ചുവരുന്നു.

(ഇ) വിവാഹ ധൂർത്തും ആർഭാടവും സൃഷ്ടിക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ സംബന്ധിച്ച് വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിവാഹ ധൂർത്ത്, ആർഭാട വിവാഹം, സ്ത്രീധനം തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവത്കരണ പ്രവർത്തനങ്ങൾ അച്ചടി, ദൃശ്യ, ശ്രവ്യ, ഓൺലൈൻ, സോഷ്യൽ മാധ്യമങ്ങളിലൂടെ വനിതാ കമ്മീഷൻ നടത്തിവരുന്നു. പത്രപ്പരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് പ്രചാരണം. എൻഡ് ഡൗറി, സകുടുംബം സ്ത്രീധനത്തിനെതിരെ എന്നീ രണ്ട് ക്യാമ്പയിനുകളും കമ്മീഷൻ നടത്തുന്നു.

സോഷ്യൽ മീഡിയയിലൂടെ ഓൺലൈനായി സ്ത്രീധന വിരുദ്ധ പ്രതിജ്ഞ എടുക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീസംരക്ഷണ നിയമങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളും ശിക്ഷയും (കൈപ്പുസ്തകം) എന്നിവ അച്ചടിച്ച് സൗജന്യമായി കമ്മീഷൻ അദാലത്തുകളിൽ പങ്കെടുക്കാനെത്തുന്നവർക്കും മറ്റ് പൊതുജനങ്ങൾക്കും വിതരണം ചെയ്തുവരുന്നു. വനിതാ കമ്മീഷന്റെ തനത് ബോധവത്കരണ പരിപാടികളായ സെമിനാറുകൾ, ജാഗ്രതാസമിതി പരിശീലനം, വിവാഹപൂർവ കൗൺസിലിംഗ്, കലാലയജ്യോതി എന്നിവ വഴിയും സ്ത്രീധനത്തിനെതിരെയും സ്ത്രീ സംരക്ഷണ നിയമങ്ങളെക്കുറിച്ചും നിരന്തരം ക്ലാസുകൾ ഓൺലൈനായടക്കം ചെയ്തുവരുന്നു. ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender awareness campaign സംഘടിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പൊതുസ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുന്നതിനും സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി വിവാഹ മണ്ഡപങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ, പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വനിതാ ശിശു വികസന വകുപ്പുമന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വനിതാ ശിശുവികസന വകുപ്പ് മുഖേന ലഭ്യമാക്കി, ആയത് ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ലിംഗസമത്വം, ലിംഗനീതി, സ്ത്രീസുരക്ഷാ നിയമങ്ങൾ, സ്ത്രീധനത്തിനും വിവാഹധൂർത്തിനും സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾക്കും എതിരായ അവബോധസൃഷ്ടി മുതലായ കാര്യങ്ങൾ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനുള്ള പദ്ധതികൾ**

232 (3967) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളായ ആരോഗ്യകിരണം, താലോലം, കാരുണ്യ, അമ്മയും കുഞ്ഞും തുടങ്ങിയ പദ്ധതികൾ പുന:സംഘടിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ആരോഗ്യകിരണം, താലോലം, കാരുണ്യ, അമ്മയും കുഞ്ഞും പദ്ധതികൾ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ നിലവിലുണ്ട്. ആയത് പുനഃസംഘടിപ്പിച്ചിട്ടില്ല.

**അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം**

233(3968) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെയും സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം നൽകുന്നത്. 27-12-2019-ലെ സ.ഉ.(സാധാ)നമ്പർ 803/2019/സാനീവ പ്രകാരം അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിൽ അങ്കണവാടി വർക്കർക്ക് 12,000 രൂപയും മിനി അങ്കണവാടി വർക്കർക്ക് 11,000 രൂപയും ഹെൽപ്പർക്ക് 8,000 രൂപയുമാണ് നൽകിവരുന്നത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* ബഹു.ധനകാര്യ മന്ത്രി നിയമസഭയിൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 10 വർഷം വരെ സർവ്വീസുള്ള അങ്കണവാടി പ്രവർത്തകർക്ക് 500 രൂപയും 10 വർഷത്തിന് മുകളിൽ സർവ്വീസുള്ളവർക്ക് 1,000 രൂപയും വീതം ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം അവസാനമായി വർദ്ധിപ്പിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ?

അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം കേന്ദ്ര സർക്കാർ 2/2019 ലും സംസ്ഥാന സർക്കാർ 12/2019 -ലുമാണ് അവസാനമായി വർദ്ധിപ്പിച്ചത്.

**തൃശ്ശൂരിലെ ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ**

234(3969) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവജാത ശിശുക്കളിലുണ്ടാകുന്ന വൈകല്യങ്ങൾക്കുള്ള ചികിത്സാ പരിചരണ കേന്ദ്രം (ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ- DEIC) തൃശ്ശൂർ പട്ടണത്തിൽനിന്നും വടക്കാഞ്ചേരിയിലേയ്ക്ക് മാറ്റുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ജില്ലയിലെ 13 അസംബ്ലി മണ്ഡലങ്ങളിലെ ജനങ്ങൾക്കും എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന വിധത്തിൽ തൃശ്ശൂർ ജില്ലാ ആശുപത്രിയോട് ചേർന്ന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക് ഏർലി ഇന്റർവെൻഷൻ സെന്റർ അവിടെ തന്നെ തുടർന്നും പ്രവർത്തിപ്പിക്കുന്നതിനും എല്ലാ താലൂക്കാശുപത്രികളിലും ഏർലി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**തിരുവമ്പാടി മണ്ഡലത്തിലെ അങ്കണവാടികളുടെ വൈദ്യുതീകരണം**

235(3970) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ അങ്കണവാടികളുടെ വൈദ്യുതീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

തിരുവമ്പാടി മണ്ഡലത്തിൽ വൈദ്യുതീകരിക്കാത്ത 5 അങ്കണവാടികളിൽ കാരശ്ശേരി പഞ്ചായത്തിലെ 4 അങ്കണവാടികൾക്ക് വയറിംഗ് ജോലികൾ നടത്തുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ പ്രോജക്ട് പാസ്സാക്കിയിട്ടുണ്ട്. തിരുവമ്പാടി പഞ്ചായത്തിലെ ഒരു അങ്കണവാടിയുടെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് വയറിംഗിനായി പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) വൈദ്യുതീകരണത്തിന്റെ ചെലവ് എങ്ങനെ വഹിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അങ്കണവാടികളുടെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നു.

**പൂഞ്ഞാർ മണ്ഡലത്തിലെ അങ്കണവാടികൾക്ക് കെട്ടിടം**

236(3971) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചുനൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 53 അങ്കണവാടികളിൽ സ്ഥലം ലഭ്യമായ 5 അങ്കണവാടികൾക്ക് വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 48 അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിച്ച് നൽകുന്നതിനാവശ്യമായ ഒരു പദ്ധതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാകുന്ന പക്ഷം വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

**സി.എൻ.ജി. പമ്പുകൾ**

237(3972) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെക്കൻ ജില്ലകളിൽ സി.എൻ.ജി. ഇന്ധനം നിറയ്ക്കുന്നതിനുള്ള പമ്പുകൾ നിലവിലില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സി.എൻ.ജി. പമ്പുകൾ ഇല്ലാത്ത ജില്ലകളിൽ പ്രസ്തുത പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പെട്രോളിയം & നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ അലോട്ട്മെന്റ് പെൻഡിംഗായ ഇടുക്കി, കോട്ടയം, പത്തനംതിട്ട ഒഴികെയുള്ള ജില്ലകളിൽ പ്രസ്തുത പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് സി.എൻ.ജി. പമ്പുകൾ എത്രയുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള 41 സി.എൻ.ജി. പമ്പുകളുടെ വിശദമായ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പൊതുജനങ്ങൾക്ക് സമീകൃതാഹാരം ലഭ്യമാക്കുന്നതിന് നടപടി**

238(3973) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷയുടെ ഭാഗമായി പൊതുജനങ്ങൾക്ക് സമീകൃതാഹാരം ലഭ്യമാക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനായി റേഷൻ കടകൾവഴി കാർഡുടമകൾക്ക് നൽകുന്ന അരിയിൽ അയൺ, ഫോളിക് ആസിഡ്, മറ്റ് വിറ്റാമിനുകൾ എന്നിവ ചേർത്ത് സമ്പുഷ്ടീകരിച്ച് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ ഉച്ചഭക്ഷണത്തിനായി സ്കൂളുകൾക്കും അങ്കണവാടിയിലേയ്ക്കും ഫോർട്ടിഫൈഡ് റൈസ് നല്കുന്നതിനുള്ള നടപടിയും സർക്കാരിന്റെ ആലോചനയിലുണ്ട്. ഫോർട്ടിഫൈഡ് റൈസിന്റെ ഗുണനിലവാര പരിശോധന ടെസ്റ്റ് റിസൾട്ട് വരുന്ന മുറയ്ക്ക് ഫോർട്ടിഫൈഡ് റൈസ് കേരളത്തിൽ വ്യാപകമായി വിതരണം ചെയ്യുന്നതാണ്. സപ്ലൈകോ വഴി സമ്പുഷ്ടീകരിച്ച ആട്ടമാവ് എല്ലാ വിഭാഗം കാർഡുടമകൾക്കും റേഷൻ കടകൾ വഴി വിതരണം നടത്തുന്നുണ്ട്.

(ബി) അരിയും ഗോതമ്പും പോലെയുള്ള ധാന്യങ്ങൾ റേഷൻകട മുഖേന നൽകുന്നതുപോലെ പ്രാധാന്യമർഹിക്കുന്ന പച്ചക്കറികളും പഴങ്ങളും മത്സ്യമാംസാദികളും കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

റേഷൻ കടകൾവഴി കൂടുതൽ ഉൽപ്പന്നങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്ന കാര്യം പരിഗണനയിലാണ്. അതിനായി റേഷൻ കടകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പഴം, പച്ചക്കറി, മാംസം തുടങ്ങിയവ റേഷൻ ഡിപ്പോ വഴി വിതരണം നടത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**സുഭിക്ഷ ഹോട്ടൽ മാതൃകയിൽ കൂടുതൽ സ്ഥാപനങ്ങൾ**

239(3974) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. വി. ജോയി:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഒരു നേരത്തെ ആഹാരമെങ്കിലും കഴിക്കാനില്ലാത്തവർക്കായി വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സുഭിക്ഷ ഹോട്ടൽ

മാതൃകയിൽ കൂടുതൽ സ്ഥാപനങ്ങൾ സമൂഹത്തിലെ നിരാലംബർക്കായും അഗതികൾക്കായും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സുഭിക്ഷ ഹോട്ടലുകൾ സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ്, നെടുമങ്ങാട്. ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി, ചെങ്ങന്നൂർ. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ, മീനച്ചൽ. പാലക്കാട് ജില്ലയിൽ ആലത്തൂർ. തൃശ്ശൂർ ജില്ലയിൽ ചാലക്കുടി, തൃശ്ശൂർ കോർപ്പറേഷൻ, മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്ക് എന്നിവിടങ്ങളിൽ ടി പദ്ധതി നടപ്പിലാക്കാനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു. മറ്റ് നിയോജക മണ്ഡലങ്ങളിലും ടി പദ്ധതി ഉടൻ ആരംഭിക്കുന്നതിന് ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭക്ഷ്യവസ്തുക്കളുടെ പാക്കിംഗിൽ അളവുതൂക്ക വിവരങ്ങൾ**

240(3975) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോർ, റേഷൻകടകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ പാക്കിംഗിൽ അളവ്, ഉല്പാദകന്റെ പേര് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്താറുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; വ്യക്തമാക്കാമോ?

മാവേലി സ്റ്റോറുകൾ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെയും റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ആട്ടയുടെയും പാക്കിംഗിൽ അളവ്, ഉത്പാദകന്റെ പേര് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നുള്ളത് സപ്ലൈകോയുടെ ഗുണനിലവാര ഉദ്യോഗസ്ഥർ തുടങ്ങി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തിയാണ് വിതരണം നടത്തിവരുന്നത്.

(ബി) കിറ്റുകളിലടക്കം വിതരണം ചെയ്യുന്ന പാക്കറ്റുകൾ അളവുതൂക്ക നിയമപ്രകാരം ഇത്തരം നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ?

കിറ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള പായ്ക്കറ്റുകൾ അളവുതൂക്ക നിയമപ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് സപ്ലൈകോയുടെ ഗുണനിലവാര ഉദ്യോഗസ്ഥർ തുടങ്ങി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തിയാണ് വിതരണം നടത്തിവരുന്നത്.

**ചാത്തന്നൂർ താലൂക്ക് സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിന് നടപടി**

241(3976) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് വിഭജിച്ച് കൊല്ലം ആസ്ഥാനമായി സിറ്റി റേഷനിംഗ് ഓഫീസും ചാത്തന്നൂർ ആസ്ഥാനമായി താലൂക്ക് സപ്ലൈ ഓഫീസും ആരംഭിക്കണമെന്ന ദീർഘകാലമായുള്ള ആവശ്യം സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സിറ്റി റേഷനിംഗ് ഓഫീസും താലൂക്ക് സപ്ലൈ ഓഫീസും ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

(എ&ബി) പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്.

**പാചക വാതക വിലവർദ്ധന**

242(3977) ശ്രീ. എം. എം. മണി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക പാചക വാതകത്തിനും വാണിജ്യാവശ്യത്തിനുള്ള പാചക വാതകത്തിനും ഈ വർഷം ജനുവരി ഒന്ന് മുതൽ ഉണ്ടായ ആകെ വിലവർദ്ധനവ് എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

2021 ജനുവരി മുതൽ ഒക്ടോബർ 6 വരെയുള്ള കാലയളവിൽ ഗാർഹികാവശ്യത്തിനുള്ള പാചക വാതകത്തിന്റെ വിലയിൽ 205.50 രൂപയുടെയും വാണിജ്യാവശ്യത്തിനുള്ള പാചകവാതകത്തിന്റെ വിലയിൽ 388.50 രൂപയുടെയും വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) ഗാർഹിക പാചകവാതകത്തിന് ലഭിച്ചിരുന്ന സബ്സിഡി 2021 ജനുവരി മുതൽ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ 2020 മേയ് മുതൽ ഗാർഹികാവശ്യത്തിനുള്ള പാചക വാതകത്തിന് സബ്സിഡി നല്കുന്നില്ല. പ്രസ്തുത തീരുമാനം പുന:പരിശോധിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വാണിജ്യാവശ്യത്തിനുള്ള പാചക വാതക വിലവർദ്ധനയെത്തുടർന്ന് ഹോട്ടലുകൾ ഭക്ഷണത്തിന് ഗണ്യമായ തോതിൽ വില വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഡീസലിന്റെയും പെട്രോളിന്റെയും പാചക വാതകത്തിന്റെയും നിരന്തര വില വർദ്ധനവുമൂലം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ഇന്ധന വില വർദ്ധനവിനെത്തുടർന്ന് കോവിഡ് കാലഘട്ടത്തിൽ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ഹോട്ടലുകളുടെ നിലവാരമനുസരിച്ച് ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം ഹോട്ടലുടമകൾക്ക് ആയതിനാലും വില നിശ്ചയിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ലാത്തതിനാലും ഹോട്ടൽ ഭക്ഷണത്തിന്റെ വില നിശ്ചയിക്കാൻ സർക്കാരിന് അധികാരമില്ല. എന്നാൽ ഹോട്ടലുകൾ ഭക്ഷണവില പ്രദർശിപ്പിക്കുന്നുണ്ടെന്നും അതിൽ കൂടുതൽ ഈടാക്കുന്നില്ലെന്നും ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉറപ്പുവരുത്തുന്നുണ്ട്. പ്രസ്തുത സ്ഥിതിവിശേഷം മനസ്സിലാക്കിക്കൊണ്ടാണ് 20 രൂപ നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാകുന്ന സർക്കാർ നിയന്ത്രണത്തിലുള്ള ഭക്ഷണശാലകൾ വ്യാപകമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

**ഭക്ഷ്യവസ്തുക്കളുടെ സംഭരണം**

243(3978) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യവസ്തുക്കളുടെ സംഭരണത്തിനും സംരക്ഷണത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുയെന്ന് വിശദമാക്കാമോ?

നിലവിൽ ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും സംരക്ഷണവും നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനെയാണ്. എഫ്.സി.ഐ./സി.എം.ആർ. മില്ലുകളിൽ നിന്ന് വിട്ടെടുത്ത ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോയുടെ ഇന്റർമീഡിയറി ഗോഡൗണുകളിൽ സംഭരിച്ചാണ് റേഷൻ കടകളിലേയ്ക്ക് വാതിൽപ്പടി വിതരണം നടത്തുന്നത്. ടി ഇന്റർമീഡിയറി ഗോഡൗണുകൾ സുരക്ഷിതമായി ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിന് പര്യാപ്തമാണ്. അശാസ്ത്രീയമായ ഇന്റർമീഡിയറി ഗോഡൗണുകൾക്ക് പകരമായി ശാസ്ത്രീയ ഗോഡൗണുകൾ കണ്ടെത്തി സുരക്ഷിതമായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

2022-2027 പഞ്ചവത്സര പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നു. ടി പദ്ധതിക്കായി ഏകദേശം 498 കോടി രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. റേഷൻ കടകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും കർഷകരിൽനിന്നും ഭക്ഷ്യയോഗ്യമായ നാണ്യവിളകൾ സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുന്നതിനും ഉദ്ദേശിക്കുന്നു.

## മുൻഗണനാ റേഷൻ കാർഡ് ലഭിച്ചവരിലെ അനർഹരെ ഒഴിവാക്കാൻ നടപടി

244(3979) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻ കാർഡുടമകളാണുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഒക്ടോബർ മാസത്തിലെ എ.ഇ.പി.ഡി.എസ്. കീ രജിസ്റ്റർ പ്രകാരമുള്ള റേഷൻകാർഡുടമകൾ എ.എ.വൈ. - 5,90,188 പി.എച്ച്.എച്ച്. - 33,40,654 എൻ.പി.എസ്. - 24,28,035 എൻ.പി.എൻ.എസ്. - 27,48,272 എൻ.പി.(ഐ) - 25,280 ആകെ - 91,32,429.

(ബി) മുൻഗണനാ റേഷൻ കാർഡുകൾ നൽകുന്നതിനുള്ള മാനദണ്ഡമെന്താണ്; നിലവിൽ മുൻഗണനാ റേഷൻ കാർഡുകൾ ലഭിച്ച അനർഹരെ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ആയതിൻപ്രകാരം എത്ര അനർഹരെയാണ് മുൻഗണനാ വിഭാഗത്തിൽ നിന്നും കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഒഴിവാക്കാൻ കഴിഞ്ഞിട്ടുള്ളത്; വിശദമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗങ്ങളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവരുന്നത്. എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിനായി കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച്. വിഭാഗത്തെ കണ്ടെത്തുന്നതിനായി 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/2017/ഭ.പൊ.വി.വ. പ്രകാരമുള്ള സംസ്ഥാന മാനദണ്ഡങ്ങളും നിലവിലുണ്ട്. പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 15480040 ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള

നടപടികൾ തുടർന്നുവരുന്നു. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ തദ്ദേശസ്വയംഭരണം, മോട്ടോർവാഹനം തുടങ്ങിയ വകുപ്പുകളിൽ നിന്നുള്ള ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിവരുന്നു. എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കിയും ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗത്തിൽപ്പെട്ട കാർഡുകളുടെ അർഹത പുനഃപരിശോധിച്ചും അനർഹരെ കണ്ടെത്തി വരുന്നുണ്ട്. റേഷൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യമില്ലാത്ത കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതം ആറ് മാസകാലയളവിലേയ്ക്ക് ഉപേക്ഷിക്കാവുന്ന Give-UP പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ളവരിൽ എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുടമകൾ ഉണ്ടെങ്കിൽ ടി കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും തുടർന്നുവരുന്നു. ഇതിനുപുറമേ എ.എ.വൈ., മുൻഗണനാ റേഷൻ കാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം നൽകിയത് പ്രകാരം 11587 എ.എ.വൈ. കാർഡുകളും 74,626 പി.എച്ച്.എച്ച്. കാർഡുകളും 55974 എൻ.പി.എസ്. കാർഡുകളും സ്വമേധയാ സറണ്ടർ ചെയ്യുകയുണ്ടായി. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കുന്നതിനായി 9495998223 എന്ന ഫോൺ നമ്പർ പരസ്യപ്പെടുത്തുകയും വിവരം നൽകുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരം രഹസ്യമായി സൂക്ഷിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയശേഷം ഏകദേശം 6.67 ലക്ഷം മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(സി) മുൻഗണനാ റേഷൻ കാർഡ് മാറ്റി നൽകുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകരുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഇനി എത്ര പേർക്കുകൂടി ഇപ്രകാരം റേഷൻ കാർഡ് മാറ്റി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ആയതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

31-7-2021 വരെ എ.എ.വൈ. വിഭാഗത്തിലേയ്ക്ക് 12596 കാർഡുകളും പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്ക് 119866 കാർഡുകളും മാറ്റിയിട്ടുണ്ട്. 1-8-2021 മുതൽ 20-9-2021 വരെ എ.എ.വൈ. വിഭാഗത്തിലേയ്ക്ക് 4500 കാർഡുകളും പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്ക് 33181 കാർഡുകളും മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി നടപടിക്രമം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ മുൻഗണനാ വിഭാഗത്തിലെ ഒഴിവുകൾ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

**റേഷൻ മുൻഗണനാ കാർഡ് അനർഹമായി കൈവശം വച്ചവർ**

245(3980) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി റേഷൻ മുൻഗണനാ കാർഡ് അനർഹമായി കൈവശംവച്ച എത്രപേർ സർക്കാർ നിർദ്ദേശപ്രകാരം തിരിച്ചേൽപ്പിച്ചിട്ടുണ്ട്?

272764 പേർ.

(ബി) ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത നടപടിയിലൂടെ അർഹരായ എത്ര കുടുംബങ്ങളെ റേഷൻ മുൻഗണനാ കാർഡിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

**റേഷൻ കാർഡ് എ.പി.എൽ.-ൽ നിന്നും ബി.പി.എൽ.-ലേയ്ക്ക് തരംമാറ്റുന്നതിലെ കാലതാമസം**

246 (3981) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ്ഗ് താലൂക്ക് സപ്ലൈ ഓഫീസിൽ റേഷൻ കാർഡ് എ.പി.എൽ.-ൽ നിന്നും ബി.പി.എൽ.-ലേയ്ക്ക് മാറ്റി ലഭിക്കുന്നതിനായി അപേക്ഷ നൽകി 6 മാസം കഴിഞ്ഞിട്ടും അർഹതപ്പെട്ടവർക്ക് കാർഡ് മാറ്റി നൽകാൻ കഴിയാതെവന്ന എത്ര അപേക്ഷകളുണ്ടെന്നും ഈ അപേക്ഷകളെന്ന് തീർപ്പാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമായ എല്ലാ അപേക്ഷകളും പരിശോധിച്ച് അർഹമാണെന്ന് കണ്ടെത്തിയ കാർഡുകൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ചികിത്സ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കായി കാൻസർ തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവർക്ക് റേഷൻ കാർഡ് ബി.പി.എൽ. ആക്കി ലഭിക്കുന്നതിന് നിലവിൽ ഉത്തരവുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഗുരുതര ശാരീരിക/മാനസിക വൈകല്യമുള്ളവർ ഉൾപ്പെടുന്ന കുടുംബങ്ങളെ, ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/2017/ഭ.പൊ.വി.വ. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)* പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ട് മുൻഗണനാ വിഭാഗത്തിൽനിന്ന് പുറത്തായിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിത തീരുമാനമെടുക്കുന്നതിന് 27-10-2020-ലെ സ.ഉ. (സാധാ) നമ്പർ 319/2020/ ഭ.പൊ.വി.വ. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)* പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ആനുകൂല്യം ലഭ്യമാക്കുന്നതിന് 'സ്റ്റേറ്റ് പ്രയോറിറ്റി' സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട അടിസ്ഥാന രേഖകൾ

247(3982) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ക്ലേശഘടകങ്ങൾക്ക് നൽകുന്ന 20 മാർക്കിന് 2009-ലെ തദ്ദേശസ്ഥാപനങ്ങളിലെ ബി.പി.എൽ. പട്ടികയാണോ അടിസ്ഥാനം എന്നറിയിക്കാമോ; തദ്ദേശസ്ഥാപനങ്ങൾ സാക്ഷ്യപത്രം അനുവദിച്ചാൽ 2009-ന് ശേഷം ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടവരെയും മേൽ മാനദണ്ഡത്തിൽ പരിഗണിക്കാനാകുമോ; വിശദമാക്കാമോ?

മുൻഗണനാ വിഭാഗത്തിലേയ്ക്ക് ഉൾപ്പെടുത്തുന്നതിനായി ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ 2009-ലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

20 മാർക്ക് നൽകിവരുന്നു. 2009-നുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബി.പി.എൽ. ലിസ്റ്റ് പുതുക്കിയിട്ടില്ലാത്തതിനാൽ അർഹരായ കുടുംബങ്ങളെ നിലവിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഓഫീസ് മേലധികാരിയുടെ സാക്ഷ്യപത്രത്തിന്മേൽ ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ 20 മാർക്ക് അനുവദിക്കുന്നതാണ്.

(ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ബി.പി.എൽ. കുടുംബങ്ങൾ സമർപ്പിക്കേണ്ട അടിസ്ഥാന രേഖകൾ എന്തെല്ലാമാണെന്നും ആയത് അനുവദിക്കേണ്ടത് ഏത് ഉദ്യോഗസ്ഥരാണെന്നും ഓരോ രേഖകൾക്കും നൽകുന്ന വെയിറ്റേജ് മാർക്കുകളും അറിയിക്കാമോ?

ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ അപേക്ഷ നൽകുമ്പോൾ ടി അപേക്ഷയോടൊപ്പം കുടുംബാംഗങ്ങളിലാരെങ്കിലും ഗുരുതര രോഗബാധിതനാണെങ്കിൽ ചികിത്സ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, 2009-ലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള രേഖകൾ, വരുമാന സർട്ടിഫിക്കറ്റ്, പരമ്പരാഗത തൊഴിലുകൾ തെളിയിക്കുന്ന രേഖകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. റേഷനിംഗ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരാണ് മുൻഗണനയിലേയ്ക്ക് മാറ്റുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ക്ലേശ ഘടകങ്ങൾക്ക് മാർക്ക് നൽകുന്നത്. മുപ്പതോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോരിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. ബി.പി.എൽ. ലിസ്റ്റ് സംബന്ധിച്ച 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/2011/ത.സ്വ.ഭ.വ. പ്രകാരമുള്ള സൂചകങ്ങളുടെ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*അടിസ്ഥാനത്തിലാണ് വെയിറ്റേജ് മാർക്ക് നൽകി വരുന്നത്.

(സി) റേഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നതിന് ചുരുങ്ങിയത് എത്ര മാർക്കാണ് ആവശ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ; നിലമ്പൂർ താലൂക്കിൽ ഇത്തരത്തിൽ തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെട്ട എത്ര കുടുംബങ്ങളുണ്ടെന്നും ഇതിൽ എത്ര കുടുംബങ്ങൾക്ക് ഇതുവരെ മുൻഗണനാ കാർഡുകൾ നൽകിയെന്നുമുള്ള വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ക്ലേശ ഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ മുപ്പതോ അതിലധികമോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത്. നിലമ്പൂർ താലൂക്കിലെ മുൻഗണനാ കാർഡുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വികലാംഗർക്ക് ബി.പി.എൽ. ആനുകൂല്യം

248(3983) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർ ദൈനംദിന സഞ്ചാര ആവശ്യങ്ങൾക്കായി നാലുചക്രവാഹനം സ്വന്തമാക്കുന്ന സാഹചര്യത്തിൽ നാലുചക്ര വാഹനമുള്ളതിനാൽ അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ബി.പി.എൽ. ആനുകൂല്യം നിർത്തലാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം നിലനിൽക്കുന്നുണ്ടെങ്കിൽ അത് പരിഹരിച്ച് അവർക്ക് ബി.പി.എൽ. ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം നാലുചക്രവാഹനം സ്വന്തമായുള്ളവർ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ട് മുൻഗണനാ വിഭാഗത്തിൽ നിന്ന് പുറത്തായിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോദ്ധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിത തീരുമാനമെടുക്കുന്നതിന് 27-10-2020-ലെ സ.ഉ. (സാധാ) നമ്പർ 319/2020/ ഭ.പൊ.വി.വ. പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിൽ മുൻഗണനാ കാർഡ് ലഭിച്ചവരുടെ എണ്ണം

249(3984) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ എത്ര മുൻഗണനാ കാർഡുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

15124.

(ബി) അർഹതയില്ലാത്ത എത്രപേർ റേഷൻ കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

7986 കാർഡുകൾ. പ്രസ്തുത കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(സി) അനർഹർ ഇനിയും മുൻഗണനാ കാർഡുകൾ കൈവശം വച്ചിട്ടുണ്ടെങ്കിൽ എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ട്. ഇതിനുപുറമെ 3 മാസം തുടർച്ചയായി ഭക്ഷ്യധാന്യവും സൗജന്യ ഭക്ഷ്യകിറ്റും വാങ്ങാത്ത മുൻഗണനാ റേഷൻ കാർഡുകൾ കണ്ടെത്തി നോട്ടീസ് നൽകിയും നിലവിൽ എ.എ.വൈ., മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള കാർഡുകളുടെ അർഹത പുനഃപരിശോധിച്ചും അനർഹരെ കണ്ടെത്തി പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിവരുന്നു. കൂടാതെ അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നവരെക്കുറിച്ചുള്ള വിവരം പൊതുജനങ്ങൾക്ക് സർക്കാരിനെ അറിയിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) കുന്നംകുളം താലൂക്കിൽ എത്ര പുതിയ മുൻഗണനാ കാർഡുകൾ നൽകാൻ തയ്യാറായിട്ടുണ്ട്?

1012 കാർഡുകൾ.

(ഇ) റേഷൻകട അടിസ്ഥാനത്തിലോ പഞ്ചായത്തടിസ്ഥാനത്തിലോ എത്ര മുൻഗണനാ കാർഡ് നൽകുന്നുയെന്ന വിവരം ലഭ്യമാക്കുമോ?

സംസ്ഥാനതലത്തിൽ ലഭ്യമാകുന്ന മുൻഗണനാ വിഭാഗത്തിലെ ഒഴിവുകൾക്ക് ആനുപാതികമായിട്ടാണ് ഓരോ താലൂക്കിലും ഒഴിവുകൾ അനുവദിക്കുന്നത്. പഞ്ചായത്ത്/റേഷൻ കട അടിസ്ഥാനത്തിൽ ഒഴിവുകൾ അനുവദിക്കുന്നില്ല.

## ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തിയവരുടെ എണ്ണം

250(3985) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ എത്രപേരെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തിയെന്ന് അറിയിക്കാമോ?

2151 കാർഡുകൾ. (238 എ.എ.വൈ. കാർഡുകൾ + 1913 പി.എച്ച്.എച്ച്. കാർഡുകൾ)

(ബി) എത്ര റേഷൻ കാർഡുകളാണ് ബി.പി.എൽ. പട്ടികയിൽനിന്നും ഒഴിവാക്കപ്പെട്ടതെന്ന് അറിയിക്കാമോ?

1121 കാർഡുകൾ.

(സി) ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിരുന്ന അനർഹരെ കണ്ടെത്തി ഒഴിവാക്കുമ്പോൾ അവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. മുൻഗണനാ കാർഡുകൾ അനർഹമായി കൈവശം വച്ച കാലയളവിൽ കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വില പിഴയായി ഈടാക്കിവരുന്നുണ്ട്. ടി വകയിൽ 25,194 രൂപ ഈടാക്കിയിട്ടുണ്ട്. സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച്, മുൻഗണനാ കാർഡുകൾ സറണ്ടർ ചെയ്ത കാലയളവിൽ പിഴയോ ശിക്ഷയോ ഏർപ്പെടുത്തിയിട്ടില്ല.

**അനർഹർ കൈവശം വച്ചിരുന്ന മുൻഗണനാ റേഷൻകാർഡുകൾ**

251(3986) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ അനർഹർ കൈവശം വച്ചിരുന്ന എത്ര അന്ത്യോദയ അന്നയോജന (മഞ്ഞ), മുൻഗണന (പിങ്ക്) റേഷൻ കാർഡുകൾ പൊതുവിഭാഗം കാർഡുകളായി മാറ്റിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 10-10-2021 വരെ സ്വമേധയായും കൃത്യമായ പരിശോധനകളിലൂടെയും അനർഹമായി കൈവശം വച്ചിരുന്ന 12868 എ.എ.വൈ. കാർഡുകളും 78598 പി.എച്ച്.എച്ച്. കാർഡുകളും പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ബി) പൊതുവിഭാഗം സബ്സിഡി (നീല കാർഡ്) റേഷൻ കാർഡുകൾ കൈവശം വച്ചിരിക്കുന്ന അനർഹരിൽനിന്നും തിരിച്ചെടുത്ത് അർഹരായവർക്ക് നൽകുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനർഹമായി കൈവശം വച്ചിരുന്ന 49807 പൊതുവിഭാഗം സബ്സിഡി കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ അർഹരായവരെ കണ്ടെത്തി ഉൾപ്പെടുത്തിവരുന്നു.

**മുൻഗണനാ റേഷൻ കാർഡിൽനിന്നും ഒഴിഞ്ഞുപോയവരുടെ എണ്ണം**

252(3987) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി അനർഹരായ എത്രപേർ മുൻഗണനാ റേഷൻകാർഡിൽനിന്നും സ്വമേധയാ ഒഴിഞ്ഞുപോയിട്ടുണ്ടെന്ന് അറിയിക്കാമോ?

837 റേഷൻ കാർഡുടമകൾ.

(ബി) ഇനിയും ഇത്തരത്തിൽ മുൻഗണനാ റേഷൻകാർഡിൽനിന്നും ഒഴിവാക്കപ്പെടേണ്ട എത്രപേർ ഉണ്ടെന്നുള്ള കൃത്യമായ വിവരം ശേഖരിച്ചിട്ടുണ്ടോ; പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ വിവിധതലങ്ങളിലുള്ള പരിശോധനകളിലൂടെ മാത്രമേ അനർഹരെ കണ്ടെത്താൻ സാധിക്കുകയുള്ളൂ.

(സി) പാറശ്ശാല മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡാക്കി മാറ്റണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ എത്രയാണ്; അപേക്ഷകരുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

4054 അപേക്ഷകൾ. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| പഞ്ചായത്തുകളുടെ പേര് | അപേക്ഷകളുടെ എണ്ണം |
|---|---|
| പാറശ്ശാല | 935 |
| കുന്നത്തുകാൽ | 633 |
| കൊല്ലയിൽ | 520 |
| വെള്ളറട | 530 |
| പെരുങ്കടവിള | 424 |
| അമ്പൂരി | 264 |
| കള്ളിക്കാട് | 118 |
| ഒറ്റശേഖരമംഗലം | 412 |
| ആര്യങ്കോട് | 218 |
| ആകെ | 4054 |

(ഡി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത അപേക്ഷകളിൽ നിന്നും ഇതുവരെ കള്ളിക്കാട് – 81, ആര്യങ്കോട്– 185, ഒറ്റശേഖരമംഗലം – 69, അമ്പൂരി – 130 കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള പഞ്ചായത്തുകളിൽനിന്നും അർഹരായ 1135 അപേക്ഷകരെ ഇനി വരുന്ന ഒഴിവുകളിലേയ്ക്ക് പരിഗണിക്കുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കിവരുന്നു.

**പുതുതായി റേഷൻ കടകൾ ആരംഭിക്കാൻ നടപടി**

253(3988) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി റേഷൻ കടകൾ ആരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ടോയെന്ന് അറിയിക്കാമോ;

(ബി) മലബാർ മേഖലയിൽ ജനസംഖ്യാനുപാതികമായി റേഷൻ കടകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് പരിഗണനാർഹമാണെങ്കിൽ ആയതിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കുട്ടനാട്ടിലെ റദ്ദായ റേഷൻ കടകൾ പുനഃസ്ഥാപിക്കാൻ നടപടി**

254(3989) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ റദ്ദായ മുഴുവൻ റേഷൻകടകളും പുനഃസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

KTPDS (Control) Order, 2021 നിലവിൽ വന്ന സാഹചര്യത്തിൽ സ്ഥിരമായി റദ്ദ് ചെയ്യുന്നതും നടപടികൾ പൂർത്തീകരിച്ചതിനുശേഷം അറ്റാച്ച് ചെയ്യുന്നതുമായ കടകളുടെ സ്ഥിരം ലൈസൻസി നിയമനത്തിനായി സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൊതുവിതരണ ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(ബി) കുട്ടനാട്ടിലെ റേഷൻകടകൾവഴി കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

എ.എ.വൈ. ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗത്തിന് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കും പ്രകാരമുള്ള അളവിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ മുൻഗണനേതര വിഭാഗത്തിന് നൽകുന്നതിനുള്ള ധാന്യവിഹിതം പരിമിതമാണ്. സംസ്ഥാനത്തിനുള്ള ഭക്ഷ്യ വിഹിതം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തെ സമീപിച്ചിരുന്നെങ്കിലും അനുകൂല നടപടിയുണ്ടായിട്ടില്ല. കേരളത്തിലുണ്ടായ കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ 50,000 മെട്രിക് ടൺ അരി കൂടുതലായി അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി കേന്ദ്രമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ അനുകൂലമായ തീരുമാനമുണ്ടായതായി അറിയുന്നു. എന്നാൽ കോവിഡ്-19 മഹാമാരിക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2020 ഏപ്രിൽ മുതൽ നവംബർ വരെയും 2021 മെയ് മുതൽ നവംബർ വരെയും ആളൊന്നിന് 5 കി.ഗ്രാം എന്ന തോതിൽ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന മുഖേന, മുൻഗണനാ വിഭാഗങ്ങൾക്ക് ലഭ്യമാക്കിയ ഭക്ഷ്യധാന്യങ്ങൾ സമയബന്ധിതമായി വിട്ടെടുത്ത് വിതരണം ചെയ്തു വരികയാണ്. കൂടാതെ അലോട്ട്മെന്റ് കുറവുള്ള പൊതുവിഭാഗത്തിലെ കാർഡുകൾക്ക് കൂടുതൽ ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിനായി കി.ഗ്രാമിന് 20 മുതൽ 22.50 രൂപ വരെയുള്ള നിരക്കുകളിൽ എഫ്.സി.ഐ.-യിൽ നിന്ന് അരി ലഭ്യമാക്കി, 2020 ഏപ്രിൽ മാസത്തിൽ സൗജന്യമായും പിന്നീടുള്ള വിവിധ മാസങ്ങളിൽ കിലോഗ്രാമിന് 15 രൂപ നിരക്കിലും വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ ടൈഡ് ഓവർ നിരക്കിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് വർദ്ധിപ്പിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രം പരിഗണിക്കുന്ന മുറയ്ക്ക് പൊതുവിഭാഗത്തിലെ കാർഡുകൾക്ക് കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതാണ്.

**പുതിയ റേഷൻകടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

255(3990) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ പുതിയ റേഷൻകടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

പുതിയതായി റേഷൻകട അനുവദിക്കുന്നത് ആ പ്രദേശത്ത് കടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, ആ കടയിൽ വരാനുള്ള കാർഡുകളുടെ എണ്ണം എന്നിവ പരിഗണിച്ചാണ്. ചുറ്റുപാടുമുള്ള എ.ആർ.ഡി. കളുടെ വരുമാനത്തെ ബാധിക്കാതെ കുറഞ്ഞത് 400 കാർഡെങ്കിലും പുതിയ കടയിൽ ഉണ്ടാകണം.

(ബി) പുതിയ റേഷൻകടകൾ അനുവദിക്കുമ്പോൾ സ്ത്രീകൾക്ക് പ്രത്യേക പരിഗണനയുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 പ്രകാരം റേഷൻ കട ലൈസൻസി നിയമനങ്ങളിൽ സ്ത്രീകൾക്ക് 20% സംവരണം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### മാനന്തവാടി മണ്ഡലത്തിലെ മാവേലിസ്റ്റോറുകൾ

256(3991) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ ആകെ എത്ര മാവേലി സ്റ്റോറുകളാണ് പ്രവർത്തിച്ചുവരുന്നത്; വ്യക്തമാക്കാമോ?

6 മാവേലി സ്റ്റോറുകൾ, 3 സൂപ്പർ മാർക്കറ്റുകൾ, 1 മൊബൈൽ മാവേലി സ്റ്റോർ എന്നിവ ഉൾപ്പെടെ ആകെ പത്ത് വിൽപ്പനശാലകൾ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത മാവേലി സ്റ്റോറുകളിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്നും എത്ര താൽക്കാലിക ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ?

12 സ്ഥിരം ജീവനക്കാരും 39 താൽക്കാലിക ജീവനക്കാരും നിലവിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്.

(സി) ഓരോ മാവേലി സ്റ്റോറിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം തരംതിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

### സഞ്ചരിക്കുന്ന നിത്യോപയോഗ വിൽപ്പനശാലകൾ

257(3992) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര സഞ്ചരിക്കുന്ന നിത്യോപയോഗ സാധന വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ?

21 മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സഞ്ചരിക്കുന്ന നിത്യോപയോഗ സാധന വിൽപ്പനകേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് മൊബൈൽ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. വിൽപ്പനശാലകൾക്കാവശ്യമായ കെട്ടിട സൗകര്യം ലഭ്യമല്ലാത്ത മേഖലകളിലും പുതിയ വിൽപ്പനശാലകൾ ആരംഭിക്കുന്നത്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തന നഷ്ടം ഉണ്ടാകാൻ ഇടയുള്ള വിപണന സാധ്യത കുറഞ്ഞ മേഖലകളിലും നിലവിൽ സഞ്ചരിക്കുന്ന നിത്യോപയോഗ സാധന വിൽപ്പന കേന്ദ്രങ്ങളായ മൊബൈൽ മാവേലി സ്റ്റോറുകൾ സേവനം അനുവദിച്ചു വരുന്നുണ്ട്.

(സി) മണലൂർ മണ്ഡലത്തിൽ എത്ര സഞ്ചരിക്കുന്ന വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ പ്രവർത്തിക്കുന്നില്ല. ബന്ധപ്പെട്ടവർ ആവശ്യപ്പെടുന്നപക്ഷം പരിശോധിക്കുന്നതാണ്.

## മാവേലി സ്റ്റോറുകളുടെ പ്രവർത്തനം

258(3993) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകൾ കൂടുതൽ ജനപ്രിയമാക്കി കൂടുതൽ വരുമാനം ഉണ്ടാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

നിലവിലെ മാവേലി സ്റ്റോറുകൾ വിപണന സാധ്യതയും സ്ഥല ലഭ്യതയും പരിഗണിച്ച് സപ്ലൈകോ സൂപ്പർ സ്റ്റോറുകളായോ സൂപ്പർ മാർക്കറ്റുകളായോ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിപണന സാധ്യതയുള്ള പ്രദേശങ്ങളിൽ കുറഞ്ഞത് 700 ച.അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിട സൗകര്യം വാടക രഹിതമായോ/വാടക ഇളവിലോ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ സാധ്യതാപഠനം നടത്തിയും ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യം കൂടി ഏർപ്പെടുത്തിക്കൊണ്ടും മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായും കുറഞ്ഞത് 1500 ച.അടി സ്ഥല സൗകര്യം ലഭിക്കുന്ന മുറയ്ക്ക് വിപണന സാധ്യതയുടെ അടിസ്ഥാനത്തിൽ ആധുനികമായ ഉപഭോക്തൃ സൗഹൃദ സംവിധാനങ്ങൾകൂടി ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തി സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും മാവേലിസ്റ്റോറുകൾ ഉൾപ്പെടെയുള്ള വില്പനശാലകൾവഴി വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലൈയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം

പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധനാ സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ കോന്നിയിലുള്ള CFRD FQM ലാബ്, Regional Analytical Lab, മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള വില്പനശാലകൾവഴി വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുമുണ്ട്. കോർപ്പറേഷൻ മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള വില്പനശാലകൾവഴി വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള സപ്ലൈകോ വില്പനശാലകളിൽനിന്ന് ഏകദേശം 20-ഓളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD-യിൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണ സംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ Barring from Supplies, Penalty അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു. കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുന്നതിനുള്ള കർശന നടപടികൾ സപ്ലൈകോ എടുത്തുവരുന്നു. മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള വില്പനശാലകളിലെ കാലാവധി കഴിഞ്ഞ ഉല്പന്നങ്ങൾ Food Safety Standards Act പ്രകാരം “ വില്പനക്കുള്ളതല്ല” എന്ന ബോർഡ് തൂക്കി പ്രസ്തുത ഉത്പന്നങ്ങൾ പ്രത്യേകം സൂക്ഷിക്കുകയും ആയത് സപ്ലൈയറിൽ നിന്നും മാറ്റി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുമുണ്ട്.

(സി) മാവേലി സ്റ്റോറുകളിൽ കാലാവധി കഴിഞ്ഞ ഉത്പന്നങ്ങൾ വിതരണം ചെയ്യാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

മാവേലിസ്റ്റോറുകൾ ഉൾപ്പെടെയുള്ള വില്പനശാലകളിലെ കാലാവധി കഴിഞ്ഞ ഉല്പന്നങ്ങൾ Food Safety Standards Act പ്രകാരം “ വില്പനക്കുള്ളതല്ല” എന്ന ബോർഡ് തൂക്കി പ്രസ്തുത ഉത്പന്നങ്ങൾ പ്രത്യേകം സൂക്ഷിക്കുകയും ആയത് സപ്ലൈയറിൽ നിന്നും മാറ്റി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുമുണ്ട്.

## നാദാപുരം മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ

259(3994) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കായക്കൊടി, ചെക്യാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ പുതുതായി മാവേലി സ്റ്റോറുകൾ അനുവദിക്കാൻ സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) മേൽ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താമോ ?

(എ&ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നതിനാൽ രണ്ടാമത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ പ്രൊപ്പോസലുകൾ, നിബന്ധനകൾ അനുസരിച്ചുള്ള വാടകരഹിത കെട്ടിടം, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് വേണ്ടിയുള്ള ഒരുലക്ഷം രൂപ എന്നിവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അതാത് പഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ട്. അത് പ്രകാരം ആവശ്യമായ കെട്ടിട സൗകര്യം പഞ്ചായത്ത് കണ്ടെത്തി നൽകുന്ന മുറയ്ക്ക് വിപണന സാധ്യതയും ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് പ്രവർത്തന നഷ്ടം ഉണ്ടാകില്ലെന്നത് ഉറപ്പുവരുത്തിയുമാണ് പുതിയ സപ്ലൈകോ വിൽപ്പനശാലകൾ അനുവദിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുവിതരണ വകുപ്പിൽനിന്നും സപ്ലൈകോയിലേയ്ക്കുള്ള അന്യത്രസേവനം

260(3995) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണവകുപ്പിൽ നിന്ന് സപ്ലൈകോയിലേയ്ക്കുള്ള അന്യത്രസേവനത്തിനായി 1290 തസ്തികകൾ സൃഷ്ടിച്ചിരുന്നതിൽ നിലവിൽ എത്ര തസ്തികകളിലേയ്ക്കാണ് ഡെപ്യൂട്ടേഷൻ നൽകിവരുന്നതെന്ന് വിശദമാക്കാമോ; തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കാമോ?

നിലവിൽ 1052 തസ്തികകളിലേയ്ക്കാണ് ഡെപ്യൂട്ടേഷൻ നൽകിവരുന്നത്. തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | എണ്ണം |
|---|---|
| ക്ലാർക്ക് | 256 |
| സീനിയർ ക്ലാർക്ക് | 215 |
| ഹെഡ് ക്ലാർക്ക്/റേഷനിംഗ് ഇൻസ്പെക്ടർ | 403 |
| ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ | 80 |
| സീനിയർ സൂപ്രണ്ട്/താലൂക്ക് സപ്ലൈ ഓഫീസർ | 74 |
| ജില്ലാ സപ്ലൈ ഓഫീസർ | 7 |
| റേഷനിംഗ് കൺട്രോളർ | 1 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 8 |
| ടൈപ്പിസ്റ്റ് | 8 |
| ആകെ | 1052 |

(ബി) എൽ.ഡി.സി., യു.ഡി.സി., എച്ച്.സി. എന്നീ തസ്തികകളിൽനിന്ന് സപ്ലൈകോയിലേയ്ക്കുള്ള അന്യത്രസേവനം 10% വീതം ഓരോ വർഷവും കുറച്ചതുവഴി ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരുടെ കുറവാണുണ്ടായിട്ടുള്ളത്; നിലവിലുണ്ടായിരുന്ന തസ്തികകളുടെ എണ്ണവും കുറവ് വന്ന തസ്തികകളുടെ എണ്ണവും തരംതിരിച്ച് വ്യക്തമാക്കാമോ?

ക്ലാർക്ക് തസ്തികയിൽ 108, സീനിയർ ക്ലാർക്ക് തസ്തികയിൽ 90, ഹെഡ് ക്ലാർക്ക് തസ്തികയിൽ 40 വീതം ജീവനക്കാരുടെ കുറവ് വന്നിട്ടുണ്ട്. നിലവിലുണ്ടായിരുന്ന തസ്തികകളുടെ എണ്ണവും കുറവ് വന്ന തസ്തികകളുടെ എണ്ണവും തരം തിരിച്ച് ചുവടെ ചേർക്കുന്നു:

| തസ്തിക | നിലവിലുണ്ടായിരുന്ന തസ്തികകളുടെ എണ്ണം | കുറവ് വന്ന തസ്തികകളുടെ എണ്ണം |
|---|---|---|
| ക്ലാർക്ക് | 364 | 108 |
| സീനിയർ ക്ലാർക്ക് | 305 | 90 |
| ഹെഡ് ക്ലാർക്ക് | 403 | 40 |

(സി) ഓരോ വർഷവും അന്യത്രസേവനം 10% കുറയ്ക്കുമ്പോൾ ഈ തസ്തികകളിൽ വകുപ്പകളിൽ അധികം വരുന്ന ജീവനക്കാരെ (ഡെപ്യൂട്ടേഷൻ കഴിഞ്ഞ് തിരികെ വരുന്നവരുൾപ്പെടെ) എങ്ങനെ നിലനിർത്താൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; പരിഹാരമാർഗ്ഗം ആലോചിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സപ്ലൈകോയിൽ നിന്ന് ഡെപ്യൂട്ടേഷൻ കഴിഞ്ഞ് വരുന്ന ജീവനക്കാരെ റിട്ടയർമെന്റ്, പ്രൊമോഷൻ കൂടാതെ വകുപ്പിൽ നിന്ന് വിട്ടുതൽ ചെയ്ത് പോകുന്ന ഒഴിവുകളിലേയ്ക്ക് നിയമിച്ചാണ് നിലവിൽ സർക്കാർ ഉത്തരവ് നടപ്പിലാക്കി വരുന്നത്.

(ഡി) സപ്ലൈകോയിലേയ്ക്കുള്ള അന്യത്രസേവനം 10% വെട്ടിക്കുറച്ച നാൾ മുതൽ വകുപ്പിൽ പി.എസ്.സി. മുഖേനയുള്ള എൽ.ഡി. ക്ലാർക്കുമാരുടെ നിയമനങ്ങളിലെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതുതായി എത്ര നിയമനങ്ങളാണ് പ്രസ്തുത കാലയളവിൽ വകുപ്പിൽ നടന്നിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉണ്ട്. 253 നിയമനങ്ങൾ പ്രസ്തുത കാലയളവിൽ വകുപ്പിൽ നടന്നിട്ടുണ്ട്. അതിൽ 38 NJD ആയിട്ടുണ്ട്.

(ഇ) സപ്ലൈകോയിലെ കൂടുതൽ ഉന്നത തസ്തികകളിലേയ്ക്കുള്ള അന്യത്രസേവനം വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**നെല്ല് സംഭരണത്തിന് പുതിയ നിബന്ധനകൾ**

261(3996) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പ് മുഖേനയുള്ള നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് പുതിയ നിബന്ധനകൾ എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

2020-21 സീസണിലെ പൊതുനിബന്ധനകളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി പരിഷ്കരിച്ച് 2021-22 സീസണിലേയ്ക്കായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2020-21 സീസണിലേയും 2021-22 സീസണിലേയും പൊതുനിബന്ധനകൾ അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഭൂമി പാട്ടത്തിനെടുത്ത് നെൽകൃഷി ചെയ്യുന്ന കർഷകർ ഭൂവുടമയുടെ സമ്മതപത്രത്തിന് പകരം കരമടച്ച രസീത് ഹാജരാക്കണമെന്ന നിബന്ധനയുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. കർഷകർ കൃഷി ചെയ്യുന്നുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നത് ബന്ധപ്പെട്ട കൃഷി ഓഫീസറാണ്. ഓൺലൈൻ മുഖേനയാണ് ഇത്തരം സാക്ഷ്യപ്പെടുത്തൽ നടത്തുന്നത്.

(സി) പാട്ടകൃഷി നടത്തുന്നവർക്ക് ഭൂവുടമയിൽനിന്നും കരമടച്ച രസീത് ഹാജരാക്കേണ്ടി വരുന്നത് പ്രയാസം സൃഷ്ടിക്കാനിടയുള്ളതിനാൽ ഇപ്രകാരം നിബന്ധനയുള്ളപക്ഷം ആയത് ഒഴിവാക്കി മുമ്പ് അനുവർത്തിച്ചിരുന്ന രീതിയിൽ ഭൂവുടമയുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ നെല്ല് സംഭരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

പാട്ടകൃഷി നടത്തുന്നവർക്ക് ഭൂവുടമയിൽനിന്നും കരം അടച്ച രസീത് ഹാജരാക്കണമെന്ന നിബന്ധന നിഷ്കർഷിച്ചിട്ടില്ല. കൂടാതെ 2021-22 സീസണിലെ നെല്ല് സംഭരണത്തിനായുള്ള നിബന്ധനയിലും ഭൂവുടമയുടെ സമ്മതപത്രം ആവശ്യപ്പെടുന്നില്ല. ഇതുമായി ബന്ധപ്പെട്ട് കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തലുകൾ മാത്രമേ നെല്ല് സംഭരണത്തിൽ അവലംബിക്കുന്നുള്ളൂ.

## കാസർഗോഡ് ജില്ലയിൽ നെൽകർഷകർക്ക് നൽകാനുള്ള തുക

262 (3997) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് ഇനിയും എത്ര രൂപ നൽകാനുണ്ടെന്നും ഈ തുക എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

2020-21 സീസണിൽ നെല്ല് സംഭരിച്ച വകയിൽ 641 കർഷകർക്ക് നൽകാനുണ്ടായിരുന്ന 2,77,01,516 രൂപ കർഷകരുടെ ബാങ്ക് അക്കൗണ്ട് മുഖേന നൽകിയിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം

263(3998) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ നെല്ല് സംഭരണം കുറ്റമറ്റതാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പാടശേഖരങ്ങളിൽ വിളവ് കൂടുകയാണെങ്കിൽ കൂടിയ നെല്ല് സംഭരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നടപ്പുവർഷത്തെ നെല്ല് സംഭരണം ഊർജ്ജിതമാക്കുന്നതിന് നെല്ല് സംഭരണത്തിൽ വലിയ പ്രാതിനിധ്യമുള്ള പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ വിളിച്ചുചേർത്ത് നെല്ല് സംഭരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2021-22 സീസണിൽ ഇതുവരെ 54 മില്ലുകൾ സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ടി ജില്ലയിലേയ്ക്ക് 20 പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാരെ താൽക്കാലികമായി നിയമിക്കുകയും കൃഷി വകുപ്പിൽനിന്നും 20 കൃഷി അസിസ്റ്റന്റുമാരെ പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാരായി നിയമിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയും ചെയ്യുന്നു. 2021-22 സീസണിലെ നെല്ല് സംഭരണത്തിനായുള്ള ഓൺലൈൻ കർഷക രജിസ്ട്രേഷൻ നടപടികൾ 16-8-2021 മുതൽ തുടങ്ങുകയും നെല്ല് സംഭരണം 1-9-2021 തീയതി മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നെല്ല് സംഭരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പാടത്ത് കൊയ്ത്ത് ആരംഭിച്ചാൽ ഉടൻതന്നെ നെല്ല് സംഭരിക്കുന്നതിനുള്ള മിൽ അനുവദിക്കുകയും സംഭരണത്തിന് തയ്യാറായ നെല്ല് പരിശോധിച്ച് തൊട്ടടുത്ത ദിവസം തന്നെ സംഭരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കർഷകർക്ക് നെല്ല് നിറയ്ക്കുന്നതിനുള്ള ചാക്കുകൾ യഥാസമയം വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പാടശേഖരങ്ങളിൽ വിളവ് കൂടുകയാണെങ്കിൽ ബന്ധപ്പെട്ട കൃഷി ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന അധിക നെല്ല് സംഭരിക്കുന്നതാണ്.

## ഡ്രൈവർമാരുടെ സ്പെഷ്യൽ അലവൻസ്

264(3999) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവർമാർക്ക് അനുവദിച്ചിട്ടുള്ള സ്പെഷ്യൽ അലവൻസ് സിവിൽ സപ്ലൈസ് വകുപ്പിൽ നിർത്തലാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ പ്രകാരം മറ്റെല്ലാ വകുപ്പുകളിലും ഇരുന്നൂറ്റി ഇരുപത് രൂപ ഓരോ മാസവും ഡ്രൈവർമാർക്ക് സ്പെഷ്യൽ അലവൻസ് ലഭിക്കുമ്പോൾ സിവിൽ സപ്ലൈസ് വകുപ്പിൽ മാത്രം 2021 ജൂലൈ മാസം മുതൽ ആയത് നിർത്തലാക്കാനുള്ള സാഹചര്യം എന്താണ്; വിശദീകരിക്കാമോ?

400 രൂപ സ്പെഷ്യൽ അലവൻസ് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ഡ്രൈവറുടെ അപേക്ഷ നിരസിച്ചുത്തരവായപ്പോൾ നിർദ്ദേശം നൽകിയതിലെ ആശയക്കുഴപ്പം നിമിത്തമാണ് ഇത്തരത്തിൽ സംഭവിച്ചത്.

(സി) ഡ്രൈവർമാരുടെ സ്പെഷ്യൽ അലവൻസ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഡ്രൈവർമാരുടെ 220 രൂപ സ്പെഷ്യൽ അലവൻസ് പുനഃസ്ഥാപിച്ച് നൽകുന്നതിന് പൊതുവിതരണ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുടുംബശ്രീയുടെ കീഴിലെ സഹായ ഗ്രൂപ്പുകൾ**

265(4000) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിൽ പതിനെട്ട് മുതൽ നാൽപത് വയസ്സുവരെയുള്ള യുവതികൾ അംഗങ്ങളായ ഓക്സിലറി (സഹായ) ഗ്രൂപ്പുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. യുവതികളുടെ പ്രാതിനിധ്യം കുടുംബശ്രീയിൽ ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ വാർഡുതലങ്ങളിൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനായി 2-10-2021-ലെ സ.ഉ. (സാധാ) നമ്പർ 1894/2021/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പദ്ധതി രേഖയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജില്ലകൾക്ക് നൽകുകയും ഓക്സിലറി ഗ്രൂപ്പിന്റെ രൂപീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. അസമത്വം നേരിടുന്ന സ്ത്രീകളുടെ സാമൂഹിക ശാക്തീകരണംകൂടി ലക്ഷ്യമിട്ടുകൊണ്ടാണ് പുതുതായി 18 മുതൽ 40 വയസ്സുവരെയുള്ള യുവതികളുടെ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ഗ്രൂപ്പുകൾ മുഖേന നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടലുകൾ ചുവടെ ചേർക്കുന്നു:-

➢ സ്ത്രീശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക വികസനത്തിനും അതുവഴി സാമൂഹ്യ ഉന്നമനത്തിനുമുതകുന്ന അവസരങ്ങൾ ലഭ്യമാകുന്നു.

➢ സ്ത്രീധനം, ഗാർഹിക പീഡനങ്ങൾ തുടങ്ങി സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള ഒരു പൊതു വേദിയായി പ്രസ്തുത ഗ്രൂപ്പുകൾ വഴി യുവതികളെ ശാക്തീകരിക്കുക.

➢ സ്ത്രീകളുടെ കാര്യശേഷിയും സാമൂഹിക ഇടപെടൽശേഷിയും വർദ്ധിപ്പിക്കുന്നതിനും അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കുന്നതിനും സാമൂഹിക വിഷയങ്ങളിൽ ഇടപെടുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള വേദിയൊരുക്കുക.

➢ അഭ്യസ്തവിദ്യരായ സ്ത്രീകളുടെ മാനവശേഷി ഫലപ്രദമായി ഉപയോഗിച്ച് സാമ്പത്തികവും വ്യക്തിപരവുമായ പുരോഗതി കൈവരിച്ചുകൊണ്ട് സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

➢ വരുമാനദായക പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവും അവസരങ്ങളും കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെന്നപോലെ അയൽക്കൂട്ടാംഗമല്ലാത്തവർക്കും ലഭ്യമാക്കി ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുംവേണ്ടി പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുന്ന യുവതികളുടെ കൂട്ടായ്മ വളർത്തുക.

➢ സർഗ്ഗശേഷി വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പൊതുയിടങ്ങൾ സൃഷ്ടിക്കുക.

➢ സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ പഞ്ചായത്തുതലം മുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അവതരിപ്പിക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള ഗ്രൂപ്പുകളായി പ്രവർത്തിക്കുക.

➢ ഗ്രൂപ്പുകളിൽനിന്നും സമാന സ്വഭാവമുള്ള കൺസോർഷ്യങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടത്തുക.

**അനുമതി ലഭിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ നടപടി**

266 (4001) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017 മേയ് 31-ന് മുമ്പ് നിർമ്മിച്ച സാങ്കേതികമായി അനുമതി ലഭിക്കാത്ത കെട്ടിടങ്ങൾ നിയമപരമായി ക്രമവൽക്കരിക്കുന്നതിനായുള്ള G.O.(P).No.12/2018/LSGD. നമ്പർ ഉത്തരവിന്റെ കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ?

G.O.(P).No.12/2018/LSGD. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് 2017 മേയ് 31-ന് മുമ്പ് നിർമ്മിച്ച സാങ്കേതികാനുമതി ലഭിക്കാത്ത കെട്ടിടങ്ങൾ നിയമപരമായി ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള

സമയപരിധി 30-9-2021 വരെ ദീർഘിപ്പിച്ചുകൊണ്ട് 2021-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (അനധികൃത നിർമ്മാണം ക്രമവത്ക്കരണം) 2-ാം ഭേദഗതി ചട്ടങ്ങൾ 16-8-2021-ലെ G.O.(P)No.40/2021/LSGD ആയി പുറപ്പെടുവിച്ചിട്ടുണ്ട്. കാലാവധി വീണ്ടും നീട്ടുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) 2018 ഡിസംബർ 31 വരെയുള്ള കാലയളവിൽ നിർമ്മിച്ച നമ്പർ കിട്ടാത്ത കെട്ടിടങ്ങളെ കൂടി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി റെഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

2018 ഡിസംബർ 31 വരെയുള്ള കാലയളവിൽ നിർമ്മിച്ച കെട്ടിടങ്ങളെ ക്രമവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235 (എ) (ബി) ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലാണ്.

**തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണം**

267(4002) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണംവഴി നിലവിലെ നിർവ്വഹണോദ്യോഗസ്ഥരുടെ വകുപ്പുതല അധികാരശ്രേണിയിൽ മാറ്റം വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് തരത്തിലാണെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് 17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തലവൻ പ്രിൻസിപ്പൽ ഡയറക്ടറായിരിക്കുന്നതാണ്. നിലവിലുള്ള ഗ്രാമവികസനം, പഞ്ചായത്ത്, നഗരകാര്യം എന്നീ മൂന്ന് വകുപ്പുകൾ സംയോജിപ്പിച്ച് റൂറൽ, അർബൻ എന്നീ രണ്ട് വിംഗുകൾ രൂപീകരിക്കുകയും ഗ്രാമവികസന കമ്മീഷണർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർക്ക് പകരം എൽ.എസ്.ജി.ഡി.(റൂറൽ) ഡയറക്ടർ, എൽ.എസ്.ജി.ഡി.(അർബൻ) ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടർ എന്നീ തസ്തികകൾ നിലവിൽ വരുന്നതുമാണ്. നിലവിലുള്ള എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ചുമതലയിൽ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് എന്ന് മാറുന്നതാണ്. നിലവിലുള്ള നഗര ഗ്രാമാസൂത്രണ വകുപ്പ് ചീഫ് ടൗൺപ്ലാനറുടെ ചുമതലയിൽ പ്ലാനിംഗ് വിംഗായി മാറുന്നതാണ്.

(ബി) ഇത്തരം മാറ്റം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ഏത് തരത്തിലാണ് സഹായകമാകുന്നതെന്നറിയിക്കാമോ?

വ്യത്യസ്തങ്ങളായി നിൽക്കുന്ന അഞ്ച് വകുപ്പുകൾ ഏകീകരിക്കുന്നതോടുകൂടി ഭരണ രംഗത്ത് ആസൂത്രണത്തിൽ ഉണ്ടാകുന്ന വലിയ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയും വികസന നേട്ടങ്ങളും ഉയർത്തുന്നതിനും പ്രാദേശിക വികസനത്തിൽ ഏകോപനവും സംയോജനവും ഉറപ്പാക്കുന്നതിനും കഴിയും. ഗ്രാമപഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും ജില്ലാപഞ്ചായത്തിലും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലുമുള്ള ജീവനക്കാർ ഒരേ വകുപ്പിന് കീഴിലാകുന്നതോടെ സേവന, വികസന പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന മാറ്റം ജനങ്ങൾക്ക് കൂടുതൽ അനുഭവവേദ്യമാകും. വിവിധ തട്ടുകളിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ആസൂത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് അനിവാര്യമാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാകുന്നതിന് ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾക്കിടയിലും ഇവ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ച് കൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. തദ്ദേശസ്വയംഭരണ പൊതുഭരണ സംവിധാനം ഏകോപിതമായി പ്രവർത്തിക്കുന്നതോടെ വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിച്ച് സമഗ്രവികസന പദ്ധതികളാക്കി മാറ്റി വികസന നേട്ടങ്ങൾ ഉയർത്തുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ സാങ്കേതിക വിഭാഗം ജീവനക്കാരായ എഞ്ചിനീയറിംഗ്, നഗര-ഗ്രാമാസൂത്രണം, പൊതുജനാരോഗ്യം എന്നീ മേഖലകളിലെ ഉദ്യോഗസ്ഥരുടെ സേവനം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും മെച്ചപ്പെട്ട നിലയിൽ ഉറപ്പാക്കുന്നതിനും കഴിയും.

## ലൈസൻസ് പുതുക്കൽ

268(4003) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു.ഹൈക്കോടതിയുടെ വിവിധ കേസുകളിലെ ഉത്തരവുകൾ പ്രകാരം പെട്രോൾ പമ്പ് ആരംഭിച്ച സമയത്ത് ഫയർ&സേഫ്റ്റിയുടെ എൻ.ഒ.സി. ലഭിച്ചിട്ടുള്ള ഡീലർമാർക്ക് പുതിയ ഡി&ഒ ലൈസൻസ് ആവശ്യമില്ലെന്നും ലൈസൻസ് താത്കാലികമായി പുതുക്കി നൽകാവുന്നതാണെന്നും വിധിച്ചിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നിട്ടും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫയർ&സേഫ്റ്റി വകുപ്പിന്റെ എൻ.ഒ.സി. വേണമെന്ന് നിർബന്ധിക്കുകയും ലൈസൻസ് പുതുക്കി നൽകാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 9-7-2021-ലെ RC3-228/20/ ത.സ്വ.ഭ.വ. നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ പെട്രോൾ പമ്പുകളുടെ ലൈസൻസ് പുതുക്കി നൽകുന്നത് സംബന്ധിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത സർക്കുലർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വ്യാപാര ലൈസൻസ് പുതുക്കുമ്പോൾ സമർപ്പിക്കേണ്ട രേഖകളുടെ സ്പഷ്ടീകരണം സംബന്ധിച്ചുള്ളതാണ്. പെട്രോൾ പമ്പുകളുടെ ലൈസൻസ് പുതുക്കുമ്പോൾ ടി ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിക്കാൻ സാധിക്കില്ല.

**സാമൂഹ്യക്ഷേമ പെൻഷൻ**

269(4004) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നൽകി വരുന്ന സാമൂഹ്യക്ഷേമ പെൻഷനുകളുടെ ഘടന എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നീ അഞ്ചിനം സുരക്ഷാ പെൻഷനുകൾക്കൊപ്പം സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനും തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 12 ക്ഷേമനിധി ബോർഡ് പെൻഷനും സാമൂഹ്യക്ഷേമ പെൻഷനിൽ ഉൾപ്പെടുന്നു. ഇതുകൂടാതെ സാംസ്കാരിക വകുപ്പ് മുഖേന വിതരണം ചെയ്യുന്ന കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, (ചലചിത്ര അക്കാദമി മുഖേന), കായിക യുവജനക്ഷേമ വകുപ്പ് മുഖേന നൽകുന്ന സർക്കസ് കലാകാര പെൻഷൻ, അവശ കായികതാര പെൻഷൻ എന്നിവയും നൽകിവരുന്നു.

(ബി) സാമൂഹ്യക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിലെ വരുമാന പരിധി ഏതൊക്കെയാണെന്നും എത്രയാണെന്നും വ്യക്തമാക്കാമോ?

എല്ലാത്തരം സാമൂഹ്യ സുരക്ഷാ പെൻഷനുകളും ലഭിക്കുന്നതിനുള്ള വരുമാന പരിധി ഒരുലക്ഷം രൂപയാണ്. എന്നാൽ ക്ഷേമനിധി ബോർഡ് പെൻഷനുകൾക്കുള്ള വരുമാന പരിധി അതാത് ബോർഡുകളിലെ നിയമാവലിക്ക് അനുസൃതമാണ്.

(സി) വീടിന്റെ വിസ്തൃതി സാമൂഹ്യക്ഷേമ പെൻഷൻ അനുവദിക്കുന്നതിന് മാനദണ്ഡമായി സ്വീകരിക്കുന്നുണ്ടോ?

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിന് അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനികരീതിയിൽ ഫ്ളോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിന് അർഹതയില്ല.

(ഡി) കുടുംബപരമായും അനന്തരാവകാശമായും ലഭിച്ച വീടുകളിൽ താമസിക്കുന്ന നിർധനരായ ആൾക്കാർക്കുപോലും ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കുടുംബത്തിന്റെ നിലവിലുള്ള സാമ്പത്തിക സാഹചര്യം മാത്രം പരിഗണിച്ചുകൊണ്ട് സാമൂഹ്യക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; ഇത് സംബന്ധമായ നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയിലാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്. അർഹതപ്പെട്ട എല്ലാവർക്കും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുകയെന്നതാണ് സർക്കാർ നയം. എന്നാൽ അനർഹരായവർ പെൻഷൻ കൈപ്പറ്റുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യവുമാണ്. അതിനാലാണ് നിർദ്ദിഷ്ട മാനദണ്ഡങ്ങളോടൊപ്പം അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾകൂടി വിലയിരുത്തി അർഹതയുള്ളപക്ഷം മാത്രം പെൻഷനുകൾ അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ലാത്തതിനാൽ ഇതുസംബന്ധിച്ച നിവേദനങ്ങൾക്ക് ഇത്തരത്തിൽ മറുപടി നൽകി തീർപ്പാക്കിയിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകരണം

270(4005) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ട് 17-7-2020-ലെ സ.ഉ. (കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിരുന്നു. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കി സമർപ്പിച്ച സ്റ്റേറ്റ് സർവീസിന്റെയും സബോർഡിനേറ്റ് സർവീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങൾ സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ 22-12-2020-ൽ പ്രസിദ്ധീകരിച്ചു. 2021 ഫെബ്രുവരി 15-ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ സർവ്വീസ് സംഘടനകളുമായി വെർച്വൽ മീറ്റിംഗ് നടത്തിയിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെയും സെക്രട്ടറിമാരുടെ കമ്മിറ്റിയോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയിരുന്നു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19-7-2010-ലെ 11884/R1/2007/ P&ARD നമ്പർ Circular (Simplified procedure for framing Special Rules) പ്രകാരമുള്ള നടപടിക്രമം പാലിച്ച് സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാതല ഓഫീസുകൾ എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളും പൂർത്തിയാക്കി വരുന്നു.

(ബി) ഏകീകരിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഘടന എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19-7-2010-ലെ 11884/R1/2007/ P&ARD നമ്പർ Circular (Simplified procedure for framing Special Rules)പ്രകാരമുള്ള നടപടിക്രമം പാലിച്ച് സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാതല ഓഫീസുകൾ എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളും പൂർത്തിയാക്കി വരുന്നു.

(സി) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരിക്കുന്നതുവഴി വകുപ്പിനും സർക്കാരിനും ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതകളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാകുന്ന മുറയ്ക്ക് മാത്രമേ സാമ്പത്തിക ബാധ്യതകളെ സംബന്ധിച്ച് വിലയിരുത്താൻ കഴിയുകയുള്ളൂ.

**പഞ്ചായത്തുകൾക്ക് നഗരസഭാ പദവി നൽകൽ**

271(4006) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരസ്വഭാവമുള്ള പഞ്ചായത്തുകളെ നഗരങ്ങളായി പരിഗണിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഇല്ല. ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ട ആവശ്യകതയും നഗരവത്കരണത്തിന്റെ പശ്ചാത്തലത്തിൽ നഗരസ്വഭാവം കൈവരിച്ച ഗ്രാമപഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനം ചെയ്യേണ്ട ആവശ്യകതയും നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭയുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ആവശ്യകതയും നഗരസഭകളുടെ പദവി ഉയർത്തുന്ന ആവശ്യകതയും പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കാനായി ഒരു സമിതി നേരത്തേ രൂപീകരിച്ചിരുന്നു. നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ തനതുവരുമാന പരിമിതികൾമൂലം സാമ്പത്തിക സ്വാതന്ത്ര്യമില്ലാത്ത അവസ്ഥയിൽ നിലനിന്നിരുന്നതിനാലും ഇത്തരം ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയായി ഉയർത്തുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാനുള്ളശേഷി ആ സ്ഥാപനങ്ങൾക്ക് ഇല്ലാത്ത സാഹചര്യം നിലവിലുണ്ടായിരുന്നതിനാലും നിലവിലുണ്ടായിരുന്ന ഗ്രാമപഞ്ചായത്തുകളെ നഗരസഭകളായി മാറ്റുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ

പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളോ മുനിസിപ്പാലിറ്റികളെ കോർപ്പറേഷനുകളോ ആക്കി മാറ്റേണ്ട സാഹചര്യം നിലവിലില്ലായെന്ന് പ്രസ്തുത സമിതി ശിപാർശ ചെയ്തു. ഈ ശിപാർശ സർക്കാർ അംഗീകരിച്ചിരുന്നു.

(ബി) നഗരസ്വഭാവം കണക്കാക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്; ആയതിന് ലൈസൻസ് ടൗൺ എന്ന ആശയം സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; ഏത് വർഷത്തെ ലൈസൻസാണ് ആധികാരികമായി ഉപയോഗിക്കുന്നതെന്നറിയിക്കാമോ?

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 4-ലെയും ഇന്ത്യൻ ഭരണഘടനയുടെ 243 Q അനുച്ഛേദത്തിലെയും വ്യവസ്ഥകൾ പ്രകാരമാണ് നഗരസ്വഭാവം കണക്കാക്കുന്നത്. ആയതിന് ലൈസൻസ് ടൗൺ എന്ന ആശയം സ്വീകരിച്ചിട്ടില്ല.

(സി) പഞ്ചായത്തുകൾ നഗരസഭകളായി മാറ്റുമ്പോൾ പ്രോപ്പർട്ടി ടാക്സിന് വ്യത്യാസം വരുമോയെന്നറിയിക്കാമോ?

പഞ്ചായത്തുകൾ നഗരസഭകളായി മാറ്റുമ്പോൾ പ്രോപ്പർട്ടി ടാക്സിന് വ്യത്യാസം വരുന്നുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തുന്ന ഓഡിറ്റ്**

272(4007) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലങ്ങളിൽ ഏതെല്ലാം തരത്തിലുള്ള ഓഡിറ്റാണ് നടത്തിവരുന്നത്?

കേരള സംസ്ഥാന ഓഡിറ്റ്, കൺകറന്റ് ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ്, ധനകാര്യ പരിശോധനാ ഓഡിറ്റ്, സ്റ്റോർ പർച്ചേസ് ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ്, സോഷ്യൽ ഓഡിറ്റ് എന്നീ ഓഡിറ്റുകൾ നടത്തിവരുന്നു.

(ബി) തിരുവനന്തപുരം കോർപ്പറേഷനിലെ അഴിമതി കണ്ടെത്തിയ പോലെ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി ഓഡിറ്റ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

1. കൊച്ചി കോർപ്പറേഷന്റെ മട്ടാഞ്ചേരി സോണൽ ഓഫീസിൽ ടൗൺ ഹാൾ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥൻ വ്യാജ സംഖ്യാ രസീത് നമ്പർ

എഴുതി ചേർത്തും കാലഹരണപ്പെട്ട രസീതുകൾ ഉപയോഗിച്ചും 6,81,272 രൂപ അപഹരിച്ചതായി ഓഡിറ്റ് വിഭാഗം കണ്ടെത്തി. നഗരകാര്യ ഡയറക്ടറുടെ 8-11-2019-ലെ വി 3-21991/2019 ഉത്തരവ് പ്രകാരം പ്രസ്തുത ഉദ്യോഗസ്ഥനെ 8-11-2019-ൽ സസ്പെന്റ് ചെയ്യുകയും മട്ടാഞ്ചേരി പോലീസ് സ്റ്റേഷനിൽ Cr.No.1170/2019 ആയി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

2. കോഴിക്കോട് നഗരസഭയുടെ 2019-2020 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ബേപ്പൂർ സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ജനകീയാസൂത്രണ പദ്ധതികളുടെ പരിശോധനയിൽ 2020-2021 വർഷം മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ "കാടയും കൂടും" പ്രോജക്ടുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ വിഹിതമിനത്തിൽ 1-12-2020 മുതൽ 8-12-2020 വരെ പിരിച്ചെടുത്ത 1,42,500 രൂപയും ബേപ്പൂർ നല്ലളം വെറ്ററിനറി ഹോസ്പിറ്റലുകളിൽനിന്നും പിരിച്ചെടുത്തിട്ടുള്ള തുകകളും ഉൾപ്പെടെ ആകെ 3,41,250 രൂപയുടെ വരവ് ക്യാഷ് ബുക്കിലോ സബ്സിഡിയറി ക്യാഷ് ബുക്കിലോ രജിസ്റ്ററിലോ രേഖപ്പെടുത്തുകയോ നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തുകയോ ചെയ്തിട്ടില്ലെന്ന് കണ്ടെത്തുകയുണ്ടായി. ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് അന്നേ ദിവസം നഗരസഭാ ഫണ്ടിൽ തുക ഈടാക്കി. മേൽപ്പറഞ്ഞത് കൂടാതെ രസീത് ബുക്കുകളിലെ രേഖപ്പെടുത്തലുകളിൽ ധാരാളം വെട്ടിത്തിരുത്തലുകൾ വരുത്തുന്നതായും ബുക്കുകളുടെ ക്രമനമ്പർ കൃത്യമായി രേഖപ്പെടുത്താത്തതായും ഓഡിറ്റ് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ടി ക്രമക്കേടുകൾക്ക് പരിഹാര നടപടി സ്വീകരിച്ച് അറിയിക്കുന്നതിനായി വിവരം സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്.

3. തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 ഓഡിറ്റിൽ സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്.

4. പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-2019 വർഷത്തെ ഓഡിറ്റിൽ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെട്ടിട്ടുണ്ട്.

5. മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് 2018-2019 വർഷത്തെ ഓഡിറ്റിൽ വസ്തു നികുതി ഈടാക്കിയത് സംബന്ധിച്ച് ക്രമക്കേട് നടന്നതായി ബോധ്യപ്പെടുകയും നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

6. കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ പണാപഹരണവുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് നിലവിലുണ്ട്.

7. നെന്മേനി ഗ്രാമപഞ്ചായത്തിൽ ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാതെ കൈവശം വച്ചത് സംബന്ധിച്ച അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്.

8. ഉദുമ ഗ്രാമപഞ്ചായത്തിൽ രസീത് ബുക്ക് ഉപയോഗിച്ച് പിരിച്ചെടുത്ത തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ക്രിമിനൽ കേസ് നിലവിലുണ്ട്.

(സി) ഇത്തരത്തിലുള്ള ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനായി നിയമപരമായ നടപടികൾ കർശനമാക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിത്തന്നെ ടി ക്രമക്കേടുകളെ ഗുരുതരമായി കാണുകയും പഴുതടച്ചുള്ള അന്വേഷണങ്ങളും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള അച്ചടക്ക നടപടികളും സ്വീകരിച്ചുവരുന്നു.

## തെരുവ് നായ്ക്കളുടെ ശല്യത്തിന് പരിഹാരം

273(4008) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ശല്യം ക്രമാതീതമായി വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെരുവുനായകളുടെ അനിയന്ത്രിതമായ പ്രജനനം തടയുന്നതിന് അനിമൽ ബെർത്ത് കൺട്രോൾ (എ.ബി.സി. പ്രോഗ്രാം) എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു. തെരുവുകളിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായകളെ കണ്ടെത്തി അവയെ വന്ധ്യംകരിക്കുകയും പിടികൂടിയ സ്ഥലത്ത് തന്നെ തിരികെ വിടുകയും ചെയ്യുന്ന രീതിയാണ് പദ്ധതിയിൽ അവലംബിക്കുന്നത്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ പദ്ധതി പ്രകാരം 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് വന്ധ്യംകരിക്കപ്പെട്ട തെരുവ് നായ്ക്കളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വർഷം തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ഈ ഇനത്തിൽ ഓരോ വർഷവും വകുപ്പ് ചെലവാക്കിയ തുകയുടെ വിവരങ്ങൾ വർഷം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

(ബി & സി) അനിമൽ ബെർത്ത് കൺട്രോൾ പദ്ധതി പ്രകാരം 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് വന്ധ്യംകരിക്കപ്പെട്ട

തെരുവ് നായ്ക്കളുടെ എണ്ണവും ഈ ഇനത്തിൽ ഓരോ വർഷവും ചെലവാക്കിയ തുകയുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*.

(ഡി) തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കാൻ പുതുതായി നിർദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കാൻ പുതിയ പദ്ധതികളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

**തെരുവുനായ്ക്കളുടെ ആക്രമണം**

274(4009) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണം കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തെരുവുനായ്ക്കളുടെ ശല്യം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തെരുവുനായകളുടെ അനിയന്ത്രിതമായ പ്രജനനം തടയുന്നതിന് അനിമൽ ബെർത്ത് കൺട്രോൾ (എ.ബി.സി. പ്രോഗ്രാം) എന്ന പേരിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. തെരുവുകളിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായകളെ കണ്ടെത്തി അവയെ വന്ധീകരിക്കുകയും പിടികൂടിയ സ്ഥലത്ത് തന്നെ തിരികെ വിടുകയും ചെയ്യുന്ന രീതിയാണ് പദ്ധതിയിൽ അവലംബിക്കുന്നത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തെരുവുനായ്ക്കളെ വന്ധീകരിക്കുന്നതിന് ഫണ്ട് അനുവദിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ഇത് ഫലപ്രദമായി നടപ്പിലാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.ബി.സി. പ്രോഗ്രാമിൽ വകയിരുത്തിയിരിക്കുന്ന തുക ചില ഗ്രാമപഞ്ചായത്തുകൾ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ മിഷന് കൈമാറുകയാണ് ചെയ്തിരുന്നത്. ടി മേഖലയിലെ വൈദഗ്ദ്ധ്യം ഉറപ്പ് വരുത്തുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ പരാമർശിച്ച് കുടുംബശ്രീക്ക് ഫണ്ട് കൈമാറുന്നത് താത്കാലികമായി നിർത്തിവയ്ക്കുന്നതിന് ബഹു. ഹൈക്കോടതി WPC No.13204/2021 നമ്പർ കേസിൽ 19-7-2021-ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീക്ക് തുക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈമാറുന്നത് താത്കാലികമായി നിർത്തിവയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ ഫണ്ട് കൈമാറിക്കഴിഞ്ഞതും നടന്നുവരുന്നതുമായ പദ്ധതികൾ തുടരുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുമായി ചേർന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി. പ്രോഗ്രാം നടത്തിവരുന്നുണ്ട്. എല്ലാ നഗരസഭകളോടും കൂടുതൽ തുക എ.ബി.സി. പ്രോഗ്രാമിനായി വാർഷിക പദ്ധതികളിൽ മാറ്റിവയ്ക്കുന്നതിനും പ്രസ്തുത തുക കാര്യക്ഷമമായി ചെലവാക്കാനും നഗരകാര്യ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## മസ്റ്ററിംഗ് നടത്തി സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമാക്കാൻ നടപടി

275(4010) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മസ്റ്ററിംഗ് നടത്താത്തതുമൂലം സാമൂഹ്യസുരക്ഷാ പെൻഷൻ ലഭിക്കാത്തവരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ?

2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കായി ഏർപ്പെടുത്തിയ മസ്റ്ററിംഗ് പൂർത്തിയാക്കാൻ അവശേഷിക്കുന്നത് 342985 പേരാണ്.

(ബി) മസ്റ്ററിംഗ് നടത്താൻ കഴിയാത്തവരുടെ വീടുകളിലെത്തി മസ്റ്ററിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മസ്റ്ററിംഗിനായി സമയം അനുവദിച്ചിരുന്ന അവസരങ്ങളിലെല്ലാം ഹോം മസ്റ്ററിംഗിനും അനുമതി നൽകിയിരുന്നു. മസ്റ്ററിംഗിനായി ഇനി അവസരം നൽകുന്നപക്ഷം ഹോം മസ്റ്ററിംഗിനും അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## തൊഴിലുറപ്പ് തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടങ്ങൾക്ക് നൽകുന്ന സഹായം

276(4011) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് തൊഴിലാളികൾക്ക് ജോലിക്കിടയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് ചികിത്സ ഉറപ്പാക്കാൻ അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് നിയമപരമായി ഉത്തരവാദിത്തമുണ്ടോ; ഇതുസംബന്ധിച്ച ഉത്തരവുകളോ സർക്കുലറുകളോ ഉണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ 3-11-2017-ലെ സ.ഉ.(കൈ) നമ്പർ 216/2017/ത.സ്വ.ഭ.വ. പ്രകാരം തൊഴിലാളിക്ക് പണി സ്ഥലത്തുവച്ച് തൊഴിലിന്റെ ഭാഗമായി മുറിവ് അപകടം/അസുഖം ഉണ്ടായാൽ അയാൾക്ക് സൗജന്യ മെഡിക്കൽ ചികിത്സ ലഭ്യമാക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. 5-2-2021-ലെ ഡിഡി2/252/2020/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്ന തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടം, തുടർന്നുള്ള ചികിത്സ, അപകടത്തെ തുടർന്നുള്ള മരണം, തൊഴിലിനിടയിൽ ഉണ്ടാകുന്ന സ്ഥിരമായ അംഗവൈകല്യം എന്നിവയ്ക്ക് നൽകേണ്ട ധനസഹായം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) തൊഴിൽ ചെയ്യുന്നതിനിടയ്ക്ക് സംഭവിക്കുന്ന അപകടങ്ങളെ തുടർന്നുള്ള തുടർചികിത്സ, വിശ്രമ കാലയളവിൽ ഇവർക്ക് മതിയായ വേതനത്തിന് അർഹതയുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അപകടത്തിൽപ്പെടുന്ന ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് മരുന്നിന്റെ വില, സർജറി ചെലവ്, എക്സ്റേ, സ്കാനിംഗ്, മുറിവാടക എന്നിവയും ചികിത്സാ ആവശ്യങ്ങൾക്കായുള്ള വാഹന ചെലവുകളും അനുവദനീയമാണ്. അപകടത്തിൽപ്പെടുന്ന തൊഴിലാളിക്ക് പ്രസ്തുത ദിനത്തിൽ മുഴുവൻ വേതനവും അനുവദിക്കാവുന്നതും അടുത്ത ദിവസം മുതൽ ടി തൊഴിലാളി തൊഴിൽ ആവശ്യപ്പെട്ടിരുന്ന ദിനംവരെ, തൊഴിൽദിന വേതനത്തിന്റെ പകുതി തുക കണക്കാക്കി അനുവദിച്ച് നൽകുന്നതാണ്. സർക്കാർ ആശുപത്രികളിൽ നടത്തുന്ന ചികിത്സയ്ക്കും അനുബന്ധ ചെലവുകൾക്കുമുള്ള തുക പ്രസ്തുത സർക്കാർ മെഡിക്കൽ ഓഫീസർ നൽകുന്ന ചികിത്സാ വിവരത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനം സ്വീകരിക്കുന്നതാണ്. സ്വകാര്യ ആശുപത്രിയിലെ ചികിത്സാ ചെലവുകൾ ഒരു സർക്കാർ മെഡിക്കൽ ഓഫീസറുടെ പരിശോധനയുടെയും സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ അനുവദിച്ച് നൽകുന്നതാണ്. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തൊഴിലപകടങ്ങളുടെ ഭാഗമായി ആശുപത്രിയിൽ കിടത്തി ചികിത്സ ആവശ്യമായി വരുന്ന ഘട്ടത്തിൽ ആശുപത്രിയിൽ കിടക്കുന്ന അത്രയും ദിവസം തൊഴിലാളിക്ക് പദ്ധതിയിൽ അനുവദനീയമായ കൂലിയുടെ പകുതിയിൽ കുറയാത്ത തുക ദിവസ വേതനമായി ലഭിക്കാൻ അർഹതയുണ്ടെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

## മത്സ്യ, മാംസ കച്ചവടങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ്

277(4012) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് മത്സ്യ, മാംസ കച്ചവടങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് നൽകുമ്പോൾ പ്രസ്തുത സർട്ടിഫിക്കറ്റിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഭരണസമിതിയുടെ അനുമതി ആവശ്യമുണ്ടോ; വിശദമാക്കാമോ?

മത്സ്യ-മാംസ കച്ചവടങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് അനുവദിക്കുമ്പോൾ ഭരണസമിതിയുടെ അനുമതി ആവശ്യമാണെന്നത് സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലോ 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലോ വ്യവസ്ഥ ചെയ്യുന്നില്ല. എന്നാൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ പ്രകാരം ഇറച്ചിക്കടകളുടെ സ്ഥാനം നിർണ്ണയിക്കുന്നതിനും 1996 -ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടേയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ പ്രകാരം മാർക്കറ്റുകൾക്ക് അനുമതി നൽകുന്നതിനും ഭരണസമിതി തീരുമാനം ആവശ്യമാണ്.

## തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന മരണ സർട്ടിഫിക്കറ്റിൽ ജനനതീയതി രേഖപ്പെടുത്താൻ നടപടി

278(4013) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന മരണ സർട്ടിഫിക്കറ്റിൽ ജനനതീയതി ഇല്ലാത്തതുകാരണം പ്രവാസികൾ അടക്കമുള്ളവർക്ക് ബുദ്ധിമുട്ട് നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന മരണ സർട്ടിഫിക്കറ്റിൽ ജനനതീയതിയും ജനനസ്ഥലവും കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മരണ സർട്ടിഫിക്കറ്റിൽ മരണപ്പെട്ടയാളുടെ ജനന തീയതിയും ജനന സ്ഥലവുംകൂടി ഉൾപ്പെടുത്തുന്നതിന് നിലവിൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച ചട്ട ഭേദഗതി ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

## പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ

279 (4014) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണം ലക്ഷ്യമിട്ട് എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചു; ഈ യൂണിറ്റുകൾ വഴി എത്രമാത്രം പ്ലാസ്റ്റിക് സംസ്കരിക്കുന്നതിന് സാധിച്ചിട്ടുണ്ട്?

164 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. നഗരസഭകളിലെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ വഴി 9337.6 ടൺ പ്ലാസ്റ്റിക് ഷ്രെഡ്ഡ് ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ വഴി 624341 കിലോഗ്രാം പ്ലാസ്റ്റിക് സംസ്കരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) റോഡ് നിർമ്മാണത്തിൽ ഇത്തരത്തിൽ ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ച് എത്ര കിലോമീറ്റർ റോഡ് പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ?

3183.86 കി.മി. റോഡ് ടാർ ചെയ്യുന്നതിന് പ്ലാസ്റ്റിക് ഉപയോഗിച്ചു.

## വഴിയോര കച്ചവടം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

280(4015) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വഴിയോര കച്ചവടം മുമ്പില്ലാത്തവിധം വ്യാപിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

സംസ്ഥാനത്തെ നഗരസഭാ പരിധിക്കുള്ളിൽ 2015-2017 കാലഘട്ടത്തിലും 2021 ജൂലൈ-സെപ്തംബർ കാലഘട്ടത്തിലും തെരുവ് കച്ചവടക്കാരുടെ സർവ്വേ നടത്തിയിരുന്നു. ആയതുപ്രകാരം നഗരപ്രദേശങ്ങളിലെ തെരുവ് കച്ചവടക്കാരുടെ ആകെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗ്രാമപ്രദേശങ്ങളിലെ തെരുവ് കച്ചവടക്കാരെ സംബന്ധിച്ച സർവ്വേ പുരോഗമിച്ചുവരികയാണ്.

(ബി) വഴിയോരക്കച്ചവടം വ്യാപകമാകുന്നതിലൂടെ പൊതുഗതാഗതം തടസ്സപ്പെടുന്നതും പൊതു സ്ഥലങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ, സ്കൂൾ കോളേജ് പരിസരത്ത് മയക്കുമരുന്ന് വില്പന തുടങ്ങിയവ വർദ്ധിക്കുന്നതും തടയാൻ വഴിയോരക്കച്ചവടത്തിന് ആവശ്യമായ നിയന്ത്രണങ്ങളോടെയുള്ള മാർഗ്ഗനിർദ്ദേങ്ങൾ പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

നഗരപ്രദേശങ്ങളിൽ തെരുവ് കച്ചവടക്കാർക്കായി കേന്ദ്ര സർക്കാർ 2014-ൽ അംഗീകരിച്ച് നിലവിൽ വന്ന തെരുവ് കച്ചവടക്കാരുടെ (ജീവനോപാധി സംരക്ഷണവും കച്ചവട നിയന്ത്രണവും)നിയമം 2014 -ന്റെ അടിസ്ഥാനത്തിൽ 13-2-2021-ലെ G.O.(P) No.10/2019/LSGD നമ്പർ ഉത്തരവ് പ്രകാരം കേരള തെരുവ് കച്ചവടക്കാരുടെ (ജീവനോപാധി സംരക്ഷണവും കച്ചവട നിയന്ത്രണവും ലൈസൻസിംഗ്) സ്കീം 2019-ന് അംഗീകാരം നൽകി വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കീമിന്റെ 8-ാം സെക്ഷനിലെ 1-ാം സബ് സെക്ഷൻ 'e' പിരിവ് പ്രകാരം വഴിയോര കച്ചവടം നടത്തുന്ന വ്യക്തി, ടി വ്യക്തിക്ക് അനുവദിച്ച് നൽകിയിരിക്കുന്ന സ്ഥലത്ത് സ്ഥിരമായ നിർമ്മാണങ്ങൾ ഉണ്ടാക്കിയാൽ ടിയാന് കച്ചവടം നടത്തുന്നതിനായി അനുവദിച്ചുനൽകിയിട്ടുള്ള വെൻഡിംഗ് സർട്ടിഫിക്കറ്റ് പിൻവലിക്കുവാനും/റദ്ദ് ചെയ്യുവാനുമുള്ള അവകാശം നഗരസഭകൾക്കുണ്ട്. ഇതേ സെക്ഷനിലെ 4-ാം സബ് സെക്ഷൻ പ്രകാരം നിലവിലുള്ള നിയമങ്ങൾ ലംഘിക്കുകയോ പൊതുജനങ്ങൾക്ക് ഹാനികരമാകുന്ന രീതിയിൽ കച്ചവടം നടത്തുകയോ ചെയ്യുന്നവരുടെ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുവാൻ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) വഴിയോര കച്ചവടത്തിനായുള്ള സ്ഥിരനിർമ്മാണം നിയന്ത്രിച്ച് റോഡുകളും ഫുട്ട്പാത്തുകളും പൊതുജനങ്ങളുടെ യാത്രയ്ക്ക് സുഗമമാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശരിയായ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ?

കേരള തെരുവ് കച്ചവടക്കാരുടെ (ജീവനോപാധി സംരക്ഷണവും കച്ചവട നിയന്ത്രണവും ലൈസൻസിംഗ്) സ്കീം 2019-ലെ 22-ാം സെക്ഷൻ പ്രകാരം നഗരസഭകളിലെ നഗര തെരുവ് കച്ചവട സമിതികൾ സ്കീം അനുവദിക്കുന്ന നിയന്ത്രണങ്ങളോടെ കച്ചവട മേഖലകൾ കണ്ടെത്തി പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഈ മേഖലകൾ കണ്ടെത്തുന്നത് പ്രസ്തുത സ്ഥലങ്ങളിലെ കച്ചവടത്തിനുള്ള സാധ്യത, ഗതാഗതത്തിന്റെ തോത്, കാൽനടയാത്രക്കാരുടെ എണ്ണം തുടങ്ങിയ ഘടകങ്ങൾ കൂടി പരിശോധിച്ചതിനുശേഷം മാത്രമായിരിക്കും. റോഡുകളിലും നടപ്പാതകളിലും മറ്റും പൊതുജനങ്ങളുടെ യാത്ര സുഗമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ്കീമിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ നഗരസഭകൾക്ക് സ്വീകരിക്കാവുന്നതാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭിന്നശേഷി സൗഹൃദ പദ്ധതികൾ

281 (4016) ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. മാത്യു ടി. തോമസ്:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളെ ഭിന്നശേഷി സൗഹൃദ കേന്ദ്രങ്ങളാക്കുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളെ ഭിന്നശേഷി സൗഹൃദ കേന്ദ്രങ്ങളാക്കുന്നതിന് വിവിധ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദം കൂടി ഉറപ്പുവരുത്തി ISO സർട്ടിഫിക്കേഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിലും നിലവിലുള്ള ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയുടെ കെട്ടിടങ്ങളിലും റാമ്പുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്.

(ബി) ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങളും വിശദമാക്കുമോ?

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി., റ്റി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് വകയിരുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയത് പ്രകാരം ഭിന്നശേഷിയുള്ളവർക്കുവേണ്ടിയുള്ള ക്ഷേമ പരിപാടികൾ പ്രത്യേക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഏറ്റവും കുറഞ്ഞത് 40 ശതമാനമെങ്കിലും വൈകല്യം ഉണ്ടായിരിക്കേണ്ടതാണ്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് എ.പി.എൽ./ ബി.പി.എൽ. എന്ന വേർതിരിവില്ലാതെ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും തൊഴിൽ പരിശീലനത്തിനും സ്വയംതൊഴിൽ സംരംഭങ്ങൾക്കും ഭിന്നശേഷി

വിദ്യാർത്ഥികൾക്ക് ബത്തയും സ്കോളർഷിപ്പും അനുവദിക്കുന്നതിനും ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരിക മാനസികോല്ലാസത്തിന് സഹായകമായതും അവർക്ക് പങ്കെടുക്കാൻ കഴിയുന്നതുമായ ഇനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഭിന്നശേഷി കായിക- കലാ മത്സരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. 40 ശതമാനത്തിലേറെ ശാരീരിക വൈകല്യമുള്ള ലേണേഴ്സ് ലൈസൻസുള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറുകൾ വാങ്ങി നൽകുന്ന പദ്ധതികളും ഏറ്റെടുക്കാറുണ്ട്. പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു.* പദ്ധതി മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്ന സബ്സിഡി മാർഗ്ഗരേഖ അനുബന്ധമായി* ഇതോടൊപ്പം നൽകുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്**

282(4017) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് അടുത്ത സാമ്പത്തിക വർഷം മുതൽ ട്രഷറിയിൽ സൂക്ഷിക്കണമെന്ന ധനകാര്യ വകുപ്പിന്റെ തീരുമാനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച നടത്തിയിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച ചർച്ചകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ചർച്ച നടത്തിയിട്ടില്ല.

**കൊടകരയിലെ ഷീ വർക്ക് സ്പേസ് പ്രോജക്ട്**

283(4018) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര ബ്ലോക്ക് പഞ്ചായത്തിൽ ഒരു ഏക്കർ സ്ഥലത്ത് ആയിരത്തോളം വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ ആവിഷ്കരിച്ചിട്ടുള്ള "ഷീ വർക്ക് സ്പേസ്" പ്രോജക്ടിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകളുടെ വിഹിതം ഉൾപ്പെടുത്തിയും മറ്റ് ധനസഹായങ്ങൾ അനുവദിച്ചും പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച പ്രോജക്ട് സംസ്ഥാന ആസൂത്രണ ബോർഡിന്റെ അഭിപ്രായത്തിനായി കൈമാറിയിട്ടുണ്ട്. ആസൂത്രണ ബോർഡിന്റെ ശിപാർശ ലഭ്യമായശേഷം ആയത് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നടപ്പാക്കുന്ന പദ്ധതികൾ**

284(4019) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് പ്രയോജനകരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനം ലഭിക്കുന്ന തരത്തിലും ബി.ഒ.ടി., പി.പി.പി. മാതൃകയിൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചാൽ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) തദ്ദേശസ്ഥാപനങ്ങൾക്ക് സർക്കാർ അനുമതിയോടെ ബി.ഒ.ടി., പി.പി.പി. പദ്ധതികൾ നടപ്പാക്കാവുന്നതാണ്. സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചാൽ പരിശോധിച്ച് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**റോഡിനായി പൊതുജനങ്ങൾ ഭൂമി വിട്ടുനൽകൽ**

285(4020) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾക്കായി പൊതുജനങ്ങൾ ഭൂമി സ്വമേധയാ വിട്ടുനൽകുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ എന്നിവ പ്രകാരമാണ് ഭൂമി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിക്കുന്നത്. ആയത്, തൽസമയം പ്രാബല്യത്തിലുള്ള ഭൂമി

വിലയ്ക്കെടുക്കൽ ആകട്ടം അതിനുകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളും പ്രകാരമോ അല്ലെങ്കിൽ സ്വകാര്യ വിലയ്ക്കുവാങ്ങൽ മുഖാന്തരമോ അല്ലെങ്കിൽ സൗജന്യ വിട്ടുകൊടുക്കൽ മുഖാന്തരമോ ആകാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ പൂർത്തീകരിച്ച് ഭൂമി ആസ്തി രജിസ്റ്ററിൽ ചേർത്തതിനുശേഷം ബന്ധപ്പെട്ട രേഖകൾ സഹിതം വില്ലേജ് രേഖകളിൽ മാറ്റം വരുത്തുന്നതിന് താലൂക്ക് (എൽ.ആർ.) തഹസിൽദാർക്ക് അപേക്ഷ നൽകേണ്ടതാണ്.

(ബി) 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ ചട്ടപ്രകാരം ഭൂമി വിട്ടൊഴിഞ്ഞ് നൽകുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പഞ്ചായത്തുകൾ/നഗരസഭകളിൽ റോഡിന്റെ വികസനത്തിന് ഭൂമി വിട്ടൊഴിഞ്ഞ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത് പരിഗണിക്കുമോ?

പുതിയ നടപടിക്രമങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ 30-1-2020-ലെ G.O.(P) No.09/2020/TD, 30-1-2020-ലെ G.O.(P) No.10/2020/TD എന്നീ ഉത്തരവുകൾ പ്രകാരം ഭൂമി ആർജ്ജിക്കുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഒഴിവാക്കിയിട്ടുണ്ട്.

## കെ.എസ്.ഐ.ഡി.സി-യുടെ ആഭിമുഖ്യത്തിലുള്ള മാലിന്യ സംസ്കരണ പദ്ധതികൾ

286(4021) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പ് കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ കേന്ദ്രങ്ങളുടെ നിർവ്വഹണ പുരോഗതി പ്രോജക്ടുകൾ തിരിച്ച് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ കേന്ദ്രങ്ങളുടെ നിർവ്വഹണ പുരോഗതിയും പ്രോജക്ടുകൾ തിരിച്ചുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൊതുമരാമത്ത് പ്രവൃത്തികൾക്ക് സോഫ്റ്റ്‌വെയർ

287(4022) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഓൺലൈനായി ക്രമീകരിക്കുന്നതിന് പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രൈസ് സോഫ്റ്റ്‌വെയർ മാതൃകയിൽ ഫയൽ സിസ്റ്റം നടപ്പിലാക്കുന്നത് ഉചിതമാകുമോയെന്നറിയിക്കാമോ ?

(എ&ബി) ഉണ്ട്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന മരാമത്ത് പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകിവരുന്നത് പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തരമാണ്. 27-1-2021-ലെ ജി.ഒ. (ആർ.റ്റി.)നമ്പർ 222/ 2021/എൽ.എസ്.ജി.ഡി., പ്രകാരം അനുമതി ലഭിച്ചിട്ടുള്ള പ്രൈസ് 3 സോഫ്റ്റ്‌വെയർ തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ഉപയോഗിച്ചുവരുന്ന പ്രൈസ് സോഫ്റ്റ്‌വെയറിന്റെ ഹയർ വേർഷനായ പ്രൈസ് 3 നടപ്പിലാകുന്നതോടെ മരാമത്ത് പ്രവൃത്തികളുടെ ബില്ലിംഗ് വരെയുള്ള പ്രവൃത്തികൾ ഓൺലൈനായി ക്രമീകരിക്കാൻ സാധിക്കുന്നതാണ്.

(സി) സോഫ്റ്റ്‌വെയർ തയ്യാറാക്കുമ്പോൾ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു സാമ്പത്തിക വർഷം തന്നെ നൂറ് എണ്ണത്തിന് മുകളിൽ മരാമത്ത് പ്രവൃത്തികൾ നിലനിൽക്കുന്നുണ്ടെന്ന സാഹചര്യം കണക്കിലെടുക്കുമോ എന്നറിയിക്കാമോ ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ പൊതുമരാമത്ത് പ്രവൃത്തികൾക്കും നിലവിലും സാങ്കേതികാനുമതി നൽകുന്നത് പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തരമാണ്. ആയതിനാൽ എണ്ണത്തിന് പരിധിയില്ല.

## പി.വി.സി. ഫ്ളക്സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത് എന്നിവയുടെ ദുരുപയോഗം

288(4023) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.വി.സി. ഫ്ലക്സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത് തുടങ്ങിയ നിരോധിത വസ്തുക്കൾ പരസ്യ പ്രചരണ ബോർഡുകളിലും ഹോർഡിംഗുകളിലും വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ വിശദമാക്കാമോ?

ഉണ്ട്. സർക്കാരിന്റെ 29-8-2019-ലെ സ.ഉ.(കൈ.)നമ്പർ 111/2019/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പി.വി.സി. ഫ്ലക്സ് നിരോധിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിംഗ്സുകൾ/കൊടികൾ തുടങ്ങിയവ നീക്കം ചെയ്യുന്നതിന് 9-7-2021-ലെ RC2/41/2021/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശനമായി നടപ്പിലാക്കിവരുന്നു.

## ഫ്ലാറ്റുകളിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി

289(4024) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലാറ്റ് സമുച്ചയങ്ങളുടെ ബാൽക്കണികളിൽനിന്നും വീണ് അപകടമരണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം അപകടമരണങ്ങൾ തടയുന്നതിനും ഫ്ലാറ്റുകളിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണ ചട്ടത്തിലെ (KMBR / KPBR- 2019) അധ്യായം XVII -ൽ, ഉയരം കൂടിയ കെട്ടിടങ്ങളിൽ നൽകേണ്ട safety provisions സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുണ്ട്. അതുപ്രകാരം (ചട്ടം 81 (2) ൽ) " തുറസ്സായ സ്ഥലത്തിന് അഭിമുഖമായുള്ള ബാൽക്കണിയുടെ പാരപെറ്റ് വാൾ/ഹാൻഡ് റെയിലിന് കുറഞ്ഞത് 1.2m ഉയരം നൽകേണ്ടതുണ്ട്." കൂടാതെ ചട്ടം 6 (10) പ്രകാരം High rise ബിൽഡിംഗ്സിൽ ഗ്ലാസ് ഉപയോഗിക്കേണ്ടത് "Guidelines on use of Glass in high rise buildings-Human Safety, 2015" പ്രകാരം ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(സി) നിർമ്മാണത്തിലെ അപാകതകൾ കൊണ്ടാണോ ഇപ്രകാരമുള്ള സംഭവങ്ങൾ ആവർത്തിക്കുന്നതെന്ന് പരിശോധിക്കുകയും അപ്രകാരമെങ്കിൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുമോ?

കെട്ടിട നിർമ്മാണ ചട്ടത്തിലെ (KMBR / KPBR – 2019) അധ്യായം XVII-ൽ, ഉയരം കൂടിയ കെട്ടിടങ്ങളിൽ നൽകേണ്ട സുരക്ഷാ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. അതുപ്രകാരം നിർമ്മാണം നടത്തിയാൽ മാത്രമേ കെട്ടിടത്തിന് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണം**

290(4025) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

കൽപ്പറ്റ നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 1850 ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റും 80 വീടുകളിൽ ബയോഗ്യാസ് പ്ലാന്റ്, ഒന്നിൽ കൂടുതൽ വാർഡുകളിലെ (11 വാർഡുകൾ) ഉപയോഗത്തിന് 3 തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ സംവിധാനം, നടപ്പ് വർഷം പദ്ധതിയിൽ 1000 വീടുകൾക്കായി ബയോഡൈജസ്റ്റർ പോട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വ മിഷന്റെ സാങ്കേതിക, സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ഉറവിട മാലിന്യ സംസ്കരണ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ പൊതുസ്ഥലങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ എന്ന പദ്ധതിയും 273 പോർട്ടബിൾ ബയോ കമ്പോസ്റ്റർ യൂണിറ്റും, മുട്ടിൽ ഗ്രാമപഞ്ചായത്തിൽ തുമ്പൂർമൂഴി ബിൻ, കിച്ചൺ ബിൻ, വേസ്റ്റ് പിറ്റ് എന്ന പദ്ധതിയും, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ബോട്ടിൽ നിർമ്മാണം എന്ന പദ്ധതിയും പൊഴുതന ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ, പൈപ്പ് കമ്പോസ്റ്റ്, 650 പോർട്ടബിൾ ബയോ കമ്പോസ്റ്റർ യൂണിറ്റ് എന്നീ പദ്ധതികളും തരിയോട് ഗ്രാമപഞ്ചായത്തിൽ ബയോ ബിൻ വിതരണ പദ്ധതിയും 295 പോർട്ടബിൾ ബയോ കമ്പോസ്റ്റർ യൂണിറ്റും വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തി+ൽ മൺകുട കമ്പോസ്റ്റ് പദ്ധതിയും വൈത്തിരി ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റിതല എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്, 741

പോർട്ടബിൾ ബയോ കമ്പോസ്റ്റർ യൂണിറ്റ് എന്ന പദ്ധതിയും മൂപ്പൈനാട് ഗ്രാമപഞ്ചായത്തിൽ 700 പോർട്ടബിൾ ബയോ കമ്പോസ്റ്റർ യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. ശുചിത്വമിഷൻ തയ്യാറാക്കി നൽകിയിട്ടുള്ള ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായുള്ള കരട് ആക്ഷൻ പ്ലാൻ തയ്യാറാക്കി ഭരണസമിതി അംഗീകാരം നേടിയിട്ടുള്ളതും ആയത് പ്രകാരം ഗ്രാമപഞ്ചായത്തുകൾ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. ഗ്രാമപഞ്ചായത്തുകളിൽ ഹരിതകർമ്മ സേനാംഗങ്ങൾ പ്രവർത്തിച്ചുവരുന്നതും മുഴുവൻ വീടുകളെയും സ്ഥാപനങ്ങളെയും യൂസർഫീ വാങ്ങി മാലിന്യ സംസ്കരണ സംവിധാനത്തിൽ അംഗങ്ങളാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടി വാതിൽപ്പടി ശേഖരണംവഴി ലഭിക്കുന്ന പ്ലാസ്റ്റിക്കുകൾ സംഭരിക്കുന്നതിനായി പഞ്ചായത്ത് കേന്ദ്രീകരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.)കൾ സ്ഥാപിച്ചിട്ടുള്ളതും നിശ്ചിത ഇടവേളകളിൽ ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യം തരംതിരിച്ച് അംഗീകൃത ഏജൻസിക്ക് കയ്യൊഴിഞ്ഞും വരുന്നുണ്ട്.

(ബി) ഇത്തരം പ്രവർത്തനങ്ങൾക്കായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കൽപ്പറ്റ നഗരസഭയിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ഉറവിട മാലിന്യ സംസ്കരണത്തിനായി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കായി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (നഗരം), പ്ലാൻ ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുടങ്ങിയ ഫണ്ടുകൾ വകയിരുത്തിയിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു*.

## കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ ഡാറ്റാബാങ്ക്

291(4026) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ നെൽവയൽ തണ്ണീർത്തട കരട് ഡാറ്റാബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കാത്തതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആയത് എപ്പോൾ പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

(എ&ബി) 22-10-2016 -ൽ കേരള സർക്കാർ ഗസറ്റ് നമ്പർ 1819 വാല്യം 5 ആയി ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഡാറ്റാ ബാങ്കിൽ ധാരാളം തെറ്റുകൾ വന്നതുമൂലം പൊതുജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി തെറ്റുകൾ തിരുത്തി പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ കോഴിക്കോട് നഗരസഭ സ്വീകരിച്ചുവരുന്നു.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മാർക്കറ്റ് നവീകരണം**

292(4027) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ്, നെയ്യാറ്റിൻകര നഗരസഭയിലെ ആറാലുംമൂട് മാർക്കറ്റ് എന്നിവയുടെ നവീകരണവുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി റീ ബിൽഡിംഗ് കേരളയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ട്. എന്നാൽ ആറാലുംമൂട് മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിച്ചുകൊണ്ടുള്ള അറിയിപ്പുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് ഇതുവരെ പൂർത്തീകരിച്ച നടപടികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മാർക്കറ്റ് നവീകരണത്തിന് ടെണ്ടർ നടപടി പൂർത്തീകരിച്ചോയെന്ന് വിശദമാക്കാമോ?

(ബി&സി) ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണ പ്രവൃത്തിക്ക് ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി**

293(4028) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പി.എം.ജി.എസ്.വൈ.-III പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പി.എം.ജി.എസ്.വൈ. പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തുടർനടപടികൾക്കും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കോവിഡ് നിയന്ത്രണങ്ങൾ കാരണം എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും അനന്തര അനുമതികൾക്കും കാലതാമസം നേരിട്ടിട്ടുണ്ടെങ്കിലും അംഗീകാരം ലഭിക്കാനുണ്ടായിരുന്ന 6 പ്രവൃത്തികളിൽ 2 പ്രവൃത്തികൾക്ക് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടുണ്ട് (ക്രമ നമ്പർ 5, 6). ശേഷിക്കുന്ന നാല് പ്രവൃത്തികളിൽ 2 എണ്ണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. (ക്രമ നമ്പർ 1, 4). ബാക്കി രണ്ട് പ്രവൃത്തികളുടെ ഡി.പി.ആർ. ദ്രുതഗതിയിൽ തയ്യാറാക്കി വരുന്നുണ്ട്.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഹൈസ്കൂളുകളിൽ ലാബ് നിർമ്മാണം**

294(4029) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ, പെരുമ്പഴുതൂർ ഹൈസ്കൂൾ, ഊരൂട്ടുകാല ഗവൺമെന്റ് എം.റ്റി.എച്ച്.എസ്. എന്നീ ഹൈസ്കൂളുകളിൽ എസ്.എസ്.കെ. ഫണ്ട് ഉപയോഗിച്ച് ലാബ് നിർമ്മിക്കുന്നതിന് എത്ര തുകയാണ് നഗരസഭയ്ക്ക് നൽകിയതെന്ന് വിശദമാക്കാമോ; ഏത് വർഷത്തിലാണ് തുക കൈമാറിയതെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ, പെരുമ്പഴുതൂർ ഹൈസ്കൂൾ, ഊരൂട്ടുകാല ഗവൺമെന്റ് എം.റ്റി.എച്ച്.എസ്. എന്നീ ഹൈസ്കൂളുകളിൽ എസ്.എസ്.കെ. ഫണ്ട് ഉപയോഗിച്ച്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സയൻസ് ലാബ് കമ്പ്യൂട്ടർ റൂം, ആർട്ട് ആന്റ് കൾച്ചർ റൂം, ലൈബ്രറി റൂം എന്നീ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റിന്റെ പകുതിയായ 22,10,000 രൂപ 1-6-2018-ൽ നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) ലാബ് നിർമ്മാണം ആരംഭിക്കുന്നതിന് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ഏതൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ഗവൺമന്റ് ബോയ്സ് ഹൈസ്കൂളിന്റെ സയൻസ് ലാബ്, കംമ്പ്യൂട്ടർ റൂം, ആർട്ട് ആന്റ് കൾച്ചർ റൂം, ഇവയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്കും പെരുമ്പഴുതൂർ ഹൈസ്കൂൾ, ഊരൂട്ടുകാല ഗവൺമെന്റ് എം.റ്റി.എച്ച്.എസ്. എന്നീ ഹൈസ്കൂളുകളിൽ ആർട്ട് ആന്റ് കൾച്ചർ റൂം എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പൂർത്തിയാകുന്ന മുറയ്ക്കും ലാബ് നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) 2018-19 വർഷത്തിൽ അനുവദിച്ച എസ്.എസ്.കെ. ഫണ്ട് യഥാസമയം വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയ നഗരസഭാ ഉദ്യോഗസ്ഥരുടെ പേരിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

2018-19 വർഷത്തിൽ അനുവദിച്ച എസ്.എസ്.കെ. ഫണ്ട് യഥാസമയം വിനിയോഗിക്കുന്നതിൽ മനഃപൂർവ്വമായ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കണ്ണൂർ ജില്ലയിലെ പാറയ്ക്കാമല പാലം നിർമ്മാണം

295(4030) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അയ്യൻക്കുന്ന് പഞ്ചായത്തിലെ പൊതുമരാമത്ത് റോഡിലെ പാറയ്ക്കാമല പാലം 2018-ലെ ഉരുൾപൊട്ടലിൽ തകർന്നെങ്കിലും ഇതുവരെ പുനർനിർമ്മാണം നടന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബേബി കച്ചാലിമലയിൽ എന്നയാൾ താത്കാലിക പാലത്തിൽ നിന്നും വീണ് മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടുംബത്തിന്റെ അത്താണിയായ ബേബിയുടെ അപകട മരണത്തിൽ എന്ത് നഷ്ടപരിഹാരമാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; നഷ്ടപരിഹാരം നൽകിയിട്ടില്ലെങ്കിൽ അത് നൽകാൻ നടപടി സ്വീകരിക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(എ-സി) അയ്യൻകുന്ന് പഞ്ചായത്തിലെ പൊതുമരാമത്ത് റോഡിലെ പാറയ്ക്കാമല പാലം പ്രവൃത്തി തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതാണ്.

**സിറ്റിസൺ പോർട്ടലിലൂടെയുള്ള സേവനങ്ങൾ**

296(4031) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റിസൺ പോർട്ടലിലൂടെ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ വിശദമാക്കാമോ?

സിറ്റിസൺ പോർട്ടലിലൂടെ ജനങ്ങൾക്ക് ലഭ്യമാകുന്ന 213 സേവനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത പോർട്ടലിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

സർക്കാർ സേവനങ്ങൾ എല്ലാവർക്കും സമയബന്ധിതമായി നൽകുന്നതിനായി വിഭാവനം ചെയ്ത സിറ്റിസൺ പോർട്ടൽ കോഴിക്കോട് ജില്ലയിൽ ഉൾപ്പെടെ എല്ലാ നഗരസഭകൾക്കും ബാധകമാണ്. കോഴിക്കോട് ജില്ലയിൽ ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കിയ 21 ഗ്രാമപഞ്ചായത്തുകൾ ഒഴികെ ബാക്കി 49 ഗ്രാമപഞ്ചായത്തുകളിലും സിറ്റിസൺ സർവ്വീസ് പോർട്ടൽ നടപ്പിലാക്കിയിട്ടുണ്ട്. ടി പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(സി) രണ്ടാം ഘട്ടത്തിൽ 150 ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് കൂടി പ്രസ്തുത പോർട്ടൽ സൗകര്യം വർദ്ധിപ്പിക്കുമ്പോൾ അതിലുൾപ്പെടുന്ന കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ 49 ഗ്രാമപഞ്ചായത്തുകളിലും ഒറ്റഘട്ടമായാണ് സിറ്റിസൺ സർവ്വീസ് പോർട്ടൽ നടപ്പിലാക്കിയിട്ടുള്ളത്. ടി 49 ഗ്രാമ പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*. മറ്റ് 21 ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ്. ആണ് വിന്യസിച്ചിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൈക്കൂട്ടം കടവ് തൂക്കുപാലത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ

297(4032) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്ക് കീഴിൽ ഭരണാനുമതി ലഭിച്ച തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിലെ തൈക്കൂട്ടം കടവ് തൂക്കുപാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ നിലവിലേത് ഘട്ടത്തിലാണ് ;

(ബി) ഏതെങ്കിലും ഏജൻസി പുനർനിർമ്മാണത്തിന്റെ കരാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏജൻസിയുടെ പേര് വിവരം അറിയിക്കുമോ?

(എ&ബി) കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുമായി 4-11-2020-ൽ കേരള ഇലക്ട്രിക്കൽ & അലൈയ്ഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്(കെൽ) മുഖേന കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) തൂക്കുപാലം പുനർനിർമ്മിച്ച് പ്രദേശവാസികളുടെ യാത്രാദുരിതത്തിന് പരിഹാരമുണ്ടാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(സി&ഡി) കരാർ ഏറ്റെടുത്ത കമ്പനി പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലാത്തതിനാൽ, കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നേരിട്ടും കത്തു മുഖേനയും കെൽ-ലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടിരുന്നു. പ്രവൃത്തി വേഗത്തിൽ നടപ്പിലാക്കാൻ കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ടി കമ്പനിയുമായി ഈ അടുത്ത ദിവസങ്ങളിൽ ചർച്ച നടത്തിയിട്ടുണ്ട്. എത്രയും വേഗം പ്രവൃത്തി നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കൊയിലാണ്ടി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ വാങ്ങിയ ഭൂമി

298(4033) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കൊയിലാണ്ടി നഗരസഭ വാങ്ങിയ ഭൂമി ഫയർ & റസ്ക്യൂ വകുപ്പിന് വിട്ടു നല്കുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ട ഫയൽ നഗരകാര്യ ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിന്മേലുള്ള അപേക്ഷ ഏത് വർഷമാണ് കാര്യാലയത്തിൽ ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

2019 വർഷത്തിൽ.

(സി) പ്രസ്തുത ഫയലിന്മേൽ നഗരകാര്യ ഡയറക്ടറുടെ കാര്യാലയത്തിൽ കൈക്കൊണ്ട നടപടികൾ ചുരുക്കി വിശദമാക്കാമോ?

ടി വിഷയത്തിൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് 24-2-2020-ന് നഗരകാര്യ ഡയറക്ടറേറ്റിൽനിന്നും കൊയിലാണ്ടി നഗരസഭയ്ക്ക് കത്ത് നൽകിയിരുന്നു.

(ഡി) ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് നഗരകാര്യ വകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ടോ; എങ്കിൽ നടപടികൾ എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമായിട്ടില്ല.

**നേരെകടവ് ഗവ. എൽ.പി. സ്കൂളിന് പുതിയ കെട്ടിടം**

299(4034) <u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേരെകടവ് ഗവ. ഹരിജൻ വെൽഫെയർ എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഉദയനാപുരം ഗ്രാമപഞ്ചായത്ത് സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. 30-9-2019-ലെ 6(1) നമ്പർ തീരുമാനപ്രകാരം നേരേകടവ് ഹരിജൻ വെൽഫയർ സ്കൂൾ പണിയുന്നതിന് വടക്കേമുറി വില്ലേജിൽ സർവ്വേ നമ്പർ 47/16-1-ൽപ്പെട്ട 35 സെന്റ് സ്ഥലം വിട്ട് നൽകുന്നതിന് പഞ്ചായത്ത് തീരുമാനമെടുത്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത സ്കൂൾകെട്ടിടം നിർമ്മിക്കുന്നതിനുള്ള ബിൽഡിംഗ് പെർമിറ്റിന് വിദ്യാഭ്യാസ വകുപ്പിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷ ലഭിച്ച തീയതിയും അതിന്മേൽ സ്വീകരിച്ച നടപടിയും വ്യക്തമാക്കുമോ;

(സി) ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ ലഭിക്കുകയും അത് നൽകാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

(ബി &സി) ഉണ്ട്. നേരേകടവ് ഹരിജൻ വെൽഫയർ സ്കൂൾ ഹെഡ്മിസ്ട്രസിന്റെ അപേക്ഷയും പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ കെട്ടിടത്തിന്റെ പ്ലാനും 26-3-2021-ൽ ലഭിച്ചിട്ടുണ്ട്. 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം സർക്കാർ വകുപ്പുകൾ നടത്തുന്ന കെട്ടിട നിർമ്മാണത്തിന് സെക്രട്ടറി നൽകുന്ന പെർമിറ്റ് ആവശ്യമില്ല. ചട്ടം 5(3) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചാൽ മതിയാകുന്നതാണ്.

**വൈക്കം കായലോര ബീച്ചിന്റെ വികസനം**

300(4035) <u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം കായലോര ബീച്ചിന്റെ വികസനത്തിന് വൈക്കം നഗരസഭ പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നോ; എങ്കിൽ സമർപ്പിച്ച തീയതി, അടങ്കൽ തുക, പദ്ധതി തയ്യാറാക്കിയ ഏജൻസി എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതി തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ ?

(എ&ബി) വൈക്കം കായലോര ബീച്ചിന്റെ വികസനവുമായി ബന്ധപ്പെട്ട് വൈക്കം നഗരസഭ തദ്ദേശസ്വയംഭരണ വകുപ്പിൽ പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല. എന്നാൽ ബീച്ച് നവീകരണവുമായി ബന്ധപ്പെട്ട് നഗരസഭാ വികസനഫണ്ടിൽ ഉൾപ്പെടുത്തി 10,00,000 രൂപയുടെ വികസന പ്രവർത്തനങ്ങൾ എഞ്ചിനീയറിംഗ് വിഭാഗം ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്.

(സി) മുൻസർക്കാരിന്റെ അവസാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച വൈക്കം കായലോര ബീച്ചിൽ സ്പോർട്സ്, കൾച്ചറൽ ടൂറിസം സെന്റർ എന്ന പദ്ധതി നടപ്പാക്കുന്നതിൽ വൈക്കം നഗരസഭ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**

301(4036) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എത്ര പേരെയാണ് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയത്;

(ബി) അതിൽ എത്ര വീടുകളുടെ നിർമ്മാണം തുടങ്ങി?

(എ&ബി) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ലൈഫ് ഭവന പദ്ധതിയിൽ പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടില്ല. 2020-21 കാലയളവിൽ ഓൺലൈനായി സ്വീകരിച്ച അപേക്ഷയിന്മേൽ അർഹതാ പരിശോധന നടത്തി ഗുണഭോക്തൃപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) സ്വന്തമായി സ്ഥലമില്ലാത്ത എത്ര പേർക്കാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഭവന നിർമ്മാണം ആരംഭിച്ചതെന്ന് പറയാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്വന്തമായി സ്ഥലമില്ലാത്ത 109 പേരുടെ ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ഡി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫ്ലാറ്റ് നിർമ്മാണത്തിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുരോഗതി വിശദമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫ്ലാറ്റ് നിർമ്മാണത്തിന് പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**കുണ്ടറ നിയോജകമണ്ഡലത്തിലെ നബാർഡ് ഫണ്ടുപയോഗിച്ചുള്ള പദ്ധതികൾ**

302(4037) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചതും നിലവിൽ നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം നൽകാമോ?

2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കുണ്ടറ നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന രണ്ട് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്:

1. Improvements to road from Punnoor Kalakkal Edappanayam-Nedumpana Grama Panchayat (Tranche XXII)

2. Construction of building for Pallimon GHSS (Tranche XXII)

നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളൊന്നും തന്നെയില്ല.

(ബി) 2021-2022 സാമ്പത്തിക വർഷത്തേയ്ക്ക് കുണ്ടറ നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ആരംഭിക്കാൻ പോകുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ?

2021-2022 സാമ്പത്തിക വർഷം കുണ്ടറ നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ആരംഭിക്കാൻ പോകുന്ന പദ്ധതികളൊന്നും തന്നെ നിലവിലില്ല.

**മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

303(4038) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിപ്രകാരം ഏറനാട് നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(സി) ഈ നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന ഏതെല്ലാം റോഡുകളാണ് ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; ഇതിന്റെ നിർമ്മാണ പുരോഗതിയും വിശദാംശങ്ങളും വ്യക്തമാക്കുമോ?

(എ-സി) പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

**കോഴിക്കോട് ജില്ലയിലെ 'ടേക്ക് എ ബ്രേക്ക്' പദ്ധതി**

304(4039) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ പൊതു ശുചിമുറികളും വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കുന്ന 'ടേക്ക് എ ബ്രേക്ക്' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിന് എത്ര രൂപ വീതമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്; അറിയിക്കുമോ?

കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് ബഹു. കേരള മുഖ്യമന്ത്രിയുടെ 12 ഇന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതിയാണ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

"ടേക്ക് എ ബ്രേക്ക്" പൊതു ശുചിമുറി സമുച്ചയ നിർമ്മാണ പദ്ധതി. ദേശീയ-സംസ്ഥാന പാതയോരങ്ങളിലും ട്രാൻസ്പോർട്ട് ബസ്സ് സ്റ്റേഷനുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങി ജനങ്ങൾ ഒരുമിച്ചെത്തുന്ന പ്രദേശങ്ങളിൽ ഏതുസമയത്തും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ശുചിമുറി സമുച്ചയങ്ങളും കോഫി ഷോപ്പോടുകൂടിയ ഉന്നത നിലവാരമുള്ള വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കുന്നതാണ് ഈ പദ്ധതി. ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കുറഞ്ഞത് രണ്ടെണ്ണം, നഗരസഭകളിൽ അഞ്ചും കോർപ്പറേഷനുകളിൽ എട്ടെണ്ണം വീതവുമായി ആകെ 2365 ശുചിമുറി സമുച്ചയങ്ങൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പണി പൂർത്തീകരിച്ച 100 ശുചിമുറി സമുച്ചയങ്ങളുടെ ഉദ്ഘാടനം നടത്തി കഴിഞ്ഞ വർഷം നാടിന് സമർപ്പിച്ചിരുന്നു. ആയതിന്റെ രണ്ടാം ഘട്ടമായി പണി പൂർത്തീകരിച്ച 118 ശുചിമുറി സമുച്ചയങ്ങളുടെ പണി പൂർത്തിയാക്കുകയും ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം 7-9-2021-ന് നിർവ്വഹിക്കുകയും ചെയ്തു. പദ്ധതി നിർവ്വഹണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 116,61,22,651 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഇത്തരം വിശ്രമ കേന്ദ്രങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടുള്ളത്?

വടകര മുനിസിപ്പാലിറ്റി, പനങ്ങാട് ഗ്രാമപഞ്ചായത്ത് (2 എണ്ണം), പുതുപ്പാടി ഗ്രാമപഞ്ചായത്ത്, രാമനാട്ടുകര ഗ്രാമപഞ്ചായത്ത്, കാവിലുംപാറ ഗ്രാമപഞ്ചായത്ത്, വളയം ഗ്രാമപഞ്ചായത്ത്.

(സി) പ്രസ്തുത ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇത് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്ര നിർമ്മാണത്തിനായി 12,60,000 രൂപയും കെട്ടിടം പൂർത്തീകരണത്തിനായി 6,48,289 രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 2,00,000 രൂപയും അടക്കം 21,44,289 രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ട് (തീരുമാനം നമ്പർ 3(1) തീയതി 16-10-2021)

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നിഷ്കർഷിച്ച നിർദ്ദേശങ്ങൾ പാലിച്ചാണോ ടി വിശ്രമകേന്ദ്രം സ്ഥാപിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. ദേശീയ സംസ്ഥാന പാതകൾ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ അധീനതയിലുള്ളതും പൊതുജനങ്ങൾ ധാരാളമായി വരുന്നതുമായ പാതയോരങ്ങളിൽ വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് റോഡിൽനിന്നും 30 മീറ്റർ ദൂരത്തിൽ പഞ്ചായത്തിന്റെ പ്രാഥമികാരോഗ്യകേന്ദ്രം, വെറ്ററിനറി ഡിസ്പെൻസറി, പഞ്ചായത്ത് ഗ്രൗണ്ട് എന്നിവയ്ക്ക് അടുത്തായി ഭരണസമിതി തീരുമാനപ്രകാരം പൊതു ശുചിമുറികളും വിശ്രമ കേന്ദ്രവും ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുകയും നിർമ്മാണം നടത്തുകയുമാണ് ചെയ്തിട്ടുള്ളത്.

**പാലക്കാട് ജില്ലയിൽ മാലിന്യ സംസ്കരണ സംവിധാനം**

305(4040) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ കക്കൂസ് മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാലിന്യ സംസ്കരണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പാലക്കാട് ജില്ലയിലെ എല്ലാ നഗരസഭകൾക്കും വേണ്ടി കക്കൂസ് മാലിന്യ സംസ്കരണ സംവിധാനമായ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. പാലക്കാട് നഗരസഭയിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 100 KLD ശേഷിയുള്ള 3 കോടി രൂപയുടെ പദ്ധതിക്ക് യാക്കരയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയിൽ 1.5 MLD ശേഷിയുള്ള ദ്രവ മാലിന്യ സംസ്കരണ പ്ലാന്റിന് 11.40 കോടി രൂപയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതിക്ക് സാങ്കേതികാനുമതിക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പ്ലാന്റിൽ കക്കൂസ് മാലിന്യവും സംസ്കരിക്കുവാൻ കഴിയുന്നതാണ്.

**കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പൊതുശ്മശാന നിർമ്മാണം**

306 (4041) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സ്വന്തമായി പൊതുശ്മശാനം ഇല്ലാത്ത എത്ര പഞ്ചായത്തുകളുണ്ട്; ഈ പഞ്ചായത്തുകളുടെ പേരുകൾ നൽകാമോ?

ആകെയുള്ള 10 ഗ്രാമപഞ്ചായത്തുകളിൽ 4 ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനമില്ല. പേരുവിവരം ചുവടെ ചേർക്കുന്നു:

1. മേപ്പാടി 2. മൂപ്പനാട്. 3. തരിയോട്. 4. വെങ്ങപ്പള്ളി.

(ബി) പൊതുശ്മശാനം ഇല്ലാത്ത പഞ്ചായത്തുകളിൽ സ്ഥലം ഏറ്റെടുത്ത് ശ്മശാനം നിർമ്മിക്കുവാൻ പ്രത്യേക ഫണ്ട് വകയിരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സ്ഥലത്തിന്റെ ലഭ്യതയനുസരിച്ചാണ് ഫണ്ട് വകയിരുത്തുന്നത്. നിലവിൽ തുക വകയിരുത്തിയിട്ടില്ല.

**അരൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

307 (4042) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം തദ്ദേശ റോഡുകൾ നവീകരിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഓരോ റോഡിനും അനുവദിച്ച തുകയും പഞ്ചായത്തും വിശദമാക്കാമോ?

(എ & ബി) പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും പ്രവൃത്തി ഉൾപ്പെടുന്ന പഞ്ചായത്തും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

**ജൽജീവൻ പദ്ധതി**

308(4043) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ഓടെ ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലമെത്തിക്കുന്ന പദ്ധതിയായ ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിടേണ്ടി വരുന്ന വലിയ ബാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജൽജീവൻ പദ്ധതിക്കായി പ്രത്യേക സഹായമായി 15% വിഹിതം അനുവദിക്കുന്നത് പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിക്ക് പ്രത്യേക സഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ-സി) അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണത്തിലെ പുരോഗതി

309(4044) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണത്തിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുടെ 2021-22 വർഷത്തെ 15-10-2021 വരെയുള്ള പദ്ധതി നിർവ്വഹണ പുരോഗതി ചുവടെ ചേർക്കുന്നു:

ജില്ലാ പഞ്ചായത്ത് - 11.67%

ഗ്രാമപഞ്ചായത്ത് - 18.99%

ബ്ലോക്ക് പഞ്ചായത്ത് - 18.44%

(ബി) ഈ സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾക്ക് മാത്രമായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയും അതിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ?

ഈ സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അനുബന്ധമായി ചേർക്കുന്നു*.

(സി) ഏറ്റവും ഒടുവിലത്തെ പദ്ധതി പുരോഗതി പരിശോധനാ വേളയിൽ ഓരോ ത്രിതല പഞ്ചായത്തുകളും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ 2021-22 വർഷത്തെ 15-10-2021 വരെയുള്ള പദ്ധതി ചെലവ് തുക ചുവടെ ചേർക്കുന്നു:

ജില്ലാ പഞ്ചായത്ത് - 93.69 കോടി

ഗ്രാമപഞ്ചായത്ത് - 636.47 കോടി

ബ്ലോക്ക് പഞ്ചായത്തുകൾ - 165.58 കോടി.

(ഡി) ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സാമ്പത്തിക വർഷാരംഭത്തിൽ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക്ക്ഡൗൺ കാരണവും പഞ്ചായത്തുകൾ കോവിഡ് ചികിത്സാ സംവിധാനങ്ങൾ ഒരുക്കുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങളിലും വ്യാപൃതരായതും കാരണം

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി നിർവ്വഹണം മന്ദഗതിയിലായിരുന്നു. ഇപ്പോൾ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ഊർജ്ജിതമായിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിക്കുന്ന 31-3-2022-ൽ പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## തൊഴിലുറപ്പ് പദ്ധതിയിൻ കീഴിലെ വേറിട്ടതോ പ്രത്യേകതയുള്ളതോ ആയ പ്രവൃത്തികൾ

310(4045) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഈ സാമ്പത്തിക വർഷം ഉൽപ്പാദന-നിർമ്മാണ മേഖലകളിൽ വേറിട്ടതോ പ്രത്യേകതയുള്ളതോ ആയ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പ്രവൃത്തികളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്താൻ കഴിയുന്ന പ്രവൃത്തികളെന്തെല്ലാമാണെന്ന് കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയില്ല. തൊഴിലുറപ്പ് പദ്ധതിയിൽ സാധാരണ ഏറ്റെടുത്ത് വരുന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾക്കും തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് പോലുള്ള ഉപജീവന ആസ്തികൾക്കും അങ്കണവാടി നിർമ്മാണം, റോഡ് നിർമ്മാണം പോലുള്ള ആസ്തികൾക്കും ഉപരിയായി ക്രിമറ്റോറിയം, സ്കൂളുകൾക്കുള്ള കിച്ചൻ ഷെഡ്, ഡൈനിംഗ് ഹാൾ, ഭക്ഷ്യധാന്യ സംഭരണ കേന്ദ്രം, ഗ്രാമചന്തകൾ, എസ്.എച്ച്.ജി.-കൾക്കുള്ള വർക്ക്ഷെഡുകൾ തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നുണ്ട്. ടി പ്രവൃത്തികളുടെ ഈ സാമ്പത്തിക വർഷത്തെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) സംസ്ഥാനത്തെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഈ സാമ്പത്തിക വർഷം ഉൽപ്പാദന-നിർമ്മാണ മേഖലകളിൽ വേറിട്ടതോ പ്രത്യേകതയുള്ളതോ ആയ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗത്തിൽപ്പെട്ടതും രണ്ടോ അതിലധികമോ പശുക്കളെ വളർത്തി പരിപാലിച്ച് പോരുന്നതുമായ ക്ഷീരകർഷകരെ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തി പരമാവധി 100 ദിവസത്തെ വേതനം അനുവദിക്കുന്ന പദ്ധതി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ വേറിട്ട പ്രവൃത്തിയാണ്. ഈ ഇനത്തിൽ 2021-22 സാമ്പത്തിക വർഷം 235894 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുള്ളതാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**നഗരസഭകളിൽ ഇ-സംവിധാനം**

311(4046) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ ഇ-സംവിധാനം ഫലപ്രദമായി നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഓരോ സേവനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്തെന്ന് വിശദമാക്കാമോ?

നഗരസഭകൾ വഴി നൽകിവരുന്ന 213 സേവനങ്ങൾക്കായി, https://citizen.lsgkerala.gov.in/ എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്കായി ഇ-ഫയലിംഗും ഇ-പെമെന്റും ഒരുക്കിയിട്ടുണ്ട്. ലോ റിസ്ക് വിഭാഗത്തിലുള്ള കെട്ടിടനിർമ്മാണ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും പരിശോധിക്കുന്നതിനും പെർമിറ്റ് നൽകുന്നതിനുമായി പ്രത്യേകം ഐ.ബി.പി.എം.എസ്. (IBMPS) എന്ന സോഫ്റ്റ്‌വെയറും കൂടാതെ കോഴിക്കോട് നഗരസഭയിൽ സുവേഗ എന്ന സോഫ്റ്റ്‌വെയറും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രൊഫഷണൽ ടാക്സ് അസസ്സ്മെന്റ് & പേമെന്റുകൾക്കായി ഒരു പ്രത്യേക പോർട്ടൽ ഉടനടി ആരംഭിക്കുന്നതാണ്.

(ബി) ഇ-സംവിധാനം ഏർപ്പെടുത്താത്ത ഏതെങ്കിലും സേവനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണ്?

മേൽപ്പറഞ്ഞ 213 സേവനങ്ങൾ ഒഴികെ മറ്റെല്ലാ സേവനങ്ങളും നേരിട്ട് നൽകുന്നവയാണ്.

(സി) ഏതെല്ലാം സേവനങ്ങൾക്കാണ് ഓൺലൈനായും ഓഫ്‌ലൈനായും അപേക്ഷ നൽകേണ്ടത്; രണ്ട് രീതിയിൽ അപേക്ഷ നൽകുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാമോ?

ഓൺലൈനായും ഓഫ്‌ലൈനായും അപേക്ഷ നൽകേണ്ട സേവനങ്ങൾ ഒന്നും നിലവിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ**

312(4047) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നൽകുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ, നിയമാവലികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഏതൊക്കെ സാഹചര്യത്തിലാണ് ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കേണ്ടത്; വിശദാംശം നൽകുമോ?

(എ&ബി) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നൽകുന്നത് പൊതുമരാമത്ത് മാന്വൽ 2012, ക്ലോസ് 1601.1.6 പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. താഴെപ്പറയുന്ന സാഹചര്യങ്ങൾക്ക് (പൊതുമരാമത്ത് മാന്വൽ 2012, ക്ലോസ് 1601.1.6) ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അനുമതി നൽകാവുന്നതാണ്.

A revised estimate must be prepared and got sanctioned. (a) When there are deletions, additions or alterations to the scope of the work as originally sanctioned needing revised administrative sanction. (b) When there are major structural alterations from the design as originally sanctioned. (c) When the cost of a work is likely to exceed by more than 5% of T.S amount. The revised estimate shall not be kept waiting till the work is completed or reaches an advanced stage of completion but shall be prepared and got sanctioned as soon as any of the above two conditions are anticipated during the course of execution of work.

(സി) എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും പൂർത്തിയാക്കുന്നതിന് പ്രവൃത്തിയുടെ നിർമ്മാണ ചുമതലയുള്ള കരാറുകാർ ബാധ്യസ്ഥരാണോ; നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ എന്തൊക്കെ തരത്തിലുള്ള നിയമ നടപടികളാണ് സ്വീകരിക്കാൻ കഴിയുന്നതെന്ന് വിശദമാക്കാമോ?

ബാധ്യസ്ഥരാണ്. നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന കരാറുകാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതും പൊതുമരാമത്ത് മാന്വൽ 2012, ക്ലോസ് 2116.2 പ്രകാരം ടെർമിനേഷൻ ഓഫ് കോൺട്രാക്ട് നടപടികൾ സ്വീകരിക്കാവുന്നതാണ്. കരാറുകാരന്റെ വീഴ്ചകൊണ്ട് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിയമാനുസൃതമായ ഫൈൻ കരാറുകാരിൽ നിന്നും ഈടാക്കാവുന്നതാണ്.

(ഡി) ഒരു പ്രവൃത്തിക്ക് അനുവദിച്ചതിനേക്കാൾ വളരെ കുറഞ്ഞ തുകയ്ക്ക് ടെണ്ടർ ഏറ്റെടുക്കുന്ന കോൺട്രാക്ടർമാർക്ക് പ്രവൃത്തി പൂർത്തിയാക്കുന്നതിന് അധിക തുക അനുവദിച്ച് നൽകേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

കരാറിൽ ഏർപ്പെട്ട തുകയ്ക്ക് തന്നെ ടി പ്രവൃത്തി എസ്റ്റിമേറ്റ്പ്രകാരം പൂർത്തീകരിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്.

## പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ ഉപയോഗവും വ്യാപനവും തടയാൻ നടപടി

313 (4048) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഴുപത് മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ നിരോധിച്ച സാഹചര്യത്തിൽ അവയുടെ ഉപയോഗവും വ്യാപനവും തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്ലാസ്റ്റിക് ക്യാരിബാഗുകൾ (irrespective of thickness) ഉൾപ്പെടെയുള്ള ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് വസ്തുക്കൾ സംസ്ഥാനത്ത് 1-1-2020 മുതൽ നിരോധിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിലും നഗരസഭാ പ്രദേശത്ത് ഹെൽത്ത് സ്ക്വാഡ് മുഖേനയും സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി നിയമലംഘനം നടത്തിയതായി കണ്ട സ്ഥാപനങ്ങളിൽനിന്ന് പിഴ ഈടാക്കി വരുന്നു.

(ബി) കോവിഡ് പശ്ചാത്തലത്തിൽ കടകളിലും മറ്റ് പൊതു സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് കയ്യറകളുടെയും നിരോധിത പരിധിയിൽ വരുന്ന മറ്റ് പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെയും ഉപയോഗം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉപയോഗം കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത സാഹചര്യത്തിൽ പ്ലാസ്റ്റിക് ഉപയോഗം ഫലപ്രദമായി നിയന്ത്രിക്കാൻ ഏതൊക്കെ ബദൽ മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരമായി തുണിയും പേപ്പറും ഉപയോഗിച്ച് നിർമ്മിച്ച ബാഗുകൾ, പ്ലാസ്റ്റിക് ഷീറ്റ് വിരികൾക്ക് പകരമായി പേപ്പറിൽ നിർമ്മിച്ച വിരികൾ, പ്ലാസ്റ്റിക്കിലും തെർമ്മോകോളിലും നിർമ്മിച്ച പ്ലേറ്റുകൾ, കപ്പുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ എന്നിവയ്ക്ക് പകരമായി ഗ്ലാസിലും, സെറാമികില്ലും, സ്റ്റീൽ, പേപ്പർ, പ്രകൃതിദത്തമായ പദാർത്ഥങ്ങൾ എന്നിവ ഉപയോഗിച്ച് നിർമ്മിച്ച പ്ലേറ്റുകളും ഗ്ലാസുകളും സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ ഉപയോഗിക്കുന്നതിനും നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ളാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ് എന്നിവയ്ക്കു പകരമായി തുണികൾ, പേപ്പർ എന്നിവ ഉപയോഗിച്ച് നിർമ്മിച്ചവ ഉപയോഗിക്കാവുന്നതും, പച്ചക്കറി പഴവർഗ്ഗങ്ങൾ പാക്കിംഗിനായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ബാഗുകൾ ഒഴിവാക്കി പേപ്പർ, തുണി ബാഗുകൾ ഉപയോഗിക്കുന്നതിനെക്കുറിച്ചും പ്ലാസ്റ്റിക്കുകളുടെ ഉപയോഗംമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, ഹരിതകർമ്മ സേനാംഗങ്ങൾ, റെസിഡൻസ് അസോസിയേഷൻ, രാഷ്ട്രീയ പാർട്ടികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി പരിസ്ഥിതി വകുപ്പ് ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും കർമ്മ പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പൊതുജന അവബോധം വർദ്ധിപ്പിക്കാനായി വെബിനാറുകൾ സംഘടിപ്പിക്കുകയും ബ്രോഷറുകൾ/പോസ്റ്ററുകൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. Plastic manufactures/ recycling സ്ഥാപനങ്ങളുടെ വിവര ശേഖരണം Market Survey, Litter Survey തുടങ്ങിയ നടപടികൾ പരിസ്ഥിതി വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ പ്ലാസ്റ്റിക് കയ്യറകൾക്ക് പകരം അണുനശീകരണം ചെയ്ത് ഉപയോഗിക്കാവുന്ന റബ്ബർ, തുണി കയ്യറകൾ ഉപയോഗിക്കാവുന്നതാണ്.

**തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണം**

314 (4049) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ട് 17-7-2020 -ലെ സ.ഉ. (കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിരുന്നു. ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ തയാറാക്കി സമർപ്പിച്ച സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങൾ സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ 22-12-2020-ൽ പ്രസിദ്ധീകരിച്ചു. 2021 ഫെബ്രുവരി 15-ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ സർവ്വീസ് സംഘടനകളുമായി വെർച്വൽ മീറ്റിംഗ് നടത്തിയിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെയും സെക്രട്ടറിമാരുടെ കമ്മിറ്റിയോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയിരുന്നു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19-7-2010-ലെ 11884/R1/2007/P&ARD നമ്പർ Circular (Simplified procedure for framing Special Rules)പ്രകാരമുള്ള നടപടിക്രമം പാലിച്ച് സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാതല ഓഫീസുകൾ എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളും പൂർത്തിയാക്കിവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ജീവനക്കാരെ സർക്കാർ ജീവനക്കാരായി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2019-ലെ കേരള മുനിസിപ്പാലിറ്റി (2019-ലെ 10-ാം നമ്പർ ആക്ട്) ഭേദഗതി ആക്ട് പ്രകാരം കണ്ടിജന്റ് ജീവനക്കാർ ഒഴികെ മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതാണ്.

(സി) കേരള പി.എസ്.സി. വഴി നിയമനം നടത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും തസ്തികകൾ സ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നതിന് 2016-നു ശേഷം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ കിലയുടെ ഭാഗമായ എല്ലാ ജീവനക്കാരെയും പൂർണ്ണമായും കിലയുടെ സ്റ്റാഫ് കേഡറിന്റെ ഭാഗമാക്കേണ്ടതാണെന്നും കിലയുടേതല്ലാത്ത സ്ഥാപനങ്ങളിലെ പോസ്റ്റുകളും ജീവനക്കാർ വിരമിക്കുന്നതനുസരിച്ച് കിലയ്ക്ക് വിട്ടുകൊടുക്കേണ്ടതാണെന്നും17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിരുന്നു. പൊതുസർവ്വീസ് രൂപീകരണം അന്തിമമാകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുകയുള്ളൂ.

**കേരള ചിക്കൻ പദ്ധതി**

315(4050) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ കേരള ചിക്കൻ പദ്ധതിപ്രകാരം എത്ര ഔട്ട്ലെറ്റുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്; ജില്ലതിരിച്ച് ഇതിന്റെ കണക്കുകൾ നൽകാമോ?

കുടുംബശ്രീയുടെ നേതൃത്വത്തിൽ കേരള ചിക്കൻ പദ്ധതിപ്രകാരം 79 ഔട്ട്ലെറ്റുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു: എറണാകുളം-23, തൃശ്ശൂർ-11, കോട്ടയം-18, കൊല്ലം-12, തിരുവനന്തപുരം-8, കോഴിക്കോട്-7.

(ബി) കോഴിയിറച്ചിയുടെ വിപണി വില നിയന്ത്രിക്കുന്ന രീതിയിൽ ഈ പദ്ധതിയെ വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

സുരക്ഷിതവും സംശുദ്ധവുമായ കോഴിയിറച്ചി മിതമായ വിലയ്ക്ക് കേരള ചിക്കൻ എന്ന ബ്രാൻഡിൽ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രത്യേകിച്ച് സ്ത്രീ സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കേരള സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് കേരള ചിക്കൻ. റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്

പദ്ധതിയിൽ ഇതിനാവശ്യമായ 63.11 കോടി വകയിരുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (KSPDC), മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (MPI), കുടുംബശ്രീ മിഷൻ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി (BDS) എന്നീ സ്റ്റേക്ക് ഹോൾഡർമാരുടെ സഹകരണത്തോടെ മൃഗസംരക്ഷണ വകുപ്പ് നോഡൽ ഏജൻസിയായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ്. കേരള ചിക്കൻ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കി ഇറച്ചി കോഴിയുടെ 100 ശതമാനം മാർക്കറ്റ് ഷെയറും കൈകാര്യം ചെയ്യുകയെന്നുള്ളത് ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പുതിയതായി അട്ടപ്പാടിയിൽ 8.5 കോടി ചെലവിൽ ബ്രീഡർ ഫാം, കാസർഗോഡ് മടിക്കൈയിൽ 3.4 കോടി ചെലവിൽ ബ്രീഡർ ഫാം, തിരുവനന്തപുരം കുടപ്പനക്കുന്നിൽ 1.57 കോടി രൂപ ചെലവിൽ ബ്രീഡർ ഫാം എക്സ്പാൻഷൻ, വിവിധ ജില്ലകളിലായി 5 റെൻഡെറിംഗ് പ്ലാന്റുകൾ, 2 പ്രോസസിംഗ് പ്ലാന്റുകൾ, 2,600 ചെറുകിട ബ്രോയിലർ ഫാമുകൾ, 240 സെയിൽസ് ഔട്ട്ലെറ്റുകൾ എന്നിവ നിലവിൽ വരും. ഇതിലൂടെ നിരവധി തൊഴിലവസരങ്ങൾ സംസ്ഥാനത്തുടനീളം സൃഷ്ടിക്കപ്പെടും. സ്റ്റേക്ക് ഹോൾഡർമാരുടെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന ബ്രോയിലർ ഫാം ഉടമകൾക്ക് അതാത് സ്റ്റേക്ക് ഹോൾഡർമാർവഴി ഫാമൊന്നിന് പരമാവധി 50,000 രൂപയും സെയിൽസ് ഔട്ട്ലെറ്റ് ഒന്നിന് 25,000 രൂപയും പദ്ധതിപ്രകാരം ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിപ്രകാരം ആരംഭിക്കുന്ന ബ്രീഡർ ഫാമുകളിൽനിന്നും ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഓരോ സ്റ്റേക്ക് ഹോൾഡർമാരുടെയും (KSPDC, Kudumbashree, BDS) കീഴിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് നൽകുകയും 38 ദിവസം പ്രായമാകുമ്പോൾ കോഴിക്കുഞ്ഞുങ്ങളെ കർഷകരിൽനിന്നും വില നൽകി തിരികെയെടുത്ത് പ്രോസസിംഗ് പ്ലാന്റിലെത്തിച്ച് Bacterial Load, Chemical content എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി മൂല്യവർദ്ധിത ഇറച്ചി ഉൽപ്പന്നങ്ങളായി മാറ്റി 'കേരള ചിക്കൻ' എന്ന ബ്രാൻഡ് നെയിമിൽ പദ്ധതിയുടെ സെയിൽസ് ഔട്ട്ലെറ്റുകളായ "കേരളചിക്കൻ ഷോപ്പി' വഴി വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. 'കേരളചിക്കൻ പദ്ധതി പ്രകാരം വിൽക്കുന്ന ഇറച്ചി കോഴികളുടെ വില നിശ്ചയിക്കുന്നത് സ്റ്റേക്ക്ഹോൾഡർമാരായ കെ.എസ്.പി.ഡി.സി., എം.പി.ഐ., ബി.ഡി.എസ്., കുടുംബശ്രീ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന വില നിർണ്ണയ കമ്മിറ്റിയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സുരക്ഷിതവും സംശുദ്ധവുമായ കോഴിയിറച്ചി ജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും ഭക്ഷ്യ സുരക്ഷയെന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് ഒരു ഉറച്ച കാൽവെയ്പിനും വഴിതെളിക്കും.

## മത്സ്യ-മാംസ കച്ചവടം ആരംഭിക്കുന്നതിനുള്ള ലൈസൻസ്

316(4051) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യ-മാംസ കച്ചവടങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് നൽകുമ്പോൾ ആയതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഭരണസമിതിയുടെ അനുമതി ആവശ്യമുണ്ടോ; വിശദമാക്കാമോ?

മത്സ്യ-മാംസ കച്ചവടങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് അനുവദിക്കുമ്പോൾ ഭരണസമിതിയുടെ അനുമതി ആവശ്യമാണെന്നത് സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലോ വ്യവസ്ഥ ചെയ്യുന്നില്ല. എന്നാൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ പ്രകാരം ഇറച്ചിക്കടകളുടെ സ്ഥാനം നിർണ്ണയിക്കുന്നതിനും 1996-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടെയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ പ്രകാരം മാർക്കറ്റുകൾക്ക് അനുമതി നൽകുന്നതിനും ഭരണസമിതി തീരുമാനം ആവശ്യമാണ്.

## എൻ 95 മാസ്ക് സംസ്കരണം

317 (4052) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ 95 മാസ്ക് ഉപയോഗശേഷം സംസ്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് അറിയിക്കാമോ?

16-7-2020-ലെ സ.ഉ. (സാധാ) നമ്പർ 1364/2020/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം കോവിഡ്-19 CFLTC-കളിൽനിന്നും ഉപയോഗശേഷമുള്ള ബയോമെഡിക്കൽ മാലിന്യങ്ങളായ മാസ്ക്, ഗ്ലൗസ് മുതലായ മെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് അണുവിമുക്തമാണെന്ന് ഉറപ്പുവരുത്തി ആരോഗ്യവകുപ്പുവഴി സംസ്കരണം നടത്തേണ്ടതാണെന്നും ആവശ്യമെങ്കിൽ അനുയോജ്യമായ ഇൻസിനേറ്റർ സ്ഥാപിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രികളിൽ ഉപയോഗിക്കുന്ന എൻ 95 മാസ്കുകൾ IMAGE-ന്

കൈമാറുകയാണ് ചെയ്യുന്നത്. ഉപയോഗശേഷം മാസ്കുകൾ അലക്ഷ്യമായി നിക്ഷേപിക്കുന്നതും കൈകാര്യം ചെയ്യുന്നതും ഒഴിവാക്കേണ്ടതാണെന്നും ആയത് ഉപയോഗിക്കുന്നവർ തന്നെ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് സംസ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ഗ്രാമപഞ്ചായത്തുകൾ ആരോഗ്യ വകുപ്പുമായി സഹകരിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(ബി) എൻ 95 മാസ്ക് റീസൈക്കിൾ ചെയ്ത് പുനരുപയോഗിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് അറിയിക്കാമോ?

എൻ 95 മാസ്ക് റീസൈക്കിൾ ചെയ്ത് പുനരുപയോഗിക്കുന്നതിന്, സംസ്ഥാനത്ത് നിലവിൽ സംവിധാനങ്ങളില്ല.

(സി) എൻ 95 മാസ്ക് ഉപയോഗശേഷം അശ്രദ്ധമായി കളയുന്നത് മലിനീകരണ പ്രശ്നം സൃഷ്ടിക്കുന്നുണ്ടോ എന്നറിയിക്കാമോ?

എൻ 95 മാസ്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഉപയോഗശേഷം അശ്രദ്ധമായി കളയുന്നത് മലിനീകരണ പ്രശ്നം സൃഷ്ടിക്കുന്നതിനാൽ ഇക്കാര്യത്തിൽ ആരോഗ്യവകുപ്പുമായി സഹകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

## പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ടാറിന് നിലവിലെ വില നൽകാൻ നടപടി

318(4053) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിൽ എം.എൽ.എ./എം.പി./ഫ്ലഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ടാറിന് നിലവിലെ വില നൽകാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത ചെലവ് കൂടി ഉൾപ്പെടുത്തി സാങ്കേതികാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്കാണ് നിലവിൽ നൽകിവരുന്നത്. നിരന്തരം വ്യതിയാനമുണ്ടാകുന്ന ടാർ വിലയ്ക്കനുസൃതമായി പ്രൈസ് സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാങ്കേതികാനുമതി നൽകുന്നത് നിലവിൽ പരിഗണനയിലില്ല.

**ലൈഫ് മിഷൻ പദ്ധതി നിർവ്വഹണം സംബന്ധിച്ച്**

319 (4054) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിയിൽ അപേക്ഷ നല്കി അംഗീകാരം ലഭിച്ചിട്ടും ആദ്യ ഗഡുപോലും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച തടസ്സങ്ങൾ നീക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2020-21 കാലയളവിൽ ഓൺലൈനായി സ്വീകരിച്ച അപേക്ഷയിന്മേൽ അർഹതാ പരിശോധന നടത്തി ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ അപേക്ഷ നല്കി അംഗീകാരം ലഭിച്ച് ഒന്നര വർഷത്തിനുശേഷവും ആനുകൂല്യം ലഭിക്കാത്തവരുടെ കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ അംഗീകാരം ലഭിച്ചിട്ടും ആദ്യഗഡു ലഭിക്കാത്ത ലൈഫ് ഗുണഭോക്താക്കൾ ആരും തന്നെയില്ല. ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2020-21 കാലയളവിൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. ടി അപേക്ഷയിന്മേൽ അർഹതാ പരിശോധന നടത്തി ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാനൂർ നഗരസഭയിൽ 58 പേരും കൂത്തുപറമ്പ് നഗരസഭയിൽ 5 പേരും ഡി.പി.ആർ.-ൽ ഉൾപ്പെട്ടിട്ടും വീട് നിർമ്മിക്കാൻ കഴിയാതെയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കൂത്തുപറമ്പ് നഗരസഭയിൽ ഉൾപ്പെട്ട 5 പേർ പുതിയ ഡി.പി.ആർ.-ൽ (അഞ്ചാമത്തെ) ഉൾപ്പെട്ട ഗുണഭോക്താക്കളാണ്. അവർക്കുള്ള സി.എസ്.എം.സി. അംഗീകാരം 16-8-2021-നാണ് ലഭിച്ചത്. 16-10-21-ൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 9534/എൻ/2015/കെ.എസ്.എച്ച്.ഒ. കത്തുപ്രകാരം മേൽ അംഗീകാരം കിട്ടിയ 5 പേർക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകൽ, കരാർ വച്ച് ആദ്യ ഗഡു നൽകൽ, എം.ഐ.എസ്. അറ്റാച്ച് ചെയ്യൽ തുടങ്ങിയ പ്രാരംഭ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരമുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മേൽ 5 ഗുണഭോക്താക്കൾക്കുവേണ്ടി 2021-22 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നഗരസഭ വിഹിതമായ 10,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. പാനൂർ നഗരസഭയിൽ 16-10-2021-ന് CSMC അംഗീകാരം ലഭിച്ച 58 ഗുണഭോക്താക്കൾക്ക് പുതിയ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്നതിനും PMAY-MIS-ൽ മുഴുവൻ ഗുണഭോക്താക്കളുടെയും അറ്റാച്ച്മെന്റ് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പാനൂർ നഗരസഭയിൽ കൈക്കൊണ്ടിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ചെയ്യുന്ന കെട്ടിടങ്ങളുടെ ഇലക്ട്രിക്ക് പ്രവൃത്തികൾ

320 (4055) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ചെയ്യുന്ന കെട്ടിടങ്ങളുടെ ഇലക്ട്രിക് പ്രവൃത്തികൾ നിലവിൽ ആരാണ് ചെയ്യുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

22-9-2015-ലെ സ.ഉ. (സാധാ.) 2878/2015/ത.സ്വ.ഭ.വ. മുഖേന തദ്ദേശസ്വയംഭരണ വകുപ്പിൽ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനുമായി ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ്, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽനിന്നും വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ ഓരോ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും തയ്യാറാക്കിയിട്ടുണ്ട്. ഈ പാനലിൽനിന്നും ഒരു എഞ്ചിനീയറെ തദ്ദേശസ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത

വ്യക്തിയുമായി കരാറിലേർപ്പെടേണ്ടതുമാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവ തെരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയറുടെ ഉത്തരവാദിത്തമായിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതികാനുമതി, ചെക്ക് മെഷർമെന്റ് എന്നിവ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി, പൊതുമരാമത്ത് വകുപ്പ്, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽനിന്നും വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർമാർ അംഗങ്ങളായ, മൂന്നംഗങ്ങളിൽ കുറയാതെയുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും ബിൽ പാസ്സാക്കുകയും ചെയ്യുന്നു. 8-2-2019-ലെ സ.ഉ. (സാധാ.) നമ്പർ 267/2019/ത.സ്വ.ഭ.വ. പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ് സംസ്ഥാനത്തെ എല്ലാ നഗരസഭകൾക്കും കൂടി ബാധകമാക്കിയിട്ടുള്ളതാണ്. 31-12-2018-ലെ സ.ഉ. (സാധാ.) നമ്പർ 3277/2018/ത.സ്വ.ഭ.വ. പ്രകാരം കോർപ്പറേഷൻ തലത്തിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി കോർപ്പറേഷനിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറായി കോർപ്പറേഷൻതല സാങ്കേതിക കമ്മിറ്റികൾ രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. 23-9-2020-ലെ സ.ഉ. (സാധാ.) നമ്പർ 1715/2020/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ്, കെ.എസ്.ഇ.ബി. തുടങ്ങിയ വകുപ്പുകളിൽനിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ളവരുടെ സേവനം ലഭ്യമല്ലാത്ത ജില്ലകളിൽ സർക്കാർ വകുപ്പിലെ ഇലക്ട്രിക് മേഖലയിൽനിന്നും റിട്ടയർ ചെയ്ത ഒരാളോ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ ഒരു എഞ്ചിനീയറോ കമ്മിറ്റിയിൽ ഉണ്ടാകണമെന്ന നിബന്ധനയോടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ബി.ടെക്ക് ഇലക്ട്രിക്കൽ ബിരുദവും ഇലക്ട്രിക്കൽ ലൈസൻസുമുള്ളവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) കെട്ടിടം പണി പൂർത്തിയായിട്ടും ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിലുള്ള കാലതാമസംമൂലം പല കെട്ടിടങ്ങളും യഥാസമയം ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇല്ല.

(സി) പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിൽ തന്നെ ഇലക്ട്രിഫിക്കേഷൻ സെക്ഷൻ ആരംഭിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

വൈദ്യുതീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ജില്ലാതലത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസ്**

321 (4056) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗര, ഗ്രാമ വ്യത്യാസമില്ലാതെ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഏതാണ്ട് എട്ട് ലക്ഷത്തിലധികം പേർക്ക് നായയുടെ കടിയേറ്റതായുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

തെരുവുനായ്ക്കളുടെ ശല്യം പരിഹരിക്കുന്നതിനായി അനിമൽ ബർത്ത് കൺട്രോൾ പദ്ധതി നടപ്പിലാക്കിവരുന്നു. തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായകളെ പിടികൂടി വന്ധീകരണത്തിന് വിധേയമാക്കി പിടികൂടിയ സ്ഥലത്ത് തന്നെ തിരിച്ചുവിടുന്ന പ്രവൃത്തിയാണ് പദ്ധതിയിൽ അവലംബിച്ചിരിക്കുന്നത്. അതോടൊപ്പം തെരുവുനായകളുടെ ആക്രമണത്തിന് ഇരയായ വ്യക്തികൾക്ക് ബഹു. (റിട്ട) ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(സി) നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 437 പ്രകാരവും വളർത്തുനായകൾക്ക് ലൈസൻസ് എടുക്കേണ്ടതുണ്ട്. അതോടൊപ്പം ബഹു. ഹൈക്കോടതിയുടെ WP(C) No. 13204/2021 നമ്പർ കേസിൽ 14-7-2021-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 8-8-2021-ൽ ആർ.സി3/241/2021/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ

പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിൽ വളർത്തുനായകൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും ലൈസൻസ് കരസ്ഥമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുവാൻ വകുപ്പുമേധാവികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പഞ്ചായത്തുകളിലെ ഓൺലൈൻ സേവനങ്ങൾ**

322 (4057) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ലഭിക്കുന്ന അപേക്ഷകളുടെ പ്രോസസ്സിംഗിന് സ്വന്തമായി ഡാറ്റാ സെർവറുണ്ടോ; ഇല്ലെങ്കിൽ ആയത് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്. ഈ ഡാറ്റാ സെർവർ സ്ഥാപിച്ചിരിക്കുന്നത് സംസ്ഥാന ഇ-ഗവേണൻസ് ഡാറ്റാ സെന്ററിലാണ്. ആയതിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന ഐ. ടി. മിഷന് കൈമാറിയിട്ടുണ്ട്.

(ബി) പഞ്ചായത്ത് വകുപ്പിന് സ്വന്തമായി ഡാറ്റാ സെർവർ ഇല്ലാത്തതിനാൽ ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കിയ പഞ്ചായത്തുകളിൽ ഫയൽ പ്രോസസ്സിംഗ് സാവധാനത്തിലായതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഡാറ്റാ സെർവറിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന ഐ. ടി. മിഷന് കൈമാറിയിട്ടുണ്ട്.

(സി) കേന്ദ്രസർക്കാർ ധനകാര്യ കമ്മീഷൻ ഫണ്ട് വിതരണത്തിന് ഇ-ഗ്രാമ സ്വരാജ് എന്ന വെബ് പോർട്ടൽ നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടായ ജോലിഭാരം കുറയ്ക്കാൻ പഞ്ചായത്തുകളിൽ പുതിയ നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത നിയമനം പി.എസ്.സി. മുഖേനയാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; പി.എസ്.സി. മുഖേന അല്ലെങ്കിൽ കമ്പൽസറി വേക്കൻസീസ് ഓഫ് നോട്ടിഫിക്കേഷൻ ആക്ടിലെ നിർദ്ദേശങ്ങൾ ഈ നിയമനത്തിന് ബാധകമായിരിക്കുമോ ?

(സി&ഡി) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിനായി നിർമ്മാണ പ്രവൃത്തികളുടെ ജിയോ ടാഗിംഗ് നടത്തുന്നതിനും ഇ-ഗ്രാമ സ്വരാജ് വെബ് പോർട്ടലിൽ ബില്ലുകൾ തയ്യാറാക്കുന്നതിനും ഗ്രാമപഞ്ചായത്ത്

സെക്രട്ടറിമാരെ സഹായിക്കുന്നതിനുമായി ഓരോ ഗ്രാമപഞ്ചായത്തിലും ദിവസ വേതനാടിസ്ഥാനത്തിൽ ഒരു പ്രോജക്ട് അസിസ്റ്റന്റിനെ നിയമിക്കുന്നതിന് 24-9-2021-ലെ സ.ഉ.(സാധ) നമ്പർ 1846/2021/ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രോജക്ട് അസിസ്റ്റന്റ് എന്നത് ഒരു സ്ഥിരം തസ്തികയല്ല. 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്ട്, 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടുപ്രകാരം സ്ഥിരം തസ്തികയിലേയ്ക്കാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവ മുഖേന നിയമനം നടത്തുക.

## ലൈഫ് ഭവന പദ്ധതി

323 (4058) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഭൂരഹിതരുടെ പട്ടികയിൽ ഉൾപ്പെടുകയും പിന്നീട് പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ ഭൂമി വാങ്ങുകയും ചെയ്ത അപേക്ഷകരെ ഭൂമിയുള്ളവരുടെ ലിസ്റ്റിലേയ്ക്ക് മാറ്റുന്നതിന് കഴിഞ്ഞ രണ്ട് വർഷക്കാലമായിട്ടും സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരത്തിൽ അപേക്ഷകരുടെ തരം മാറ്റുന്നതിനും ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ സ്വന്തമായോ വകുപ്പ് മുഖേനയോ ഭൂമിയാർജ്ജിച്ച് ഭൂമിയുള്ള ഭവനരഹിതരാകുന്നപക്ഷം ടി ഗുണഭോക്താക്കളെ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്തൃ പട്ടികയിലാക്കുന്നതിനുള്ള അവസരം സോഫ്റ്റ്‌വെയറിൽ ലഭ്യമാണ്.

## നഗരസഭാ ജീവനക്കാർക്ക് സ്പാർക്ക് വഴി ശമ്പളം

324(4059) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കേരള മുനിസിപ്പാലിറ്റി ആക്ട് 222-ാം വകുപ്പ് ഭേദഗതി ചെയ്ത 2-12-2019-ലെ 2952 Vol. VIII സബ്ക്ലോസ്സ് 3 നമ്പർ വിജ്ഞാപന പ്രകാരം കണ്ടിജന്റ് ജീവനക്കാരൊഴികെ മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാരാണ്.

(ബി) നഗരസഭാ ജീവനക്കാർക്ക് PEN (Permanent Employee Number) അനുവദിച്ച് നൽകുന്നതിന് തടസ്സങ്ങളുണ്ടോ; PEN അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചാൽ സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിരിക്കുന്ന എല്ലാ സംവിധാനങ്ങളും അവർക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) നഗരസഭാ ജീവനക്കാർക്ക് ശമ്പളം സ്പാർക്കുവഴി നൽകുന്നതിന് തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഇ) ഈ ജീവനക്കാർക്ക് സ്പാർക്കുവഴി ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി - ഇ) ഇപ്പോൾ പരിഗണനയിലില്ല.

## ഗ്രാമപഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയാക്കി മാറ്റുന്നതിനുള്ള നടപടി

325(4060) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും സ്റ്റാഫ് പാറ്റേൺ ഏത് രീതിയിലാണെന്ന് വിശദമാക്കാമോ ?

1994-ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് ചട്ടങ്ങൾ നിലവിൽ വന്നതോടെ 1967-ലെ കേരള പഞ്ചായത്ത് (എസ്റ്റാബ്ലിഷ്മെന്റ്) ചട്ടങ്ങൾ റദ്ദാക്കപ്പെടുകയും നിലവിൽ പഞ്ചായത്തുകളിൽ സ്പെഷ്യൽ ഗ്രേഡ്, ഒന്നാം ഗ്രേഡ് തുടങ്ങിയ ഗ്രൂപ്പിംഗ് നിലവിലില്ലാത്തതുമാണ്. അധിക തസ്തികകൾ അനുവദിക്കണമെന്ന നഗരകാര്യ ഡയറക്ടറുടെ സമയാസമയങ്ങളിലുള്ള പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധന നടത്തിയാണ് നഗരസഭകളിൽ തസ്തിക അനുവദിക്കുന്നത്.

(ബി) ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയാക്കി മാറ്റിക്കഴിഞ്ഞാൽ ശമ്പള ചെലവിനത്തിൽ എത്ര രൂപയുടെ വർദ്ധനവാണ് വരുന്നതെന്ന് വ്യക്തമാക്കാമോ?

അനുവദിക്കുന്ന തസ്തികകളുടെ തരം, എണ്ണം എന്നിവ അനുസരിച്ചാണ് ശമ്പള ബാധ്യത തിട്ടപ്പെടുത്താൻ കഴിയുന്നത്.

(സി) ഗ്രാമപഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളാക്കി മാറ്റുമ്പോൾ തനത് വരുമാനത്തിൽ എത്ര ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടാകുന്നതെന്നും ഏതെല്ലാം നികുതികളിൽ എത്ര രൂപവീതം വർദ്ധനവാണ് ജനങ്ങൾ വഹിക്കേണ്ടതായി വരുന്നതെന്നും വ്യക്തമാക്കാമോ?

വിവിധ നികുതികളുടെ നഗരസഭ നിശ്ചയിക്കുന്ന നിരക്ക്, വാടകയിനത്തിൽ നഗരസഭ നിശ്ചയിക്കുന്ന നിരക്ക് തുടങ്ങിയ വസ്തുതകളെ അടിസ്ഥാനമാക്കിയാണ് ഇക്കാര്യം കണക്കാക്കാൻ കഴിയുക.

(ഡി) മുനിസിപ്പാലിറ്റികൾക്ക് ഗ്രാമപഞ്ചായത്തുകളിൽനിന്ന് വ്യത്യസ്തമായി ഏതൊക്കെ ഫണ്ടുകളാണ് അധികമായി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് മുനിസിപ്പാലിറ്റികളിൽ വസ്തു നികുതി നിരക്കുകൾ വ്യത്യസ്തമാണ്. കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ചുള്ള ഫീസ് ഘടനയും വ്യത്യാസമുള്ളതാണ്. നഗരസഭകൾക്ക് മാത്രമായി കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ലഭിക്കാറുണ്ട്.

(ഇ) വരുമാനവും ജനസംഖ്യയും കുറവുള്ള ഗ്രാമപഞ്ചായത്തുകൾ നഗരസഭകളാക്കി മാറ്റുമ്പോൾ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സർക്കാരിന്റെ പദ്ധതി വിഹിതത്തിൽനിന്നും ഇവയ്ക്ക് കൂടുതൽ തുക അനുവദിക്കുന്നുണ്ടോ?

പ്രത്യേകമായി അധികം തുക അനുവദിക്കുന്നില്ല. ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമാണ് നഗരസഭകൾക്ക് ഫണ്ട് അനുവദിച്ച് വരുന്നത്. ധനകാര്യ കമ്മീഷന്റെ വിഹിതത്തിൽ ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് നഗരസഭകളായി മാറിയ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അധിക തുക അനുവദിച്ചുവരുന്നുണ്ട്.

(എഫ്) വരുമാനവും ജനസംഖ്യയും കുറവുള്ള നഗരസഭകളെ ഗ്രാമപഞ്ചായത്തുകളാക്കി മാറ്റാൻ നിയമത്തിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നിയമ ഭേദഗതി കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 4-ലെയും ഇന്ത്യൻ ഭരണഘടനയുടെ 245 q അനുച്ഛേദത്തിലെയും വ്യവസ്ഥകൾ പ്രകാരമാണ് മുനിസിപ്പാലിറ്റികൾ രൂപീകരിക്കുകയും മാറ്റം വരുത്തുകയും ചെയ്യുന്നത്. അതു പ്രകാരം നഗരസഭകളെ ഗ്രാമപഞ്ചായത്തുകളായി മാറ്റാൻ കഴിയുകയില്ല. ഇക്കാര്യത്തിൽ നിയമ ഭേദഗതി പരിഗണനയിലില്ല.

## സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി

326(4061) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിനും ഓൺലൈനായി തന്നെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാമോ; ഇതുസംബന്ധിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിനും ഓൺലൈനായി തന്നെ ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം ഇതിനോടകംതന്നെ ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ 309 ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ മുഖേന പ്രസ്തുത സംവിധാനം ലഭ്യമാണ്. ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കാത്ത 632 ഗ്രാമപഞ്ചായത്തുകളിൽ 2021 സെപ്റ്റംബർ ഒന്നാം തീയതി മുതലും എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 2021 ഒക്ടോബർ ഒന്നാം തീയതി മുതലും മേൽ സേവനങ്ങൾ സിറ്റിസൺ സർവീസ് പോർട്ടൽ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിവരുന്ന 213 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനും തുക ഒടുക്കുന്നതിനും സിറ്റിസൺ സർവ്വീസ് പോർട്ടൽ, ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ എന്നിവ മുഖേനയും പൊതുജനങ്ങൾക്ക് സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ മേഖലയിൽ ബിൽഡിംഗ് പെർമിറ്റുകൾ ലഭ്യമാക്കുന്നതിനായി ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം (ഐ.ബി.പി.എം.എസ്.) എന്ന പുതിയ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് കുറ്റമറ്റരീതിയിൽ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നുണ്ട്. വസ്തു നികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ നികുതി ഓൺലൈനാക്കുന്നതിനും അതിന്റെ "റിഫോം ഇൻസെന്റീവ്" പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനും ഐ.ഐ.ഐ.ടി.എം.-കെ എന്ന സ്ഥാപനം മുഖേന സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## പഞ്ചായത്തുകളിലെ ജൽജീവൻ മിഷൻ പദ്ധതി

327(4062) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി എഗ്രിമെന്റ് വച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ള പഞ്ചായത്തുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

65 ഗ്രാമപഞ്ചായത്തുകളിൽ എഗ്രിമെന്റ് വച്ച് ജൽജീവൻ മിഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്തുകൾ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രയാസങ്ങളെക്കുറിച്ച് പരാതി ഉന്നയിച്ചിട്ടുണ്ടോ ?

ഉണ്ട്.

(സി) ജലലഭ്യത കണക്കാക്കാതെ പുതിയ കണക്ഷനുകൾ നൽകുന്നതും തുടർന്ന് പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ട ബാധ്യത സംബന്ധിച്ചും പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ജൽജീവൻ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം നിഷ്കർഷിച്ചിട്ടുള്ള പ്രതിദിന ആളോഹരി ജല ലഭ്യത (55 ലിറ്റർ) ഉറപ്പുവരുത്തുന്നതിനായി ജല അതോറിറ്റി, ഭൂജല വകുപ്പ് എന്നിവയിൽനിന്നുള്ള ഉദ്യോഗസ്ഥരും ജില്ലാ പഞ്ചായത്ത് മെമ്പറും അടങ്ങുന്ന സോഴ്സ് ഫൈൻഡിംഗ് കമ്മിറ്റി സ്രോതസ്സ് വിലയിരുത്തിയതിനു ശേഷമാണ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്. സ്രോതസ്സുകളിലെ ജലലഭ്യതയും സുസ്ഥിരതയും പ്രസ്തുത കമ്മിറ്റി ഉറപ്പുവരുത്തുന്നുണ്ട്. നിലവിലുള്ള കുടിവെള്ള പദ്ധതികളിൽനിന്നും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുമ്പോൾ ആവശ്യമായ പദ്ധതികളിൽ സ്രോതസ്സുകളുടെ ശേഷി വർദ്ധിപ്പിക്കൽ (augmentation) ഉൾപ്പെടെ നടപ്പിലാക്കി ജലലഭ്യത ഉറപ്പാക്കിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

## ഇരവിപുരം മണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. പദ്ധതി

328(4063) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള റോഡുകൾ തുക ഉൾപ്പെടെ ഏതാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നും വിശദമാക്കാമോ?

പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിപ്രകാരം പുതിയ പ്രവൃത്തികൾക്ക് തുക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

പുതിയ പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നത് പരിഗണനയിലില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരണം

329(4064) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ട് 17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിരുന്നു. ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ തയ്യാറാക്കി സമർപ്പിച്ച സ്റ്റേറ്റ് സർവീസിന്റെയും സബോർഡിനേറ്റ് സർവീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങൾ സർവീസ് സംഘടനകളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ 22-12-2020-ൽ പ്രസിദ്ധീകരിച്ചു. 2021 ഫെബ്രുവരി 15-ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ സർവ്വീസ് സംഘടനകളുമായി വെർച്വൽ മീറ്റിംഗ് നടത്തിയിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെയും സെക്രട്ടറിമാരുടെ കമ്മിറ്റിയോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയിരുന്നു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19-7-2010-ലെ 11884/R1/2007/ P&ARD നമ്പർ Circular (Simplified procedure for framing Special Rules) പ്രകാരമുള്ള നടപടിക്രമം പാലിച്ച് സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാതല ഓഫീസുകൾ എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളും പൂർത്തിയാക്കി വരുന്നു.

(ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വരുന്നതോടെ വിവിധ തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സർവ്വീസ്, പ്രൊമോഷൻ തുടങ്ങിയവ സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി എല്ലാ അംഗീകൃത സർവ്വീസ് സംഘടനകളുമായും സർക്കാർ തലത്തിൽ ചർച്ച നടത്തിയിരുന്നു. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വരുമ്പോൾ സർവ്വീസ്, പ്രൊമോഷൻ തുടങ്ങിയവ സംബന്ധിച്ച് ജീവനക്കാർക്കുണ്ടാകുന്ന ആശങ്കകൾ പരിഹരിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ ഒരു പരാതിപരിഹാര സെല്ലും തദ്ദേശസ്വയംഭരണ വകുപ്പിൽ എസ്.പി.എ.ഒ.-യുടെ അദ്ധ്യക്ഷതയിൽ അഞ്ച് വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു അപ്പലേറ്റ് അതോറിറ്റി സംവിധാനവും 17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

## ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ

330(4065) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ ?

കുന്നത്തുനാട് മണ്ഡലത്തിൽ ഉൾപ്പെട്ട ഐക്കരനാട്, കിഴക്കമ്പലം, കുന്നത്തുനാട്, മഴുവന്നൂർ, പൂത്തൃക്ക, തിരുവാണിയൂർ, വടവുകോട് പുത്തൻകുരിശ്, വാഴക്കുളം പഞ്ചായത്തുകളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉറവിടത്തിൽ തന്നെ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റുകളും ബയോ കമ്പോസ്റ്റ് ബിന്നുകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പോസ്റ്റ് പിറ്റുകളും നിർമ്മിച്ച് നൽകിയിട്ടുണ്ട്. വൃത്തിയാക്കിയ അജൈവ ഖരമാലിന്യങ്ങൾ ഹരിതകർമ്മ സേനാംഗങ്ങളെ നിയോഗിച്ച് ശേഖരിക്കുകയും തരംതിരിച്ച് പുന:ചംക്രമണം നടത്തുന്ന സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്യുന്നുണ്ട്.

(ബി) ടി മണ്ഡലത്തിൽ എത്ര വീടുകളിൽ ഉറവിടമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഐക്കരനാട്-177, കിഴക്കമ്പലം-250, തിരുവാണിയൂർ-7781, മഴുവന്നൂർ-78, പൂത്തൃക്ക-125, കുന്നത്തുനാട്-9862, വടവുകോട് പുത്തൻകുരിശ്-1481, വാഴക്കുളം-65 എന്നീ വീടുകളിൽ ഉറവിടമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.

(സി) മണ്ഡലത്തിൽ ഹരിത കർമ്മസേന രൂപീകരിച്ച പഞ്ചായത്തുകളുടെ വിശദാംശം ലഭ്യമാക്കാമോ ?

കുന്നത്തുനാട് മണ്ഡലത്തിൽ ഉൾപ്പെട്ട ഐക്കരനാട്, കിഴക്കമ്പലം, കുന്നത്തുനാട്, മഴുവന്നൂർ, പൂത്തൃക്ക, തിരുവാണിയൂർ, വടവുകോട് പുത്തൻകുരിശ്, വാഴക്കുളം പഞ്ചായത്തുകളിൽ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. വീടുകളിൽ മഴുവന്നൂർ-78, പൂത്തൃക്ക-125, കുന്നത്തുനാട്-9862, വടവുകോട് പുത്തൻകുരിശ്-1481, വാഴക്കുളം-65 എന്നിവയാണ് എണ്ണം.

**ആലത്തൂർ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

331(4066) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിന്റെ നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കാമോ?

പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ലൈഫ് മിഷൻ പദ്ധതി**

332(4067) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-നുശേഷം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശിക്കപ്പെട്ട അപേക്ഷകരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

2019-ന് ശേഷം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

2020-21 കാലയളവിൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. ടി അപേക്ഷയിന്മേൽ അർഹതാ പരിശോധനനടത്തി ഗുണഭോക്തൃപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇവരെക്കൂടി ഉൾപ്പെടുത്തി അർഹരായ ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഓൺലൈനായി സ്വീകരിച്ച അപേക്ഷയിന്മേൽ അർഹതാ പരിശോധന നടത്തി ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഓടുമേഞ്ഞതും ജീർണ്ണാവസ്ഥയിലുള്ളതുമായ വീടുകളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെ അർഹരായ മുഴുവൻപേരേയും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

ഓടുമേഞ്ഞതും ജീർണ്ണാവസ്ഥയിലുള്ളതുമായ വീടുകളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെ ലൈഫ് മാനദണ്ഡപ്രകാരം അർഹരായ മുഴുവൻ പേരെയും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇൻഫർമേഷൻ കേരള മിഷന്റെ സോഫ്റ്റ്‌വെയറിലെ പ്രശ്നങ്ങൾ

333(4068) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് ഐ.കെ.എം. തയ്യാറാക്കിയ സോഫ്റ്റ്‌വെയറിലെ പ്രശ്നങ്ങളും പോരായ്മകളും അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; ഐ.കെ.എം. ഏതെല്ലാം സോഫ്റ്റ്‌വെയറുകളാണ് തയ്യാറാക്കിയിട്ടുള്ളതെന്നറിയിക്കാമോ ?

ഐ.കെ.എം. സോഫ്റ്റ്‌വെയറുകളുടെ തകരാറുകൾ റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കായി സംവിധാനങ്ങൾ നിലവിലുണ്ട്. പരാതികൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് പരിഹരിച്ച് നൽകുന്നുമുണ്ട്. ഐ.കെ.എം. തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയറുകളുടെ പട്ടിക ചുവടെ ചേർക്കുന്നു:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് സോഫ്റ്റ്‌വെയറുകൾ.

1. സിറ്റിസൺ സർവ്വീസ് പോർട്ടൽ
2. ഐ.എൽ.ജി.എം.എസ്.

3. സംഖ്യ അക്കൗണ്ടിംഗ്

4. സചിത്ര അസെറ്റ്

5. സകർമ്മ മീറ്റിംഗ് മാനേജ്മെന്റ്

6. സംവേദിത വെബ്സൈറ്റുകൾ

7. സഞ്ചയ റവന്യൂ ആന്റ് ലൈസൻസ്

8. സഞ്ചിത നിയമങ്ങളും ചട്ടങ്ങളും

9. സങ്കേതം ബിൽഡിംഗ് പെർമിറ്റ്

10. സേവന സിവിൽ രജിസ്ട്രേഷൻ

11. സേവന പെൻഷൻ

12. സൂചിക

13. സ്ഥാപന എസ്റ്റാബ്ലിഷ്മെന്റ് ആന്റ് പേ റോൾ

14. സുലേഖ പദ്ധതി രൂപീകരണവും മോണിറ്ററിംഗും

15. ഗ്രാമസഭ പോർട്ടൽ

<u>നഗര കൈമാറ്റം മറ്റ് സോഫ്റ്റ് വെയറുകൾ</u>

1. സി.എം.എൽ.ആർ.ആർ.പി.

2. ലൈഫ് എം.ഐ.എസ്.

3. ഇ-ടിക്കറ്റിംഗ്

4. നിലാവ്

5. വൈകല്യ സെൻസസ്

6. ശുചിത്വ ജാഗ്രത പോർട്ടൽ

7. സഹായ എസ്.എം.എസ്.

(ബി) സഞ്ചയ സോഫ്റ്റ്‌വെയറിലെ പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും ഐ.കെ.എം. ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന കാര്യം ഗൗരവമായി പരിശോധിക്കുമോ; പ്രോപ്പർട്ടി ടാക്സ് അടച്ച വ്യക്തിയുടെ കയ്യിൽ രസീത് ഇല്ലെങ്കിൽ വീണ്ടും അടയ്ക്കേണ്ട സാഹചര്യം എന്താണെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ഐ.കെ.എം. സോഫ്റ്റ്‌വെയറുകളുടെ തകരാറുകൾ റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കായി പരാതി പരിഹാര സംവിധാനം നിലവിലുണ്ട്. പരാതികൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് പരിഹരിച്ച് നൽകുന്നുമുണ്ട്. ഓൺലൈനായി ഇ-പേമെന്റ് മുഖേനയോ, തദ്ദേശഭരണ സ്ഥാപനത്തിലെ ഫ്രണ്ട് ഓഫീസ് മുഖേനയോ അടവാക്കപ്പെടുന്ന നികുതികൾ തത്സമയം തന്നെ സോഫ്റ്റ്‌വെയറിൽ വരവ് വയ്ക്കപ്പെടുന്നതും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ലോഗിനിൽ ഈ വിവരങ്ങൾ ലഭ്യമാകുന്നതുമാണ്. ഔട്ട്ഡോർ/ക്യാമ്പ് കളക്ഷൻ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് മാനുലായി സ്വീകരിക്കുന്ന നികുതികൾ സോഫ്റ്റ്‌വെയറിൽ യഥാവിധി അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ സമയബന്ധിതമായി രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത രേഖപ്പെടുത്തലുകൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്. മാനുവലായി സ്വീകരിക്കുന്ന നികുതി വിവരങ്ങൾ യഥാസമയം ബന്ധപ്പെട്ട ജീവനക്കാർ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്യാതിരുന്നാൽ നികുതി അടച്ച വിവരം സോഫ്റ്റ്‌വെയറിൽ കാണാനാവില്ല. ഇത് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്ന പക്ഷം ഈ സാഹചര്യം ഒഴിവാകുന്നതാണ്.

(സി) പോസ്റ്റിംഗ് കൃത്യമായി നടക്കാത്തതുകാരണം പ്രൊഫഷണൽ ടാക്സ് അടച്ച സ്ഥാപനങ്ങളും തൊഴിലാളികളും വീണ്ടും ടാക്സ് അടയ്ക്കേണ്ട സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

നഗരസഭകൾ തൊഴിൽ നികുതി നിലവിൽ നേരിട്ടാണ് സ്വീകരിച്ചുവരുന്നത്. ആയതിനാൽ തൊഴിൽ നികുതി പോസ്റ്റിംഗ് നടത്തേണ്ട സാഹചര്യമില്ല. പരാതികൾ ഉണ്ടാകുന്നപക്ഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. നഗരസഭകളിൽ തൊഴിൽ നികുതി ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം നഗരസഭയിൽ പ്രൊഫഷണൽ ടാക്സ്, പ്രോപ്പർട്ടി ടാക്സ് സോഫ്റ്റ്‌വെയർ തയ്യാറാക്കി പത്തുവർഷം കഴിഞ്ഞിട്ടും ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രൊഫഷണൽ ടാക്സിന്റെ പോസ്റ്റിംഗും സ്ഥാപനങ്ങളുടെ ഡാറ്റ എൻട്രിയും ഇതുവരെയും നടത്തിയിട്ടില്ലെന്ന വിഷയം സർക്കാർ പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ?

നഗരസഭകളിൽ പ്രൊഫഷണൽ ടാക്സ് സ്വീകരിക്കുന്നതിനായി ഐ.ഐ.ഐ.ടി.എം.കെ. എന്ന സ്ഥാപനം മുഖാന്തരം സോഫ്റ്റ്‌വെയർ തയ്യാറാക്കിവരുന്നു. നിലവിൽ പെൻഡിംഗായ പ്രോപ്പർട്ടി ടാക്സ് പോസ്റ്റിംഗുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അപ്ഡേഷനിലെ തകരാർ കാരണം അധികം വരുന്ന തുകയുടെ കാര്യത്തിൽ സർക്കാർ സമഗ്രമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഐ.കെ.എം. സോഫ്റ്റ്‌വെയറിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന തകരാർ പരിഹരിക്കുന്ന മുറയ്ക്ക്/പോസ്റ്റിംഗ് പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതാണ്.

**ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി**

334(4069) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ടെൻഡർ ചെയ്ത എത്ര പ്രവൃത്തികളാണ് ഇനിയും ആരംഭിക്കാനുള്ളതെന്ന് തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ?

പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) ടെൻഡർ കഴിഞ്ഞ് കരാർ വച്ചിട്ടും ഇതുവരെയും സി.എം.എൽ.ആർ.ആർ.പി. പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്ത കരാറുകാരുടെ വിവരങ്ങളും ബന്ധപ്പെടേണ്ട ഫോൺ നമ്പരും ലഭ്യമാക്കാമോ; മനഃപൂർവ്വം കാലതാമസമുണ്ടാക്കുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനോ കരാറുകൾ റദ്ദ് ചെയ്യുന്നതിനോ പിഴ ഈടാക്കുന്നതിനോ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.* സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം ആവശ്യമുള്ള പക്ഷം മനഃപൂർവ്വം കാലതാമസമുണ്ടാക്കുന്ന കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(സി) സി.എം.എൽ.ആർ.ആർ.പി. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി എത്രയാണെന്ന് അറിയിക്കാമോ; നിർമ്മാണം ഇതുവരെയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളുടെ കരാറിൽ ഏർപ്പെട്ട തീയതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ നോട്ടീസ് നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോയെന്നും അറിയിക്കാമോ?

ഓരോ പ്രവൃത്തിയുടെയും സ്വഭാവമനുസരിച്ച് പൂർത്തീകരണ കാലാവധി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വ്യത്യസ്തമായതിനാൽ തന്നെ ഒരു നിശ്ചിത കാലാവധി നിർണ്ണയിക്കുന്നതിന് സാധ്യമല്ലാത്തതാണ്. നിർമ്മാണം ഇതുവരെയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളുടെ കരാറിലേർപ്പെട്ട തീയതികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.* പ്രവൃത്തി വൈകിയത് കരാറുകാരുടെ കാരണത്താൽ അല്ലാത്തതിനാൽ ഇതുവരെ നോട്ടീസ് നൽകിയിട്ടില്ല. സർക്കാർ മാനദണ്ഡങ്ങൾപ്രകാരം ആവശ്യമുള്ളപക്ഷം കാലതാമസമുണ്ടാക്കുന്ന കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. ആരംഭിക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പൂർത്തീകരിച്ച സി.എം.എൽ.ആർ.ആർ.പി. പ്രവൃത്തികളുടെ ബില്ലുകൾ മാറുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പരിമിതമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് ഈ പ്രവൃത്തികളുടെ ബിൽ തുക കരാറുകാർക്ക് മാറി നൽകിയിരുന്നത്. ഇപ്രകാരമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി 22-9-2021-ലെ ജി.ഒ.(എം.എസ്.) നമ്പർ 211/2021/എൽ.എസ്.ജി.ഡി. പ്രകാരം സി.എം.എൽ.ആർ.ആർ.പി. പ്രവൃത്തികളുടെ ബിൽ തുക കരാറുകാർക്ക് അനുവദിക്കുന്ന പ്രക്രിയ ലളിതമാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് തുക അനുവദിക്കുന്നതിന് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 20-10-2021-ലെ G.O.(Rt) No.3537/2021/RD പ്രകാരം ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയിട്ടുമുണ്ട്.

## തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് നടപടി

335(4070) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനം ലഭിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള സാങ്കേതിക ജീവനക്കാർ യാതൊരു വകുപ്പുതല പരിശീലനവും ലഭിക്കാതെ നേരിട്ട് ജോലിയിൽ പ്രവേശിക്കുന്നതും ഫയലുകളിൽ തീരുമാനമെടുക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കെട്ടിട നിർമ്മാണ അനുമതി, മരാമത്ത് പ്രവൃത്തികൾ എന്നിവയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുമായും ജനപ്രതിനിധികളുമായും നിരന്തരം ഇടപെടേണ്ടിവരുന്ന തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാർക്ക് ജോലിയിൽ

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രവേശിക്കുന്നതിന് മുമ്പായി പരിശീലനം നൽകുന്നതിന് പദ്ധതികളുണ്ടോയെന്നത് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

(എ&ബി) ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപായി പരിശീലനം നൽകുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ സേവനത്തിൽ പ്രവേശിച്ച് കഴിഞ്ഞ് ജീവനക്കാർക്ക് ഓറിയന്റേഷൻ ട്രെയിനിംഗ് നൽകിവരുന്നുണ്ട്.

**പാർട്ട് ടൈം പൗണ്ട് കീപ്പർ തസ്തിക**

336(4071) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ പാർട്ട് ടൈം പൗണ്ട് കീപ്പർ തസ്തിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം ഏതൊക്കെ പഞ്ചായത്തുകളിലാണുള്ളതെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ വിവിധ പഞ്ചായത്തുകളിലായി 52 പാർട്ട് ടൈം പൗണ്ട് കീപ്പർ തസ്തിക നിലവിലുണ്ട്. കോട്ടയം-വെള്ളൂർ, എറണാകുളം-നെല്ലിക്കുഴി, വാളകം പാലക്കാട്-കരിമ്പുഴ, അമ്പലപ്പാറ, പിരായിരി മലപ്പുറം-പാണ്ടിക്കാട്, വട്ടംകുളം കോഴിക്കോട്-മരുതോങ്കര, വയനാട്-അമ്പലവയൽ, എടവക, കണിയാമ്പറ്റ, കോട്ടത്തറ, മേപ്പാടി, പനമരം, പൊഴുതന, തവിഞ്ഞാൽ, തിരുനെല്ലി, തൊണ്ടർനാട്, വൈത്തിരി കണ്ണൂർ-അഞ്ചരക്കണ്ടി, ആറളം, ചെമ്പിലോട്, ചെങ്ങളായി, ചെറുകുന്ന്, ചെറുതാഴം, ചിറക്കൽ, ചിറ്റാരിപ്പറമ്പ്, എരമം-കുറ്റൂർ, കാങ്കോൽ ആലപ്പടമ്പ്, മാടായി, മാട്ടൂർ, നാറാത്ത്, പടിയൂർ, പാപ്പിനിശ്ശേരി കാസർഗോഡ്-അജാനൂർ, ബെഡഡുക്ക, ബെള്ളൂർ, ചെമ്മനാട്, ചെങ്കള, ദേലംപാടി, കാറഡുക്ക, കുമ്പഡാജെ, മധൂർ, മടിക്കൈ, മഞ്ചേശ്വരം, മൊഗ്രാൽ പുത്തൂർ, പള്ളിക്കര, പുല്ലൂർ-പെരിയ, പുത്തിഗെ, ഉദുമ, വോർക്കാടി.

(ബി) ഇവരുടെ നിയമന രീതി, വേതനം, വിരമിക്കൽ പ്രായം എന്നിവ വിശദമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും ലഭ്യമാകുന്ന ലിസ്റ്റിൽനിന്നും ഇന്റർവ്യൂ നടത്തി പഞ്ചായത്താണ് നിയമനം നടത്തുന്നത്. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ നിലവിലുള്ള ശമ്പളസ്കെയിൽ പ്രകാരമാണ് വേതനം നൽകിവരുന്നത്. വിരമിക്കൽ പ്രായം-70 വയസ്സ്.

(സി) കാസർഗോഡ് ജില്ലയിൽ എത്ര പാർട്ട് ടൈം പൗണ്ട് കീപ്പർ തസ്തികകളുണ്ടെന്നും അവ ഏതെല്ലാം പഞ്ചായത്തുകളിലാണെന്നും വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ 17 പാർട്ട് ടൈം പൗണ്ട് കീപ്പർ തസ്തികകളുണ്ട്. (അജാനൂർ, ബെഡഡുക്ക, ബെള്ളൂർ, ചെമ്മനാട്, ചെങ്കള, ദേലംപാടി, കാറഡുക്ക, കുമ്പഡാജെ, മധൂർ, മടിക്കൈ, മഞ്ചേശ്വരം, മൊഗ്രാൽ പുത്തൂർ, പള്ളിക്കര, പുല്ലൂർ-പെരിയ, പുത്തിഗെ, ഉദുമ, വോർക്കാടി).

(ഡി) ക്യാറ്റിൽ പൗണ്ട് ഇല്ലാത്ത പഞ്ചായത്തുകളിൽ പൗണ്ട് കീപ്പർ തസ്തിക നിലവിലുണ്ടോ; ഇത് നിയമപരമാണോയെന്ന് വിശദമാക്കുമോ ?

നിലവിലുണ്ട്. ഇവ വാനിഷിംഗ് കാറ്റഗറിയിൽപ്പെടുത്തിയിരിക്കുന്നു.

(ഇ) കാസർഗോഡ് ജില്ലയിൽ ക്യാറ്റിൽ പൗണ്ട് ഇല്ലാത്തതും പൗണ്ട് കീപ്പർ തസ്തികയുള്ളതുമായ പഞ്ചായത്തുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

അജാനൂർ, ബെള്ളൂർ, ചെമ്മനാട്, ചെങ്കള, ദേലംപാടി, കാറഡുക്ക, കുമ്പഡാജെ, മധൂർ, മടിക്കൈ, മഞ്ചേശ്വരം, പള്ളികര, പുല്ലൂർ-പെരിയ, പുത്തിഗൈ.

(എഫ്) ക്യാറ്റിൽ പൗണ്ട് ഇല്ലാത്ത പഞ്ചായത്തുകളിലെ പൗണ്ട് കീപ്പർ തസ്തിക പാർട്ട് ടൈം സ്വീപ്പർ/ഓഫീസ് അറ്റൻഡന്റ് എന്ന് പുനഃനാമകരണം ചെയ്ത് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഇവരുടെ സേവനം കൃത്യമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ലൈബ്രേറിയന്മാരുടെ പൊതു സ്ഥലം മാറ്റം**

337(4072) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ ഫുൾടൈം ലൈബ്രേറിയന്മാരായി മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നവർക്ക് പൊതു സ്ഥലംമാറ്റം ലഭിക്കുന്നില്ലെന്നും അവരുടെ അപേക്ഷകൾ കരട് ലിസ്റ്റിൽപ്പോലും ഉൾപ്പെടുത്തുന്നില്ലെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ സ്ഥലംമാറ്റത്തിന് പ്രത്യേക മാനദണ്ഡമുണ്ടോ; വ്യക്തമാക്കുമോ?

പഞ്ചായത്ത് വകുപ്പിലെ ഫുൾടൈം ലൈബ്രേറിയന്മാരുടെ നിയമനം ജില്ലാതലത്തിലാണ് നൽകുന്നത്. ജില്ലയ്ക്കകത്ത് പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം സ്ഥലംമാറ്റം അനുവദിക്കുന്നുണ്ട്.

(ബി) റേഷ്യോ പ്രൊമോഷൻ വഴി ഗ്രേഡ് ലഭിച്ചവർക്ക് അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുവാൻ അർഹതയുണ്ടോ?

6-2-2013-ലെ G.O.(P)No.5/2013/P&ARD നമ്പർ ഉത്തരവ് പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നുണ്ട്.

(സി) പഞ്ചായത്ത് വകുപ്പിൽ നാളിതുവരെ സീനിയോരിറ്റി കണക്കാക്കി സ്ഥലംമാറ്റ ലിസ്റ്റ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

25-2-2017 -ലെ G.O.(P)No.3/2017/P&ARD നമ്പർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് എല്ലാവർഷവും പൊതു സ്ഥലംമാറ്റ അപേക്ഷ ക്ഷണിക്കുകയും അപേക്ഷകരുടെ മുൻഗണനാപ്പട്ടിക തയ്യാറാക്കി സ്ഥലംമാറ്റം നടത്തുകയും ചെയ്തുവരുന്നു.

(ഡി) അന്തർജില്ലാ സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കാൻ സാധിക്കില്ലെന്നും ജില്ലാ നിയമനം ലഭിച്ചവർ ഗ്രേഡ് വാങ്ങി അതേ ജില്ലയിൽ റിട്ടയർ ചെയ്യുന്നതുവരെ തുടരണമെന്നുമുള്ള ഉത്തരവ് പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ടോ?

ഇല്ല.

(ഇ) നാളിതുവരെ പഞ്ചായത്ത് വകുപ്പിൽ ലൈബ്രേറിയന് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം എന്താണെന്നും നിലവിൽ ആരെങ്കിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടോയെന്നും അറിയിക്കുമോ?

ഉണ്ട്. കെ.എസ്.ആർ. ഭാഗം 1, 139 മുതൽ 156 വരെയുള്ള ചട്ടങ്ങൾ പ്രകാരം ഡെപ്യൂട്ടേഷൻ അനുവദനീയമാണ്. നിലവിൽ ലൈബ്രേറിയന്മാർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടില്ല.

(എഫ്) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് വന്ന സാഹചര്യത്തിൽ നിലവിൽ പഞ്ചായത്ത് വകുപ്പിൽ ജോലി നോക്കിവരുന്ന ലൈബ്രേറിയന്മാരുടെ അന്തർജില്ലാ സ്ഥലമാറ്റത്തിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾ അന്തിമമാക്കിയിട്ടില്ല.

**ഇരിക്കൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവുകൾ**

338(4073) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർമാരുടേയും മറ്റ് ജീവനക്കാരുടേയും ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനും ഇവർക്കാവശ്യമായ ട്രെയിനിംഗ് നൽകി കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള എഞ്ചിനീയർമാരുടെയും മറ്റ് ജീവനക്കാരുടെയും ഒഴിവുകളിൽ

പി.എസ്.സി. മുഖേന നികത്തേണ്ടവ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉദ്യോഗക്കയറ്റം മുഖേന നികത്തേണ്ടവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. എഞ്ചിനീയറിംഗ് വിഭാഗത്തിൽ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നത് പരിഹരിക്കുന്നതിലേയ്ക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽകാലിക നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിലേയ്ക്കായി സമയബന്ധിതമായി ആവശ്യമായ പരിശീലനം 'കില' ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾവഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ

339 (4074) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്നതിന്റെയും എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നതിന്റെയും വിശദാംശം നൽകുമോ?

കൊല്ലം ജില്ലയിൽ 17-ഉം കോഴിക്കോട് ജില്ലയിൽ 20-ഉം ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിലേയ്ക്ക് പി.എസ്.സി. ശിപാർശപ്രകാരം കോഴിക്കോട് ജില്ലയിൽ 20 നിയമനങ്ങളും കൊല്ലം ജില്ലയിൽ 16 നിയമനങ്ങളും നടത്തിയിട്ടുണ്ട്.

(ബി) കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് നിഷ്കർഷിച്ചിരിക്കുന്ന ജോലികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജനനമരണ രജിസ്ട്രേഷൻ, വ്യാപാര ലൈസൻസ് നൽകലും പുതുക്കലും, നഗരശുചീകരണം നടത്തുന്നത്, മേൽനോട്ടം വഹിക്കുന്നത്, പൊതുപരാതികളും ശല്യങ്ങളും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നത്, പകർച്ചവ്യാധി നിയന്ത്രണം, സർക്കാർ പ്രഖ്യാപിക്കുന്ന ആരോഗ്യപരിപാലനം നടപ്പിലാക്കുന്നത്, ദേശീയ ആരോഗ്യ ദൗത്യത്തിനുകീഴിലുള്ള പ്രവർത്തനങ്ങൾ, ദുരിതാശ്വാസം, ദുരന്തനിവാരണ പ്രവർത്തനങ്ങൾ എന്നിവയും അടിയന്തരഘട്ടങ്ങളിൽ ആവശ്യമായ മറ്റുജോലികളും നിർവ്വഹിക്കേണ്ടതുണ്ട്.

(സി) കോർപ്പറേഷനുകളിലെ ഹെൽത്ത് ഓഫീസർ ഒരു ഡോക്ടർ ആകണമെന്നിരിക്കെ ഒരു വർഷത്തെ സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് കഴിഞ്ഞവർക്ക് പ്രസ്തുത ചാർജ് നൽകുന്നതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ**

340(4075) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിക്കുന്നതിന് റിപ്പോർട്ട് നൽകുന്നതിനായി 2012-ൽ പ്രത്യേക സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ഈ സമിതി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ?

ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കണമെന്ന് 9-ാം സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് ശ്രീ. കെ. ആർ. മുരളീധരൻ ഐ.എ.എസ്. (പഞ്ചായത്ത് ഡയറക്ടർ), ശ്രീ. എസ്. ദിവാകരൻ പിള്ള ഐ.എ. ആന്റ് എ.എസ്. (സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ആഫീസർ) എന്നിവർ അടങ്ങിയ രണ്ടംഗ സമിതിയെ നിയോഗിച്ച് 27-10-2011-ലെ ജി.ഒ.(എം.എസ്.) 269/2011/തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രത്യേക സമിതി സമർപ്പിച്ച റിപ്പോർട്ട് ഗവണ്മെന്റ് സെക്രട്ടറിമാരടങ്ങിയ കമ്മിറ്റി പരിശോധിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ടി റിപ്പോർട്ടിലെ ഏതൊക്കെ ശിപാർശകൾ നാളിതുവരെ നടപ്പിലാക്കി; അറിയിക്കുമോ?

ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. ടി റിപ്പോർട്ടിലെ ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലാർക്ക് തസ്തികയും അനുവദിച്ചിരുന്നു. കൂടാതെ 2015-ൽ 37 ഗ്രാമപഞ്ചായത്തുകൾ മുൻസിപ്പാലിറ്റികളായി ഉയർത്തപ്പെടുകയും നഗരസഭകളിലേക്ക് കൂട്ടിചേർക്കപ്പെടുകയും ചെയ്തു

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാഹചര്യത്തിൽ പഞ്ചായത്ത് വകുപ്പിന്റെ വിവിധ തസ്തികകളിൽ ഉണ്ടായിരുന്ന 448 തസ്തികകൾ വിവിധ തസ്തികകളായി അനുവദിച്ച് നൽകി ക്രമീകരിച്ചിട്ടുമുണ്ട്.

(സി) ഇതിൽ ഏതൊക്കെ ശിപാർശകളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയതെന്നും ഇനി ഏതൊക്കെ ശിപാർശകൾ നടപ്പിലാക്കുവാനുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ജോലിഭാരംകൊണ്ടുള്ള സമ്മർദ്ദം കാരണം ഗ്രാമപഞ്ചായത്ത് ജീവനക്കാരിൽ ആത്മഹത്യ വർദ്ധിക്കുന്നത് കണക്കിലെടുത്ത് ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

(സി&ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2012-ലെ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയ സമിതി റിപ്പോർട്ട് പ്രകാരം തസ്തികകൾ അനുവദിച്ചിട്ടില്ല. എങ്കിലും ആഭ്യന്തര വകുപ്പിൽ അധികമായി കണ്ടെത്തിയ 253 ക്ലാർക്കുമാരെ പഞ്ചായത്ത് വകുപ്പിൽ സൂപ്പർന്യൂമററിയായി പുനർവിന്യസിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ജി.എസ്.ടി. വകുപ്പിൽനിന്ന് 208 ഓഫീസ് അസിസ്റ്റന്റ് തസ്തികകൾ പഞ്ചായത്ത് വകുപ്പിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ജോലിഭാരം കൊണ്ടുള്ള സമ്മർദ്ദം കാരണം ഗ്രാമപഞ്ചായത്ത് ജീവനക്കാരിൽ ആത്മഹത്യ വർദ്ധിക്കുന്ന പ്രവണതയില്ല. ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

**പഞ്ചായത്ത് വകുപ്പിലെ ഡ്രൈവർമാരുടെ നിയമനം**

341(4076) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ ഡ്രൈവർമാരെ തസ്തിക മാറ്റംവഴി ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

30-1-2014-ലെ സ.ഉ.(പി)നമ്പർ 1/2014/പി.&എ.ആർ.ഡി, 7-1-2017-ലെ സ.ഉ.(സാധാ)നമ്പർ 49/2017 പ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാരുടെ സംയോജിത സീനിയോരിറ്റി പട്ടിക തയ്യാറാക്കിയാണ് ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പ്രൊമോഷൻ നടത്തുന്നത്.

(ബി) അന്തർജില്ലാ സ്ഥലംമാറ്റം വഴിയോ മറ്റോ മറ്റൊരു ജില്ലയിലേയ്ക്ക് സ്ഥലം മാറിപോകുന്ന ഡ്രൈവർമാരുടെ സീനിയോരിറ്റി സ്ഥലം മാറിയെത്തുന്ന ജില്ലയിൽ എങ്ങനെയാണ് കണക്കാക്കുന്നതെന്നും അന്തർ ജില്ലാ സ്ഥലംമാറ്റം വഴി സീനിയോരിറ്റി നഷ്ടപ്പെടുമോയെന്നും വിശദമാക്കുമോ?

7-11-1996-ലെ സ.ഉ.(പി)നമ്പർ 37/96/ഉ.ഭ.പ.വ., 6-2-2013-ലെ സ.ഉ.(പി)നമ്പർ 5/2013/ ഉ.ഭ.പ.വ. പ്രകാരം അപേക്ഷയുടെ അടിസ്ഥാനത്തിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന ജീവനക്കാരന് അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന തീയതി പ്രാബല്യത്തിൽ സീനിയോരിറ്റി റിവൈസ് ചെയ്യുന്നു.

(സി) പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ ഡ്രൈവർമാരിൽനിന്നും തസ്തികമാറ്റം വഴി ക്ലറിക്കൽ തസ്തികയിലേക്ക് നിയമിച്ചതും നിലവിൽ തുടരുന്നവരുമായ ജീവനക്കാരുടെ പേര് വിവരം, ഇവർ സർവ്വീസിൽ വന്ന തീയതി, അന്തർജില്ലാ സ്ഥലമാറ്റംവഴി ജോലിയിൽ പ്രവേശിച്ച തീയതി, തസ്തികമാറ്റം നൽകിയ തീയതി തുടങ്ങിയ വിശദവിവരം നൽകുമോ?

പഞ്ചായത്ത് ഡയറക്ടർ ആഫീസിൽനിന്നും തസ്തികമാറ്റം വഴി ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമനം നൽകിയിട്ടുള്ള ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു:

| പേര് | സർവ്വീസിൽ പ്രവേശിച്ച തീയതി | പഞ്ചായത്ത് ഡയറക്ടറേറ്റിൽ ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|
| റ്റി. സുരേഷ് കുമാർ | 20-3-2002 | 4-5-2005 |

(5-9-2003-ലെ G.O.(Rt) No. 3250/2003/LSGD പ്രകാരം ഇലക്ഷൻ കമ്മീഷനിൽ ഡെപ്യൂട്ടേഷനിൽ തുടരവെ പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഒഴിവുള്ള ഡ്രൈവർ തസ്തികയിലേക്ക് പഞ്ചായത്ത് ഡയറക്ടറുടെ 4-5-2005-ലെ ഇ 10-22095/00 നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആഫീസിൽ നിയമനം നൽകുകയാണുണ്ടായത്) തസ്തിക മാറ്റം നൽകിയ തീയതി 24-2-2018.

(ഡി) കൊല്ലം ജില്ലയിൽനിന്നും അന്തർജില്ലാ സ്ഥലംമാറ്റം മുഖേന തിരുവനന്തപുരം ജില്ലയിൽ ഡ്രൈവറായി നിയമിക്കപ്പെട്ട ജീവനക്കാരന് സീനിയോരിറ്റി മറികടന്ന് തസ്തിക മാറ്റംവഴി ക്ലാർക്കായി നിയമനം നൽകിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലുള്ള/ നിലവിലുണ്ടായിരുന്ന ഫയലുകളുടെ വിശദവിവരങ്ങൾ ഫയൽ നമ്പർ സഹിതം നൽകുമോ;

(ഇ) ഇതുസംബന്ധിച്ചുള്ള പരാതികളുടെ കോപ്പികളും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ പകർപ്പുകളും ലഭ്യമാക്കാമോ; ഓരോ ഫയലിലും നടപടികൾ ഏതുവരെയായിയെന്ന് വ്യക്തമാക്കുമോ?

(ഡി&ഇ) സീനിയോരിറ്റി മറികടന്ന് തസ്തിക മാറ്റംവഴി ക്ലാർക്കായി നിയമനം നൽകിയിട്ടില്ല. ഫയലുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എഫ്) പ്രസ്തുത ജില്ലയിൽ സീനിയോരിറ്റി മറികടന്ന് ക്ലാർക്കായി നിയമനം ലഭിച്ച് നടപടി നേരിടുന്ന ജീവനക്കാരനെ പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽനിന്നും സ്ഥലം മാറ്റണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടും അത് നടപ്പിൽ വരാത്തതിന്റെ കാരണം വിശദമാക്കുമോ?

സീനിയോരിറ്റി മറികടന്ന് ക്ലാർക്കായി നിയമനം ലഭിച്ച് നടപടി നേരിടുന്ന ജീവനക്കാരാരുംതന്നെ പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിൽ സേവനത്തിലില്ല. പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഡ്രൈവറായി ജോലി നോക്കിവരുന്ന ശ്രീ. റ്റി. സുരേഷ് കുമാറിനെ സ്ഥലംമാറ്റുന്നതിന് സർക്കാർ നിർദേശം നൽകിയിരുന്നുവെങ്കിലും 24-2-2018-ലെ പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിൻപ്രകാരം ടിയാന് ക്ലാർക്ക് തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നൽകി തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ പഞ്ചായത്തിൽ മാറ്റി നിയമിക്കുകയാണുണ്ടായിട്ടുള്ളത്.

(ജി) തെറ്റായി തസ്തിക മാറ്റം നൽകിയ നടപടി ക്യാൻസൽ ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ?

തെറ്റായി തസ്തികമാറ്റം നടത്തിയിട്ടില്ല.

## ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടാക്കി മാറ്റുന്നതിന് നടപടി

342(4077) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ എത്ര ഹെഡ് ക്ലാർക്ക് തസ്തിക നിലവിലുണ്ട്?

595.

(ബി) കെ.എസ്.ആർ. ചട്ടം അനുസരിച്ച് ആറോ അതിൽ കൂടുതലോ ക്ലാർക്കുമാരുള്ള ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക ആവശ്യമാണോ; വ്യക്തമാക്കുമോ?

ആറോ അതിൽ കൂടുതലോ ക്ലാർക്കുമാരുള്ള ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക ആവശ്യമാണെന്ന് കെ.എസ്.ആർ. ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) നിലവിൽ ഹെഡ് ക്ലാർക്കുള്ള ഗ്രാമപഞ്ചായത്തുകളിൽ ആറോ അതിൽ കൂടുതലോ ക്ലാർക്കുമാരുള്ള എത്ര പഞ്ചായത്തുകളുണ്ട്; അറിയിക്കുമോ?

550.

(ഡി) ഭരണ സൗകര്യാർത്ഥം മുഴവൻ ഗ്രാമപഞ്ചായത്തുകളിലും ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് തസ്തികകൾ സൃഷ്ടിക്കാമോ?

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജൂനിയർ സൂപ്രണ്ട് അല്ലെങ്കിൽ ഹെഡ് ക്ലാർക്ക് തസ്തിക (ഏതെങ്കിലും ഒന്ന്) നിലവിലുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**പയ്യന്നൂർ നഗരസഭയിലെ തസ്തികകൾ**

343 (4078) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയെ ഒന്നാം ഗ്രേഡ് നഗരസഭയായി ഉയർത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അതിന് ആനുപാതികമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഒന്നാം ഗ്രേഡായി ഉയർത്തിയ നഗരസഭകളിലൊന്നും ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

**ശുചിത്വ മിഷനിലെ താൽക്കാലിക ജീവനക്കാർ**

344(4079) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വമിഷന് കീഴിൽ ഏതൊക്കെ തസ്തികകളുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത തസ്തികകളുടെ യോഗ്യതകൾ വ്യക്തമാക്കുമോ?

തസ്തികകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശുചിത്വമിഷനിലെ താൽക്കാലിക ജീവനക്കാരുടെ എണ്ണം അറിയിക്കാമോ; അവരുടെ തസ്തികയും ശമ്പളവും ഇനം തിരിച്ച് വ്യക്തമാക്കുമോ?

കരാർ വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും 73 പേർ ജോലി ചെയ്യുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ശുചിത്വമിഷനിലെ സെക്യൂരിറ്റി ജീവനക്കാരുടെ എണ്ണം, അവരുടെ നിയമന രീതി എന്നിവ അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശുചിത്വമിഷനിൽ 2 സെക്യൂരിറ്റി ജീവനക്കാരാണുള്ളത്. ഇതിൽ ഒരാൾ വിമുക്തഭടനാണ്. ടിയാനെ തിരുവനന്തപുരം ജില്ലാ സൈനികക്ഷേമ ഓഫീസർ നല്കിയ ലിസ്റ്റിൽനിന്നും ഇന്റർവ്യൂ നടത്തിയും രണ്ടാമത്തെ സെക്യൂരിറ്റി ജീവനക്കാരനെ നിയമിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിൻപ്രകാരം ലഭിച്ച 2 അപേക്ഷകളിൽനിന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, ഡയറക്ടർ (ഓപ്പറേഷൻസ്) എന്നിവർ അടങ്ങിയ ഇന്റർവ്യൂ ബോർഡ് ഇന്റർവ്യൂ നടത്തിയും എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിംഗ് ബോഡി മുതലായവയുടെ തീരുമാന പ്രകാരവുമാണ് നിയമനം നടത്തിയിട്ടുള്ളത്.

**തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

345(4080) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിപ്രകാരം മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളിൽ പൂർത്തീകരിച്ചവ, പൂർത്തീകരിക്കാനുള്ളവ, ആരംഭിച്ചിട്ടില്ലാത്തവ എന്നിങ്ങനെ വിശദീകരിക്കുമോ;

(ബി) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവയുടെ തടസ്സങ്ങളെന്തെന്ന് വ്യക്തമാക്കുമോ?

(എ&ബി) പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.

(സി) തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിക്കുന്നതാണ്.

**അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി**

346(4081) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ 2016-21 മാർച്ച് വരെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കായി ചെലവഴിച്ച ആകെ തുക നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

വയനാട് ജില്ലയിലെ നഗരസഭകളിൽ 2016 മുതൽ 2021 മാർച്ച് വരെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിനത്തിൽ ചെലവഴിച്ച നഗരസഭാടിസ്ഥാനത്തിലുള്ള

തുകയുടെ വിവരം ചുവടെ ചേർക്കുന്നു. കൽപ്പറ്റ-Rs. 3,38,56,150 മാനന്തവാടി - Rs. 3,30,00,000 സുൽത്താൻബത്തേരി-Rs. 2,75,00,000

(ബി) ഈ സാമ്പത്തിക വർഷം ഈ പദ്ധതിക്കായി വയനാട് ജില്ലയിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

ഈ സാമ്പത്തിക വർഷം പദ്ധതിക്കായി വയനാട് ജില്ലയിലെ നഗരസഭകൾക്ക് അനുവദിച്ചിട്ടുള്ള തുകയുടെ വിവരം ചുവടെ പറയുന്നു:

കൽപ്പറ്റ - Rs.50,00,000

മാനന്തവാടി - Rs.50,00,000

സുൽത്താൻബത്തേരി - Rs. 50,00,000.

## ചൂണ്ടൽ പഞ്ചായത്തിലെ ചോട്ടിലപ്പാറ പാലം നിർമ്മാണം

347(4082) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ ഭാഗികമായും 2019-ലെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന ചൂണ്ടൽ പഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ ചോട്ടിലപ്പാറ പാലം റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുനഃനിർമ്മിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കലുമായി ബന്ധപ്പെട്ട സബ് സോയിൽ ഇൻവെസ്റ്റിഗേഷൻ (മണ്ണ് പരിശോധന) പൂർത്തിയാക്കിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ പുരോഗമിക്കുന്നു.

## വാമനപുരം മണ്ഡലത്തിലെ ടേക്ക് എ ബ്രേക്ക് പദ്ധതി

348(4083) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ എവിടെയൊക്കെയാണ് 'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം വഴിയോര വിശ്രമ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

വാമനപുരം മണ്ഡലത്തിലെ കല്ലറ പഞ്ചായത്തിൽ കല്ലറ ബസ്സ്റ്റാന്റ് (നവീകരണം പൂർത്തിയായി), പനവൂർ പഞ്ചായത്തിൽ മാർക്കറ്റ് (പൂർത്തിയായി), പുല്ലമ്പാറ പഞ്ചായത്തിൽ വേങ്കമല (നിർമ്മാണം പുരോഗമിക്കുന്നു), നന്ദിയോട് പഞ്ചായത്തിൽ പാലോട് കുശവൂർ ജംഗ്ഷൻ, നെല്ലനാട് പഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റ് (നവീകരണം പൂർത്തിയായി), ആനാട് പഞ്ചായത്തിൽ മൂഴി (നവീകരണം - നിർമ്മാണം പുരോഗമിക്കുന്നു) എന്നിവിടങ്ങളിലാണ് 'ടേക്ക് എ ബ്രേക്ക്' പദ്ധതിപ്രകാരം വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ എവിടെയൊക്കെയാണ് ഇനിയും പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ആനാട് പഞ്ചായത്തിലെ കൊല്ലങ്കാവ്, ചുള്ളിമാനൂർ, കല്ലറ പഞ്ചായത്തിലെ മുതുവിള (നവീകരണം), പാങ്ങോട് പഞ്ചായത്തിലെ അയിരൂർ ജംഗ്ഷൻ (സർക്കാർ പുറമ്പോക്ക്), ആട്ടുകാൽ ജംഗ്ഷൻ, നെല്ലനാട് പഞ്ചായത്തിലെ ആലന്തറ, പെരിങ്ങമ്മല പഞ്ചായത്തിലെ മടത്തറ പെട്രോൾ പമ്പിന് സമീപം, ഇരുമ്പ് പാലം എന്നീ സ്ഥലങ്ങളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതികൾ**

349(4084) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കുണ്ടറ നിയോജക മണ്ഡലത്തിൽ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കുണ്ടറ നിയോജക മണ്ഡലത്തിൽ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിപ്രകാരം പ്രവൃത്തികളൊന്നും തന്നെ അനുവദിച്ചിട്ടില്ല.

## ഉദുമ നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി

350(4085) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉദുമ നിയോജക മണ്ഡലത്തിൽ എത്ര റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ?

24 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതിൽ എത്രയെണ്ണം പൂർത്തിയായിട്ടുണ്ട്; ഇനി പൂർത്തിയാകാനുള്ള റോഡുകൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ ?

13 റോഡ് പ്രവൃത്തികൾ പൂർത്തിയാവുകയും 11 റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കാനുമുണ്ട്. ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.*

## തെക്കേക്കര പഞ്ചായത്തിലെ വാലിൽ കോളനിയിലേയ്ക്കുള്ള റോഡ് നവീകരണം

351(4086) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ വാലിൽ കോളനിയിലേയ്ക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കുമോ?

(എ&ബി) തെക്കേക്കര ഗ്രാമപഞ്ചായത്തിലെ വാലിൽ കോളനിയിലേയ്ക്കുള്ള വഴി വികസിപ്പിക്കുന്നതിനായി 195.10 ച. മീ. സ്ഥലം 2013-ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് 7-11-2019-ലെ സ.ഉ. (സാധാ) നമ്പർ 2493/2019/ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകിയിരുന്നു. ഇതേത്തുടർന്ന് 18-6-2020-ലെ സ.ഉ(സാധാ) നമ്പർ 2219/2020/ആർഡി പ്രകാരം ആലപ്പുഴ ജില്ലയിലെ തെക്കേക്കര വില്ലേജിലെ വാലിൽ കോളനിയിലെ നടപ്പാത

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വികസനത്തിനായി 1.95 ആർ സ്ഥലം ഏറ്റെടുത്തുകൊണ്ട് റവന്യൂ വകുപ്പിൽനിന്നും ഉത്തരവായിട്ടുണ്ട്. മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വഴി വികസനത്തിനായി ഭൂമി വാങ്ങുന്നതിന് 30 ലക്ഷം രൂപ വകയിരുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അക്വിസിഷൻ നടപടികളുടെ ഭാഗമായി ടി പ്രദേശത്തെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് സെന്റ് തോമസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കൊഴുവല്ലൂർ, ചെങ്ങന്നൂർ എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കല്ല്യശ്ശേരി മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി

352(4087) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കല്ല്യശ്ശേരി മണ്ഡലത്തിൽ നിർമ്മാണം പൂർത്തിയാക്കാനുള്ള റോഡുകൾ ഏതൊക്കെയാണ് ?

പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രവൃത്തി പൂർത്തിയായ റോഡുകൾക്കുള്ള ഫണ്ട് യഥാസമയം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ബില്ലുകൾ ലഭ്യമാകുന്ന തീയതി, സീനിയോരിറ്റി അടിസ്ഥാനത്തിലും ഫണ്ട് അനുവദിക്കുന്ന മുറയ്ക്കും കരാറുകാർക്ക് തുക അനുവദിച്ചു നൽകി വരികയാണ്.

(സി) ഏത് തീയതിവരെ ലഭിച്ച ബില്ലുകൾക്കാണ് ഇതുവരെ ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

12-5-2021 വരെ ലഭിച്ച ബില്ലുകൾക്കാണ് ഇതുവരെ ഫണ്ട് അനുവദിച്ചിട്ടുള്ളത്. ആയതിനുശേഷം ലഭ്യമായ ബില്ലുകൾക്ക് സീനിയോരിറ്റി അടിസ്ഥാനത്തിൽ തുക അനുവദിച്ചു നൽകുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുണ്ടറ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ ഫണ്ട് പ്രവൃത്തികൾ

353(4088) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ ഫണ്ട് ഉപയോഗിച്ച് കുണ്ടറ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളിൽ പൂർത്തീകരിച്ചത്, നടന്നുകൊണ്ടിരിക്കുന്നത്, ഭരണാനുമതി ലഭിച്ചിട്ട് ഇതുവരെയും പ്രവൃത്തി ആരംഭിക്കാത്തത് എന്നിങ്ങനെ പഞ്ചായത്ത് തിരിച്ചുള്ള വിവരം നൽകാമോ?

പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*

(ബി) മേൽപ്പറഞ്ഞ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതൊക്കെയെന്ന് തരംതിരിച്ച് നൽകാമോ?

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗമാണ് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത്.

## കുറ്റ്യാടി മണ്ഡലത്തിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി

354(4089) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ നിരവധി സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാകാത്തതുകാരണം പൊതുജനങ്ങൾ ബുദ്ധിമുട്ടിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) അക്രെഡിറ്റെഡ് ഏജൻസിയായ സിൽക്ക് വഴി നടപ്പിലാക്കുന്ന മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് നിലവിൽ എന്തെങ്കിലും തടസങ്ങളുള്ളതായി അറിയുമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയുടെ കീഴിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കരാർ പ്രകാരം 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ കോവിഡ്-19 കാരണം പല സ്ഥലങ്ങളിലും തുടർച്ചയായി ലോക്ഡൗൺ ഏർപ്പെടുത്തിയതും സാധനങ്ങളുടെയും

തൊഴിലാളികളുടേയും അഭാവവും കാരണം കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഈ പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും എന്ന് പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ?

നിലവിൽ ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 3 മാസത്തേയ്ക്ക് പിഴ കൂടാതെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2021 നവംബർ 30-നകം പൂർത്തീകരിക്കുന്നതാണ്.

## നഗരപ്രദേശങ്ങളിൽ സ്റ്റാറ്റ്യൂട്ടറി മാസ്റ്റർ പ്ലാൻ

355(4090) ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. വി. അൻവർ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ സ്റ്റാറ്റ്യൂട്ടറി മാസ്റ്റർ പ്ലാനുകളും വിശദമായ നഗരാസൂത്രണ പദ്ധതിയും തയ്യാറാക്കുന്ന പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ എല്ലാ നഗരസഭ പ്രദേശങ്ങളുടെയും ആസൂത്രിത വികസനത്തിനായി 'മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ' എന്ന പ്ലാൻ പദ്ധതിയുടെ കീഴിൽ ഘട്ടങ്ങളിലായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വരികയാണ്. ഇത്തരത്തിൽ, 93 നഗരസഭ പ്രദേശങ്ങൾക്കുമായി 86 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിൽ 19 എണ്ണം അംഗീകരിക്കുകയും 24 എണ്ണത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും അറിയിക്കുന്നതിനായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവയുടെ തയ്യാറാക്കൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. കൂടാതെ, 'മാസ്റ്റർപ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ' എന്ന പ്ലാൻ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ നിലവിലുള്ള അംഗീകൃതവും പ്രസിദ്ധീകൃതവുമായ 148 വിശദ നഗരാസൂത്രണ പദ്ധതികൾ ഭേദഗതി ചെയ്യുന്നതിനോ പുതുക്കുന്നതിനോ പുനഃപ്രസിദ്ധീകരിക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ട്.

(ബി) ആവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും പശ്ചാത്തലത്തിൽ പട്ടണങ്ങളെ ദുരന്തമുക്തവും സുരക്ഷിതവുമാക്കുന്നതിന് നിലവിലുള്ള മാസ്റ്റർപ്ലാനുകളിൽ പരിഷ്കരണം അനിവാര്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ആവർത്തിച്ചുവരുന്ന പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും പശ്ചാത്തലത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ ദുരന്തം, ദുർബലത, ദുരന്ത സാധ്യത എന്നിവ സംബന്ധിച്ച സാന്ദർഭിക വിശകലനവും ലഘൂകരണവും പൂർവ്വസ്ഥിതി പ്രാപിക്കുന്നതിനുള്ള നിർദേശങ്ങളും ഉൾപ്പെടുത്തണമെന്ന വ്യവസ്ഥ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് 2016-ന്റെ ഭേദഗതിയിലൂടെ നിലവിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതുതായി തയ്യാറാക്കുന്ന, മാസ്റ്റർ പ്ലാനുകളിൽ അതിനനുസൃതമായ വിശകലനങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ, risk informed എന്ന രീതിയിൽ ചെങ്ങന്നൂർ, മാനന്തവാടി എന്നീ പട്ടണങ്ങൾക്കുള്ള കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## അമൃത് പദ്ധതികളുടെ പുരോഗതി

356(4091) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി മിഷൻ പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ നടത്തിവരുന്ന വികസന പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

സ്മാർട്ട് സിറ്റി മിഷൻ പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനത്തെ ഒൻപത് പ്രധാന നഗരങ്ങളിൽ പ്രാവർത്തികമാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിയായ അമൃത് പ്രകാരം നടത്തുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഏതൊക്കെ മുൻഗണന മേഖലകളിലാണ് പ്രവൃത്തി നടന്നുവരുന്നത്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കുടിവെള്ള വിതരണം, സ്വിവറേജ് & സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ മുൻഗണനാ മേഖലകളിലായി 1002 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതിൽ 738 എണ്ണം പൂർത്തീകരിച്ചു.

(സി) ഭരണാനുമതി ലഭിച്ച പദ്ധതികളും അവയുടെ നിലവിലെ പുരോഗതിയും അറിയിക്കാമോ?

അമൃത് പദ്ധതിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*.

## വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് തലസ്ഥാന നഗര വികസനം

357(4092) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ മാത്യു ടി. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ വികസനവുമായി ബന്ധപ്പെട്ട് തലസ്ഥാന നഗര വികസനത്തിന് പ്രത്യേക പദ്ധതികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിഴിഞ്ഞം തുറമുഖ വികസനവുമായി ബന്ധപ്പെട്ട് തലസ്ഥാന നഗര വികസനത്തിനായി പ്രത്യേക പദ്ധതികൾ നിലവിൽ പരിഗണനയിലില്ല.

## കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിന് കൂടുതൽ സൗകര്യങ്ങൾ

358(4093) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിന് അടിസ്ഥാന സൗകര്യങ്ങളും വാഹന-ബോട്ട് സൗകര്യങ്ങളും കൂടുതൽ നല്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിന് നിലവിൽ അടിസ്ഥാന സൗകര്യങ്ങളും വാഹനങ്ങളും ഒരു ബോട്ടും അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി) പുതിയ ഓഫീസും താമസ സൗകര്യങ്ങളും നൽകുന്നതിന് നടപടികളുണ്ടാകുമോ?

കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ വിൽപ്പനയ്ക്കും ഉപയോഗത്തിനുമെതിരെ നടപടി**

359(4094) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി വസ്തുക്കളുടേയും മയക്കമരുന്നുകളുടേയും വിൽപ്പനയും ഉപയോഗവും സ്വൈരജീവിതം തകർക്കുകയും അക്രമവും ആത്മഹത്യയും വർദ്ധിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആയത് തടയുവാൻ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

ലഹരി വസ്തുക്കളുടെയും മയക്കമരുന്നുകളുടെയും ഉപയോഗവും വിൽപ്പനയും തടയുന്നതിനായി എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ ബ്യൂറോ നൽകുന്ന രഹസ്യ വിവരങ്ങൾ അടിസ്ഥാനമാക്കി പട്രോളിംഗ്/സ്ട്രൈക്കിംഗ് ഫോഴ്സ്/ഹൈവേ പട്രോൾ എന്നീ വിഭാഗങ്ങൾ ശക്തമായ പട്രോളിംഗും വാഹന പരിശോധനകളും നടത്തിവരുന്നു. മുൻകാല മയക്കമരുന്ന് കേസുകളിലെ പ്രതികളെയും മയക്കമരുന്ന് ഉപയോഗത്തിന് പിടിക്കപ്പെട്ടിട്ടുള്ള വ്യക്തികളുടെയും പ്രവർത്തനം പ്രത്യേകം നിരീക്ഷിച്ചുവരുന്നു. കുറ്റകൃത്യങ്ങൾ, പ്രത്യേകിച്ച് കുട്ടികളെ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു സ്റ്റേറ്റ് എൻഫോഴ്സ്മെന്റ് സ്ക്വാഡും മൂന്ന് മേഖലാ സ്ക്വാഡുകളും നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ ഇതിനായി പ്രവർത്തിക്കുന്നു. വിമുക്തി മിഷന്റെ നേതൃത്വത്തിൽ ലഹരി ഉപയോഗത്തിനെതിരെ വിവിധ മേഖലകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ എത്രത്തോളം ലഹരിവസ്തുക്കൾ എക്സൈസും മറ്റിതര വകുപ്പുകളും പിടിച്ചെടുത്തു; ആയതിന്റെ വിൽപ്പന വില എത്ര; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുള്ള ലഹരി വസ്തുക്കളുടെ വിവരം, പോലീസ് പിടിച്ചെടുത്തവ എന്നിവ അനുബന്ധമായി ചേർക്കുന്നു.* നിയമംമൂലം നിരോധിക്കപ്പെട്ട വസ്തുക്കളായതിനാൽ വില്പന വില ലഭ്യമല്ല.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ലഹരി വിരുദ്ധത പഠനഭാഗമാക്കാനും യുവാക്കൾക്ക് തദ്ദേശഭരണ വകുപ്പുൾപ്പെടെയുള്ള മറ്റ് സർക്കാർ വകുപ്പുകൾവഴി ബോധവൽക്കരണം നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് കുട്ടികൾക്കും യുവാക്കൾക്കും പകർന്നുനല്കി ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷന്റെ ഭാഗമായി നടത്തിവരുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്ന പാഠഭാഗങ്ങൾ സിലബസ്സിൽ ഉൾപ്പെടുത്തുന്നതിനും ആഴ്ചയിൽ ഒരു പീരിയഡ് എങ്കിലും ടി വിഷയം കുട്ടികളെ പഠിപ്പിക്കുന്നതിന് സാധിക്കുന്ന രീതിയിൽ ടൈം ടേബിൾ ക്രമീകരിക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പിനോട് ശിപാർശ ചെയ്തിട്ടുണ്ട്. സ്കൂൾ/കോളേജ് തലത്തിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ലഹരിവിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽതന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നതിനും സ്കൂളുകളിൽ "ഉണർവ്" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡുതലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങളിൽനിന്നുള്ള അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരിവിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ കലാകായിക മത്സരങ്ങൾ, സെമിനാറുകൾ, വെബിനാറുകൾ, പി.എസ്.സി. പഠന പരിശീലനങ്ങൾ, മാരത്തോണുകൾ, റാലികൾ തുടങ്ങി വൈവിദ്ധ്യമാർന്ന ഒട്ടനവധി പരിപാടികൾ വിമുക്തി മിഷന്റെ ഭാഗമായി നടത്തിവരുന്നു.

## എക്സൈസ് വകുപ്പിൽ ജീവനക്കാരുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന് നടപടി

360(4095) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ലഹരിവർജ്ജനം, മദ്യവർജ്ജനം എന്നിവ നടപ്പിലാക്കുന്നതിന് ആവശ്യമായ തസ്തികകൾ വകുപ്പിൽ നിലവിലുണ്ടോ?

ഉണ്ട്.

(സി) ആലപ്പുഴ ജില്ലയിലെ കുട്ടനാട് റേഞ്ച്, ആലപ്പുഴ റേഞ്ച് എന്നിവ വിഭജിച്ച് പുതിയ റേഞ്ചുകൾ രൂപീകരിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിലെ കുട്ടനാട് എക്സൈസ് റേഞ്ച് വിഭജിച്ച് എടത്വ റേഞ്ചും ആലപ്പുഴ എക്സൈസ് റേഞ്ച് വിഭജിച്ച് അമ്പലപ്പുഴ റേഞ്ചും രൂപീകരിക്കുന്നതിനുള്ള ശിപാർശ പരിഗണനയിലാണ്.

**എക്സൈസ് വകുപ്പിലെ ജോലി ക്രമീകരണങ്ങൾ**

361(4096) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് പരിശീലനം ലഭിച്ചതിനുശേഷവും സർക്കാർ ആനുകൂല്യങ്ങൾ കൈപ്പറ്റിയും എത്ര ഉദ്യോഗസ്ഥർ ബോർഡ് യൂണിറ്റിലും സ്പെഷ്യൽ ഡ്യൂട്ടിയിലും മിനിസ്റ്റീരിയൽ/സമാന തസ്തികകളിലും ജോലി ചെയ്യുന്ന അശാസ്ത്രീയമായ ജോലിക്രമീകരണങ്ങൾ പുനഃപരിശോധിച്ച് ചട്ടപ്രകാരമുള്ള ജോലി നിർവ്വഹണങ്ങൾ നൽകി യുക്തമായ നടപടികൾ സ്വീകരിക്കാമോ?

ബോർഡ് ഡ്യൂട്ടിയിൽ വിശേഷാൽ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

(ബി) 2018-ൽ അന്നത്തെ എക്സൈസ് കമ്മിഷണർ എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് നൽകിയ ശിപാർശയിന്മേലുള്ള ഇപ്പോഴത്തെ നടപടികൾ എന്തായി എന്നറിയിക്കാമോ?

പരിശോധിച്ചുവരുന്നു.

(സി) എക്സൈസ് വകുപ്പിൽ എത്ര എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നികത്തുവാനുണ്ടെന്നറിയിക്കാമോ; ഈ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതുകാരണം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിൽ വീഴ്ച ഉണ്ടാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

എക്സൈസ് ഇൻസ്പെക്ടർമാരുടെ 146 ഒഴിവുകൾ നിലവിലുണ്ട്. വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് വീഴ്ച വരാതിരിക്കാൻ ഒഴിവുള്ള എക്സൈസ് റേഞ്ച് ഓഫീസുകളിലെ എക്സൈസ് ഇൻസ്പെക്ടർമാരുടെ അധിക ചുമതല തൊട്ടടുത്ത റേഞ്ചിലെ എക്സൈസ് ഇൻസ്പെക്ടർമാർക്കും/അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്കും നൽകിയിട്ടുണ്ട്.

(ഡി) വകുപ്പിലെ ജീവനക്കാർ തമ്മിലുള്ള സർവ്വീസ് സംബന്ധമായ എത്ര കേസുകൾ കോടതികളിൽ തീർപ്പാക്കാതെ കിടക്കുന്നുണ്ട്; പ്രസ്തുത കേസുകൾ സമയമബന്ധിതമായി തീർപ്പാക്കാൻ വകുപ്പുതലത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

55; പ്രസ്തുത കേസുകളിൽ 46-ലും കാര്യവിവരണ പത്രിക നൽകി സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 9 കേസുകൾ പ്രാഥമിക ഘട്ടത്തിലായതിനാൽ കാര്യവിവരണ പത്രിക നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വിമുക്തി**

362(4097) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിമുക്തി പദ്ധതി ആരംഭിച്ചതെന്നാണ്; എന്താണ് ഇതിന്റെ ഉദ്ദേശലക്ഷ്യമെന്ന് വ്യക്തമാക്കുമോ?

6-10-2016-ലെ G.O.(Ms) No.94/2016/TD നമ്പർ ഉത്തരവ് പ്രകാരമാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ ‘ വിമുക്തി' രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് മദ്യവർജ്ജനത്തിന് പ്രോത്സാഹനം നൽകാനും ലഹരി വസ്തുക്കളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുള്ളത്. സമൂഹത്തിലെ എല്ലാ വിഭാഗത്തിലുമുള്ള പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉപഭോഗത്തിനെതിരെ അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച്, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ

ശേഖരണം, കടത്തൽ, അവയുടെ ഉറവിടം എന്നിവ കണ്ടെത്തി അവ ഇല്ലായ്മ ചെയ്ത് ' ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുക എന്നതാണ് വിമുക്തി മിഷന്റെ ഉദ്ദേശ്യലക്ഷ്യം.

(ബി) ഈ പദ്ധതി ആരംഭിക്കുമ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിച്ചിരുന്നു; കണക്കുകൾ ലഭ്യമാക്കുമോ?

2014-15-ലെ മദ്യനയമനുസരിച്ച് 5 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസുകൾ അനുവദിച്ചിരുന്നുള്ളൂയെന്നതിനാലും നിലവാരമില്ലെന്ന് ബഹു. സുപ്രീംകോടതി പരാമർശിച്ച 418 ബാർ ഹോട്ടലുകൾ ബിയർ/വൈൻ പാർലർ ആക്കി മാറ്റിയതിനാലും വിമുക്തി പദ്ധതി ആരംഭിക്കുമ്പോൾ സംസ്ഥാനത്ത് 30 ബാറുകൾ മാത്രമേ പ്രവർത്തനത്തിലുണ്ടായിരുന്നുള്ളൂ.

(സി) സംസ്ഥാനത്ത് നിലവിൽ എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ?

നിലവിൽ സംസ്ഥാനത്ത് 664 ബാറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ ബാറുകളുടെയും മദ്യശാലകളുടെയും എണ്ണം കുറയ്ക്കുന്നതിനുപകരം വ്യാപകമായി ഇവയ്ക്ക് അനുമതി നൽകിയതാണ് വിമുക്തി പദ്ധതി നാളിതുവരെ ലക്ഷ്യം കാണാത്തതിന് കാരണമായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ബാറുകളുടെയും മദ്യശാലകളുടെയും എണ്ണത്തിലെ ഈ ക്രമാതീതമായ വർദ്ധനവ് വിമുക്തി പദ്ധതിയെ ഏതെല്ലാം രീതിയിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

വിമുക്തി മിഷൻ വിജയകരമായി തന്നെയാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. മദ്യശാലകളുടെ വർദ്ധനവ് ഒരു രീതിയിലും വിമുക്തി പദ്ധതിയെ ബാധിച്ചിട്ടില്ല. മദ്യശാലകളുടെ എണ്ണവും മദ്യ ഉപയോഗവും തമ്മിൽ ബന്ധിപ്പിക്കാൻ കഴിയില്ല. കണക്കുകൾ പരിശോധിക്കുമ്പോൾ പുതിയ ബാറുകൾക്ക് അനുമതി നൽകിയതുകൊണ്ട് മദ്യവിൽപ്പനയിൽ വർദ്ധനവ് ഉണ്ടായിട്ടില്ലെന്നാണ് കാണുന്നത്. ബാറുകൾ പൂട്ടുന്നതിലൂടെ മദ്യഉപയോഗം കുറയ്ക്കാമായിരുന്നെങ്കിൽ ബാറുകൾ പൂട്ടിക്കിടന്ന 2014-15 മുതൽ 2016-17-വരെ മദ്യഉപയോഗം കുറയണമായിരുന്നു. എന്നാൽ ഇക്കാലത്ത് മദ്യഉപയോഗത്തിൽ വലിയ കുറവ് ഉണ്ടായിട്ടില്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

## കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ ശമ്പള അനോമലി പരിഹരിക്കുന്നതിന് നടപടി

363(4098) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ വിവിധ എൻട്രി കേഡറുകളിലെയും മറ്റുവകുപ്പുകളിലെ സമാന എൻട്രി കേഡറുകളിലെയും ശമ്പള സ്കെയിലുകൾ തമ്മിൽ വലിയ അന്തരമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അനോമലി പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

## സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ ശമ്പള പരിഷ്കരണം

364(4099) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാർക്ക് 11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ നിർദ്ദേശപ്രകാരമുള്ള ശമ്പളപരിഷ്കരണം നടപ്പിലാക്കിയോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിക്കുമോ?

സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) ബിവറേജസ് കോർപ്പറേഷനിൽ പെൻഷൻ പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് ആരംഭിക്കാൻ ആലോചനയുണ്ടോ?

ബിവറേജസ് കോർപ്പറേഷനിൽ ഇ.പി.എഫ്. പെൻഷൻ പദ്ധതിയാണ് നിലവിലുള്ളത്.

**മദ്യവർജ്ജനം**

365 (4100) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവർജ്ജനം സംബന്ധിച്ച് കഴിഞ്ഞ സർക്കാർ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; ഇതുസംബന്ധിച്ച് ഈ സർക്കാരിന്റെ നയമെന്താണെന്ന് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ ആഭിമുഖ്യത്തിൽ വിപുലമായ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് മദ്യവർജ്ജന ആശയങ്ങൾ വിദ്യാർത്ഥികളിലും യുവാക്കളിലും പൊതുജനങ്ങളിലും എത്തിക്കുവാൻ കഴിഞ്ഞു. പുതുതലമുറ ലഹരിയിലേയ്ക്ക് വഴുതി വീഴുന്നത് തടയുവാൻ ഇതിലൂടെ സാധിച്ചിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ കണ്ടെത്തി ചികിത്സയിലൂടെ ലഹരിയുടെ അടിമത്വത്തിൽനിന്നും മോചിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചു. ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ നടപ്പിലാക്കി സമ്പൂർണ്ണ ലഹരി വിമുക്ത കേരളം വാർത്തെടുക്കുകയെന്ന നിലപാടാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്നത്. ഈ സർക്കാരും ഇതേ നയമാണ് പിന്തുടരുന്നത്.

(ബി) ലോക്ഡൗൺ കാലത്ത് മദ്യലഭ്യത വിരളമായപ്പോൾ സ്ഥിരം മദ്യപാനികളുൾപ്പെടെ മദ്യം വർജ്ജിക്കുവാൻ തയ്യാറായതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ലോക്ഡൗൺ കാലത്ത് മദ്യലഭ്യത വിരളമായപ്പോൾ സ്ഥിരം മദ്യപാനികൾ മദ്യം വർജ്ജിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇക്കാലയളവിൽ നിയമാനുസൃതമായ മദ്യം ലഭിക്കാത്ത സാഹചര്യത്തിൽ ലഹരിക്കായി മറ്റുമാർഗ്ഗങ്ങൾ സ്വീകരിച്ചതിനെത്തുടർന്ന് വ്യാജമദ്യ ഉല്പാദനവും വിതരണവുമായി ബന്ധപ്പെട്ട അബ്കാരി കേസുകൾ കൂടുതലായി കണ്ടെടുത്തിട്ടുണ്ട്.

(സി) കോവിഡ് കാലത്തെ വ്യാജമദ്യ-മയക്കുമരുന്ന് കേസുകളുടെ എണ്ണവും 2016-19 കാലത്തെ എണ്ണവും തമ്മിൽ താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ രണ്ട് കണക്കുകളും ലഭ്യമാക്കുമോ?

ഉണ്ട്. 2016-19 കാലയളവിൽ 69,655 അബ്കാരി കേസുകളും 23,603 മയക്കുമരുന്ന് കേസുകളും കോവിഡ് കാലയളവിൽ 31,039 അബ്കാരി കേസുകളും 6,540 മയക്കുമരുന്ന് കേസുകളും കണ്ടെടുത്തിട്ടുണ്ട്.

## കേരളത്തിൽ ലഹരി ഉപയോഗം തടയാൻ നടപടി

366(4101) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിനും ഈ കേസുകൾ കൈകാര്യം ചെയ്യുന്നതിനും മതിയായ ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സർക്കിൾ ഓഫീസുകൾ നിലവിലില്ലാത്ത താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച 14 താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിച്ചിട്ടില്ലാത്ത കാട്ടാക്കട, കോന്നി, ചാലക്കുടി, കുന്ദംകുളം, പട്ടാമ്പി, കൊണ്ടോട്ടി, പയ്യന്നൂർ, മഞ്ചേശ്വരം എന്നീ പുതിയ 8 താലൂക്കുകളിൽ സർക്കിൾ ഓഫീസുകൾ രൂപീകരിക്കുന്ന വിഷയം സർക്കാർ സജീവമായി പരിഗണിച്ചുവരുന്നു.

(സി) എക്സൈസ് ഓഫീസുകളിൽ പരിശോധന നടത്തുന്നതിന് ഡ്രഗ് ഡിറ്റക്ഷൻ കിറ്റ് എല്ലാ ഓഫീസുകളിലും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ എക്സൈസ് സർക്കിൾ ഓഫീസുകൾ, എക്സൈസ് റേഞ്ച് ഓഫീസുകൾ, എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നർക്കോട്ടിക് സ്ക്വാഡ് ഓഫീസുകൾ ഉൾപ്പെടെ എല്ലാ ഫീൽഡ് ഓഫീസിലും പരിശോധന നടത്തുന്നതിനായി ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വിതരണം ചെയ്തിട്ടുള്ളതാണ്.

## വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ

367(4102) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തെത്തുടർന്ന് കടുത്ത മാനസിക സംഘർഷത്തിന്റെ അന്തരീക്ഷത്തിൽ കൂടുതൽപേരെ ലഹരിയുടെ വഴിയിലേയ്ക്ക് നയിക്കാൻ ലഹരി

മാഫിയയുടെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതുതടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

കണ്ടെത്തിയിട്ടില്ല.

(ബി) വിദ്യാർത്ഥികളെയും യുവാക്കളെയും ലഹരിക്കെതിരെ അണിനിരത്തുവാൻ സർക്കാർ തലത്തിൽ നടത്തുന്ന ശ്രമങ്ങൾ വിജയപ്രദമാണോ; വിശദമാക്കുമോ?

വിജയപ്രദമാണ്. സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, ഗ്രന്ഥശാല സംഘങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, എസ്.പി.സി., എൻ.എസ്.എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുതല വിമുക്തി കമ്മിറ്റികൾ എന്നിവ മുഖേന നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ, വിമുക്തി മിഷന്റെ നേതൃത്വത്തിൽ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്ന ലഹരിമുക്ത ചികിത്സാ കേന്ദ്രങ്ങളുടെയും കൗൺസിലിംഗ് സെന്ററുകളുടെയും പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പൊതുസമൂഹത്തിൽനിന്നും യുവജനങ്ങളിൽനിന്നും കിട്ടുന്ന പിന്തുണയും അംഗീകാരവും ഈ സംരംഭം വിജയപ്രദമാണെന്നുള്ളതിന്റെ തെളിവാണ്.

(സി) ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത സമൂഹം കെട്ടിപ്പടുക്കുന്നതിനായി ഈ സർക്കാർ രൂപീകരിച്ച വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇത് കാര്യക്ഷമമാണോയെന്ന് പഠന വിധേയമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വൈവിദ്ധ്യമാർന്നതും പുതുമയാർന്നതും സമൂഹത്തിലെ എല്ലാ മേഖലകളിലും ശ്രദ്ധിക്കപ്പെടുന്നതുമായ വിവിധ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ, വിമുക്തിയുടെ നേതൃത്വത്തിൽ നടത്തിവരുന്നത്. സംസ്ഥാനത്ത് എല്ലാ വിദ്യാലയങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് എന്നിവ നൽകുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നതിനും "ഉണർവ്" എന്ന പേരിൽ കായിക പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നു. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കേരള ആരോഗ്യ സർവ്വകലാശാലകളുടെ കീഴിൽ വരുന്ന കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ

രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡുതലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങളിൽനിന്നുള്ള അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ/കൗൺസിലിംഗ് നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. എൻ.ഡി.പി.എസ്. കേസ്സുകളിൽ ഉൾപ്പെട്ട 21 വയസ്സിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസിലിംഗ്/ചികിത്സ നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

## ലഹരി വസ്തുക്കളുടെ വിതരണം തടയാനുള്ള നടപടികൾ

368(4103) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ മറവിൽ സംസ്ഥാനത്തേയ്ക്ക് വൻതോതിൽ കഞ്ചാവും മറ്റുനിരോധിത ലഹരി വസ്തുക്കളും കടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് കോവിഡ്-19 രോഗവ്യാപനത്തെത്തുടർന്ന് ആദ്യമായി ലോക്ഡൗൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് മുതൽ 6521 കിലോഗ്രാം കഞ്ചാവ്, 1276 കഞ്ചാവ് ചെടികൾ, 14.83 കിലോഗ്രാം ഹാഷിഷ് ഓയിൽ, 108 ഗ്രാം ബ്രൗൺഷുഗർ, 3 കിലോഗ്രാം എം.ഡി.എം.എ. തുടങ്ങിയവ വിവിധ കേസുകളിലായി കണ്ടെടുത്തിട്ടുണ്ട്.

(ബി) റെയ്ഡിൽ പിടിച്ചെടുക്കുന്ന മയക്കുമരുന്ന് വിപണനത്തിന്റെ ചെറിയൊരംശം മാത്രമാണെന്നും ദക്ഷിണേന്ത്യയിലെ മയക്കുമരുന്ന് വിതരണ കേന്ദ്രമായി സംസ്ഥാനം മാറുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വേണ്ടത്ര അംഗബലം ഇല്ലാത്തത് എക്സൈസ് വകുപ്പിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ?

നിലവിലെ അംഗബലം ഉപയോഗിച്ച് എക്സൈസ് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(ഡി) എക്സൈസ് വകുപ്പിന്റെ ഘടന പരിഷ്കരിക്കുന്നതിനായി എന്തെങ്കിലും പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് നിരസിച്ചിട്ടുണ്ടോ; നിരസിച്ചിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ എക്സൈസ് ഓഫീസുകൾ രൂപീകരിക്കുന്നതിനും എക്സൈസ് ഉദ്യോഗസ്ഥരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുമായി ലഭിച്ച ശിപാർശകൾ സർക്കാർ പരിശോധിച്ച് വരികയാണ്.

## ലഹരി ഉപയോഗം തടയുന്നതിന് നടപടി

369 (4104) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാനായി രൂപീകരിച്ച കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" മുഖേന ലഹരിക്കെതിരെ വിവിധതലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് എന്നിവ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് എല്ലാ വിദ്യാലയങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ കലാ-കായിക മത്സരങ്ങൾ, ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റുപരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.

(ബി) സർക്കാരിന്റെ പ്രഖ്യാപിത നയമായ മദ്യവർജ്ജനം എത്രയധികം കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്; പ്രസ്തുത രംഗത്ത് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

സർക്കാരിന്റെ പ്രഖ്യാപിത നയമായ മദ്യവർജ്ജനം ഫലപ്രദമായി നടപ്പിലാക്കിവരുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് പകർന്നുനല്കി ലഹരിയിൽനിന്നും സ്വയംസംരക്ഷണം തീർക്കുന്ന അവസ്ഥ

വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡുതലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങളിൽനിന്നുള്ള അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിമുക്തി മിഷൻ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും നിലവിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകൾ കൂടാതെ, രണ്ടു ഡീ-അഡിക്ഷൻ സെന്ററുകൾകൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ലഹരിക്കെതിരെയുള്ള പ്രവർത്തനം വിദ്യാർത്ഥികൾക്കിടയിൽ വ്യാപകമാക്കുന്നതിനായി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വിമുക്തി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നതിനും "ഉണർവ്" എന്ന കായിക പരിശീലന പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽവരുന്ന കോളേജ് ക്യാമ്പസ്സുകളിൽ "നേർക്കൂട്ടം" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ലഹരിവിരുദ്ധ ആശയ പ്രചരണത്തിന്റെ ആവശ്യകത കണക്കിലെടുത്ത് എസ്.പി.സി., എൻ.എസ്.എസ്., എൻ.സി.സി. എന്നിവയിലെ വിദ്യാർത്ഥികളിലൂടെ ലഹരിവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കുകയും ഈ ലക്ഷ്യത്തോടെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ വെളിവാക്കുന്ന ഹ്രസ്വചിത്രങ്ങൾ തയ്യാറാക്കി നവമാധ്യമങ്ങൾ മുഖേന പ്രചരിപ്പിച്ചുവരികയും ചെയ്യുന്നു. എൻ.ഡി.പി.എസ്. കേസ്സുകളിൽ ഉൾപ്പെട്ട 21 വയസ്സിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസിലിംഗ്/ചികിത്സ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഹരിവിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ കലാകായിക മത്സരങ്ങൾ, സെമിനാറുകൾ, വെബിനാറുകൾ, പി.എസ്.സി. പഠന പരിശീലനങ്ങൾ, മാരത്തോണുകൾ, റാലികൾ തുടങ്ങി ഒട്ടനവധി പരിപാടികളും വിമുക്തി മിഷന്റെ ഭാഗമായി സംഘടിപ്പിച്ചുവരുന്നു.

**കുട്ടികളിലെ ലഹരി ഉപയോഗം**

370(4105) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളിൽ ലഹരിവസ്തുക്കളുടെ ഉപയോഗം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുട്ടികളിൽ ലഹരിവസ്തുക്കളുടെ ഉപയോഗം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കുട്ടികൾ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് 2019-20, 2020-21 വർഷങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ ജില്ല തിരിച്ച് വിശദമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ലഹരി ഉപയോഗം തടയുന്നതിനുള്ള നടപടികൾ**

371(4106) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ ഗ്രാമങ്ങളിലടക്കം വർദ്ധിച്ചുവരുന്ന കഞ്ചാവ്-മയക്കുമരുന്ന് കച്ചവടം തടയാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

ലഹരി മരുന്ന് കേസുകൾ കണ്ടെത്തുന്നതിനായി എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡും പ്രാദേശികതലത്തിൽ രഹസ്യവിവരശേഖരണം നടത്തുന്നതിനായി ഇന്റലിജൻസ് വിഭാഗവും ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ്/ബോർഡർ പട്രോൾ/ഹൈവേ പട്രോൾ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തുതലത്തിലും വാർഡുതലത്തിലുമുള്ള ജനകീയ കമ്മിറ്റികൾ, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ മുഖേന ലഭിക്കുന്ന പരാതികളിലും രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലും മയക്കുമരുന്നുകളുടെ പ്രാദേശികമായ കച്ചവടം തടയുന്നതിനുള്ള ശക്തവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിച്ചുവരുന്നു. മുൻ കുറ്റവാളികളെ പ്രത്യേകമായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിരീക്ഷണം നടത്തിയും സാമൂഹിക പിന്തുണയോടെയുള്ള വിവരശേഖരണം നടത്തിയും ഗ്രാമങ്ങളിലെ മയക്കുമരുന്ന് കച്ചവടം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

(ബി) ലഹരി വസ്തുക്കളുടെ കച്ചവടവും ഉപയോഗവും തടയുന്നതിന് എക്സൈസ് വകുപ്പിനെ കൂടുതൽ സുസജ്ജവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ലഹരി ഉപയോഗം തടയുന്നതിനായി സംസ്ഥാനതല സ്ക്വാഡും മൂന്ന് മേഖലകളിലുമായി മേഖലാ സ്ക്വാഡുകളും രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. വിവര കൈമാറ്റം വേഗത്തിലും കാര്യക്ഷമവുമാക്കുന്നതിനായി വയർലസ് സംവിധാനം പാലക്കാട്, എറണാകുളം ജില്ലകളിൽ നടപ്പിലാക്കുകയും ആലപ്പുഴ ജില്ലയിൽ നിർവ്വഹണം അന്തിമഘട്ടത്തിലുമാണ്. എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയും പ്രധാന ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ സ്ഥാപിച്ചും ലഹരി വസ്തുക്കളുടെ ഉപയോഗവും കച്ചവടവും തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓഫീസർമാർക്ക് റിവോൾവർ/ പിസ്റ്റൾ നൽകിയിട്ടുണ്ട്. ലഹരിമരുന്ന് ഉപയോഗം കണ്ടുപിടിക്കുന്നതിന് പ്രത്യേക ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ എല്ലാ ജില്ലകളിലും നൽകിയിട്ടുണ്ട്. കാലഹരണപ്പെട്ട വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ നൽകിയിട്ടുണ്ട്. കേസന്വേഷണം കാര്യക്ഷമമാക്കുന്നതിന് എക്സൈസ് ക്രൈം ബ്രാഞ്ച് രൂപീകരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് ഉപയോഗവും കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നത്

372(4107) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകൾ, സ്കൂളുകൾ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മയക്കുമരുന്ന് ഉപയോഗവും അതിനാലുള്ള കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കോളേജുകളും സ്കൂളുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതിനായി ലഹരി മാഫിയകൾ പ്രവർത്തിക്കുന്നതും വിദ്യാർത്ഥികളെ പ്രസ്തുത ഉപഭോഗത്തിനും കുറ്റകൃത്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും വിധേയമാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും ലഹരി മാഫിയകളുടെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾ ഉൾപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇവ തടയുവാനും ഇതിന് വിധേയരായ യുവാക്കളെയും വിദ്യാർത്ഥികളെയും നേർവഴിക്ക് കൊണ്ടുവരാനും പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട മാഫിയകളെ കർക്കശമായ ശിക്ഷാനടപടികൾക്ക് വിധേയമാക്കാനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

സ്കൂളുകളിലും/കോളേജുകളിലും ലഹരി ഉപയോഗത്തിനെതിരെ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, 'വിമുക്തി' മിഷന്റെ നേതൃത്വത്തിൽ വൈവിദ്ധ്യമായ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. സ്കൂൾ/കോളേജുകളുടെ പരിസരങ്ങളും സമീപ പ്രദേശത്തുള്ള കടകളും മറ്റുസ്ഥാപനങ്ങളും നിരീക്ഷിച്ച് പരിശോധനകൾ നടത്തിയും രഹസ്യ വിവരങ്ങൾ ശേഖരിച്ചും സ്കൂൾ/കോളേജുകളിൽ സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികളിൽനിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റവാളികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടികളെ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നത് കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്നതിന് ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം എക്സൈസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിനായി, Juvenile Justice (Care and Protection of Children) Model Rules, 2016-ലെ 56(1), 57(1) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) എങ്കിൽ കഴിഞ്ഞ ഒരു വർഷക്കാലയളവിൽ ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കി; എത്ര മാഫിയകളുടെ പേരിൽ നടപടികൾ കൈക്കൊണ്ടു; വിശദാംശം വ്യക്തമാക്കുമോ?

കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സ്കൂൾ പരിസരത്തുനിന്ന് 19 ലഹരി മരുന്ന് കേസുകൾ കണ്ടെത്തുകയും ടി കേസുകളിലായി 25 പ്രതികളെ അറസ്റ്റ് ചെയ്യുകയും തൊണ്ടിയായി 253.97 കിലോഗ്രാം കഞ്ചാവും രണ്ട് കഞ്ചാവ് ചെടികളും 36.5 ഗ്രാം എം.ഡി.എം.എ.-യും 12 ഗ്രാം ഹാഷിഷ് ഓയിലും കണ്ടെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും വിദ്യാലയങ്ങൾ ലഹരിവിമുക്തമാക്കുന്നതിനും ലഹരി ഉപയോഗത്തിൽനിന്നും വിദ്യാർത്ഥികളെ പിന്തിരിപ്പിക്കുന്നതിനുമായി ' ഉണർവ് എന്ന പേരിൽ കായിക പരിശീലന പദ്ധതിയും നടപ്പാക്കി വരുന്നു. SPC, NCC, NSS എന്നിവയിലെ വിദ്യാർത്ഥികളിലൂടെ ലഹരിവിരുദ്ധ ആശയങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നു. ലഹരി ഉപയോഗ സാധ്യതകളില്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

## എക്സൈസ് വകുപ്പിന്റെ പ്രത്യേക നർക്കോട്ടിക് വിംഗ്

373(4108) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മയക്കുമരുന്ന് ഉപഭോഗവും വിതരണവും തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ ജില്ലാതലത്തിൽ എക്സൈസ് വകുപ്പിന് കീഴിൽ പ്രത്യേക നർക്കോട്ടിക് വിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ ?

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ മയക്കുമരുന്ന് ഉപഭോഗവും വിതരണവും കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ നിലവിൽ 14 ജില്ലകളിലും ഓരോ എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇടുക്കി ജില്ലയിൽ പ്രത്യേകമായി നർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡ് (NES) എന്നൊരു വിഭാഗവും എക്സൈസ് കമ്മീഷണർ

നേരിട്ട് നേതൃത്വം കൊടുക്കുന്ന സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗവും പ്രവർത്തിച്ചുവരുന്നു.

**ന്യൂജനറേഷൻ മയക്കുമരുന്നുകളുടെ ഉപയോഗം**

374(4109) ശ്രീ. പി. ടി. തോമസ്:

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിന്തറ്റിക് ഡ്രഗ്സ് ഇനത്തിൽപ്പെട്ട ന്യൂജനറേഷൻ മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

സിന്തറ്റിക് ഡ്രഗ്സ് ഇനത്തിൽപ്പെട്ട മയക്കുമരുന്ന് കേസുകൾ കൂടുതലായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇത്തരം മയക്കുമരുന്നുകളുടെ ഉപയോഗവും വിൽപ്പനയും തടയുന്നതിന് ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

മയക്കുമരുന്നുകളുടെ ഉപയോഗവും വിൽപ്പനയും തടയുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സുശക്തമായ ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ രഹസ്യ വിവരങ്ങൾ ശേഖരിച്ച് നടപടികൾ സ്വീകരിക്കുകയും എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തി സ്കൂൾ/കോളേജ് പരിസരങ്ങളിലെ കടകളും മറ്റുസ്ഥാപനങ്ങളും നിരീക്ഷിച്ച് പരിശോധനകൾ നടത്തുകയും ചെയ്തുവരുന്നു. ഓൺലൈൻ ഉൾപ്പെടെയുള്ള എല്ലാ പാഴ്സൽ സർവ്വീസ് സ്ഥാപനങ്ങളിലും റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, മറ്റുവാഹനങ്ങൾ എന്നിവ പരിശോധിച്ച് ഇത്തരം മയക്കുമരുന്നുകളുടെ വില്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതോടൊപ്പം, സ്കൂൾ/കോളേജുകളിൽ മയക്കുമരുന്നുകളുടെ ഉപയോഗം തടയുന്നതിനായി വിമുക്തി മിഷന്റെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(സി) നിരോധിത പുകയില ഉല്പന്നങ്ങളുടേയും ലഹരി വസ്തുക്കളുടേയും ഉപഭോഗം ഇല്ലാതാക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ?

നിരോധിത പുകയില ഉല്പന്നങ്ങളുടെയും ലഹരി വസ്തുക്കളുടേയും ഉപഭോഗം ഇല്ലാതാക്കുന്നതിനുവേണ്ടി രഹസ്യ വിവരങ്ങൾ ശേഖരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി, ഇത്തരം ഉല്പന്നങ്ങൾ പിടിച്ചെടുത്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സ്റ്റേറ്റ് എൻഫോഴ്സ്മെന്റ് സ്ക്വാഡും മൂന്ന് മേഖലാ സ്ക്വാഡുകളും നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും ഊർജ്ജിതമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് ലഹരി ഉപഭോഗം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ലഹരി വസ്തുക്കൾ വിപണനം നടത്തിയതിന് ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ ആവശ്യമായ ബോധവൽക്കരണത്തിലൂടെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ ജയിൽ വകുപ്പുമായി ചേർന്ന് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇവരെ പുനരധിവസിപ്പിക്കുന്ന പദ്ധതികൾ ഇപ്പോൾ നിലവിലില്ല.

**കൂത്തുപറമ്പ് എക്സൈസ് റെയ്ഞ്ചിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി**

375(4110) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് വകുപ്പ് പിടികൂടുന്ന കേസുകളിൽ നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് പ്രതികൾ രക്ഷപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഒഴിവാക്കുന്നതിന് നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ബി) ഒരു കിലോയിൽ താഴെയുള്ള കഞ്ചാവ് കേസുകളിലെ പ്രതികൾ ജാമ്യമെടുത്ത് രക്ഷപ്പെടുന്നതും നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടിക്കപ്പെട്ടാൽ ഇരുന്നൂറ് രൂപ പിഴയടച്ച് രക്ഷപ്പെടുന്നതും പുകയില ഉൽപ്പന്നങ്ങൾ കടത്താൻ ഉപയോഗിച്ച വണ്ടികൾ കണ്ടുകെട്ടാൻ നിയമത്തിൽ വ്യവസ്ഥയില്ലാത്തതും മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ അധികാരമില്ലാത്തതും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് എക്സൈസ് വകുപ്പിന് പ്രയാസം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസുകളിൽ എക്സൈസ് വകുപ്പിനുകൂടി അധികാരം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

(എ&ബി) NDPS Act-ൽ കണ്ടെടുക്കുന്ന ലഹരിമരുന്നുകളെ അവയുടെ അളവ് അനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. Small Quantity ലഹരിമരുന്നുകൾ കണ്ടെടുക്കുന്ന കേസുകൾ ജാമ്യം ലഭിക്കാവുന്നവയാണ്. ഒരു കിലോഗ്രാമിന് താഴെയുള്ള കഞ്ചാവ് Small Quantity വിഭാഗത്തിലാണ് വരുന്നത്. ഇത്തരം കേസിലെ പ്രതികൾക്ക് ജാമ്യം കിട്ടുമെന്നുള്ളത് എൻ.ഡി.പി.എസ്. ആക്ടിന്റെ ഒരു പ്രധാന പരിമിതി ആയതിനാൽ വിവിധ മയക്കുമരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. നിരോധിത പുകയില ഉല്പന്നങ്ങൾ കണ്ടെടുക്കുമ്പോൾ പിഴ ഇനത്തിൽ പരമാവധി 200 രൂപ മാത്രമാണ് COTPA നിയമപ്രകാരം പ്രതികളിൽനിന്നും ഈടാക്കുവാൻ സാധിക്കുന്നത്. ആയത് അപര്യാപ്തമാകയാൽ ടി തുക ഉയർത്തണമെന്നുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. Juvenile Justice (Care and Protection of Children) Act, 2015 വകുപ്പ് 77 & 78 പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ എക്സൈസ് വകുപ്പിന് അധികാരമില്ലാത്തതിനാൽ ടി വകുപ്പുപ്രകാരം കേസുകൾ എടുക്കുന്നതിന് എക്സൈസ് വകുപ്പിനെക്കൂടി അധികാരപ്പെടുത്തിക്കൊണ്ട് Juvenile Justice (Care and Protection of Children) Model Rules, 2016-ലെ 56 (1), 57 (1) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

(സി) നിരോധിത പുകയില ഉൽപ്പന്നങ്ങൾ കടകളിൽനിന്നും കസ്റ്റഡിയിലെടുത്താൽ പ്രസ്തുത കടയുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പടെ കർശന നിയമനടപടികൾ സ്വീകരിക്കുവാൻ തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(ഡി) ഒൻപത് പഞ്ചായത്തുകളും രണ്ട് നഗരസഭകളും ഉൾക്കൊള്ളുന്ന കൂത്തുപറമ്പ് എക്സൈസ് റെയ്ഞ്ചിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കൂത്തുപറമ്പ് എക്സൈസ് റെയ്ഞ്ച് ഓഫീസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ആധുനിക വാർത്താവിനിമയ സൗകര്യങ്ങളും വാഹനങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ടി ഓഫീസിലെ ജീവനക്കാർക്ക് മാറിയ സാഹചര്യത്തിന് അനുസൃതമായി പരിശീലനം നൽകുകയും ഓഫീസ് കമ്പ്യൂട്ടർവൽക്കരിക്കുകയും സേവനങ്ങൾ ഓൺലൈൻ സംവിധാനം മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂത്തുപറമ്പ് എക്സൈസ് കോംപ്ലക്സിൽ, വകുപ്പ് കണ്ടുപിടിക്കുന്ന കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളും പുകയില ഉൽപ്പന്നങ്ങളും നശിപ്പിക്കുന്നതിനായി ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളും വകുപ്പിൽ കണ്ടുപിടിക്കുന്ന കേസുകളിലെ പ്രതികളെ ശാസ്ത്രീയമായ രീതിയിൽ ചോദ്യം ചെയ്യുന്നതിനായി ഒരു ആധുനിക ചോദ്യം ചെയ്യൽ മുറിയും ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കൂത്തുപറമ്പ് എക്സൈസ് റെയ്ഞ്ചിൽ കൂടുതൽ ജീവനക്കാരെ അനുവദിക്കാനും പത്ത് വർഷത്തിലധികമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പഴയ വാഹനം മാറ്റി പുതിയത് ലഭ്യമാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കൂത്തുപറമ്പ് എക്സൈസ് റെയ്ഞ്ച് വിഭജിച്ച് പുതുതായി പാനൂർ എക്സൈസ് റെയ്ഞ്ച് ഓഫീസ് രൂപീകരിക്കുവാനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. വാഹനങ്ങളില്ലാത്തതും പഴയ വാഹനങ്ങളുള്ളതുമായ 25 ഓഫീസുകളിലെ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനുള്ള അനുമതി നൽകുന്ന മുറയ്ക്ക്, കൂത്തുപറമ്പ് എക്സൈസ് റെയിഞ്ചിലെ പഴയ വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ ലഭ്യമാക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 a.m.]

## II അടിയന്തരപ്രമേയം

### നികുതി തട്ടിപ്പ്

മി. സ്പീക്കർ: തിരുവനന്തപുരം നഗരസഭയുടെ വിവിധ സോണൽ ഓഫീസുകളിൽ കെട്ടിട-ഭൂനികുതിയിനത്തിൽ ലഭിച്ച തുക ബാങ്ക് അക്കൗണ്ടിൽ അടയ്ക്കാതെ തട്ടിയെടുത്തതായി പറയപ്പെടുന്ന സംഭവത്തിൽ നികുതിദായകർക്ക് ഉളവായിട്ടുള്ള ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, തിരുവനന്തപുരം നഗരസഭയിലെ നേമം, ശ്രീകാര്യം, ആറ്റിപ്ര സോണൽ ഓഫീസുകളിൽ കെട്ടിട ഉടമകളിൽനിന്നും പിരിച്ചെടുത്ത നികുതി പണം ബാങ്കിൽ അടയ്ക്കാതെ ഉദ്യോഗസ്ഥർ തിരിമറി നടത്തിയ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ സംബന്ധിച്ചാണ് പറയാനുള്ളത്. ഇതുസംബന്ധിച്ച് നേമം, ശ്രീകാര്യം, കഴക്കൂട്ടം പോലീസ് സ്റ്റേഷനുകളിൽ ഓരോ കേസുകൾ വീതം രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. നേമം സോണൽ ഓഫീസിൽ നികുതി ഇനത്തിൽ ഈടാക്കിയ 26,74,333 രൂപ ബാങ്കിൽ അടയ്ക്കാതെ വ്യാജരേഖയുണ്ടാക്കി തിരിമറി നടത്തിയതിന് റവന്യൂ ഇൻസ്പെക്ടറുടെ പരാതിയുടെ അടിസ്ഥാനത്തിൽ 1-10-2021-ന് ഐ.പി.സി. 468, 471, 420, 409 എന്നീ വകുപ്പുകൾ പ്രകാരം നേമം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1966/21 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. ഒന്നാം പ്രതി കാഷ്യർ ശ്രീമതി സുനിതയെ 6-10-2021-നും സൂപ്രണ്ട് ശ്രീമതി ശാന്തിയെ 26-10-2021-നും അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡിൽ പാർപ്പിച്ചിരിക്കുകയാണ്. ശ്രീകാര്യം സോണൽ ഓഫീസിൽ റവന്യൂ വരുമാനമായി ലഭിച്ച 5,12,785 രൂപ തിരിമറി നടത്തിയതിന് ശ്രീകാര്യം സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടറുടെ പരാതിയിന്മേൽ കാഷ്യർ ശ്രീ. അനിൽകുമാർ, അറ്റൻഡർ ശ്രീ. ബിജു എന്നിവർക്കെതിരെ ശ്രീകാര്യം പോലീസ് ഐ.പി.സി. 409, 420, 465, 468, 471, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 1542/21 ആയി കേസ് രജിസ്റ്റർ

ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കേസിലെ ഒന്നാം പ്രതിയായ അറ്റൻഡർ ശ്രീ. ബിജുവിനെ 13-10-2021-ൽ അറസ്റ്റുചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചുവരികയാണ്. രണ്ടാം പ്രതി ശ്രീ. അനിൽകുമാറിനെ അറസ്റ്റ് ചെയ്യാനുണ്ട്. ഇതിനുപുറമെ ആറ്റിപ്ര സോണൽ ഓഫീസിൽ റവന്യൂ വരുമാനമായി ലഭിച്ച 1,09,836 രൂപ തിരിമറി നടത്തിയതിന് ആറ്റിപ്ര സോണൽ ഓഫീസിലെ ചാർജ് ഓഫീസറുടെ പരാതിയിന്മേൽ ഓഫീസിലെ അറ്റൻഡർ ശ്രീ. ജോർജ്ജ്കുട്ടിയെ ഐ.പി.സി. 420, 409 എന്നീ വകുപ്പുകൾ പ്രകാരം കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2272/21 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പ്രതിയായ ശ്രീ. ജോർജ്ജ്കുട്ടിയെ 21-10-2021-ൽ അറസ്റ്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിരിക്കുകയാണ്. ഈ കേസുമായി ബന്ധപ്പെട്ട് കൂടുതൽ പ്രതികളുണ്ടെങ്കിൽ അവരെ അറസ്റ്റ് ചെയ്യുന്നതിനും പണം തിരിമറി നടത്തിയതിനെ സംബന്ധിച്ച് ആവശ്യമായ തെളിവുകൾ ശേഖരിച്ച് എത്രയുംവേഗം കേസന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്കെതിരെ കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിനുമുള്ള കാര്യക്ഷമമായ നടപടികൾ പോലീസും തിരുവനന്തപുരം കോർപ്പറേഷനും നടത്തിവരികയാണ്. അടിയന്തരപ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള മറ്റൊരു കാര്യം, നികുതിദായകർ അടച്ച പണവുമായി ബന്ധപ്പെട്ട് അവർക്ക് ആശങ്കയുണ്ടെന്നാണ്. നികുതിദായകർക്ക് യാതൊരു തരത്തിലുള്ള ആശങ്കയ്ക്കും വകയില്ല. അടച്ചതുക രേഖപ്പെടുത്തിക്കൊണ്ടുള്ള രസീത് സോണൽ ഓഫീസുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അക്കാര്യം ബോധ്യപ്പെട്ടാൽ നയാപൈസപോലും നികുതിദായകർക്ക് നഷ്ടപ്പെടില്ലെന്ന് ഉറപ്പുനൽകുകയാണ്. കുറ്റകരമായ കാര്യങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ കുറ്റങ്ങളെ മറച്ചുവയ്ക്കാനോ കുറ്റവാളികളെ സംരക്ഷിക്കാനോ ഉള്ള യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിക്കുകയില്ലെന്ന് മാത്രമല്ല, അവർക്ക് കടുത്ത ശിക്ഷ നൽകുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, കേരളത്തിലെ ഏറ്റവും പഴക്കമുള്ള തിരുവനന്തപുരം നഗരസഭ ഇന്ന് ധാരാളം അഴിമതി നടക്കുന്നൊരു നഗരസഭയായി മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി വീട്ടുകരം അടച്ചവർക്ക് പണമൊന്നും നഷ്ടമാകില്ലെന്ന് പറഞ്ഞു. ഇപ്പോൾ കോർപ്പറേഷൻ പറഞ്ഞിരിക്കുന്നത്, രസീത് കൊണ്ടുവന്നാൽ കറക്ട് ചെയ്യാമെന്നാണ്. രസീത് കയ്യിലില്ലാത്തവരുടെ അവസ്ഥ എന്താണ്; ഇവരിൽനിന്ന് പിരിച്ച പണം കോർപ്പറേഷനിൽ അടച്ചിട്ടുണ്ടെന്നുള്ളതിന് എന്താണ് തെളിവ്? പലപ്പോഴും കോർപ്പറേഷനിൽ പണം കുറവുണ്ടെങ്കിൽ, കണക്കുകൾ തമ്മിൽ വ്യത്യാസമുണ്ടായാൽ അത് ചെലവിനത്തിൽ കൂട്ടിക്കാണിച്ച്

ടാലി ചെയ്ത് പോകുന്ന അവസ്ഥയുണ്ടെന്നാണ് കേൾക്കുന്ന വാർത്തകൾ. അത് അന്വേഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 'അടച്ചതെല്ലാം പാഴായി', 'അന്തംവിട്ട് ജനം', 'കോർപ്പറേഷനിൽ വൻതിരിമറി' എന്നിങ്ങനെയുള്ള വാർത്തകൾ വരികയാണ്. ഈ നഗരത്തിലാണ് സംസ്ഥാനത്തെ എല്ലാ മന്ത്രിമാരും താമസിക്കുന്നത്. ഈ മന്ത്രിസഭയിലെ രണ്ട് അംഗങ്ങളിൽ ഒരംഗം മുൻ മേയറാണ്, ഒരംഗം മുൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനാണ്. ഇതെല്ലാമായിട്ടും സർക്കാർ നാളിതുവരെ ഇക്കാര്യത്തിൽ ഒരു അന്വേഷണം നടത്താനോ ഇടപെടാനോ തയ്യാറായിട്ടില്ല. ഇത്രയും വലിയ ക്രമക്കേടും അഴിമതിയും നടന്നിട്ട് സർക്കാർ ഇക്കാര്യത്തിലൊരു നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്?വീട്ടുകരം ഉൾപ്പെടെ, കോർപ്പറേഷനിലേയ്ക്ക് അടയ്ക്കുന്ന വിവിധ ഫീസുകളിൽ വലിയ തോതിലുള്ള ക്രമക്കേടുകളാണ് നടന്നിരിക്കുന്നത്. ആകെ 33 ലക്ഷത്തിലധികം രൂപയുടെ ക്രമക്കേട് നടന്നു. ശ്രീകാര്യത്ത് ഒരു ആർ.ഐ. ഏഴാം മാസം കൊടുത്ത ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ആദ്യം അന്വേഷണം നടക്കുന്നത്. ഏഴാം മാസം മുതലാണ് ഓരോ കേസും കണ്ടെത്തി സസ്പെൻഷൻ തുടങ്ങിയത്. എന്നിട്ടും അറസ്റ്റ് നടക്കുന്നത് ഒക്ടോബർ മാസം 13-ാം തീയതിയാണ്. ഇതിൽ പല പ്രതികൾക്കും കോടതികളിൽ പോയി മുൻകൂർ ജാമ്യം നേടുന്നതിനുള്ള അവസരം ഒരുക്കിക്കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. മുൻകൂർ ജാമ്യം നിഷേധിച്ചതിനുശേഷം ഇന്നലെ ഒരാളെ അറസ്റ്റ് ചെയ്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞെങ്കിലും അവർ കീഴടങ്ങുകയായിരുന്നു. അവരെ പിടിക്കാൻ പോലീസ് ഒരു നടപടിയും സ്വീകരിച്ചില്ല. വീട്ടുകരം പിരിക്കുകയും അത് അടയ്ക്കാതിരിക്കുകയുമാണ് ചെയ്തത്.

"നമ്മള് കൊയ്യും വയലെല്ലാം

നമ്മുടേതാകും പൈങ്കിളിയേ" എന്ന് ഒരു കാലത്ത് കമ്മ്യൂണിസ്റ്റുകാർ പാടി നടന്നിട്ടുണ്ട്. ഇന്ന് അവരുടെ പിൻമുറക്കാർ "നമ്മൾ പിരിക്കും ടാക്സെല്ലാം നമ്മുടേതാകും പൈങ്കിളിയേ" എന്ന് പാടുകയാണ്. പട്ടികജാതി ക്ഷേമ ഫണ്ട്, പട്ടികജാതിക്കാർക്കുള്ള ഭവന നിർമ്മാണം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, രണ്ട് ലക്ഷം രൂപയുടെ പഠനമുറി, ലാപ്ടോപ്പ് തുടങ്ങിയ ആവശ്യങ്ങൾക്കായി ഗുണഭോക്താക്കൾ വരുമ്പോൾ അവരിൽനിന്നും എല്ലാ രേഖകളും വാങ്ങുമെങ്കിലും ആ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലല്ല, അവർക്ക് ഇഷ്ടമുള്ള ബാങ്ക് അക്കൗണ്ടുകളിലാണ് തുക വരുന്നത്. ഇരുപത്തിനാല് വ്യാജ അക്കൗണ്ടുകൾ ഉണ്ടാക്കിയിരിക്കുന്നു. ജില്ലാ ഭാരവാഹിയും സംസ്ഥാന കമ്മിറ്റിയംഗവുമായ ഒരു ഡി.വൈ.എഫ്.ഐ. നേതാവിന്റെകൂടി ഒത്താശയോടെയാണ് ഈ അഴിമതി നടന്നിരിക്കുന്നത്. 1,04,72,000 രൂപയുടെ അഴിമതിയാണ് നടന്നിരിക്കുന്നത്.

ലോകത്ത് ഏറ്റവും കൂടുതൽ വനിതകൾ പങ്കെടുക്കുന്ന, വനിതകളുടെ സംഗമമാണ് ആറ്റുകാൽ പൊങ്കാല. 2021-ൽ ക്ഷേത്രത്തിനകത്തുള്ള പണ്ടാര അടുപ്പിൽ മാത്രമാണ് ആറ്റുകാൽ പൊങ്കാല നടന്നിട്ടുള്ളത്. പക്ഷേ ഇവിടെ പൊങ്കാല നടന്നതായി വ്യാജ രേഖകളുണ്ടാക്കി. പൊങ്കാല കഴിഞ്ഞാൽ അന്നുതന്നെ നഗരം ശുചിയാക്കുന്ന നടപടി ആരംഭിച്ചത് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിലാണ്. അതിനെത്തുടർന്ന് എല്ലാ വർഷവും ശുചീകരണം നടത്താറുണ്ട്. 2021-ൽ നടക്കാത്ത പൊങ്കാലയുടെ പേരിൽ, ഇരുപത്തിയൊന്ന് ടിപ്പർ ലോറികൾ വാടകയ്ക്കെടുത്ത് 250 തൊഴിലാളികളെ വച്ച് ഈ നഗരം മുഴുവൻ ശുചിയാക്കിയതായും അവർക്ക് പൊറോട്ടയും കോഴിയിറച്ചിയും വാങ്ങിക്കൊടുത്തതിന് 65,000 രൂപ ഉൾപ്പെടെ ചെലവായതായും കാണിച്ചിരിക്കുന്നു. ആറ്റുകാൽ പൊങ്കാലയ്ക്കെന്ത് പൊറോട്ടയും കോഴിയിറച്ചിയും? ശുചീകരണത്തിന് ടിപ്പർ ലോറി, ശുചീകരണത്തൊഴിലാളികൾക്ക് ഭക്ഷണം എന്നിങ്ങനെ വളരെ യുക്തിസഹമായിട്ടാണ് എല്ലാം ചെയ്തത്. ആറ്റുകാൽ പൊങ്കാല നടന്നിട്ടില്ലെന്ന് ഈ നാട്ടിലെ കൊച്ചുകുട്ടിക്കുപോലും അറിയാം. പക്ഷേ പകൽപോലെ വ്യക്തമായ ഇക്കാര്യത്തിൽ അഴിമതി നടത്തണമെങ്കിൽ ഇവർക്ക് ഇരട്ടച്ചങ്കുണ്ട്. നഗരത്തിൽ അക്ഷരമറിയാത്ത ആളുകൾക്ക് അക്ഷരം പഠിപ്പിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതിയാണ് 'അക്ഷരശ്രീ'. ഓരോ വാർഡിലും 85 പേരെ വീതം പഠിപ്പിക്കാം. നഗരമായതിനാൽ അഞ്ചും പത്തും പേരെ മാത്രമേ കിട്ടുകയുള്ളൂ. 80-ഉം 85-ഉം പേരെ പഠിപ്പിച്ചു എന്ന് വ്യാജ രേഖയുണ്ടാക്കി പത്ത് ലക്ഷം രൂപയുടെ അഴിമതി നടത്തി. അതിൽ ഗവർണർ ഇടപെടേണ്ടിവന്നു. ഒരു സാക്ഷരതാ ഉദ്യോഗസ്ഥൻ ഗവർണർക്ക് പരാതി കൊടുത്ത് ഗവർണർ ഇടപെട്ടാണ് അന്വേഷണം നടത്താൻ തീരുമാനിച്ചത്.

ഈ നഗരസഭയ്ക്ക് 135 വാഹനങ്ങളുണ്ട്. ഇന്ന് 41 വാഹനങ്ങൾ കാണാനില്ല. എന്താണ് ഈ നഗരസഭയിൽ നടക്കുന്നത്? അതിൽ 16 വാഹനങ്ങൾ തിരുവനന്തപുരത്ത് ശാന്തികവാടത്തിനടുത്ത് കിടക്കുന്നു. അവയിൽ സ്പെയർ പാർട്സ് പലതുമില്ല. എഞ്ചിൻ ഉൾപ്പെടെയുള്ള പല സാധനങ്ങളും അടിച്ചുമാറ്റപ്പെട്ടിരിക്കുകയാണ്. ബാക്കി 25 എണ്ണം എവിടെയാണെന്ന് പോലുമറിയില്ല. പക്ഷേ ഭൂലോകത്ത് പോലുമില്ലാത്ത ആ വാഹനങ്ങൾക്ക് കൃത്യമായി ഇൻഷ്വറൻസും മെയിന്റനൻസും നഗരസഭ അടച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ഞാൻ കണ്ടെത്തിയതല്ല, നഗരസഭ നിയോഗിച്ച കമ്മിറ്റി കണ്ടെത്തിയ കാര്യങ്ങളാണ്.

കെടുകാര്യസ്ഥതയുടെ കാര്യത്തിൽ സർവ്വകാല റെക്കോർഡാണ് ഈ നഗരസഭയ്ക്കുള്ളത്. ഇവിടെ പല പദ്ധതികളും നടപ്പിലാക്കി. മുൻകാലത്ത് 'Goodbye mosquitoes' എന്നൊരു പരിപാടി നടത്തി. തിരുവനന്തപുരത്തെ കൊതുകുകൾക്ക്

ഇംഗ്ലീഷ് അറിയാത്തതുകൊണ്ടാണോ എന്നറിയില്ല, ഒരു കൊതുകും തിരുവനന്തപുരം വിട്ടുപോയില്ല. 'ക്ലീൻ സിറ്റി ഗ്രീൻ സിറ്റി' തുടങ്ങി ഒരുപാട് കാര്യങ്ങൾ നടത്തി. ഇപ്പോൾ ഖരമാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നിബന്ധനകൾ പാലിക്കാത്തതിന്റെ പേരിൽ 14,33,00,000 രൂപ പൊല്യൂഷൻ കൺട്രോൾ ബോർഡ് ഈ നഗരസഭയ്ക്ക് ഫൈനടിച്ചിരിക്കുകയാണ്. ഒരുകാലത്ത് ഇന്ത്യയിൽ ഏറ്റവും ശുചിത്വമുള്ള നഗരമെന്നറിയപ്പെട്ടിരുന്നത് തിരുവനന്തപുരമാണ്. ഹൗസിംഗ് ആൻഡ് അർബൻ അഫയേഴ്സ് മിനിസ്ട്രിയുടെ കണ്ടെത്തൽ പ്രകാരം 2018-ൽ തിരുവനന്തപുരം നഗരസഭയുടെ സ്ഥാനം 289 ആണ്. ഇത് ഈ നഗരസഭ കണ്ടിട്ടുള്ള ഏറ്റവും വലിയ പ്രക്ഷോഭം അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ബി.ജെ.പി.-ക്കാർ നടത്തുന്ന പ്രക്ഷോഭത്തിൽ ഒരു ആത്മാർത്ഥതയുമില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഭൂരിപക്ഷമുള്ളത് ബി.ജെ.പി.-യ്ക്കാണ്. അവരാണ് ഈ കണക്കുകൾ പരിശോധിക്കേണ്ടത്. അവിടെ പരിശോധിക്കാതെ ഇവിടെവന്ന് സമരം നടത്തുന്നത് എന്തുകൊണ്ടാണെന്ന് ഞങ്ങൾക്കറിയില്ല. അവർ നടത്തുന്നത് ആത്മാർത്ഥതയില്ലാത്ത സമരമാണ്. ഞങ്ങളും അവിടെ സമരം നടത്തുന്നു. ഇവിടെ എം.എൽ.എ.-മാർ സമരം ചെയ്താൽ ബഹുമാനപ്പെട്ട സ്പീക്കർ അവിടെ പോയി അവരെ കാണും. അത് ജനാധിപത്യ മര്യാദയും ബോധവുമാണ്. തിരുവനന്തപുരം മേയർ ഏറ്റവും പ്രായം കുറഞ്ഞ ഒരു വ്യക്തിയാണ്. അവരെ നിങ്ങൾ മേയറായി തെരഞ്ഞെടുത്തപ്പോൾ വളരെ വാത്സല്യത്തോടുകൂടിയാണ് ആ തീരുമാനത്തെ ഞങ്ങൾ കണ്ടത്. പക്ഷേ അവരുടെ പ്രായത്തേക്കാൾ അധികം ജനാധിപത്യ പാരമ്പര്യമുള്ള ആളുകൾ അവിടെ സമരം ചെയ്യുമ്പോൾ അവരെ പോയി കാണേണ്ടതല്ലേ? അതിനുപകരം വലിയൊരു ടി.വി. സ്ഥാപിച്ച് ഈ സമരത്തിനെതിരായി മേയറുടെ പത്ത് മിനിട്ട് പ്രഭാഷണം രാവിലെ മുതൽ വൈകുന്നേരം വരെ ഉച്ചത്തിൽ അവരെ കേൾപ്പിക്കുകയാണ് ചെയ്യുന്നത്. ഇത് അഹങ്കാരമല്ലാതെ മറ്റെന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ സെക്രട്ടേറിയറ്റിന് മുന്നിൽ സമരം നടക്കുമ്പോൾ അവിടെ അദ്ദേഹം വലിയ സ്ക്രീൻ വച്ച് അവരുടെ നേരെ പ്രഭാഷണം നടത്തുമോ? പ്രകോപനപരമായ സമീപനമല്ലേ മേയർ കാണിക്കുന്നത്? .....(ബഹളം)..... തടസ്സപ്പെടുത്തിയാൽ സമയം തരണം.

<u>മി. സ്പീക്കർ</u>: അങ്ങ് പ്രസംഗിച്ചോളൂ. മൈക്ക് അങ്ങേയ്ക്ക് മാത്രമാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഈ ബഹളത്തിനിടയിൽ എങ്ങനെയാണ് സംസാരിക്കുന്നത്? ഒരു ജനാധിപത്യ ബോധമുണ്ടാകണമെന്നാണ് ഞാൻ പറഞ്ഞുവരുന്നത്. ഇത്രയും പ്രായമുള്ള ആളുകൾ അവിടെ സമരം നടത്തുമ്പോൾ, അവരെ പോയി നോക്കുക എന്നത് ഒരു ജനാധിപത്യ മര്യാദയാണ്. മേയർക്ക് പ്രായം മാത്രമല്ല, ജനാധിപത്യ ബോധവും കുറവാണ്. ആറ് മാസത്തെ അഴിമതി മാത്രമേ പുറത്ത് വന്നിട്ടുള്ളൂ. പത്ത് വർഷത്തെ സാമ്പത്തിക ഇടപാടുകളെക്കുറിച്ച്

സമഗ്രമായ ഒരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റ് ഇവിടെ പറഞ്ഞത്, സർവ്വത്ര അഴിമതിയാണ്, അഴിമതിക്കെതിരെ നടപടി സ്വീകരിക്കുന്നില്ല, പരാതി ലഭിച്ച് മാസങ്ങൾക്കുശേഷമാണ് അന്വേഷണം ആരംഭിച്ചത് എന്നൊക്കെയാണ്. സോണൽ ഓഫീസുകളിൽ നടന്ന ഓഡിറ്റ് പരിശോധനയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ 2021 ആഗസ്റ്റ് 18, സെപ്റ്റംബർ 20 തീയതികളിലാണ് നഗരസഭയ്ക്ക് ലഭിച്ചത്. 22-7-2021-ന് ഈ തട്ടിപ്പ് സംബന്ധിച്ച് ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ നഗരസഭ പരാതി നൽകുകയുണ്ടായി. അന്വേഷണം ആരംഭിക്കാൻ മാസങ്ങളോളം വൈകി എന്നുപറയുന്നത് അവാസ്തവമാണ്. പരാതി ഉയർന്നുവന്നയുടൻതന്നെ മൂന്ന് സോണൽ ഓഫീസുകളിലും കൃത്യമായ പരിശോധന നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ കാര്യങ്ങളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താനുമാണ് നഗരസഭ തയ്യാറായത്. അങ്ങനെ അന്വേഷണം നടത്തിയതുകൊണ്ടാണ് ശ്രീമതി ശാന്തി (സൂപ്രണ്ട്), ശ്രീമതി സുനിത (കാഷ്യർ), ശ്രീ. ബിജു (ഓഫീസ് അറ്റൻഡന്റ്), ശ്രീ. ജോർജ്ജുകുട്ടി (ഓഫീസ് അറ്റൻഡന്റ്) എന്നീ നാല് ജീവനക്കാരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചത്. അതുപോലെതന്നെ മൂന്ന് സോണൽ ഓഫീസുകളിലെ 13 പേരെയാണ് ഇതുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്തത്. ഇവിടെ പറഞ്ഞതുപോലെ 32,96,950 രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയത്. ഈ ക്രമക്കേട് നടന്നിട്ടില്ല എന്നൊന്നും ഗവൺമെന്റോ നഗരസഭയോ പറയുന്നില്ല. ക്രമക്കേട് നടന്നിട്ടുണ്ടെന്ന് കൃത്യമായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിച്ചത്. കുറ്റവാളികളെ സംരക്ഷിക്കാൻ വേണ്ടിയുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ഈ തെളിവുകളുടെ അടിസ്ഥാനത്തിൽ പറയാൻ സാധിക്കും. കേരളത്തിൽ ആയിരത്തിഇരുന്നൂറോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുണ്ട്, എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും അവിടങ്ങളിൽ ഭരിക്കുന്നുമുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഇത്തരത്തിലുള്ള ചെറിയ കാര്യങ്ങളെല്ലാം ചർച്ച ചെയ്യാൻ തുടങ്ങിയാൽ ഈ സഭയിൽ വേറെ കാര്യങ്ങൾക്കൊന്നും സമയമുണ്ടാകില്ല, ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാൻ മാത്രമേ സമയമുണ്ടാകുകയുള്ളൂ. പല സ്ഥലത്തുമുണ്ടാകുന്ന ചെറിയ ചെറിയ വീഴ്ചകൾ കണ്ടെത്തിയാൽ അതുസംബന്ധിച്ച് സമഗ്രമായി അന്വേഷിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യും. അങ്ങനെ നടപടി സ്വീകരിക്കാത്ത ഒരു

വിഷയവും ഈ കാര്യത്തിലില്ല. കൃത്യമായ നടപടി സ്വീകരിച്ചുകൊണ്ടാണ് ഗവൺമെന്റും നഗരസഭയും മുന്നോട്ടുപോകുന്നത്. ഒരാളെയും സംരക്ഷിക്കാൻവേണ്ടി നടപടി സ്വീകരിച്ചിട്ടില്ല.

മറ്റൊരു കാര്യം, നികുതിദായകർക്ക് നഷ്ടം സംഭവിക്കുമെന്ന ആശങ്ക അദ്ദേഹം പറഞ്ഞു. നികുതിദായകരുടെ നയാപൈസപോലും നഷ്ടപ്പെടുത്താൻ ഈ ഗവൺമെന്റോ നഗരസഭയോ തയ്യാറാകില്ല. എന്നുമാത്രമല്ല അവർ നികുതി അടച്ചിട്ടുണ്ടെങ്കിൽ അത് സംരക്ഷിക്കാൻവേണ്ടിയുള്ള എല്ലാ നടപടിയും ഇപ്പോൾത്തന്നെ സ്വീകരിച്ചിട്ടുണ്ട്, ഇനി എന്തെങ്കിലും അക്കാര്യത്തിൽ ചെയ്യാനുണ്ടെങ്കിൽ അതിനാവശ്യമായ നിർദ്ദേശവും ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ബി.ജെ.പി. നടത്തുന്ന സമരത്തെക്കുറിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ബി.ജെ.പി. സ്വാഭാവികമായും സമരം ചെയ്യും. അതിനുള്ള കാരണമെന്താണ്? കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എല്ലാ അർത്ഥത്തിലും തിരുവനന്തപുരം കോർപ്പറേഷൻ പിടിക്കാൻവേണ്ടി കോടികളുമായി ഇറങ്ങിപ്പുറപ്പെട്ടവരാണ് ബി.ജെ.പി.-ക്കാർ. ഇവിടെ അതുസംബന്ധിച്ചുള്ള വാർത്തകളും വന്നതാണ്. 'കാർഗിൽ യുദ്ധത്തിൽ ജയിച്ചപോലെ ഞങ്ങൾ ജയിക്കും' എന്നുള്ള പ്രചരണമൊക്കെ നടത്തിയാണ് അവർ തിരുവനന്തപുരം കോർപ്പറേഷനിൽ തെരഞ്ഞെടുപ്പിനെ നേരിട്ടത്. എന്നാൽ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ എന്താണുണ്ടായത്? മല എലിയെ പ്രസവിച്ചതുപോലെയായി. കോർപ്പറേഷനിൽ വലിയ ഭൂരിപക്ഷത്തോടുകൂടിത്തന്നെ ഇടതുപക്ഷത്തിന് അധികാരത്തിൽ വരാൻ സാധിച്ചു. ആ അസ്വസ്ഥത അവർക്കുണ്ട്, അത് വച്ചുകൊണ്ടുതന്നെയാണവർ ഈ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എല്ലാ അർത്ഥത്തിലും തടസ്സപ്പെടുത്താൻ ആദ്യംമുതൽ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ സമരവും അതിന്റെ ഭാഗമായിട്ടാണ്. ഒരു അഴിമതിയെയോ കെടുകാര്യസ്ഥതയെയോ സംബന്ധിച്ച് വിവരം ലഭിച്ചാൽ അത് കൃത്യമായി അന്വേഷിച്ച് നടപടി സ്വീകരിക്കുമ്പോൾ ആ നടപടിയോട് യോജിച്ച് നിൽക്കുന്നതിനുപകരം നഗരസഭയുടെ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്. ആ രീതിയിലുള്ള നിലപാടുമായി പോകുന്നത് ശരിയാണോ എന്നുള്ളത് കോൺഗ്രസ് പരിശോധിക്കേണ്ടതാണ്. ബി.ജെ.പി. നടത്തുന്ന ആ സമരാഭാസത്തോടൊപ്പം നിങ്ങളും നിന്നുകൊടുക്കേണ്ടതുണ്ടോ എന്ന് ആലോചിക്കണം.

ഇവിടെ തിരുവനന്തപുരം കോർപ്പറേഷൻ മേയറെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. ഒരു ചെറുപ്പക്കാരി തിരുവനന്തപുരം കോർപ്പറേഷന്റെ മേയറായി എന്നത് നമ്മുടെ നാടിനും രാജ്യത്തിനുമാകെ അഭിമാനകരമാണ്. നല്ല കഴിവും ശേഷിയും തെളിയിച്ച വ്യക്തിയാണവർ. അത് ചിലയാളുകൾക്ക് സഹിക്കുന്നില്ല,

അതുകൊണ്ടാണ് അവരെ വ്യക്തിപരമായി തേജോവധം ചെയ്യാൻവേണ്ടിയുള്ള ശ്രമം നടത്തിയത്. അങ്ങനെ വ്യക്തിപരമായി തേജോവധം ചെയ്താൽ ഉരുകിപ്പോകുന്ന വെണ്ണയൊന്നുമല്ല തിരുവനന്തപുരം മേയർ എന്ന് നിങ്ങൾ മനസ്സിലാക്കണം. അത് കൃത്യമായി മനസ്സിലാക്കിക്കൊണ്ടുതന്നെ മുന്നോട്ടുപോകാൻ കഴിഞ്ഞില്ലെങ്കിൽ വലിയ ആപത്തുണ്ടാകും. അതുകൊണ്ടുതന്നെ ഈ അഴിമതികൾ മറച്ചുവയ്ക്കുക എന്നുള്ള നിലപാടല്ല ഗവൺമെന്റ് സ്വീകരിക്കുന്നത്. ആര് തെറ്റ് ചെയ്താലും നടപടി സ്വീകരിക്കണമെന്നുള്ള നിലപാടുതന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നതെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റുതലത്തിലും പോലീസ്തലത്തിലും സമഗ്രമായ അന്വേഷണം നടന്നുവരുന്നുണ്ട്. എവിടെയെങ്കിലും ഇനിയും വീഴ്ചയുണ്ടെങ്കിൽ അതുകൂടി അന്വേഷിച്ച് കുറ്റവാളികളെ മുഴുവൻ നിയമത്തിനുമുന്നിൽ കൊണ്ടുവരികയും അവരെ അറസ്റ്റ് ചെയ്യുകയും ജയിലിലടയ്ക്കുകയും ചെയ്യും. അവർ ചെയ്ത കാര്യങ്ങൾ ന്യായീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകില്ല. നികുതിദായകർക്ക് നഷ്ടം വരുന്ന, അഴിമതി മൂടിവയ്ക്കുന്ന ഒരു പ്രശ്നവും ഉണ്ടാകില്ല. നഗരസഭ നടത്തേണ്ട പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കും.

ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് നടന്ന കാര്യങ്ങൾ എന്താണെന്ന് വിശദമായി പരിശോധിക്കേണ്ടതാണ്. മറ്റൊന്ന്, പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് തിരിമറിയുമായി ബന്ധപ്പെട്ട് ആരോപണം ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുകയും അവരെ ജയിലിലടയ്ക്കുകയുമാണ് ചെയ്തത്. ഒരു ഉദ്യോഗസ്ഥനെയും സംരക്ഷിക്കാൻവേണ്ടിയല്ല, കക്ഷിരാഷ്ട്രീയവും മുഖവും നോക്കിയല്ല, ആര് തെറ്റ് ചെയ്താലും അഴിമതി നടത്തിയാലും അതിനെതിരായി ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകും. ഇക്കാര്യത്തിലും അതേ നിലപാടുതന്നെയാണ് ഗവൺമെന്റ് സ്വീകരിക്കുക എന്നുകൂടി സൂചിപ്പിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന ചെറിയ ചെറിയ കാര്യങ്ങൾ ചർച്ച ചെയ്ത് ഈ സഭയുടെ വിലപ്പെട്ട സമയം പാഴാക്കരുതെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് അറിയിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇന്നലെ സഭയിൽ ഞങ്ങൾ കൊണ്ടുവന്ന അടിയന്തരപ്രമേയത്തിന്റെ വിഷയം സംസ്ഥാന ഭരണത്തിന്റെ മൂക്കിനുതാഴെ ഭരണകക്ഷിക്കാർ നടത്തിയ നിയമ ലംഘനങ്ങളെക്കുറിച്ചും നിയമവിരുദ്ധമായ കാര്യങ്ങളെക്കുറിച്ചുമാണെങ്കിൽ ദൗർഭാഗ്യവശാൽ ഇന്ന് ഞങ്ങൾക്ക് കൊണ്ടുവരേണ്ടിവന്നത് തിരുവനന്തപുരം നഗരസഭയിൽ നടക്കുന്ന അഴിമതി പരമ്പരകളെക്കുറിച്ചാണ്. ഞങ്ങൾ ഇവിടെ അടിസ്ഥാനരഹിതമായ എന്ത് ആരോപണമാണ് മുന്നോട്ടുവച്ചത്; ഇതെല്ലാം നടന്ന കാര്യങ്ങളല്ലേ? സാധാരണക്കാരൻ അടയ്ക്കുന്ന കെട്ടിട നികുതി, ഭൂ നികുതി എന്നിവ ബന്ധപ്പെട്ടവർ നഗരസഭയിലോ ബാങ്കിലോ അടയ്ക്കാതെ ആ പണം തട്ടിയെടുക്കുന്നു. അത്തരത്തിൽ പണം തട്ടിയെടുക്കുന്ന ആളുകൾ സി.പി.ഐ.(എം) സംഘടനയിൽപ്പെട്ടവരും അവരുടെ നേതാക്കന്മാരുമായതുകൊണ്ട് അവരെ സംരക്ഷിക്കാൻ ശ്രമിക്കുന്നു. ആദ്യം പാർട്ടി എടുത്ത നിലപാട് അവിടെ തട്ടിപ്പ് നടന്നിട്ടില്ലെന്നാണ്. ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റാണ് ഈ തട്ടിപ്പ് കണ്ടുപിടിച്ചത്. സി.പി.ഐ.(എം) സംഘടനാ ഭാരവാഹികൾ ഉൾപ്പെടെയുള്ള ആളുകൾ ഇതിലുണ്ട്. ഇന്നലെ ഒരാളെ അറസ്റ്റ് ചെയ്തതായി പറഞ്ഞു. മുൻകൂർ ജാമ്യം ലഭിക്കാനുള്ള എല്ലാ ശ്രമവും നടത്തി പരാജയപ്പെട്ടപ്പോൾ ഗവൺമെന്റും പോലീസും എന്താണ് ചെയ്തുകൊടുത്തത്? ഇത്രയും വലിയ തട്ടിപ്പ് നടത്തിയിട്ടും സംഘടനയിൽപ്പെട്ട നേതാക്കന്മാർക്ക് മുൻകൂർ ജാമ്യം കിട്ടാൻ സഹായിക്കുന്ന തരത്തിൽ അറസ്റ്റ് നീട്ടിക്കൊണ്ടുപോയി. ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്. അവരും മുൻകൂർ ജാമ്യം നേടി പുറത്തുവരാൻ ശ്രമിക്കുകയാണ്. എറണാകുളത്ത് പ്രളയഫണ്ട് തട്ടിപ്പ് നടത്തിയപ്പോൾ ഒന്നോ രണ്ടോ പേരിൽ ഒതുക്കി സ്വന്തം ആളുകളെ മുഴുവൻ രക്ഷപ്പെടുത്താൻ ശ്രമം നടത്തിയതുകൊണ്ടാണ് ഇത്തരം തട്ടിപ്പുകൾ കേരളത്തിൽ ആവർത്തിക്കപ്പെടുന്നത്. 2020-ലെ കണക്കനുസരിച്ച് ഇത്രയും തുക തട്ടിയെടുത്തു. 2021 ജൂലൈ വരെ പരിശോധിച്ചപ്പോൾ ഇതിൽ കൂടുതൽ പണമുണ്ട്. പക്ഷെ 2015 മുതൽ പരിശോധന നടത്തണ്ടേ? സാധാരണക്കാർ അടയ്ക്കുന്ന നികുതി പണത്തിൽനിന്ന് എത്രയോ തുക തട്ടിയെടുത്തിട്ടുണ്ട്. തുടർച്ചയായി നാലഞ്ച് സോണൽ ഓഫീസുകളിൽ ഒരുപോലെ തട്ടിപ്പ് നടക്കുകയാണ്. ഇതിന് പിന്തുണ കൊടുക്കുന്ന കുറേ ആളുകളുമുണ്ട്. അവരെല്ലാവരും ചേർന്നാണ് ഇത് നടത്തിയത്. ഏതെങ്കിലും സ്ഥലത്ത് ഒരു പ്രത്യേക വ്യക്തിയോ രണ്ടോ മൂന്നോ പേർ മാത്രമോ നടത്തിയ തട്ടിപ്പാണോ ഇത്? നാലഞ്ച് സോണൽ ഓഫീസുകളിൽ പലരും ചേർന്ന് നടത്തിയ തട്ടിപ്പിനെ എങ്ങനെയാണ് ചെറുതായി കാണാൻ കഴിയുന്നത്?

ഇവിടെ പട്ടികജാതി വികസന ഫണ്ട് തട്ടിപ്പിനെക്കുറിച്ച് പറഞ്ഞു, 24 ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് പുറമേ നിന്നുള്ള ആളുകളുടെ സഹായത്തോടുകൂടി ഒരു യു.ഡി. ക്ലാർക്ക് നടത്തിയ തട്ടിപ്പാണ്. ഞാൻ പാർട്ടിയിലെ യുവജന സംഘടനകളുടെ പേരൊന്നും പറയുന്നില്ല, നിങ്ങൾ പ്രകോപിതരാകേണ്ട. പക്ഷെ നിങ്ങളുടെ സംഘടനയിൽപ്പെട്ട ആളുകൾ ഇതിന്റെ കൂടെയുണ്ട്, അവരൊന്നും പ്രതികളായിട്ടില്ല.

അവർ പുറത്തുനിന്നുകൊണ്ടാണ് ഈ യു.ഡി. ക്ലാർക്കിനെ വച്ച് പാവപ്പെട്ട പട്ടികജാതിക്കാർക്ക് വീട് വയ്ക്കേണ്ട പണവും പഠനമുറി കെട്ടുന്നതിനുള്ള സഹായവും വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുമൊക്കെ ഉൾപ്പെടുന്ന ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്തത്. ഈ കോർപ്പറേഷനിൽ ഇരുന്നുകൊണ്ട് പട്ടികജാതി ഫണ്ട് 24 അക്കൗണ്ടുകളിലേയ്ക്ക് മാറ്റി. അത് ചെയ്തിട്ടില്ലെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? അത് ചെയ്തിട്ടുണ്ട്, നടപടിയെടുത്തിട്ടുമുണ്ട്. പക്ഷെ പുറത്തുനിന്ന് ഈ ഉദ്യോഗസ്ഥരെ സഹായിച്ച യഥാർത്ഥ പ്രതികളായ രാഷ്ട്രീയനേതാക്കളെ നിങ്ങൾ വെറുതെവിട്ടു. പോലീസ് ഇടപെട്ട് അവരെയൊന്നും അറസ്റ്റ് ചെയ്തില്ല. അതുകൊണ്ട് ഈ തട്ടിപ്പുകൾ തുടരുകയാണ്. അക്ഷരശ്രീ പദ്ധതിയിലും തട്ടിപ്പ് നടന്നില്ലേ? സാക്ഷരതാ ക്ലാസിന് 85 പേർക്ക് പൈസ കൊടുക്കണം. പത്ത് പേരെ വരുന്നുള്ളൂ. ബാക്കി എഴുപത്തിയഞ്ച് പഠിതാക്കളുടെ ലിസ്റ്റുണ്ടാക്കി അവരുടെ പേരിലുള്ള പണം അടിച്ചുമാറ്റി. ഇപ്രാവശ്യം ആറ്റുകാൽ പൊങ്കാല നടത്തിയത് അമ്പലത്തിനകത്തു മാത്രമാണ്. ആരും റോഡിൽ ഒരു കലം പോലും വച്ചില്ല. പക്ഷേ റോഡിൽ പൊങ്കാല നടന്നുവെന്നും മാലിന്യം നീക്കാൻവേണ്ടി ഇരുപത്തിയൊന്ന് ടിപ്പർ കൊണ്ടുവന്നുവെന്നും അവർക്ക് ഭക്ഷണം കൊടുത്തുവെന്നും പറഞ്ഞ് തുക എഴുതിയെടുത്തിരിക്കുകയാണ്. ഇതിനെ പകൽക്കൊള്ള എന്നല്ലാതെ എന്തുപറയാനാണ്. സെക്രട്ടേറിയറ്റിന്റെ മൂക്കിനുതാഴെ പൊങ്കാല നടത്തിയെന്നു പറഞ്ഞ് തട്ടിപ്പ് നടത്തി തുക എഴുതിയെടുത്തിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഇഷ്ടംപോലെ കേസ്സുകളുണ്ട്. ശ്രീ. എം. വിൻസെന്റ് പല കാര്യങ്ങളും പറഞ്ഞില്ല. എഴുപത് ലക്ഷം രൂപ നൽകി കോർപ്പറേഷനിൽ രണ്ട് ഹിറ്റാച്ചി വാങ്ങിയിട്ടുണ്ട്. അത് കൊണ്ടുപോയി ചവറുകുനയിൽ മാറ്റിയിട്ടിട്ട് പുറത്തുനിന്ന് വാടകയ്ക്ക് ഹിറ്റാച്ചി വാങ്ങി. എന്നിട്ട് അതിന്റെ കമ്മീഷൻ വാങ്ങിക്കുകയാണ്. കോർപ്പറേഷന് ഒരു മൊബൈൽ മോർച്ചറിയുണ്ട്. അത് കാണാനില്ല. അത് എവിടെയോ ഒളിപ്പിച്ചുവച്ചിട്ട് മൊബൈൽ മോർച്ചറിയുടെ ആവശ്യം വരുമ്പോൾ വാടകയ്ക്കെടുത്ത് അതിന്റെ കമ്മീഷൻ വാങ്ങിക്കുകയാണ്. ഇത്രയും വലിയ തട്ടിപ്പ് നടത്തിയിട്ട്, അങ്ങ് ഇങ്ങനെ ഡിഫന്റ് ചെയ്യരുത്. അതിന്റെ പിന്നിൽ സ്വന്തം ആളുകളാണെന്ന് എല്ലാവരും തെറ്റിദ്ധരിക്കും. ഒരു കേസ്സുകൂടി പറയാം. ജനകീയാസൂത്രണ പദ്ധതിയിലൂടെ വീടുവയ്ക്കാൻ ഒൻപത് കുടുംബങ്ങൾക്ക് കോർപ്പറേഷൻ തന്നെ 14.25 സെന്റ് സ്ഥലം വാങ്ങി നൽകി. അത് വീടുവയ്ക്കാൻ പറ്റാത്ത സ്ഥലമാണെന്ന് പലരും പറഞ്ഞു. വെറൊരാളെ സഹായിക്കാൻ വേണ്ടിയാണ് ആ സ്ഥലം വാങ്ങിയത്. കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച് കോർപ്പറേഷൻ തന്നെ വാങ്ങി നൽകിയ പതിനാല് സെന്റിൽ വീട് വയ്ക്കാനായി ആ പാവങ്ങൾ അപേക്ഷ നൽകിയപ്പോൾ, ഇവിടെ വീട് വയ്ക്കാൻ പറ്റില്ലെന്ന് എഴുതിക്കൊടുത്തു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അങ്ങ് അവാസ്തവമായിട്ടുള്ള കാര്യങ്ങൾ പറയുന്നതുകൊണ്ടാണ് ഇടപെടുന്നത്. അങ്ങ് കേരളത്തിന്റെ പ്രതിപക്ഷനേതാവാണ്.

എന്റെ സ്നേഹിതൻ ബഹുമാന്യനായ എം. വിൻസെന്റിന് എന്തുവേണമെങ്കിലും പറയാം. അതിനുള്ള സ്വാതന്ത്ര്യമുണ്ട്, പക്ഷേ അങ്ങ് അതുപോലെയാകരുത്. അഴിമതിക്കെതിരായി ശക്തമായ നിലപാട് സ്വീകരിക്കുന്ന പാർട്ടിയാണ് ഞങ്ങളുടെ പാർട്ടി. ഇവിടെ ഒരു സാമ്പത്തിക ക്രമക്കേടാണ് നടന്നത്. നിങ്ങൾ പറയുന്നത് കേട്ടാൽ നമ്മുടെ രാജ്യത്ത് ആദ്യമായിട്ടാണ് ഒരു പണാപഹരണം നടന്നതെന്ന് തോന്നും. പണാപഹരണം നടന്നാൽ അതിന്റെ പേരിലുള്ള നടപടിയെന്താണ്? പോലീസിൽ കേസ് കൊടുത്ത് കുറ്റക്കാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കലാണ് നഗരസഭയ്ക്ക് ചെയ്യാൻ സാധിക്കുന്നത്. അവരെയെല്ലാം സസ്പെന്റ് ചെയ്തു, എല്ലാവരുടെ പേരിലും പോലീസ് കേസ്സെടുത്തു. ഇത് നഗരസഭ കണ്ടുപിടിച്ചതാണ്. അല്ലാതെ യു.ഡി.എഫ്.-കാരോ ബി.ജെ.പി.-ക്കാരോ കണ്ടുപിടിച്ചതല്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ അവാസ്തവമായ കാര്യങ്ങൾ പറയുന്നുവെന്നാണ് അങ്ങ് പറഞ്ഞത്. ഞാൻ ഏത് അവാസ്തവമായ കാര്യം പറഞ്ഞുവെന്നാണ് അങ്ങ് പറയുന്നത്. ഞാൻ പറഞ്ഞ എല്ലാ കാര്യങ്ങളും വാസ്തവമാണ്. അങ്ങയെ ഞാൻ വെല്ലുവിളിക്കുന്നു, ഞാൻ ഈ സഭയിൽ പറഞ്ഞ കാര്യങ്ങളിൽ അവാസ്തവമായ എന്തെങ്കിലുമുണ്ടെങ്കിൽ അങ്ങ് തെളിയിക്കണം. ഇതെല്ലാം ഓരോ സ്ഥലത്തെയും കണ്ടുപിടിത്തങ്ങളാണ്. 2019-20 സാമ്പത്തിക വർഷത്തെ ഭരണ റിപ്പോർട്ടിൽ 137 വാഹനങ്ങളുണ്ടെന്നാണ് കണക്ക്. എന്നിട്ട് 225 വാഹനങ്ങൾക്ക് ഇൻഷ്വറൻസ് അടച്ചിരിക്കുകയാണ്. ഇത് അവാസ്തവമാണോ? നിങ്ങളുടെ മൂക്കിനുതാഴെ ഇതുപോലുള്ള കൊള്ളനടന്നിട്ട്, കമഴ്ന്ന് വീണാൽ കാൽപ്പണവുമായി പൊങ്ങുന്ന കൊള്ളക്കാർ ആ കോർപ്പറേഷനിൽ ഇരിക്കുമ്പോൾ അവർക്കുവേണ്ടി നിങ്ങൾ വക്കാലത്ത് പിടിക്കരുത്. അഴിമതി ആരുകാണിച്ചാലും അതിനെതിരായി ശക്തമായ നടപടി സ്വീകരിക്കണം. ഇതിൽ സ്വന്തക്കാരുമുണ്ടാകും. അവൻ ജയിലിൽ പോകേണ്ട, ബാക്കി രണ്ടുമൂന്ന് സ്ത്രീകൾ വേണമെങ്കിൽ പോയിക്കോട്ടെ എന്നാണോ? സ്വന്തക്കാർ ജയിലിൽ പോകാതിരിക്കാൻ അവരെ അറസ്റ്റ് ചെയ്യാതെ, അവർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുകയാണ്. ...(ബഹളം...) സ്വന്തക്കാർ എന്ന് പറഞ്ഞത് നിങ്ങളുടെ യൂണിയനിൽപ്പെട്ട ആളുകളായതുകൊണ്ടാണ്. പേര് പറയട്ടെ. നിങ്ങളുടെ യൂണിയന്റെ ഭാരവാഹികൾ, കോർപ്പറേഷൻ ജീവനക്കാരിലെ സി.പി.ഐ.(എം) യൂണിയന്റെ ഭാരവാഹികൾ...........(ബഹളം...) ഞാൻ സംസാരിക്കുമ്പോൾ നിരന്തരമായി തടസ്സപ്പെടുത്താൻ തീരുമാനമെടുത്തിരിക്കുകയാണ്. അതു വേണ്ട. നിങ്ങളുടെ കോർപ്പറേഷൻ ജീവനക്കാരുടെ യൂണിയൻ ഭാരവാഹികൾ ഈ കേസ്സിലെ പ്രതികളാണ്. അവരെ അറസ്റ്റ് ചെയ്യാൻ വൈകിയതിന് എന്താണ് കാരണം? ഇഷ്ടക്കാരും വേണ്ടപ്പെട്ടവരുമായതുകൊണ്ടാണ്. അതിനാണ്

സ്വജനപക്ഷപാതമെന്ന് പറയുന്നത്. അഴിമതി നടത്തുമ്പോൾ സ്വജനപക്ഷപാതം പാടില്ല. മുഖം നോക്കാതെ നടപടിയെടുക്കണം. നിങ്ങൾ അത് ചെയ്തിട്ടില്ല. ഇനിയും അറസ്റ്റ് ചെയ്യാതെ പുറത്തുനിൽക്കുന്ന ആളുകൾ നിങ്ങൾക്ക് വേണ്ടപ്പെട്ടവരാണ്, നിങ്ങളുടെ ഇഷ്ടക്കാരാണ്.

ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന് കഴിയാവുന്ന രീതിയിൽ മറുപടി പറഞ്ഞു. ഞങ്ങൾ മൂന്ന് കാര്യങ്ങൾ ആവശ്യപ്പെടുകയാണ്. ഒന്നാമത്തെ കാര്യം, കുറ്റക്കാരായ മുഴുവൻ ആളുകളെയും ഉടൻ അറസ്റ്റ് ചെയ്യുമെന്നൊരു ഉറപ്പ് സർക്കാരിന് നൽകാൻ സാധിക്കുമോ? രണ്ടാമത്തെ കാര്യം, ഇപ്പോൾ നികുതി നൽകിയ നികുതിദായകരോട് രസീത് കൊണ്ടുവരാൻ പറയരുത്. ഒരു തവണ പണം നൽകിയ ആളുകൾ ആരെങ്കിലും രസീത് സൂക്ഷിച്ചുവയ്ക്കുമോ? ആ രസീതുമായി വന്നില്ലെങ്കിൽ വീണ്ടും പണം അടയ്ക്കണമെന്ന് പറയുന്നത് മര്യാദയാണോ? പണം അടച്ചയാളുകൾക്ക് അവരുടെ പണം ഉറപ്പുവരുത്തണ്ടേ. അതിന് സർക്കാർ ഉറപ്പുതരണം. മൂന്നാമത്, ഇത്രയും വലിയ തട്ടിപ്പ് നടന്നിട്ട് ഈ ഒരു വർഷത്തെ കണക്ക് മാത്രം അന്വേഷിച്ചാൽ മതിയോ? ഇതിന് മുമ്പും തട്ടിപ്പ് നടന്നിട്ടുണ്ട്. 2015 മുതലുള്ള വ്യാപകമായ തട്ടിപ്പുകൾ അന്വേഷിക്കണം. നമ്മുടെ ഭരണസിരാകേന്ദ്രത്തിന്റെ മൂക്കിനുതാഴെയുള്ള ഒരു നഗരസഭയിൽ കേട്ടാൽ നാണം തോന്നുന്ന അഴിമതികൾ നടക്കുമ്പോൾ അതിനെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ? അന്വേഷണം നടത്തിയാൽ കുറ്റക്കാരായ ആളുകൾ എപ്പോഴെങ്കിലും പിടിയിലാകുമെന്നുള്ള ഒരു ഭയമുണ്ടാകും. സർക്കാർ ഇതെല്ലാം ചെറിയ കാര്യമാണെന്ന് പറഞ്ഞാൽ എന്തും ചെയ്യാമെന്നുള്ള ധിക്കാരവും അഹങ്കാരവും സംരക്ഷിക്കപ്പെടുമെന്ന ഉറപ്പുമാണ് അവർക്ക് ലഭിക്കുന്നത്. അതിനുപകരം അവിടെ നടക്കുന്ന അഴിമതികളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. ഇതുപോലുള്ള കാര്യങ്ങൾ ചെയ്താൽ കർശന നടപടിയുണ്ടാകുമെന്നത് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഭരിക്കുന്ന എല്ലാ പാർട്ടികളിൽപ്പെട്ടവർക്കും എല്ലാ ഉദ്യോഗസ്ഥർക്കുമുള്ള ഒരു സന്ദേശമായിരിക്കണം. അതിന് സർക്കാർ തയ്യാറാണോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, അങ്ങ് ഇവിടെ ആവശ്യപ്പെടുന്നത് മൂന്ന് കാര്യങ്ങളാണ്. അതിലൊരു കാര്യം ഞാൻ പറഞ്ഞു. നികുതിദായകർ പണം അടച്ചിട്ടുണ്ടെങ്കിൽ രസീതുണ്ടാകും, അല്ലെങ്കിൽ സോണൽ ഓഫീസുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടാകും. അതുകൊണ്ട് ഒരു കാരണവശാലും നികുതിദായകർക്ക് പണം നഷ്ടപ്പെടില്ല. രണ്ടാമത്തെ കാര്യം, ഇതുസംബന്ധിച്ച് അന്വേഷണം നടത്തണമെന്നാണ്. ഇപ്പോൾ പോലീസ് അന്വേഷണം നടത്തുന്നുണ്ട്. അതുപോലെ വകുപ്പുതല അന്വേഷണവും നടക്കുന്നുണ്ട്. കൂടാതെ ഓഡിറ്റ്

സംവിധാനങ്ങളുമുണ്ട്; എ.ജി.-യുടെ ഓഡിറ്റ് നടക്കുന്നുണ്ട്. ലോക്കൽ ഫണ്ട് ഡിപ്പാർട്ടുമെന്റിന്റെ പെർഫോമൻസ് ഓഡിറ്റും ധനകാര്യവകുപ്പിന്റെ ഓഡിറ്റും നടക്കുന്നുണ്ട്. അത്തരം പരിശോധനകളെല്ലാം നടക്കുന്നുണ്ട്. അതെല്ലാം ആർക്കെങ്കിലും മറച്ചുവയ്ക്കാൻ കഴിയുമോ? എത്ര മറച്ചുവച്ചാലും അത് പുറത്തുവരും. അതുകൊണ്ടുതന്നെ ഇപ്പോൾ നടക്കുന്ന അന്വേഷണങ്ങളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഗവൺമെന്റിനെ സംബന്ധിച്ച് ഒന്നും മറച്ചുവയ്ക്കാനില്ല. ആര് തെറ്റുചെയ്താലും ആ തെറ്റുകളെ തെറ്റായി കാണുകയെന്നുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അതിലൊരു സംശയവുമില്ല. മൂന്നാമത് അങ്ങ് പറഞ്ഞത് നഗരസഭയുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളാണ്. അതിൽ സ്വാഭാവികമായി നടന്നുവരുന്ന അന്വേഷണങ്ങൾ നടക്കട്ടെ. അതിനുശേഷം നമുക്ക് തീരുമാനമെടുക്കാം. ഇപ്പോൾ നാല് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്, അവർ ജയിലിലാണ്. ഇനിയും അവശേഷിക്കുന്ന ഏതെങ്കിലും കുറ്റവാളികളുണ്ടെങ്കിൽ, അറസ്റ്റ് ചെയ്യപ്പെടേണ്ടവരുണ്ടെങ്കിൽ ഒരാളെപ്പോലും സംരക്ഷിക്കില്ല. അത് പാർട്ടിയോ മുഖമോ നേക്കിയിട്ടല്ല, ആരായാലും കുറ്റം ചെയ്തവരെ അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കാനുള്ള എല്ലാ നടപടിയും സ്വീകരിക്കുമെന്ന് ഞാൻ ഉറപ്പ് നൽകുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കോർപ്പറേഷനിൽ ഇത്രയും വ്യാപകമായ ഒരു തട്ടിപ്പ് നടന്നിട്ട് അത് എൽ.എസ്.ജി.ഡി. സെക്രട്ടറിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ സർക്കാരിനെന്ത് ബുദ്ധിമുട്ടാണുള്ളത്? ഇക്കാര്യങ്ങളെക്കുറിച്ച് എൽ.എസ്.ജി.ഡി. സെക്രട്ടറി അന്വേഷിക്കട്ടെ. അപ്പോൾ അതിനൊരു പരിഹാരമുണ്ടാകുമല്ലോ. അവിടത്തെ സിസ്റ്റത്തിനെന്തെങ്കിലും മാറ്റം വരുത്തണമെങ്കിലോ അവിടെ സുതാര്യമായിട്ടല്ല കാര്യങ്ങൾ നടക്കുന്നതെങ്കിലോ എൽ.എസ്.ജി.ഡി. സെക്രട്ടറി അതിൽ മാറ്റം വരുത്തട്ടെ. ഇത്രയും പ്രശ്നങ്ങളുണ്ടായിട്ടും ഒന്നും നടന്നില്ലെന്ന മട്ടിലുള്ള ഗവൺമെന്റ് നിലപാട് അപലപനീയമാണ്. ഇതൊക്കെ എല്ലാ വർഷവും നടക്കുന്ന കാര്യമാണെന്നാണ് അങ്ങ് പറഞ്ഞത്. ഓഡിറ്റിംഗും പരിശോധനയുമൊക്കെ നടക്കും. പക്ഷേ നിരന്തരമായി ഇതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ അതിലിടപെട്ട് അന്വേഷണം നടത്തി സിസ്റ്റത്തിലെന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ പുതിയ നിർദ്ദേശങ്ങൾ സർക്കാർ നൽകണം. അപ്പോൾ ഒരു ഭയമുണ്ടാകും. ഇപ്പോൾ ആരെയും പേടിയില്ലാത്ത രീതിയിലാണ് കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് എൽ.എസ്.ജി.ഡി. സെക്രട്ടറിയെക്കൊണ്ട് അന്വേഷണം നടത്താൻ മുഖ്യമന്ത്രികൂടി ഇടപെടണം. വകുപ്പുതല അന്വേഷണമല്ലേ എൽ.എസ്.ജി.ഡി. സെക്രട്ടറി നടത്തുന്നത്. ഒരു പരാതി വന്നുകഴിഞ്ഞാൽ അങ്ങനെ ചെയ്യുന്നത് നല്ലതല്ലേ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഒരു സംഭവമുണ്ടായാൽ അതിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്തണമെന്നതല്ല. നേരെമറിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളവും ഈ വിഷയം അവരുടെ വിശ്വാസ്യതയുടെ പ്രശ്നമാണ്. കേവലം തിരുവനന്തപുരം കോർപ്പറേഷന്റെ കാര്യമല്ല. ഓരോ സ്ഥലത്തും നികുതി പിരിവ് നടത്തുമ്പോൾ ഇതെല്ലാം ബാങ്കിൽ കൊണ്ടുപോയി അടയ്ക്കുന്നുണ്ടോ ഇല്ലയോ എന്നത് ജനങ്ങൾക്കിടയിൽ സംസാരമാകുന്നത് നല്ലതാണോ. ഇതൊരു വിശ്വാസ്യതയുടെ പ്രശ്നമാണ്.

മി. സ്പീക്കർ: നമ്മൾ ചർച്ചയിലേയ്ക്കല്ല പോകുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ എൽ.എസ്.ജി.ഡി. സെക്രട്ടറിയെയോ അല്ലെങ്കിൽ മറ്റ് ഉന്നത ഉദ്യോഗസ്ഥരെക്കൊണ്ടോ അന്വേഷണം നടത്തണം. ഞങ്ങൾ ഈ പ്രശ്നത്തെ മുതലെടുക്കാനല്ല ശ്രമിക്കുന്നത്. ഇതിൽ വിശ്വാസ്യതയുടെ പ്രശ്നമുണ്ട്. അതാണ് ചൂണ്ടിക്കാണിക്കുന്നത്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പോലീസന്വേഷണം കൂടാതെ നഗരസഭയ്ക്കകത്തും അന്വേഷണം നടന്നുവരുന്നുണ്ട്. അതിന്റെകൂടി അടിസ്ഥാനത്തിലാണ് ഞാൻ പറഞ്ഞത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

## III ശ്രദ്ധ ക്ഷണിക്കൽ

### (1) എൻ.എച്ച്.എം. ജീവനക്കാരുടെ സേവനം

ശ്രീ. എ. സി. മൊയ്തീൻ: സർ, സംസ്ഥാനത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നാഷണൽ ഹെൽത്ത് മിഷൻ മുഖേന കരാറടിസ്ഥാനത്തിൽ നിയമിച്ചിരുന്ന ജീവനക്കാരുടെ സേവനം തുടരാൻ കേന്ദ്ര സർക്കാർ അനുവദിക്കാത്തതുമൂലം സംസ്ഥാനത്തെ ആരോഗ്യ/ ചികിത്സാ മേഖലയിലുണ്ടാകുന്ന പ്രതിസന്ധിക്ക് പരിഹാരമുണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

കോവിഡ് മഹാമാരി ഒരു തരംഗംപോലെ ലോകത്താകെ ബാധിച്ചിരിക്കുകയാണ്. ആദ്യം രോഗം പ്രത്യക്ഷപ്പെട്ടപ്പോൾത്തന്നെ പരിശോധന, നിരീക്ഷണം, രോഗീപരിചരണം, പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കൽ എന്നിവ വളരെ കരുതലോടുകൂടി നിർവ്വഹിക്കാൻ സംസ്ഥാനത്തിനായിട്ടുണ്ട്. രോഗാവസ്ഥ ഗുരുതരമായപ്പോൾ ഇത്തരമൊരു മഹാമാരിയെ നേരിടാൻ ആരോഗ്യമേഖലയ്ക്ക് അധികമായി മനുഷ്യവിഭവശേഷി ആവശ്യമായി വരുന്ന ഒരു സാഹചര്യം വരുന്നത് സ്വാഭാവികമാണ്. 2020 മാർച്ച് മാസം മുതൽ

സംസ്ഥാനത്തിന് അധിക വിഭവശേഷി റിക്രൂട്ട് ചെയ്യാമെന്നും അതിനുള്ള ഫണ്ട് കോവിഡ് മാനേജ്മെന്റ് ഫണ്ട് മുഖേനയായിരിക്കുമെന്നും കേന്ദ്ര ഗവൺമെന്റ് നൽകിയ നിർദ്ദേശത്തെത്തുടർന്ന് എൻ.എച്ച്.എം. വഴി കോവിഡ് ബ്രിഗേഡിൽ 19,976 പേർ നിയമിതരായിട്ടുണ്ട്. അതിനുപുറമെ എൻ.എച്ച്.എം.-ന്റെ മറ്റ് ജീവനക്കാരുമുണ്ട്. ആരോഗ്യ വിദഗ്ദ്ധർ, ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, സപ്പോർട്ടിംഗ് സ്റ്റാഫ്, ടെക്നീഷ്യന്മാർ, ആംബുലൻസ് ഡ്രൈവർമാർ എന്നിവരുടെ നിയമനങ്ങളിലൂടെ രോഗികളെ നിരീക്ഷിക്കാനും ചികിത്സിക്കാനും മെച്ചപ്പെട്ട സൗകര്യങ്ങളൊരുക്കാനും നമുക്കായിട്ടുണ്ട്. ആശുപത്രികൾക്കുപുറമെ Domiciliary Care Centres (DCC), Covid First Line Treatment Centres (CFLTC), Covid Second Line Treatment Centres (CSLTC), ആരോഗ്യ സന്നദ്ധ പ്രവർത്തകർ തുടങ്ങി എല്ലാ മേഖലകളിലെയും ഇതിന്റെ പ്രയോജനം ഫലപ്രദമായി നമുക്ക് ലഭ്യമാക്കാനുമായിട്ടുണ്ട്. കോവിഡ് 19-ന്റെ വ്യാപനത്തിന് അൽപം ശമനമുണ്ടായിട്ടുണ്ടെങ്കിലും അവസാനിച്ചുവെന്ന് പറയാറായിട്ടില്ല, അതിപ്പോഴും തുടരുകയാണ്. മൂന്നാം തരംഗമുണ്ടാകുമെന്നാണ് പറയപ്പെടുന്നത്. ഈ ഘട്ടത്തിലാണ് കേന്ദ്ര സർക്കാർ എൻ.എച്ച്.എം. വഴി കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലെ ആരോഗ്യ പ്രവർത്തകരെ പിരിച്ചുവിടാൻ ആവശ്യപ്പെടുന്നത്. ഒക്ടോബർ ഒന്ന് മുതൽ ഈ ജീവനക്കാരെ പിരിച്ചുവിടാനും അവരുടെ കോൺട്രാക്ട് റദ്ദ് ചെയ്യാനും ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ തീരുമാനമനുസരിച്ച് ആയിരക്കണക്കിന് കരാർ ജീവനക്കാരെ പിരിച്ചുവിട്ടുവെന്നാണ് മനസ്സിലാക്കുന്നത്. കോവിഡ് പ്രതിരോധത്തിൽ മികച്ച പിന്തുണ നൽകിയ കോവിഡ് ബ്രിഗേഡ് വേണ്ടെന്നുവയ്ക്കാൻ കേന്ദ്ര സർക്കാർ നടത്തുന്ന നീക്കം നമ്മുടെ കോവിഡ് പ്രതിരോധ സംവിധാനത്തെ കാര്യമായി ബാധിക്കാനിടയാക്കും. പ്രതിരോധം കൂടുതൽ ശക്തമാക്കണമെന്ന് കേന്ദ്ര സർക്കാർ ഇപ്പോഴും ആവർത്തിച്ചു കൊണ്ടിരിക്കുമ്പോൾത്തന്നെ അതിനുള്ള പ്രതിരോധ സംവിധാനമില്ലാതാക്കാനുള്ള നിലപാട് ഒരു ഇരട്ടത്താപ്പുകൂടിയാണ്. സംസ്ഥാനത്തെ മെഡിക്കൽ കോളേജ്, ജില്ലാശുപത്രികൾ, താലൂക്കാശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിലെ ആശുപത്രി വികസന സൊസൈറ്റികളുടെ വരുമാനം ഉപയോഗിച്ചാണ് ആദ്യകാലത്തും പിന്നീട് തുടർച്ചയായും അധികമായി ആവശ്യമുള്ള ജീവനക്കാരെയും ആരോഗ്യ പ്രവർത്തകരെയും നിയമിക്കാറുള്ളത്. എന്നാൽ രണ്ട് വർഷത്തോളമായി തുടരുന്ന കോവിഡിന്റെ വ്യാപനവുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രതിസന്ധി മറ്റ് മേഖലകളിലുമുണ്ടായതുപോലെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി (HDS)-കളുടെ വരുമാനത്തെയും വളരെ ഗൗരവമായി ബാധിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികളും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു ഘട്ടം കൂടിയാണിത്. നിലവിലുള്ള താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ HDS

മുഖാന്തരം നിയമിച്ച ജീവനക്കാർക്കുതന്നെ ശമ്പളം നൽകാൻ ബുദ്ധിമുട്ടനുഭവിക്കുന്ന സ്ഥിതിയുണ്ട്. ആദ്യ ഡോസ് കോവിഡ് വാക്സിനേഷൻ ഇപ്പോൾ ഏതാണ്ട് പൂർത്തിയാക്കുകയാണ്. സെക്കന്റ് ഡോസ് വാക്സിനേഷന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ടെസ്റ്റുകളും മറ്റ് കാര്യങ്ങളും ഇപ്പോഴും തുടരുന്നുണ്ട്. പ്രായമായവർക്കുൾപ്പെടെ കോവിഡാനന്തര രോഗങ്ങൾ പ്രത്യക്ഷപ്പെട്ട സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട ചികിത്സാ സൗകര്യങ്ങൾ അത്യാവശ്യമായുണ്ടാകേണ്ട സ്ഥിതിയാണ്. ഇപ്പോൾ കരുതലോടുകൂടി വിദ്യാലയങ്ങളൊക്കെ തുറക്കാൻ പോകുകയാണ്. ആരോഗ്യ രംഗത്ത് മുൻകരുതലും ജാഗ്രതയും കൂടുതൽ അത്യാവശ്യമുള്ള സന്ദർഭത്തിലാണ് കോവിഡ് പ്രതിരോധത്തിനുകൂടി ഉതകുന്ന ഈ ജീവനക്കാരുടെ എൻ.എച്ച്.എം. വഴിയുള്ള നിയമനം റദ്ദ് ചെയ്യണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. കോവിഡ് പ്രതിരോധ സംവിധാനം ഇനിയും തുടരേണ്ടിയിരിക്കെ എൻ.എച്ച്.എം. വഴിയുള്ള കരാർ ജീവനക്കാരെ ഒഴിവാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം പിൻവലിക്കാനും ആവശ്യാനുസരണം എൻ.എച്ച്.എം. വഴി ജീവനക്കാരെ ലഭ്യമാക്കാനുമുള്ള നടപടികളിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്മേൽ സമ്മർദ്ദം ചെലുത്തണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ആശുപത്രി വികസന സമിതികൾ വലിയ സാമ്പത്തിക ബുദ്ധിമുട്ടാണ് ഇപ്പോൾ അനുഭവിക്കുന്നത്. ഇക്കാര്യത്തിൽ നമുക്ക് എന്ത് ചെയ്യാൻ കഴിയുമെന്നതിൽ സർക്കാരിന്റെ ഇടപെടലുണ്ടാകണം. നിലവിൽ താൽക്കാലിക ജീവനക്കാരായ ആളുകൾക്കുകൂടി ശമ്പളം നൽകാൻ കഴിയാത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കാനിടയുണ്ട്. അതുകൊണ്ട് കോവിഡാനന്തരം ആരോഗ്യ മേഖലയിൽ ഈ സംവിധാനം നിലയ്ക്കുമ്പോഴുണ്ടാകുന്ന പ്രതിസന്ധികളിൽനിന്ന് കരകയറാൻ എൻ.എച്ച്.എം. വഴി അർഹമായ നിയമനത്തിന് പരിശ്രമം തുടരുകയും സംസ്ഥാന സർക്കാർ ഈ കാര്യത്തിൽ ഇടപെടണമെന്നുമുള്ള ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കേരളത്തിലാദ്യമായി കോവിഡ് 19 റിപ്പോർട്ട് ചെയ്തത് തൃശ്ശൂർ ജില്ലയിൽ 2020 ജനുവരി 30-നാണ്. തുടക്കം മുതൽ പരിശോധന, നിരീക്ഷണം, രോഗീപരിചരണം, പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കൽ തുടങ്ങിയവയിൽ കേരളം മാതൃകാപരമായ രീതികൾ സ്വീകരിച്ചിരുന്നു. 2020 മാർച്ചിൽ എൻ.എച്ച്.എം. ഓൺലൈനായി വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷിക്കാൻ യോഗ്യരായ ഉദ്യോഗാർത്ഥികളെ ക്ഷണിക്കുകയും ഇരുപതിനായിരത്തോളം അപേക്ഷകൾ ലഭിക്കുകയും ചെയ്തു. ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മെഡിക്കൽ, നോൺ-മെഡിക്കൽ ജീവനക്കാരെ ലഭ്യമാക്കുന്നതിന് ഇപ്രകാരം അപേക്ഷിച്ചവരെ വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തി റിക്രൂട്ട്മെന്റ് പ്രക്രിയ ആരംഭിക്കാൻ ജില്ലകൾക്ക് നിർദ്ദേശവും നൽകി. കോവിഡ് കേസ്സുകളുടെ എണ്ണം വർദ്ധിച്ചതോടെ

വാക്ക്-ഇൻ-ഇന്റർവ്യൂ റിക്രൂട്ട്മെന്റ് നടത്താൻ കൂടുതൽ ബുദ്ധിമുട്ട് നേരിട്ടതിനെത്തുടർന്ന് കോവിഡ് ബ്രിഗേഡ് എന്ന ഓൺലൈൻ രജിസ്ട്രേഷൻ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ 2020 ജൂലൈയിൽ ആവിഷ്കരിക്കപ്പെട്ടു. കോവിഡ് ജാഗ്രതാ സൈറ്റ് വഴി യോഗ്യരായ ഉദ്യോഗാർത്ഥികളെ ആവശ്യമായ തസ്തികകളിലേയ്ക്ക് അപേക്ഷിക്കാൻ അഭ്യർത്ഥിച്ചു. അങ്ങനെ കോവിഡ് ബ്രിഗേഡിൽ രജിസ്റ്റർ ചെയ്യുന്ന വ്യക്തികളുടെ പട്ടിക ജില്ലകളിൽ നൽകുകയും പ്രസ്തുത ജില്ലകൾ ഓരോ അപേക്ഷകനെയും വിളിക്കുകയും അവരുടെ യോഗ്യതകൾ പരിശോധിക്കുകയും വിവിധ മെഡിക്കൽ, പാരാ മെഡിക്കൽ തസ്തികകളിൽ റിക്രൂട്ട് ചെയ്യപ്പെടാൻ യോഗ്യരായ വ്യക്തികളുടെ പട്ടിക തയ്യാറാക്കുകയും ചെയ്തു. അതേസമയം സംസ്ഥാനതലത്തിൽ ജില്ലകളിൽനിന്നുള്ള അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ കോവിഡ് ബ്രിഗേഡിൽ കൂടുതൽ ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്നതിന് അംഗീകാരവും നൽകി. ജില്ലകൾ അവരുടെ ആവശ്യത്തിനനുസരിച്ച് ജീവനക്കാരെ നിയമിക്കുകയും ചെയ്തു.

30-9-2021-ലെ കണക്കനുസരിച്ച് 19510 ജീവനക്കാർ കോവിഡ് ബ്രിഗേഡ് മുഖേന ആരോഗ്യ വകുപ്പ്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, സി.എഫ്.എൽ.ടി.സി. തുടങ്ങിയ വിവിധ ഇടങ്ങളിൽ താല്ക്കാലിക സേവനം ചെയ്തുവന്നിരുന്നു. കേന്ദ്ര സർക്കാർ നൽകുന്ന കോവിഡ് മാനേജ്മെന്റ് ഫണ്ടുകളിൽനിന്നാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി റിക്രൂട്ട് ചെയ്ത ജീവനക്കാർക്കുള്ള ഫണ്ട് വിഹിതം കണ്ടെത്തിയത്. ഇതിനിടയിൽ കോവിഡ് രണ്ടാം തരംഗം വന്നപ്പോൾ ജില്ലകളിൽനിന്ന് കൂടുതൽ ജീവനക്കാരെ നിയമിക്കാൻ ആവശ്യപ്പെടുകയുണ്ടായി. തത്ഫലമായി ലഭിച്ച ഫണ്ടുകൾ 2021 ജൂലൈ മാസത്തിൽ അവസാനിച്ചുവെങ്കിലും എൻ.എച്ച്.എം. കോവിഡ് പാക്കേജിന് കീഴിലുള്ള മരുന്നുകൾക്കും ഉപകരണങ്ങൾക്കും മറ്റുമായി ചെലവാക്കേണ്ട തുകകൂടി വിനിയോഗിച്ചുകൊണ്ട് കോവിഡ് ബ്രിഗേഡ് ജീവനക്കാർക്ക് 2021 ആഗസ്റ്റ് മാസത്തിലെ ശമ്പളവും നൽകിയിട്ടുണ്ട്. തൽസമയം വേതനത്തിനായി ഒരുമാസം 35 കോടി രൂപയോളം ആവശ്യമായി വരുന്നുണ്ട്. 2021 മാർച്ച് മാസം കോവിഡ് ബ്രിഗേഡിൽ 13000 ജീവനക്കാരാണുണ്ടായിരുന്നത്. അവർക്ക് ആറുമാസത്തേയ്ക്കുകൂടി കാലാവധി നീട്ടി നൽകാൻ അന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചു. എന്നാൽ കോവിഡ് രണ്ടാം തരംഗം തീവ്രമായതിനെത്തുടർന്ന് കൂടുതൽ ജീവനക്കാരെ വിവിധ താല്ക്കാലിക തസ്തികയിൽ നിയമിക്കേണ്ടിവന്നതിനാൽ അത് 19510 ജീവനക്കാരായി വർദ്ധിക്കുകയും ചെയ്തു. മേയ്, ജൂൺ മാസങ്ങളിലാണ് രണ്ടാം തരംഗത്തിന്റെ തീവ്രത കേരളത്തിലുണ്ടായത്. സി.എഫ്.എൽ.ടി.സി. മുതൽ മെഡിക്കൽ കോളേജുതലംവരെ ഇവരുടെ സേവനം നൽകിയിരുന്നു. എന്നാലിപ്പോൾ സംസ്ഥാനത്ത് കോവിഡ്-19 നിയന്ത്രണവിധേയമായിട്ടുണ്ട്. കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നതിൽ എല്ലാവരും കൂടുതൽ ശ്രദ്ധിച്ചാൽ പൂർണ്ണമായും

കോവിഡ് ഒഴിവാക്കാൻ സാധിക്കും. കോവിഡ് മഹാമാരി പടർന്നുപിടിച്ച സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും മാനവവിഭവശേഷി കേന്ദ്രീകൃതമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിന്റെയും ഭാഗമായാണ് കോവിഡ് ജാഗ്രതാ പോർട്ടൽ എന്ന സംവിധാനം നടപ്പിലാക്കി താമസംവിനാ ജീവനക്കാരെ താൽക്കാലികമായി നിയമിച്ചത്. നിലവിലെ സാഹചര്യത്തിൽ കോവിഡ് വ്യാപനം കുറഞ്ഞുവരുന്നതിനാൽ കോവിഡ് ബ്രിഗേഡിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം അധികമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്. മേൽവസ്തുതകൾ പരിഗണിച്ച് ജീവനക്കാരുടെ അധിക സേവനം ആവശ്യമുള്ള സ്ഥാപനങ്ങളിൽ/മേഖലകളിൽ മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ട് അത്യാവശ്യമായവരെ മാത്രം നിലനിർത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കോവിഡ് സംബന്ധമായ ആവശ്യങ്ങൾ ഇനി ഉണ്ടാകുകയാണെങ്കിൽ ഇവരുടെ സേവനം വീണ്ടും ഉപയോഗിക്കാൻ കഴിയുന്നതാണ്. നിലവിൽ ആശുപത്രികളുടെ ഫണ്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിൽ, ഈ മാസത്തോടുകൂടി എല്ലാ ആശുപത്രികളിലും ഹൈബ്രിഡ് ചികിത്സ ആരംഭിച്ചിട്ടുണ്ട്. അതായത്, കോവിഡ് ആശുപത്രികളായിരുന്ന എല്ലാ ആശുപത്രികളിലും നോൺ-കോവിഡ് ചികിത്സയും ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികളുടെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ഞാൻ സൂചിപ്പിക്കുകയുണ്ടായി. നിലവിൽ താല്ക്കാലിക ജീവനക്കാരെ നിയമിച്ചുകൊണ്ടാണ് ആശുപത്രികളിൽ പലതിന്റെയും സേവനം ഇതിന്റെ ഭാഗമായി നടന്നുവരുന്നത്. ആ സൊസൈറ്റികളെ സഹായിക്കുന്നതിനുവേണ്ടി എന്തെങ്കിലും നിലപാടുകൾ സംസ്ഥാന ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, സംസ്ഥാന സർക്കാർ എല്ലാ സർക്കാർ ആശുപത്രികളിലും പൂർണ്ണമായും സൗജന്യമായാണ് കോവിഡ് ചികിത്സ നൽകി വരുന്നത്. പൂർണ്ണമായും കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചവയുമുണ്ട്. മെഡിക്കൽ കോളേജുകളിലാണെങ്കിൽ ഭൂരിപക്ഷം കോവിഡ് ചികിത്സയും വളരെക്കുറച്ച് നോൺ-കോവിഡ് ചികിത്സയും ലഭ്യമായിരുന്ന സാഹചര്യമായിരുന്നു. എന്നാൽ നോൺ-കോവിഡ് ചികിത്സ കൂടിവരുന്ന സാഹചര്യമുണ്ട്. കോവിഡ് ചികിത്സ മാത്രമായിരുന്ന ആശുപത്രികളിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെയുള്ള സാഹചര്യമുണ്ട്. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടേയും ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെയും ഫണ്ടുകൾ കുറയുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ആശയവിനിമയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് ഇടപെടുകയും കുറച്ച് ഫണ്ട് അനുവദിക്കുകയും ചെയ്തു.

## (2) പ്രവാസികൾക്കായുള്ള പുനരധിവാസ പാക്കേജ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഗൾഫ് നാടുകളിലെ സ്വദേശിവത്കരണത്തോടെ ആരംഭിച്ച പ്രവാസികളുടെ തിരിച്ചുവരവ് കോവിഡ് മഹാമാരിയോടെ അതിന്റെ പാരമ്യത്തിലെത്തി. ആകെ മുപ്പത് ലക്ഷം പ്രവാസികളിൽ ഏകദേശം പതിനാറ് ലക്ഷത്തോളം ആളുകൾ മടങ്ങിയെത്തിയെന്ന കണക്കുകൾ അമ്പരിപ്പിക്കുന്നതാണ്. അതിൽ പന്ത്രണ്ട് ലക്ഷത്തോളം പ്രവാസികൾ എന്നന്നേയ്ക്കുമായി തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയവരാണെന്നതാണ് ഞെട്ടിക്കുന്ന യാഥാർത്ഥ്യം. സൗദി അറേബ്യ പോലെയുള്ള രാജ്യങ്ങളിൽ കോവിഡ് മഹാമാരി അല്പം കുറഞ്ഞതിനാൽ വിസയുണ്ടായിരുന്ന ധാരാളം ആളുകൾ മടങ്ങിപ്പോയെങ്കിലും അവിടെ കച്ചവടവും മറ്റ് ജോലികളൊന്നുംതന്നെ പഴയതുപോലെ ലഭിക്കാത്തതുകൊണ്ട് നിരാശയോടെ മടങ്ങി വരികയാണ്. ഈ തിരിച്ചുവരവ് അഥവാ റിവേഴ്സ് മൈഗ്രേഷൻ എന്ന പ്രതിഭാസം നമ്മുടെ സാമ്പത്തിക മേഖലയിലേൽപ്പിച്ച ആഘാതം വളരെ വലുതാണ്. ഏകദേശം 3 ലക്ഷം കോടി രൂപയാണ് പ്രവാസികൾ ഓരോ വർഷവും നാട്ടിലേയ്ക്ക് അയച്ചിരുന്നത്. സംസ്ഥാന ബാങ്കുകളിൽ അവരുടെ എൻ.ആർ.ഐ. നിക്ഷേപം ഏകദേശം രണ്ടേകാൽ ലക്ഷം കോടി രൂപയോളമുണ്ടായിരുന്നു. മടങ്ങിയെത്തിയവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് കേരള മോഡൽ വികസന മാതൃക പുനരാവിഷ്കരിക്കണം. അതിന് ആദ്യം ചെയ്യേണ്ടത്, നാട്ടിലും വിദേശത്തുമുള്ളവരെ സംബന്ധിച്ച കൃത്യമായ കണക്കും സാമ്പത്തിക സർവ്വേയും നടത്തണം. മടങ്ങിയെത്തിയവരൊന്നും ഭാവി പദ്ധതികൾ ആലോചിച്ച് വന്നവരല്ല. ഇവിടെ തിരിച്ചെത്തിയത് KMCC (Kerala Muslim Cultural Association) പോലെയുള്ള പ്രവാസി സംഘടനകൾ സഹായിച്ചതുകൊണ്ടുമാത്രമാണ്. തിരിച്ചെത്തിയ പ്രവാസികൾക്ക് വിദേശത്തെ തൊഴിലിടങ്ങളിൽനിന്ന് ശമ്പളവും മറ്റാനുകൂല്യങ്ങളുമായി ഏകദേശം 1200 കോടി രൂപയോളം ഇനിയും ലഭിക്കാനുണ്ടെന്നാണ് കണക്ക്. ഈ കുടിശ്ശിക ലഭ്യമാക്കുന്നതിന് സർക്കാർ അവരെ സഹായിക്കണം. വേണമെങ്കിൽ വിദേശത്തുപോയി നിയമസഹായം നൽകണം. ചെറിയ വിഭാഗം ആളുകൾ ആകെയുള്ള സമ്പാദ്യം എവിടെ നിക്ഷേപിക്കണമെന്നറിയാതെ അന്തംവിട്ട് നിൽക്കുകയാണ്, നിക്ഷേപിക്കാൻ അവർ ഭയപ്പെടുന്നുമുണ്ട്. അവർക്ക് സുരക്ഷിതമായി നിക്ഷേപം നടത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകണം. മാർക്കറ്റിംഗിൽ ഗവൺമെന്റ് അവരെ സഹായിക്കണം. അതുപോലെതന്നെ തിരിച്ചെത്തിയ പ്രവാസികളുടെ നേതൃത്വത്തിൽ പ്രവാസി സഹകരണ സംഘങ്ങൾ കൂടുതലായി ആരംഭിക്കണം. പല പ്രവാസി സംഘടനകളും സഹകരണ സംഘങ്ങൾ ആരംഭിക്കാൻ അപേക്ഷ നൽകി കാത്തിരിക്കുകയാണ്. ഇതിൽ സർക്കാർ അടിയന്തരമായി ഇടപെടുകയും പ്രവാസി കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുകയും വേണം. ഒരുപരിധിവരെ അവർക്ക്

ആത്മവിശ്വാസം പകരാൻ ഇത് സഹായിക്കും. നോർക്കയുടെ പദ്ധതികളെക്കുറിച്ച് പലരും അജ്ഞരാണ്. അതെല്ലാവരിലും എത്തിക്കുകയും പദ്ധതികൾ ലക്ഷ്യം കാണുന്നുണ്ടോയെന്ന് കൃത്യമായി അവലോകനം നടത്തുകയും വേണം. സർക്കാരിന്റെ 'ഡ്രീം കേരള'' പോലെയുള്ള പദ്ധതികൾ ഇനിയും എങ്ങുമെത്തിയിട്ടില്ല. നോർക്കയുടെ സേവനം ജില്ലാതലങ്ങളിൽ ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ ഫലപ്രദമായി ലഭ്യമാക്കണം. ഭവന വായ്പകൾ ഉൾപ്പെടെയുള്ള തിരിച്ചടവുകൾ മുടങ്ങി ജപ്തി ഭീഷണി നേരിടുന്നവർ നിരവധിയാണ്. പണമില്ലാത്തതിന്റെ പേരിൽ വീട് പണി മുടങ്ങിയവരും പാതിവഴിയിൽ ഉപേക്ഷിച്ചവരുമുണ്ട്. അതിനാൽ വീടുവയ്ക്കാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്ക് 10 ലക്ഷം രൂപവരെ ഭവന വായ്പ കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കണം. പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകണം. Collateral security നൽകാൻ കഴിയാത്തതിനാൽ NDPREM (NORKA Department Project for Return Emigrants) പോലുള്ള പ്രവാസി വായ്പാ പദ്ധതികൾ പ്രവാസികൾക്ക് ലഭിക്കുന്നില്ല. ഈടില്ലാതെ പത്ത് ലക്ഷം രൂപവരെ വായ്പ ലഭിക്കുമെന്ന് പറയുന്നുണ്ടെങ്കിലും ബാങ്കുകൾ അതിന് തയ്യാറാകുന്നില്ല. അതിനാൽ സംരംഭം തുടങ്ങാനുള്ള പലരുടെയും പ്രതീക്ഷകൾ അസ്ഥാനത്താണ്. അതുകൊണ്ട് പ്രവാസി വായ്പാ പദ്ധതികൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കണം. അതിൽ നോർക്കയും സർക്കാരും ഇടപെടണം. അതുപോലെ പ്രവാസി പെൻഷൻ വർദ്ധിപ്പിക്കണം. പ്രവാസികളുടെ മക്കളുടെ പഠനത്തിനുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം. അവർക്ക് ഉന്നത വിദ്യാഭ്യാസത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനുള്ള സംവിധാനം വേണം. അവരുടെ മക്കൾക്കായി പ്രത്യേക വിദ്യാഭ്യാസ വായ്പാ പദ്ധതികൾ നടപ്പിലാക്കണം. മടങ്ങിയെത്തിയവരിൽ ധാരാളം വൈദഗ്ദ്ധ്യമുള്ള പ്രവാസികളുമുണ്ട്. അവരുടെ പരിചയ സമ്പത്തും വൈദഗ്ദ്ധ്യവും നമ്മുടെ വികസനത്തിന് ഉപയോഗിക്കാൻ കഴിയണം. തൊഴിൽ നൈപുണ്യം കുറഞ്ഞവർക്കുവേണ്ടി നൈപുണ്യ വികസന പരിപാടികൾ ആസൂത്രണം ചെയ്യണം. മടങ്ങിയെത്തിയ പ്രവാസികളിൽ കൂടുതൽ പേരും എങ്ങനെയെങ്കിലും മടങ്ങിപ്പോകണമെന്ന് ആഗ്രഹിക്കുന്നവരാണ്. കുടിയേറ്റത്തിന് അനുയോജ്യമായ പുതിയ രാജ്യങ്ങളുൾപ്പെടെ കണ്ടെത്തുന്നതിന് നമ്മൾ അവരെ സഹായിക്കണം. ഓസ്ട്രേലിയ, കാനഡ, ജർമ്മനി, ന്യൂസിലാന്റ് എന്നീ രാജ്യങ്ങളെല്ലാം ഇപ്പോൾ കുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ODEPC (Overseas Development and Employment Promotion Consultants)-നെ കൂടുതൽ കാര്യക്ഷമമാക്കുകയും സമഗ്ര കുടിയേറ്റ നിയമം നടപ്പാക്കുകയും വേണം. കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട പ്രവാസി ബിൽ പ്രവാസികളുടെ പുനരധിവാസത്തിൽ സംസ്ഥാനത്തിന് കൂടുതൽ ഉത്തരവാദിത്തങ്ങൾ അടിച്ചേൽപ്പിക്കുന്നതാണ്. പ്രവാസ ലോകത്ത് കുടുങ്ങിപ്പോയവരുടെ താല്ക്കാലിക താമസ സൗകര്യമൊരുക്കൽ, നിയമ സഹായം

എന്നിവ സംസ്ഥാന സർക്കാരിന്റെ ചുമതലകളാകുകയാണ്. ഈ സാഹചര്യത്തിൽ പ്രവാസി വിഷയത്തിൽ കൂടുതൽ ഗൗരവമായ ഇടപെടലുകളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും പ്രതീക്ഷിക്കുന്നത്. പ്രവാസികൾ നാടിന്റെ നട്ടെല്ലാണ്. വർഷങ്ങളോളം നമ്മളെ പട്ടിണിക്കിടാതെ നോക്കിയത് അവരാണ്. ഈ പ്രതിസന്ധിഘട്ടത്തിൽ നാം അവരെ കൈവിടരുത്. അതുകൊണ്ട് റിവേഴ്സ് മൈഗ്രേഷൻ കാരണം പ്രവാസികൾ അനുഭവിക്കുന്ന ഇത്തരം പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ഒരു പുനരധിവാസ പാക്കേജ് അടിയന്തരമായി നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന വിഷയത്തിൽ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

11.00 A.M.]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം സൂചിപ്പിച്ചതിനേക്കാൾ കൂടുതലാണ് തിരികെയെത്തിയ പ്രവാസികളുടെ എണ്ണം. 2021 ഒക്ടോബർ 26 വരെ 1751852 പ്രവാസി മലയാളികളാണ് കോവിഡ്-19 ജാഗ്രതാ പോർട്ടൽ പ്രകാരം തിരികെ എത്തിയിട്ടുള്ളത്. പക്ഷേ ഇതിന്റെ മറ്റൊരു കണക്കുമുണ്ട്. എയർപോർട്ട് അതോറിറ്റി ലഭ്യമാക്കുന്ന വിവരങ്ങൾ പ്രകാരം 2020 മേയ് മുതൽ 2021 ഒക്ടോബർ വരെയുള്ള കാലയളവിൽ കേരളത്തിലെ എയർപോർട്ടുകൾ വഴി 3955230 പേർ വിദേശങ്ങളിലേയ്ക്ക് യാത്ര ചെയ്തിട്ടുണ്ട്. തിരിച്ചുപോകാൻ ആഗ്രഹിച്ചവരിൽ ഭൂരിഭാഗം പേരും തിരിച്ചുപോയിട്ടുണ്ടെന്ന് ഈ കണക്കുകൾ പ്രകാരം കരുതാവുന്നതാണ്. വിവിധ രാജ്യങ്ങളിൽനിന്നും വാലിഡ് പാസ്പോർട്ട്, വാലിഡ് ജോബ് വിസ എന്നിവയുമായി എത്തി തിരികെ പോകാൻ സാധിക്കാത്ത പ്രവാസികൾക്ക് 5,000 രൂപ വീതം അടിയന്തര ധനസഹായം സർക്കാർ അനുവദിച്ചിരുന്നു. ഇതനുസരിച്ച് 133800 പേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ്-19 ബാധിച്ച പ്രവാസികൾക്ക് 10,000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. നാളിതുവരെയായി ഇത് 181 പേർക്ക് നൽകിയിട്ടുണ്ട്. പ്രവാസി പെൻഷൻ കൈപ്പറ്റുന്നവർക്ക് കോവിഡ്-19 രണ്ടാം തരംഗത്തിൽ സർക്കാർ ധനസഹായമായി 1,000 രൂപ വീതം 18278 പേർക്ക് അനുവദിച്ചിട്ടുണ്ട്. തിരിച്ചെത്തിയ പ്രവാസികളിൽ 1267000 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്നാണ് കോവിഡ്-19 പോർട്ടലിലെ ഇന്നലെ വരെയുള്ള വിവരങ്ങൾ സൂചിപ്പിക്കുന്നത്. ഇവരെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽ സംരംഭക പദ്ധതികൾ ആവിഷ്കരിക്കുന്നതിനും 2021-22-ലെ ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കുടുംബശ്രീവഴി രണ്ട് ലക്ഷം രൂപയുടെ പലിശരഹിത സംരംഭകത്വ വായ്പ നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുന്ന പ്രവാസി ഭദ്രതാ പേൾ, സഹകരണ സ്ഥാപനങ്ങൾ, പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവ മുഖേന അഞ്ച് ലക്ഷം രൂപ വരെ സ്വയംതൊഴിൽ വായ്പ നൽകുന്ന പ്രവാസി ഭദ്രതാ മൈക്രോ, സ്വയംതൊഴിൽ പദ്ധതികൾക്കായി കെ.എസ്.ഐ.ഡി.സി. (Kerala State Industrial Development Corporation) മുഖാന്തരം 25 ലക്ഷം രൂപ

മുതൽ 2 കോടി രൂപ വരെ 8.25 ശതമാനം മുതൽ 8.75 ശതമാനം വരെ പലിശ നിരക്കിൽ വായ്പ നൽകുന്ന പ്രവാസി ഭദ്രതാ മെഗാ എന്നിങ്ങനെ തൊഴിൽ സംരംഭകത്വ പദ്ധതികൾ പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇതിന് മൂലധന സബ്സിഡി, പലിശ സബ്സിഡി എന്നിവ നിബന്ധനകളോടെ ലഭ്യമാക്കുന്നതാണ്. തിരികെയെത്തിയ പ്രവാസികൾക്ക് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിന്തുണ നൽകുന്ന NDPREM (Norka Department Project for Returned Emigrants) പദ്ധതി വിപുലീകരിക്കുകയും പദ്ധതി വിഹിതം 2021-2022 വർഷത്തിൽ 24 കോടി 40 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി മൂന്ന് ലക്ഷം രൂപ) നാല് വർഷത്തേയ്ക്ക് മൂന്ന് ശതമാനം പലിശ സബ്സിഡിയും ഈ പദ്ധതി മുഖേന ലഭിക്കുന്നതാണ്. സംരംഭകർക്ക് സർക്കാർ സ്ഥാപനമായ Centre for Management Development മുഖേന ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ബാങ്ക് വായ്പ ലഭ്യമാക്കിവരുന്നു. നാട്ടിൽ മടങ്ങിയെത്തിയവരിൽ ഭവന വായ്പയുൾപ്പെടെ മുടങ്ങുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്ന പ്രവാസികളുടെ വിഷയവും പദ്ധതികൾക്ക് വായ്പ അനുവദിക്കുന്നതിൽ ബാങ്കുകൾ അനുഭാവസമീപനം സ്വീകരിക്കണമെന്ന കാര്യവും സംസ്ഥാനതല ബാങ്കേഴ്സ് സമിതി മുമ്പാകെ ഉന്നയിക്കുന്നതാണ്. തിരികെ പോകാനാഗ്രഹിക്കുന്ന പ്രവാസികൾക്കായി Norka Skill Repository പദ്ധതി എന്ന പേരിൽ ഏകജാലക സംവിധാനവും തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനായി Skill Upgradation and Reintegration പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. നിലവിലുള്ള വിദേശ റിക്രൂട്ടിംഗ് സംവിധാനം ശക്തമാക്കുന്നതിന് പൊതു/സ്വകാര്യ പങ്കാളിത്തത്തോടെ ഒരു നൂതന സംരംഭം രൂപപ്പെടുത്തുന്നതിനും പോസ്റ്റ് റിക്രൂട്ട്മെന്റ് സേവനങ്ങൾക്കുമായി ഒരു പദ്ധതി വിഭാവനം ചെയ്യുകയും രണ്ട് കോടി രൂപ ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. മടങ്ങി വന്ന പ്രവാസികൾ സംസ്ഥാനത്ത് സർക്കാർ രേഖകൾക്ക് അപേക്ഷിച്ചാൽ 15 ദിവസത്തിനകം അവ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദേശത്തുനിന്ന് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാനുള്ളവർ വിശദമായ അപേക്ഷയും ബന്ധപ്പെട്ട രേഖകളും നോർക്കയുടെ ഇ-മെയിലിൽ അയയ്ക്കുവാൻ പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകിയിരുന്നു. ഇപ്രകാരം ലഭ്യമായ അപേക്ഷകൾ യഥാസമയം ബന്ധപ്പെട്ട എംബസികളുടേയും വിദേശകാര്യ മന്ത്രാലയങ്ങളുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രവാസികളുടെ പുനരധിവാസത്തിനായി കേരള സർക്കാർ നടപ്പിലാക്കിയിട്ടുള്ള മേൽപദ്ധതികൾക്ക് പുറമെ സമഗ്രമായ പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിനായി 2000 കോടി രൂപയുടെ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്; ആയത് ഉടൻതന്നെ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മടങ്ങി വന്ന പ്രവാസികൾ സഹകരണ സംഘങ്ങൾ ആരംഭിക്കാൻവേണ്ടി ബന്ധപ്പെട്ട വകുപ്പിൽ അപേക്ഷ നൽകിയിട്ടും വേണ്ടവിധത്തിൽ അതൊന്നും പ്രോസസ് ചെയ്യുന്നില്ല. ജില്ലാ ഓഫീസുകളിൽ അത് മുഴുവൻ കെട്ടിക്കിടക്കുകയാണ്. ചെറിയ കാരണങ്ങൾ പറഞ്ഞ് അവ മടക്കുകയാണ്. പ്രവാസികളുടേത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് അപേക്ഷിച്ച എല്ലാവർക്കും സഹകരണ സംഘങ്ങൾ ആരംഭിക്കാൻ അനുമതി നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, സഹകരണ സംഘങ്ങളുടെ സാധാരണയുള്ള ഒരു വ്യവസ്ഥ, ഏരിയ ഓഫ് ഓപ്പറേഷനകത്ത് മറ്റൊരു സ്ഥാപനം വരുന്നത് പ്രശ്നമുണ്ടാക്കും എന്നതാണ്. അങ്ങനെയുള്ള സാങ്കേതിക പ്രശ്നങ്ങൾ മാത്രമേയുള്ളൂ. മറ്റ് കാര്യങ്ങൾ നൽകുന്നതിന് പ്രയാസമൊന്നും ഉണ്ടാകില്ല.

## IV സബ്മിഷൻ

### (1) കൊലപാതക കേസ്സിന്റെ വിചാരണ നടപടികൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നതിനുമുമ്പ് ഒരു തിരുത്ത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്നലെ ഞാൻ സബ്മിഷൻ അവതരിപ്പിച്ചപ്പോൾ കോട്ടയത്തെ യൂണിവേഴ്സിറ്റിയിൽ നടന്ന സംഭവവുമായി ബന്ധപ്പെട്ട്, പരാതിക്കാരിയുടെ പരാതിയിൽപ്പറഞ്ഞിരുന്ന ഒരാൾ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗമാണെന്ന് തെറ്റായി പറഞ്ഞിരുന്നു. ഞാനത് തിരുത്താൻവേണ്ടി ശ്രമിച്ചതാണ്, പക്ഷേ മന്ത്രി വഴങ്ങിയില്ല. അത് തിരുത്തണം. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സ്റ്റാഫല്ല. പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സ്റ്റാഫാണ്. മാറിപ്പോയതിൽ ക്ഷമ ചോദിക്കുന്നു. എനിക്ക് തെറ്റ് പറ്റിയതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്... യെസ്...

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ആയുർവേദ ചികിത്സയ്ക്കായി എത്തിയ ലാത്വിയൻ സ്വദേശിനിയായ വിദേശ വനിത ലിഗ സ്ക്രോമെൻ (Liga Skromane) നമ്മുടെ നാട്ടിൽവച്ച് ക്രൂരമായി കൊലചെയ്യപ്പെട്ടത് നമ്മളെയെല്ലാം നടുക്കിയതും അപമാനമുണ്ടാക്കിയതുമായ സംഭവമാണ്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ ചികിത്സയ്ക്കായി എത്തിയൊരു വിദേശ വനിത വളരെ അപമാനകരമായ രീതിയിലാണ് കൊലചെയ്യപ്പെട്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ സജീവമായ അന്വേഷണം അവരുടെ കുടുംബത്തിന് വാഗ്ദാനം ചെയ്തു. പക്ഷേ 90 ദിവസത്തിനുള്ളിൽ കുറ്റപത്രം സമർപ്പിക്കാൻ കഴിയാതിരുന്നതുകൊണ്ട് എല്ലാ പ്രതികൾക്കും 2018 ആഗസ്റ്റ് 3-ന് ജാമ്യം ലഭിച്ചു, അതിനുശേഷം കുറ്റപത്രം

സമർപ്പിച്ചു. പക്ഷേ മൂന്നര വർഷമായിട്ടും ഒരു വിചാരണ നടപടിയും നടന്നിട്ടില്ല. അവരുടെ കുടുംബത്തിലെ പ്രായമായ മാതാപിതാക്കളും മറ്റ് കുടുംബാംഗങ്ങളും വളരെ പ്രയാസത്തിലാണ്. അവർ കേരളത്തെ കുറ്റപ്പെടുത്തുന്നരീതിയിൽ ഒന്നും ചെയ്തില്ല. പക്ഷേ അവർക്ക് നീതി ലഭിക്കണമെന്ന ആഗ്രഹമുണ്ട്. പ്രായമായ മാതാപിതാക്കളുൾപ്പെടെയുള്ളവർ എന്തുകൊണ്ടാണ് ഇതിന് നീതി ലഭിക്കാത്തതെന്നുള്ള സങ്കടം ഉന്നയിക്കുകയാണ്. അവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു കേസ് കൊടുത്ത് വിചാരണ വേഗത്തിലാക്കുന്നതിനായുള്ള നടപടിയെടുത്തിട്ടുണ്ട്. സർക്കാരിന് പരിമിതികളുണ്ട്. കോടതിയോട് എത്രയുംവേഗം വിചാരണ നടത്താൻ പറയാൻ കഴിയില്ല. ഒന്നുകിൽ അതിവേഗ കോടതിയിലേയ്ക്ക് ആ കേസ് മാറ്റുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. ഇപ്പോഴത്തെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ധാരാളം കേസ്സുള്ള ഒരാളാണ്. അതുകൊണ്ട് പുതിയതായി ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ച് ഈ കേസ്സിന്റെ വിചാരണ നടപടികൾ വേഗത്തിലാക്കി കുറ്റവാളികളെ ശിക്ഷിച്ച് നമ്മുടെ നാടിന്റെ മാനം കാക്കാനും അവരുടെ കുടുംബാംഗങ്ങൾക്ക് സമാധാനമുണ്ടാക്കാനുംവേണ്ടിയുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കുറ്റവാളികൾക്ക് അർഹമായ ശിക്ഷ കഴിയുന്നത്ര വേഗത്തിൽ ലഭ്യമാക്കണമെന്നാണ് സർക്കാരും ആഗ്രഹിക്കുന്നത്. ഇക്കാര്യത്തിൽ പ്രതിപക്ഷനേതാവ് പ്രകടിപ്പിച്ച വികാരത്തോടൊപ്പമാണ് സർക്കാരുമുള്ളത്. ഇവിടെ അദ്ദേഹം സൂചിപ്പിച്ചതുപോലെ ലാത്വിയൻ സ്വദേശിനിയായ ലിഗാ സ്ക്രോമെൻ എന്ന വിദേശ വനിതയുടെ മൃതദേഹം 20-4-2018-ന് തിരിച്ചറിയാനാകാത്ത വിധം കണ്ടെത്തുകയായിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ മരണം കൊലപാതകമാണെന്ന് തെളിഞ്ഞതിനെ ത്തുടർന്ന് ഐ.ജി. ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം പൂർത്തിയാക്കി 29-8-2018-ന് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. കേസ് തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതി മുമ്പാകെ എസ്. സി. 34/2019 നമ്പറായി വിചാരണ നടന്നുവരുന്നു. 14-10-2018-ലെ സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ. 718/2018 പ്രകാരം കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി ശ്രീ. ജി. മോഹൻ രാജിനെ നിയമിച്ചിട്ടുണ്ട്. കേസ് ബഹുമാനപ്പെട്ട കോടതി 26-10-2021-ന് പരിഗണിച്ചിട്ടുള്ളതും 18-2-2022-ലേയ്ക്ക് മാറ്റിവച്ചിട്ടുള്ളതുമാണ്. സ്പെഷ്യൽ പ്രോസിക്യൂട്ടറായി നിയമിച്ചിട്ടുള്ള അഡ്വ. ജി. മോഹൻ രാജ് ഉത്ര വധക്കേസിലെ സ്പെഷ്യൽ പ്രോസിക്യൂട്ടറായിരുന്നു. പുതിയൊരാളെ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കണമെന്ന ആവശ്യം നിലവിൽ സർക്കാരിന് ലഭിച്ചിട്ടില്ല. ഇപ്രകാരം അപേക്ഷ ലഭിക്കുന്നപക്ഷം പോലീസ് മേധാവിയുടേയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെയും അഭിപ്രായം ആരാഞ്ഞ് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (2) മലപ്പുറം ഫയർ ഓഫീസിന് കെട്ടിടം

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, മലപ്പുറം ജില്ലാ ഫയർ ഓഫീസിന് പുതിയ ഓഫീസ് സമുച്ചയം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. മലപ്പുറം മുണ്ടുപറമ്പിൽ സ്ഥിതി ചെയ്യുന്ന ഫയർ സ്റ്റേഷനോടനുബന്ധിച്ചുള്ള രണ്ട് റൂമുകളിലാണ് ജില്ലാ ഫയർ ഓഫീസ് പ്രവർത്തിക്കുന്നത്. ഇവിടെ ജില്ലാ ഫയർ ഓഫീസർ, ജൂനിയർ സൂപ്രണ്ട്, 7 ക്ലാർക്കുമാർ, 1 ടൈപ്പിസ്റ്റ്, 1 ഹോം ഗാർഡ് എന്നിവരുൾപ്പെടെ 11 ജീവനക്കാർ ജോലി ചെയ്തുവരികയാണ്. ഫയർ സ്റ്റേഷൻ ജീവനക്കാരുടെ വിശ്രമ മുറികൾ ഉപയോഗിച്ചാണ് നിലവിൽ ജില്ലാ ഓഫീസിനാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുള്ളത്. ജില്ലയിലെ എട്ട് ഫയർ സ്റ്റേഷനുകളുമായി ബന്ധപ്പെട്ട ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത് ഇവിടെയാണ്. പൊതുജനങ്ങളുടെ ആവശ്യവുമായി ബന്ധപ്പെട്ട ബഹുനില കെട്ടിടങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയും പെട്രോളിയം ആക്ട്, എക്സ്പ്ലോസീവ് ആക്ട് എന്നിവ പ്രകാരം അനുവദിക്കുന്ന പെട്രോൾ പമ്പുകൾ, ക്വാറി, ക്രഷർ എന്നിവയ്ക്കുമുള്ള എൻ.ഒ.സി. അനുവദിക്കുന്നതിനും വർഷങ്ങളായി കൈകാര്യം ചെയ്തുവരുന്ന ഫയലുകൾ ഉൾപ്പെടെ സൂക്ഷിക്കുന്നതിനും ജീവനക്കാർക്ക് സൗകര്യപ്രദമായ രീതിയിൽ ഓഫീസ് ജോലികൾ ചെയ്യുന്നതിനും നിലവിലെ സംവിധാനത്തിന് ധാരാളം പരിമിതികളുള്ളതിനാൽ പുതിയ ഓഫീസ് സമുച്ചയം അനിവാര്യമായിരിക്കുകയാണ്. ജീവനക്കാരിൽ പകുതിയോളംപേരും വനിതകളാണ്. വനിതാ ജീവനക്കാർക്കും വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ ഫയർ ഓഫീസിലേയ്ക്കുവരുന്ന പൊതുജനങ്ങൾക്കും പ്രാഥമിക കാര്യങ്ങൾപോലും നിർവ്വഹിക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നതിന് നിലവിലെ ഭൗതിക സൗകര്യങ്ങൾ അപര്യാപ്തമാണ്. ഫയർ സ്റ്റേഷൻ ജീവനക്കാരുടെ വിശ്രമ മുറികൾ ജില്ലാ ഫയർ ഓഫീസിനായി ഉപയോഗിക്കുന്നതുകാരണം ഈ നിലയത്തിലെ ജീവനക്കാരും നിരവധി പ്രയാസങ്ങൾ നേരിടുകയാണ്. 24 മണിക്കൂർ ഡ്യൂട്ടിക്കായി വരുന്ന ജീവനക്കാർക്ക് മതിയായ രീതിയിൽ വിശ്രമത്തിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ മറ്റ് താല്ക്കാലിക സംവിധാനങ്ങൾ സ്വീകരിക്കാൻ ഇവർ നിർബന്ധിതരാകുകയാണ്. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ അപകടങ്ങളും ദുരന്തങ്ങളും നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. രണ്ടാഴ്ച മുമ്പാണ് മലപ്പുറം ടൗണിന് തൊട്ടടുത്ത് കടലുണ്ടി പുഴയിൽ ഒൻപതാം ക്ലാസിലും പത്താം ക്ലാസിലും പഠിക്കുന്ന രണ്ട് വിദ്യാർത്ഥികൾ ഒഴുക്കിൽപ്പെട്ട് മരണപ്പെട്ടത്. ഇങ്ങനെയുള്ള ദുരന്തങ്ങളും അപകടങ്ങളും പെരുകിവരുമ്പോൾ ഫയർ സ്റ്റേഷൻ ജീവനക്കാരുടെ സേവനം ഏറെ അനിവാര്യമായി വരികയാണ്. ഈ സാഹചര്യത്തിൽ അഗ്നിസുരക്ഷാസേനയുടെ

ജില്ലാ ഓഫീസും 24 മണിക്കൂറും പ്രവർത്തനസജ്ജമായി നിൽക്കേണ്ട സേനയുടെ തലവനെന്ന നിലയിൽ ജില്ലാ ഫയർ ഓഫീസറുടെ സാന്നിദ്ധ്യവും അനിവാര്യമാകയാൽ താമസത്തിനാവശ്യമായ ക്വാർട്ടേഴ്സും അടിയന്തരമായി നിർമ്മിക്കേണ്ടതാണ്. ക്വാർട്ടേഴ്സില്ലാതെ ജീവനക്കാർ ഏറെ വിഷമം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനായി പുതിയ കെട്ടിട സമുച്ചയം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. 2018-19 വർഷം മുതൽ ബഡ്ജറ്റ് പ്രൊപ്പോസലിൽ സ്ഥിരമായി സ്ഥാനം പിടിച്ചുകൊണ്ടിരിക്കുന്ന വിഷയമാണിത്. എന്നാൽ ടോക്കൺ പ്രൊവിഷൻ മാത്രമേ വച്ചിട്ടുള്ളൂ. ഇതിനാവശ്യമായ തുക മാറ്റിവച്ചിട്ടില്ല. 'അഗ്നി പ്രതിരോധവും നിയന്ത്രണവും' എന്ന ശീർഷകത്തിൽ ഫണ്ടില്ലെന്ന കാരണത്താൽ നാളിതുവരെയും ഭരണാനുമതി ലഭിച്ചിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക താല്പര്യമെടുത്ത് ഈ ഓഫീസിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും സൗകര്യപ്രദമായ രീതിയിൽ, ജീവനക്കാർക്ക് താമസ സൗകര്യമുൾപ്പെടെയുള്ളവ ഒരുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങളോട് സർക്കാരും യോജിക്കുന്നു. കാരണം, മലപ്പുറം ജില്ലാ ഫയർ ഓഫീസറുടെ കാര്യാലയം മലപ്പുറം ഫയർ സ്റ്റേഷനോടൊപ്പമുള്ള പരിമിതമായ സ്ഥലത്താണ് നിലവിൽ പ്രവർത്തിക്കുന്നത്. ഇതുകാരണം ഓഫീസിനും ജീവനക്കാർക്കും മതിയായ സൗകര്യങ്ങൾ ലഭ്യമല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ ഫയർ ഓഫീസിന് പ്രത്യേക കെട്ടിട നിർമ്മാണത്തിനുള്ള 95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറായ കാര്യം അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് ജില്ലാ ഫയർ ഓഫീസിനാവശ്യമായ കെട്ടിടം നിർമ്മിക്കണമെന്ന് തന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്.

### (3) കോളനി നിവാസികളുടെ പുനരധിവാസം

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം നിയോജകമണ്ഡലത്തിൽ കണയന്നൂർ താലൂക്കിൽ, എറണാകുളം വില്ലേജിൽ, കൊച്ചി കോർപ്പറേഷനിൽ, 62-ാം ഡിവിഷനിൽ സർവ്വേ നമ്പർ 2495-ൽ ഉൾപ്പെട്ട ഇ.ആർ.ജി. കോളനിയിൽ 26 കുടുംബങ്ങൾ കഴിഞ്ഞ 60 വർഷമായി താമസിക്കുകയാണ്. കൂലിപ്പണി ചെയ്താണ് ഇവർ ജീവിക്കുന്നത്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളാണ്. ഇവർ താമസിക്കുന്ന വീടുകൾക്ക് നഗരസഭാ നമ്പർ, അംഗങ്ങൾക്ക് റേഷൻ കാർഡ്, ആധാർ കാർഡ്, വോട്ടർ ഐഡന്റിറ്റി കാർഡ് തുടങ്ങി എല്ലാ രേഖകളും കൈവശമുള്ളവരാണ്. എന്നാൽ ഇവർ താമസിക്കുന്ന സ്ഥലം റെയിൽവേ ഭൂമിയാണെന്ന കാരണം പറഞ്ഞ് 1995-ൽ ഇവരെ

കുടിയൊഴിപ്പിക്കാൻ റെയിൽവേ ശ്രമിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഇവർ 3052/95 നമ്പർ ഒ.പി. സമർപ്പിക്കുകയും 18-1-2002-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വ്യക്തമായ ഉത്തരവിറക്കുകയും ചെയ്തിട്ടുള്ളതാണ്. ഇവരുടെ പുനരധിവാസം കൊച്ചി നഗരസഭ ഉറപ്പാക്കിയതിനുശേഷംമാത്രമേ കുടിയൊഴിപ്പിക്കൽ നടപടികളുമായി മുന്നോട്ടു പോകാൻ പാടുള്ളൂ എന്നതായിരുന്നു ഉത്തരവ്. ഇതേത്തുടർന്ന് കൊച്ചി നഗരസഭ ഇവരെ പുനരധിവസിപ്പിക്കുന്നതിന് പല പദ്ധതികളും ആവിഷ്കരിച്ചു. 2019-20 വർഷത്തെ വികേന്ദ്രീകരണ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏകദേശം ഒരു കോടി രൂപ മാറ്റിവയ്ക്കുകയും പുനരധിവാസത്തിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള പത്രപരസ്യം നൽകുകയും ചെയ്തു. പക്ഷേ മതിയായ രീതിയിലുള്ള പ്രതികരണം ഭൂവുടമകളിൽനിന്ന് ഉണ്ടാകാതിരിക്കുകയും കോവിഡ് മഹാമാരിയെത്തുടർന്ന് അത്തരം പദ്ധതികൾ തുടർന്ന് നടത്താൻ പറ്റാത്ത സാഹചര്യമുണ്ടാകുകയും ചെയ്തു. ഇപ്പോൾ റെയിൽവേ വീണ്ടും ഇവിടെ കുടിയൊഴിപ്പിക്കൽ നടപടികളുമായി മുന്നോട്ടുവരുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. കഴിഞ്ഞ ദിവസം റെയിൽവേ ഇതിലെ പല കുടുംബങ്ങൾക്കും അവരെ നേരിൽ കേൾക്കുന്നതിനുവേണ്ടി ഹിയറിംഗ് നോട്ടീസ് നൽകുകയും ഹിയറിംഗിനുവേണ്ടി അവർ തിരുവനന്തപുരം ഡിവിഷണൽ ഓഫീസിലെത്തുകയും ചെയ്തു. ഏകപക്ഷീയമായി അവരെ ഇറക്കിവിടുമെന്ന രീതിയിലുള്ള ധിക്കാരപരമായ നടപടികളാണ് റെയിൽവേയുടെ ഭാഗത്ത് നിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ 26 കുടുംബങ്ങളും വളരെ വ്യാകുലതയോടുകൂടിയാണ് കഴിയുന്നത്. അവർക്ക് പുനരധിവാസം ഉറപ്പാക്കാൻ കൊച്ചി കോർപ്പറേഷൻ മാത്രം വിചാരിച്ചാൽ നടക്കില്ല. അക്കാര്യത്തിൽ ഗവൺമെന്റുകൂടി ഇടപെട്ട് പുനരധിവാസം ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, എറണാകുളം നിയോജകമണ്ഡലത്തിലെ റെയിൽവേ പുറമ്പോക്കിലുള്ള ERG കോളനിയിലെ 23 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ കൊച്ചി കോർപ്പറേഷൻ സ്വീകരിച്ചുവരുന്നുണ്ട്. ശ്രീ. ടി. ജെ. വിനോദ് പറഞ്ഞത് 26 കുടുംബങ്ങൾ എന്നാണ്. റിപ്പോർട്ടിൽ 23 കുടുംബങ്ങൾ എന്നാണ് പറയുന്നത്. അതിൽ ഏതാണ് ശരിയെന്നുള്ളത് പരിശോധിച്ച് തിരുത്താം. ഈ 23 കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവർക്കാർക്കുംതന്നെ സ്വന്തമായി ഭൂമിയില്ലാത്തതിനാൽ ഭൂരഹിത-ഭവനരഹിതരുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വീട് നിർമ്മിക്കുന്നതിനുള്ള ഭൂമി കണ്ടെത്താനുള്ള പരിശ്രമത്തിലാണ് കൊച്ചി കോർപ്പറേഷൻ. അങ്ങ് ഡെപ്യൂട്ടി മേയറായിരുന്നതുകൊണ്ട് അങ്ങേയ്ക്കറിയാവുന്നതാണ്.

കൊച്ചി കോർപ്പറേഷനിൽ ഭൂമി കണ്ടെത്തുകയെന്നുള്ളത് വലിയ പ്രയാസമുള്ള കാര്യമാണ്. എന്നിരുന്നാലും ഭൂമി കണ്ടെത്താനുള്ള നടപടി കൊച്ചി കോർപ്പറേഷൻ സ്വീകരിച്ചുവരികയാണ്. മെട്രോ നഗരമെന്ന നിലയിൽ ഭൂമിയുടെ ലഭ്യത പരിമിതവും ഉയർന്ന വിലയുമാണ്. കോർപ്പറേഷൻ മാത്രം വിചാരിച്ചാൽ പോരാ, ഗവൺമെന്റുംകൂടി വിചാരിക്കണമെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. അതിലാണ് പ്രധാന പ്രതിബന്ധങ്ങൾ. മറ്റ് മേഖലകളിൽനിന്നും ഭൂമി ലഭിക്കാനുള്ള നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കോടതി ഉത്തരവ് പ്രകാരം കുടിയൊഴിപ്പിക്കുന്നതിനുമുമ്പ് പുനരധിവാസം ഉറപ്പാക്കേണ്ടതുണ്ട്. അതായത്, കുടിയൊഴിപ്പിക്കുന്നതിന് മുമ്പായി അവർക്ക് ഭൂമിയും വീടും ഉറപ്പാക്കാൻ കഴിയുന്ന രീതിയിലുള്ള ഇടപെടലാണ് ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും അവർക്ക് എത്രയുംപെട്ടെന്ന് ഭൂമിയും വീടും ലഭ്യമാക്കണമെന്നുള്ള അംഗത്തിന്റെ അഭിപ്രായത്തോട് ഗവൺമെന്റിന് യോജിപ്പാണുള്ളത്. സാധ്യമായ നടപടികളെല്ലാം ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## (4) നാശനഷ്ടങ്ങൾക്ക് അടിയന്തര സഹായം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, 2021 ഒക്ടോബർ 16-ാം തീയതി പൂഞ്ഞാർ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ചരിത്രത്തിലെ കറുത്ത ദിനമായിരുന്നു. ആ നിയോജകമണ്ഡലത്തിൽ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിലെ കാവാലിയിലുണ്ടായ ഉരുൾപൊട്ടലിൽ ഒട്ടലാങ്കൽ മാർട്ടിൻ, അദ്ദേഹത്തിന്റെ മാതാവ്, ഭാര്യ, പറക്കമുറ്റാത്ത മൂന്ന് പെൺകുഞ്ഞുങ്ങൾ, പ്ലാപ്പള്ളിയിൽ സരസമ്മ, റോഷ്നി, സോണിയ, അലൻ എന്നിവരടക്കം പതിനാല് പേരാണ് മരണമടഞ്ഞത്. ആ പഞ്ചായത്തിലുണ്ടായ ഏറ്റവും വലിയ ദുരിതം എല്ലാ പഞ്ചായത്തുകളെയും ഒരുപോലെ ബാധിക്കുകയും സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയുടെ പ്രഭവകേന്ദ്രമായി എന്റെ നിയോജകമണ്ഡലം മാറുകയും ചെയ്തു. ഒരു മുനിസിപ്പാലിറ്റിയും ഒൻപത് പഞ്ചായത്തുകളും അടങ്ങുന്ന പത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണുള്ളത്. ഈ പ്രദേശങ്ങളിലെല്ലാം പ്രളയം കനത്ത നാശനഷ്ടമാണ് വരുത്തിയത്. പമ്പ, മീനച്ചിലാർ, മണിമലയാർ, അഴുതയാർ, പുല്ലകയാർ എന്നീ 5 വലിയ നദികളാണ് എന്റെ നിയോജകമണ്ഡലത്തിലുള്ളത്. ഈ അഞ്ച് നദികളും അതിന്റെ നിരവധി പോഷക കൈവഴികളുമൊക്കെച്ചേർന്ന് നിയോജകമണ്ഡലമാകെ പ്രളയജലത്തിൽ മുങ്ങിയ ദുരിതക്കാഴ്ചയാണ് അവിടെ കണ്ടത്. അതോടൊപ്പം ഇരുന്നൂറിലധികം ഉരുൾപൊട്ടലുകൾ ഈ നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലായുണ്ടായി. അതിലൂടെ നൂറുകണക്കിന് വീടുകൾ നഷ്ടപ്പെടുകയും കൃഷിഭൂമി ഒലിച്ചുപോകുകയും ചെയ്തു. കല്ലിന്മേൽ കല്ല് ശേഷിക്കാതെ ഒലിച്ചുപോയെന്നുള്ളതാണ് അവിടത്തെ സ്ഥിതി. 313 വീടുകൾ പൂർണ്ണമായും തകർന്നു. ആ വീടുകളിൽ ഏതാണ്ട്

പകുതിയിലധികവും ആറ്റുപുറമ്പോക്കിൽ താമസിച്ചിരുന്ന സ്വന്തമായി ഭൂമിയോ രേഖകളോ ഇല്ലാത്ത നിർദ്ധനരായ ആളുകളുടേതായിരുന്നു. ആ ദുരിതത്തിൽ അവർക്ക് സ്വന്തം ഉടുവസ്ത്രമല്ലാതെ മറ്റൊന്നും അവശേഷിക്കാത്തവിധം നഷ്ടപ്പെടുകയുണ്ടായി. 313 വീടുകൾ പൂർണ്ണമായും 748 വീടുകൾ ഭാഗികമായും തകർന്നു. വെള്ളം കയറി ഗൃഹോപകരണങ്ങളും സ്വത്തുവകകളും നഷ്ടപ്പെട്ട 644 കുടുംബങ്ങൾ ദുരിതബാധിതരായി. ഈരാറ്റുപേട്ടയിലെയും എരുമേലിയിലെയും മുണ്ടക്കയത്തെയും കൂട്ടിക്കലിലെയുമെല്ലാം നിരവധി വ്യാപാര സ്ഥാപനങ്ങളിൽ വെള്ളം കയറി മുഴുവൻ സാമഗ്രികളും നശിച്ച് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായി. 9 പി.ഡബ്ല്യൂ.ഡി. പാലങ്ങളടക്കം 52 പാലങ്ങൾ ഒലിച്ചുപോകുകയോ ഗതാഗതയോഗ്യമല്ലാതെ തകരാറിലാകുകയോ ചെയ്തു. കാഞ്ഞിരപ്പള്ളി - എരുമേലി റോഡിലെ 26-ാം മൈൽ പാലം, ശബരിമല പ്രധാനപാത, ഒരു മിനിട്ടിൽ ഒരു വാഹനം വച്ച് കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേയിലെ പാലം എന്നിവ ഇന്ന് അടച്ചിട്ടിരിക്കുകയാണ്. കാഞ്ഞിരപ്പള്ളി - എരുമേലി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഏറ്റവും വലിയ പാലമായ കടമനാൽ കടവ് പാലം ഇന്ന് അടച്ചിട്ടിരിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.....

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ ചുരുക്കാം. വളരെ ഗൗരവമുള്ള കാര്യമാണ്. ഒരു നാടാകെ ഇല്ലാതായതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സബ്മിഷനാണ്. പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം പറയുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, കൃഷിഭൂമിയുടെ കാര്യം ഞാനിവിടെ സൂചിപ്പിച്ചു. ഏക്കർ കണക്കിന് കൃഷിഭൂമി നഷ്ടപ്പെട്ടു. ഈ അവസരത്തിൽ ഒരു വാക്ക് സൂചിപ്പിക്കാതിരിക്കുന്നത് അങ്ങേയറ്റം തെറ്റാകും. ഈ ദുരിതത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാ കാര്യങ്ങൾക്കും നേതൃത്വം നൽകി. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ, സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ എന്നിവരൊക്കെ അവിടെയെത്തി. ശ്രീ. വി. എൻ. വാസവൻ ദിവസങ്ങളോളം അവിടെ താമസിച്ച് എല്ലാ കാര്യങ്ങൾക്കും നേതൃത്വം നൽകി. പോലീസ്, ഫയർ ഫോഴ്സ്, റവന്യൂ, ഇലക്ട്രിസിറ്റി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു. വളരെ പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് ഒന്നുരണ്ട് കാര്യങ്ങൾ മാത്രം സൂചിപ്പിച്ച് ഞാൻ അവസാനിപ്പിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷന് അധികം സമയമെടുക്കാൻ കഴിയില്ല.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഒരു മിനിട്ടുകൂടി തരണം. ഇത് ഒരു നാട് ഇല്ലാതായ കാര്യമാണ്. 3500-ലധികം ആളുകൾ 26 ദുരിതാശ്വാസ ക്യാമ്പുകളിൽ പാർപ്പിക്കപ്പെട്ടു. ഇന്നും പകുതിയിലധികം ആളുകളും ആ ക്യാമ്പിലാണ്. വീട് നിശ്ശേഷം തകർന്നവർ എവിടെപ്പോയി താമസിക്കും? മുഴുവൻ രേഖകളും നഷ്ടപ്പെട്ടവരാണ്. നിയോജകമണ്ഡലത്തിലെ 75 ശതമാനം ആളുകളെയും നേരിട്ടോ പരോക്ഷമായോ ഈ ദുരിതം ബാധിച്ചു. രണ്ട് നിർദ്ദേശങ്ങൾ മാത്രം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. വീടും കച്ചവട സ്ഥാപനങ്ങളും സ്വയംതൊഴിൽ സംരംഭങ്ങളും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കണം, രേഖകൾ നഷ്ടപ്പെട്ടവർക്ക് രേഖകൾ ലഭ്യമാക്കണം, പുറമ്പോക്ക് താമസക്കാരുടെ കാര്യത്തിൽ പ്രത്യേക പരിരക്ഷയുണ്ടാകണം, തകർന്ന പാലങ്ങളും റോഡുകളും അടിയന്തരമായി പുനരുദ്ധരിക്കണം, നദികൾ ശുചീകരിക്കണം, മണ്ണും ചെളിയും നദികളിൽനിന്നും നീക്കം ചെയ്യണം. ഏകദേശം 250 കോടിയിലധികം രൂപയുടെ നഷ്ടം സംഭവിച്ചതിനാൽ പൂഞ്ഞാറിന് ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് ഈ ദുരിതത്തിന് പരിഹാരം കാണണമെന്നാണ് പൂഞ്ഞാറിലെ ജനതയ്ക്കുവേണ്ടി വിനയപൂർവ്വം എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെയും ചെയറിന് അറിയാവുന്നതുപോലെയും ഈ കാലഘട്ടത്തിൽ സംസ്ഥാനം കണ്ട ഏറ്റവും ഗുരുതരമായൊരു പ്രശ്നമാണിത്. അറബിക്കടലിൽ രൂപംകൊണ്ട അതിന്യൂനമർദ്ദത്തിന്റെ ഭാഗമായുണ്ടായ കനത്ത മഴയെത്തുടർന്ന് ഉരുൾപൊട്ടലും വ്യാപകമായ നാശനഷ്ടവും ജീവഹാനിയുമാണ് യഥാർത്ഥത്തിലുണ്ടായിട്ടുള്ളത്. ഒരു ആറിന്റെ ഇരുകരകളും ഒരേസമയം ഒലിച്ചുപോകുന്ന അതിഭീകരവും വേദനയുണ്ടാക്കുന്നതുമായ കാഴ്ചകൾ ഇവിടെയുണ്ടായി. മരണപ്പെട്ടവരുടെ മൃതശരീരം കണ്ടെടുത്തുവെന്ന് മാത്രമല്ല, ഇരുന്നൂറിലേറെ ഉരുൾപൊട്ടലുകളുണ്ടായ ഒരു പ്രദേശംകൂടിയാണ്. മറ്റിടങ്ങളിലും അതുണ്ടായപ്പോൾ അവിടെനിന്നും ഒഴുകിവന്ന വെള്ളം മണിമലയിലും വെള്ളാവൂരിലും മുണ്ടക്കയത്തും തങ്ങിനിൽക്കുകയുണ്ടായി. കൂടുതൽ അപകടമുണ്ടാകാത്തവിധം അതിനെ ഒഴുക്കിവിടുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ വളരെ ശ്രദ്ധേയമായ പങ്ക് ഭരണകൂടവും അതിനേക്കാളുപരി പൊതുജനങ്ങളും നിർവ്വഹിച്ചുയെന്നുള്ളത് ഈ ദുരന്തത്തിനിടയിൽ നമുക്ക് ആശ്വാസകരമാണ്. കാവാലിയിലും പ്ലാപ്പള്ളിയിലുമുണ്ടായ മരണംമൂലം മാർട്ടിന്റെ കുടുംബത്തിലെ ആറുപേരും നഷ്ടപ്പെടുന്ന വളരെ ഭീകരമായ സ്ഥിതിവിശേഷമുണ്ടായി. കൂട്ടിക്കൽ വില്ലേജിലെ ഇളങ്കാടുകരയിലെ സോണിയ ജോബിയും മകൻ അലൻ ജോബിയും മരിച്ചു. അവരുടെ ഭർത്താവ് ജോബി കൂലിപ്പണിക്കാരനാണ്. ഇളങ്കാടുകരയിലെ കടയ്ക്കുമുമ്പിൽ റോഷ്നി, സരസമ്മ,

രാജമ്മ എന്നീ മൂന്നുപേർ മരിച്ചു. രാജമ്മയുടെ ഭർത്താവും രണ്ട് മക്കളും നേരത്തെ നഷ്ടപ്പെട്ടതാണ്. സരസമ്മയുടെ ഭർത്താവും സരസമ്മയും ചേർന്ന് നടത്തുന്ന ഒരു കടമാത്രമാണ് അവർക്ക് ആശ്രയം. റോഷ്നിയുടെ ഭർത്താവ് വേണു കൂലിപ്പണിക്കാരനാണ്. കൂട്ടിക്കൽ വില്ലേജിലെ എന്തയാർകരയിലെ സിസിലി മരണപ്പെട്ടപ്പോൾ ടാപ്പിംഗ് തൊഴിലാളിയായ ഭർത്താവ് ഷാലറ്റ് മാത്രം ബാക്കിയാവുകയാണ്. ഷാലറ്റ് ഓട്ടോറിക്ഷ ഓടിച്ചാണ് ജീവിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ആ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് ആവശ്യമായ വിധത്തിൽ വേണ്ടതെല്ലാം ചെയ്യാൻ സർക്കാർ തയ്യാറെടുക്കുകയാണ്. പ്രകൃതിക്ഷോഭങ്ങൾക്ക് ദുരന്തപ്രതികരണനിധി മാനദണ്ഡപ്രകാരം നാശനഷ്ടങ്ങളുടെ കണക്കുകൾ അതത് വകുപ്പുകൾ തിട്ടപ്പെടുത്തി നൽകുന്ന മുറയ്ക്ക് സർക്കാർ ദുരിതാശ്വാസം അനുവദിച്ച് നൽകുകയാണ് സാധാരണ ചെയ്യാറുള്ളത്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ബഹുമാനപ്പെട്ട മന്ത്രിമാരും എം.എൽ.എ.-മാരും ഉൾപ്പെടെ എല്ലാ വകുപ്പുകളുടെയും സഹകരണത്തോടെ ഇടുക്കിയിലെയും കോട്ടയത്തെയും പത്തനംതിട്ടയിലെയും നാശനഷ്ടങ്ങൾ കണക്കുകൂട്ടി വരികയാണ്. നാശനഷ്ടങ്ങളുടെ ഭാഗമായുള്ള നഷ്ടപരിഹാരം കൊടുക്കുമ്പോൾ ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം വ്യക്തിഗത നാശനഷ്ടങ്ങൾക്കും പൊതുനാശനഷ്ടങ്ങൾക്കും വ്യത്യസ്തമായ മാനദണ്ഡങ്ങളാണ് പാലിച്ചുപോരുന്നത്. ഏറ്റവും സങ്കടകരമായ കാര്യം, SDRF (State Disaster Response Fund) അനുസരിച്ച് പൂർണ്ണമായും നശിച്ചുപോയ വീടുകൾക്ക് ഏറ്റവും കൂടിയത് 1,01,900 രൂപയാണ് നൽകുന്നത്. ഭാഗികമായി നാശം സംഭവിച്ച വീടുകൾക്ക് ശതമാനം നോക്കാതെ 5200 രൂപ മാത്രമാണ് കൊടുക്കുന്നത്. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധികൂടി കൂട്ടിച്ചേർത്തുകൊണ്ട് കഴിഞ്ഞ രണ്ട് മഹാപ്രളയങ്ങളിലുമുണ്ടായതുപോലെ എങ്ങനെ ധനസഹായം കൊടുക്കാൻ കഴിയുമെന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിച്ചുവരികയാണ്. എന്തായാലും സാധാരണക്കാരായ മനുഷ്യരെ അനാഥരാക്കുന്ന ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. ഇരുപത്തിനാലോളം ആവശ്യങ്ങൾക്കായി ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ട പണം വ്യത്യസ്ത ശീർഷകങ്ങളിലായി എല്ലാ ജില്ലകൾക്കും കൊടുത്തിട്ടുണ്ട്. അഞ്ച് ദിവസത്തിനിടയിൽ വിവിധ ജില്ലകൾക്കായി 13 കോടി 35 ലക്ഷം രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, നഷ്ടപ്പെട്ട രേഖകളെല്ലാം വീണ്ടും ലഭ്യമാക്കാൻവേണ്ടി അദാലത്തോ അതുപോലെയുള്ള മറ്റ് സംവിധാനങ്ങളോ ആലോചിച്ച് കൃത്യതയോടെ ആ രേഖകൾ തിരിച്ചുകൊടുക്കാനുള്ള സംവിധാനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. സർക്കാരിന്റെ എല്ലാ ഏജൻസികളും ഒരുപോലെ ഈ പ്രവർത്തനങ്ങളിൽ മുന്നോട്ടുപോകുകയാണ്. എല്ലാവരെയും കോ-ഓർഡിനേറ്റ് ചെയ്ത് മുന്നോട്ട് കൊണ്ടുപോകുന്നതിന് സർക്കാർ ശ്രദ്ധയോടെ ഇടപെടുന്നുണ്ട്. അതോടൊപ്പം ദുരന്തത്തിൽ മരണപ്പെട്ടവരുടെ അവകാശികൾക്കും പരിക്ക്

സംഭവിച്ചവർക്കും കൃഷിനാശം സംഭവിച്ചവർക്കും വീടുകളും കന്നുകാലികളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കും മാനദണ്ഡപ്രകാരമുള്ള തുക സംസ്ഥാന ദുരന്തപ്രതികരണനിധിയിൽനിന്ന് അടിയന്തരമായി നൽകുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിലുപരിയായി കൂടുതൽ നഷ്ടപരിഹാരം നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ, നഷ്ടപ്പെട്ട രേഖകൾ, സുപ്രധാന സർട്ടിഫിക്കറ്റുകൾ എന്നിവ കൃത്യതയോടെ ബോദ്ധ്യപ്പെടുത്തിയാൽ അവ നൽകാനുള്ള സൗകര്യമുണ്ടാക്കാൻ സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണെന്ന് അംഗത്തെ അറിയിക്കുന്നു.

## (5) നദികളിലെ മാലിന്യം നീക്കം ചെയ്യൽ

ശ്രീ. അൻവർ സാദത്ത്: സർ, 2018-2019 വർഷങ്ങളിലെ പ്രളയത്തെ തുടർന്ന് പെരിയാറിലും ചാലക്കുടിപ്പുഴയിലും മറ്റു പുഴകളിലുമെല്ലാം ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും വന്നടിഞ്ഞതിന്റെ ഭാഗമായി റിവർ ബെഡ്ഡിന്റെ ലെവൽ ഉയർന്നിട്ടുണ്ട്. ഇത് വലിയ അപകടമാണെന്നും മാലിന്യം നീക്കം ചെയ്യണമെന്നും പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.-മാരായ ശ്രീ. റോജി എം. ജോൺ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ തുടങ്ങിയവരൊക്കെ നിയമസഭയ്ക്കകത്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനോടും ബന്ധപ്പെട്ട മന്ത്രിമാരോടും കത്തുമുഖേനയും നേരിട്ടും പലതവണ ആവശ്യപ്പെട്ടിട്ടും ഒരു നടപടിയുമുണ്ടായിട്ടില്ല. River Basin Study നടത്തുകയാണെന്നാണ് പലപ്പോഴും പറയുന്നത്. 2018-ലെ വെള്ളപ്പൊക്കത്തിനുശേഷം ഒരു മുൻകരുതലെടുക്കുന്നതിനു വേണ്ടിയാണ് ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പക്ഷേ സ്റ്റഡി നടത്തുന്നു എന്നല്ലാതെ വേറെ മറുപടിയൊന്നുംതന്നെ ലഭിക്കുന്നില്ല. ഇതുകൊണ്ടുണ്ടാകുന്ന അപകടം, റിവർ ബെഡ്ഡിനുമുകളിൽ വെള്ളം നിൽക്കുന്നതിനാൽ ശക്തമായ മഴ വരുമ്പോഴും ഡാം തുറന്നുവിടുമ്പോഴും ഒഴുകി വരുന്ന വെള്ളം ഉൾക്കൊള്ളാൻ ഇപ്പോഴത്തെ പുഴകൾക്ക് സാധിക്കില്ല എന്നതാണ്. ചെളിയും എക്കലും മണ്ണുമെല്ലാം വന്നടിഞ്ഞിരിക്കുന്നതിനാൽ സ്വാഭാവികമായിട്ടും ജനവാസകേന്ദ്രങ്ങളിലേയ്ക്ക് പുഴമാറി ഒഴുകും. ഇത് വലിയൊരു അപകടത്തിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ടാകും. ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വെള്ളം കയറുന്ന അവസ്ഥയുണ്ടായാൽ വലിയൊരു അപകടമുണ്ടായി ജീവഹാനിയുണ്ടാകുന്ന സാഹചര്യമുണ്ടാകാം. അതുകൊണ്ടാണ് നിരന്തരമായി ഈ വിഷയം ഉന്നയിക്കുന്നത്. പുഴയുടെ ആവാസ വ്യവസ്ഥയ്ക്ക് യാതൊരു കോട്ടവും സംഭവിക്കാത്ത രീതിയിൽ സർക്കാരിന്റെ പൂർണ്ണമായ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കണം മണ്ണും ചെളിയും എക്കലുമൊക്കെ മാറ്റേണ്ടത്. അതുകൊണ്ട് ഇവ മാറ്റുന്നതിന് ഗവൺമെന്റ് അടിയന്തരമായി ഇടപെട്ടുകൊണ്ട് ജനങ്ങളുടെ ആശങ്കയകറ്റാനുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ ഗൗരവമായ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഈ പ്രശ്നം അങ്ങ് ഉൾപ്പെടെ നിരവധിപേർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സർക്കാർ അതുമായി ബന്ധപ്പെട്ട് നിരവധി നടപടികളെടുത്തിട്ടുണ്ടെന്നത് അങ്ങേയ്ക്കറിയാമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. 2018-2019 വർഷങ്ങളിലുണ്ടായ പ്രളയത്തെ തുടർന്ന് കേരളത്തിലെ പെരിയാർ ഉൾപ്പെടെയുള്ള നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റവശിഷ്ടങ്ങളും നീക്കം ചെയ്ത് നദികളുടെ സ്വാഭാവിക ഒഴുക്ക് സുഗമമാക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടർ എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 16-10-2019-ലെ സ.ഉ. 2882/2019/റവന്യൂപ്രകാരം ഉത്തരവായിരുന്നു. ഈ സമിതിയുടെ തീരുമാനപ്രകാരം പ്രളയബാധിത നദികളിൽ അടിഞ്ഞുകൂടിയ എക്കലും മറ്റവശിഷ്ടങ്ങളും നീക്കം ചെയ്ത് നദികളുടെ ഒഴുക്ക് സുഗമമാക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 24-12-2019-ലെ സ.ഉ. 3880/2019/റവന്യൂപ്രകാരം ഉത്തരവായിരുന്നു. അത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കായി എല്ലാ ജില്ലാ കളക്ടർമാരും സംസ്ഥാന ദുരന്ത നിവാരണ/ദുരന്ത പ്രതികരണനിധിയിൽനിന്നും ആവശ്യമായ തുക അനുവദിച്ചുനൽകുകയും ആയതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ പ്രധാന നദികളായ പെരിയാർ, മൂവാറ്റുപുഴയാർ എന്നിവയുടെ ഡീസിൽറ്റിംഗ് നടത്തുകയും ചെയ്തിരുന്നു. കൂടാതെ ജില്ലയിലെ പ്രധാന നദിയായ പെരിയാറിൽ അടിഞ്ഞുകൂടുന്ന എക്കലും ചെളിയും സംബന്ധിച്ച വിഷയം പഠനവിധേയമാക്കി ആവശ്യമായ നടപടികൾ മേജർ ഇറിഗേഷൻ എഞ്ചിനീയർ മുഖാന്തരം നടത്തിവരുന്നതുമാണ്. പ്രളയാനന്തരം പമ്പാ നദിയിൽ അടിഞ്ഞുകൂടിയ മണലും എക്കലും ചെളിയും മറ്റവശിഷ്ടങ്ങളും നീക്കം ചെയ്ത് പമ്പാനദിയുടെ സ്വാഭാവിക നീരൊഴുക്ക് പുനഃസ്ഥാപിച്ചിട്ടുള്ളതാണ്. പത്തനംതിട്ട ജില്ലയിലെ പമ്പ, അച്ചൻകോവിൽ, മണിമല എന്നീ നദികളിലെ 24 കടവുകളിൽനിന്ന് 2020-2021 കാലയളവിൽ ചെളി നീക്കം ചെയ്തിട്ടുണ്ട്. വരട്ടാർ, ആദിപമ്പ എന്നിവയിലെ മണലും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിനടന്നുവരികയാണ്. പമ്പാനദിയിലെ ഡീസിൽറ്റേഷനുമായി ബന്ധപ്പെട്ട് നദിയിലെ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനായി ഒരു പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് തയ്യാറാക്കി വരികയാണ്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, മൺസൂൺ മുന്നൊരുക്ക പ്രവൃത്തികൾ എന്നിവയിലുൾപ്പെടുത്തി വിവിധ നദികളിലെയും കൈവഴികളിലെയും പ്രളയാവശിഷ്ടങ്ങളും മണ്ണും നീക്കം

ചെയ്തുവരികയാണ്. പമ്പാനദിയെയും അച്ചൻകോവിലാറിനെയും ബന്ധിപ്പിക്കുന്ന കുട്ടൻപേരൂർ ആറിലെ മണലും എക്കലും നീക്കി ആഴവും വീതിയും വർദ്ധിപ്പിച്ച് സ്വാഭാവിക നീരൊഴുക്ക് വീണ്ടെടുത്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ വീയപുരം മുതൽ തോട്ടപ്പള്ളി വരെയുള്ള ലീഡിംഗ് ചാനലിൽനിന്ന് മണ്ണ് നീക്കം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്ന പ്രവൃത്തിയും നടന്നുവരുന്നു. മഴക്കാലത്ത് നദികളിൽ വെള്ളം കവിഞ്ഞൊഴുകുന്നത് നേരിടുന്നതിന് പെരിയാർ ഉൾപ്പെടെയുള്ള നദികളിലെ ചെളിയും എക്കലും ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനുള്ള നടപടി തുടർന്നുവരികയാണ്. പ്രളയത്തിൽ നദികളിൽ അടിഞ്ഞുകൂടിയ മണ്ണും മാലിന്യങ്ങളും നീക്കം ചെയ്ത് നദികളുടെ ആഴം വർദ്ധിപ്പിച്ച് സ്വാഭാവിക നീരൊഴുക്ക് വീണ്ടെടുക്കുന്നതിന്റെ ഭാഗമായി, നദിയുടെ സ്വാഭാവിക അടിത്തട്ടിന്റെ ചെരുവ് കണ്ടെത്തുന്നതിനാവശ്യമായ പഠനം നടത്തി മണൽ നീക്കം ചെയ്യുന്നതിനും വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും പുതിയ കനാലുകൾ നിർമ്മിച്ച് റെഗുലേറ്റർ സ്ഥാപിച്ച് ജലം തിരിച്ചുവിടുന്നതിനുള്ള മാർഗ്ഗം കണ്ടെത്തുന്നതിനുമായി മദ്രാസ് ഐ.ഐ.ടി.-യുടെ നേതൃത്വത്തിൽ പഠനം നടന്നുവരികയാണ്. നദികളിലെ എക്കലും മണലും നീക്കം ചെയ്ത് നദികളുടെ സ്വാഭാവിക ഒഴുക്കും ജലവാഹകശേഷിയും വർദ്ധിപ്പിക്കുകയും അതുവഴി സ്വാഭാവികവും സുഗമവുമായ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനുള്ള സത്വരനടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. അങ്ങ് പ്രത്യേകമായി ഏതെങ്കിലും ഒരു പ്രശ്നം എഴുതി നൽകിയാൽ അക്കാര്യം പരിശോധിക്കാവുന്നതാണ്.

## (6) കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്ത് ടെക്നോപാർക്കിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയായതോടുകൂടി കഴക്കൂട്ടത്തും സമീപപ്രദേശങ്ങളിലും വൻ മാറ്റങ്ങളാണുണ്ടായത്. കഴക്കൂട്ടത്തിന്റെ സമീപത്തുകൂടി ടെക്നോപാർക്കിനെ വലംവച്ച് ഒഴുകുന്ന തലസ്ഥാനത്തിന്റെ ജലസ്രോതസ്സാണ് തെറ്റിയാർ. കഴക്കൂട്ടം വികസിച്ചതോടുകൂടി മാലിന്യം മുഴുവനും തെറ്റിയാർ തോട്ടിലേയ്ക്ക് ഒഴുകുന്ന അവസ്ഥയിലായിരുന്നു. കെട്ടിട സമുച്ചയങ്ങൾ, വില്ലകൾ, വീടുകൾ, മറ്റ് വ്യാപാര സമുച്ചയങ്ങൾ എന്നിവിടങ്ങളിലെ സ്വീവറേജ് മാലിന്യങ്ങൾ പരിധിയില്ലാതെ ഭൂമിയിൽ താഴ്ത്തിയത് നിമിത്തം ഭൂഗർഭ ജലസ്രോതസ്സുകൾ മലിനമായി ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലായി. അതീവ ഗുരുതരമായ ഈ മാലിന്യപ്രശ്നം സുരക്ഷിതമായി പരിഹരിക്കുന്നതിന് ഒന്നാം പിണറായി സർക്കാർ 'അമൃത്' പദ്ധതിയിലുൾപ്പെടുത്തി കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ടിന് 110.05 കോടി രൂപയുടെ പ്രവൃത്തികൾക്ക് 2017 നവംബർ 2-ാം തീയതി ഭരണാനുമതി നൽകി. കേരള വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷനായിരുന്നു പ്രോജക്ടിന്റെ നിർവ്വഹണ ഏജൻസി. ഈ പ്രോജക്ടിനെ വിവിധ ഘട്ടങ്ങളായി തിരിച്ച് ടെൻഡർ

ക്ഷണിക്കുകയും ടെൻഡറിൽ പങ്കെടുത്ത കോൺട്രാക്ടർമാരുടെ യോഗ്യതാമാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം ടെൻഡർ അംഗീകരിച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തതാണ്. ടെക്നോപാർക്കിൽനിന്നും ആരംഭിച്ച് തെറ്റിയാർ, അരശുംമൂട്, കുഴിവിള, കരിമണൽ, ആക്കുളം, ഉള്ളൂർ, കിംസ്, മെഡിക്കൽകോളേജ്, ഇടത്തറ, കടകംപള്ളി എന്നീ മേഖലകളിൽക്കൂടിയാണ് ഈ പദ്ധതി കടന്നുപോകുന്നത്. 2019-ൽ ആരംഭിച്ച ഈ പ്രവൃത്തിയുടെ പുരോഗതി എന്റെ അറിവനുസരിച്ച് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

1. കല്ലിംഗൽ ടെക്നോപാർക്ക് സ്ട്രക്ച്ചേഴ്സ്- സ്റ്റാർട്ടിംഗ് പോയിന്റാണ്. നാളിതുവരെ ടെൻഡർ ചെയ്തിട്ടില്ല;
2. കല്ലിംഗൽ ടെക്നോപാർക്ക് സ്ട്രക്ച്ചേഴ്സ് -പമ്പിംഗ് സ്റ്റേഷൻ നിർമ്മാണവും പമ്പ് സെറ്റ് സ്ഥാപിക്കലും- നാളിതുവരെ വെറും 14 ശതമാനം മാത്രം;
3. അരശുംമൂട്-കുഴിവിള-കരിമണൽ മെയിൻ സ്ഥാപിക്കൽ- നാളിതുവരെ വെറും 10 ശതമാനം മാത്രം;
4. കരിമണൽ പമ്പിംഗ് സ്റ്റേഷൻ നിർമ്മാണം- 70 ശതമാനം പൂർത്തിയായി;
5. കുഴിവിള-ആക്കുളം മെയിൻ ലൈൻ സ്ഥാപിക്കൽ- 60 ശതമാനം പൂർത്തിയായി;
6. ആക്കുളം പമ്പ് ഹൗസ് നിർമ്മാണം- 50 ശതമാനം പൂർത്തിയായി;
7. പുലയനാർകോട്ട -ഇടത്തറ സ്വീവറേജ് മെയിൻ സ്ഥാപിക്കൽ -40 ശതമാനം പൂർത്തിയായി;
8. ഇടത്തറ പമ്പ് ഹൗസ് നിർമ്മാണം- ആരംഭിച്ച അതേ അവസ്ഥയിൽ തന്നെയാണ്;
9. ഇടത്തറ-മുട്ടത്തറ സ്വീവറേജ് പമ്പിംഗ് ലൈൻ സ്ഥാപിക്കൽ- 50 ശതമാനം പൂർത്തിയായിട്ടുണ്ട്;

ഉള്ളൂർ-പുലയനാർകോട്ട സ്ട്രക്ച്ചറുകളുടെയും ഇടറോഡുകളുടെയും അവസ്ഥ പരിതാപകരമാണ്. ജനങ്ങൾ സുഗമമായി ഗതാഗതം നടത്തിയിരുന്ന പ്രധാന റോഡുകളും ഇടറോഡുകളും കാൽനടപോലും ദുസ്സഹമായ രീതിയിൽ ചെളിക്കുഴികളായി മാറിയിരിക്കുകയാണ്. ഈ പ്രദേശത്തെ ജനങ്ങൾക്ക് അത്യാവശ്യത്തിന് പുറത്തിറങ്ങുന്നതിനോ അത്യാഹിതഘട്ടങ്ങളിൽ ആംബുലൻസിന്റെപോലും സേവനം ഉപയോഗിക്കാനോ കഴിയാത്ത അവസ്ഥയാണ്. മേൽപ്പറഞ്ഞ അരശുംമൂട്-കുഴിവിള-കരിമണൽ മെയിൻ ലൈൻ കടന്നുപോകുന്നത് മേൽപ്പടി പേരിലുള്ള പി.ഡബ്ല്യു.ഡി. റോഡിന്റെ

നടുവിലൂടെയാണ്. മേൽപ്പടി റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ ടാറിംഗ് നടത്തി നവീകരിക്കുന്നതിനായി മൂന്നരക്കോടി രൂപയുടെ പണികൾക്ക് പി.ഡബ്ല്യു.ഡി. ടെൻഡർ നൽകി പണി ആരംഭിച്ചപ്പോഴാണ് മൂന്നുമാസത്തെ സമയത്തിനുള്ളിൽ മേൽപ്പടി റോഡിൽ സ്വീവറേജ് ലൈനിന്റെ പണികൾ തീർത്തുതരാമെന്ന ധാരണയിൽ വാട്ടർ അതോറിറ്റി പ്രവർത്തനങ്ങൾ ആരംഭിച്ചത്. ആ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നില്ല. ഈ സ്ഥിതി ഒരുതരത്തിലും അനുവദിക്കാനോ അംഗീകരിക്കാനോ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി ചുമതലയേറ്റെടുത്ത് വളരെ കുറച്ച് ദിവസങ്ങൾക്കുള്ളിൽത്തന്നെ ഈ വിഷയം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹം എന്നോടൊപ്പം ആ സ്ഥലങ്ങൾ സന്ദർശിക്കാൻ താല്പര്യം കാണിച്ചു. പ്രവൃത്തി ചെയ്യുന്നില്ലെങ്കിൽ റോഡെങ്കിലും ഗതാഗതയോഗ്യമാക്കണമെന്ന എന്റെ അപേക്ഷയ്ക്ക് ഉദ്യോഗസ്ഥർ വില കല്പിക്കുന്നില്ല. ഈ റൂട്ടിൽ കെ.എസ്.ആർ.ടി.സി. വികാസ്ഭവൻ ഡിപ്പോയിൽ നിന്ന് രണ്ട് ബസ്സുകൾ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. കഴിഞ്ഞ രണ്ടരവർഷമായി റോഡ് കുഴിച്ചിട്ടിരിക്കുന്നതിനാൽ പ്രസ്തുത സർവ്വീസ് നിർത്തലാക്കി. ഏതാണ്ട് രണ്ടരവർഷക്കാലമായി ഇവിടത്തെ ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം ഫലത്തിൽ നിരോധിച്ചിരിക്കുകയാണ്. കോൺട്രാക്ടർമാരെ വിളിച്ച് കാര്യങ്ങൾ ചർച്ച ചെയ്യണമെന്ന് അങ്ങ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതാണ്. പക്ഷേ, കാര്യമായ പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതി ഒന്നോരണ്ടോ വർഷത്തിനുള്ളിൽ പൂർത്തിയാക്കി നാടിനും നാട്ടുകാർക്കും പ്രയോജനപ്പെടുത്തണം. അതിന് കഴിവുള്ള ഉദ്യോഗസ്ഥരെ നിയമിക്കുകയും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം വളരെ ഗൗരവമായി തന്നെയാണ് കാണുന്നത്. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ സ്വീവേജ് മാലിന്യം സംസ്കരിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയോജിത പദ്ധതിയായ 'അമൃത്' പദ്ധതിയിലുൾപ്പെടുത്തി വിവിധ സ്ഥലങ്ങളിലായി സ്വീവേജ് പമ്പ് ഹൗസുകളുടെ നിർമ്മാണവും പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ഐ, ജെ, കെ, എൽ എന്നീ ബ്ലോക്കുകളായി തിരിച്ച് പുരോഗമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി അരശുംമൂട്-കുഴിവിള, കുഴിവിള-കരിമണൽ, ഉള്ളൂർ-ആക്കുളം എന്നീ റോഡുകളിൽ സ്വീവേജ് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയും അതോടൊപ്പം മാൻഹോളുകളുടെ നിർമ്മാണവും തുടങ്ങിയിരിക്കുന്നു. അമൃത് പദ്ധതിയുടെ നിബന്ധനപ്രകാരം കോർപ്പറേഷൻ, പി.ഡബ്ല്യു.ഡി. റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതുമൂലമുണ്ടാകുന്ന കേടുപാടുകൾ പദ്ധതിയുടെ പ്രവർത്തനം കഴിഞ്ഞാലുടൻ കോർപ്പറേഷനും പി.ഡബ്ല്യു.ഡി.-യും തീർക്കേണ്ടതാണ്. അതിനുള്ള തുക കോർപ്പറേഷൻ ആവശ്യപ്പെട്ടപ്രകാരം അമൃത് ഫണ്ടിൽനിന്നും

കോർപ്പറേഷനിലേയ്ക്ക് ഒടുക്കിയും പി.ഡബ്ല്യു.ഡി. റോഡുകളുടെ കേടുപാടുകൾ തീർക്കാനുള്ള തുക പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് പ്രകാരം തയ്യാറാക്കി അമൃത് ഫണ്ടിൽനിന്നും പി.ഡബ്ല്യു.ഡി.-യ്ക്ക് അഡ്വാൻസായി ഒടുക്കിയുമാണ് നടപ്പാക്കിവരുന്നത്.

ആദ്യഘട്ടത്തിൽ 'ഐ' ബ്ലോക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ ടെക്നോപാർക്ക് മുതൽ അരശുംമൂട് വരെ പമ്പിംഗ് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഈ ബ്ലോക്കിലെ പമ്പ് ഹൗസിന്റെയും അനുബന്ധ ഘടകങ്ങളുടെയും പ്രവൃത്തികൾ പുരോഗമിക്കുന്നു. കോവിഡ്-19 മഹാമാരിയും അനിയന്ത്രിതമായ മഴയും പദ്ധതിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. 15 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇത് ദീർഘമായൊരു മറുപടിയാണ്. ഞാൻ പൂർണ്ണമായും വായിക്കുന്നില്ല. ബാക്കിഭാഗം മേശപ്പുറത്തുവയ്ക്കുകയാണ്.* ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. റോഡ് ഗതാഗതം തടസ്സപ്പെടുന്നു, കുറെയേറെ വർക്കുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല, ആരംഭിച്ച പദ്ധതികൾ നല്ലനിലയിൽ മുന്നോട്ടുപോകുന്നില്ല എന്നീ കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. 2022 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിൽപ്പോലും ഇതിന്റെ ഗൗരവം കണക്കിലെടുത്ത് നവംബർ മാസം 2-ാം തീയതി എം.എൽ.എ.-യെയുംകൂടി പങ്കെടുപ്പിച്ചുകൊണ്ട് അടിയന്തരയോഗം കൂടി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (7) മലയോര പ്രദേശങ്ങളിലെ വന്യജീവി ആക്രമണം

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ, വരന്തരപ്പിള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിലെ പാലപ്പിള്ളി, കാരിക്കടവ്, എലിക്കോട്, ശാസ്താംപൂവം, കുണ്ടായി, ചൊക്കന, ചിമ്മിനി, വലിയകുളം, ഇഞ്ചക്കുണ്ട് തുടങ്ങിയ മലയോര പ്രദേശങ്ങളിൽ വ്യാപകമായ വന്യജീവി ആക്രമണം പതിവായിരിക്കുകയാണ്. 2021-ൽ മാത്രം ചാലക്കുടി ഫോറസ്റ്റ് ഡിവിഷന്റെ കൈവശമുള്ള പ്രദേശങ്ങളിൽ കാട്ടാന ആക്രമണംമൂലം 6 വിലപ്പെട്ട ജീവനുകളാണ് നഷ്ടപ്പെട്ടത്. മലയോര നിവാസികളുടെ വീടുകളും കൃഷിയും വാഹനങ്ങളുമെല്ലാം വന്യജീവി ആക്രമണത്തിൽ വലിയ തോതിൽ നശിപ്പിക്കപ്പെടുന്നുണ്ട്. 2021 ജനുവരിയിൽ ആദിവാസി ക്ഷേമസമിതിയുടെ നേതാവ് മലയം വീട്ടിൽ ഇ. കെ. ഉണ്ണിചെക്കൻ, ഇള്ളപ്പാറ മലയം കോളനിയിൽ രാജേഷ്, കാരിക്കടവ് മലയം വീട്ടിൽ അയ്യപ്പൻ, ആഗസ്റ്റ് മാസത്തിൽ ശാസ്താംപൂവം കാടൻ വീട്ടിൽ സുബ്രൻ, 30-8-2021-ൽ പാലപ്പിള്ളിയിലെ സൈനുദ്ദീൻ, ചുങ്കാരിലെ ഓട്ടോക്കാരൻ പീതാംബരൻ എന്നിവർ കാട്ടാന ആക്രമണത്തിൽ ഈ വർഷത്തിൽ മാത്രം കൊല്ലപ്പെടുകയുണ്ടായി. ഇതുകൂടാതെ 13-2-2020-ൽ ഹാരിസൺ

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

പ്ലാന്റേഷനിലെ തൊഴിലാളിയായ മുഹമ്മദാലിയുടെ ഭാര്യ റാബിയ രാത്രി വീടിന്റെ മുറ്റത്ത് കാട്ടാനയെ കണ്ട് പേടിച്ച് വീഴുകയും തളർച്ച സംഭവിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും തുടർന്ന് 17-2-2020-ൽ മരണപ്പെടുകയുമുണ്ടായി. ഇവർക്ക് സാമ്പത്തിക സഹായം നൽകേണ്ടതുണ്ട്. അട്ടേപ്പാടം വിജയൻ എന്ന തോട്ടം തൊഴിലാളി കാട്ടാന ഓടിച്ചിട്ട് വീണ് കാൽ മുറിഞ്ഞ് ഇപ്പോഴും ചികിത്സയിലാണ്. അദ്ദേഹത്തിനും സാമ്പത്തിക സഹായം നൽകേണ്ടതുണ്ട്. സെപ്റ്റംബർ 19-ന് ഇഞ്ചക്കുണ്ട് ദേശത്ത് ബൈക്കപകടത്തെത്തുടർന്ന് സ്റ്റെബിൻ എന്ന യുവാവ് മരണപ്പെടുകയും ഒപ്പമുണ്ടായിരുന്ന സുഹൃത്ത് ജോയൽ എന്ന യുവാവിന് ഗുരുതര പരിക്കുപറ്റുകയും ചെയ്തത് ബൈക്കിൽ കാട്ടുപന്നി തട്ടിയതുമൂലമാണെന്ന് നാട്ടുകാർ പറയുന്നു. ഇഞ്ചക്കുണ്ട് മേഖലയിൽ കാട്ടുപന്നികളുടെ ആക്രമണവും കൃഷിനശിപ്പിക്കലും നിത്യസംഭവങ്ങളാണ്. മുമ്പെങ്ങുമില്ലാത്തവിധം പ്രസ്തുത മലയോര പ്രദേശങ്ങളിൽ കാട്ടാനക്കൂട്ടങ്ങൾ സ്ഥിരമായി ക്യാമ്പ് ചെയ്ത് പലപ്പോഴും ആക്രമണസ്വഭാവത്തിലേയ്ക്ക് മാറുന്നത് പതിവായിരിക്കുകയാണ്. കുട്ടിയാനകൾ ഉൾപ്പെടെയുള്ള കാട്ടാനക്കൂട്ടങ്ങളെ ഉൾക്കാടുകളിലേയ്ക്ക് തിരിച്ചുവിടണം. വനാന്തർഭാഗത്ത് ജലാശയങ്ങൾ നിർമ്മിച്ച് കുടിവെള്ള ലഭ്യത ഉറപ്പാക്കിയും പ്ലാവ് ഉൾപ്പെടെയുള്ള ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചും മുളങ്കാടുകൾ നിർമ്മിച്ചും വനാന്തരങ്ങളിൽ തന്നെ ഇവയെ നിലനിർത്തുന്നതിനാവശ്യമായ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. തിരിച്ച് ജനവാസ മേഖലയിലേയ്ക്ക് വരാൻ കഴിയാത്ത തരത്തിൽ കിടങ്ങുകൾ നിർമ്മിക്കണം. സൗരോർജ്ജ കമ്പിവേലി, റെയിൽ വേലി, ആനമതിൽ, ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നതിനും കരിമ്പന മതിൽ, മുളങ്കാടുകൾ, മുളങ്കാട് വേലികൾ എന്നീ ജൈവ പ്രതിരോധങ്ങൾക്കും നടപടി സ്വീകരിക്കണം. ഈയടുത്ത് നടന്ന രണ്ട് മരണത്തെത്തുടർന്ന് വനം വകുപ്പ് ഫലപ്രദമായ ഇടപെടൽ നടത്തുന്നതിനെ ഞാൻ അഭിനന്ദിക്കുകയാണ്. അവിടെ എലിഫന്റ് സ്ക്വാഡ് എന്ന നിലയിൽ ഒരു ഔട്ട് പോസ്റ്റ് സ്ഥാപിച്ച് മൂന്ന് ഗാർഡുമാരെ നിയമിച്ചതും വാഹനസൗകര്യം ഏർപ്പാടാക്കിയതും പ്രത്യേകം അഭിനന്ദനാർഹമാണ്. ഇവിടെ കുങ്കി ആനകളുടെയും RRT (Rapid Response Team)-യുടെയും സേവനം അടിയന്തരഘട്ടത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. ചിമ്മിനി ഡാം ഉൾപ്പെടെയുള്ള ടൂറിസം മേഖലകളിൽ സഞ്ചാരികളെ അനുവദിക്കുകയും ഒഴിഞ്ഞുകിടക്കുന്ന പ്ലാന്റേഷൻ കമ്പനികളുടെ ഉടമസ്ഥതയിലുള്ള ക്വാർട്ടേഴ്സുകളിൽ താമസ സൗകര്യം ഉൾപ്പെടെ അനുവദിക്കാനും കഴിഞ്ഞാൽ ഈ മേഖലയിലെ കോവിഡ്-19 മഹാമാരിയെ തുടർന്നുള്ള വിജനത ഒഴിവാക്കുന്നതിനും വന്യജീവികളുടെ സാന്നിദ്ധ്യം കുറയ്ക്കുന്നതിനും സഹായകരമാകും. ഇക്കോ ഫ്രണ്ട്ലിയായ ടൂറിസം പദ്ധതികൾക്ക് വനംവകുപ്പിന്റെ അനുമതി ലഭ്യമാക്കുകയും വനംവകുപ്പിന്റെ പൂർണ്ണനിയന്ത്രണത്തിൽത്തന്നെ അവ നടപ്പാക്കുകയും ചെയ്യേണ്ടതാണ്. പ്ലാന്റേഷൻ മേഖലയിൽ ആയിരത്തിലധികം ഏക്കർ ഭൂമി

റീപ്ലാന്റ് ചെയ്യാനുള്ള അനുമതിയില്ലാത്തതിനാൽ അവിടെയുള്ള തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകാത്ത പ്രശ്നം വരുന്നു. ഇതിന്റെ ഭാഗമായി ആയിരത്തിലധികം ഏക്കറോളം ഭൂമി കാടുപിടിച്ചുകിടക്കുന്നു. ഇവിടമാകെ വന്യജീവികൾക്ക് വിഹരിക്കാനുള്ള താവളങ്ങളായി മാറുന്ന സ്ഥിതിവിശേഷമാണ്. പ്ലാന്റേഷൻ കമ്പനികൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിച്ച് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിനും വന്യജീവി ആക്രമണത്തിൽ കാർഷികവിളകൾ വ്യാപകമായി നശിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ പട്ടയമേഖലകളിൽ കോഴിക്കൃഷി നടത്തുന്നതിന് അനുമതി ലഭ്യമാക്കുകയും വേണം. പുതുക്കാട് നിയോജകമണ്ഡലത്തിലെ മലയോര മേഖലകളിലെ വന്യജീവി ആക്രമണം തടയുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട കെ. കെ. രാമചന്ദ്രൻ മലയോര മേഖലയിൽ നടക്കുന്ന വന്യജീവി ആക്രമണത്തിന്റെ ഗുരുതരാവസ്ഥയാണ് സഭയെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചത്. പരിയാരം, വെള്ളിക്കുളങ്ങര, പാലപ്പിള്ളി എന്നീ റേഞ്ചുകളിലായിട്ടാണ് 6 പേർ മരണപ്പെട്ടത്. അവർക്കുള്ള സഹായധനം ഭാഗികമായി കൊടുത്തിട്ടുണ്ട്; ഒരു കേസിൽ അവരുടെ അവകാശിയെ സംബന്ധിച്ച തർക്കങ്ങളുള്ളതുകൊണ്ടാണ് കൊടുക്കാൻ കഴിയാത്തത്. ഇവിടെ സൂചിപ്പിച്ച ഭൂരിഭാഗം സ്ഥലങ്ങളിലും ഹാരിസൺ മലയാളം ലിമിറ്റഡ്, കൊച്ചിൻ മലബാർ എസ്റ്റേറ്റ് ആൻഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ കമ്പനികളുടെ റബ്ബർ തോട്ടത്തിലെ തൊഴിലാളികളാണുള്ളത്. അവിടെ തൊഴിലാളികളെ രാവിലെ 5.00 മണിക്ക് മുമ്പ് ഹാജരാകാൻ പറയുന്ന നടപടി തിരുത്തണമെന്ന് നിർദ്ദേശം നൽകുകയും രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കാട്ടാനകൾ നാട്ടിൽ വരുന്നത് തടയാൻ മറ്റ് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ ആ പ്രദേശത്ത് ഡിവിഷൻ തലത്തിൽ ആർ.ആർ.റ്റി. രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ അനുവദിച്ചു കിട്ടിയിട്ടുണ്ട്. അത് എത്രയുംവേഗം പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതാണ്. ഇഞ്ചികുണ്ട് മേഖലയിൽ സ്ഥിരമായി എലിഫന്റ് സ്ക്വാഡ് രൂപീകരിക്കുകയും എല്ലാ ദിവസവും പ്രസ്തുത മേഖലയിൽ പരിശോധന നടത്തിവരികയും ചെയ്യുന്നുണ്ട്. കാട്ടാനകൾ കൂട്ടത്തോടെ വരുന്നത് തടയാൻ കുങ്കിയാനകളെ ഉപയോഗിക്കുന്നത് പ്രായോഗികമല്ലെന്ന് അധികൃതർ അറിയിച്ചിട്ടുള്ളതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചുവരികയാണ്. ചാലക്കുടി ജംഗ്ഷനിൽ മാത്രമായി കഴിഞ്ഞ ദിവസങ്ങളിൽ ഇരുപത്തിയൊന്നോളം കാട്ടുപന്നികളിൽ 16 കാട്ടുപന്നികളെയാണ് വെടിവച്ച് കൊന്നിട്ടുള്ളത്. അദ്ദേഹം സമ്മതിച്ചതുപോലെ ഫലപ്രദമായ നടപടി ഇപ്പോൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. നഷ്ടപരിഹാരം എത്രയുംവേഗം നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (8) വേടൻ ഗോത്ര സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടുത്തൽ

ശ്രീ. വി. ജോയി: സർ, മുൻ തിരുവിതാംകൂറിലെ ആദിവാസികളായ വേടൻ ഗോത്രത്തെ എസ്.സി. ലിസ്റ്റിൽ വേടനായും എസ്.ടി. ലിസ്റ്റിൽ മലവേടനായും നിലവിൽ പരിഗണിച്ചുവരികയാണ്. ഇതിൽ വേടൻ എസ്.സി. വിഭാഗത്തെ എസ്.ടി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിരുന്നുവെങ്കിലും നാല് പ്രാവശ്യമായി ഈ ആവശ്യം കേന്ദ്ര സർക്കാർ നിരാകരിച്ചിരിക്കുകയാണ്. എന്നാൽ വലിയ സമ്മർദ്ദത്തെത്തുടർന്ന് കഴിഞ്ഞ വർഷം വീണ്ടും ഒരു പുതുക്കിയ റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. പുതിയ പഠന റിപ്പോർട്ട് തയ്യാറാക്കാൻ സംസ്ഥാന ഗവൺമെന്റ് കിർത്താഡ്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വേടർ, മലവേടർ വിഭാഗം 90 ശതമാനവും അധിവസിക്കുന്നത് മുൻ തിരുവിതാംകൂർ ഭാഗത്താണ്. ഏകദേശം 35000 മുതൽ 40000 വരെയാണ് അവരുടെ ആകെ ജനസംഖ്യ. വർക്കല ചാത്തന്നൂർ മണ്ഡലത്തിലെ പാരിപ്പള്ളി, കിളിമാനൂർ, ആറ്റിങ്ങൽ തുടങ്ങിയ പ്രദേശങ്ങളിലാണ് ഇവർ കൂടുതലായി ഇപ്പോൾ താമസിക്കുന്നത്. ഇവരിൽ ഭൂരിപക്ഷം ആളുകൾക്കും വാസയോഗ്യമായ വീട്, തൊഴിൽ സ്ഥിരത, നിശ്ചിത വരുമാനം എന്നിവയില്ല. വളരെ പരിതാപകരമായ സാഹചര്യമാണ് ഇവർ നേരിടുന്നത്. ഒരു വീട്ടിൽ മൂന്നുനാല് കുടുംബങ്ങളാണ് ഒരുമിച്ച് ജീവിക്കുന്നത്. ഇവരിൽ വിദ്യാഭ്യാസമുള്ളവർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താല്ക്കാലിക നിയമനംപോലും ലഭിക്കുന്നില്ല. പരമ്പരാഗതമായി ഇവർ ചെയ്തുകൊണ്ടിരുന്ന വനവിഭവ-പച്ചമരുന്ന്-വിറക് ശേഖരണം, ഓലമെടയൽ, പറമ്പുകളിലെ പണി, ചെറുജീവികളെ വേട്ടയാടൽ, മീൻപിടിത്തം എന്നിവ ഇന്ന് അന്യംനിന്നുപോയിരിക്കുകയാണ്. നിർമ്മാണ മേഖലയിൽ നാമമാത്രമായി ലഭിച്ചിരുന്ന തൊഴിലവസരങ്ങൾ ഇതര സംസ്ഥാന തൊഴിലാളികളുടെ വരവോടുകൂടി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ ആദിവാസി വിഭാഗത്തിനുള്ളതുപോലെ പോലീസ്, ഫോറസ്റ്റ്, ഫയർ ഫോഴ്സ്, എക്സൈസ് വകുപ്പുകളിൽ ഇവർക്കും പ്രത്യേക പരിഗണന നൽകാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കപ്പെടണം. വേടർ വിഭാഗത്തെ കൂടാതെ കന്നാടി, നായാടി, ചക്കിലിയൻ വിഭാഗത്തെയും പരിഗണിക്കേണ്ടതായിട്ടുണ്ട്. ഇവരുടെ ജീവിത നിലവാരം വളരെ പരിതാപകരമാണ്. ഇത് പരിഹരിക്കുന്നതിന് കിർത്താഡ്സിന്റെ സഹായത്തോടെ ഒരു റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് വീണ്ടും സമർപ്പിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ജോയി ഉന്നയിച്ചത് ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. തിരുവിതാംകൂറിലെ ആദിവാസികളായ വേടൻ ഗോത്രത്തെ ഇപ്പോൾ പട്ടികജാതി ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അവരെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് പ്രധാനപ്പെട്ട ആവശ്യം. നിലവിൽ പട്ടികവർഗ്ഗ ലിസ്റ്റിൽ മലവേടൻ വിഭാഗത്തെയാണ് പരിഗണിച്ചുവരുന്നത്. ഇതുസംബന്ധിച്ച് നാല് പ്രാവശ്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിരുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം തന്നെ പരാമർശിച്ചു. അതായത്, കഴിഞ്ഞ 30 വർഷമായി വേടൻ സമുദായത്തെ പട്ടികജാതിയിൽനിന്നും മലവേടൻ വിഭാഗമായ പട്ടികവർഗ്ഗ ലിസ്റ്റിൽപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന സർക്കാർ ശിപാർശ ചെയ്തിരുന്നു. പക്ഷേ എല്ലാ പ്രാവശ്യവും അയയ്ക്കുന്ന ശിപാർശയെല്ലാം നിരസിക്കുന്ന നിലപാടാണ് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതുസംബന്ധിച്ച് കിർത്താഡ്സ് നാല് പ്രാവശ്യം പഠന റിപ്പോർട്ട് തയ്യാറാക്കി നൽകിയതിന്റെയുംകൂടി അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് വേടൻ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ശിപാർശ നൽകിയത്. കേന്ദ്ര ഗവൺമെന്റ് ഈ നാല് ശിപാർശകളും അംഗീകരിക്കാത്ത സാഹചര്യത്തിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട വേടരായിട്ടുള്ള മുഴുവനാളുകൾക്കും ലഭിക്കുന്ന എല്ലാവിധ ആനുകൂല്യങ്ങളും പട്ടികജാതി ലിസ്റ്റിൽപ്പെട്ട വേടൻ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും ലഭിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടിയും ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. അവരുടെ ജീവിതരീതികളും മറ്റുമെല്ലാം പട്ടികവർഗ്ഗത്തിന് സമാനമാണ്. അവരുടെ സ്ഥിതി ദയനീയമാണെന്ന് കണ്ടുകൊണ്ട് അവർക്ക് കൂടുതൽ സഹായങ്ങൾ ചെയ്യുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതോടൊപ്പം തന്നെ അവരെ പട്ടികവർഗ്ഗത്തിലുൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് വീണ്ടും ശിപാർശ ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

## (9) നിലമ്പൂർ ബൈപ്പാസ്

ശ്രീ. പി. വി. അൻവർ: സർ, കഴിഞ്ഞ 20 വർഷമായി പൂർത്തിയാകാതിരിക്കുന്ന നിലമ്പൂർ ബൈപ്പാസ്സിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നിലമ്പൂരിന്റെ ഭൂമിശാസ്ത്രം നമുക്ക് നന്നായിട്ടറിയാം. 70% വനപ്രദേശവും ഒരു ഭാഗം കർണ്ണാടകയും ഒരു ഭാഗം തമിഴ്നാടുമാണ്. കർണ്ണാടകയിൽനിന്നും തമിഴ്നാട്ടിൽനിന്നും കോഴിക്കോട്ടേയ്ക്കും മലപ്പുറത്തേയ്ക്കും

പാലക്കാട്ടേയ്ക്കും തൃശ്ശൂരിലേയ്ക്കും വരുന്ന എല്ലാ കൊമേഴ്സ്യൽ ട്രക്കുകളും കടന്നുപോകുന്ന ഒരു പ്രധാന റോഡാണിത്. പകൽ സമയത്ത് നിലമ്പൂർ ടൗണിന്റെ ഏകദേശം 3 കിലോമീറ്റർ കടന്നുപോകാൻ ഒരു മണിക്കൂറെടുക്കുന്ന സാഹചര്യമാണുള്ളത്. അത്രമാത്രം ട്രാഫിക് ബ്ലോക്കുണ്ടാകുന്ന ഒരു പ്രദേശമാണ് നിലമ്പൂർ നഗരം. ആ നഗരത്തിൽ ഒരു ബൈപ്പാസ് എന്ന സ്വപ്നം കഴിഞ്ഞ 20 വർഷമായി പൂർത്തീകരിക്കപ്പെടാതിരിക്കുകയാണ്. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയവും കവളപ്പാറ ദുരന്തവും എഴുപത്തിരണ്ട് ആളുകളുടെ മരണവും അപകടത്തിൽപ്പെട്ടവരെ ആശുപത്രിയിലെത്തിക്കാനുണ്ടായ പ്രയാസങ്ങളും നാം അനുഭവിച്ചതാണ്. ആദിവാസി സ്ത്രീകളുൾപ്പെടെയുള്ള സഹോദരിമാരെ ആശുപത്രിയിലെത്തിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളും സ്ഥിരമായി സഹോദരിമാർ ആംബുലൻസിൽ പ്രസവിക്കുന്ന വാർത്തകളുമൊക്കെ നിലനിൽക്കുകയാണ്. അതുകൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പ്രത്യേകിച്ച്, ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും സഹായമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

2013-ൽ ഭരണാനുമതി ലഭിച്ച നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഒരു പ്രധാന പ്രവൃത്തിയാണ് നിലമ്പൂർ ബൈപ്പാസ് നിർമ്മാണം. നിലമ്പൂർ നഗരസഭയിലെ ഒ.സി.കെ.പടി മുതൽ വെളിയംതോട് വരെ വരുന്ന 7 കിലോമീറ്റർ ദൂരമാണ് നിർദ്ദിഷ്ട നിലമ്പൂർ ബൈപ്പാസിനുള്ളത്. ഇതിൽ ഒ.സി.കെ.പടി മുതൽ മുക്കട്ടവരെയുള്ള 4.3 കിലോമീറ്റർ ദൂരമാണ് ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നത്. 21-1-2021-ലെ ജി.ഒ. പ്രകാരം നിലമ്പൂർ ബൈപ്പാസിനായി 140 കോടി രൂപയുടെ പുതുക്കിയ സമഗ്ര ഭരണാനുമതിയും പുറപ്പെടുവിച്ചതാണ്. ബൈപ്പാസ് ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 2013-ൽ 15 കോടി രൂപയും തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 29-10-2018-ലെ ജി.ഒ. പ്രകാരം 10 കോടി രൂപയും 31-10-2019-ലെ ജി.ഒ. പ്രകാരം വീണ്ടും 10 കോടി രൂപയുമടക്കം 35 കോടി രൂപയാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്. 6 വർഷം മുമ്പ് ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിച്ച മുക്കട്ട വരെയുള്ള ആദ്യഘട്ടത്തിന്റെ സ്ഥലമേറ്റെടുക്കുന്നതിന് ഇനിയും 34.15 കോടി രൂപ അടിയന്തരമായി അനുവദിക്കേണ്ടതുണ്ട്. ഇതിനുള്ള ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. സ്ഥലമേറ്റെടുക്കുന്നതിന് പണമനുവദിക്കുന്നതിനുള്ള ഫയലിൽപോലും ധനകാര്യ വകുപ്പ് സ്ഥലപരിശോധനാവിഭാഗം നിരന്തരമായി തടസ്സങ്ങളുന്നയിക്കുകയാണ്. നഷ്ടപരിഹാരത്തുക നൽകി സ്ഥലമേറ്റെടുക്കാനാകാത്തതു കാരണം കഴിഞ്ഞ 20 വർഷമായി ഭൂവുടമകൾക്ക് ഈ ഭൂമിയുടെ കരം അടയ്ക്കാനോ വായ്പയെടുക്കാനോ വില്പന നടത്താനോ കഴിയാത്ത അവസ്ഥയാണ്.

നഷ്ടപരിഹാരത്തുക നൽകാതെ അനന്തമായി പദ്ധതി നീട്ടിക്കൊണ്ടുപോകുന്നതും കാലതാമസമുണ്ടാക്കുന്നതും കടുത്ത മനുഷ്യാവകാശ ലംഘനവും ഖേദകരവുമാണ്. മേൽ സാഹചര്യത്തിൽ നിലമ്പൂർ ബൈപ്പാസിന്റെ ഒന്നാംഘട്ടമായ നിലമ്പൂർ മുതൽ മുക്കട്ട വരെയുള്ള 4.3 കിലോമീറ്റർ ദൂരത്തെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും പ്രദേശത്തെ ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനുമുള്ള 34.15 കോടി രൂപ അടിയന്തരമായി അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് ബഹുമാനപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇതിനായി ആദ്യഘട്ടങ്ങളിൽ അനുവദിച്ച തുകയുടെ കണക്ക് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു. ഏകദേശം 35 കോടിയോളം രൂപ പലപ്പോഴായി അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിനായി സർക്കാർ ഉത്തരവുപ്രകാരം 140.43 കോടി രൂപയുടെ Comprehensive Revised Administrative Sanction പുറപ്പെടുവിച്ചിട്ടുണ്ട്. 21-10-2020-ലെ ഉത്തരവിൽ ഈ വകുപ്പിന്റെ അഭിപ്രായപ്രകാരം സ്ഥലം ഏറ്റെടുക്കലിനായി ആകെ വേണ്ടിവരുന്ന തുക, പ്രവൃത്തിക്കായിട്ടുള്ള തുക എന്നിവ പ്രത്യേകം വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ ഒന്നാംഘട്ട പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ മുൻ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക പ്രത്യേകം കണക്കാക്കി റിവൈസ്ഡ് പ്രോജക്ട് കോസ്റ്റ് ഫണ്ടിനുള്ള ശിപാർശ സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 34.15 കോടി രൂപ അനുവദിക്കുന്ന കാര്യം ധനകാര്യ വകുപ്പ് പരിഗണിക്കുന്നതാണ്.

12.00 Noon]

## (10) മൃഗസഞ്ചാര സൗഹൃദ വാഹനം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, മൃഗങ്ങളെ കൊണ്ടുപോകുന്ന വാഹനങ്ങൾ മൃഗസഞ്ചാര സൗഹൃദമാക്കുന്നതിനും മൃഗസംരക്ഷണത്തിനുള്ള നടപടി സ്വീകരിക്കുന്നതിനുംവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ജനവാസ കേന്ദ്രങ്ങളിൽ വന്യജീവികളിറങ്ങി ആക്രമണം നടത്തി മനുഷ്യരുടെ ജീവനും സ്വത്തിനും കനത്ത നാശം സംഭവിക്കുന്നത് പത്ര-ദൃശ്യ മാധ്യമങ്ങളിലും നിയമസഭയിലുമുൾപ്പെടെ ചർച്ച ചെയ്യപ്പെടുന്നതാണ്. കാട്ടിലെ ആവാസവ്യവസ്ഥ

സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനും കുടിവെള്ളം ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കുന്നുണ്ട്. വന്യജീവികളുടെ സംരക്ഷണവുംകൂടി അതിനോടൊപ്പം ചേർക്കേണ്ട പ്രധാനപ്പെട്ട കാര്യമാണ്. ആനയുടെ ആക്രമണം നടക്കുമ്പോൾത്തന്നെ, ആനത്താരയെ പ്രത്യേകമായി സംരക്ഷിക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ആന ഉത്സവങ്ങൾക്കും മറ്റ് ആഘോഷങ്ങൾക്കുമെല്ലാം ഒഴിച്ചുകൂടാനാകാത്ത ഒരു ആകർഷണമാണ്. സീസണായാൽ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് ആനയെ എളുപ്പത്തിൽ കൊണ്ടുപോകാൻ എല്ലാവർക്കും താൽപ്പര്യമാണ്. കൂടുതൽ സ്ഥലങ്ങളിലെത്തിച്ച് പണം നേടുകയെന്നതാണ് അതിന്റെ ലക്ഷ്യം. കാടിനുള്ളിൽ തീറ്റ തേടി ഏകദേശം 40 കിലോമീറ്റർ വരെ ആന സഞ്ചരിക്കുമെന്നാണ് കണക്ക്. 15, 20 കിലോമീറ്റർ ദൂരം ആനയെ നടത്തിക്കൊണ്ടുപോയാൽ അവയുടെ ആരോഗ്യസംരക്ഷണം കൂടിയാകുമെന്നാണ് ഈ മേഖലയിലുള്ളവർ പറയുന്നത്. എന്നാൽ എല്ലാവരും വാഹനങ്ങളിൽ കയറ്റിക്കൊണ്ടുപോകുന്ന സമീപനമാണ് സ്വീകരിക്കുന്നത്. അങ്ങനെ മൃഗങ്ങളെ കൊണ്ടുപോകുന്ന വാഹനങ്ങൾ പരിശോധിക്കേണ്ടതുണ്ട്. വളരെയധികം ഉയരമുള്ളതും കയറാനും ഇറങ്ങാനും പ്രശ്നങ്ങളുള്ളതും ശുദ്ധജലംപോലും കിട്ടാത്തതുമായ വാഹനങ്ങളിലാണ് ആനകളെ കൊണ്ടുപോകുന്നത്. കൂടാതെ വൈദ്യുതി കമ്പികളിൽനിന്നും ഷോക്കേൽക്കുന്ന അവസ്ഥയുമുണ്ടാകുന്നുണ്ട്. ഈ രീതിയിൽ വളരെ ക്രൂരമായാണ് ആ മൃഗത്തോട് പെരുമാറുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. ഇതിന് പരിഹാരം കാണാൻ ലോ ഫ്ലോർ പോലുള്ള വാഹനങ്ങൾ ഇത്തരം കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. അതിനനുസരിച്ചുള്ള നിയമനിർമ്മാണമാണ് വേണ്ടത്. മാംസാഹാരത്തിനായി തമിഴ്നാട്ടിലെ പൊള്ളാച്ചി പോലുള്ള സ്ഥലങ്ങളിൽ നിന്നുമാണ് മൃഗങ്ങളെ ഇവിടെ കൊണ്ടുവരുന്നത്. ശ്വാസം വലിക്കാൻപോലും കഴിയാതെ വാഹനങ്ങളിൽ കുത്തിനിറച്ച് കണ്ണിൽ മുളക് തേച്ചാണ് ഇവയെ കൊണ്ടുവരുന്നതെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. മാംസത്തിന് ഉപയോഗിക്കുന്നതാണെങ്കിലും നാളെ കൊല്ലാൻ പോകുന്ന മൃഗങ്ങളാണെങ്കിൽപ്പോലും അവയോട് നാം സ്വീകരിക്കേണ്ട രീതിയെല്ലാം കാറ്റിൽ പറത്തുകയാണ്. അതുകൊണ്ട് അത്തരം കാര്യങ്ങളിൽ നടപടിയുണ്ടാകണം. ചിലർ പുഴയുടെ തീരത്ത് വണ്ടിനിർത്തി നേരെ ഉന്തിവിടുകയാണ്. അവിടെവച്ച് അതിനെ പിടിച്ച് കശാപ്പുചെയ്യുന്ന സ്ഥിതിയാണ്. അത്തരം മൃഗക്രൂരതയ്ക്കെതിരെയും ഇവയെ കൊണ്ടുപോകുന്ന വാഹനങ്ങൾ സഞ്ചാര സൗഹൃദമാക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ബഹുമാനപ്പെട്ട അംഗം ഇ. ടി. ടൈസൺ മാസ്റ്റർ ഉന്നയിച്ച കാര്യം വളരെ പ്രധാനപ്പെട്ടതാണ്. സംസ്ഥാനത്ത് ഉത്സവാഘോഷങ്ങൾക്കും മറ്റ് പൊതുപരിപാടികൾക്കും നാട്ടാനകളെ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 21-1-2012-ലെ സ.ഉ. (പി) നമ്പർ 3/2011/വനം പ്രകാരം വനം-വന്യജീവി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം വെറ്ററിനറി ഡോക്ടർമാരുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുണ്ടെങ്കിൽ മാത്രമേ ആനകളെ വാഹനത്തിൽ കൊണ്ടുപോകാൻ പാടുള്ളൂ. കയറ്റിക്കൊണ്ടുപോകുന്ന വാഹനത്തിന് 420 സെ.മീ. നീളവും ടയറിന് 90-20 സൈസും ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരം വാഹനങ്ങൾക്കാവശ്യമായ സുരക്ഷിതത്വം ഉറപ്പുവരുത്തി മോട്ടോർ വാഹന വകുപ്പിൽനിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങി ഓരോ ജില്ലയിലേയും നാട്ടാന പരിപാലനത്തിനായി പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുള്ള ഓഫീസറിൽനിന്നും അനുമതിപത്രം വാങ്ങേണ്ടതാണ്. ആനയെ കയറ്റുന്നതിനും ഇറക്കുന്നതിനും ലോറിയുടെ വീതിക്കനുസൃതമായ നീളമുള്ളതും കുറഞ്ഞത് 100 സെ.മീ. വീതിയുള്ളതുമായ ചവിട്ടുപടി ഉണ്ടായിരിക്കേണ്ടതാണ്. വാഹനത്തിന് സൈഡ് ബോഡി ഉണ്ടായിരിക്കേണ്ടതും സഞ്ചാരവേഗത 25 കി. മീറ്ററിൽ അധികരിക്കാൻ പാടില്ലാത്തതും തുടർച്ചയായി 6 മണിക്കൂറിൽ കൂടുതൽ യാത്ര ചെയ്യിക്കാൻ പാടില്ലാത്തതുമാണ്. ആനയെ അയൽ സംസ്ഥാനത്തേയ്ക്ക് കൊണ്ടുപോകുന്നതിന് മുമ്പായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അനുമതി ആവശ്യമാണ്. യാത്രയിലുടനീളം ആനയുടെകൂടെ ഒരു പാപ്പാൻ ഉണ്ടായിരിക്കേണ്ടതും ആവശ്യമായ തീറ്റ വാഹനത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഈ നിയമം പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ട ചുമതല വനം വകുപ്പിനും പോലീസിനുമാണ്. 23-6-2008-ൽ പുറപ്പെടുവിച്ച റവന്യൂ-ദേവസ്വം വകുപ്പിന്റെ 35346/ദേവ 2/2008/ആർ.ഡി. നമ്പർ സർക്കുലർപ്രകാരം കുറഞ്ഞത് 12 അടി നീളമുള്ള ലോറിയിൽ മാത്രമേ ആനകളെ കൊണ്ടുപോകാൻ പാടുള്ളൂ. ഒരു ദിവസം തുടർച്ചയായി 150 കി.മീറ്ററിൽ കൂടുതൽ യാത്ര ചെയ്ത് ആനകളെ കൊണ്ടുപോകാൻ പാടുള്ളതല്ല. മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 1978-ലെ മൃഗക്കടത്ത് നിയമം പാലിച്ചുകൊണ്ടുമാത്രമേ സംസ്ഥാനത്ത് കന്നുകാലികളെ വാഹനങ്ങളിൽ കൊണ്ടുപോകാൻ പാടുള്ളൂ. ഈ നിയമപ്രകാരം മൃഗങ്ങൾക്ക് യാത്രയ്ക്കുമുമ്പ് ആരോഗ്യ പരിശോധന നടത്തി അവ രോഗവിമുക്തമാണെന്നും അവയ്ക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുണ്ടെന്നും അവയെ യാത്ര ചെയ്യിക്കാമെന്നുമുള്ള വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റും അനിവാര്യമാണ്. ഓരോ മൃഗത്തിനും ആവശ്യമായ സ്ഥലം വാഹനത്തിൽ ഉണ്ടായിരിക്കണം.

ആയതുപ്രകാരം വലിപ്പത്തിനനുസരിച്ച് വിവിധ വാഹനങ്ങളിൽ കയറ്റാവുന്ന ഉരുക്കളുടെ എണ്ണവും നിശ്ചയിച്ചിട്ടുണ്ട്. വാഹനങ്ങളിൽ മൃഗങ്ങളെ കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന ക്രൂരത സംബന്ധിച്ച് നിലവിൽ പോലീസാണ് നിയമ നടപടികൾ സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ 18 ചെക്ക്പോസ്റ്റുകളാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് കൊണ്ടുവരുന്ന പക്ഷിമൃഗാദികളുടെ ആരോഗ്യ പരിശോധനയും മൃഗക്കടത്ത് നിയമം പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതും ഈ ചെക്ക്പോസ്റ്റുകളിലാണ്. കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 197-ലാണ് ചരക്ക് വാഹനങ്ങളിൽ മൃഗങ്ങളെ കൊണ്ടുപോകുന്ന വിഷയം പ്രതിപാദിച്ചിരിക്കുന്നത്. പ്രസ്തുത ചട്ടമനുസരിച്ച് വന്യവും അപകടകാരികളുമായ മൃഗങ്ങളെ കൊണ്ടുപോകുന്നതിന് അനുയോജ്യമായ വിധത്തിലുള്ളതും ആവശ്യാനുസരണം സ്ഥലസൗകര്യമുള്ളതുമായ കൂട് വേണമെന്നും വാഹനത്തിൽ ഓരോതരം മൃഗത്തിന്റെയും പ്രത്യേകതയനുസരിച്ച് സ്ഥലം ഉറപ്പുവരുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാഹനങ്ങളിൽ മൃഗങ്ങളെ കുത്തിനിറച്ച് കൊണ്ടുപോകാൻ പാടില്ലെന്നും ഓരോ മൃഗത്തിന്റെയും തരമനുസരിച്ച് ആവശ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം കേരള മോട്ടോർ വാഹന ചട്ടം 197 (1)-ലും കേന്ദ്ര മോട്ടോർ വാഹന ചട്ടം 125 (ഇ)-യിലും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കേന്ദ്ര മോട്ടോർ വാഹന ചട്ടം 93-ൽ പ്രതിപാദിക്കുന്ന അളവുകളുടെ അടിസ്ഥാനത്തിലാണ് വാഹനങ്ങളെല്ലാം രൂപകൽപ്പന ചെയ്ത് നിർമ്മിക്കുന്നത്. മൃഗങ്ങളെ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങൾക്ക് മാത്രമായി അളവുകളിൽ വ്യത്യാസം വരുത്തുവാൻ നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരം സാധിക്കുകയില്ല. എന്നാൽ വാഹനത്തിന്റെ ഉയരത്തിനനുസൃതമായി മൃഗങ്ങൾക്ക് സുഗമമായി കയറുവാനും ഇറങ്ങുവാനും സാധ്യമാകുന്ന തരത്തിൽ എടുത്തുമാറ്റാവുന്ന പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കാവുന്നതാണ്. സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ വഴി മൃഗങ്ങളെ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങൾ കർശനമായും പരിശോധിക്കേണ്ടതാണെന്നും മേൽപ്പറഞ്ഞ ഉത്തരവുകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി മൃഗങ്ങളെ കൊണ്ടുപോകുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സംസ്ഥാനത്തിനകത്ത് വാഹനങ്ങളിൽ മൃഗങ്ങളെ കുത്തിനിറച്ച് കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി വാഹനം സംസ്ഥാനത്തിനുള്ളിലേയ്ക്ക് കടത്തിവിട്ട ചെക്ക്പോസ്റ്റ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാർ സബ്മിഷനുകൾക്കുള്ള മറുപടി കഴിയുന്നത്ര സംക്ഷിപ്തമായി നൽകേണ്ടതാണ്. സബ്മിഷൻ അവതരിപ്പിക്കുന്നതും മറുപടി പറയുന്നതും സംക്ഷിപ്തമായിട്ടായിരിക്കണം. പത്ത് സബ്മിഷനുകൾ ഉന്നയിക്കുന്നതിനും മറുപടി പറയുന്നതിനുമായി അനുവദിക്കപ്പെട്ടിട്ടുള്ള സമയം അരമണിക്കൂർ മാത്രമാണ്. സബ്മിഷൻ ഉന്നയിക്കുന്ന അംഗങ്ങളും മറുപടി പറയുന്ന മന്ത്രിമാരും കാര്യമാത്ര പ്രസക്തമാകാൻ ശ്രദ്ധിക്കണം. അഞ്ചുമിനിട്ട് വരെ മറുപടി പറയാനെടുക്കുന്നത് വളരെ ബുദ്ധിമുട്ടുണ്ടാക്കും.

## V റിപ്പോർട്ട് സമർപ്പണം

### 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ ചെയർമാനായ ഞാൻ 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## VI ക്രമപ്രശ്നം

### (1) ചട്ടങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം

ഡോ. മാത്യു കുഴൽനാടൻ: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 (എ) പ്രകാരം ഏതെങ്കിലും ഒരു ചട്ടം നിർമ്മിച്ചുകഴിഞ്ഞാൽ രണ്ട് മാസത്തിനകം അത് സഭയുടെ മുമ്പാകെ സമർപ്പിക്കണമെന്ന വ്യവസ്ഥയുണ്ട്. നിരന്തരം അതിന് ഇളവുകൾ നൽകുന്നതുകൊണ്ട് പലപ്പോഴും അത് നടക്കാറില്ല. ഇതിനേക്കാൾ അതീവ ഗൗരവകരമായൊരു കാര്യം, ഒരു സാമാജികനെന്ന നിലയിലും അതുപോലെ സഭയ്ക്കാകമാനം അപമാനമുണ്ടാക്കിയതുമായ ഒരു സംഭവമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പോലീസ് ആക്ടിന്റെ ചട്ടം എസ്.ആർ.ഒ. നമ്പർ 275/2020 17-4-2020-ൽ പ്രസിദ്ധീകരിച്ചു. 1-6-2021-ന് അതായത്, ഒരു വർഷത്തിനുശേഷം ആ ചട്ടങ്ങൾ സഭയുടെ മേശപ്പുറത്ത് വച്ചു. സ്വാഭാവികമായും അംഗങ്ങൾ അത് പരിശോധിച്ച് അതിൽ ഭേദഗതികൾ നിർദ്ദേശിക്കുകയുണ്ടായി. എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. എൻ. ഷംസുദ്ദീൻ, എല്ലാം വളരെ ആഴത്തിൽ

പരിശോധിക്കുന്ന ഒരു വ്യക്തിയാണ്. അദ്ദേഹം ഭേദഗതി നൽകിയത് ഒൻപതാം വകുപ്പിനാണ്. അദ്ദേഹം സഭ മുമ്പാകെ വച്ച രേഖകൾ പരിശോധിച്ച് ഒൻപതാം വകുപ്പിനെ സ്വാഗതം ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി പരാമർശിച്ചു. അതിന് മുതിർന്ന നേതാവായ തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയായ ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്ററായിരുന്നു മറുപടി പറഞ്ഞത്. എന്നാൽ അദ്ദേഹം മറുപടി പറഞ്ഞപ്പോഴും പ്രത്യേകിച്ച് ഒരു കാര്യവും പരാമർശിച്ചില്ല. എന്നാൽ പിന്നീട് രണ്ടാം സമ്മേളനത്തിലും 275/2020-ാം നമ്പർ എസ്.ആർ.ഒ. വീണ്ടും വയ്ക്കേണ്ടിവന്നു. അപ്പോൾ ഞാനടക്കമുള്ള അംഗങ്ങൾ 5-10-2021-ന് ഭേദഗതികൾ നൽകുകയും അതിനെ സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തു. അതിനുശേഷമാണ് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടത്. അതായത്, ഈ എസ്.ആർ.ഒ. നിയമസഭ ചർച്ച ചെയ്യുന്ന സമയത്ത്, ആദ്യത്തെ എസ്.ആർ.ഒ. ഇറക്കി ഒരു മാസം കഴിഞ്ഞപ്പോൾ 345/2020-ാം നമ്പർ എസ്.ആർ.ഒ. അമെന്റ്മെന്റ് വഴി ഒൻപതാം വകുപ്പിലെ പല പ്രൊവിഷൻസും നീക്കം ചെയ്യുകയും ഭേദഗതി വരുത്തുകയും ചെയ്തിരുന്നു. അക്കാര്യം സഭയുടെ മുമ്പിൽ കൊണ്ടുവന്നിട്ടില്ല. ചർച്ച നടക്കുമ്പോൾ, കുറഞ്ഞപക്ഷം മന്ത്രി ഒൻപതാം വകുപ്പിനുള്ള മറുപടി പറഞ്ഞ സന്ദർഭത്തിലെങ്കിലും ഇങ്ങനെയൊരു മാറ്റം വരുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിക്കേണ്ടതല്ലേ? ഇത് നിയമസഭാ സാമാജികനെന്ന നിലയിൽ മാത്രമല്ല, മന്ത്രിമാർപോലും കഥയറിയാതെ ആട്ടം കാണുന്ന സ്ഥിതിയാണ് ഇവിടെ നടക്കുന്നത്. എത്ര നിസ്സാരമായാണ് നിയമസഭയെ ഉദ്യോഗസ്ഥർ കാണുന്നതെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണത്. നിലവിലില്ലാത്ത ചട്ടത്തെക്കുറിച്ച് ഒരു സാമാജികന് അഭിപ്രായം പറയേണ്ടിവരികയെന്നതും നിലവിലില്ലാത്ത ഒരു ചട്ടത്തിൽ വന്ന ഭേദഗതിയെക്കുറിച്ച് മന്ത്രി മറുപടി പറയേണ്ടിവരികയെന്നതും അങ്ങേയറ്റം അപമാനകരമായ സംഗതിയാണ്. ഇതുസംബന്ധിച്ച് ശക്തമായ റൂളിംഗ് ബഹുമാനപ്പെട്ട ചെയർ നൽകേണ്ടതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2011 -ലെ കേരള പോലീസ് ആക്റ്റിന് കീഴിൽ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ നടപടിക്രമങ്ങളെല്ലാം പാലിച്ച്, 2020-ൽ കേരള പോലീസ് ചട്ടങ്ങളെന്ന പേരിൽ എസ്.ആർ.ഒ. നമ്പർ 275/2020 ആയി 2020 ഏപ്രിൽ 17-ാം തീയതിയിലെ 1056-ാം നമ്പർ അസാധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്തിരുന്നു. അപ്രകാരം പുറപ്പെടുവിച്ച ചട്ടങ്ങളിൽ കേരള പോലീസ് സേനയിലെ അസോസിയേഷനുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചില ഭേദഗതികൾ ആവശ്യമായി കണ്ടതിനാൽ ഈ ചട്ടങ്ങളിലെ ഒൻപതാം ചട്ടം ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

അതിന്റെ അടിസ്ഥാനത്തിൽ 2020-ലെ കേരള പോലീസ് ഭേദഗതി ചട്ടങ്ങൾ വിഷയനിർണ്ണയ സമിതിയുടെ സാധൂകരണത്തിന് വിധേയമായി 26-5-2020-ലെ 1266-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 345/2020 ആയി വിജ്ഞാപനം ചെയ്യുകയുണ്ടായി. എന്നാൽ സംസ്ഥാനത്ത് കോവിഡ്-19-ന്റെ ഒന്നാം തരംഗവും തുടർന്നുള്ള മാസങ്ങളിലെ ലോക്ക്ഡൗണും കാരണം സർക്കാർ ഓഫീസുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കാതിരുന്നതും എസ്.ആർ.ഒ. നമ്പർ 275/2020-ഉം എസ്.ആർ.ഒ. നമ്പർ 345/2020-ാം നമ്പർ ഭേദഗതി ചട്ടവും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് കാലതാമസം നേരിട്ടു. പിന്നീട് കാലതാമസപത്രിക സഹിതം സമർപ്പിക്കുകയും മൂലചട്ടം 1-6-2021-ന് സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. എസ്.ആർ.ഒ. നമ്പർ 345/2020 ഭേദഗതി ചട്ടം 7-9-2021-ൽ കൂടിയ വിഷയനിർണ്ണയ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ സാധൂകരിച്ചിട്ടുമുണ്ട്. കാലതാമസപത്രിക സഹിതം പ്രസ്തുത വിജ്ഞാപനം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിന് സമർപ്പിച്ചിട്ടുണ്ട്. 10-6-2021-ലേയും 4-8-2021-ലേയും മൂലചട്ടത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ 26-5-2020-ൽ പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 345/2020 ഭേദഗതിയുമായി യാതൊരു തരത്തിലും ബന്ധമുള്ളതല്ല. ബഹുമാനപ്പെട്ട അംഗങ്ങൾ സമർപ്പിച്ച നിർദ്ദേശങ്ങൾക്ക് മറുപടി നൽകിയ സന്ദർഭത്തിൽ പുതിയ ഭേദഗതിയുമായി പ്രസ്തുത നിർദ്ദേശങ്ങൾക്ക് ബന്ധമില്ലാത്തതിനാൽ ഭേദഗതിയുടെ കാര്യം മറുപടിയിൽ പരാമർശിക്കേണ്ടി വന്നിട്ടില്ല. ആയതിനാൽ എസ്.ആർ.ഒ. നമ്പർ 345/2020-ന്റെ കാര്യം സർക്കാർ മറച്ചുവച്ചുവെന്നും നിയമസഭാംഗങ്ങളുടെ അവകാശം കവർന്നെടുത്തുവെന്നുമുള്ള പരാമർശം വസ്തുതാപരമായി ശരിയല്ലെന്ന കാര്യം അറിയിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ വകുപ്പുതലത്തിൽ ബോധപൂർവ്വമായ കാലതാമസം വന്നിട്ടുണ്ടോയെന്നകാര്യം സർക്കാർ ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.

## റൂളിംഗ്

മി. സ്പീക്കർ: ഓർഡർ..........ഓർഡർ........

2020 ഏപ്രിൽ 16-ാം തീയതി വിജ്ഞാപനം ചെയ്ത 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്ക് എസ്.ആർ.ഒ. നമ്പർ 275/2020 ഭേദഗതി വരുത്തിക്കൊണ്ട് 2020 മേയ് 25-ാം തീയതി വിജ്ഞാപനം ചെയ്ത ഭേദഗതി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 345/2020), നാളിതുവരെ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായില്ലെന്നും മൂലചട്ടങ്ങൾക്ക് ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് അംഗങ്ങൾ

നൽകിയ നോട്ടീസിന്മേൽ 2021 ജൂൺ 10-ാം തീയതിയും 2021 ആഗസ്റ്റ് 4-ാം തീയതിയും സഭയിൽ ചർച്ച നടന്ന വേളകളിൽപ്പോലും മൂലചട്ടങ്ങൾക്ക് സർക്കാർ ഭേദഗതി വരുത്തിയ കാര്യം പരാമർശിക്കുകയുണ്ടായില്ലെന്നും ഇത് അംഗങ്ങളുടേയും സഭയുടേയും അറിയാനുള്ള അവകാശത്തിന്റെ ലംഘനമാണെന്നും ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണെന്നുമാണ് ഡോ. മാത്യു കുഴൽനാടൻ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം എസ്.ആർ.ഒ. നമ്പർ 345/2020 യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കാര്യത്തിൽ സംഭവിച്ചുപോയ കാലതാമസം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച ക്രമപ്രശ്നവും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണവും ബന്ധപ്പെട്ട ചട്ടങ്ങളുടെയും സഭാ കീഴ്വഴക്കങ്ങളുടെയും പശ്ചാത്തലത്തിൽ ചെയർ വളരെ വിശദമായി പരിശോധിക്കുകയുണ്ടായി. 2020 ഏപ്രിൽ 16-ാം തീയതി വിജ്ഞാപനം ചെയ്ത മൂലചട്ടങ്ങൾ കോവിഡ് പശ്ചാത്തലത്തിൽ സഭാ സമ്മേളനങ്ങൾ ഒഴിവാക്കപ്പെട്ട സാഹചര്യത്തിൽ 2021 ജൂൺ 1-നാണ് ആദ്യം സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായത്. തുടർന്ന് 23-7-2021-ന് അത് വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിന്മേൽ 2021 ജൂൺ മാസം 10-ാം തീയതിയും ആഗസ്റ്റ് മാസം 4-ാം തീയതിയും അംഗങ്ങൾ ഭേദഗതി നോട്ടീസുകൾ നൽകുകയും സഭ പരിഗണിക്കുകയും ചെയ്തിരുന്നു. എന്നാൽ മൂലചട്ടങ്ങൾക്ക് ഭേദഗതി വരുത്തികൊണ്ടും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധന കൂടാതെയും 2020 മേയ് 25-ാം തീയതി ആഭ്യന്തരവകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനം എസ്.ആർ.ഒ നമ്പർ 345/2020 യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കാതിരുന്നതിനാൽ മൂലചട്ടത്തിന് ഭേദഗതി നൽകിയിരുന്ന അംഗങ്ങൾക്കും സഭയ്ക്കാകെയും പ്രസ്തുത ഭേദഗതി ചട്ടങ്ങളെ സംബന്ധിച്ച് ഒരു ധാരണയും ആ സമയമുണ്ടായിരുന്നില്ല. അക്കാര്യമാണ് പ്രധാനമായും ക്രമപ്രശ്നം ഉന്നയിച്ച അംഗം ചൂണ്ടിക്കാണിച്ചത്. സഭാ ചട്ടം 238(1) ന്റെ രണ്ടാം ക്ലിപ്ത നിബന്ധന പ്രകാരമുള്ള സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണം ലഭ്യമാകാത്ത സാഹചര്യത്തിലാണ് പ്രസ്തുത ഭേദഗതി ചട്ടം സഭയുടെ മേശപ്പുറത്ത് വയ്ക്കാതിരുന്നതെന്ന വാദം നിലനിൽക്കുന്നതല്ല. ഭേദഗതി ചട്ടങ്ങളും മൂലചട്ടങ്ങൾക്കൊപ്പം 2021 ജൂൺ 1-നും ജൂലൈ 23-നും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിരുന്നു. നിയമസഭാ നടപടി ചട്ടം 166(1)-ൽ ഏതൊരു ചട്ടവും അത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധനയ്ക്കുശേഷമോ, പരിശോധന കൂടാതെയോ പുറപ്പെടുവിച്ച് കഴിഞ്ഞാൽ ഉടൻതന്നെ നിർദ്ദിഷ്ട കാലയളവിനുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിൽ ചട്ടം വളരെ വ്യക്തമാണ്. മൂലനിയമമായ 2010-ലെ കേരള പോലീസ് ആക്ടിലെ (2011 -ലെ 8) സെക്ഷൻ 129(3) -ലും അപ്രകാരമാണ് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളത്.

അതുകൊണ്ട് യാതൊരു അവ്യക്തതയും ഈ വിഷയത്തിൽ ഉണ്ടാവേണ്ട കാര്യമില്ല. ഇവിടെ പരാമർശിക്കപ്പെട്ട ഭേദഗതി ചട്ടങ്ങൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥതലത്തിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പ്രസ്താവന സ്വാഗതാർഹമാണ്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി യുക്തമായ നടപടി സ്വീകരിക്കണമെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കപ്പെടാതിരിക്കാൻ കർശന മാർഗ്ഗനിർദേശം പുറപ്പെടുവിക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു. സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ യഥാസമയം വയ്ക്കുന്നില്ലെന്ന പരാതികൾ ആവർത്തിച്ച് ആവർത്തിച്ച് സഭാതലത്തിൽ ഉയർന്നുവരുന്ന സാഹചര്യത്തിൽ ചീഫ് സെക്രട്ടറി തലത്തിൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് കർശനമായ പരിഹാര നടപടി സ്വീകരിക്കേണ്ടതാണെന്നും ചെയർ നിർദ്ദേശിക്കുന്നു.

## VII നിയമനിർമ്മാണകാര്യം

(1) 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

(ii) 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## ക്രമപ്രശ്നം (തുടർച്ച)

### (2) 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിലെ അപാകതകൾ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇന്ന് മന്ത്രി അവതരിപ്പിച്ച 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിൽ ഇന്ത്യൻ ഭരണഘടനയുടെ 73, 74 അനുച്ഛേദങ്ങൾ ഭേദഗതി ചെയ്ത് പാർലമെന്റ് പാസ്സാക്കിയ പഞ്ചായത്ത് രാജ്-നഗരപാലിക നിയമങ്ങൾക്ക് പരസ്പരവിരുദ്ധമായ ക്ലോസുകളാണുള്ളത്. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരം സംസ്ഥാന സർക്കാരിലേയ്ക്ക് ഈ ബിൽ വഴി തിരിച്ചെടുക്കുകയാണ്. അതും ഭരണഘടനാവിരുദ്ധമായ പ്രവർത്തിയാണ്. ഈ ബില്ലിലെ 15-ാം വകുപ്പ് പഞ്ചായത്ത് രാജ് ആക്ടിലെ 166, മുനിസിപ്പൽ ആക്ടിലെ 30 എന്നീ വകുപ്പുകൾക്ക് വിരുദ്ധമാണ്. ഞാനത് വിശദീകരിക്കുന്നില്ല. പഞ്ചായത്ത് രാജ് ആക്ടിലെ 218, 219, 234 എന്നീ വകുപ്പുകൾ പ്രകാരം കുടിവെള്ളം, കാർഷിക വ്യവസായ വാണിജ്യ ആവശ്യങ്ങൾക്കുള്ള ജലവിതരണം എന്നിവ സംബന്ധിച്ച ഭരണഘടനാപരമായ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. മനുഷ്യന്റെ ഉപയോഗത്തിനുള്ള ജലവും മലിനജല നിർമ്മാർജ്ജനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽപ്പെട്ടതാണ്. ഈ അധികാരം പ്രസ്തുത ആക്ടിലൂടെ സർക്കാർ കവർന്നെടുക്കുകയാണ്. പഞ്ചായത്ത് രാജ് ആക്ട് 218-ൽ പറയുന്നത്, ഗ്രാമപഞ്ചായത്തുകളിലെ ജലമാർഗ്ഗം, നീരുറവകൾ, ജലസംഭരണികൾ മുതലായവ ഏൽപ്പിക്കൽ, 1957-ലെ കേരള ഭൂസംരക്ഷണ ആക്ടിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന സമയത്ത് നിലവിലുള്ളതോ, അതിന് ശേഷമുണ്ടാക്കുകയോ, ഏർപ്പെടുത്തുകയോ അതിനുശേഷം ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ പണിയുകയോ ചെയ്തിട്ടുള്ളതോ ആയതോ, അവ പഞ്ചായത്ത് ചെലവിൽ ഉണ്ടാക്കുകയോ പണിയുകയോ ചെയ്തിട്ടുള്ളവ ആയിരുന്നാലുമല്ലെങ്കിലും, പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭവ അവകാശം നൽകത്തക്ക വിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്നവ ഉൾപ്പെടെയുള്ള എല്ലാ പൊതുജലമാർഗ്ഗങ്ങളും (പഞ്ചായത്ത് പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദികളുടെ തടങ്ങളും തീരങ്ങളും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും തോടുകളും തടാകങ്ങളും കായലുകളും ജലമാർഗ്ഗങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും.........

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അത് മുഴുവൻ വായിക്കണമെന്നില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മന്ത്രി ഇപ്പോൾ ഇവിടെ അവതരിപ്പിച്ച ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്ന ജല വിതരണവുമായി ബന്ധപ്പെട്ടതെല്ലാം പഞ്ചായത്തിന് നൽകിയിട്ടുണ്ടെന്നാണ് പഞ്ചായത്ത് രാജ് ആക്ടിലെ 218-ാം വകുപ്പിൽ വളരെ വ്യക്തമായി പറയുന്നത്. അതുപോലെ 219-ാം വകുപ്പിൽ 'ചവറും കരാർ വ്യവസ്ഥയിലുള്ള വർജ്യ വസ്തുക്കളും' പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയൊരു അധികാരമാണ്. അവർ പ്രസ്തുത ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ ബിൽ അതിനുമേലുള്ള ഒരു കടന്നുകയറ്റമാകും. അതുപോലെ കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ വ്യവസ്ഥകൾ നിലനിൽക്കുമ്പോൾത്തന്നെ സാനിറ്ററി ഫിറ്റ്നസ് ആരോഗ്യ വകുപ്പ് കൊടുക്കണമെന്ന് പറയുകയാണ്. അത് പഞ്ചായത്താണ് കൊടുക്കേണ്ടത്. പുതിയ ബിൽ പ്രകാരം പഞ്ചായത്തിന്റെ അധികാരങ്ങളെല്ലാം ആരോഗ്യ വകുപ്പിലേയ്ക്ക് പോകുകയാണ്. ഇതുപോലെ പൊതുജനാരോഗ്യം, കുടിവെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, രോഗപ്രതിരോധം എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെട്ട അവകാശങ്ങളെല്ലാം ആരോഗ്യ വകുപ്പിന് ലഭിക്കുകയാണ്. ഇതോടുകൂടി ഒരു കാര്യത്തിന് രണ്ട് നിയമമുണ്ടാകുകയാണ്. അതുകൊണ്ടുതന്നെ conflict of law ഇവിടെയുണ്ടാകും. ഒരേ കാര്യത്തിന് ഏത് നിയമത്തിലെ വ്യവസ്ഥയാണ് പൊതുജനത്തിന് ബാധകമാകുക. രണ്ടിലും പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും വ്യത്യസ്തവുമാണ്. ഇതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് നിയമപ്രകാരമുള്ള ഏത് ശിക്ഷ നടപ്പിലാക്കും; പഞ്ചായത്ത് രാജ് പ്രകാരം നടപ്പാക്കുമോ; പൊതുജനാരോഗ്യം വഴി നടപ്പിലാക്കുമോ? ഈ ബിൽ അവധാനതയോട് കൂടിയല്ല തയ്യാറാക്കിയിട്ടുള്ളത്. ഞാൻ നേരത്തെ സൂചിപ്പിച്ച പ്രതിസന്ധി ഇക്കാര്യത്തിലുണ്ട്. അത് മനസ്സിലാക്കിയിട്ടായിരിക്കാം മറ്റുള്ള ബില്ലുകളിൽനിന്ന് വ്യത്യസ്തമായി ഇത് സെലക്ട് കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചത്. എന്നിരുന്നാൽപ്പോലും ഈ നിയമപ്രശ്നം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പാർലമെന്റ് കൊണ്ടുവന്ന വളരെ പ്രധാനപ്പെട്ടതാണ് 73, 74 ഭരണഘടനാ ഭേദഗതികൾ. അതിന്റെ അടിസ്ഥാനത്തിൽ വന്ന പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരവും 2000-ത്തിൽ കൊണ്ടുവന്ന അധികാര വികേന്ദ്രീകരണ നിയമപ്രകാരവും പൊതുജനാരോഗ്യം സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയിരിക്കുന്ന അധികാരങ്ങളെ കവർന്നെടുക്കുന്നതാണ് 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ. അതിലെ കുറേ കാര്യങ്ങൾ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുകൊണ്ടും സമയക്കുറവുള്ളതുകൊണ്ടും ഞാൻ ആവർത്തിക്കുന്നില്ല.

ഖണ്ഡം 32 പ്രകാരമുള്ള മാതൃശിശു ക്ഷേമ കേന്ദ്രങ്ങൾ നടത്തുന്നതിന് ലോക്കൽ പബ്ലിക് ഹെൽത്ത് അധികാരിക്ക് ചുമതല നൽകുന്നു. അതുപോലെ ഖണ്ഡം 69 പ്രകാരം പ്രായമായവർ, നിരാലംബർ എന്നിവർക്കുള്ള ആരോഗ്യ പരിപാലന പരിപാടിയും പബ്ലിക് ഹെൽത്ത് അധികാരിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇതെല്ലാം പഞ്ചായത്ത്, മുനിസിപ്പാലിറ്റി നിയമങ്ങൾക്കും അവർക്ക് കൈമാറി കിട്ടിയ അധികാരങ്ങൾക്കുംമേലുള്ള കടന്നുകയറ്റമാണ്. അതുമാത്രമല്ല, ഇവിടെ പറഞ്ഞ 2000-ലെ നിയമം വന്നതിനുശേഷം അതിലെ 5-ാം വകുപ്പ് പ്രകാരം 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടിലും 11-ാം വകുപ്പ് പ്രകാരം 1955-ലെ ട്രാവൻകൂർ പബ്ലിക് ഹെൽത്ത് ആക്ടിലും മാറ്റങ്ങൾ വന്നിട്ടുണ്ട്. അതിനുശേഷമാണ് സർക്കാർ കൈമാറിയ ആരോഗ്യ സ്ഥാപനങ്ങൾ നടത്താനുള്ള അധികാരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടിയത്. മാത്രമല്ല, ഡയറക്ടർ ഓഫ് പബ്ലിക് ഹെൽത്ത് എന്ന വാക്ക് വരുന്നിടത്തെല്ലാം ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ് എന്ന് മാറ്റം വരുത്തിയിട്ടുണ്ട്. അതിനുശേഷം പഞ്ചായത്ത് രാജ് ആക്ടിലോ അല്ലെങ്കിൽ മുനിസിപ്പാലിറ്റി ആക്ടിലോ 2000-ലെ ആക്ടിലോ ഭേദഗതികളൊന്നും വന്നിട്ടില്ല. ഭേദഗതികളൊന്നും വരാത്ത സാഹചര്യത്തിൽ അവരുടെ അധികാരങ്ങൾക്കുമേൽ, അത് സ്റ്റേറ്റിലെ അധികാരിയാണെങ്കിലും ജില്ലാ അധികാരിയാണെങ്കിലും ലോക്കൽ അധികാരിയാണെങ്കിലും, പാർലമെന്റ് ഭരണഘടനാ ഭേദഗതിയിൽക്കൂടി നൽകിയ വിപുലമായ പ്രാദേശിക ഭരണകൂടങ്ങളുടെ അധികാരത്തിന്മേൽ ഈ നിയമം കടന്നുകയറുകയാണ്. നമ്മൾ ഡീ-സെൻട്രലൈസേഷനെന്ന് പറയുകയും റീ-സെൻട്രലൈസേഷനിലേയ്ക്ക് പോകുകയും ചെയ്യുകയാണ്. ഡീ-സെൻട്രലൈസേഷൻ റീ-സെൻട്രലൈസേഷനാകുന്നത് അപകടകരമായ പ്രവണതയാണ്. അതുകൊണ്ട് സെലക്ട് കമ്മിറ്റിയിലേയ്ക്ക് പോകേണ്ടത് കുറ്റമറ്റ ഒരു നിയമമായിരിക്കണമെന്നുള്ള തടസ്സവാദമാണ് ഞാൻ ഉന്നയിക്കുന്നത്.

## (3) ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

ശ്രീ. അൻവർ സാദത്ത്: സർ, 1953-ലെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമം റിപ്പീൽ ചെയ്യുന്നതിനായി നാലാം കേരള നിയമസഭയുടെ കാലത്ത് 1972-ലെ കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി എൻ. കെ ബാലകൃഷ്ണൻ 1972 ഒക്ടോബർ 26-ാം തീയതി സഭയിൽ അവതരിപ്പിച്ചിരുന്നു. ഒക്ടോബർ 30-ാം തീയതി പ്രസ്തുത ബിൽ ചർച്ചയ്ക്കുശേഷം സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു. സെലക്ട് കമ്മിറ്റി അതിന്റെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും 1975 മാർച്ച് 21-ാം തീയതി സഭ പ്രസ്തുത ബിൽ പാസ്സാക്കുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട ഗവർണർ പ്രസ്തുത

ബിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ഭരണഘടനയുടെ ആർട്ടിക്കിൾ 201 പ്രകാരം രാഷ്ട്രപതി പ്രസ്തുത ബിൽ സഭയുടെ പുനഃപരിശോധനയ്ക്കായി മടക്കി അയയ്ക്കുകയും ചെയ്തു. നാലാം കേരള നിയമസഭയുടെ കാലയളവിൽ പ്രസ്തുത ബിൽ സഭ പുനഃപരിശോധിക്കുകയുണ്ടായിട്ടില്ല. ഇക്കാര്യം 2021-ലെ കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. ഏത് കാരണത്താലാണ് ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ കേരള നിയമസഭയിലേയ്ക്ക് പുനഃപരിശോധനയ്ക്കയച്ചതെന്ന് അറിയാൻ സഭയ്ക്ക് താൽപ്പര്യമുണ്ട്. ഇക്കാര്യം ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ പരാമർശിച്ചിട്ടില്ല. ഇന്ത്യൻ ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ ലിസ്റ്റ് -III-ലെ എൻട്രി 26-ൽ ഉൾപ്പെടുന്നതാണ് വൈദ്യവൃത്തി. കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ വിഷയം സംബന്ധിച്ച് സഭ നിയമനിർമ്മാണം നടത്തിയാൽ അത് രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് ബഹുമാനപ്പെട്ട ഗവർണർ അയയ്ക്കേണ്ടിവരും.

1972-ലെ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ ബഹുമാനപ്പെട്ട ഗവർണർ ബഹുമാനപ്പെട്ട രാഷ്ട്രപതിക്ക് അയച്ച സാഹചര്യത്തിൽ ഈ ബില്ലും രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് അയയ്ക്കേണ്ടിവരും. ആയതിനാൽ ഈ ബില്ലിന് കേന്ദ്ര സർക്കാരിൽനിന്നും മുൻകൂർ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന കാര്യം വ്യക്തമാക്കണം. അഥവാ അങ്ങനെ ലഭിച്ചിട്ടുണ്ടെങ്കിൽ സഭയെ അക്കാര്യം അറിയിക്കാതിരുന്നത് എന്തുകൊണ്ടാണെന്നുകൂടി വ്യക്തമാക്കണം. ഈ നിയമം നടപ്പിലാക്കിയാൽ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്നും യാതൊരുവിധ അധിക ചെലവും ഉണ്ടാകുന്നതല്ലെന്ന ധനകാര്യ മെമ്മോറാണ്ടം വസ്തുതകളെ സഭയിൽനിന്നും മറച്ചുവച്ചുകൊണ്ടുള്ള ഒന്നാണ്. കൃത്യമായ മതിപ്പ് ചെലവ് എത്രയാകുമെന്ന് പറയാൻ സാധിക്കാത്ത സാഹചര്യത്തിൽ ഏകദേശം നിശ്ചിത തുക ചെലവാകുമെന്ന് പല ബില്ലുകളുടെയും ധനകാര്യ മെമ്മോറാണ്ടത്തിൽ ചൂണ്ടിക്കാണിക്കാറുണ്ട്. ഈ ബില്ലിന്റെ ഭാഗമായ ധനകാര്യ മെമ്മോറാണ്ടം നിയമസഭാ ചട്ടം 73-ന്റെ ലംഘനവും 6-10-2021-ലെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധവുമാണ്. ആയതിനാൽ പുതിയ ധനകാര്യ മെമ്മോറാണ്ടം പുറത്തിറക്കാൻ അങ്ങ് റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഇവിടെ സൂചിപ്പിച്ച കാര്യം തന്നെയാണിത്. നിയമനിർമ്മാണത്തിന് വേണ്ടിമാത്രം ചേരുന്ന സഭയാണിത്. അതുകൊണ്ട് ഒരു നിയമനിർമ്മാണം നടത്തുമ്പോൾ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് നല്ല മുന്നൊരുക്കം നടത്താനുള്ള സമയം ലഭിക്കും. ഞങ്ങളിത് ഇവിടെ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിന്റെ ഖണ്ഡം 17-ൽ പറയുന്നത് "ഓരോ

കൗൺസിലിന്റെയും പ്രസിഡന്റിനും വൈസ്-പ്രസിഡന്റിനും മറ്റംഗങ്ങൾക്കും കൗൺസിലിന്റെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ യോഗങ്ങളുമായി ബന്ധപ്പെട്ട് ഹാജരാകുന്നതിന് കാലാകാലങ്ങളിൽ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന, അങ്ങനെയുള്ള ഫീസുകളും ബത്തകളും അങ്ങനെയുള്ള യാത്രാബത്തകളും നൽകപ്പെടുന്നതാണ് എന്നാണ്. സാമ്പത്തികമായ ബാധ്യത ഗവൺമെന്റിന് വരുന്നു എന്നുള്ളതാണ്. അതുപോലെ ഖണ്ഡം 21 (1)-ൽ ഉദ്യോഗസ്ഥരെ ചട്ടങ്ങൾ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നിയമിക്കാവുന്നതോ ജോലിക്ക് ഏർപ്പെടുത്താവുന്നതോ ആണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇക്കാര്യം വളരെ വിശദമായിത്തന്നെ ഖണ്ഡം 21 (1)-ൽ പറയുന്നുണ്ട്. " മൂന്ന് കൗൺസിലുകളുടെയും ഒരു സംയുക്ത സിറ്റിംഗിൽ, ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി അത് ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിയമിക്കുകയോ ജോലിയിൽ ഏർപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. കൗൺസിലുകളിലെ എല്ലാ ഓഫീസ് സ്റ്റാഫിന്റെയും നിയമന അധികാരി രജിസ്ട്രാർ ആയിരിക്കുന്നതും കൂടാതെ അദ്ദേഹം അച്ചടക്ക അധികാരിയും ആയിരിക്കുന്നതാണ്." ഇവിടെയും സാമ്പത്തിക ബാധ്യതയാണ് സൂചിപ്പിക്കുന്നത്. അതോടൊപ്പംതന്നെ ഖണ്ഡം 21 (2)ൽ വളരെ സ്പെസിഫിക്കായി പറയുന്നുണ്ട്, " (1)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്നതും ജോലിയിൽ ഏർപ്പെടുത്തുന്നതുമായ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും അതുപോലെ ശമ്പളം, ബത്തകൾ, സ്ഥാനക്കയറ്റങ്ങൾ, അവധി, പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് പോലെയുള്ള സേവന വേതന വ്യവസ്ഥകളും സമാന വിഭാഗത്തിലുള്ള/ഗ്രേഡിലുള്ള സർക്കാർ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ബാധകമായിട്ടുള്ള ചട്ടങ്ങളാൽ അനുശാസിക്കപ്പെടാവുന്നതാണ്." സാമ്പത്തിക ബാധ്യത വളരെ വ്യക്തമായി വരുന്നുവെന്ന് ഇതിനകത്ത് വരുമ്പോഴും ഇവിടെ പറയുന്നത് യാതൊരു ചെലവുമില്ല എന്നാണ്. അപ്പോൾ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിൽ വലിയ വീഴ്ചയാണുണ്ടാകുന്നത്. ധനകാര്യ വകുപ്പിൽനിന്നും അതിന്റെ കണക്കെടുക്കാൻ നമുക്ക് ഇഷ്ടംപോലെ സമയം ലഭ്യമാണ്. പക്ഷേ, എളുപ്പത്തിൽ ബിൽ അവതരിപ്പിക്കുന്ന കാര്യം വരുമ്പോൾ സാമ്പത്തിക ബാധ്യതയില്ലെന്ന് ഒറ്റവാക്കിൽ പറയുകയാണ്. സുഗമമായ കാര്യനിർവ്വഹണത്തിന്റെ പേരിൽ ഇത്തരം നടപടിക്രമങ്ങൾ തുടർച്ചയായി സഭ അംഗീകരിച്ചുകൊടുക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഇതുസംബന്ധിച്ച് റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നീ ബഹുമാന്യരായ അംഗങ്ങൾ നിയമസഭാ ചട്ടം യഥാക്രമം 71, 303 പ്രകാരം ഇവിടെ ഉന്നയിച്ചിരിക്കുന്ന ക്രമപ്രശ്നങ്ങളിലെ സാരാംശം ഒന്നുതന്നെയാണ്. 73, 74 ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പഞ്ചായത്ത്‌രാജ്, നഗരപാലിക നിയമങ്ങൾക്ക് ഈ ബില്ലിലെ വ്യവസ്ഥകൾ വിരുദ്ധമാണെന്നുള്ളതാണ് ക്രമപ്രശ്നം. കേരള സംസ്ഥാനം രൂപീകൃതമാകുന്നതിന് മുൻപ് ഇവിടെയുണ്ടായിരുന്ന പൊതുജനാരോഗ്യ ബില്ലുകളാണ് ഇപ്പോഴും ഇവിടെ നിലനിൽക്കുന്നത് എന്നതിനാലാണ് ഇങ്ങനെയൊരു നിയമനിർമ്മാണത്തിലേയ്ക്ക് കടക്കുവാനുണ്ടായ സാഹചര്യം. സംസ്ഥാനത്ത് ഏകീകൃതമായൊരു പൊതുജനാരോഗ്യ നിയമം രൂപീകരിക്കുക എന്നുള്ളതാണ് നമ്മൾ ലക്ഷ്യമിടുന്നത്. പൊതുജനാരോഗ്യം സംരക്ഷിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതൽ സംസ്ഥാന സർക്കാരിന്റെ വരെ ഇടപെടലുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമാണ്. പകർച്ചവ്യാധിയുടെ ഈ കാലഘട്ടത്തിൽ നമ്മളിത് വളരെ കൃത്യമായി കാണേണ്ടതുമാണ്. ഈ ബില്ലിലെ വ്യവസ്ഥകൾ നിയമമാകുമ്പോൾ ഇവിടെ Conflict of Law ഇല്ല. വാസ്തവത്തിൽ അത് ഒഴിവാക്കുന്നതിന് വേണ്ടിയുള്ളൊരു പരിശ്രമമാണ് നമ്മൾ നടത്തുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഒട്ടേറെ ചുമതലകളും വ്യവസ്ഥകളും നിലനിൽക്കുന്നുണ്ട്. ഇവയുടെ നിർവ്വഹണ ഉദ്യോഗസ്ഥർ പലപ്പോഴും ഒരേ ഉദ്യോഗസ്ഥരാകാനും സാധ്യതയുണ്ട്. ഇവയെ പരസ്പരപൂരകമായി കൈകാര്യം ചെയ്തുകൊണ്ട് മാത്രമേ വിജയകരമായി ലക്ഷ്യങ്ങൾ നേടിയെടുക്കാൻ കഴിയുകയുള്ളൂ. ഈ വിഷയത്തിൽ ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുടെയും അഭിപ്രായ സ്വരൂപണം നടത്തണം. അതിനനുസരിച്ച് സമഗ്രമായൊരു നിയമനിർമ്മാണമുണ്ടാകണമെന്നതാണ് സർക്കാർ വിഭാവനം ചെയ്യുന്നത്.

പഞ്ചായത്ത് രാജ്/നഗരപാലിക നിയമം മുഖേന നൽകപ്പെട്ട അധികാരങ്ങൾ കവർന്നെടുക്കാനോ ലഘൂകരിക്കാനോ ഒരു വിധത്തിലും ഉദ്ദേശിച്ചിട്ടില്ല. പൊതുജനാരോഗ്യം സംബന്ധിച്ച വിഷയത്തിൽ അധികാര വികേന്ദ്രീകരണം അതിന്റെ പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കിയ ഒരു സംസ്ഥാനമെന്ന നിലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഏകോപിപ്പിച്ചുകൊണ്ട് മാത്രമേ അത് നടപ്പിൽ വരുത്താൻ കഴിയുകയുള്ളൂ. നിർവ്വഹണ ഉദ്യോഗസ്ഥൻ പലപ്പോഴും ഒരേ ഉദ്യോഗസ്ഥൻ തന്നെയാകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ

ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം വഴി മാത്രമേ ലക്ഷ്യം കൈവരിക്കാൻ കഴിയുകയുള്ളൂ. ഇത് മുൻനിർത്തി എല്ലാ വിഭാഗം ജനങ്ങളുടെയും അഭിപ്രായം സ്വരൂപിച്ച് അതുവഴി നിയമം കൂടുതൽ സമഗ്രമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടാൻ നിർദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ ഉൾപ്പെടെയുള്ളവ വിശദമായി പരിശോധിച്ച് കുറ്റമറ്റരീതിയിൽ സമഗ്രമായൊരു നിയമനിർമ്മാണം സാധ്യമാകുന്നതാണ്. ആയതിനാൽ 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിനെതിരെയുള്ള മേൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

സംസ്ഥാന രൂപീകരണത്തിനുമുമ്പ് ഇവിടെ നിലവിലുണ്ടായിരുന്ന നിയമങ്ങളാണ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമവുമായി ബന്ധപ്പെട്ട് ഇപ്പോൾ ഉള്ളത്. ശ്രീ. അൻവർ സാദത്ത്, ശ്രീ. എ. പി. അനിൽ കുമാർ എന്നീ ബഹുമാന്യരായ അംഗങ്ങൾ ചട്ടം 303 പ്രകാരവും 73 പ്രകാരവുമാണ് ഇവിടെ തടസ്സവാദങ്ങൾ ഉന്നയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് സൂചിപ്പിച്ചതുപോലെ, 1972-ൽ കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ സഭയിൽ അവതരിപ്പിക്കപ്പെട്ടിരുന്നു. 1975-ൽ അത് പാസ്സാക്കുകയും ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയയ്ക്കുകയും അദ്ദേഹം ചില വ്യവസ്ഥകൾ പുനഃപരിശോധിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് തിരിച്ചയയ്ക്കുകയും ചെയ്തുവെന്നും അപ്രകാരം പുനഃപരിശോധന നടത്താത്തതിനാൽ പ്രസ്തുത ബിൽ കാലഹരണപ്പെട്ടുവെന്നും ഇതുസംബന്ധിച്ച നിയമസഭാ രേഖകൾ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നു. 45 വർഷത്തിനുമുമ്പ് കാലഹരണപ്പെട്ടൊരു ബില്ലായതുകൊണ്ടാണ് ഇത് സംബന്ധിച്ച വിവരം ഉദ്ദേശ്യകാരണങ്ങളിൽ ഉൾപ്പെടുത്താതിരുന്നത്.

അതിൽ രണ്ടാമത്തെ പ്രശ്നം, നിലവിൽ ഈ ബിൽ ഭരണഘടനയിലെ ഏഴാം പട്ടികയിലെ സംസ്ഥാന ലിസ്റ്റിലെ 6-ാം ഉൾക്കുറിപ്പും സമവർത്തി ലിസ്റ്റിലെ 26-ാം ഉൾക്കുറിപ്പും പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. കരട് ബില്ലിലെ വ്യവസ്ഥകൾ നിലവിലെ കേന്ദ്രനിയമങ്ങളിലെ ഒരു വ്യവസ്ഥകൾക്കും വിരുദ്ധമല്ല. അതുമാത്രമല്ല, ഇങ്ങനെയൊരു നിയമനിർമ്മാണം നടത്തുന്നതിന് കേന്ദ്രത്തിന്റെ അനുവാദവും ആവശ്യമില്ല.

ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കുന്ന അടുത്ത പ്രശ്നം ചെലവുകൾ സംബന്ധിച്ചാണ്. ബഹുമാന്യനായ എ. പി. അനിൽ കുമാറും അത് ഉന്നയിച്ചിട്ടുണ്ട്. 1914-ലെ Madras Medical Practitioners Act-ന്റെയും 1953-ലെ Travancore-

Cochin Medical Practitioners Act-ന്റെയും കീഴിൽ രൂപീകരിക്കപ്പെട്ട കൗൺസിലുകൾ ഇവിടെ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. അവയെ ഏകീകരിച്ചുകൊണ്ട് കേരളത്തിന് വേണ്ടിയൊരു മെഡിക്കൽ കൗൺസിൽ എന്നതാണ് നമ്മൾ ലക്ഷ്യമിടുന്നത്. മാത്രമല്ല, മെഡിക്കൽ കൗൺസിൽ ഒരു സ്വയംഭരണാധികാരമുള്ള സ്ഥാപനമാണ്. ആയതിന് സർക്കാർ ഗ്രാന്റൊന്നും നൽകുന്നില്ല. സഞ്ചിതനിധിയിൽ നിന്ന് ചെലവുകളൊന്നും ഉണ്ടാകുന്നില്ല എന്നതുകൊണ്ടാണ് ആ വിവരം വ്യക്തമാക്കിക്കൊണ്ടുള്ള ധനകാര്യ മെമ്മോറാണ്ടം കരട് ബില്ലിനൊപ്പം അധിക ചെലവുകൾ ഇല്ലായെന്ന രീതിയിൽ തന്നെ പരാമർശിച്ചിരിക്കുന്നത്. ആയതിനാൽ 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിനെതിരെയുള്ള ഈ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):സർ, ഏത് ബില്ലിനൊപ്പവും ഒരു ധനകാര്യ മെമ്മോറാണ്ടം വേണമെന്നുള്ളതാണ് മുൻ റൂളിംഗുകളിൽനിന്നും വ്യത്യസ്തമായി അവസാനമായി നൽകിയ റൂളിംഗിലുള്ളത്. ആ റൂളിംഗ് പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ്, പ്രത്യേകിച്ച് നിയമവകുപ്പ് എല്ലാ ബില്ലുകൾക്കൊപ്പവും ചെലവുണ്ടെങ്കിലും ഇല്ലെങ്കിലും ഒരു ധനകാര്യ മെമ്മോറാണ്ടം വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആ പ്രശ്നം വീണ്ടും ഉന്നയിക്കപ്പെട്ടതുകൊണ്ട് അങ്ങ് അക്കാര്യം പുനഃപരിശോധിക്കണമെന്ന് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ചട്ടം 73 വളരെ സ്പെസിഫിക്കാണ്. ബില്ലിനൊപ്പം ധനകാര്യ മെമ്മോറാണ്ടം ഉണ്ടായിരിക്കണമെന്നതാണ് തലക്കെട്ട്. ചട്ടത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന്, എപ്പോഴാണ് ഒരു ധനകാര്യ മെമ്മോറാണ്ടം ബില്ലിനൊപ്പം ഉണ്ടാകേണ്ടത്. രണ്ട്, എന്താണ് ധനകാര്യ മെമ്മോറാണ്ടം. പണച്ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി ഒരു ധനകാര്യ മെമ്മോറാണ്ടം ഉണ്ടാകേണ്ടതാണെന്ന് ഒന്നാം ഭാഗത്ത് കൃത്യമായി പറയുന്നുണ്ട്. അത് വളരെ വ്യക്തമാണ്. ഒരു ധനകാര്യ മെമ്മോറാണ്ടം ആവശ്യമായ ബിൽ എന്നുള്ളത് പണച്ചെലവ് അന്തർഭവിക്കുന്ന ബില്ലാണ്. പണച്ചെലവ് അന്തർഭവിക്കാത്ത ബില്ലിൽ ധനകാര്യ മെമ്മോറാണ്ടം ചേർക്കുന്ന പ്രോസസ് സംബന്ധിച്ച് ധനകാര്യ വകുപ്പും മറ്റ് ബന്ധപ്പെട്ട വകുപ്പും പരിശോധിച്ച് വ്യക്തത വരുത്തുകയാണ്.

രണ്ട്, എന്താണ് ധനകാര്യ മെമ്മോറാണ്ടം എന്നുള്ളതാണ്. ചെലവ് അന്തർഭവിക്കുന്ന ഖണ്ഡങ്ങളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കേണ്ടതും, ബിൽ നിയമമായി പാസ്സാക്കുന്നപക്ഷം ഉൾക്കൊള്ളുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പു ചെലവുകൂടി അതിൽ നൽകേണ്ടതുമാണ്. ചെലവുകൾ ഏതൊക്കെ വരുന്നുയെന്നുള്ളതാണ്. ചെലവില്ലായെന്നത് ധനകാര്യ മെമ്മോറാണ്ടമായി വരുന്നില്ല. ഈ രണ്ടുകാര്യങ്ങളും വരുന്നതുകൊണ്ട് അത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്ന് ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന

## റൂളിംഗ്

2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിലെ അപാകതകൾ

മി. സ്പീക്കർ: 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിൽ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പലതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ അപ്രകാരം നിലവിലുള്ള നിയമങ്ങളുമായി വൈരുദ്ധ്യം പുലർത്തുന്ന പുതിയൊരു നിയമനിർമ്മാണം നടത്തുന്നത് നിയമവിരുദ്ധവും പൊതുസമൂഹത്തിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നതുമാകയാൽ ബിൽ അവതരണത്തിന് അനുമതി നൽകരുതെന്നാണ് ബഹുമാന്യരായ ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നീ അംഗങ്ങൾ തങ്ങളുടെ തടസ്സവാദത്തിലൂടെ ഉന്നയിച്ചത്.

ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ഇവിടെ കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. ബില്ലിലെ വ്യവസ്ഥകൾ നിലവിലുള്ള നിയമങ്ങൾക്ക് contradictory അല്ലായെന്നും ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനത്തിന് ഇത്തരത്തിലുള്ളൊരു നിയമം അനിവാര്യമാണെന്നുമുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ വാദം പ്രാഥമികമായി അംഗീകരിക്കുകയാണ്. സെലക്ട് കമ്മിറ്റി തലത്തിലും സഭാതലത്തിലും ഇനി നടക്കാനിരിക്കുന്ന വിശദമായ പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള വൈരുദ്ധ്യങ്ങൾ പ്രകടമാകുന്നപക്ഷം കൂട്ടായ ചർച്ചയിലൂടെ അവ ഒഴിവാക്കപ്പെടാൻ അവസരമുള്ളതിനാൽ അവതരണത്തിനെതിരായ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകതകൾ

2021-ലെ കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിന്റെ അവതരണത്തിനെതിരെ ബഹുമാന്യരായ ശ്രീ. അൻവർ സാദത്ത്, ശ്രീ. എ. പി. അനിൽ കുമാർ എന്നിവർ ഉന്നയിച്ച തടസ്സവാദത്തിൽ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം വസ്തുതാപരമല്ലെന്ന് പരാമർശിച്ചിരുന്നു. അതോടൊപ്പം 1972-ലെ കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ എന്ന പേരിൽ ഒരു ബിൽ 1972 ഒക്ടോബർ 26-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും 1975 മാർച്ച് 21-ന് ബിൽ സഭ പാസ്സാക്കുകയും ചെയ്തിരുന്നെങ്കിലും ഇക്കാര്യങ്ങളൊന്നും ബില്ലിന്റെ ഉദ്ദേശ്യ കാരണങ്ങളിൽ പരാമർശിച്ചിട്ടില്ലെന്നും ഇപ്പോൾ അവതരിപ്പിച്ച ബില്ലിന് ഇന്ത്യൻ പ്രസിഡന്റിന്റെ മുൻകൂർ അനുമതി തേടിയിട്ടുണ്ടോ എന്ന കാര്യം അറിയിച്ചിട്ടില്ലെന്നും ശ്രീ. അൻവർ സാദത്ത് തന്റെ തടസ്സവാദത്തിലൂടെ ഇവിടെ ഉന്നയിക്കുകയുണ്ടായി.

അവതരിപ്പിക്കപ്പെട്ട തടസ്സവാദങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി വിശദമായ മറുപടി പറയുകയുണ്ടായി. ധനകാര്യ മെമ്മോറാണ്ടത്തിന്റെ കാര്യത്തിൽ സർക്കാരിന്റെ വിശദമായ പരിശോധനയിൽ ഈ ബിൽ നിയമമാവുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സഞ്ചിതനിധിയിൽ നിന്നും ആവർത്തകവും അനാവർത്തകവുമായ യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ലെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി സ്വീകാര്യമാണെന്നാണ് കാണുന്നത്.

എന്നാൽ ഇതേ പേരിൽ 1972-ൽ സഭയിൽ അവതരിപ്പിക്കുകയും 1975 മാർച്ച് 21-ാം തീയതി സഭ പാസ്സാക്കുകയും തുടർന്ന് അനുമതി നൽകാതെ പുനഃപരിശോധനയ്ക്കായി പ്രസിഡന്റ് തിരിച്ചയയ്ക്കുകയും ചെയ്ത ബില്ലിനെ സംബന്ധിച്ചുള്ള ഒരു പരാമർശംകൂടി ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു എന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്തിന്റെ അഭിപ്രായത്തോട് ചെയറും യോജിക്കുകയാണ്. 1972-ൽ തയ്യാറാക്കിയ ബില്ലിന്റെ അതേ പേരിൽ ഒരു പുതിയ നിയമനിർമ്മാണം നടത്തുന്ന വേളയിൽ സഭാംഗങ്ങൾക്ക് സഭയുടെ ചരിത്രത്തെക്കുറിച്ച് ഒരു ധാരണയുണ്ടാകാൻ അത് സഹായകരമാകുമായിരുന്നു എന്നാണ് ചെയറും കരുതുന്നത്. തടസ്സവാദങ്ങളൊന്നും നിലനിൽക്കുന്നതല്ല. ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഇവിടെ ധനകാര്യ മെമ്മോറാണ്ടം നിർബന്ധിതമാക്കുന്നതിനെക്കുറിച്ചുള്ള പ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അദ്ദേഹം ചട്ടം 73 പ്രത്യേകമായി ഉദ്ധരിച്ചുകൊണ്ടാണ് അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയത്. അതുസംബന്ധിച്ച് സഭയുടെ ഈ സമ്മേളനത്തിനുമുമ്പ് തന്നെ ഒരു റൂളിംഗ് ഉണ്ടായിരുന്നതാണ്. ആ റൂളിംഗിന്റെ അടിസ്ഥാനത്തിലാണ് ധനകാര്യ മെമ്മോറാണ്ടം നിർബന്ധിതമാണെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. ഇന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള കാര്യം വിശദമായി ചെയർ പരിശോധിക്കുന്നതാണ്. അതോടൊപ്പം സഭാചട്ടങ്ങളുടെ പരിഷ്കരണം സംബന്ധിച്ച് പഠിക്കാൻ പാർലമെന്ററികാര്യ വകുപ്പിന്റെകൂടി ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ ഒരു അഡ്ഹോക് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരികയാണ്. ആ കമ്മിറ്റിയിൽ ഇക്കാര്യം സംബന്ധിച്ച് വിശദമായി പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്നാണ് ചെയറിന്റെ അഭിപ്രായം. തടസ്സവാദങ്ങളൊന്നും നിലനിൽക്കുന്നതല്ല.

## നിയമനിർമ്മാണകാര്യം - തുടർച്ച

മി. സ്പീക്കർ : ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സെലക്ട് കമ്മിറ്റിയുടെയും 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII -ന്റെയും പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി വീണാ ജോർജ്ജ്: സർ, 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നീ മൂന്ന് ബില്ലുകളാണ് ഇന്ന് നിയമസഭ മുൻപാകെ അവതരിപ്പിച്ചിട്ടുള്ളത്. കേരള സംസ്ഥാന രൂപീകരണത്തിനുശേഷം കേരള നിയമസഭ പൊതുജനാരോഗ്യ സംരക്ഷണത്തിനായി ശ്രദ്ധേയമായ നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. 1957-ലെ ആദ്യ ഇ.എം.എസ്. മന്ത്രിസഭയിൽ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. എ. ആർ. മേനോൻ 1957 ആഗസ്റ്റ് 27-ന് കേരള അനാട്ടമി ബിൽ അവതരിപ്പിച്ചു. മനുഷ്യശരീരത്തിലെ ആന്തരിക അവയവങ്ങളെക്കുറിച്ച് പഠിക്കുന്നതിനും അവ നേരിൽക്കണ്ട് മനസ്സിലാക്കുന്നതിനും മെഡിക്കൽ വിദ്യാർത്ഥികൾക്കാവശ്യമായ മൃതദേഹങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയുമെന്ന ലക്ഷ്യം നിറവേറ്റുന്നതിനുവേണ്ടിയാണ് ഈ നിയമനിർമ്മാണത്തിലേക്ക് ആദ്യ നിയമസഭ കടന്നത്. ആഗസ്റ്റ് 27-ന് അവതരിപ്പിച്ച ബിൽ, സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം സഭ പാസ്സാക്കുകയായിരുന്നു. കേരള പൊതുജനാരോഗ്യ ബിൽ അവതരിപ്പിച്ചിരിക്കുന്നതിലൂടെ ചരിത്രപ്രാധാന്യമുള്ള ഒരു നിയമനിർമ്മാണത്തിലേയ്ക്കാണ് കേരള നിയമസഭ കടന്നിരിക്കുന്നത്. വ്യാവസായിക വിപ്ലവത്തെത്തുടർന്നുണ്ടായിട്ടുള്ള മലിനീകരണ പ്രശ്നങ്ങൾ, ഉപഭോഗ വർദ്ധനവിലൂടെ വർദ്ധിച്ചുവരുന്ന ഗാർഹിക-വാണിജ്യ മാലിന്യങ്ങൾ ഇവയൊക്കെ നിയന്ത്രിക്കുന്നതിനാണ് പല രാജ്യങ്ങളിലും, പ്രത്യേകിച്ച് ബ്രിട്ടനിൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് പൊതുജനാരോഗ്യ നിയമം നിലവിൽ വന്നത്. ബ്രിട്ടന്റെ കോളനിയായിരുന്ന പല പ്രദേശങ്ങളിലും പ്രാദേശിക മാറ്റങ്ങളോടെ ഈ നിയമം നടപ്പിലാക്കി. 1956-ൽ കേരള സംസ്ഥാനം രൂപീകൃതമായപ്പോൾ മലബാർ മേഖലയ്ക്കും തിരു-കൊച്ചി മേഖലയ്ക്കും പ്രത്യേകം പൊതുജനാരോഗ്യ നിയമങ്ങളാണുണ്ടായിരുന്നത്. മലബാർ മേഖലയിൽ 1939-ലെ മദിരാശി പൊതുജനാരോഗ്യ നിയമവും തിരു-കൊച്ചി മേഖലയിൽ 1955-ലെ തിരു-കൊച്ചി പൊതുജനാരോഗ്യ നിയമവുമാണ് നിലനിന്നിരുന്നത്. കേരള പൊതുജനാരോഗ്യ ഓർഡിനൻസ് 2021 നിലവിൽ വരുന്നതുവരെ നീണ്ട 65 വർഷങ്ങൾ ഈ സ്ഥിതി തുടരുകയാണ് ചെയ്തത്. ഏകീകൃതമായിട്ടുള്ള ഒരു നിയമം കേരള സംസ്ഥാനത്തിന് ആവശ്യമാണെന്നുള്ളതിൽ ആർക്കും തർക്കമില്ല. ഏകീകൃത നിയമം വേണമെന്നതിനൊപ്പം വളരെ പ്രധാനപ്പെട്ട പല ഘടകങ്ങളും ഈ നിയമനിർമ്മാണത്തിന് കാരണമായിട്ടുണ്ട്. ജനസംഖ്യയിലുള്ള വലിയ വർദ്ധനവ്, ജീവിതശൈലിയിലുണ്ടായിട്ടുള്ള മാറ്റങ്ങൾ, രോഗാതുരതയിലുണ്ടായ വ്യത്യാസം എന്നിവ പൊതുജനാരോഗ്യ നിയമത്തിൽ പ്രതിഫലിക്കേണ്ടത് ഒരു

അനിവാര്യതയാണ്. കേരളം പല വെല്ലുവിളികളും നേരിടുന്നുണ്ട്. മലിനീകരണവും വർദ്ധിച്ച ജനസാന്ദ്രതയും നാഗരികതയും മാലിന്യ സംസ്കരണം യഥാസമയം നടത്തുന്നതിന് വൈഷമ്യങ്ങൾ സൃഷ്ടിക്കുന്നു. കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നുണ്ട്. ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിനും ശാസ്ത്രീയവും ശുചിത്വമുള്ളതുമായ ഡ്രെയിനേജ് സംവിധാനം ഉറപ്പാക്കുന്നതിനുംവേണ്ടി നിലവിലുള്ള നിയമങ്ങളുടെ ഭാഗമായി പൊതുജനാരോഗ്യ നിയമം അനിവാര്യമാണ്. ജന്തുജന്യരോഗങ്ങൾ, വൈറസ് രോഗങ്ങൾ, കൊതുകുജന്യരോഗങ്ങൾ എന്നിവയൊക്കെ ഈ കാലഘട്ടത്തിൽ വളരെ കൂടുതലാണ്. അതുപോലെ ഈ രോഗങ്ങളുടെ സ്വഭാവവും മാറുന്നു. സിക്ക, നിപ്പ, കോവിഡ് തുടങ്ങിയ പകർച്ചവ്യാധികളെ നേരിടാൻ ആറ് പതിറ്റാണ്ട് മുമ്പ് നിർമ്മിച്ച പൊതുജനാരോഗ്യ നിയമങ്ങളിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. മാനസികാരോഗ്യ പ്രശ്നങ്ങൾ, മുതിർന്ന പൗരന്മാരുടെ ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ഈ നിയമത്തിൽ കാലോചിതമായിട്ടുള്ള കൂട്ടിച്ചേർക്കലുകൾ ആവശ്യമാണ്. കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് കേരളത്തിൽ അടിക്കടി പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളും ദുരിതങ്ങളുമുണ്ടാകുന്നു. ഈ സാഹചര്യങ്ങളിലെ പൊതുജനാരോഗ്യം നിയമത്തിന്റെ ഭാഗമാകേണ്ടതായിട്ടുണ്ട്. കേരളത്തിൽ തൊഴിൽ തേടിവരുന്ന അതിഥിതൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. അവരുടെ ആരോഗ്യം സംരക്ഷിക്കേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്.

കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ പശ്ചാത്തലത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായുള്ള മാറ്റങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു പൊതുജനാരോഗ്യ നിയമമാണ് സംസ്ഥാനത്തിന് ആവശ്യം. നിലവിലുള്ള പൊതുജനാരോഗ്യ നിയമങ്ങളിലുള്ള അന്തരവും അതോടൊപ്പം അവ നടപ്പിലാക്കുന്നതിൽ നേരിടുന്ന പ്രതിസന്ധിയും പരിഹരിക്കുന്നതിനുവേണ്ടി കാലോചിതമായിട്ടുള്ള ഒരു നിയമനിർമ്മാണം പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഭരണഘടന പ്രകാരം പൊതുജനാരോഗ്യം സംസ്ഥാനത്തിന്റെ ഉത്തരവാദിത്വമാണ്. സംസ്ഥാനത്തിന്റേതായ തനത് വ്യത്യാസങ്ങളും ആരോഗ്യപരമായ ആവശ്യങ്ങളും പ്രത്യേകമായി ഒരു പൊതുജനാരോഗ്യ നിയമം സംസ്ഥാനത്തിന് അനിവാര്യമാണെന്ന് ഉറപ്പിക്കുന്നു. കേരളം നേരിടുന്ന സമകാലീന പൊതുജനാരോഗ്യ വെല്ലുവിളികളും പ്രതിസന്ധികളും പരിഗണിച്ച് വിവിധ നിയമങ്ങളിലെ വ്യവസ്ഥകൾ ഏകോപിപ്പിച്ചുകൊണ്ട് സമഗ്രവും സംസ്ഥാനത്തിന് മുഴുവൻ ബാധകമാകുന്നതുമായ ഏകീകൃതമായ പൊതുജനാരോഗ്യ നിയമത്തിനാണ് നമ്മൾ രൂപം നൽകേണ്ടത്.

1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമവും മലബാർ പ്രദേശത്ത് ബാധകമായിരുന്ന 1914-ലെ മദ്രാസ് മെഡിക്കൽ രജിസ്ട്രേഷൻ നിയമവുമാണ് കേരള സംസ്ഥാന രൂപീകരണത്തിനുമുൻപ് വൈദ്യവൃത്തിയും

ആശുപത്രികളും വൈദ്യശാലകളുമൊക്കെ സംബന്ധിച്ച് ഇവിടെ നിലനിന്നിരുന്നത്. 1956-ലെ സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്ടിന്റേയും അഡാപ്ഷൻ ലായുടേയും അടിസ്ഥാനത്തിൽ 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിന് സംസ്ഥാനത്ത് പ്രാബല്യമുണ്ടായി. ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് മുഴുവൻ സംസ്ഥാനത്തും പ്രാബല്യത്തിൽ വന്നു. എന്നാൽ 'ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 'കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് എന്നും 'ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ' 'കേരള മെഡിക്കൽ കൗൺസിൽ' എന്നും നാമകരണം ചെയ്യുകയോ, കാലാനുസൃതമായിട്ടുള്ള ഭേദഗതികൾ വരുത്തുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. കേരളത്തിന് പുറത്തും വിദേശരാജ്യങ്ങളിലും പ്രസ്തുത കൗൺസിലിൽ നിന്നുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടിവരുന്നതിനാൽ പലപ്പോഴും ആശയക്കുഴപ്പമുണ്ടായിട്ടുണ്ട്. അതില്ലാതാകേണ്ടത് ഒരാവശ്യമാണ്. 'കേരള മെഡിക്കൽ കൗൺസിൽ' എന്നുതന്നെ നാമകരണം ചെയ്യേണ്ടത് അനിവാര്യതയാണ്. 1953-ലേയും 1914-ലേയും നിയമങ്ങളിൽ ട്രാവൻകൂറും കൊച്ചിയും ഒരുവേളയിൽ മലബാറുമാണ് പശ്ചാത്തലമായിരുന്നത്. ട്രാവൻകൂർ കൊച്ചിൻ പ്രത്യേക പ്രദേശമായി ഇല്ലാതാകുകയും ചെയ്തു. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ പല ഔദ്യോഗിക പദവികളുടെയും പേരുകൾ കാലഹരണപ്പെട്ടതായി. ഉദാഹരണത്തിന്, 'സർജൻ ജനറൽ' എന്നുള്ളതാണ് ഒരു പദവി. അങ്ങനെ കാലഹരണപ്പെട്ട ഔദ്യോഗിക പദവികൾ പുനർനാമകരണം ചെയ്യേണ്ടതായിട്ടുണ്ട്.ആരോഗ്യ സർവ്വകലാശാല പോലെയുള്ള പുതിയ സ്ഥാപനങ്ങൾ നിലവിൽ വന്ന സാഹചര്യത്തിൽ ലാ റിഫോംസ് കമ്മീഷന്റെ ശിപാർശയിൽ ടി.സി.എം.പി. ആക്ട് പരിഷ്ക്കരിക്കണമെന്ന നിർദ്ദേശമുണ്ടായിരുന്നു. ഇക്കാരണങ്ങളാൽ അനിവാര്യമായിട്ടുള്ള ഒരു നിയമമാണിത്. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം പട്ടികയിൽ ലിസ്റ്റ് 2 സംസ്ഥാന ലിസ്റ്റിലെ 6-ാം ഉൾക്കുറിപ്പും ലിസ്റ്റ് 3 കൺകറന്റ് ലിസ്റ്റിലെ 26-ാം ഉൾക്കുറിപ്പും ഉൾപ്പെടുന്ന വിഷയങ്ങളാണ് ഈ നിയമനിർമ്മാണത്തിലുള്ളത്. ലിസ്റ്റ് 2 ഉൾക്കുറിപ്പ് 6, പൊതുജനാരോഗ്യവും ശുചീകരണവും ആശുപത്രികളും വൈദ്യശാലകളും, ലിസ്റ്റ് 3 കൺകറന്റ് ലിസ്റ്റ് ഉൾക്കുറിപ്പ് 26, നിയമവൃത്തിയും വൈദ്യവൃത്തിയും മറ്റ് വൃത്തികളും ആയതിനാൽ സംസ്ഥാനത്തിന് ഈ നിയമനിർമ്മാണം നടത്തുന്നതിന് അധികാരമുണ്ട്. ഈ ആക്ടിന്റെയും കൗൺസിലിന്റെയും പേര് മാറും. ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഉൾപ്പെടെ പല വ്യവഹാരങ്ങളും ഉണ്ടായിട്ടുണ്ട്. ഇത് തങ്ങൾക്ക് ബാധകമല്ലെന്ന് മലബാർ മേഖലയിലുള്ളവർ വിവിധ ഘട്ടങ്ങളിൽ പല കേസ്സുകളുമായി ബന്ധപ്പെട്ട് വാദമുഖങ്ങൾ ഉയർത്തിയിട്ടുണ്ട്. ഒരു ഏകീകൃത സ്വഭാവം നമ്മുടെ സംസ്ഥാനത്തിന് ഈ നിയമവുമായി ബന്ധപ്പെട്ടുണ്ടാകണം. കൗൺസിൽ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. മലബാർ മേഖലയിലുള്ളവർക്ക് പ്രാതിനിധ്യം കൊടുത്തുകൊണ്ടുള്ള കൗൺസിൽ

അംഗങ്ങളുടെ എണ്ണത്തിൽ വർദ്ധന വരുത്തിയിട്ടുണ്ട്. മെഡിക്കൽ പ്രാക്ടീഷണേഴ്സിന്റെ യോഗ്യതയും പേരുമൊക്കെ ഉൾപ്പെടുത്തിയ ലിസ്റ്റ് കൃത്യമായി പ്രസിദ്ധീകരിക്കപ്പെടും. ടി.സി.എം.പി. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തവരെല്ലാം പുതിയ ബിൽ നിയമമാകുമ്പോൾ അവരുടെ രജിസ്ട്രേഷന് അംഗീകാരമുള്ളവരായിരിക്കും.

സംസ്ഥാനത്തെ അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളിൽ സേവനങ്ങൾ പ്രദാനം ചെയ്യുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും വ്യവസ്ഥ ചെയ്യുന്ന കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 കേരളത്തിന്റെ ആരോഗ്യരംഗത്തെ ഒരു പുത്തൻ ചുവടുവയ്പായിരുന്നു. വിപ്ലവകരമായ ഒരു നിയമനിർമ്മാണമായിരുന്നു അത്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം കേരളത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ താൽക്കാലിക രജിസ്ട്രേഷൻ, സ്ഥിരം രജിസ്ട്രേഷൻ എന്നിവ ചെയ്യേണ്ടതും ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളും അവയ്ക്കുള്ള ചികിത്സാ നിരക്കുകളും പൊതുജനങ്ങൾക്ക് കാണത്തക്ക വിധത്തിൽ പ്രദർശിപ്പിക്കേണ്ടതും അവ ആ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കോവിഡ്-19 മഹാമാരി കാരണം 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷന്റെ സമയം ഒരു വർഷത്തേയ്ക്കുകൂടി നീട്ടുവാൻ സർക്കാർ തീരുമാനിച്ചു. പ്രസ്തുത ആവശ്യത്തിലേയ്ക്ക് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിലെ 18-ാം വകുപ്പിൽ 'രണ്ട്' എന്നതിനുപകരം 'മൂന്ന്' എന്ന് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. കേരള സംസ്ഥാന നിയമസഭാ സമ്മേളനം ഇല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശത്തിന് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2020-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ഓർഡിനൻസ് 2020 നവംബർ 6-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 നവംബർ 9-ാം തീയതിയിലെ 2716-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു. പ്രസ്തുത ഓർഡിനൻസ് പ്രകാരം രജിസ്ട്രേഷൻ കാലാവധി മൂന്ന് വർഷമെന്നത് ദീർഘിപ്പിച്ചത് നിലവിലെ കോവിഡ്-19 സാഹചര്യംകൂടി കണക്കിലെടുത്ത് 4 വർഷമായി വർദ്ധിപ്പിക്കണമെന്ന ശിപാർശ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് സെക്രട്ടറി സമർപ്പിച്ചിരുന്നു. തുടർന്ന് 2021-ലെ 78-ാം നമ്പർ ഓർഡിനൻസിലെ വ്യവസ്ഥകളിൽ പരാമർശിച്ചിട്ടുള്ള 'രണ്ട് വർഷം' എന്നതിനുപകരം 'നാല് വർഷം' എന്ന ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിക്കുകയും അതിനെത്തുടർന്ന്

2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ഓർഡിനൻസ് 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 114-ാം നമ്പർ ഓർഡിനൻസായി 2021 ആഗസ്റ്റ് 25-ാം തീയതി 2486-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുമാണ് ചെയ്തത്. 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കും 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ സബ്ജക്ട് കമ്മറ്റി XII -ന്റെയും പരിഗണനയ്ക്കയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

1.00 P.M.]

മി. സ്പീക്കർ: ഇന്ന് മൊത്തം നാല് ബില്ലുകൾ ചർച്ചയ്ക്കെടുക്കുന്നുണ്ട്. മൂന്ന് ബില്ലുകളുടെ ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. നാല് ബില്ലുകളിലുമായി 22 പേർ സംസാരിക്കാനുണ്ട്. പതിനഞ്ച് മിനിട്ട് വീതം സംസാരിച്ചാൽപ്പോലും ചർച്ചയ്ക്ക് അഞ്ചര മണിക്കൂർ വേണ്ടി വരും. ഇപ്പോൾ സമയം ഒരു മണിയായി. 15 മിനിട്ട് സംസാരിച്ചാൽപ്പോലും ചർച്ച തീരാൻ ആറര മണിയാകും. അതുകൊണ്ട് പതിനഞ്ച് മിനിട്ടെന്നത് കർശനമായി പാലിക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിക്കുകയാണ്. അല്ലെങ്കിൽ അനന്തമായി നീണ്ടുപോകുന്ന സ്ഥിതിവരും. ചട്ടത്തിൽ പറയുന്നതുപോലെ ബില്ലിന്റെ തത്വങ്ങളിൽ ഒതുങ്ങിനിന്നുകൊണ്ട് കാര്യമാത്രപ്രസക്തമായി ബില്ലിനെ കേന്ദ്രീകരിച്ചുകൊണ്ട് ചർച്ച ചെയ്താൽ സമയം പാലിക്കാൻ കഴിയും. ആരുടെയും അവകാശം കവർന്നെടുക്കാനുള്ള ശ്രമമല്ല, ഇന്നത്തെ പ്രായോഗികമായ സാഹചര്യം കണക്കിലെടുത്ത്, സമയപരിധി പാലിച്ചുകൊണ്ട് ചെയറിനോട് സഹകരിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഡോ. എം. കെ. മുനീർ, ഇത് അങ്ങയുടെ മേഖലയിലുള്ള വിഷയമാണ്, വിഷയത്തിൽ ഒതുങ്ങിനിന്നുകൊണ്ടും സമയം പാലിച്ചുകൊണ്ടും സംസാരിക്കാൻ വിഷയഗ്രാഹ്യമുള്ളയാളാണ്, അതുകൊണ്ട് അങ്ങൊരു മികച്ച മാതൃക സൃഷ്ടിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Dr. M. K. Muneer: Sir, I move that-

"This House resolves to disapprove The Kerala Public Health Ordinance, 2021 (Ordinance No. 116 of 2021)."

ചെയർ പറഞ്ഞ കാര്യം പരമാവധി പാലിക്കാൻ ശ്രമിച്ചുകൊണ്ട് ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി

പറഞ്ഞത് വലിയ ആശ്വാസമാണ്. കാരണം, കുറേയധികം ചർച്ചകൾക്ക് ഇത് വിധേയമാകുമല്ലോ. സെലക്ട് കമ്മിറ്റിയുടെ സിറ്റിംഗ് പല സ്ഥലങ്ങളിലും നടത്തി, അവിടെ വരുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ മാറ്റത്തിന് ഈ ബിൽ വിധേയമാകുമെന്ന ശുഭാപ്തിവിശ്വാസത്തിലാണ് ഞാൻ ഈ കാര്യങ്ങൾ അവതരിപ്പിക്കുന്നത്. ഞാൻ പഞ്ചായത്ത് രാജ് നിയമത്തെക്കുറിച്ച് പറയുകയാണ്. പബ്ലിക് ഹെൽത്ത് ആക്ട് സംബന്ധിച്ച് നിയമവകുപ്പിന്റെ ഒരു contention ഉണ്ട്. The Law Department pointed out that some of the provisions in the draft Bill were similar to those in the Kerala Panchayat Raj Act. It also pointed out that since the State already had a Kerala Municipality Act as well as a Food Safety Act, with somewhat equivalent norms, introducing another Act could lead to dispute on distribution of power. ഇത് വെറും പഞ്ചായത്ത്‌രാജ് നിയമത്തിന്റെയും മുനിസിപ്പാലിറ്റി നിയമത്തിന്റെയും മാത്രം പ്രശ്നമല്ലെന്നും ഫുഡ് സേഫ്റ്റി നിയമത്തെയും വിദ്യാഭ്യാസ നിയമത്തെയും ബാധിക്കുന്നുണ്ടെന്നുമാണ് നിയമവകുപ്പുതന്നെ ഇതുസംബന്ധിച്ച് പറഞ്ഞിരിക്കുന്നത്. ഈ രാജ്യത്തെ എല്ലാ നിയമങ്ങളെയും ബാധിക്കുന്ന രീതിയിൽ മറ്റൊരു നിയമം വരുന്നത് എത്രമാത്രം അപകടകരമാണെന്നുള്ളതാണ് ഇവിടെ സൂചിപ്പിക്കപ്പെട്ടിട്ടുള്ളത്. അതിൽ മുനിസിപ്പൽ-പഞ്ചായത്ത് ആക്ട് ഉൾപ്പെടുമ്പോൾ അത് 73, 74 ഭരണഘടനാ ഭേദഗതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരത്തിലുള്ള കൈകടത്തലായിമാറും അധികാരവികേന്ദ്രീകരണംതന്നെ ഇപ്പോഴും പൂർണ്ണമായിട്ടില്ല. വൈദ്യുതി വകുപ്പുപോലുള്ളവകൂടി എങ്ങനെ പഞ്ചായത്തുകൾക്ക് കൊടുക്കാമെന്ന് ആലോചിച്ചിരിക്കുമ്പോൾ ഇവിടെ പഞ്ചായത്തിലെ പല അധികാരങ്ങളും കവർന്നെടുക്കുകയാണ്. ഇപ്പോൾതന്നെ മുഴുവൻ പി.എച്ച്.സി.-കളിലെ ഡോക്ടർമാരെ നിയന്ത്രിക്കാൻ പഞ്ചായത്തിന് കഴിയുന്നില്ല. പഞ്ചായത്ത് പ്രസിഡന്റ് വിളിച്ചാൽ, ഞങ്ങൾക്ക് ഇപ്പോൾ സൗകര്യമില്ലെന്നാണ് പല ഡോക്ടർമാരും പറയുന്നത്. പഞ്ചായത്തിന്റെ ഒരു യോഗത്തിലേയ്ക്കോ മറ്റെന്തെങ്കിലും കാര്യങ്ങൾക്കോ വിളിച്ചാലുള്ള മറുപടി ഇങ്ങനെയാണ്. പല സ്ഥലങ്ങളിലും ഇവരെ ഒരുമിപ്പിക്കാനായി എനിക്കുതന്നെ ഇടപെടേണ്ടിവന്നിട്ടുണ്ട്. ഒരു നിയമസഭാ സാമാജികനെന്ന നിലയിൽ എന്റെ പ്രധാന ജോലി ഡോക്ടറെയും പഞ്ചായത്ത് പ്രസിഡന്റിനെയും സൗഹൃദത്തിലാക്കലാണ്. ഈ സാഹചര്യത്തിൽ ഇത്തരം കാര്യങ്ങൾ എത്രമാത്രം അപകടകരമാകുമെന്നാണ് ചിന്തിക്കേണ്ടത്. ഇതുപ്രകാരം പഞ്ചായത്തിന്റെ എല്ലാ അധികാരങ്ങളും ഇല്ലാതാകുകയാണ്. അതുപോലെ ഫുഡ് സേഫ്റ്റി ആക്ടിലുള്ള ഭക്ഷ്യജന്യ രോഗങ്ങളുടെ നിയന്ത്രണവും പ്രതിരോധവും ഇതിലും പ്രതിപാദിക്കുന്നുണ്ട്. ഇനിമുതൽ രണ്ടുപേർക്കും ബന്ധപ്പെട്ട സ്ഥലങ്ങളിൽ കയറി അന്വേഷണം നടത്താനുള്ള അവകാശം കൊടുത്തിരിക്കുകയാണ്.

ഫുഡ് സേഫ്റ്റി ആക്ട് പ്രകാരം ആ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കും പുതിയ പബ്ലിക് ഹെൽത്ത് നിയമപ്രകാരം അതിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും അധികാരം വന്നിരിക്കുന്നു, അതായത് രണ്ട് അതോറിറ്റികളും കയറിയിറങ്ങുന്ന പ്രശ്നം വരും. അങ്ങനെ വരുമ്പോൾ ഇത്തരം വിഷയങ്ങളിൽ നിയമനടപടി സ്വീകരിക്കേണ്ടത് ആരാണെന്നുള്ളത് പ്രശ്നമായി മാറും. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം, ഇതിൽ ആവശ്യമായ നടപടികളെടുക്കാൻ പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. This will have contradictions എന്ന് നിയമവകുപ്പ് പറഞ്ഞിരിക്കുന്നത് ഇതുകൊണ്ടുതന്നെയാണ്. ഇക്കാര്യങ്ങൾ എൽ.എസ്.ജി.ഡി.-യുടെ നിയമങ്ങളെ ഏതുതരത്തിൽ ബാധിക്കുമെന്നത് പരിശോധനാവിധേയമാക്കണമെന്ന് അന്നേ പറഞ്ഞിട്ടുള്ളതാണ്. പക്ഷേ അതൊന്നും നോക്കാതെ ധൃതിയിൽ ഒരു ബിൽ കൊണ്ടുവന്നിരിക്കുകയാണ്. ഏതായാലും സെലക്ട് കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചതിനെ വലിയൊരു കാര്യമായി ഞാൻ കാണുകയാണ്.

ഇവിടെ നിലവിൽ ഒരു ആരോഗ്യനയമുണ്ട്. ഡോ. ബി. ഇക്ബാലിന്റെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ച്, അതിന്റെ അഭിപ്രായമനുസരിച്ചാണ് ആരോഗ്യനയം രൂപീകരിച്ചത്. പ്രസ്തുത നയത്തിൽ പറഞ്ഞിട്ടുള്ള ഒരു ശിപാർശയനുസരിച്ച് ആരോഗ്യ വകുപ്പിനെ മോഡേൺ മെഡിസിൻ, ആയുഷ് എന്നിങ്ങനെ രണ്ടുവിഭാഗങ്ങളായി തിരിച്ചു. മോഡേൺ മെഡിസിൻ വിഭാഗത്തിന്റെ കീഴിൽ ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഹെൽത്ത്, ഡയറക്ടറേറ്റ് ഓഫ് ക്ലിനിക്കൽ സർവ്വീസ്, ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ എന്നീ മൂന്ന് ഡയറക്ടറേറ്റുകളുണ്ടാകും. ഇപ്പോൾ ഡി.എച്ച്.എസ്.-ൽത്തന്നെയാണ് എല്ലാം വരുന്നത്. ആദ്യം പറഞ്ഞത്, നേരത്തെ നിങ്ങൾ പാസ്സാക്കിയിട്ടുള്ള നയമാണ്, ഈ നയം ക്യാബിനറ്റ് പാസ്സാക്കിയതാണ്. ക്യാബിനറ്റ് പാസ്സാക്കിയ നയത്തെ ഒരുഭാഗത്ത് വച്ചശേഷം വീണ്ടും ഡി.എച്ച്.എസ്-ലേയ്ക്ക് കേന്ദ്രീകരിക്കുകയാണ്. ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഹെൽത്ത് വേറെയുണ്ടാകണം. അല്ലെങ്കിൽ എല്ലാം ഡയറക്ടറേറ്റ് ഓഫ് ക്ലിനിക്കൽ സർവ്വീസായി മാറും. ഇപ്പോൾത്തന്നെ ഡി.എച്ച്.എസ്.-ൽ വരുന്ന ഡോക്ടർമാർ പലപ്പോഴും ക്ലിനിക്കൽ സൈഡിൽനിന്നും നേരിട്ടുവരികയാണ്. പല ഡി.എച്ച്.എസ്.-കളിലും വരുന്നത് ഒന്നുകിൽ സർജനായിരിക്കും അതല്ലെങ്കിൽ ശിശുരോഗ വിദഗ്ദ്ധനായിരിക്കും, അതായത് ക്ലിനിക്കൽ സൈഡിൽനിന്നും അവർ പെട്ടെന്ന് അഡ്മിനിസ്ട്രേറ്റീവ് സൈഡിലേക്ക് വരികയാണ്. അതിന്റെ ഭാഗമായുള്ള പല പ്രശ്നങ്ങളും നമ്മൾ അഭിമുഖീകരിച്ചിട്ടുണ്ട്. കോവിഡുമൂലം മരിച്ചവരുടെ കണക്ക് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എത്രപ്രാവശ്യം നമുക്ക് ഭേദഗതി ചെയ്യേണ്ടി വന്നിട്ടുണ്ട്? പബ്ലിക് ഹെൽത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവുമെടുത്തവർ ഇവിടെയുണ്ട്. കമ്മ്യൂണിറ്റി

മെഡിസിനുമായി ബന്ധപ്പെട്ട് ബിരുദവും ബിരുദാനന്തര ബിരുദവും നേടിയവരുമുണ്ട്. അവരെയായിരിക്കണം പബ്ലിക് ഹെൽത്തിന്റെ ഡയറക്ടറേറ്റിൽ നിയമിക്കേണ്ടത്. ക്ലിനിക്കൽ സർവ്വീസസിലേയ്ക്ക് മറ്റുള്ളവരെ നിയമിക്കുന്നത് ഗുണകരമായിരിക്കും. ഗവൺമെന്റ് പ്രഖ്യാപിച്ചത് വളരെ കൃത്യമായ ഒരു നയമാണ്. സത്യത്തിൽ ആ നയം പാലിച്ചുകൊണ്ടായിരിക്കണം ഈ ബിൽ വരേണ്ടിയിരുന്നത്. മെഡിക്കൽ ഓഫീസർമാർക്ക് ഇപ്പോൾ തന്നെ ധാരാളം ഉത്തരവാദിത്തങ്ങളുണ്ട്. അതിനുപുറമേ പഞ്ചായത്ത് ചെയ്യുന്ന ജോലികൾ, അതായത് മാലിന്യവുമായി ബന്ധപ്പെട്ട വിഷയമുൾപ്പെടെ ധാരാളം പുതിയ കാര്യങ്ങൾ ഈ ബില്ലിലൂടെ കൊണ്ടുവന്നിരിക്കുകയാണ്. എഡ്യൂക്കേഷൻ സംബന്ധിച്ച ഒരു കാര്യം ഞാൻ പറയാം. 1958-ലെ കേരള വിദ്യാഭ്യാസ ആക്ടിലെ 34 (എ) വകുപ്പ് ഭേദഗതി ചെയ്ത് 'സ്കൂളുകളിൽ ആവശ്യമായ കുടിവെള്ളവും ടോയ്‌ലെറ്റ് സൗകര്യവും ഏർപ്പെടുത്തണം ' എന്ന വ്യവസ്ഥ നിലവിലുള്ളപ്പോൾ കരട് ബില്ലിലെ 20-ാം വകുപ്പ് എന്തിനാണ് ചേർത്തിരിക്കുന്നതെന്നുള്ള ചോദ്യം വിദഗ്ദ്ധരായ ആളുകൾ ചോദിച്ചുകൊണ്ടിരിക്കുകയാണ്. അധികാര വികേന്ദ്രീകരണത്തിനുവേണ്ടി ഒരു ആക്ട് കൊണ്ടുവന്നിട്ടുണ്ട്. 2000-ലെ കേരള അധികാര വികേന്ദ്രീകരണ ആക്ട് 5-ാം വകുപ്പ് പ്രകാരം 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടിലും 11-ാം വകുപ്പ് പ്രകാരം 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടിലും ഭേദഗതികൾ വരുത്തിയിട്ടുണ്ട്. അത് എന്തിനുവേണ്ടിയാണ്? തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തമാക്കുന്നതിനുള്ള ഭേദഗതികൾ ഇതിൽ മുൻകൂട്ടി വരുത്തിയിട്ടുണ്ട്. അപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് താഴെത്തട്ടിലുള്ള പി.എച്ച്.സി.-കളെ നോക്കേണ്ടത് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ചുമതലയാണ്. മേലിൽ അവിടെയുള്ള ഉദ്യോഗസ്ഥരും മെഡിക്കൽ ഓഫീസറും പഞ്ചായത്തുകളുടെ അധികാര പരിധിക്ക് മുകളിൽ വരികയാണ്. കാരണം, ഏത് കാര്യങ്ങളും പഞ്ചായത്ത് തീരുമാനിക്കുന്ന രീതിയിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ടാകുന്നത് എത്രമാത്രം ഭൂഷണമാണെന്ന് നോക്കേണ്ടതുണ്ട്. ഞാൻ ഓരോ കാര്യങ്ങളായി എടുത്തുപറയുന്നില്ല. പഞ്ചായത്ത് രാജ് ആക്ടിലെ ഏതൊക്കെ കാര്യങ്ങളാണ് ആവർത്തിക്കപ്പെട്ട് വന്നിട്ടുള്ളത്; തീർത്ഥാടന സ്ഥലങ്ങൾ മുതലായവയുടെ മേൽ നിയന്ത്രണമുള്ളവരിൽനിന്നുള്ള അംശദായങ്ങൾ പഞ്ചായത്തിന്റെ ചുമതലയാണ്. ഇപ്പോൾ തീർത്ഥാടന കേന്ദ്രവുമായി ബന്ധപ്പെട്ടുള്ള ചുമതലകൾ പബ്ലിക് ഹെൽത്ത് ആക്ട് പ്രകാരം അതിന്റെ അതോറിറ്റിക്കാണ് വരാൻ പോകുന്നത്. പഞ്ചായത്ത് രാജ് ആക്ട് നിഷ്ഫലമാകുകയാണ്. അതുപോലെ 'ജല അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള ജലവിതരണവും അഴുക്കുചാൽ സർവ്വീസുകളും പഞ്ചായത്തിൽ നിക്ഷിപ്തമാക്കൽ' എന്ന് പറയുന്നുണ്ട്. ഇത് നിക്ഷിപ്തമാക്കിക്കഴിഞ്ഞതാണ്. പക്ഷെ, ഈ നിയമം വരുന്നതോടുകൂടി ഇത് പബ്ലിക് ഹെൽത്തിലേയ്ക്ക് മാറുകയാണ്. ഇതിലൊക്കെ പഞ്ചായത്തുകളെ

സഹായിക്കാൻ കഴിയുന്നൊരു സമ്പ്രദായമായാണ് ഈ ആക്റ്റിൽ വിഭാവന ചെയ്യേണ്ടിയിരുന്നത്. പക്ഷെ ഡി.എച്ച്.എസ്.-നെ ഇതിന്റെ അതോറിറ്റിയായി നിയമിച്ചിരിക്കുന്നു. ഡിസ്ട്രിക്ടിലേയ്ക്ക് വരുമ്പോൾ ഡി.എം.ഒ. ആകുന്നു. അത് ലോക്കൽ ലെവലിലേയ്ക്ക് വരുമ്പോൾ അവിടത്തെ പി.എച്ച്.സി.-കളിലുള്ള ലോക്കൽ മെഡിക്കൽ ഓഫീസർമാരായി മാറും. ഈ രീതിയിലുള്ള ചെയിൻ വന്നാൽ പഞ്ചായത്തിന്റെ ജോലി എന്താണ്? സത്യത്തിൽ പഞ്ചായത്തിൽനിന്നും ആരോഗ്യം എന്ന മേഖല എടുത്തുമാറ്റപ്പെട്ടിരിക്കുന്നു. ഇങ്ങനെ ഓരോ കാര്യത്തിനും 73, 74 എന്നീ ഭരണഘടനാ ഭേദഗതികൾ ഇത്രയും നിസ്സാരമായി തോന്നുകയാണെങ്കിൽ അതിനപ്പുറത്തുള്ള കാര്യത്തെക്കുറിച്ച് ചിന്തിക്കേണ്ട ആവശ്യമില്ലല്ലോ; ഭരണഘടനതന്നെ നമുക്ക് അപ്രസക്തമാകുന്നൊരു കാലത്ത് എങ്ങനെയാണ് നമ്മൾ മറ്റ് നിയമങ്ങളെക്കുറിച്ച് ആലോചിക്കുന്നത്? അടിസ്ഥാനപരമായി, ഭരണഘടനയെന്ന ആശയത്തെ തകർത്തുകൊണ്ടാണ് നമ്മൾ ഈ നിയമനിർമ്മാണം നടത്താൻ ശ്രമിക്കുന്നത്. യഥാർത്ഥത്തിൽ ആരോഗ്യനയവുംകൂടി കൂട്ടിച്ചേർത്തുകൊണ്ടുവേണം ഇതിനെ റീ-ഡ്രാഫ്റ്റ് ചെയ്യേണ്ടത്. ആരോഗ്യനയം ഗവൺമെന്റ് പ്രഖ്യാപിച്ച നയമാണ്. ആ നയത്തിന് വിരുദ്ധമായ ഒരു വിഷയം വരുന്നത് അപകടകരമാണ്. ഈ രണ്ട് പോയിന്റുകളാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഭരണഘടനാ ഭേദഗതിയനുസരിച്ച് സംസ്ഥാന നിയമസഭ 29 ഇനങ്ങളുടെ അധികാരം താഴേയ്ക്ക് കൊടുത്തിട്ടുണ്ട്. ആ 29 ഇനങ്ങളിലൊന്നാണ് ആരോഗ്യവുമായി ബന്ധപ്പെട്ട അധികാരങ്ങൾ. അങ്ങനെ നിയമസഭതന്നെ ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ താഴേയ്ക്ക് കൊടുത്ത നിലവിലെ അധികാരങ്ങൾ പിന്നീട് തിരിച്ചെടുക്കാൻ സാധിക്കുമോ; ഭരണഘടനാ ഭേദഗതി നിയമത്തിന്റെ ലംഘനമല്ലേ അത്; ഭരണഘടനയുടെ നിബന്ധനയ്ക്ക് വിരുദ്ധമല്ലേ?

ഡോ. എം. കെ. മുനീർ: സർ, ഇക്കാര്യം തന്നെയാണ് ഞാൻ അടിവരയിട്ട് പറഞ്ഞത്.

മി. സ്പീക്കർ: എനിക്കൊരു അഭ്യർത്ഥനയുള്ളത്, ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കാര്യമായ സഹകരണം ഇന്ന് ഉണ്ടാകേണ്ടതുണ്ടെന്നാണ്.

ഡോ. എം. കെ. മുനീർ: സർ, അദ്ദേഹത്തിന് പ്രത്യേകമായ പ്രസംഗം ഇല്ലാത്തതുകൊണ്ട് എല്ലാ പ്രസംഗങ്ങളിലും അദ്ദേഹം പ്രസംഗിക്കും. ഏതായാലും ഈ രണ്ട് കാര്യങ്ങൾ വളരെ ഗൗരവമായി പരിഗണിക്കാത്തതുകൊണ്ട് ഈ ബിൽ നിരാകരിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: വളരെ നന്ദി ഡോ. എം. കെ. മുനീർ. ശ്രീ. ടി. വി. ഇബ്രാഹിമിന് ഡോ. എം. കെ. മുനീർ അവതരിപ്പിച്ച നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിക്കാവുന്നതാണ്. ഡോ. എം. കെ. മുനീറിന്റെ മാതൃക അങ്ങും പാലിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ഡോ. എം. കെ. മുനീർ എന്റെ നേതാവുകൂടിയാണ്, അതുകൊണ്ടുതന്നെ അദ്ദേഹത്തെ മാതൃകയാക്കുന്നതിൽ എനിക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. ഈ ബില്ലിന്റെ സ്പിരിറ്റിനെ ഞാൻ ഉൾക്കൊള്ളുകയാണ്. കാരണം, യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും ഭരണകാലത്ത് ഈ ബില്ലിനുവേണ്ടിയുള്ള നിരന്തരമായ പരിശ്രമങ്ങളും ചർച്ചകളും മറ്റും നടന്നിട്ടുണ്ട്. പക്ഷെ, ബിൽ അവതരിപ്പിച്ചപ്പോൾ ധാരാളം വൈരുദ്ധ്യങ്ങളുടെ സമാഹാരമായി ഈ ബിൽ മാറുകയാണ്. 1955-ലെ ട്രാവൻകൂർ- കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും 1939-ലെ മലബാർ പബ്ലിക് ഹെൽത്ത് ആക്ടും ഏകീകരിച്ച് ഭരണഘടനയുടെ 73, 74 ഭേദഗതികൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ബില്ലാണ് ഇവിടെ സമർപ്പിച്ചിട്ടുള്ളത്. ഇത് വിശദമായി ചർച്ചയ്ക്ക് വിഷയീഭവിപ്പിക്കുമെന്നുള്ളത് സ്വാഗതാർഹമാണ്. സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുമ്പോൾ നിരന്തരമായ ചർച്ചകൾക്കുംമറ്റും വിധേയമാക്കി ഈ ബില്ലിലെ എല്ലാ അപാകതകളും മാറ്റി ഒരു സമ്പൂർണ്ണ ബില്ലായി പാസ്സാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ ഒരുപാട് വൈരുദ്ധ്യങ്ങളുണ്ടെന്നുള്ളത് നേരത്തെ ക്രമപ്രശ്നം ഉന്നയിച്ചുകൊണ്ടും ഡോ. എം. കെ. മുനീർ നിരാകരണപ്രമേയം അവതരിപ്പിച്ചുകൊണ്ടും ഇവിടെ സൂചിപ്പിച്ചിരുന്നു. ഭരണഘടനയുടെ 73, 74 ഭേദഗതി പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരങ്ങളിൽ ഈ ബിൽ കൈകടത്തുന്നുണ്ടെന്നുള്ളത് ഇവിടെ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി വരുത്തി ഈ ബില്ലിലെ പല വ്യവസ്ഥകളും വ്യക്തത വരുത്തേണ്ടിവരും. കാരണം, ഏതാണ് ഭേദഗതി വരുത്തേണ്ടതെന്ന പ്രശ്നമുണ്ട്. പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി വരുത്തുകയാണെങ്കിൽ പഞ്ചായത്തിന് കൊടുത്തിട്ടുള്ള അധികാരങ്ങൾ തിരിച്ചെടുക്കേണ്ടിവരും. അല്ലെങ്കിൽ ഇതിന്റെ അതോറിറ്റി ആരാണെന്നുള്ള കാര്യത്തിൽ തർക്കമുണ്ടാകും.

അതുപോലെ, ഒരേ വിഷയത്തിൽത്തന്നെ രണ്ട് അധികാരികളും ചില സ്ഥലങ്ങളിൽ മൂന്ന് അധികാരികളുമായി വരുമെന്നതിന് യാതൊരു സംശയവുമില്ല. ഇത് ഭാവിയിൽ പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും ഭരണത്തിൽ വലിയ പ്രതിസന്ധി വരാൻ സാധ്യതയുണ്ട്. ഇവിടെ ഡോ. എം. കെ. മുനീർ

സൂചിപ്പിച്ചതുപോലെ ഇപ്പോൾത്തന്നെ പഞ്ചായത്ത് പ്രസിഡന്റും മുനിസിപ്പാലിറ്റി ചെയർമാനും കോർപ്പറേഷൻ ചെയർമാനും പറഞ്ഞാൽപോലും കേൾക്കാത്ത ഒരു വലിയ ഉദ്യോഗസ്ഥവൃന്ദമുണ്ട്. അധികാരങ്ങളൊക്കെ കൊടുത്തിട്ടുണ്ടെങ്കിലും അവർക്ക് നിയന്ത്രിക്കാനുള്ള യഥാർത്ഥമായ അധികാരം പൂർണ്ണമായും കൊടുക്കാത്തതുകൊണ്ട് അവർ ബുദ്ധിമുട്ടുകയാണ്. അധികാരങ്ങൾ കൊടുക്കുമ്പോൾ അത് നടപ്പിലാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തേണ്ടിവരും. ഒന്നോ രണ്ടോ വിഷയത്തിന് കൂടുതൽ അധികാരികളുണ്ടാകുകയെന്ന് പറയുന്നത് ഭരണസ്തംഭനത്തിന് കാരണമാകുമെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. ബില്ലിൽ അദ്ധ്യായം 3-ൽ മനുഷ്യ ഉപയോഗത്തിനായുള്ള വെള്ളവും മലിനജല നിർമ്മാർജ്ജനവും ശീർഷകത്തിലെ 16, 17, 18 എന്നീ വകുപ്പുകൾ പഞ്ചായത്ത് രാജ് ആക്ടിലെ 218, 219(എസ്), 234 എ മുതൽ സി വരെയുള്ളതിൽ പറഞ്ഞിട്ടുള്ളതാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, രണ്ട് അധികാര കേന്ദ്രങ്ങൾ വരുന്നുവെന്നുള്ളതാണ് അങ്ങിവിടെ പറഞ്ഞുവന്നത്. സാധാരണഗതിയിൽ ഒരു പുതിയ നിയമം വരുമ്പോൾ പഴയ നിയമം റദ്ദാക്കണം. ഇവിടെ അങ്ങനെയുണ്ടായിട്ടില്ല. രണ്ട് അധികാര കേന്ദ്രങ്ങൾ തമ്മിൽ തർക്കവും വഴക്കും ഉണ്ടാകും. ഈയടുത്ത കാലത്ത് തൃക്കാക്കര നഗരസഭയിൽ രണ്ട് സെക്രട്ടറിമാരെ പോസ്റ്റ് ചെയ്തു. പുതുതായി വന്ന സെക്രട്ടറി പറഞ്ഞു "ഞാനാണ് സെക്രട്ടറി". നിലവിലുള്ള സെക്രട്ടറിയും പറഞ്ഞു "ഞാനാണ് സെക്രട്ടറി". അങ്ങനെ കസേരയ്ക്കുവേണ്ടിയുള്ള വലിയ പിടിവലി നടന്നു. ഇവിടെയും അതുപോലുള്ളൊരു പിടിവലിയുണ്ടാകാൻ സാധ്യതയില്ലേ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, സ്വാഭാവികമായും അങ്ങനെയൊരു സാധ്യതയാണ് ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതിൽത്തന്നെ പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പൽ/നഗരപാലിക നിയമം എന്നിവയൊക്കെ ഭരണഘടനാ ഭേദഗതിയിലൂടെയുണ്ടായ കേന്ദ്ര ആക്ടാണ്. ഈ നിയമത്തിൽ അങ്ങനെയുള്ള ഒരു കടന്നുകയറ്റം ഇല്ലാതാക്കുകയാണ് ഈ നിയമം സമ്പൂർണ്ണമാക്കാനായി ചെയ്യേണ്ടതെന്നാണ് എന്റെ അഭിപ്രായം. ഇതിൽ ധാരാളം അപാകതകളുണ്ട്. ഈ ബില്ലിൽ അദ്ധ്യായം 2-ൽ 'പൊതുജനാരോഗ്യ അധികാരികളും അവരുടെ അധികാരങ്ങളും' എന്ന ശീർഷകത്തിൽ, 'കേരള സർക്കാരിന്റെ ആരോഗ്യ വകുപ്പ് ഡയറക്ടറാണ് സംസ്ഥാന പൊതുജനാരോഗ്യ അധികാരി' എന്ന് പറയുന്നുണ്ട്. സംസ്ഥാന പൊതുജനാരോഗ്യ അധികാരിയാണ് ഇതിന്റെ പൊതുവായിട്ടുള്ള അധികാര കേന്ദ്രം. ഇത് സത്യത്തിൽ ജനാധിപത്യവിരുദ്ധമാണ്. ഒരു വ്യക്തി

മാത്രം ഇതിന്റ അധികാര കേന്ദ്രത്തിൽ ഉണ്ടാകുകയെന്നത് ശരിയല്ല. മാത്രമല്ല, സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടർ ഇതിന്റെ അധികാരിയാകുമ്പോൾ അദ്ദേഹം ഇതിന് കോംപീറ്റന്റാണോ എന്നുള്ളത് ഒരു പ്രശ്നമാണ്. കാരണം, അവസാനം എല്ലാ തീർപ്പിനും ഈ സംസ്ഥാന പൊതുജനാരോഗ്യ അധികാരിയാണ് വരേണ്ടത്. 2010-ലെ സ്പെഷ്യൽ റൂളിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ യോഗ്യതയായി പറയുന്നത്, M.B.A. in Hospital Administration എന്നാണ്. രണ്ടാമത്തെയും മൂന്നാമത്തെയും യോഗ്യതയായി പറയുന്നത് കുഴപ്പമില്ല-MPH (Master of Public Health)-ഉം MD in Social and Preventive Medicine-ഉം ആണ്. ഹെൽത്ത് സർവ്വീസിലുള്ള ഒരാളല്ല ആരോഗ്യ വകുപ്പിന്റെ ഡയറക്ടറാകുന്നതെങ്കിൽ, സ്വാഭാവികമായും നിയമിക്കുന്നയാൾ ഇതിന് കോംപീറ്റന്റാണോയെന്നുള്ള സംശയം ഇവിടെ ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് എന്റെ നിർദ്ദേശം ഇതിൽ ഇപ്പോൾത്തന്നെ മാറ്റം വരണമെന്നാണ്. ഇതൊരു ബോർഡാക്കാം. സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറും ഹെൽത്ത് സർവ്വീസിലുള്ള ഉദ്യോഗസ്ഥനും ഉൾക്കൊള്ളുന്ന രീതിയിലുള്ള ഒരു ബോർഡിനെ ഇതിന്റെ അധികാരിയാക്കാമെന്നതാണ് എന്റെ നിർദ്ദേശം.

ഡോ. എം. കെ. മുനീർ: സർ, നമ്മുടെ തൊട്ടടുത്ത സംസ്ഥാനങ്ങളായ തമിഴ്നാടും ആന്ധ്രാപ്രദേശും ഉൾപ്പെടെ ഏഴ് സംസ്ഥാനങ്ങളിൽ ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഹെൽത്തും ക്ലിനിക്കൽ സർവ്വീസിനുവേണ്ടിയുള്ള ഡയറക്ടറേറ്റും വെവ്വേറെയാണ്. അങ്ങനെയാണെങ്കിൽ പബ്ലിക് ഹെൽത്തിനുവേണ്ടി കമ്മ്യൂണിറ്റി ഹെൽത്തിലുള്ള ആളുകളെയും ക്ലിനിക്കൽ സൈഡിലേയ്ക്ക് ക്ലിനിക്കലി എക്സ്പെർട്ടായിട്ടുള്ളവരെയും കൊണ്ടുവരാം. അങ്ങനെ വന്നാൽ മാത്രമേ ശരിയാകൂ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അത് ഒന്നുകൂടി അദ്ദേഹം ഇവിടെ അടിവരയിട്ട് സൂചിപ്പിക്കുകയുണ്ടായി. സമയക്കുറവുള്ളതുകൊണ്ട് ഞാൻ വായിക്കുന്നില്ല. അദ്ധ്യായം 4-ൽ 'ശുചീകരണ സൗകര്യങ്ങൾ' എന്ന ശീർഷകത്തിൽ പഞ്ചായത്ത് രാജ് ആക്ടിലെ 219, 292 (എ), മുനിസിപ്പൽ ആക്ടിലെ 320 മുതൽ 340 വരെയുള്ള വകുപ്പുകളാണ് പറയുന്നത്. അതായത്, ആ വകുപ്പുകളിലേയ്ക്ക് ഈ നിയമം എൻക്രോച്ച് ചെയ്യുന്നു എന്നുള്ളതാണ്. ഇന്നലെ ഈ നിയമവുമായി ബന്ധപ്പെട്ടും ഇതിന്റെ കോൺട്രഡിക്ഷൻസ് ചൂണ്ടിക്കാണിച്ചും മുൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ചന്ദ്രിക ദിനപത്രത്തിൽ ഒരു നീണ്ട ലേഖനം എഴുതിയിട്ടുണ്ട്. സംസ്ഥാനത്തുതന്നെ പൊതുജനശ്രദ്ധ വരുന്ന രീതിയിലുള്ള ചർച്ചകളും മറ്റും ഇന്ന് സജീവമാണ്. ഈ നിയമത്തിന്റെ അപാകതകളാണ് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അടക്കമുള്ളവർ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഈ മുനിസിപ്പൽ ആക്ടിന്റെതന്നെ 320-ാം വകുപ്പിൽ

പറയുന്ന, പൊതു ശൗചാലയങ്ങൾ ഏർപ്പെടുത്തൽ, സ്വകാര്യ ശൗചാലയങ്ങൾ, ഉടമസ്ഥനോ കൈവശക്കാരനോ ശൗചാലയങ്ങൾ ഏർപ്പെടുത്തൽ, 324-ാം വകുപ്പിൽ പറയുന്ന മാർക്കറ്റുകൾ, വണ്ടിത്താവളങ്ങൾ, കാലിത്തൊഴുത്തുകൾ, സത്രങ്ങൾ മുതലായവയ്ക്ക് ശൗചാലയങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയവയെല്ലാം മുനിസിപ്പാലിറ്റിയുടെ അധികാരങ്ങളായി പറയുകയാണ്. 325-ലും 326-ലുമൊക്ക പറയുന്നുണ്ട്. 'ശല്യം ഇല്ലാതാക്കൽ' എന്ന അദ്ധ്യായം 5-ഉം 'പ്രത്യുൽപാദന, മാതൃ, നവജാത ശിശു, ശൈശവ-കൗമാര ആരോഗ്യം' എന്ന അദ്ധ്യായം 6-ഉം സംബന്ധിച്ച വകുപ്പുകൾ പഞ്ചായത്ത് നിയമങ്ങൾക്കെതിരാണ്, അല്ലെങ്കിൽ ആ ഏരിയ എൻക്രോച്ച് ചെയ്യുന്നതാണ്. അദ്ധ്യായം 7-ൽ 33-ാം വകുപ്പിലെ പകർച്ചവ്യാധികളെ സംബന്ധിച്ച കാര്യങ്ങൾ മുനിസിപ്പൽ ആക്ടിന്റെ 9-ാം വകുപ്പിൽ കൃത്യമായി പറയുന്നുണ്ട്. അതുപ്രകാരം എയ്ഡ്സ്, കടുത്ത ഇൻഫ്ലുവൻസയോടുകൂടിയുള്ള ന്യുമോണിയ, ആന്ത്രാക്സ്, ചിക്കൻപോക്സ്, കോളറ, ഡിഫ്തീരിയ, വിഷമജ്വരം, ഗ്ലാൻഡിസ് തുടങ്ങിയ ഒരുപാട് രോഗങ്ങൾ പറയുന്നുണ്ട്. മുനിസിപ്പാലിറ്റിക്ക് കൊടുത്ത അധികാരങ്ങൾ തന്നെയാണ് ഇതിലും പറയുന്നത്. ഈ നിയമം നടപ്പിലാക്കുമ്പോൾ നിലവിൽ മുനിസിപ്പൽ/പഞ്ചായത്ത് രാജ് ആക്ടിൽ ഉൾപ്പെടുത്തിയതും പഞ്ചായത്തുകൾക്ക് ലഭിച്ചതുമായ അധികാരം പഞ്ചായത്ത് രാജ് ആക്ട് ഭേദഗതി ചെയ്യാതെ പൊതുജനാരോഗ്യ ബില്ലിൽ ഉൾപ്പെടുത്തുകവഴി അധികാര നിർവ്വഹണത്തിൽ രണ്ട് വകുപ്പുകൾ തമ്മിലുള്ള ആശയക്കുഴപ്പവും അഭിപ്രായവ്യത്യാസവുമുണ്ടാകാൻ സാധ്യതയുണ്ടെന്നാണ് ഞങ്ങൾ പ്രധാനമായും ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഇത് പൊതുജനാരോഗ്യ രംഗത്ത് വലിയ ചർച്ചകൾക്ക് വിഷയീഭവിച്ചിരിക്കുകയാണ്. ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ ചർച്ചകൾ സജീവമാണ്. ഈ അവസരത്തിൽ, ചികിത്സയെ മാത്രം കേന്ദ്രീകരിച്ചുകൊണ്ടാണ് പൊതുജനാരോഗ്യം മുന്നോട്ടുപോകുന്നതെന്ന് ഡോ. എം. കെ. മുനീർ സൂചിപ്പിച്ചു. അത് തീരെ ഗവേഷണാത്മകമായി മാറുന്നില്ല. ഇന്ത്യയിലാകമാനമുള്ള കണക്കെടുത്താൽ, ഒരു ഡോക്ടറുടെ മുന്നിൽ ഒരു രോഗി രണ്ട് മിനിട്ട് മാത്രമാണ് ചെലവഴിക്കുന്നത്. ഡോക്ടർക്കോ പി.ജി.-ക്ക് പഠിക്കുന്ന കുട്ടികൾക്കോ ഈ രോഗത്തെക്കുറിച്ചോ രോഗം വരാനിടയായ സാഹചര്യങ്ങളെക്കുറിച്ചോ വിശദമായ ഒരു പഠനത്തിന് വിധേയമാകാൻ സാധിക്കുന്നില്ല. കാരണം, അത്യധികം രോഗികളും കുറച്ച് ഡോക്ടർമാരുമാണുള്ളത്. ചികിത്സയും ഗവേഷണവും രണ്ട് തലത്തിലേയ്ക്ക് മാറേണ്ടിയിരിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 450 ഡോക്ടർമാരാണുള്ളത്. അവിടെ ഒരു വർഷം പതിനൊന്ന് ലക്ഷം ഒ.പി. വരുന്നുണ്ട്. പ്രതിവർഷം പതിനൊന്ന് ലക്ഷം ഒ.പി.-കൾക്ക് 450 ഡോക്ടർമാരാണുള്ളത്. മാതൃ-ശിശു വിഭാഗത്തിൽ അഞ്ച് ലക്ഷം സന്ദർശകരുണ്ട്. പ്രതിവർഷം 85,000 കിടപ്പുരോഗികളുമുണ്ട്. പി.ജി. മെഡിക്കൽ വിദ്യാർത്ഥികളുടെ സഹായത്തോടു കൂടിയാണ് ചികിത്സയും മറ്റ് കാര്യങ്ങളും നടക്കുന്നത്. പഠിക്കുന്ന കുട്ടികൾക്കുതന്നെ ഗവേഷണത്തിനും മറ്റും സമയമില്ല. കേന്ദ്ര ഗവൺമെന്റ് പൊതുജനാരോഗ്യത്തെ

വാണിജ്യവത്കരിക്കുകയോ വ്യവസായവത്കരിക്കുകയോ ചെയ്തു കൊണ്ടിരിക്കുകയാണ്. നീതി ആയോഗ് തന്നെ പറഞ്ഞിരിക്കുന്ന പുതിയ ഡോക്യുമെന്റ് ഇപ്പോൾ പൊതുചർച്ചയ്ക്ക് ലഭ്യമാണ്. ഇതിൽ സ്വകാര്യവത്കരണത്തെയും വാണിജ്യവത്കരണത്തെയുമാണ് അവർ ലക്ഷ്യംവയ്ക്കുന്നത്. ആരോഗ്യ സേവനത്തിന്റെ എഴുപത് ശതമാനവും ജനങ്ങൾ സ്വന്തം ചെലവിൽ നിർവ്വഹിക്കണമെന്നുള്ളതാണ് നീതി ആയോഗിന്റെ നിബന്ധന. നമ്മുടെ എല്ലാ ജില്ലാ ആശുപത്രികളും മെഡിക്കൽ കോളേജുകളാക്കാൻ അവർ സന്നദ്ധമാണ്. പക്ഷേ ചികിത്സയ്ക്ക് വലിയ ഫീസ് ഈടാക്കണം, എങ്കിൽ എല്ലാ ആശുപത്രികളും മെഡിക്കൽ കോളേജുകളാക്കാൻ കഴിയുമെന്നാണ് അവർ പറയുന്നത്. ഇതിൽനിന്ന് വ്യത്യസ്തമായി കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ചെറിയൊരു കാൽവയ്പ് നടത്തുകയുണ്ടായി. അതുവരെ വരുമാനത്തിന്റെ 0.9 ശതമാനം മാത്രമായിരുന്ന ആരോഗ്യ മേഖലയ്ക്ക് നീക്കിവച്ചതെങ്കിൽ NRHM (National Rural Health Mission) ഒക്കെ നടപ്പിലാക്കി 1.1 ശതമാനം എന്ന തലത്തിലേയ്ക്ക് വന്നു. എന്നാൽ ഇന്നും പൂർണ്ണമായും ആ തലത്തിലേയ്ക്ക് എത്തിയിട്ടില്ല. ആ രീതിയിൽ അതിനെ ഒന്നുകൂടി ശക്തമാക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്തെങ്കിലും അതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. നമ്മൾ കോവിഡ് രോഗത്തിന് സൗജന്യ ചികിത്സ നൽകി, പക്ഷേ കോവിഡ് വന്ന ആളുകളെ നിരീക്ഷണത്തിന് വിധേയമാക്കേണ്ടതാണ്. മഞ്ചേരി എം.എൽ.എ. ആയ ശ്രീ. യു. എ. ലത്തീഫ് കോവിഡ് ബാധിച്ച് വളരെ മോശമായ അവസ്ഥയിൽനിന്ന് തിരിച്ചുവന്നയാളാണ്. കോവിഡാനന്തര ചികിത്സയ്ക്ക് വലിയ തുക വേണ്ടിവരുന്നതിനാൽ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ഒരു ശ്രദ്ധ അതിലേയ്ക്ക് എത്തേണ്ടിയിരിക്കുന്നുവെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ, കിഫ്ബിയിൽ ഉൾപ്പെടുത്തി വലിയ കെട്ടിടങ്ങളും ഉപകരണങ്ങളും സൗകര്യങ്ങളുമൊക്കെ ഉണ്ടാക്കുന്നുണ്ട്, എവിടെനിന്നും പണം വായ്പയെടുക്കാം, അതിന് പലിശ കൊടുക്കണമെന്നത് വേറെ വശം. ഞങ്ങളൊക്കെ മലപ്പുറം ജില്ലയിൽനിന്നാണ് വരുന്നത്. മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജിൽപ്പോലും സൂപ്പർ സ്പെഷ്യാലിറ്റി ഇല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. നമ്മുടെ ഹെൽത്ത് സബ് സെന്ററുകളെ സജീവമാക്കണം. ഏത് രോഗത്തിനും പ്രാഥമിക ചികിത്സ കൊടുക്കേണ്ടത് ഹെൽത്ത് സബ് സെന്ററുകളാണ്. സത്യത്തിൽ നമ്മൾ തമിഴ്നാടിനെ കണ്ടുപഠിക്കണം. ഒരു ഗർഭിണിയെ സ്കാൻ ചെയ്യാനുള്ള സൗകര്യംപോലും തമിഴ്നാട്ടിലെ ഹെൽത്ത് സബ് സെന്ററിലുണ്ട്. അവിടെ ഹെൽത്ത് സബ് സെന്ററുകൾ അത്രമാത്രം സജീവമാണ്. കാര്യങ്ങൾ നിഷേധിച്ചിട്ട് കാര്യമില്ല. അവിടെ പോയി പഠിക്കണം. മലപ്പുറത്തെ അവസ്ഥ ഞങ്ങൾക്കറിയാം. അയ്യായിരം ജനസംഖ്യയ്ക്ക് ഒരു ഹെൽത്ത് സബ് സെന്റർ എന്നായിരുന്നു കണക്ക്. എന്നാൽ ഇന്ന് മലപ്പുറം ജില്ലയിലെ അവസ്ഥ, പതിനയ്യായിരം മുതൽ ഇരുപതിനായിരം ആളുകൾക്ക് ഒരു ഹെൽത്ത് സബ് സെന്ററില്ല, ഒരു ജെ.പി.എച്ച്.എൻ. (ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്) ഇല്ല. ഞാൻ കഴിഞ്ഞ നിയമസഭയിൽ സബ്മിഷനിലൂടെ ഉന്നയിച്ചതാണിത്.

പക്ഷേ പരിഹാരമായില്ല. അതേസമയം, ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിയുടെ പത്തനംതിട്ട ജില്ലയിൽ നാലായിരം ആളുകൾക്ക് ഒരു ഹെൽത്ത് സബ് സെന്ററുണ്ട്. ഹെൽത്ത് സബ് സെന്ററുകൾ പഴയതുപോലെയല്ല. പണ്ട് ഹെൽത്ത് സബ് സെന്ററുകൾ ഫാമിലി പ്ലാനിംഗിന് വേണ്ടിയായിരുന്നു. എന്നാൽ ഇന്ന് ഹെൽത്ത് സബ് സെന്ററുകളിൽ കൊളസ്ട്രോൾ, പ്രഷർ തുടങ്ങിയവ നോക്കണം. ജീവിതശൈലീ രോഗങ്ങൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് അവിടെത്തന്നെ പ്രാഥമിക ചികിത്സ കൊടുക്കാൻ മാത്രം നമ്മുടെ ഹെൽത്ത് സബ് സെന്ററുകൾ യോഗ്യമാണോ? അല്ല. ജെ.പി.എച്ച്.എൻ.-മാരുടെ കുറവുണ്ട്. പതിനയ്യായിരവും ഇരുപതിനായിരവും ആളുകൾക്ക് ഒരു ഹെൽത്ത് സബ് സെന്ററെന്ന രീതിയിലാണെങ്കിൽ നമുക്ക് ഒരിക്കലും അവരുടെ പ്രശ്നങ്ങളെ അഡ്രസ് ചെയ്യാൻ കഴിയില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ലോകം ആദരിക്കുന്ന നമ്മുടെ സംസ്ഥാനത്തെ ആരോഗ്യ മേഖലയെക്കുറിച്ച് മോശമായി പറയരുത്, എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ പറയാം. തിരുവനന്തപുരം ജില്ലയുടെ അതിർത്തി പങ്കിടുന്നത് തമിഴ്നാടുമായാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തമിഴ്നാട്ടിൽനിന്ന് വളരെയധികം രോഗികളാണ് വരുന്നത്. അതിർത്തിയിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ യാതൊരു സൗകര്യങ്ങളുമില്ലാത്തവയാണ്. അങ്ങനെ നോക്കുമ്പോൾ സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്തെല്ലാം സൗകര്യങ്ങളുമായാണ് മുന്നേറുന്നത്. അതിനെ വിലകുറച്ച് കാണുന്നത് മോശമാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇവിടെ ശ്രീ. കടകംപള്ളി സുരേന്ദ്രനും ശ്രീ. എ. എൻ. ഷംസീറുമൊക്കെ പറഞ്ഞ കാര്യത്തെ ഞാൻ എതിർക്കുകയല്ല, ഞാനിത് പഠിച്ചതാണ്, നിയമസഭയിൽ പറയുമ്പോൾ പഠിക്കാതെ പറയാൻ സാധിക്കില്ലല്ലോ. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും നാം ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ട്. വികസിത രാജ്യങ്ങളോട് നമുക്ക് കിടപിടിക്കാൻ കഴിയുന്നുമുണ്ട്. അത് എൽ.ഡി.എഫ്.-ന്റെ മാത്രമല്ല, യു.ഡി.എഫ്.-ന്റെകൂടി ഭരണകാലത്തുണ്ടായ ഒരു പൊതുനേട്ടമാണ്. പക്ഷേ ഇക്കാര്യത്തിൽ തമിഴ്നാട് നമ്മുടെ മുന്നിലാണെന്നാണ് ഞാൻ പറയുന്നത്. നമുക്ക് എന്തുകൊണ്ട് തമിഴ്നാടിനെ മാതൃകയാക്കാൻ സാധിക്കുന്നില്ല. ഈ കാര്യങ്ങളൊക്കെ ചർച്ച ചെയ്യേണ്ടതുണ്ട്. ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ച് ഒരു സമ്പൂർണ്ണ ബില്ലായി മാറട്ടെ എന്ന് ആഗ്രഹിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി യു. പ്രതിഭ: സർ, 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 5-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിന്റെ അവതരണത്തെയും സെലക്ട് കമ്മിറ്റിക്ക്

അയയ്ക്കണമെന്ന പ്രമേയത്തെയും ഞാൻ പിന്താങ്ങുകയാണ്. ഞാൻ ഈ ബില്ലിൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കാനാണ് ആഗ്രഹിക്കുന്നത്, അധികം സമയമെടുക്കാതെ വേഗത്തിൽ തീർക്കാൻ ശ്രമിക്കാം. ഇവിടെ ആദ്യംതന്നെ ഈ ബില്ലിനെ എതിർത്തുകൊണ്ട് ചില കാര്യങ്ങൾ പറഞ്ഞു. ഡോ. എം. കെ. മുനീർ പഞ്ചായത്ത് വകുപ്പുമന്ത്രിയായിരുന്നു, അതിനുമുൻപ് സംസാരിച്ച പലരും കൗൺസിലർമാരും ചെയർമാൻമാരുമൊക്കെയായി ഇരുന്നവരാണ്. ഇവിടെ അദ്ദേഹം സംസാരിച്ചതിന് ഒരു അടിസ്ഥാനവുമില്ലെന്നാണ് പറയാനുള്ളത്, വേണമെങ്കിൽ എതിർക്കാൻവേണ്ടി പറയാമെന്ന് മാത്രമേയുള്ളൂ. ആരോഗ്യ മേഖലയെ ഒരു കുടക്കീഴിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു വലിയ പരിശ്രമമാണ് നടക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ചരിത്രപരമായ വലിയൊരു നിയോഗമായി മാറാൻ പോകുകയാണ്. പൊതുജനാരോഗ്യ മേഖലയ്ക്ക് വലിയ തരത്തിലുള്ള പിന്തുണ നൽകുന്ന, പൊതുജനാരോഗ്യം ഉത്തരവാദിത്വമായി കാണുന്ന ഒരു ഗവൺമെന്റ് ഔഷധ നിർമ്മാണ രംഗത്തുപോലും തനത് വ്യക്തിമുദ്ര പതിപ്പിക്കാനായി കേരളത്തിലെ പൊതുസ്ഥാപനങ്ങളെ സജ്ജമാക്കുന്ന ഈ കാലഘട്ടത്തിൽ ഏറ്റവും നല്ല ലക്ഷ്യത്തോടുകൂടിയാണ് ഈ ബില്ലിനെ കാണുന്നത്. അതും പൊതുജനങ്ങളുടെ അഭിപ്രായം ആരായുന്നതിനുവേണ്ടി സമർപ്പിക്കുകയാണ്, ഏകപക്ഷീയമായി ഒരു നിയമമാക്കി അടിച്ചേൽപ്പിക്കുകയല്ല ചെയ്യുന്നത്. ഇനിയും ഒരുപാട് ചർച്ചകൾക്ക് അവസരം കൊടുക്കാൻവേണ്ടിയുള്ള ഒരു പരിശ്രമം തന്നെയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്നിരിക്കുന്നത്. ഒട്ടേറെ ശ്രദ്ധേയമായ ഇടപെടലുകൾക്ക് ആരോഗ്യരംഗം സാക്ഷ്യംവഹിക്കാൻ പോകുന്നു എന്നതാണ് കാണാൻ കഴിയുന്നത്. മൂന്ന് അതോറിറ്റികളുടെ വിപുലീകരണം മാത്രമാണ് കാതലായ ഒരു പ്രത്യേകതയായി ഇതിലൂടെ സൂചിപ്പിക്കുന്നത്. കാരണം, ജില്ലാ പ്രാദേശിക അതോറിറ്റികൾക്ക് സംസ്ഥാന അതോറിറ്റി മാർഗ്ഗനിർദ്ദേശം നൽകണമെന്ന് ആദ്യംതന്നെ പറയുന്നുണ്ട്. ജില്ലാ ആസൂത്രണ സമിതികളാണ് ജില്ലയിലെ ഏറ്റവും വലിയ അധികാര കേന്ദ്രമായി നിൽക്കുന്നത്. കാരണം, പഞ്ചായത്തുകളുടെ പദ്ധതിയടക്കം ജില്ലാ ആസൂത്രണ സമിതിയാണ് കൈകാര്യം ചെയ്യുന്നത്. അതായത്, ജില്ലാ ആസൂത്രണ സമിതിയുടെ അധികാരത്തിൽ ഒരുതരത്തിലും ഈ അതോറിറ്റി കൈകടത്തുന്നില്ല എന്നുള്ളതും നാം കാണേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതി നൽകുന്ന മാർഗ്ഗരേഖയും ജില്ലാ അതോറിറ്റിക്ക് പരിഗണിക്കാമെന്ന് പറയുന്നുണ്ട്. ഓരോ അതോറിറ്റിക്ക് കീഴിലുള്ള പദ്ധതി നടത്തിപ്പ് മൂന്ന് മാസത്തിലൊരിക്കൽ വിലയിരുത്തണമെന്നുള്ള ശ്രദ്ധേയമായ നിർദ്ദേശം സ്വാഗതാർഹമാണ്. കോവിഡിന്റെ പശ്ചാത്തലത്തിലാണ്

ഇങ്ങനെയൊരു നിയമനിർമ്മാണത്തിന്റെ കൂടുതൽ സാധ്യതകളെപ്പറ്റി ആരോഗ്യ വകുപ്പ് ചിന്തിച്ചിട്ടുള്ളതെന്നത് നിസ്സംശയം പറയാൻ സാധിക്കും. കാരണം, കോവിഡിന്റെ സമയത്ത് എത്ര ഭംഗിയായാണ് ഓരോ ജില്ലയിലെയും കാര്യങ്ങൾക്ക് നേതൃത്വം കൊടുത്തത്. ഡി.എം.ഒ.-യും ജില്ലാ കളക്ടറും ഒരു ടീം ഉദ്യോഗസ്ഥരും ചേർന്ന് കൃത്യമായി കണ്ടെയ്ൻമെന്റ് സോണുകൾ പ്രഖ്യാപിച്ച് കൃത്യമായ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഒരു പഞ്ചായത്തിനോ നഗരസഭയ്ക്കോ കണ്ടെയ്ൻമെന്റ് സോൺ പ്രഖ്യാപിക്കാൻ കഴിയില്ല. അത്തരത്തിലുള്ള പ്രദേശങ്ങൾ കണ്ടെത്തി അത് ഏത് കാറ്റഗറിയാണെന്ന് പ്രഖ്യാപിക്കാൻ ഉദ്യോഗസ്ഥർക്ക് തന്നെയാണ് കഴിയുന്നത്. കഴിഞ്ഞ ഒന്നേമുക്കാൽ വർഷമായി കേരളത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ചിട്ടയായ സമീപനത്തിലൂടെയാണ് നടത്തിവരുന്നത്. ആലപ്പുഴ ജില്ലയിലൊക്കെ ഒരുകാലത്ത് ചിക്കൻഗുനിയ, ഡെങ്കിപ്പനി എന്നിവ മാത്രമല്ല, എന്ത് രോഗം റിപ്പോർട്ട് ചെയ്താലും പെട്ടെന്ന് പടർന്നുപിടിക്കുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് ആരോഗ്യ വകുപ്പിന്റെ കൃത്യമായ ഇടപെടലിലൂടെ ആ അവസ്ഥയൊക്കെ മാറ്റിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ ബില്ലിലൂടെ ആരുടെയെങ്കിലും അധികാരം കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യുന്നില്ല. ജനങ്ങളുടെ ജീവിതം സംരക്ഷിക്കാൻ കഴിയുന്ന രീതിയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സ്വീകരിച്ച ചില സമീപനങ്ങൾ ഇതിൽ കൊണ്ടുവരാൻ കഴിയുന്നുണ്ട്. ഡി.എം.ഒ. ആണ് ഇതിന്റെ ഡിസ്ട്രിക് ലെവൽ അതോറിറ്റി. ഡി.എം.ഒ. ഇപ്പോൾത്തന്നെ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥ സംവിധാനമാണ്. മെഡിക്കൽ ഓഫീസർമാർ പ്രാദേശിക അതോറിറ്റിയാണ്. അവർ എങ്ങനെയാണ് പഞ്ചായത്തിന്റെ അധികാരത്തിൽ നിന്നും വ്യത്യസ്തമായി നിൽക്കുന്നത്. എവിടെയെങ്കിലും ചില അധികാര തർക്കങ്ങളുണ്ടാകാം, ഇതിന്റെയെല്ലാം ലക്ഷ്യം ജനങ്ങളുടെ ജീവൻ സംരക്ഷിക്കുക എന്നുള്ളതാണ്. ആരോഗ്യ സംവിധാനങ്ങൾക്ക് മേൽനോട്ടവും മാർഗ്ഗരേഖയും നൽകുന്നതാണ് ജില്ലാ അതോറിറ്റി. നമ്മുടെ ജില്ലയിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും കോർത്തിണക്കിക്കൊണ്ട് പ്രവർത്തിക്കുന്നത് ഡി.എം.ഒ. അടക്കമുള്ള ജില്ലാ അതോറിറ്റികളാണ്. രോഗനിയന്ത്രണത്തിന്റെ ഭാഗമായുള്ള ചില പരിശോധനയും കാര്യങ്ങളും അവർ തന്നെയല്ലേ ചെയ്യേണ്ടത്. പഞ്ചായത്ത് പ്രസിഡന്റിനോ നഗരസഭാ ചെയർമാനോ ചെയ്യാൻ കഴിയാത്ത കാര്യങ്ങളിലാണ് ഇത്തരത്തിലുള്ള ഒരു അതോറിറ്റിക്ക് അധികാരം കൊടുക്കുന്നതെന്ന് വ്യക്തമായി കാണാൻ സാധിക്കും. അതുപോലെതന്നെ പൊതുജനാരോഗ്യ സംരക്ഷണത്തിന് ഹാനികരമായ പ്രവൃത്തിയുണ്ടായാൽ അത് പരിഹരിച്ച് ബന്ധപ്പെട്ടവരിൽനിന്നും

ചെലവ് ഈടാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഫുഡ് സേഫ്റ്റി ഇൻസ്പെക്ടർമാരെ വിന്യസിച്ചുവെങ്കിലും കൃത്യമായി എല്ലായിടത്തും പരിശോധിക്കാൻ കഴിയുന്ന ഒരു സംവിധാനമായി അത് വളർന്നിട്ടില്ല. അതുകൊണ്ടുതന്നെ പ്രാദേശിക അതോറിറ്റിക്ക് ഭക്ഷണവും ജലവും പരിശോധിച്ച് ഗുണമേന്മ ഉറപ്പാക്കാൻ സാധിക്കുന്ന ഒരു ഇടപെടൽ നടത്താൻ കഴിയുമെന്നുള്ള ഏറ്റവും ശ്രദ്ധേയമായ ഒരു കാര്യംകൂടി ഈ നിയമത്തിന്റെ ഭാഗമായി വരുന്നുണ്ട്. ഇവിടെ ഏറ്റവും അപകടകരമായി പ്രതിപക്ഷത്തുനിന്നും ചൂണ്ടിക്കാണിച്ചത് പൊതു ശുചിത്വ സൗകര്യങ്ങൾ ഉറപ്പുവരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാദ്ധ്യതയുണ്ടെന്നാണ്. പഞ്ചായത്ത്‌രാജ് നിയമത്തിലെ സെക്ഷൻ 219-ൽ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യണമെന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. പക്ഷെ ഫ്ലാറ്റുകളിലെ സെപ്റ്റിക് ടാങ്കിൽനിന്നും കൊണ്ടുവരുന്ന മാലിന്യങ്ങൾ റോഡരികിൽ നിക്ഷേപിക്കുന്നുണ്ടെന്ന് ഇന്ന് രാവിലെ ബഹുമാനപ്പെട്ട ഒരംഗം പറയുന്നത് കേട്ടു, ഇത്തരത്തിലുള്ള കാര്യങ്ങളെ നിയന്ത്രിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു പുതിയ നിയമം നിർമ്മിക്കുമോ എന്നും ഗവൺമെന്റിനോട് ചോദിക്കുന്നുണ്ട്. പഞ്ചായത്തിനുള്ള അധികാരത്തെ അവരോടൊപ്പംനിന്ന് കുറച്ചുകൂടി കാര്യക്ഷമമാക്കാൻ വേണ്ടിയുള്ള ശ്രമമായി അദ്ധ്യായം 4-ൽ പറഞ്ഞിരിക്കുന്ന ശുചീകരണ സംവിധാനങ്ങളെ കാണണം. എല്ലായിടത്തും ശുചിമുറി കൃത്യമായി ഉറപ്പാക്കേണ്ടത് പഞ്ചായത്തുകളുടെ അനിവാര്യമായ ചുമതലയാണെന്ന് എത്രയോ കാലമായി നമ്മൾ പറയാറുണ്ട്. കേരള സംസ്ഥാനം രൂപംകൊണ്ട് ഏഴ് പതിറ്റാണ്ടാകുമ്പോഴും ആവശ്യത്തിന് ശുചിമുറിയില്ലെന്ന് ഇപ്പോഴും പറയുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നവകേരള പ്രഖ്യാപനത്തിൽ ഏറ്റവും ശ്രദ്ധേയമായത്, കേരളത്തിൽ പന്ത്രണ്ടായിരം ശുചിമുറികൾ അടിയന്തരമായി നിർമ്മിക്കാൻ തീരുമാനിച്ചുവെന്നതാണ്. അത് നിങ്ങളും ശ്രവിച്ചുകാണും. മൂവായിരം പേർക്ക് ഒന്ന് എന്ന രീതിയിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. പക്ഷേ പഞ്ചായത്തുകൾക്ക് ചില പരിമിതികളുണ്ട്. അത് അവരുടെ അധികാരം കവർന്നെടുക്കുന്നതോ, അധികാര തർക്കമോ അല്ല. ഏത് വികസന പ്രവർത്തനങ്ങൾ നടത്തുമ്പോഴും ആ നാട്ടിലെ ഏറ്റവും ദുർബ്ബലമായ അടിസ്ഥാന ജനവിഭാഗത്തിലെ മനുഷ്യന്റെ മുഖമായിരിക്കണം നമ്മുടെയെല്ലാം മനസ്സിലെന്ന് മഹാത്മാഗാന്ധി തന്നെ പറഞ്ഞിട്ടുണ്ട്. അതുമാത്രമേ ഇവിടത്തെ ഗവൺമെന്റും ചെയ്യുന്നുള്ളൂ. ആ രീതിയിൽ പഞ്ചായത്തുകളോടൊപ്പം ചേർന്നുകൊണ്ട് പ്രവർത്തിക്കാൻ വേണ്ടിയുള്ള ചില കാര്യങ്ങൾ മാത്രമാണ് ഈ നിയമത്തിലുള്ളത്. നമ്മുടെ നാട്ടിൽ മാലിന്യ സംസ്കരണത്തിന് പ്രത്യേക വകുപ്പ്

വേണമെന്ന് പറഞ്ഞ് എത്രയോ കാലമായി മുറവിളികൂട്ടുന്നു. എല്ലായിടത്തും അറവുശാലകളും ആധുനികരീതിയിലുള്ള ശ്മശാനങ്ങളും വേണമെന്ന് പറയുന്നുണ്ട്. പക്ഷേ എന്തുകൊണ്ടോ പഞ്ചായത്തുകൾക്ക് പലപ്പോഴും അതിനുള്ള സ്ഥലം കിട്ടാറില്ല. ഒരു നിശ്ചിത സ്പെസിഫിക്കേഷൻ അനുസരിച്ച് അവർക്കത് ചെയ്യാൻ കഴിയുന്നില്ല. അത് പഞ്ചായത്തുകളുടെ കുറവാണെന്ന് പറയാൻ കഴിയില്ല. പൊതുജനാരോഗ്യം ഉത്തരവാദിത്തമായി കണ്ടുകൊണ്ട്, കഴിയുന്ന വിധത്തിൽ ഗവൺമെന്റ് എടുക്കുന്ന ചില സമീപനങ്ങൾ തന്നെയാണിത്.

കേന്ദ്ര ഗവൺമെന്റ് ഔഷധനിർമ്മാണ രംഗത്തുനിന്നുപോലും പിന്മാറുന്ന ഒരു സാഹചര്യത്തിലൂടെയാണ് നമ്മുടെ നാട് കടന്നുപോകുന്നത്. സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന നടപടികളുമായി മുന്നോട്ടുപോകുകയാണ്. ആലപ്പുഴയിലെ കെ.എസ്.ഡി.പി. 2006-ൽ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് നവീകരിക്കാൻ തുടങ്ങി. ഇന്ന് സ്വന്തമായി കോടിക്കണക്കിന് രൂപയുടെ മരുന്ന് ഉല്പാദിപ്പിക്കുന്ന ഒരു സ്ഥാപനമാക്കി അതിനെ മാറ്റാൻ സാധിച്ചു. യാതൊരു തരത്തിലുള്ള അഴിമതിയുമില്ലാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് മരുന്ന് വാങ്ങാൻ കഴിയുന്ന തരത്തിലേയ്ക്കുള്ള ഇടപെടൽ നടത്താനും ഗവൺമെന്റ് തയ്യാറാകുന്നുണ്ട്. മുൻകാലങ്ങളിൽ വീടുകളിലാണ് പ്രസവം നടന്നുകൊണ്ടിരുന്നത്. കാലം മാറുമ്പോൾ കുറേ മാറ്റങ്ങൾ വരണ്ടേ; 1947-ലും 1950-ലും ഉണ്ടായിരുന്ന സാമൂഹ്യ സാഹചര്യങ്ങൾ മാറി. നിയമത്തിൽത്തന്നെ എന്തെല്ലാം ഭേദഗതികൾ വരുന്നുണ്ട്. ഇന്നുണ്ടായിരിക്കുന്ന സാമൂഹ്യ സാഹചര്യങ്ങൾ, ചുറ്റുപാടുകൾ, ഭൂപ്രകൃതി എന്നിവയുടെയൊക്കെ മാറ്റങ്ങൾകൊണ്ട് നമ്മുടെ പരിസ്ഥിതിയിലുണ്ടായിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ ആരോഗ്യ രീതിയിൽ നിരന്തരം ശീലിച്ചുവരുന്ന പ്രവർത്തനങ്ങളിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ എങ്ങനെ ഒരു പ്രദേശത്തെ മാർക്ക് ചെയ്തുകൊണ്ട്, ഒരു പ്രത്യേക ഉദ്യോഗസ്ഥനെവച്ചുകൊണ്ട് കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നുപോലും ഇതിൽ കൃത്യമായി വിവരിക്കുന്നുണ്ട്. കാലം മാറി, രീതികൾ മാറി, നമ്മുടെ സമീപനങ്ങളും മാറേണ്ടതായിട്ടുണ്ട്. ഇതിൽ പകർച്ചവ്യാധികളുടെ നിർവ്വചനം കൃത്യമായി നൽകിയിട്ടുണ്ട്. പലപ്പോഴും നമ്മൾ ചർച്ച ചെയ്യാതെ പോകുന്ന കാര്യമാണ് ആധുനിക ജീവിത ശൈലിയും രോഗവും. രോഗം വരുമ്പോഴെല്ലാം നമ്മൾ മുറവിളി കൂട്ടാറുണ്ട്. പക്ഷേ നമ്മുടെ ജീവിതശൈലി ക്രമീകരിക്കാൻ കഴിയുന്ന തരത്തിലുള്ള കാര്യങ്ങൾ ചെയ്യാൻ കൂടിയുള്ള ബോധവത്കരണം ഈ ആക്ടിൽ കൃത്യമായി പറയുന്നുണ്ട്. പകർച്ചവ്യാധിയല്ലാത്ത രോഗങ്ങളുടെ നിയന്ത്രണത്തിനായി പ്രതിരോധ പ്രോത്സാഹനം, രോഗശാന്തി ഉളവാകുന്ന പുനരധിവാസം, സാന്ത്വന

ചികിത്സാ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയാണ് ഇതിൽ എനിക്ക് ഏറ്റവും ആകർഷകമായി തോന്നിയത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട, ഒരിക്കലും ചർച്ച ചെയ്യാതെ പോകാൻ കഴിയാത്ത ഒരു മേഖലയാണിത്. പ്രായമായവർക്ക് വീടുകളിലെത്തി ചികിത്സ ലഭ്യമാക്കുന്ന പാലിയേറ്റിവ് കെയർ, ജെറിയാട്രിക് മെഡിസിൻ അടക്കമുള്ള കേരളത്തിന്റെ ആരോഗ്യനയത്തെ സംബന്ധിച്ച വിമർശനങ്ങളും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുന്നതും കേട്ടു. തമിഴ്നാട് പോലെയാണോ കേരളം? ഒരിക്കലുമല്ല. തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകം പോലെയല്ല കേരളം. എല്ലാ കാര്യങ്ങളെയും സംബന്ധിച്ച് പ്രതികരിക്കാനുള്ള അവകാശവും അവസരവുമുള്ള ഒരു സംസ്ഥാനമാണ്. ഇന്ത്യ മഹാരാജ്യത്ത് പ്രതീക്ഷയുടെ ചെറിയ പച്ചത്തുരുത്തുള്ളത് നമ്മുടെ സംസ്ഥാനത്തിന് തന്നെയാണ്. ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന സർക്കാരാണ് ഇവിടെയുള്ളത്. ഇത്തരം നിയമങ്ങൾ ഏതെങ്കിലും ഒരു അധികാര തർക്കത്തിനുവേണ്ടിയല്ലെന്നുള്ളതിന്റെ സ്പിരിറ്റ് നിങ്ങൾ ഉൾക്കൊള്ളേണ്ടതാണ്. ഡോ. എം. കെ. മുനീർ സംസാരിച്ചത് കേട്ടാൽ പ്രാദേശിക പൊതുജന അധികാരിയെന്ന് പറയുന്നത് മറ്റാരോ ആണെന്ന് തോന്നും. അത് പഞ്ചായത്തിന്റെ ഭാഗമായിട്ടുള്ള മെഡിക്കൽ ഓഫീസർ തന്നെയാണ്. മെഡിക്കൽ ഓഫീസറെ കുറച്ചുകൂടി വിജിലന്റാക്കിക്കൊണ്ട് കാര്യങ്ങൾ ചെയ്യുന്നുവെന്നുള്ളതാണ്. ഇലക്കറികളും ശുദ്ധമായ പഴങ്ങളും കൂടുതലായി കഴിക്കാനും ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുക, അതിന്റെ പ്രചരണങ്ങൾ കൊടുക്കുക, യോഗപരിശീലനത്തിന് പ്രാധാന്യം കൊടുക്കുക എന്നിവയടക്കം കൃത്യമായി ഇതിൽ പറയുന്നുണ്ട്. നമ്മുടെ നാട്ടിൽ ജങ്ക് ഫുഡ് ധാരാളം കഴിക്കുന്ന ചെറുപ്പക്കാരടക്കമുള്ളവർ ഹൃദ്രോഗബാധിതരാകുന്ന കാഴ്ചയുണ്ട്. രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതിരിക്കുന്നതാണ് നല്ലതെന്ന ഒരു മെസേജുകൂടി അറിയിക്കാൻ ഈ നിയമ നിർമ്മാണത്തിലൂടെ കഴിയുന്നുണ്ടെന്നുള്ളതാണ് ഏറ്റവും ശ്രദ്ധേയമായി ചൂണ്ടിക്കാണിക്കുന്നത്. ഭക്ഷണസാധനങ്ങളിൽ മായം ചേർക്കുന്നത് പരിശോധിക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാക്കുന്നുവെന്നുള്ളത് ഏറ്റവും ശ്രദ്ധേയമാണ്. ഇതിൽ 55 (4) (1)-ാം ഉപവകുപ്പിലെ പ്രൊവിഷൻസ്, അത്തരം സ്ഥലം കൂടുതൽ നന്നാക്കിയെടുക്കാനും അണുവിമുക്തമാക്കുന്നതിനും അത് നാടിന് ദോഷമില്ലാതിരിക്കാനും വേണ്ടിയുള്ളതാണ്. അല്ലാതെ അധികാരം പിടിച്ചെടുക്കുന്നതിനല്ല. അതിനാവശ്യമായ ന്യായമായ, പ്രായോഗികമായ നടപടി സ്വീകരിക്കുന്നതിനും അതിലേയ്ക്കായി ചെലവഴിച്ച ഏതൊരു ചെലവും അതത് സ്ഥലത്തെ താമസക്കാരിൽനിന്നോ ഉടമയിൽനിന്നോ നികുതി കുടിശ്ശികപോലെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഈടാക്കാവുന്നതുമാണ്. അല്ലാതെ

മറ്റൊരാൾക്ക് അത് ഈടാക്കാമെന്ന് പറഞ്ഞിട്ടില്ല. ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് ഇവിടെ പരാമർശമുണ്ടായി. അതിനുള്ള വ്യക്തമായ കാഴ്ചപ്പാടും മാർഗ്ഗ നിർദ്ദേശങ്ങളും ഈ ബില്ലിലുണ്ട്. ജില്ലാ അധികാരിയും പ്രാദേശിക അധികാരിയും ചേർന്ന് അത്തരത്തിലുള്ള കാര്യങ്ങളിൽ തീരുമാനമെടുത്താലും പഞ്ചായത്താണ് അത് നടപ്പിലാക്കുന്നത്. കോവിഡ് വന്ന സമയത്ത് ആയിരത്തിൽപ്പരം കമ്മ്യൂണിറ്റി കിച്ചണുകൾ ഭംഗിയായി നടപ്പാക്കിയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അവിടെ അവർ അധികാരത്തർക്കം പറഞ്ഞില്ല. ആളുകൾക്ക് ഐസൊലേഷനിൽ കഴിയേണ്ടിവന്നു. 'ക്വാറന്റൈൻ' എന്ന വാക്കുതന്നെ ഈ രോഗത്തിന്റെ പശ്ചാത്തലത്തിലാണ് നമ്മൾ കേൾക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റ് ആരോടെങ്കിലും ക്വാറന്റൈനിൽ ഇരിക്കാൻ പറഞ്ഞാൽ ആരെങ്കിലും ഇരിക്കുമോ? മെഡിക്കൽ ഓഫീസർ പറഞ്ഞപ്പോൾ ക്വാറന്റൈനിൽ ഇരുന്നു. എത്ര ഹോട്ടലുകൾ, ലോഡ്ജ് എന്നിവയെല്ലാം നമ്മുടെ ആളുകൾ പ്രവാസികൾക്ക് ക്വാറന്റൈനിൽ ഇരിക്കാനായി വിട്ടുതന്നു. നമുക്ക് അവരെയൊന്നും മറക്കാൻ കഴിയില്ല. സി.എഫ്.എൽ.ടി.സി., ഡി.സി.സി. എന്നിവയെല്ലാം പഞ്ചായത്തുകളും ആരോഗ്യവകുപ്പും ചേർന്നാണ് നടത്തിയത്. അധികാര വികേന്ദ്രീകരണത്തിന് കൂടുതൽ ഊട്ടം പാവും നിറവുമൊക്കെ നൽകാൻ കഴിയുന്ന തരത്തിലേയ്ക്കുള്ള ഒരു നിയമ നിർമ്മാണമായാണ് ഇത് മാറുന്നതെന്നുള്ള കാര്യത്തിൽ സംശയമില്ല. പൊതുജനാരോഗ്യം ഏകീകൃതമാക്കാൻ നമ്മുടെ സർക്കാർ നടത്തുന്ന പരിശ്രമത്തിന് എല്ലാവിധ പിന്തുണയും നൽകുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന '2 ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളം ഒരു പ്രത്യേക തുരുത്തായി നിൽക്കുന്ന ഒരു സംസ്ഥാനമല്ല. ലോകത്ത് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി സംഭവിച്ചിട്ടുള്ള പ്രശ്നങ്ങളെല്ലാം കേരളത്തെയാണ് അതിവേഗത്തിൽ ബാധിക്കുന്നത്. വളരെ പെട്ടെന്നുണ്ടാകുന്ന ചൂടും തണുപ്പും സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാനും രോഗാണുക്കൾ പെരുകുന്നതിനും കാരണമാകുന്നുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ലോകത്ത് മലയാളി എത്തിപ്പെടാത്ത ഒരു സ്ഥലവുമില്ലെന്ന് നമുക്കറിയാം. അതുകൊണ്ടുതന്നെ പല രോഗങ്ങളും കേരളത്തിലേയ്ക്ക് കടന്നുവരാനുള്ള സാഹചര്യങ്ങളുണ്ട്. ഈ അടുത്തകാലത്തായി നമുക്ക് കേട്ടുകേൾവിയില്ലാത്ത നിലയിലുള്ള രോഗങ്ങളാണ് സംസ്ഥാനത്ത് വ്യത്യസ്ത അളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. അതിൽ കോവിഡിനേക്കാൾ

മരണനിരക്ക് കൂടുതലുള്ള ഒന്നാണ് 'നിപ' വൈറസ്. 'നിപ' വൈറസിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾ നമുക്ക് പ്രതിരോധിക്കാൻ കഴിഞ്ഞത് കേരളത്തിന്റെ സമഗ്രമായ പൊതുജനാരോഗ്യ സംവിധാനത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ്. ഇതൊരു സുപ്രഭാതത്തിലുണ്ടായതല്ല; വിവിധ രീതിയിൽ രൂപപ്പെട്ട് വന്നതാണ്. 1957-ൽ മഹാനായ ഇ.എം.എസ്. നമ്പൂതിരിപ്പാട് നേതൃത്വം നൽകിയ ഗവൺമെന്റ് കേരളത്തിൽ കൊണ്ടുവന്ന ഭൂപരിഷ്കരണ ബില്ലും വിദ്യാഭ്യാസ ബില്ലും തുടർന്ന് നായനാർ ഗവൺമെന്റിന്റെ കാലത്തെ സാക്ഷരതാ പ്രസ്ഥാനത്തിനും ജനകീയാസൂത്രണ പ്രസ്ഥാനത്തിനുമെല്ലാം സംസ്ഥാനം സാക്ഷ്യംവഹിച്ചു. ഇതേതുടർന്ന് ഒന്നാം പിണറായി ഗവൺമെന്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച ആർദ്രം പദ്ധതിയും പൊതുവിദ്യാഭ്യാസ ശാക്തീകരണവും ഹരിത കേരളം മിഷനും ലൈഫ് മിഷനുമെല്ലാം ഇത്തരമൊരു അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നതിന് സഹായകരമായിട്ടുണ്ട്. നമുക്കറിയാം, പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിന് വിദ്യാഭ്യാസം വളരെ പ്രധാനപ്പെട്ടതാണ്. കാര്യങ്ങളെക്കുറിച്ച് ധാരണയുണ്ടാകുക എന്നത് വളരെ പ്രധാനമാണ്. ആ ധാരണയുണ്ടാക്കുന്നതിൽ വലിയ പങ്ക് വഹിക്കാൻ കേരളത്തിന് സാധിച്ചു. പഞ്ചായത്ത് അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ സംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്യപ്പെട്ടത്. അധികാര വികേന്ദ്രീകരണത്തിന്റെ ഒരുദാഹരണമാണ് ഈ ബിൽ. മൂന്ന് തട്ടിലായി പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും നേരിടാനും കഴിയുന്ന രീതിയിലുള്ള ഒരു സംവിധാനമാണ് ഈ ബില്ലിൽ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇത് ഓർഡിനൻസായി നിൽക്കുമ്പോൾത്തന്നെയാണ് നാം കോവിഡ് മഹാമാരിയെ നേരിട്ടതും അത് ലോകം ശ്രദ്ധിക്കുകയും അംഗീകരിക്കുകയും ചെയ്തതും. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിലെ കോവിഡ് മരണ നിരക്ക് കുറഞ്ഞ് നിൽക്കുന്നുവെന്ന് നമുക്കറിയാം. സംസ്ഥാനത്ത് കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് ഇതേ സംവിധാനം തന്നെയാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമ പഞ്ചായത്തംഗങ്ങൾ, ആശാ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, അയൽക്കൂട്ടങ്ങൾ എന്നിവയും സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായുള്ള കുടുംബശ്രീ പ്രസ്ഥാനവും ഇതിൽ വലിയ പങ്ക് വഹിച്ചവയാണ്. Area Development Society (ADS), Community Development Society (CDS) എന്നിവയിലെ അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ ഇവരെയൊക്കെ യോജിപ്പിച്ചുകൊണ്ട് പ്രൈമറി ഹെൽത്ത് സെന്ററിലെ സൂപ്രണ്ടുമാരും മെഡിക്കൽ ഓഫീസർമാരും ഹെൽത്ത് ഇൻസ്പെക്ടർമാരുമൊക്കെ നടത്തിയ പ്രവർത്തനങ്ങളാണ് കേരളത്തെ ലോകോത്തര

നിലവാരത്തിലേയ്ക്കെത്തിക്കാൻ സഹായകരമായതെന്ന് നമുക്കറിയാം. അതുകൊണ്ടുതന്നെ പൊതുജനാരോഗ്യ രംഗത്ത് സമഗ്രമായ ഇത്തരമൊരു നിയമം അനിവാര്യമാണ്. ഡോക്ടർ, മരുന്ന്, ആശുപത്രി ഇതിന്റെ ഭാഗമായി രൂപപ്പെട്ട ആരോഗ്യം എന്ന മുഖ്യധാരാസങ്കൽപ്പത്തെ കോവിഡ് മഹാമാരി തന്നെയാണ് തിരുത്തിക്കുറിച്ചത്. യഥാർത്ഥത്തിൽ അത്തരം സംവിധാനങ്ങൾ ഒട്ടേറെയുള്ള അമേരിക്ക ഉൾപ്പെടെയുള്ള ലോകത്തെ വികസിത മുതലാളിത്ത രാജ്യങ്ങളാണ് ഈ മഹാമാരിക്ക് കീഴിൽ അടിപ്പെട്ടുപോയത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കച്ചവട താൽപ്പര്യത്തിന് വിധേയമായ മുതലാളിത്ത സമ്പദ്ഘടനയ്ക്ക് മഹാമാരിയിൽനിന്നും മനുഷ്യരെ രക്ഷിക്കാനായില്ലെന്ന് ഒരു ഘട്ടത്തിൽ മാർപ്പാപ്പതന്നെ പറഞ്ഞു. പൊതുജനാരോഗ്യ സംവിധാനത്തിനകത്ത് നിന്നുകൊണ്ട് സോഷ്യലിസ്റ്റ് നിർമ്മാണ പ്രക്രിയ നടക്കുന്ന ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങൾ അക്കാര്യത്തിൽ നിർവ്വഹിച്ച നിർണ്ണായകമായ പങ്കും അതിജീവനവും നമ്മൾ കണ്ടതാണ്. ഇപ്പോൾ വാക്സിൻ വളരെ ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്. നമ്മുടെ രാജ്യത്ത് നൂറുകോടി ജനങ്ങൾക്ക് വാക്സിൻ കൊടുക്കുന്നതിന്റെ പ്രഖ്യാപനം ഈ അടുത്ത സമയത്താണ് നടന്നത്. മുന്നോക്കം നിൽക്കുന്ന വൻകിട രാജ്യങ്ങൾ അവരുടെ രാജ്യത്തെ 80 ശതമാനത്തിൽ കൂടുതൽ ജനങ്ങൾക്ക് വാക്സിൻ കൊടുത്തുകഴിഞ്ഞു. 100 കോടി ജനങ്ങൾക്ക് കൊടുക്കാനുള്ള വാക്സിൻ അവരുടെ കയ്യിൽ ഇപ്പോഴും നീക്കിവച്ചിരിക്കുകയാണ്. പേറ്റന്റ് നിയമമെന്താണെന്നും നമ്മുടെ രാജ്യത്ത് ആ നിയമം കൊണ്ടുവന്നത് ആരാണെന്നും എല്ലാവർക്കുമറിയാം. രാജ്യത്ത് പണച്ചെലവ് കുറഞ്ഞ വൈദ്യ സഹായം ലഭിക്കേണ്ട സാഹചര്യം സൃഷ്ടിക്കാനിട നൽകുന്ന അന്തരീക്ഷത്തെ കോർപ്പറേറ്റുകൾക്കുവേണ്ടി തകർത്തത് ആരാണെന്ന് ഞാൻ വിശദീകരിക്കുന്നില്ല. ഇവിടെ നേരത്തെ ശ്രീ. ടി. വി. ഇബ്രാഹിം സാഹിബ് സംസാരിക്കുമ്പോൾ സ്വകാര്യവൽക്കരണത്തെക്കുറിച്ച് പറയുകയുണ്ടായി. കൂടെ നിൽക്കുമ്പോൾ അത് എതിർക്കേണ്ടതായിരുന്നുവെന്നുകൂടി ഞാൻ കൂട്ടിച്ചേർക്കുകയാണ്. സാധാരണക്കാർക്ക് വാക്സിൻ ലഭിക്കാൻ എന്തുകൊണ്ടാണ് ഇത്ര പ്രയാസം? മറ്റുള്ളവർക്ക് വാക്സിൻ ലഭിച്ചാൽ മാത്രമേ എനിക്ക് രോഗം വരാതിരിക്കുകയുള്ളുവെന്നതാണ് ഈ രോഗത്തിന്റെ പ്രത്യേകത. ഡെൽറ്റാ വൈറസ് ഉൾപ്പെടെ ജനിതകമാറ്റം വന്ന വൈറസുകളുടെ വ്യാപനത്തിൽനിന്ന് രക്ഷപ്പെടണമെങ്കിൽ ഞാനും എനിക്ക് ചുറ്റുമുള്ളവരും വാക്സിനെടുക്കണം. ലോക രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ കൈവശമുള്ള വാക്സിൻ തങ്ങൾക്ക്

അപകടമാണെന്ന് ബോധ്യപ്പെട്ടിട്ടുപോലും കൊടുക്കാൻ തയ്യാറല്ല. അത്ര നികൃഷ്ടമാണ് ഈ സാമ്പത്തിക നയം; അത് നാം തിരിച്ചറിയേണ്ടതുണ്ട്. അതിനകത്തുനിന്നുകൊണ്ട് പൊതുജനാരോഗ്യത്തെ നാം നോക്കിക്കാണരുത്. പൊതുജനാരോഗ്യത്തെ കുറേക്കൂടി വിശാലമായ ഒരു സാഹചര്യത്തിലാണ് കാണേണ്ടതെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. അങ്ങനെ വരുമ്പോഴാണ് പുതിയ സാഹചര്യത്തെ പ്രതിരോധിക്കുന്നതിനുവേണ്ടി കേരളം ആർജ്ജിക്കേണ്ട വളരെ പ്രധാനപ്പെട്ട നിലപാടുകളെ ഉയർത്തിക്കാണിച്ചുകൊണ്ട് ഇത്തരമൊരു ബിൽ നമുക്ക് അവതരിപ്പിക്കേണ്ടി വന്നത്. ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽത്തന്നെ ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോയിട്ടുള്ളതാണ്. ജലാശയങ്ങൾ മലിനമാക്കൽ, മലിനമായ ജലവിതരണം എന്നിവ തടയണം. പൊതുജന ശല്യമുണ്ടാകുന്ന ശൗചാലയങ്ങൾ ഒഴിവാക്കി ആവശ്യമായവ ഉറപ്പാക്കണം. ഭക്ഷണശാലകൾ മലിനമായ ഭക്ഷണങ്ങൾ വിതരണം ചെയ്യുന്നത് തടയണം. ശുദ്ധവായു ഉറപ്പാക്കണം. പൊതു-സ്വകാര്യ സ്ഥലങ്ങളിൽ പകർച്ചവ്യാധികൾക്കിടയാകുന്ന രോഗാണുക്കൾ പെറ്റുപെരുകുന്നത് തടയണം. രോഗകാരണമാകുന്ന പ്രാണികളുടെ വ്യാപനം തടയണം. ഇങ്ങനെ സമഗ്രമായൊരു ഇടപെടൽ പൊതുജനാരോഗ്യ നടപടികളുടെ ഭാഗമായി ഉണ്ടാകേണ്ടതുണ്ട്. ഇതിനുള്ള ഇടപെടലാണ് സമഗ്രമായ ഈ ബിൽ. ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം കൂടിയാണ്. ഈ സാഹചര്യത്തിൽ ഭാവനാപൂർണ്ണവും വികേന്ദ്രീകൃതവുമായ ഇത്തരമൊരു ബിൽ അവതരിപ്പിക്കാൻ നേതൃത്വം നൽകിയ ഗവൺമെന്റിനെയും മന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. ബില്ലിന്റെ ഖണ്ഡം 7(8) പ്രകാരം സംസ്ഥാന പൊതുജനാരോഗ്യ അധികാരിക്ക് സ്വകാര്യ ആരോഗ്യ പരിപാലന കേന്ദ്രത്തിൽനിന്നും വിവരങ്ങൾ ശേഖരിക്കാൻ അധികാരം നൽകുന്നുണ്ട്. ഇത് വളരെ പ്രധാനപ്പെട്ടതാണ്. കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെട്ട ഒന്നാംഘട്ടത്തിൽ ആശുപത്രികളിൽ അവർ നിശ്ചയിക്കുന്ന തുകയ്ക്കായിരുന്നു ചികിത്സ തീരുമാനിച്ചിരുന്നത്. അതിന്റെ വിശദാംശങ്ങളറിയാനുള്ള മാർഗ്ഗങ്ങൾ നമ്മുടെ മുമ്പിലുണ്ടായിരുന്നില്ല. ഈ ബില്ലിന്റെ ഭാഗമായി കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നുവെന്നത് വളരെ പ്രധാനമാണ്. ബില്ലിന്റെ ഖണ്ഡം 7(5) പ്രകാരം സംസ്ഥാന-ജില്ലാ- പ്രാദേശികതലത്തിലുള്ള പൊതുജനാധികാരികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സംസ്ഥാന ഗവൺമെന്റിനുംവേണ്ടി തങ്ങളുടെ അധികാരപരിധിയിൽ വരുന്ന പ്രദേശത്തെ വാർഷികാരോഗ്യസ്ഥിതി റിപ്പോർട്ടും പൊതുജനാരോഗ്യത്തിനായുള്ള വാർഷിക പ്രവർത്തന പദ്ധതികളും തയ്യാറാക്കാൻ നിയമപരമായി ബാധ്യസ്ഥരാകുന്നു. അതായത്, ഈ

പ്രദേശങ്ങളിലെ ആരോഗ്യാവസ്ഥ മനസ്സിലാക്കി അതിനനുസരിച്ച് പദ്ധതികൾ തയ്യാറാക്കുന്നതിന് വിവിധ തലത്തിലുള്ള ഗവൺമെന്റുകൾക്ക് ഇതുവഴി സാധിക്കുന്നു. കൂടാതെ പകർച്ചവ്യാധികൾ തടയുന്നതിനുള്ള മുൻകൂർ നടപടികൾ സ്വീകരിക്കാനും രോഗങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും ഈ ഖണ്ഡത്തിലെ വ്യവസ്ഥകൾ ഉപയോഗപ്പെടും.

2 .00 P.M.]

ബില്ലിലെ ഖണ്ഡം 7 (14) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള രോഗങ്ങളുമായി ബന്ധപ്പെട്ട് സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളുൾപ്പെടെ പിന്തുടരേണ്ട ചികിത്സാ പ്രോട്ടോക്കോളനുസരിച്ച് ഈടാക്കേണ്ട നിരക്കുകളുൾപ്പെടെ പ്രസിദ്ധീകരിക്കാൻ സംസ്ഥാന പൊതുജനാരോഗ്യ അധികാരിക്ക് അധികാരം നൽകുന്നു. ഇത് ആരോഗ്യ രംഗത്തെ കൊള്ളലാഭം ഇല്ലാതാക്കാനും മെഡിക്കൽ കുറ്റകൃത്യങ്ങൾ കുറയ്ക്കാനും സഹായകരമാകും. കോവിഡിന്റെ ഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഇടപെടലിന്റെ സാധ്യതകളെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. ബില്ലിന്റെ 7-ാം അദ്ധ്യായത്തിൽ സാംക്രമിക രോഗങ്ങളെ സമഗ്രമായി വിലയിരുത്തുന്നതിനും രോഗങ്ങൾ തടയുന്നതിനുമുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ആരോഗ്യ രംഗത്തെ സമസ്ത മേഖലകളെയും ഈ ബിൽ ഉൾക്കൊള്ളുന്നു. പകർച്ചവ്യാധികൾ, ജീവിതശൈലീ രോഗങ്ങൾ, ജലജന്യ രോഗങ്ങൾ, മാതൃ-ശിശു സംരക്ഷണം, വാർദ്ധക്യ പ്രശ്നങ്ങൾ, മാനസികാരോഗ്യം, മാലിന്യ സംസ്കരണം, ജല മലിനീകരണം, വായു മലിനീകരണം, ഭക്ഷണം, ശൗചാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഉത്സവങ്ങൾ എന്നിങ്ങനെ രോഗത്തെയും രോഗത്തിന്റെ പ്രഭവ കേന്ദ്രങ്ങളെയും കൃത്യമായി കണ്ടുപിടിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കാൻ ഈ ബില്ലിൽ വ്യവസ്ഥകളുണ്ട്. ഈ ബില്ലുമായി ബന്ധപ്പെട്ട ഒന്നുരണ്ട് കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഖണ്ഡം 21-ൽ താമസ സ്ഥലങ്ങൾ ഒഴികെയുള്ള സ്ഥാപനങ്ങൾ പൊതുജനാരോഗ്യ അധികാരിയുടെ സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഓരോ വർഷവും നേടിയിരിക്കണമെന്ന് പറയുന്നുണ്ട്. സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്ന ആശയം പ്രധാനപ്പെട്ടതാണ്. എന്നാൽ ഈ സർട്ടിഫിക്കറ്റ് നൽകുന്നതിന് പൊതുജനാരോഗ്യ അധികാരി മാത്രമേയുള്ളൂവെന്നതിനാലും അദ്ദേഹം മറ്റുചുമതലകളുള്ള മെഡിക്കൽ ഓഫീസറായതിനാലും ഒരു പ്രായോഗിക പ്രശ്നം ഇതുമൂലമുണ്ടാകുമോയെന്ന പരിശോധന അനിവാര്യമാണ്.

മി.സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, സമയം അവസാനിച്ചുവെന്നതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ]

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെ പിന്താങ്ങുകയാണ്. കഴിഞ്ഞ ആറ് ദശകങ്ങളായി കേരളം ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ വളരെ മികച്ചതായിരുന്നുവെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയാകാവുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. ബഹുമാന്യയായ മന്ത്രി സൂചിപ്പിച്ചതുപോലെ, 1957-ലെ കേരള അനാട്ടമി ആക്ട് മുതൽ നിരവധി നിയമങ്ങൾ നിർമ്മിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഈ ബിൽ അവതരിപ്പിച്ചതിലൂടെ കേരളത്തിൽ മാറിമാറിവരുന്ന സർക്കാരുകൾ കൈവരിച്ച നേട്ടങ്ങളെ മുഴുവൻ തിരസ്കരിക്കുന്ന നിലപാടാണോയെന്ന് ഞാൻ സംശയിക്കുന്നു. ആരോഗ്യ വകുപ്പിന് കൂടുതൽ അധികാരങ്ങളുണ്ടെങ്കിൽ മാത്രമേ കോവിഡ് പോലെയുള്ള പകർച്ചവ്യാധികളുടെ വ്യാപനത്തെ ഫലപ്രദമായി നേരിടാൻ സാധിക്കുകയുള്ളൂവെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലാണ് ഈ ബിൽ കൊണ്ടുവരുന്നതെന്ന് ബില്ലിന്റെ ഉദ്ദേശ്യകാര്യങ്ങളുടെ വിവരണത്തിൽ പറയുന്നുണ്ട്. അതായത്, കോവിഡ്-19 അടക്കമുള്ള പകർച്ചവ്യാധികൾ വന്ന സമയത്ത് അതിനെ നിയന്ത്രിക്കാൻ കഴിയുന്ന ഒരു നിയമമില്ലാത്തതിനാൽ ഗവൺമെന്റ് പരാജയപ്പെട്ടിരുന്നുവെന്ന് സ്വയം സമ്മതിക്കുന്ന രൂപത്തിലാണോ ഈ ബിൽ അവതരിപ്പിക്കുന്നതെന്ന സംശയം പ്രകടിപ്പിക്കുകയാണ്. നിയമത്തിന്റെ അഭാവമാണ് കൃത്യനിർവ്വഹണത്തിന് അല്ലെങ്കിൽ കാര്യനിർവ്വഹണത്തിന് പ്രയാസകരമായിരുന്നുവെന്ന് ഈ ബില്ലിലൂടെ പറയുമ്പോൾ അതൊരു വിചിത്ര വാദമായി തോന്നുകയാണ്. കഴിഞ്ഞ ദിവസം സഭയിൽ പാസ്സാക്കിയ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ കേരള സംസ്ഥാന രൂപീകരണത്തിനുമുമ്പ് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന രാജഭരണകാലത്തെ നിയമങ്ങളെ നിലനിർത്തിക്കൊണ്ട് കാര്യനിർവ്വഹണം നടത്തുന്നതിനു വേണ്ടിയായിരുന്നു. എന്നാൽ അതിന് കടകവിരുദ്ധമായിട്ടുള്ള ഒരു വാദഗതിയാണെന്നാണ് ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ പറയുന്നത്. നിയമത്തിന്റെ അഭാവമല്ല പരാജയത്തിന് കാരണമെന്ന് വ്യക്തമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, മറ്റ് വകുപ്പുകളുടെ അധികാരങ്ങളിൽ കടന്നുകയറാനുള്ള, അല്ലെങ്കിൽ അധികാരങ്ങളിലേയ്ക്കെത്താനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണോ ഇതെന്ന് സംശയിക്കാവുന്നതാണ്. അക്കാര്യങ്ങളെക്കുറിച്ചാണ്

ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ ഉൾപ്പെടെയുള്ളവർ നിരാകരണപ്രമേയം അവതരിപ്പിച്ചപ്പോൾ സൂചിപ്പിച്ചത്. അധികാര കേന്ദ്രീകരണം നടത്തുന്നുവെന്നും പഞ്ചായത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും ഉദ്യോഗസ്ഥർ തമ്മിൽ യാതൊരു വൈരുദ്ധ്യവും ഉണ്ടാകില്ലെന്നുമൊക്കെ ഇവിടെ പലരും സൂചിപ്പിച്ചു. എന്നാൽ ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ ശുചിത്വ മിഷൻ ഡയറക്ടർ ഇറക്കിയ ഒരു ഉത്തരവിനെ സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ ചോദ്യം ഉന്നയിച്ചു. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമൊക്കെ ശുചിത്വ മിഷന്റെ ഫണ്ടുപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.സി. അംഗീകരിച്ച് പ്രവർത്തനം തുടങ്ങിയപ്പോൾ അത് നടപ്പിലാക്കാൻ പാടില്ലെന്നും നിർത്തിവയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശുചിത്വ മിഷൻ ഡയറക്ടർ നൽകിയ ഒരു ഉത്തരവിനെ സംബന്ധിച്ചായിരുന്നു പറഞ്ഞത്. പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെയോ മന്ത്രിയുടെയോ അല്ലെങ്കിൽ ആരോഗ്യ വകുപ്പിന്റെയോ അനുമതിയോടെയാണോ ഇതെന്ന ഒരു ചോദ്യം ഇവിടെയില്ലേ? പഞ്ചായത്ത് രാജ് ആക്ടിൽ ഇക്കാര്യങ്ങൾക്കൊക്കെ അധികാരപ്പെട്ട ഉദ്യോഗസ്ഥരുണ്ടായിരിക്കെ അവർക്ക് മുകളിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുമ്പോൾ ഈ മേഖലയിൽ പ്രയാസങ്ങൾ ഉണ്ടാകാനിടയുണ്ട്. അതുകൊണ്ട് ഈ നിയമം നടപ്പിലാക്കിയാൽ മാത്രമേ സംസ്ഥാനത്ത് സാംക്രമിക രോഗങ്ങളുടെ വ്യാപനത്തെ തടയാൻ സാധിക്കുകയുള്ളൂവെന്ന സർക്കാരിന്റെ വാദം ഇതിലൂടെ സമർത്ഥിക്കാൻ കഴിയില്ലെന്നത് വ്യക്തമാണ്. നിയമങ്ങളൊന്നുമില്ലാത്തതിനാൽ കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് നിങ്ങൾ സ്വയം പറയുന്ന ഒരവസ്ഥയിലേയ്ക്കാണ് ഈ ബില്ലിന്റെ അവതരണമെന്നാണ് വ്യവസ്ഥകൾ പരിശോധിക്കുമ്പോൾ കാണാൻ സാധിക്കുന്നത്. കേരള പൊതുജനാരോഗ്യ ബില്ലിലൂടെ അധികാര കേന്ദ്രീകരണം നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാണ്.ജനകീയാസൂത്രണത്തിന്റെ ആശയങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഇത് ചെയ്യുന്നതെന്ന് പ്രിയപ്പെട്ട സേവ്യർ ചിറ്റിലപ്പിള്ളി പറഞ്ഞു. ജനകീയാസൂത്രണത്തിന്റെ കാലഘട്ടങ്ങളിൽ, സാധാരണ ഗ്രാമസഭകളിൽ പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കാനും അതിനാവശ്യമായ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കാനും അത് നടപ്പിലാക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനുമുള്ള പൂർണ്ണമായ അധികാരം താഴെത്തട്ടിലുള്ള ജനങ്ങൾക്കുണ്ടായിരുന്നു. പഞ്ചായത്തിന്റെ കയ്യിലുണ്ടായിരുന്ന ഈ അധികാരങ്ങൾ ഗവൺമെന്റ് നിശ്ചയിക്കുന്ന ഒരു ഉദ്യോഗസ്ഥന് അല്ലെങ്കിൽ ഡി.എച്ച്.എസ്.-ന്/ഡി.എം.ഒ.-യ്ക്ക്/പ്രൈമറി ഹെൽത്ത് സെന്ററിലെ ഉദ്യോഗസ്ഥന്/ആരോഗ്യ വകുപ്പിലെ ഡോക്ടർക്ക്/പി.എച്ച്.സി.-കൾക്ക്/സി.എച്ച്.സി.-കൾക്ക് നൽകുന്ന തരത്തിലുള്ള അവസ്ഥയാണുണ്ടാകുന്നത്. അതുകൊണ്ട് ഇതിനുപകരമായി

പി.എച്ച്.സി.-കളെയും സി.എച്ച്.സി.-കളെയും ഡീലിങ് ചെയ്ത് തദ്ദേശഭരണ സ്ഥാപനങ്ങളോട് കൂടുതൽ അടുപ്പിക്കുകയെന്ന നയവും നിലപാടുമാണ് ഗവൺമെന്റ് ഇതിലൂടെ സ്വീകരിക്കേണ്ടതെന്ന് സൂചിപ്പിക്കുന്നു. മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും തിരുവിതാംകൂർ ആക്ടുമൊക്കെ യോജിപ്പിച്ചുകൊണ്ട് പകർച്ചവ്യാധി നേരിടുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നത് നല്ലതാണെന്ന് പറയുന്നതിൽ യാതൊരു തർക്കവുമില്ല. പക്ഷേ അതില്ലാത്തതുകൊണ്ടാണ് അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടുള്ള പ്രയാസം ഇല്ലാതാക്കുന്നതിനു വേണ്ടിയാണെന്ന് പറയുന്നതാണ് അംഗീകരിക്കാൻ കഴിയാത്തത്. മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടിൽ സെപ്റ്റിക് ടാങ്കും കിണറും തമ്മിലുള്ള അകലം 15 മീറ്റർ എന്ന് വ്യവസ്ഥ ചെയ്യുമ്പോൾ സംസ്ഥാനത്തെ കെട്ടിട നിർമ്മാണ നിയമത്തിൽ അത് വെറും 7.5 മീറ്റർ മാത്രമാണ്. ഇത്തരത്തിലുള്ള തെറ്റുകൾ തിരുത്തി കാലോചിതമായ ഭേദഗതികൾ ഉൾക്കൊള്ളിച്ച് രണ്ട് നിയമങ്ങളെ ഏകീകരിച്ചുകൊണ്ടുള്ള സമഗ്രമായ പൊതുജനാരോഗ്യ നിയമമായിരുന്നു കൊണ്ടുവരേണ്ടിയിരുന്നത്. അതിനുപകരം ഇങ്ങനെയൊരു അധികാര കേന്ദ്രീകരണം നടത്തുന്നത് ശരിയായ നടപടിയല്ല. നിലവിൽ ആരോഗ്യ വകുപ്പിലെ ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിട്ടുകിട്ടിയിട്ടുണ്ടെങ്കിലും ഒറ്റക്കെട്ടായ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്നുള്ളത് വാസ്തവമാണ്. പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും ഫണ്ട് അനുവദിക്കുന്നതും മെഷിനറി അടക്കമുള്ള സാധനസാമഗ്രികൾ നൽകുന്നതും നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കടമയായി മാറി. ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചുള്ള പ്രവർത്തനത്തിന് ആരോഗ്യ വകുപ്പ് അധികൃതർ വേണ്ടത്ര താല്പര്യം കാണിക്കാറില്ലായെന്നത് വാസ്തവമാണ്. ജില്ലാ മെഡിക്കൽ ഓഫീസർമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തി യോജിച്ച് പ്രവർത്തിക്കുന്നതിന് കൂടുതൽ നിർദ്ദേശങ്ങൾ നൽകി അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതായിരിക്കും ഉചിതമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. രണ്ട് കാര്യങ്ങൾ ഇതിന്റെ ഭാഗമായി പറയാനുള്ളതിൽ ഒന്ന്, ആരോഗ്യ വകുപ്പിൽ ധാരാളം പുരോഗതി കൈവന്നിട്ടുണ്ടെന്ന് അവകാശപ്പെടുമ്പോൾ ആരോഗ്യ വകുപ്പിന്റെതന്നെ ഒരു പോരായ്മയായി ചൂണ്ടിക്കാണിക്കാനുള്ളത്, 2021-2022-ലെ ബഡ്ജറ്റിൽ ആരോഗ്യ വകുപ്പിനുവേണ്ടി മാറ്റിവച്ച വിഹിതത്തിൽ നാളിതുവരെയായി ഒരു രൂപപോലും ചെലവഴിക്കാത്ത നിരവധി സ്ഥാപനങ്ങളുണ്ടെന്നുള്ളതാണ്. മലബാർ കാൻസർ സെന്ററിന് 2500 ലക്ഷം രൂപയും കൊച്ചിൻ കാൻസർ സെന്ററിന് 1300 ലക്ഷം രൂപയും കേരള ഹെൽത്ത് യൂണിവേഴ്സിറ്റിക്ക് 1200 ലക്ഷം രൂപയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് എന്നിവയ്ക്ക്

100 ലക്ഷം രൂപയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്തിന് 360 ലക്ഷം രൂപയും നൽകിയിട്ടും അതിൽനിന്നും ഒരു രൂപപോലും മേൽസ്ഥാപനങ്ങൾ ചെലവഴിച്ചിട്ടില്ലെന്ന് ആരോഗ്യ വകുപ്പിന്റെ കണക്കുകൾതന്നെ പറയുകയാണ്. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽനിന്നും ലഭിച്ച രേഖയിൽ വളരെ കൃത്യമായി പറയുന്ന കാര്യമാണിത്. അതുപോലെ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വിവിധ ഹെഡ്ഡുകളിൽ തുക വകയിരുത്തിയതിൽ പല ഹെഡ്ഡുകളിലുമുള്ള തുക നാളിതുവരെ ചെലവഴിച്ചിട്ടില്ലെന്നുള്ളത് കാണാൻ സാധിക്കും. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനായി നീക്കിവച്ച 500 ലക്ഷം രൂപയിൽ നാളിതുവരെ ഒരു രൂപപോലും ചെലവഴിച്ചിട്ടില്ല. സംസ്ഥാനത്ത് 2020 ജനുവരി 1 മുതൽ ജൂൺ 30 വരെ 5.45 ലക്ഷം പേർ പനിയും 101.14 ലക്ഷം പേർ ജലജന്യരോഗങ്ങളും പിടിപെട്ട് ആശുപത്രിയിൽ എത്തിയിട്ടുണ്ടെന്ന് ആരോഗ്യ വകുപ്പുതന്നെ സ്ഥിരീകരിക്കുന്നുണ്ട്. കൂടാതെ നിപ പ്രതിരോധ പ്രവർത്തനങ്ങൾക്കായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ പാതിവഴിയിൽ മുടങ്ങിയതിന്റെ വിവരങ്ങളും പുറത്തുവരികയാണ്. അതുകൊണ്ട് ആരോഗ്യ വകുപ്പിൽ നമ്മൾ ഏറെ കാര്യങ്ങൾ നടത്തുന്നുവെന്ന് പറയുമ്പോഴും വകയിരുത്തിയ തുക ചെലവഴിക്കാതെ ജനങ്ങളുടെ ആരോഗ്യകാര്യങ്ങളിൽ ശുഷ്കാന്തി കാണിക്കാത്ത നിലപാട് ഉണ്ടാകുന്നുവെന്നതാണ് പരിതാപകരമായ അവസ്ഥ. കോഴിക്കോട് മൈക്രോ ബയോളജി ലാബിലും തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്കിലും അത്യാധുനിക ബി.എസ്.എൽ-3 (Biosafety Level-3) ലാബുകൾ സ്ഥാപിക്കുമെന്ന് പലതവണ പ്രഖ്യാപിച്ചു. പക്ഷേ അതിപ്പോഴും പൂർത്തീകരിക്കാനോ മുന്നോട്ടുകൊണ്ടുപോകാനോ സാധിച്ചിട്ടില്ല. നിപ വൈറസിനെ തിരിച്ചറിയാൻ നമുക്ക് കഴിഞ്ഞില്ല. സ്വകാര്യ ആശുപത്രിയിൽ നിന്നാണ് അതിന്റെ തിരിച്ചറിവും മറ്റ് കാര്യങ്ങളുമൊക്കെയുണ്ടായത്. കേരളത്തെ സംബന്ധിച്ചിടത്തോളം medical fraternity വലിയൊരു ആശങ്കയിലാണ് നിലനിൽക്കുന്നത്. കാരണം, ഗ്രാമീണ മേഖലകളിലെ ചെറിയ ചെറിയ ക്ലിനിക്കുകൾ നമ്മുടെ സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലയിൽ വലിയൊരു പങ്ക് വഹിക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ആളുകൾക്ക് ആശ്രയിക്കാവുന്ന 20-ഉം 50-ഉം ബെഡ്ഡുള്ള ആശുപത്രികളും ക്ലിനിക്കുകളും ആരോഗ്യപരിപാലനം നടത്തുന്ന കേന്ദ്രങ്ങളാണ്. അത്തരം ആരോഗ്യപരിപാലന കേന്ദ്രങ്ങളെ ഒരു പരിശോധനയ്ക്കോ അക്രഡിറ്റേഷനോ വിധേയമാക്കി അവരുടെ പോരായ്മകൾ ഇല്ലാതാക്കാനുള്ള ശ്രമം നടത്തണം. കുടുംബ ഡോക്ടർ എന്ന കൺസെപ്റ്റിലേയ്ക്ക് സാധാരണ ഗ്രാമപ്രദേശങ്ങളിലെ ആളുകൾ തങ്ങളുടെ കുടുംബത്തിന് ആശ്രയിക്കാവുന്ന തരത്തിലുള്ള ഡോക്ടർമാരെ സമീപിക്കുകയാണ്. ഗ്രാമപ്രദേശങ്ങളിലെ ആശുപത്രികൾക്കും ക്ലിനിക്കുകൾക്കും തകർച്ചയുണ്ടാകുമ്പോൾ സ്വാഭാവികമായും സ്വകാര്യ മേഖലയ്ക്കും വലിയ ആശുപത്രികൾക്കും ഗുണകരമാകുന്ന

തരത്തിലേയ്ക്ക് കാര്യങ്ങൾ പോകും. ഫാർമസിസ്റ്റും നഴ്സുമടക്കമുള്ള ഒരു സമിതിയാണ് രോഗികളെ വീട്ടിൽപോയി പരിശോധിക്കുന്നത്. യു.കെ.യിലും മുബൈയിലുമൊക്കെ കുടുംബ ഡോക്ടർ കൺസെപ്റ്റ് വളരെ വ്യാപകമാണ്. കുടുംബ ഡോക്ടർ ശിപാർശ ചെയ്താൽ മാത്രമേ ഒരു സ്പെഷ്യലിസ്റ്റ് ഡോക്ടറെ കാണാൻ സാധിക്കുകയുള്ളൂ എന്ന ഒരവസ്ഥയുണ്ട്. അത്തരമൊരവസ്ഥയിൽ അവരെ ഇല്ലാതാക്കുന്ന നിലപാട് ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുമ്പോൾ സ്വാഭാവികമായും ആരോഗ്യ മേഖലയുടെ തകർച്ചയാണ് സംഭവിക്കാൻ പോകുന്നത്. എല്ലാവരും സൂചിപ്പിച്ചതുപോലെ 73, 74 ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1994-ൽ പാസ്സാക്കിയ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന പൊതുജനാരോഗ്യമുൾപ്പെടെ എല്ലാ വിഷയങ്ങളിലുമുള്ള അധികാരങ്ങൾ നഷ്ടപ്പെടുത്തുന്നതാണ് ഈ ബില്ലിന്റെ ഉള്ളടക്കം. പഞ്ചായത്തിൽ നിക്ഷിപ്തമായ ഒരുപാട് അധികാരങ്ങൾ എടുത്തുമാറ്റി ആരോഗ്യ മേഖലയ്ക്ക് നൽകുമ്പോൾ സ്വാഭാവികമായും ഇവിടെ നേരത്തെ സൂചിപ്പിച്ചതുപേലെയുള്ള അധികാര വൈരുദ്ധ്യമുണ്ടാകും.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട അംഗം പ്രാദേശിക ഭരണകൂടവുമായി ബന്ധപ്പെട്ട് വന്നേയ്ക്കാവുന്ന അനിശ്ചിതാവസ്ഥ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നിർദ്ദിഷ്ട ബില്ലിൽ Three-tier system വരുന്നതോടെ സംസ്ഥാന സംവിധാനമെന്ന നിലയിൽ സംസ്ഥാന ഗവൺമെന്റിന് നയപരമായ തീരുമാനങ്ങളെടുക്കാൻ അധികാരം കൈവരുന്നു, അതുപോലെ ജില്ലാ അതോറിറ്റിക്ക് സൂപ്പർവൈസിംഗ് അതോറിറ്റിയെന്ന നിലയിൽ ഒരു പ്രാധാന്യം ലഭിക്കുന്നു. അതേ അവസരത്തിൽ ഇതിൽ ഏറ്റവും താഴെത്തട്ടിലുള്ള ലോക്കൽ പബ്ലിക് ഹെൽത്ത് അതോറിറ്റിക്കാണ് ഇംപ്ലിമെന്റേഷൻ പാർട്ട് കൈവന്നിരിക്കുന്നത്. കോവിഡ് കാലത്ത് ഏറ്റവും പ്രതികൂലമായ സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിന് ഏറ്റവും ജാഗ്രത കാണിച്ച, മാതൃകാപരമായ സമീപനം സ്വീകരിച്ച നമ്മുടെ പ്രാദേശിക ഭരണകൂടങ്ങളുടെ പ്രവർത്തനങ്ങളെ തിരസ്കരിക്കുന്നൊരു സമീപനമാണ് ഈ ബില്ലിലൂടെ കാണുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. അവരെ കൂച്ചുവിലങ്ങിടുന്നൊരു സമീപനമാണ് സ്വീകരിക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, തീർച്ചയായും പൊതുജനാരോഗ്യ അധികാരിക്കും അദ്ദേഹം നിയോഗിക്കുന്ന ഉദ്യോഗസ്ഥനും ഏത് സ്ഥാപനത്തിലും അല്ലെങ്കിൽ വീടുകളിലും കയറി പരിശോധിക്കാവുന്ന തരത്തിലുള്ള അധികാരങ്ങൾ നൽകുകയാണ്. അത് ഭരണഘടന നൽകുന്ന വ്യക്തിസ്വാതന്ത്ര്യത്തെ

ഹനിക്കുന്നതാണ്. അതുകൊണ്ട് ഇത്തരം അധികാരങ്ങൾ ദുരുപയോഗം ചെയ്യപ്പെടാനും സാദ്ധ്യതയുണ്ട്. ചട്ടം 8 (3)-ൽ തദ്ദേശ പൊതുജനാരോഗ്യ അധികാരിക്ക് തന്റെ അധികാരം നിർവ്വഹിക്കുന്നതിനായി ഒരു ഉദ്യോഗസ്ഥനെ നിയമിക്കാൻ വ്യവസ്ഥ ചെയ്യുന്നു. ആയതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതിയുടെ അനുമതി തേടുന്നതിനെപ്പറ്റി യാതൊന്നും ഇതിൽ പ്രതിപാദിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ നിയമിക്കുന്നത് ഭരണസമിതി അറിയണം. അത് പഞ്ചായത്ത്‌രാജ് ആക്ടിൽത്തന്നെ നിലനിൽക്കുകയാണ്. കരട് നയത്തിൽ പൊതുജനാരോഗ്യ അധികാരിക്ക് ജീവനക്കാരെ നിയമിക്കാൻ പൂർണ്ണ അധികാരം നൽകുകയാണ്. ഇത്തരത്തിൽ ഭരണഘടന നിഷ്കർഷിച്ച പ്രകാരമുള്ള നിലപാടുകൾക്കെതിരെയുള്ള ഒരു ബില്ലാണ്. അതുകൊണ്ട് എന്റെ നിർദ്ദേശം, സർക്കാർ ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും നിലവാരമുയർത്തുകയും മുഴുവൻ ജനവിഭാഗങ്ങൾക്കും ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കുകയും ചെയ്യുക, രോഗാതുരത കുറച്ച് ആരോഗ്യ നിലവാരം മെച്ചപ്പെടുത്താനുള്ള നടപടികളുണ്ടാകുക, പല ആരോഗ്യ സൂചികകളുടെയും കാര്യത്തിൽ കേരളത്തിൽ പൊതുനിലവാരത്തിൽ താഴെ നിൽക്കുന്ന ആദിവാസി ജനങ്ങൾക്കുവേണ്ടി പ്രത്യേക ആരോഗ്യ പദ്ധതികൾ ആവിഷ്കരിക്കുക, വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളുടെ സങ്കീർണ്ണതകൾ കണക്കിലെടുത്ത് സമഗ്ര വയോജന ആരോഗ്യ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുക എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ ആരോഗ്യ മേഖലയെ കൂടുതൽ പരിപോഷിപ്പിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണം എന്നതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട വളരെ സുപ്രധാനമായ മൂന്ന് നിയമങ്ങളാണ് ഇന്ന് സഭയുടെ മുമ്പാകെ വന്നത്. ഒരു നിയമനിർമ്മാണം നടത്തുമ്പോൾ, നിലവിലുള്ള അവസ്ഥ പരിശോധിക്കുകയും ഭാവിയിൽ നമ്മുടെ സംസ്ഥാനം എന്ത് നേട്ടം കൈവരിക്കണമെന്ന് ചിന്തിക്കുകയും ചർച്ച നടത്തുകയും ചെയ്യുകയെന്നതാണ് നിയമസഭയുടെ കടമ. സഭയിൽ ഇതിനുമുമ്പ് സംസാരിച്ച പലരും സർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ച് വാഴ്ത്തിപ്പാടാനാണ് സമയം കണ്ടെത്തിയത്. ഞാൻ അതിനെയൊന്നും തെറ്റ് പറയുന്നില്ല. ഒരു നേട്ടവും കൈവരിക്കാത്ത സംസ്ഥാനമാണ് കേരളം എന്നൊരഭിപ്രായം എനിക്കില്ല. ഒരുപാട് നേട്ടങ്ങൾ നമ്മൾ കൈവരിച്ചിട്ടുണ്ട്. പക്ഷെ ഒരു നിയമനിർമ്മാണം നടത്തുമ്പോൾ, വീഴ്ചകളും കുറവുകളും വന്നിട്ടുള്ളത് എവിടെയാണ്, അതെങ്ങനെ പരിഹരിക്കാൻ കഴിയും എന്നൊക്കെയാണ് പരിശോധിക്കേണ്ടത്. സാംക്രമിക രോഗങ്ങൾ

നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനാരോഗ്യം സംബന്ധിച്ച ഒരു ബിൽ കൊണ്ടുവരുമ്പോൾ, പൊതുജനാരോഗ്യരംഗത്ത് നമ്മൾ എവിടെ എത്തി നിൽക്കുന്നുവെന്ന കാര്യംകൂടി വിശകലനം ചെയ്യുന്നത് നല്ലതാണ്. ഏറ്റവും അവസാനമായി നമ്മൾ ചർച്ച ചെയ്തുകൊണ്ടിരുന്നത്, കോവിഡിന്റെ അവസ്ഥയാണ്. എത്രയോ കാലമായി നമ്മൾ വളരെ വിജയകരമായി ഓടിച്ച റീലായിരുന്നു കേരളത്തിന്റെ കോവിഡ് പ്രതിരോധം ലോകം മുഴുവൻ അംഗീകരിച്ചു എന്നത്. ഇന്നലെ ഒരു ദിവസത്തെ കണക്ക് മാത്രം പരിശോധിക്കാം. ഇന്ത്യയിൽ ആകെ 1,56,336 കോവിഡ് രോഗികളാണുള്ളതെങ്കിൽ അതിൽ 74,529 പേരും കേരളത്തിലാണെന്നതാണ് യാഥാർത്ഥ്യം. അതിന് താഴെ 22,981 രോഗികളുമായി മഹാരാഷ്ട്രയും 12,540 രോഗികളുമായി തമിഴ്നാടുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നമ്മൾ എവിടെ എത്തിനിൽക്കുന്നുവെന്ന് നോക്കണം. അതിനുശേഷം ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റിനെക്കുറിച്ചായിരുന്നു പറഞ്ഞിരുന്നത്. 10.07 ശതമാനമാണ് കേരളത്തിന്റെ ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ്. അത് മഹാരാഷ്ട്രയിൽ 1.2 ശതമാനവും തമിഴ്നാട്ടിൽ 0.9 ശതമാനവുമാണ്. 29355 കോവിഡ് മരണങ്ങളാണ് ഇതുവരെ കേരളത്തിലുണ്ടായിട്ടുള്ളത്. നമുക്ക് ചുറ്റുമുള്ള സംസ്ഥാനങ്ങൾ പരിശോധിക്കുകയാണെങ്കിൽ, 38024 പേർ കർണ്ണാടകയിലും 36048 പേർ തമിഴ്നാട്ടിലും കോവിഡ് ബാധിച്ച് മരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ അംഗീകരിച്ച കണക്കുപ്രകാരം കുറഞ്ഞപക്ഷം 7000 കോവിഡ് മരണങ്ങൾകൂടി ഇതിലുൾപ്പെടുത്താനുണ്ട്. അങ്ങനെ വരുമ്പോൾ കേരളത്തിലെ മരണനിരക്ക് 37,000-ത്തിലേയ്ക്ക് വരികയാണ്. കേരളത്തിലെ ജനസംഖ്യ 3.5 കോടിയാണ്. കർണ്ണാടകയിൽ 38,000 ആളുകൾ മരിച്ചപ്പോൾ അവിടത്തെ ജനസംഖ്യ 6.6 കോടിയാണ്. തമിഴ്നാട്ടിൽ 36,000 പേർ മരിച്ചെന്ന് കണക്കുകൾ സൂചിപ്പിക്കുമ്പോൾ, 7.5 കോടിയിലപ്പുറമാണ് തമിഴ്നാടിന്റെ ജനസംഖ്യ. എല്ലാത്തിലും പിന്നിലാണെന്ന് പറയപ്പെടുന്ന, ഏറ്റവും പിന്നോക്കം നിൽക്കുന്ന BIMARU സംസ്ഥാനങ്ങളിലെ ബീഹാറിന്റെ ജനസംഖ്യ 11.9 കോടിയാണ്. എന്നാൽ 9661 കോവിഡ് മരണങ്ങൾ മാത്രമാണ് അവിടെയുണ്ടായത്. ഇതാണ് യഥാർത്ഥ ചിത്രം. കോവിഡ് പ്രതിരോധത്തിൽ നമുക്കെന്ത് സംഭവിച്ചു? എന്താണ് സംഭവിച്ചതെന്ന് യാഥാർത്ഥ്യബോധത്തോടുകൂടി പരിശോധിക്കാനുള്ള ഒരു മാനസികാവസ്ഥ ഇന്നും സർക്കാരിന് കൈവന്നിട്ടില്ലെന്നുള്ളത് ഏറ്റവും ദയനീയമാണ്. കേരളത്തിന്റെ പൊതുജനാരോഗ്യത്തെക്കുറിച്ചാണ് ഇന്ന് ചർച്ച നടക്കുന്നത്. പൊതുജനാരോഗ്യരംഗത്ത് സർക്കാർ അനുവർത്തിച്ചുവന്നിരുന്ന നിരവധി കാര്യങ്ങളുണ്ട്. അതിനൊക്കെ പുനഃപരിശോധന വേണമോയെന്ന് കൂട്ടായി ആലോചിക്കേണ്ടതാണ്.

കേരളത്തിലെ മൊത്തം മരണങ്ങളുടെ പതിനാല് ശതമാനവും ഹൃദയ സ്തംഭനമോ മറ്റ് ഹൃദ്രോഗങ്ങളാലോ ആണ് നടക്കുന്നത്. കേരളത്തിൽ നമ്മൾ വിചാരിക്കുന്നതിനേക്കാളും വളരെ ഭയാനകമായ രീതിയിലാണ് ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. 1,00,000 ആളുകളിൽ ഹൃദയസ്തംഭനത്തിന്റെ നിരക്ക് പരിശോധിക്കുകയാണെങ്കിൽ 382 പുരുഷന്മാരും 128 സ്ത്രീകളും അതിന് വിധേയമാകുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും. ജപ്പാനിലെയും റൂറൽ ചൈനയിലേയുമൊക്കെ ജനസംഖ്യ വച്ചുനോക്കുമ്പോൾ, മൂന്നും ആറും ഇരട്ടിയാണ് കേരളത്തിൽ രോഗികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 65 വയസ്സിൽ താഴെപ്രായമുള്ള 60% ആണുങ്ങൾക്കും 40% സ്ത്രീകൾക്കും ഹൃദയ സ്തംഭനം സംഭവിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ന് ചെറുപ്പക്കാർക്കിടയിൽ ഹൃദയസ്തംഭനം ഉണ്ടാകുന്നത് അങ്ങേയറ്റം ഭയപ്പെടുത്തുന്നതാണ്. കൂടെ പഠിച്ചവരോ അല്ലെങ്കിൽ നാട്ടിലുള്ള ചെറുപ്പക്കാരോ ഹൃദയസ്തംഭനം വന്ന് മരിച്ചു എന്നുള്ള വാർത്തകൾ കേൾക്കാറുണ്ട്. 1960-70 കാലഘട്ടത്തിൽ 40 വയസ്സിൽ താഴെയുള്ളവർക്ക് ഹൃദയസ്തംഭനം എന്നത് കേട്ടുകേഴ്വിയില്ലാത്ത കാര്യമായിരുന്നു. ഇന്നത് നാലുതിരട്ടിയായി വർദ്ധിച്ചു. 1990-95-ലെ കണക്കുകൾപ്രകാരം, ഹൃദയസ്തംഭനം വന്ന് മരിക്കുന്നതിൽ 20% ആളുകൾ 40 വയസ്സിൽ താഴെയുള്ളവരും 50% ആളുകൾ 50 വയസ്സിൽ താഴെയുള്ളവരുമാണ്. ഒരുപക്ഷെ നഗരകേന്ദ്രീകൃതമായി ഉണ്ടാകുന്ന രോഗമാണിതെന്ന് നമ്മൾ വിചാരിക്കും. ഗ്രാമീണ കേരളത്തിലാണ് ആരോഗ്യം കുറഞ്ഞുകൊണ്ടിരിക്കുന്നത് എന്നതാണ് ഏറ്റവും അത്ഭുതപ്പെടുത്തുന്ന സത്യം. ഗ്രാമീണ കേരളത്തിൽ 7 ശതമാനമാണ് ഹൃദയസ്തംഭനത്തിന്റെ നിരക്ക്. ഇന്ത്യയിലെ ശരാശരി പരിശോധിക്കുമ്പോൾ, വടക്കേ ഇൻഡ്യയുമായി താരതമ്യം ചെയ്യുമ്പോൾ എത്രയോ കൂടുതലാണ് ഈ നിരക്ക്. ഇന്ന് കേരളം ഡയബറ്റീസിന്റെ തലസ്ഥാനമായാണ് അറിയപ്പെടുന്നത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, കേരളത്തിൽ ഏതെങ്കിലുമൊരു മരുന്ന് വാങ്ങാത്ത ആരും തന്നെയില്ല. അത് മാത്രമല്ല, ഏറ്റവും കൂടുതൽ മരുന്ന് വില്ക്കപ്പെടുന്ന സ്ഥലവും കേരളമാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, മരുന്ന് ഏറ്റവും കൂടുതൽ വില്ക്കപ്പെടുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. മരുന്ന് വാങ്ങാത്തവരായി ആരുമില്ലാത്ത ഒരവസ്ഥയിലേയ്ക്ക് കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ഡയബറ്റീസിന്റെ തലസ്ഥാനമാണ് കേരളം. കേരളത്തിലെ ഇരുപത് ശതമാനം ആളുകൾക്ക് ഡയബറ്റീസും 42% ആളുകൾക്ക് ബ്ലഡ് പ്രഷറുമുണ്ടെന്ന് കണക്കുകൾ

സൂചിപ്പിക്കുന്നു. കൊളസ്ട്രോൾ എന്ന രോഗം കൂടാതെ 40% ആളുകൾക്ക് ശരീരഭാരം ക്രമാതീതമായി വർദ്ധിക്കുന്ന 'ഒബിസിറ്റി' എന്ന രോഗം കണ്ടുവരുന്നത് ഏറ്റവും ശ്രദ്ധിക്കേണ്ടതാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അതിനുള്ള പരിഹാരമാർഗ്ഗം എന്താണ്?

ഡോ. മാത്യു കുഴൽനാടൻ: സർ, തീർച്ചയായും അതിന് അങ്ങയുടെ ഭാഗത്തുനിന്നുമുള്ള ഇനിഷ്യേറ്റീവ് ഉണ്ടാകേണ്ടതാണ്. അങ്ങ് ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ട ഒരു കാര്യംകൂടി പറയാം.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, അങ്ങ് സൂചിപ്പിച്ച ഹൃദയസ്തംഭനത്തിന്റെ കണക്കും അതുമായി ബന്ധപ്പെട്ട പഠനവും അടുത്തകാലത്ത് പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ജപ്പാനിലുള്ളവർ സ്റ്റീം ഫുഡ്ഡാണ് കൂടുതൽ കഴിക്കുന്നത്. അതേസമയം കേരളത്തിലാകട്ടെ വറുത്തതും പൊരിച്ചതുമായ ആഹാരസാധനങ്ങളാണ് കഴിക്കുന്നത്. ഭക്ഷണക്രമം പ്രധാനപ്പെട്ട ഘടകമാണെന്നുള്ള കാര്യംകൂടി പരാമർശിക്കുമ്പോൾ മാത്രമേ അത് പൂർണ്ണമാവുകയുള്ളൂ. ജപ്പാൻ, ചൈന എന്നീ രാജ്യങ്ങളുടെ പഠന റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. അതിൽ സ്റ്റീം ഫുഡ്ഡിന്റെ കാര്യമാണ് സൂചിപ്പിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, കേരളത്തിൽ റെഡ് മീറ്റിന്റെ ഉപയോഗം വളരെ കൂടുതലാണെന്നുള്ള കാര്യം പറഞ്ഞിട്ടുണ്ട്. കായിക വകുപ്പുമന്ത്രിയോട് ഒരുകാര്യം സൂചിപ്പിക്കുകയാണ്. ഇന്ന് സംസ്ഥാനത്ത് കായികപരമായി ഒരു അദ്ധ്വാനവും ചെയ്യാത്ത 41 ശതമാനം ആളുകളാണുള്ളത്. അതായത്, ക്രമാതീതമായി മദ്യപിക്കുന്ന 13 ശതമാനം ആളുകൾ കേരളത്തിലുണ്ട്. ഇതാണ് ഹൃദയാഘാതത്തിന്റെയും പ്രമേഹത്തിന്റെയും സ്ഥിതിയെങ്കിൽ ക്യാൻസറിന്റെ അവസ്ഥയാണ് ഏറ്റവും ദയനീയം. എനിക്ക് ഏറ്റവും സങ്കടകരമായി തോന്നുന്നത്, ഒരു മില്ല്യൻ ആളുകളെ പരിശോധിച്ചാൽ 974 സ്ത്രീകൾക്കും 913 പുരുഷന്മാർക്കുമാണ് ക്യാൻസർ സ്ഥിരീകരിക്കുന്നത്. ഒരു വർഷം ഏകദേശം 35000 ക്യാൻസർ രോഗികളാണ് പുതിയതായി വരുന്നത്. ഈ കണക്ക് പഴയതാണ്. ഏറ്റവും പുതിയ കണക്കുകൾ പരിശോധിക്കേണ്ടിയിരിക്കുന്നു. 30 മുതൽ 35 ശതമാനം വരെ സ്ത്രീകളിലും സ്തനാർബുദമാണ് കണ്ടുവരുന്നത്. കേരളത്തിലും ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. നമ്മൾ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം, ആത്മഹത്യാ നിരക്കിൽ ദേശീയ ശരാശരി 10.4 ശതമാനമാണെങ്കിൽ കേരളത്തിലെ നിരക്ക് 24.3 ശതമാനമാണ്. ഏറ്റവും കൂടുതൽ സാക്ഷരതയും വിദ്യാഭ്യാസവുമുള്ള നമ്മൾ എല്ലാ നിലയിലും

മുമ്പിലാണെന്ന് പറയുമ്പോഴും ഇങ്ങനെ സംഭവിക്കുന്നത് എന്തുകൊണ്ടാണ്? ഞാൻ സർക്കാരിനെ കുറ്റപ്പെടുത്താനായി പറഞ്ഞതല്ല. നമ്മൾ പൊതുവായി മനസ്സിലാക്കേണ്ട കാര്യങ്ങളാണ് ഞാനിവിടെ സൂചിപ്പിച്ചത്. പ്രധാനമായും ബില്ലുകളെ സംബന്ധിച്ച് പറയുമ്പോൾ എന്നെ അത്ഭുതപ്പെടുത്തിയ കാര്യം, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കേവലമൊരു അക്കത്തിന്റെ ഭേദഗതിക്കുവേണ്ടിയാണ് വന്നിരിക്കുന്നത്. ബഹുമാന്യയായ മുൻആരോഗ്യ വകുപ്പുമന്ത്രിയടക്കം ഇവിടെയുണ്ട്. വേണ്ടത്ര അവധാനതയോടെയാണോ ഇതിനുമുമ്പ് ആ നിയമം പാസ്സാക്കിയത്? കേന്ദ്രസർക്കാർ ഒരു നിയമം പാസ്സാക്കിയിരുന്നു. അതിനെ ചുവടുപിടിച്ച് സംസ്ഥാന സർക്കാരുകൾ ചട്ടമുണ്ടാക്കാനാണ് നിർദ്ദേശിച്ചിരുന്നത്. കേരളത്തിൽ പ്രത്യേക നിയമം നിർമ്മിക്കാനുണ്ടായ പശ്ചാത്തലം വേറെയാണ്. കേന്ദ്രസർക്കാർ കണ്ട സാഹചര്യങ്ങളായിരുന്നില്ല കേരളത്തിൽ അല്ലെങ്കിൽ ഇന്ത്യാ രാജ്യത്തൊന്നാകെ നിലനിൽക്കുന്ന അവസ്ഥയല്ല കേരളത്തിലേതെന്നുള്ളതുകൊണ്ടാണ് നമ്മൾ പ്രത്യേക നിയമം പാസ്സാക്കിയത്. അത് ശരിയാണ്. അതിനോട് പൂർണ്ണമായും യോജിക്കുകയാണ്. കേന്ദ്രസർക്കാർ ആ നിയമം കൊണ്ടുവന്നതിന്റെ പ്രധാന ലക്ഷ്യം, രാജ്യത്തെമ്പാടുമുള്ള വ്യാജ ഡോക്ടർമാരും ചികിത്സയെക്കുറിച്ച് ഗ്രാഹ്യമില്ലാത്തവരും വേണ്ടത്ര യോഗ്യതയില്ലാത്തവരും അറിവില്ലാത്തവരുമായ ആളുകൾ വ്യാജചികിത്സ നടത്തുന്നത് നിയന്ത്രിക്കുകയെന്നുള്ളതായിരുന്നു. കേരളത്തിൽ അങ്ങനെയൊരു അവസ്ഥയുണ്ടായിരുന്നില്ല. കേരളത്തിലെ ആരോഗ്യ മേഖലയുടെ ഏറ്റവും വലിയ ശക്തി ചെറുകിട ക്ലിനിക്കുകൾ അല്ലെങ്കിൽ ചെറുകിട ആരോഗ്യ സ്ഥാപനങ്ങളായിരുന്നു. കേരള സർക്കാരിന്റെ ആരോഗ്യ സംവിധാനം മോശമാണെന്ന് ഞാൻ പറയുന്നില്ല. എന്നാൽ അതിനോട് കിടപിടിക്കുന്ന, അല്ലെങ്കിൽ അതിനപ്പുറം നിൽക്കുന്ന രീതിയിൽ ഒരു അഫോഡബിൾ ഹെൽത്ത് കെയർ സംവിധാനം കേരളത്തിൽ സാധ്യമാക്കിയത് കേരളത്തിന്റെ മുക്കിലും മൂലയിലും വന്ന ചെറിയ ക്ലിനിക്കുകളും ആശുപത്രി സൗകര്യങ്ങളുമായിരുന്നു. അവരെ റെഗുലേറ്റ് ചെയ്യാൻവേണ്ടി കൊണ്ടുവന്നതാണ് ഈ നിയമം. അതായത്, സംസ്ഥാനത്ത് ഇന്നൊരു സാധാരണ ആശുപത്രി ആരംഭിക്കണമെങ്കിൽ ഏകദേശം നാൽപ്പത്തിരണ്ടോളം ലൈസൻസുകൾ സമ്പാദിക്കേണ്ടിയിരിക്കുന്നു. അതിനുപുറമെയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലും കൂടി കൊണ്ടുവന്ന് അതിനെ നിയന്ത്രിക്കാൻ ശ്രമിക്കുന്നത്. നമ്മളിവിടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിനെക്കുറിച്ചൊക്കെ ധാരാളം ചർച്ച ചെയ്തു. ഒരു വശത്ത് നിങ്ങൾ അതിനെ റെഗുലേറ്റ് ചെയ്യാൻ ശ്രമിക്കുകയാണെങ്കിൽ മറുവശത്ത് അതിനെ പ്രോത്സാഹിപ്പിക്കാനുള്ള നടപടി വേണ്ടേ? അതിലൊരു സിംഗിൾ വിൻഡോ ക്ലിയറൻസാണ് വച്ചിരുന്നതെങ്കിൽ നമുക്കത് മനസ്സിലാക്കാം. ഇതൊരു

ഇൻസ്പെക്ഷൻ രാജിന് വഴിവയ്ക്കുമെന്നുള്ളതല്ലാതെ ഇതുകൊണ്ട് എന്താണ് കൂടുതലായി നേടാൻ കഴിയുന്നത്. ഇവിടെ റേറ്റുകൾ പ്രദർശിപ്പിക്കണമെന്ന് പറഞ്ഞു. ഇപ്പോഴത്തെ ആരോഗ്യ വകുപ്പുമന്ത്രിയും മുൻ ആരോഗ്യ വകുപ്പുമന്ത്രിയും ഇവിടെയുള്ളതുകൊണ്ട് എന്റെ പരിമിതമായ പഠനങ്ങളിൽനിന്ന് എനിക്ക് തോന്നിയ ഒരുകാര്യം ഞാൻ ചോദിക്കുകയാണ്. Overall guideline കൊടുക്കാമെന്നല്ലാതെ ഒരു ട്രീറ്റ്മെന്റ് പ്രോട്ടോകോൾ നിർദ്ദേശിക്കുന്നത് എത്രമാത്രം ശരിയായിരിക്കുമെന്ന് എനിക്കറിയില്ല. ഉദാഹരണത്തിന്, ഹൃദയാഘാതം വന്നയാൾ മൂന്ന് ആശുപത്രിയിൽ പോകുന്നതായി കണക്കുകൂട്ടുക. ഒരു സാധാരണ ക്ലിനിക്കിൽ പോയാൽ അവിടെ മറ്റ് സൗകര്യങ്ങളൊന്നുമുണ്ടാകില്ല. ഒരുപക്ഷേ, ആസ്പിരിന്റെയോ ത്രോംബോസിസിന്റെയോ മരുന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും മരുന്നോ കൊടുത്തായിരിക്കും ആ രോഗിയെ ഡോക്ടർ ചികിത്സിക്കാൻ ശ്രമിക്കുക. സാധാരണ ക്ലിനിക്കിന് തൊട്ടുമുകളിലുള്ള ഒരു ആശുപത്രിയിലാണ് അദ്ദേഹം പോയതെങ്കിൽ അവിടെ ഇ.സി.ജി. നോക്കാനുള്ള സൗകര്യമുണ്ടെങ്കിൽ അതും മറ്റ് ലാബ് ടെസ്റ്റുകളും ബ്ലഡ് കൗണ്ടും നോക്കും. ഐ.വി. ത്രോംബോസിസ് കൊടുക്കാനുള്ള സൗകര്യമുണ്ടെങ്കിൽ അതും കൊടുക്കും. അദ്ദേഹം ഏറ്റവും വലിയ ആശുപത്രിയിലാണ് പോയതെങ്കിൽ അവിടെ ആൻജിയോഗ്രാം ചെയ്യാനുള്ള സൗകര്യമുണ്ടാകും. അങ്ങനെ അവർ ആൻജിയോഗ്രാം ചെയ്യും. അത് കഴിയുമ്പോൾ ബ്ലോക്ക് കൂടുതലുണ്ടെന്ന് തോന്നിയാൽ ആൻജിയോപ്ലാസ്റ്റി ചെയ്യും. ഇതിനെ Institutional Protocol എന്നാണ് പറയുന്നത്. ഒരു സാധാരണ ആശുപത്രിയിൽ പോയാൽ അവിടെയുള്ള സൗകര്യങ്ങൾവച്ച് ആ രോഗിയെ ചികിത്സിക്കാനുള്ള പ്രോട്ടോകോൾ ആ ആശുപത്രിക്കുണ്ട്. അതാണ് അവരുടെ Institutional Protocol. ഒരുപക്ഷേ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന ആശുപത്രികളിൽ വളരെ മിടുക്കനായ ഒരു ഡോക്ടറുണ്ടാകും. അദ്ദേഹത്തിന് ആൻജിയോഗ്രാം, ഇ.സി.ജി. ടെസ്റ്റുകൾ നടത്താതെ ഹൃദയത്തിലെ തടസ്സങ്ങളുടെ ലെവൽ മനസ്സിലാക്കാനുള്ള ശേഷിയുണ്ടാകും. അദ്ദേഹത്തിന്റെ ട്രീറ്റ്മെന്റ് വ്യത്യസ്തമായിരിക്കും. കേരളത്തിലെ ഇതുവരെയുള്ള അനുഭവം വച്ചുനോക്കിയാൽ ചില മേഖലകളിലെ ഡോക്ടർമാരുടെ തെറ്റായ നടപടികളുണ്ട്. എലിയെ പേടിച്ച് ഇല്ലം ചുടുന്നതുപോലെ കേരളത്തിൽ ഇന്നുവരെ നമ്മൾ നേടിയ നേട്ടങ്ങളുടെ മുഴുവൻ നട്ടെല്ലൊടിക്കുന്ന രീതിയാണിതെന്ന് എനിക്ക് തോന്നുന്നു. ചെറുകിട ക്ലിനിക്കുകളെ ഇത് ബാധിക്കുകയില്ലെന്നാണ് സർക്കാർപോലും പറഞ്ഞിരുന്നത്. ഈ നിയമം വിശകലനം ചെയ്യുമ്പോൾ കേരളത്തിലെ ചെറിയ ക്ലിനിക്കുകളെയും കവർ ചെയ്യുന്ന ഒരു നിയമമായിട്ടാണ് തോന്നുന്നത്. ഇവിടെ ഭേദഗതി കൊണ്ടുവന്നപ്പോൾ അതൊന്നും ഗൗരവത്തിലെടുത്തതായി തോന്നുന്നില്ലെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

## (i) 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ): Sir, I move that " This House resolves to disapprove The Kerala State Medical Practitioners Ordinance, 2021 (Ordinance No. 115 of 2021). " ഇവിടെ ഭരണപക്ഷത്തുനിന്ന് സൂചിപ്പിച്ചതുപോലെ ഈ ഓർഡിനൻസിന് നിരാകരണ പ്രമേയം അവതരിപ്പിക്കുന്നത് ആവർത്തന വിരസതയുണ്ടാക്കുന്നതാണ്. ഈ ബിൽ നിയമമായി വന്നിട്ട് ഇന്നേയ്ക്ക് 8 മാസവും 8 ദിവസവുമായി. ഒരു നിയമനിർമ്മാണസഭ ക്രിയാത്മകമായി മുന്നോട്ടുപോകുമ്പോൾ നിയമങ്ങൾ നിർമ്മിക്കേണ്ടതിനും ചർച്ച ചെയ്യേണ്ടതിനും പകരം ഓർഡിനൻസുകൾ കൊണ്ടുവരികയും നിയമമാക്കുകയും ചെയ്ത് മാസങ്ങൾ കഴിഞ്ഞ് ഇത്തരം ചർച്ചകൾ ഉണ്ടാകുന്നതുകൊണ്ട് എന്താണ് ഫലമെന്ന് ചിന്തിച്ചുപോകുകയാണ്. കേരള സംസ്ഥാന മോഡേൺ മെഡിസിൻ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഹോമിയോപ്പതി മെഡിസിൻ എന്നിവയിലെ പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷനും യോഗ്യതയും നിയന്ത്രിക്കുന്നതിനായി നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിന് വേണ്ടിയുള്ള നിയമമാണിത്. ഈ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് വരുന്ന ചില സാങ്കേതിക പിഴവുകളൊക്കെ ക്രമപ്രശ്നങ്ങളിലൂടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അതിൽ ശ്രീ. എ. പി. അനിൽ കുമാർ വ്യക്തമായി ചില കാര്യങ്ങൾ പറഞ്ഞിട്ടുപോലും അതിന് റൂളിംഗുണ്ടായെങ്കിലും അത് പരിഗണിക്കാൻപോലും ഈ ഗവൺമെന്റ് തയ്യാറായിട്ടില്ലെന്നുള്ളതാണ് യഥാർത്ഥ വസ്തുത. ബില്ലിന്റെ ഖണ്ഡം 17-ൽ കൗൺസിൽ യോഗങ്ങളുമായി ബന്ധപ്പെട്ട് അംഗങ്ങൾക്ക് ഫീസും ബത്തകളും യാത്രാബത്തകളും നൽകുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഖണ്ഡം 21 (1)-ൽ ചട്ടങ്ങൾ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ഉദ്യോഗസ്ഥരെ നിയമിക്കാവുന്നതോ ജോലിക്ക് ഏർപ്പെടുത്താവുന്നതോ ആണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഖണ്ഡം 21(2)-ൽ ഇപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ശമ്പളം, ബത്തകൾ, സ്ഥാനക്കയറ്റം, അവധി, പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ സേവന വേതന വ്യവസ്ഥകളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. മേൽപ്പറഞ്ഞ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും ചെലവുണ്ടാകുന്നതാണെങ്കിൽ കൂടിയും വ്യക്തതയോടെ ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നില്ല. അതായത്, നിയമസഭാ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 71-ലെയും ഇക്കാര്യത്തിലുള്ള മുൻകാല റൂളിംഗുകളുടെയും ലംഘനമായിട്ടാണ് ഈ നിയമനിർമ്മാണം വന്നിരിക്കുന്നതെന്ന കാര്യം ഇവിടെ സൂചിപ്പിച്ചതാണ്. ഇത്തരം നിയമനിർമ്മാണങ്ങൾ നടത്തുമ്പോൾ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത ആവശ്യമായി വരികയാണ്. പാരമ്പര്യ ആയുർവേദ

വൈദ്യന്മാരുടെയും അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി പ്രാക്ടീഷണർമാരുടെയും ജീവിതമാർഗ്ഗം സംരക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെ മലബാർ മേഖലയിൽ 2-11-1987-ൽ ഇത്തരത്തിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കുന്നവരും തിരുവിതാംകൂർ, കൊച്ചി മേഖലയിലെ പാരമ്പര്യ സിദ്ധവൈദ്യന്മാരും രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഉത്തരവ് ഇവിടെ നിലനിൽക്കുകയാണ്. ഈ ഉത്തരവ് സംസ്ഥാന ഗവൺമെന്റ് വിശദമായി പരിശോധിച്ച് മലബാർ മേഖലയിൽപ്പെട്ട പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 1-1-2011 തീയതി കണക്കാക്കി 20 വർഷമായി പ്രാക്ടീസ് ചെയ്തുവരുന്ന പാരമ്പര്യ ആയുർവേദ വൈദ്യന്മാരെയും അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി ചികിത്സകരെയും പ്രത്യേക വിഭാഗമായി പരിഗണിച്ചുകൊണ്ട് 1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 38-ാം വകുപ്പുപ്രകാരം യഥാക്രമം പാരമ്പര്യ ആയുർവേദ വൈദ്യവും ഹോമിയോപ്പതിയും പ്രാക്ടീസ് ചെയ്യുന്നതിന് രജിസ്ട്രേഷനെടുക്കണമെന്ന വ്യവസ്ഥയിൽനിന്നും ഇളവ് ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. നിരവധി പ്രതിസന്ധികളും പ്രശ്നങ്ങളും ഇതുമായി ബന്ധപ്പെട്ട് ഇവരുടെ അസോസിയേഷൻ ഉന്നയിച്ചിട്ടുണ്ട്.

നമ്മുടെ ചെറുപ്പകാലത്തൊക്കെ പാരമ്പര്യ വൈദ്യന്മാരും ലാടൻമാരുമുണ്ട്. പണ്ട് ലാടന്മാരൊക്കെ വീടുകളിൽ വന്ന് നമുക്കും മുതിർന്നവർക്കുമൊക്കെ മരുന്നുകൾ തരുമായിരുന്നു, അത് നമ്മൾ കഴിക്കുകയും ചെയ്തിരുന്നു. സംസ്ഥാന ഗവൺമെന്റ് എന്തിനും ഏതിനും ആരോഗ്യ മേഖലയിൽ ഒന്നാമതാണെന്ന് നമ്മൾ പറയുന്നുണ്ട്. അങ്ങനെ പറയുന്നത് ആരോഗ്യ മേഖലയിൽ കേരളം ലോകത്തിനും ഇന്ത്യയ്ക്കും മാതൃകയായി കാലാകാലങ്ങളിൽ മാറുന്നുവെന്നുള്ളതുകൊണ്ടാണ്. അതുകൊണ്ട് ആരോഗ്യമേഖലയിൽ നമ്മൾ പിന്നോട്ട് പോയിയെന്ന് പറഞ്ഞാൽ 'കുറന്തോട്ടിക്കും വാതമോ' എന്ന് ജനങ്ങൾ ചോദിക്കുന്ന അവസ്ഥയുണ്ടാകും. ഈ ലാടവൈദ്യന്മാർ നൽകുന്ന മരുന്നുകൾ നമ്മുടെ പുതുതലമുറ അറിയുന്നില്ല. ഞാനൊരു കഥ കേട്ടിട്ടുണ്ട്. ഒരു ലാടൻ വീട്ടിൽ വന്നപ്പോൾ ആ വീട്ടിലെ പെൺകുട്ടി അല്പം ശുണ്ഠിയോടുകൂടി ആ ലാടനെ 'എടാ' എന്ന് വിളിച്ചുകൊണ്ട് 'എന്താടാ ലാടാ തലവേദനയ്ക്ക് മരുന്ന് ' എന്ന് ചോദിച്ചു. അതിന് ഉത്തരമായി ലാടൻ ആ പെൺകുട്ടിയെ പലതവണ 'എടീ' എന്ന് വിളിച്ചുകൊണ്ട്, "അമ്മിക്കുരുന്നെടീ ആകാശവേരടീ കയ്യോന്നിനീരടീ കായാകുരുന്നെടീ കല്ലിൽവയ്ക്കെടീ കുത്തിച്ചതയ്ക്കെടീ തലയിൽപുരട്ടെടീ തലവേദനപാടെ പോകുമെടീ" എന്ന് പറയുകയാണ്. ഇതുപോലെയുള്ള ആയുർവേദ മരുന്നുകളും ഔഷധ സസ്യങ്ങളുമൊക്കെ നമ്മൾ മറന്നുപോകരുതെന്നുള്ളതുകൊണ്ടാണ് നമ്മുടെ പൂർവ്വികർ ഇതൊക്കെ നമ്മെ പഠിപ്പിച്ചത്.

ശ്രീ. എ. എൻ. ഷംസീർ: സർ, പാരമ്പര്യ വൈദ്യത്തെ നമുക്ക് പൂർണ്ണമായും തള്ളിപ്പറയാൻ സാധിക്കില്ല. കാരണം, പാരമ്പര്യമായി ഇത്തരം ചികിത്സ നടത്തുന്ന ആളുകളുണ്ട്. പാരമ്പര്യ വൈദ്യത്തിന്റെ മറവിൽ നിരവധി വ്യാജന്മാർ ഇറങ്ങുന്നുണ്ട്. അത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹുമാനപ്പെട്ട എ. എൻ. ഷംസീർ ചോദിച്ച ഏറ്റവും പ്രധാനപ്പെട്ട ചോദ്യമായിരിക്കും അത്. നമുക്കറിയാം പാരമ്പര്യ വൈദ്യന്മാരൊക്കെയുള്ളപ്പോൾ തന്നെ എല്ലാ വിഭാഗങ്ങളിലും ഇതുപോലെയുള്ള ചില വ്യാജൻമാർ ഇറങ്ങുന്നുണ്ട്. അത് ആയുർവേദത്തിലും അലോപ്പതിയിലും ഹോമിയോപ്പതിയിലുമുണ്ട്. ഒരു രോഗിയുടെ ശരീരത്തിൽ ക്യാൻസർ വ്യാപിച്ചുകഴിഞ്ഞാൽ മാസങ്ങൾക്കുള്ളിൽ മരിക്കുമെന്ന് അറിഞ്ഞാൽപ്പോലും ചില ഡോക്ടർമാർ പണം ഈടാക്കാൻവേണ്ടി അവർക്ക് കീമോതെറാപ്പി ചികിത്സ നൽകുകയും ഐ.സി.യു.-വിലും വെന്റിലേറ്ററിലുമൊക്കെ മാറ്റി കുറേയധികം പണം വിഴുങ്ങുന്നതായും നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ചില ഡോക്ടർമാർ ഈ രോഗികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്ന മരുന്നുകൾ കൊടുത്ത് അവരെ നിലനിർത്തി, സാന്ത്വന ചികിത്സ നൽകി, അവർക്ക് സുഖമായ മരണം ഒരുക്കുന്നതുപോലും നാം കാണുകയാണ്. ആരോഗ്യ മേഖലയിൽ നമ്മൾ നല്ലരീതിയിൽ മുന്നോട്ട് പോയിട്ടുണ്ടെന്നുള്ളത് സത്യമാണ്. ഈ ഗവൺമെന്റ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ അനുവദിച്ചു. എന്റെ മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ അനുവദിച്ചെങ്കിലും അവിടെ ആവശ്യത്തിന് ഡോക്ടർമാരോ ജീവനക്കാരോ ലാബുകളോ ഇല്ലാത്ത അവസ്ഥയാണ്. ആരോഗ്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് നല്ലകാര്യം തന്നെയാണ്. പക്ഷെ അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പംതന്നെ അവിടെ പ്രാക്ടീസ് ചെയ്യാൻ കഴിവുള്ള ഡോക്ടർമാരുമുണ്ടാകണം. കോവിഡുമൂലം ഒന്നരവർഷക്കാലമായി ഏറെ പ്രതിസന്ധിയിലൂടെയാണ് നമ്മൾ പോയിക്കൊണ്ടിരിക്കുന്നത്. പുതിയതായി എം.ബി.ബി.എസ്. പഠിച്ചിറങ്ങുന്നവരെയും മെഡിക്കൽ വിദ്യാർത്ഥികളെയും അവരുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പലപ്പോഴും കോവിഡ് സെന്ററുകളിലേയ്ക്ക് മാറ്റിക്കൊണ്ടിരിക്കുന്നു. ആശുപത്രികളിൽ നടക്കുന്ന ഓപ്പറേഷനുകൾ അവർ കാണുന്നുണ്ടോ? ഇപ്പോൾ യു-ട്യൂബ് നോക്കിയാണ് പലരും ഓപ്പറേഷൻ ചെയ്യാൻ പഠിക്കുന്നതെന്നുള്ളതാണ് വസ്തുത. എന്റെ മകൾ യു-ട്യൂബ് നോക്കി നല്ല ഭക്ഷണം, കേക്ക് എന്നിവ ഉണ്ടാക്കും. എന്റെ ആൺമക്കൾ മനോഹരമായ ചിത്രങ്ങളും അവർക്കാവശ്യമുള്ള ചെറിയ വണ്ടികളും കളിക്കോപ്പുകളും നിർമ്മിക്കും. അതുപോലെയാണ് എം.ബി.ബി.എസ്. പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ ഒന്നരവർഷമായി ആശുപത്രികളിൽ ഓപ്പറേഷനും

മറ്റും കാണാത്തതുകൊണ്ട് യു-ട്യൂബ് നോക്കി പഠിക്കുന്ന അവസ്ഥയാണ്. 'മാതാ-പിതാ-ഗുരു-ദൈവം' എന്നുള്ളത് 'മാതാ-പിതാ-ഗൂഗിൾ-ദൈവം' എന്നതിലേയ്ക്ക് മാറിയിരിക്കുന്നുവെന്നുള്ളതാണ് വസ്തുത.

ശ്രീ. കെ. ബാബു (നെന്മാറ): സർ, നമ്മുടെ നാട്ടിൽ നിരവധി വൈദ്യ ചികിത്സകളുണ്ട്. അലോപ്പതി, ആയുർവേദം, ഹോമിയോ, സിദ്ധ, യുനാനി എന്നിവയ്ക്ക് പുറമേ കൽക്കത്തയിൽനിന്നും കുറേയാളുകൾ ഇവിടെ വന്ന് മഞ്ഞനിറത്തിലുള്ള പോസ്റ്ററുകളിൽ 'മൂലക്കുരു ചികിത്സ' എന്ന് പ്രദർശിപ്പിച്ചുകൊണ്ട് നാട്ടിൻപുറങ്ങളിലെ ചില വീടുകൾ വാടകയ്ക്കെടുത്ത് അവർ ഡോക്ടറാണെന്നുള്ളതിന്റെ സർട്ടിഫിക്കറ്റ് കാണിച്ച് ഇവിടെ ചികിത്സ നടത്തുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അതൊന്നും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്തായാലും ഇവിടെ അത്തരം ചികിത്സകളുണ്ടാകുന്നത് ശരിയല്ല. വ്യാജ ഡോക്ടർമാർക്കെതിരെ/ വ്യാജമരുന്നുകൾക്കെതിരെ നമ്മളെപ്പോലെയുള്ളവർ ശക്തമായി പ്രതികരിക്കണം. ജനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ ചികിത്സയിൽ വിശ്വാസമുണ്ടാകണം. ആദ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുണ്ടാകണം. ജനം ഇപ്പോൾ എന്നോട് ചോദിക്കുന്നത് ഇവിടത്തെ ചികിത്സ മികച്ചതാണെങ്കിൽ എന്തിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചികിത്സയ്ക്കുവേണ്ടി വിദേശത്തേയ്ക്ക് പോകുന്നതെന്നാണ്. അവർ ചോദിക്കുന്നത് ശരിയായ ചോദ്യമാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, നമ്മുടെ ആരോഗ്യ മേഖലയെ സംബന്ധിച്ചുള്ള ചർച്ചയിൽ കേരളത്തിന്റെ ഇക്കോണമിയും ആരോഗ്യ മേഖലയും തമ്മിലുള്ള ബന്ധം വളരെ പ്രധാനപ്പെട്ടതാണ്. എന്റെ മണ്ഡലമായ റാന്നിയിലുൾപ്പെടെ ഇന്ന് കാണുന്ന സാമ്പത്തിക പുരോഗതിക്ക് കാരണം നഴ്സിംഗ് മേഖലയിൽ നിരവധിയാളുകൾ കേരളത്തിനുപുറത്തും വിദേശത്തുമൊക്കെ ജോലി ചെയ്യുന്നതുകൊണ്ടാണ്. എന്നാൽ കഴിഞ്ഞ കുറെ കാലമായി കേരളത്തിലെ നിരവധി നഴ്സിംഗ് സ്കൂളുകൾ മെച്ചപ്പെട്ടുവെങ്കിലും അതിനെ ലോകനിലവാരത്തിലേയ്ക്കെത്തിക്കാൻ സാധിച്ചിട്ടില്ല. ഫിലിപ്പൈൻസ് പോലുള്ള രാജ്യങ്ങൾ ആ സാധ്യതകളെ വളരെവേഗം ഉപയോഗപ്പെടുത്തുകയാണ്. ലോകത്തിലെ പലയിടത്തും ആശുപത്രികളിൽ യന്ത്രവൽക്കരണം വ്യാപകമാവുകയും അതനുസരിച്ച് നഴ്സിംഗ് വിദ്യാഭ്യാസം മെച്ചപ്പെടുകയും ചെയ്യുമ്പോൾ നമ്മുടെ നഴ്സിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, നമ്മുടെ നഴ്സിംഗ് വിദ്യാഭ്യാസ നിലവാരം ലോകത്തുള്ളതിൽവച്ച് വളരെ മെച്ചപ്പെട്ടതാണ്. കേരളത്തിലെ

നഴ്സമാരാണ് ലോകത്തെല്ലായിടത്തും ജോലി ചെയ്യുന്നത്. അങ്ങനെയാണ് കേരളം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കും വളർന്നിട്ടുള്ളത്. പക്ഷെ നഴ്സമാർക്ക് കേരളത്തിൽ സംഭവിക്കുന്നത് എന്താണ്? അവർ ഏതെങ്കിലും ആശുപത്രിയിൽ ജോലി ചെയ്യാൻ പോകുന്നു. അവർ സ്വന്തമായി ജോലി രൂപപ്പെടുത്തിയെടുക്കുന്നില്ല. ഞാൻ അമേരിക്കയിൽ ഒരു പ്രോഗ്രാമിന് പോയപ്പോൾ കണ്ടത്, അവിടത്തെ മലയാളികളായ നഴ്സമാർ ഒരു സംഘടന രൂപീകരിച്ച് അതിലെ ഡോക്ടർക്ക് ശമ്പളം കൊടുത്തുകൊണ്ട് പാലിയേറ്റീവ് രംഗത്ത് നിൽക്കുകയാണ്. നമ്മുടെ ഒരു പഞ്ചായത്ത് പരിശോധിക്കുകയാണെങ്കിൽ ഒരു വാർഡിൽ 100-150 പാലിയേറ്റീവ് രോഗികളുണ്ടാകും. ആ പാലിയേറ്റീവ് രോഗികളെ ഒരാൾ ശുശ്രൂഷിച്ചാൽ അവർക്ക് ആയിരമോ രണ്ടായിരമോ രൂപ വാങ്ങാൻ കഴിയും. കൃത്യമായി മരുന്ന് കൊടുത്താൽ അല്ലെങ്കിൽ അവരുടെ നഖം വെട്ടികൊടുത്താൽപോലും ആരോഗ്യമേഖലയിൽ നഴ്സമാർക്ക് പുതിയ തൊഴിലവസരം കണ്ടെത്താൻ കഴിയും. പക്ഷെ നമ്മുടെ നഴ്സമാരൊന്നും ആ രീതിയിൽ മാറുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. നമ്മുടെ ആശുപത്രികളിലെ ദുഃസ്ഥിതിക്ക് മാറ്റമുണ്ടാകണം. കേരളത്തിൽ നിരവധി കഴിവുള്ള ഡോക്ടർമാരുണ്ടെന്നുള്ളത് എനിക്കറിയാം. ആലുവയിൽ ജില്ലാ പഞ്ചായത്ത് ആശുപത്രിയിൽ ഡോ. വിജയകുമാർ എന്ന ഡോക്ടർ സൗജന്യമായി സേവനം ചെയ്യുന്നു. കിഡ്നി രോഗികൾക്ക് അവിടെ ഡയാലിസിസ് സൗജന്യമായി നൽകുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ ഹീമോഫീലിയ ആശുപത്രിയാണ് എറണാകുളം ജില്ലാശുപത്രി. ഹീമോഫീലിയ രോഗികൾ ജന്മനാ രോഗികളാണ്. രക്തം കട്ടപിടിക്കാതിരിക്കാനുള്ള ഫാക്ടർ VIII ഇല്ലാത്ത അവസ്ഥയാണ്. അവരെ സംരക്ഷിക്കാൻവേണ്ടി ഒരു പദ്ധതി കൊണ്ടുവന്നു. എളിയവനായ ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോഴാണ് ആ രീതി വന്നത്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് കേരളത്തിലെ മുഴുവൻ ഹീമോഫീലിയ രോഗികൾക്കും സൗജന്യമായി മരുന്ന് നൽകുമെന്ന് പറഞ്ഞത്. മരുന്നുണ്ടെങ്കിൽ അവർക്ക് ജീവിക്കാനും മുന്നോട്ടുപോകാനും കഴിയും. പാവപ്പെട്ടവന് 6,000, 12,000 രൂപ ഒരു മാസം കൊടുക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഞാൻ സമയക്കുറവുകൊണ്ട് കൂടുതൽ വിശദമായി സംസാരിക്കുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ആരോഗ്യ വകുപ്പിൽ ഡോക്ടർമാരെ നിയമിക്കുമ്പോൾ, നേത്രവിഭാഗമുള്ള ആശുപത്രിയിലേയ്ക്ക് അതുമായി ബന്ധപ്പെട്ട ഡോക്ടർമാരെ നിയമിക്കില്ല, അവിടെ സർജനെ നിയമിക്കും. സർജറി ആവശ്യമുള്ള സ്ഥലത്തേയ്ക്ക് നേത്രവിഭാഗക്കാരെ നിയമിക്കും. അങ്ങനെ യൂണിറ്റില്ലാത്ത സ്ഥലങ്ങളിലേയ്ക്ക് വിദഗ്ദ്ധരായ ഡോക്ടർമാരെ നിയമിക്കുന്നതുമൂലം അവരുടെ സേവനം സമൂഹത്തിന് നഷ്ടപ്പെടുന്നുവെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> സർ, തീർച്ചയായും. മറ്റൊരു കാര്യം കൂടി പറഞ്ഞ് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. നമ്മുടെ നഗരങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സംസ്കാരമുണ്ടാകുന്നു. ഇവിടെ കോവിഡ്-19 മഹാമാരി ബാധിച്ച ഒരാൾ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പോയാൽ ആദ്യം അവന് കൊടുക്കുന്നത് ഭയമാണ്. നിങ്ങൾക്ക് ന്യൂമോണിയ വരാൻ പോകുന്നു, ന്യൂമോണിയ വരാതിരിക്കണമെങ്കിൽ/മരിക്കാതിരിക്കണമെങ്കിൽ അതിനെ പ്രതിരോധിക്കാനുള്ള ആന്റിബോഡി ഇൻജക്ഷൻ എടുക്കണമെന്നാണ് പറയുന്നത്. ഒരു ആന്റിബോഡി ഇൻജക്ഷന്റെ വില കേട്ടാൽ ഞെട്ടിപ്പോകും. ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ. ഞാൻ ആശുപത്രിയിൽ വിളിച്ചപ്പോൾ അവർ പറഞ്ഞത്, ഇത് വീതം വയ്ക്കുകയാണെങ്കിൽ 60,000 രൂപയാക്കാമെന്നാണ്. അങ്ങനെ രണ്ടുപേർക്ക് ഈ മരുന്ന് ഇൻജക്ട് ചെയ്ത് അവരെ പ്രീതിപ്പെടുത്തി 60,000 രൂപ വീതം 1,20,000 രൂപ ആശുപത്രിക്കാർ കൊണ്ടുപോയി എന്നുള്ളത് കാണാതെ വയ്യ. നമ്മുടെ സ്വകാര്യ ആശുപത്രികളെ ആവശ്യത്തിന് സജ്ജീകരിക്കണം. ഏത് തരം രോഗികളായാലും ക്യൂവിൽ നിൽക്കേണ്ടിവരരുത്. അതിനുള്ള സംവിധാനമുണ്ടാക്കുന്ന രീതിയിലേയ്ക്ക് നമ്മുടെ ആശുപത്രികൾ വളർന്നുവരണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, നിരാകരണപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ഈ ബിൽ സ്വാഗതാർഹമാണെങ്കിലും വേണ്ടത്ര അവധാനതയുണ്ടായില്ലെന്നുള്ള ഒരാക്ഷേപം ഞാൻ ഉന്നയിക്കുകയാണ്. ഈ നിയമം വരുന്നതുവരെ സംസ്ഥാനത്തെ ആരോഗ്യ സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത് രണ്ട് നിയമങ്ങളാണ്. 1956-ൽ ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപപ്പെട്ടപ്പോഴും അതിനുശേഷവും ഇന്നേവരെ രണ്ട് നിയമങ്ങളാണ് ആരോഗ്യ മേഖലയിലുണ്ടായിരുന്നത്. ഒന്ന്, 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടും മറ്റൊന്ന്, മലബാർ പ്രദേശത്ത് ബാധകമായ 1914-ലെ മദ്രാസ് മെഡിക്കൽ രജിസ്ട്രേഷൻ ആക്ടുമായിരുന്നു. പലതവണ ശ്രമങ്ങളുണ്ടായിട്ടും ഇവ ക്രോഡീകരിക്കാൻ കഴിഞ്ഞില്ല. ഈ ബില്ലിന്റെ അവതരണവേളയിലുണ്ടായ ചർച്ചകളിൽ അത് ചൂണ്ടിക്കാണിച്ചിരുന്നു. അതിൽ 1972-ലെ നിയമം പ്രസിഡന്റ് മടക്കിയതിനുശേഷം 1995-ലും 2004-ലും അത് വീണ്ടും കേന്ദ്രത്തിലേയ്ക്ക് അയച്ചുവെങ്കിലും അംഗീകരിക്കപ്പെട്ടില്ല. കൺകറന്റ് ലിസ്റ്റിൽപ്പെട്ടതായതുകൊണ്ട് കേന്ദ്രത്തിനും കേരളത്തിനും ഒരേസമയം നിയമം പാസ്സാക്കാം. കേന്ദ്രം പാസ്സാക്കിയ മൂന്ന് നിയമങ്ങളുണ്ട്. അങ്ങനെ 5 നിയമങ്ങളാണ് സംസ്ഥാനത്തെ മെഡിക്കൽ പ്രാക്ടീസുമായി ബന്ധപ്പെട്ട കാര്യങ്ങളെ നിയന്ത്രിച്ച് വന്നിരുന്നത്. 1972-ൽ പ്രസിഡന്റ് മടക്കിയതിനുശേഷം 1995-ലും 2004-ലും മെഡിക്കൽ

പ്രാക്ടീഷണേഴ്സ് ആക്റ്റിന് കേരളം രൂപം നൽകിയെങ്കിലും അതിനും കേന്ദ്രാനുമതി ലഭിച്ചില്ല. ഇതിന്റെ കഴിഞ്ഞകാല ചരിത്രത്തിലുണ്ടായ ദുര്യോഗം ഈ ബില്ലിനുണ്ടാകാതെ ഇത് നിയമമായി പാസ്സാകണം. ഇവിടെ ബില്ലിന്റെ ഉള്ളടക്കത്തെക്കുറിച്ച് ഞാൻ വിശദമായി പറയുന്നില്ല. പക്ഷെ, ഇതിൽ വേണ്ടത്ര അവധാനതയുണ്ടായില്ലെന്നുള്ള കൃത്യമായ ആരോപണമുണ്ട്. നമ്മുടെ ഡോക്ടർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും മഹത്വം വളരെ വലുതാണ്. ആരോഗ്യപ്രവർത്തകരും ഡോക്ടർമാരുമൊക്കെ ദൈവത്തിന്റെ പ്രതിപുരുഷന്മാരാണ്. ജീവനുവേണ്ടി കേഴുന്നവർ, വേദനകൊണ്ട് പുളയുന്നവർ, ആരോഗ്യ പ്രതിസന്ധിയിൽ ദൈന്യതയോടെ നിൽക്കുന്നവർ എന്നിവരുടെ മുന്നിലെ ആശ്വാസവും സമാധാനവുമാണ് ഡോക്ടർമാരും നഴ്സുമാരും. അതുകൊണ്ടാണ് നഴ്സുമാരെ മാലാഖമാർ എന്നൊക്കെ വിളിക്കുന്നത്. ഒരു ജോലിയെന്ന മട്ടിൽ മാത്രം ആരോഗ്യ പ്രവർത്തനത്തെ നമുക്ക് കാണാൻ കഴിയില്ല. ചികിത്സയ്ക്കപ്പുറം അത് സാന്ത്വനവും സ്നേഹവുമൊക്കെ കലർന്ന ഒരു സേവനമാണ്. ഇവരിൽ ഏറിയ പങ്കും ആത്മാർത്ഥതയുള്ള ഹൃദയമുള്ളവരാണ്. കോവിഡ് കാലത്ത് ഡോക്ടർമാരുടെ സേവനത്തിന്റെ വില ഏറ്റവും കൂടുതൽ മനസ്സിലാക്കിയവരാണ് നമ്മൾ. കോവിഡ്-19 -ന്റെ പ്രതിരോധത്തിൽ ഇൻഡ്യയിൽ 1700 ഡോക്ടർമാരാണ് അവരുടെ ജീവൻ ബലിയർപ്പിച്ചത്. നമ്മളൊക്കെ ഇതുവരെ കോവിഡിൽ നിന്ന് രക്ഷപ്പെട്ട് നിൽക്കുകയാണ്. പക്ഷെ, ഇതിന്റെ പ്രതിസന്ധികളും പ്രയാസങ്ങളും അറിഞ്ഞുകൊണ്ടുതന്നെ ജനകോടികളെ കോവിഡിൽനിന്ന് പ്രതിരോധിക്കുന്നതിന് ജീവൻ ബലിയർപ്പിച്ചത് 1700 ഡോക്ടർമാരാണ്. അത്രതന്നെ ആരോഗ്യപ്രവർത്തകരും നഴ്സുമാരും വേറെയുണ്ട്. അവരെ ഈ സന്ദർഭത്തിൽ ഞാൻ സ്മരിക്കുകയാണ്.

ഈ ബിൽ വരുന്നതോടുകൂടി മൂന്ന് കൗൺസിലുകൾ രൂപപ്പെടുകയാണ്. അലോപ്പതി ഡോക്ടർമാർക്കുവേണ്ടി 'മോഡേൺ മെഡിസിൻ കൗൺസിൽ' , ആയൂർവേദ-സിദ്ധ-യൂനാനി എന്നിവർക്കുവേണ്ടി 'ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ' മറ്റൊന്ന് ഹോമിയോപ്പതിക് മെഡിസിൻ കൗൺസിൽ. ഇങ്ങനെ മൂന്ന് കൗൺസിലുകൾ, കൗൺസിലുകളിലുള്ള രജിസ്ട്രേഷൻ, അതിന്റെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും എന്നിവയൊക്കെയാണ് ഈ ബിൽ കൈകാര്യം ചെയ്യുന്നത്. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ ആരോഗ്യമേഖല പുഷ്ടിപ്പെടണമെങ്കിൽ ഇനിയും ഡോക്ടർമാരുണ്ടാകണം. ആയിരം ജനങ്ങൾക്ക് ഒരു ഡോക്ടർ എന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്. എന്നാൽ നമുക്ക് ഇവിടെ 1500 പേർക്കെങ്കിലും ഒരു ഡോക്ടറുണ്ടാകണം. ഇപ്പോൾ അങ്ങനെയില്ല. ഒരു ലക്ഷംപേർക്ക് 100 ഡോക്ടർ വേണ്ടിടത്ത് കേരളത്തിൽ 62 പേരുടെ സേവനമാണ് ലഭിക്കുന്നത്. ഇനിയും ഏകദേശം അതിന്റെ പകുതി ഡോക്ടർമാർ

പുതിയതായി ഉണ്ടാകേണ്ടതുണ്ട്. നല്ല യോഗ്യതയും കഴിവും മാനുഷിക മൂല്യങ്ങൾ മുറുകെപിടിക്കുന്നവരുമായ ഡോക്ടർമാർ വേണം. ഈ രംഗത്ത് നടന്നുകൊണ്ടിരിക്കുന്ന ചൂഷണങ്ങളും മനഃസാക്ഷിയില്ലാത്ത പ്രവർത്തനങ്ങളും വളരെ ചെറിയൊരു ശതമാനം മാത്രമാണ്.

നമ്മുടെ ഡോക്ടർമാരുടേയും ആരോഗ്യപ്രവർത്തകരുടേയും ഹൃദയവിശാലതയെയും അവരുടെ ത്യാഗത്തെയും നമ്മൾ കാണേണ്ടതാണ്. വളരെ ചുരുങ്ങിയ ഒരുപക്ഷത്തിന്റെ ഭാഗത്ത് വീഴ്ചകളുണ്ടാകാറുണ്ട്. അതുകൊണ്ടുതന്നെ ധാർമ്മികബോധമുള്ള നല്ല ഡോക്ടർമാർ ഇനിയും ധാരാളമായി ഉണ്ടാകേണ്ടതുണ്ട്. എണ്ണം കൂട്ടാൻ നമ്മൾ പൊടിക്കൈകളുടെ പിന്നാലെ പോകരുത്. ഇവിടെ അലോപ്പതി, ആയുർവേദ, സിദ്ധ, യുനാനി, ഹോമിയോപ്പതി എന്നീ വിവിധ ചികിത്സാരീതികളുണ്ട്. ഇതിനെല്ലാം അതിന്റേതായ ഗുണങ്ങളുമുണ്ട്. ഒന്നും മോശമല്ല, അവയ്ക്കെല്ലാം അതിന്റേതായ ചരിത്രമുണ്ട്. ഇവയെല്ലാം രോഗശമനത്തിനും ആരോഗ്യം പുഷ്ടിപ്പെടുത്താനുമൊക്കെയുള്ള നല്ല ശാസ്ത്രശാഖകളാണ്. പക്ഷെ, പല ശാഖകളുടെ സംയോജനത്തിനുള്ള ശ്രമവും മുറവിളികളുമൊക്കെ — കേന്ദ്രത്തിൽ നിന്നുയർന്നുവരികയാണ്. അത് വേണ്ടതില്ല. എല്ലാ രീതികൾക്കും അതിന്റേതായ ഗുണമുണ്ട്. ജനങ്ങൾക്ക് ഇഷ്ടാനുസരണം തങ്ങളുടെ ചികിത്സാരീതികൾ തെരഞ്ഞെടുക്കാവുന്നതാണ്. പിന്നെ എന്തിനാണ് ഇത് സംയോജിപ്പിക്കുന്നത്? ആയുർവേദം പഠിക്കുന്ന കുട്ടികൾക്ക് ഒരു വർഷം അധികം പഠിച്ചാൽ എം.ബി.ബി.എസ്. നൽകാനുള്ള ഒരു നീക്കമുണ്ടായപ്പോൾ ഐ.എം.എ. വളരെ ശക്തമായി അതിനെ എതിർക്കുകയും സമരവും പ്രക്ഷോഭവുമായി മുന്നോട്ടു പോകുകയും ചെയ്തു. ഇത് തമ്മിൽ അങ്ങനെ ഏറ്റുമുട്ടേണ്ട കാര്യമില്ല. അലോപ്പതി അതിന്റെ രൂപത്തിൽ മുന്നോട്ട് പോകട്ടെ, ആയുർവേദത്തിലും സിദ്ധയിലുമൊക്കെ പുതിയ ഗവേഷണങ്ങളും പഠനങ്ങളും കണ്ടുപിടിത്തങ്ങളുമൊക്കെ ഉണ്ടാകേണ്ടതുണ്ട്. അതിനെയാണ് നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടത്. അതുപോലെ ആയുർവേദ ഡോക്ടർമാർക്ക് സർജറി നടത്താനുള്ള അനുവാദം നൽകിയെന്ന് ആരോപിച്ച് ഐ.എം.എ.-യുടെ ഭാഗത്തുനിന്ന് സമരമുണ്ടായി. സത്യത്തിൽ അതിന്റെ വസ്തുതകൾ പരിശോധിക്കുമ്പോൾ, അലോപ്പതി ഡോക്ടർമാർ നടത്തുന്ന മേജർ സർജറികൾ പോലെയുള്ള ഒരു സംവിധാനമല്ല ആയുർവേദത്തിലെ സർജറി. ആയുർവേദ ഡോക്ടർമാർക്ക് പി.ജി.-യുടെ ഭാഗമായി അതിൽപ്പറയുന്ന ചില ശസ്ത്രക്രിയകളാണ് ചെയ്യാൻ അനുവാദമുള്ളത്. ഇതുമായി ബന്ധപ്പെട്ട ഒരു ചർച്ചയെന്നുള്ള നിലയ്ക്ക് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്.

3.00 P.M.]

ഇവിടെ നമ്മൾ കാണേണ്ട വേറൊരു കാര്യം, ആയുർവേദം അലോപ്പതിയെ ഫോളോ ചെയ്യേണ്ട ഒരു കാര്യവുമില്ല എന്നതാണ്. ആയുർവേദത്തിന് അതിന്റേതായ അസ്തിത്വവും പൈതൃകവുമുണ്ട്. കേരളത്തിൽ അതിന്റെ അനന്തസാദ്ധ്യതകളുമുണ്ട്. ആയുർവേദം നമ്മുടെ സ്വന്തമാണ്. ഒരു ആരോഗ്യശാസ്ത്രമെന്നുള്ള നിലയിൽ കേരളീയർക്ക് അഭിമാനിക്കാവുന്നതാണ്. ഞങ്ങളൊക്കെ കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ പരിസരത്ത് ജീവിക്കുന്നവരും അതിൽ അഭിമാനം കൊള്ളുന്നവരുമാണ്. ഈ അടുത്ത കാലത്താണ് നമ്മുടെ പ്രിയങ്കരനായിരുന്ന പി. കെ. വാര്യർ വിട പറഞ്ഞത്. ആയുർവേദത്തിന്റെ കുലപതിയായി ലോകത്തിന് മുന്നിൽ അദ്ദേഹം നിലനിൽക്കുകയാണ്. ആയുർവേദം നമ്മുടെ പൈതൃകമാണ്. ലോകത്തിന്റെ നാനാഭാഗത്തുനിന്നും ആളുകൾ ആയുർവേദ ചികിത്സയ്ക്കായി വരുന്നു. ആരോഗ്യ സംരക്ഷണത്തിനും സൗഖ്യചികിത്സകൾക്കുംവേണ്ടി കേരളത്തിലെത്തുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. നമ്മുടെ കൂട്ടത്തിൽത്തന്നെ കർക്കിടക ചികിത്സയ്ക്ക് പോകുന്ന കുറേ ആളുകളുണ്ട്. കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വളരെ മനോഹരമായി അത്തരം ചികിത്സകൾ നടക്കുന്നുണ്ട്. കളരി മർമ്മാണി ഗുരുക്കൾ ശ്രീ. കെ. പി. മോഹനൻ ഇവിടെയുണ്ട്. ഇങ്ങനെയൊക്കെയുള്ളതാണ് നമ്മുടെ പാരമ്പര്യങ്ങൾ. അതൊക്കെ ആരോഗ്യമാണ്. കളരിയെ നിസ്സാരമായി കാണാൻ കഴിയില്ല. ആരോഗ്യരംഗത്ത് വളരെ വലിയ സംഭാവനകൾ കേരളത്തിന് അർപ്പിച്ചിട്ടുള്ള ഒരു ആയോധന കലയാണ് കളരി. ഇതെല്ലാം ബന്ധപ്പെടുത്തിക്കൊണ്ട് ടൂറിസത്തിനുള്ള സാധ്യതകൂടി നമ്മൾ കാണേണ്ടതുണ്ട്. അതുകൂടി ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിനായി ചില നീക്കങ്ങളുണ്ടായിട്ടുണ്ടെങ്കിലും ഈ ചികിത്സ ലോകത്തിന്റെ മുന്നിലെത്തിക്കാൻ നമുക്കായിട്ടില്ല. ആയുഷ് ഹെൽത്ത് ട്രാവൽ ബസാർ, ഹെർബൽ ബസാർ എന്നീ ആശയങ്ങളാണ് ഇതിലുള്ളത്. അതുപോലെ ആയുർചികിത്സാ സമ്പ്രദായത്തിലധിഷ്ഠിതമായ ഫിറ്റ്നസും വെൽനസ്സുമൊക്കെ കിട്ടുന്ന ആയുർവേദ ചികിത്സയുണ്ട്. ആയുർവേദവും ടൂറിസവും കൂട്ടിയോജിപ്പിച്ച് കേരളത്തിന്റെ പുതിയ തൊഴിൽ വരുമാന മേഖലകളെ ശാക്തീകരിക്കാൻ നമുക്ക് സാധിക്കണം. 2019-ൽ തിരുവനന്തപുരത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ ഒരു ആയുഷ് കോൺക്ലേവ് നടന്നത് നല്ലൊരു ആശയമാണ്. കോവിഡ് മഹാമാരിയെത്തുടർന്ന് തുടർപ്രവർത്തനങ്ങളുണ്ടായില്ല. ആയുഷ് കോൺക്ലേവിന്റെ തുടർ പരിശ്രമങ്ങളുണ്ടാകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അതുതന്നെയാണ് പുതിയ ആരോഗ്യമന്ത്രിയുടെ മുമ്പിൽ വയ്ക്കാനുള്ള ഒരു നിർദ്ദേശം. ആയുർവേദം നമ്മുടെ പൈതൃകവും സമ്പത്തുമാണ്, അതിനെ പരിപോഷിപ്പിക്കണം.

ശ്രീ. കെ. ബാബു (നെന്മാറ): സർ, അട്ടപ്പാടിയിൽ പ്രത്യേകിച്ച് വള്ളിയമ്മാളെപ്പോലുള്ള ആദിവാസി ഊരുകളിലുള്ളവർ ഒറ്റമൂലികൊണ്ടും അവിടെനിന്നും കിട്ടുന്ന പച്ചമരുന്നുകൊണ്ടും കാൻസർ പോലുള്ള മാരകമായ രോഗങ്ങൾക്കുള്ള ചികിത്സാരീതികൾ ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നുണ്ടെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം ചികിത്സാരീതികളെക്കൂടി പ്രോത്സാഹിപ്പിക്കേണ്ടതല്ലേ; അതല്ലെങ്കിൽ ശാസ്ത്രീയപരമായി ആ ചികിത്സാരീതികളെ കൊണ്ടുവരാൻ കഴിയുമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട കെ. ബാബു (നെന്മാറ) ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം വളരെ പ്രസക്തമാണ്. ഞാൻ അതിലേയ്ക്കാണ് വരുന്നത്. കാരണം എനിക്കുകൂടി അഭിമാനമുള്ള ഒരു സംഗതിയാണത്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇവിടെ നെന്മാറ എം.എൽ.എ. ബഹുമാനപ്പെട്ട കെ. ബാബു ഒരു ആദിവാസി ചികിത്സയെക്കുറിച്ച് സൂചിപ്പിച്ചു. അതേസമയം കാൻസർ മാറ്റിത്തരാമെന്ന് പറഞ്ഞ് ഒരാൾ കേരളീയ പൊതുസമൂഹത്തെ പറ്റിച്ചു. പിന്നീട് അദ്ദേഹം മരിച്ചു പോയി. അത് താങ്കളുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതിലും കള്ളനാണയങ്ങളുണ്ട്. എന്നാൽ അക്കാഡമിക് യോഗ്യതകളൊന്നുമില്ലെങ്കിലും ശ്രീ. കെ. ബാബു (നെന്മാറ) ഇവിടെ ചൂണ്ടിക്കാണിച്ച വള്ളിയമ്മാൾ ഒരു ആദിവാസി അമ്മയാണ്. ഏത് അസുഖമാണെങ്കിലും അവരൊന്ന് തൊട്ടാൽ മതി, അല്ലെങ്കിൽ അവർ പറയുന്ന മരുന്ന് കഴിച്ചാൽ മതി മാറും, അതൊരു കൈപ്പുണ്യമാണ്. ഇപ്പോൾ വള്ളിയമ്മാളിന്റെ മകൻ രവി സൈലന്റ്‌വാലിയോട് ചേർന്ന വനപ്രദേശത്ത് ഒരു കേന്ദ്രം നടത്തുന്നുണ്ട്. കാൻസർ രോഗികൾ, ജീവിതത്തിനും മരണത്തിനും ഇടയിൽ നാളുകളെണ്ണി നീക്കുന്ന ആളുകൾ എന്നിവർ അവിടെനിന്നും കിട്ടുന്ന പരിചരണംകൊണ്ട്, ആ കാട്ടിൽനിന്നും കിട്ടുന്ന പച്ചമരുന്നുകൾ കഴിച്ചതിന്റെ പേരിൽ ആശ്വാസത്തോടെ ജീവിക്കുന്ന കാഴ്ച നമ്മൾ നേരിൽ കാണുന്നുണ്ട്. വള്ളിയമ്മാൾ, രവി എന്നിവരെപ്പോലെ രംഗസ്വാമി എന്നൊരു ചെറുപ്പക്കാരനായ വൈദ്യനെ എനിക്ക് പരിചയമുണ്ട്. ഇങ്ങനെ ധാരാളമാളുകൾ അട്ടപ്പാടിയിൽ പാരമ്പര്യ ചികിത്സ നടത്തുന്നുണ്ട്; അതിൽ ആശ്വാസവുമുണ്ട്. ഇവിടെ കൃത്യമായി ഒരു കാര്യം പറയാനുള്ളത്; ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ പാരമ്പര്യ ചികിത്സ അങ്ങനെ നടത്താൻ കഴിയില്ലെന്നാണ് പറയുന്നത്. പക്ഷേ ഈ പാരമ്പര്യ ചികിത്സകരോട് അങ്ങനെയൊരു സമീപനം നമ്മൾ സ്വീകരിക്കേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം. ഐ.എം.എ.-യോ മെഡിക്കൽ അസോസിയേഷനോ കൊടുത്തൊരു കേസിന്റെ വെളിച്ചത്തിലാണ് കോടതിവിധിയുണ്ടായത്. യഥാർത്ഥ പാരമ്പര്യ വൈദ്യന്മാർ, പൂർവ്വികരിൽനിന്നും

കഴിവ് ലഭിച്ചവർ നാട്ടുകാർക്ക് ആശ്വാസവും സാന്ത്വനവും നൽകുന്ന പ്രകൃതി ചികിത്സകളും മറ്റുമാണ് നടത്തുന്നത്. ഗുരുതരമായ ഓപ്പറേഷനൊന്നും അവർ നടത്താൻ പോകുന്നില്ല. പച്ചമരുന്നുകളും മറ്റും കൊണ്ടുള്ള ചികിത്സകളാണ് നടത്തുന്നത്. അത് നടത്താനുള്ള അനുവാദം കൊടുക്കണമെന്നാണ് എന്റെ പക്ഷം. അവരെയൊന്നും ഈ മേഖലയിൽനിന്നും മാറ്റിനിർത്തേണ്ടതില്ല. വള്ളിയമ്മാൾ, മകൻ രവി, രംഗസ്വാമി എന്നിവരുൾപ്പെടെയുള്ള പാരമ്പര്യ വൈദ്യന്മാരെ നമ്മൾ ആ അർത്ഥത്തിൽ സംരക്ഷിക്കുകയാണ് വേണ്ടത്. ആരോഗ്യം ജനങ്ങളുടെ അവകാശമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ആരോഗ്യത്തോടെയും അഭിമാനത്തോടെയും ജീവിക്കുക എന്നുള്ളത് ഭരണഘടന നൽകുന്ന ഒരു സ്വാതന്ത്ര്യമാണ്, ഒരു മൗലിക അവകാശമാണ്; അടിസ്ഥാന അവകാശമാണ്. അതിനുള്ള സൗകര്യങ്ങളൊരുക്കുക എന്നുള്ളത് ഭരണകൂടത്തിന്റെ ചുമതലയാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നേരത്തെ സൂചിപ്പിച്ചതുപോലെ വിദേശരാജ്യമായ യു.കെ.-യിലും അതുപോലെ മഹാരാഷ്ട്രയിലുമൊക്കെ കുടുംബ ഡോക്ടർ എന്ന കൺസെപ്റ്റുണ്ട്. പ്രാദേശിക തലങ്ങളിൽ, ഗ്രാമീണ തലങ്ങളിൽ സാധാരണക്കാരായ ആളുകൾക്ക് ഏറ്റവും എളുപ്പം ലഭിക്കാവുന്ന ചികിത്സയെന്നുള്ള നിലയ്ക്ക് അത് പരിപോഷിപ്പിച്ച് അവിടെനിന്നും സ്പെഷ്യാലിറ്റി ഡോക്ടറുടെ അടുത്തേയ്ക്ക് വരുന്നൊരു സംവിധാനം നിലവിലുണ്ട്. അത് കൂടുതൽ പ്രാവർത്തികമാക്കാൻ കഴിയുന്ന തരത്തിലുള്ള നിയമങ്ങൾ നടപ്പിലാക്കാനുതകുന്ന നിലപാട് സ്വീകരിക്കുന്നതായിരിക്കില്ലേ നല്ലത്. 20 ബെഡ്ഡുകളുള്ള ആശുപത്രികളുടെ അംഗീകാരം കളയുന്നുവെന്ന് പറയുമ്പോൾ നമ്മുടെ ആരോഗ്യ മേഖല കൂടുതൽ ശുഷ്കിക്കുകയാണ് ചെയ്യുന്നത്. അതിനുപകരം അവരെ റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനുള്ള നിലപാട് സ്വീകരിക്കുന്നതായിരിക്കില്ലേ നല്ലതെന്ന ചിന്തയുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കുടുംബ ഡോക്ടർ എന്നുപറയുന്നത് നമ്മുടെ കുടുംബത്തിലെ ഒരു അംഗത്തെപ്പോലെയാണ്. നമുക്കൊക്കെ അങ്ങനെയുള്ള കുടുംബ ഡോക്ടർമാരുണ്ട്. ഡോക്ടർ എന്നുപറയുന്നത് കേവലം വേതനത്തിനുവേണ്ടിയുള്ള ഒരു സേവനമല്ല; സ്നേഹവും സൗഹൃദവും വിശ്വാസവുമൊക്കെ കലർന്ന വലിയൊരു ദൗത്യമാണ്. കുടുംബ ഡോക്ടറെന്നുള്ള സങ്കല്പം വളരെ പ്രധാനമാണ്. അത് നിലനിർത്തണം. അതിനെ തകർക്കുന്ന വിധത്തിലുള്ള നിയമനിർമ്മാണങ്ങളുണ്ടാകരുത്.

ഈ മേഖലയിൽ ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയുമൊക്കെ ഭാഗമായ പ്രശ്നങ്ങൾ പരിഹരിക്കാനും ചൂഷണങ്ങൾ ഒഴിവാക്കാനും വേണ്ടിയാണ് 2010-ൽ യു.പി.എ. ഗവൺമെന്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്

കൊണ്ടുവന്നത്. കേരളത്തിൽ അത് 2013-ൽ പാസ്സാക്കി. 2016-നുശേഷം വന്ന പിണറായി സർക്കാരും അതിൽ ചില മാറ്റങ്ങൾ വരുത്തി കാലോചിതമായ പരിഷ്കാരങ്ങളുണ്ടാക്കി. ഇപ്പോൾ താല്ക്കാലിക രജിസ്ട്രേഷന്റെ കാലാവധി 2 വർഷത്തിൽനിന്നും 4 വർഷമാക്കാൻ വേണ്ടിയുള്ള ഭേദഗതി ബിൽ വരികയാണ്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ഈ രംഗത്തുള്ള ചൂഷണങ്ങൾ തടയാൻ വളരെ ശക്തമാണ്. ആ മേഖലയിലെ നിയമനിർമ്മാണങ്ങൾ പരിപോഷിപ്പിക്കണമെന്നും കുറേക്കൂടി അവധാനതയോടുകൂടിയ നീക്കം ഇക്കാര്യത്തിൽ സർക്കാരിന്റെയും വകുപ്പിന്റെയും ഭാഗത്തുനിന്നുമുണ്ടാകണമെന്നും സൂചിപ്പിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. സി. വിഷ്ണുനാഥ്): സർ, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ആമുഖമായി സംസാരിച്ചപ്പോൾ ഇതൊരു ചരിത്രപരമായ നിയമനിർമ്മാണമാണെന്ന് സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ ആരോഗ്യ ചരിത്രം പരിശോധിക്കുമ്പോൾ, ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനമെന്ന നിലയിൽ 1956-ൽ കേരളം രൂപപ്പെടുന്ന ഘട്ടത്തിൽതന്നെ സഹസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഗുണാത്മകമായൊരു വേർതിരിവ് ആരോഗ്യമേഖലയിൽ കേരളത്തിനുണ്ടായിരുന്നു. 1810 മുതൽ 1813 വരെ തിരുവിതാംകൂറിന്റെ ഭരണം കൈകാര്യം ചെയ്തിരുന്ന റാണി ഗൗരി ലക്ഷ്മിഭായിയുടെ കാലത്തുതന്നെ തിരുവിതാംകൂറിൽ ആരോഗ്യ ചികിത്സാ സമ്പ്രദായം ആരംഭിച്ചിരുന്നു. വസൂരിക്കെതിരായ കുത്തിവയ്പ്പ് 1813-ൽ ആരംഭിച്ചു, 1819-ൽ ആദ്യത്തെ ഡിസ്പെൻസറിയും 1861-ൽ തിരുവനന്തപുരത്ത് ആദ്യത്തെ ജനറലാശുപത്രിയും സ്ഥാപിച്ചു. 19-ാം നൂറ്റാണ്ടിന്റെ അവസാനം ഉത്സവങ്ങളും മേളകളുമൊക്കെ നടക്കുന്ന സമയത്ത് രോഗം പടരാതിരിക്കുന്നതിനുള്ള ശുചിത്വ നടപടി ആരംഭിച്ചു. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പകർച്ചവ്യാധികളുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണം ആരംഭിച്ചു. 1928 ഫെബ്രുവരിയിൽ റോക്ക് ഫെല്ലർ ഫൗണ്ടേഷനോട് ചേർന്നുനിന്നുകൊണ്ട് പൊതുജനാരോഗ്യ ഉപദേശങ്ങൾ നൽകുന്നതിനായി അന്നത്തെ സർക്കാർ ഒരു സംവിധാനമുണ്ടാക്കി. ഇന്ത്യയുടെ ആദ്യത്തെ സർജൻ ജനറൽ കൂടിയായ ഡോ. മേരി പുന്നൻ ലൂക്കോസിന്റെ നേതൃത്വത്തിൽ 32 സർക്കാർ ആശുപത്രികളും 40 ഡിസ്പെൻസറികളും 20 സ്വകാര്യ വൈദ്യ സ്ഥാപനങ്ങളും ആരംഭിച്ചു. ബഹുമാനപ്പെട്ട മന്ത്രിയുടെ ആമുഖ പ്രസംഗത്തിൽത്തന്നെ കാലഹരണപ്പെട്ട തസ്തികകളുടെ പേര് മാറ്റുമെന്ന്

പറഞ്ഞതിൽ ഒരെണ്ണം സർജൻ ജനറലായിരുന്നു. ലോകത്തുതന്നെ ആദ്യത്തെ വനിതാ സർജൻ ജനറലായി പരിഗണിക്കപ്പെട്ടിരുന്നയാളാണ് ഡോ. മേരി പൂന്നൻ ലൂക്കോസ്. ആ മഹതിയുടെ പേരിലാണ് സെക്രട്ടേറിയറ്റിന് മുന്നിലുള്ള പുന്നൻ റോഡ് അറിയപ്പെടുന്നത്. അന്ന് തിരുവിതാംകൂർ സംസ്ഥാനത്തെ ബഡ്ജറ്റിന്റെ 5.5 ശതമാനവും കൊച്ചി സംസ്ഥാനത്തിന്റെ 8 ശതമാനവും ആരോഗ്യ മേഖലയ്ക്കായി മാറ്റിവച്ചിരുന്നു. 1951-ലാണ് കേരളത്തിലെ ആദ്യത്തെ മെഡിക്കൽ കോളേജ് തിരുവനന്തപുരത്ത് ആരംഭിച്ചത്. 1954-ൽ മായം ചേർക്കൽ നിരോധന നിയമവും 1955-ൽ പൊതുജനാരോഗ്യ നിയമവും നിലവിൽ വന്നു. 1956-ൽ ഐക്യകേരളം രൂപീകൃതമായശേഷം നിലവിൽവന്ന സർക്കാരുകളൊക്കെ പൊതുജനാരോഗ്യ രംഗത്ത് വലിയ ചുവടുവയ്പ്പുകൾ നടത്തി. അതിന്റെയൊക്കെ ആകെ തുകയാണ് ഇന്നത്തെ കേരളം. 1956 മുതൽ 2011 വരെയുള്ള കാലത്ത് കേരളത്തിലാകെ 5 മെഡിക്കൽ കോളേജുകളാണുണ്ടായിരുന്നത്. 56 വർഷങ്ങൾക്കുശേഷം 2011-ൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേരളത്തിൽ പുതിയതായി 5 മെഡിക്കൽ കോളേജുകൾ ആരംഭിക്കുകയുണ്ടായി. ചരിത്രം ചെറുതായി സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ.

ഈ ബിൽ പരിമിതമായ അധികാരം മാത്രമെ ആരോഗ്യ മേഖലയ്ക്ക് നൽകുന്നുള്ളൂ. അതുകൊണ്ട് സമഗ്രമായി ഇടപെടാൻ കഴിയുന്ന രൂപത്തിലേയ്ക്ക് ഇത് ശക്തിപ്പെടുത്തണമെന്ന നിർദ്ദേശം ഒന്നാമതായി വയ്ക്കുകയാണ്. ആദ്യം തന്നെ ശ്രദ്ധയിൽപ്പെട്ട ഒരു കാര്യം, സെക്ഷൻ 6-ൽ മൂന്ന് കൗൺസിലുകളുണ്ട്. തെരഞ്ഞെടുപ്പിൽകൂടി വരുന്നവരും നോമിനേറ്റ് ചെയ്യുന്നവരുംകൂടി ചേർന്നതാണ് കൗൺസിൽ അംഗങ്ങൾ. നിയമസഭ പാസ്സാക്കി നിയമം നിലവിൽ വന്നുകഴിഞ്ഞാൽ തെരഞ്ഞെടുപ്പ് നടത്തി അംഗങ്ങളെ തെരഞ്ഞെടുക്കാൻ കഴിയും. സെക്ഷൻ 6-ൽ, '3 ഉം 4 ഉം വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആദ്യത്തെ കൗൺസിലുകളുടെ സംഗതിയിൽ, എക്സ്-ഒഫിഷ്യോ അംഗങ്ങൾ അല്ലാത്ത മറ്റെല്ലാ അംഗങ്ങളെയും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ് എന്നാണ് പറയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ നാമനിർദ്ദേശം ചെയ്തുകഴിഞ്ഞുവെന്നാണ് മനസ്സിലാകുന്നത്. കുറേയാളുകളെ നാമനിർദ്ദേശം ചെയ്ത ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെട്ടു. അതിൽ ഏറ്റവും മികച്ച ആളുകളെയാണ് കൊണ്ടുവന്നതെന്ന അഭിപ്രായം എനിക്കില്ല. അതിലൊക്കെ ചില രാഷ്ട്രീയ താൽപ്പര്യങ്ങൾ കടന്നിട്ടുണ്ട്. ദേശീയ മെഡിക്കൽ കൗൺസിലിന് സമാനമായൊരു കേരള മെഡിക്കൽ കൗൺസിലാണ് വരുന്നതെന്ന് അഭിമാനത്തോടുകൂടി പറയുമ്പോൾ, അതിലെ അംഗങ്ങളെ തീരുമാനിക്കുന്നതിൽ ഏറ്റവും ഉചിതരായ, മിടുക്കരായ, സാമർത്ഥ്യമുള്ള, പ്രാഗത്ഭ്യമുള്ള, വൈദഗ്ദ്ധ്യമുള്ള, അനുഭവ സമ്പത്തുള്ള

ആളുകൾ കേരളത്തിൽ ഉണ്ടെന്നിരിക്കെ അത്തരമൊരു തെരഞ്ഞെടുപ്പുണ്ടായിട്ടില്ലെന്ന കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുപോലെ പ്രസിഡന്റിന്റെ കാര്യത്തിലും വളരെ അവ്യക്തമായി പറഞ്ഞുപോകുന്നതല്ലാതെ സെക്ഷൻ 8-ലേക്ക് വരുമ്പോൾ പ്രസിഡന്റിന് കൃത്യമായ യോഗ്യത ഇതിൽ നിഷ്കർഷിക്കുന്നില്ല. ആൽബർട്ട് ഐൻസ്റ്റീനോട് സർ സി. പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറാകാൻ കഴിയുമോയെന്ന് ചോദിച്ച് കത്തെഴുതിയത് ആൽബർട്ട് ഐൻസ്റ്റീൻ വി.സി. ആകുമെന്ന് കരുതിയിട്ടല്ല. അതിൽ മറ്റൊരു ബുദ്ധികൂടി കാണും. ആൽബർട്ട് ഐൻസ്റ്റീനിന്റെ നിലവാരത്തിലുള്ള ഒരാളെ ഞാൻ ഈ സ്ഥാനത്തേയ്ക്ക് പരിഗണിക്കുന്നു എന്നുള്ളതായിരിക്കാം അന്ന് അദ്ദേഹം ചിന്തിച്ചിട്ടുണ്ടാകുക. മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർ വി.സി. ആയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സ്പിരിറ്റിനെ ഉൾക്കൊണ്ടുകൊണ്ടാണ് ഞാൻ ഈ നിർദ്ദേശങ്ങൾ വയ്ക്കുന്നത്. നിയമനിർമ്മാണം പൂർത്തിയായിട്ടില്ലല്ലോ; അതുകൊണ്ട് ഇതുപോലെ സുപ്രധാനമായ, അഭിമാനകരമായ കൗൺസിലിന്റെ പ്രസിഡന്റാകുന്നയാൾക്ക് യോഗ്യതാ മാനദണ്ഡം നിഷ്കർഷിക്കുന്നത് ഈ കൗൺസിലിനെ കൂടുതൽ ശക്തിപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യും. ഈ നിയമം ചർച്ച ചെയ്യുന്ന അവസരത്തിലും നമ്മൾ ഗുരുതരമായ ആരോഗ്യ പ്രതിസന്ധിയിൽക്കൂടി കടന്നുപോകുകയാണ്. കേരളത്തിലെ കോവിഡ് പ്രതിരോധത്തെക്കുറിച്ച് ചർച്ചയിൽ പങ്കെടുത്ത സഹസമാജികർ സൂചിപ്പിക്കുകയുണ്ടായി. ഇന്നലെ ഇന്ത്യയിലാകെ 13451 കോവിഡ് പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തതിൽ 7163 കേസുകൾ കേരളത്തിലാണ്. ദേശീയ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 1.03 ശതമാനമാണ്. നമ്മുടേത് ഇപ്പോഴും സ്റ്റാറ്റിക്കായി പത്തും പതിനൊന്നുമായി നിൽക്കുകയാണ്; അതിൽനിന്നും താഴേയ്ക്ക് വരുന്നില്ല. ഇന്നലെ രാജ്യത്താകെ 585 ആളുകൾ മരണപ്പെട്ടപ്പോൾ അതിൽ കേരളത്തിൽനിന്നും 90 പേരാണുള്ളത്. 90, 100, 110 എന്നിങ്ങനെ എല്ലാ ദിവസവും കേരളത്തിൽ ആളുകൾ മരിക്കുകയാണ്. ചില സംസ്ഥാനങ്ങളിൽ ഒരു മരണംപോലും ഉണ്ടാകുന്നില്ല. നാലഞ്ച് സംസ്ഥാനങ്ങളിൽ പത്തിൽ താഴെ മരണങ്ങൾ മാത്രമാണ്. നമ്മൾ ഇപ്പോഴും രണ്ടാം തരംഗം കഴിഞ്ഞുവെന്ന് പറയാൻ കഴിയുന്നൊരു അവസ്ഥയിലല്ല. കേരളത്തിൽ കുറേക്കാലമായി ടി.പി.ആർ. 10 ശതമാനത്തിൽ നിൽക്കുകയാണ്. സർക്കാർ സീറോ സർവയ്‌ലൻസ് നടത്തുകയുണ്ടായി. അതിൽ വ്യക്തതയില്ലായ്മയുണ്ട്. നിയമസഭാ സമ്മേളനം തുടങ്ങുന്ന സമയത്ത് കോവിഡ് കേസ്സുകൾ കേരളത്തിൽ കൂടുന്നതിനെക്കുറിച്ച് ചോദിച്ചപ്പോൾ പറഞ്ഞത്, 'ഐ.സി.എം.ആർ.-ന്റെ സീറോ സർവയ്‌ലൻസ് സ്റ്റഡി വന്നിട്ടുണ്ട്, അതിൽ 44 ശതമാനം മാത്രമാണ് ആന്റി ബോഡി പ്രസൻസ്, ഇവിടെ സീറോ സർവയ്‌ലൻസ് 44 ശതമാനം ആയതുകൊണ്ടാണ് കേസ്സുകൾ കൂടുന്നത് '

എന്നാണ്. പക്ഷെ നമ്മുടെ ഗവൺമെന്റ് തന്നെ നടത്തിയ seroprevalence study-യിൽ 82 ശതമാനം ആന്റിബോഡിയുടെ പ്രസൻസ് കാണുകയാണ്. സംസ്ഥാനത്ത് ഏതാണ്ട് 94 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിൻ കൊടുത്തു. അതിനുശേഷവും ടി.പി.ആർ. സ്റ്റാറ്റിക്കായി പത്തിലും പതിനൊന്നിലും പന്ത്രണ്ടിലുമൊക്കെ നിൽക്കുകയാണ്. അതിൽനിന്നും താഴേയ്ക്ക് വരുന്നില്ല. രാജ്യത്തുള്ള ആകെ കേസ്സുകളുടെ 50 ശതമാനത്തിന് മുകളിലും ആകെ മരണത്തിന്റെ 40 ശതമാനത്തിന് മുകളിലും കേരളത്തിലാണ്. ഇത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. വാക്സിനേഷന്റെ വിജയമാണ് ആന്റിബോഡി ഇത്രയും വന്നതെന്ന് ഇപ്പോൾ അവകാശപ്പെടുകയാണെങ്കിൽ, എന്റെ കയ്യിൽ സർക്കാരിന്റെ തന്നെ കോവിഡ് 19 serosurveillance റിപ്പോർട്ടുണ്ട്. അതിൽ വളരെ കൃത്യമായി പറയുന്നുണ്ട്, unvaccinated ആയിട്ടുള്ള 847 പേരുടെ സാമ്പിൾ എടുത്തതിൽ 593 പേരിൽ ആന്റിബോഡിയുടെ പ്രസൻസുണ്ട്. അതായത്, സാമ്പിൾ എടുത്തതിൽ വാക്സിനെടുക്കാത്ത ആളുകളിൽ 70 ശതമാനത്തിനും ആന്റിബോഡിയുടെ പ്രസൻസ് വന്നിട്ടുണ്ട്. അവർക്ക് രോഗം വന്നുപോയിട്ടുണ്ട്. വാക്സിൻ കാരണമാണ് 82 ശതമാനം ആന്റി ബോഡി വന്നുയെന്നതിന് സർക്കാരിന്റെ കോവിഡ് 19 seroprevalence റിപ്പോർട്ട് ലോജിക്കലായി യോജിക്കുന്നില്ല.

കുട്ടികൾ less vulnerable കാറ്റഗറിയിൽപ്പെട്ടവരും less exposure ഉള്ളവരുമാണെന്നാണ് കരുതുന്നത്. കുട്ടികൾക്ക് വാക്സിൻ കൊടുക്കാൻപോലും തുടങ്ങിയിട്ടില്ല. ഈ രോഗത്തെ സംബന്ധിച്ച് ലോക വ്യാപകമായി, കുട്ടികൾ less vulnerable category ആണെന്നാണ് കരുതപ്പെടുന്നത്. ഏഴ് വയസ്സുള്ള കുട്ടികളെ സംബന്ധിച്ച ഡാറ്റാ പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഏഴ് വയസ്സുള്ള കുട്ടികളുടെ കാറ്റഗറിയിലെ seroprevalence study നോക്കുമ്പോൾ 40 ശതമാനത്തിന് മുകളിൽ വരികയാണ്. കുട്ടികളുടെ കാര്യത്തിൽ ചില ജില്ലകളിൽ അത് 60 ശതമാനം വരെ പോയിട്ടുണ്ട്. അത് കാസർഗോഡ് ജില്ലയാണെന്നാണ് എന്റെ ഓർമ്മ. അതുകൊണ്ട് ഈ വിഷയം വളരെ ഗൗരവമായി കാണണം. ഇവിടെ കേന്ദ്ര സംഘം സന്ദർശിച്ചപ്പോൾ, ആഗസ്റ്റ് 27-ാം തീയതി സംസ്ഥാന ചീഫ് സെക്രട്ടറിക്ക് ഒരു കത്ത് കൊടുത്തിരുന്നു. അതുപ്രകാരം മൂന്ന് കാര്യങ്ങളാണ് അവർ പറഞ്ഞത്. ഒന്ന്, നമ്മുടെ contact tracing ഫലപ്രദമല്ല, പരാജയമാണെന്നാണ്. ഒരു പോസിറ്റീവ് കേസ്സിൽ 20 പേരുടെയെങ്കിലും contact trace ചെയ്യേണ്ട സ്ഥാനത്ത് നമ്മുടെ contact tracing ഒന്നോ രണ്ടോ മാത്രമാണെന്നാണ് കേന്ദ്ര സംഘം കണ്ടെത്തിയത്. അതുകൊണ്ട് contact tracing വിപുലമാക്കണമെന്ന് പറഞ്ഞു. നമ്മൾ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? രണ്ട്,

കേരളത്തിൽ ടെസ്റ്റ് നടത്തുന്നതിന്റെ എണ്ണം വർദ്ധിപ്പിക്കണമെന്ന് പറഞ്ഞു. കഴിഞ്ഞ വ്യാഴാഴ്ച തമിഴ്നാട്ടിൽ നടത്തിയ ടെസ്റ്റുകളുടെ എണ്ണം 1.29 ലക്ഷമാണ്. 1164 പേർ പോസിറ്റീവാണെന്ന് കണ്ടെത്തുകയും 20 പേരുടെ മരണം രേഖപ്പെടുത്തുകയും ചെയ്തു. അതായത്, ഒരു ശതമാനം ടി.പി.ആർ. ഉള്ള സംസ്ഥാനം ഒരു ലക്ഷത്തിന് മുകളിൽ ടെസ്റ്റ് നടത്തുമ്പോൾ, പത്ത് ശതമാനത്തിന് മുകളിൽ ടി.പി.ആർ. ഉള്ള ഈ സംസ്ഥാനം അന്ന് 87000 ടെസ്റ്റുകൾ മാത്രമാണ് നടത്തിയത്. ഇന്നലെ 79000 ടെസ്റ്റുകൾ മാത്രമാണ് നടത്തിയത്. ദിവസം രണ്ട് ലക്ഷം ടെസ്റ്റുകൾ നടത്തുമെന്ന് മുഖ്യമന്ത്രി ഈ സഭയിലും പുറത്തും പറഞ്ഞിട്ടില്ലേ? സംസ്ഥാനത്ത് ടി.പി.ആർ. ഇത്രയും ഉയർന്നുനിൽക്കുമ്പോൾ, ഒരു ശതമാനം ടി.പി.ആർ. ഉള്ള സംസ്ഥാനം ഒരു ലക്ഷത്തിന് മുകളിൽ ടെസ്റ്റ് നടത്തുമ്പോൾ, പത്ത് ശതമാനം ടി.പി.ആർ. രേഖപ്പെടുത്തുന്ന സംസ്ഥാനം 79000-വും 80000-വും ടെസ്റ്റുകൾ മാത്രം നടത്തുന്നതിന്റെ ഗൗരവം മനസ്സിലാകുന്നില്ല. മൂന്നാമതായി അവർ പറഞ്ഞത്, Clinico-epidemiological assessment നടത്തണമെന്നായിരുന്നു. അങ്ങനെയൊരു അസെസ്സ്മെന്റ് നടത്തിയിട്ടുണ്ടോയെന്ന് ഞങ്ങൾക്കറിയില്ല. ഈ seroprevalence-ന്റെ റിപ്പോർട്ടുപോലും വളരെ വൈകിയാണ് പുറത്തുവന്നത്. 'Clinico-epidemiological assessment നടത്തണമെന്നാണ് വളരെ കൃത്യമായി പറഞ്ഞത്. 'Samples of all cases of vaccine breakthrough infections and re-infections need to be sent for genome sequencing positively, Clinico-epidemiological assessment of all such case needs to be done promptly. Results of such assessments needs to be shared with National Centre for Disease Control.' എൻ.സി.ഡി.സി.-യ്ക്ക് റിപ്പോർട്ട് കൊടുക്കണമെന്ന് അവർ പറഞ്ഞിരുന്നു. കാരണം, കേരളത്തിൽ ഇപ്പോൾ ഇങ്ങനെയൊരു സ്റ്റഡി നടത്തുന്നത് ഇന്ത്യയ്ക്ക് ആവശ്യമാണ്. കാരണം ഐ.സി.എം.ആർ.-ന്റെ സർവ്വേയിൽ 82 ശതമാനം ആന്റിബോഡി സാന്നിദ്ധ്യം കണ്ട സംസ്ഥാനങ്ങളിലെല്ലാം ഒന്നുംരണ്ടും ശതമാനമായി ടി.പി.ആർ. കുറഞ്ഞിട്ടുണ്ട്. 82 ശതമാനം ആന്റിബോഡി കണ്ടെത്തിയ കേരളത്തിൽ മാത്രം ടി.പി.ആർ. കുറയാത്തത് breakthrough infections ആണോ re-infection അണോ? Re-infection ആണെങ്കിൽ നമുക്ക് ബൂസ്റ്റർ ഡോസ് വേണ്ടിവരും. ഐ.സി.എം.ആർ. ഇതുവരെ അതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. കേരളം ഇത്രയും ഗുരുതരമായ അവസ്ഥയിൽ മുന്നോട്ടുപോകുന്നതുകൊണ്ട് അങ്ങനെയൊരു പഠനം ആവശ്യമാണ്.

മി. ചെയർമാൻ: പ്ലീസ്...അങ്ങ് അവസാനിപ്പിക്കൂ....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബെല്ലടിക്കുന്നതിനുമുമ്പുതന്നെ ഞാൻ പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്. കേരളത്തിന്റെ പൊതുജനാരോഗ്യത്തെ സംബന്ധിച്ച് വളരെ സുപ്രധാനമായ മൂന്ന് നിയമങ്ങൾ നിയമസഭ ചർച്ച ചെയ്യുമ്പോൾ ഗുരുതരമായ ഈ പ്രശ്നത്തിനും പരിഹാരമുണ്ടാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. സുജിത് വിജയൻപിള്ള: സർ, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരള സംസ്ഥാനത്തിലെ മോഡേൺ മെഡിസിൻ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ എന്നീ വിഭാഗങ്ങളിലെ പ്രാക്ടീഷണേഴ്സിന്റെ രജിസ്ട്രേഷനും യോഗ്യതയും നിയന്ത്രിക്കുന്നതിനുവേണ്ടിയും നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും വേണ്ടിയുള്ള ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ രണ്ട് വർഷത്തിലേറെയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നിരന്തര പോരാട്ടം നടത്തിക്കൊണ്ടിരിക്കുന്ന, ഇപ്പോഴും തുടരുന്ന ആരോഗ്യ വകുപ്പിലെയും അതുപോലെ മറ്റ് വകുപ്പുകളിലെയും മന്ത്രിമാരടക്കമുള്ള വിവിധ സന്നദ്ധ-സേവന-ബഹുജന സംഘടനകളെയെല്ലാവരെയും ഇത്തരുണത്തിൽ അഭിനന്ദിക്കാനും നന്ദിയോടെ സ്മരിക്കാനുംകൂടി ഞാൻ ഈ വേദി ഉപയോഗിക്കുകയാണ്. അതുപോലെ എടുത്തുപറയേണ്ട ഒന്നാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ. ആരോഗ്യരംഗത്ത് ഏറ്റവും കൂടുതൽ ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ്. പ്രാദേശിക സർക്കാരുകൾക്ക് കോവിഡ്-19 മഹാമാരിയെ പ്രതിരോധിക്കുന്ന കാര്യത്തിൽ വളരെ നിർണ്ണായകമായ ഇടപെടൽ നടത്താൻ സാധിച്ചിട്ടുണ്ട്. അത് ആരോഗ്യ പ്രവർത്തകരെന്ന നിലയിൽ വളരെയധികം ആത്മവിശ്വാസം നൽകുന്നതാണ്. ഈ ബില്ലിനെക്കുറിച്ച് പറയുമ്പോൾ, 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിൽ ചില മാറ്റങ്ങൾ വരുത്തിയാണ് 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ കൊണ്ടുവരുന്നത്. ട്രാവൻകൂർ-കൊച്ചിൻ എന്ന പേരുമൂലം പല ആശയക്കുഴപ്പങ്ങളുണ്ടായതിന്റെ പേരിൽ പല നിയമനടപടികളും ഉണ്ടായിട്ടുണ്ട്. മലബാർ മേഖലയിലെ മെഡിക്കൽ പ്രാക്ടീഷണേഴ്സിന് ഇത് ബാധകമല്ലെന്നതിന്റെ പേരിൽ പലപ്പോഴും വ്യവഹാരങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്. ഇങ്ങനെയൊരു ബിൽ വരുന്നതിന്റെ പശ്ചാത്തലത്തിൽ അങ്ങനെയുള്ള ആശയക്കുഴപ്പങ്ങളെല്ലാം മാറുകയാണ്. കർണ്ണാടകയിലും ഇതുപോലെ മെഡിക്കൽ കൗൺസിലുണ്ട്. കെ.എം.സി. (കർണ്ണാടക മെഡിക്കൽ കൗൺസിൽ) എന്നാണ്

അതറിയപ്പെടുന്നത്. 'കേരള സ്റ്റേറ്റ്' എന്ന് ചേർത്തതുകൊണ്ട് അത് കെ.എസ്.എം.സി. എന്ന രീതിയിൽ വരുമെന്നുള്ളതിനാൽ അങ്ങനെയും ഒരു ആശയക്കുഴപ്പത്തിന് സാഹചര്യമില്ല. അതുകൊണ്ട് 'ചുരുക്കപ്പേരും പ്രാരംഭവും' എന്ന പട്ടികയിലെ (1)-ൽ 'കെ.എസ്.എം.സി.' എന്ന് വരത്തക്കരീതിയിൽ നിഷ്കർഷിക്കാമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ പീഠികയിൽ ചേർക്കാവുന്ന ഒന്നുരണ്ടു കാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. "യോഗ്യത നിയന്ത്രിക്കുന്നതിനും ആരോഗ്യ പരിപാലന രംഗത്ത് നിലവിലുള്ള നിലവാരം നിലനിർത്തുന്നതിനും നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും കാലോചിതമായി നവീകരിക്കുന്നതിനുംകൂടി" എന്ന രീതിയിൽ കൂട്ടിച്ചേർത്താൽ നല്ലതായിരിക്കുമെന്ന് കരുതുന്നു. ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ കീഴിൽ വരുന്നതുപോലെ മോഡേൺ മെഡിസിൻ കൗൺസിലും ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിലും ഹോമിയോപ്പതിക് മെഡിസിൻ കൗൺസിലും എന്നീ മൂന്ന് കൗൺസിലുകളാണ് ഇതിന്റെ കീഴിൽ വരുന്നത്. ഇതിൽ മോഡേൺ മെഡിസിൻ കൗൺസിലിൽ പതിനഞ്ച് അംഗങ്ങളാണുള്ളത്. സെലക്ഷൻ നടപടിക്രമങ്ങളെപ്പറ്റി കൃത്യമായി ഇതിൽ വിവരിക്കുന്നുണ്ട്. മോഡേൺ മെഡിസിൻ കൗൺസിലിൽ ആരോഗ്യ യൂണിവേഴ്സിറ്റിയുടെ കീഴിൽ വരുന്ന മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൽമാരുണ്ട്. അതിൽ ഗവൺമെന്റ് മേഖലയിലും പ്രൈവറ്റ് മേഖലയിൽനിന്നുമുള്ള പ്രിൻസിപ്പൽമാർക്ക് റെപ്രസെന്റേഷനുണ്ട്. അതുപോലെ പ്രൈവറ്റ് പ്രക്ടീഷണേഴ്സിനും റെപ്രസെന്റേഷനുണ്ട്. ഇവരെല്ലാം "പതിനഞ്ച് വർഷമായി പ്രാക്ടീസ് ചെയ്യുന്ന" എന്ന് ഈ ബില്ലിൽ വിശദീകരിച്ചിട്ടുണ്ട്. അതിനോടൊപ്പംതന്നെ കൂട്ടിച്ചേർക്കാവുന്ന ഒന്നാണ്, പതിനഞ്ച് വർഷം തുടർച്ചയായി ഈ കൗൺസിലിൽ, കൗൺസിലിൽ എന്ന് ഉദ്ദേശിക്കുന്നത് ടി.സി.എം.സി.-യിലോ അല്ലെങ്കിൽ പുതുതായി ചേർക്കാൻ പോകുന്ന കെ.എസ്.എം.സി.-യിലോ മെമ്പർമാരായിട്ടുള്ളവർക്ക് ഇലക്ഷൻ പ്രോസസ്സ് പ്രക്രിയയിൽ പങ്കെടുക്കാമെന്നുള്ളതാണ്. കാരണം ടി.സി.എം.സി.-യിൽ എല്ലാ അഞ്ച് വർഷവും ഇത് റിന്യൂ ചെയ്യണമെന്ന് പറയുന്നുണ്ട്. പലപ്പോഴും ഡോക്ടർമാർ അങ്ങനെ ചെയ്യാറില്ല. അത് അറിവില്ലായ്മകൊണ്ടോ അത്ര വലിയ താൽപ്പര്യം കാണിക്കാത്തതുകൊണ്ടോ ആയിരിക്കാം. പക്ഷെ, മെഡിക്കൽ കൗൺസിലിന്റെ ഗവേണിംഗ് ബോഡിയിൽ വരുന്നവരെല്ലാംതന്നെ കൃത്യമായി ഇത് പാലിക്കുന്നവരായിരിക്കണമെന്നുള്ളതിനാൽ പതിനഞ്ച് വർഷം തുടർച്ചയായിട്ടെങ്കിലും രജിസ്റ്റേർഡ് മെമ്പർമാരായിരിക്കണം എന്നുള്ളതുകൂടി കൂട്ടിച്ചേർക്കാൻ കഴിയുമെന്ന് തോന്നുന്നു. അതുപോലെ മോഡേൺ മെഡിസിന്റെ കാര്യത്തിൽ പതിനഞ്ച് പേരോളം വരുന്നുണ്ട്. അതിൽ എക്സ്-ഒഫീഷ്യോ മെമ്പർമാരും ഇലക്ടഡ്

മെമ്പർമാരും നോമിനേറ്റഡ് മെമ്പർമാരുമുണ്ട്. പതിനഞ്ചിൽ പകുതിപ്പേരെങ്കിലും ഇലക്ടഡ് മെമ്പർമാരായിരിക്കണമെന്നുള്ള അഭിപ്രായമാണ് എനിക്ക് മുന്നോട്ട് വയ്ക്കാനുള്ളത്. എക്സ്-ഒഫീഷ്യോ മെമ്പർമാർ മോഡേൺ മെഡിസിന്റേയും ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിന്റേയും ഹോമിയോപ്പതിക് മെഡിസിന്റേയും അംഗങ്ങളായിട്ടുണ്ട്. ഈ മൂന്ന് സിസ്റ്റത്തിനുംകൂടി ആരോഗ്യ യൂണിവേഴ്സിറ്റിയിലെ രജിസ്ട്രാറാണ് ഇപ്പോഴുള്ളത്. ആരോഗ്യ യൂണിവേഴ്സിറ്റിയിൽ തന്നെ ഭാരിച്ച ചുമതലയാണ് ഒരു രജിസ്ട്രാർക്കുള്ളത്. അദ്ദേഹം ഈ മൂന്ന് സിസ്റ്റത്തിന്റേയുംകൂടി രജിസ്ട്രാറായി വരുമ്പോൾ, തൃശ്ശൂർ മുതൽ തിരുവനന്തപുരം വരെ അടിക്കടിയുള്ള യാത്രകൾതന്നെ ഭാരിച്ച ഉത്തരവാദിത്വമായി വരുന്നതിനാൽ ആരോഗ്യ യൂണിവേഴ്സിറ്റിയുടേയും മോഡേൺ മെഡിസിന്റേയും ഡീനിനെ ഈ പോസ്റ്റിലേയ്ക്ക് നിയമിക്കാവുന്നതാണ്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, അങ്ങ് ഈ പ്രൊഫഷനുമായി ബന്ധപ്പെട്ട ആളായതുകൊണ്ട് സൂചിപ്പിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിലെല്ലാം കൗൺസിലിന്റെ രജിസ്ട്രാർ ഒരു ഡോക്ടർ തന്നെയാണ്. അതായത്, ഈ പ്രൊഫഷനിൽ നിന്നുള്ള ആൾ തന്നെയാണ് രജിസ്ട്രാർ. പക്ഷെ, ഈ നിയമത്തിൽ അതൊരു ഡോക്ടറായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. ഡോക്ടറായിരിക്കുന്നത് നല്ലതായിരിക്കുമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ; അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ഞാൻ അതിലേയ്ക്കാണ് വരുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ പൊതുവെ മോഡേൺ മെഡിസിന്റെ ഡോക്ടർമാർ തന്നെയാണ് വരുന്നത്. കൂടുതൽ ഈസ് ഓഫ് വർക്കിന് അത് ഉപകരിക്കും. കേരളത്തിൽ 39-ഓളം മെഡിക്കൽ കോളേജുകളാണ് ഇപ്പോഴുള്ളത്. അതിൽ ഏതാണ്ട് പതിനായിരത്തോളം രജിസ്ട്രേഷനുകളാണ് ഒരു വർഷം നടക്കുന്നത്. അതുകൂടാതെ രണ്ടായിരത്തോളം വിദേശ ബിരുദധാരികളും വരുന്നുണ്ട്. ആയിരക്കണക്കിന് സർട്ടിഫിക്കറ്റുകൾ, പൊതുജനങ്ങളിൽനിന്നുള്ള പരാതികൾ, ഡോക്ടർമാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ തുടങ്ങി അനേകായിരം തൊഴിൽദിനങ്ങൾ വരുന്ന ഒരു മേഖലയാണ്. ഇതിലേയ്ക്ക് അർപ്പണ മനോഭാവവും പരിചയസമ്പത്തുമുള്ള ഒരു മോഡേൺ മെഡിസിൻ ഡോക്ടറെ നിഷ്കർഷിക്കണമെന്ന് പറയുന്നതിന്റെ കാരണം അതാണ്. അതുപോലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ കാര്യം ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. നേരത്തെ സൂചിപ്പിക്കുകയുണ്ടായി. എക്സ്-ഒഫീഷ്യോ മെമ്പർമാർ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മത്സരിക്കാൻ പാടില്ലെന്നുകൂടി 8(1)-ൽ കൂട്ടിചേർത്താൽ നല്ലതായിരുന്നു. അതുപോലെ രജിസ്ട്രാറുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നിയമ

പരിജ്ഞാനം, ഭരണകാര്യങ്ങളിലെ പരിജ്ഞാനം എന്നിവയെല്ലാം പരിഗണിച്ചുകൊണ്ടാണ് രജിസ്ട്രാറെ സംബന്ധിച്ച് ബില്ലിൽ പരാമർശിച്ചിട്ടുള്ളത്. ആ സ്ഥാനത്തേയ്ക്ക് നിയമ പരിജ്ഞാനമുള്ള ഡെപ്യൂട്ടി രജിസ്ട്രാറിനെ പരിഗണിക്കാവുന്നതാണ്. കൗൺസിലിന്റെ കാര്യം പറയുകയാണെങ്കിൽ, ഒരു ഫിനാൻഷ്യൽ ഓട്ടോണമിയുള്ള സ്ഥാപനമാണ്. നേരിട്ട് സർക്കാരിന്റെ ധനസഹായം ആവശ്യമായി വരുന്നില്ല. പതിനായിരക്കണക്കിന് രജിസ്ട്രേഷനുകളുണ്ട്. ഈ ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെയാണ് ഇതിന്റെ എല്ലാ ചെലവുകളും നടത്തിക്കൊണ്ടുപോകുന്നത്. പുതിയ നിയമനങ്ങൾ സംബന്ധിച്ച് ഇവിടെ പരാമർശിച്ചു. പി.എസ്.സി. വഴിയോ, താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നിയമനം നടത്താം. ഇവയെല്ലാംതന്നെ സാമ്പത്തികമായി ഈ ഓട്ടോണമസ് ബോഡിക്കുതന്നെ കൈകാര്യം ചെയ്യാൻ കഴിയുന്ന കാര്യമേയുള്ളൂ. ഇങ്ങനെയൊരു ഡെപ്യൂട്ടി രജിസ്ട്രാർ തസ്തിക വരുന്നതുകൊണ്ട് പ്രത്യേകിച്ച് സർക്കാരിന് ഭാരിച്ച ചെലവൊന്നും വരുന്നില്ലെന്നുള്ളതാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇപ്പോൾ ടി.സി.എം.സി.-(ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ)യിൽ ജോലി ചെയ്യുന്ന സ്ഥിരം ജോലിക്കാർക്ക് കെ.എസ്.എം.സി.(കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ)-ലും സ്ഥിരം ജോലിക്കാരായി തന്നെ തുടരാൻ കഴിയും. 22 റെഗുലേഷനുകളും അവ ഭേദഗതി ചെയ്യാനുമുള്ളൊരു പോയിന്റാണ് ബില്ലിൽ പറയുന്നത്. 25 രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഒരു നിവേദനം കൊടുത്തുകഴിഞ്ഞാൽ ഭേദഗതി സാധ്യമാകുമെന്നുള്ള രീതിയിലാണ് ഇപ്പോൾ കൊടുത്തിരിക്കുന്നത്. അതിൽ ചെറിയൊരു മാറ്റം വരുത്തി. നൂറോ അതിൽ കൂടുതലോ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാരോ, അംഗീകൃത മെഡിക്കൽ സംഘടനയോ, കൗൺസിലിലെതന്നെ ഏതെങ്കിലും അംഗമോ രേഖാമൂലം ആവശ്യപ്പെട്ടാൽ ഭേദഗതി ചർച്ച ചെയ്യാവുന്നതാണെന്നുള്ള രീതിയിൽ മാറ്റം വരുത്തിയാൽ നല്ലതായിരിക്കും. ഇതോടൊപ്പം സൂചിപ്പിക്കേണ്ട മറ്റൊരു കാര്യം, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ വഴിമാറിക്കൊണ്ട് നാഷണൽ മെഡിക്കൽ കൗൺസിൽ 2019-ൽ വരികയുണ്ടായി. ഫെഡറൽ സിസ്റ്റത്തിനുതന്നെ ബാധകമാകുന്ന രീതിയിൽ നിരവധി വ്യത്യാസങ്ങളാണ് വന്നിരിക്കുന്നത്. ഏതാണ്ട് 25 മെമ്പർമാരുള്ള ഗവേണിംഗ് ബോഡിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിൽത്തന്നെ സംസ്ഥാനത്തിനുള്ള പ്രാതിനിധ്യം നേരത്തെയുണ്ടായിരുന്ന ആറിൽ നിന്ന് പത്തായി കൂടിയെങ്കിലും കേരളത്തിന്റെ പ്രതിനിധിക്ക് ഇപ്പോൾ നാലുവർഷത്തെ കാലാവധിയാണുള്ളത്. ഏകദേശം ആറിൽ നിന്ന് പത്തിലേയ്ക്ക് അംഗങ്ങളെ ഉയർത്തിയെങ്കിലും അടുത്ത നാലുവർഷത്തേയ്ക്ക് പ്രതിനിധിയെ അയയ്ക്കാൻ പറ്റില്ലെന്ന സാഹചര്യവുമുണ്ട്. അതുപോലെ ഓരോ സ്റ്റേറ്റ് മെഡിക്കൽ

കൗൺസിലിനും പ്രതിനിധിയെ അയയ്ക്കാവുന്നതാണ്. ഒരിക്കൽ അയച്ചുകഴിഞ്ഞാൽ അടുത്ത എട്ട് വർഷത്തേയ്ക്ക് കേരള സംസ്ഥാന മെഡിക്കൽ കൗൺസിൽ പ്രതിനിധിയെ അയയ്ക്കാൻ കഴിയില്ല. ഉദാഹരണത്തിന്, സെക്ഷൻ 46 പ്രകാരം സംസ്ഥാന സർക്കാരിനും സെക്ഷൻ 10 (D), 10(F) പ്രകാരം എല്ലാ സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിനും എൻ.എം.സി.-യുടെ പല നിയമങ്ങളും പാലിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളെല്ലാം റെപ്രസെന്റ് ചെയ്ത് സംസാരിക്കാനുള്ള അവസരമാണ് നഷ്ടപ്പെടുന്നത്. അതുകൊണ്ട് ഫെഡറൽ സിസ്റ്റത്തിന് നേരെയുള്ള വെല്ലുവിളിയായി ഇതിനെ കണ്ടുകൊണ്ട് എൻ.എം.സി.-യിൽ നമ്മുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ശക്തമായ ശ്രമമുണ്ടാകണമെന്നുകൂടി ഞാൻ സഭയെ അറിയിക്കുകയാണ്. ബില്ലിൽനിന്നും വ്യത്യസ്തമായി പൊതുവായി എനിക്ക് സൂചിപ്പിക്കാനുള്ള പലകാര്യങ്ങളും സൂചിപ്പിക്കുകയുണ്ടായി. മോഡേൺ മെഡിസിൻ ഡോക്ടർമാരുടെ പ്രശ്നങ്ങളെക്കുറിച്ചും വലിയ രീതിയിൽ ചർച്ചകളുണ്ടായി. പ്രത്യേകിച്ചും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ) ആക്ട് വന്നതിനുശേഷം ആശുപത്രികളും കുടുംബ ഡോക്ടർമാരുടെയും സിംഗിൾ ഡോക്ടർമാരുടെയും ക്ലിനിക്കുകളും അടഞ്ഞുപോകുന്നുവെന്ന രീതിയിലുള്ള ചർച്ചവന്നു. ശരിക്കും പറഞ്ഞാൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ) ആക്ടിന്റെ പേരിൽ അങ്ങനെയൊരു ബുദ്ധിമുട്ട് ഇതുവരെ ഉണ്ടായിട്ടില്ലായെന്നുള്ളതാണ് സത്യം. നിയമം പാലിച്ചെങ്കിലും ഇപ്പോഴും രണ്ടുവർഷത്തെ കാലാവധി കൊടുത്തിട്ടുണ്ട്. ഐ.എം.എ.-യുടെ സർവ്വേയിൽ കഴിഞ്ഞ പത്ത്-പതിനഞ്ച് വർഷമായി ചെറിയ ആശുപത്രികൾ, ഡോക്ടർ ഓൺ ക്ലിനിക്കുകൾ, സിംഗിൾ ഡോക്ടർ ഹോസ്പിറ്റലുകൾ ഏകദേശം 2000-ത്തിനു മുകളിൽ അടഞ്ഞുപോയി. അതിനുകാരണം, ഒരു ഭാഗത്ത് ഫിനാഷ്യൽ വയബിലിറ്റിയുടെ പ്രശ്നമാണ്. രണ്ടാമത്തേത്, ലിറ്റിഗേഷൻസാണ്. പുതിയ കാലഘട്ടത്തിനനുസരിച്ച് ഡോക്ടർമാർക്കെതിരെയും ആശുപത്രികൾക്കെതിരെയും ജനങ്ങൾ ഒരുപാട് കേസുകളുമായി മുന്നോട്ടുവരുന്നുണ്ട്. ലിറ്റിഗേഷൻ എങ്ങനെ കുറയ്ക്കാൻ കഴിയുമെന്നുള്ളത് പരിശോധിക്കേണ്ടതാണ്. സ്റ്റാന്റേർഡ് ഓഫ് ട്രീറ്റ്മെന്റ്, സൗകര്യങ്ങൾ എന്നിവ കൂട്ടുകയെന്ന നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ) ആക്ട് കൊണ്ടുവന്നിരിക്കുന്നത്. അത് എല്ലാവരുടെയും സഹകരണത്തോടുകൂടി നമുക്ക് മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. അതുപോലെ ആരോഗ്യ പ്രവർത്തകർക്ക് നേരെയുണ്ടാകുന്ന ആക്രമണങ്ങൾ എടുത്തുപറയേണ്ടതാണ്. അത് സഭയിൽ നിരവധി തവണ ചർച്ച ചെയ്തതാണ്. നമുക്ക് മാർഗ്ഗദീപമാകേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാർ, മെമ്പർമാർ, നിയമം പാലിക്കേണ്ട പോലീസുകാർ

എന്നിവരാണ് ഈ അടുത്ത കാലത്ത് കായികമായി ഡോക്ടർമാർക്കെതിരെയും ആരോഗ്യ പ്രവർത്തകർക്കുനേരെയും ആക്രമണം അഴിച്ചുവിട്ടത്. ഇതെങ്ങനെ തടയാൻ കഴിയുമെന്ന് സർക്കാർ ഗൗരവമായി ചിന്തിക്കേണ്ടതാണ്. ഇങ്ങനെ മെഡിക്കൽ ഡോക്ടർമാർക്കുനേരെ ആക്രമണം നടത്തുന്നതിനെതിരെ ശക്തമായ നിയമങ്ങളുണ്ട്. ഈ നിയമങ്ങൾ നടപ്പാക്കാൻ നോൺ-ബെയിലബിളായിത്തന്നെ കേസ് ചാർജ്ജ് ചെയ്തുകൊണ്ട് ആക്ട് നടപ്പാക്കുവാനുള്ള എല്ലാവിധ ശ്രമങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതുവഴി ഒരു പരിധിവരെ ഇങ്ങനെയുള്ള ആക്രമണങ്ങൾ തടയാൻ സാധിക്കും. അതുപോലെതന്നെ ആരോഗ്യ പ്രവർത്തകരുടെ ഭാഗത്തുനിന്നും മാന്യമായ പെരുമാറ്റമുണ്ടാകുന്നില്ലെങ്കിൽ അതിലും സർക്കാരിന് ഇടപെടാവുന്നതാണ്. മെഡിക്കൽ കൗൺസിലുമായി ബന്ധപ്പെട്ട് 'How to communicate with people' എന്നുള്ള രീതിയിൽ തുടർ വിദ്യാഭ്യാസ പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്. എന്നാൽ പലപ്പോഴും സർക്കാർ ആശുപത്രികളിലാണ് ഇങ്ങനെയുള്ള ആക്രമണങ്ങൾ സംഭവിക്കുന്നത്. കൂടുതലും അത്യാഹിത വിഭാഗങ്ങളിലാണ് കണ്ടുവരുന്നത്. വൈകുന്നേരങ്ങളിൽ അത്യാഹിത വിഭാഗങ്ങൾ പനി ക്ലിനിക്കുകളായി പലപ്പോഴും മാറാറുണ്ട്. ഇത്രയും രോഗികളെ ഉൾക്കൊള്ളുവാൻ ഒരു ഡോക്ടർക്ക് കഴിയാതെ വരുമ്പോഴാണ് പലപ്പോഴും ഇങ്ങനെയുള്ള ആക്രമണങ്ങളുണ്ടാകുന്നത്. അതുകൊണ്ട് എനിക്കൊരു നിർദ്ദേശം വയ്ക്കുവാനുള്ളത്, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം കൊടുത്തുകൊണ്ട് വൈകിട്ട് അഞ്ച് മുതൽ ഒൻപത് മണിവരെ ഒ.പി. ക്ലിനിക്കുകൾകൂടി പ്രവർത്തിക്കുന്നതിനുള്ള ഒരു നടപടിയുമായി മുന്നോട്ടുപോകണമെന്നാണ്. അതുപോലെ ബി.എസ്.സി. (എം.എൽ.റ്റി.), എം.എസ്.സി. (എം.എൽ.റ്റി.) യോഗ്യതയുള്ള ലാബ് ടെക്നീഷ്യൻമാരുടെ അപര്യാപ്തത ഇപ്പോൾ കണ്ടുവരുന്നുണ്ട്. പ്രൈവറ്റ്/ഗവൺമെന്റ് മേഖലയിൽ ഈ കോഴ്സുകൾ കൂടുതൽ ആരംഭിക്കാനുള്ള ശ്രമമുണ്ടാകണമെന്നുകൂടി ഇത്തരുണത്തിൽ നിർദ്ദേശിക്കുകയാണ്. ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ നേരത്തെ 'Mixopathy'-യുടെ കാര്യം സൂചിപ്പിച്ചു. അത് വളരെ കർശനമായി കൈകാര്യം ചെയ്യേണ്ടതാണ്. കമ്മ്യൂണിറ്റി ഹെൽത്ത് പ്രൊവൈഡർ എന്ന തസ്തിക നാഷണൽ മെഡിക്കൽ കൗൺസിലിൽ കൊണ്ടുവന്നിട്ടുണ്ട്. ഒരു ആറുമാസത്തെ കോഴ്സുവഴി ഡോക്ടർമാരെപ്പോലെ പ്രിസ്ക്രിപ്ഷൻ കൊടുക്കാവുന്ന രീതിയിൽ, basic health providers എന്നാണ് പറയുന്നതെങ്കിലും, ultimately ഇവരെയെല്ലാം ഒരു മോഡേൺ മെഡിസിൻ ഡോക്ടറെപ്പോലെ നോക്കേണ്ടൊരു അവസ്ഥ വരുന്ന രീതിയിലേയ്ക്കുള്ള നിയമങ്ങൾ വരുന്നുണ്ട്. ഇതിനെയെല്ലാം ജാഗ്രതയോടെ നേരിടേണ്ടതുണ്ടെന്ന് അറിയിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, 1(എ) ഭേദഗതിയെ പിന്താങ്ങുന്നു. ഈ ബില്ലിന്റെ നിരാകരണ പ്രമേയത്തിന്റെ ഘട്ടത്തിൽ പറഞ്ഞ കാര്യങ്ങൾ ഞാൻ ഇവിടെയും അടിവരയിടുകയാണ്. അതുകൊണ്ടുതന്നെ ദീർഘമായ നിർദ്ദേശങ്ങൾ പറയുന്നില്ല. ഒരു ബില്ലിൽത്തന്നെ ഇങ്ങനെ രണ്ട് ഘട്ടത്തിൽ സംസാരിക്കാനുള്ള അസുലഭമായ അവസരം ലഭിച്ചതിലുള്ള സന്തോഷം ഞാൻ രേഖപ്പെടുത്തുകയാണ്. ഞാൻ പറഞ്ഞുവന്നതിന്റെ ഒരു തുടർച്ച തന്നെയാണ് പറയാൻ ആഗ്രഹിക്കുന്നത്.

ആരോഗ്യ പ്രവർത്തകർ ആക്രമിക്കപ്പെടുന്നത് സംബന്ധിച്ച് ഡോ. സുജിത് വിജയൻപിള്ള ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിപ്പോൾ കേരളത്തിൽ വർദ്ധിച്ചുവരികയാണ്. ജീവൻ രക്ഷിക്കാൻ ശ്രമിക്കുന്നവരെ സാമാന്യബോധമുള്ള ആരും ആക്രമിക്കില്ല. പക്ഷേ ജനപ്രതിനിധികളിൽനിന്നും പോലീസുദ്യോഗസ്ഥരിൽനിന്നും ജനങ്ങളിൽനിന്നുമൊക്കെ പല ഘട്ടങ്ങളിലും വലിയ വികാരവായ്പോടുകൂടി ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർ ആക്രമണം നേരിടുന്നൊരു സ്ഥിതിയുണ്ടാകുന്നുണ്ട്. ഡോക്ടർമാരും നഴ്സുമാരും ആക്രമിക്കപ്പെടുന്നത് നിർഭാഗ്യകരമാണ്. ഈ ഘട്ടത്തിൽ ഞാനിവിടെ ഓർക്കുന്നത്, ഇക്കാര്യം സംബന്ധിച്ച് നിയമസഭയിൽ ഒരിക്കൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്കുപോലും ചെറിയൊരു പ്രയാസമുണ്ടായി. ഡോക്ടർമാർ ആക്രമിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് പറയുകയും പിന്നീട് വലിയ ആക്ഷേപങ്ങളൊക്കെ ഉയർന്നുവന്നപ്പോൾ അത് തിരുത്തി പറയേണ്ടിയുമൊക്കെ വന്നു. ഞാനത് ഒരു കുറ്റമായിട്ടല്ല പറയുന്നത്. ഒരുപക്ഷേ ബഹുമാനപ്പെട്ട മന്ത്രി രേഖകൾ നോക്കി പറഞ്ഞതായിരിക്കാം. അങ്ങനെയൊന്നും റെക്കോർഡിൽ രേഖപ്പെടുത്തിയിട്ടുണ്ടാകില്ല. എന്നാൽ ഇത് വ്യാപകമായി നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോഴും അത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിതന്നെ പൈലറ്റ് ചെയ്ത എപ്പിഡമിക് ആക്ടിൽ ഡോക്ടർമാരെയും മറ്റും സംരക്ഷിക്കാനുള്ള വ്യവസ്ഥകളും ഡോക്ടർമാർ ആക്രമിക്കപ്പെടുമ്പോൾ അതിനെതിരായ ശിക്ഷാനടപടികളും നിയമനടപടികളുമൊക്കെ കൂടുതൽ ശക്തമാക്കുന്നൊരു സംവിധാനം നമുക്ക് കാണാൻ കഴിയുന്നത് സ്വാഗതാർഹമാണ്. അതോടൊപ്പം ഇക്കാര്യത്തിൽ നല്ല ബോധവൽക്കരണമുണ്ടാകണം. ഡോക്ടർമാരെ ആക്രമിക്കുന്ന പ്രവണത അനുവദിക്കാൻ പാടില്ല. പ്രതീക്ഷിക്കാത്ത വിധത്തിലുള്ള റിസൾട്ടുകൾ ആരോഗ്യ രംഗത്തുണ്ടാകുമ്പോൾ അതിന് medical negligence-മായി ബന്ധപ്പെട്ട നിയമങ്ങൾ വേറെയുണ്ട്. ടി നിയമം നിലവിലിരിക്കെ പൊതുജനം നിയമം കയ്യിലെടുക്കുന്നത് ശരിയല്ല. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട കാര്യങ്ങളും ഇതിന്റെ ഭാഗമാണ്. എന്റെ നിയോജകമണ്ഡലത്തിന്റെ പ്രധാനപ്പെട്ടൊരു ഭാഗമാണ് അട്ടപ്പാടി. ആദിവാസി പിന്നോക്ക ജനവിഭാഗങ്ങളുള്ള മേഖലയാണത്. ആരോഗ്യ രംഗത്ത്,

അട്ടപ്പാടിയിൽ വലിയ നേട്ടങ്ങൾ കഴിഞ്ഞ രണ്ട് ഗവൺമെന്റുകളുടെ കാലത്തുമായി നമുക്ക് ആർജ്ജിക്കാൻ സാധിച്ചിട്ടുണ്ട്. അവിടെ വളരെ കൂടുതൽ ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന ഒരു സാഹചര്യമുണ്ടായിരുന്നു, ആവശ്യമായ മെഡിക്കൽ സംവിധാനങ്ങളുണ്ടാക്കി അവധാനതയോടുകൂടി കാര്യങ്ങൾ കൈകാര്യം ചെയ്തു. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള സെന്ററുകൾ സ്ഥാപിച്ചെങ്കിലും ഇന്നും ഇടയ്ക്കിടയ്ക്ക് ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെന്നുള്ളത് നമ്മുടെ ആരോഗ്യ സംവിധാനത്തിന് അപവാദമാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

ശ്രീ. എ. എൻ. ഷംസീർ: സർ, Child mortality rate-നെക്കുറിച്ച് അങ്ങ് ചർച്ച ചെയ്തുകൊണ്ട് ഞാനൊരു കാര്യം സൂചിപ്പിക്കുകയാണ്, ഇക്കാര്യത്തിൽ നമ്മൾ യു.എസ്.-ന്റെ നിലവാരത്തിലാണെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളം ആരോഗ്യ, വിദ്യാഭ്യാസ കാര്യങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലാണെന്നത് കേരളീയ സമൂഹത്തിന്റെ ഈ രംഗത്തുള്ള അവബോധവും ഇവിടെ കഴിഞ്ഞ കാലങ്ങളിൽ വന്ന സർക്കാരുകൾ നടത്തിയ പരിശ്രമങ്ങളുമാണ്. അതിൽ എല്ലാവർക്കും പങ്കുണ്ടല്ലോ; ഞാനത് അംഗീകരിക്കുന്നു. പക്ഷേ ആദിവാസി സമൂഹത്തിനിടയിൽ ശിശുമരണം വർദ്ധിച്ചുവരുന്നത് ഒരിക്കലും തള്ളിക്കളയാനാകില്ല. കാരണം, ആദിവാസി സമൂഹത്തിന്റെ ജനസംഖ്യ കുറഞ്ഞുവരുന്നു എന്നുള്ളൊരു പഠനവും നിരീക്ഷണവുമുണ്ട്. അട്ടപ്പാടിയിൽപ്പോലും അത് വസ്തുതയാണ്. അട്ടപ്പാടിയിൽ മുൻപുണ്ടായിരുന്ന ആദിവാസി ജനസംഖ്യ ഇപ്പോഴില്ല. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള മരണങ്ങൾ സംഭവിക്കാൻ പാടില്ല. ഇപ്പോഴും ഇടയ്ക്കിടയ്ക്ക് അത്തരം സംഭവങ്ങൾ കാണുന്നു. ഈ വർഷം നിരവധി മരണങ്ങളുണ്ടായി. അതുകൊണ്ടുതന്നെ അക്കാര്യത്തിൽ ആരോഗ്യ വകുപ്പിന്റെ കൃത്യമായ ജാഗ്രതയുണ്ടാകണം. രണ്ട് ദിവസം മുൻപ് അട്ടപ്പാടിയിൽനിന്നും വന്ന ഒരു വാർത്തകൂടി ഞാനിപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അട്ടപ്പാടിയിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യകേന്ദ്രമായ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി സന്ദർശിച്ചിരുന്നു. അവിടെ അന്ന് 150-ൽപരം താൽക്കാലിക ജീവനക്കാരുണ്ടായിരുന്നു. അവരിൽ 80 ശതമാനവും ആദിവാസി സമൂഹത്തിൽപ്പെട്ടവരായിരുന്നു. അവിടത്തെ താൽക്കാലിക ജീവനക്കാർക്ക് മൂന്ന് മാസമായി ശമ്പളം കിട്ടിയിരുന്നില്ല. അക്കാര്യം അന്നുതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പക്ഷേ ഇപ്പോഴും നാല് മാസമായി ശമ്പളം കിട്ടിയില്ലെന്ന് മാത്രമല്ല, അത് വാർത്തയായപ്പോൾ ഇന്നലെ അവരോട് ഒരു കടുംകൈ ചെയ്തു. "താൽക്കാലിക ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നില്ല, താൽക്കാലിക ജീവനക്കാരെ ബുദ്ധിമുട്ടിക്കുന്നു" എന്നുള്ള വാർത്ത

മാധ്യമങ്ങളും ചാനലുകളുമൊക്കെ പുറത്ത് കൊണ്ടുവന്നപ്പോൾ ഇന്നലെ അവരെ എല്ലാവരെയും പിരിച്ചുവിടുന്ന സമീപനം സ്വീകരിച്ചു. അതിൽ 80 ശതമാനവും ആദിവാസികളാണ്. ആശാ വർക്കർമാർ, ആരോഗ്യ പ്രവർത്തകർ, നഴ്സുമാർ എന്നിവരൊക്കെയാണ് അതിലുള്ളത്. ഇവരെ പിരിച്ചുവിട്ട നടപടി ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞിട്ടുണ്ടോ, അതോ ഉദ്യോഗസ്ഥർ ചെയ്തതാണോ എന്ന് പരിശോധിക്കണം. അങ്ങനെയാണെങ്കിൽ ആ നടപടി പിൻവലിച്ച് അവർക്ക് അട്ടപ്പാടിയിൽ ജോലി ചെയ്യാനുള്ള സാഹചര്യമൊരുക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

അട്ടപ്പാടിയിലെ ആരോഗ്യ കേന്ദ്രങ്ങൾ ശോച്യാവസ്ഥയിലാണ്. കോട്ടത്തറ ട്രൈബൽ ആശുപത്രിയിൽ 100 ബെഡ്ഡുകളുണ്ടെങ്കിലും അതിനനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ ഇപ്പോഴും ആയിട്ടില്ല. അത് അനുവദിക്കാൻ നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. മണ്ണാർക്കാട് താലൂക്കാശുപത്രി യിലും ഇതുതന്നെയാണ് പ്രശ്നം. ഏറ്റവുംകൂടുതൽ പ്രസവങ്ങൾ നടക്കുന്ന കേരളത്തിലെ ആശുപത്രികളിലൊന്നാണ് മണ്ണാർക്കാട് താലൂക്കാശുപത്രി. അവിടെയും ജീവനക്കാരുടെ കുറവുള്ളതിനാൽ പുതിയ സ്റ്റാഫ് പാറ്റേൺ അനുവദിക്കണം. മറ്റൊരു കാര്യം, അലനല്ലൂർ സി.എച്ച്.സി.യ്ക്ക് സ്ഥലവും കെട്ടിടവും മറ്റെല്ലാ സൗകര്യങ്ങളുമുണ്ട്. കോവിഡ് ചികിത്സ ഇവിടെ ലഭ്യമാണെങ്കിലും കിടത്തി ചികിത്സ ഇതുവരെ അനുവദിച്ചിട്ടില്ല; അതിനുള്ള സ്റ്റാഫ് പാറ്റേണും നൽകിയിട്ടില്ല; അത് നൽകണം. കോട്ടോപ്പാടം പി.എച്ച്.സി.-യ്ക്കും പുതിയ കെട്ടിടങ്ങൾ അനുവദിക്കണം. ഇതൊക്കെ മണ്ഡലവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സംസ്ഥാനത്ത് അലോപ്പതി, ആയുർവേദം, ഹോമിയോ, യുനാനി തുടങ്ങിയ എല്ലാ ചികിത്സാ രീതികളും ഏകോപിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യമേഖലയെ സമ്പുഷ്ടമാക്കാൻ സാധിച്ചത്. ഹോമിയോ പ്രതിരോധ സംവിധാനം ഇന്ന് വളരെ പ്രശസ്തമാണ്. കോവിഡ് ഉൾപ്പെടെയുള്ള പകർച്ചവ്യാധികളുടെ പശ്ചാത്തലത്തിൽ നിരവധി മാതൃകാപരമായ പദ്ധതികളാണ് ഹോമിയോപ്പതി വകുപ്പ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വിദ്യാർത്ഥികൾക്കുവേണ്ടി 'കരുതലോടെ മുന്നോട്ട്' എന്ന പദ്ധതിയുടെ ഭാഗമായി ഹോമിയോപ്പതി ഇമ്മ്യൂണിറ്റി ബൂസ്റ്റർ മരുന്ന് വിതരണം ചെയ്യുകയുണ്ടായി. ഇങ്ങനെ വലിയ സംഭാവനകൾ ആരോഗ്യ മേഖലയ്ക്ക് നൽകിക്കൊണ്ടിരിക്കുന്ന ഹോമിയോപ്പതി വകുപ്പിൽ വർഷങ്ങളായി പ്രാക്ടീഷണർമാരായി സേവനം ചെയ്തുകൊണ്ടിരിക്കുന്ന നിരവധിയാളുകളുണ്ട്. പ്രത്യേകിച്ച് മലബാർ പ്രദേശങ്ങളിലാണ് കൂടുതലുള്ളത്. പരിചയസമ്പത്ത് കൈമുതലാക്കിയാണ് പതിറ്റാണ്ടുകളായി ഇവർ ഹോമിയോ പ്രാക്ടീഷണർമാരായി സേവനം

ചെയ്തുകൊണ്ടിരിക്കുന്നത്. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും ഇതുപോലെ പുതിയ നിയമങ്ങൾ ഉണ്ടാകുമ്പോൾ, തിരു-കൊച്ചിയിൽ ഉൾപ്പെടെ പുതിയ നിയമങ്ങൾ വന്നപ്പോൾ അംഗീകൃത യോഗ്യതയില്ലാത്ത, അനുഭവസമ്പത്തും പരിചയസമ്പത്തുമുള്ള ഈ മേഖലയിൽ സേവനം ചെയ്തിരുന്ന ആളുകൾക്ക് തുടരാനുള്ള അനുമതി നൽകിയിരുന്നു. അതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽ ചെയ്തതുപോലെ മാനുഷിക പരിഗണനവച്ചും ഇവരുടെ കഴിഞ്ഞകാല സേവനം കണക്കിലെടുത്തും ഇവർക്കുകൂടി പ്രാക്ടീസ് ചെയ്യാനുള്ള അനുമതി നൽകണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു സംഗതിയാണ്. കാരണം, വൈദ്യശാസ്ത്ര രംഗത്ത് വലിയ സംഭാവനകൾ ഹോമിയോ ഡോക്ടർമാർ നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ സാങ്കേതികമായി അവർക്ക് തുടർന്ന് പ്രാക്ടീസ് ചെയ്യാൻ കഴിയാത്ത സ്ഥിതിയുണ്ടാകരുത്. അതിനനുകൂലമായ മറുപടിയാണ് നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്. മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, വിദേശ രാജ്യങ്ങളിൽനിന്ന് എം.ബി.ബി.എസ്. പഠിച്ച് ഇവിടെ പ്രാക്ടീസ് ചെയ്യാൻ അനുവാദമുള്ളവരുണ്ട്. ചൈനയിലും റഷ്യയിലുമൊക്കെ പോയി എം.ബി.ബി.എസ്. പൂർത്തിയാക്കുക എന്നുള്ളത് നമ്മുടെ നിയമം അനുവദിക്കുന്ന കാര്യം തന്നെയാണ്. അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമായി അവർക്കിവിടെ പ്രാക്ടീസ് ചെയ്യാൻ അനുവാദവുമുണ്ട്. അവർക്ക് പ്രാക്ടീസ് ചെയ്യാനും ഇവിടെ എൻറോൾ ചെയ്യാനുമുള്ള നടപടിക്രമങ്ങൾ വളരെ സങ്കീർണ്ണമാണ്. പല കുട്ടികളും അതിന്റെ പ്രയാസങ്ങൾ പറയാറുണ്ട്. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ അവിടെ അദ്ധ്യയനം ലഭിക്കാത്തതുപോലുള്ള പ്രശ്നങ്ങളൊക്കെ ധാരാളം കുട്ടികൾ പറയുന്നുണ്ട്. അതിന് നമുക്കൊന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കോവിഡ് കാരണം ക്ലാസ് നടക്കുന്നില്ല. അവർ അവിടെ രജിസ്റ്റർ ചെയ്ത കുട്ടികളാണ്, അവരുടെ പ്രായവും വർഷവും കടന്നുപോകുന്നു. വിദേശത്ത് എം.ബി.ബി.എസ്.-ന് പഠിക്കുന്നവർക്ക് അങ്ങനെ ചില പ്രശ്നങ്ങളുണ്ട്. അതൊക്കെ പൂർത്തിയാക്കിവന്നാലും ഇവിടെ അവരുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ വളരെ സങ്കീർണ്ണമാണ്. ആ സങ്കീർണ്ണത ലഘൂകരിക്കാനും പ്രാക്ടീസ് ചെയ്യാൻ വരുന്ന കുട്ടികൾക്ക് സൗകര്യങ്ങളൊരുക്കുകയും വേണം. ഡോക്ടർമാരുടെ എണ്ണം കുറവാണെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. ഒരു ലക്ഷം പേർക്ക് 100 ഡോക്ടർമാർ വേണ്ടിടത്ത് 62 ഡോക്ടർമാരേയുള്ളൂ. ഈ കുട്ടികൾക്ക് പ്രാക്ടീസ് ചെയ്യാനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് കൊടുക്കണമെന്ന് ഈ ബില്ലിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കുകയാണ്. കേരളത്തിന് എയിംസ് വേണമെന്നുള്ളത് നമ്മുടെ ചിരകാല അഭിലാഷമാണ്. 'വേണം നമുക്ക് എയിംസ്' എന്നൊരു വലിയ

ക്യാമ്പയിൻ പാലക്കാടുണ്ട്. നല്ല കഴിവും വൈദഗ്ദ്ധ്യവുമുള്ള ഡോക്ടർമാർ വളർന്നുവരണമെങ്കിൽ ഇത്തരം സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാകണം. എയിംസിന്റെ ഒരു സെന്റർ കേരളത്തിൽ കിട്ടുകയെന്നത് കേരളീയന്റെ സ്വപ്നമാണ്. അതിനുവേണ്ടി ഏക്കർ കണക്കിന് സ്ഥലവും വിശാലമായ ക്യാമ്പസും ഒരുക്കുന്നതിനുള്ള സൗകര്യം പാലക്കാട് ജില്ലയിലുണ്ട്. പാലക്കാട് ജില്ലയിൽ ദേശീയ, സംസ്ഥാന തലത്തിലുള്ള വലിയ സ്ഥാപനങ്ങളൊന്നുമില്ല. കോച്ച് ഫാക്ടറി വരുമെന്ന് പറഞ്ഞ് ജനങ്ങൾ ഒഴിച്ചിട്ട ധാരാളം സ്ഥലമുണ്ട്. അല്ലെങ്കിൽ അതിന്റെ പരിസരത്തും സ്ഥലമുണ്ട്. എയിംസ് വരുമെങ്കിൽ അട്ടപ്പാടിയിലോ മണ്ണാർക്കാടോ സ്ഥലം കൊടുക്കാം. ഗതാഗത സൗകര്യം വർദ്ധിപ്പിച്ചാൽ മാത്രം മതി. സംസ്ഥാന ഗവൺമെന്റ് എയിംസിനുവേണ്ടി അതിശക്തമായി പരിശ്രമിക്കണം. എയിംസ് കിട്ടിയാൽ പാലക്കാട് ജില്ലയ്ക്കുതന്നെ അനുവദിക്കണമെന്നും ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഒരുപാട് കാലമായി കേരളം ആഗ്രഹിക്കുന്ന ഈ ബില്ലിലെ ന്യൂനതകളെല്ലാം പരിഹരിച്ചുകൊണ്ട് ഇതിന് മുൻപ് ഈ രംഗത്ത് നടത്തിയ രണ്ട് പരിശ്രമങ്ങൾക്കുണ്ടായ ദുര്യോഗം ഈ ബില്ലിന് ഉണ്ടാകാതിരിക്കട്ടെ എന്ന് ഒരിക്കൽക്കൂടി ആശംസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സി. സി. മുകുന്ദൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ 2(ബി) ഭേദഗതിയെ പിന്താങ്ങുന്നു. 1953-ലെ Travancore Cochin Medical Practitioners Act-ഉം മലബാർ പ്രദേശത്ത് ബാധകമായിരുന്ന 1914-ലെ Madras Medical Registration Act-ഉം ഏകീകരിച്ചുകൊണ്ട് സംസ്ഥാനത്തൊട്ടാകെ ബാധകമായൊരു നിയമം പ്രാബല്യത്തിൽ കൊണ്ടുവരാനായി പുറപ്പെടുവിച്ച 2021-ലെ 115-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ ബിൽ പാസ്സാക്കുന്നത്. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട മൂന്ന് ബില്ലുകളാണ് ഇന്ന് സഭയിൽ അവതരിപ്പിക്കപ്പെടുന്നത്. സംസ്ഥാനത്ത് Modern Medicine, Indian Systems of Medicine, Homoeopathic Medicine എന്നീ വിഭാഗങ്ങളിലെ പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷനുവേണ്ടിയും അപ്രകാരമുള്ള രജിസ്ട്രേഷനാവശ്യമായ യോഗ്യതകൾ നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കാനുമായി ലക്ഷ്യമിടുന്ന ബില്ലാണ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ. കേരളം ആരോഗ്യരംഗത്ത് ലോകത്തിനുതന്നെ മാതൃകയാണ്. സംസ്ഥാനം വളരെ കുറഞ്ഞ പ്രതിശീർഷ വരുമാനത്തിൽനിന്നുകൊണ്ടാണ് ആരോഗ്യരംഗത്തെ മികച്ച സൂചകങ്ങളായ മരണനിരക്ക് കുറയ്ക്കുക, ശരാശരി ആയുർദൈർഘ്യം വർദ്ധിപ്പിക്കുക തുടങ്ങിയ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളത്. നീതി ആയോഗിന്റെ ആരോഗ്യ സൂചികപ്രകാരം ആരോഗ്യപരിപാലന നിർവ്വഹണത്തിൽ കേരളമാണ് രാജ്യത്ത് ഏറ്റവും മുന്നിൽ നിൽക്കുന്നത്. ചികിത്സാരംഗത്തെ ആരോഗ്യഫലങ്ങൾ, ഭരണം, പ്രധാന വസ്തുതകളുടെ വിവരശേഖരണം, ക്രോഡീകരണം തുടങ്ങിയ നീതി

ആയോഗിന്റെ 23 ആരോഗ്യ സൂചകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് കേരളത്തിന്റെ സ്ഥാനം നിർണ്ണയിച്ചിരിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യപരിവർത്തനം എന്നീ മേഖലകളിലൂൾപ്പെടെ വന്ന കേരളത്തിന്റെ ശ്രദ്ധേയമായ പുരോഗതിക്ക് കാരണം സംസ്ഥാന രൂപീകരണത്തിന് മുൻപ് തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങൾ ഗണ്യമായ സംഭാവനകൾ നൽകിയതാണ്. ഈ പുരോഗമനപരമായ മാറ്റങ്ങൾ കൂടുതലും പഴയ നാട്ടുരാജ്യങ്ങളായ തിരുവിതാംകൂർ, കൊച്ചി എന്നീ ഭാഗങ്ങളിലായി ഒതുങ്ങിനിന്നു. മേൽപ്പറഞ്ഞ നാട്ടുരാജ്യങ്ങളിൽനിന്നും വ്യത്യസ്തമായി ബ്രിട്ടീഷ് മലബാറിനെ അകറ്റിനിർത്തിയ കൊളോണിയൽ നയങ്ങളും മറ്റനവധി സാമൂഹ്യ സാംസ്കാരിക ഘടകങ്ങളും മലബാർ മേഖലയിലെ സാമൂഹ്യ ആരോഗ്യ സംരക്ഷണത്തിനും അതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും പ്രതികൂലമായി ഭവിച്ചതാണ്. ജനങ്ങളുടെ ആരോഗ്യത്തിൽ ശ്രദ്ധനൽകുന്ന കാര്യത്തിൽ സ്വാതന്ത്ര്യലബ്ധിക്കുമുൻപ് മദ്രാസ് പ്രവിശ്യയേക്കാൾ കൂടുതൽ കരുതലും ശ്രദ്ധയും നൽകിയിരുന്നത് തിരുവിതാംകൂറാണ്. മനുഷ്യർക്ക് ജീവകാരുണ്യ പ്രവർത്തനത്തിന്റെ രൂപത്തിൽ വൈദ്യസഹായം നൽകുന്നത് തിരുവിതാംകൂറിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്നായിരുന്നു. സ്വന്തം കോളനി ഭരണാധികാരികളുടെ ആരോഗ്യത്തിനുമാത്രം ബ്രിട്ടീഷ് ഭരണകൂടം പ്രാഥമിക പരിഗണന കൊടുത്തിരുന്നുവെങ്കിൽ തിരുവിതാംകൂർ രാജാക്കന്മാർ അവിടത്തെ മൊത്തം ജനങ്ങളുടെ കാര്യങ്ങളാണ് ശ്രദ്ധിച്ചിരുന്നത്. ഇൻഡ്യയിലെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് തിരുവിതാംകൂറിൽ മുന്തിയ ആരോഗ്യ സംരക്ഷണ സംവിധാനങ്ങളുണ്ടാകാൻ കാരണം അതുതന്നെയാണ്. സാമൂഹ്യ ആരോഗ്യ സംവിധാനം ആദ്യമായി ചിന്തിച്ചതും നടപ്പിലാക്കിയതും തിരുവിതാംകൂർ തന്നെയാണെന്നാണ് കണക്കാക്കുന്നത്. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ 1813-ൽ തന്നെ ഇവിടെ തുടങ്ങിയിരുന്നുവെന്നത് ശ്രദ്ധേയമാണ്. വസൂരിക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ് ഇതേവർഷമാണ് തിരുവിതാംകൂറിൽ ആദ്യമായി ആരംഭിച്ചത്. പ്രതിരോധ കുത്തിവയ്പ് സംബന്ധിച്ച് ജനങ്ങളിൽ വലിയ എതിർപ്പും ആശങ്കയും ഉയർന്നുവന്നപ്പോൾ സ്വന്തം രാജകുടുംബത്തിലെ അംഗങ്ങൾക്കുതന്നെ വസൂരിക്കെതിരായ കുത്തിവയ്പ് എടുത്തുവെന്ന് ഉറപ്പുവരുത്തിക്കൊണ്ട് തിരുവിതാംകൂർ രാജാവ് മാതൃകയായി. 6 ദശാബ്ദങ്ങൾക്കുശേഷം വിദ്യാർത്ഥികളും ജയിൽ അന്തേവാസികളും സർക്കാർ ജോലിക്കാരും വസൂരി കുത്തിവയ്പ് നിർബന്ധിതമായി എടുക്കണമെന്ന് രാജവിളംബരത്തിലൂടെ പ്രഖ്യാപിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

19-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ വ്യാപകമായി പ്രതിരോധ കുത്തിവയ്പ് പരിപാടി ആസൂത്രണം ചെയ്തതോടൊപ്പം ഗ്രാമീണ മേഖലയിലെ പരിപാടികളുടെ സുപ്രധാന സ്ഥിതിവിവരക്കണക്കുകൾ രേഖപ്പെടുത്തി വയ്ക്കാനും ആരംഭിച്ചു. പകർച്ചവ്യാധി നിയന്ത്രണത്തിനായി 1895-ൽ ഒരു ശുചിത്വ വകുപ്പ് ആരംഭിച്ചു.

ക്രിസ്ത്യൻ മിഷണറിമാരുമായി സഹകരിച്ച് ആരോഗ്യരംഗം ശക്തിപ്പെടുത്തി. അതിനേക്കാളുപരി ജനങ്ങളുടെ ആരോഗ്യസംരക്ഷണ ചെലവ് ഗണ്യമായി വർദ്ധിപ്പിച്ച് സർക്കാർ ഡിസ്പെൻസറികളുടെ എണ്ണം വർദ്ധിപ്പിച്ചു. 1933-ൽ ശുചിത്വ വകുപ്പ് പുനഃസംഘടിപ്പിച്ച് പൊതുജനാരോഗ്യ വകുപ്പ് ആരംഭിച്ചു. ജനങ്ങളിൽ സാമൂഹ്യ അവബോധം സൃഷ്ടിക്കാനും ആരോഗ്യ വിദ്യാഭ്യാസം മെച്ചപ്പെടുത്താനും ചികിത്സയേക്കാൾ പ്രധാനമാണ് പ്രതിരോധമെന്ന ബോധത്തിലേയ്ക്ക് ജനങ്ങളെ എത്തിക്കാനും സാധിച്ചു. പുരോഗമനപരമായ ഇടപെടൽമൂലം ജനസംഖ്യ വളർച്ച മിതപ്പെടുത്തുക, പ്രാകൃതമരണങ്ങളുടെ കുറവ്, കുറഞ്ഞ ശിശുമരണനിരക്ക് എന്നിവയിലൂടെ നാട്ടുരാജ്യങ്ങളിൽ തിരുവിതാംകൂർ മാതൃകയായി മാറി. തിരുവിതാംകൂറിൽ അനുവർത്തിച്ച ആരോഗ്യപരിരക്ഷ നടപടികൾ തന്നെയാണ് കൊച്ചി രാജ്യത്തും മാതൃകയാക്കിയതെന്ന് അവിടത്തെ ഭരണപരമായ രേഖകൾ സൂചിപ്പിക്കുകയാണ്. ഇത്തരം മാതൃകകൾക്ക് കാലാനുസൃതമായ ഗതിവേഗം വർദ്ധിപ്പിച്ചുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ പുതിയ ആരോഗ്യനയം പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകുന്നത്. വലിയ മാറ്റമാണ് കേരളീയ സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് കേരളത്തിന്റെ ആരോഗ്യരംഗം ലോകത്തിനുതന്നെ മാതൃകയായതും ഇൻഡ്യയിൽതന്നെ ഏറ്റവും മികച്ച സംസ്ഥാനമായി കേരളം മാറിയതും.

വർത്തമാനകാലത്ത് നമ്മൾ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ പര്യാപ്തമായ നിർദ്ദേശങ്ങളുമായാണ് പുതിയ ആരോഗ്യനയം വന്നിട്ടുള്ളത്. അതിന്റെ ഭാഗമായാണ് ഇത്തരം നിയമനിർമ്മാണങ്ങൾ വളരെ ജാഗ്രതയോടുകൂടി ഗവൺമെന്റ് നടപ്പിലാക്കുന്നത്. അനുദിനം വർദ്ധിക്കുന്ന ചികിത്സാ ചെലവ്, ആരോഗ്യ മേഖലയിലെ സ്വകാര്യവൽക്കരണം, മെഡിക്കൽ സാങ്കേതികവിദ്യയിലും അവശ്യ മരുന്നുകളുടെ സ്വഭാവത്തിലും വരുന്ന മാറ്റങ്ങൾ, ഏത് രോഗത്തിനും സൂപ്പർ സ്പെഷ്യാലിറ്റികളെ ആശ്രയിക്കാനുള്ള പ്രവണത, മാറുന്ന രോഗക്രമം, ക്യാൻസറിന്റെ ചികിത്സാ ചെലവ് തുടങ്ങി നിരവധി വെല്ലുവിളികൾ ഇന്ന് സമൂഹം നേരിടുന്നുണ്ട്.

4.00 P.M.]

ജീവിതശൈലി രോഗങ്ങളുൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങളെ സമഗ്രമായി നേരിടാൻ സാധിക്കുന്ന പ്രവർത്തനങ്ങൾക്കാണ് ആരോഗ്യനയത്തിൽ സർക്കാർ ഊന്നൽ നൽകിയിട്ടുള്ളത്. മുഴുവൻ ജനങ്ങളുടെയും ആരോഗ്യാവശ്യങ്ങൾ

നിറവേറ്റത്തക്കരീതിയിൽ ആരോഗ്യരംഗത്ത് സമഗ്രമായി ഇടപെടുന്നതോടൊപ്പം രോഗാതുരത, മരണനിരക്ക് കുറയ്ക്കൽ, പകർച്ചവ്യാധികളുടെ നിയന്ത്രണം ഉറപ്പാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ, പ്രാഥമിക തലത്തിൽ ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണം, കാര്യക്ഷമമായ ആരോഗ്യപരിപാലന സംവിധാനങ്ങൾ, പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ, ദ്വിതീയ തലത്തിൽ രോഗ സങ്കീർണ്ണതകളുടെ നിയന്ത്രണം, ദ്വിതീയ-ത്രിതീയതല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവത്കരണം, ത്രിതല റഫറൽ സമ്പ്രദായം നടപ്പിലാക്കൽ, ചികിത്സാരംഗത്ത് ആവശ്യമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തൽ തുടങ്ങി ഓരോ രംഗത്തേയും വളരെ വ്യക്തമായി നിർവ്വചിച്ചുകൊണ്ടാണ് ആരോഗ്യനയം നടപ്പിലാക്കുന്നത്. പ്രാഥമിക തലത്തിൽ ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണത്തിനായി ഉപകേന്ദ്രങ്ങൾവഴിയുള്ള പ്രവർത്തനങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയുള്ള പ്രവർത്തനങ്ങൾ തുടങ്ങി ഏതൊരാളിന്റെയും ആരോഗ്യസ്ഥിതി സംബന്ധിച്ച് വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന തരത്തിലുള്ള ഇ-ഹെൽത്ത് സംവിധാനം ഉൾപ്പെടെയുള്ള ശാസ്ത്രീയമായ പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ആവിഷ്കരിക്കുന്നത്. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സർക്കാർ മേഖലയിൽ നാല് മെഡിക്കൽ ഓഫീസർമാരാണുള്ളത്. മോഡേൺ മെഡിസിൻ, ഹോമിയോ, ആയുർവേദം, യുനാനി എന്നിവയ്ക്കായി ഓരോ മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 4 മെഡിക്കൽ ഓഫീസർമാരുള്ള സംസ്ഥാനമാണ് നമ്മുടേത്. അത്തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും ഗുണനിലവാരവും വർദ്ധിപ്പിച്ച് National Quality Assurance Standards (NQAS) അക്രഡിറ്റേഷനിലേക്ക് ഏറ്റവും കൂടുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ എത്തിക്കാൻ കഴിഞ്ഞ സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. വളരെ വ്യക്തമായ ലക്ഷ്യബോധത്തോടുകൂടിയാണ് കേരളത്തിലെ സാധാരണ ജനങ്ങളുടെ ചികിത്സാ ആവശ്യവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഇടപെടുന്നത്. അതിന് ഒരുകാലത്തുമില്ലാത്ത മാറ്റമാണ് കഴിഞ്ഞ അഞ്ച് വർഷമുണ്ടായത്. സമൂഹത്തിലെ ഏതാണ്ട് 70 ശതമാനത്തോളം ആളുകൾ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന സംസ്ഥാനമായി കേരളം ഇന്ന് മാറിക്കൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ സർക്കാർ ആശുപത്രികളെ ചുവന്ന വെള്ളം വാങ്ങാൻ പോകുന്ന ആശുപത്രിയെന്നാണ് പറഞ്ഞിരുന്നത്. മരുന്ന് വാങ്ങാൻ പോയെന്ന് പറയുന്ന കൺസെപ്റ്റായിരുന്നില്ല. ഇപ്പോഴത് മാറി. അവിടെ നല്ല ഡോക്ടർമാരും അടിസ്ഥാന സൗകര്യങ്ങളും മരുന്നും ലഭ്യമായപ്പോൾ ഇടത്തരം കുടുംബങ്ങൾപോലും സർക്കാർ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ചെറിയ ക്ലിനിക്കുകളൊക്കെ കഴിഞ്ഞ കുറച്ച് വർഷങ്ങളായി പൂട്ടിപ്പോകുന്ന

സ്ഥിതിയുണ്ടാകാൻ മറ്റൊരു കാരണംകൂടിയുണ്ട്. ഇത്തരം ക്ലിനിക്കുകളിൽ പോകുന്നവർ പ്രദേശത്തെ സർക്കാർ ആശുപത്രികളുടെ സൗകര്യം മെച്ചപ്പെട്ടപ്പോൾ അവിടേയ്ക്ക് പോകുന്ന സ്ഥിതിയുണ്ടായി. അത്തരത്തിൽ വലിയൊരു മാറ്റമാണ് ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിൽ പൊതുദിശാബോധം സൃഷ്ടിച്ചുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കിയത്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഈ സഭയ്ക്കകത്ത് കേരളത്തിലെ പല പദ്ധതികളെ സംബന്ധിച്ചും അതിശയോക്തിപരമായ സംസാരങ്ങളുണ്ടാകുമ്പോൾ ചിലർ ചില പരാമർശങ്ങൾ നടത്താറുണ്ട്. കേരളത്തിലെ ആധുനിക രീതിയിലുള്ള ശ്മശാനങ്ങൾ കണ്ടപ്പോൾ ഇപ്പോൾ മരിച്ചുകിട്ടിയാൽ മതിയെന്ന തോന്നലുണ്ടായി എന്ന് കഴിഞ്ഞ സഭയിൽ ശ്രീ. എ. പ്രദീപ് കുമാർ പറഞ്ഞത് എനിക്കോർമ്മയുണ്ട്. രോഗം വരട്ടെയെന്ന് ആളുകൾ ആഗ്രഹിക്കുന്ന നിലയിലേയ്ക്ക് അവരുടെ മാനസികാവസ്ഥ മാറാൻ ഇത്തരം വലിയ സൗകര്യങ്ങൾ ഇടയാക്കുന്നുണ്ടോയെന്ന സംശയത്തിലേയ്ക്ക് നമ്മൾ പോകുകയാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ:</u> സർ, നമ്മുടെ ആരോഗ്യ മേഖലയിലെ മാറ്റം ജനങ്ങൾ സന്തോഷത്തോടുകൂടി ഏറ്റെടുക്കുന്നുവെന്നുള്ളത് സത്യമാണ്. ഇന്ന് നമ്മുടെ നാട്ടിലെ സ്കൂളുകൾ കാണുമ്പോൾ ഒന്നുകൂടി പഠിച്ചാൽ കൊള്ളാമെന്ന് തോന്നുന്നത് സ്വാഭാവികമാണ്. വളരെ പോസിറ്റീവായി തോന്നുന്ന കാര്യമാണത്. അത് ഈ ഗവൺമെന്റിന്റെ ഇടപെടലിന്റെ ഭാഗമാണ്. ഇന്ന് ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ പോസിറ്റീവ് എനർജി ക്രിയേറ്റ് ചെയ്യുന്ന ഇടങ്ങളായി മാറുകയാണ്. കല്യാണങ്ങളുടെ ആൽബം ഷൂട്ട് ചെയ്യുന്ന സ്ഥലങ്ങൾപോലും സർക്കാർ ആശുപത്രികളുടെ മുമ്പിലുള്ള ഗാർഡനിലാണെന്നുള്ളത് വസ്തുതയാണ്. കേരളത്തിൽ വല്ലാത്തൊരു മാറ്റം സർക്കാർ സ്ഥാപനങ്ങളുമായും സർക്കാർ ആശുപത്രികളുമായും സർക്കാർ സ്കൂളുകളുമായും ബന്ധപ്പെട്ടുണ്ടാകുന്നു എന്നുള്ളത് ആർക്കും തർക്കമില്ലാത്ത സംഗതിയാണ്. അത്തരത്തിൽ സമഗ്രമായ ആരോഗ്യനയം കേരളത്തിൽ നടപ്പിലാക്കുന്നതിനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇത്തരത്തിലുള്ള നിയമനിർമ്മാണങ്ങളുമായി മുന്നോട്ട് പോകുന്നതെന്നുള്ളത് സൂചിപ്പിക്കുകയാണ്.

ഇതിൽ നിയമവുമായി ബന്ധപ്പെട്ട് കൗൺസിലുകൾ, അതിന്റെ അധികാരങ്ങൾ, പ്രതിനിധികൾ എന്നിവയെക്കുറിച്ചൊക്കെ ചർച്ച ചെയ്തു. എനിക്കൊരു കാര്യം കൂട്ടിച്ചേർത്ത് പറയാനുള്ളത്, ഇത്തരം കൗൺസിലുകൾ നിലവിൽ വരുമ്പോൾ അതിന്റെ ഇംപ്ലിമെന്റേഷനിൽ കുറച്ചുകൂടി ജാഗ്രതയോടെ ഇടപെടുന്ന രീതിയിലേയ്ക്ക് മാറണം. ഡോക്ടർമാർക്ക് നേരെയുള്ള കയ്യേറ്റമുൾപ്പെടെയുള്ളവ ഏറ്റവും പ്രധാനമായി ഇവിടെ ചർച്ച ചെയ്ത കാര്യങ്ങളാണ്.

പൊതുജനാരോഗ്യ ബില്ലിൻമേലുള്ള നിരാകരണപ്രമേയം അവതരിപ്പിച്ചുകൊണ്ട് ഡോ. എം. കെ. മുനീർ പറഞ്ഞത്, പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ഒരിക്കലും ഇവരുമായി കൂടിച്ചേർന്ന് ഇരിക്കാൻ കഴിയുകയില്ലെന്നാണ്. പഞ്ചായത്ത് പ്രസിഡന്റുമാരും ഡോക്ടർമാരുമായിട്ടുള്ള അധികാരത്തർക്കമായാലും അല്ലെങ്കിൽ രോഗികളും ഡോക്ടർമാരുമായുള്ള തർക്കങ്ങളായാലും കൃത്യമായി കൈകാര്യം ചെയ്യാൻ മെഡിക്കൽ കൗൺസിൽ പോലുള്ള ഇടങ്ങളുണ്ടെന്നുള്ള ബോധ്യം ജനങ്ങൾക്കുണ്ടാകുന്ന തരത്തിൽ സമഗ്രമായി ഇടപെടുകയും കൃത്യമായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന രീതിയിലേയ്ക്ക് കൗൺസിലിന്റെ പ്രവർത്തനങ്ങൾ പോയാൽ സമൂഹത്തിലുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങൾക്കുകൂടി പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

## (ii) 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. ഉബൈദുള്ള): Sir, I move that, " This House resolves to disapprove The Kerala Clinical Establishments (Registration and Regulation) Amendment Ordinance, 2021 (Ordinance No.114 of 2021)" . 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിലെ അദ്ധ്യായം IV-ലെ 18-ാം വകുപ്പ് പ്രകാരം താത്ക്കാലിക രജിസ്ട്രേഷന്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന തീയതി മുതൽ രണ്ട് വർഷംവരെ സാധുതയുണ്ടായിരുന്നത് കോവിഡ് പശ്ചാത്തലത്തിൽ ഒരു വർഷത്തേയ്ക്കുകൂടി സർക്കാർ നീട്ടി നൽകുന്നു. ആയത് നാല് വർഷമാക്കി വർദ്ധിപ്പിക്കുന്നതിനാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി ദീർഘിപ്പിച്ചുകൊടുത്തതുകൊണ്ട് ആരോഗ്യ മേഖലയ്ക്കോ പൊതുജനങ്ങൾക്കോ പ്രത്യേകമായി എന്തെങ്കിലും പ്രയോജനമുണ്ടെന്ന് തോന്നുന്നില്ല. സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള നടപടികളാണുണ്ടാകേണ്ടത്. ആരോഗ്യ മേഖലയിലെ സ്ഥാപനങ്ങൾക്ക് പൊതുവായ ഒരു സ്റ്റാന്റേർഡൈസേഷൻ ഉണ്ടാകണം. ആയുർവേദം, അലോപ്പതി, ഹോമിയോ, യുനാനി മുതലായ ചികിത്സാ സമ്പ്രദായങ്ങൾ സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ട്. എല്ലാ വിഭാഗം ചികിത്സാ രീതികളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതായിരിക്കണം ആരോഗ്യമേഖല. ഈ നെറ്റ്‌വർക്കിനകത്ത് പ്രാതിനിധ്യമില്ലാത്ത ഒരു സമിതികളോ ചികിത്സാരീതികളോ ഉണ്ടാകാൻ പാടില്ല. സംസ്ഥാനത്ത് സ്വകാര്യ/ സർക്കാർ മേഖലകളിൽ നിരവധി ആരോഗ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ചികിത്സാ രീതിയിൽ ഇത്തരം

സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത സമ്പ്രദായമോ റേറ്റോ ഇപ്പോൾ നിലവിലില്ല. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഇനങ്ങൾ തിരിക്കുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ആരോഗ്യ രംഗത്ത് വലിയ ഭീഷണിയുണ്ടാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ക്ലിനിക്കൽ സ്ഥാപനമെന്നത് വളരെ വിശാലമായ അർത്ഥത്തിലാണ് വരുന്നത്. വലിയ ആശുപത്രികൾ മുതൽ ഒരു വ്യക്തി നടത്തുന്ന ലബോറട്ടറിവരെ ഇതിന്റെ പരിധിയിൽ വരുന്നതാണ്. എല്ലാത്തിനും രജിസ്ട്രേഷൻ നടത്താനും പുതുക്കാനും ഒരേ ഫീസാണ്. ഒരേ തരത്തിലുള്ള ഫൈനും മാനദണ്ഡവുമാണ് എല്ലാ കാര്യങ്ങൾക്കും ബാധകമാക്കിയിട്ടുള്ളത്. ലാബിനും ആശുപത്രിക്കുമൊക്കെ ഇത് ഒരുപോലെയാണ്. ഓരോന്നിന്റെയും ഗ്രേഡനുസരിച്ച് ഇവയുടെ രജിസ്ട്രേഷന്റെ കാര്യത്തിലും ഫൈനിന്റെ കാര്യത്തിലുമൊക്കെ മാറ്റമുണ്ടാകണ്ടേ? കിടക്കകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളെ ഗ്രേഡിംഗ് ചെയ്യാം. 50, 100, 150, 200 എന്നിങ്ങനെ കിടക്കകളുടെ അടിസ്ഥാനത്തിൽ ആശുപത്രികളുടെ ഗ്രേഡിംഗ് കണക്കാക്കാൻ സാധിക്കും. എന്നാൽ ഇപ്പോൾ അങ്ങനെയൊന്നുമില്ല, ഒറ്റ മാനദണ്ഡമാണ് അവലംബിച്ചിരിക്കുന്നത്. ആശുപത്രികളിലുണ്ടാകേണ്ട ഏറ്റവും കുറഞ്ഞ എണ്ണം ഡിപ്പാർട്ടുമെന്റുകൾ, ഡോക്ടർമാർ, അവരുടെ യോഗ്യത, ശമ്പളം തുടങ്ങിയ കാര്യങ്ങളിലെല്ലാം ഒരു ഏകീകൃത രൂപമുണ്ടാകണം. രോഗീസൗഹൃദമാക്കി നമ്മുടെ ആശുപത്രികളെ മാറ്റണം. ഗുണനിലവാരമനുസരിച്ച് ആശുപത്രികളെയും സ്ഥാപനങ്ങളെയും തരംതിരിക്കാൻ കഴിയണം. കോവിഡ് പശ്ചാത്തലത്തിൽ ജനജീവിതം പാടെ ദുസ്സഹമായിരിക്കുന്ന സന്ദർഭത്തിൽ പ്രൈവറ്റ് ആശുപത്രികളെ സമീപിക്കുകയെന്നത് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്തതാണ്. ഹോട്ടലിൽ വിഭവങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതുപോലെ ആശുപത്രികളിലും ലാബുകളിലും ചികിത്സകളുടെയും സേവനങ്ങളുടെയും നിരക്കുകൾ പൊതുജനത്തിന് കാണാൻ കഴിയുംവിധം പ്രദർശിപ്പിക്കണമെന്ന് നേരത്തെയുള്ള നിയമത്തിൽ അനുശാസിക്കുന്നുണ്ട്. 'Display of the certificate of registration and other information by the clinical establishment.– (1) Every clinical establishment shall display, in a conspicuous place in the clinical establishment its certificate of registration, provisional or permanent.

(2) Every clinical establishment shall display, in a conspicuous place in the clinical establishment in Malayalam as well as in English the fee rate and package rate charged for each type of service provided and facilities available, for the information of the patients.' രോഗികൾക്ക്

മനസ്സിലാകത്തക്ക രീതിയിൽ കാണപ്പെടുന്ന സ്ഥലങ്ങളിൽ മലയാളത്തിലോ ഇംഗ്ലീഷിലോ ഇത് പ്രദർശിപ്പിക്കണമെന്ന് ഈ നിയമത്തിൽ പറയുന്നുണ്ട്. അക്കാര്യങ്ങളെയൊക്ക അട്ടിമറിച്ചുകൊണ്ടാണ് യഥാർത്ഥത്തിൽ പുതിയ നിയമം കൊണ്ടുവന്നത്. കാലാവധി ദീർഘിപ്പിക്കുന്നതിന് മാത്രമായാണ് ഒരു ഭേദഗതി ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. എങ്ങനെയാണ് സ്വകാര്യ ആശുപത്രിയിൽ പോയി ചികിത്സിക്കുക; അതിന് എന്തെങ്കിലും മാനദണ്ഡമുണ്ടോ, നിരക്കുണ്ടോ, സംവിധാനമുണ്ടോ? ഒന്നും ഇപ്പോൾ നിലവിലില്ല. അതുകൊണ്ട് മറ്റ് വികസന പ്രവർത്തനങ്ങളെക്കാൾ ഏറെ പ്രാധാന്യം നൽകേണ്ടത് ആരോഗ്യ മേഖലയ്ക്കാണ്. സ്വകാര്യ ആശുപത്രികൾ നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുകയും അവരെ അത്തരത്തിൽ മാറ്റിയെടുക്കുകയും ചെയ്യുന്നതിനോടൊപ്പം സർക്കാർ ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻകൂടി നടപടിയുണ്ടാകണം. സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കുന്ന പല ഉപകരണങ്ങളും പുതിയതായി വാങ്ങിയതായിരിക്കാം, പക്ഷേ വാങ്ങി കുറച്ചുദിവസം കഴിയുമ്പോഴേയ്ക്കും അവ തകരാറിലാകുകയാണ്. ഇതിനെക്കുറിച്ചെല്ലാം വലിയ രീതിയിലുള്ള പരാതിയുണ്ട്. സർക്കാർ ആശുപത്രികളിലെ ചികിത്സാ ഉപകരണങ്ങൾക്കുമാത്രം എന്തുകൊണ്ടാണ് വേഗം കേടുപാടുകൾ സംഭവിക്കുന്നതെന്നത് സംബന്ധിച്ച് പരിശോധിക്കാനുള്ള സംവിധാനമുണ്ടാകണം. നിയമം കർശനമായി പാലിക്കപ്പെടണം. ഇതിനൊക്കെയുതകുന്ന വ്യവസ്ഥകൾ ബില്ലിൽ ഉണ്ടായിരിക്കണം. സർക്കാർ മെഡിക്കൽ കോളേജിൽവരെ വെന്റിലേറ്റർ കേടായിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. കോവിഡ് സാഹചര്യത്തിൽ വെന്റിലേറ്റർ സൗകര്യം ലഭിക്കാത്തതുകൊണ്ട് നിരവധിയാളുകൾ മരണപ്പെടുകയുണ്ടായി. സർക്കാർ ആശുപത്രികളിലെ വെന്റിലേറ്ററുകളും ഓക്സിജൻ സംവിധാനവും വേണ്ടരീതിയിൽ സജ്ജീകരിക്കാൻ സാധ്യമായിട്ടില്ലെന്നതാണ് നമ്മുടെ മുമ്പിലുള്ള അനുഭവം. സർക്കാർ ആശുപത്രികളിൽ ഉപകരണങ്ങൾ ഇടയ്ക്കിടെ കേടുവന്നുകൊണ്ടിരിക്കുന്നത് സംബന്ധിച്ച് ഇതുവരെയും കാര്യമായ പഠനം നടത്താൻ സാധിച്ചിട്ടില്ല. മെഷീനുകൾക്ക് എത്രകാലം ഗ്യാരന്റിയുണ്ട്, അവയുടെ ഗ്യാരണ്ടി സമയം പൂർത്തീകരിച്ചിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ഒരു പരിശോധനയും ഇതുവരെയുണ്ടായിട്ടില്ല.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹുമാനപ്പെട്ട അംഗം വിവിധ ആശുപത്രികൾ ചാർജ്ജ് ചെയ്യുന്ന ബില്ലുകളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അങ്ങയുടെ അനുഭവമാണ് അങ്ങയെക്കൊണ്ട് ഇത് പറയിപ്പിച്ചതെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. പ്രത്യേകിച്ച്, കോവിഡ് കാലത്താണ് നമുക്കിത് ഏറ്റവും കൂടുതൽ

ബോധ്യപ്പെട്ടത്. പലതരത്തിലുള്ള ചാർജ്ജുകളാണ് പല ആശുപത്രികളും ഈടാക്കിയത്, അക്കാര്യം ഞാൻ അങ്ങയോട് പറയേണ്ടതില്ലല്ലോ. കോവിഡ് ബാധിച്ച രോഗികൾ ആശുപത്രികളിൽ നൽകേണ്ടിവന്ന ചാർജ്ജിനെക്കുറിച്ച് നമുക്ക് നന്നായിട്ടറിയാം. വളരെ പ്രസക്തമായ ഒരു പോയിന്റാണ് അങ്ങിവിടെ ഉന്നയിച്ചത്. മറ്റൊന്ന്, ആശുപത്രികളിൽ ഫീസ് നൽകുന്നത് കെട്ടിടത്തിന്റെ മനോഹാരിത നോക്കിയല്ല. അംബരചുംബിയായ കെട്ടിടമുണ്ടായിരിക്കാം, പക്ഷേ അവിടെനിന്നും ലഭ്യമാകുന്ന സേവനം എന്താണെന്നാണ് നാം ചിന്തിക്കേണ്ടത്. സാധാരണ ചെറിയ ക്ലിനിക്കിൽ കിട്ടുന്ന സേവനംപോലും ഇത്തരം വലിയ കെട്ടിടങ്ങളുള്ള ആശുപത്രികളിൽനിന്നും പലപ്പോഴും ലഭിക്കാറില്ല. ഇതും നമ്മൾ കണക്കിലെടുക്കേണ്ടതാണ്. അതുപോലെ നിരവധി ഉദാഹരണങ്ങളുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഏതെങ്കിലും ഉദാഹരണം പറയാമോ....... (മൈക്ക് ഓഫ്)....

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ അത്തരത്തിലുള്ള ഉദാഹരണങ്ങൾ എണ്ണിയെണ്ണിപ്പറഞ്ഞാൽ ബഹുമാനപ്പെട്ട അംഗത്തിന് ഇവിടെ പ്രസംഗിക്കാൻ കഴിയാതെ വരും. സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങളുടെ ഗുണനിലവാരമില്ലായ്മയാണ് അങ്ങ് സൂചിപ്പിച്ച മറ്റൊരു കാര്യം. അത് നമുക്ക് കോവിഡ് കാലത്ത് ബോദ്ധ്യപ്പെട്ടതാണ്. എന്റെ മണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ പല ഉപകരണങ്ങൾക്കും ഗുണനിലവാരമില്ലാത്തതുകൊണ്ട് ജനങ്ങൾക്ക് ഉപകാരപ്രദമായിട്ടില്ല. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്, നമുക്കെല്ലാവർക്കും അനുഭവമുള്ളതുമാണ്. പല ആശുപത്രികൾക്ക് മുമ്പിലും സൂപ്പർ സ്പെഷ്യാലിറ്റി എന്ന ബോർഡുണ്ടാകും. ഏതുതരത്തിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളാണ് അവിടെനിന്നും ലഭ്യമാകുന്നത്? സൂപ്പർ സ്പെഷ്യാലിറ്റിയുള്ളത് ബില്ലിൽ മാത്രമാണ്. ചികിത്സയുടെ ബിൽ വരുമ്പോൾ എല്ലാവർക്കും ബോധക്കേടുണ്ടാകും. അതുകൊണ്ടാണ് സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കണമെന്നും അവർക്ക് ഏകീകൃത റേറ്റിംഗും ചികിത്സയ്ക്ക് ഏകീകൃത ഫീസും നിശ്ചയിക്കണമെന്ന് പറഞ്ഞത്. കൂടാതെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടിയുണ്ടാകണം. 48 ലക്ഷം ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. അവിടെ നിലവിൽ ജനറലാശുപത്രിയില്ല. ഈ വിഷയം പലപ്പോഴായി നിയമസഭയിൽ ഉന്നയിച്ചതാണ്. മലപ്പുറം താലൂക്കാശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് ഒരു സർവ്വകക്ഷിയോഗം ചേർന്ന് ഒരു ആക്ഷൻ കമ്മിറ്റിയുണ്ടാക്കിയിരുന്നു. ആശുപത്രിയുടെ വികസനത്തിന്

വിഘാതമായി നിൽക്കുന്നത് സ്ഥലപരിമിതിയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി തൊട്ടടുത്ത് പ്രവർത്തിക്കുന്ന മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ (ഡി.ഡി.ഇ.) ഓഫീസിന്റെ സ്ഥലം ആശുപത്രിക്ക് ലഭ്യമാക്കുകയാണെങ്കിൽ ആശുപത്രിയുടെ വികസനം യാഥാർത്ഥ്യമാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ അവിടെ വന്നപ്പോൾ പ്രസ്തുത ആശുപത്രി സന്ദർശിക്കുകയും വിഷയം ബോദ്ധ്യപ്പെടുകയും ചെയ്തതാണ്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിക്ക് ഇതുമായി ബന്ധപ്പെട്ട് ഞാനൊരു കത്ത് നൽകിയിട്ടുണ്ട്. മലപ്പുറം താലൂക്കാശുപത്രിയുടെ വികസനം യാഥാർത്ഥ്യമാകണമെങ്കിൽ നിലവിലുള്ള ഡി.ഡി.ഇ. ഓഫീസ് മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലേയ്ക്ക് മാറ്റിസ്ഥാപിച്ച് ആ സ്ഥലംകൂടി ലഭ്യമായാൽ ആശുപത്രി വിപുലീകരണം നടപ്പിലാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി റവന്യൂ വകുപ്പുമന്ത്രിയുടെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും സൗകര്യം കണക്കിലെടുത്ത് ഇതിനുവേണ്ടി യോഗം വിളിച്ചുകൂട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ നൽകിയത് ഗൗരവമായി പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പബ്ലിക് ഹെൽത്ത് ലബോറട്ടറികളിലെ സമയക്രമത്തിൽ മാറ്റം വരുത്തേണ്ടതാണ്. പല സ്വകാര്യ ലാബുകളും അതിരാവിലെ പ്രവർത്തിക്കുന്നതാണ്. പ്രമേഹ രോഗികൾക്ക് ഭക്ഷണത്തിനുമുമ്പ് അതിരാവിലെ ടെസ്റ്റ് ചെയ്യണം. സ്വകാര്യ ലാബുകൾ രാവിലെ തുറക്കും, എന്നാൽ സർക്കാർ ലാബുകൾ ആ സമയത്ത് തുറക്കില്ല. അതുകൊണ്ട് സർക്കാർ ലാബുകളുടെ സമയക്രമം അതിനനുസരിച്ച് പുനഃക്രമീകരിക്കണം. പബ്ലിക് ഹെൽത്ത് ലാബുകൾ ജില്ലാതലത്തിൽ ഓരോന്നുവീതം പ്രവർത്തിക്കുന്നതിനാൽ ജില്ലയിലെ എല്ലാവർക്കും അത് പ്രയോജനപ്പെടുത്താൻ കഴിയില്ല. അതിനാൽ കൂടുതൽ പബ്ലിക് ഹെൽത്ത് ലാബുകൾ സ്ഥാപിക്കണം. സ്വകാര്യ ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഇടപെടൽകൂടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഒരേ ടെസ്റ്റ് വിവിധ സ്വകാര്യ ലാബുകളിൽ നടത്തുമ്പോൾ വ്യത്യസ്ത ഫലമാണ് വരുന്നത്. ശരിയായ രീതിയിലുള്ള രോഗനിർണ്ണയത്തിന് ഇത് തടസ്സമാണ്. സ്വകാര്യ ആശുപത്രികളെപ്പോലെ സ്വകാര്യ ലാബുകളിലും വ്യത്യസ്തമായ ഫീസും ഫലവുമാണ് വരുന്നത്. ലാബുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ യോഗ്യത ഉറപ്പുവരുത്താനും ഫീസ് ഏകീകരിക്കാനുമുള്ള നടപടികൾകൂടിയുണ്ടാകണം. ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ലാബിലെ സ്ഥിതിയും വ്യത്യസ്തമല്ല. ഇവിടെയും റേറ്റിന് വലിയ വ്യത്യാസമില്ല. കോവിഡ് ടെസ്റ്റിന്റെ അനുഭവംപോലും അതാണ്. ഒരു ലാബിൽനിന്ന് ലഭിക്കുന്ന റിസൾട്ട് പോസിറ്റീവാണെങ്കിൽ തൊട്ടടുത്തുള്ള ലാബിൽ പോയി ടെസ്റ്റ് ചെയ്താൽ അത് നെഗറ്റീവായിരിക്കും. ഇത്തരം സംഭവങ്ങൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെപ്പോലും സാരമായി

ബാധിച്ചിട്ടുണ്ട്. ഇതുമായി ചേർത്ത് പറയേണ്ട മറ്റൊരു കാര്യം, നമ്മുടെ ആശുപത്രികളിലും അംഗീകൃത ലാബുകളിലുമെല്ലാം ആർ.ടി.പി.സി.ആർ. ടെസ്റ്റിന് 500 രൂപയാണ് ഈടാക്കുന്നത്. പ്രവാസികൾ നമ്മുടെ രാജ്യത്തിന്റെ നട്ടെല്ലെന്നാണ് പറയാറുള്ളത്. പ്രവാസി സഹോദരന്മാർ കോവിഡ് ബാധിച്ച് നാട്ടിലേയ്ക്ക് വന്നതിനുശേഷം തിരിച്ചുപോകുന്നതിനുവേണ്ടി എയർപോർട്ടിലെത്തി ആർ.ടി.പി.സി.ആർ. ടെസ്റ്റ് എടുത്തതിന് 2500 രൂപ ഫീസ് ഈടാക്കുന്നുവെന്ന പരാതി അവരിൽനിന്ന് ലഭിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് പ്രവാസി ലോകത്തെ ഏറ്റവും വലിയ സംഘടനയായ K.M.C.C. (Kerala Muslim Cultural Centre) നൽകിയിട്ടുള്ള ഒരു നിവേദനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആരോഗ്യവകുപ്പുമന്ത്രിക്കും ഞാൻ സമർപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രവാസികളിൽ നിന്ന് ആർ.ടി.പി.സി.ആർ. ടെസ്റ്റിന് അധിക ഫീസ് ഈടാക്കുന്നത് ഒഴിവാക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. സ്വകാര്യ ലാബുകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളോടൊപ്പം സർക്കാർ മേഖലയിൽ കൂടുതൽ പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കണം. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ അവിടെ അഡ്മിറ്റ് ചെയ്ത് ചികിത്സിക്കുന്ന രോഗികളെ പല ടെസ്റ്റിനും പുറത്തേയ്ക്ക് വിടുകയാണ്. സർക്കാർ മെഡിക്കൽ കോളേജുകളിൽപ്പോലും വേണ്ട രീതിയിൽ ആവശ്യമായ ടെസ്റ്റ് നടത്താനുള്ള സംവിധാനമില്ലെന്നതാണ് ഇന്നത്തെ അനുഭവം. അതിന് മാറ്റമുണ്ടാകണം. NABL (National Accreditation Board for Testing and Calibration Laboratories) അക്രെഡിറ്റേഷനുള്ള 43 ലാബുകളാണ് കേരളത്തിലുള്ളത്. ഇതിനർത്ഥം ഇവിടെയുള്ള മറ്റ് ലാബുകൾക്കൊന്നും കേന്ദ്ര സർക്കാരിന്റെ അക്രെഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരമില്ലെന്നാണ്. കേന്ദ്ര സർക്കാർ കൊടുക്കുന്നതുപോലെ സംസ്ഥാന തലത്തിൽ അക്രെഡിറ്റേഷൻ കൗൺസിൽ രൂപീകരിച്ച് ഇത്തരം ലാബുകളുടെ ക്വാളിറ്റി ഉറപ്പുവരുത്തി അതിന് അംഗീകാരം നൽകാനുള്ള സംവിധാനമുണ്ടാകണം. സ്കാനിംഗ് സെന്ററിൽപോയാലും സ്ഥിതി വ്യത്യസ്തമല്ല. സ്കാനിംഗ് സെന്ററുകളിലും പലവിധത്തിലുള്ള ഫീസാണ് ഈടാക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് ഈ ബില്ലിൽ ക്ലിനിക്കുകളുടെ സ്റ്റാൻഡേർഡ്സ് സെറ്റ് ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. 2018-ൽ നിയമം വന്നെങ്കിലും രണ്ട് വർഷമായിട്ടും ഇതുവരെ സ്റ്റാൻഡേർഡ്സോ കാറ്റഗറികളോ സെറ്റ് ചെയ്തിട്ടില്ല. അതുകൊണ്ട് ഈ നിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻ പറ്റാത്ത സ്ഥിതിയിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ ഇക്കാര്യത്തിൽ വളരെ പ്രഗത്ഭനാണ്.

മി. ചെയർമാൻ: അടുത്ത പോയിന്റുകൂടി പറഞ്ഞ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, അദ്ദേഹത്തിന്റെ നിർദ്ദേശം വളരെ പ്രസക്തമാണ്. എല്ലാവരും ഇതിന്റെ ഗൗരവം ഉൾക്കൊണ്ടിട്ടുണ്ടെന്നാണ് വ്യക്തമാകുന്നത്. അതുകൊണ്ട് സാധാരണക്കാർക്ക് ഫലപ്രദമായ ചികിത്സ ഉറപ്പുവരുത്താനാവശ്യമായ വ്യവസ്ഥകൾകൂടി ഈ ബില്ലിന്റെ ഭാഗമായുണ്ടാകണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. 2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പിലാക്കിയില്ലെങ്കിലും കുഴപ്പമില്ല എന്നൊരവസ്ഥയാണ് ഈ ഭേദഗതിയിലൂടെ വന്നിരിക്കുന്നത്. 2018-ൽ നിലവിൽ വന്ന ഈ നിയമമനുസരിച്ച് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പെർമനന്റ് രജിസ്ട്രേഷൻ നാളിതുവരെ എടുത്തില്ലെങ്കിലും ഇവിടെ പ്രവർത്തിക്കാൻ സാധിക്കും. മനുഷ്യന്റെ ആരോഗ്യം കൈകാര്യം ചെയ്യുന്ന വളരെ സുപ്രധാനമായിട്ടുള്ള ഇത്തരം സ്ഥാപനങ്ങളിൽ നിഷ്കർഷിക്കപ്പെടുന്ന സ്റ്റാൻഡേർഡുകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ട കൗൺസിലിനും അതോറിറ്റിക്കും അവരുടെ ചുമതലകൾ നിർവ്വഹിക്കാൻ നിർവ്വാഹമില്ലാത്ത സ്ഥിതിവിശേഷമാണ് ഈ ഭേദഗതിയിലൂടെ ഉണ്ടായിരിക്കുന്നത്. മൂലനിയമത്തിൽ പറഞ്ഞിരിക്കുന്നത്, രണ്ട് വർഷംകൊണ്ട് പെർമനന്റ് രജിസ്ട്രേഷനുവേണ്ടി നിഷ്കർഷിച്ചിട്ടുള്ള സ്റ്റാൻഡേർഡ് കൈവരുത്തണമെന്നും എല്ലാ നിബന്ധനകളും പാലിക്കണമെന്നുമാണ്. ഈ ഭേദഗതിയിലൂടെ അത് മൂന്ന് വർഷമായാലും കുഴപ്പമില്ല എന്നുള്ളതാണ്. അതിനർത്ഥം, നാളിതുവരെ ഒരു സ്ഥാപനത്തിനും പെർമനന്റ് രജിസ്ട്രേഷനില്ലെങ്കിലും അവർക്കെതിരെ ഒരു നടപടിയും സ്വീകരിക്കാൻ കഴിയില്ല. യാതൊരുവിധ സ്റ്റാൻഡേർഡുമില്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കാതിരിക്കുന്നതിന് വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത്. ആ നിയമനിർമ്മാണ ഉദ്ദേശ്യം തന്നെ ഈ ഓർഡിനൻസിലൂടെ ഇല്ലാതായിരിക്കുന്നു. ഇവിടെ എത്ര രജിസ്ട്രേഷനാണ് ഉണ്ടായിരിക്കുന്നത്; ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഓർഡിനൻസിന്റെയും ഭേദഗതിയുടെയും അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ഇല്ലെന്നതിന്റെ പേരിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കാൻ സാധിക്കുമോ? ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥിന്റെ 11-10-2021-ലെ ചോദ്യത്തിനുള്ള മറുപടിയായി ലഭിച്ചത്, പൊതുസ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ കാര്യമായി നടന്നിട്ടുണ്ടെന്നാണ്. പക്ഷെ 95 ശതമാനം സ്വകാര്യ സ്ഥാപനങ്ങളും രജിസ്ട്രേഷനില്ലാതെയാണ് പ്രവർത്തിക്കുന്നത്. അങ്ങനെ വന്നാൽ ഈ നിയമംകൊണ്ട് നമ്മൾ എന്താണ് അർത്ഥമാക്കിയതെന്നും അതിന്റെ ഫലം എന്താണെന്നും വിലയിരുത്തേണ്ടതുണ്ട്. ഇവിടെ ഹെൽത്ത് സെന്ററുകൾ 1112

എണ്ണം പബ്ലിക് സെക്ടറിൽ രജിസ്റ്റർ ചെയ്തപ്പോൾ പ്രൈവറ്റ് സെക്ടറിൽ 31 എണ്ണം മാത്രമാണ് രജിസ്റ്റർ ചെയ്തത്. മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ - പബ്ലിക് സെക്ടറിൽ 112, പ്രൈവറ്റ് സെക്ടറിൽ 22, ആയുർവേദ എസ്റ്റാബ്ലിഷ്മെന്റുകൾ - പബ്ലിക് സെക്ടറിൽ 1168, പ്രൈവറ്റ് സെക്ടറിൽ 41, ഹോമിയോപതി - പബ്ലിക് സെക്ടറിൽ 1117, പ്രൈവറ്റ് സെക്ടറിൽ 7, സിദ്ധ - പബ്ലിക് സെക്ടറിൽ 36, പ്രൈവറ്റ് സെക്ടറിൽ - 1, യുനാനി -പബ്ലിക് സെക്ടറിൽ -17, പ്രൈവറ്റ് സെക്ടറിൽ -1 എന്നിങ്ങനെയാണ്. പ്രൈവറ്റ് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തില്ലെങ്കിലും ഒരു കുഴപ്പവുമില്ലെന്ന നിലയിലേയ്ക്ക് മുന്നോട്ടുപോകുകയാണ്. കോവിഡിന്റെ സാഹചര്യത്തിലാണ് ഈ നടപടികളെല്ലാം സർക്കാർ സ്വീകരിക്കുന്നത്. ഈ സമ്മേളന കാലയളവിൽ അവതരിപ്പിച്ചിട്ടുള്ള പല നിയമങ്ങളും കോവിഡിനെ മുൻനിർത്തിയാണ് കൊണ്ടുവന്നിട്ടുള്ളത്. കോവിഡ് കാലത്ത്, രജിസ്റ്റർ ചെയ്യുന്നതിൽ എന്ത് പ്രതിസന്ധിയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റുകൾക്ക് ഉണ്ടായിരിക്കുന്നത്; രജിസ്റ്റർ ചെയ്യുന്നതിൽ ഇവരെ എന്താണ് തടസ്സപ്പെടുത്തുന്നത്? ഈ കോവിഡ് കാലത്ത് എല്ലാ സ്ഥാപനങ്ങളും അടച്ചുപൂട്ടപ്പെട്ടപ്പോഴും പ്രവർത്തിച്ച ഏക സ്ഥാപനം ആരോഗ്യ സ്ഥാപനങ്ങളാണ്. ആ നിലയിൽ ഒരു കാരണവുമില്ലാതെ കോവിഡിന്റെ പേര് പറഞ്ഞ് പെർമനന്റ് രജിസ്ട്രേഷൻ എടുക്കാനുള്ള കാലയളവ് മൂന്ന് വർഷമായി വർദ്ധിപ്പിച്ചത് ഒരിക്കലും അംഗീകരിക്കാൻ കഴിയാത്തതാണ്. കോവിഡിന്റെ പേരിൽ ഈ നിയമം പറയുമ്പോൾത്തന്നെ കോവിഡ് കാലത്ത് ചെയ്യേണ്ട കാര്യങ്ങളൊന്നും സർക്കാർ ചെയ്യുന്നില്ല. 8-ാം തീയതിയിലെ അടിയന്തരപ്രമേയത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ഏഴായിരം മരണങ്ങൾ കൂട്ടിച്ചേർക്കുമെന്നാണ്. ഈ നടപടി ഇതുവരെയും എങ്ങുമെത്തിയിട്ടില്ല. ഇത് കേന്ദ്ര സർക്കാരിനെ അറിയിക്കണം. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള നഷ്ടപരിഹാരം ഇവർക്ക് ലഭിക്കണമെങ്കിൽ ഈ മരണങ്ങൾകൂടി കൂട്ടിച്ചേർക്കേണ്ടതുണ്ട്. അതിനുള്ള നടപടിയൊന്നുമായിട്ടില്ല. കോവിഡ് കാലത്ത് സ്തുത്യർഹമായ സേവനമനുഷ്ഠിച്ചവരാണ് കോവിഡ് ബ്രിഗേഡ്. ഡോക്ടർമാർ മുതൽ അറ്റൻഡർമാർ വരെയുള്ള 22000-ത്തോളം വരുന്ന കോവിഡ് ബ്രിഗേഡുമാരെ പിരിച്ചുവിട്ടിരിക്കുകയല്ലേ. ഇന്ത്യയിലാകെയുള്ള രോഗികളുടെ 55 ശതമാനത്തിലധികമാണ് സംസ്ഥാനത്ത് ഇന്നലെയുമുണ്ടായിരുന്നത്. ടി.പി.ആർ. റേറ്റ് പത്തിന് മുകളിൽ നിൽക്കുന്ന ഈ സമയത്ത് കോവിഡ് ബ്രിഗേഡിനെ പിരിച്ചുവിടുകയെന്നത് ഏതെങ്കിലുമൊരു ഗവൺമെന്റ് ചെയ്യുന്നതാണോ; നീതീകരിക്കാൻ കഴിയാത്ത ഒരു നടപടിയാണിത്. ഇത്രയുംകാലം സ്വന്തം ആരോഗ്യംപോലും കണക്കിലെടുക്കാതെ പ്രവർത്തിച്ചിരുന്ന, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലെ സൈന്യമായിരുന്ന കോവിഡ് ബ്രിഗേഡിൽപ്പെട്ടവർക്ക് നൽകാനുള്ള ഇൻസെന്റീവുപോലും കൊടുക്കാതെയാണ് പിരിച്ചുവിട്ടിരിക്കുന്നത്.

ഭാവിയിൽ ഇവർക്ക് എന്തെങ്കിലും ഗുണമുണ്ടാകുന്ന നടപടികൾ ഉണ്ടാകേണ്ടതല്ലേ; പി.എസ്.സി. പരീക്ഷയിൽ ഇന്റർവ്യൂവിൽ ഗ്രേസ് മാർക്കിന് അവർക്ക് അർഹതയില്ലേ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താല്ക്കാലിക നിയമനങ്ങൾ നടത്തുമ്പോൾ സീനിയോറിറ്റിയിൽ അവർക്ക് റിലാക്സേഷൻ കൊടുക്കാൻ നടപടി സ്വീകരിക്കേണ്ടതല്ലേ? ആരോഗ്യ വകുപ്പിൽ നിരന്തരമായി താല്ക്കാലിക നിയമനങ്ങൾ നടക്കുമ്പോൾ മുൻഗണന ഈ കോവിഡ് ബ്രിഗേഡിൽപ്പെട്ടവർക്ക് നൽകാൻ തയ്യാറാകണ്ടേ; ഇത്രയും കോവിഡ് രോഗികളുള്ള ഈ സംസ്ഥാനത്ത് ഇവരെ പിരിച്ചുവിട്ടതോടുകൂടി കോവിഡ് ചികിത്സയെല്ലാം താളം തെറ്റിയില്ലേ; തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഐ.സി.യു.-വിൽ അഡ്മിറ്റ് ചെയ്തിരിക്കുന്ന 'ഒരു കോവിഡ് രോഗിക്ക് ഒരു നഴ്സ് ' എന്ന നിലയിലായിരുന്നു ഇതുവരെയുണ്ടായിരുന്നത്. ഇവരെയെല്ലാം പിരിച്ചുവിട്ടപ്പോൾ ഇന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഇരുപത്തിയൊന്ന് പേരുള്ള ഒരു ഐ.സി.യു.-വിൽ ആകെയുള്ളത് ഒരു നഴ്സാണ്. ഇരുപത്തിയൊന്ന് നഴ്സുമാർ പ്രവർത്തിച്ചിരുന്ന സ്ഥാനത്ത് ഇന്ന് ഒരു നഴ്സ് മാത്രമാണുള്ളത്. കോവിഡ് ബ്രിഗേഡിനെ പിരിച്ചുവിട്ടതോടുകൂടി എല്ലാ സ്ഥലങ്ങളിലും കോവിഡ് ചികിത്സയിൽ തകർച്ചയുണ്ടായിരിക്കുകയാണ്. ഈ കോവിഡ് കാലത്ത് രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിന് എല്ലാ സൗകര്യങ്ങളുമുള്ള കൂടുതൽ ആശുപത്രികളുണ്ടാകേണ്ടതായിരുന്നു. 2016-ൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഉദ്ഘാടനം ചെയ്തതാണ് തിരുവനന്തപുരത്തെ ഇന്ദിരാഗാന്ധി മെഡിക്കൽ കോളേജ്. അതിനെക്കുറിച്ച് ഞങ്ങൾ പറഞ്ഞപ്പോൾ, 'ഒരു പെട്ടിക്കട തുറന്നുവച്ചിട്ട് അതിൽ മെഡിക്കൽ കോളേജ് എന്ന് ബോർഡ് വച്ചാൽ അത് മെഡിക്കൽ കോളേജാകുമോ' എന്നാണ് അന്ന് ചോദിച്ചത്. ഏതാണ് പെട്ടിക്കട? ആധുനിക സംവിധാനങ്ങളുള്ള അഞ്ച് ലക്ചർ ഹാളുകൾ, ലൈബ്രറി, ലബോറട്ടറി, ഓഫീസ്, ഹോസ്റ്റൽ തുടങ്ങിയവയും മെഡിക്കൽ കൗൺസിലിന്റെ മാർഗ്ഗനിർദേശമനുസരിച്ചുള്ള 105 തസ്തികകളും സൃഷ്ടിച്ചുകൊണ്ടാണ് തിരുവനന്തപുരത്ത് 2016 ഫെബ്രുവരി മാസം പുതിയ മെഡിക്കൽ കോളേജ് കെട്ടിടം ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തത്. മെഡിക്കൽ കൗൺസിലിന്റെ താല്ക്കാലികമായ അംഗീകാരവും അന്ന് നേടിയിരുന്നു. അന്ന് പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, ആശുപത്രി സൂപ്രണ്ട്, ആദ്യ വർഷത്തെ എം.ബി.ബി.എസ്. കോഴ്സിന് ആവശ്യമായിട്ടുള്ള പ്രൊഫസർമാർ, അസോസിയേറ്റ് പ്രൊഫസർമാർ, അസിസ്റ്റന്റ് പ്രൊഫസർമാർ, സീനിയർ-ജൂനിയർ റെസിഡന്റ്സ്, നഴ്സിംഗ് സ്റ്റാഫ്, സപ്പോർട്ടിംഗ് സ്റ്റാഫ്, ഓഫീസ് സ്റ്റാഫ് തുടങ്ങിയ ജീവനക്കാരെയും അന്ന് ഗവൺമെന്റ് അനുവദിച്ചു. 2016 ഏപ്രിൽ മാസത്തിൽ ലെറ്റർ ഓഫ് പെർമിഷനും ലഭിച്ചു. അന്ന് ആരംഭിച്ചിരുന്നെങ്കിൽ ഈ ആശുപത്രി ഇന്ന് കോവിഡ് ചികിത്സയ്ക്കുവേണ്ടി ഉപയോഗിക്കാമായിരുന്നു. ഇന്ന്

മെഡിക്കൽ കോളേജിൽ എം.ആർ.ഐ. സ്കാൻ എടുക്കാൻ പോയാൽ മൂന്ന് മാസം കഴിഞ്ഞുള്ള ഡേറ്റാണ് ലഭിക്കുന്നത്. പുതിയ മെഡിക്കൽ കോളേജിൽ അതിനുള്ള സൗകര്യങ്ങൾ ഉണ്ടാകുമായിരുന്നു. അഞ്ഞൂറിലേറെ വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്. പഠനം പൂർത്തീകരിക്കാനുള്ള അവസരമാണ് നഷ്ടപ്പെട്ടിരിക്കുന്നത്. അതുമാത്രമല്ല, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ധാരാളം വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠിക്കാൻ അവസരം ലഭിക്കുമായിരുന്നു. അതെല്ലാം അവതാളത്തിലാക്കി. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും അംഗീകാരം ലഭിച്ച ഒരു മെഡിക്കൽ കോളേജ് സംസ്ഥാനത്ത് വേണ്ടെന്ന് പറഞ്ഞ ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണെന്നാണ് അന്നത്തെ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത്. തിരുവനന്തപുരത്ത് ഒരു പുതിയ മെഡിക്കൽ കോളേജുകൂടി പ്രവർത്തനമാരംഭിക്കേണ്ടതല്ലേ? സർക്കാർ അതിനുള്ള നടപടി സ്വീകരിക്കണം. 1952-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആരംഭിക്കുമ്പോൾ ആകെ അഞ്ച് ലക്ഷമായിരുന്ന തിരുവനന്തപുരം നഗരത്തിലെ ജനസംഖ്യ ഇന്ന് മുപ്പത്തിയഞ്ച് ലക്ഷം കവിഞ്ഞു. ഇന്ത്യയിലെ പല സംസ്ഥാന തലസ്ഥാനങ്ങളിലും ഒന്നിലധികം മെഡിക്കൽ കോളേജുകളുണ്ട്. ചെന്നൈ, ബംഗളൂരു, മുംബൈ തുടങ്ങിയ പല തലസ്ഥാനങ്ങളിലും ഒന്നിലധികം മെഡിക്കൽ കോളേജുകളുള്ളപ്പോൾ തിരുവനന്തപുരത്തിന്റെ തിലകക്കുറിയായി മാറേണ്ട, ആരോഗ്യ പരിപാലന രംഗത്ത് യശസ്സുയർത്തി നിൽക്കേണ്ട ഒരു മെഡിക്കൽ കോളേജിന് അനുവാദംപോലും കൊടുക്കാതെ, അംഗീകാരം ലഭിച്ച മെഡിക്കൽ കോളേജുപോലും വേണ്ടെന്ന് പറയുന്ന ഒരു സ്ഥിതിയിലേയ്ക്ക് ഈ ഗവൺമെന്റ് എത്തിച്ചേരാൻ പാടില്ലായിരുന്നു. ആ മെഡിക്കൽ കോളേജ് ആരംഭിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്.

ഈ കഴിഞ്ഞ ദിവസം യൂത്ത് കോൺഗ്രസിന്റെ എട്ട് നേതാക്കൾ ഒരു ന്യായമായ ആവശ്യമുന്നയിച്ച് സമരം നടത്തിയപ്പോൾ പെൺകുട്ടികൾ എന്നുപോലും പരിഗണിക്കാതെ ചില നടപടികളെടുത്തു.

ശ്രീ. അൻവർ സാദത്ത്: സർ, കഴിഞ്ഞ ദിവസം നിയമസഭയിൽ വലിയ പ്രതിഷേധമുണ്ടായിരുന്നു. അനുപമ എസ്. ചന്ദ്രന്റെ നീതിക്കുവേണ്ടി പ്രതിഷേധിച്ച ചിത്രാദാസ്, വീണാ എസ്. നായർ, അഖില, സജ്ന ബി. സാജൻ, സുബിജ, അനുഷ്മ ബഷീർ, ഷാനി എന്നീ സഹോദരിമാരെ ഇന്നലെ പോലീസ് കള്ളക്കേസിൽ കുടുക്കുകയാണ് ചെയ്തത്. അതായത്, പോലീസ് സമരത്തെ നേരിട്ടപ്പോൾ എല്ലാവരും ഓടുകയും ഒരു വനിതാ പോലീസ് താഴെ വീണ് കാൽ പൊട്ടിയ സാഹചര്യവുമുണ്ടാവുകയും ചെയ്തു. പക്ഷേ ഈ വനിതകൾ കാൽ തല്ലിയൊടിച്ചതാണെന്നുപറഞ്ഞ് കള്ളക്കേസെടുത്ത് ഇവരെ അട്ടക്കുളങ്ങര സബ്

ജയിലിൽ പാർപ്പിച്ചിരിക്കുന്ന വിവരം താങ്കൾ അറിഞ്ഞിട്ടുണ്ടോ? സത്യത്തിൽ സ്ത്രീ സമൂഹത്തോടുള്ള ഏറ്റവും നിഷേധാത്മകമായ നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഒരു സഹോദരിക്ക് നീതി കിട്ടാൻവേണ്ടിയാണ് സമരം ചെയ്തത്. അത് കേരളം ആഗ്രഹിച്ച ഒരു സമരമാണ്. അങ്ങനെ കേരളം ആഗ്രഹിച്ച ഈ സമരത്തിൽ പങ്കെടുത്ത ഈ സഹോദരിമാരെ അടിച്ചമർത്തുന്ന രീതിയിലുള്ള സമീപനമായിരുന്നു. എന്തുകൊണ്ട് ഈ സർക്കാർ യാതൊരു കാരണവുമില്ലാതെ അവരെ കള്ളക്കേസിൽ കുടുക്കി എന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. കെ. രമ: സർ, ബഹുമാനപ്പെട്ട അംഗം അൻവർ സാദത്ത് പറഞ്ഞതുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിക്കാം. ആ പെൺകുട്ടികളെ ഞാൻ പോയി കണ്ടിരുന്നു. അമ്മയ്ക്ക് നീതികിട്ടാനാണ് അവർ സമരം ചെയ്തത്. ജയിലിലുള്ള പെൺകുട്ടികളിൽ രണ്ടുപേർ ഫീഡ് ചെയ്യുന്ന അമ്മമാരാണ്. അവരുടെ കുട്ടികൾ അനാഥരായി വീട്ടിലാണ്. കള്ളക്കേസിൽ കുടുക്കി ഏഴുപേരെ ജയിലിലടച്ചത് വളരെ ദയനീയമായ ഒരവസ്ഥയാണ്. ഇത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, തികച്ചും മനുഷ്യത്വരഹിതമായ ഒരു നടപടിയാണിത്. ഞാൻ അതാണ് പറഞ്ഞുവന്നത്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇങ്ങനെ നൂറുകണക്കിന് വനിതകളായ വിദ്യാർത്ഥിനി നേതാക്കളെ യു.ഡി.എഫ്.-ന്റെ കാലത്ത് ജയിലിലടച്ചത് താങ്കളുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഇവിടെ ന്യായമായ ഒരു സമരവുമായി ബന്ധപ്പെട്ട് പറയുമ്പോൾ ഇന്നലെകളിലെ കാര്യങ്ങളുംകൂടി പറയുകയാണ്. സ്വാഭാവികമായും ഏത് രീതിയിലാണെങ്കിലും കള്ളക്കേസ് എടുക്കുന്നതിനെ രാഷ്ട്രീയം നോക്കാതെ ഞങ്ങൾ എതിർക്കുകയാണ്. ഈ കാലഘട്ടത്തിൽ ഒരു സമരം നടത്തിയാൽ നൂറ് ചാനലുകൾ അവിടെ വരും. ആരെയാണ് ആക്രമിച്ചത്, ആരാണ് ഉപദ്രവമുണ്ടാക്കുന്നത് എന്നൊക്കെ ആ ചാനലുകൾ പരിശോധിച്ചാൽ മനസ്സിലാകും. സ്വാഭാവികമായും യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ ആരെയും ആക്രമിക്കുന്ന സ്വഭാവക്കാരല്ല. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. രമ സൂചിപ്പിച്ചതുപോലെ യൂത്ത് കോൺഗ്രസ്സിന്റെ ഭാരവാഹികളായ ആളുകളാണവർ. അതിൽ ഫീഡ് ചെയ്യുന്ന അമ്മമാരുൾപ്പെടെയുള്ളവരുണ്ട്. ഒരു സമരത്തിന് വരുമ്പോൾ അവരെക്കൂടി കള്ളക്കേസിൽ പ്രതികളാക്കി അന്യായമായി പാർപ്പിക്കുന്ന ഈ ഗവൺമെന്റിന്റെ നയം ശരിയാണോ എന്നുകൂടി അങ്ങ് പറയണം.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഇനി വഴങ്ങുന്നില്ല. തികച്ചും മനുഷ്യത്വരഹിതമായിട്ടുള്ള ഒരു നടപടിയാണ് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായത്. ഇന്നലെ ചാനലുകളിലെല്ലാം കണ്ടതാണ്, യൂത്ത് കോൺഗ്രസ്സിന്റെ നേതാക്കൾക്കാണ് പരിക്കേറ്റത്. പരിക്കേറ്റ ആ വനിതാ നേതാക്കളെ ....(ബഹളം)...

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്.... ബഹുമാനപ്പെട്ട അംഗം, അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ്... പ്ലീസ്.....(ബഹളം)...

ശ്രീ. എം. വിൻസെന്റ്: സർ, പരിക്കേറ്റവരെ പോലീസ് അറസ്റ്റ് ചെയ്ത് പോലീസ് ക്യാമ്പിലേയ്ക്ക് കൊണ്ടുപോയി. ഞങ്ങൾ 3.30-ന് അവിടെ പോകുന്നതുവരെ പച്ചവെള്ളംപോലും കൊടുക്കാതെയാണ് പോലീസ് ആ വനിതാ നേതാക്കളെ കൈകാര്യം ചെയ്തത്. അവർ ആശുപത്രിയിൽ പോകണമെന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടും വീണ എസ്. നായർ ഉൾപ്പെടെയുള്ളവരെ ആശുപത്രിയിൽ കൊണ്ടുപോകാൻ ഞങ്ങൾക്ക് ഇടപെടേണ്ടിവന്നു. ഇത്രയും നികൃഷ്ടമായ രീതിയിൽ. മനുഷ്യത്വരഹിതമായി, പൈശാചികമായി ഈ വനിതാ നേതാക്കളെ കൈകാര്യം ചെയ്തിട്ടും പ്രതികാരം തീരാതെയാണ് ജാമ്യമില്ലാ വകുപ്പ് ചുമത്തി കേസെടുത്തത്. എന്ത് അക്രമകാരികളാണ് അവർ? കയ്യിൽ ആയുധവുമായി വന്നവരാണോ, ഇവിടെ എന്തെങ്കിലും കലാപമുണ്ടാക്കാൻ വന്നവരാണോ, ആരെയെങ്കിലും ആക്രമിക്കാൻ വന്നവരാണോ? യൂത്ത് കോൺഗ്രസ്സിന്റെ വനിതാ നേതാക്കളെ കൈകാര്യം ചെയ്യേണ്ട രീതിയിലാണോ പോലീസ് അവരെ കൈകാര്യം ചെയ്തത്? പ്രതികാരം തീർക്കുന്ന രീതിയിലല്ലേ പോലീസുകാർ അവർക്കെതിരെ പ്രവർത്തിച്ചത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. വിൻസെന്റ്: സർ, ചിത്രാ ദാസ്, വീണ എസ്. നായർ, സജ്ന ബി. സാജൻ എന്നിവരടക്കമുള്ള യൂത്ത് കോൺഗ്രസ്സ് നേതാക്കൾക്കെതിരെ ഈ പോലീസ് എടുത്ത നടപടിക്കെതിരെ അതിശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ജി. സ്റ്റീഫൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 5-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2018 ഫെബ്രുവരി 1-നാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്

കേരള നിയമസഭ പാസ്സാക്കിയത്. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച ഒരു സുപ്രധാന നിയമമാണ് പാസ്സാക്കിയതെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇന്നത്തെ ദിവസം വളരെയേറെ പ്രാധാന്യമുള്ളതുമാണ്. ആരോഗ്യ മേഖലയിൽ പ്രധാനപ്പെട്ട മൂന്ന് ബില്ലുകളുടെ പരിഗണനയാണ് ഇന്നത്തെ സഭാതലത്തിൽ വന്നിട്ടുള്ളത്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ ഭേദഗതി ബില്ലും കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലും അതോടൊപ്പം നമ്മളൊക്കെ ഏറെക്കാലമായി പ്രതീക്ഷിച്ചിരുന്ന കേരള പൊതുജനാരോഗ്യ ബില്ലും പരിഗണനയ്ക്ക് വന്നിരിക്കുകയാണ്. ഈ ബില്ലുകളിൽ രണ്ടെണ്ണം സഭാതലത്തിൽ തന്നെ നിയമമാക്കി പാസ്സാക്കാൻ സാധിക്കും. കേരള പൊതുജനാരോഗ്യ ബിൽ പൊതുജനങ്ങളുടെയടക്കം അഭിപ്രായ സ്വരൂപീകരണത്തിനുവേണ്ടി സർക്കുലേറ്റ് ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കൊണ്ടുവന്നപ്പോൾ ധാരാളം ചർച്ചകൾ നടന്നിരുന്നു. ഇത് നിയമമാകില്ലെന്നാണ് ചിലർ പറഞ്ഞത്. ക്ലിനിക്കൽ സ്ഥാപനങ്ങളെ, പ്രത്യേകിച്ച് സ്വകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന ഏതൊരു നിയമവും നിയമസഭയിൽ ഒരു കാരണവശാലും പാസ്സാകില്ല, ചില ലോബികളുടെ ഇടപെടലിന്റെ ഭാഗമായി ഈ ബിൽ പാസ്സാക്കാതെ ഇഴഞ്ഞുനീങ്ങാനാണ് സാധ്യത, സബ്ജക്ട് കമ്മിറ്റിയുടെയോ സെലക്ട് കമ്മിറ്റിയുടെയോ പരിഗണനയ്ക്ക് വിട്ടാൽ അത് ഒരിക്കലും തിരിച്ചുവരില്ല എന്നൊക്കെ പറഞ്ഞവരുണ്ട്. ബിൽ തിരിച്ചുവന്ന് നിയമമായപ്പോൾ ഇതിന്റെ ചട്ടങ്ങൾ രൂപീകരിച്ചില്ലെന്നായിരുന്നു പിന്നീടുള്ള ആക്ഷേപം. എന്നാൽ ആ നിയമത്തിന് കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തുതന്നെ ചട്ടങ്ങളും തയ്യാറാക്കിയെന്നുള്ളത് വളരെ സന്തോഷകരമായ കാര്യമാണ്. ഒരു കാര്യത്തിൽ അഭിമാനമുണ്ട്, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ ചർച്ച ഈ നിയമസഭയിൽ പ്രതിപക്ഷത്തിന്റെകൂടി സഹകരണത്തോടെ ഏകകണ്ഠമായി, ധാരാളം സമയമെടുത്തുകൊണ്ടുതന്നെയാണ് അന്ന് നടന്നത്. പ്രതിപക്ഷത്തുനിന്നും പങ്കെടുത്ത എം.എൽ.എ.-മാർ എല്ലാവരുംതന്നെ വളരെ സാർത്ഥകമായിട്ടുള്ള അഭിപ്രായപ്രകടനങ്ങളാണ് നടത്തിയത്. അല്ലാതെ മറ്റ് രാഷ്ട്രീയ പ്രശ്നങ്ങളിലേയ്ക്ക് കടന്നുകൊണ്ടുള്ള ഒരു ചർച്ചയായിരുന്നില്ല അന്ന് നടത്തിയതെന്ന് ഞാൻ ഓർക്കുന്നു. വളരെ നല്ല അഭിപ്രായങ്ങളോടുകൂടി തന്നെ ഏകകണ്ഠമായി ആ ബിൽ പാസ്സാക്കാൻ സാധിച്ചു. എന്നാൽ രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചെങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ അത് പൂർത്തിയാക്കാൻ കഴിയാതെ വന്നു. ചില ജനപ്രതിനിധികൾ ചോദിക്കുന്നത് കേട്ടു, രജിസ്റ്റർ ചെയ്യുന്നതിന് കോവിഡ് എന്താണ് പ്രശ്നമുണ്ടാക്കിയതെന്ന്. കോവിഡിന്റെ പ്രതിരോധ നടപടികളുമായി ഇടപെട്ട് പ്രവർത്തിച്ചിട്ടുള്ള ഏതൊരു ജനപ്രതിനിധിക്കും അങ്ങനെ പറയാൻ സാധിക്കില്ല. കാരണം, അത്രമാത്രം

നമ്മളെല്ലാവരും അതിൽ ഉൾപ്പെട്ടിരുന്നു എന്നുള്ളതാണ് വസ്തുത. ഈ സമയത്ത് നമ്മൾ പറയുന്ന മിനിമം സ്റ്റാൻഡേർഡ്സ് സ്ഥാപനങ്ങൾക്ക് നേടിയെടുക്കാനുള്ള സമയം കിട്ടിയിരുന്നില്ലെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഒരു വർഷക്കാലത്തേയ്ക്ക് താൽക്കാലിക രജിസ്ട്രേഷൻ ദീർഘിപ്പിച്ചുകൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. എന്നാൽ അത് മതിയായില്ല. കോവിഡിന്റെ പ്രത്യാഘാതം വളരെ രൂക്ഷമായിരുന്നു. ഗവൺമെന്റ് സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളുമെല്ലാം കോവിഡ് പ്രതിരോധ നടപടികളിൽ മുഴുകേണ്ടതായിവന്നു. അതിന്റെയൊക്കെ ഫലമായി ഇത് ഒരുവർഷംകൂടി ദീർഘിപ്പിക്കേണ്ടതുണ്ടെന്ന ഒരു അപേക്ഷയുണ്ടായി. അത് ശരിയാണെന്ന് കണക്കിലെടുത്തുകൊണ്ടാണ് താൽക്കാലിക രജിസ്ട്രേഷന്റെ സമയം ഒരു വർഷംകൂടി ദീർഘിപ്പിച്ചുകൊണ്ട് നേരത്തെയുള്ള ഒരു വർഷം എന്നത് രണ്ട് വർഷം ദീർഘിപ്പിക്കുന്ന എന്ന രീതിയിൽ ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടി വന്നത്. ആ ഓർഡിനൻസാണ് ഇവിടെ നിയമമാക്കാൻവേണ്ടി ഇന്ന് കൊണ്ടുവന്നിരിക്കുന്നത്. ഇന്ന് കേരളത്തിൽ 6476 സ്ഥാപനങ്ങൾ പ്രാഥമിക രജിസ്ട്രേഷനിലേയ്ക്ക് വന്നുകഴിഞ്ഞിട്ടുണ്ട്. അതിൽ 3661 സ്ഥാപനങ്ങൾ പൊതുമേഖലയിലുള്ളതാണ്, എല്ലാ വിധത്തിലുള്ള സ്ഥാപനങ്ങളും അതിനുള്ളിൽ വരും. 2815 സ്വകാര്യ സ്ഥാപനങ്ങളും താൽക്കാലിക രജിസ്ട്രേഷന് അപേക്ഷിച്ചിട്ടുണ്ടെന്നുള്ളതാണ് വസ്തുത. ഇത് നമുക്ക് ത്വരിതപ്പെടുത്താൻ സാധിക്കും. ഇനി കോവിഡിന്റെ ഭീതി ഒഴിഞ്ഞാൽ തീർച്ചയായിട്ടും നമുക്ക് ഈ രജിസ്ട്രേഷൻ നടപടികൾ ത്വരിതപ്പെടുത്തി എല്ലാ സ്ഥാപനങ്ങളെയും രജിസ്റ്റർ ചെയ്യിക്കാൻ സാധിക്കും. ഈ നിയമം കൊണ്ടുവരുന്ന സമയത്തുള്ള ജനങ്ങളുടെ പ്രധാന ആശങ്കകൾ ദൂരീകരിക്കാൻവേണ്ടി കേരളത്തിൽ മൂന്ന് റീജിയണലുകളിലായി ബഹുജനങ്ങളുടെയടക്കം അഭിപ്രായം തേടുന്നതിനുള്ള സിറ്റിംഗ് നടത്തിയിട്ടാണ് ഈ നിയമത്തിലേയ്ക്ക് അന്ന് ഗവൺമെന്റ് ചുവടുവച്ചത്. അപ്പോൾ സംഘടനകളുടെ പ്രതിനിധികളും വ്യക്തികളുമെല്ലാംതന്നെ അവരുടെ ആശങ്കകൾ പറഞ്ഞിരുന്നു. കേരളത്തിലെ ചെറിയ ആശുപത്രികൾക്ക് എന്തെങ്കിലും ആപത്ത് വരുമോ, അവ പൂട്ടിയിടേണ്ടി വരുമോ എന്ന തരത്തിലുള്ള വലിയ ചർച്ചയാണ് അന്ന് നടന്നത്. കേരളത്തിലെ ചില ചെറിയ ആശുപത്രികൾക്ക് ബുദ്ധിമുട്ടുകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. അത് കേരളത്തിൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പാസ്സാക്കിയതുകൊണ്ടോ അവയ്ക്ക് മിനിമം സ്റ്റാൻഡേർഡ് പ്രഖ്യാപിച്ചതുകൊണ്ടോ അല്ല. ആരോഗ്യ മേഖലയിൽ വരുന്ന കച്ചവടവത്കരണത്തിന്റെ ഭാഗമായി വൻകിട ആശുപത്രികൾ പല നഗരങ്ങളിലും ഗ്രാമങ്ങളിലുമടക്കം വരുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളാണ്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ ആരോഗ്യ മേഖലയുടെ ഏറ്റവും വലിയ കൈത്താങ്ങായി നിന്നത് ഗവൺമെന്റ് ആശുപത്രികൾ മാത്രമല്ല, ഗ്രാമത്തിലെ

ചെറുകിട സ്വകാര്യ ആശുപത്രികൾ കൂടിയാണ്. ആ ആശുപത്രികളിൽ പലതും പൂട്ടിയിടേണ്ടി വന്നിട്ടുണ്ടെന്നുള്ളത് എല്ലാവർക്കുമറിയാം. ചെറുകിട ആശുപത്രികളുടെ മാനേജ്മെന്റിന്റെ സംഘടനാ പ്രതിനിധികളെല്ലാംതന്നെ ഈ ചർച്ചയുടെ സമയത്ത് അത് സമ്മതിച്ച കാര്യവുമാണ്. അതിൽനിന്ന് ചെറുകിട ആശുപത്രികളെ രക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാകുമെന്ന് നിരവധി തവണ വ്യക്തമാക്കിയിട്ടുണ്ട്. ഈ രജിസ്ട്രേഷന്റെ ഭാഗമായി ചെറുകിട ആശുപത്രികൾക്ക് വേറെ കുഴപ്പമൊന്നും വരില്ല, യഥാർത്ഥത്തിൽ ആ ആശുപത്രികളുടെ ഗുണനിലവാരംകൂടി മെച്ചപ്പെടുത്തുക എന്നതുമാത്രമാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ പറഞ്ഞതുപോലെ ഒരു വൈഡ് കൺസൾട്ടേഷൻ പ്രോസസ്സൊക്കെ അന്നുണ്ടായിരുന്നു. പക്ഷെ അന്ന് വൺമാൻ ക്ലിനിക്ക് പോലുള്ള ഏറ്റവും താഴെത്തട്ടിലുള്ള സാധാരണ ക്ലിനിക്കുകൾ ഇതിന്റെകീഴിൽ വരില്ലെന്നുള്ള പ്രതീതിയാണുണ്ടായിരുന്നത്. എന്നാൽ ഇന്നത്തെ നിയമത്തിന്റെ സ്ഥിതി അതല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, രോഗനിർണ്ണയം മാത്രം നടത്തുന്ന സ്ഥാപനങ്ങളെ ഇതിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഏതെങ്കിലും തരത്തിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഡയഗ്നോസിസ് നടത്തുന്നവ, ലാബുകൾ, മറ്റ് ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധന നടത്തുന്നവ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളും ഈ ബില്ലിന്റെ പരിധിയിൽ വരണം. ബില്ലിന്റെ ഉദ്ദേശ്യം ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റുകളുടെ ഗുണമേൻമ ഉറപ്പുവരുത്തലാണ്. അതിന്റെ പ്രവർത്തനങ്ങളും ഉപയോഗിക്കുന്ന ഉപകരണങ്ങളും നല്ല ഗുണമേൻമയുള്ളതാണോ എന്ന് ഉറപ്പുവരുത്തലാണ്. അത്തരം ഉപകരണങ്ങൾ ഉപയോഗിച്ച് ഡയഗ്നോസിസ് നടത്തുന്ന എല്ലാ സ്ഥാപനങ്ങളും ഈ ബില്ലിന്റെ പരിധിയിൽ വരണം. രണ്ടാമത്തേത്, യോഗ്യത ഉറപ്പുവരുത്തലാണ്. ജനങ്ങളെ ചികിത്സിക്കുന്ന ഇത്തരം സ്ഥാപനങ്ങളിലുള്ള ജീവനക്കാരുടെ യോഗ്യത ഉറപ്പുവരുത്തി ആരോഗ്യ മേഖലയിൽ ശാസ്ത്രീയമായ മാറ്റമുണ്ടാക്കുന്നതോടൊപ്പം ഗുണപരമായ സേവനവും ഉറപ്പുവരുത്തണം. അതാണ് ഈ ബില്ലിന്റെ ലക്ഷ്യം. അതുകൊണ്ട് അത്തരത്തിലുള്ള ഒരു സ്ഥാപനത്തേയും രജിസ്റ്റർ ചെയ്യാതെ മാറ്റി നിർത്താൻ സാധിക്കില്ലെന്നുള്ളതുകൊണ്ടുതന്നെയാണ് ബിൽ ഡ്രാഫ്റ്റ് ചെയ്യുമ്പോൾ അത്തരം സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തുന്നത്. പക്ഷേ കേരളത്തിൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പാസ്സായതിനുശേഷം പൊതുവെ മാനസിക നിലവാരത്തിൽത്തന്നെ ഒരു മാറ്റമുണ്ടായിട്ടുണ്ട്. ഒരു ആശുപത്രി

എന്തായിരിക്കണം, ഒരു ലാബ് എങ്ങനെയായിരിക്കണം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ മാറ്റമുണ്ടായിട്ടുണ്ട്. ഇപ്പോൾ കൂടുതൽ സ്ഥാപനങ്ങൾ NABL Accreditation നേടിയിരിക്കുകയാണ്. ഇത്രയും ലാബുണ്ടായിട്ടും കുറച്ച് ലാബുകൾക്കുമാത്രമേ NABL അംഗീകാരം ലഭിച്ചിട്ടുള്ളൂവെന്ന് ഇവിടെ നേരത്തെ പറഞ്ഞല്ലോ. കഴിഞ്ഞ അഞ്ച് വർഷം ഇത്തരത്തിലുള്ള പുരോഗമനപരമായ നിയമങ്ങളൊക്കെ പാസ്സാക്കിയതിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തണമെന്ന പൊതുധാരണ സമൂഹത്തിൽ വന്നിട്ടുണ്ട്. സ്വകാര്യ ലാബുകളടക്കം NABL അംഗീകാരം കിട്ടുന്നതിനുവേണ്ടി ഇപ്പോൾ മത്സരിച്ച് പ്രവർത്തിക്കുകയാണ്. അതിന്റെ ഫലമായി ഏറ്റവും കൂടുതൽ NABL അക്രെഡിറ്റേഷൻ നേടിയെടുത്തിട്ടുള്ളതും കഴിഞ്ഞ അഞ്ച് വർഷത്തിനിടയിലാണ്. 130-ലേറെ ആശുപത്രികൾക്കാണ് National Quality Assurance Scheme അനുസരിച്ചുള്ള അവാർഡ് ലഭ്യമായിട്ടുള്ളത്. അത് നമ്മുടെ കാഴ്ചപ്പാടിൽ വന്നിട്ടുള്ള വലിയ മാറ്റം തന്നെയാണ്. ഈ മാറ്റം തുടരണം. ഏതായാലും ഗവൺമെന്റിന്റെ തുടർച്ചയെന്നുള്ളതുകൊണ്ടുതന്നെ ഈ മാറ്റങ്ങൾ പൂർവ്വാധികം ശക്തമായി തുടരുമെന്നുള്ളതാണ് ഒരു ആശ്വാസം. പുതിയ ഗവൺമെന്റിന്റെ ഭാഗമായി ഒരുപാട് കാര്യങ്ങൾ ആരോഗ്യ മേഖലയിൽ പ്രഖ്യാപിക്കുമെന്നുള്ള കാര്യം ഉറപ്പാണ്. മിനിമം സ്റ്റാന്റേർഡ്സ് ഡിഫൈൻ ചെയ്തിട്ടുണ്ട്. ചെറുകിട സ്ഥാപനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. കാരണം, മിനിമം സ്റ്റാന്റേർഡ്സ് ഡിഫൈൻ ചെയ്യുമ്പോൾ ഫീസ് ഘടന ഡിഫൈൻ ചെയ്യണം. എല്ലാവർക്കും ഒരേ ഫീസാണെന്ന് ഇവിടെ പരാമർശിച്ചു. ഈ നിയമത്തിന്റെ റൂൾസ് പൂർണ്ണമായിട്ടും വായിക്കാത്തതുകൊണ്ടാണ് അങ്ങനെ പരാമർശിച്ചത്. റൂൾസ് ഫ്രെയിം ചെയ്യുന്ന സമയത്ത് ഓരോ സ്ഥാപനങ്ങളുടെ സാധ്യതയ്ക്കും അതിന്റെ ആവശ്യകതകൾക്കും അനുസരിച്ച് മിനിമം സ്റ്റാന്റേർഡ്സും ഫീസിന്റെ കാര്യവും എല്ലാം കൃത്യമായി ഡിഫൈൻ ചെയ്തിട്ടുണ്ട്. അതുകൊണ്ട് എല്ലാ സ്ഥാപനങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ വരാൻ സാധിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. വരുംനാളുകളിൽ ആരോഗ്യ വകുപ്പ് ഈ നിയമത്തിൻ കീഴിൽ എല്ലാ സ്ഥാപനങ്ങളെയും കൊണ്ടുവന്ന് കേരളത്തിന്റെ ആരോഗ്യ രംഗത്തെ ഗുണനിലവാരം ഉറപ്പുവരുത്തുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതാണ് ഈ ബില്ലിന്റെ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ ആരോഗ്യ രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. തിരുവിതാംകൂർ രാജാക്കന്മാരുടെ കാലം മുതൽ കേരളത്തിന്റെ ആരോഗ്യ രംഗത്ത് വന്ന ജനകീയ സംവിധാനങ്ങളെക്കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. അതൊക്കെ ശരിയാണ്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. പക്ഷേ നമുക്ക് ഇന്നത്തെ സാഹചര്യത്തിനനുസരിച്ച് കേരളത്തിന്റെ ആരോഗ്യ രംഗത്തെ മാറ്റിയെടുക്കേണ്ടിയിരിക്കുന്നു. 1957-ന് ശേഷം 2016 വരെ ഒരുപാട് മാറ്റങ്ങളുണ്ടായിട്ടുണ്ട്. അതിപ്രശസ്തനായ ഡോ. എ. ആർ.

മേനോന്റെ നേതൃത്വത്തിൽ 1957-ലെ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ജനകീയ ആരോഗ്യനയത്തെ തുടർന്ന് വിവിധ ഘട്ടങ്ങളിലുണ്ടായ മാറ്റങ്ങൾ ഉൾച്ചേർന്നിട്ടാണ് ഇന്ന് ലോകമാകെ വീക്ഷിക്കുന്ന ഒരു ആരോഗ്യ സംവിധാനമുള്ള ഇടം എന്ന ഖ്യാതി കോരളത്തിന് ലഭ്യമായിട്ടുള്ളത്. എന്നാൽ 2016-ൽ അധികാരത്തിൽ വന്ന ഗവൺമെന്റ് ഒരു പ്രത്യേക മിഷനിലൂടെ വളരെ പെട്ടെന്നുതന്നെ ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരാനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തത്. അതിനുവേണ്ടി ഏറ്റവും ആദ്യം ചെയ്തത് ഒരു സമഗ്രമായ ആരോഗ്യ നയം പ്രഖ്യാപിക്കുകയെന്നതാണ്. ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ, എം.എൽ.എ. ഒരു ഡോക്ടർ കൂടിയാണ്. അദ്ദേഹം ആരോഗ്യ നയത്തെക്കുറിച്ച് വളരെ പോസിറ്റീവായി പരാമർശിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. എല്ലാ കാര്യങ്ങളും പൂർണ്ണമായി നടപ്പിലാക്കി കഴിഞ്ഞിട്ടില്ല. 2017-ൽ ഡ്രാഫ്റ്റ് ചെയ്ത് 2018-ൽ ആരോഗ്യനയം രൂപീകരിച്ചു. ഇന്നത്തെ ആനുകാലിക പ്രശ്നങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിൽ കേരളത്തിന്റെ ആരോഗ്യ രംഗത്തെ മാറ്റണമെന്നാണ് ആ നയത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളത്. ഒരുപാട് നേട്ടങ്ങളുണ്ടായി. ആയുസ്സ് വർദ്ധിച്ചു, ശിശു മരണനിരക്കും മാതൃമരണനിരക്കും മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ കുറവാണ്. പക്ഷെ 2016-ൽ പരിശോധിച്ചപ്പോൾ നമുക്ക് മനസ്സിലായിട്ടുള്ളത്, ജനസംഖ്യയുടെ മുപ്പത്തിമൂന്ന് ശതമാനം മാത്രമാണ് ഗവൺമെന്റ് മേഖലയെ ആശ്രയിക്കുന്നത്, ബാക്കി എഴുപത്തിയേഴ് ശതമാനം ആളുകളും സ്വകാര്യ മേഖലയിലേയ്ക്കാണ് പോകുന്നത്. Out-of-pocket expenditure ആണ് പ്രധാനപ്പെട്ട ഒരു പ്രശ്നം. ജനങ്ങളുടെ ചികിത്സാ ചെലവ് വർദ്ധിക്കുന്നതുകൂടി കണക്കിലെടുത്തുകൊണ്ടാണ് വലിയ മാറ്റമുണ്ടാക്കാൻ വേണ്ടി ശ്രമിച്ചത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ ഏറെ കാര്യങ്ങൾ ഈ മേഖലയിൽ ചെയ്തിട്ടുണ്ട്. പക്ഷേ ഇവിടെ ഡോ. എസ്. എസ്. ലാൽ അങ്ങേയ്ക്ക് ഒരു തുറന്ന കത്ത് എഴുതിയിരുന്നു. അതിൽ പ്രധാനമായി പറഞ്ഞിട്ടുള്ള കാര്യം, 'കോവിഡിന്റെ ജില്ലാ അവലോകനയോഗങ്ങൾ നയിക്കുന്നത് പോലീസ് സൂപ്രണ്ടാണ് ' എന്നാണ്. പൊതുജനാരോഗ്യ പ്രശ്നമായ കോവിഡിനെ അങ്ങനെ ക്രമസമാധാന പ്രശ്നമാക്കിമാറ്റി. പലയിടത്തും ജില്ലാ മെഡിക്കൽ ഓഫീസർമാർ നോക്കുകുത്തികളായിമാറി. 'ആരോഗ്യ വകുപ്പിനെ വളരെ ആസൂത്രിതമായി തകർത്തത് പോലെയാണ് ഇപ്പോഴത്തെ കാര്യങ്ങൾ' എന്ന രീതിയിൽ കത്ത് കിട്ടിയത് അങ്ങയുടെ പരിഗണനയിലുണ്ടോ; വായിച്ചിട്ടുണ്ടോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, കോവിഡ് പ്രതിരോധം ആരോഗ്യ വകുപ്പ് മാത്രം കൈകാര്യം ചെയ്യാൻ കഴിയുന്ന ഒന്നായിരുന്നില്ല. അതിന്റെ പ്രവർത്തനം എത്രമാത്രം കഠിനമായിരുന്നുവെന്നുള്ളത് ആ രംഗത്ത് പ്രവർത്തിച്ചിട്ടുള്ള

എല്ലാവർക്കുമറിയാം. പോലീസും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ പ്രവർത്തകരും എല്ലാവരും ചേർന്നായിരുന്നു പ്രവർത്തിച്ചിരുന്നത്. ഒരു ജില്ലയിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചുമതല ജില്ലാ കളക്ടർക്കായിരുന്നു. പോലീസ് ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർ ചേർന്ന് നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനം തന്നെയാണത്. അനുദിനം വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവ് കുറയ്ക്കാനും പകർച്ചവ്യാധി, ജീവിതശൈലി രോഗങ്ങൾ എന്നിവയുടെ നിയന്ത്രണത്തിനുമുതകുന്ന നടപടികളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചത്. ഇന്ത്യയുടെ ഡയബറ്റിക് ക്യാപ്പിറ്റലാണ് കേരളം എന്ന് പറയുന്നുണ്ടല്ലോ; അതിന്റെ ഭാഗമായിട്ടുതന്നെയാണ് പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയത്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പുതിയ ക്ലിനിക്കുകൾ തുടങ്ങി. ശ്വാസകോശ സംബന്ധമായ രോഗങ്ങൾ പരിശോധിക്കാനും കാൻസർ പോലെയുള്ള രോഗങ്ങൾ നേരത്തെ കണ്ടുപിടിക്കുന്നതിനുമുള്ള കേന്ദ്രമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ മാറുന്നു. അതിന്റെ ഗുണം കോവിഡ് കാലത്ത് ഉപകാരപ്രദമായി വരികയും ചെയ്തു. താലൂക്കാശുപത്രികളിലും ജില്ലാശുപത്രികളിലുമൊക്കെ പഴയ ഉപകരണങ്ങൾ മാറ്റി പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രക്രിയ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. രണ്ട് വർഷം കൂടി കഴിയുമ്പോൾ കേരളത്തിലെ ഗവൺമെന്റ് ആശുപത്രികളുടെ ചിത്രം വലിയ തോതിൽ മാറുമെന്നുള്ളത് നമ്മുടെയെല്ലാവരുടെയും മുന്നിലുള്ള അനുഭവമാണ്. ഇ-ഹെൽത്ത് പദ്ധതിയിലൂടെ ആരോഗ്യ മേഖല ഡിജിറ്റലൈസ് ചെയ്തുതുടങ്ങി. കേന്ദ്ര ഗവൺമെന്റ് ആരോഗ്യ മേഖല ഡിജിറ്റലൈസ് ചെയ്യാൻ ശ്രമിക്കുകയാണ്. ഇ-ഹെൽത്ത് പദ്ധതി നമ്മൾ നേരത്തെ തുടങ്ങുകയും അത് അഭിമാനകരമായ പദ്ധതിയായി കൊണ്ടുവരാൻ സാധിക്കുകയും ചെയ്തു. എല്ലാ മേഖലയിലും നമ്മൾ മാറ്റമുണ്ടാക്കിയിട്ടുണ്ട്. Antibiotic resistance, മെഡിക്കൽ കോളേജുകളെ ഏറ്റവും ഉന്നതമായ സ്ഥാപനങ്ങളാക്കൽ, മാനസികാരോഗ്യ രംഗത്ത് പ്രത്യേക ശ്രദ്ധ, 'അരികെ' തുടങ്ങിയ പ്രോജക്ടുകൾ പ്രഖ്യാപിച്ചുകൊണ്ട് പാലിയേറ്റീവ് കെയർ രംഗത്ത് വന്നിട്ടുള്ള മാറ്റം മുതൽ എല്ലാ മേഖലയിലും ഏറ്റവും പുതിയ സംവിധാനങ്ങൾ കൊണ്ടുവന്നിട്ടുള്ള സമഗ്രമായ ഒരു നയമാണ് കേരളത്തിന്റെ ആരോഗ്യ മേഖലയിലുണ്ടായത്. അതുകൊണ്ടുതന്നെയാണ് കോവിഡിനെ നമുക്ക് നന്നായി പ്രതിരോധിക്കാൻ സാധിച്ചത്. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് കുറച്ച് കണക്കുകൾ പറയുന്നത് കേട്ടു. കോവിഡ് പ്രതിരോധത്തിൽ ആരോഗ്യരംഗത്തെ ഒരു വിദഗ്ദ്ധരും കേരളത്തിന്റെ രീതി പരാജയമായിരുന്നുവെന്ന് പറയുന്നില്ല. കാരണം ഇത്രയും ജനസാന്ദ്രത കൂടിയ ഒരു സംസ്ഥാനത്ത് മരണനിരക്ക് ഇപ്പോഴും 0.5 ശതമാനമായി കുറച്ച് നിർത്താൻ കഴിഞ്ഞത് നമ്മുടെ

ആശുപത്രികളിൽ വന്നിട്ടുള്ള വലിയ മാറ്റത്തിലൂടെയാണ്. വൈറസിന്റെ പൊട്ടൻഷ്യൽ നമ്മുടെ ആശുപത്രി സംവിധാനത്തിന്റെ കരുത്തിന്റെ താഴെ നിർത്താൻ ശ്രമിച്ച ആയിരക്കണക്കിന് വോളന്റിയർമാരടക്കമുള്ളവരുടെ സേവനത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായിട്ടാണ് നമുക്ക് അങ്ങനെ ചെയ്യാൻ സാധിച്ചത്.

ഒരു കാര്യം കൂടി ഞാൻ പറയാം, മൊത്തം എത്ര മരണങ്ങൾ സംഭവിച്ചുവെന്ന് നോക്കിയിട്ടാണ് ലോക രാഷ്ട്രങ്ങൾതന്നെ കോവിഡ് കാലത്തെ പ്രതിരോധ പ്രവർത്തനങ്ങളുടെ നിലവാരമളക്കുന്നത്. അധിക മരണ നിരക്ക് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2020 വരെയുള്ള അധിക മരണ നിരക്ക് പരിശോധിച്ചപ്പോൾ 2019-ൽ 1,99,962 മരണങ്ങൾ രജിസ്റ്റർ ചെയ്തു, എന്നാൽ 2020-ൽ 1,90,499 മരണങ്ങളേയുള്ളൂ. ഡെത്ത് രജിസ്ട്രേഷൻ കൃത്യമായി നടക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. 2021-ൽ ഡെൽറ്റാ വേരിയന്റ് വന്നപ്പോൾ കുറച്ചധികം വ്യാപനമുണ്ടായി, മരണവും കൂടിയിട്ടുണ്ട്. പക്ഷെ ലോകത്തിലെ മറ്റ് ഭാഗങ്ങളെയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെയും അപേക്ഷിച്ച് നോക്കുമ്പോൾ കേരളത്തിൽ അത് വളരെ കുറവാണ്. ഇവിടെ കണക്കുകൾ അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട എം.എൽ.എ.-മാരെല്ലാവരും ഇത് പഠിക്കണം. അതുകൊണ്ടാണ് കേരളമാണ് കോവിഡ് പ്രതിരോധ രംഗത്ത് ശാസ്ത്രീയമെന്ന് വിദഗ്ദ്ധർ ഇപ്പോഴും പറയുന്നത്. കേരളത്തിന്റെ ആരോഗ്യരംഗം ഇനിയും മെച്ചപ്പെടണം. അതിനുതകുന്ന മൂന്ന് ബില്ലുകൾ ഇന്ന് കൊണ്ടുവന്നിരിക്കുകയാണ്. കേരളം രൂപംകൊണ്ട് ഇത്ര വർഷമായിട്ടും ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടെന്നാണ് നമ്മൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. അത് മാറ്റാനാണ് ഓർഡിനൻസ് ഡ്രാഫ്റ്റ് ചെയ്തത്. പക്ഷെ കോവിഡ് കാരണം കഴിഞ്ഞ നിയമസഭയിൽ അത് അവതരിപ്പിക്കാൻ കഴിഞ്ഞില്ല, അതുകൊണ്ട് ഓർഡിനൻസ് ഇറക്കേണ്ടി വന്നു. ഇപ്പോൾ പബ്ലിക് ഹെൽത്ത് ഓർഡിനൻസ് നിയമമായി മാറാൻ പോകുന്നു. അതുപോലെ മെഡിക്കൽ പ്രാക്ടീഷണേഴ്സ് കൗൺസിൽ കേരള കൗൺസിലായി മാറാൻ പോകുന്നു. ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് വളരെ അഭിമാനത്തോടുകൂടി രാവിലെ അവതരിപ്പിച്ച ഈ മൂന്ന് ബില്ലുകളും നിയമമായി മാറുമ്പോൾ കേരളത്തിന്റെ ആരോഗ്യ രംഗത്ത് ഗുണകരമായ മാറ്റമുണ്ടാകും. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ ഈ ബില്ലുകൾ അംഗീകരിച്ച് പാസ്സാക്കുകയാണ് വേണ്ടത്. നീതി ആയോഗിന്റെ റിപ്പോർട്ടിനെക്കുറിച്ചൊന്നും ഞാൻ ഇവിടെ പറയുന്നില്ല. അത് അതിഭീകരമാണ്. കച്ചവടത്തിലേയ്ക്ക് പോകുകയാണ്. ഹെൽത്ത് സർവ്വീസിനു പകരം ഹെൽത്ത് ഇൻഡസ്ട്രിയെന്ന പദപ്രയോഗമാണ് ഈ റിപ്പോർട്ടിലുടനീളം കാണുന്നത്. അതിനിടയിൽ കേരളത്തിന് ഒരു പച്ചത്തുരുത്തായി നിൽക്കാൻ കഴിയുന്ന ചില

ബില്ലുകളാണ് കൊണ്ടുവന്നിട്ടുള്ളത്. എല്ലാവരും യോജിച്ച് ഈ ബിൽ പാസ്സാക്കണം. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റുകൾ രജിസ്റ്റർ ചെയ്യാനുള്ള സമയപരിധി ഒരു വർഷം കൂടി നീട്ടുന്നുവെന്നുള്ളതാണ് ഈ ആക്ടിന്റെ പരിധിയിൽ വരുന്നത്. ഞാൻ അതിനെ അംഗീകരിക്കുന്നു.

5.00 P.M.]

ശ്രീമതി സി. കെ. ആശ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. ബാലചന്ദ്രൻ): സർ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന സഭയുടെ ഭൂരിപക്ഷാഭിപ്രായത്തെ പിന്തുണയ്ക്കുകയാണ്. ഇവിടെ ഒരുപാട് സാമാജികർ ഈ ബില്ലിന്മേലുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയും ഭേദഗതികളും മറ്റ് നിർദ്ദേശങ്ങളും സമർപ്പിക്കുകയും ചെയ്തതായി കാണുന്നു. വളരെ സമഗ്രമായ ഒരു ചർച്ച ഇതിനകം നടന്നുകഴിഞ്ഞു. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ വളരെ അടിസ്ഥാനപരമായി ഈ ബില്ലിന്റെ പ്രത്യേകതകളെക്കുറിച്ച് സംസാരിച്ചു. പലരും ഇവിടെ ആശുപത്രികളെക്കുറിച്ചാണ് സംസാരിച്ചത്. ഞാൻ മനസ്സിലാക്കുന്നത്, ഈ ബിൽ ആശുപത്രികളെക്കുറിച്ചുള്ളതല്ല. ക്ലിനിക്ക് എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് ചികിത്സാലയമെന്നാണ്. കേവലം പരിമിതമായ ഉപാധികളോടെ ഒന്നോ രണ്ടോ ഡോക്ടർമാർ നടത്തുന്ന സ്ഥാപനത്തെയാണ് ക്ലിനിക്ക് എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. അങ്ങനെ വിവക്ഷിക്കുമ്പോൾ ഇവിടെ ഭൂരിപക്ഷം പേരും പറഞ്ഞ സമഗ്രമായ സാധ്യതകളുള്ള ആശുപത്രികളുമായി താരതമ്യം ചെയ്ത് പരിശോധിക്കപ്പെടേണ്ട ഒന്നല്ല. കേരളത്തിൽ 24 സ്വകാര്യ മെഡിക്കൽ കോളേജുകളും 15 സർക്കാർ മെഡിക്കൽ കോളേജുകളുമുണ്ട്. അതിൽ 4 മെഡിക്കൽ കോളേജുകളുടെ പണി പൂർത്തീകരിക്കുന്നതേയുള്ളൂ. 300 ട്രോമാകെയർ സ്വകാര്യ ആശുപത്രികൾ കേരളത്തിലുണ്ട്. ഏകദേശം 24 ട്രോമാകെയർ സർക്കാർ താലൂക്ക്/ജില്ലാ ആശുപത്രികൾ കേരളത്തിലുണ്ട്. ഇതുകൂടാതെ പ്രൈമറി ഹെൽത്ത് സെന്ററുകൾ ഉൾപ്പെടെ വിപുലമായ ഒരു ആരോഗ്യ ശൃംഖലയാണ് കേരളത്തിലുള്ളത്. നേരത്തെ സൂചിപ്പിച്ച ജനകീയ ആരോഗ്യ നയം കേരള മോഡലിന്റെ ഭാഗമായി ഉയർന്നുവന്നിട്ടുള്ള ഒരു സങ്കൽപ്പമാണ്. ആ സങ്കൽപ്പം പ്രഥമ ഭരണത്തിന്റെ കാലഘട്ടത്തിൽത്തന്നെ മഹാനായ ഡോ. എ. ആർ. മേനോന്റെ നേതൃത്വത്തിൽ കേരളത്തിൽ നടപ്പിലാക്കി. ആരോഗ്യ മേഖലയിൽ വികസിത ചൈന നേടിയ നേട്ടങ്ങൾ നാം കൈവരിച്ചിട്ടുണ്ടെന്നാണ് വേൾഡ്

ഹെൽത്ത് ഓർഗനൈസേഷന്റെ റിപ്പോർട്ടുകളിലും Hopkins University അധികൃതരും പറയുന്നത്. അത് സൂചകമായെടുത്താൽ ആരോഗ്യപരിപാലന രംഗത്ത് കേരളം മറ്റ് സംസ്ഥാനങ്ങൾക്കാകെ മാതൃകയാണ്. വരുമാനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ജനങ്ങളെ ചികിത്സിക്കുന്ന ഒരു ചികിത്സാ സമ്പ്രദായത്തിന് കേരളത്തിൽ അസ്ഥിവാരമിട്ടുവെന്നുള്ളതാണ് നാം മാതൃകയാകാനുള്ള പ്രധാന കാരണം. ഗർഭിണികൾ മുതൽ ചികിത്സ ആവശ്യമുള്ള എല്ലാവർക്കും പ്രൈമറി ഹെൽത്ത് സെന്ററിൽ ചികിത്സ കൊടുക്കുന്നതോടെ ആരംഭിക്കുന്ന കേരളത്തിന്റെ ചികിത്സാ രംഗം വളരെ സജ്ജീകരണത്തോടെ മുന്നോട്ടുകൊണ്ടുപോയതിന്റെ അടിസ്ഥാനത്തിൽ നാം ഇന്ന് 75 വയസ്സെന്ന ആയുർ ദൈർഘ്യത്തിലെത്തിയിരിക്കുകയാണ്. പല വികസിത രാജ്യങ്ങളും ആരോഗ്യ രംഗത്ത് നേടിയ നേട്ടങ്ങൾ ആയുർ ദൈർഘ്യത്തിന്റെ കാര്യത്തിലും നാം നേടിക്കഴിഞ്ഞിരിക്കുന്നു. കുടുംബ ഡോക്ടറെന്ന സങ്കൽപ്പത്തെക്കുറിച്ച് ശ്രീ. എൻ. ഷംസുദ്ദീനും ശ്രീ. പി. ഉബൈദുള്ളയും ബഹുമാനപ്പെട്ട മറ്റംഗങ്ങളും പറഞ്ഞു. അത്തരത്തിലുള്ള ഒരു കൺസെപ്റ്റിൽ ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് പെട്ടെന്ന് സമീപിക്കാൻ കഴിയുന്ന ചികിത്സാലയങ്ങൾ ഗ്രാമങ്ങളിൽ തുടങ്ങണം. ഇത് മോഡേൺ മെഡിസിന്റെ ഭാഗമെന്ന് പറഞ്ഞാൽ, നാം ഊന്നൽ കൊടുക്കുന്നത് അലോപ്പതി മെഡിസിനെയാണ്. എന്നാൽ അലോപ്പതി മെഡിസിനിൽ മാത്രമല്ല, ഇന്ന് ചികിത്സ തേടുന്നതിന്റെ 40 ശതമാനം ആയുർവേദത്തിലും ഹോമിയോപ്പതിയിലും യുനാനിയിലും സിദ്ധയിലും ഒറ്റമൂലി ചികിത്സയിലും മർമ്മ ചികിത്സയിലും അക്യുപങ്ചർ ചികിത്സയിലുമൊക്കെ പോകുന്നുണ്ട്. കേരളത്തിൽ മോഡേൺ മെഡിസിനുമായി ബന്ധപ്പെട്ട് പ്രധാനമായി ഊന്നൽ നൽകുന്നത് അലോപ്പതി മെഡിസിനാണ്. അലോപ്പതി മെഡിസിനിൽ 50 ശതമാനത്തോളം ട്രോമാകെയറുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. ജീവിതശൈലി രോഗങ്ങൾക്ക് ആദ്യ 20 ശതമാനം അലോപ്പതി മെഡിസിനിന്റെ സഹായം തേടിക്കഴിഞ്ഞാൽ പിന്നീട് അവർ ആയുർവേദത്തിലേയ്ക്കും ക്രമേണ മറ്റ് ചികിത്സാ രീതികളിലേയ്ക്കും മാറുന്നു. കേരളത്തിൽ ക്ലിനിക്ക് എന്ന അർത്ഥത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നതിൽ കൂടുതൽ ആയുർവേദ റിസോർട്ടുകളുമുണ്ടെന്ന് മനസ്സിലാക്കണം. പ്രത്യേകിച്ച് പഞ്ചകർമ്മ ചികിത്സ ഇന്ന് വിദേശികളെയും സ്വദേശികളെയും കൂടുതൽ ആകർഷിക്കുന്നതാണ്. അതിൽ ഇടത്തട്ട് വരുമാനമുള്ളവരൊക്കെ ചികിത്സയുമായി ബന്ധപ്പെട്ട് ആയുർവേദ റിസോർട്ടുകളിൽ പോകുന്നവരാണ്. ഈ റിസോർട്ടുകൾ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എങ്ങനെയാണെന്ന് പരിശോധിക്കണം. എത്രയോ കാലങ്ങളായി ആയുർവേദത്തിന്റെ നിയതമായ ചിട്ടകളിൽനിന്ന് തെന്നിമാറി സുഖചികിത്സ, തിരുമ്മൽ ചികിത്സാ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ആയുർവേദത്തിന്

സുഖചികിത്സാ കേന്ദ്രമെന്ന ഒരു വകമാറ്റം വന്നിട്ടുണ്ടെന്നുള്ളത് ശരിയാണ്. പക്ഷെ ആയുർവേദത്തിന്റെ അടിസ്ഥാനമായ പഞ്ചകർമ്മ ചികിത്സ കേന്ദ്ര ഗവൺമെന്റിന്റെകൂടി സഹായത്തോടെ കേരളത്തിലെ വിവിധ ജില്ലകളിൽ ആയുഷ് വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നുണ്ട്. അതുൾപ്പെടെയുള്ള ചികിത്സാ സമ്പ്രദായങ്ങൾ നമ്മുടെ ഗ്രാമപ്രദേശത്ത് ഇന്ന് ആരംഭിക്കുന്നത് ചെറിയ ക്ലിനിക്കുകളായിട്ടാണ്. അവിടെ വിശ്വസ്തരായ ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരുമുണ്ടോയെന്ന് പരിശോധിക്കപ്പെടുന്നതിനുള്ള ഒരു നിയമമാണ് നടപ്പിൽ വരാൻ പോകുന്നത്. നമ്മുടെ ക്ലിനിക്കുകൾക്ക് രജിസ്ട്രേഷനും നിയതമായ ചട്ടങ്ങളും പ്രവർത്തന രീതിയും വേണം. അവിടെ പ്രവർത്തിക്കുന്നവരുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ പ്രദർശിപ്പിക്കണമെന്ന് പറയുന്നതിന്റെ അർത്ഥം നമ്മുടെ ക്ലിനിക്കുകളെ ഒരു ജനകീയ ആരോഗ്യ സുരക്ഷാ മേഖലയായി കാണുകയും അതിനെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്യുന്നുവെന്നുള്ളതാണ്. 2018 മുതൽ ഈ നിയമം പ്രാബല്യത്തിൽ വരികയാണ്. അതിന് പ്രധാന കാരണം കോവിഡ് ആരംഭിച്ചതിനുശേഷം ഈ കാര്യങ്ങൾ കർശന നിയന്ത്രണങ്ങളോടെ നടപ്പിലാക്കാൻ സാധിച്ചില്ല. ക്ലിനിക്കുകൾ അനിയന്ത്രിതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്, അതിനെ ഇപ്പോൾ എങ്ങനെ നിയന്ത്രിക്കുമെന്നൊക്കെയാണ് ശ്രീ. എം. വിൻസെന്റ് ചൂണ്ടിക്കാണിച്ചത്. അനിയന്ത്രിതമായി എങ്ങും പ്രവർത്തിക്കുന്നില്ല. ഇപ്പോൾ ഏകദേശം എണ്ണായിരത്തോളം ക്ലിനിക്കുകൾ രജിസ്ട്രേഷൻ നടത്തിയിരിക്കുകയാണ്. ഉദ്ദേശം മൂവായിരത്തോളം ക്ലിനിക്കുകൾ സ്വകാര്യ മേഖലയിലും ബാക്കി സർക്കാർ മേഖലയിലുമുള്ളതാണെന്നാണ് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ സൂചിപ്പിച്ചത്. ഈ ക്ലിനിക്കുകൾ പ്രവർത്തനസജ്ജമാകുന്നതോടെ കേരളത്തിലെ ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾക്ക് കുറച്ചുകൂടി ആക്കംകൂട്ടാൻ സാധിക്കും. അതിനാൽ അത്തരത്തിലുള്ള പ്രവർത്തനത്തെ ക്രമമായി വർദ്ധിപ്പിച്ച് അടിത്തട്ടിലെ ജനങ്ങൾക്ക് സഹായം ലഭിക്കുന്നതിനുവേണ്ടി ക്ലിനിക്കുകളുടെ നിയന്ത്രണം പ്രാദേശിക ഗവൺമെന്റുകളെ ഏൽപ്പിക്കുകയെന്ന കാഴ്ചപ്പാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനുള്ളത്. പ്രാദേശിക ഗവൺമെന്റുകളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് ശ്രീ. ജി. എസ്. ജയലാൽ സൂചിപ്പിച്ചു. ഒരു പഞ്ചായത്തിൽ ഇന്ന് നാല് വിഭാഗം ഡോക്ടർമാർ പഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും അംഗങ്ങളുടെയും കീഴിൽ ആ ഗ്രാമപ്രദേശത്തിലെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നു. അങ്ങനെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും കാർമ്മികത്വത്തിൽ

ആരോഗ്യഘടനയെ വികസിപ്പിച്ചെടുത്താൽ കൂടുതൽ സജ്ജമായ വിധത്തിൽ ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ നമുക്ക് പരിഹരിക്കാൻ സാധിക്കും. സഭയിൽ സംസാരിച്ചവരൊക്കെ പറഞ്ഞത് മെഡിക്കൽ കോളേജിൽ വെന്റിലേറ്ററില്ല, മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തനത്തെ വൻകിട ആശുപത്രികൾ കൊള്ള ചെയ്യുന്നു, കോവിഡ് അനിയന്ത്രിതമായി കേരളത്തിൽ വർദ്ധിക്കുന്നു എന്നൊക്കെയാണ്. എന്നാൽ ഇതൊന്നുമല്ല പ്രശ്നം. താഴെക്കിടയിലുള്ളവർക്ക് പോകാൻ സാധിക്കുന്ന, പേഴ്സിനെക്കാൾ മുമ്പ് പൾസ് നോക്കുന്ന ഒരു സംവിധാനം ഗ്രാമീണ ഘടനയിൽ രൂപീകരിക്കുക എന്നതാണ് പ്രധാനം.

ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത് തമാശയാണെന്ന് എനിക്ക് തോന്നി. മണ്ണാർക്കാട് മണ്ഡലത്തിലെ പല പ്രദേശങ്ങളിലും നാട്ടുവൈദ്യ ചികിത്സയുമായി ബന്ധപ്പെട്ട് വള്ളിയമ്മാളെപ്പോലെയുള്ള നിരവധിയാളുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. കേരളം scientific temper ഉള്ള ഒരു സംസ്ഥാനമെന്ന നിലയ്ക്ക് നമ്മുടെ ചികിത്സയെ സംബന്ധിച്ചും രോഗികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന സംവിധാനങ്ങളെ സംബന്ധിച്ചും ഗവൺമെന്റിന് ചില കാഴ്ചപ്പാടുകൾ വേണം. ഏതുതരത്തിലുള്ള ചികിത്സയെയും ക്രമീകരിച്ചുകൊണ്ട്, അതിന്റെ ദോഷങ്ങൾ മനസ്സിലാക്കികൊണ്ട് മുന്നോട്ടുപോകണം. 1980 മുതൽ കേരളത്തിൽ പ്രസിദ്ധിയാർജ്ജിച്ച ഒരു ചികിത്സാ സമ്പ്രദായമാണ് നാച്ചുറോപതിയെങ്കിലും അതിനുമുമ്പും പ്രസ്തുത ചികിത്സാ ശാഖയുണ്ടായിരുന്നു. നാച്ചുറോപതിയുമായി ബന്ധപ്പെട്ട് വികസന വിരോധികളായി മാറുന്ന, വികസനത്തെ മുഴുവൻ അട്ടിമറിക്കാൻ ശ്രമിക്കുന്ന ചില ആളുകളുണ്ട്. അതുപോലെ അലോപ്പതി ചികിത്സയേയും മോഡേൺ മെഡിസിനെയും ശാസ്ത്രീയ ചികിത്സാ പദ്ധതികളേയും തുറന്ന് എതിർക്കുന്ന ഒരു ചികിത്സാ സമ്പ്രദായമായിതന്നെ മറ്റ് ചികിത്സാ സമ്പ്രദായങ്ങൾ വികസിക്കുന്നുണ്ട്. Scientific temper ഉള്ള ഒരു സംസ്ഥാനത്തെ ഗവൺമെന്റിന് എങ്ങനെയാണ് അത്തരത്തിലുള്ള ചികിത്സാരീതികളെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കാൻ കഴിയുന്നത്? അതിനാൽ അത്തരത്തിലുള്ള അശാസ്ത്രീയ ചികിത്സാ പദ്ധതികളെ ക്രമേണ നിയന്ത്രിച്ച് നെല്ലും പതിരും തിരിക്കുന്നതുപോലെ ഗവൺമെന്റിന് ജനങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ നിർണ്ണായകമായ തീരുമാനമെടുക്കാൻ കഴിയണം. ഞാൻ ഒറ്റമൂലി ചികിത്സകൾക്ക്, അല്ലെങ്കിൽ എവിടെയെങ്കിലും നടക്കുന്ന മറ്റുരീതിയിലുള്ള ചികിത്സകൾക്ക് എതിർദിശയിൽ സംസാരിക്കുകയല്ല, എതിർദിശയിൽ സംസാരിക്കേണ്ട ഒരു സാഹചര്യം കേരളത്തിലുണ്ടായിട്ടുണ്ടെന്നുള്ളത് സത്യമാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, നമ്മുടെ നാട്ടിൽ പാരമ്പര്യ ചികിത്സ വ്യാപകമായി നടക്കുന്നുണ്ട്. അതിനെ ഒഴിവാക്കി കൊണ്ടുപോകാൻ

സാധ്യമാണെന്ന് തോന്നുന്നില്ല. ഗവേഷണത്തിന്റെ പിൻബലത്തോടുകൂടി ആധികാരികത ഉറപ്പുവരുത്തിക്കൊണ്ട് ഇത്തരം ചികിത്സാ രീതികളെ നിയന്ത്രിക്കാനും അതിന്റെ ഗുണനിലവാരം ഉറപ്പാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭിപ്രായമുണ്ടോ?

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഇവിടെ ഉന്നയിച്ച പ്രശ്നവുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിലെ ട്രൈബൽ മേഖല പരിശോധിച്ചാൽ എത്രയോ ചികിത്സാ രീതികൾ ഇന്ന് കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. മറ്റെല്ലാ ചികിത്സാരീതികളും പരാജയപ്പെട്ട സ്ഥലത്ത് ഈ ചികിത്സ ഫലം ചെയ്ത അനുഭവവും കേരളത്തിലുണ്ട്. അതിനാൽ ഇതിന്റെ ശാസ്ത്രീയമായ സമീപനത്തിലൊന്നും തെറ്റില്ല. എന്നാൽ ഈ പരമ്പരാഗത ചികിത്സാരീതിക്ക് അവർ അംഗീകരിക്കുന്ന മാർഗ്ഗം പച്ചമരുന്നുകൾ മാത്രമാണ്. പച്ചമരുന്നുകൾ ഉപയോഗിച്ച് എത്രയോ രോഗങ്ങൾ ഭേദമാക്കിയ അനുഭവങ്ങൾ കേരളത്തിലുണ്ട്. പരമ്പരാഗത തൊഴിലെന്ന നിലയിലും പരമ്പരാഗത ചികിത്സാ രീതിയെന്ന നിലയിലും എങ്ങനെ അതിനെ ഉപയോഗിക്കാമെന്നതിനെ സംബന്ധിച്ച പരിശോധന ഇതുമായി ബന്ധപ്പെട്ട് നടക്കേണ്ടതല്ലേ?

ശ്രീ. പി. എസ്. സുപാൽ: സർ, പരമ്പരാഗത ചികിത്സാ സംവിധാനം എത്രയോ നാളുകളായി നടന്നുകൊണ്ടിരിക്കുന്ന ഒരു ചികിത്സാ രീതിയാണ്. അതെല്ലായിടത്തും വ്യാപകമായി നടക്കുന്ന ഒരു സംവിധാനവുമാണ്. അത് നല്ലതുപോലെ മുന്നോട്ടുപോകുന്നുവെന്നതാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. ഇതിനിടയിൽ വ്യാജന്മാരുമുണ്ടെന്ന കാര്യം പ്രത്യേകമായി കാണാൻ സാധിക്കും. ഏതാണ് പൂർണ്ണമായിട്ടുള്ളത്; മോഡേൺ മെഡിസിന്റെ കാര്യം പറയുമ്പോൾ സയന്റിഫിക്കായി തെളിയിക്കപ്പെട്ടുവെന്ന് പറയപ്പെടുന്ന എത്രയോ മരുന്നുകളാണ് നിരോധിക്കപ്പെട്ടിട്ടുള്ളത്. ഇംഗ്ലീഷ് മരുന്നുകൾ ധാരാളമായി നിരോധിക്കപ്പെട്ടിട്ടുണ്ട്. എല്ലാം തികഞ്ഞ ഏതെങ്കിലുമൊരു മെഡിക്കൽ രംഗമുണ്ടെന്ന് നമുക്ക് പൂർണ്ണമായും പറയാൻ കഴിയുമോ; ഈ സാഹചര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ടല്ലേ നമ്മൾ കാര്യങ്ങൾ വിലയിരുത്തേണ്ടത്?

ശ്രീ. കെ. ബാബു (നെന്മാറ): സർ, ശ്രീ. ടി. പി. രാമകൃഷ്ണൻ എം.എൽ.എ.-യും മറ്റംഗങ്ങളും പറഞ്ഞതുപോലെ പാലക്കാട് ജില്ലയിലെ എരട്ടയാൽ എന്ന സ്ഥലത്ത് മഞ്ഞപ്പിത്തം ബാധിച്ചവർക്ക് നൽകുന്ന ചികിത്സയുണ്ട്. യഥാർത്ഥത്തിൽ ഇംഗ്ലീഷ് മരുന്നിനേക്കാൾ ഫലവത്തായ രൂപത്തിൽ രോഗം ഭേദമാകുന്നുണ്ട്. അതുപോലെയാണ് വിഷ ചികിത്സയും. വിഷ ചികിത്സയിൽ നാട്ടുവൈദ്യർ നൽകുന്ന മരുന്നുകൊണ്ട് ഭേദമാകുന്ന അവസ്ഥയുണ്ട്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, ഇത്തരം നാട്ടുചികിത്സകളിലെ

സയന്റിഫിക്കായ വശത്തെ ഉയർത്തിക്കൊണ്ടുവന്ന് ക്ലിനിക്കുകൾ എന്ന നിലയിലേയ്ക്ക് ആധികാരികമായി ലൈസൻസ് കൊടുത്ത് നടത്താൻ കഴിയാവുന്ന തരത്തിൽ ഈ ബില്ലുമായി ബന്ധപ്പെടുത്താൻ കഴിയുമോയെന്നാണ് അറിയാനുള്ളത്.

ശ്രീ. ഇ. കെ. വിജയൻ: സർ, പാരമ്പര്യ ചികിത്സയുമായി ബന്ധപ്പെട്ട് എന്റെ അനുഭവത്തിലുള്ള ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എനിക്ക് ചെറുപ്പത്തിൽ രക്തം ഛർദ്ദിക്കുന്ന ഒരു അസുഖമുണ്ടായിരുന്നു. കോഴിക്കോടുള്ള എല്ലാ ആശുപത്രികളിലും ചികിത്സിച്ചു. പിന്നീട് തിരുവനന്തപുരവുമായി ബന്ധപ്പെട്ടപ്പോൾ സാമ്പത്തിക ശാസ്ത്രത്തിൽ ഗോൾഡ് മെഡൽ നേടിയ ബഹുമാനപ്പെട്ട കമ്മ്യൂണിസ്റ്റ് നേതാവും മുൻ എം.പി.-യും എം.എൽ.എ.-യുമായിരുന്ന കെ. വി. സുരേന്ദ്രനാഥ് ആശാൻ എന്നോട് തിരുവനന്തപുരത്തെ ആർ.സി.സി.-യിൽ പോയി ഒരു പരിശോധന നടത്തണമെന്ന് പറഞ്ഞു. ആർ.സി.സി.-യിൽ അഞ്ച് ദിവസം തുടർച്ചയായി ബഹുമാനപ്പെട്ട ഡോ. കൃഷ്ണൻ നായർ ഡോക്ടർ എന്നെ പരിശോധിച്ചു.

മി. ചെയർമാൻ: യെസ്... യെസ്... പ്ലീസ്... സമയം..

ശ്രീ. ഇ. കെ. വിജയൻ: സർ, ഇതൊരു അനുഭവമാണ്. അവിടത്തെ ടെസ്റ്റെല്ലാം കഴിഞ്ഞ് കാൻസർ ഇല്ലെന്ന് പറഞ്ഞു. പക്ഷേ, രക്തം ഛർദ്ദിക്കുന്ന രോഗം മാറുന്നില്ല. അതുകഴിഞ്ഞ് സാന്ദർഭികമായി എന്റെ കുടുംബ ഡോക്ടറെ കാണാനിടയായി. അദ്ദേഹം പാരമ്പര്യ വൈദ്യ കുടുംബത്തിലെ വ്യക്തിയാണ്, ആയുർവേദവും പഠിച്ചിട്ടുണ്ട്. പാരമ്പര്യ ചികിത്സയുടെ ഭാഗമായി അദ്ദേഹത്തെ കണ്ടു. ഒരു മാസം ആട്ടിൻ പാലിൽ കോലരക്ക് പൊടിച്ച് തിളപ്പിച്ച് അത് തണുത്തതിനുശേഷം കുടിച്ചാൽ ഇത് മാറുമെന്ന് അദ്ദേഹം പറഞ്ഞു. അത്തരത്തിൽ കഴിച്ചതിനുശേഷം ഇന്നുവരെ ആ രോഗം വന്നിട്ടില്ല. പാരമ്പര്യ ചികിത്സയിൽ ഇതുകൂടിയുണ്ടെന്നുള്ളത് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. ചെയർമാൻ : യെസ്... യെസ്... പ്ലീസ്...

ശ്രീ. പി. ബാലചന്ദ്രൻ: സർ, പാരമ്പര്യ ചികിത്സയെ ഞാൻ എതിർക്കുന്നില്ല. ഞാനതിന്റെ ഒരു വശത്തെക്കുറിച്ചാണ് സംസാരിച്ചത്. പാരമ്പര്യ ചികിത്സയുടെ അത്ഭുതസിദ്ധികൊണ്ട് പലർക്കും രോഗം മാറിയിട്ടുണ്ടാകാം. പക്ഷേ, scientific temper എന്ന വാക്കുപയോഗിക്കുന്നുണ്ടെങ്കിൽ ശാസ്ത്രീയ ചിന്തയുടെ അടിസ്ഥാനത്തിൽ വൈദ്യ ശുശ്രൂഷാ മേഖലയെ നാം നോക്കികാണേണ്ടതാണ്. അങ്ങനെ നോക്കി കാണുമ്പോൾ മോഡേൺ മെഡിസിന് ഇന്നുള്ള ജനകീയ ബാഹുല്യവും ജനകീയ സ്വീകാര്യതയും മറ്റ് രംഗങ്ങളിലില്ല എന്നുള്ളതുകൊണ്ട് മറ്റ് രംഗങ്ങളെ ശാസ്ത്രീയമായി പുനഃക്രമീകരിക്കണമെന്നാണ് ഞാൻ പറഞ്ഞതിന്റെ

അടിസ്ഥാനം.

മി. ചെയർമാൻ: യെസ്... പ്ലീസ്... കൺക്ലൂഡ്...

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഇവിടെ ബഹുമാനപ്പെട്ട ശ്രീ. എ. എൻ. ഷംസീർ പറഞ്ഞ ഒരു കാര്യം സൂചിപ്പിക്കാം. നിപ വൈറസ് ശ്രീമതി കെ. കെ. ശൈലജ ടീച്ചറെ കുഴക്കിയിരുന്ന കാലത്ത് വവ്വാലുകടിച്ച പഴം കഴിച്ച ഒരാളുണ്ടായിരുന്നു. അദ്ദേഹം ഒരുക്കൂട്ടം മലയാളികളുടെ ചികിത്സാ സംവിധാനത്തിന്റെ തലവനുമായിരുന്നു.

മി. ചെയർമാൻ: യെസ്... പ്ലീസ്... പ്ലീസ്... നമുക്ക് ഒരു ബിൽ കൂടി എടുക്കാനുണ്ട്. പ്ലീസ്... കൺക്ലൂഡ്....

ശ്രീ. പി. ബാലചന്ദ്രൻ: സർ, അദ്ദേഹം കോവിഡ്-19 ബാധിച്ച് വീടിന്റെ കോലായിൽ മരിച്ചുവീണത് കേരളം മറക്കരുത്.

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്.. കൺക്ലൂഡ്....

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഇതുപോലുള്ള അശാസ്ത്രീയ ചികിത്സാ പദ്ധതികളുമുണ്ടെന്നാണ് ഞാൻ സൂചിപ്പിച്ചത്. അതുകൊണ്ട് അത്തരം അശാസ്ത്രീയ ചികിത്സാ പദ്ധതികളുടെ വേര് പിഴുതെറിയാൻ കൂടിയുള്ളതാണ് ഇതുപോലെയുള്ള നിയമങ്ങൾ എന്നുള്ളതാണ് ഞാൻ സൂചിപ്പിച്ചതിന്റെ അർത്ഥം. അതുകൊണ്ട് ഈ ബിൽ കൂടുതൽ ചർച്ചയ്ക്കുവേണ്ടി വീണ്ടും സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണം. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ സമഗ്രമായ ചർച്ച ജനകീയമായി സംഘടിപ്പിക്കേണ്ടതുണ്ടെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഈ മൂന്ന് ബില്ലുകളുടെ ചർച്ചയിൽ ബഹുമാന്യരായ 16 അംഗങ്ങളും സഭയിലുണ്ടായിരുന്ന മറ്റംഗങ്ങളും വളരെ സജീവമായിത്തന്നെ പങ്കാളികളായി. അതിന് പ്രത്യേകമായി നന്ദി അറിയിക്കുകയാണ്. ആഗോളതലത്തിൽ ആരോഗ്യ മേഖല വെല്ലുവിളികളിലൂടെയാണ് കടന്നുപോകുന്നത്. കോവിഡ്-19 മഹാമാരി എല്ലാ ലോകരാഷ്ട്രങ്ങളെയും സാമ്പത്തിക പ്രതിസന്ധിയുൾപ്പെടെയുള്ള പല പ്രതിസന്ധികളിലും എത്തിച്ചിരിക്കുകയാണ്. യു.കെ., ഇസ്രായേൽ ഉൾപ്പെടെയുള്ള ചില രാജ്യങ്ങളിൽ ഡെൽറ്റാ പ്ലസ് മ്യൂട്ടന്റ് വേരിയന്റ് കണ്ടെത്തിയിട്ടുണ്ടെന്നതാണ് റിപ്പോർട്ട്. ഡെൽറ്റാ വൈറസ് എ.വൈ.4.2 എന്ന വേരിയന്റ് കേരളത്തിൽ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. വിവിധതരം വൈറസ് രോഗങ്ങളുടെ കാലം നമ്മൾ പ്രതീക്ഷിക്കേണ്ടതായിട്ടുണ്ട്. അതിനനുസരിച്ചുള്ള ജാഗ്രതയും അനുബന്ധ പ്രവർത്തനങ്ങളും ഉണ്ടാകണം. നിലവിലുള്ള നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും പുതിയ നിയമങ്ങൾ രൂപീകരിക്കേണ്ടതും ആവശ്യമാണ്.

കേരളത്തിൽ കോവിഡ്-19-ന് എതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പംതന്നെ സിക്ക, നിപ, മഴക്കെടുതികൾമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ എന്നീ വെല്ലുവിളികളും ഈ ഘട്ടത്തിൽ നമ്മൾ അഭിമുഖീകരിച്ചു. പക്ഷേ, എല്ലാ വെല്ലുവിളികളെയും വിജയകരമായി അതിജീവിക്കാൻ കേരളത്തിന് ഒറ്റക്കെട്ടായി കഴിഞ്ഞുവെന്നുള്ളത് പ്രത്യേകമായി ഈ അവസരത്തിൽ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. Infant Mortality Rate-ൽ ലോക റാങ്കിംഗിൽ കേരളം വികസിത രാജ്യങ്ങൾക്കൊപ്പമാണെന്ന് ഈ സഭയിലെ ബഹുമാന്യരായ അംഗങ്ങൾ തന്നെ പറയുകയുണ്ടായി. ലോക റാങ്കിംഗിൽ കേരളം 53-ാമതാണ്. തമിഴ്നാട്-102, കർണ്ണാടക-122, ബീഹാർ-147, ഉത്തർപ്രദേശ്-176 എന്നീ സ്ഥാനങ്ങളിലാണ്. ഈ കാലയളവിൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമെന്ന കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ പുരസ്കാരം ലഭിച്ചത് കേരളത്തിനാണ്. സർക്കാർ ആശുപത്രികളിൽ കോവിഡ് ചികിത്സ പൂർണ്ണമായും സൗജന്യമായാണ് നടത്തുന്നത്. അതോടൊപ്പംതന്നെ രോഗികളുടെ എണ്ണം വർദ്ധിച്ചപ്പോൾ സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾക്കപ്പുറമായി കോവിഡ്-19 രോഗികളെ പ്രവേശിപ്പിക്കേണ്ടിവന്ന ഘട്ടത്തിൽ പ്രൈവറ്റ് ആശുപത്രികളുമായി ചർച്ച നടത്തിക്കൊണ്ട് ഒരു നിശ്ചിത ശതമാനം ബെഡ്ഡുകൾ, ഐ.സി.യു. ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ എന്നിവയൊക്കെത്തന്നെ പ്രൈവറ്റ് ആശുപത്രികളിൽനിന്നും സൗജന്യ ചികിത്സയ്ക്കുവേണ്ടി മാറ്റിവയ്ക്കണമെന്നുള്ള സർക്കാരിന്റെ ആവശ്യം അവർ അംഗീകരിച്ചു. സർക്കാർ ആശുപത്രികളിൽനിന്ന് റഫർ ചെയ്യുന്നതും അഥവാ KASP (കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി) -ലുള്ളവരുമായ രോഗികൾക്ക് അങ്ങനെയുള്ള പ്രൈവറ്റ് ഹോസ്പിറ്റലിലും സൗജന്യ ചികിത്സ നമ്മൾ ഉറപ്പാക്കിയിട്ടുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന ആശുപത്രിക്കുള്ള പുരസ്കാരം ലഭിച്ചത് കോട്ടയം മെഡിക്കൽ കോളേജിനാണ്. അതുപോലെ ഏറ്റവും കൂടുതൽ എ.ബി.-പി.എം.ജെ.എ.വൈ. (ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന) - കാസ്പ് കാർഡ് ലഭ്യമാക്കിയതിന് പ്രധാനമന്ത്രി ആരോഗ്യ മിത്ര അവാർഡും ആലപ്പുഴ മെഡിക്കൽ കോളേജിനാണ് ലഭിച്ചത്.

ഈ മൂന്ന് ബില്ലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച ചില കാര്യങ്ങൾക്ക് മറുപടി പറയണമെന്ന് ആഗ്രഹിക്കുകയാണ്. പൊതുജനാരോഗ്യ ബില്ലുമായി ബന്ധപ്പെട്ട ചർച്ച ആരംഭിച്ച ഡോ. എം. കെ. മുനീർ ഇവിടെ സൂചിപ്പിച്ചത്, ആരോഗ്യ നയത്തിന്റെ അടിസ്ഥാനത്തിലാകണം ഈ നിയമം എന്നുള്ളതാണ്. സംസ്ഥാന സർക്കാരിന്റെ ആരോഗ്യനയത്തിൽ അധിഷ്ഠിതമായ നിയമമാണ് പൊതുജനാരോഗ്യ ബിൽ. അതിലാവശ്യമായ കൂട്ടിച്ചേർക്കലുകളും മാറ്റങ്ങളും വരുത്തി പൊതുജനാഭിപ്രായംകൂടി സ്വരൂപിച്ചുകൊണ്ട് സമഗ്രമായൊരു നിയമം നിർമ്മിക്കണമെന്നുള്ള സദുദ്ദേശ്യത്തോടുകൂടി തന്നെയാണ് ഇത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനുവേണ്ടിയുള്ള പ്രമേയം ഈ സഭയിൽ അവതരിപ്പിച്ചത്.

ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട നിലവിലുള്ള സംവിധാനങ്ങളിൽ, പ്രത്യേകിച്ച് ഡോക്ടർമാരുടെ തസ്തികകളിൽ ഉൾപ്പെടെ കേഡർ സമ്പ്രദായം കൊണ്ടുവരുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. മെഡിക്കൽ കേഡർ, പബ്ലിക് ഹെൽത്ത് കേഡർ, സ്പെഷ്യാലിറ്റി കേഡർ, സൂപ്പർ സ്പെഷ്യാലിറ്റി കേഡർ എന്നിങ്ങനെയുള്ള സംവിധാനം യോഗ്യത, പ്രവൃത്തി പരിചയം, സ്ഥാനക്കയറ്റം എന്നിവ മുന്നിൽക്കണ്ടുകൊണ്ട് കൊണ്ടുവരുന്നതിനെക്കുറിച്ച് വകുപ്പ് ആലോചിക്കുന്നുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ട പ്രധാനപ്പെട്ടൊരു വിഷയം, 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെയും മുനിസിപ്പാലിറ്റി ആക്ടിലെയും വ്യവസ്ഥകളുമായി ഈ ബില്ലിലെ വ്യവസ്ഥകൾക്ക് കോൺഫ്ലിക്ട് ഉണ്ടാകുന്നുവെന്നുള്ളതാണ്. പക്ഷേ, അധികാര വികേന്ദ്രീകരണം അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഏറ്റവും മനോഹരമായി നടപ്പിലാക്കിയൊരു സംസ്ഥാനമെന്ന നിലയിൽ ഇതിലെ വ്യവസ്ഥകൾ തമ്മിൽ ഒരു കോൺഫ്ലിക്ടും ഉണ്ടാകില്ല. അക്കാര്യം നമുക്ക് ചർച്ച ചെയ്യാം. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ഈ ഒരു functional aspect ആണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് ഇത്തരത്തിലുള്ള വൈരുദ്ധ്യങ്ങളില്ലെന്ന് ഉറപ്പാക്കിത്തന്നെ സമഗ്രമായൊരു നിയമനിർമ്മാണം നടത്താൻ നമുക്ക് കഴിയും.

മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട പ്രധാന വിഷയം ഹോമിയോ പ്രാക്ടീസ് ചെയ്യുന്നവരുമായി ബന്ധപ്പെട്ടാണ്. കരട് ബില്ലിലെ 24-ാം ഖണ്ഡമനുസരിച്ച് അംഗീകൃത സ്ഥാപനത്തിൽനിന്നും മതിയായ യോഗ്യത നേടിയവർക്കാണ് നിയമത്തിന്റെ കീഴിൽ രജിസ്ട്രേഷന് അർഹത കൈവരുന്നത്. അംഗീകൃത യോഗ്യത എന്താണെന്ന് ബില്ലിലെ പട്ടികയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിൽ സെൻട്രൽ കൗൺസിലുകളും കേന്ദ്ര-സംസ്ഥാന സർക്കാരുകളും അംഗീകരിക്കുന്നവയും ഉൾപ്പെടുന്നുണ്ട്. 2020-ലെ National Commission For Homeopathy Medicine Act, 2020-ലെ National Commission For Indian System of Medicine Act എന്നിവയുടെ കീഴിൽ രജിസ്റ്റർ ചെയ്യാനുള്ള യോഗ്യതകൾ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഈ ആക്ട് പ്രകാരം അതിനുകീഴിലുള്ള നാഷണൽ രജിസ്റ്ററിലോ സ്റ്റേറ്റ് രജിസ്റ്ററിലോ ഉൾപ്പെട്ടവർക്ക് മാത്രമേ പ്രാക്ടീസ് ചെയ്യാൻ പാടുള്ളുവെന്നും അല്ലാത്തവരുടെ പ്രാക്ടീസ് കുറ്റകരമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതേസമയം ഈ ആക്ട് നിലവിൽ വരുന്ന വേളയിൽ സംസ്ഥാനത്ത് പ്രസ്തുത മെഡിക്കൽ സമ്പ്രദായത്തിനായി ഒരു രജിസ്റ്റർ സൂക്ഷിക്കാത്തിടത്ത് അഞ്ച് വർഷത്തിൽ കൂടുതൽ ഈ സമ്പ്രദായത്തിൽ പ്രാക്ടീസ് ചെയ്തുവരുന്ന ഒരാൾക്ക് തുടർ പ്രാക്ടീസിനും അനുവാദം നൽകുന്നുണ്ട്. ഇതിൽനിന്നും നിശ്ചിത യോഗ്യതയില്ലാത്തിടത്ത് സംസ്ഥാന രജിസ്റ്ററിക്കുവേണ്ടി രജിസ്റ്റർ

സൂക്ഷിക്കാത്തിടത്ത് മാത്രമാണ് ഇപ്രകാരമൊരാൾക്ക് പ്രാക്ടീസ് തുടരുവാൻ അനുമതി നൽകുന്നത്. സംസ്ഥാനത്ത് ഈ മെഡിക്കൽ ശാഖകൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ച് വരുന്നുണ്ട്. അതിനാൽതന്നെ സംസ്ഥാനത്ത് ഇത്തരക്കാർക്ക് അനുമതി നൽകണമെന്നത് ഒരു അവകാശമായി അവകാശപ്പെടാവുന്നതല്ലെന്നാണ് കാണുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

കരട് ബില്ലിൽ കൺകറന്റ് ലിസ്റ്റിലെ ഉൾക്കുറിപ്പ് 26-ൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിലെ നിയമത്തിൽ ഇത്തരക്കാർക്ക് രജിസ്ട്രേഷൻ നല്കാത്തതുകൊണ്ടുമാത്രം കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്ക് ഇത് വിരുദ്ധവുമാകുന്നില്ല. കാരണം, കേന്ദ്രനിയമത്തിലെ വ്യവസ്ഥകളെ ഒരു വിധത്തിലും സംസ്ഥാന നിയമം ലംഘിക്കുകയോ അതുപ്രകാരമുള്ളവരുടെ അവകാശത്തെ ഹനിക്കുകയോ ചെയ്യുന്നില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സംസ്ഥാന രജിസ്റ്റർ സൂക്ഷിക്കാത്തിടത്ത് മാത്രമേ, ഇത്തരം പ്രാക്ടീസ് ചെയ്യുന്നവരുടെ പ്രാക്ടീസ് കുറ്റകരമാകാതിരിക്കുന്നുള്ളൂ എന്നതിൽ നിന്നുതന്നെ സംസ്ഥാന രജിസ്റ്റർ സൂക്ഷിക്കുന്നപക്ഷം ഇവർക്ക് രജിസ്ട്രേഷൻ അവകാശപ്പെടാനാകില്ല എന്നതും അതിനാൽതന്നെ കേന്ദ്രനിയമത്തിന് വിരുദ്ധമല്ലെന്നതും വ്യക്തമാണ്. അതോടൊപ്പം വളരെ പ്രധാനപ്പെട്ട ഒരു വിധി പ്രസ്താവം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്നുണ്ടായിട്ടുണ്ട്. കേരള ആയുർവേദ പാരമ്പര്യ വൈദ്യന്മാർ നൽകിയ Civil Appeal No. 897/2009-നം മറ്റ് കണക്റ്റഡ് കേസുകളിലുമായി ബഹുമാനപ്പെട്ട സുപ്രീംകോടതി 2018 ഏപ്രിൽ 13-ാം തീയതി പുറപ്പെടുവിച്ച ഒരു വിധിന്യായത്തിലും രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ പ്രാക്ടീസിന് അവകാശമുള്ളൂയെന്നും രജിസ്റ്റർ ചെയ്യുന്നതിന് നിശ്ചിത യോഗ്യത വേണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യങ്ങളൊക്കെ പരിശോധിച്ചുകൊണ്ടും പരിഗണിച്ചുകൊണ്ടുമാണ് കാര്യങ്ങൾ ചെയ്യുന്നത്. നിലവിലുള്ള ടി.സി.എം.പി. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തവരുടെ രജിസ്ട്രേഷൻ അതേ രീതിയിൽ തന്നെ നിലനിൽക്കുന്നതാണ്.

മൂന്നാമത്തെ ബില്ലായ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതിയുമായി ബന്ധപ്പെട്ട്, എത്ര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു എന്നതിന്റെ കണക്ക് പറഞ്ഞുകഴിഞ്ഞു. ഞാൻ പ്രത്യേകമായി അതിന്റെ കണക്ക് പറയുന്നില്ല. ആകെ 6484 സ്ഥാപനങ്ങളിൽ പൊതുസ്ഥാപനങ്ങൾ 3662-ഉം പ്രൈവറ്റ് സ്ഥാപനങ്ങൾ 2822-ഉം ആണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന്

പ്രത്യേകമായി അറിയിച്ചതിന്റെകൂടി പശ്ചാത്തലത്തിലാണ് ഈ രീതിയിലുള്ള ഭേദഗതി വരുത്തുന്നത്. അതിലും വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയണമെന്ന് ആഗ്രഹിക്കുകയാണ്. ഇങ്ങനെ അനന്തമായി രജിസ്ട്രേഷൻ പ്രോസസ്സ് നീട്ടിക്കൊണ്ടുപോകാൻ കഴിയില്ല. എല്ലാ ബഹുമാന്യരായ അംഗങ്ങളും പ്രകടിപ്പിച്ച ഒരു പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽകൂടി ഒരു കട്ട് ഓഫ് ഡേറ്റ് വച്ചുകൊണ്ട് അത് നിശ്ചയിക്കുന്നതിന് തീരുമാനമെടുക്കാനാകുമോ എന്നുള്ളത് പരിശോധിക്കുന്നുണ്ട്.

ഇവിടെ സൂചിപ്പിക്കപ്പെട്ട വിഷയങ്ങളിൽ ആയുർവേദത്തിന് പ്രത്യേക പരിഗണന നൽകണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ പ്രത്യേകമായ പരിഗണന ആയുർവേദത്തിനും ഹോമിയോപ്പതിക്കും മറ്റ് ഡിസിപ്ലിനുകൾക്കും നൽകണമെന്നാണ് സർക്കാർ ആലോചിച്ചിട്ടുള്ളത്. ആയുർവേദവുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ, കണ്ണൂരിലെ രാജ്യാന്തര ആയുർവേദ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനത്തിലുള്ള തടസ്സങ്ങൾ നീക്കിക്കൊണ്ട് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയാണ്. ബില്ലുമായി ബന്ധപ്പെട്ട മറ്റൊരു വിഷയം, കൗൺസിൽ അംഗങ്ങളുടെ യോഗ്യത സംബന്ധിച്ചുള്ള കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായി ബില്ലിൽ പറയുന്നുണ്ട്. അതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ ചർച്ച ചെയ്യാവുന്നതാണ്. ഡോ. സുജിത് വിജയൻ പിള്ള പറഞ്ഞ ഒരു വിഷയം, ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ചാണ്. മറ്റ് ചില അംഗങ്ങളും സഭയിൽ ഈ വിഷയം പറയുകയുണ്ടായി. ഞാൻ സഭയിൽ മുമ്പും ആവർത്തിച്ച കാര്യമാണിത്. ആരോഗ്യപ്രവർത്തകർക്കെതിരെയുള്ള ആക്രമണങ്ങൾ ഒരുതരത്തിലും അംഗീകരിക്കില്ല. അതിനുവേണ്ടി അതിശക്തമായ ഇടപെടൽ ഉറപ്പാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് ഉത്തരവായിത്തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. സുരക്ഷ ഉറപ്പാക്കുന്നതിന് കാഷ്വാലിറ്റിയിലും ഒ.പി.-യിലും ജീവനക്കാരെ നിയമിക്കുമ്പോൾ വിമുക്തഭടന്മാരുൾപ്പെടെയുള്ളവരെ നിയോഗിക്കണമെന്നത് സംബന്ധിച്ച കൃത്യമായ നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്ത് കൃത്യമായ നിർദ്ദേശങ്ങൾ ഇതുമായി ബന്ധപ്പെട്ട് നൽകിയിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് തുടർവിദ്യാഭ്യാസ പദ്ധതികൾ ആവശ്യമാണെങ്കിൽ നൽകണമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുണ്ട്. അത് പരിശോധിക്കാവുന്നതാണ്. ബഹുമാന്യനായ ശ്രീ. എൻ. ഷംസുദ്ദീൻ ഇതുമായി ബന്ധപ്പെട്ട് പറഞ്ഞൊരുകാര്യം തെറ്റാണെന്ന്

പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഈ സഭയിൽ വാക്കാൽ പറഞ്ഞ ഒരു മറുപടി അല്ല അത്. ഇതുപോലെ ഒരു ചർച്ചയിൽ ഡോ. സുജിത് വിജയൻപിള്ള ചോദിച്ച ചോദ്യത്തിന് ഞാൻ ഒരുത്തരം പറഞ്ഞിരുന്നു. അതിനുശേഷം നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിൽ വന്ന ഒരു ക്ലറിക്കൽ മിസ്റ്റേക്കാണ്. ചോദ്യോത്തര സമയത്ത് എഴുതിത്തന്നത് വായിച്ചതാകാമെന്ന് പറഞ്ഞത് തെറ്റാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ സഭയിൽ വാക്കാൽ പറഞ്ഞിട്ടില്ല. തിരുത്തിയ ഉത്തരം അപ്‌ലോഡ് ചെയ്യാതെ തെറ്റിയ ഉത്തരംതന്നെ അപ്‌ലോഡ് ചെയ്തതുകൊണ്ടുണ്ടായ ഒരു പ്രശ്നമാണ്.

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് കൊണ്ടുവന്നത് ഗുണമേന്മ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കാണ്. ആശുപത്രി, ചികിത്സ എന്നിവയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഉറപ്പാക്കുന്നതിനും വേണ്ടിയാണ്. മുമ്പ് ചർച്ച ചെയ്ത മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലുമായി ബന്ധപ്പെട്ട് ഇങ്ങനെയുള്ള നിബന്ധനകൾ വേണ്ടെന്ന് പറയുന്നതിൽ വൈരുദ്ധ്യമുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

രാജ്യത്ത് ഏറ്റവും കൂടുതൽ കോവിഡ് രോഗികൾ കേരളത്തിലാണെന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട പല പ്രതിപക്ഷാംഗങ്ങളും സൂചിപ്പിച്ചു. കേരളത്തിലെ കോവിഡിന്റെ സ്ഥിതിവിവരക്കണക്കുകൾ കൃത്യമായി പരിശോധിക്കാതെയാണ് ഇത്തരം പ്രസ്താവനകൾ നടത്തുന്നതെന്നാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഈ വേവിനെ ഡ്രാഗ് ചെയ്യുന്നതിനാണ് ഞങ്ങൾ ശ്രമിച്ചത്. രണ്ട് രീതിയിൽ നമുക്ക് ഈ പകർച്ചവ്യാധിയെ നേരിടാം. ഒറ്റയടിക്ക് എല്ലാവർക്കും രോഗം വരാം, പരമാവധി ആളുകൾക്ക് രോഗം വന്ന് മരണം സംഭവിക്കും, ആളുകൾക്ക് ആശുപത്രികൾ കിട്ടാതെ വരും, രോഗികൾ വഴിയിൽ പിടഞ്ഞുമരിക്കും. ഒരു രാജ്യാന്തര മാധ്യമത്തിന്റെ മാധ്യമ പ്രവർത്തകൻ എഴുതിയത് 'കേരളത്തിൽ ആംബുലൻസ് കിട്ടാതെ രോഗികൾ പിടഞ്ഞുമരിക്കുന്ന കാഴ്ച കാണാനാണ് ഞാനൊരു സ്ഥലത്ത് പോയത്. പക്ഷെ അവിടെ എല്ലാം വളരെ ശാന്തമാണ്. ആശുപത്രികളിൽ ബഹളങ്ങളില്ല, ആംബുലൻസുകൾ സൈറൺ മുഴക്കി ഓടുന്നില്ല, ഓക്സിജൻ ഇല്ലാതെ ആളുകൾ മരിക്കുന്നില്ല'. അത് കണ്ട ശേഷമാണ് നിങ്ങളെ വിളിക്കാൻ ഞാൻ തീരുമാനിച്ചതെന്നാണ് ആ മാധ്യമ

പ്രവർത്തകൻ പറഞ്ഞത്. ഇത് നമ്മുടെ ഒരു സ്ട്രാറ്റജിയുടെ ഭാഗമാണ്. കേരളത്തിലെ ജനസാന്ദ്രത, രണ്ടാം തരംഗത്തിലെ ഡെൽറ്റാ വൈറസിന്റെ സാന്നിദ്ധ്യംമൂലമുള്ള അതിതീവ്ര വ്യാപനം, ജീവിതശൈലീരോഗങ്ങൾ എന്നിവയും കണക്കാക്കണം. ജീവിതശൈലീരോഗങ്ങളെ സംബന്ധിച്ച് ഡോ. മാത്യു കുഴൽനാടൻ തന്നെ ഒരു ചർച്ച സഭയിൽ നടത്തിയത് നന്നായി. അതിന് ബഹുമാന്യനായ മന്ത്രി ശ്രീ. വി. എൻ. വാസവൻ പറഞ്ഞത് വളരെ കൃത്യമാണ്. ആഹാര രീതികൾ മാറ്റേണ്ടതുണ്ട്. ആഹാരവും വ്യായാമവും കൃത്യമാണോയെന്ന് പരിശോധിക്കേണ്ടതാണ്. അത്തരത്തിലൊരു ചർച്ചയുണ്ടായത് നന്നായി. ജീവിതശൈലീരോഗങ്ങളും അനുബന്ധ രോഗങ്ങളുംമൂലമുള്ള മരണങ്ങളും കോവിഡ് കേരളത്തിൽ ഈ രീതിയിൽ വ്യാപിക്കുന്നതിന് ഒരു കാരണമാണ്. ഇപ്പോഴത്തെ ഘട്ടത്തിൽ കോവിഡ് പൂർണ്ണമായി നിയന്ത്രണവിധേയമാണ്. Seroprevalence സർവ്വേ ദുരൂഹമാണെന്ന് സൂചിപ്പിച്ചു. അതിലെ ദുരൂഹതയെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സെപ്റ്റംബർ 3 മുതൽ 17 വരെയുള്ള കാലയളവിൽ വളരെ കൃത്യമായി നടത്തിയ ഒരു പഠനമാണ്. സർവ്വേയിൽ പങ്കെടുത്തവരെ കൃത്യമായ പ്രോട്ടോക്കോൾവഴി എൻറോൾ ചെയ്യിക്കുകയും രക്തസാമ്പിളുകൾ ശേഖരിക്കുകയും പരിശോധിക്കുകയും ചെയ്തിരുന്നു. SARS cov-2 Antispike IgG antibody-യുടെയും SARS cov-2, Antinucleocapsid IgG antibody-യുടെയും സാന്നിദ്ധ്യമാണ് പരിശോധിക്കപ്പെട്ടത്. പൊതുജനങ്ങളുടെ റാൻഡം സാംപ്ലിംഗ് മാത്രമല്ല നടത്തിയതെന്നതാണ് ഈ സർവ്വേയുടെ പ്രത്യേകത. അതിൽ ശാസ്ത്രീയമായ സമീപനം സ്വീകരിച്ചു. 18 വയസ്സിന് മുകളിലുള്ളവർ, പൊതുജനങ്ങൾ, കുട്ടികൾ, ദുർബലജനവിഭാഗം, പാർശ്വവല്ക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങൾ, ആദിവാസി ജനവിഭാഗങ്ങൾ, തീരദേശ മേഖലയിലെ ജനങ്ങൾ, നഗരപ്രാന്തപ്രദേശങ്ങളിലെ ജനങ്ങൾ, ഗർഭിണികൾ തുടങ്ങി എല്ലാവരിലും സർവ്വേ നടത്തിയിട്ടുണ്ട്. കാരണം, നമ്മൾ നടത്തുന്ന വാക്സിനേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രസ്തുത ജനവിഭാഗങ്ങളിൽ എത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായാണത്. ഡാറ്റാ പബ്ലിക് ഡൊമൈനിലുള്ളതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. 82.5 ശതമാനമാണ് seropositivity. ഇതിനർത്ഥം 17.5% ആളുകൾക്ക് രോഗം വന്നാൽ ഗുരുതരമാകാനുള്ള സാധ്യതയുണ്ടെന്നാണ്. ഐ.സി.എം.ആർ. അവസാനം

നടത്തിയ പഠനത്തിൽ നിന്ന് സെപ്റ്റംബറിലെ Seroprevalence പഠനത്തിലേയ്ക്ക് എത്തപ്പെടുമ്പോൾ ഈ മാറ്റത്തിന് കാരണം വാക്സിനേഷനിൽ നടത്തിയ വലിയ മുന്നേറ്റമാണ്. അതുകൊണ്ട് രോഗത്തിലൂടെ വന്ന പ്രതിരോധമല്ല. വാക്സിനേറ്റഡായിട്ടുള്ളവർക്ക് ഇൻഫെക്ഷൻ വരാം. പക്ഷെ ഗുരുതരമായ ഇൻഫെക്ഷനായി അത് മാറില്ലെന്ന് പ്രത്യേകമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ചില സംസ്ഥാനങ്ങളുമായി കേരളത്തെ താരതമ്യം ചെയ്ത് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സംസാരിക്കുകയുണ്ടായി. തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ ഒരു ലക്ഷത്തി ഇരുപതിനായിരം ടെസ്റ്റ് നടത്തി, ഇവിടെ എൺപതിനായിരം ടെസ്റ്റ് മാത്രമേ നടത്തിയിട്ടുള്ളൂ എന്നൊക്കെ പറയുന്നത് കേട്ടു. എന്താണ് ഇതിന്റെ വസ്തുത; ജനസംഖ്യാനുപാതികമായിട്ടുള്ള ടെസ്റ്റുകളുടെ എണ്ണം എത്രയാണ്? കേരളത്തിൽ 1074077 (പത്ത് ലക്ഷത്തി എഴുപത്തിനാലായിരത്തി എഴുപത്തിയേഴ്) ടെസ്റ്റ് നടത്തുമ്പോൾ തമിഴ്നാട്ടിൽ 606050 (ആറ് ലക്ഷത്തി ആറായിരത്തി അമ്പത്) ടെസ്റ്റാണ് നടത്തുന്നത്. ദേശീയതലത്തിൽ 436159 (നാല് ലക്ഷത്തി മുപ്പത്തിയാറായിരത്തി ഒരുന്നൂറ്റി അമ്പത്തിയൊൻപത്) ടെസ്റ്റാണ് നടത്തുന്നത്. ഇപ്പോൾ കോവിഡ് രോഗികളുടെ കാര്യം പറഞ്ഞു. ഉത്തർപ്രദേശിലെയും ബീഹാറിലെയും കണക്കുകളുമായി താരതമ്യം ചെയ്തുകൊണ്ട് നമുക്ക് പരിശോധിക്കാം.

ബീഹാറിലെ കണക്കുകൾ പരിശോധിച്ചാൽ, ഇതുവരെയുള്ള രോഗികളുടെ എണ്ണം 725068 (ഏഴ് ലക്ഷത്തി ഇരുപത്തിയയ്യായിരത്തി അറുപത്തിയെട്ട്) ആണ്. ബീഹാറിലെ അണ്ടർ കൗണ്ടിംഗ് ഫാക്ടർ 134 ആണെന്നാണ് ഐ.സി.എം.ആർ. പറയുന്നത്. അതിനർത്ഥം ബീഹാറിലെ യഥാർത്ഥ രോഗികളുടെ കണക്ക് 97159112 (ഒൻപത് കോടി എഴുപത്തിയൊന്ന് ലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി ഒരുന്നൂറ്റി പന്ത്രണ്ട്) ആണ്. ഉത്തർപ്രദേശിലെ ആകെ രോഗികളുടെ എണ്ണം 1710101 (പതിനേഴ് ലക്ഷത്തി പതിനായിരത്തി ഒരുന്നൂറ്റി ഒന്ന്)-ഉം അണ്ടർ കൗണ്ടിംഗ് ഫാക്ടർ 100-ഉം ആണ്. അതിനർത്ഥം ഉത്തർപ്രദേശിൽ 171010100 (പതിനേഴ് കോടി പത്ത് ലക്ഷത്തി പതിനായിരത്തി ഒരുന്നൂറ്) രോഗികളാണ് ആകെയുള്ളത്. ഇത് ഞങ്ങൾ പറയുന്നതല്ല. ഐ.സി.എം.ആർ. പറയുന്നതാണ്. കേരളത്തിന്റേത് സയന്റിഫിക് ഡാറ്റയാണ്. അത് സുതാര്യമാണ്. ഞങ്ങളൊന്നും ഒളിക്കുന്നില്ല. ഇവിടെ ഏത് പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും ആരോഗ്യ കേന്ദ്രത്തിലും എവിടെ ടെസ്റ്റ് നടന്നാലും അത്

ഓൺലൈനായി അപ്ഡേറ്റ് ചെയ്യുന്നു. ഞങ്ങൾ പരിശോധിച്ച് പോസിറ്റീവ് റിസൾട്ടുകളും മരണവും അപ്ഡേറ്റ് ചെയ്യുന്നു. കേരളത്തിലെ ഇപ്പോഴത്തെ മരണ കണക്ക് പരിശോധിച്ചാലും ദേശീയ ശരാശരിയേക്കാൾ എത്രയോ താഴെയാണ്. സത്യസന്ധമായും സുതാര്യമായും ഞങ്ങൾ ഡാറ്റ അവതരിപ്പിക്കുന്നു. ഒരു pandemic കഴിയുമ്പോൾ ഈ ഡാറ്റയുടെ അടിസ്ഥാനത്തിലായിരിക്കും അതിനെ നമ്മൾ എങ്ങനെയാണ് നേരിട്ടതെന്ന് വിലയിരുത്തുന്നത്. ഇങ്ങനെയുള്ള കണക്കുകൾ പറയുമ്പോൾ വളരെ കൃത്യമായ കണക്കുകൾ പറയണമെന്നും സഭയെ തെറ്റിദ്ധരിപ്പിക്കരുതെന്നും ബഹുമാനപ്പെട്ട അംഗങ്ങളോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. കോവിഡ് കുറയാത്തത് എന്തുകൊണ്ടാണ്; എന്നിത് കുറയും എന്നൊക്കെ ചോദിച്ചു. ഇത് ചോദിച്ച അംഗങ്ങളുൾപ്പെടെ പങ്കെടുത്ത പല ചടങ്ങുകളും ഞാൻ കണ്ടു. കോവിഡ് പ്രോട്ടോക്കോൾ ലംഘിച്ചുകൊണ്ടുള്ള ചടങ്ങുകളും ആൾക്കൂട്ടങ്ങളുമാണ് കണ്ടത്. ആർക്കും മാസ്കില്ല. കോവിഡ് കുറയണമെങ്കിൽ എല്ലാവരുടെയും, പ്രത്യേകിച്ച് ഉത്തരവാദപ്പെട്ട ജനപ്രതിനിധികളെന്ന രീതിയിൽ നമ്മുടെ എല്ലാവരുടെ ഭാഗത്തുനിന്നും ശ്രദ്ധയുണ്ടാകണം.

മി. സ്പീക്കർ: അതുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗങ്ങൾ എപ്പോഴും മാസ്ക് ധരിക്കണമെന്ന് പറയാറുള്ളത്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട സ്പീക്കറിന് പ്രത്യേക നന്ദി. കഴിഞ്ഞ ദിവസം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മൂവിംഗ് മാസ്കിനെക്കുറിച്ച് പറഞ്ഞപ്പോഴും വളരെ കൃത്യമായി മാസ്ക് ധരിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ നമ്മളെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. അതിന് പ്രത്യേക നന്ദി ഞാൻ അറിയിക്കുകയാണ്.

പൊതുജനാരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് ചികിത്സാ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മികവുറ്റ ചികിത്സ ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള വളരെ സുപ്രധാനങ്ങളായിട്ടുള്ള ബില്ലുകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ചികിത്സയെക്കാൾ പ്രധാനം രോഗ പ്രതിരോധമാണ്. ജനകീയ പങ്കാളിത്തത്തോടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും ജീവിതശൈലീരോഗങ്ങൾ പ്രതിരോധിക്കുന്നതിനുള്ള ഒരു വലിയ ക്യാമ്പയിൻ എല്ലാ മണ്ഡലങ്ങളിലും ആരംഭിക്കുകയാണ്. വരുന്ന മൂന്ന് വർഷംകൊണ്ട് ഇതിന്റെ മുഴുവൻ ഡാറ്റയും കൃത്യമായി എടുക്കാൻ ഉദ്ദേശിക്കുകയാണ്. 30 വയസ്സിനുമുകളിലുള്ള എല്ലാവരെയും കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ട് ജീവിതശൈലീരോഗങ്ങൾ വരാൻ സാദ്ധ്യതയുള്ളവരെ കണ്ടെത്തി, ആഹാരവും വ്യായാമവും കൃത്യമാണെന്ന്

ഉറപ്പാക്കിക്കൊണ്ട് ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കി മുന്നോട്ടുപോകണം. അതിന് എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഇവിടെ അവതരിപ്പിക്കപ്പെട്ട 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സെലക്ട് കമ്മിറ്റിക്കും 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി വളരെ സംക്ഷിപ്തമാക്കിയതിന് നന്ദി.

ഡോ. എം. കെ. മുനീർ, അങ്ങയുടെ 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

മി. സ്പീക്കർ: നിരാകരണപ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ, 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, സെലക്ട് കമ്മിറ്റിയുടെ ഘടന സംബന്ധിച്ച പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി ചെയർപേഴ്സണും താഴെപ്പറയുന്ന ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾ അംഗങ്ങളുമായിട്ടുള്ള 15 അംഗ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്നാണ് സർക്കാർ താല്പര്യപ്പെടുന്നത്.

സെലക്ട് കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമാണ്.

1. ശ്രീമതി വീണാ ജോർജ്ജ്

2. ശ്രീ. എ. പി. അനിൽ കുമാർ

3. ശ്രീ. അനൂപ് ജേക്കബ്

4. ശ്രീ. കെ. ബി. ഗണേഷ് കുമാർ

5. ഡോ. എൻ. ജയരാജ്

6. ശ്രീ. കെ. പി. എ. മജീദ്

7. ശ്രീ. മാത്യു ടി. തോമസ്

8. ശ്രീ. എ. സി. മൊയ്തീൻ

9. ശ്രീ. മോൻസ് ജോസഫ്

10. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

11. ഡോ. സുജിത് വിജയൻപിള്ള

12. ശ്രീ. പി. എസ്. സുപാൽ

13. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

14. ശ്രീ. ഇ. കെ. വിജയൻ

15. ശ്രീ. പി. സി. വിഷ്ണുനാഥ്.

പ്രസ്തുത ഘടന അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സെലക്ട് കമ്മിറ്റിയുടെ ഘടന സംബന്ധിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

സെലക്ട് കമ്മിറ്റിയുടെ ഘടന സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: നിരാകരണ പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. പി. ഉബൈദുള്ള, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

നിരാകരണപ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

<u>മി. സ്പീക്കർ:</u> ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബാലചന്ദ്രൻ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

<u>മി. സ്പീക്കർ:</u> ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

2. (iii)<u>2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ</u>

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): സർ, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75 (1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## **ക്രമപ്രശ്നം** (തുടർച്ച)

ബില്ലിലെ ഭരണഘടനാ വിരുദ്ധത

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രസ്തുത ബിൽ നമ്മുടെ ഭരണഘടനയ്ക്കും നിയമവ്യവസ്ഥയ്ക്കുമെതിരാണ്. ഈ രാജ്യത്തെ മുസ്ലീംമത വിശ്വാസികൾ പള്ളി, മദ്രസ, മറ്റ് മതസ്ഥാപനങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി മതപരമായ കർമ്മം എന്ന പവിത്രതയോടെ നൽകിയിട്ടുള്ള സ്വത്തുവകകളാണ് വഖഫ് സ്വത്തുക്കൾ. അവ പരിപാലിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള വഖഫ് ബോർഡിൽ പള്ളിക്കമ്മിറ്റി പ്രതിനിധികളും വിവിധ മണ്ഡലങ്ങളിൽനിന്ന് സർക്കാർ നോമിനേറ്റ് ചെയ്യുവരുമാണുള്ളത്. ഇത് സ്വതന്ത്രമായി കൈകാര്യം ചെയ്യുകയെന്നുള്ളത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 26 നൽകുന്ന അവകാശമാണ്. ആർട്ടിക്കിൾ 26 ചുരുക്കി വായിക്കാം. Article 26-ൽ, Freedom to manage religious affairs subject to public order, morality and health, every religious denomination or any section thereof shall have the right

(a) to establish and maintain institutions for religious and charitable purposes;

(b) to manage its own affairs in matters of religion;

(c) to own and acquire movable and immovable property; and

(d) to administer such property in accordance with law

എന്ന് വളരെ വ്യക്തമായി പറയുന്നു. ഇതിൽ സംസ്ഥാനങ്ങളുടെ റോൾ എന്താണ്? ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് നൽകുന്ന അവകാശമാണ് ആർട്ടിക്കിൾ 26 പ്രകാരം വഖഫ് ബോർഡുകൾ അവർക്ക് തന്നെ കൈകാര്യം ചെയ്ത് പ്രവർത്തിക്കാം എന്നുള്ളത്. അതിൽ ഭരണകൂടത്തിന്റെ ഒരു ഇടപെടലാണ് ഇവിടെ നടക്കുന്നത്. ആർട്ടിക്കിൾ 26 മൗലികവകാശമാണ്. സാധാരണരീതിയിൽ അതിന് വിരുദ്ധമായി നിയമനിർമ്മാണം നടത്താൻ പാർലമെന്റിനോ നിയമസഭകൾക്കോ അധികാരമില്ല. എന്നാൽ അതിന് ചില പ്രത്യേക സാഹചര്യങ്ങളൊക്കെയുണ്ട്. അത് ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഇതൊരു കേന്ദ്ര നിയമമാണ്. വഖഫ് ആക്ട് 1995 എന്നുള്ള കേന്ദ്രനിയമത്തിനാണ് നിങ്ങൾ ഭേദഗതി കൊണ്ടുവരുന്നത്. ഇതിന്റെ പരിധി എവിടെ വരെയാണ്? It extends to the whole of India except the State of Jammu and Kashmir.

ജമ്മുകാശ്മീർ ഒഴികെയുള്ള ഇന്ത്യയുടെ മുഴുവൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ബാധകമായ ഒരു നിയമമാണ് വഖഫ് ആക്ട് 1995. അതിന് എങ്ങനെയാണ് നിങ്ങൾ ഭേദഗതി കൊണ്ടുവരുന്നത്. കേന്ദ്രനിയമത്തിന് വിരുദ്ധമായി നിയമം കൊണ്ടുവരാൻ സംസ്ഥാനത്തിന് അധികാരമില്ല. കേന്ദ്രനിയമത്തിലെ സെക്ഷൻ 14 പ്രകാരമാണ് സംസ്ഥാന വഖഫ് ബോർഡുകൾ രൂപീകരിക്കുന്നത്. കേന്ദ്ര വഖഫ് നിയമത്തിലെ Section 24, Officers and other employees of the Board: The Board shall have the assistance of such number of Officers and other employees as may be necessary for the efficient performance of its functions under this Act, details thereof shall be determined by the Board in consultation with the State Government. ഉദ്യോഗസ്ഥരെ എങ്ങനെ നിയമിക്കണമെന്ന് ബോർഡാണ് തീരുമാനിക്കേണ്ടത്. ഗവൺമെന്റിനോട് കൺസൾട്ട് ചെയ്യണമെന്ന് മാത്രമേയുള്ളൂ. ഇതിനുവേണ്ടിയുള്ള റെഗുലേഷൻസുണ്ടാക്കേണ്ടതും ബോർഡാണ്. പിന്നെ എവിടെയാണ് പി.എസ്.സി. വരുന്നത്, പി.എസ്.സി.-ക്ക് വിടാൻ എങ്ങനെയാണ് കഴിയുന്നത്. പി.എസ്.സി.-ക്ക് വിടുന്നതിൽ ചിലപ്പോൾ നന്മകൾ പറയാൻ കഴിയും. പക്ഷേ ഇതൊരു മതവിഭാഗത്തിന്റെ അവകാശമാണ്. ഇത് കേന്ദ്ര നിയമത്തിന്റെ ബലത്തിൽ നടക്കുന്ന ഒരു കാര്യമാണ്. അതിന്മേൽ ഇങ്ങനെയൊരു നീക്കം കൊണ്ടുവരുന്നത് ശരിയാണോ? നമ്മുടെ നാട്ടിൽ വഖഫ് ബോർഡുകൾപോലെ തന്നെ ദേവസ്വം ബോർഡുകളുമുണ്ട്. ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾ നടത്തുന്നത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡാണ്. ആ സാഹചര്യമെങ്കിലും വഖഫ് ബോർഡിന്റെ കാര്യത്തിലും വേണ്ടതല്ലേ? നിലവിൽ വഖഫ് ബോർഡിലുള്ള ജീവനക്കാരുടെ ഭാവി എന്താകുമെന്ന കാര്യവും ഇവിടെ പ്രതിപാദിക്കുന്നില്ല. ഇത് തീർത്തും ഭരണഘടനാവിരുദ്ധമാണ്. ഞങ്ങളിവിടെ എന്ത് തടസ്സവാദം ഉന്നയിച്ചാലും എന്ത് നിയമപ്രശ്നം പറഞ്ഞാലും അതിനെയൊക്കെ മറികടന്ന് നിയമനിർമ്മാണം നടത്തും. പ്രസ്തുത ഭേദഗതി നിലനിൽക്കില്ലെന്ന തടസ്സവാദം ചൂണ്ടിക്കാണിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഈ ബില്ലിലെ വ്യവസ്ഥകൾ 1995-ലെ വഖഫ് ആക്ടിന് വിരുദ്ധമാണെന്നും ദേവസ്വം ബോർഡിലെ നിയമനങ്ങൾ നടത്തുന്നത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡാണെന്നുമിരിക്കെ വഖഫ് ബോർഡിനുകീഴിലുള്ള നിയമനങ്ങൾ

പി.എസ്.സി.-ക്ക് വിടുന്നതിൽ നീതീകരണമില്ലെന്നും പി.എസ്.സി.-ക്ക് വിടുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ ഭാവിയെ സംബന്ധിച്ച് ബില്ലിൽ പ്രതിപാദിച്ചിട്ടില്ലെന്നുമുള്ള തടസ്സവാദങ്ങളാണ് ബഹുമാനപ്പെട്ട അംഗം ക്രമപ്രശ്നത്തിൽ ഉന്നയിച്ചിട്ടുള്ളത്. 1995-ലെ കേന്ദ്ര വഖഫ് ആക്ടിന്റെ 24-ാം വകുപ്പ് 2-ാം ഉപവകുപ്പിൽ, വഖഫ് ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും അവരുടെ ഔദ്യോഗിക കാലാവധിയും റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുന്നു. മേൽപ്പറഞ്ഞ ആക്ടിലെ 110-ാം വകുപ്പിൽ ബോർഡിന്, സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, ആക്ടിലെയും അതിനുകീഴിൽ രൂപീകരിച്ച ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത റെഗുലേഷനുകൾ രൂപീകരിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. അപ്രകാരമുണ്ടാക്കിയ കേരള സംസ്ഥാന വഖഫ് ബോർഡ് റെഗുലേഷൻ 5 (1) സബ് റെഗുലേഷൻ 2 പ്രകാരം ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. അപ്രകാരം ഉദ്യോഗസ്ഥരെയും ജീവനക്കാരെയും തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ ബിൽ. അതിനാൽത്തന്നെ ബില്ലിലെ വ്യവസ്ഥകൾ കേന്ദ്ര ആക്ടായ വഖഫ് ആക്ടിനോ അതിനുകീഴിൽ രൂപീകരിച്ച റെഗുലേഷനോ വിരുദ്ധമല്ല. വഖഫ് ബോർഡിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കുന്നതിൽ നിയമ തടസ്സമില്ല. ആക്ടിനുകീഴിൽ ചട്ടങ്ങളും ജീവനക്കാരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂളും രൂപീകരിക്കുമ്പോൾ ജീവനക്കാരെ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്താവുന്നതാണ്. ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നിയമനം കേന്ദ്ര ആക്ടിലെ 23-ാം വകുപ്പ് പ്രകാരമായിരിക്കും. നിലവിൽ വഖഫ് ബോർഡ് സ്വയം നിയമനം നടത്തുന്ന തസ്തികകളിലേയ്ക്കാണ് വഖഫ് ബോർഡുണ്ടാക്കിയ റെഗുലേഷൻ പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നത്. വഖഫ് ആക്ടിലെ വ്യവസ്ഥകൾപ്രകാരം നടത്തുന്ന നിയമനങ്ങൾക്ക് യാതൊരു മാറ്റവും വരുത്തിയിട്ടില്ല. നിലവിലുള്ള ജീവനക്കാരെ സംബന്ധിക്കുന്ന വ്യവസ്ഥകൾ എപ്രകാരമായിരിക്കുമെന്ന് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്. അതിനാൽ ടി ബില്ലിലെ വ്യവസ്ഥകൾ 1995-ലെ വഖഫ് ആക്ടിലെയും വഖഫ് റെഗുലേഷനിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലെന്ന് കാണാവുന്നതാണ്.

## റൂളിംഗ്

മി. സ്പീക്കർ: കേന്ദ്ര നിയമമായ 1995-ലെ വഖഫ് ആക്ടനുസരിച്ച് പ്രവർത്തിച്ചുവരുന്ന സംസ്ഥാന വഖഫ് ബോർഡിലെ നിയമനങ്ങൾ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള വ്യവസ്ഥകൾ അടങ്ങുന്ന ഈ ബിൽ ഭരണഘടനയിലെയും നിലവിലുള്ള കേന്ദ്ര നിയമത്തിലെയും വ്യവസ്ഥകൾക്ക് വിരുദ്ധവും സാമാന്യനീതി നിഷേധിക്കുന്നതുമാകയാൽ ബില്ലിന്റെ അവതരണം തടയണമെന്നാണ് ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ ചട്ടം 71 അനുസരിച്ച് ഇവിടെ തടസ്സവാദത്തിലൂടെ ഉന്നയിച്ചത്.

ഉന്നയിക്കപ്പെട്ട തടസ്സവാദത്തിന് സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ഇവിടെ വിശദീകരണം നൽകുകയുണ്ടായി. വഖഫ് ബോർഡിലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഈ ബിൽ കേന്ദ്ര വഖഫ് നിയമത്തിനോ അതിന് കീഴിൽ ഉണ്ടാക്കിയ റെഗുലേഷനുകൾക്കോ വിരുദ്ധമല്ലെന്നുതന്നെയാണ് കാണുന്നത്. അതുമാത്രമല്ല, ഈ ബിൽ പരിഗണിക്കുന്നത് സഭയുടെ നിയമനിർമ്മാണാധികാരത്തിന് വിധേയമല്ലെന്ന വാദവും ഇവിടെ ഉന്നയിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ ഉന്നയിച്ച തടസ്സവാദം തള്ളുന്നു.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

6.00 P.M.]

## നിയമനിർമ്മാണകാര്യം - തുടർച്ച

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഇപ്പോൾ സമയം 6.00 മണിയായി. ഇനി 6 പേർ കൂടി സംസാരിക്കാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയും ചർച്ചയിൽ പങ്കെടുക്കുന്നവരും സമയം കർശനമായി പാലിക്കണം. നാളെ 6 ബില്ലുകൾ വേറെയും പരിഗണിക്കാനുണ്ട്. നാളെയും വൈകുന്നതുവരെ സഭ സമ്മേളിക്കേണ്ടിവരും. അതുകൂടി പരിഗണിക്കണം. കഴിയുന്നത്ര ചുരുക്കി സംസാരിച്ച് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങളെ സുതാര്യമാക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലുള്ള ഒരു ബിൽ കൊണ്ടുവരുന്നത്. നിരവധി തവണ ഓർഡിനൻസ് കൊണ്ടുവരികയും പുതുക്കിയുമൊക്കെയാണ് ഈ നിയമത്തിലേയ്ക്ക് എത്തിനിൽക്കുന്നത്. പലതവണ ഓർഡിനൻസ് നീട്ടുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുൻ എം.എൽ.എ. ശ്രീ. എം. ഉമ്മർ ഇത് അടിയന്തരമായി നിയമമാക്കണമെന്ന് ഒരവസരത്തിൽ ഈ സഭയിൽ അഭ്യർത്ഥിക്കുകയുമുണ്ടായിട്ടുണ്ട്. വഖഫ് എന്നുള്ളത്, ഈ നാട്ടിലെ മുസ്ലീം ജനവിഭാഗത്തിൽപ്പെട്ട ആളുകൾ അവരുടെ സ്വത്തുവകകൾ ദാനമായി നൽകുന്ന ഒരു പ്രക്രിയയാണ്. ഇത്തരം സ്വത്തുവകകൾ കൃത്യമായി സംരക്ഷിക്കുന്നതും സർവ്വേ ചെയ്ത് സൂക്ഷിക്കുന്നതും കേരളത്തിലെ വഖഫ് സ്വത്തുക്കളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുമൊക്കെ ബോർഡിന്റെ ചുമതലയാണ്. ഇതുമായി ബന്ധപ്പെട്ട് ജീവിക്കുന്ന മൗലവികളടക്കമുള്ള ആളുകൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന നിരവധി പദ്ധതികൾ ബോർഡ് നടപ്പിലാക്കിവരികയാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന മതസ്ഥാപനങ്ങളിൽ വഖഫിന്റെ രജിസ്ട്രേഷൻ നിർബന്ധമാക്കിക്കൊണ്ട് അവരുടെ വരുമാനത്തിൽ നിന്നും 7 ശതമാനം വരുന്ന തുക വഖഫ് ബോർഡ് ഈടാക്കുകയും അതിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുകയും ചെയ്യുന്ന വലിയൊരു പ്രക്രിയയാണ് വഖഫ് ബോർഡ് നടപ്പിലാക്കിവരുന്നത്. അതുകൊണ്ടുതന്നെ വഖഫ് ബോർഡിലെ ജീവനക്കാർ അക്കൗണ്ടബിളായിരിക്കണം, സുതാര്യമായിരിക്കണം എന്നുള്ള നിർബന്ധത്തിന്റെ ഭാഗമായാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മികച്ച മാതൃക സൃഷ്ടിച്ചിരിക്കുകയാണ്. ശ്രീ. കെ. പി. എ. മജീദ് വളരെ സംക്ഷിപ്തമായി സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ അധികപ്രസംഗിയല്ല. ആവശ്യമുള്ളതേ പറയുകയുള്ളൂ.

മി. സ്പീക്കർ: ആ വിശ്വാസം അങ്ങ് സംരക്ഷിക്കണം.

ശ്രീ. കെ. പി. എ. മജീദ്: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് അതുസംബന്ധിച്ച് കൂടുതൽ പറയാനില്ലാത്തതുകൊണ്ടാണ് കൂടുതൽ സംസാരിക്കാത്തത്. ബഹുമാനപ്പെട്ട മന്ത്രിയുടേത് ഒരു കുറ്റബോധത്തിന്റെ അടിസ്ഥാനത്തിലുള്ള സംസാരമാണ്.

മി. സ്പീക്കർ: അങ്ങ് അദ്ദേഹത്തെ പ്രകോപിപ്പിച്ചാൽ മറുപടിയിൽ അദ്ദേഹം കൂടുതൽ പ്രസംഗിക്കും.

Shri K. P. A. Majeed: I move that, " This House resolves to disapprove The Kerala Public Service Commission (Additional Functions as respects the services under the Waqf Board) Ordinance, 2021 (Ordinance No.118 of 2021)." ഇവിടെ വഖഫ് ബോർഡ് നിയമനം പി.എസ്.സി.-ക്ക് വിടാൻ ധൃതിപിടിച്ച് ഒരു തീരുമാനമെടുത്തു. ഇതിന്റെ ആദ്യത്തെ ഓർഡിനൻസ് 2020 ജൂൺ മാസത്തിലാണ് പുറപ്പെടുവിച്ചത്. നിയമസഭാ സമ്മേളനം നടക്കാത്ത സാഹചര്യങ്ങളിൽ അടിയന്തരഘട്ടങ്ങളിലാണ് ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത്. 2020-ൽ ഓർഡിനൻസ് വന്നതിനുശേഷം ഇതിൽ എന്തെങ്കിലും നടപടിയുണ്ടായിട്ടുണ്ടോ? ഓർഡിനൻസിറക്കി എന്നല്ലാതെ അതിന്മേൽ യാതൊരുവിധ നടപടികളോ സ്പെഷ്യൽ റൂൾസോ മറ്റ് ചർച്ചയോ ഒന്നുമുണ്ടായിട്ടില്ല. അടിയന്തര ഘട്ടത്തിലല്ലാത്ത സമയത്ത് ഒരു ഓർഡിനൻസ് ഇറക്കിയെന്നുള്ളതുമാത്രമാണ്. ദേവസ്വം ബോർഡ് നിയമനം പി.എസ്.സി.-യ്ക്ക് വിടുമെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ചില മുന്നോക്ക സമുദായ സംഘടനകളുടെ ഭീഷണിയെയും സമ്മർദ്ദത്തെയുംതുടർന്ന് അത് റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയാക്കി. എന്നാൽ മുസ്ലീം സമുദായത്തിലെ വിവിധ സംഘടനകൾ യോഗം ചേർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടു, സെക്രട്ടേറിയറ്റിനുമുന്നിൽ സമരം നടത്തി. എന്നാൽ എല്ലാ സംഘടനകളും നേതാക്കളും ഒരുമിച്ച് പറഞ്ഞിട്ടും വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടുകയാണുണ്ടായത്. ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ ഇങ്ങനെയൊരു തീരുമാനമുണ്ടാകുമ്പോൾ എന്ത് മാനദണ്ഡമാണ് വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടാൻ കാരണം? വഖഫ് ബോർഡിലാണെങ്കിൽ 125 ജീവനക്കാർ മാത്രമേയുള്ളൂ. കേരളത്തിൽ എത്രയോ പൊതുമേഖലാ സ്ഥാപനങ്ങളും ബോർഡുകളുമുണ്ട്. അവിടങ്ങളിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും ഇതുവരെ പി.എസ്.സി.-യ്ക്ക് വിട്ടിട്ടില്ല. എന്തുകൊണ്ടാണ് വളരെ ധൃതിപിടിച്ച് ഇങ്ങനെയൊരു തീരുമാനത്തിൽ വന്നതെന്ന് എനിക്കറിയില്ല. തിരുവിതാംകൂർ, ഗുരുവായൂർ, മലബാർ, കൂടൽമാണിക്യം എന്നീ ദേവസ്വം ബോർഡുകളിൽ ആയിരക്കണക്കിനാളുകൾ ജോലി ചെയ്യുന്നുണ്ട്. അതുപോലെ അവരുടേതായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യാപകരും അനദ്ധ്യാപകരുമുണ്ട്. അവിടങ്ങളിലെ നിയമനങ്ങളെല്ലാം നിങ്ങൾ റിക്രൂട്ട്മെന്റ് ബോർഡിന് കൊടുക്കുകയാണ്. അവിടെ പി.എസ്.സി.-യ്ക്ക് ഒരുകാര്യവുമില്ല. എല്ലാ നിയമനങ്ങളും റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണ് നടത്തുന്നത്. എന്നാൽ വഖഫ് സ്ഥാപനങ്ങളിലെ ഇമാമിനെയോ ഖത്തീബിനെയോ മറ്റ് ജോലിക്കാരെയോ വഖഫ് ബോർഡ് നിയമിക്കുന്നതല്ല. അവരെ അതാത് മഹല്ല് കമ്മിറ്റികളാണ്

നിയമിക്കുന്നത്. എറണാകുളം ഹെഡ്ഡോഫീസിലും കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, ചങ്ങനാശ്ശേരി, തിരുവനന്തപുരം എന്നിവിടങ്ങളിലെ ഓഫീസുകളിലുമായി ആകെ 125 ജീവനക്കാർ മാത്രമാണ് വഖഫ് ബോർഡിൽ പ്രവർത്തിക്കുന്നത്. അതിൽ സ്ഥിരം ജീവനക്കാർ 29 പേരാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അത് പരിശോധിക്കാവുന്നതാണ്. 96 പേർ താൽക്കാലിക ജീവനക്കാരാണ്. ഈ താൽക്കാലിക ജീവനക്കാരെയെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചതാണ്. അവർ 15 വർഷത്തോളമായി അവിടെ ജോലി ചെയ്തുവരികയാണ്. ഇതെല്ലാം പി.എസ്.സി.-യ്ക്ക് വിടുമ്പോൾ അവരുടെ സ്ഥിതി എന്താണ്; അവർക്ക് വേറെ ജോലിക്ക് പോകാൻ സാധിക്കുമോ? അധികം ആളുകളും പ്രായപരിധി കഴിഞ്ഞവരാണ്. അതിൽ ഒരു മാനുഷിക പരിഗണനയുടെ പ്രശ്നം വരുന്നുണ്ട്. നിയമനം പി.എസ്.സി.-യ്ക്ക് വിടുകയാണെങ്കിൽ ഇത്തരം ജീവനക്കാരെ നിലനിർത്തുമെന്നതിനാൽ അവരെ സ്ഥിരപ്പെടുത്താനുള്ള യാതൊരു തീരുമാനവും ഉണ്ടായിട്ടില്ലായെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അപ്പോൾ 125 തസ്തിക മാത്രമുള്ള ഒരു ബോർഡിന്റെ നിയമനങ്ങളെല്ലാം പി.എസ്.സി.-യ്ക്ക് കൊടുക്കുന്നതിൽ എന്ത് അർത്ഥമാണുള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ഡോ. കെ. ടി. ജലീൽ: സർ, ഇത് സദുദ്ദേശ്യത്തോടുകൂടി ചെയ്യുന്ന കാര്യമാണ്. നല്ല കോമ്പീറ്റന്റായ ജീവനക്കാരുണ്ടായാൽ വഖഫ് ബോർഡിനെ മികവുറ്റ രീതിയിലേയ്ക്ക് മാറ്റിയെടുക്കാൻ സാധിക്കും. കാലാകാലങ്ങളായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും ഇഷ്ടക്കാരെ അവിടെ നിയമിക്കുന്നു, എന്നിട്ട് 8 വർഷം പൂർത്തിയാക്കുന്നവരെ സ്ഥിരപ്പെടുത്തുന്നു. ആ സമ്പ്രദായം മാറി, മുസ്ലീം സമുദായത്തിലെ കോമ്പീറ്റന്റായിട്ടുള്ള യുവതീയുവാക്കളെ പി.എസ്.സി. മുഖേന നിയമിച്ച് വഖഫ് ബോർഡിനെ മികവുറ്റ ഒരു സ്ഥാപനമാക്കുകയാണ് ലക്ഷ്യമിടുന്നത്. യഥാർത്ഥത്തിൽ ഇപ്പോൾ അവിടെ നടക്കുന്നത് എന്താണെന്ന് ആ ഓഫീസിലെ ജീവനക്കാരുടെ കോമ്പിറ്റൻസി പരിശോധിച്ചാൽ അറിയാൻ സാധിക്കും. അതിനൊരു മാറ്റംവരുത്തി നല്ലരീതിയിലേയ്ക്ക് കൊണ്ടുവരുന്നതിനോട് എന്തിനാണ് വിയോജിക്കുന്നത്? പി.എസ്.സി. മുഖേന പള്ളിയിലെ ഖത്തീബിനെയും മറ്റു ജീവനക്കാരെയും നിയമിക്കുന്നുവെന്നുള്ള രീതിയിലാണ് അങ്ങയുടെ സംഭാഷണം വരുന്നത്. പി.എസ്.സി. മുഖേന മുസ്ലീം സമുദായത്തിൽനിന്നുതന്നെ കോമ്പീറ്റന്റായിട്ടുള്ള 125 യുവതീയുവാക്കൾ വരുന്നതിന് എന്തിനാണ് ആശങ്കപ്പെടുന്നത്?

ശ്രീ. കെ. പി. എ. മജീദ്: സർ, ഇമാമിനെയും ഖത്തീബിനെയും എല്ലാം നിയമിക്കുന്നത് അതത് മഹല്ല് കമ്മിറ്റികളാണെന്നാണ് ഞാൻ പറഞ്ഞത്. 125 പേർ മാത്രമേ ഇവിടെ ജീവനക്കാരായിട്ടുള്ളൂ. അത് മനസ്സിലാക്കണ്ടേ. ദേവസ്വം

ബോർഡിന് കീഴിലുള്ള തസ്തികകളിലെ നിയമനങ്ങൾ റിക്രൂട്ട്മെന്റ് ബോർഡിന് കൊടുക്കാൻ തീരുമാനിച്ചപ്പോൾ വഖഫ് ബോർഡിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തിയാൽ മതിയെന്ന് ക്യാബിനറ്റ് തീരുമാനിച്ചു. വഖഫ് ബോർഡിലെ ജീവനക്കാർ മികവുള്ളവരായിതീരുന്നതിന് പി.എസ്.സി.യിലേയ്ക്ക് വിടുന്നു എന്നതാണ് വാദമെങ്കിൽ ദേവസ്വം ബോർഡിനും അത് ബാധകമാക്കേണ്ടതല്ലേ. ബഹുമാനപ്പെട്ട മുൻ മന്ത്രി ഡോ. കെ. ടി. ജലീൽ ഇരുന്ന മന്ത്രിസഭയിൽ ഈ വിഷയം വന്നപ്പോൾ അത് നല്ലതാണെന്ന് തീരുമാനിച്ചോ? ഇതിനെയാണ് ഇരട്ടത്താപ്പെന്ന് പറയുന്നത്. അദ്ദേഹം ഇരിക്കുന്ന ക്യാബിനറ്റിൽ രണ്ട് ഭേദഗതികൾ വന്നു. ഒന്ന് ദേവസ്വം ബോർഡിന്റെയും മറ്റൊന്ന് വഖഫ് ബോർഡിന്റെയും. വഖഫ് ബോർഡുമായി ബന്ധപ്പെട്ട നിയമനങ്ങൾ പി.എസ്.സി.-.യ്ക്ക് വിടാൻ തീരുമാനിച്ചു; ദേവസ്വം ബോർഡിന്റെ കാര്യം വന്നപ്പോൾ അദ്ദേഹം മിണ്ടാതിരുന്നു.

ഡോ. കെ. ടി. ജലീൽ: സർ, (....മൈക്ക് ഓഫ്....) അത് കോടതി വിധിയുടെ അടിസ്ഥാനത്തിലായിരുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, എന്ത് കോടതിവിധി; കോടതിവിധി അനുസരിച്ചാണോ ഇത് ചെയ്യുന്നത്? ഏത് കോടതിവിധിയെയാണ് നിങ്ങൾ മറികടക്കാത്തത്. കോടതിവിധി മറികടന്ന് എത്ര നിയമനിർമ്മാണം ഈ സഭയിൽ നടന്നുകഴിഞ്ഞു? വഖഫ് ബോർഡിലെ നിയമനങ്ങൾ ഉൾപ്പെടെയുള്ള സേവനചരിത്രം സുതാര്യവും സത്യസന്ധവുമായിരിക്കെ ഇത്തരം നീക്കം രാജ്യത്താകെ തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുന്ന സാഹചര്യമുണ്ടാക്കും. ഇങ്ങനെയൊരു തീരുമാനം മറ്റ് സംസ്ഥാന വഖഫ് ബോർഡ് പ്രവർത്തനത്തിൽ ഇടപെടാനും സാഹചര്യമുണ്ടാകും. കേന്ദ്ര സർക്കാരിന്റെ ഇടപെടലിന് ഇത് കാരണമാകും. വഖഫ് സ്ഥാപനം സംരക്ഷിക്കാനുള്ള മുസ്ലീം സമുദായത്തിന്റെ ഏക സംരക്ഷണ കവചമാണ് കേന്ദ്ര വഖഫ് നിയമം. അതിൽ ഏതെങ്കിലും രീതിയിൽ സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടലുണ്ടായാൽ കേന്ദ്ര ഗവൺമെന്റിനുകൂടി ഇടപെടാനുള്ള ഒരവസ്ഥയുണ്ടാകുമെന്നാണ് ഞാൻ ഭയപ്പെടുന്നത്.

വഖഫ് ബോർഡിൽ ഖത്തീബ്, ഇമാം, ഹെൽപ്പർ തുടങ്ങിയ ജീവനക്കാർക്ക് പ്രതിമാസം 500 മുതൽ 750 രൂപ വരെ സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നുണ്ട്. എല്ലാ സാമൂഹ്യപെൻഷനും ഇപ്പോൾ വർദ്ധിപ്പിക്കുന്നുണ്ട്. പാവപ്പെട്ടവർക്കുള്ള പ്രതിമാസ പെൻഷൻ കൂട്ടാനുള്ള മാനസികാവസ്ഥയും അതിനുള്ള ചിന്തയും നിങ്ങൾക്കുണ്ടായിട്ടുണ്ടോ? എല്ലാ പെൻഷനുകളും കൂട്ടിയിട്ടുണ്ടല്ലോ; എന്നാൽ ഈ പെൻഷനെപ്പറ്റി യാതൊരു തീരുമാനവുമില്ല. അങ്ങ് കോഴിക്കോട് പോയി

ആർഭാടപൂർവ്വം ഉദ്ഘാടനം ചെയ്ത ട്രൈബ്യൂണലിന്റെ സ്ഥിതി എന്തായി? വഖഫ് ബോർഡ് സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് എറണാകുളം, കൊല്ലം, കോഴിക്കോട് തുടങ്ങിയ മൂന്ന് ട്രൈബ്യൂണലുകളുണ്ടായിരുന്നതിനെ കോഴിക്കോട് ആസ്ഥാനമാക്കി ഒരു ട്രൈബ്യൂണലാക്കി/കോടതിയാക്കി മാറ്റി. ആ കോടതിക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണ്ടേ; നിങ്ങളെന്താണ് അന്ന് തീരുമാനിച്ചത്? വഖഫ് ബോർഡിന്റെ പണമുപയോഗിച്ച് എല്ലാകാര്യവും ചെയ്തുകൊള്ളുക; പണം ഞങ്ങൾ തരാമെന്ന് പറഞ്ഞു. 54 ലക്ഷം രൂപ ചെലവഴിച്ചാണ് ആ കോടതി സ്ഥാപിച്ചത്. നിങ്ങൾ പണം കൊടുക്കാമെന്ന് പറഞ്ഞിട്ട് കൊടുത്തോ; 5 വർഷമായി വഖഫ് ബോർഡിനെ നിങ്ങൾ വഞ്ചിക്കുകയല്ലേ ചെയ്തത്? അങ്ങ് വളരെ കേമമായി ഉദ്ഘാടനം ചെയ്തു. പക്ഷേ വഖഫ് ബോർഡിന്റെ പണമെടുത്തശേഷം തരാമെന്ന് പറഞ്ഞ് കബളിപ്പിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. ഇതുവരെ പണം കൊടുത്തിട്ടില്ല.

മി. സ്പീക്കർ: സർ, ഇപ്പോൾ തന്നെ സമയം തീർന്നു; അദ്ദേഹത്തിന്റെ ബാക്കി സമയം കൂടി അപഹരിക്കരുത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ പള്ളി മദ്രസ്സകളിൽനിന്നും കിട്ടുന്ന വിഹിതമാണ് വഖഫ് ബോർഡിന്റെ വരുമാനം. ദേവസ്വം ബോർഡിന്റെ കീഴിലുള്ള നിയമനങ്ങൾ റിക്രൂട്ട്മെന്റ് ബോർഡിന് കൊടുക്കുന്നതും പി.എസ്.സി.-യ്ക്ക് കൊടുക്കാത്തതും വിശ്വാസ സംബന്ധമായി ആവശ്യമുള്ള ആളുകളെ നിയമിക്കാനെന്നാണ് വാദം. വഖഫ് ബോർഡ് കൈകാര്യം ചെയ്യുന്നവർ വിശ്വാസികളായ ആളുകൾ തന്നെയാണെന്നുള്ളത് ഉറപ്പുവരുത്താൻ പി.എസ്.സി.-യ്ക്ക് വിടാതെയിരിക്കുകയല്ലേ വേണ്ടത്? വിശ്വാസിയല്ലാത്തവർക്കും ഡോ. കെ. ടി. ജലീൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വഖഫ് ബോർഡ് കൈകാര്യം ചെയ്യേണ്ട സ്ഥിതി വരും. അത് വഖഫ് ബോർഡിനെ തകർച്ചയിലേയ്ക്ക് നയിക്കില്ലേ? അതോടൊപ്പം ഇന്ത്യയിൽ ഏതെങ്കിലുമൊരു സംസ്ഥാനത്ത് വഖഫ് ബോർഡ് നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. എ. മജീദ്: സർ, വഖഫ് ബോർഡിന്റെ നിയമനങ്ങളിലോ മറ്റ് കാര്യങ്ങളിലോ കേന്ദ്ര ആക്ട് വന്നതിനുശേഷം ഇടപെടാൻ വളരെ പരിമിതമായ അവകാശമേ സംസ്ഥാന സർക്കാരിനുള്ളൂവെന്ന് മനസ്സിലാക്കണം. എല്ലാ കാര്യങ്ങളിലും ഇടപെടുന്നതുപോലെ ഇതിൽ ഇടപെടാൻ സാധിക്കില്ല. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് വഖഫ് ബോർഡുകൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഇപ്പോൾ നിങ്ങൾ പി.എസ്.സി.-യ്ക്ക് വിടാൻ തീരുമാനിച്ചാൽ മുസ്ലീങ്ങളെ പി.എസ്.സി നിയമിക്കണം. കെ.എസ്.എസ്.ആർ. അനുസരിച്ച്

മാത്രമെ പി.എസ്.സി.-യ്ക്ക് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ദേവസ്വം ബോർഡിലെ നിയമനങ്ങൾക്ക് എന്തുകൊണ്ടാണ് റിക്രൂട്ട്മെന്റ് ബോർഡാക്കിയത്? ദേവസ്വം ബോർഡ് നിയമനത്തിൽ ഹിന്ദു വിഭാഗത്തിൽനിന്നും മാത്രം അപേക്ഷ ക്ഷണിച്ച് നിയമനം നടത്താൻ പി.എസ്.സി.-യ്ക്ക് കഴിയില്ല. ജാതി, മതം, ലിംഗം, വർഗ്ഗം എന്നതിന്റെ അടിസ്ഥാനത്തിൽ ഏത് ഉദ്യോഗാർത്ഥിയും നിശ്ചിത യോഗ്യതയും മാനദണ്ഡവും പാലിക്കുന്നപക്ഷം നിയമനത്തിന് അപേക്ഷിക്കാവുന്നതാണ്. ദേവസ്വം ബോർഡിലെ മിനിസ്റ്റീരിയൽ വിഭാഗം, എഞ്ചിനീയറിംഗ് വിഭാഗം, വിദ്യാഭ്യാസ സ്ഥാപനം എന്നിവയിലേയ്ക്ക് അപേക്ഷ കൊടുക്കാവുന്നതാണ്. യോഗ്യതയുള്ള ഏത് മതത്തിൽപ്പെട്ടവർക്കും മതമില്ലാത്തവർക്കും കൊടുക്കാവുന്നതാണ്. മേൽ കാരണത്താലാണ് ദേവസ്വം നിയമനങ്ങൾ പി.എസി.സി.-യ്ക്ക് കൊടുക്കുന്നതിൽ ഭരണഘടനാപരമായും മറ്റു നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചും എതിർത്തത്. ഹിന്ദു സമൂഹം ക്ഷേത്രാചാരങ്ങളും വിശ്വാസകാര്യങ്ങളും പറഞ്ഞ് നിയമനം പി.എസ്.സി.-യ്ക്ക് വിടുന്നതിനെ എതിർക്കുകയുണ്ടായി. സമാനകാര്യമാണ് വഖഫ് ബോർഡ് നിയമനങ്ങൾക്കും സ്വീകരിക്കേണ്ടതെന്നാണ് എന്റെ വാദം. വഖഫ് ബോർഡിലേയ്ക്ക് 100 ശതമാനം മുസ്ലീങ്ങൾക്ക് മാത്രമായി പി.എസ്.സി. നിയമനം നടത്താൻ സാധിക്കുമെന്ന് തോന്നുന്നില്ല; ഏതുസാഹചര്യത്തിലും ഇത് കോടതി ചോദ്യം ചെയ്യാനുള്ള സാധ്യത വളരെ വലുതാണ്. മുസ്ലീങ്ങൾ എന്ന യോഗ്യത മാത്രം അടിസ്ഥാനമാക്കി പി.എസ്.സി. നിയമനം നടത്താമെന്ന് തീരുമാനിച്ചാലും കെ.എസ്.എസ്.ആർ.-ലെ നിലവിലുള്ള 14 മുതൽ 17 വരെയുള്ള ചട്ടങ്ങളും സംവരണ വ്യവസ്ഥകളും അനുസരിച്ച് മറ്റ് വിഭാഗങ്ങൾ നിയമന പ്രക്രിയയെ ചോദ്യം ചെയ്യുകയും നിയമന നടപടികൾ പ്രതിസന്ധിയിലാക്കുകയും ചെയ്യും. മുസ്ലീങ്ങൾക്ക് മിനിമം 12 ശതമാനം തസ്തിക മാത്രമെ ഉറപ്പ് നൽകാനാവുകയുള്ളൂ. മെറിറ്റിലെ 50 ശതമാനം പൂർണ്ണമായും നിലവിലുള്ള 10-12 സംവരണം ഉൾപ്പെടെ പരമാവധി 62 ശതമാനം മാത്രമെ പി.എസ്.സി.-യ്ക്ക് നിയമനം നടത്താൻ കഴിയൂ. 100 ശതമാനം മുസ്ലീങ്ങൾക്ക് മാത്രം ലഭിക്കേണ്ട തസ്തികകളിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇതരവിഭാഗങ്ങളെ നിയമിക്കേണ്ട സാഹചര്യമാണ് വരാൻ പോകുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

ഡോ. കെ. ടി. ജലീൽ: സർ, (.....മൈക്ക് ഓഫ്.....).

ശ്രീ. കെ. പി. എ. മജീദ്: സർ, വിവരം വേണ്ടേ ഡോ. കെ. ടി. ജലീലേ..... എങ്ങനെ പി.എസ്.സി. വഴി മുസ്ലീങ്ങളെ മാത്രം നിയമിക്കാൻ കഴിയും, അങ്ങനെ നിയമിച്ചാൽ നിലവിലെ വ്യവസ്ഥകൾ തന്നെ താറുമാറാവുകയില്ലേ; (..........ബഹളം...........)

മി. ചെയർമാൻ: അങ്ങ് ദയവായി ചെയറിനെ അഡ്രസ്സ് ചെയ്യൂ.

ശ്രീ. കെ. പി. എ. മജീദ്: സർ, മറ്റ് വകുപ്പുകളിലെ സമാന യോഗ്യത നിശ്ചയിച്ചിട്ടുള്ള തസ്തികകളിലെ റാങ്ക് ലിസ്റ്റിൽ മുസ്ലീങ്ങളെ മാത്രം നിയമിക്കാനായി സ്പെഷ്യൽ റൂൾസ് വഴി പി.എസ്.സി.-യ്ക്ക് വിട്ടാലും ഇതര വകുപ്പിലെ മുസ്ലീങ്ങൾക്ക് ലഭിക്കേണ്ട അത്തരം അവസരങ്ങൾ നഷ്ടപ്പെടുത്തി മാത്രമേ വഖഫ് ബോർഡിലെ നിയമനങ്ങൾ സാധ്യമാവുകയുള്ളൂ. അത് പരിശോധിക്കണം. ഇത് മുസ്ലീം സമുദായത്തിനെതിരെ കാണിക്കുന്ന വിവേചനമായിട്ടാണ് എനിക്ക് തോന്നുന്നത്.

ഇപ്പോൾ വഖഫ് ബോർഡിന് ബഡ്ജറ്റ് അലോക്കേഷൻ ഒരു കോടി 32 ലക്ഷം രൂപയാണുള്ളത്. ഇതിൽ ഒരു കോടി രൂപ മാത്രമാണ് കഴിഞ്ഞ ഭരണകാലത്ത് കൊടുത്തത്, 32 ലക്ഷം രൂപ ബാക്കിയാണ്. വഖഫ് ബോർഡ് നൽകുന്ന 2017 മുതലുള്ള വിവാഹ സഹായധനവും 2018 മുതലുള്ള ചികിത്സാ സഹായവും കൊടുക്കാൻ ബാക്കിയാണ്. അത് നിങ്ങൾ കൊടുത്തിട്ടുണ്ടോ; 8 കോടി രൂപ കുടിശ്ശികയാണ്. ഇത് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അന്നത്തെ മന്ത്രിയായിരുന്ന ഡോ. കെ. ടി. ജലീലും ചെയർമാനായിരുന്ന സയ്യിദ് റഷീദലി ശിഹാബ് തങ്ങളും മെമ്പർമാരുമടക്കം മുഖ്യമന്ത്രിയെക്കണ്ട് നിവേദനം കൊടുത്തിട്ടും എന്തെങ്കിലും തീരുമാനമുണ്ടായിട്ടുണ്ടോ; വഖഫ് ബോർഡിന്റെ ദൈനംദിന കാര്യങ്ങളിലും പ്രവർത്തനങ്ങളിലും ഇടപെടുക; എന്നിട്ടതിനെ ന്യായീകരിക്കുക. കള്ളത്തരങ്ങൾ ചെയ്യുന്നത് വളരെ മോശമായ കാര്യവും നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണ്. ഇതൊരു പ്രത്യേക സമൂഹത്തോട് ചെയ്യുന്ന കുറ്റകരമായിട്ടുള്ള അനീതിയാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. അനൂപ് ജേക്കബ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഈ ബില്ലിന് തടസ്സവാദം ഉന്നയിച്ചുകൊണ്ട് ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ച വാക്കുകൾക്ക് അടിവരയിടാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ മഹത്തായ ഭരണഘടനയുടെ 26-ാം അനുച്ഛേദം അനുസരിച്ചുള്ള താൽപ്പര്യങ്ങൾക്ക് എതിരായിട്ടുള്ളൊരു ബില്ലിന്മേലുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. 1995-ലെ കേന്ദ്ര വഖഫ് ആക്ടും സംസ്ഥാനത്തെ വഖഫ് ചട്ടങ്ങളും അനുസരിച്ചാണ് വഖഫ് ബോർഡ് പ്രവർത്തിക്കേണ്ടത്. കേന്ദ്ര വഖഫ് ആക്ടിലെ 24-ാം വകുപ്പുപ്രകാരം ബോർഡിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് വ്യവസ്ഥകളും ചട്ടങ്ങളും ഉണ്ടാക്കി സർക്കാരിന്റെ കൺസൾട്ടേഷനോടെ ബോർഡിനുതന്നെ നിയമിക്കാം. സർക്കാരിന്റെ കൺകറൻസോ കൺസെന്റോ ആവശ്യമില്ലെന്നതാണ് വസ്തുത. ബഹുമാനപ്പെട്ട

കേരള ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ട് ഒരു കേസ് നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന റിട്ട് പെറ്റീഷനിലെ ഇടക്കാല വിധി മാനിക്കാതെ ബോർഡ് റെഗുലേഷനിൽ ഭേദഗതി വരുത്തി നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഇന്നലെ നിയമസഭയിൽ വടകര എം.എൽ.എ. ശ്രീമതി കെ. കെ. രമ അടിയന്തരപ്രമേയാവതരണത്തിന് അനുമതി തേടിയപ്പോൾ, കോടതിയുടെ പരിഗണനയിലുള്ള കാര്യമാണ്, പ്രത്യേക സാഹചര്യം മാനിച്ചുകൊണ്ടാണ് അനുവദിക്കുന്നതെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറയുകയുണ്ടായി. എന്നാൽ കോടതിയിൽ കേസ് നിലനിൽക്കെ ഇങ്ങനെയൊരു ബിൽ കൊണ്ടുവരാൻ എന്താണ് പ്രത്യേക സാഹചര്യമുള്ളതെന്ന് സർക്കാർ വ്യക്തമാക്കേണ്ടതുണ്ട്. വഖഫ് ബോർഡും ദേവസ്വം ബോർഡുമെല്ലാം മതധർമ്മ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവയാണെന്ന അവധാനതയോടെ നിയമങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. മതധർമ്മ സ്ഥാപനങ്ങൾ കയ്യടക്കാനുള്ള നീക്കത്തിന്റെ ഭാഗമായാണ് ഈ ബിൽ കൊണ്ടുവരുന്നതെന്ന് കാണേണ്ടിവരും. ദേവസ്വം ബോർഡുകളുടെ കീഴിൽ ആയിരക്കണക്കിന് ജീവനക്കാരുണ്ടെന്ന് നമുക്കറിയാം. എന്നാൽ ഇവിടെ സൂചിപ്പിച്ചതുപോലെ വഖഫ് ബോർഡിന് കീഴിൽ നൂറിലേറെ ജീവനക്കാരുണ്ട്, അതും താൽക്കാലിക ജീവനക്കാർ മാത്രമാണ്. ഈ ജീവനക്കാർ 40 വയസ്സ് കഴിഞ്ഞവരാണെന്ന് നമ്മൾ മനസ്സിലാക്കേണ്ടതാണ്. എട്ട് ഓഫീസുകളിലായുള്ള ഇവരെ പിരിച്ചുവിടുന്നതോടുകൂടി മറ്റൊരു ജോലിക്കും പോകാൻ സാധിക്കാത്ത സാഹചര്യം വരികയാണ്. ദേവസ്വം ബോർഡ് നിയമനങ്ങൾ റിക്രൂട്ട്മെന്റ് ഏജൻസി മുഖേനയാണെന്ന് സൂചിപ്പിച്ചു. എന്നാൽ വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടണമെന്ന് നാം വാശിപിടിക്കുന്നു. ദേവസ്വം ബോർഡിൽ ഹിന്ദുക്കളിൽനിന്നും മാത്രം അപേക്ഷ ക്ഷണിച്ച് നിയമിക്കാനാകില്ലെന്ന് നമുക്കറിയാം. നിശ്ചിത യോഗ്യതയുള്ള ഏതൊരാളെയും ജാതി-മത-ലിംഗ-വർഗ്ഗ പരിഗണനകൾ നോക്കാതെ നിയമിക്കേണ്ടിവരും. അതുപോലെ തന്നെയല്ലേ വഖഫ് ബോർഡിലെയും കാര്യം. പരമാവധി 50 ശതമാനം പേരെ നിയമിക്കാൻ കഴിഞ്ഞേക്കാം. മുസ്ലീം സമുദായത്തിലുള്ളവരെ മാത്രം നിയമിക്കണമെന്ന് ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞു. ഈ 50 ശതമാനത്തിനുപുറമേ 12 ശതമാനം മുസ്ലീം സംവരണത്തിന്റെ ഭാഗമായി കിട്ടിയാലും 62 ശതമാനമേ വരികയുള്ളൂ. ബാക്കിയുള്ളതിൽ ഏത് വിഭാഗത്തിലുള്ളവർക്കും, അവിശ്വാസികൾക്കുപോലും കയറാവുന്നതാണ്. വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിട്ട് മുസ്ലീം സമുദായക്കാരെ മാത്രമേ നിയമിക്കുകയുള്ളൂ എന്നൊരു തീരുമാനത്തിൽ എത്തിയാൽപ്പോലും അത് ഭാവിയിൽ നിലനിൽക്കില്ല, വലിയ പ്രത്യാഘാതങ്ങൾക്ക്

കാരണമാകും. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മുസ്ലീങ്ങൾക്ക് നൽകിയ ആനുകൂല്യം 80:20 ആയ കഥ നാം ചർച്ച ചെയ്തതാണ്. സർക്കാർ തന്നെ അതിന് വഴി തെളിക്കുകയും ചെയ്തു. മുസ്ലീങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന 100 ശതമാനം ആനുകൂല്യത്തിൽനിന്നും 20 ശതമാനം സഹോദര സമുദായത്തിൽപ്പെട്ട ക്രിസ്ത്യൻ സഹോദരങ്ങൾക്ക് നൽകാൻ തീരുമാനമുണ്ടാക്കി. പ്രത്യേക അവസ്ഥ മനസ്സിലാക്കി കടുത്ത പിന്നാക്കാവസ്ഥയിലുള്ള മുസ്ലീങ്ങൾക്ക് ആനുകൂല്യം നൽകാനാണ് സച്ചാർ കമ്മീഷൻ റിപ്പോർട്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ക്രിസ്ത്യൻ സമുദായത്തിലെ പിന്നോക്കക്കാരായ പാവങ്ങൾക്കുവേണ്ടി ഒരു പദ്ധതി അതുപോലെ തയ്യാറാക്കി 100 ശതമാനവും ക്രിസ്ത്യൻ സഹോദരങ്ങൾക്ക് കൊടുക്കുകയായിരുന്നില്ലേ വേണ്ടിയിരുന്നത്. എന്നാൽ അത് ചെയ്തില്ല. അവരെ കബളിപ്പിക്കുകയും മുസ്ലീങ്ങളെ വഞ്ചിക്കുകയും ചെയ്തു. അങ്ങനെ ഇതിൽനിന്ന് ഒരു ഭാഗം അങ്ങോട്ട് കൊടുക്കുന്ന സാഹചര്യമുണ്ടാക്കി. എന്റെ സുഹൃത്ത് ശ്രീ. യു. എ. ലത്തീഫ് സാഹിബിനടക്കം ചില ബഹുമാനപ്പെട്ട അംഗങ്ങൾക്ക് കോവിഡ് ബാധിച്ചു. അവർക്ക് പ്രത്യേകമായി ചികിത്സയും മരുന്നുമൊക്കെ കൊടുത്തു. ഇവിടെയുള്ള എല്ലാ എം.എൽ.എ.-മാർക്കും ആ മരുന്ന് കൊടുക്കേണ്ട ആവശ്യമുണ്ടോ; വേണ്ട. അതുപോലെതന്നെ സച്ചാർ കമ്മീഷന്റെ ശിപാർശയനുസരിച്ച് ഒരു വിഭാഗത്തിന് കൊടുത്ത ആനുകൂല്യത്തിൽനിന്നും പകുതിയെടുത്ത് മറ്റുള്ളവർക്ക് കൊടുക്കുകയാണ്. എന്ത് ദുരവസ്ഥയാണ് ഇവിടെ നടക്കുന്നത്? ഈ ബിൽ മുഖേന ഭാവിയിൽ മതധർമ്മ സ്ഥാപനങ്ങളെ സഹായിക്കാൻ പ്രവർത്തിക്കുന്ന വഖഫ് ബോർഡിലും ദേവസ്വം ബോർഡിലും പല വഴിക്കായി മറ്റുള്ളവർക്കും കടന്നുകയറാൻ വഴിയൊരുക്കിയിരിക്കുകയാണ്. ഇന്ന് വഖഫ് ബോർഡിൽ കടന്നുകയറി നാളെ പള്ളി മദ്രസ്സകളിലും ദേവസ്വം ബോർഡുകളിലും കയറി ക്ഷേത്രങ്ങളിലെ ജോലികളിൽ അവിശ്വാസികൾക്കും മറ്റുള്ളവർക്കും കടന്നുകയറാൻ ഇത് വഴിവയ്ക്കും. ഇന്ന് വഖഫ് ബോർഡാണെങ്കിൽ നാളെ ദേവസ്വം ബോർഡ്. ഈ സ്ഥിതിയിലേയ്ക്ക് കൊണ്ടുപോകാനുള്ള ശ്രമങ്ങളുണ്ടാകുമെന്നതിൽ തർക്കമില്ല. കേരളം ഇങ്ങനെ ചെയ്താൽ നാളെ ബി.ജെ.പി. ഭരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽക്കൂടി ഇത്തരത്തിലുള്ള നിയമങ്ങൾ വരാൻ വലിയ കാലതാമസമുണ്ടാകില്ല. ദേവസ്വം നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാതെ റിക്രൂട്ട്മെന്റ് ഏജൻസിയെ ഏൽപ്പിച്ച അതേ സമീപനവും കാഴ്ചപ്പാടുമല്ലേ മതസൗഹാർദ്ദം ആഗ്രഹിക്കുന്ന ഒരു പുരോഗമന ഗവൺമെന്റ് ചെയ്യേണ്ടിയിരുന്നത്. ഹിന്ദു, മുസ്ലീം സമുദായങ്ങളെപോലെതന്നെ പ്രബലമാണ് ക്രിസ്ത്യൻ സമുദായവും. അവർക്കിടയിൽ ഇങ്ങനെയുള്ള ബോർഡോ സംവിധാനമോ ഇല്ല. അവരുടെ

മതാദ്ധ്യക്ഷന്മാർക്കുതന്നെ അവരുടെ മതധർമ്മ സ്ഥാപനങ്ങൾ നന്നായി നടത്തിക്കൊണ്ടുപോകാനുള്ള ശേഷിയുണ്ട്; അത് അവർ തെളിയിക്കുന്നുമുണ്ട്. അവർക്കിടയിൽ ഇത്തരത്തിലുള്ള സംവിധാനം വേണമെന്ന് ജസ്റ്റിസ് കൃഷ്ണയ്യർ മുതലുള്ള ആളുകൾ പറഞ്ഞിട്ടുണ്ടെങ്കിൽപ്പോലും അത് ക്രിസ്ത്യൻ സമുദായം ആഗ്രഹിക്കാത്തതുകൊണ്ടും അതൊരു പരിധിവരെ ആവശ്യമില്ലാത്തതുകൊണ്ടും അങ്ങനെയൊരു സ്ഥാപനം ഇവിടെ നിലവിൽ വന്നിട്ടില്ല.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> സർ, ദേവസ്വം ബോർഡിന്റെയും വഖഫ് ബോർഡിന്റെയും മാതൃകയിൽ ക്രിസ്ത്യൻ സമുദായത്തിന് ഒരു സംവിധാനം വേണമെന്നത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ അഭിപ്രായമാണോ അതോ അങ്ങയുടെ മാത്രം അഭിപ്രായമാണോ?

<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> സർ, ഞാൻ അങ്ങനെ പറഞ്ഞില്ല. സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ഹിന്ദു മുസ്ലീം സമുദായങ്ങൾക്കിടയിൽ മതധർമ്മ സ്ഥാപനങ്ങൾ നിയന്ത്രിക്കാനുള്ള സംവിധാനമുള്ളതുപോലെ ക്രിസ്ത്യൻ സമുദായത്തിനില്ല. ഇങ്ങനെയൊരു സ്ഥാപനമില്ലാതെ തന്നെ അവരുടെ മതമേലദ്ധ്യക്ഷന്മാർ വളരെ ഭംഗിയായി അവരുടെ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. അത് നല്ലൊരു മാതൃകയാണ്. എന്നാൽ ഹിന്ദു, മുസ്ലീം സമുദായങ്ങളിൽപ്പെട്ടവർക്ക് അനുകൂലമായി ദേവസ്വം ബോർഡും വഖഫ് ബോർഡും വന്നു. അതിൽ ചാരിനിന്നുകൊണ്ട് അതുവഴി മറ്റുള്ളവർക്ക് കടന്നുകയറാനുള്ള ഒരു ഏർപ്പാടാക്കി ഈ ബില്ലിനെ മാറ്റരുതെന്നാണ് ഞാൻ പറഞ്ഞത്. ക്രിസ്ത്യൻ സമുദായത്തിന്റെ നല്ല മാതൃകയെ ഞാൻ അഭിനന്ദിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട അംഗം എന്തുകൊണ്ടാണ് തെറ്റിദ്ധരിച്ചതെന്ന് എനിക്കറിയില്ല. വഖഫ് ബോർഡിനെ മെച്ചപ്പെടുത്താനാണോ ഇങ്ങനെയൊക്കെയുള്ള സംവിധാനങ്ങളുണ്ടാക്കുന്നത്; അല്ല എന്ന് നിസ്സംശയം പറയാൻ സാധിക്കും. എന്നാൽ സഹായിക്കേണ്ട വിഷയങ്ങളിൽ മൗനം പാലിക്കുകയാണ് സർക്കാർ ചെയ്യുന്നത്.

ശ്രീ. കെ.പി.എ. മജീദ് സാഹിബ് വഖഫ് കോടതിയുടെ കാര്യം പറഞ്ഞു. വഖഫ് ബോർഡ് വഖഫ് കോടതി പണിയുന്നതിന് 54 ലക്ഷം രൂപ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പള്ളികളിൽ വിശ്വാസികളുടെ കയ്യിൽനിന്നും പണം വാങ്ങുകയാണ്. അതിനായി പള്ളി കമ്മിറ്റികളിൽ നിന്ന് പിരിവെടുത്താണ് നൽകിയത്. ആ പണം തിരിച്ചുകൊടുക്കാമെന്ന് പറഞ്ഞിരുന്നു. പക്ഷെ കൊടുത്തിട്ടില്ല. അതുപോലെതന്നെ 10 കോടി രൂപ ഗ്രാന്റ് ആവശ്യപ്പെട്ടിരുന്നു. അത് ഇവിടെ സൂചിപ്പിച്ചതിനാൽ ഞാനത് ആവർത്തിക്കുന്നില്ല. ക്ഷേമപദ്ധതിയുടെ ഭാഗമായി വിവാഹം, ചികിത്സ, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവയ്ക്ക് നൽകിയ പണം തിരിച്ചു കൊടുക്കാൻ സർക്കാർ ഇന്നും മടിച്ചുനിൽക്കുകയാണ്. വഖഫ് ബോർഡ് സർവ്വേ നടത്താൻ കമ്മീഷണറെ

നിയമിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. സർവ്വേ നടപടികൾ ത്വരിതപ്പെടുത്തിയാൽ മാത്രമേ അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ച് പിടിക്കാനാകുകയുള്ളൂ. വഖഫ് വസ്തുക്കൾ കയ്യേറിയവർ പട്ടയം കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കേസ്സുകൾ വിവിധ ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുകയാണ്. അതുകൊണ്ട് വഖഫ് സ്വത്തുക്കൾ സംരക്ഷിക്കാൻവേണ്ട സംവിധാനങ്ങളുണ്ടാക്കണമെന്നും സർവ്വേ ത്വരിതപ്പെടുത്തണമെന്നും ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ വഖഫ് ബോർഡിന്റെ ഡിവിഷണൽ ഓഫീസിന്റെ പരിധിയിൽ മലപ്പുറം ജില്ലയിലെയും പാലക്കാട് ജില്ലയിൽപ്പെട്ട മണ്ണാർക്കാട് താലൂക്കിലെയും രജിസ്റ്റർ ചെയ്ത 4500 വഖഫ് സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഫയലുകളാണ് കൈകാര്യം ചെയ്യുന്നത്. അത് വിഭജിച്ച് തിരൂർ, പൊന്നാനി, തിരൂരങ്ങാടി, വേങ്ങര താലൂക്കുകൾക്കായി തിരൂരിൽ ഒരു ഡിവിഷണൽ ഓഫീസ് ആരംഭിക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ആന്റണി ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. വി. അൻവർ): സർ, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 5-11-2021-വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വഖഫ് ബോർഡിന്റെ നിയമനങ്ങൾ പി.എസ്.സി-യ്ക്ക് വിടണമെന്ന ഈ ബില്ലിനെ പൂർണ്ണമായും ഞാൻ പിന്തുണയ്ക്കുന്നു. ഇവിടെ നിരാകരണപ്രമേയം അവതരിപ്പിച്ച് പ്രസംഗിച്ച അംഗങ്ങളുടെ വികാരമെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടുന്നതുകൊണ്ട് മുസ്ലീം സമുദായത്തിനുണ്ടാകുന്ന നഷ്ടമെന്താണെന്ന് അവർക്ക് പറയാൻ സാധിച്ചിട്ടില്ല. പൂർണ്ണമായും മുസ്ലീം സമുദായത്തിലെ അംഗങ്ങൾക്ക് മാത്രമെ പി.എസ്.സി. നിയമനങ്ങളിലൂടെ വരാൻ സാധിക്കൂ. അവിടെ ഒരു നഷ്ടവും വരാൻ പോകുന്നില്ല. പക്ഷെ നമ്മൾ മനസ്സിലാക്കേണ്ട മറ്റൊരു കാര്യം, ഇത്രയും വലിയ വികാരം പ്രകടിപ്പിക്കുന്നതിന്റെ അടിസ്ഥാനം എനിക്കും ശ്രീ. വി. അബ്ദുറഹിമാനും ഡോ. കെ. ടി. ജലീലിനുമെല്ലാം മനസ്സിലാകും. കാരണം, കേരളത്തിലെ കോടിക്കണക്കിന് രൂപയുടെ വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെട്ട് കിടക്കുകയാണ്. അത് സർവ്വേ നടത്തി കണ്ടെത്താനുള്ള ശ്രമം ശ്രീ. വി. അബ്ദുറഹിമാന്റെ നേതൃത്വത്തിൽ നടക്കുകയാണ്. ഏകദേശം അറുപത് ശതമാനത്തോളം സർവ്വേ ജോലികൾ പൂർത്തിയായിട്ടുണ്ട്. വഖഫ് ബോർഡിന്റെ പല ആഫീസുകളിലും ഇതുമായി ബന്ധപ്പെട്ട ആധാരങ്ങളോ രേഖകളോ ഇല്ല. വഖഫ് സ്വത്തുക്കൾ പലരും കൈക്കലാക്കിയിരിക്കുകയാണ്.

മലപ്പുറം ജില്ലയിൽ അന്വേഷിച്ചാൽ കേരളത്തിലെ മുഴുവൻ ആധാരങ്ങളും ലഭിക്കും. വലിയ കച്ചവടം നഷ്ടപ്പെടാൻ പോകുന്നതിന്റെ വേവലാതി ഇവർക്കുണ്ടാകും. അത് ചെറിയ കാര്യമല്ല. ധനസഹായം കൊടുക്കുന്നതിന്, സ്ത്രീകൾക്കുള്ള മറ്റ് സഹായങ്ങൾ കൊടുക്കുന്നതിന് പണമില്ലെന്ന് ഇപ്പോൾ പറഞ്ഞു. വഖഫ് ബോർഡിന് കേരളത്തിലെ ഒരു ഗവൺമെന്റിന്റെ മുന്നിലും കൈനീട്ടേണ്ട അവസ്ഥയില്ല. വഖഫ് ചെയ്യപ്പെട്ട സ്വത്തുക്കൾ മുഴുവൻ വഖഫ് ബോർഡിന്റെ കീഴിൽ കൃത്യമായി കൊണ്ടുവന്ന്, അതിന്റെ വരുമാനം എടുത്താൽ മതി. കോടിക്കണക്കിന് രൂപയുടെ വസ്തുക്കൾക്ക് നൂറ് രൂപയാണ് മാസത്തിൽ വാടകയായി കിട്ടുന്നത്. അതുതന്നെ ചില സമയത്ത് ലഭിക്കുന്നില്ല. അത്തരം ഒട്ടേറെ കാര്യങ്ങളാണ് ഇതിലുള്ളത്. ഈ സ്വത്തുക്കൾ മുഴുവൻ കണ്ടെത്തി ഒരു നല്ല ഭരണം നടത്തി അർഹരായ മുസ്ലീം സമുദായത്തിന് എത്തിച്ചുകൊടുക്കണമെങ്കിൽ അതിന് ഉദ്യോഗസ്ഥർ വേണം. ഇപ്പോൾ ശ്രീ. കെ. പി. എ. മജീദ് സാഹിബ് ഇവിടെ സൂചിപ്പിച്ച, 125-ഓളം ജീവനക്കാരുള്ളതിൽ 25 പേർ മാത്രമാണ് സ്ഥിരം ജീവനക്കാരായിട്ടുള്ളത്. ആരാണ് ഈ നൂറ് താൽക്കാലിക ജീവനക്കാർ? ഞാനും ഡോ. കെ. ടി. ജലീലും ശ്രീ. വി. അബ്ദുറഹിമാനും ശിപാർശ ചെയ്തവരാരും വഖഫ് ബോർഡിലില്ല. കാലങ്ങളായി ഈ പറയുന്നവരുടെ ബന്ധുക്കളും സുഹൃത്തുക്കളും അയൽവാസികളുമായിട്ടുള്ള ആളുകൾ ഇതെല്ലാം കൈക്കലാക്കിവച്ചിരിക്കുകയാണ്. അതിലൊരു മാറ്റമുണ്ടാകണമെങ്കിൽ വിഭജനം നടക്കണം. ഇതെല്ലാം കൊടുത്തത് മതവിശ്വാസികളാണ്. എന്റെ വല്യുപ്പ ഒതായി ജമാഅത്തുൽ മുഖ്ലിസിന് 150 ഏക്കർ ഭൂമി കൊടുത്തിട്ടുണ്ട്. ആ വഖഫിന്റെ ബിൽ വായിച്ചാൽ എന്താണ് അതിൽ എഴുതി വച്ചിരിക്കുന്നതെന്ന് മനസ്സിലാകും. ഇന്ന് ആ പള്ളി കമ്മിറ്റി മുസ്ലീംലീഗിന്റെ കൈവശമാണ്. എന്റെ വല്യുപ്പ കൊടുത്ത സ്വത്തുക്കൾക്ക് എന്താണ് സംഭവിച്ചതെന്ന് എനിക്കറിയാം. അങ്ങനെയുള്ള ഒട്ടനവധി കാര്യങ്ങളുണ്ട്. ഈ കച്ചവടം അവസാനിപ്പിക്കണം. ശ്രീ. കെ. പി. എ. മജീദും ശ്രീ. കുറുക്കോളി മൊയ്തീനുമൊക്കെ നല്ല വിശ്വാസികളാണെന്ന് എനിക്കറിയാം. പക്ഷെ ആ സാധുക്കളെ ഇങ്ങോട്ട് പറഞ്ഞുവിട്ടിരിക്കുകയാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും ഡോ. എം. കെ. മുനീറും ഇവിടെയില്ല. പാർലമെന്റിൽ ബിൽ വന്നപ്പോഴും അദ്ദേഹമില്ലായിരുന്നു. അത് മുസ്ലീങ്ങൾക്ക് എതിരായിരുന്നു. ഇത് മുസ്ലീങ്ങൾക്ക് അനുകൂലമായ ബില്ലാണ്, ഇപ്പോഴുമില്ല. അതുകൊണ്ട് എന്ത് വില കൊടുത്തും ഈ നിയമനം പി.എസ്.സി.-യ്ക്ക് വിടാനുള്ള തീരുമാനം മുസ്ലീം സഹോദരങ്ങൾക്ക് അനുകൂലമാണ്. ഇപ്പോഴത്തെ താൽക്കാലിക ജീവനക്കാരുടെ ബയോഗ്രഫി പരിശോധിച്ചാൽ മനസ്സിലാകും. അതുകൊണ്ട് എന്തുവില കൊടുത്തും ഇത് നിയമമാക്കി നിയമനം പി.എസ്.സി-യ്ക്ക് വിടണമെന്ന് തന്നെയാണ് മുസ്ലീം സമുദായത്തിന്റെ ആഗ്രഹവും താൽപ്പര്യവും.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, നേരത്തെ ശ്രീ. കുറുക്കോളി മൊയ്തീൻ സാഹിബ് പറഞ്ഞൊരു വിഷയം, നിയമസഭാ ചട്ടമനുസരിച്ച് കോടതിയുടെ പരിഗണനയിലുള്ള വിഷയങ്ങൾ അടിയന്തരപ്രമേയമായി കൊണ്ടുവരാൻ പരിമിതികളുണ്ട് എന്നാണ്. പക്ഷേ നിയമനിർമ്മാണത്തിൽ അത്തരം യാതൊരു തടസ്സവുമില്ലെന്നുള്ള വസ്തുത അങ്ങേയ്ക്ക് അറിയാവുന്നതല്ലേ?

<u>ശ്രീ. പി. വി. അൻവർ</u>: സർ, അതെല്ലാം അറിയാവുന്ന ആളുകൾ തന്നെയാണ് ഇവിടെയുള്ളത്. ഇതിലൊരു നീതിയുടെ പ്രശ്നമുണ്ട്. ആ നീതി ഇവിടെ എന്ത് വിലകൊടുത്തും നടപ്പിലാകണം. ഇവിടെ മുസ്ലീം സമുദായത്തിലെ ആരെയെങ്കിലും വെട്ടിമാറ്റിയിട്ട് അന്യസമുദായക്കാർക്ക് കൊടുക്കുമെന്ന അസത്യം റബീഉൽ അവ്വൽ മാസത്തിൽ പറയുകയാണ്. അതുകൊണ്ട് ഇത് അടിയന്തരമായി നിയമമാക്കണമെന്ന് വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഞാൻ കുറച്ചുകാലം ആഫ്രിക്കയിലായിരുന്നു. അതിനാൽ കഴിഞ്ഞ സമ്മേളനത്തിൽ എനിക്ക് വരാൻ കഴിഞ്ഞില്ല. അത് സത്യമാണ്. അതിന്റെ മുമ്പത്തെ സമ്മേളനത്തിൽ പറ്റാവുന്ന ദിവസങ്ങളിൽ വന്നിട്ടുണ്ട്. മൂന്നാമത്തെ സമ്മേളനത്തിൽ എന്നെ കാണാനില്ല എന്നുപറഞ്ഞ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയ്ക്കകത്തും പുറത്തുമൊക്കെ നടത്തിയ പ്രസ്താവനകൾ നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. എനിക്ക് പറയാനുള്ള കാര്യങ്ങൾ കേരളത്തിലെ പത്രമാധ്യമങ്ങളോട് ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത്, 'മറുപടി പറയാൻ മാത്രം അൻവർ വളർന്നിട്ടില്ല ' എന്നാണ്. ഞാൻ വേണമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പ്രധാനമന്ത്രിയോടുമൊക്കെ മറുപടി പറയാം. എന്റെ തൊഴിലാളികൾ അദ്ദേഹത്തോട് മറുപടി പറയുമെന്നാണ് ഞാൻ പറഞ്ഞത്. എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് പറയാനുള്ളത്, അദ്ദേഹവും ഞാനുമൊക്കെ ഒരേ കളരിയിൽനിന്നും വന്നതാണ്. ഒരേ കോൺഗ്രസ്സിലൂടെ കയറി വന്നതാണ്. വിദ്യാർത്ഥി-യുവജന രാഷ്ട്രീയത്തിലൂടെയാണ് ഇവിടെ നമ്മൾ എത്തിയിട്ടുള്ളത്. ഹൈസ്കൂളിൽ പഠിക്കുമ്പോൾ മലബാർ ക്രിസ്ത്യൻ കോളേജ് ഹൈസ്കൂളിൽ 1981-ൽ സ്കൂൾ ലീഡറായി കെ.എസ്.യു. പ്രവർത്തനം തുടങ്ങിയതാണ് ഞാൻ. അതുകഴിഞ്ഞ് 1985-ൽ എം.ഇ.എസ്. മമ്പാട് കോളേജിൽ കോളേജ് യൂണിയൻ ജനറൽ സെക്രട്ടറിയായി ഒറ്റയ്ക്ക് മത്സരിച്ച് ജയിച്ചതാണ്. അന്ന് എനിക്കെതിരെ മത്സരിച്ചത് ശ്രീ. പി. കെ. ബഷീർ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നിവരാണ്. അന്ന് അദ്ദേഹം എം.എ.യ്ക്കും ഞാൻ പ്രീ-ഡിഗ്രിക്കുമാണ് പഠിക്കുന്നത്. അന്ന് ഞാൻ ഒറ്റയ്ക്ക് മത്സരിച്ച് കോളേജ് യൂണിയൻ സെക്രട്ടറിയായിട്ടുണ്ട്. 1988-ൽ കോളേജ് യൂണിയൻ ചെയർമാനായിട്ടുണ്ട്. 1989-ൽ യൂത്ത് കോൺഗ്രസ്സിന്റെ മലപ്പുറം ജില്ലാ വൈസ് പ്രസിഡന്റാണ്. അന്ന്

ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയാണ് യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന പ്രസിഡന്റ്. അതുകഴിഞ്ഞ് ശ്രീ. രമേശ് ചെന്നിത്തല അന്നത്തെ നായനാർ സർക്കാരിനെതിരെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ജാഥ നടത്തിയിരുന്നു. ആ ജാഥയിൽ 700 കിലോമീറ്റർ നടന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകനാണ് ഞാൻ. അന്നൊന്നും ഈ സീനിയോറിറ്റി പറയുന്ന ആളുകളെ കണ്ടിട്ടില്ല. അപ്പോൾ അദ്ദേഹം കളിച്ച അതേ കളരിയിൽ അദ്ദേഹത്തോടൊപ്പംതന്നെയുണ്ട്. പിന്നീട് ഡി.ഐ.സി. വന്നു. ആ ഡി.ഐ.സി.-യിൽ ജില്ലാ വൈസ് പ്രസിഡന്റായി ഞാൻ പ്രവർത്തിച്ചു. ഡി.ഐ.സി. രായ്ക്കുരായ്മാനം തലമറിഞ്ഞ് കോൺഗ്രസ്സിലേയ്ക്ക് പോയപ്പോൾ ആദ്യമെടുത്ത നിലപാടിൽ ഉറച്ചുനിന്ന് ഇടതുപക്ഷത്തോടൊപ്പം സഹകരിച്ചുപോന്ന ഒരു പൊതുപ്രവർത്തകനാണ് ഞാൻ. അതുകഴിഞ്ഞ് 2011-ൽ ഏറനാട് മണ്ഡലത്തിൽ ഞാൻ സ്വതന്ത്രനായി മത്സരിച്ചു. ശ്രീ. പി. കെ. ബഷീറായിരുന്നു ഐക്യജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥി. ഇടതുപക്ഷത്തിന് മറ്റൊരു സ്ഥാനാർത്ഥിയുണ്ടായിരുന്നു. 47000 വോട്ട് ഒറ്റയ്ക്ക് വാങ്ങി ആ മണ്ഡലത്തിൽ ഞാൻ രണ്ടാം സ്ഥാനത്തെത്തി. അത് ജനങ്ങൾ വോട്ട് ചെയ്തിട്ടാണ്. അതുകഴിഞ്ഞ് 2014-ൽ പാർലമെന്റ് ഇലക്ഷനിൽ വയനാട് ഒറ്റയ്ക്ക് മത്സരിച്ചു. മുക്കാൽ ലക്ഷത്തോളം വോട്ടുവാങ്ങി. ശ്രീ. എം. ഐ. ഷാനവാസ് രണ്ടേമുക്കാൽ ലക്ഷം വോട്ടിനായിരുന്നു 2009-ൽ ജയിച്ചത്. അത് 65000 വോട്ടിലേയ്ക്ക് ചുരുങ്ങി. അതുകഴിഞ്ഞ് 2016-ൽ ഇടതുപക്ഷത്തിന്റെ പിന്തുണയോടുകൂടി നിലമ്പൂരിൽ മത്സരിച്ച് ഞാൻ ജയിച്ചു. അങ്ങനെ 5 വർഷം ഇവിടെ എം.എൽ.എ. ആയിരുന്നു. 5 വർഷം കഴിഞ്ഞ് തെരഞ്ഞെടുപ്പിന്റെ അവസാനഘട്ടം 4 മാസം ഞാൻ ആഫ്രിക്കയിലായിരുന്നു. ആ തെരഞ്ഞെടുപ്പ് കഴിഞ്ഞ് വിജയിച്ച് ഇവിടെ വന്നു. എന്നെ തോൽപ്പിക്കാൻ പഠിച്ച പണി പതിനെട്ടും നോക്കിയവരാണ് അപ്പുറത്തിരിക്കുന്നത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ പൊന്നാനിയിൽ മത്സരിച്ചു. അന്നൊക്കെ ജനങ്ങൾ വോട്ട് ചെയ്തിട്ടുണ്ട്. നിലമ്പൂരിൽ ഈ തെരഞ്ഞെടുപ്പിൽ എന്നെ തോൽപ്പിക്കാൻ എന്തെല്ലാം ചെയ്തു. ശ്രീ. രാഹുൽ ഗാന്ധി, ശ്രീ. കപിൽ സിബൽ, ശ്രീ. രാഹുൽ ഗാന്ധിയുടെ മാതാവ്, സഹോദരി, അഞ്ച് വയസ്സിന് മുകളിലുള്ള പാണക്കാട്ടെ മുഴുവൻ തങ്ങൾമാർ, *************

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, പോയിന്റ് ഓഫ് ഓർഡർ....

<u>മി. ചെയർമാൻ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ************

---

* 29-10-2021-ലെ സഭാദ്ധ്യക്ഷന്റെ റൂളിംഗ് പ്രകാരം സഭാരേഖകളിൽ നിന്നും നീക്കംചെയ്തു.

ശ്രീ. പി. വി. അൻവർ: സർ, ഞാൻ വി. വി. പ്രകാശ് എന്ന വ്യക്തിയെ വ്യക്തിപരമായി അപകീർത്തിപ്പെടുത്തിയിട്ടില്ല. ബി.ജെ.പി.-യുടെ വോട്ട് വാങ്ങിയത് അപകീർത്തികരമാണെങ്കിൽ ഇവിടെനിന്ന് പലരും പോകേണ്ടിവരും. ഇവരൊക്കെ വോട്ട് വാങ്ങിയിട്ടാണ് വന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. പി. വി. അൻവർ: സർ, *************

ശ്രീ. നജീബ് കാന്തപുരം: സർ, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വളരെ കോലാഹലം നിറഞ്ഞ ചർച്ചകളാണ് ഇവിടെ നടന്നത്. വഖഫ് ബോർഡിൽ വലിയ കച്ചവടമാണ് നടക്കുന്നതെന്ന് ബഹുമാന്യനായ അംഗം ഇവിടെ പറയുകയുണ്ടായി. വലിയ കച്ചവടം നടക്കുന്നത് വഖഫ് ബോർഡിലല്ല, ആഫ്രിക്കയിലാണ്. അത് നിങ്ങൾ അവിടെ നോക്കിയാൽ മതി......(ബഹളം).....

മി. ചെയർമാൻ: യെസ്....പ്ലീസ്.....പ്ലീസ്...

ശ്രീ. നജീബ് കാന്തപുരം: സർ, ഈ കച്ചവടം നടത്തുന്ന സ്ഥാപനത്തിന്റെ മുകളിലിരിക്കുന്നത് മന്ത്രിയാണെന്ന് നിങ്ങൾ ഓർക്കണം. വഖഫ് ബോർഡിന്റെ ചുമതലയുള്ള മന്ത്രി അവിടെയിരിപ്പുണ്ട്. ഈ കച്ചവടം നടക്കുന്നുണ്ടെങ്കിൽ അതിന്റെ ഒന്നാമത്തെ ഉത്തരവാദി വകുപ്പുമന്ത്രിയാണ്. രണ്ടാമത്, അതിന്റെയും മുകളിൽ കേരളത്തിന്റെ മുഖ്യമന്ത്രിയുണ്ടെന്ന് നിങ്ങൾ ഓർക്കണം. അതിന്റെയും താഴെയാണ് വഖഫ് ബോർഡ്. രണ്ടാമത്തെ കാര്യം, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമ്മൾ പലതരത്തിൽ അഭിമാനിക്കുന്നവരാണ്. ആ അഭിമാനത്തിന് പല ഘടകങ്ങളുണ്ട്. വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ നമുക്ക് പല അഭിമാനവും തന്നിട്ടുണ്ടെന്ന് കഴിഞ്ഞ ചർച്ചകളിലൊക്കെ പറഞ്ഞു. അതുപോലെതന്നെയാണ് വഖഫ് ബോർഡും. ഇന്ത്യയ്ക്ക് ഏറ്റവും കൂടുതൽ അഭിമാനിക്കാവുന്ന കേരളത്തിന്റെ ഒരു സംവിധാനമായി രാജ്യത്തിനുമുമ്പിൽ നിലകൊള്ളുന്ന ഒരു പ്രസ്ഥാനത്തെക്കുറിച്ചാണ് നിങ്ങൾ ഇങ്ങനെ അപകീർത്തികരമായി സംസാരിക്കുന്നത്. നിങ്ങൾ കേരളത്തെയാണ് നാണംകെടുത്തുന്നത്. ഔട്ട്‌ലുക്ക് മാഗസിനിൽ വളരെ മനോഹരമായ ഒരു കവർ സ്റ്റോറി പ്രസിദ്ധീകരിക്കുകയുണ്ടായി. വഖഫ് ഭൂമിയുമായി ബന്ധപ്പെട്ട് ഇന്ത്യയിലുടനീളം നടക്കുന്ന വിഷയങ്ങളെക്കുറിച്ചായിരുന്നു ഔട്ട്‌ലുക്ക് മാഗസിനിലെ കവർ സ്റ്റോറി.

ഈ കവർ സ്റ്റോറിയിൽ അക്കമിട്ട് നിരത്തുന്നൊരു കാര്യമുണ്ട്. കേരളത്തിന്റെ വഖഫ് സംവിധാനവും ബോർഡിന്റെ പ്രവർത്തനരീതിയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ കണ്ടുപഠിക്കണമെന്നാണ് അതിൽ പറഞ്ഞതെന്ന് നിങ്ങൾ ഓർക്കണം. ആ വഖഫ് ബോർഡിനെയാണ് നിങ്ങൾ ഇപ്പോൾ കരിവാരി തേയ്ക്കുന്നത്, അതിൽ കൊള്ളരുതാത്തവരുണ്ടെന്ന് പറയുന്നത്. അവിടെയാണ് പലതും ചീഞ്ഞ് നാറുന്നുവെന്ന് നിങ്ങൾ പറയുന്നത്. ഞാൻ ചോദിക്കട്ടെ, വഖഫ് ബോർഡിൽ അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ ഒരു വിജിലൻസ് അന്വേഷണം നടത്തേണ്ടത് അവിടെയല്ലേ; ഇന്നുവരെ ഒരു ജീവനക്കാരനെതിരെയും ഒരു വിജിലൻസ് കേസ് പോലും രജിസ്റ്റർ ചെയ്യപ്പെടാത്ത സ്ഥാപനമാണ് കേരള വഖഫ് ബോർഡെന്ന് അഭിമാനത്തോടെ ഞങ്ങൾ പറയും. അത് ഞങ്ങൾ മാത്രമുണ്ടാക്കിയതല്ല. നിങ്ങളും കൂടിയുണ്ടാക്കിയതാണ്. അപ്പുറത്തിരിക്കുന്ന ആളുകൾ അത് മനസ്സിലാക്കണം. കഴിഞ്ഞ കാലങ്ങളിൽ പ്രൊഫ. കെ. എ. ജലീലിനെ പോലുള്ള വഖഫ് ബോർഡ് ചെയർമാന്മാരെ കൊണ്ടുവന്നത് ഇടതുപക്ഷമാണ്. അതുപോലെ പാണക്കാട് സയ്യിദ് റഷീദ് അലി ശിഹാബ് തങ്ങൾ അടക്കമുള്ള നല്ല ചെയർമാന്മാർ വഖഫ് ബോർഡിനെ വളരെ മനോഹരമായി മുന്നോട്ട് കൊണ്ടുപോയിട്ടുണ്ട്. പ്രിയപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്, വഖഫ് ബോർഡിന്റെ സുതാര്യത ഉറപ്പുവരുത്താൻ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നുവെന്നാണ്. ഈ വഖഫ് ബോർഡ് സുതാര്യമല്ലെന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ നിലവിലുള്ള നിയമനത്തിനെതിരെ എന്തെങ്കിലും നടപടിയെടുക്കാൻ നിങ്ങൾ തയ്യാറായോ എന്ന ചോദ്യം ഞാൻ മുന്നോട്ട് വയ്ക്കുകയാണ്. രണ്ടാമത്തേത്, മുൻമന്ത്രിയുടെ കാര്യമാണ്. അദ്ദേഹം കൊണ്ടുവന്ന ഓർഡിനൻസ് നിയമവിരുദ്ധമായതിലെ ജാള്യത മറച്ചുവയ്ക്കാൻ കാണിക്കുന്ന തത്രപ്പാട് നിങ്ങൾ കയ്യടിച്ച് ആഘോഷിക്കല്ലേയെന്ന് മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ. ഇത് നിയമവിരുദ്ധമാണ്, ആർട്ടിക്കിൾ 26-നെതിരാണ്. അതുകൊണ്ടാണ് ഞങ്ങൾ വിയോജിക്കുന്നത്. നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടുമ്പോൾ നിയമപരമായിത്തന്നെ ഒരു പ്രശ്നം ഉദിക്കുന്നുണ്ട്. പി.എസ്.സി. ഒരു ഭരണഘടനാ സ്ഥാപനമാണ്, ഒരു സെക്യുലർ സ്ഥാപനമാണ്. പി.എസ്.സി. വഴി ഒരു മതവിഭാഗത്തിൽപ്പെട്ട ആളുകളെ മാത്രം നിയമിക്കണമെന്ന് പറയാൻ കഴിയില്ല. അതുതന്നെയാണ് ദേവസ്വം ബോർഡിന്റെ നിയമനങ്ങളും പി.എസ്.സി.-യ്ക്ക് വിടാൻ പാടില്ല എന്നുപറയുന്നതിന്റെ ന്യായം. ദേവസ്വം ബോർഡിന് ഞങ്ങളാരും എതിരല്ല. ദേവസ്വം ബോർഡിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വരുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. ദേവസ്വം മാന്വലിൽ ഓഫീസ് മാന്വലുണ്ട്. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുണ്ട്. ഹിന്ദു ആചാരപ്രകാരം വിശ്വാസിയായ ഒരാൾക്ക് മാത്രമേ ദേവസ്വം ബോർഡിൽ

അംഗത്വമെടുക്കാനും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യാനും സാധിക്കുകയുള്ളൂവെന്ന് പ്രസ്തുത മാന്വലിൽ കൃത്യമായി പറയുന്നുണ്ട്. അതാണ് ഞങ്ങൾ പറഞ്ഞ പോയിന്റ്. വിശ്വാസിയായ ആളുകൾ കൈകാര്യം ചെയ്യേണ്ട കാര്യത്തിൽ അവിശ്വാസികൾ കടന്നുകയറാതിരിക്കാനുള്ള ജാഗ്രതയെക്കുറിച്ച് ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റിന്റെ മാന്വലിൽ പറയുമ്പോൾ അതെന്തുകൊണ്ടാണ് വഖഫ് ബോർഡിനും ബാധകമാക്കാത്തത്? കേരളത്തിലെ മുഴുവൻ മുസ്ലീം സംഘടനകളും ഞങ്ങളുടെ കൂടെയാണെന്ന് ഞങ്ങൾ പറയുന്നില്ല. നിങ്ങളുടെ കൂടെ നിൽക്കുന്ന സംഘടനകൾപോലും ഇതിനെതിരായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പരാതി പറയാൻ വന്നിട്ടുണ്ടെങ്കിൽ അതിന്റെ പിറകിൽ തട്ടിപ്പാണെന്നാണോ ഡോ. കെ. ടി. ജലീൽ പറയുന്നത്?

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, (മൈക്ക് ഓഫ്).....

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ബഹുമാന്യയായ അംഗത്തിന് ഞാൻ പറഞ്ഞതിനുശേഷം പറയാം. ഞാൻ വഴങ്ങാൻ തീരുമാനിച്ചിട്ടില്ല. മുസ്ലീങ്ങളായ അംഗങ്ങൾ മാത്രമേ വഖഫ് ബോർഡിൽ പാടുള്ളൂ. ദേവസ്വം ബോർഡിലും അതേ നിയമമാണ്. ആകെ എത്ര പേർക്കാണ് നിയമനങ്ങൾ നൽകുന്നത് എന്നതാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം. 100-125 ജീവനക്കാരാണ് വഖഫ് ബോർഡിൽ ആകെയുള്ളത്. അവർ തന്നെ നിയമിക്കപ്പെട്ടിട്ട് വർഷങ്ങൾ കഴിഞ്ഞു. ടി ജീവനക്കാർക്കെതിരെ എന്തെങ്കിലും പരാതിയുണ്ടായിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട മുൻ മന്ത്രി അന്ന് എന്തുകൊണ്ട് നടപടിയെടുത്തില്ലെന്ന ചോദ്യം പ്രസക്തമാണ്. നിങ്ങൾ പി.എസ്.സി.-യെക്കുറിച്ച് പറയുന്നു. പി.എസ്.സി. അത്ര വിശുദ്ധ പശുവൊന്നുമല്ല. നിങ്ങൾക്ക് സുതാര്യമായ നിയമനത്തിന് പി.എസ്.സി. വേണം. പി.എസ്.സി.-യുടെ സുതാര്യതയെത്തന്നെ കളഞ്ഞുകുളിച്ചവരാണ് നിങ്ങളെന്നത് മറന്നുപോകരുത്. പി.എസ്.സി. എന്ന പവിത്രമായ ഭരണഘടനാ സ്ഥാപനത്തെ കരിവാരിത്തേച്ചിട്ട് ആ പി.എസ്.സി.-യ്ക്ക് ഇതുകൂടി വിട്ടുകൊടുക്കണമെന്ന് പറയുന്നതിനേക്കാൾ മ്ലേച്ഛമായ കാര്യമെന്താണുള്ളത്? നമ്മുടെ സംസ്ഥാനം പലതിലും അഭിമാനം കൊണ്ടിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടത് വഖഫ് ബോർഡാണ്. ശ്രീ. റഹ്മാൻ ഖാൻ, ശ്രീ. ഗുലാംനബി ആസാദ് എന്നിവർ ചെയർമാന്മാരായിരുന്ന ജോയിന്റ് പാർലമെന്ററി കമ്മിറ്റികൾ കേരളത്തിലെ വഖഫ് ബോർഡിനെക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായി. രണ്ട് കമ്മിറ്റികളും കൊടുത്ത സാക്ഷ്യപത്രത്തിൽ കേരളത്തിലെ വഖഫ് ബോർഡുപോലെ വളരെ നിസ്തുലമായ സേവനം നടത്തുന്ന മറ്റൊരു വഖഫ് ബോർഡ് ഇന്ത്യയിൽ വേറെയില്ലെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. ഔട്ട്ലുക്ക് മാഗസിൻ പോലെയുള്ള ഇന്ത്യയിലെ വളരെ പ്രശസ്തമായ മാധ്യമങ്ങൾ പറഞ്ഞ ഈ വഖഫ് ബോർഡിനെ

നിങ്ങൾ താറടിച്ചാലും ഞങ്ങൾക്ക് താറടിക്കാൻ കഴിയില്ലെന്ന് മാത്രമാണ് എനിക്ക് പറയാനുള്ള പ്രധാനപ്പെട്ട കാര്യം. നമ്മൾ ആലോചിക്കേണ്ട മറ്റൊരു കാര്യം, വളരെ കുറച്ചുപേർ മാത്രമാണ് വഖഫ് ബോർഡിൽ നിയമിക്കപ്പെടുന്നത്. ദേവസ്വം ബോർഡ് ധാരാളം നിയമനങ്ങൾ നടക്കുന്ന വലിയൊരു സ്ഥാപനമാണ്. പക്ഷേ പ്രസ്തുത സ്ഥാപനത്തിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടാതിരിക്കാൻ ആ സമുദായത്തിലെ ആളുകൾ മുന്നോട്ടുവച്ച പ്രധാന പ്രശ്നം, വിശ്വാസികളെ മാത്രമേ നിയമിക്കാൻ പാടുള്ളു എന്നതാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, ....(മൈക്ക് ഓഫ്)

ശ്രീ. നജീബ് കാന്തപുരം: സർ, വിശ്വാസം പറയുന്നത് ഒരു കുഴപ്പമായി ബഹുമാന്യയായ അംഗത്തിന് തോന്നുന്നുണ്ടെങ്കിൽ അതെന്റെ കുഴപ്പമല്ല. വിശ്വാസം ഒരു കുഴപ്പമാണെന്ന് ഞങ്ങൾക്ക് തോന്നുന്നില്ല. ഞാൻ വഴങ്ങാൻ തയ്യാറായിരുന്നു. പക്ഷേ എനിക്ക് സമയം കിട്ടില്ലെന്നുള്ളതുകൊണ്ട് മാത്രമാണ് ഞാൻ വഴങ്ങാൻ തയ്യാറാകാത്തത്. പി.എസ്.സി. ഒരു ഭരണഘടനാ സ്ഥാപനമാണ്. ഈ നാട്ടിൽ പി.എസ്.സി. വഴിയല്ലാതെ വേറെ നിയമനങ്ങളൊന്നും നടക്കുന്നില്ലേ; പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് നിയമനം നടത്തുന്നത് RIAB (Public Sector Restructuring and Internal Audit Board) വഴിയാണ്. യൂണിവേഴ്സിറ്റികളിൽ മിസിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കുന്നത് യൂണിവേഴ്സിറ്റിയാണ്. അപ്പോൾ എല്ലാ സ്ഥാപനങ്ങളും പി.എസ്.സി.വഴി മാത്രമേ നിയമനം നടത്താവൂയെന്ന നിയമമൊന്നുമില്ല. ബഹുമാന്യരായ മന്ത്രിയും മുൻമന്ത്രിയും ഇവിടെയുണ്ട്. ഒരു വർഷം ഏറിയാൽ രണ്ടോ മൂന്നോ ഒഴിവാണ് വരുന്നത്. രണ്ടോ മൂന്നോ ആളുകളെ നിയമിക്കാൻ വേണ്ടിമാത്രം ഇത്രയും വലിയ കോലാഹലമുണ്ടാക്കി ഒരു സമുദായം മുന്നോട്ട് കൊണ്ടുപോകുന്നൊരു സ്ഥാപനത്തെ മറ്റുള്ളവർക്ക് മുമ്പിൽ അപമാനിക്കാനുള്ള നീക്കംകൂടിയാണിത്. ഇതിന്റെ പിറകിൽ നിഗൂഢ താൽപ്പര്യങ്ങളുണ്ട്. അതിനെ രാഷ്ട്രീയ ഇച്ഛാശക്തികൊണ്ട് ചെറുത്തുതോൽപ്പിക്കാൻ ഞങ്ങളുണ്ടാകുമെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പി.എസ്.സി.-യുടെ സുതാര്യതയെക്കുറിച്ചൊന്നും നിങ്ങൾ പറയേണ്ടതില്ല. ആ സുതാര്യത പോയിരിക്കുകയാണ്. അതിനെ നിങ്ങൾ കളഞ്ഞുകുളിച്ചിരിക്കുകയാണ്. സമയം പാലിക്കണമെന്ന താൽപ്പര്യം എനിക്കുണ്ട്. എല്ലാ ദിവസവും ബെല്ലടിച്ചിട്ടാണ് ഞാൻ പ്രസംഗം നിർത്താറുള്ളത്. ഒരുകാരണവശാലും ഇത് പി.എസ്.സി.യ്ക്ക് വിടാൻ പാടില്ലെന്നുള്ള അഭിപ്രായം സഭ മുമ്പാകെ അവതരിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. ശശി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ): സർ, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെ പിന്തുണയ്ക്കുകയാണ്. ചർച്ച ആരംഭിച്ചപ്പോൾത്തന്നെ ബിൽ അവതരണത്തെ തടസ്സപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെയുണ്ടായി. വളരെ പ്രധാനപ്പെട്ട, കേരളത്തിന്റെ സാമൂഹ്യഘടനയിൽ നല്ല മാറ്റംവരുത്താൻ കഴിയുന്ന നിയമങ്ങൾ ഏതെങ്കിലും അർത്ഥത്തിൽ തങ്ങളെ പിന്നീട് ബാധിക്കുമെന്നതുകൊണ്ട് അതിനെ ചെറുക്കാനുള്ള ശ്രമങ്ങൾ നടത്തുന്നത് ഈ നിയമസഭതന്നെ പലവട്ടം സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഇവിടെ കിഫ്ബി എന്നുപറയുന്ന ലോകത്തിനെല്ലാം മാതൃകയായ പുതിയൊരു ബിൽ കൊണ്ടുവന്നപ്പോൾ, അത് ഭരണഘടനാ വിരുദ്ധമാണെന്നാണ് അന്ന് പ്രതിപക്ഷം പറഞ്ഞത്. അത് വീണ്ടും ആവർത്തിക്കുകയാണ്. ഈ ബിൽ അവതരിപ്പിക്കുന്ന സന്ദർഭത്തിൽ ശ്രീ. എൻ. ഷംസുദ്ദീൻ, ഇത് കേന്ദ്ര വഖഫ് ആക്ട് 1995-ന് എതിരാണെന്നും ഇതിന് ധാരാളം ന്യൂലാമാലകളുണ്ടെന്നും പറഞ്ഞു. അവസാനം പറയുന്നു, കോടതിയിൽപ്പോയി ഇത് നടപ്പാക്കാതിരിക്കാനുള്ള ശ്രമം നടത്തുമെന്ന്. ഞങ്ങൾ ആദ്യം വിചാരിച്ചത് ഇതെല്ലാവരും ഐകകണ്ഠ്യേന സമ്മതിക്കുന്ന ഒരു ബില്ലായി മാറുമെന്നാണ്. ഈ ബിൽ നൂറിൽപ്പരം ഉദ്യോഗാർത്ഥികളുടെ നിയമനം കുറേക്കൂടി കാര്യക്ഷമമായി നിർവ്വഹിക്കാൻവേണ്ടി മാത്രമുള്ളതാണ് എന്നതിലുപരി അതിനോട് ബന്ധപ്പെട്ടുള്ള സ്വത്ത് തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഒരു വസ്തു അല്ലെങ്കിൽ അന്യാധീനപ്പെട്ട സ്വത്ത് സ്വന്തം ഉടമസ്ഥതയിൽത്തന്നെ നിലനിർത്തിക്കൊണ്ട് ഒരു പൊതുനന്മ ലക്ഷ്യമാക്കി സ്ഥിരം ദാനമെന്ന നിലയ്ക്ക് വിട്ടുകൊടുക്കുന്ന ഇസ്ലാമിക സാങ്കേതിക പ്രയോഗത്തിനാണ് വഖഫ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരുപാട് ഭൂമി, കെട്ടിടങ്ങൾ, ഫലവൃക്ഷങ്ങൾ, കുതിര, അഗതിമന്ദിരം, ആരാധനാലയം എന്നിവയൊക്കെ വഖഫായി കൊടുത്തിട്ടുണ്ട്. യഥാർത്ഥത്തിൽ വഖഫിന്റെ എണ്ണം നോക്കിയാൽ ലക്ഷം വരേണ്ടതാണ്. പക്ഷേ വഖഫിൽ ഇപ്പോൾ രജിസ്റ്റർ ചെയ്യപ്പെട്ടവ പരിശോധിക്കുമ്പോൾ ഏകദേശം പതിനായിരത്തോളമേയുള്ളൂ. ബാക്കിയുള്ള വഖഫ് സ്വത്തുക്കളെല്ലാം ഇപ്പോൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത് മറ്റാരോ ആണ്. അതാണ് പ്രധാനം.

ഡോ. കെ. ടി. ജലീൽ: സർ, വഖഫ് നമ്മുടെ സംസ്ഥാനത്ത് ഏറ്റവുമധികം കൈകാര്യം ചെയ്ത പാർട്ടി മുസ്ലീംലീഗാണ്. പക്ഷേ അവരുടെ ഭരണകാലയളവിൽ വഖഫ് ഭൂമി സർവ്വേ നടത്തുന്നതിനുവേണ്ടി ഒരു സർവ്വേ കമ്മീഷണറെയോ പ്രസ്തുത ഭൂമി വഖഫ് ബോർഡിന് ലഭ്യമാക്കുവാനുള്ള നടപടികളോ സ്വീകരിച്ചിട്ടില്ല. കേരളത്തിലെ പ്രധാനപ്പെട്ട പല പട്ടണങ്ങളിലും കണ്ണായ സ്ഥലത്ത് കോടിക്കണക്കിന് രൂപ വിലമതിക്കുന്ന ഭൂമി അന്യാധീനപ്പെടുകയും തുച്ഛമായ വിലയ്ക്ക് അല്ലെങ്കിൽ തുച്ഛമായ ലീസ് തുകയ്ക്ക് പല പ്രമാണിമാരും അനുഭവിച്ച് വരികയും ചെയ്യുകയാണ്. അവരെ പൂർണ്ണമായും ഒഴിവാക്കി എല്ലാ സ്വത്തുക്കളും ഭൂമിയും അളന്ന് തിട്ടപ്പെടുത്തി വഖഫ് ബോർഡിന് ലഭ്യമാക്കാൻ ആദ്യമായി ഒരു

സർവ്വേ കമ്മീഷനെ നിയമിച്ചത് ഒന്നാം പിണറായി സർക്കാരാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടല്ലോ. ആ പ്രവൃത്തി 75 ശതമാനം പൂർത്തിയായി. ബഹുമാനപ്പെട്ട വി. അബ്ദുറഹിമാന്റെ നേതൃത്വത്തിൽ ശേഷിക്കുന്ന സർവ്വേ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഒരു വർഷംകൂടി കഴിയുമ്പോഴേയ്ക്കും സർക്കാരിൽനിന്ന് ഒരു പൈസപോലും വേണ്ടാത്തവിധം, വഖഫ് ബോർഡിന്റെ തന്നെ സ്വത്തുക്കളിൽനിന്ന് കിട്ടുന്ന ആദായംകൊണ്ട് കോടിക്കണക്കിന് രൂപയുടെ ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ ബോർഡിന് കഴിയും. അങ്ങനെയൊരു അവസ്ഥയിലേയ്ക്ക് വഖഫ് ബോർഡിനെ എത്തിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. നേരത്തെ ഇവിടെ പ്രസംഗിച്ചപ്പോൾ ശ്രീ. കെ. പി. എ. മജീദ് സാഹിബ് പറഞ്ഞത്, യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വഖഫ് ബോർഡിന് ഒരുപാട് തുക കൊടുത്തിരുന്നു, എൽ.ഡി.എഫ്. അത് കുറച്ച് അവരെ പ്രയാസപ്പെടുത്തുന്നു എന്നൊക്കെയാണ്. 2011-2016 കാലയളവിൽ യു.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് 9,09,41,000 രൂപയാണ് വഖഫ് ബോർഡിന് കൊടുത്തത്, എന്നാൽ 2016-21 കാലയളവിൽ ഒന്നാം പിണറായി സർക്കാർ 14,93,84,000 രൂപയാണ് കൊടുത്തത്. ഇവിടെ വിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും പ്രശ്നം പറഞ്ഞു. ആരാണ് വിശ്വാസി; ആരാണ് അവിശ്വാസി; ലീഗിൽ മെമ്പർഷിപ്പ് എടുക്കലാണോ ഒരു ഇസ്ലാംമത വിശ്വാസിയെന്നുള്ളതിന്റെ മാനദണ്ഡമായി എന്റെ സുഹൃത്ത് ശ്രീ. നജീബ് കാന്തപുരം കാണുന്നത്? അപ്പുറത്ത് ശ്രീ. അൻവർ സാദത്ത് ഉണ്ടല്ലോ, അദ്ദേഹം മുസ്ലീമല്ലേ; ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. ടി. സിദ്ദിഖ് ഇവരെല്ലാം മുസ്ലീങ്ങളല്ലേ; വഖഫ് ബോർഡ് ഓഫീസ് മുസ്ലീംലീഗിന്റെ ഓഫീസല്ലാതാക്കി വഖഫ് ബോർഡിന്റെ ഓഫീസായി മാറ്റുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

7.00 P.M.]

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, മുൻമന്ത്രി ഡോ. കെ. ടി. ജലീലിന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ ശ്രീ. എൻ. ഷംസുദ്ദീനും ശ്രീ. കെ. പി. എ. മജീദും പറഞ്ഞത്, ഈ തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച് ഞങ്ങൾക്കൊന്നും അറിയില്ലായെന്നാണ്. ഒൻപതാം സമ്മേളനത്തിൽ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം T-1802) വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന ശ്രീ. വി. പി. സജീന്ദ്രന്റെ ഒന്നാമത്തെ ചോദ്യത്തിന് 'ഉണ്ട്' എന്നാണ് മറുപടി. പ്രസ്തുത തീരുമാനം നടപ്പാക്കുന്നതിനുമുൻപ് ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വിശദമാക്കാമോ; എന്നിവയാണ് രണ്ടും മൂന്നും ചോദ്യങ്ങൾ. അതിന് നൽകിയ ഉത്തരം, 'വഖഫ് ബോർഡുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണം, ന്യൂനപക്ഷക്ഷേമം, വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബോർഡ്

ചെയർമാന്മാരുടെയും മെമ്പർമാരുടെയും സാന്നിദ്ധ്യത്തിൽ 19-7-2016-ൽ കൂടിയ യോഗത്തിലാണ് സംസ്ഥാന വഖഫ് ബോർഡിന്റെ ഒഴിവ് വരുന്ന തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുള്ളത് ' എന്നായിരുന്നു. അതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധിച്ച് നോക്കിയാൽ അറിയാൻ കഴിയും. അന്ന് ബോർഡിലുണ്ടായിരുന്ന ആളുകൾ ഇന്ന് ഈ സഭയിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവരുൾപ്പെടെയുള്ള ആളുകളുടെ തീരുമാനത്തിന് വിധേയമായിത്തന്നെയാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഇത് ഐക്യപ്പെട്ടുവരുമെന്ന് ആഗ്രഹിച്ചു എന്ന് നേരത്തെ പറഞ്ഞത്.

ശ്രീ. പി. ടി. എ. റഹീം: സർ, ഈ തീരുമാനത്തെ സംബന്ധിച്ച് പറഞ്ഞല്ലോ. ആ തീരുമാനത്തിൽ അദ്ധ്യക്ഷത വഹിച്ചത് പാണക്കാട് സയ്യിദ് റഷീദ് അലി ശിഹാബ് തങ്ങളാണെന്നത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ; മറ്റൊരുകാര്യം, വിശ്വാസത്തെയും അവിശ്വാസത്തെയും സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്. കഴിഞ്ഞ പ്രാവശ്യം നിയമസഭയിൽനിന്നും രണ്ട് മുസ്ലീം പ്രതിനിധികൾ വഖഫ് ബോർഡിലുണ്ടായിരുന്നു. ഞാൻ തെരഞ്ഞെടുക്കപ്പെട്ടത് നറുക്കെടുപ്പിലൂടെയാണ്. ഇപ്രാവശ്യം മത്സരിക്കാൻ അവർക്ക് ധൈര്യമുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, വളരെ ശരിയാണ്. ശ്രീ. പി. ടി. എ. റഹീം, ശ്രീ. പി. ഉബൈദുള്ള എന്നിവർ കഴിഞ്ഞ ബോർഡിൽ അംഗങ്ങളായിരുന്നു. അന്ന് ആകെ 30 വോട്ടുകളാണ് ഉണ്ടായിരുന്നത്. പത്തുവീതം മൂന്നുപേർക്ക് കിട്ടി. അങ്ങനെ നറുക്കെടുപ്പ് നടത്തി ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞിനെ പരാജയപ്പെടുത്തിയാണ് ശ്രീ. പി. ടി. എ. റഹീം കടന്നുവന്നത്. നമുക്കറിയാം, ന്യൂനപക്ഷങ്ങൾ എന്നും എപ്പോഴും ആശ്രയിക്കുന്നതും വിശ്വാസത്തിലെടുക്കുന്നതും ഇടതുപക്ഷ പ്രസ്ഥാനത്തെയാണ്. അതുകൊണ്ട് ഇനി ആരുടെയും പിന്തുണയില്ലാതെ നമുക്ക് എളുപ്പത്തിൽ ജയിക്കാൻ സാധിക്കും. ആ സ്ഥിതിയിലേയ്ക്ക് നമ്മൾ വളർന്നുവന്നിട്ടുണ്ട്. വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിട്ടുകൊടുക്കാൻ തീരുമാനിക്കുന്നത് എല്ലാ അർത്ഥത്തിലും ഉൾക്കൊണ്ട് എല്ലാ തരത്തിലുള്ള ചർച്ചകളും അതിന്റെ പിന്നിൽ വന്നിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ദേവസ്വം ബോർഡ് നിയമനങ്ങളും ഈ ബോർഡിന്റെ നിയമനങ്ങളും പി.എസ്.സി.-യ്ക്ക് വിടുന്നത് സംബന്ധിച്ച് നിരവധി പ്രശ്നങ്ങൾ ഇവിടെ പറയുകയാണ്.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്വത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന തരത്തിലേയ്ക്ക് നമ്മുടെ വഖഫുകൾ വരേണ്ടതുണ്ട്. സ്വത്തുക്കൾ ഇപ്പോൾ കൈകാര്യം ചെയ്യുന്നവരെ നിയമവിധേയമാക്കേണ്ടതുണ്ട്. സംവരണതത്വങ്ങൾ ഒരുകാലത്തും

ഹനിക്കപ്പെടില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ടുതന്നെയാണ് ഇതിന്റെ നിയമനം പി.എസ്.സി. വഴി നടത്തുന്നത്. പി.എസ്.സി.-യ്ക്ക് അഭിലഷണീയമല്ലാത്ത പ്രശ്നങ്ങൾ എപ്പോഴെല്ലാം ഉണ്ടായിട്ടുണ്ടോ അപ്പോഴെല്ലാം അതിനെ തിരുത്തിക്കൊണ്ട് കൃത്യമായ പാതയിലേയ്ക്ക് നയിക്കാൻ ശ്രദ്ധിച്ച ഇടതുപക്ഷജനാധിപത്യ മുന്നണിയാണ് ഇപ്പോൾ കേരളം ഭരിക്കുന്നത്. ഇത് പി.എസ്.സി.-യ്ക്ക് വിടുന്നതിലൂടെ കാര്യക്ഷമമായി കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന ഉദ്യോഗസ്ഥരെ ഈ മേഖലയിൽ സൃഷ്ടിക്കാൻ കഴിയും. അതുകൊണ്ട് ഇത് പി.എസ്.സി.-യ്ക്ക് വിടണമെന്നതിനെ ഞാൻ ഒരിക്കൽക്കൂടി പിന്തുണയ്ക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയെ പിന്താങ്ങുന്നു. ഇതിന്റെ ചർച്ചയിലേയ്ക്ക് കടക്കുന്നതിനുമുൻപ് നിലമ്പൂർ എം.എൽ.എ. ആയ ശ്രീ. പി. വി. അൻവർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മരിച്ചുപോയ വി. വി. പ്രകാശനെക്കുറിച്ച് ചില പരാമർശങ്ങൾ നടത്തി. അത് അങ്ങേയറ്റം ദുഃഖകരമാണ്. മരിച്ചതിനുശേഷവും അദ്ദേഹത്തെ വെറുതെ വിടാൻ തയ്യാറല്ലെന്നത് വളരെ മോശമാണ്. ഞാനൊരു ക്രമപ്രശ്നം ഉന്നയിച്ചു. അപ്പോൾ ബഹുമാനപ്പെട്ട പി. വി. അൻവർ പ്രതിപക്ഷനേതാവിനെക്കുറിച്ച് ചില ആരോപണങ്ങൾ ഉന്നയിച്ചു. തീർച്ചയായും ആരോപണം ഉന്നയിക്കാൻ അദ്ദേഹത്തിന് സ്വാതന്ത്ര്യമുണ്ട്. പക്ഷേ മുൻകൂട്ടി എഴുതിക്കൊടുത്തുവേണം ആരോപണം ഉന്നയിക്കേണ്ടത്. അദ്ദേഹം എഴുതി നൽകിയില്ലെന്ന് എനിക്ക് തോന്നുന്നു. നൽകിയിട്ടുണ്ടെങ്കിൽ അത് ചെയർ വ്യക്തമാക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം കെ. ബാബു (തൃപ്പൂണിത്തുറ) സംസാരിച്ച് തുടങ്ങിയതുതന്നെ എന്റെ ബഹുമാന്യ സുഹൃത്തായ ശ്രീ. പി. വി. അൻവർ നടത്തിയ പരാമർശത്തെക്കുറിച്ചാണ്. മലപ്പുറം ജില്ലയിൽ ഞാനും ശ്രീ. വി. അബ്ദുറഹിമാനും ശ്രീ. പി. വി. അൻവറുമൊക്കെ ഒരുമിച്ച് കോൺഗ്രസ്സിലുള്ള സമയം മുതൽ അറിയുന്നൊരു പൊതുപ്രവർത്തകനാണ് വി. വി. പ്രകാശ്. അദ്ദേഹം തെരഞ്ഞെടുപ്പിൽ മത്സരിച്ച് വോട്ടെണ്ണുന്നതിന് 3 ദിവസം മുൻപാണ് ഹൃദയാഘാതംമൂലം മരിക്കുന്നത്. കെ.എസ്.യു.-വിന്റെ സംസ്ഥാന സെക്രട്ടറി, യൂത്ത് കോൺഗ്രസ്സ് സംസ്ഥാന സെക്രട്ടറി, കെ.പി.സി.സി.

സെക്രട്ടറി എന്നിങ്ങനെ വിവിധ തലങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം ഡി.സി.സി. പ്രസിഡന്റായിരിക്കുമ്പോഴാണ് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതും 56-ാം വയസ്സിൽ അകാലത്തിൽ മരിക്കുന്നതും. വി. വി. പ്രകാശ് ആരാണെന്ന് ഏറ്റവും നന്നായി അറിയാവുന്ന ആളാണ് ശ്രീ. പി. വി. അൻവർ. (...ബഹളം....) ജീവിതത്തിൽ ഏറ്റവും സുതാര്യമായും ലളിതമായും ജീവിക്കുകയും ആദർശമെന്ന അലങ്കാരം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്ത ചെറുപ്പക്കാരനായിരുന്ന വി. വി. പ്രകാശ്. അങ്ങേയറ്റം തികഞ്ഞ മതേതരവാദിയായിരുന്നു. അങ്ങനെയുള്ള വി. വി. പ്രകാശ് ശ്രീ. പി. വി. അൻവറിന്റെ പരാമർശം മാന്യതയുടെ പേരിലെങ്കിലും പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിനോട് അങ്ങേയ്ക്ക് യോജിപ്പുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):സർ, തീർച്ചയായിട്ടും ബഹുമാനപ്പെട്ട എ. പി. അനിൽ കുമാർ പറഞ്ഞത് വസ്തുതയാണ്. അത് വളരെയേറെ ദു:ഖകരമായിപ്പോയി. അത്രയേ എനിക്ക് പറയാനുള്ളൂ. ഞാൻ അതിന്റെകൂട്ടത്തിൽ ഒരു കാര്യം പറഞ്ഞു, ഞാനൊരു ക്രമപ്രശ്നം ഉന്നയിച്ചപ്പോൾ...

ശ്രീ. പി. വി. അൻവർ: സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. പി. വി. അൻവർ: സർ, ഞാൻ ഇവിടെ പറഞ്ഞുവന്നത് വളരെ കൃത്യമാണ്. ബി.ജെ.പി.-യുടെ നേതാക്കൾ വ്യാപകമായി നടന്ന് വി. വി. പ്രകാശിനെ ജയിപ്പിക്കണമെന്ന് പറഞ്ഞുവെന്നാണ് ഞാൻ പറഞ്ഞത്, അല്ലാതെ വി. വി. പ്രകാശ് ബി.ജെ.പി.-യുടെ വോട്ടുവാങ്ങിയെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഇപ്പോൾ പ്രകാശിനോട് കാണിച്ച ഈ സ്നേഹം ആ തെരഞ്ഞെടുപ്പ് സമയത്ത് കാണിച്ചിരുന്നുവെങ്കിൽ പ്രകാശ് ഇവിടെയുണ്ടാകുമായിരുന്നു. മറ്റൊന്ന്, പ്രതിപക്ഷനേതാവിനെതിരെ പറഞ്ഞ ആരോപണത്തിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്, ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ എനിക്കെതിരെ നിയമനടപടി സ്വീകരിക്കാനുള്ള എല്ലാ സംവിധാനവും ഈ നാട്ടിലുണ്ട്, കൂടുതൽ തെളിവുകൾ ആവശ്യമാണെങ്കിൽ പിന്നീട് പറയാം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ വീണ്ടും പറയുകയാണ്, അദ്ദേഹത്തിന് ആരോപണമുന്നയിക്കാൻ സ്വാതന്ത്ര്യമുണ്ട്, പക്ഷെ മുൻകൂട്ടി എഴുതിക്കൊടുക്കാതെ ആരോപണം ഉന്നയിക്കുന്നത് നടപടിക്രമങ്ങൾക്ക്

വിരുദ്ധമാണ്. അങ്ങനെ നടപടിക്രമങ്ങൾക്ക് വിരുദ്ധമായി അദ്ദേഹം പറഞ്ഞ കാര്യങ്ങൾ രേഖയിലുണ്ടാകാൻ പാടില്ല, അതാണ് എനിക്ക് പറയാനുള്ളത്. ഇവിടെ അപ്പുറത്തിരിക്കുന്ന ബഹുമാന്യരായ അംഗങ്ങൾ പറഞ്ഞൊരു കാര്യം, വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കാനും വഖഫ് ബോർഡിന്റെ സ്വത്തുവകകൾ അന്യാധീനപ്പെട്ടത് തിരിച്ചുപിടിക്കാനും നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടണമെന്നാണ്. പി.എസ്.സി.-യ്ക്ക് നിയമനം വിട്ടാൽ ഈ കാര്യങ്ങളെല്ലാം സുതാര്യമാകുമെന്ന് പറഞ്ഞത് എനിക്ക് മനസ്സിലായില്ല. വഖഫ് ബോർഡിന്റെ ചെയർമാന്മാരായിരുന്നവർ ഇപ്പുറത്ത് ഇരിക്കുന്നവർ മാത്രമാണോ? ഇപ്പോഴത്തെ ചെയർമാൻ ആരാണ്, ബഹുമാന്യനായ മുൻമന്ത്രി ശ്രീ. ടി. കെ. ഹംസ. അതിനു മുൻപ് ഗുരുവായൂർ എം.എൽ.എ. ആയിരുന്ന ശ്രീ. കെ. വി. അബ്ദുൾഖാദർ വഖഫ് ബോർഡിന്റെ ചെയർമാനായിരുന്നല്ലോ. അവിടെ നിങ്ങളുടെ കാലഘട്ടവും ഉണ്ടായിരുന്നല്ലോ, വഖഫ് ബോർഡിന്റെ മുഴുവൻ പ്രശ്നങ്ങളും ഇപ്പുറത്ത് ഇരിക്കുന്നവരുടെ കുഴപ്പം കൊണ്ടുണ്ടായതാണെന്ന് ചിത്രീകരിക്കുന്നത് ശരിയല്ല. അപ്പുറത്തിരിക്കുന്നവരും ഉണ്ടായിരുന്നു. സെക്രട്ടേറിയറ്റ് നടയിൽ ഈ ഓർഡിനൻസിനെതിരായി സമരം നടന്നു, ആ സമരത്തിൽ മുസ്ലീം സമുദായത്തിലെ പ്രധാനപ്പെട്ട അനവധി സംഘടനകൾ പങ്കെടുത്തു, മതപണ്ഡിതർ പങ്കെടുത്തു, അവർ മുഖ്യമന്ത്രിക്ക് നിവേദനം നൽകി. ആ സമുദായത്തിനുവേണ്ടിയാണ് ഈ മാറ്റം കൊണ്ടുവരുന്നതെങ്കിൽ ഇത്രയും ആളുകൾ സമരം ചെയ്യുന്നതെന്തിനാണ്? നല്ലൊരു കാര്യമാണെങ്കിൽ ഇവിടെ വന്ന് സമരം ചെയ്യില്ലല്ലോ? യഥാർത്ഥത്തിൽ ഇത് നിങ്ങളുടെ രാഷ്ട്രീയ താല്പര്യം മാത്രമാണ്. കേന്ദ്ര വഖഫ് നിയമപ്രകാരം രൂപീകരിച്ച കേരള സംസ്ഥാന വഖഫ് ബോർഡെന്ന അർദ്ധ ജുഡീഷ്യൽ സ്വയംഭരണ സ്ഥാപനത്തെ അധികാര ദുർവിനിയോഗം നടത്തി ഹൈജാക്ക് ചെയ്യാൻ ശ്രമിക്കുന്ന ഈ സർക്കാരിന്റെ തെറ്റായ നയങ്ങളുടെ ഭാഗമായുള്ള ഈ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുന്നു. നിയമത്തിൽ പ്രത്യേകമായി പരാമർശിച്ചിട്ടുള്ള കാര്യങ്ങളിൽ മാത്രമേ സർക്കാരിന് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഇടപെടാൻ സാധിക്കുകയുള്ളൂ. ബോർഡിൽ ജീവനക്കാരെ നിയമിക്കുന്നത് വഖഫ് ബോർഡ് റെഗുലേഷനിലെ വ്യവസ്ഥയനുസരിച്ചാണ്. സെക്ഷൻ 110-ൽ സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ റെഗുലേഷൻ ഉണ്ടാക്കാനുള്ള അധികാരം വഖഫ് ബോർഡിൽ മാത്രം നിക്ഷിപ്തമാണ്. എന്നാൽ ഇപ്പോൾ സർക്കാർ ബോർഡിന്റെ അധികാരങ്ങൾ കവർന്നെടുക്കാൻ

ശ്രമിക്കുകയാണ്. ഈ ബിൽ അതിന് ഉദാഹരണമാണ്. വഖഫ് ബോർഡിൽനിന്നും അയച്ച കരട് റെഗുലേഷന് അന്തിമരൂപം കൊടുക്കേണ്ടത് കോടതിയുടെ തീർപ്പിന് വിധേയമായിരിക്കണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് ലംഘിച്ചുകൊണ്ട് 2016-ൽ സർക്കാർ സ്വമേധയാ റെഗുലേഷൻ വിജ്ഞാപനം നടത്തി. എന്നാൽ വഖഫ് ബോർഡ് ഉണ്ടാക്കിയ റെഗുലേഷനിൽ സർക്കാർ വരുത്തിയ മാറ്റങ്ങൾ കോടതിയുടെ തീർപ്പിന് വിധേയമായിരിക്കുമെന്ന് വേറൊരു കേസ്സിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുണ്ട്. എന്നിട്ടും കോടതി ഉത്തരവ് ലംഘിച്ചുകൊണ്ട് സർക്കാർ ഈ ബിൽ പാസ്സാക്കാൻ ശ്രമിക്കുന്നതിൽ വലിയ ദുരൂഹതയുണ്ട്. ഇന്നലെ ബഹുമാന്യയായ കെ. കെ. രമ ഒരു അടിയന്തരപ്രമേയാവതരണത്തിന് അനുമതി തേടി. അപ്പോൾ ഇവിടെ പറഞ്ഞത്, കോടതിയുടെ പരിഗണനയിലായതിനാൽ പ്രമേയം അവതരിപ്പിക്കാൻ പാടില്ലെന്നാണ്. ഞാൻ സ്പീക്കറെ ചോദ്യം ചെയ്യുകയല്ല, അങ്ങേയറ്റം ബഹുമാനത്തോടുകൂടിതന്നെയാണ് പറയുന്നത്. കോടതിയിലിരിക്കുന്ന ഒരു പ്രശ്നം ഇവിടെ ചർച്ച ചെയ്യാൻ പാടില്ല. ഇപ്പോൾ കോടതിയുടെ തീരുമാനത്തിലുള്ള ഒരു കാര്യത്തിൽ നിങ്ങൾ ബിൽ കൊണ്ടുവരികയാണ്. ഇത് ഇരട്ട ന്യായമാണ്. ഇന്നലെ പറഞ്ഞ ന്യായം ഇന്ന് നിങ്ങൾക്ക് ബാധകമല്ല. കേസ്സിന്റെ മെറിറ്റിലേയ്ക്ക് പോകാതെ നിയമസഭയിൽ ധാരാളം ചർച്ചകൾ നടന്നിട്ടുണ്ട്, നടത്തുകയും ചെയ്യാം, കേസ്സിന്റെ മെറിറ്റിലേക്ക് പോകാൻ പാടില്ലായെന്നേയുള്ളൂ. മുസ്ലീം സമുദായത്തിൽനിന്നുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ വഖഫ് ബോർഡിൽ നിയമിക്കാൻ കഴിയു എന്നതുപോലെ ഹിന്ദു സമുദായത്തിൽനിന്നുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ ദേവസ്വം ബോർഡിൽ നിയമിക്കാൻ കഴിയൂ. അതുകൊണ്ടാണ് ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടാതെ, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് നിയമനം നടത്തിവരുന്നത്. ഇതുപോലെയുള്ള ഒരു സ്ഥാപനമാണല്ലോ ദേവസ്വം ബോർഡ്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് നിയമനം നടത്തുന്നത് ഹൈന്ദവവിശ്വാസികളുടെ താല്പര്യത്തിനുവേണ്ടിയാണ്. നിങ്ങളും ഞങ്ങളും യോജിച്ചാണ് അത് നടപ്പാക്കിയത്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, അങ്ങിവിടെ വഖഫ് ബോർഡിലേയും ദേവസ്വം ബോർഡിലേയും കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഒരുപാട് മാറ്റങ്ങൾ കാലങ്ങളായി ദേവസ്വം ബോർഡിൽ വരുത്തിയിട്ടുണ്ട്. മുൻകാലത്ത് ദേവസ്വം

ബോർഡിലെ നിയമനത്തിന് റിസർവേഷൻ ഉണ്ടായിരുന്നില്ല, ഹൈന്ദവ സമുദായത്തിലെതന്നെ വ്യത്യസ്ത ജാതി വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന സംവരണം പിന്നീട് വന്നതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്നതാണ്. അതുപോലെ നേരത്തെ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ പൂജാരികളായിട്ട് അധഃസ്ഥിത വർഗ്ഗത്തിൽ/വിഭാഗത്തിൽപ്പെടുന്ന യോഗ്യരായിട്ടുള്ള ആളുകൾക്ക് നിയമനം ലഭിക്കുമായിരുന്നില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പരമ്പരാഗതമായി പിന്തുടർന്നുപോന്നിരുന്ന സമീപനത്തിൽ മാറ്റം വന്നു. യോഗ്യരായ, വേദപാണ്ഡിത്യമുള്ള സാധാരണക്കാരായ നിരവധിയാളുകളെ, അധഃസ്ഥിത വിഭാഗത്തിൽപ്പെടുന്നവരെ പൂജാരികളായി നിയമിച്ചു. സമാനമായ പുരോഗതിയും നവോത്ഥാനവും മാറ്റവും മുസ്ലീം സമുദായത്തിലും വരേണ്ടതുണ്ട്. അതിനുവേണ്ടിയാണ് വഖഫ് ബോർഡിൽ ഏറ്റവും യോഗ്യരായിട്ടുള്ള മുസ്ലീം യുവതീ-യുവാക്കൾക്ക് കടന്നുവരാനുള്ള അവസരമൊരുക്കുന്നത്. (.......മൈക്ക് ഓഫ്....)

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഡോ. കെ. ടി. ജലീൽ പറഞ്ഞതുപോലെ ഹൈന്ദവ വിഭാഗത്തിൽ പല വിഭാഗങ്ങളുണ്ട്, മുസ്ലീം സമുദായത്തിൽ ഒരു വിഭാഗമല്ലേയുള്ളൂ, മുസ്ലീം മാത്രമല്ലേയുള്ളൂ. ഹൈന്ദവ വിഭാഗത്തിൽ അതിന്റെ ആവശ്യമുണ്ടായിരുന്നു. കാരണം പല വിഭാഗങ്ങളുണ്ട്. മുസ്ലീം സമുദായത്തിൽ പല വിഭാഗങ്ങളില്ലല്ലോ.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ദേവസ്വം ബോർഡ് മന്ത്രിയായിരുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ഹൈന്ദവവിശ്വാസികളുടെ താല്പര്യം മനസ്സിലാക്കി, അവരുടെ ആവശ്യം മനസ്സിലാക്കി, അത് മുഖ്യമന്ത്രിയേയും ക്യാബിനറ്റിനേയും ബോദ്ധ്യപ്പെടുത്തി ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിച്ച് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചു. എന്നാൽ മുസ്ലീം സമുദായത്തിലെ മുഴുവൻ സംഘടനകളും ഒരുപോലെ ആവശ്യപ്പെടുന്ന, മുസ്ലീം സമുദായത്തിന്റെ ഒറ്റക്കെട്ടായുള്ള ആവശ്യവും താല്പര്യവുമായി പരിഗണിച്ച് അത് ക്യാബിനറ്റിനേയും മുഖ്യമന്ത്രിയേയും ബോദ്ധ്യപ്പെടുത്താതെ പി.എസ്.സി.-യ്ക്ക് വിടാൻ ഡോ. കെ. ടി. ജലീൽ തീരുമാനിക്കുകയും ആ കാര്യത്തിൽ അദ്ദേഹം പരാജയപ്പെട്ടതുകൊണ്ടുമല്ലേ ഈ പ്രശ്നം വന്നത്?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, .......(....മൈക്ക് ഓഫ്....) ലീഗ് സ്പോൺസേർഡ് സംഘടനകൾ മാത്രമാണ് എതിർത്തത്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്താണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചതെന്ന് നേരത്തെ ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ശരിയായൊരു പ്രസ്താവനയല്ല. 2014-ൽ യു.ഡി.എഫ്. ഗവൺമെന്റാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചത്. 2007-ൽ ദേവസ്വത്തിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് പി.എസ്.സി. വഴി നടപ്പിലാക്കണമെന്ന് ഇടതുപക്ഷ ഗവൺമെന്റ് തീരുമാനിച്ചിരുന്നതാണ്. ആ തീരുമാനത്തിന് വിരുദ്ധമായിട്ടാണ് 2014-ൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് നിയമനങ്ങൾ വിടാൻ യു.ഡി.എഫ്. തീരുമാനിച്ചത്. ആ റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്ന് രണ്ട് വർഷം പ്രവർത്തിച്ചിട്ടും ഒരാളെപ്പോലും ഈ അധ:സ്ഥിത വിഭാഗങ്ങളിൽനിന്നും നിയമിക്കാൻ കഴിയാത്തൊരു ബോർഡായിരുന്നു അതെന്നുള്ളതുകൊണ്ടാണ് ആ ബോർഡിൽ ഭേദഗതി കൊണ്ടുവരാൻ ഇടതുപക്ഷ ഗവൺമെന്റ് ശ്രമിച്ചത്, ഇക്കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അതെനിക്കറിയാം, അത് ഡോ. കെ. ടി. ജലീലിന് പറഞ്ഞുകൊടുത്താൽ മതി. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചത് 2014-ലെ യു.ഡി.എഫ് ഗവൺമെന്റാണ്. 2015-ൽ പ്രസ്തുത ഓർഡിനൻസ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ടായി, നിയമമാവുകയും ചെയ്തു. 2016-ൽ തെരഞ്ഞെടുപ്പ് വന്നുവെന്ന കാര്യംകൂടി അങ്ങ് മനസ്സിലാക്കണം. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിട്ടുകൊടുക്കണമെങ്കിൽ നിങ്ങൾക്ക് അങ്ങനെ ചെയ്യാമല്ലോ, ഇപ്പോഴും പി.എസ്.സി.-യ്ക്ക് വിടാമല്ലോ, എന്താണ് അങ്ങനെ ചെയ്യാത്തത്; ഇപ്പോൾത്തന്നെ പി.എസ്.സി.-യ്ക്ക് വിടാമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, 2015 -ൽ നിയമം വന്നതിനുശേഷം ജീവനക്കാരെ നിയമിക്കുന്നതിനുവേണ്ടി അപേക്ഷ ക്ഷണിച്ച കാര്യം അങ്ങേയ്ക്കുമറിയാം. പക്ഷേ 2015 ഫെബ്രുവരി മാസത്തോടുകൂടി തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നതുകൊണ്ട് നിയമന നടപടിക്രമങ്ങളുമായി മുമ്പോട്ടുപോയില്ല. അടുത്തതായി, എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. ആ നിയമം വച്ചുകൊണ്ടാണ് ജീവനക്കാർക്ക് സംവരണം കൊണ്ടുവന്നതെന്ന കാര്യം അദ്ദേഹത്തിനറിയില്ല, അങ്ങേയ്ക്കറിയാവുന്നതുകൊണ്ട് പറഞ്ഞത് നന്നായി.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പി.എസ്.സി.-യ്ക്ക് വിടുന്നതിനെക്കുറിച്ചുള്ള നിങ്ങളുടെ ആവേശം നന്നായി. കാരണം, ഇവിടെ

മുഖ്യമന്ത്രി പ്രോ-ചാൻസലറായ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടാനുള്ള വകുപ്പുപോലുമില്ല. അതുപോലതന്നെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ സ്ഥിര നിയമനം പി.എസ്.സി.-യ്ക്ക് വിടാനുള്ള വകുപ്പുണ്ടെങ്കിലും സ്ഥിരം നിയമനം നടത്താതെ കരാറടിസ്ഥാനത്തിൽ വേണ്ടപ്പെട്ടവരെ നിയമിച്ചുകൊണ്ടിരിക്കുകയാണ്. യൂണിവേഴ്സിറ്റി നിയമനങ്ങൾ യു.ഡി.എഫ്. സർക്കാർ പി.എസ്.സി.-യ്ക്ക് വിട്ടുവെങ്കിലും നാമമാത്രമായ തസ്തികകൾക്ക് മാത്രമേ ഇതുവരെ സ്പെഷ്യൽ റൂൾ ഉണ്ടാക്കിയിട്ടുള്ളൂ. കരാറുകാരെയും ദിവസക്കൂലിക്കാരെയും വ്യാപകമായി നിയമിക്കാനാണ് ചട്ടങ്ങൾ രൂപീകരിക്കാത്തത്. പി.എസ്.സി.-യ്ക്ക് വിടണമെന്ന് ആത്മാർത്ഥമായി ആഗ്രഹമുണ്ടെങ്കിൽ വളരെ പെട്ടെന്നുതന്നെ ചട്ടങ്ങൾ രൂപീകരിച്ച് നിയമനം പി.എസ്.സി.-യ്ക്ക് വിട്ടുകൊടുത്തുകൂടേ? എന്നാൽ ഇതൊന്നും നിങ്ങൾ പി.എസ്.സി.-യ്ക്ക് വിട്ടുകൊടുക്കുന്നില്ല. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ സാധാരണ അപെക്സ് സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.-യ്ക്ക് വിടാൻ തീരുമാനിച്ചു. എന്നാൽ നിങ്ങൾ എത്രയോ കാലം അത് വച്ചുതാമസിപ്പിച്ചു. യഥാർത്ഥത്തിൽ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടുന്നതിന് നിങ്ങൾ എതിരാണ്. അതുപോലെതന്നെ കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് സെക്രട്ടേറിയറ്റ് നടയിൽ പി.എസ്.സി. നിയമനം നടത്താത്തതിനെതിരായി കേരളത്തിലെ ചെറുപ്പക്കാർ എത്രയോ ദിവസങ്ങൾ രാപ്പകൽ സമരം, മുട്ടിലിഴഞ്ഞ് സമരം, ശയനപ്രദക്ഷിണം എന്നിവ നടത്തി, എന്നിട്ടും നിങ്ങളുടെ കണ്ണ് തുറന്നില്ലല്ലോ? ഞാൻ പറഞ്ഞുവന്നത്, നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിട്ടുകൊണ്ട് സുതാര്യമാക്കണമെന്നാണല്ലോ നിങ്ങളുടെ താത്പര്യം, അങ്ങനെയാണെങ്കിൽ നിയമനം പി.എസ്.സി.-യ്ക്ക് വിട്ടുകൊടുക്കാൻ തീരുമാനിച്ച നിയമനങ്ങളൊന്നും ഇപ്പോഴും നിങ്ങൾ വിട്ടുകൊടുത്തിട്ടില്ല. അപ്പോൾ നിങ്ങൾക്ക് ഇക്കാര്യത്തിൽ യാതൊരു ആത്മാർത്ഥതയുമില്ല. ഒരു കാര്യംകൂടി പറയാം, ഡോ. കെ. ടി. ജലീൽ മുസ്ലീം സമുദായത്തിന്റെ കാര്യങ്ങളൊക്കെ പറഞ്ഞല്ലോ, ഡോ. കെ. ടി. ജലീലിനുകൂടി അറിയാവുന്ന ഒരു കാര്യം പറയാം, ദിവംഗതനായ സി. എച്ച്. മുഹമ്മദ് കോയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അറബി അദ്ധ്യാപകരെ നിയമിക്കാൻ തീരുമാനിച്ചു. അന്ന് പി. കെ. ചന്ദ്രാനന്ദൻ ഇവിടെ ഒരു പ്രസംഗം നടത്തി, " സെക്രട്ടേറിയേറ്റ് നടയിൽ കുടകുത്തുന്നവരേയും ചെരുപ്പ് തുന്നുന്നവരേയും അറബി അദ്ധ്യാപകരായി സി.എച്ച്. മുഹമ്മദ് കോയ നിയമിച്ചു" എന്നാണ് പറഞ്ഞത്, അത് നിങ്ങൾ ഓർക്കണം. നിങ്ങളുടെ പാർട്ടിയിലെ പ്രധാനപ്പെട്ട ഒരു എം.എൽ.എ. ആണ് ഇങ്ങനെ പറഞ്ഞത്. അതൊക്കെ കേരളത്തിൽ ഒരുപാട് ചർച്ച ചെയ്തിട്ടുള്ള കാര്യങ്ങളാണ്. (......ബഹളം...)

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, (മൈക്ക് ഓഫ്)...ബഹളം...

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഒരു കാര്യംകൂടി, ഞാൻ വഴങ്ങാം ഇതുകൂടി പറയട്ടെ....

<u>മി. ചെയർമാൻ</u>: സമയം ഏറെ വൈകി, അംഗങ്ങൾ സഹകരിക്കണം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഇതെന്താണ്, എനിക്ക് സംരക്ഷണം തരണം. ഞാൻ പത്ത് മിനിട്ടുകൊണ്ട് നിർത്താം. കേരള സ്റ്റേറ്റ് വഖഫ് ബോർഡിന്റെ ഹെഡ് ഓഫീസിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2016-ൽ താത്കാലികമായി ജോലിയിൽ പ്രവേശിച്ച മൂന്ന് പേരുണ്ട്.

<u>മി. ചെയർമാൻ</u>: ശ്രീ. പി. പി. ചിത്തരഞ്ജൻ, താങ്കളുന്നയിക്കുന്ന പോയിന്റ് ഓഫ് ഓർഡർ എന്താണ്?

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഈ സഭയിൽ ഇപ്പോൾ അംഗമല്ലാത്ത, സി.പി.ഐ. (എം) -നെ സംബന്ധിച്ചിടത്തോളം പ്രമുഖനായ നേതാവും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്ന പരേതനായ പി. കെ. ചന്ദ്രാനന്ദനെ സംബന്ധിച്ച് അപകീർത്തികരമായ പരാമർശമാണ് ശ്രീ. കെ. ബാബു ഉന്നയിച്ചിട്ടുള്ളത്. അദ്ദേഹം പ്രസ്തുത പരാമർശം പിൻവലിക്കാൻ തയ്യാറാകണം, മാപ്പുപറയാൻ തയ്യാറാകണം. അദ്ദേഹത്തെ ഇവിടെ അപമാനിക്കാൻ തയ്യാറായത് രേഖയിൽ ഉണ്ടാകരുത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പറഞ്ഞത് ഈ സഭാ രേഖയിലുള്ള കാര്യമാണ്, പരിശോധിച്ചാൽ മതി. (.......ബഹളം...)

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, അടിസ്ഥാനരഹിതമായ കാര്യങ്ങളാണ് പറയുന്നത്....(മൈക്ക് ഓഫ്)....

<u>മി. ചെയർമാൻ</u>: പരിശോധിച്ച് ആവശ്യമായത് ചെയ്യാം.*

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, സഭാരേഖ പരിശോധിച്ചശേഷം രേഖയിൽ ഇങ്ങനെയൊന്നില്ലെങ്കിൽ ഞാൻ പരസ്യമായി മാപ്പുപറയാം, സഭയുടെ മുമ്പിൽ മാപ്പ് പറയാം. അതിന് ഞാൻ തയ്യാറാണ്. രേഖ പരിശോധിക്കട്ടെ.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 17635/ഇ.ബി/2021/നി. സെ) സഭാരേഖയിൽ നിലനിർത്തി

മി. ചെയർമാൻ: പരിശോധിച്ച് പറയാം, പ്ലീസ് കൺക്ലൂഡ്... 19 മിനിട്ടായി....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, " 2016 -ൽ നിലവിൽ വന്ന വഖഫ് റെഗുലേഷൻ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമിച്ചതും പിന്നീട് കോൺട്രാക്ട് അടിസ്ഥാനത്തിൽ 7 വർഷമായി ബോർഡ് സർവ്വീസിൽ തുടരുന്നതുമായ താത്കാലിക ജീവനക്കാർക്ക് ഈ റെഗുലേഷൻ നിലവിൽവന്നാലും തുടരാമെന്നും അപ്രകാരം തുടരുമ്പോൾ റെഗുലേഷൻ പ്രകാരമുള്ള തസ്തികകൾക്ക് ആവശ്യമായ യോഗ്യത അവർക്ക് ഉണ്ടാകണമെന്നും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി അവരെ സ്ഥിരപ്പെടുത്താമെന്നും പ്രതിപാദിച്ചിട്ടുണ്ട്. മേൽ വ്യവസ്ഥയ്ക്ക് റെഗുലേഷൻ നിലവിൽവന്ന 1-2-2016 തീയതി മുതൽ പ്രാബല്യമുണ്ടാകും." ഞാൻ ഇക്കാര്യം വിശദമായി സംസാരിക്കുന്നില്ല. ഇതുപ്രകാരം അവിടെയുള്ള മൂന്ന് പേരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചെങ്കിലും ഗവൺമെന്റ് അനുവാദം കൊടുക്കുന്നില്ല, അവർ ഹൈക്കോടതിയിൽ പോയി, അവരെ സ്ഥിരപ്പെടുത്താൻ ഹൈക്കോടതി നിർദ്ദേശം കൊടുത്തു. ഹൈക്കോടതി നിർദ്ദേശം കൊടുത്തിട്ടും ഗവൺമെന്റ് അനുവാദം നൽകുന്നില്ല, ഇത് അങ്ങേയറ്റത്തെ അനീതിയാണ്. കാരണം, ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം കൊടുത്തിട്ടും മൂന്നുപേരെ നിയമിക്കുന്ന കാര്യത്തിൽ ഇതുവരെ തീരുമാനമായിട്ടില്ല.

ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇവിടെ ആറേഴ് പെൺകുട്ടികൾ അട്ടക്കുളങ്ങര ജയിലിൽ കിടക്കുകയാണ്. അവർ നിയമസഭാ മന്ദിരത്തിലേയ്ക്ക് അതിക്രമിച്ച് കയറിയെന്നതാണ് കുറ്റം. ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയെ ആക്രമിച്ചുവെന്നതാണ് അവർക്കെതിരെയുള്ള കേസ്, ഇത് മനോരമ ദിനപത്രത്തിൽ ഇന്നുവന്ന ഫോട്ടോയാണ്. (മനോരമ പത്രം ഉയർത്തിക്കാണിച്ചു).

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.. അങ്ങ് അനുഭവസമ്പത്തുള്ള ഒരംഗമാണ്.. പ്ലീസ്... ചെയറുമായി സഹകരിക്കൂ...

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇത് പറഞ്ഞ് പൂർത്തിയാക്കട്ടെ, ഒരു ഉദ്യോഗസ്ഥ ആ കുട്ടിയുടെ ശരീരത്തിലേയ്ക്ക് വീണതിലൂടെ പരിക്കുപറ്റി. എന്നിട്ടും പോലീസ് കോടതിയിൽ ചാർജ് ഷീറ്റ് നൽകാതെ, അവർക്ക് ജാമ്യം കിട്ടാത്ത നിലപാട് സ്വീകരിച്ചിരിക്കുകയാണ്. സമരം ചെയ്യുന്ന പെൺകുട്ടികളോടുള്ള നിങ്ങളുടെ നിലപാട് ഇതാണോ? ഇത് അങ്ങേയറ്റം തെറ്റായ ഒരു നിലപാടാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, വളരെ നല്ലരീതിയിലുള്ള ചർച്ചകളാണ് സഭയിൽ നടന്നത്. ഇവിടെ ദേവസ്വം ബോർഡ് നിയമനങ്ങളെക്കുറിച്ചുമെല്ലാം പറയുകയുണ്ടായി. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. വഖഫ് ബോർഡിന്റെ പ്രവർത്തനം സുതാര്യമാക്കണമെന്നത് മാത്രമാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. ഞാൻ തുടക്കത്തിൽത്തന്നെ അത്തരത്തിലുള്ള കാര്യങ്ങൾ സംസാരിച്ചതാണ്. മതന്യൂനപക്ഷങ്ങളുടെ, പ്രത്യേകിച്ച് മുസ്ലീംജനവിഭാഗങ്ങളുടെ യാതൊരു അവകാശവും ഹനിച്ചുകൊണ്ടുള്ള ഒരു നിയമനവും ഇതിൽ നടക്കുന്നില്ല. വഖഫ് ബോർഡുമായി ബന്ധപ്പെട്ട നിയമനത്തിൽ പി.എസ്.സി. തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് നിയമനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പ്രസംഗങ്ങളും അഭിപ്രായങ്ങളും വരരുതെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. കേരളത്തിൽ ഇന്ന് പി.എസ്.സി. മുഖാന്തരം നടക്കുന്ന നിയമനങ്ങൾ ഏറ്റവും സുതാര്യമാണ്. കഴിവുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് മതം, വിദ്യാഭ്യാസം എന്നിവയെല്ലാം കൃത്യമായി വിലയിരുത്തിക്കൊണ്ടാണ് നിയമനങ്ങൾ നടക്കുന്നത്. വർഗ്ഗീയതയുടെ നിറം ഇതിന് നൽകാൻ ദയവുചെയ്ത് അംഗങ്ങൾ തയ്യാറാകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വഖഫ് ആക്ടിലെ 24(2) പ്രകാരം വഖഫ് ബോർഡ് ഉദ്യോഗസ്ഥരുടെ നിയമനവും വഖഫ് റെഗുലേഷൻ പ്രകാരമായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. വഖഫ് റെഗുലേഷൻ അദ്ധ്യായം 4 വഖഫ് 5(2) ഭേദഗതി ചെയ്തുകൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകുന്ന മുസ്ലീം മതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുക്കപ്പെട്ട പട്ടികയിൽനിന്നും ബോർഡിന്റെ ഭരണ സർവ്വീസ് ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും എല്ലാ നിയമനങ്ങളും നേരിട്ട് നിയമപ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വഖഫ് ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം പി.എസ്.സി.-ക്ക് വിട്ടുകൊണ്ടുള്ള ഭേദഗതി റെഗുലേഷനിൽ കൊണ്ടുവന്നത്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ മറ്റൊരു സംശയത്തിനും ഇടനൽകേണ്ടതില്ല. ഇവിടെ മുസ്ലീം ജീവനക്കാരെ മാത്രമായി റിക്രൂട്ട് ചെയ്യാമോയെന്നുള്ളതാണ് പ്രധാനപ്പെട്ടൊരു തർക്കവിഷയമായി ഉന്നയിച്ചിട്ടുള്ളത്. വഖഫ് ബോർഡിലെ നിയമനങ്ങൾ വഖഫ്

ബോർഡുതന്നെ അവരുടെ റെഗുലേഷന്റെ അടിസ്ഥാനത്തിലായിരുന്നു ചെയ്തിരുന്നത്. ഇതിന് മുസ്ലീം സമുദായത്തിൽ നിന്നുള്ളവരെയാണ് പരിഗണിച്ചിരുന്നത്. എന്നാൽ 2020-ൽ നിലവിൽ വന്ന റെഗുലേഷനിലെ ഭേദഗതി പ്രകാരം ഈ ചുമതല പി.എസ്.സി.-യ്ക്ക് വിട്ടുകൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇക്കാര്യത്തിലുള്ള നിങ്ങളുടെ സംശയം ഇതോടുകൂടി മാറിയിട്ടുണ്ടാകുമെന്ന് വിശ്വസിക്കുന്നു. നിയമനം പി.എസ്.സി.-യ്ക്ക് വിടുമ്പോൾ നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ കാര്യമാണ് മറ്റൊരു പ്രധാന പ്രശ്നമായി പറഞ്ഞത്. പ്രസ്തുത ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം വഖഫ് ബോർഡിലെ എൻട്രി കേഡർ തസ്തികയിലേക്ക് പി.എസ്.സി. മുഖേന നിയമനം നടത്തും, ഇതിനുള്ള സ്പെഷ്യൽ റൂൾസ് തയ്യാറാക്കുമ്പോൾ നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ കാര്യം സർക്കാർ പരിശോധിക്കും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ,.........

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീൻ, നമ്മൾ ഇതിനെക്കുറിച്ച് ഇഷ്ടംപോലെ ചർച്ച ചെയ്തതാണല്ലോ. ഞാൻ പ്രസംഗം നിർത്താൻ പോകുകയാണ്. ഇവിടെ പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങളാണ് ചർച്ചയ്ക്ക് വന്നത്. അതുകൊണ്ടുതന്നെ ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. അതോടൊപ്പംതന്നെ ബില്ലുമായി ബന്ധപ്പെട്ട ചർച്ചകളിൽ നിർഭാഗ്യകരമായ ചില പരാമർശങ്ങൾ പല ഭാഗത്തുനിന്നുമുണ്ടായി, അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. മുസ്ലീംവിഭാഗത്തിൽപ്പെട്ട ആളുകളെ മാത്രമാണ് ഇതിൽ നിയമിക്കുന്നത്. ആയതുകൊണ്ട് ഇത്തരത്തിലുള്ള പരാമർശങ്ങൾ അനാവശ്യമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അഭ്യർത്ഥനയോടെ നിർത്തുന്നു.

മി. ചെയർമാൻ: ശ്രീ. കെ. പി. എ. മജീദ്, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

മി. ചെയർമാൻ: നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. അൻവർ, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

(വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. വി. അൻവർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ മാസം 28-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 7.35-ന് പിരിഞ്ഞു.)

## അനുബന്ധം

### (1) നക്ഷത്രചിഹ്നമിട്ട 2 (*302)-ാം നമ്പർ ചോദ്യത്തിന്റെ (ബി) മുതൽ (ഇ) വരെയുള്ള പിരിവുകളുടെ ഉത്തരം

(ബി) മാലിന്യ സംസ്കരണത്തെ വിഭവ പരിപാലനം എന്ന ആശയത്തിലധിഷ്ഠിതമായുള്ള വിഭവ വീണ്ടെടുപ്പ് (റിസോഴ്സ് റിക്കവറി) നയമാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഇതിനായി ജൈവ അജൈവ പാഴ്വസ്തുക്കൾ കൂടികലർന്ന് മാലിന്യങ്ങളായി മാറുന്ന സാഹചര്യം ഒഴിവാക്കി ഉറവിടത്തിൽ തന്നെ അവയുടെ തരംതിരിവ് ഉറപ്പാക്കുകയും ജൈവ പാഴ്വസ്തുക്കളുടെ ഉറവിടത്തിൽ തന്നെയുള്ള സംസ്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇതിനായി കമ്പോസ്റ്റിംഗ്, ബയോമെഥനേഷൻ സാങ്കേതികവിദ്യകളാണ് പ്രോത്സാഹിപ്പിക്കുന്നത്. ഇതുവഴി ഓരോ വീടുകളിലേയും അടുക്കള തോട്ടങ്ങളിലേയ്ക്കും മറ്റുമുള്ള കമ്പോസ്റ്റ് ഉല്പാദനവും സാധ്യമാകുന്നു. ബയോമെഥനേഷൻ മാർഗ്ഗത്തിലൂടെ വികേന്ദ്രീകൃതമായി ഊർജ്ജോത്പാദനവും സാധ്യമാകുന്നു എന്ന സവിശേഷതയുമുണ്ട്. ഇതിനായി 90% വരെ സബ്സിഡിയോടെ കമ്പോസ്റ്റിംഗ് ബയോ മെഥനേഷൻ സംവിധാനങ്ങൾ വീടുകൾക്കും സ്ഥാപനങ്ങൾക്കും ശുചിത്വമിഷൻ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികളിലൂടെ ആവശ്യക്കാർക്ക് ലഭ്യമാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങളും (എം.സി.എഫ്.) വിഭവ വീണ്ടെടുപ്പ് കേന്ദ്രങ്ങളും സ്ഥാപിച്ച് ഹരിതകർമ്മസേന മുഖേന അജൈവപാഴ്\വസ്തുക്കൾ ശേഖരിക്കുന്നു. ഇവ പിന്നീട് ഇനം അനുസരിച്ച് തരംതിരിച്ച് പുനഃചംക്രമണത്തിനും പുനരുപയോഗത്തിനുമുള്ള അസംസ്കൃത വസ്തുക്കളാക്കി മാറ്റുന്നതിനുള്ള ബയിലിംഗ്/ഷ്രഡ്ഡിംഗ് ചെയ്ത് ആവശ്യക്കാർക്ക് കൈമാറുന്നു.

ക്ലീൻ കേരള കമ്പനി മൂല്യവർദ്ധന പ്രക്രിയ ഫലപ്രദമാക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്നു.

(1) മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ ഹരിതകർമ്മ സേന സംഭരിക്കുന്ന അജൈവ പാഴ്വസ്തുക്കളുടെ ഇനം തിരിച്ചുള്ള തരംതിരിക്കൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിതകർമ്മ സേനാംഗങ്ങൾക്ക് പരിശീലനം നൽകുകയും മൂല്യമുള്ള വസ്തുക്കൾ വില നൽകി ഏറ്റെടുക്കുകയും ചെയ്യുന്നു. ഓരോ 3 മാസം കൂടുന്തോറും വില മാർക്കറ്റ് നിരക്ക് പ്രകാരം പുനർനിശ്ചയിക്കുന്നു. 2021 ജനുവരി മുതൽ സെപ്റ്റംബർ 30 വരെ 1622.96 മെട്രിക് ടൺ പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ ഏറ്റെടുക്കുകയും 1,09,15,414.10 രൂപ വിലയായി നൽകുകയുമുണ്ടായി.

(2) പാഴ്വസ്തു കലണ്ടർ നടപ്പിലാക്കി. സർവ്വ സാധാരണമായി ഉൽപാദിപ്പിക്കപ്പെടുന്ന പാഴ്വസ്തുക്കൾ എല്ലാ മാസവും ശേഖരിക്കുന്നതോടൊപ്പം ചെരിപ്പ്, ബാഗ്, ചില്ല് മാലിന്യം, ഗ്ലാസ് കുപ്പികൾ, തുണി, പഴയ വസ്ത്രങ്ങൾ, മെഡിസിനൽ സ്ട്രിപ്പുകൾ, സിറിഞ്ച്, സൂചി, ആപൽക്കരമായ ഇലക്ട്രോണിക് പാഴ്വസ്തുക്കൾ (ട്യൂബ്‌ലൈറ്റ്, സി.എഫ്.എൽ. ബൾബ് തുടങ്ങിയവ) നിശ്ചിതമാസങ്ങളിൽ ശേഖരിക്കുന്നതിനും ജില്ലാ/ ബ്ലോക്ക് അടിസ്ഥാനത്തിൽ നീക്കംചെയ്യുന്നതിനും പാഴ്വസ്തു കലണ്ടറിലൂടെ സാധിക്കുന്നു. 2021 ആഗസ്റ്റ് മാസം സംസ്ഥാന വ്യാപകമായി 224.54 (40,790 ബിയർ ബോട്ടിലുകൾ പുറമെ) മെട്രിക് ടൺ ചില്ല് മാലിന്യവും സെപ്റ്റംബറിൽ 14.81 തുണി മാലിന്യവും ശേഖരിച്ച് നീക്കം ചെയ്യുകയുണ്ടായി.

(3) പുനഃചംക്രമണ ഏജൻസികളെ എംപാനൽ ചെയ്യൽ:- പുനഃചംക്രമണ യോഗ്യമായ മൂല്യവർദ്ധിത പാഴ്വസ്തുക്കൾ പുനഃചംക്രമണത്തിലൂടെ അവയിൽ അടങ്ങിയിട്ടുള്ള മൂല്യം വീണ്ടെടുക്കുന്നതിനും പുനർ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുവാക്കി മാറ്റുന്നതിനുമായി പുനഃചംക്രമണ ഏജൻസികളെ കണ്ടെത്തി എംപാനൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ 21 ഏജൻസികൾ കമ്പനിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

(4) പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ:- അജൈവ പാഴ്വസ്തുക്കളിൽ ഏറ്റവും കൂടുതലായി കണ്ടുവരുന്നത് പ്ലാസ്റ്റിക് പാഴ്വസ്തുക്കളാണ്. ഇതിൽത്തന്നെ പുനഃചംക്രമണ യോഗ്യമല്ലാത്തതും 60 മൈക്രോണിന് താഴെ കനമുള്ളതുമായ പ്ലാസ്റ്റിക് കവറുകൾ ധാരാളമായി കണ്ടുവരുന്നു. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് നിരോധനം ഏർപ്പെടുത്തിയാലും ഭക്ഷ്യ വസ്തുക്കൾ പാക്ക് ചെയ്യുന്ന കനം കുറഞ്ഞ കവറുകൾ, മൾട്ടി ലെയർ പ്ലാസ്റ്റിക്, തെർമോക്കോൾ എന്നിവ അവശേഷിക്കും. ഇത്തരത്തിലുള്ള നിഷ്ക്രിയ പ്ലാസ്റ്റിക് മാലിന്യത്തെ ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിച്ചിട്ടുള്ള പ്രകാരം ഷ്രെഡ്ഡ് ചെയ്ത് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു. 2016-17 മുതൽ ഈ പ്രവർത്തനം നടന്നുവരുന്നു. 2021 സെപ്റ്റംബർ വരെ 2121.18 മെട്രിക് ടൺ പൊടിച്ച പ്ലാസ്റ്റിക് 3183.86 കിലോ മീറ്റർ റോഡ് നിർമ്മാണത്തിനായി ഉപയോഗിച്ചു. (തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വകുപ്പ് 1161.24 ടൺ, പൊതുമരാമത്ത് വകുപ്പ് 947.76 ടൺ, നാഷണൽ ഹൈവേ അതോറിറ്റി 12.18 ടൺ) ഇതിന്റെ വിലയായി 4.87 കോടി രൂപ ലഭിക്കുകയും അതിന്റെ 85% തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകുകയുമുണ്ടായി. സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 169 ആർ.ആർ.എഫ്.കൾ പ്രവർത്തിക്കുന്നതിൽ 144 ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ നിലവിലുണ്ട്.

(5) ഇലക്ട്രോണിക് പാഴ്വസ്തുക്കളുടെ പുനഃചംക്രമണം:-അജൈവ പാഴ്വസ്തുക്കളിൽ ഉപയോഗിച്ച് ഉപേക്ഷിക്കുന്ന ഇലക്ട്രോണിക് പാഴ്വസ്തുക്കൾ പ്രധാന ഘടകമാണ്. വിവര സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ടവ, വീടുകളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന എയർ കണ്ടീഷണർ, റെഫ്രിജറേറ്റർ തുടങ്ങിയവ, വിവിധ ഉപകരണങ്ങളുടെ പ്രവർത്തനത്തിനുപയോഗിക്കുന്ന ബാറ്ററികൾ, ഇലക്ട്രിക് ഉപകരണങ്ങൾ (ഫാൻ, മോട്ടോർ തുടങ്ങിയവ) മറ്റിതര വസ്തുക്കൾ എന്നിവ ഇലക്ട്രോണിക് പാഴ്വസ്തുക്കളായി കരുതപ്പെടുന്നു. ഇവയുടെ ശേഖരണം, സംഭരണം, തരംതിരിക്കൽ, കയ്യൊഴിയൽ എന്നീ പ്രവർത്തനങ്ങൾ 2016-ലെ ഇലക്ട്രോണിക് വേസ്റ്റ് മാനേജ്മെ ന്റ് ചട്ടങ്ങൾ, 2016-ലെ ബാറ്ററി വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ എന്നിവ പ്രകാരമാണ് നടപ്പാക്കുന്നത്. 2021 സെപ്റ്റംബർ വരെ 1640.9 മെട്രിക് ടൺ ഇലക്ട്രോണിക് പാഴ്വസ്തുക്കൾ ശേഖരിക്കുകയും 1405.8 മെട്രിക് ടൺ വസ്തുക്കൾ അംഗീകൃത പുനഃചംക്രമണ ഏജൻസികളെ കണ്ടെത്തി കയ്യൊഴിയുകയും ചെയ്തു. ഇതിലൂടെ 5.15 കോടി രൂപ ലഭിക്കുകയുണ്ടായി. ക്ലീൻ കേരള കമ്പനിയുടെ എല്ലാ ജില്ലകളിലുമുള്ള ഗോഡൗണുകളിൽ ഇവ ശേഖരിക്കുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ട്.

(6) ആപൽക്കരമായ ഇലക്ട്രോണിക് മാലിന്യത്തിന്റെ ശേഖരണം, കയ്യൊഴിയൽ:- 2016 ലെ ആപൽക്കരമായ ഇലക്ട്രോണിക് മാലിന്യത്തിന്റെ മാനേജ്മെന്റ് സംബന്ധിച്ച ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം 2021 സെപ്റ്റംബർ വരെ 210 മെട്രിക് ടൺ മാലിന്യം ശേഖരിക്കുകയുണ്ടായി. ട്യൂബ്ലൈറ്റ്, സി.എഫ്.എൽ. ബൾബ്, എൽ.ഇ.ഡി ബൾബ്, പൊട്ടിയ സി.ഡി., പ്രിന്റർ, കാട്രിഡ്ജ് തുടങ്ങിയവ ഇതിലുൾപ്പെടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന ട്യൂബ്ലൈറ്റുകളാണ് ഇവയിൽ ഏറിയ പങ്കും. കേരളത്തിൽ ഇവയുടെ സംസ്കരണത്തിനായി കൊച്ചി അമ്പലമുകളിൽ ഒരു സംവിധാനം പ്രവർത്തിക്കുന്നു.

(7) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നു;- അജൈവ പാഴ്വസ്തുക്കളുടെ ശേഖരണം, സംഭരണം, തരംതിരിക്കൽ, കയ്യൊഴിയൽ എന്നീ പ്രവർത്തനങ്ങൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സമയബന്ധിതമായും കാര്യക്ഷമമായും നടത്തുന്നതിന് സർക്കാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ക്ലീൻ കേരള കമ്പനി കരാറിലേർപ്പെടുന്നുണ്ട്. 2021 സെപ്തംബർ 30 വരെ 713 ഗ്രാമപഞ്ചായത്തുകളും 38 നഗരസഭകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലമായ ധർമ്മടത്ത് നടപ്പിലാക്കിയ മാതൃകാ തെരഞ്ഞെടുപ്പ് പ്രചാരണ രീതിയെയാണ് ' ധർമ്മടം മോഡൽ' എന്ന്

വിശേഷിപ്പിക്കുന്നത്. ബാനറുകളും ഹോഡിംഗുകളും പോളി എതിലീൻ എന്ന അംഗീകൃത എക്കോ സൈൻ പ്രിന്റ് ഉപയോഗിച്ചാണ് തയ്യാറാക്കിയത്. പി.വി.സി. ഫ്രീ റീസൈക്കിൾ ലോഗോ, പ്രിന്റിംഗ് യൂണിറ്റിന്റെ പേര് എന്നിവയെല്ലാം എഴുതി വച്ചിട്ടുള്ള ബോർഡുകളാണ് ഇവിടെ ഉപയോഗിച്ചത്. തെരഞ്ഞെടുപ്പിനുശേഷം പ്രസ്തുത ബോർഡുകളും ബാനറുകളും ഇലക്ഷൻ കമ്മറ്റി മുഖാന്തരം തിരികെ ശേഖരിച്ച് എറണാകുളത്തുള്ള റീസൈക്ലിംഗ് പ്ലാന്റിന് കൈമാറുകയും ചെയ്തു. അവയെ ഗ്രാന്യൂൾസ് ആക്കിയതിനുശേഷം പൂച്ചെട്ടികൾ, ബക്കറ്റ്, കപ്പ്, മുറം എന്നിങ്ങനെ വൈവിധ്യമാർന്ന ഉല്പന്നങ്ങളാക്കി മാറ്റുകയും ചെയ്തു. ധർമ്മടത്ത് സംഘടിപ്പിച്ച യോഗത്തിൽ ബഹു.മുഖ്യമന്ത്രി 1250 പൂച്ചെട്ടികൾ 225 അങ്കണവാടികൾക്ക് കൈമാറി, ഈ മാതൃക സംസ്ഥാനമാകെ നടപ്പിലാക്കേണ്ടതുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്തു. നിരോധിത വസ്തുക്കളായ പി.വി.സി. ഫ്ളക്സ്, പോളിയെസ്റ്റർ/നൈലോൺ/കൊറിയൻ തുണികൾ എന്നിവയ്ക്ക് പകരം പരസ്യ പ്രിന്റിംഗ് മേഖലയിൽ പോളി എതിലീന്റെ ഉപയോഗം പുനരുപയോഗ സാധ്യത ഉറപ്പുവരുത്തുകയും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് സഹായകമാവുകയും ചെയ്യും എന്ന സന്ദേശമാണ് ' ധർമ്മടം മോഡൽ' നൽകുന്നത്.

(ഡി & ഇ)ഹരിതകേരളം മിഷൻ ഉപദൗത്യമായ ശുചിത്വമിഷൻ മുഖേന കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശുചിത്വമാലിന്യ പരിപാലന പദ്ധതികൾ നടപ്പിലാക്കുന്നതിന് സാങ്കേതിക പിന്തുണ നൽകിവരുന്നു. ആയതിന്റെ ഭാഗമായി ജൈവമാലിന്യ സംസ്കരണത്തിനായി ഉറവിടമാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന് ഗാർഹിക-സ്ഥാപന കമ്യൂണിറ്റിതലങ്ങളിൽ സ്ഥാപിക്കാൻ കഴിയുന്ന വിവിധ ഖരമാലിന്യ സംസ്കരണ ഉപാധികൾ വിലയിരുത്തി ആയതിന്റെ സ്പെസിഫിക്കേഷനുകളും മാർഗ്ഗനിർദ്ദേശങ്ങളും, യൂണിറ്റ് നിരക്ക്/മാതൃകാ ഡിസൈനുകളും കാലാകാലങ്ങളിൽ പുറപ്പെടുവിക്കാറുണ്ട്. കൂടാതെ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ മേഖലയിലെ സേവനദാതാക്കളെ കണ്ടെത്തി എംപാനൽ ചെയ്തും വരുന്നു. അജൈവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സ്ഥാപിക്കുന്ന സംവിധാനങ്ങളായ എം.സി.എഫ്.കൾ, ആർ.ആർ.എഫ്.കൾ എന്നിവ സംബന്ധിച്ച് മാതൃകാ ഡിസൈനുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശുചിത്വപരിപാലനവുമായി ബന്ധപ്പെട്ട് വാർഡുതലം മുതൽ നടത്തപ്പെടുന്ന ഓരോ പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിനും പുരോഗതി അവലോകനം നടത്തുന്നതിനും ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ കെൽട്രോണിന്റെ

സഹായത്താൽ വികസിപ്പിച്ചിട്ടുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഈ ആപ്ലിക്കേഷൻ മുഖേന സാധിക്കുന്നതാണ്. ആദ്യ ഘട്ടമായി തെരഞ്ഞെടുത്ത 376 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ അടിസ്ഥാനത്തിൽ ആപ്ലിക്കേഷൻ മാനേജ്മെന്റ് സംബന്ധിച്ച പരിശീലന പരിപാടികൾ ശുചിത്വമിഷന്റെയും ഹരിത കേരളത്തിന്റെയും കെൽട്രോണിന്റെയും നേതൃത്വത്തിൽ ഒക്ടോബർ മാസം അവസാനവാരത്തോടെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കോഴിമാലിന്യം ശാസ്ത്രീയമായി പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗരേഖ 7-10-2021-ലെ G.O.(MS)No.227/2021/LSGD പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം ചിക്കൻ സ്റ്റാളുകളുടെ ലൈസൻസിംഗ് സംബന്ധിച്ചും സ്റ്റാളുകളിൽ പാലിക്കേണ്ട സംവിധാനങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. കൂടാതെ ചിക്കൻ സ്റ്റാളുകളിൽനിന്നും ഇറച്ചി മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി Rendering Plant മുഖേന സംസ്കരിച്ച് ഉപഉത്പന്നങ്ങളാക്കുന്നത് സംബന്ധിച്ചും വ്യക്തമായ സാങ്കേതിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഹരിത കർമ്മസേന വഴി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളിൽ പുനഃചംക്രമണ സാധ്യതയുള്ള വസ്തുക്കൾ എം.സി.എഫ്, ആർ.ആർ.എഫ്. – കളിൽ നിന്ന് പുനഃചംക്രമണ മേഖലയ്ക്കും റീസൈക്ലിംഗ് ചെയ്യാൻ കഴിയാത്തവ ഷ്രെഡ് ചെയ്ത് റോഡ് നിർമ്മാണത്തിനും കൈമാറുന്നു.

തീർത്തും ഉപയോഗശൂന്യമായവ (Rejects) ക്ലീൻ കേരള കമ്പനി മുഖേന സിമന്റ് ഫാക്ടറിക്കും, Sanitary Land fill ചെയ്യുന്നതിലേയ്ക്കും ഉപയോഗിച്ചു വരുന്നു. ഇ-മാലിന്യങ്ങൾ, ഗ്ലാസ്സ് മാലിന്യങ്ങൾ സർക്കാർ പുറപ്പെടുവിച്ച ശേഖരണ കലണ്ടർ പ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിത കർമ്മസേന വഴി ശേഖരിച്ച് ക്ലീൻ കേരള കമ്പനി വഴി റീ-സൈക്ലിംഗിനു വേണ്ടി കൈമാറി വരുന്നു.

മാലിന്യ സംസ്കരണത്തിനും ശുചിത്വ പരിപാലനത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതികവിദ്യയും സാങ്കേതിക സഹായവും ലഭ്യമാക്കുന്നതിന് ഹരിത കേരള മിഷൻ ചുവടെ പരാമർശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്തുവരുന്നു

1. ശുചിത്വമാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ നൽകുന്നതിന് ശുചിത്വമിഷൻ ഹരിത കേരളം മിഷന്റെ ഉപമിഷനായി പ്രവർത്തിക്കുന്നു:

2. സാങ്കേതിക സഹായം നൽകുന്നതിന് ഹരിത സഹായ സ്ഥാപനങ്ങളെ എംപാനൽ ചെയ്യുകയും ഇവരുടെ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

3. ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുമായി ജില്ലാ കോ-ഓർഡിനേറ്റർമാരെ കൂടാതെ റിസോഴ്സ് പേഴ്സൺമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

4. ഇന്ത്യയിൽ മാലിന്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ ഗവേഷണ സ്ഥാപനങ്ങൾ, ഐ.ഐ.ടി.-കൾ, പുനഃചംക്രമണ വ്യവസായ സ്ഥാപനങ്ങൾ, മറ്റ് സംസ്ഥാനങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത സഹായ സ്ഥാപനങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 2020 ജനുവരി 21, 22 തീയതികളിൽ ശുചിത്വസംഗമം സംഘടിപ്പിക്കുകയും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾക്ക് ഇവരുമായി സംവദിക്കാൻ അവസരം നൽകുകയും ചെയ്തു.

5. പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിന് യു.എൻ.ഡി.പി. യുടെ സഹായത്തോടെ പ്രത്യേക പ്രോജക്ട് ക്ലീൻ കേരള കമ്പനി മുഖേന നടപ്പിലാക്കിവരുന്നു.

6. തുണിമാലിന്യം, മൂല്യവർദ്ധിത ഉൽപ്പന്നമായി മാറ്റുന്നതിന് യു.എൻ.ഡി.പി. സഹായത്തോടെ എറണാകുളം സെന്റ് തെരേസാസ് കോളേജിലെ ഭൂമിത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

7. ജില്ലാടിസ്ഥാനത്തിൽ ശുചിത്വസംഗമം നടത്തുകയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി പഠിക്കുന്നതിനും അവസരം ഉണ്ടാക്കി.

8. കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ വ്യത്യസ്ത മാതൃകകൾ ആധാരമാക്കി പരിശീലന-കൈപ്പുസ്തകം തയ്യാറാക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്തു.

9. കോഴിയിറച്ചി മാലിന്യം, മുടി മാലിന്യം, പ്ലാസ്റ്റിക് മാലിന്യം എന്നിവയുടെ പുനഃചംക്രമണത്തിന് ഈ രംഗത്തെ വ്യവസായികളെയും വിദഗ്ദ്ധരെയും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

10. മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ നടത്തിപ്പ് വേഗത്തിലാക്കുന്നതിന് ബ്ലോക്ക് തലത്തിലും നഗരസഭാ തലത്തിലും പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിച്ചു.

2. <u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3 (*303)-ന്റെ വിശദമായ ഉത്തരം</u>

(എ പിരിവിന്റെ തുടർച്ച) അക്കാര്യത്തിൽ സംസ്ഥാനത്തിന് ഏറെ മുന്നോട്ടുപോകാനായിട്ടുണ്ട് എന്നതും വസ്തുതയാണ്. എങ്കിലും ഇക്കാര്യത്തിൽ ഇനിയും ഏറെ മുന്നോട്ടുപോകാനുണ്ട്. ഈ പ്രക്രിയ മുന്നോട്ടുപോകുന്നതിന് രണ്ട് തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഒന്നാമതായി, ഭരണ സംവിധാനത്തെ ജനകീയമാക്കുന്ന വിധം രൂപപ്പെടുത്തുകയെന്നതും രണ്ടാമതായി, ഭരണ സംവിധാനം ജനങ്ങൾക്ക് പ്രാപ്തമാകുന്ന വിധത്തിൽ അവരെ സജ്ജരാക്കുകയെന്നതുമാണ്. ശാസ്ത്ര സാങ്കേതിക രംഗത്ത് നാം കൈവരിച്ച നേട്ടങ്ങളെ ഇതിനായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ചുവപ്പുനാടകൾ ഒഴിവാക്കി സർക്കാർ സേവനം വേഗത്തിൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള ശക്തമായ ഇടപെടലാണ് നടത്തിവരുന്നത്. അതിന്റെ ഭാഗമായി സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഭൂമിയുടെ കരം ഒടുക്കുന്നതുപോലുള്ള സംവിധാനങ്ങൾ ഇതിന്റെ കീഴിൽ കൊണ്ടുവന്നു. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന് നടപ്പാക്കിയ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പോലുള്ള സംവിധാനങ്ങൾക്കൊപ്പം ഈസ് ഓഫ് ലിവിംഗ് എന്ന കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് സർക്കാർ സേവനങ്ങൾ ജനസൗഹൃദമാക്കി. വിവിധ സേവനങ്ങൾക്കും സർട്ടിഫിക്കറ്റുകൾക്കും നിലവിലുണ്ടായിരുന്ന ഫീസ് ഒഴിവാക്കി ജനങ്ങൾക്ക് പല ആവശ്യങ്ങൾക്കുമുള്ള സർട്ടിഫിക്കറ്റുകൾ നേടുന്നതിനായി ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലും നോട്ടറൈസേഷനും ഒഴിവാക്കി. സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ നൽകാമെന്നുള്ള തീരുമാനമെടുത്തു. അപേക്ഷാ ഫോറങ്ങൾ കഴിയുന്നത്ര ലളിതമാക്കി ഒറ്റപേജിൽ തന്നെ തീർക്കുന്നതിനുള്ള സംവിധാനമുണ്ടാക്കി. പ്രത്യേക ആവശ്യത്തിന് മാത്രമായി സർട്ടിഫിക്കറ്റിനെ പരിമിതപ്പെടുത്തുന്ന രീതി ഇല്ലാതാക്കി പൊതുവായ ആവശ്യങ്ങൾക്ക് അവ നൽകാമെന്ന തീരുമാനമെടുത്തു. ഇത്തരം സർട്ടിഫിക്കറ്റുകളുടെ കാലാവധി നീട്ടുന്നതിനുള്ള നടപടി സ്വീകരിച്ചു. സർക്കാർ സേവനങ്ങൾക്കായി ജനങ്ങൾ സർക്കാർ ഓഫീസുകൾ കയറിയിറങ്ങുന്ന രീതി ഒഴിവാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സേവനങ്ങൾ അതത് വകുപ്പുകളുടെ വെബ്സൈറ്റ് മുഖാന്തരം ഉപയോഗിക്കുന്നത് പ്രായോഗിക ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനാൽ എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തി 'ഇ-സേവനം' എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലും 'എം-സേവനം' എന്ന മൊബൈൽ

ആപ്ലിക്കേഷനും രൂപം നൽകി. ഇതോടൊപ്പം വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ഓൺലൈൻ സേവനങ്ങളുടെ സ്ഥിതിവിവരം ലഭ്യമാക്കുന്നതിന് സർവ്വീസ് ഡാഷ് ബോർഡും വികസിപ്പിച്ചിട്ടുണ്ട്. ഇ-ഫയൽ സംവിധാനം സാധ്യമാകുന്ന ഇടങ്ങളിലെല്ലാം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ സംവിധാനത്തിലേയ്ക്ക് ഫയലുകൾ മാറ്റുക മാത്രമല്ല അതിലൂടെ പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി മനസ്സിലാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു. അക്ഷയ കേന്ദ്രങ്ങൾ കൂടുതൽ അനുവദിച്ചുകൊണ്ടും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കിക്കൊണ്ടും ഓൺലൈനിലൂടെ സർക്കാർ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ ജനങ്ങൾക്ക് പ്രാപ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ജനങ്ങൾക്ക് സർക്കാർ വകുപ്പുകളിൽനിന്ന് സമയബന്ധിതമായി സേവനങ്ങൾ ലഭിക്കുന്നത് ഉറപ്പുവരുത്തുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനുമായി ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്. ശാസ്ത്ര-സാങ്കേതികവിദ്യയുടെ സാധ്യതകൾ ജനങ്ങൾക്കാകമാനം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ ഊന്നൽ നൽകുന്നുണ്ട്. സർക്കാർ നടപ്പിലാക്കുന്ന കെ-ഫോൺ പദ്ധതി ജനങ്ങളെ ഡിജിറ്റൽ സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനും അതിലൂടെ സർക്കാർ സേവനങ്ങൾ കൂടുതൽ വേഗത്തിൽ ജനങ്ങളിലെത്തിക്കുന്നതിനുമുള്ള നടപടിയുടെ ഭാഗമാണ്. അറിവിനെ ജനകീയവൽക്കരിക്കുന്നതിനുള്ള ഭാവിയിലെ പ്രവർത്തനങ്ങൾക്ക് ഈ സാധ്യതകളെ കൂടുതൽ ഉപയോഗപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഭരണഭാഷ മലയാളമാക്കാനുള്ള തീരുമാനം നേരത്തേതന്നെ എടുത്തതാണ്. അത് കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. ഭരണസംവിധാനം കൂടുതൽ ജനസൗഹൃദമാക്കുന്നതിന് പി.എസ്.സി. പരീക്ഷയ്ക്ക് മാതൃഭാഷയിൽ തന്നെ കഴിയാവുന്നത്ര പരീക്ഷകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. എല്ലാ മേഖലയിലേയ്ക്കും ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചു. കോടതി ഭാഷ മലയാളത്തിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച് നിരവധി യോഗങ്ങൾ ഹൈക്കോടതിയിലെ ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടെ നടത്തിയിട്ടുണ്ട്. ഇതിനായി പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിവിധ തരത്തിലുള്ള പ്രശ്നങ്ങൾ അനുഭവിക്കുന്ന ജനങ്ങൾക്ക് അത് സർക്കാരിന്റെ ശ്രദ്ധയിൽ അടിയന്തരമായി എത്തിക്കുന്നതിനുള്ള സംവിധാനമെന്ന നിലയിലാണ് മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം രൂപപ്പെടുത്തിയിട്ടുള്ളത്. പരാതികൾ വേഗത്തിൽ പരിഹരിക്കുമ്പോൾ മാത്രമേ ഇത് ഉദ്ദേശിക്കുന്ന ലക്ഷ്യം പ്രാവർത്തികമാക്കുകയുള്ളൂവെന്ന കാഴ്ചപ്പാടോടുകൂടിയാണ്

സർക്കാർ പ്രവർത്തിക്കുന്നത്. 2016-ൽ ഒരു പരാതി പരിഹരിക്കാൻ ശരാശരി രണ്ടുവർഷത്തിലധികം സമയം വേണ്ടിയിരുന്നു. 2019-ൽത്തന്നെ ഇത് 21 ദിവസമായി കുറയ്ക്കാൻ കഴിഞ്ഞു. രണ്ടാഴ്ചയ്ക്കുള്ളിൽ പരാതിക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യം കൈവരിക്കാനാണ് ഇപ്പോൾ സർക്കാർ ശ്രമിക്കുന്നത്. അതിനാവശ്യമായ ഇടപെടൽ സർക്കാർ നടത്തുന്നുണ്ട്. സി.എം.ഒ. പോർട്ടൽ വഴിയുള്ള പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതി തീർപ്പാക്കാൻ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എസ്.എം.എസ്./ഇ-മെയിൽ മുഖേനയും കത്തിലൂടെയും ഇതുസംബന്ധിച്ച ജാഗ്രതാ നിർദ്ദേശം നൽകിവരുന്നു. പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ഓഫീസുകളിലും പരാതി പരിഹാര സംവിധാനം സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരം നൽകുന്നതിന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ടോയെന്ന് മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ വിഭാഗം നിരീക്ഷിച്ചുവരുന്നുണ്ട്. പരാതിപരിഹാര സെല്ലിന്റെ പ്രവർത്തനം വിലയിരുത്താൻ ജനങ്ങൾക്ക് അവസരം നൽകിയിട്ടുണ്ട്.

(സി) ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് കഴിയുന്നത്രവേഗം ആശ്വാസം എത്തിക്കുകയെന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായത്തിന് അപേക്ഷ സമർപ്പിച്ച് ധനസഹായം ലഭിക്കാൻ 2016-ൽ ശരാശരി 175 ദിവസം എടുത്തിരുന്നു. 2018-ഓടെ ഇത് ശരാശരി 22 ദിവസമായി ചുരുക്കാനായി. അപേക്ഷ സ്വീകരിക്കുന്നതുമുതൽ ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതുവരെയുള്ള എല്ലാ നടപടികളും ഓൺലൈൻ മുഖേനയാണ് ചെയ്തുവരുന്നത്. സാധുവായ രേഖകളും നിയമപരമായ അർഹതയുമുണ്ടെങ്കിൽ 100 മണിക്കൂറിനുള്ളിൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സഹായധനം കൈമാറാനാണ് ലക്ഷ്യമിടുന്നത്. അപേക്ഷകളിലെ അവ്യക്തതയും അപേക്ഷകളോടൊപ്പം ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിൽ വരുന്ന പോരായ്മകളും നടപടി പൂർത്തീകരിക്കുന്നതിനും അർഹതപ്പെട്ട ധനസഹായം നൽകുന്നതിനും തടസ്സമായി നിൽക്കുന്നുണ്ട്. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കാലതാമസം കൂടാതെ തുടർനടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

3. നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 304-ന്റെ വിശദമായ ഉത്തരം

(എ പിരിവിന്റെ തുടർച്ച) കേരളത്തിന്റെ സ്വാഭാവികമായ വനങ്ങൾ സംരക്ഷിക്കുകയെന്നത് പ്രധാനമാണെന്ന കാര്യം ധവളപത്രം എടുത്തുപറഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾ കണക്കിലെടുത്ത് അതിനുതകുന്ന മരങ്ങൾ വച്ചുപിടിപ്പിക്കുന്നതുൾപ്പെടെ സ്വാഭാവികമായ വനസംരക്ഷണത്തിനുള്ള നയം ആവിഷ്കരിക്കുന്നതിനുള്ള നടപടി പരിശോധനയിലാണ്. പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനത്തിൽ ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ സംഘടിപ്പിക്കുന്നത്. ജനങ്ങളുടെ ആവാസ വ്യവസ്ഥ സംരക്ഷിച്ചുകൊണ്ടും അവയെ പരിസ്ഥിതി സൗഹാർദ്ദപരമായി മാറ്റിയെടുക്കുന്നതിനുമുള്ള അവബോധം വളർത്തിയെടുക്കുകയെന്നതും സർക്കാരിന്റെ പ്രധാനമായ സമീപനമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹരിതകേരളം മിഷന്റെ ഭാഗമായി നീർത്തട സംരക്ഷണ പ്രവർത്തനത്തിനും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കിയിരുന്നു. അവ ഈ സർക്കാരിന്റെ കാലത്തും തുടരുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. പരിസ്ഥിതി പുനഃസ്ഥാപനം ലക്ഷ്യമാക്കി ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'യുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. 'നീർത്തടാടിസ്ഥാനത്തിൽ' പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾവഴി സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കുകയാണ്. റിഡ്ജ്-ടു-വാലി (മുകളിൽ നിന്ന് താഴേയ്ക്ക്) രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയും ചെയ്യുന്നു. ജലസംരക്ഷണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനൊപ്പം ജൈവ വേലികൾ, മരങ്ങൾ വച്ചുപിടിപ്പിക്കൽ, കയർ ഭൂവസ്ത്രവും പുല്ലും ഉപയോഗിച്ച് തോടുകൾ/കുളങ്ങൾ എന്നിവയുടെ ചരിവ് സംരക്ഷണം തുടങ്ങിയവ സംയോജിത നീർത്തട പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നദികളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കി ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികളും നടത്തിവരുന്നു. നീർത്തടാധിഷ്ഠിത ജല-മണ്ണ് സംരക്ഷണ പദ്ധതികളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾ ആവിഷ്കരിക്കുകയെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കും സർക്കാർ ഊന്നൽ നൽകുന്നുണ്ട്. ഊർജ്ജ മിതവ്യയത്തിനും ബദൽ ഊർജ്ജ നിർമ്മാണത്തിനും ഉതകുന്ന പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്. കാർബൺ ന്യൂട്രൽ സംവിധാനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഇ-വാഹന നയം ആവിഷ്കരിച്ച് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. പരിസ്ഥിതി അവബോധനം, പ്രോത്സാഹനം, കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി ഗവേഷണവും വികസനവും, കാലാവസ്ഥയ്ക്ക് അനുസൃതമായ കൃഷിരീതികൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള വിവിധ പദ്ധതികൾ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് നടപ്പാക്കിവരുന്നു. കാലാവസ്ഥാ വ്യതിയാനംമൂലമുള്ള ദൂഷ്യഫലങ്ങളെ അതിജീവിക്കുന്നതിനായി

കാലാവസ്ഥാ വ്യതിയാന കർമ്മപരിപ്രേക്ഷ്യം പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നവകേരള സൃഷ്ടി പരിസ്ഥിതി സൗഹാർദ്ദപരമായ കേരളം ലക്ഷ്യംവച്ചുകൊണ്ടുള്ള ഇടപെടലാണ്. നമ്മുടെ പരിസ്ഥിതിക്ക് അനുയോജ്യമായ ആവാസ വ്യവസ്ഥ രൂപപ്പെടുത്തുകയെന്നതും സർക്കാരിന്റെ പ്രധാന സമീപനമാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് രൂപപ്പെടുത്തിയിട്ടുള്ളത് ഈ കാഴ്ചപ്പാടിന്റെകൂടി അടിസ്ഥാനത്തിലാണ്. അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനങ്ങളെ നേരിടാൻ പറ്റുന്ന വിധം നമ്മുടെ ആവാസ വ്യവസ്ഥയെ രൂപപ്പെടുത്താനുള്ള കാര്യക്ഷമമായ ഇടപെടലാണ് റീബിൽഡ് കേരളയിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

(ബി) നീർത്തട പ്രദേശത്തുള്ള വനനശീകരണം, നദിയോട് ചേർന്നുള്ള സസ്യലതാദികളുടെ നാശം, ശുദ്ധജല ജൈവവൈവിധ്യ ശോഷണം, ജൈവ വിഭവങ്ങളുടെ അമിത ചൂഷണം തുടങ്ങിയവ നദികളുടെ ആവാസ വ്യവസ്ഥ നേരിടുന്ന സമ്മർദ്ദങ്ങളാണ്. വിസർജ്യങ്ങൾമൂലമുള്ള മലിനീകരണം കേരളത്തിലെ നദികളെ ബി, സി ഗണത്തിൽ ജലവിഭവ വികസന വിനിയോഗ കേന്ദ്രം ഉൾപ്പെടുത്തിയ കാര്യം പരിസ്ഥിതി ധവള പത്രത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതുകൂടി കണക്കിലെടുത്ത് നദികളുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കല്ലട, അച്ചൻകോവിൽ നദികളുടെ പാരിസ്ഥിതിക പുനരുജ്ജീവനത്തിനും ജൈവ വൈവിധ്യ സംരക്ഷണത്തിനും വേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പാലക്കാട് ചിറ്റൂർ വടകരപ്പതി പഞ്ചായത്തിൽ, പെരിയകുളത്ത് ഒരു അടിയണ നിർമ്മിച്ച് മഴവെള്ള റീചാർജ്ജിലൂടെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള ഒരു മാതൃകാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നദികളെ മാലിന്യമുക്തമാക്കി അവയിലെ ജലം ഉപയോഗയോഗ്യമാക്കുംവിധം ഗുണനിലവാരം മെച്ചപ്പെടുത്താൻ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ നിർദ്ദേശിച്ച പ്രകാരം 21 നദീഭാഗങ്ങളിലും പ്രത്യേക കർമ്മപദ്ധതികൾ വിവിധ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കിവരുന്നു. സ്വീവേജും ഖരമാലിന്യങ്ങളും പുഴകളിൽ എത്തിച്ചേരാതിരിക്കുന്നതിനും വലിച്ചെറിയാതിരിക്കുന്നതിനും ആവശ്യമായ ഉറവിട ഖരമാലിന്യ ശേഖരണ സംസ്കരണത്തിനായി വികേന്ദ്രീകൃത സംവിധാനവും പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളും രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്ഥിരമായി മാലിന്യങ്ങൾ തള്ളപ്പെടുന്ന തോടുകളുടെയും കനാലുകളുടെയും കരകളിൽ സംരക്ഷണ ഭിത്തികൾ, വേലികൾ എന്നിവ സ്ഥാപിക്കുക തുടങ്ങിയവ കർമ്മപദ്ധതിയിൽ ഉൾപ്പെടുന്നു. നിലവിലുള്ള സ്വീവേജ് സംസ്കരണ പ്ലാന്റുകളുടെ ഉപയോഗശേഷി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലൂടെ ഒഴുകുന്ന നദികളിലെ ജലത്തിന്റെ ഗുണനിലവാര പരിശോധന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിവരുന്നുണ്ട്. ഒഴുക്ക് നിലച്ചുപോയ വരട്ടയാർ പോലുള്ള നദികളെ പുനരുജ്ജീവിപ്പിച്ച രീതിയിലുള്ള പദ്ധതികളും ഇതോടൊപ്പം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(സി) തിരുവനന്തപുരം നഗരത്തിലെ കനാലുകൾ/തോടുകൾ എന്നിവയുടെ ശുചീകരണത്തിനായി തദ്ദേശസ്വയംഭരണ-ജലവിഭവ വകുപ്പുകൾ സംയോജിതമായി നടപ്പാക്കുന്ന "സിറ്റി-ഫ്ലഡ്-തിരുവനന്തപുരം", ഈ രംഗത്തെ പ്രധാന കാൽവയ്പ്പാണ്. കൊച്ചി നഗരത്തിലെ കനാലുകൾ ശുചിയാക്കുന്നതിനായി 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ' പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതിലൂടെ പ്രധാന തോടുകളിൽ അടിഞ്ഞുകൂടിയ ചെളിയും മാലിന്യവും മറ്റ് തടസ്സങ്ങളും നീക്കി ഒഴുക്ക് സുഗമമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഹരിതകേരളം മിഷന്റെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി തോടുകൾ/കനാലുകൾ/പുഴകൾ എന്നിവ ജനപങ്കാളിത്തത്തോടെ ശുചിയാക്കി, തീരങ്ങളിൽ മരങ്ങൾ/ചെടികൾ എന്നിവ വച്ചുപിടിപ്പിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. സംസ്ഥാനത്ത് മലിനജല മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് കേരള വാട്ടർ അതോറിറ്റി 14 ജില്ലകളിലെയും സ്വീവേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനിൽ സ്വീവേജ് പദ്ധതിയിൽ ഉൾപ്പെടുത്താത്ത പ്രദേശങ്ങൾക്കു വേണ്ടിയുള്ള വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ 28 നഗര തദ്ദേശ സ്ഥാപനങ്ങളിൽ സ്വീവേജ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

### (4.) ശ്രീ. കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

ജെ-ബ്ലോക്കിൽപ്പെട്ട അരശുംമൂട് സ്റ്റില്ലിംഗ് ചേമ്പർ മുതൽ കരിമണൽ പമ്പ് ഹൗസ് വരെ ട്രാൻസ്മിഷൻ മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ കരാറെടുത്തിരുന്ന ഉത്തരേന്ത്യൻ കമ്പനിയുടെ അനാസ്ഥ കാരണം കാര്യമായ പുരോഗതിയുണ്ടാകാതെ വരികയും ഇതുമൂലമുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത കമ്പനിയെ ദർഘാസ് മാനദണ്ഡപ്രകാരം ഒഴിവാക്കി ടി കമ്പനിയുടെ തന്നെ നഷ്ടോത്തരവാദത്തിൽ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ദർഘാസ് ക്ഷണിച്ചിട്ടുമുണ്ട്. ദർഘാസുകൾ സമർപ്പിക്കേണ്ട അവസാന തീയതി 3-11-2021 ആണ്.

അരശുംമൂട് മുതൽ കരിമണൽ വരെയുള്ള റോഡിലുണ്ടായിട്ടുള്ള കുഴികളടയ്ക്കുന്നതിനും വെള്ളക്കെട്ടൊഴിവാക്കാനുമാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ നിർദ്ദേശാനുസരണം തിരുവനന്തപുരം നഗരസഭയുമായി സഹകരിച്ച് സ്വീകരിച്ചിട്ടുണ്ട്.

കെ-ബ്ലോക്കിലുൾപ്പെടുത്തി കുഴിവിള മുതൽ ആക്കുളം വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ 75% പൂർത്തിയായിട്ടുണ്ട്. എൻ.എച്ച്. ക്രോസ്സിംഗ് ഉൾപ്പെടെ ബാക്കിയുള്ള പ്രവൃത്തികൾ 2021 ഡിസംബർ 31 ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എൽ-ബ്ലോക്കിലുൾപ്പെടുന്ന പുലയനാർകോട്ട മുതൽ കുമാരപുരം പൂന്തി റോഡിനു സമീപം ഇടത്തറ പമ്പ് ഹൗസ് വരെ ട്രങ്ക് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ 50% പൂർത്തീകരിച്ചിട്ടുണ്ട്.

ഉള്ളൂർ-ആക്കുളം റോഡിൽ നിന്ന് രണ്ട് ഇടറോഡുകളിലേക്ക് കൂടി പൈപ്പ് ലൈൻ സ്ഥാപിച്ചാൽ പുലയനാർകോട്ട മുതൽ ഉള്ളൂർ വരെയുള്ള ഭാഗം റോഡ് പുനഃസ്ഥാപനത്തിനായി പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കഴിയും. നവംബർ അവസാനത്തോടെ ഇത് പൂർത്തീകരിച്ച് ഉള്ളൂർ - ആക്കുളം റോഡിന്റെ ഗതാഗതം മെച്ചപ്പെടുത്താനാകും. വാട്ടർ അതോറിറ്റി, റോഡ് റീ-ടാറിംഗിനുള്ള തുക (പി.ഡബ്ല്യു.ഡി. റോഡുകൾ കേടുപാട് തീർക്കാനുള്ള തുക പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് പ്രകാരം തയ്യാറാക്കി) അമൃത് ഫണ്ടിൽ നിന്നും പി.ഡബ്ല്യു.ഡി.-യ്ക്ക് മുൻകൂട്ടി ഒടുക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് കഴിവതും വേഗം റീ-ടാർ ചെയ്ത് റോഡിന്റെ തൽസ്ഥിതി പുനഃസ്ഥാപിക്കാവുന്നതാണ്.

സ്വീവേജ് പ്രവൃത്തികൾ ചെയ്തുവരുന്ന കരാറുകൾ കുറവായതിനാൽ നിരവധി തവണ ദർഘാസുകൾ ക്ഷണിച്ച ശേഷമാണ് കരാറുകാരെ ലഭിക്കുന്നത്. ഇത് പദ്ധതി നടത്തിപ്പിന് കാലതാമസം വരുത്തുന്നു. ഇടുങ്ങിയ റോഡുകളിലൂടെ ആഴത്തിലുള്ള ഈ പ്രവൃത്തി തൊഴിലാളികളുടെ സുരക്ഷകൂടി കണക്കിലെടുത്താണ് നടത്തിവരുന്നത്. ടി പ്രവൃത്തികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുക പ്രായോഗികമല്ല. കൂടാതെ കോവിഡ് മഹാമാരിയും അനിയന്ത്രിതമായ മഴയും പദ്ധതിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കാനായി കുഴിക്കുന്ന ഭാഗങ്ങൾ പൈപ്പ് സ്ഥാപിച്ചാലുടനെ മണ്ണിട്ടുനികത്തി ഗതാഗതയോഗ്യമാക്കാനും വെള്ളക്കെട്ടൊഴിവാക്കാനും അതിലൂടെ പരമാവധി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനുമാണ് കരാറുകാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളത്.

കോവിഡ് വ്യാപനത്തിന്റെ രൂക്ഷത കുറഞ്ഞയുടനെതന്നെ ദർഘാസ് ക്ഷണിച്ചു. അതോറിറ്റിയായ സൂപ്രണ്ടിംഗ് എഞ്ചിനീയർ ബന്ധപ്പെട്ട എല്ലാ കോൺട്രാക്ടർമാരെയും നേരിട്ട് വിളിപ്പിച്ച് പരമാവധി വേഗത്തിൽ പണികൾ പൂർത്തീകരിക്കുന്നതിനുള്ള വർക്ക് പ്ലാൻ തയ്യാറാക്കി അത് കർശനമായി പാലിച്ച് കഴിവതും വേഗത്തിൽ ഈ പണികൾ പൂർത്തീകരിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നു.

പരമാവധി ബുദ്ധിമുട്ടുകളൊഴിവാക്കി 2022 മാർച്ച് മാസത്തോടുകൂടി പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നുണ്ട്.